# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

നാലാം സമ്മേളനം

2022 മാർച്ച് 15, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 187 - നമ്പർ 8

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

നാലാം സമ്മേളനം

2022 മാർച്ച് 15, ചൊവ്വ

സ്പീക്കർ
ശ്രീ. എം. ബി. രാജേഷ്

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ

ചീഫ് എഡിറ്റർ
ശ്രീമതി വി. ചെറുപുഷ്പം

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം

പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...

**II അടിയന്തരപ്രമേയ നോട്ടീസ്** ...

III **ശ്രദ്ധ ക്ഷണിക്കൽ**

(1) കേന്ദ്രസർക്കാരിന്റെ സ്വകാര്യവൽക്കരണനയം തിരുത്തേണ്ടതിന്റെ ആവശ്യകത

-ശ്രീ. പി. നന്ദകുമാർ ...

(2) എം.ഡി.എം.എ. മയക്കുമരുന്നിന്റെ ഉപയോഗം തടയൽ

-ശ്രീ. എൻ. എ. നെല്ലിക്കുന്ന് ...

**IV സബ്മിഷൻ**

(1) വീടും സ്ഥലവും വിട്ടുനൽകിയവർക്ക് പുതിയ നിർമ്മാണത്തിന് അനുമതി നൽകൽ

- ഡോ. സുജിത് വിജയൻപിള്ള ...

(2) ആലത്തൂരിലെ ലാൻഡ് ട്രിബ്യൂണൽ ഓഫീസ്

-ശ്രീ. കെ. ഡി. പ്രസേനൻ ...

(3) മിഠായി സാറ്റലൈറ്റ് സെന്ററുകൾ
- പ്രതിപക്ഷനേതാവ്
(ശ്രീ. വി. ഡി. സതീശൻ) ...

(4) ആലപ്പുഴയിലെ കുടിവെള്ളക്ഷാമം
-ശ്രീ. പി. പി. ചിത്തരഞ്ജൻ ...

(5) കയ്പമംഗലത്തെ കടലാക്രമണം
-ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ...

(6) നെൽകൃഷി നാശത്തിന് നഷ്ടപരിഹാരം
-ശ്രീ. മുരളി പെരുനെല്ലി ...

(7) ഭൂമിക്ക് പരിവർത്തനാനുമതി
-ശ്രീ. മോൻസ് ജോസഫ് ...

(8) കരുനാഗപ്പള്ളി ഫ്ലൈഓവർ
-ശ്രീ. സി. ആർ. മഹേഷ് ...

(9) ചിറയ്ക്കൽപ്പാറ, ചെറുവള്ളി പാലങ്ങളുടെ നിർമ്മാണം
- ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്) ...

(10) പട്ടാമ്പി റോഡിന്റെ നിർമ്മാണം
- ശ്രീ. നജീബ് കാന്തപുരം ...

**V റിപ്പോർട്ട് സമർപ്പണം**

1. ഹർജികൾ സംബന്ധിച്ച സമിതിയുടെ
രണ്ടാമത് റിപ്പോർട്ട് ...

2. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച
സമിതിയുടെ ഒന്നാമത് റിപ്പോർട്ട് ...

**VI പ്രത്യേക അനുമതി**

നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ
അനുവാദം ...

**VII ധനകാര്യം**

2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള
ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച – തുടർച്ച ...

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### നാലാം സമ്മേളനം

2022 മാർച്ച് 15, ചൊവ്വ

---

വാല്യം 187} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 8

---

നിയമസഭ 2022 മാർച്ച് മാസം 15-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളന കാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. **വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... ചോദ്യം നമ്പർ (*121)

**മൃഗസംരക്ഷണ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ**

1(*121) ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും മികച്ച ഇടപെടലിന്റെ ഫലമായി മൃഗസംരക്ഷണ മേഖലയിൽ കൈവരിക്കാനായ നേട്ടം സുസ്ഥിരമാക്കുന്നതിന് മൃഗരോഗ പ്രതിരോധ സംവിധാനവും മൃഗചികിത്സാ സംവിധാനവും വിപുലീകരിക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് അതിനായി നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(ബി) രാത്രിയിലുൾപ്പെടെ ഏത് സമയത്തും വീട്ടിലെത്തി മൃഗചികിത്സ നൽകുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) കന്നുകാലികൾക്ക് മികച്ച പരിപാലനം ഉറപ്പാക്കുന്നതിന് രാജ്യത്താദ്യമായി പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള ഇ-സമൃദ്ധ പദ്ധതി എങ്ങനെയെല്ലാം പ്രയോജനപ്രദമാകുമെന്ന് അറിയിക്കാമോ;

(ഡി) രോഗപ്രതിരോധശേഷിയും ഉല്പാദനക്ഷമതയും കൂടിയ ജനിതക മേന്മയുള്ള കന്നുകാലി ഇനങ്ങളെ വികസിപ്പിക്കുന്നതിനും അവയുടെ വ്യാപനത്തിനും നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ.ചിഞ്ചുറാണി): സർ, (എ) സംസ്ഥാനത്ത് മൂന്ന് തലത്തിലുള്ള മൃഗാരോഗ്യ പരിപാലന സംവിധാനമാണുള്ളത്. 215 വെറ്ററിനറി ആശുപത്രികളും 885 വെറ്ററിനറി ഡിസ്പെൻസറികളും താലൂക്കുതലത്തിൽ 50 വെറ്ററിനറി പോളിക്ലിനിക്കുകളും ജില്ലാതലത്തിൽ 14 ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളും മൾട്ടിസ്പെഷ്യാലിറ്റി ആശുപത്രിയും പ്രവർത്തിച്ചുവരുന്നുണ്ട്. ഇവ കൂടാതെ സഞ്ചരിക്കുന്ന മൃഗാശുപത്രികൾ/ജില്ലാതല ക്ലിനിക്കൽ ലാബുകൾ, സംസ്ഥാനതല മുഖ്യരോഗനിർണ്ണയ കേന്ദ്രം, 4 പ്രാദേശിക രോഗനിർണ്ണയ ലബോറട്ടറികൾ, സംസ്ഥാനതല വന്ധ്യതാനിവാരണ ഓഫീസ്, സാംക്രമിക രോഗ വിശകലന യൂണിറ്റ്, കന്നുകാലി ഉൽപ്പന്ന പരിശോധനാ ലബോറട്ടറി,

അതിർത്തി ചെക്പോസ്റ്റുകൾ എന്നിവയും ഉൾപ്പെടുന്നുണ്ട്. മൃഗചികിത്സയ്ക്ക് ആവശ്യമായ മരുന്നുകൾ മൃഗാശുപത്രികൾവഴി സൗജന്യമായി കർഷകർക്ക് ലഭ്യമാക്കിവരുന്നു. അകിടുവീക്കം നിയന്ത്രണവിധേയമാക്കുന്നതിനുള്ള സമഗ്ര പരിപാടി ഏർപ്പെടുത്തിയിട്ടുണ്ട്. പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആൻഡ് വെറ്ററിനറി ബയോളജിക്കൽസ് വഴി സംസ്ഥാനത്തിനാവശ്യമായ വാക്സിനുകൾ ഉത്പ്പാദിപ്പിച്ച് മൃഗാശുപത്രികൾ വഴി കർഷകർക്ക് ലഭ്യമാക്കിവരുന്നു. നിലവിൽ പത്തിനം വാക്സിനുകളാണ് ഇവിടെ ഉൽപ്പാദിപ്പിക്കുന്നത്. കർഷകരുടെ വീട്ടുപടിക്കൽ രാത്രികാല അടിയന്തര മൃഗചികിത്സാസേവനം നൽകുന്ന പദ്ധതി വെറ്ററിനറി സർജൻമാരെ കരാറടിസ്ഥാനത്തിൽ നിയമിച്ചാണ് നടപ്പിലാക്കുന്നത്. വൈകുന്നേരം 6 മണിമുതൽ രാവിലെ 6 മണിവരെയാണ് സേവനം നൽകുന്നത്. പദ്ധതിയുടെ പ്രയോജനം ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാ ബ്ലോക്കുകളിലും നടപ്പിലാക്കിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട് (ADCP) ആണ് രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്. വർഷംതോറും രണ്ടുതവണ സംഘടിപ്പിക്കുന്ന ഭവന സന്ദർശനംവഴി സംസ്ഥാനത്തെ മുഴുവൻ കന്നുകാലികൾക്കും

കുളമ്പുരോഗത്തിനെതിരെ പ്രതിരോധ കുത്തിവയ്പ്പ് നൽകുന്ന ഗോരക്ഷാ പദ്ധതിയാണ് ഇതിൽ പ്രധാനം. കൂടാതെ ആട്ടുവസന്തയ്ക്കുള്ള കുത്തിവയ്പ്പ്, കോഴികൾക്കും താറാവുകൾക്കുമുള്ള പ്രതിരോധ കുത്തിവയ്പ്പുകൾ എന്നിവ എ.ഡി.സി.പി. സംഘടിപ്പിക്കുന്നു. വകുപ്പിന്റെ കീഴിൽ 14 ജില്ലാ ലാബുകളും 50 താലൂക്കുതല ലാബുകളും പ്രവർത്തിക്കുന്നു. വകുപ്പിന്റെ പ്രധാന റഫറൽ ലബോറട്ടറി ആയ പാലോട് സ്ഥിതി ചെയ്യുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസിൽ (SIAD) മൃഗങ്ങളിലെ ക്യാൻസർ നിർണ്ണയത്തിനുള്ള ഓങ്കോളജി വിഭാഗം പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനത്തിനും തിരുവല്ലയിലെ പക്ഷിരോഗ നിർണ്ണയ ലാബിനും ബയോ സേഫ്റ്റി ലെവൽ-II ഗ്രേഡ് ലഭിച്ചിട്ടുണ്ട്. വകുപ്പിന് കീഴിലുള്ള SIAD, SLMAP, ADDL എന്നീ ലാബുകൾക്കും പാലക്കാട് മേഖലാ രോഗനിർണ്ണയ ലബോറട്ടറിക്കും NABL അക്രെഡിറ്റേഷൻ ലഭ്യമാക്കിയിട്ടുണ്ട്. എറണാകുളം ജില്ലയിലെ മരടിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ലബോറട്ടറി ഫോർ ലൈവ്സ്റ്റോക്ക് മറൈൻ ആൻഡ് അഗ്രി പ്രോഡക്ട്സ് (SLMAP) ലാബിൽ പാലിലും മാംസത്തിലുമുള്ള ആന്റിബോയോട്ടിക്കിന്റെ സാന്നിദ്ധ്യവും മാംസം ഏത് ജന്തുവിന്റേതാണെന്ന് തിരിച്ചറിയുന്നതിനുള്ള പരിശോധനയ്ക്കുള്ള സൗകര്യവുമുണ്ട്. മണ്ണുത്തി വെറ്ററിനറി കോളേജ് ക്യാമ്പസ്സിൽ എല്ലാവിധ മൃഗചികിത്സാ

സംവിധാനങ്ങളുമുള്ള മൃഗചികിത്സാ പഠന സമുച്ചയം ആരംഭിച്ചിട്ടുണ്ട്. മറ്റു മൃഗാശുപത്രികളിൽനിന്ന് റഫർ ചെയ്തുവരുന്ന മൃഗങ്ങളുടെ രോഗനിർണ്ണയവും ശസ്ത്രക്രിയകളും ഇവിടെ ചെയ്തുവരുന്നു. ആർ.കെ.വി.വൈ. പദ്ധതിയുടെ ഭാഗമായി പശുക്കളുടെ ഫാമുകളിൽ പോയി രോഗനിർണ്ണയം നടത്തി ചികിത്സ നൽകിവരുന്നു. തൃശ്ശൂർ കൊക്കാലയിൽ സർവ്വകലാശാലാ മൃഗാശുപത്രിയിലും റഫർ ചെയ്തുവരുന്ന മൃഗങ്ങളെ ചികിത്സിക്കുന്നുണ്ട്. വയനാട് പൂക്കോട് വെറ്ററിനറി കോളേജിലും മൃഗചികിത്സാ പഠനസമുച്ചയം പ്രവർത്തിച്ചുവരുന്നു. കർഷകമിത്ര എന്ന പേരിൽ സർവ്വകലാശാലയിലെ മൂന്ന് മൃഗാശുപത്രികളിലും കർഷകർക്കായി മാർജിൻ ഫ്രീ മരുന്നുകടകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) മൃഗാശുപത്രികളുടെ പ്രവർത്തനസമയത്തിനുശേഷം കർഷകർക്കാവശ്യമായ അടിയന്തര മൃഗചികിത്സാ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി രാത്രികാലങ്ങളിലെ അടിയന്തര വെറ്ററിനറി കെയർ സർവ്വീസുകൾ സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും മൂന്ന് കോർപ്പറേഷനുകളിലും ഒരു മുനിസിപ്പാലിറ്റിയിലുമായി 156 കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. ജീവനക്കാരുടെ നിയമനം കരാർ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് നടത്തുന്നത്. വൈകുന്നേരം 6

മണിമുതൽ രാവിലെ 6 മണിവരെയാണ് ഈ പദ്ധതി പ്രകാരം സേവനം ലഭിക്കുക. അടിയന്തര ജീവൻരക്ഷാ മരുന്നുകളും മറ്റ് അടിയന്തര ഉപകരണങ്ങളും വാങ്ങുന്നതിന് പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടുണ്ട്. കർഷകരുമായി ബന്ധപ്പെടുന്നതിനാവശ്യമായ വാർത്താവിനിമയ സൗകര്യങ്ങളൊരുക്കുവാൻ തുക അനുവദിച്ചിട്ടുണ്ട്. കർഷകരുടെ വീട്ടുപടിക്കൽ ആധുനിക ചികിത്സാ സംവിധാനങ്ങൾ നൽകുന്നതിനായി ടെലിമെഡിക്കൽ ആംബുലൻസ് സംവിധാനം നിലവിൽ കൊല്ലം, എറണാകുളം, കണ്ണൂർ ജില്ലകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 12 എണ്ണം അധികമായി സ്ഥാപിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ കൂടി ലൈവ്സ്റ്റോക്ക് ഹെൽത്ത് ആൻഡ് ഡിസീസ് കൺട്രോൾ എന്ന പദ്ധതിയുടെ കീഴിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വെറ്ററിനറി സർവ്വകലാശാലയുടെ ആശുപത്രികൾ രാവിലെ 9 മണിമുതൽ വൈകിട്ട് 4 മണിവരെ ഔദ്യോഗികമായി പ്രവർത്തിക്കുന്നു. എന്നിരുന്നാലും അത്യാഹിതവിഭാഗത്തിലുള്ളതും റഫർ ചെയ്തുവരുന്നതുമായ മൃഗങ്ങളെ ചികിത്സിക്കാനുള്ള സംവിധാനം എല്ലാസമയത്തും ഏർപ്പാടാക്കിയിട്ടുണ്ട്.

മണ്ണുത്തി മൃഗാശുപത്രിയിൽ വൈകിട്ട് 4 മണിമുതൽ രാത്രി 9 വരെ എല്ലാ ദിവസവും ഈവ്നിംഗ് ക്ലിനിക് സൗകര്യവും ലഭ്യമാണ്.

(സി) മൃഗസംരക്ഷണ മേഖലയിലെ കർഷകർക്കും ജീവനക്കാർക്കും അവരുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സഹായകമാകുന്ന ബൃഹദ് പദ്ധതിയാണ് ഇ-സമൃദ്ധ. ഓരോ കർഷകന്റെയും അവരുടെ ഉരുക്കളുടെയും എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് ഇ-സമൃദ്ധ പദ്ധതി. ഉരുക്കളുടെ ചെവിയിൽ മൈക്രോ ചിപ്പ് ഘടിപ്പിക്കുന്നതിലൂടെ അവയെ തിരിച്ചറിയുന്നതിനും അവയുടെ ഉത്പാദനം, പ്രത്യുത്പാദനം, ചികിത്സ, പരിപാലനം, വിവിധ പദ്ധതികളുടെ വിവരങ്ങൾ, മൃഗാശുപത്രികളുടെ ദൈനംദിന പ്രവർത്തനങ്ങൾ, വിവിധ റെക്കോഡുകൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും കഴിയുന്നതാണ്. ഇ-സമൃദ്ധ പദ്ധതിയിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകൾക്കും വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കും ആവശ്യകത അനുസരിച്ച് ലഭ്യമാകുന്നതായിരിക്കും. പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കിക്കഴിയുമ്പോൾ ഈ മേഖലയെ സംബന്ധിച്ച എല്ലാ വിവരങ്ങളും ലഭ്യമാകുന്ന സംവിധാനമായി മാറും.

(ഡി) സന്തതിപരിശോധനാ പദ്ധതിയിലൂടെയും തന്മാത്രാ സാങ്കേതിക വിദ്യ ഉപയോഗിച്ചും മെച്ചപ്പെട്ട കാളകളെ തെരഞ്ഞെടുത്തുകൊണ്ട് ഉത്പാദനക്ഷമത കൂടിയതും ജനിതക മേന്മയുള്ളതുമായ കന്നുകാലി ഇനങ്ങളെ വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ കെ.എൽ.ഡി. ബോർഡ് നടപ്പിലാക്കിവരുന്നു. വിദേശത്തുനിന്നും ഇറക്കുമതി ചെയ്ത മൂരികളെ ബീജോത്പാദനം നടത്തി കർഷകർക്ക് ലഭ്യമാക്കുകയും ഇറക്കുമതി ചെയ്ത ഭ്രൂണം ഉപയോഗിച്ച് വിത്തുകാളകളെ ഉത്പാദിപ്പിക്കുകയും ചെയ്യുന്നു. ഭ്രൂണമാറ്റത്തിലൂടെയും ഇൻവിട്രോ ഫെർട്ടിലൈസേഷൻവഴിയും പ്രതിരോധശേഷി കൂടിയ വെച്ചൂർ, സഹിവാൾ എന്നീ നാടൻ ഇനങ്ങളെ വികസിപ്പിക്കുന്ന പ്രവർത്തനങ്ങളും കെ.എൽ.ഡി. ബോർഡ് നടപ്പിലാക്കിവരുന്നു. പശുക്കളിൽ ഉല്പാദനശേഷിയും പ്രതിരോധശേഷിയും കൂട്ടുവാനായി ഫ്രീസ്‌വാൾ ഇനത്തിൽപ്പെട്ട കാളകളുടെ ബീജം ഉപയോഗിച്ച് ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റേയും (75% വിഹിതം), സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റേയും (25% വിഹിതം) സഹായത്തോടുകൂടി സങ്കരയിനം കന്നുകാലികളുടെ ഫീൽഡ് പ്രോജനി ടെസ്റ്റിംഗ് പദ്ധതി നടത്തിവരുന്നു. കൂടാതെ സർക്കാരിന്റെ പ്രത്യേക താൽപ്പര്യപ്രകാരം കെ.എൽ.ഡി. ബോർഡും തിരുവനന്തപുരം IISER

(Indian Institute of Science Education and Research)-ഉം ചേർന്ന് കന്നുകാലികളിലെ ഉത്പാദനക്ഷമതയും രോഗപ്രതിരോധശേഷിയും വർദ്ധിപ്പിക്കുന്നതിനായി ജനിതക ഗവേഷണത്തിനായി 2021 സെപ്റ്റംബറിൽ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. രോഗപ്രതിരോധശേഷി കൂടിയ മലബാറി ആടുകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനായി ഇന്ത്യൻ കാർഷിക ഗവേഷണ കേന്ദ്രത്തിന്റെയും (75% വിഹിതം) സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെയും (25% വിഹിതം) സഹായത്തോടുകൂടി എ.ഐ.സി.ആർ.പി ഓഫ് ഗോട്ട് ഇംപ്രൂവ്മെന്റ് (മലബാറി) പദ്ധതി നടപ്പിലാക്കിവരുന്നു.

ശ്രീ. ഡി. കെ. മുരളി: സർ, ക്ഷീരകർഷകർ അനുഭവിക്കുന്ന ഏറ്റവും വലിയ ബുദ്ധിമുട്ട് മൃഗഡോക്ടർമാരുടെ സേവനം യഥാസമയം ലഭ്യമാകുന്നില്ല എന്നതാണ്. വെറ്ററിനറി ഡോക്ടർമാരുടെ ലഭ്യതയ്ക്കനുസരിച്ച് നിയമനം നടത്തുകയും വെറ്ററിനറി സയൻസ് പാസ്സായ ബിരുദധാരികൾക്ക് പരിശീലനം നൽകി ഇത്തരം ആശുപത്രികളിൽ അവരുടെകൂടി സേവനം ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കാനാകുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, കേരളത്തിലെ മുപ്പതോളം വരുന്ന വെറ്ററിനറി ആശുപത്രികളിൽ നിയമിക്കാനുള്ള ഡോക്ടർമാർ നിലവിലില്ല.

അതിനുപകരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി താൽക്കാലികമായി ഡോക്ടർമാരുടെ നിയമനം നടത്തി ഈ കുറവ് നികത്തുകയാണ് ചെയ്യുന്നത്. ഒരു പഞ്ചായത്തിലുള്ള ഏകദേശം ആയിരത്തോളം വരുന്ന പശുക്കളെ പരിശോധിക്കുന്നതിന് എല്ലാ വീടുകളിലും ഡോക്ടർമാർക്ക് എത്തിച്ചേരാൻ സാധിക്കുന്നില്ലെങ്കിലും പരമാവധി എല്ലായിടത്തും എത്തിച്ചേരാൻ ശ്രമിക്കുന്നുണ്ട്. അതോടൊപ്പം നിലവിൽ പഠിച്ചിറങ്ങിയ വെറ്ററിനറി ഡോക്ടർമാരുടെ സേവനം ഉപയോഗിക്കത്തക്കനിലയിലുള്ള പ്രവർത്തനമാണ് നടപ്പിലാക്കുന്നത്. അമ്പതോളം വെറ്ററിനറി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും അതിൽ 39-ഓളം ഡോക്ടർമാർ നിലവിൽ ചാർജെടുക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ഡി. കെ. മുരളി: സർ, അത്യാവശ്യഘട്ടങ്ങളിൽ ഡോക്ടർമാരെയും മറ്റ് സേവനങ്ങളും കർഷകർക്ക് ലഭ്യമാകുന്നതിനുപകരിക്കുന്ന നിലയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ടോൾ ഫ്രീ നമ്പർ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കാനാകുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, അത്തരം സംവിധാനത്തെക്കുറിച്ച് ആലോചിച്ച് അതിന്റെ പ്രവർത്തനത്തിലേയ്ക്ക് കടക്കുകയാണ്. കർഷകന് നേരിട്ട് കാൾ സെന്ററിലേയ്ക്ക് വിളിക്കാനുള്ള സംവിധാനം ഏർപ്പെടുത്താനുള്ള

ചുവടുവയ്പ്പ് നടത്തുന്നുണ്ട്. രാത്രികാല സേവനത്തിനായി ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും അത്തരത്തിലുള്ള ഡോക്ടർമാരുടെ സേവനം 24 മണിക്കൂറും ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കോവിഡ് പ്രതിസന്ധികാലത്ത് ക്ഷീരകർഷകർ ഉൽപ്പാദിപ്പിച്ച മുഴുവൻ പാലും സംഭരിച്ച മിൽമയെയും സർക്കാരിനെയും ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. ഉൽപ്പാദനച്ചെലവിനനുസരിച്ച് പാൽവില വർദ്ധിപ്പിക്കുന്നതിന് പലപ്പോഴും കഴിയുന്നില്ല. ഈ സാഹചര്യത്തിൽ ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിന് ആശ്വാസനടപടി സ്വീകരിക്കാൻ കഴിയണം. തീറ്റച്ചെലവും ചികിത്സാച്ചെലവുമാണ് പ്രധാനം. സങ്കരയിനം പശുക്കൾക്കുണ്ടാകുന്ന രോഗങ്ങൾ കർഷകർക്ക് ഏറെ നഷ്ടമുണ്ടാക്കുന്നു. മെച്ചപ്പെട്ട ജനിതക നിലവാരമുള്ള കന്നുകാലികളെ കർഷകർക്ക് ലഭ്യമാക്കുന്നതിനും ഇത്തരം കാലികൾക്കാവശ്യമായ ചികിത്സാസഹായം ഒരുക്കുന്നതിനും കാലിത്തീറ്റയുടെ വില നിയന്ത്രിക്കുന്നതിനും പാൽവില കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, പാലിന്റെ വില വർദ്ധിപ്പിക്കാതെ തീറ്റച്ചെലവ് കുറയ്ക്കാനുള്ള നടപടിയാണ് സർക്കാർ ഇപ്പോൾ

പരിശോധിച്ചുവരുന്നത്. ഗതാഗതച്ചെലവ് വർദ്ധിച്ചതുമൂലം കേരളത്തിലെത്തുന്ന കാലിത്തീറ്റയുടെ അസംസ്കൃത പദാർത്ഥങ്ങളുടെ വിലയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. കേരളത്തിൽ സ്വകാര്യ കമ്പനികൾ പല മടങ്ങ് വില വർദ്ധിപ്പിച്ചപ്പോഴും കേരള ഫീഡ്സ് 50 കിലോഗ്രാം ബാഗിന് 160 രൂപ വിപണി വിലയിൽനിന്നും കുറച്ചാണ് കർഷകർക്ക് നൽകുന്നത്. കൂടാതെ മിൽമയുടെ കാലിത്തീറ്റയും വിപണി വിലയേക്കാൾ 25 രൂപ മുതൽ 50 രൂപ വരെ കുറച്ചാണ് വിൽക്കുന്നത്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്നും വൈക്കോൽ, ചോളം, സോയാബീൻ തുടങ്ങിയവ കുറഞ്ഞ ചെലവിൽ ഗതാഗത പദ്ധതിയായ 'കിസാൻ റെയിൽ' ഉപയോഗിച്ച് ഇറക്കുമതി ചെയ്യാൻ സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്. ഇതിനായി 2022-23 സാമ്പത്തികവർഷം കേരള ഫീഡ്സിന് പ്രത്യേക ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടുണ്ട്. കൂടാതെ, തീറ്റപ്പുല്ല്, ഇതര ധാന്യങ്ങൾ എന്നിവ കൃഷിവകുപ്പുമായി ചേർന്ന് വ്യാപകമായി കൃഷിചെയ്യുന്നതിന് പദ്ധതി തയ്യാറാക്കിവരികയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവനുസരിച്ച് കേരളത്തിൽ പാൽവില വർദ്ധിപ്പിക്കാനുള്ള അധികാരം മിൽമയ്ക്കാണ്. അയൽസംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ്, തെലുങ്കാന എന്നിവയെ അപേക്ഷിച്ച് കേരളമാണ് പാലിന്

ഏറ്റവും കൂടുതൽ വില നൽകുന്നത്. കേരളത്തിൽ പശുവിൻപാലിന് 35 രൂപയാണ് നിലവിൽ കർഷകർക്ക് നൽകുന്നത്. കൂടാതെ ഒരു ലിറ്റർ പാലിന് 4 രൂപ സബ്സിഡിയും കർഷകർക്ക് നൽകിവരുന്നുണ്ട്.

ശ്രീ. എൻ. കെ. അക്ബർ: സർ, ക്ഷീരകർഷകർക്കായി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; കുറഞ്ഞ ചെലവിൽ തീറ്റ ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, ഗോതമ്പും അരിയും ഉൽപ്പാദിപ്പിക്കുന്ന പഞ്ചാബ്, ഹരിയാനപോലുള്ള സംസ്ഥാനങ്ങളിൽ പാടങ്ങളിൽത്തന്നെ വൈക്കോൽ കിടക്കുന്ന സ്ഥിതിയാണുള്ളത്. കേന്ദ്ര വകുപ്പുമന്ത്രിയെ നേരിട്ട് കണ്ടപ്പോഴാണ് കിസാൻ റെയിൽ പദ്ധതിവഴി കേരളത്തിലേയ്ക്കാവശ്യമായ ഇത്തരത്തിലുള്ള അസംസ്കൃത വസ്തുക്കൾ നൽകാമെന്ന് അറിയിച്ചത്. അത് ചെലവുകുറഞ്ഞ രീതിയിൽ കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള എല്ലാ ശ്രമവും നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. പ്രേംകുമാർ: സർ, പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തതയിലേയ്ക്ക് നീങ്ങുന്നതിനുവേണ്ടി ഏറ്റവും ശ്രമകരമായ ഇടപെടൽ നടത്തുന്ന സംസ്ഥാനമാണ് കേരളം. ക്ഷീരോൽപ്പാദന

രംഗത്തേയ്ക്ക് കൂടുതൽ കർഷകരെയും സ്വയംസഹായ സംഘങ്ങളെയും കൊണ്ടുവരാൻ ഉദ്ദേശിച്ചുള്ള മിൽക്ക് ഷെഡ് വികസന പദ്ധതിയെക്കുറിച്ച് വിശദീകരിക്കാമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, സംസ്ഥാനത്തെ പഞ്ചായത്തുകളെ സെലക്ട് ചെയ്ത് മിൽക്ക് ഷെഡ് പദ്ധതി ഇപ്പോൾത്തന്നെ നടപ്പിലാക്കുന്നുണ്ട്. അതുപോലെ ക്ഷീരഗ്രാമം പദ്ധതിയും നടപ്പിലാക്കി വരികയാണ്. ഈ പദ്ധതിയിൻകീഴിൽ ഒരു പഞ്ചായത്തിനെ സെലക്ട് ചെയ്താൽ അമ്പതുലക്ഷം രൂപയുടെ വിവിധ പദ്ധതികളാണ് നടപ്പിലാക്കുക. വിവിധ വിഭാഗങ്ങളിലാണ് പദ്ധതിപ്രകാരം തുക അനുവദിക്കുന്നത്. ഒരു പശുവിനും കിടാരിക്കുംകൂടി നിശ്ചിത തുകയും തൊഴുത്ത് നിർമ്മാണത്തിന് പ്രത്യേകം തുകയുമാണ് നൽകുന്നത്. ആ നിലയിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്കീമുകൾ ഉപയോഗപ്പെടുത്തി കേരളത്തിൽ പാലുൽപ്പാദനം വർദ്ധിപ്പിക്കുകയെന്ന മഹത്തായ ലക്ഷ്യത്തിലേയ്ക്കാണ് നമ്മൾ അടുത്തുകൊണ്ടിരിക്കുന്നത്.

ശ്രീ. ടി. ജെ. വിനോദ്: സർ, കാലിത്തീറ്റയുടെയും കോഴിത്തീറ്റയുടെയും വില ദിനംപ്രതി വർദ്ധിക്കുന്നതുമൂലം കേരളത്തിലെ മൂന്നര ലക്ഷത്തോളം വരുന്ന ക്ഷീരകർഷകർ കടുത്ത പ്രയാസത്തിലാണ്. ഇന്നത്തെ മലയാള

മനോരമ ദിനപത്രത്തിൽ 'കോഴിത്തീറ്റ റെക്കോർഡുവില; മുമ്പേ പറന്ന് കോഴി വില' എന്ന് വാർത്ത വന്നിട്ടുണ്ട്. കേരളത്തിലെ ക്ഷീരകർഷകർക്ക് പിടിച്ചുനിൽക്കണമെങ്കിൽ പാൽവില വർദ്ധിപ്പിച്ചേ മതിയാകൂയെന്ന അവസ്ഥയിലെത്തി നിൽക്കുകയാണ്. ത്രിതല പഞ്ചായത്തുകൾ മുഖേന ലിറ്ററിന് നാല് രൂപ നിരക്കിൽ സബ്സിഡി നൽകുന്നുണ്ട്. പ്രസ്തുത തുക ഉയർത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; പന്ത്രണ്ടുമാസവും സബ്സിഡി തുക നൽകുവാൻ ഗവൺമെന്റ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് വകുപ്പുമായി ചർച്ച നടത്തിയിട്ടുണ്ട്. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ ഓരോ രൂപ വീതവും ക്ഷീര മേഖലയിൽനിന്ന് ഒരു രൂപയും ചേർത്താണ് നാല് രൂപ സബ്സിഡി നൽകിവരുന്നത്. ഇന്ത്യയൊട്ടാകെ പരിശോധിച്ചാൽ കേരളത്തിലാണ് മുപ്പത്തിയഞ്ച് രൂപ പാലിന് നൽകുന്നതെന്ന് കാണാം. അതോടൊപ്പമാണ് ഈ സബ്സിഡിയും നൽകുന്നത്. തിരുവനന്തപുരം മേഖലയിൽ ഒരു ലിറ്റർ പാലിന് ഏകദേശം രണ്ടുരൂപ സംഘങ്ങളിൽനിന്നും കർഷകർക്ക് മിൽമ നൽകുന്നുണ്ട്. അത് എല്ലാ മേഖലകളിലും നൽകുവാനും ഇതെല്ലാം സംയോജിപ്പിച്ച്

മൃഗസംരക്ഷണ മേഖലയിൽ സബ്സിഡി വർദ്ധിപ്പിച്ചുകൊണ്ടുവരാനുമുള്ള ശ്രമമാണ് നടത്തുന്നത്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ആധുനിക ചികിൽസാ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി കർഷകരുടെ വീട്ടുപടിക്കൽ ചികിൽസ നൽകാൻ കഴിയുന്ന സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; അതിനെക്കുറിച്ച് വിശദീകരിക്കാമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, അതിനുവേണ്ടിയാണ് ഇരുപത്തിനാല് മണിക്കൂറും സേവനം ലഭ്യമാക്കുന്നത്. വകുപ്പ് നടപ്പിലാക്കുന്ന രാത്രികാല മൃഗചികിത്സാ സേവന പദ്ധതിപ്രകാരം കേരളത്തിലെ 152 ബ്ലോക്കുകളിലും മൂന്ന് കോർപ്പറേഷനുകളിലും ഒരു മുനിസിപ്പാലിറ്റിയിലും കർഷകരുടെ വീട്ടുപടിക്കൽ മൃഗചികിത്സയ്ക്കായി വെറ്ററിനറി ഡോക്ടർമാരുടെ സേവനം നൽകുകയാണ്. കൂടാതെ 152 ബ്ലോക്കുകളിലും മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ അനുവദിക്കാനുള്ള സംവിധാനത്തിലേയ്ക്ക് വരികയാണ്. രാത്രിയിലും പ്രവർത്തിക്കുന്ന വെറ്ററിനറി സെന്റർ മുഖേന എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും ഡോക്ടർമാരുടെ സേവനമുൾപ്പെടെ ഉറപ്പുവരുത്തുകയാണ്. കേരളത്തിലെ 152 ബ്ലോക്കുകളിലും മൂന്ന് കോർപ്പറേഷനുകളിലും ഒരു മുനിസിപ്പാലിറ്റിയിലും വെറ്ററിനറി ആംബുലൻസ്

ഏർപ്പെടുത്താനുള്ള സംവിധാനത്തിലേയ്ക്ക് വരികയാണ്. അതിന്റെ ആദ്യഘട്ടമെന്ന നിലയ്ക്ക് 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടിയിലേയ്ക്കെത്തിയിട്ടുണ്ട്. വരാൻ പോകുന്ന വർഷങ്ങളിൽ മുഴുവൻ ബ്ലോക്കുകളിലും മൊബൈൽ വെറ്ററിനറി സംവിധാനം ഏർപ്പെടുത്തി ഇരുപത്തിനാലുമണിക്കൂറും പ്രവർത്തിക്കുന്ന ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നതാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ വളവന്നൂരിലെ മൃഗാശുപത്രിയിൽ ഡോക്ടറില്ലാത്തതുകൊണ്ട് നാലുമാസമായി കർഷകർ വളരെയേറെ പ്രയാസത്തിലാണ്. അവിടെയൊരു സർജനെയാണ് ആവശ്യമായിട്ടുള്ളത്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അതുപോലെ തിരൂർ താലൂക്കാശുപത്രിയിൽ സ്ഥലപരിമിതിയുള്ളതിനാൽ നായ്ക്കളെ പരിപാലിക്കുവാൻ ഉപയോഗിക്കുന്ന കെട്ടിടത്തിലേയ്ക്ക് ഓഫീസ് മാറ്റിപ്രവർത്തിപ്പിക്കേണ്ട ഗതികേടുണ്ടായിരിക്കുകയാണ്. ഇക്കാര്യങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം വാസ്തവമാണ്. ചില ആശുപത്രികളിൽ ഡോക്ടർമാരെ നിയമിച്ച

കഴിയുമ്പോൾ അവർ ലീവിലും പ്രസവാവധിയിലുമൊക്കെ പോകുന്ന സാഹചര്യമുണ്ടാകാറുണ്ട്. അതിനുപകരമുള്ള സംവിധാനം ഏർപ്പെടുത്തുന്നുണ്ട്. അടിയന്തരമായി ഡോക്ടറെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, സഹകരണമേഖലയിലും ചാരിറ്റബിൾ സൊസൈറ്റികൾ വഴിയും വൻതോതിൽ ക്ഷീരോൽപ്പാദന-വിതരണ സംവിധാനം കേരളത്തിൽ നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്. കാലിത്തീറ്റ, പിണ്ണാക്ക്, തീറ്റപ്പുല്ല് എന്നിവയുടെ വിലവർദ്ധനവുമൂലം പാലിന്റെ ഉൽപ്പാദനച്ചെലവ് വർദ്ധിക്കുന്ന സ്ഥിതിയാണുള്ളത്. സോളാർ പവറടക്കം സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിനുള്ള ആധുനിക സാങ്കേതിക സൗകര്യങ്ങളും സംഘങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, കാലിത്തീറ്റയുടെ വില കുറച്ചുകൊണ്ടുവരാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. അതോടൊപ്പം അന്യസംസ്ഥാനത്തുനിന്നും ഏതുവിധത്തിലും അസംസ്കൃതവസ്തുക്കൾ കൊണ്ടുവരാനുള്ള നടപടിയിലേയ്ക്കും നീങ്ങിയിരിക്കുകയാണ്. കേരളത്തിൽ

പച്ചപ്പുല്ല് വ്യാപകമായി വളർത്താൻ കർഷകരോടും സംഘങ്ങളോടും അഭ്യർത്ഥിച്ചിട്ടുണ്ട്. കോട്ടയം ഉൾപ്പെടെയുള്ള പല ജില്ലകളും സന്ദർശിച്ചപ്പോൾ നാലും അഞ്ചും ഏക്കർ സ്ഥലം ഏറ്റെടുത്ത് പച്ചപ്പുല്ല് വ്യാപകമായ നിലയിൽ കൃഷി ചെയ്തുവരുന്നതായി കാണാൻ കഴിഞ്ഞു. ഒരേക്കറിൽ കൃഷി ചെയ്താൽ 16,000 രൂപ സബ്സിഡി ഉൾപ്പെടെ നൽകിയാണ് പച്ചപ്പുല്ല് കൃഷി ചെയ്യിപ്പിക്കുന്നത്. കേരള ഫീഡ്സിനെക്കൊണ്ട് അസംസ്കൃതവസ്തുക്കൾ കേരളത്തിൽത്തന്നെ ഉൽപ്പാദിപ്പിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. അതിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ സോയാബീൻസ്പോലുള്ള അസംസ്കൃതവസ്തുക്കൾ കേരളത്തിൽത്തന്നെ കൂടുതൽ കൃഷി ചെയ്യുന്നതിനായി കൃഷി വകുപ്പുമായി യോജിച്ചുള്ള പദ്ധതിയുമായാണ് മുന്നോട്ടുപോകുന്നത്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ക്ഷീരകർഷകർക്ക് സബ്സിഡി നൽകുന്നതിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്ത് സമിതികൾ ഓരോ രൂപവീതം നൽകുന്ന നിലയിൽ സബ്സിഡി നൽകുന്നതുകൊണ്ട് കർഷകർക്ക് പൂർണ്ണമായ പ്രയോജനം ലഭിക്കുന്നില്ല. അതോടൊപ്പം ഗവൺമെന്റുകൂടി ഇൻസെന്റീവ് നൽകാൻ തയ്യാറായാൽ നല്ലതാണെന്ന

നിർദ്ദേശമാണ് മുന്നോട്ടുവയ്ക്കാനുള്ളത്. പാൽ വില വർദ്ധിക്കുമ്പോൾ ഉപഭോക്താക്കളും ബുദ്ധിമുട്ട് അനുഭവിക്കേണ്ടി വരികയാണ്. ക്ഷീരകർഷകർക്ക് ഗുണഫലം ലഭിക്കാനും പാൽ വിലവർദ്ധനവിലൂടെ ഉപഭോക്താക്കൾക്ക് ദോഷം ഉണ്ടാകാതിരിക്കാനും കഴിയുന്ന വിധത്തിൽ ഗവൺമെന്റ് ഒരു ഇൻസെന്റീവ്കൂടി നൽകാൻ തയ്യാറാകണം. ഇൻസെന്റീവ് പത്ത് രൂപയിലേയ്ക്ക് എത്തിക്കാൻ കഴിയുന്നവിധത്തിൽ ഗവൺമെന്റിന്റെ മുതൽമുടക്ക് വേണ്ടതാണ്. ആദ്യഘട്ടമെന്ന നിലയിൽ തുക കുറച്ചുവച്ചാലും ഇതിനെ ഏകോപിപ്പിച്ച് കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, ഇവ ആലോചിക്കാവുന്നതാണ്.

ശ്രീ. എച്ച്. സലാം: സർ, കന്നുകാലി പരിപാലനം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി അടിയന്തരചികിത്സയ്ക്ക് ഫലപ്രദമായ മൊബൈൽ ക്ലിനിക്കുകൾ വിപുലമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കാൻ സാധിക്കുന്ന നിലയിൽ കേരളത്തിലെ 152 ബ്ലോക്കുകളിലും മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ പ്രവർത്തനം ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീമതി കെ. കെ. രമ: സർ, വടകര നിയോജകമണ്ഡലത്തിൽ ഏകദേശം അറുപത് വർഷത്തിലധികം പഴക്കമുള്ള ഓടിട്ട കെട്ടിടത്തിലാണ് മൃഗാശുപത്രി പ്രവർത്തിക്കുന്നത്. ധാരാളം ക്ഷീരകർഷകരും മൃഗപരിപാലകരുമുള്ള പ്രദേശമാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് നിവേദനവും ബഡ്ജറ്റ് പ്രോപ്പോസലും നൽകിയിരുന്നുവെങ്കിലും ഇതുവരെ മറുപടി ലഭിച്ചിട്ടില്ല. പഴയ കെട്ടിടം പുതുക്കിപ്പണിയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, ഇക്കാര്യം പരിശോധിച്ച് വേണ്ടത് ചെയ്യാം.

### വഖഫ് സ്വത്തുക്കളുടെ സംരക്ഷണം

2(*122)ശ്രീ. യു. എ. ലത്തീഫ്:

ശ്രീ. പി. ഉബൈദുള്ള:

ഡോ. എം. കെ. മുനീർ:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വഖഫ് സ്വത്തുക്കൾ സംരക്ഷിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ തിരിച്ചുപിടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) വഖഫ് ബോർഡിന് സർക്കാർ സഹായം നൽകുന്നുണ്ടോ; എങ്കിൽ പ്രസ്തുത ഗ്രാന്റ്-ഇൻ-എയ്ഡ് എന്തിനെല്ലാമാണ് വിനിയോഗിക്കുന്നത്; ഗ്രാന്റ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, (എ&ബി) സംസ്ഥാനത്ത് പല വഖഫ് വസ്തുക്കളും വലിയ തോതിൽ കയ്യേറ്റം/കൈമാറ്റം ചെയ്യപ്പെട്ടുപോയിട്ടുണ്ടെന്നതിന്റെയും അത് തിരിച്ചുപിടിക്കാൻ നാളിതുവരെ കഴിഞ്ഞിട്ടില്ലെന്നതിന്റെയും വെളിച്ചത്തിൽ ഇത്തരത്തിൽ അന്യാധീനപ്പെട്ട വഖഫ് വസ്തുക്കൾ തിരിച്ചുപിടിക്കുവാനും അനധികൃത കയ്യേറ്റം/കൈമാറ്റം തടഞ്ഞ് വഖഫ് വസ്തുക്കൾ സംരക്ഷിക്കുന്നതിലും വഖഫ് ബോർഡിനുവേണ്ടി ഫലപ്രദമായ മാർഗ്ഗം അവലംബിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുകയും അതിനാവശ്യമായ നിർദ്ദേശം വഖഫ് ബോർഡിനും ബന്ധപ്പെട്ടവർക്കും നൽകുകയുമുണ്ടായി. ഇതുമായി ബന്ധപ്പെട്ട് 30.11.2021-ൽ ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേരുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

1. വഖഫ് ബോർഡിന്റെ കൈവശമുള്ള കേരളത്തിലെ 14 ജില്ലകളിലുമുള്ള വഖഫ് സ്വത്തുക്കളുടെ വിശദാംശങ്ങളടങ്ങുന്ന ലിസ്റ്റ് പൂർണ്ണമായും റവന്യൂ വകുപ്പിന് കൈമാറാൻ കേരള സ്റ്റേറ്റ് വഖഫ് ബോർഡിനോട് നടപടി സ്വീകരിക്കുവാൻ ഉത്തരവ് നൽകിയിട്ടുണ്ട്.

2. അന്യാധീനപ്പെട്ടതും വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്യപ്പെടാത്തതുമായ വഖഫ് വസ്തുക്കൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് വഖഫ് ബോർഡിൽ റിപ്പോർട്ട് ചെയ്യുന്നതിലേയ്ക്കായി പൊതുജനങ്ങളിൽനിന്നും വിവരശേഖരണം നടത്തുന്നതിന് പത്രപ്പരസ്യം നൽകുവാൻ തീരുമാനിച്ചു.

3. അനധികൃത കയ്യേറ്റം തടയുന്നതിനായി/ഒഴിപ്പിക്കുന്നതിനായി വേഗം കൈവരിക്കുന്നതിന് ബന്ധപ്പെട്ട വഖഫ് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനാവശ്യമായ കരട് ഭേദഗതി നിയമം സമർപ്പിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകി.

4. വഖഫ് വസ്തുക്കളുടെ അനധികൃത കയ്യേറ്റങ്ങൾ തടയുന്നതിനായി ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെയും കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.

5. അതത് വില്ലേജുകളിൽ തണ്ടപ്പേർ/BTR രജിസ്റ്ററിലെ റിമാർക്സ് കോളത്തിലും റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന ആപ്ലിക്കേഷനിലെ ബന്ധപ്പെട്ട ഫീൽഡിലും വഖഫ് ഭൂമി എന്ന് രേഖപ്പെടുത്തുന്നതിനുള്ള തുടർനടപടി സ്വീകരിക്കാൻ ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തി.

6. IT Application for Waqf Land Management എന്ന ആപ്ലിക്കേഷൻ ഡെവലപ് ചെയ്യാനുള്ള നടപടി സ്വീകരിക്കാൻ വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നൽകി. മേൽ തീരുമാനങ്ങളിന്മേൽ തുടർനടപടി സ്വീകരിച്ചുവരികയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി മന്ത്രിതല സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി-ചെയർമാൻ, ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി-അംഗം, അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ-അംഗം, പ്രിൻസിപ്പൽ സെക്രട്ടറി & വഖഫ് സർവ്വെ കമ്മീഷണർ- കൺവീനർ, ലാൻഡ് റവന്യൂ കമ്മീഷണർ- അംഗം, ഡയറക്ടർ, സർവ്വെയും ഭൂരേഖയും വകുപ്പ്- അംഗം. ടി സമിതി മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേർന്ന് ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ അവലോകനം ചെയ്യാൻ

തീരുമാനിച്ചിട്ടുണ്ട്. കൂടാതെ വഖഫ് നിയമം 52 പ്രകാരം അന്യാധീനപ്പെട്ട വഖഫ് വസ്തുക്കൾ തിരിച്ചുപിടിക്കുന്നതിനും സെക്ഷൻ 54 പ്രകാരം അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുമുള്ള നടപടി വഖഫ് ബോർഡ് സ്വീകരിച്ചുവരുന്നുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തെ വഖഫ് വസ്തുക്കളുടെ ഡിജിറ്റൽ സർവ്വേ (GIS Mapping) പദ്ധതിയുടെ ഭാഗമായി 45,470 വസ്തുവകകളുടെ GIS ഏകോപനവും ഫോട്ടോശേഖരണവും Uralungal Labour Contract Co-operative Society (ULCCS) മുഖാന്തരം നടത്തി ആയതിന്റെ വിവരങ്ങൾ കേന്ദ്രസർക്കാരിന്റെ WAMSI പോർട്ടലിൽ അപ്‌ലോഡ് ചെയ്തുകഴിഞ്ഞു. എന്നാൽ ആരാധനാലയങ്ങൾ, ഖബർസ്ഥാനുകൾ എന്നിവയുമായി ചേർന്നുവരാത്ത ഒറ്റപ്പെട്ട വഖഫ് വസ്തുക്കൾ കണ്ടെത്താനായി 1660-ഓളം വില്ലേജുകളിൽനിന്നും Field Measurement Book (FMB) സ്കെച്ചുകൾ ലഭ്യമാക്കുന്നതിന്റെ സാദ്ധ്യതകളും പരിശോധിക്കാൻ നടപടിയായിട്ടുണ്ട്. കോഴിക്കോട് കുറ്റിക്കാട്ടൂർ ജമാഅത്ത് കമ്മിറ്റി പുതിയ യത്തീംഖാന ആരംഭിക്കുന്നതിനുവേണ്ടി വാങ്ങിയ വഖഫ് വസ്തുക്കൾ, കണ്ണൂർ തളിപ്പറമ്പ ജമാഅത്ത് വക, ആലപ്പുഴ പാണാവള്ളി തെക്കുംഭാഗം മുഹിയുദ്ദീൻ പുത്തൻപള്ളി വക, എറണാകുളം മുഹമ്മദ് സിദ്ദീഖ് സേട്ട് വഖഫ് വക, മലപ്പുറം പാണ്ടിക്കടവത്ത്, മമ്പാട് ഓർഫനേജ്, നൂറൽ

ഇസ്ലാം മദ്രസ്സ കമ്മിറ്റി വക, അൻസാറുൽ ഇസ്ലാം മദ്രസ്സ കമ്മിറ്റി വക സ്വത്തുക്കൾ എന്നിവ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരിച്ചുപിടിക്കാൻ നടപടി സ്വീകരിച്ചതിനുള്ള ചില ഉദാഹരണങ്ങളാണ്. കോഴിക്കോട് കുറ്റിക്കാട്ടൂർ വക വസ്തുക്കളുടെ രജിസ്ട്രേഷൻ നടപടി ഉടമസ്ഥാവകാശം മാറ്റിക്കൊണ്ട് പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്.

(സി) വഖഫ് ബോർഡിന് സർക്കാർ സഹായങ്ങൾ നൽകുന്നുണ്ട്. കേരള സംസ്ഥാന വഖഫ് ബോർഡിന് സർക്കാർ അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റും ബോർഡിന്റെ സാമൂഹ്യക്ഷേമ പദ്ധതിക്കായി സ്പെഷ്യൽ ഗ്രാന്റും അനുവദിക്കുന്നുണ്ട്. ഇതിൽ ഇത്തവണ മുഴുവൻ തുകയും വഖഫ് ബോർഡിന് നൽകിയിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് ബോർഡിന്റെ ഭരണപരമായ ചെലവുകൾക്കും സ്പെഷ്യൽ ഗ്രാന്റ് സാമൂഹ്യക്ഷേമ പദ്ധതികൾക്കുമായാണ് വിനിയോഗിക്കുന്നത്. നടപ്പുസാമ്പത്തികവർഷം അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് ഇനത്തിലുള്ള ബഡ്ജറ്റ് വിഹിതമായ 72 ലക്ഷം രൂപയും സാമൂഹ്യക്ഷേമ പദ്ധതിക്കായുള്ള സ്പെഷ്യൽ ഗ്രാന്റ് ഇനത്തിലുള്ള ബഡ്ജറ്റ് വിഹിതമായ 132 ലക്ഷം രൂപയും ഇതിനകം വഖഫ് ബോർഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. വഖഫ് ബോർഡുവഴി നൽകിവരുന്ന സാമൂഹ്യസുരക്ഷാ പദ്ധതികൾ ചുവടെ ചേർക്കുന്നു:

60 വയസ് കഴിഞ്ഞ പള്ളി ഇമാം, മുദ്'രിസ്, മദ്രസ്സാദ്ധ്യാപകർ, ഖാദിം എന്നിവർക്കുള്ള പ്രതിമാസ പെൻഷൻ, മാരകരോഗ ചികിൽസാസഹായം, വിവാഹ ധനസഹായം, കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇസ്ലാമിക് ചെയറിനുള്ള ഗ്രാന്റ്, അനാഥാലയങ്ങളിലെ പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, വിവാഹമോചിതരായ സ്ത്രീകൾക്ക് ഗ്രാന്റ് എന്നീ സാമൂഹ്യസുരക്ഷാ പദ്ധതികളാണ് വഖഫ് ബോർഡുവഴി നടപ്പിലാക്കിവരുന്നത്. ഓരോ സാമ്പത്തികവർഷവും അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് ഇനത്തിലും സാമൂഹ്യസുരക്ഷാ പദ്ധതിക്കായുള്ള സ്പെഷ്യൽ ഗ്രാന്റ് ഇനത്തിലുമുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാക്രമത്തിലാണ് ധനസഹായത്തിന് ഫണ്ട് അനുവദിക്കുന്നത്. പ്രസ്തുത ഗ്രാന്റ് വർദ്ധിപ്പിക്കുന്ന കാര്യം ബഡ്ജറ്റ് ലഭ്യതയ്ക്ക് വിധേയമായി മാത്രമേ പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

ശ്രീ. യു. എ. ലത്തീഫ് ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, വഖഫ് സ്വത്തുക്കൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി-ക്ക് വിടുന്ന പുതിയ നിയമം പാസ്സാക്കുകയും അതേത്തുടർന്ന് വലിയ പ്രതിഷേധങ്ങൾ ഉയർന്നുവന്നപ്പോൾ ഈ നിയമം പെട്ടെന്ന്

നടപ്പാക്കില്ലെന്നും ബന്ധപ്പെട്ടവരുമായി ആലോചിക്കുമെന്നും പറഞ്ഞിരുന്നു. ഈ നിയമം പെട്ടെന്ന് നടപ്പാക്കില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതായി പത്രമാധ്യമങ്ങളിൽ കാണാൻ സാധിച്ചു. നിയമനങ്ങൾ പി.എസ്.സി-ക്കുവിട്ട നടപടി തുടരില്ലെന്നൊക്കെ പറയുന്നുമുണ്ട്. സംസ്ഥാനത്ത് പാസ്സാക്കിയ നിയമം റദ്ദുചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; അതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, വഖഫ് നിയമനങ്ങൾ പി.എസ്.സി-ക്ക് വിടുന്നതുമായി ബന്ധപ്പെട്ട് ബിൽ പാസ്സാക്കുകയുണ്ടായി. അതുമായി മുന്നോട്ടുപോകാൻതന്നെയാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്. അതോടൊപ്പംതന്നെ ചില മതസംഘടനകൾ ഇതുമായി ബന്ധപ്പെട്ട് കുറേ കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ട്. അവരുമായി സംസാരിച്ച് സാവധാനം ഇത് നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വഖഫ് സ്വത്തുക്കൾ അന്യാധീനപ്പെട്ടതുമായി ബന്ധപ്പെട്ടതാണ് എന്റെ രണ്ടാമത്തെ ചോദ്യം. സർക്കാർതന്നെ വഖഫ് സ്വത്തുക്കൾ അന്യാധീനപ്പെടുത്താനായി ശ്രമിച്ച സംഭവമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കാസർഗോഡ് ബഹുമാനപ്പെട്ട

സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുകോയ തങ്ങൾ പ്രസിഡന്റായ മലബാർ ഇസ്ലാമിക് കോംപ്ലക്സിന്റെ ഭൂമി ടാറ്റയുമായി ചേർന്ന് ഹോസ്പിറ്റൽ നടത്തുന്നതിനുവേണ്ടി സർക്കാർ നിർബന്ധപൂർവ്വം relinquishment form ഒപ്പിട്ടുവാങ്ങി നാലര ഏക്കർ ഏറ്റെടുത്തപ്പോൾ പകരം ഭൂമി നൽകുമെന്നാണ് പറഞ്ഞിരുന്നത്. ഇപ്പോൾ എം.ഐ.സി-യുടെ ഭാരവാഹികളും ബഹുമാനപ്പെട്ട സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുകോയ തങ്ങളും ഉൾപ്പെടെ പറയുന്നത് സർക്കാർ അക്കാര്യത്തിൽ വാക്കുപാലിച്ചില്ലെന്നാണ്. ഇത്തരത്തിൽ സർക്കാർതന്നെ വഖഫ് സ്വത്തുക്കൾ അന്യാധീനപ്പെടുത്തുന്നത് ശരിയാണോ; വഖഫ് ഭൂമി തിരിച്ച് ബന്ധപ്പെട്ട കമ്മിറ്റിക്ക് നൽകുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കാസർഗോഡ് ജില്ലയിൽ കോവിഡ് രൂക്ഷമായ സാഹചര്യത്തിലാണ് ടാറ്റയുമായി ചേർന്ന് ആശുപത്രി തുടങ്ങാൻ അടിയന്തരമായി ഭൂമി ഏറ്റെടുക്കേണ്ടി വന്നത്. അതുമായി ബന്ധപ്പെട്ട് പകരം ഭൂമി നൽകുന്നതിനുവേണ്ട നടപടി അടിയന്തരമായി സ്വീകരിച്ചുവരികയാണ്. മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത്, സർക്കാർ വഖഫ് സ്വത്തുക്കളൊന്നും കയ്യേറ്റം ചെയ്തിട്ടില്ലെന്നതാണ്. പക്ഷേ, കേരളത്തിൽ പച്ചയും ഉത്തർപ്രദേശിൽ കാവിയും ഉടുക്കുന്ന ചില

സംഘടനകളാണ് കുറ്റിക്കാട്ടൂർ, തളിപ്പറമ്പ് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ഭൂമി കൈമാറിയതും ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചതും. (...ബഹളം...)

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ചോദ്യത്തിനുള്ള ഉത്തരമല്ല പറഞ്ഞിട്ടുള്ളത്. വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി-ക്ക് വിടാനുള്ള തീരുമാനം പുനഃപരിശോധിക്കുമെന്നാണ് ചില മതസംഘടനാ നേതാക്കൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ ഉറപ്പ്. എന്നാൽ അത് പാലിക്കാൻ പോകുന്നില്ല. ഈ തീരുമാനവുമായി മുന്നോട്ടുപോകുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറഞ്ഞത്. ഈ തീരുമാനം പിൻവലിക്കുന്നതുവരെയും അതിശക്തമായ പ്രക്ഷോഭവുമായി ഞങ്ങൾ മുന്നോട്ടുപോകുമെന്ന് അറിയിക്കാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുകയാണ്. വഖഫ് ബോർഡിന് പ്രതിവർഷം 6 കോടി രൂപയാണ് ചെലവാകുന്നത്. ഇതിന് ഗവൺമെന്റ് നൽകുന്നത് 70 ലക്ഷം രൂപ മാത്രമാണ്. 2003-നുശേഷം അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റിൽ യാതൊരു വർദ്ധനയുമുണ്ടായിട്ടില്ല. വഖഫ് സ്ഥാപനംമുഖേന അപേക്ഷ നൽകുന്നവർക്ക് ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, ഖത്തീബ്-മുഅദ്ദിൻ പെൻഷൻ തുടങ്ങിയ സാമൂഹ്യസുരക്ഷാ പദ്ധതികൾക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെതന്നെ അദ്ധ്യക്ഷതയിൽ ചേർന്ന

യോഗതീരുമാനപ്രകാരം 10 കോടി രൂപ ചെലവാകും. നയാപൈസപോലും ഈ ഗവൺമെന്റ് നൽകിയിട്ടില്ല. വഖഫ് ബോർഡിന്റെ ബാദ്ധ്യത തീർക്കാനാവശ്യമായ തുകയും അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് വർദ്ധിപ്പിക്കാനുള്ള നടപടിയും സർക്കാർ സ്വീകരിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, വഖഫ് ബോർഡിന്റെ ഭരണപരമായ ചെലവുകൾക്ക് നടപ്പുസാമ്പത്തികവർഷം ബഡ്ജറ്റിൽ വകയിരുത്തിയ 72 ലക്ഷം രൂപയും സാമൂഹ്യസുരക്ഷാ പദ്ധതിക്കുള്ള സ്പെഷ്യൽ ഗ്രാന്റിനത്തിൽ 132 കോടി രൂപയും കൈമാറിയിട്ടുണ്ട്. ഇനിയും കൂടുതൽ ഗ്രാന്റ് ആവശ്യം വന്നാൽ സർക്കാർ അക്കാര്യം പരിഗണിക്കും; അതിന് സർക്കാരിനൊരു മടിയുമില്ല.

ഡോ. എം. കെ. മുനീർ: സർ, വഖഫ് ബോർഡ് നിയമനം സ്പെഷ്യൽ റിക്രൂട്ട്മെന്റ് ബോർഡിന് വിടുന്നതിനെ സംബന്ധിച്ച അഭിപ്രായം എന്താണെന്ന് ചോദിച്ചുകൊണ്ട് അഞ്ച് ദിവസം മുമ്പ് ഗവൺമെന്റ് ഒരു കത്ത് നൽകിയിരുന്നു. അത് അവധാനപൂർവ്വം അയച്ചതല്ലാത്തതുകൊണ്ട് പിന്നീട് പിൻവലിച്ചു. അതിന്റെയർത്ഥം എന്താണ്; സർക്കാർ പലർക്കും കൊടുത്ത വാക്ക് ശരിയല്ല. സ്പെഷ്യൽ റിക്രൂട്ട്മെന്റ് ബോർഡിന് വിടുന്നത് സംബന്ധിച്ച അഭിപ്രായമെന്താണെന്ന് ചോദിച്ച് അഞ്ച് ദിവസം മുമ്പുള്ള മീറ്റിംഗിനുള്ള

അജണ്ടയിൽ വച്ചിരുന്നതാണ്. അതിനുശേഷം ഒരൊറ്റ ദിവസംകൊണ്ട് ആ കത്ത് അറിയാതെ അയച്ചതാണെന്നും അതുകൊണ്ട് ഞങ്ങൾ പിൻവലിച്ചിരിക്കുന്നുവെന്നും സർക്കാർ മാറ്റിപ്പറഞ്ഞിരിക്കുന്നു. എന്തിനാണ് അങ്ങനെ ചെയ്തതെന്നതിനെക്കുറിച്ച് ഗവൺമെന്റിന് എന്താണ് പറയാനുള്ളത്?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഇത്തരത്തിൽ ഒരു കത്ത് അയച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല; അക്കാര്യം പരിശോധിക്കാം. ഇക്കാര്യങ്ങളിൽ ഗവൺമെന്റിന് സുതാര്യമായ നിലപാടാണുള്ളത്. ബന്ധപ്പെട്ട സംഘടനകളുമായി ഇക്കാര്യം ചർച്ച ചെയ്യുന്നതാണ്. ഇതിനെ രാഷ്ട്രീയ മുതലെടുപ്പിലേയ്ക്ക് കൊണ്ടുപോകുന്നത് ശരിയല്ലെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ടാറ്റ ആശുപത്രി നിർമ്മിച്ച സ്ഥലം മാത്രമല്ല, മറ്റേതെങ്കിലും വഖഫ് സ്വത്ത് വിൽക്കാനോ കൈമാറാനോ നിയമപരമായി അനുവദനീയമാണോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, നിലവിൽ സർക്കാർ ഏറ്റെടുത്ത ഭൂമിയെ സംബന്ധിച്ച് ഞാൻ പറഞ്ഞുകഴിഞ്ഞതാണ്. ഏകദേശം നാല്പത്തയ്യായിരത്തോളം സ്വത്തുക്കളാണ് മാപ്പിംഗ്പ്രകാരം നിലവിൽ

കണ്ടെത്തിയിട്ടുള്ളത്. ഇനിയും ധാരാളം ഭൂമി പല സ്ഥലങ്ങളിലുമായുണ്ട്. എന്നാൽ ഇതല്ലാതെ മറ്റ് ഭൂമിയൊന്നും സർക്കാർ വഖഫ് ബോർഡിൽനിന്നും ഏറ്റെടുത്തിട്ടില്ല.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, അന്യാധീനപ്പെട്ട വഖഫ് ഭൂമിയും സ്വത്തും സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് സർക്കാർതലത്തിൽ ഉന്നതതല സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; സമിതിയംഗങ്ങൾ ആരെല്ലാമാണ്; സമിതിയുടെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഇതുമായി ബന്ധപ്പെട്ട ഉത്തരം നേരത്തേ പറഞ്ഞതാണ്. ബഹുമാന്യരായ റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി, റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി ആൻഡ് സർവ്വെ കമ്മീഷണർ ഉൾപ്പെടെയുള്ള ഏഴംഗ സമിതിയെയാണ് നിയോഗിച്ചിട്ടുള്ളത്. ഈ സമിതി മൂന്നുമാസം കൂടുമ്പോൾ ഇത്തരം കാര്യങ്ങൾ പരിശോധിക്കും.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ദേവപ്രീതിക്കുവേണ്ടി വ്യക്തികൾ സംഭാവന ചെയ്ത സ്വത്തുക്കളാണ് വഖഫ് ബോർഡിന് കീഴിൽ

നിലവിലുള്ളത്. അടുത്തകാലത്ത് ഈ സ്വത്തുക്കളുടെ വാല്യുവേഷൻ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അത് നടത്തുന്നതിനായി എന്തെങ്കിലും പദ്ധതി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, വഖഫ് സ്വത്തുക്കളെ സംബന്ധിച്ച് നിലവിൽ സർവ്വെ നടന്നുവരികയാണ്. നാൽപ്പത്തയ്യായിരത്തോളം സ്വത്തുക്കളുടെ വിവരങ്ങളാണ് ലഭിച്ചിട്ടുള്ളത്. അത് പൂർണ്ണമല്ലെന്ന അഭിപ്രായം നിലനിൽക്കുന്നുണ്ട്. മുഴുവൻ സ്വത്തുവകകളും കണ്ടെത്തിയതിനുശേഷം വാല്യുവേഷൻ നിശ്ചയിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

ശ്രീ. കെ. വി. സുമേഷ്: സർ, വളപ്പട്ടണം വളരെ പരിമിതമായ സ്ഥലമുള്ള ഒരു ഗ്രാമപഞ്ചായത്താണ്. പഞ്ചായത്ത് ഭരണസമിതിയും എം.എൽ.എ. എന്ന നിലയിൽ ഞാനും ബഹുമാനപ്പെട്ട മന്ത്രിയെ കണ്ടിരുന്നു. കുടിവെള്ളപ്രശ്നം രൂക്ഷമായി അഭിമുഖീകരിക്കുന്ന ഒരു പഞ്ചായത്താണിത്. അവിടെ വഖഫ് ബോർഡിന്റെ കീഴിലുള്ള രണ്ടര ഏക്കർ സ്ഥലമുണ്ട്. ജൽജീവൻ മിഷന്റെ കീഴിലുള്ള കുടിവെള്ളപദ്ധതിക്ക് അവിടെനിന്നും പത്ത് സെന്റ് സ്ഥലം പഞ്ചായത്തിന് വിട്ടുനൽകാൻ സാധിക്കുമോയെന്ന് ആരാഞ്ഞുകൊണ്ട്

പഞ്ചായത്ത് ഭരണസമിതി അങ്ങേയ്ക്ക് കത്ത് നൽകിയിരുന്നു. പൊതുജന താൽപ്പര്യം മുൻനിർത്തി ടാങ്ക് നിർമ്മിക്കുന്നതിനായി ടി സ്ഥലം ലീസിനെങ്കിലും നൽകാൻ സാധിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, വഖഫ് സ്വത്തുക്കൾ പൂർണ്ണമായും കൈമാറ്റം ചെയ്യുന്നതിന് ചില തടസ്സങ്ങളുണ്ട്. പൊതു ആവശ്യങ്ങൾക്ക് വഖഫ് ഭൂമി കൈമാറ്റം ചെയ്യാൻ സാധിക്കില്ല. ബന്ധപ്പെട്ട കത്തിന്റെ അടിസ്ഥാനത്തിൽ പൊതു ആവശ്യത്തിന് അതായത് കുടിവെള്ളംപോലുള്ള അടിസ്ഥാന ആവശ്യങ്ങൾക്ക് ഭൂമി എങ്ങനെ നൽകാൻ സാധിക്കുമെന്ന കാര്യം പരിശോധിച്ചുവരികയാണ്. ....(ബഹളം)..... അതിന് മുസ്ലീംലീഗിന്റെ സപ്പോർട്ട് ഇക്കാര്യത്തിൽ വഖഫ് ബോർഡിന് വേണ്ട. .... (ബഹളം)...

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒരുകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ....(ബഹളം)......

മി. സ്പീക്കർ: എല്ലാ ബഹുമാന്യരായ അംഗങ്ങളും സീറ്റിലിരിക്കണം. ഇരിക്കൂ....... ഇരിക്കൂ.... ........(ബഹളം)......ബഹുമാന്യരായ അംഗങ്ങൾ സീറ്റിൽ ഇരുന്നതിനുശേഷം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് സംസാരിക്കാൻ അവസരം നൽകാം. ദയവായി സീറ്റിലിരിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട മന്ത്രിമാർ എങ്ങനെ മറുപടി പറയണമെന്ന് ചെയറിന് നിർദ്ദേശിക്കാൻ കഴിയില്ല. ഞങ്ങൾ അത് മനസ്സിലാക്കുന്നു. ....... (ബഹളം)....

മി. സ്പീക്കർ: അദ്ദേഹം സംസാരിക്കട്ടെ.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പറഞ്ഞതിൽ ഇത്രയും അസ്വസ്ഥത കാണിക്കുന്നതെന്തിനാണ്? ഞാൻ പറഞ്ഞത് സത്യമല്ലേ; അങ്ങ് പറയാൻ പോകുന്ന കാര്യമാണ് ഞാൻ പറഞ്ഞത്. ഒരു മന്ത്രി എങ്ങനെ മറുപടി പറയണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർക്ക് പറയാൻ കഴിയില്ല. അങ്ങേയ്ക്ക് പരിമിതികളുണ്ട്. എന്നാൽ ചോദ്യോത്തരവേള സംബന്ധിച്ച് നിയമസഭയിൽ ചില കീഴ്വഴക്കങ്ങളുണ്ട്. ചോദ്യോത്തരവേളയിൽ ബഹുമാന്യരായ മന്ത്രിമാർ കുറച്ചുകൂടി ശ്രദ്ധിച്ചും പ്രകോപനപരമല്ലാത്തതുമായ രീതിയിൽ സംസാരിക്കണം. ചോദ്യോത്തരവേളയെന്ന് പറയുന്നത് നാട്ടിലെ ജനങ്ങളുടെ വൈവിദ്ധ്യമാർന്ന പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ഫോക്കസിൽ കൊണ്ടുവരുന്നതിനും ചർച്ച ചെയ്യുന്നതിനുംവേണ്ടി നടത്തുന്ന ഒരു പ്രക്രിയയാണ്. അതിൽ അനാവശ്യ രാഷ്ട്രീയം കലർത്തുന്നത് ശരിയല്ല. ചോദ്യോത്തരവേള സംബന്ധിച്ച് റൂൾസ്

ഓഫ് പ്രൊസീഡ്യുവറിൽ കൃത്യമായി പറയുന്നുണ്ട്. അത് ചോദ്യത്തിനും ഉത്തരത്തിനും ബാധകമാണ്. അക്കാര്യത്തിൽ അങ്ങ് പ്രത്യേക ശ്രദ്ധചെലുത്തണം. പ്രകോപനപരമായ രീതിയിൽ ബഹുമാന്യരായ മന്ത്രിമാർ മറുപടി പറയുന്നത് ഒഴിവാക്കണം.

**മഹാത്മാഗാന്ധി സർവ്വകലാശാലയിലെ കൈക്കൂലി വിവാദം**

3 (*123) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) മഹാത്മാഗാന്ധി സൽവ്വകലാശാലയിൽ പരീക്ഷ ജയിച്ച എം.ബി.എ. വിദ്യാർത്ഥിനിക്ക് മാർക്ക് ലിസ്റ്റ് ലഭ്യമാക്കാൻ ഒന്നര ലക്ഷം രൂപ കൈക്കൂലി നൽകേണ്ട സാഹചര്യമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സംഭവത്തിലെ കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) പരീക്ഷ പാസ്സായവർക്ക് മാർക്ക് ലിസ്റ്റ് കിട്ടണമെങ്കിൽ കൈക്കൂലി കൊടുക്കണമെന്ന അവസ്ഥയിലേയ്ക്ക് സർവ്വകലാശാലകൾ

മാറിയതായുള്ള ആക്ഷേപത്തിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇത്തവണത്തെ എം.ബി.എ. ഫലത്തിലെ അപാകതകൾ മുതലെടുത്താണ് ഉദ്യോഗസ്ഥ തട്ടിപ്പ് നടത്തിയതെന്ന് പ്രാഥമിക അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ടോ; പരീക്ഷാഫലം കുറ്റമറ്റതാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഇ) സമാന സംഭവങ്ങൾ തടയാനും മാർക്ക് ലിസ്റ്റ് വിതരണമടക്കമുള്ള സേവനങ്ങൾ പൂർണ്ണമായും സുതാര്യമാക്കാനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, (എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ എം.ബി.എ. മേഴ്സി ചാൻസ് പരീക്ഷ എഴുതിയതും സ്വാഭാവികമായിത്തന്നെ വിജയിക്കുകയും ചെയ്ത വിദ്യാർത്ഥിനിയെ പരീക്ഷ വിജയിപ്പിച്ച് നൽകാമെന്ന് പറഞ്ഞ്, അതിനായി സർവ്വകലാശാലയിലെ ബന്ധപ്പെട്ട സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ശ്രീമതി എൽസി സി. ജെ. പണം ആവശ്യപ്പെട്ട് കൈപ്പറ്റിയതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന വിജിലൻസ് അഴിമതി വിരുദ്ധ വിഭാഗം ടി ജീവനക്കാരിയെ അറസ്റ്റ് ചെയ്യുകയുണ്ടായി. ഇതിനെത്തുടർന്ന് ടി ജീവനക്കാരിയെയും

ബന്ധപ്പെട്ട സെക്ഷൻ ഓഫീസറെയും അന്വേഷണ വിധേയമായി സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്യുകയും ഈ സംഭവത്തെക്കുറിച്ച് സിൻഡിക്കേറ്റ് സമിതി വിശദാന്വേഷണം നടത്തുകയും ചെയ്തു. പ്രസ്തുത അന്വേഷണത്തിൽ ടി ജീവനക്കാരിയിൽനിന്നും മാത്രമുണ്ടായ ഒറ്റപ്പെട്ട സംഭവം മാത്രമാണിതെന്നും സർവ്വകലാശാലയിലെ മറ്റുജീവനക്കാർക്കോ ഉദ്യോഗസ്ഥർക്കോ ഇതിൽ പങ്കില്ലെന്നും ബോദ്ധ്യമായിട്ടുണ്ട്. വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് ആരോപണവിധേയയായ ഉദ്യോഗസ്ഥയ്ക്കെതിരെ വകുപ്പുതല അന്വേഷണം നടത്തി നടപടി സ്വീകരിച്ചുവരികയാണ്. ഈ വിഷയത്തിന്മേൽ ടി ഉദ്യോഗസ്ഥയ്ക്കെതിരെ സർവ്വകലാശാലാ നിയമപ്രകാരമുള്ള ശിക്ഷാനടപടി എത്രയുംവേഗം സ്വീകരിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) സർവ്വകലാശാലയിൽ മാർക്ക് ലിസ്റ്റ് ലഭിക്കുന്നതിന് കൈക്കൂലി നൽകണമെന്ന അവസ്ഥയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇപ്പോഴുണ്ടായ ഒറ്റപ്പെട്ട സംഭവത്തിൽ വിജിലൻസ് അന്വേഷണത്തിനുപുറമെ വകുപ്പുതല നടപടിയും സ്വീകരിച്ചുവരുന്നു.

(ഡി&ഇ) എം.ബി.എ. ഫലത്തിൽ സ്വാഭാവികമായി അപാകതകൾ ഉണ്ടായിരുന്നില്ല. ഒരുദ്യോഗസ്ഥയുടെ ഒറ്റപ്പെട്ട തെറ്റായ പ്രവൃത്തിയാണ് ചില

വിദ്യാർത്ഥികളുടെ പരീക്ഷാഫലത്തിൽ ക്രമക്കേടുണ്ടാകാൻ ഇടയാക്കിയതെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഈ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുണ്ടായ തെറ്റായ പ്രവൃത്തിയെ അതീവ ഗൗരവത്തോടെയാണ് കാണുന്നത്. ടി ഉദ്യോഗസ്ഥയ്ക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചുവരികയാണ്. അതോടൊപ്പം വിദ്യാർത്ഥികൾക്ക് അവരുടെ പരാതികളും അപേക്ഷകളും സമർപ്പിക്കുന്നതിനും ആയവ സുതാര്യമായി കൈകാര്യം ചെയ്യുന്നതിനുമായി സർവ്വകലാശാലാതലത്തിൽ ഒരു ഓൺലൈൻ പരാതി പരിഹാര പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. മാത്രമല്ല വിദ്യാർത്ഥികൾക്ക് നേരിട്ട് സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെട്ട രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. സമഗ്രമായ പരീക്ഷാപരിഷ്കരണ നടപടി സർക്കാർ പരിഗണിച്ചുവരികയാണ്. അതുമാത്രമല്ല, അടുത്തവർഷത്തോടെ അഡ്മിഷൻ മുതൽ ഡിഗ്രി സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യുന്നതുവരെയുള്ള പ്രക്രിയകൾ കുട്ടികൾക്ക് സുതാര്യമായ നിലയിൽ ലഭ്യമാക്കാൻ കഴിയുന്ന വിധത്തിലുള്ള സംവിധാനവും ആലോചിക്കുന്നുണ്ട്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ ഒരു അദാലത്തിലൂടെ 123 പേർക്ക് ഗ്രേസ് മാർക്ക്

നൽകി പാസ്സാക്കിയ സംഭവം നേരത്തെയുണ്ടായിരുന്നു. ആ തീരുമാനം പിന്നീട് സിൻഡിക്കേറ്റ് റദ്ദാക്കിയിരുന്നു. സിൻഡിക്കേറ്റ് തീരുമാനത്തിനെതിരെ വിദ്യാർത്ഥികൾ കോടതിയെ സമീപിക്കുകയും അവർക്കനുകൂലമായി വിധി വരികയും ചെയ്തു. ഇതിനെതിരെ അപ്പീൽ നൽകാൻ യൂണിവേഴ്സിറ്റി ഇതുവരെ തീരുമാനിച്ചിട്ടില്ല. ചട്ടപ്രകാരമല്ലാത്ത കാര്യത്തിൽ യൂണിവേഴ്സിറ്റി സ്വീകരിക്കേണ്ടതായ നിയമനടപടി എം.ജി. യൂണിവേഴ്സിറ്റി സ്വീകരിച്ചിട്ടില്ല. കേരള സർവ്വകലാശാലയിൽ 23 പേരെ ചട്ടവിരുദ്ധമായി പാസ്സാക്കിയ സംഭവമുണ്ടായിരുന്നു. അവർ പ്രൊവിഷണൽ സർട്ടിഫിക്കറ്റുമായി നടക്കുകയാണ്. ഇത് ന്യായീകരിക്കാനായി സ്റ്റാറ്റ്യൂട്ടിൽ ഭേദഗതി വരുത്താൻ ആലോചന നടത്തുകയും ബഹുമാനപ്പെട്ട ഗവർണർ അത് തടയുകയും ചെയ്തു. സർവ്വകലാശാലകൾ ചട്ടവിധേയമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, കേരളത്തിലെ സർവ്വകലാശാലാ ജീവനക്കാർ ആത്മാർത്ഥതയുള്ളവരും കഠിനപരിശ്രമം നടത്തുന്നവരുമാണ്. ഒന്നോ രണ്ടോ അപവാദങ്ങളുണ്ടായതിന്റെ പേരിൽ അവരെ അടച്ചാക്ഷേപിക്കുന്ന രീതി സ്വീകാര്യമല്ല. ഇവിടെ സൂചിപ്പിച്ച കാര്യങ്ങളിൽ സർവ്വകലാശാലകൾ കൃത്യമായ നടപടി സ്വീകരിച്ച് മുന്നോട്ട് പോകുന്നുണ്ടെന്നാണ്

ബോദ്ധ്യപ്പെട്ടിട്ടുള്ളത്. അക്കാര്യം കൂടുതൽ പരിശോധനയ്ക്ക് വിധേയമാക്കാം. കേരളത്തിലെ സർവ്വകലാശാലകളിൽ പരീക്ഷകൾ നടത്തുന്നതിലും റിസൾട്ട് പ്രഖ്യാപിക്കുന്നതിലും ജീവനക്കാരുടെ ഭാഗത്തുനിന്ന് ആത്മാർത്ഥമായ പ്രവർത്തനമാണ് കണ്ടുവരുന്നത്. ഒറ്റപ്പെട്ട സംഭവങ്ങൾ ചൂണ്ടിക്കാണിച്ച് സർവ്വകലാശാലകളെയാകെ കരിവാരിത്തേയ്ക്കാനുള്ള പരിശ്രമങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ പങ്കുചേരരുതെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, അഴിമതി നടത്തിയെന്നാരോപിക്കപ്പെട്ട് വിജിലൻസ് അറസ്റ്റ് ചെയ്ത ഉദ്യോഗസ്ഥയ്ക്ക് ചട്ടവിരുദ്ധമായി പ്രൊമോഷൻ നൽകിയ സിൻഡിക്കേറ്റ് നടപടി സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്?

<u>ഡോ. ആർ. ബിന്ദു</u>: സർ, ആരോപണവിധേയയായ ഉദ്യോഗസ്ഥയുൾപ്പെടെയുള്ള സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരുടെ പ്രൊമോഷൻ നടത്തിയതുസംബന്ധിച്ച കാര്യങ്ങൾ വിശദമായി പരിശോധിച്ചിട്ടുണ്ട്. സർവ്വകലാശാലാ നിയമങ്ങൾക്ക് വിധേയമായാണ് പ്രൊമോഷൻ നൽകപ്പെട്ടിട്ടുള്ളത്. ഇത് കുറ്റംചെയ്ത സാഹചര്യത്തിലല്ലെന്ന്

ഞാൻ അടിവരയിട്ട് സൂചിപ്പിക്കുകയാണ്. കുറ്റം തെളിയിക്കപ്പെട്ട സാഹചര്യത്തിൽ പഴുതുകളടച്ച് നടപടി സ്വീകരിക്കണമെന്നുള്ളതുകൊണ്ടാണ് അന്വേഷണം നടപടിപ്രക്രിയകളിലൂടെ പൊയ്ക്കൊണ്ടിരിക്കുന്നത്. ഇതുസംബന്ധിച്ച വിവരം ലഭിച്ചയുടൻതന്നെ ഉദ്യോഗസ്ഥയെ സസ്പെൻഡ് ചെയ്യുകയും മാതൃകാപരമായി കർശന നടപടി സ്വീകരിക്കണമെന്ന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി തന്നെ ഉത്തരവിടുകയും ചെയ്തിട്ടുണ്ട്.

ശ്രീ. അൻവർ സാദത്ത്: സർ, ഡിഗ്രി പരീക്ഷ പാസ്സായി ഒരു വർഷം കഴിഞ്ഞാണ് ഒറിജിനൽ സർട്ടിഫിക്കറ്റ് ലഭിക്കുന്നത്. ആറ് മാസത്തേയ്ക്ക് പ്രൊവിഷണൽ സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്. ഇന്ത്യയിൽ എത്രയോ യൂണിവേഴ്സിറ്റികൾ ഓൺലൈൻ മുഖേന ഫീസടയ്ക്കുമ്പോൾ രജിസ്റ്റേർഡായി സർട്ടിഫിക്കറ്റ് വീട്ടിലെത്തിക്കുന്നുണ്ട്. എന്നാൽ കേരളത്തിൽ മാത്രം ഒറിജിനൽ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഒരു വർഷത്തോളം കാലതാമസമെടുക്കുന്നു. കുട്ടികൾ നിരന്തരം യൂണിവേഴ്സിറ്റികളിൽ കയറിയിറങ്ങി അവരുടെ ചെരുപ്പ് തേയുന്നതല്ലാതെ കൃത്യസമയത്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്ന സാഹചര്യമില്ല. മികച്ച വിവരസാങ്കേതികവിദ്യയുള്ള നമ്മുടെ നാട്ടിൽ ഡിഗ്രി സർട്ടിഫിക്കറ്റ്

യഥാസമയം ലഭ്യമാക്കാനുള്ള സാഹചര്യമില്ല. ഇക്കാര്യം ഗവൺമെന്റ് പരിശോധിക്കുമോ; യഥാസമയം സർട്ടിഫിക്കറ്റ് നൽകി കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനും മറ്റുമുള്ള സാഹചര്യമൊരുക്കുമോ?

ഡോ. ആർ. ബിന്ദു: സർ, ഡിഗ്രി സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് കൃത്യമായ നടപടി സ്വീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഡിജിലോക്കർ സംവിധാനത്തിലൂടെ കുട്ടികൾക്ക് സ്വയം ഡൗൺലോഡ് ചെയ്യാവുന്ന വിധത്തിൽ ഡിഗ്രി സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്ന പ്രക്രിയ Kerala Technological University (KTU) ആരംഭിച്ചിട്ടുണ്ട്. എല്ലാ സർവ്വകലാശാലകളിലേയ്ക്കും അത് വ്യാപിപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, എം.ജി. സർവ്വകലാശാലയിൽ ക്ലറിക്കൽ അസിസ്റ്റന്റുമാരുടെ സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട് 2020-ൽ നടന്ന ധനകാര്യ പരിശോധനയിൽ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഡോ. ആർ. ബിന്ദു: സർ, പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ സർവ്വകലാശാലാ ചട്ടങ്ങൾക്ക് വിധേയമായി

സ്ഥാനക്കയറ്റം നടത്തിയതായാണ് പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെട്ടിട്ടുള്ളത്. കൂടുതൽ പരിശോധന ആവശ്യമാണെങ്കിൽ ചെയ്യാവുന്നതാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, യൂണിവേഴ്സിറ്റികളിൽ സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റ്, പരീക്ഷാഫലം എന്നിവയെല്ലാം വൈകുന്നുവെന്നുള്ളത് നിരന്തരം കേൾക്കാറുണ്ട്. അതിനെല്ലാം പരിഹാര നടപടി സ്വീകരിക്കുമെന്ന് പറയുകയുണ്ടായി. അത് കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി യൂണിവേഴ്സിറ്റികളിൽ സേവനാവകാശ നിയമം നടപ്പാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, യൂണിവേഴ്സിറ്റികളുടെ പരീക്ഷാ പരിഷ്കരണത്തിനായി നിയോഗിച്ച കമ്മീഷന്റെ ഇന്ററിം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പരീക്ഷകളുടെ സമ്മർദ്ദം കുട്ടികൾക്കും യൂണിവേഴ്സിറ്റിക്കും ലഘൂകരിക്കാവുന്ന രീതിയിലുള്ള നിർദ്ദേശങ്ങളുണ്ട്. വരുന്ന അക്കാദമിക വർഷത്തോടെ അത് നടപ്പാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, യൂണിവേഴ്സിറ്റികൾ നിരുത്തരവാദപരമായ നിലപാടുകളാണ് സ്വീകരിക്കുന്നതെന്ന് ഇവിടെ സൂചിപ്പിച്ചു. KTU-യിൽ ഓൺലൈനായി സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യാനുള്ള നടപടി ആരംഭിച്ചിട്ടുണ്ടെന്ന് പറയുകയുണ്ടായി. കോഴിക്കോട്

സർവ്വകലാശാലയിൽ ആയിരക്കണക്കിന് കുട്ടികൾ സർട്ടിഫിക്കറ്റ് ലഭിക്കാതെ പ്രയാസപ്പെടുന്നുണ്ട്. അതുകൊണ്ട് അവിടെയും ഓൺലൈൻ സർട്ടിഫിക്കറ്റ് സമ്പ്രദായം പ്രാബല്യത്തിലാക്കിയാൽ നന്നായിരുന്നു. സാധാരണഗതിയിൽ ഒരു നിയമനം നടത്തുമ്പോൾ അതിന്റെ ആധികാരികവും പ്രാഥമികവുമായുള്ള രേഖയാണ് സംവരണവുമായി ബന്ധപ്പെട്ട റൊട്ടേഷൻ ചാർട്ട്. ആ റൊട്ടേഷൻ ചാർട്ട് സിൻഡിക്കേറ്റ് മെമ്പർമാർക്കുപോലും നൽകാതെയാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇത്തരം നിയമനങ്ങളുമായി മുന്നോട്ടുപോകുന്നത്. സിൻഡിക്കേറ്റ് മെമ്പർമാർതന്നെ റൊട്ടേഷൻ ചാർട്ട് ലഭിച്ചിട്ടില്ലെന്ന് പരാതി പറയുന്നു. അതുകൊണ്ട് അക്കാര്യം പരിശോധിച്ച് ടി നിയമനങ്ങൾ തെറ്റാണെങ്കിൽ അത് നിർത്തിവയ്ക്കാനും സിൻഡിക്കേറ്റ് മെമ്പർമാരെക്കൂടി വിശ്വാസത്തിലെടുത്ത് അത് നടപ്പിലാക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, സർട്ടിഫിക്കറ്റ് ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടി കെ.ടി.യു. നടപ്പിലാക്കിക്കഴിഞ്ഞതാണ്. അത് മറ്റ് സർവ്വകലാശാലകളിലേയ്ക്കുകൂടി വ്യാപിപ്പിക്കാനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ നിയമനങ്ങളെ സംബന്ധിച്ച് വിശദമായ പരിശോധന ആവശ്യമാണ്. അത്

ഇന്നത്തെ ചോദ്യവുമായി നേരിട്ട് ബന്ധപ്പെട്ട കാര്യമല്ല. അക്കാര്യം പരിശോധിച്ച് മറുപടി നൽകാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ ചോദ്യത്തിന് അങ്ങേയ്ക്ക് അറിയാവുന്ന ഉത്തരങ്ങളൊക്കെ പറഞ്ഞുകഴിഞ്ഞിരിക്കുകയാണ്. ഗൗരവമായ ചില കാര്യങ്ങൾ സർവ്വകലാശാലകളിൽ നടക്കുന്നുണ്ട്. സമയത്ത് പരീക്ഷ നടത്തുന്നില്ല, റിസൾട്ട് പ്രഖ്യാപിക്കുന്നില്ല തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് കുട്ടികൾ ജനപ്രതിനിധികളെ വിളിച്ചുപറയുന്നുണ്ട്. വിദ്യാർത്ഥികളെല്ലാം നിരാശ്രയരായി നിൽക്കുകയാണ്. ഡിജിറ്റൽ യുഗത്തിലാണ് നമ്മളിന്ന് ജീവിക്കുന്നത്. കൈക്കൂലി ഡിജിറ്റലാക്കിയ ആദ്യത്തെ സംഭവമാണിത്. ഇത് മഹാത്മാ ഗാന്ധി സർവ്വകലാശാലയിലാണെന്ന് നാം ആലോചിക്കണം. ഗാന്ധിജിയുടെ പേരിലുള്ള കേരളത്തിലെ ഏക സർവ്വകലാശാലയിൽ ഇങ്ങനെ ഡിജിറ്റലായി കൈക്കൂലി വാങ്ങിയവരെ കയ്യോടെ പിടിക്കാൻ കഴിഞ്ഞോ; ഇത് ഗുരുതരമായ വിഷയമാണ്. ഞങ്ങൾ എത്രയോ പ്രാവശ്യം യൂണിവേഴ്സിറ്റിയിൽ പോകുകയും അവരോട് അഭ്യർത്ഥിക്കുകയുമെല്ലാം ചെയ്തതാണ്. പക്ഷേ, പെരുമാറ്റത്തിൽ മാത്രം ഒരു മാറ്റവുമുണ്ടാകുന്നില്ല. ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ ഫയൽ കണ്ടുവെന്നതിന്റെ സൂചന

തന്നുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചു. അനധികൃതമായി പ്രൊമോഷൻ കൊടുത്തവരുടെ കയ്യിൽനിന്ന് ശമ്പളം തിരിച്ചുപിടിക്കണമെന്നാണ് ഫയലിൽ സൂചിപ്പിക്കുന്നത്. അങ്ങേയ്ക്ക് വേണമെങ്കിൽ വീണ്ടും ഫയൽ പരിശോധിക്കാം. ഇക്കാര്യത്തിൽ നടപടിയെടുത്തിട്ടുണ്ടോ; ഇതെല്ലാം അവർ ചെയ്യുന്ന പ്രവർത്തനത്തിന് വളംവച്ചുകൊടുക്കലാണ്. ഒറ്റപ്പെട്ട സംഭവമാണെങ്കിൽ ഓരോ ദിവസവും പത്തും നൂറും ഒറ്റപ്പെട്ട സംഭവങ്ങളുണ്ടായിക്കൊണ്ടിരിക്കുകയാണ്. ദയവായി ഇത് ഒറ്റപ്പെട്ട സംഭവമായി കാണരുത്. ഇത് ഗാന്ധിജിയുടെ പേരിലുള്ള ഒറ്റപ്പെട്ട ഒരു സംഭവമായിരിക്കും. ഇത് നിയന്ത്രിക്കുന്നതിനുവേണ്ടി എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഡോ. ആർ. ബിന്ദു: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞതുപോലെ നൂറും നൂറ്റിയമ്പതുമൊന്നും സംഭവമല്ല. അത് ഒറ്റപ്പെട്ട സംഭവമായാണ് കാണാൻ കഴിയുന്നത്. ഏത് വിഭാഗത്തിനിടയിലും അത്തരം ഒറ്റപ്പെട്ട പുഴുക്കുത്തുകളുണ്ടാകുമെന്നത് നമുക്ക് അനുഭവമുള്ളതാണ്. തീർച്ചയായും ഇത്തരത്തിലുള്ള വിഷയങ്ങളിൽ മാതൃകാപരമായ നടപടി സ്വീകരിക്കണമെന്ന നിലപാടാണ് ഗവൺമെന്റിനുള്ളതെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ.

## പച്ചക്കറി വിപണിയിലെ ഇടപെടലുകൾ

4 (*124) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറികളുടെ വിലയിലുണ്ടാകുന്ന ക്രമാതീതമായ വർദ്ധനവിൽനിന്നും സാധാരണക്കാരായ ജനങ്ങളെ സംരക്ഷിക്കുന്നതിനായി ഈ സർക്കാർ നടത്തിയിട്ടുള്ള വിപണി ഇടപെടലുകൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ കർഷകരിൽനിന്നും പച്ചക്കറി സംഭരിച്ച് വിപണിയിലെത്തിച്ച് ജനങ്ങൾക്ക് സുരക്ഷിത ഭക്ഷണവും കർഷകർക്ക് ന്യായമായ വിലയും ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കാത്ത പച്ചക്കറിയിനങ്ങൾ ഇതര സംസ്ഥാനങ്ങളിൽനിന്നും നേരിട്ട് സംഭരിച്ച് വിപണനം നടത്തുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ;

(ഡി) പച്ചക്കറികളുടെ സുരക്ഷിത സംഭരണത്തിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കുവാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, (എ) പച്ചക്കറികളുടെ വില ക്രമാതീതമായി കൂടിയ സാഹചര്യത്തിൽ വിപണിയിൽ വില പിടിച്ചുനിർത്തുന്നതിനായി മൂന്ന് രീതികളിലാണ് സംസ്ഥാന കൃഷി വകുപ്പ് ഇടപെടലുകൾ നടത്തിയത്.

1. ഹോർട്ടികോർപ്പുവഴിയുള്ള പച്ചക്കറി സംഭരണവും വിപണനവും: പച്ചക്കറിയുടെ വിപണിവില കൂടിയ സാഹചര്യത്തിൽ, പച്ചക്കറി സംഭരണ-വിപണനത്തിലേർപ്പെടുന്ന മുഖ്യ സർക്കാർ ഏജൻസിയായ ഹോർട്ടികോർപ്പ് വഴി വിപണിയിലിടപെട്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. 2021-22 സാമ്പത്തികവർഷത്തിൽ ഹോർട്ടികോർപ്പ് 4292.89 ടൺ പച്ചക്കറി കർഷകരിൽനിന്നും നേരിട്ട് സംഭരിച്ചാണ് വിപണിയിലെത്തിച്ചത്. പച്ചക്കറി പരമാവധി വിലകുറച്ച് സംഭരിക്കുന്നതിനായി തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലെ കൃഷിവകുപ്പുമായും കർഷക സംഘടനകളുമായും ചർച്ച നടത്തുകയും തെങ്കാശിയിൽനിന്നും 18 ടൺ പച്ചക്കറിയും ആന്ധ്രാപ്രദേശിൽനിന്ന് 10 ടൺ തക്കാളിയും നേരിട്ട് സംഭരിക്കുകയുണ്ടായി. തക്കാളിയുടെ വില കിലോയ്ക്ക് 120 രൂപ വരെ ഉയർന്ന സാഹചര്യത്തിൽ, പാലക്കാട് ജില്ലയിലെ കർഷകർ ഉൽപ്പാദിപ്പിച്ച 78 ടൺ തക്കാളി ഹോർട്ടികോർപ്പ് നേരിട്ട് സംഭരിച്ച് മറ്റ് ജില്ലകളിലെത്തിച്ച്

കിലോയ്ക്ക് 50 രൂപ നിരക്കിൽ വിതരണം നടത്തി. മറ്റു പച്ചക്കറികൾക്ക് പൊതുവിപണിയെക്കാൾ 20-30% വില കുറച്ചുനൽകുകയും ചെയ്തു.

2. <u>തക്കാളിവണ്ടികൾ</u>: എല്ലാ ജില്ലകളിലും കൃഷി വകുപ്പിന്റെയും വി.എഫ്.പി.സി.കെ-യുടെയും നേതൃത്വത്തിൽ 17.12.2021 മുതൽ 30.12.2021 വരെ 28 സഞ്ചരിക്കുന്ന വിപണികൾ തക്കാളിവണ്ടികൾ എന്ന പേരിൽ പ്രവർത്തിക്കുകയുണ്ടായി. ഇത്തരത്തിൽ 30.12.2021 വരെ 67 ടൺ പഴം-പച്ചക്കറികൾ 29.26 ലക്ഷം രൂപയ്ക്ക് വില്പന നടത്തി.

3. <u>ക്രിസ്തുമസ് പുതുവർഷ വിപണികൾ</u>: ഉത്സവകാലത്ത് പച്ചക്കറികളുടെ വില വർദ്ധനവിൽനിന്നും സാധാരണക്കാരെ സഹായിക്കുന്നതിനായി 2000 ഓണവിപണികളും 1562 ക്രിസ്തുമസ് പുതുവർഷ വിപണികളും സംഘടിപ്പിച്ചു. കൃഷി വകുപ്പ് നേരിട്ട് നടത്തിയ ക്രിസ്തുമസ്-പുതുവർഷ വിപണികൾവഴി ഏകദേശം 2043 ടൺ പച്ചക്കറികൾ ന്യായവിലയ്ക്ക് ഈ കാലയളവിൽ ഉപഭോക്താക്കൾക്ക് എത്തിക്കാൻ സാധിച്ചു. ഉത്സവകാലങ്ങളിൽ കർഷകരിൽനിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറി പൊതുവിപണികളിൽനിന്നും ലഭ്യമാകുന്ന അതാത് ഇനങ്ങളുടെ സംഭരണ വിലയേക്കാൾ 10% അധികം വില നൽകി സംഭരിക്കുകയും വിപണികളിലൂടെ വിൽപ്പന നടത്തുമ്പോൾ പൊതുവിപണി വിൽപ്പന

വിലയിൽനിന്നും 30% കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയുമാണ് വിപണികൾ പ്രവർത്തിച്ചത്. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉൽപ്പന്നങ്ങൾ ലഭ്യമാക്കാനും സാധ്യമാകുന്നു.

(ബി) <u>കേരള ഫാം ഫ്രഷ് പഴം പച്ചക്കറി</u>: 'അടിസ്ഥാന വില' എന്ന പദ്ധതി പ്രകാരം 16 ഇനം പഴം-പച്ചക്കറികൾക്ക് അടിസ്ഥാനവില നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. കർഷകർ AIMS പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്യുകയും ആനുകൂല്യം കർഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുകയും ചെയ്യുന്ന രീതിയാണ് അനുവർത്തിക്കുന്നത്. ഈ പദ്ധതിയിൻകീഴിൽ 2020-21 സാമ്പത്തിക വർഷത്തിൽ 3458 കർഷകർക്കായി 3.02 കോടി രൂപയും 2021-22 സാമ്പത്തിക വൽഷത്തിൽ 8401 കർഷകർക്കായി 7.87 കോടി രൂപയും നൽകിയിട്ടുണ്ട്. കൂടാതെ കോവിഡ്-19-ന്റെ രണ്ടാം തരംഗമുണ്ടായ സാഹചര്യത്തിൽ മരച്ചീനി വിറ്റഴിക്കുന്നതിന് കർഷകർക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി

അടിസ്ഥാനവിലയ്ക്ക് സംഭരിക്കുന്നതിന് ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകുകയും അതുപ്രകാരം ഹോർട്ടികോർപ്പ് വിപണിയിൽ ഇടപെടുകയും ചെയ്തു. കൂടാതെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നഗരപ്രദേശങ്ങളിൽ വഴിയോര വിപണികൾ സംഘടിപ്പിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ക്ഷീര സഹകരണ സ്ഥാപനങ്ങൾ, കർഷക കൂട്ടായ്മകൾ എന്നിവ വഴി ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുകയും ചെയ്തു. കൂടാതെ വിറ്റഴിക്കാൻ കഴിയാത്ത മരച്ചീനി വാട്ടുകപ്പയാക്കി മാറ്റുവാനുമുള്ള നടപടി സ്വീകരിച്ചിരുന്നു. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിപണികൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉൽപ്പന്നങ്ങൾ ലഭ്യമാക്കാനും വഴിയൊരുക്കുന്നു.

(സി) കേരളത്തിൽ ആവശ്യത്തിന് ലഭ്യമല്ലാത്തതും ഉപഭോക്താക്കൾക്ക് അത്യാന്താപേക്ഷിതവുമായ പച്ചക്കറി മറ്റ് സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽനിന്നും തമിഴ്നാട്ടിലെ പ്രമുഖ കാർഷിക മൊത്തവ്യാപാര വിപണികളിലെ ലേലംവഴിയും സംഭരിക്കുന്ന പദ്ധതി ഹോർട്ടികോർപ്പുവഴി നടപ്പിലാക്കിവരുന്നു. ഇത്തരത്തിലുള്ള

സംഭരണം കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി തമിഴ്നാട് കൃഷി വകുപ്പുമായി സഹകരിച്ച് തെങ്കാശി ജില്ലയിലെ ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻവഴി കർഷകരിൽനിന്നും നേരിട്ട് പച്ചക്കറി സംഭരിക്കുന്നതിന് കരാർ ഒപ്പുവച്ച് സംഭരണം നടത്തിവരുന്നു. നാളിതുവരെ 287.10 ടൺ പച്ചക്കറി തെങ്കാശി ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ വഴി സംഭരിച്ചു. 2021 നവംബർ, ഡിസംബർ മാസങ്ങളിൽ പച്ചക്കറി വില അനിയന്ത്രിതമായി വർദ്ധിച്ച സാഹചര്യത്തിൽ ആന്ധ്രാപ്രദേശിലെ കർഷകരിൽനിന്നും 10 ടൺ തക്കാളി സംഭരിച്ച് സംസ്ഥാനത്ത് വിതരണം നടത്തി.

(ഡി) കർഷകരിൽനിന്നും സംഭരിക്കുന്ന ഉൽപ്പന്നങ്ങൾ ഗുണനിലവാരം കുറയാതെ സംഭരണകേന്ദ്രങ്ങളിൽ എത്തിക്കുന്നതിനായി ശീതീകരിച്ച വാഹനങ്ങൾ വാങ്ങുന്നതിനായി 112 ലക്ഷം രൂപ ഈ വർഷം അനുവദിച്ചിട്ടുണ്ട്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുഖേന 50% സബ്സിഡി നൽകി 12 എണ്ണവും Farmers Producer Organisation (FPO), സ്വാശ്രയ സംഘങ്ങൾ, ഹോർട്ടികോർപ്പ്, മറ്റു സ്ഥാപങ്ങൾ മുഖേന 100% സബ്സിഡി നൽകി 8 എണ്ണവും വാങ്ങുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങളും

മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും വിറ്റഴിക്കുന്നതിനായി കണ്ടെയ്നർ മോഡൽ വില്പനശാലകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുഖേന 50% സബ്സിഡി നൽകി 12 എണ്ണവും FPO, സ്വാശ്രയ സംഘങ്ങൾ, ഹോർട്ടികോർപ്പ്, മറ്റു സ്ഥാപങ്ങൾ എന്നിവമുഖേന 100% സബ്സിഡി നൽകി 22 എണ്ണവും വാങ്ങുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. Rural Infrastructure Development Fund (RIDF), Mission for Integrated Development of Horticulture (MIDH) എന്നിവ ഉപയോഗിച്ച് കേരളത്തിലെ പ്രധാന നഗരങ്ങളിൽ 'ഇന്റഗ്രേറ്റഡ് സപ്ലൈ ചെയിൻ' രൂപീകരിക്കുന്നതിന്റെ ഭാഗമായി KLDC മുഖേന നാല് Integrated Pack House തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ നടപ്പിലാക്കൊനുള്ള നടപടി ഹോർട്ടികോർപ്പ് സ്വീകരിച്ചുവരുന്നു. ഇടുക്കി വട്ടവട മാർക്കറ്റ് കോംപ്ലക്സിൽ കർഷകരിൽനിന്നും സംഭരിക്കുന്ന കാരറ്റ്, ഉരുളക്കിഴങ്ങ് എന്നിവ മെഷിനുപയോഗിച്ച് കഴുകി വൃത്തിയാക്കി തരംതിരിച്ച് സംഭരിക്കാനുള്ള ഒരു പദ്ധതി Rashtriya Krishi Vikas Yojana (RKVY) ഫണ്ടുപയോഗിച്ച് ഹോർട്ടികോർപ്പ് നടപ്പിലാക്കിവരുന്നു. വി.എഫ്.പി.സി.കെ-യുടെ കീഴിലുള്ള തൃശ്ശൂർ, വയനാട് പായ്ക്ക് ഹൗസുകളിൽ

10 മെട്രിക് ടൺ സംഭരണശേഷിയുള്ള ശീതീകൃത അറയും സജ്ജമാക്കിയിട്ടുണ്ട്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, പച്ചക്കറി വില ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യമുണ്ടായപ്പോൾ അടിയന്തരമായി വിപണിയിലിടപെട്ട് വില നിയന്ത്രിക്കാനും പച്ചക്കറി എത്തിക്കാനും കൃഷി വകുപ്പ് നടത്തിയ പ്രവർത്തനങ്ങളെ ഈ ഘട്ടത്തിൽ പ്രത്യേകം അഭിനന്ദിക്കുകയാണ്. സ്ഥിരമായി വില നിയന്ത്രിക്കാൻ കഴിയുന്ന സംവിധാനമേർപ്പെടുത്താനും ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പച്ചക്കറിയുടെ ഗുണനിലവാരം ഉറപ്പുവരുത്താനും കഴിയുന്ന സ്ഥിരം സംവിധാനം കൊണ്ടുവരുന്നതിനെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ?

ശ്രീ. പി. പ്രസാദ്: സർ, സർക്കാർ നേരിട്ട ഏറ്റവുംപ്രധാന പ്രശ്നം തക്കാളിയുടെ വില വർദ്ധിച്ചതായിരുന്നു. പച്ചക്കറികൾക്ക് വില കൂടുകയും ആവശ്യത്തിനുള്ള പച്ചക്കറി ലഭ്യമാകാത്ത സാഹചര്യമുണ്ടാകുകയും ചെയ്തപ്പോൾ പാലക്കാട് നിന്നും പരമാവധി സംഭരിച്ചെങ്കിലും അതും തികയാത്ത അവസ്ഥയുണ്ടായി. ഈയവസരത്തിൽ ഇടനിലക്കാരിൽനിന്ന് ചില പ്രശ്നങ്ങൾ ഉയർന്നുവന്നിരുന്നു. അപ്പോഴാണ് കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർ തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നീ

സംസ്ഥാനങ്ങളിലെ കൃഷിവകുപ്പുമായും FPO-കളുമായും നേരിട്ട് ബന്ധപ്പെട്ട് കൂട്ടതലായി പച്ചക്കറി സമാഹരിച്ച് സംഭരിച്ച് ഇവിടെയെത്തിച്ചത്. ഇതൊരു ശാശ്വത പരിഹാരമാർഗ്ഗമാണെന്ന് കൃഷി വകുപ്പ് കരുതുന്നില്ല. നമുക്കാവശ്യായ വിഷരഹിത പച്ചക്കറി കേരളത്തിൽത്തന്നെ ഉല്പാദിപ്പിച്ച് ഉപയോഗിക്കുക എന്നതിനാകണം നാം പ്രാധാന്യം നൽകേണ്ടതെന്നതാണ് സർക്കാരിന്റെ നിലപാട്. അതിന്റെ ഭാഗമായാണ് 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന ബൃഹദ് ക്യാമ്പയിന് സർക്കാർ തുടക്കംകുറിക്കുന്നത്. നമുക്കാവശ്യമായ പച്ചക്കറി സംസ്ഥാനത്തുതന്നെ ഉല്പാദിപ്പിക്കണം. അത് നമ്മുടെ ആരോഗ്യപ്രശ്നമാണെന്നുള്ളത് ഗൗരവത്തിലെടുക്കണം. ആർ.സി.സി.യുടെ പുതിയ കണക്കുപ്രകാരം 35-40 ശതമാനം വരെ കേരളത്തിലെ ക്യാൻസർ രോഗത്തിന് കാരണമാകുന്നത് ഭക്ഷണവും ജീവിതശൈലിയുമാണ്. മുൻകാലങ്ങളിൽ കഴിച്ചിരുന്ന ഭക്ഷണം നമ്മുടെ ആരോഗ്യത്തിനും ജീവിതത്തിനും വേണ്ടിയായിരുന്നുവെങ്കിൽ ഇന്ന് രോഗത്തിനും മരണത്തിനും വേണ്ടിയായിത്തീർന്നിരിക്കുന്നുവെന്ന സത്യം നാം മനസ്സിലാക്കണം. പച്ചക്കറിയിലുംമറ്റും അടങ്ങിയിരിക്കുന്നത് വിഷാംശങ്ങളാണെന്ന അപകടകരമായ സ്ഥിതിവിശേഷം ഗൗരവത്തിൽ കണ്ടുകൊണ്ട് 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന് ഓരോ കുടുംബവും

പ്രഖ്യാപിക്കുന്ന നിലയിലേയ്ക്കെത്തിയാൽ ഈ രംഗത്ത് സമഗ്രമായ മാറ്റങ്ങളുണ്ടാക്കാൻ കഴിയും. അതോടൊപ്പം ഗുണമേന്മയുള്ള പച്ചക്കറി നേരിട്ട് സമാഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ടെന്നുള്ള കാര്യംകൂടി സഭയെ അറിയിക്കുകയാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, കൃഷി വകുപ്പിന്റെ കീഴിൽ പട്ടാമ്പിയിലെ സെൻട്രൽ ഓർച്ചാർഡ് അടക്കം നിരവധി ഫാമുകളുണ്ട്. ഫാം ടൂറിസം, സംഭരണം, കോൾഡ് സ്റ്റോറേജ്, മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കാനുള്ള സംവിധാനം, പൊതുജനങ്ങൾക്ക് കൃഷിയെക്കുറിച്ച് പഠിക്കാനുള്ള ട്രെയിനിംഗ് പ്രോഗ്രാമുകൾ തുടങ്ങിയവ നടത്താൻ കഴിയുന്ന രീതിയിൽ ഈ ഫാമുകളെ നവീകരിക്കാൻ തയ്യാറാകുമോ; അത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീ. പി. പ്രസാദ്: സർ, കേരളത്തിലെ ഫാമുകളുടെ കാര്യത്തിൽ ഗൗരവമായ ഇടപെടൽ നടത്തണമെന്നുതന്നെയാണ് സർക്കാർ ആലോചിച്ചിരിക്കുന്നത്. സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്നതും ജില്ലാ പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുമുള്ള ഫാമുകളുണ്ട്. കേരളത്തിലെ മുഴുവൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരെയടക്കം ഉൾപ്പെടുത്തി തൃശ്ശൂരിൽവച്ച് ഇക്കാര്യം മാത്രം ചർച്ച ചെയ്യുന്നതിനായി ഒരു യോഗം

വിളിച്ചുചേർക്കുകയുണ്ടായി. ഓരോ ഫാമിലും നടപ്പിലാക്കേണ്ടത് വ്യത്യസ്ത പരിപാടികളാണ്. ഓരോ ഫാമിനെയും ഓരോ യൂണിറ്റായി കണക്കാക്കി അവിടങ്ങളിൽ നടപ്പാക്കേണ്ട കാര്യങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പ്രത്യേക സമിതിയെ ചുമതലപ്പെടുത്തുകയും മാർച്ച് മാസത്തോടുകൂടി റിപ്പോർട്ട് സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയുമാണ്. അതിന്റെയടിസ്ഥാനത്തിൽ ഫാം ടൂറിസം അടക്കമുള്ള പദ്ധതികൾ ഏതെല്ലാം ഫാമുകളിലാണ് ഫലപ്രദമായി നടപ്പാക്കാൻ കഴിയുന്നതെന്ന് പരിശോധിച്ച് നടപ്പാക്കുന്നതായിരിക്കും.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പച്ചക്കറി വിപണിയിൽ വളരെ പ്രശംസനീയമായ ഇടപെടലുകളാണ് കൃഷി വകുപ്പ് നടത്തുന്നത്. സ്വന്തമായി ഭൂമിയില്ലാതെ പാട്ടഭൂമിയെടുത്ത് കൃഷിചെയ്യുന്ന കർഷകരെ സംബന്ധിച്ച് നിലനിൽക്കുന്ന നിരവധി പ്രശ്നങ്ങളുണ്ട്. ഭൂമിയുടെ ഉടമസ്ഥർ അവർക്കാവശ്യമായ രേഖ നൽകാത്തതിന്റെ വിഷയങ്ങളുമുണ്ട്. ഇത്തരം വിഷയങ്ങളിൽ കൃഷിക്കാരെ സഹായിക്കാൻ സബ്സിഡി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. പി. പ്രസാദ്: സർ, ഭൂമി പാട്ടത്തിനെടുത്ത് കൃഷിചെയ്യുന്ന കർഷകരെക്കൂടി സഹായിക്കുന്ന സംവിധാനം ഇപ്പോഴുണ്ട്. ഒരു

രേഖയുമില്ലാത്ത സ്ഥിതി വന്നാൽ അത് ചിലപ്പോൾ ബുദ്ധിമുട്ടുണ്ടാക്കുകയും ഭാവിയിൽ ദുരുപയോഗം ചെയ്യാൻ സാദ്ധ്യതയുണ്ടാകുകയും ചെയ്യും. അതിനാലാണ് ഇത്തരം നിബന്ധനകൾ ഏർപ്പെടുത്തുന്നത്. നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കുമനുസരിച്ച് സാദ്ധ്യമാകുന്ന എല്ലാ സഹായങ്ങളും എല്ലാ കർഷകർക്കും നൽകാനുള്ള സംവിധാനമുണ്ടാകും.

മി. സ്പീക്കർ: ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ക്ഷീരമേഖലയിലെ ഉല്പാദന ചെലവ്

5(*125) ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എട്ട് ലക്ഷത്തോളം കുടുംബങ്ങളുടെ മുഖ്യ ഉപജീവന മാർഗ്ഗമായ കാലിവളർത്തലിലും ക്ഷീരോല്പാദനത്തിലും ഉല്പാദന

ചെലവിലെ വർദ്ധനവിനനുസരിച്ച് വരുമാനം ലഭിക്കാത്ത സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) കാലിത്തീറ്റയ്ക്കുണ്ടാകുന്ന ക്രമാതീതമായ വില വർദ്ധനവും ഗുണമേന്മയുള്ള കാലിത്തീറ്റയുടെ ലഭ്യതക്കുറവും പരിഹരിക്കാൻ ഇടപെടൽ നടത്തുമോ?

കാലിത്തീറ്റയ്ക്കുണ്ടാകുന്ന ക്രമാതീതമായ വില വർദ്ധനവും ഗുണമേന്മയുള്ള കാലിത്തീറ്റയുടെ ലഭ്യതക്കുറവും പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ഷീര കർഷകർ സംഘങ്ങളിൽ അളക്കുന്ന പാലിന് നൽകുന്ന വില കൂടാതെ മിൽമയും ക്ഷീര സംഘങ്ങളും കർഷകർക്ക് ലാഭവിഹിതം നൽകുന്നു. കൂടാതെ സർക്കാരും ത്രിതല പഞ്ചായത്തുകളും സംഘത്തിൽ അളക്കുന്ന പാലിന് 4 രൂപ വരെ ഇൻസെന്റീവും നൽകിവരുന്നു. കേരളത്തിൽ പാലുല്പാദന വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സമീകൃത കാലിത്തീറ്റയെ മാത്രം ആശ്രയിച്ചുകൊണ്ടുള്ള പാലുല്പാദനം വളരെ ചെലവേറിയതാണ്. ഇത് കർഷകർക്ക് നഷ്ടമുണ്ടാക്കുന്നു. ഇതിനെ മറികടക്കുകയെന്ന ലക്ഷ്യത്തോടെയാണ് ക്ഷീരവികസന വകുപ്പ് സംസ്ഥാനത്തുടനീളം പുൽകൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. തീറ്റപ്പുല്ലിനെ

ആശ്രയിച്ച് പശുവളർത്തുന്ന കർഷകർക്ക് ലാഭകരമായി പശുവളർത്തൽ മുന്നോട്ട് കൊണ്ടുപോകാൻ കഴിയും. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വെല്ലുവിളി നേരിട്ടുകൊണ്ടിരിക്കുന്ന ക്ഷീരകർഷകർക്ക് ദുരിതാശ്വാസ പദ്ധതിയുടെ ഭാഗമായി കർഷകർ ക്ഷീരസംഘങ്ങളിൽനിന്നും വാങ്ങുന്ന കാലിത്തീറ്റയ്ക്ക് 50 കിലോയുടെ ഒരു ചാക്കിന് 400 രൂപ ധനസഹായം നൽകിയിട്ടുണ്ട്. 11.23 കോടി രൂപയുടെ 2.81 ലക്ഷം ചാക്ക് കാലിത്തീറ്റ 2.04 ലക്ഷം കർഷകർക്ക് നൽകിയിട്ടുണ്ട്. മുൻവർഷവും ഇതേ രീതിയിൽ കോവിഡ് പാക്കേജിന്റെ ഭാഗമായി കർഷകർക്ക് കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകിയിരുന്നു. കൂടാതെ ഈ വർഷത്തെ വേനൽക്കാലത്ത് തീറ്റ വസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ക്ഷീരസംഘങ്ങളിലൂടെ പച്ചപ്പുല്ലും വയ്ക്കോലും സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകുന്നതിനായി 75 ലക്ഷം രൂപ അധികം റീ-അപ്രോപ്രിയേറ്റ് ചെയ്ത് നൽകി പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ പദ്ധതികളിൽ സംഘങ്ങൾക്ക് പാരമ്പര്യേതര തീറ്റവസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള കാലിത്തീറ്റ നിർമ്മാണത്തിനായുള്ള നൂതനപദ്ധതിയും ഉൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ട്. ഗുണനിലവാരമുള്ള കാലിത്തീറ്റ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന

കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ക്ഷീരവികസന വകുപ്പിന്റെ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡെയറി ലാബിൽ കാലിത്തീറ്റയുടെ ഗുണനിലവാര പരിശോധനകൾ നടത്തിവരുന്നുണ്ട്. കാലിത്തീറ്റ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളെല്ലാംതന്നെ അന്യസംസ്ഥാനങ്ങളിൽ നിന്നാണ് ലഭ്യമാകുന്നത് എന്നിരിക്കിലും അസംസ്കൃത വസ്തുക്കളുടെ വില ഗണ്യമായി വർദ്ധിച്ചിരുന്ന ഈ സമയത്തും കാലിത്തീറ്റയുടെ വില വർദ്ധിപ്പിക്കാതെ മിൽമ കർഷകന് ഗുണനിലവാരമുള്ള കാലിത്തീറ്റ ലഭ്യമാക്കുന്നുണ്ട്. അതോടൊപ്പം മേഖലാ യൂണിയനുകളും ഫെഡറേഷനും കാലിത്തീറ്റയ്ക്ക് സബ്സിഡിയും ഡിസ്കൗണ്ടും നൽകിവരുന്നുണ്ട്. സർക്കാരിന്റെ കോവിഡ് റിലീഫ് പദ്ധതി വഴി 116,878 ചാക്ക് കാലിത്തീറ്റ 400 രൂപ ഡിസ്കൗണ്ട് നിരക്കിൽ മിൽമ വിതരണം ചെയ്തു. സഹകരണ പ്രസ്ഥാനമായ മിൽമ കാലിത്തീറ്റയുടെ വിപണിയിലെ വിൽപ്പനവില പിടിച്ചുനിർത്തുന്നതിൽ ഗണ്യമായ പങ്കുവഹിക്കുന്നു. മിൽമയുടെ കീഴിൽ പ്രതിദിനം 300 ടൺ ഉൽപ്പാദനശേഷിയുള്ള രണ്ട് കാലിത്തീറ്റ ഫാക്ടറികളുണ്ട്. ഇവയിലൊന്ന് പാലക്കാട് ജില്ലയിലെ

മലമ്പുഴയിലും മറ്റൊന്ന് ആലപ്പുഴ ജില്ലയിൽ പട്ടണക്കാട്ടുമാണുള്ളത്. മിൽമ വിപണനം നടത്തുന്ന കാലിത്തീറ്റയുടെ 70 ശതമാനവും സംഘങ്ങളിലൂടെയും 24 ശതമാനം ഗവൺമെന്റ് സ്കീമുകളിലൂടെയും കർഷകരിലെത്തിച്ചേരുന്നു. ബാക്കിയുള്ളത് ഡീലർമാർ മുഖാന്തരമാണ് കർഷകർക്ക് വിൽപ്പന നടത്തുന്നത്. കർഷകരിൽ നിന്നും സംഘങ്ങൾ വഴി ലഭിക്കുന്ന ഇൻഡന്റുകൾ കൃത്യസമയത്ത് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ മിൽമ പാലിക്കുന്നുണ്ട്. കാലിത്തീറ്റ ഉൽപ്പാദനത്തിനുള്ള അസംസ്കൃത വസ്തുക്കളിൽ ചിലതെങ്കിലും കേരളത്തിനുള്ളിൽ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സർക്കാരിന്റെ പദ്ധതിയിൽ മിൽമയും പങ്കാളികളാണ്. ഗുണമേന്മയുള്ള കാലിത്തീറ്റ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാരിനുകീഴിലുള്ള പൊതുമേഖാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ് കാലിത്തീറ്റ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നുണ്ട്. അസംസ്കൃത വസ്തുക്കളുടെ വിലയിൽ അഭൂതപൂർവ്വമായ വർദ്ധനവുണ്ടായപ്പോൾ സ്വകാര്യ കമ്പനികൾ പല തവണകളായി കാലിത്തീറ്റയുടെ വില വർദ്ധനവ് നടപ്പാക്കിയെങ്കിലും അതിനനുസൃതമായി കേരള ഫീഡ്സ് ഉൽപ്പന്നങ്ങൾക്ക് വിലവർദ്ധനവ് വരുത്തിയിട്ടില്ല. കാലിത്തീറ്റയുടെ വിലവർദ്ധനവ് തടയുന്നതിനായി സ്വകാര്യ കമ്പനികളേക്കാൾ ചാക്കൊന്നിന് 100 രൂപയോളം വില കുറച്ചാണ്

കാലിത്തീറ്റ വിതരണം ചെയ്തുവരുന്നത്.

(സി) തീറ്റപ്പുൽ ദൗർലഭ്യം പരിഹരിക്കുന്നതിന് ഫലപ്രദമായ പദ്ധതികളുണ്ടോ; അയൽ സംസ്ഥാനങ്ങളിൽ നിന്ന് വൈക്കോൽ എത്തിച്ച് ന്യായവിലയ്ക്ക് നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉണ്ട്. ഈ വർഷം 473 ലക്ഷം രൂപ ചെലവഴിച്ച് 2200 ഹെക്ടറിൽ പുൽകൃഷി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ക്ഷീരവികസന വകുപ്പ് വൈക്കോൽ ബെയ്‌ലിംഗ് യൂണിറ്റ് എന്ന നൂതന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ക്ഷീര സംഘങ്ങളുടെ നേതൃത്വത്തിൽ വൈക്കോൽ ശേഖരിച്ച് ബെയിൽ ചെയ്ത് ക്ഷീരസംഘങ്ങൾ വഴി ആവശ്യമുള്ള കർഷകർക്ക് നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ തീറ്റപ്പുൽ ദൗർലഭ്യം പരിഹരിക്കുന്നതിനുവേണ്ടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. എറണാകുളം മേഖലാ യൂണിയൻ വൈക്കോൽ വിതരണത്തിനായി പ്രത്യേക സംവിധാനങ്ങളൊരുക്കി അന്യസംസ്ഥാനങ്ങളിൽനിന്നും ഏറ്റവും കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള വൈക്കോൽ, സൈലേജ് എന്നിവ കർഷകർക്ക് ലഭ്യമാക്കുന്നു. കൂടാതെ പ്രൊക്യൂർമെന്റ് & ഇൻപുട്ട് (പി&ഐ) ബഡ്ജറ്റിൽ 70 ലക്ഷം രൂപ വകയിരുത്തി കിലോയ്ക്ക് 2 രൂപ നിരക്കിൽ സബ്‌സിഡിയും നൽകുന്നു.

മലബാർ മേഖലാ യൂണിയനിൽ പാലുല്പാദനച്ചെലവ് കുറയ്ക്കുന്നതിനും തീറ്റ വസ്തുക്കളുടെ ക്ഷാമം പരിഹരിക്കുന്നതിനുംവേണ്ടി പച്ചപ്പുല്ല്, ചോളപ്പുല്ല്, ചോളം സൈലേജ് എന്നിവ സബ്സിഡിയോടെ കർഷകർക്ക് വിതരണം ചെയ്തുവരുന്നു. നടപ്പ് സാമ്പത്തികവർഷം മാത്രം മലബാർ മിൽമ 17,000 മെട്രിക് ടൺ പുല്ല് വിതരണം നടത്തിയിട്ടുണ്ട്. ഇതിനായി മലബാർ മിൽമ 3.8 കോടി രൂപ കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ അയൽ സംസ്ഥാനങ്ങളിൽനിന്നും വൈക്കോൽ കൊണ്ടുവന്ന് കർഷകർക്ക് വിതരണം ചെയ്തുവരുന്നു. സീസൺ ആയി ലഭിക്കുന്ന ഉണക്കപ്പുല്ലുകൾ കുറഞ്ഞ വിലയ്ക്ക് ധാരാളമായി സംഭരിച്ച് കർഷകർക്ക് നല്കുന്നതിനുവേണ്ടി 3 ഫോഡർ ഹബ്ബുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ഡി) പാലിൽനിന്നും മൂല്യവർദ്ധിതോല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും തീറ്റപ്പുൽ കൃഷി നടത്തി വിൽക്കുന്നതിനും ക്ഷീരശ്രീ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ക്ഷീരമേഖലയിലും അനുബന്ധ മേഖലകളിലും പ്രവർത്തിക്കുന്നവരെ ഒരുമിച്ച് ചേർത്ത് ക്ഷീരശ്രീ സംയുക്ത ബാധ്യതാ സംഘം രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ക്ഷീരസഹകരണ

സംഘങ്ങളിൽനിന്നും പാൽ വാങ്ങി മൂല്യാധിഷ്ഠിത ഉല്പന്നങ്ങളാക്കി വിപണനം ചെയ്യുക, തരിശുഭൂമിയിൽ പുൽകൃഷി ചെയ്ത് ആവശ്യക്കാർക്ക് തീറ്റപ്പുൽ വിൽപ്പന നടത്തുക, ചാണക സംസ്കരണം തുടങ്ങി ഈ മേഖലയുമായി ബന്ധപ്പെട്ട വിവിധങ്ങളായ പ്രവർത്തനങ്ങൾ ഇത്തരം ഗ്രൂപ്പുകൾക്ക് ഏറ്റെടുത്ത് നടത്താവുന്നതാണ്. ഒരേ പ്രവൃത്തി/ബിസിനസ്സ് ചെയ്യാൻ താല്പര്യമുള്ള 4 മുതൽ 10 വരെയുള്ള അംഗങ്ങളുള്ള ചെറിയ ഗ്രൂപ്പുകളെയാണ് സംയുക്ത ബാധ്യതാ ഗ്രൂപ്പ് (ജെ.എൽ.ജി.) എന്നറിയപ്പെടുന്നത്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ക്ഷീരമേഖലയിലെ വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി സ്വാശ്രയത്വം പ്രാപ്തമാക്കുന്നതിനും അതുവഴി പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ലക്ഷ്യമിട്ടാണ് ക്ഷീരവികസന വകുപ്പിന്റെ കീഴിൽ ക്ഷീരശ്രീ സംയുക്ത ബാധ്യതാ ഗ്രൂപ്പുകൾ തുടങ്ങുന്നതിലൂടെ ലക്ഷ്യമാക്കുന്നത്.

## ഉന്നത വിദ്യാഭ്യാസ നയം

6(*126) ശ്രീ. ടി. സിദ്ദിഖ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീമതി കെ. കെ. രമ:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന

ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് വിദേശ നിക്ഷേപം സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ നയമാറ്റത്തിന്റെ കാരണം വിശദമാക്കാമോ?

ഉന്നതവിദ്യാഭ്യാസരംഗത്ത് വിദേശനിക്ഷേപം സ്വീകരിക്കുന്നതിൽ സർക്കാർ നയപരമായ തീരുമാനം ഒന്നും കൈക്കൊണ്ടിട്ടില്ല.

(ബി) ഇതുമായി ബന്ധപ്പെട്ട് നിയമനിർമ്മാണം നടത്താൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

ബാധകമല്ല.

(സി) 2011-2016-ലെ സർക്കാർ വിദേശ സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങൾ നടപ്പാക്കാൻ തീരുമാനമെടുത്തിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിദേശ സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് ഉന്നതവിദ്യാഭ്യാസരംഗത്ത് മാറ്റങ്ങൾ നടപ്പാക്കാൻ 2011-2016-ലെ സർക്കാർ തീരുമാനമെടുത്തിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) എങ്കിൽ 2016-2021-ലെ സർക്കാർ ഈ നയത്തിൽനിന്നും

വ്യതിചലിക്കാനുണ്ടായ സാഹചര്യമെന്തെന്ന് വിശദമാക്കാമോ?

ബാധകമല്ല.

സർവ്വകലാശാലകളിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാതി

7(*127) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിലെ പരീക്ഷ വിഭാഗങ്ങളിൽ കൈക്കൂലിയും അഴിമതിയും നിലനിൽക്കുന്നതായ പരാതികൾ ഉയർന്നുവന്നിട്ടുണ്ടോ?

ഇത്തരത്തിലുള്ള ഒറ്റപ്പെട്ട സംഭവങ്ങളുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എം.ജി. സർവ്വകലാശാലയിൽ എം.ബി.എ. പരീക്ഷ ജയിപ്പിക്കുന്നതിനും പ്രൊവിഷണൽ സർട്ടിഫിക്കറ്റ് നൽകുന്നതിനും കൈക്കൂലി വാങ്ങിയതായ പരാതിയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ എന്നറിയിക്കുമോ?

ഉണ്ട്.

(സി) സർവ്വകലാശാലകളിലെ പരീക്ഷാ ക്രമക്കേടുകളെ സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തുന്നതിനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

സമഗ്ര അന്വേഷണം നടക്കുന്നുണ്ട്. ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. കേരള സർവ്വകലാശാലയിൽ പരീക്ഷാ സോഫ്റ്റ്‌വെയറിന്റെ സെക്യൂരിറ്റി കൂടുതൽ ദൃഢമാക്കുന്നതിന്റെ ഭാഗമായി സോഫ്റ്റ്‌വെയർ ഓഡിറ്റിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന് സമാനമായ രീതിയിലുള്ള ക്രമീകരണങ്ങൾ മറ്റ് സർവ്വകലാശാലകളിലും നടപ്പിലാക്കുന്നതിന് സമഗ്രമായ പരീക്ഷാ പരിഷ്കരണം സർക്കാർ പരിഗണിച്ചുവരുന്നു.

## കന്നുകാലികളുടെ പ്രജനന നയം നിയമമാക്കാൻ നടപടി

8(*128) ശ്രീ. വാഴൂർ സോമൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി)

സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്തുടരുന്ന കന്നുകാലികളുടെ പ്രജനന നയം നിയമമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കന്നുകാലി പ്രജനന നയം 2022 നിയമമാക്കുന്നത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) കന്നുകാലികളുടെ തനത് ജൈവവൈവിദ്ധ്യം കാത്തുസൂക്ഷിക്കുന്നതിനും കാലിസമ്പത്തിലെ വിദേശി, സ്വദേശി ഇനങ്ങളുടെ അനുപാതം നിലനിർത്തുന്നതിനും പ്രസ്തുത നിയമം സഹായകമാകുമോയെന്ന് വിശദമാക്കാമോ?

നിർദ്ദിഷ്ട കരട് ആക്ടിൽ കന്നുകാലി പ്രജനന അതോറിറ്റിയുടെ പ്രവർത്തനങ്ങളിൽ കേരള സംസ്ഥാനത്തിന്റെ കന്നുകാലി സേവനങ്ങളും പ്രജനന നയവും രൂപം നൽകുകയെന്നത് കൂടാതെ കേരളത്തിന് അകത്തോ പുറത്തോ അല്ലെങ്കിൽ മറ്റേതെങ്കിലും രാജ്യത്തുനിന്ന് ഇറക്കുമതി ചെയ്യുന്ന ബീജത്തിന്റെയോ ഭ്രൂണത്തിന്റേയോ സംഭരണം, വിൽപ്പന, ഉപയോഗം നിയന്ത്രിക്കുക എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. കൃത്രിമ ബീജവിതരണ മേഖലയിലെ സ്വകാര്യ ഏജൻസികളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ഈ നിയമം സഹായകമാകും. കൂടാതെ ഏതെല്ലാം വിദേശ ജനുസ്സുകളുടെ

ബീജമാത്രകൾ സംസ്ഥാനത്ത് ഉപയോഗിക്കാം എന്നും നിയമം വ്യക്തമാക്കുന്നുണ്ട്. തനത് ജനുസ്സുകളുടെ സംരക്ഷണവും പരിപാലനവും നിയമത്തിലൂടെ ഉറപ്പാക്കപ്പെടുന്നു.

(സി) കൃത്രിമ ബീജ വിതരണ മേഖലയിലെ സ്വകാര്യ ഏജൻസികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിയന്ത്രിക്കുന്നതിന് പ്രസ്തുത നിയമം ഫലപ്രദമാകുമോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കന്നുകാലികളിൽ ഉപയോഗിക്കാവുന്ന ബീജമാത്രകൾ ഏത് ഏജൻസികളിൽ നിന്നുള്ളവയായിരിക്കണം എന്ന് മേൽ നിയമത്തിൽ വിവക്ഷിക്കുന്നുവെന്നതിനാൽ സ്വകാര്യ ഏജൻസികളുടെ പ്രവർത്തനം നിയന്ത്രിക്കുവാൻ സാധിക്കും. കൂടാതെ കേരളത്തിന് അകത്തോ പുറത്തോ ഉത്പാദിപ്പിക്കുന്നതോ അല്ലെങ്കിൽ മറ്റേതെങ്കിലും രാജ്യത്തുനിന്ന് ഇറക്കുമതിചെയ്യുന്നതോ ആയ ബീജത്തിന്റേയോ ഭ്രൂണത്തിന്റേയോ സംഭരണം, വില്പന, ഉപഭോഗം എന്നിവ നിയന്ത്രിക്കുന്നത് കന്നുകാലി പ്രജനന അതോറിറ്റിയുടെ ചുമതലയാണ്. എല്ലാ വിത്തുകാളകളെയും സാക്ഷ്യപ്പെടുത്തേണ്ടത് ഈ അതോറിറ്റിയാണ്. അതോറിറ്റി നിശ്ചയിക്കുന്ന ഗുണനിലവാര പ്രവർത്തന നടപടിക്രമങ്ങൾ അനുസരിച്ച് പരിശീലനം സിദ്ധിച്ച കൃത്രിമ ബീജാധാന തൊഴിലാളികളെ മാത്രമേ സംസ്ഥാനത്തെ

കന്നുകാലി പ്രജനന പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുവദിക്കുകയുള്ളൂ.

(ഡി) സംസ്ഥാനത്തിന്റെ തനത് പശു ഇനങ്ങളായ കുട്ടമ്പുഴ കുള്ളൻ, വെച്ചൂർ, കാസർഗോഡ് കുള്ളൻ എന്നിവയുടെ സംരക്ഷണത്തിനായി പദ്ധതികൾ പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ?

വെച്ചൂർ, കാസർഗോഡ് കുള്ളൻ എന്നിവയാണ് കേരളത്തിലെ തനത് നാടൻ പശുയിനങ്ങളായി അംഗീകരിക്കപ്പെട്ടിരിക്കുന്നത്. ഈ നാടൻ ജനുസ്സുകളുടെ ബീജം കേരളത്തിലെ മൃഗാശുപത്രികളിൽ ലഭ്യമാണ്. കേരളത്തിലെ ഒരു പ്രധാന നാടൻ പശുയിനമായ വെച്ചൂർ പശുക്കളെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കുടപ്പനക്കുന്നിലുള്ള ജില്ലാ കന്നുകാലി ഫാം, വിതുര ജെഴ്സി ഫാം എന്നീ സ്ഥാപനങ്ങളിൽ സംരക്ഷിക്കുന്നുണ്ട്. വെച്ചൂർ, കാസർഗോഡ് കുള്ളൻ ജനുസ്സുകളെ വെറ്ററിനറി സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ ഫാമുകളിലും കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ തൃശ്ശൂർ ജില്ലയിലെ പൂത്തൂർ ലൈവ് സ്റ്റോക്ക് ഫാമിലും പരിപാലിച്ചു പോരുന്നു. വടക്കൻ കേരളത്തിലെ നാടൻ ഇനമായ 'കാസർകോഡ് കുള്ളൻ' എന്ന ഇനത്തെ സംരക്ഷിക്കാൻ ബദിയടുക്കയിൽ സർക്കാർ ഒരു ഫാം നടത്തിവരികയാണ്. KLDB-യുമായി സഹകരിച്ച് ഓണാട്ടുകര വികസന ഏജൻസി സ്കൂൾ കുട്ടികൾക്ക്

കാസർകോഡ് കുള്ളൻ പശുക്കുട്ടികളെ വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കി വരികയാണ്. എറണാകുളം ജില്ലയിലെ കുട്ടമ്പുഴ പഞ്ചായത്തിലെ പെരിയാർ പുഴയുടെ തീരപ്രദേശങ്ങളിൽ കുട്ടമ്പുഴ കുള്ളൻ അല്ലെങ്കിൽ പെരിയാർ പശു എന്ന പേരുള്ള ഇനത്തിലെ പശുക്കളെ കണ്ടുവരുന്നു. ഈ ഇനം കാലികൾക്ക് വംശനാശം സംഭവിക്കുമെന്നതിനാൽ അവയുടെ സംരക്ഷണത്തിനായി കുട്ടമ്പുഴ കുള്ളൻ ഇനം കൂടുതലുള്ള മേഖലകളിൽ ബീജമാത്രകൾ ലഭിക്കുന്നതിനായി ശുദ്ധജനുസ്സിൽപ്പെട്ട രണ്ട് വിത്തുകാളകളെ ബീജോൽപ്പാദനത്തിനായി ആവശ്യമായ പരിശോധനകൾക്ക് KLD ബോർഡ് തെരഞ്ഞെടുത്തിട്ടുണ്ട്. 2019 മുതൽ കേന്ദ്ര കാർഷിക ഗവേഷണ കൗൺസിൽ ഈ ഇനം പശുക്കളെക്കുറിച്ച് പഠനം നടത്തിവരുന്നുണ്ട്. ഈ ഇനത്തിന് പ്രത്യേക ബ്രീഡ് പദവി നൽകുന്നതിന് നാഷണൽ ബ്യൂറോ ഓഫ് അനിമൽ ജനറ്റിക്ക് റിസോഴ്സസ് (NBAGR) മുഖേന സാധ്യതാ പഠനങ്ങളും നടക്കുന്നുണ്ട്.

## കെ.എസ്.ആർ.ടി.സി. യുടെ ദീർഘദൂര സർവ്വീസുകൾ

9(*129) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) ദീർഘദൂര സർവ്വീസുകൾ നടത്തുന്നതിന് കെ.എസ്.ആർ.ടി.സി. പുതിയ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ദീർഘദൂര സർവ്വീസുകൾ തിരക്ക് കുറഞ്ഞ ബൈപ്പാസുകളിലൂടെ കൃത്യമായ ഇടവേളകളിൽ തിരുവനന്തപുരത്തിനും കോഴിക്കോടിനും ഇടയിൽ നഗരങ്ങളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കി യാത്രക്കാരെ നിശ്ചിത സ്ഥലത്ത് കുറഞ്ഞ സമയത്തിൽ എത്തിക്കുന്നതിനായി കെ.എസ്.ആർ.ടി.സി "ബൈപ്പാസ് റൈഡർ" എന്ന പേരിൽ സർവ്വീസുകൾ ആരംഭിക്കുന്നുണ്ട്. ഗതാഗതക്കുരുക്ക് ഒഴിവാക്കി, മലിനീകരണം കുറയ്ക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതും ലക്ഷ്യമിട്ട് ആരംഭിക്കുന്ന ഈ സർവ്വീസുകൾ പ്രധാനമായും നാഷണൽ ഹൈവേയിലേയും എം.സി. റോഡിലേയും സമാന്തര ബൈപ്പാസ് റോഡുകളിലൂടെയാണ് സർവ്വീസ് നടത്തുന്നത്. ഇത്തരം സർവ്വീസുകൾക്കും മറ്റ് ഇന്റർസ്റ്റേറ്റ് ദീർഘദൂര സർവ്വീസുകൾക്കുമായി ആധുനിക സൗകര്യങ്ങളോടുകൂടിയ മൾട്ടി ആക്സിൽ സ്ലീപ്പർ എ.സി. ബസ്സുകൾ, എ.സി. സെമി സ്ലീപ്പർ ബസ്സുകൾ, നോൺ എ.സി. സെമി സ്ലീപ്പർ ബസ്സുകൾ ലഭ്യമാക്കുന്നതിന് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് എന്ന പേരിൽ സർക്കാരിന്റെ ഉടമസ്ഥതയിൽ പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ട്. ദീർഘദൂര ബസ് സർവ്വീസുകൾ ഒരു കേന്ദ്രീകൃത നിയന്ത്രണത്തിന് കീഴിൽ

കാര്യക്ഷമമായി നടത്തുകയെന്നതാണ് ഈ കമ്പനിയുടെ പ്രധാന ലക്ഷ്യം. കൂടാതെ കിഫ്ബി ഫണ്ട്, കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ പുതിയ പദ്ധതി, സ്പോൺസർഷിപ്പ് എന്നിവയിലൂടെയും വാടകയ്ക്ക് എടുക്കുന്നതുമായ ബസ്സുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനുവേണ്ടിയാണ് കമ്പനിക്ക് രൂപം നൽകിയത്.

(ബി) ദീർഘദൂര സർവ്വീസുകൾക്കായി ആരംഭിച്ച സ്വിഫ്റ്റ് എന്ന സ്വതന്ത്ര കമ്പനി പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ; സ്വിഫ്റ്റ് കമ്പനിയുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലവിലുള്ള കേസ് തീർപ്പായിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരികയാണ്. ഈ കമ്പനിയുമായി ബന്ധപ്പെട്ട കേസ്സുകൾ നിലവിൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. ആയതിന്റെ അടുത്ത പോസ്റ്റിംഗ് 2022 മാർച്ച് 23-ന് ആണ്.

## വഖഫ് ബോർഡ് നിയമനങ്ങൾ

10(*130) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ:

**ശ്രീ. എ. കെ. എം. അഷ്റഫ്**: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വഖഫ് ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി-ക്ക് വിടുന്നതിനായി നിയമസഭ പാസ്സാക്കിയ ബിൽ പുന:പരിശോധിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

1995-ലെ വഖഫ് ആക്റ്റിന്റെ (1995-ലെ 43-ാം കേന്ദ്ര ആക്റ്റ്) 24-ാം വകുപ്പ് (2)-ാം ഉപവകുപ്പ്, വഖഫ് ബോർഡിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനവും അവരുടെ ഔദ്യോഗിക കാലാവധിയും റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുന്നു. 1995-ലെ വഖഫ് ആക്ടിന്റെ 110-ാം വകുപ്പ് ബോർഡിന് സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതിയോടെ ഈ ആക്ടിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഈ ആക്ടിലെയും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത റെഗുലേഷനുകളുണ്ടാക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നു. 2016-ലെ കേരള സംസ്ഥാന വഖഫ് ബോർഡ് റെഗുലേഷനുകളിലെ (ഭേദഗതി) റെഗുലേഷൻ 5(1), സബ്-റെഗുലേഷൻ (2) പ്രകാരം, നേരിട്ടുള്ള നിയമനം നടത്തുന്ന,

ബോർഡിലെ ഭരണപരമായ സർവ്വീസിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും എല്ലാ നിയമനങ്ങളും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അധിക ചുമതലകൾ വിനിയോഗിക്കുന്നതിനുവേണ്ടി ഉണ്ടാക്കുന്ന നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നല്കുന്ന മുസ്ലീം മതവിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റിൽ നിന്നും നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. അതിനാൽ വഖഫ് ബോർഡിലെ ഭരണപരമായ സർവ്വീസുകളിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനങ്ങൾ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുവാനായി, പ്രസ്തുത ആവശ്യത്തിലേയ്ക്ക് നടത്തിയ നിയമനിർമ്മാണം തികച്ചും സാധുതയുള്ളതാണ്. വഖഫ് ബോർഡ് ശിപാർശ പരിഗണിച്ചുകൊണ്ടാണ് നിയമനിർമ്മാണം നടത്തിയത്. നിയമനിർമ്മാണത്തെ തുടർന്ന് സാമുദായിക സംഘടനകൾ ചില ആശങ്കകൾ പ്രകടിപ്പിച്ചിട്ടുണ്ടായിരുന്നു. ഈ സാഹചര്യത്തിൽ അവ പരിശോധിച്ചശേഷം മാത്രമേ നിയമനടപടികൾ സ്വീകരിക്കുകയുള്ളൂവെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. നിയമം പാസ്സാക്കിയതിനുശേഷം തുടർനടപടികൾക്കായി സർക്കാർ ഇതുവരെ പബ്ലിക് സർവ്വീസ് കമ്മീഷനെ സമീപിച്ചിട്ടില്ല.

(ബി) പി.എസ്.സി-ക്ക് വിടുന്നതിനുപകരമായി വഖഫ് ബോർഡ് നിയമനങ്ങൾക്ക് മാത്രമായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

മേൽ കാര്യത്തിൽ തീരുമാനമെടുക്കുന്ന മുറയ്ക്ക് മാത്രമേ മറ്റ് മാർഗ്ഗങ്ങൾ പരിഗണിക്കുകയുള്ളൂ.

(സി) പൊതുമേഖലാ സ്ഥാപനങ്ങളും യൂണിവേഴ്സിറ്റികളും ഉൾപ്പെടെ സംസ്ഥാന സർക്കാർ ഖജനാവിൽനിന്നും ശമ്പളം പറ്റുന്ന നിരവധി സ്ഥാപനങ്ങളിൽ ഇപ്പോഴും നിയമനങ്ങൾ പി.എസ്.സി. മുഖേന അല്ലെന്നിരിക്കെ സംസ്ഥാന വഖഫ് ബോർഡ് നിയമനങ്ങൾ മാത്രം പി.എസ്.സി-ക്ക് വിടുന്നതിന്റെ സാഹചര്യം വിശദമാക്കാമോ?

വഖഫ് ബോർഡിന്റെ കീഴിലുള്ള ഭരണപരമായ സർവ്വീസുകളിലെ എല്ലാ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നതിലൂടെ പ്രസ്തുത നിയമനങ്ങൾ കൂടുതൽ സുതാര്യമാക്കുവാനും യോഗ്യതയുള്ള മുസ്ലീം മതവിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് തുല്യ അവസരം ഉറപ്പുവരുത്തുവാനും കഴിയുമെന്നതിനാലാണ് വഖഫ് ബോർഡ് നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നതിന് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടത്.

## റെയിൽവേ പദ്ധതികൾ

11(*131) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള റെയിൽവേ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പുതിയ പദ്ധതികൾ അനുവദിക്കുന്നതിനും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; അതിൻപ്രകാരം പുതിയ ട്രെയിനുകൾ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ആവശ്യപ്പെട്ടിരുന്നു. സംസ്ഥാനത്തെ റെയിൽവേ പദ്ധതികളുടെ (പുതിയ പാത നിർമ്മാണം, പാത ഇരട്ടിപ്പ്, സ്റ്റേഷൻ വികസനം) പുരോഗതിക്കും വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുംവേണ്ടി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഇടപെടലുകൾ യഥാസമയം നടത്തിവരുന്നുണ്ട്. റെയിൽവേയുടെ മുഖ്യ അടിസ്ഥാന സൗകര്യ വികസനത്തിന്റെ പുരോഗതിക്കും വികസനത്തിനും

പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമായി സംസ്ഥാന മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിയുമായും, സംസ്ഥാന ചീഫ് സെക്രട്ടറി റെയിൽവേ ബോർഡ് ചെയർമാനുമായും, ദക്ഷിണ റെയിൽവേ ജനറൽ മാനേജറുമായും ചർച്ചകൾ നടത്തിവരാറുണ്ട്. ഇതോടൊപ്പംതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിയുമായി, 13.7.2021-ന് കൂടിക്കാഴ്ച നടത്തിയിരുന്നു. പ്രസ്തുത ചർച്ചകളിൽ കേരളത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യുകയുണ്ടായി. റെയിൽവേയുടെ ചുമതലയുള്ള മന്ത്രി 29.9.2021-ൽ സതേൺ റെയിൽവേ ജനറൽ മാനേജരുമായി നടത്തിയ ചർച്ചയിലും റെയിൽവേ വികസനവും പദ്ധതികളുമൊക്കെ ഉൾപ്പെടുത്തിയിരുന്നു. സംസ്ഥാന ചീഫ് സെക്രട്ടറി ദക്ഷിണ റെയിൽവേ ജനറൽ മാനേജരുമായി 26.7.2021-നും 3.12.2021-നും റെയിൽവേ വികസന പദ്ധതികൾ അവലോകനം ചെയ്യുന്നതിന് യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിലെ തീരുമാനമനുസരിച്ചുള്ള പുരോഗമന പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ തന്നെ ബഹു. സംസ്ഥാന മുഖ്യമന്ത്രി റെയിൽ പദ്ധതി അവലോകനം ചെയ്യുന്നതിനായി ഒരു ഉന്നതതല മീറ്റിംഗും നടത്തുകയുണ്ടായി. ഇതുകൂടാതെ, റെയിൽവേയുടെ മുഖ്യ അടിസ്ഥാനസൗകര്യ

വികസനത്തിന്റെ പുരോഗതിക്കും ഗതാഗത വികസനത്തിനും മുതൽക്കൂട്ടാകുന്ന (സർക്കാരിന്റെയും റെയിൽവേയുടേയും സംയുക്ത സംരംഭമായ) കെ-റെയിൽ വിഭാവനം ചെയ്യുന്ന സിൽവർലൈൻ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും മതിയായ അംഗീകാരം ലഭിക്കുന്നതിനും വേണ്ടി സംസ്ഥാന മുഖ്യമന്ത്രി 13.7.2021-ന് പ്രധാനമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ കേരളത്തിന്റെ അഭിമാന പദ്ധതിയായ സിൽവർ ലൈൻ (അർദ്ധ അതിവേഗ റെയിൽപ്പാത) ആയിരുന്നു പ്രധാന അജണ്ടയായി വന്നിട്ടുള്ളത്. സിൽവർലൈൻ പദ്ധതിയുടെ അന്തിമാനുമതി വേഗത്തിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി 28.5.2021-ലും 6.12.2021-ലും ബഹു. പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിരുന്നു. ഇതുകൂടാതെ വകുപ്പുതലത്തിലും ദക്ഷിണ റെയിൽവേ ജനറൽ മാനേജരും റെയിൽവേ ബോർഡ് ചെയർമാനും ഇതുമായി ബന്ധപ്പെട്ട് കത്തിടപാടുകൾ നടത്തിവരുന്നുണ്ട്. ഇന്ത്യൻ റെയിൽവേയുമായി ബന്ധപ്പെട്ട ഒട്ടുമിക്ക നിർമ്മാണപ്രവർത്തനങ്ങളും അതത് സോണൽ റെയിൽവേയുടെ ഭരണപരിധിയിലാണ് വരുന്നത്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ടുള്ള ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ പല ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. പാത ഇരട്ടിപ്പിക്കൽ പദ്ധതികളിൽ തിരുവനന്തപുരം-

കന്യാകുമാരി, എറണാകുളം-കായംകുളം എന്നീ പദ്ധതികൾ കൂടി പൂർത്തിയാകുന്നതോടുകൂടി കൂടുതൽ ട്രെയിനുകൾ ഓടിക്കുവാൻ സാധിക്കുകയും യാത്രാക്ലേശം ഒരു പരിധി വരെ കുറയ്ക്കുവാൻ സാധിക്കുകയും ചെയ്യും.

(ബി) ആവശ്യത്തിന് തുക അനുവദിക്കാതിരുന്നതും കഴിഞ്ഞവർഷം അനുവദിച്ച തുകയുടെ പത്ത് ശതമാനം മാത്രം വിനിയോഗിച്ചതുംമൂലം റെയിൽവേ വികസനത്തിൽ സൃഷ്ടിക്കപ്പെട്ട സ്തംഭനാവസ്ഥയ്ക്ക് പരിഹാരം കാണണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ?

റെയിൽവേയുടെ മുഖ്യ അടിസ്ഥാന സൗകര്യ വികസനം ത്വരിതപ്പെടുത്തുന്നതിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമായി സംസ്ഥാന മുഖ്യമന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിയുമായും സംസ്ഥാന ചീഫ് സെക്രട്ടറി റെയിൽവേ ബോർഡ് ചെയർമാനുമായും ദക്ഷിണ റെയിൽവേ ജനറൽ മാനേജരുമായും നിരന്തര ചർച്ചകൾ നടത്തിവരികയാണ്.

(സി) ശബരി റെയിൽ പാതയ്ക്ക് കേന്ദ്ര ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; നേമം, കൊച്ചുവേളി സ്റ്റേഷനുകളുടെ വികസനം, എറണാകുളം-ഷൊർണ്ണൂർ മൂന്നാം പാത, ഗുരുവായൂർ-തിരുനാവായ പാത തുടങ്ങി ഏറെ മുമ്പ് പ്രഖ്യാപിച്ച പദ്ധതികളുടെ നിലവിലെ സ്ഥിതി

അറിയിക്കാമോ?

ദക്ഷിണ റെയിൽവേ 2022-23 പിങ്ക് ബുക്ക് പ്രകാരം ശബരി റെയിൽവേ പദ്ധതിക്ക് കേന്ദ്ര ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്.

1) നേമം: മാസ്റ്റർ പ്ലാൻ പ്രകാരമുള്ള ഇരട്ടിപ്പിക്കലിന്റെ ഭാഗമായുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. നേമത്ത് 116.57 കോടി രൂപ മുതൽമുടക്കിൽ പുതിയ കോച്ചിംഗ് സൗകര്യങ്ങൾ നിർമ്മിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് റെയിൽവേ ബോർഡിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. റെയിൽവേയിൽ നിന്നും ഫണ്ട് അനുവദിച്ചാൽ മാത്രമേ തുടർ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

2)കൊച്ചുവേളി:-രണ്ട് പ്ലാറ്റ്ഫോമുകളുടെ വിപുലീകരണം, രണ്ട് കോച്ചിംഗ് ലൈനിന്റെ നിർമ്മാണം, ഒരു സ്റ്റെബ്ലിംഗ് ലൈൻ, സിഗ്നലിംഗ് ആവശ്യത്തിന് കെട്ടിടം നൽകൽ എന്നിവ കോച്ചിംഗ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൊച്ചുവേളി റെയിൽവേ സ്റ്റേഷനിൽ ആസൂത്രണം ചെയ്ത പ്രവൃത്തികളാണ്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങളെല്ലാം തന്നെ നിലവിൽ നടന്നുകൊണ്ടിരിക്കുന്നു. ട്രാക്ക് സ്ഥാപിക്കൽ ജോലികൾ പൂർത്തിയായി.

കെട്ടിട നിർമ്മാണം, ടെക്നിക്കൽ ഉപകരണങ്ങൾ സ്ഥാപിക്കൽ ഉൾപ്പെടെയുള്ള പ്രവർത്തനം നടന്നുവരികയാണ്. 2022-23 ബഡ്ജറ്റിൽ തുക അനുവദിച്ചാൽ 2023 മാർച്ച് 31-നകം പ്രവർത്തനം പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് റെയിൽവേ അധികൃതർ അറിയിച്ചിട്ടുള്ളത്. എറണാകുളം-ഷൊർണ്ണൂർ മൂന്നാം പാത, ഗുരുവായൂർ-തിരുനാവായ പാത എന്നിവ സംബന്ധിച്ച പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

സേഫ് കേരള പദ്ധതി

12(*132) ശ്രീ. വി. ശശി:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു)സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനാപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത സേഫ് കേരള പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്. സേഫ് കേരള പദ്ധതിയുടെ ഭാഗമായി കേരളത്തിലെ 14 ജില്ലകളിൽ കൺട്രോൾ റൂമുകൾ സ്ഥാപിച്ച് അതിൽ 6 എണ്ണം ഉദ്ഘാടനം ചെയ്തിട്ടുണ്ട്. പദ്ധതിക്കായി പ്രത്യേക 85 എൻഫോഴ്സ്മെന്റ് സ്ക്വാഡ്

പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് വാഹനാപകടങ്ങൾ കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോ; ഈ പദ്ധതി കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ട്രാഫിക് നിയമലംഘനംമൂലമുള്ള അപകടങ്ങൾ 2019-ൽ മൊത്തം റോഡ് അപകടങ്ങളുടെ 75% ആയിരുന്നത് 2021 ആയപ്പോൾ 65% ആയി കുറഞ്ഞിട്ടുണ്ട്. ഇതേ കാലയളവിൽ 2019-ൽ 69% ആയിരുന്ന റോഡ് അപകടമരണങ്ങൾ 59% ആയും കുറഞ്ഞിട്ടുണ്ട്. 'സേഫ് കേരള പദ്ധതി' കൂടുതൽ ഫലപ്രദമാക്കാനായി നൂതന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ എഴുന്നൂറോളം എൻഫോഴ്സ്മെന്റ് ക്യാമറകൾ കേരളത്തിലെ റോഡുകളിൽ ഉടനീളം സ്ഥാപിച്ചുവരുന്നു. ഇവയുടെ ഫലപ്രദമായ പ്രവർത്തനത്തിനായി കേരളത്തിലെ 14 ജില്ലകളിലും കൺട്രോൾ റൂമുകളും സ്ഥാപിച്ചുവരുന്നു.

(സി) പ്രധാന റോഡുകളിലെ ആക്സിഡന്റ് ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുവേണ്ടി പഠനം നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് നടപടികൾ സ്വീകരിക്കുമോ?

സമയാസമയങ്ങളിൽ മുൻ വർഷങ്ങളിലെ അപകടങ്ങൾ അപഗ്രഥിച്ച് സംസ്ഥാനത്തെ ഏറ്റവും അപകടസാദ്ധ്യത കൂടിയ ഇടങ്ങളായ ബ്ലാക്ക്സ്പോട്ട് കണ്ടെത്തുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റി പഠനം നടത്തി വരുന്നു. റോഡ് സുരക്ഷയ്ക്കുവേണ്ടിയുള്ള സുപ്രീംകോടതി കമ്മിറ്റിയുടെയും കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെയും നിർദ്ദേശങ്ങൾ ആസ്പദമാക്കി നാറ്റ്പാക് കണ്ടെത്തിയ ബ്ലാക്ക്സ്പോട്ടുകളിൽ, കേരള റോഡ് സുരക്ഷാ അതോറിറ്റി, പോലീസിന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും സഹായത്തോടെ പരിശോധന നടത്തി നാറ്റ്പാക്ക് മുഖാന്തരം റോഡ് സുരക്ഷയ്ക്ക് അത്യാവശ്യമായ പദ്ധതികൾ തയ്യാറാക്കി കേരള റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു.

(ഡി) റോഡ് നിയമങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും അഭിലഷണീയമായ ഡ്രൈവിംഗ് സംസ്കാരം വളർത്തിയെടുക്കുന്നതിനും വേണ്ടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

കേരള റോഡ് സുരക്ഷാ അതോറ്റിറ്റി കാലാകാലങ്ങളിൽ റോഡ് സുരക്ഷാ അവബോധം സൃഷ്ടിക്കുന്നതിനായി പദ്ധതികൾ നടപ്പാക്കി വരുന്നു. അവയിൽ പ്രധാനപ്പെട്ടവ റോഡ് സുരക്ഷാ പാഠങ്ങൾ സ്കൂൾ

പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടിയുള്ളതാണ്. റോഡ് സുരക്ഷാ അവബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിന്റെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റി SCERT-യുമായി സഹകരിച്ച് വിദ്യാർത്ഥികൾക്ക് സുരക്ഷാ അവബോധം നൽകുന്നതിനായി പദ്ധതി നടപ്പിലാക്കിവരുന്നു. ആദ്യഘട്ടമായി അദ്ധ്യാപകർക്കായി 'റോഡ് സുരക്ഷിത യാത്ര' എന്ന കൈപ്പുസ്തകം തയ്യാറാക്കിയിട്ടുണ്ട്. സ്കൂൾ സിലബസിൽ റോഡ് സുരക്ഷാ പാഠങ്ങൾ ഉൾക്കൊള്ളിക്കുന്നതിനുള്ള തുടർനടപടികൾ നടന്നു വരികയാണ്. മോട്ടോർ വാഹന വകുപ്പ്, പോലീസ് വകുപ്പ്, നാറ്റ്പാക് തുടങ്ങിയ സ്റ്റേക്ക് ഹോൾഡിംഗ് വകുപ്പുകൾ വഴി റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ച് വരുന്നതുമാണ്. വരും കാലങ്ങളിൽ റോഡ് സുരക്ഷാ ഫണ്ടിന്റെ 10% വരെ റോഡ് സുരക്ഷാ അവബോധ പരിപാടികൾ സംഘടിപ്പിക്കാൻ തുക വകയിരുത്താൻ തീരുമാനിച്ചിട്ടുണ്ട്. എഫ്.എം. സ്റ്റേഷനുകൾ, ഓൾ ഇന്ത്യ റേഡിയോ റെയിൽവേ, കെ.എസ്.ആർ.ടി.സി. എന്നിവയിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം വ്യാപിപ്പിക്കും. റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന പരിശീലന/ബോധവൽക്കരണ

ക്ലാസ്സുകൾ, സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധ ക്ലാസ്സുകൾ, അച്ചടി-ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ തുടങ്ങിയ റോഡ് സുരക്ഷാ അവബോധം സൃഷ്ടിക്കുന്ന പരിപാടികളും നടത്തിവരുന്നു.

<u>ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം</u>

13 (*133) <u>ശ്രീ. എ. പി. അനിൽ കുമാർ:</u>
<u>ശ്രീ. സജീവ് ജോസഫ്:</u>
<u>ശ്രീ. അൻവർ സാദത്ത്:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി <u>(ഡോ. ആർ. ബിന്ദു)</u> സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

ഉണ്ട്.

(ബി) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരത്തകർച്ചയാണ് ഉന്നതവിദ്യാഭ്യാസ രംഗത്ത് വിദേശ നിക്ഷേപം സ്വീകരിക്കാനുള്ള തീരുമാനത്തിന് പിന്നിൽ എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 2011-2016 കാലത്തെ സർക്കാരിന്റെ വിദ്യാഭ്യാസ പരിഷ്കാരങ്ങൾ നടപ്പാക്കിയിരുന്നെങ്കിൽ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയെ കൂടുതൽ മികച്ചതാക്കാൻ സാധിക്കുമായിരുന്നു എന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കാർഷിക മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കാൻ പദ്ധതികൾ

14(*134) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ കാർഷിക രംഗത്ത് സ്വയംപര്യാപ്തമാക്കാൻ സ്വീകരിച്ചുവരുന്ന പദ്ധതികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ കർഷകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുവാനും സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുന്നതിനും സംസ്ഥാനത്തെ കാർഷിക രംഗം സ്വയംപര്യാപ്തമാക്കുന്നതിന് വേണ്ടിയും

ഉല്പാദനം, ഉല്പാദനക്ഷമത എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. കഴിഞ്ഞ 3 വർഷമായി ഉണ്ടായ വലിയ കാലാവസ്ഥാ ദുരന്തങ്ങളും കോവിഡ്-19 മഹാമാരിയുംമൂലം നിലവിലുള്ള സാമ്പത്തിക സ്ഥിതിക്കും കേരളത്തിലെ കാർഷിക, അനുബന്ധ മേഖലകളുടെ വികസനത്തിനും വലിയ ഭീഷണിയാണ് ഉണ്ടായിട്ടുള്ളത്. ഭക്ഷ്യോൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കേണ്ടതിന്റെ ആവശ്യകത ഇക്കാലയളവിൽ തിരിച്ചറിഞ്ഞു. ഇതിനായി സംസ്ഥാന കൃഷി വകുപ്പ് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവയ്ക്കുപുറമെ സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിനായി ഗുണമേന്മയുള്ള ഉൽപ്പാദനോപാധികൾ ലഭ്യമാക്കുന്നതിനും കൂടാതെ പരമ്പരാഗത ഇനങ്ങളും നാടൻ ഇനങ്ങളും സംരക്ഷിക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. കാർഷിക രംഗത്തെ നൂതന സാങ്കേതികവിദ്യ കർഷകരിൽ

എത്തിക്കുന്നതിനുള്ള കാർഷിക വിജ്ഞാന വ്യാപന പദ്ധതിയും കൃഷി വകുപ്പ് നടപ്പിലാക്കുന്നു. കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നത് സാദ്ധ്യമാക്കുന്നതിന് കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനവും പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കുന്നു. കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനും ആവശ്യമായ സഹായം നൽകുന്നതിനാവശ്യമായ പദ്ധതികളും കൃഷി വകുപ്പ് നടപ്പിലാക്കുന്നു. കോവിഡ് സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടി കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന 'സുഭിക്ഷ കേരളം' പദ്ധതി കാർഷിക വികസനം ശക്തിപ്പെടുത്തുകയും കർഷകർക്ക് ആവശ്യമായ വായ്പ നൽകുകയും ചെയ്യുന്നു. പ്രസ്തുത പദ്ധതിയിൽ തരിശുനിലത്ത് കൃഷി, സംയോജിത കൃഷി സമ്പ്രദായം, ഒരു കോടി ഫലവൃക്ഷത്തൈകൾ നടൽ, മഴമറ കൃഷി പ്രോത്സാഹിപ്പിക്കൽ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. കാർഷിക രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുവാൻ ചുവടെ ചേർക്കുന്ന സംസ്ഥാനാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1) നെൽകൃഷി വികസന പദ്ധതി

2) പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസന പദ്ധതി

3) പയർവർഗ്ഗ വിള, കിഴങ്ങ് വർഗ്ഗവിള പ്രോത്സാഹന പദ്ധതി

4) സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി

5) പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം

6) നാളീകേര വികസനം

7) സുഗന്ധവ്യഞ്ജന വികസന പദ്ധതി

8) ഹൈടെക് അഗ്രികൾച്ചർ

9) കവുങ്ങ് കൃഷിക്കുള്ള പ്രത്യേക പദ്ധതി

10) മണ്ണിന്റെയും വേരിന്റെയും ആരോഗ്യപരിപാലനവും ഉല്പാദനക്ഷമത ഉയർത്തലും

11) വിള ആരോഗ്യപരിപാലനം

12) ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും

13) ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും

14) ലബോറട്ടറികളുടെ ആധുനീകരണം

15) കാർഷിക വിജ്ഞാന വ്യാപനം

16) കാർഷിക വിവരവും വിനിമയവും

17) കാർഷിക സേവന കേന്ദ്രങ്ങൾ

18) വിള ഇൻഷ്വറൻസ് പദ്ധതി

19) പ്രകൃതിക്ഷോഭവും രോഗകീടവും അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തര പദ്ധതി

20) ജൈവ വൈവിദ്ധ്യ സംരക്ഷണം

21) കാർഷിക ഉല്പന്നങ്ങളുടെ വിപണി വികസനം

22) കാർഷികോല്പന്നങ്ങൾക്ക് വിലസ്ഥിരത ഉറപ്പാക്കുന്നതിനായി വിപണി ഇടപെടൽ പദ്ധതി

23) കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണവും മൂല്യവർദ്ധനയും

24) വയനാട് ജില്ലയുടെ കാർഷിക മേഖല പുനരുജ്ജീവനം

25) ബയോ ഗ്യാസ് പ്ലാന്റുകൾക്ക് അധിക ധനസഹായം

26) ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി (ആർ.ഐ.ഡി.എഫ്)

27) കൃഷി പാഠശാല

28) പുനർജ്ജനി - പ്രളയാനന്തര കാർഷിക മേഖലയുടെ പുന:സ്ഥാപനം

29) കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി

30) കേരള ഫാം ഫ്രഷ് - പഴം പച്ചക്കറി തറവില

31) കർഷക ക്ഷേമ ഫണ്ട് ബോർഡ്

32) സുഭിക്ഷ കേരളം പദ്ധതി.

കർഷകർക്കായി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ചുവടെ

ചേർക്കുന്നു.

1. മിഷൻ ഓൺ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ

2. രാഷ്ട്രീയ കൃഷി വികാസ് യോജന

3. സബ് മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ

4. നാഷണൽ ഫുഡ് സെക്യൂരിറ്റി മിഷൻ

5. സബ് മിഷൻ ഓൺ അഗ്രോ ഫോറസ്റ്ററി

6. സബ് മിഷൻ ഓൺ അഗ്രിക്കൾച്ചർ എക്സ്റ്റൻഷൻ

7. നാളികേര വികസന ബോർഡ് പദ്ധതികൾ

8. പാരമ്പരാഗത് കൃഷി വികാസ് യോജന

9. പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജന

10. ദേശീയ ബയോഗ്യാസ് വികസന പദ്ധതി

11. പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി

12. സോയിൽ ഹെൽത്ത് കാർഡ്

13. പ്രധാനമന്ത്രി ഫസൽ ഭീമ യോജന. കൂടാതെ, സർക്കാരിന്റെ നൂറു ദിന കർമ്മപരിപാടിയുടെ ഭാഗമായി എല്ലാ ജനങ്ങളെയും കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് "ഞങ്ങളും കൃഷിയിലേയ്ക്ക്". കാർഷിക

കൂട്ടായ്മയിലൂടെ ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സുരക്ഷിത ഭക്ഷണം ലഭ്യമാക്കുക, കേരളീയരിൽ കാർഷിക സംസ്കാരം വളർത്തുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന പദ്ധതി വിഭാവന ചെയ്യുന്നത്.

(ബി) കർഷകർക്ക് വേണ്ടിയുള്ള പദ്ധതികൾ യഥാസമയം അവർക്ക് ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ പുതിയതായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കർഷകർക്ക് വേണ്ടിയുള്ള പദ്ധതികൾ യഥാസമയം അവർക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താൻ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന രണ്ട് സംവിധാനങ്ങളാണ് അഗ്രിക്കൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (AIMS) പോർട്ടലും സ്മാർട്ട് കൃഷി ഭവൻ പദ്ധതിയും. കാർഷിക വികസന കർഷക ക്ഷേമവകുപ്പ് നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ സഹായത്തോടെ വികസിപ്പിച്ച ഏകജാലക സംവിധാനമാണ് അഗ്രിക്കൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (AIMS). കൃഷി വകുപ്പ് നൽകിവരുന്ന സേവനങ്ങളെല്ലാം തന്നെ ഈയൊരു സംവിധാനത്തിലൂടെ ഓൺലൈനായി വേഗത്തിലും സുതാര്യമായും കാര്യക്ഷമമായും പ്രദാനം ചെയ്യുകയാണ് ടി സംവിധാനം വഴി

ലക്ഷ്യമിടുന്നത്. കൃഷിഭവനുകൾ ശാസ്ത്രീയ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്കിടയിൽ യഥാസമയം കൃഷി, സസ്യസംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങളെ കുറിച്ചുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനും കൃഷിക്കാവശ്യമുള്ള വിത്തുകൾ, തൈകൾ, മറ്റു ഉല്പാദനോപാധികൾ എന്നിവ നൽകുന്നതിനും പ്രവർത്തിച്ചുവരുന്നു. ഫലപ്രദവും കാര്യക്ഷമവും സുതാര്യവുമായ രീതിയിൽ കർഷകരുടെ വാതിൽക്കൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സേവനങ്ങൾ നൽകുന്നതിനായാണ് "സ്മാർട്ട് കൃഷി ഭവൻ" പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(സി) വിള ഇൻഷ്വറൻസ് ഉൾപ്പെടെ എല്ലാ ആനുകൂല്യങ്ങളും യഥാസമയം കർഷകർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ?

വിള ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ യഥാസമയം കർഷകർക്ക് ലഭിക്കുമെന്ന് ഉറപ്പുവരുത്തുന്നതിനായി ഓൺലൈൻ സംവിധാനം AIMS പോർട്ടലിൽ ക്രമീകരിച്ചിട്ടുണ്ട്.

## സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാരുടെ നിയമനം

15(*135) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:

ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിൽ ചട്ടങ്ങളും കീഴ്വഴക്കങ്ങളും ലംഘിച്ചും യു.ജി.സി. മാനദണ്ഡങ്ങൾ മറികടന്നും വൈസ് ചാൻസലർമാരെ നിയമിച്ചതിൽ ചാൻസലർ തന്നെ പ്രതിഷേധിക്കേണ്ടിവന്ന സാഹചര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എപ്രകാരമെന്ന് വ്യക്തമാക്കുമോ?

യു.ജി.സി. മാനദണ്ഡങ്ങൾക്ക് വിധേയമായും സർവ്വകലാശാലാ നിയമങ്ങളിലെ നിബന്ധനകൾക്കനുസരിച്ചുമാണ് സർവ്വകലാശാലകളിൽ വൈസ് ചാൻസലർമാരെ നിയമിക്കുന്നത്.

(ബി) സർവ്വകലാശാലകളുടെ സ്വയംഭരണാധികാരത്തിൽ അനിയന്ത്രിതമായ ഇടപെടൽമൂലം ഉന്നതവിദ്യാഭ്യാസ രംഗത്ത് അപചയം ഉണ്ടായതായി പറയപ്പെടുന്ന സാഹചര്യത്തിൽ ജൂഡീഷ്യൽ അന്വേഷണം നടത്തണമെന്ന ആവശ്യത്തിന്മേലുള്ള സർക്കാർ നിലപാട് അറിയിക്കുമോ?

സർവ്വകലാശാലകളുടെ സ്വയംഭരണാധികാരത്തിൽ അനിയന്ത്രിതമായി സർക്കാർ ഇടപെടാറില്ല. ഉന്നത വിദ്യാഭ്യാസ രംഗത്ത് അപചയമുണ്ടാകാത്ത

സാഹചര്യത്തിൽ ജൂഡീഷ്യൽ അന്വേഷണം എന്ന ആവശ്യം അപ്രസക്തമാണ്.

## റെയിൽവേ വികസനത്തിലെ വിവേചനം

16(*136) ശ്രീ. എം. മുകേഷ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) വിവിധ സംസ്ഥാനങ്ങൾക്ക് അതിവേഗ പാതകൾ അനുവദിക്കുമ്പോഴും സംസ്ഥാനത്തിന് പുതിയ പാതയോ ട്രെയിനുകളോ അനുവദിക്കാതിരിക്കുകയും സംസ്ഥാനം സ്വന്തം നിലയിൽ നിർമ്മിക്കാൻ അനുമതി തേടിയ സിൽവർ ലൈനിന് അംഗീകാരം വൈകിപ്പിക്കുകയും ചെയ്യുന്ന വികസന കാര്യത്തിലെ വിവേചനം തിരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

റെയിൽവേയുടെ മുഖ്യ അടിസ്ഥാന സൗകര്യ വികസനത്തിന്റെ പുരോഗതിക്കും വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹു.

പ്രധാനമന്ത്രിയുമായും ചീഫ് സെക്രട്ടറി റെയിൽവേ ബോർഡ് ചെയർമാനുമായും ദക്ഷിണ റെയിൽവേ ജനറൽ മാനേജരുമായും ചർച്ചകൾ നടത്തിവരാറുണ്ട്. ഇതോടൊപ്പം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിയുമായി ഇതിനോടകംതന്നെ സംസ്ഥാനത്തിന്റെ വികസന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി കൂടിക്കാഴ്ച നടത്തിയിരുന്നു. പ്രസ്തുത ചർച്ചകളിൽ കേരളത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട പാത ഇരട്ടിപ്പിക്കൽ, പുതിയ ലൈനുകളുടെ നിർമ്മാണം തുടങ്ങിയവ മുഖ്യ വിഷയങ്ങളായിരുന്നു. ഇതുകൂടാതെ, കേരളത്തിന്റെ അഭിമാന പദ്ധതിയായ സിൽവർ ലൈൻ ആയിരുന്നു പ്രധാന അജണ്ടയായി വന്നിട്ടുള്ളത്. പ്രധാനമന്ത്രിയുമായുള്ള ചർച്ചയിലും കേന്ദ്ര റെയിൽവേ മന്ത്രിയുമായുള്ള ചർച്ചയിലും പ്രസ്തുത വിഷയത്തിൽ ഊന്നൽ നൽകിയിരുന്നു. സിൽവർ ലൈൻ പാത കേരള സർക്കാർ അംഗീകാരം നൽകിയ ഒരു മുഖ്യ അടിസ്ഥാനസൗകര്യ വികസന പദ്ധതിയാണ്. ഈ പദ്ധതി റെയിൽവേ മന്ത്രാലയത്തിന്റെയും കേന്ദ്ര മന്ത്രിസഭയുടേയും പരിഗണനയിലാണ്. ഇതുകൂടാതെ സിൽവർലൈൻ പദ്ധതിയുടെ അംഗീകാരം വേഗത്തിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു. മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, ഗതാഗത പ്രിൻസിപ്പൽ സെക്രട്ടറി, എന്നിവർ കേന്ദ്ര സർക്കാരിന്

കത്തയയ്ക്കുകയുണ്ടായി.

(ബി) ഇതുവരെ സംസ്ഥാനത്തിന് നൽകുമെന്ന് പ്രഖ്യാപിക്കാത്ത വന്ദേ ഭാരത് ട്രെയിൻ അനുവദിച്ചാൽത്തന്നെ മുപ്പത്തിയാറ് ശതമാനം വളവുള്ള സംസ്ഥാനത്തെ റെയിൽവേ പാതയിലൂടെ സഞ്ചരിക്കാവുന്ന പരമാവധി വേഗത നൂറ് കിലോമീറ്ററിൽ താഴെയായിരിക്കുമെന്ന് പ്രസ്തുത മേഖലയിലെ വിദഗ്ദ്ധർ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ?

കേരളത്തിലെ ട്രാക്കുകൾക്ക് മണിക്കൂറിൽ 80 കിലോമീറ്റർ മുതൽ 110 കിലോമീറ്റർ വരെ വേഗതയേ കൈവരിക്കാൻ സാധിക്കുകയുള്ളൂ. വന്ദേ ഭാരത് ട്രെയിനുകൾ കേരളത്തിൽ ഓടുകയാണെങ്കിൽ ജനശതാബ്ദി, രാജധാനി തുടങ്ങിയ ട്രെയിനുകൾ കേരളത്തിലോടുന്ന അതേ റണ്ണിംഗ് ടൈം മാത്രമേ നേടാനാകുകയുള്ളൂ.

(സി) പ്രവൃത്തികൾ പൂർത്തിയാക്കുന്നതിലും സിഗ്നലിംഗ് നവീകരണത്തിലും സുരക്ഷയുടെ കാര്യത്തിലും സംസ്ഥാനം നേരിടുന്ന അവഗണന ഒരു പരിധിവരെയെങ്കിലും പരിഹരിക്കുന്നതിന് കേരളം ആസ്ഥാനമായി റെയിൽവേ സോൺ എന്ന ആവശ്യം വീണ്ടും ഉന്നയിക്കുമോ; വ്യക്തമാക്കാമോ?

പ്രവൃത്തികൾ പൂർത്തിയാക്കുന്നതിലും സിഗ്നലിംഗ് നവീകരണത്തിലും

സുരക്ഷയുടെ കാര്യത്തിലും സംസ്ഥാനം നേരിടുന്ന അവഗണന പരിഹരിക്കുന്നതിന് കേരളം ആസ്ഥാനമായി റെയിൽവേ സോൺ എന്ന ആവശ്യം മന്ത്രിതലത്തിലും മുഖ്യമന്ത്രിതലത്തിലും റെയിൽവേ മന്ത്രാലയവുമായി കത്തിടപാടുകൾ നടത്തിയിരുന്നു. എന്നാൽ പ്രസ്തുത വിഷയത്തിൽ നാളിതുവരെ റെയിൽവേയിൽ നിന്നും അനുകൂല മറുപടി ലഭ്യമായിട്ടില്ല.

## സർവ്വകലാശാലകളിൽ ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കാൻ നടപടി

17(*137) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എം. വിജിൻ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) എഡ്യൂടെക് കമ്പനികൾക്ക് വിശാലാധികാരം നൽകുമെന്ന യു.ജി.സി. ചെയർമാന്റെ പ്രസ്താവന പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ചട്ടക്കൂടിനനുസരിച്ച് ഉന്നതവിദ്യാഭ്യാസ മേഖലയുടെ വരേണ്യവൽക്കരണത്തിലേയ്ക്കുള്ള ചുവടുവയ്പാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ

രംഗത്ത് ഇത് സൃഷ്ടിക്കാനിടയുള്ള പ്രശ്നങ്ങൾ വിലയിരുത്തുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എഡ്യൂടെക് കമ്പനികൾക്ക് അധികാരം നൽകുന്ന നിയമപരമായ നടപടികൾ ഉണ്ടായിട്ടില്ല. എഡ്യൂടെക് കമ്പനികൾ നൽകുന്ന സേവനങ്ങൾ ഉപയോഗിക്കുന്നതിന്റെ സാമൂഹ്യ നിയന്ത്രണം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പരിഗണിക്കുന്നതാണ്.

(ബി) ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണഫലങ്ങൾ സമൂഹത്തിനാകെ പ്രയോജനം ചെയ്യുന്നവിധം ലഭിക്കേണ്ടതിന് ഗവേഷണത്തിന് പ്രാധാന്യം നൽകുന്ന ഉൽകൃഷ്ട കേന്ദ്രങ്ങൾ എല്ലാ സർവ്വകലാശാലയിലും രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; സർവ്വകലാശാലകൾക്കുള്ളിൽ പ്രഗത്ഭരുടെ നേതൃത്വത്തിൽ ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ?

ഉണ്ട്. ഉൽകൃഷ്ട കേന്ദ്രങ്ങളുടെ തെരഞ്ഞെടുപ്പ് പ്രക്രിയ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ ഒരു വിദഗ്ധ സമതിയുടെ സഹായത്തോടെ പുരോഗമിക്കുന്നുണ്ട്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) എൻ.ഐ.ആർ.എഫ്. റാങ്കിംഗിൽ ആദ്യസ്ഥാനങ്ങളിൽ ഇടംപിടിക്കുംവിധം സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും

കോളേജുകളുടെയും മികവ് വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

എൻ.ഐ.ആർ.എഫ്. റാങ്കിംഗ് 2021-ൽ സംസ്ഥാനത്തെ സർവ്വകലാശാലകളും കോളേജുകളും അനുബന്ധമായി+ ചേർത്തിരിക്കുന്ന പട്ടിക പ്രകാരം മികവ് നിലനിർത്തിയിട്ടുണ്ട്. രാജ്യത്തെ സർവ്വകലാശാലകളുൾപ്പെടെയുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക് പ്രകടനം വർഷംതോറും വിലയിരുത്തുന്നതിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് നല്കുന്നതിന് ദേശീയതലത്തിൽ പ്രവർത്തിക്കുന്ന ഏജൻസിയാണ് നാഷണൽ അസസ്സ്മെൻറ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (NAAC). ഇതേ മാതൃകയിൽത്തന്നെ സംസ്ഥാനതലത്തിൽ പ്രാദേശിക വൈവിദ്ധ്യങ്ങളുടെയും പ്രത്യേകതകളുടെയും അളവുകോലുകൾകൂടി ഉൾപ്പെടുത്തി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വിലയിരുത്തിക്കൊണ്ട് ഗ്രേഡിംഗ് നൽകുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ രൂപീകരിച്ച സ്റ്റേറ്റ് അസസ്സ്മെൻറ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (SAAC)-ന്റെ പ്രവർത്തനങ്ങൾ ഇതിനോടകം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. നാക് (NAAC) നിശ്ചയിച്ചിട്ടുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാനദണ്ഡങ്ങൾക്കപ്പുറമേ Scientific temper and secular outlook, Equity & Excellence, Social Inclusiveness എന്നിവ ഉൾപ്പെടെ സംസ്ഥാനത്തിന്റെ നിർദ്ദിഷ്ട മാനദണ്ഡങ്ങളുടെകൂടി അടിസ്ഥാനത്തിലാണ് SAAC അസസ്സ്മെന്റും ഗ്രേഡിംഗും നൽകുന്നത്. National Institutional Ranking Framework (NIRF)-ന്റെ മാതൃകയിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്കുചെയ്യുന്ന Kerala Institutional Ranking Framework (KIRF) സംവിധാനം രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ കടന്നുവരുന്ന വിദ്യാർത്ഥികൾക്ക് ഗുണ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുവാൻ സഹായിക്കും. മാത്രമല്ല, നമ്മുടെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ദേശീയവും അന്തർദേശീയവുമായ റാങ്കിംഗ് മെച്ചപ്പെടുത്തുന്നതിന് ഇത് സഹായകരമായിരിക്കും. സ്ഥാപന തലത്തിൽ പ്രവർത്തിക്കുന്ന IQAC-കളെ സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നതിന് SLQAC-യുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

## ഉന്നതവിദ്യാഭ്യാസ രംഗത്തെ നവീകരണം

18 (*138) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. പി. സുമോദ്:
ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സമ്പദ്ഘടനയെ വിജ്ഞാന സമ്പദ്ഘടനയായി പരിവർത്തനപ്പെടുത്തുന്നതിന് വിജ്ഞാനത്തെ ഉല്പാദന പ്രക്രിയയുമായി ബന്ധിപ്പിക്കേണ്ടതിനാൽ തദനുസൃതം ഗവേഷണരംഗം നവീകരിക്കാൻ വേണ്ട രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ?

ഉന്നത വിദ്യാഭ്യാസ പരിഷ്കരണത്തിന് ഉതകുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിലേയ്ക്ക് 21.9.2021-ലെ സ.ഉ(കൈ)നം.390/2021/ഉ.വി.വ പ്രകാരം ഉനത വിദ്യാഭ്യാസ രംഗത്തെ പ്രഗത്ഭരെ ഉൾപ്പെടുത്തി ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)+. കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ പരിഗണനാ വിഷയങ്ങളായി സംസ്ഥാനത്ത് ജ്ഞാനസമൂഹം സൃഷ്ടിക്കുന്നതിനും തദ്ദേശീയ സാമൂഹ്യ-സാമ്പത്തിക ഘടനയുടെ വികസനത്തിനും യോജിച്ച വിധത്തിൽ ഉന്നത

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും ആവശ്യമായ വിധത്തിൽ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച വിഷയം ടി കമ്മീഷൻ പരിശോധിച്ചുവരികയാണ്.

(ബി) ഉന്നതവിദ്യാഭ്യാസ രംഗത്ത് സമൂല നവീകരണത്തിനുവേണ്ട പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കാൻ നിയമിച്ച കമ്മീഷനുകൾ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ?

ഇല്ല. കമ്മീഷന്റെ കാലാവധി 15.02.2021-ലെ സ.ഉ(കൈ) 91/2022/ഉവിവ. പ്രകാരം 22.12.2021 മുതൽ 3 മാസത്തേയ്ക്ക് ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

(സി) വാണിജ്യവൽക്കരണമില്ലാതാക്കി അവസരസമത്വം ഒരുക്കി പാർശ്വവൽകൃതരില്ലാത്ത ഉന്നത വിദ്യാഭ്യാസ മേഖലയുടെ സൃഷ്ടിക്ക് കേന്ദ്രസർക്കാരിന്റെ പുതിയ ദേശീയ വിദ്യാഭ്യാസ നയം എങ്ങനെയെല്ലാം പ്രതികൂലമാകാനിടയുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ?

പരിശോധിച്ചുവരുന്നു.

## ഉന്നത വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം

19(*139) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. വി. കെ. പ്രശാന്ത്:

ശ്രീ. കെ. എം. സച്ചിൻദേവ്:

ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) കേരളത്തെ വൈജ്ഞാനിക സമൂഹമാക്കിത്തീർക്കുകയെന്ന ലക്ഷ്യപ്രാപ്തിക്ക് പ്രാപ്യതയും ഗുണതയും വർദ്ധിപ്പിക്കാൻ പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേരളത്തെ വൈജ്ഞാനിക സമൂഹമാക്കിത്തീർക്കുന്നതിന് ശാസ്ത്ര മേഖലയിലെ കലാലയങ്ങളിൽ നിലവിലുള്ള പരമ്പരാഗത കോഴ്സുകളോടൊപ്പം ന്യൂജനറേഷൻ കോഴ്സുകൾ ചേർത്ത് വിപുലമായ പാഠ്യപദ്ധതി നടപ്പിലാക്കിവരുന്നു. റിസർച്ചിന് പ്രാധാന്യമുള്ള പദ്ധതികളും കോളേജുകളെ യൂണിവേഴ്സിറ്റികളുമായും ഇൻഡസ്ട്രിയൽ സ്ഥാപനങ്ങളുമായും ബന്ധിപ്പിക്കുന്ന ലീഡ് പോലുള്ള പദ്ധതികളും കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നടപ്പിലാക്കിവരുന്നു. 21.09.2021-ലെ ജി.ഒ. (എം.എസ്)നം. 390/2021/H.Edn. പ്രകാരം സംസ്ഥാനത്തെ ജ്ഞാനസമൂഹമാക്കി മാറ്റുന്നതിനും തദ്ദേശീയ സാമൂഹ്യ-സാമ്പത്തിക ഘടനയുടെ വികസനത്തിന് യോജിച്ച വിധത്തിൽ ഉന്നത

വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും ആവശ്യമായ വിധത്തിൽ പരിഷ്കരിക്കുന്നതിനുമായി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് 7 അംഗങ്ങളെ ഉൾപ്പെടുത്തി ഉന്നത വിദ്യാഭ്യാസ പരിഷ്കാര കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.

(ബി) ഉന്നത വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സർവ്വകലാശാലകളുടെയും കോളേജുകളുടെയും അടിസ്ഥാനസൗകര്യ വികസനത്തിനുവേണ്ടി നടത്തുന്ന പ്രവർത്തനങ്ങൾ അറിയാക്കാമോ?

ഉന്നത വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി അത്യാധുനിക ക്ലാസ്സ് മുറികൾ നിർമ്മിക്കുക, ഹോസ്റ്റൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, ലബോറട്ടറികൾ, ലൈബ്രറികൾ നവീകരിക്കുക, ലബോറട്ടറികൾക്കായി ആധുനിക ഉപകരണങ്ങൾ വാങ്ങുക, ക്യാമ്പസ് നെറ്റ്‌വർക്ക് സ്ഥാപിക്കുക, ഫിറ്റ്‌നസ് സെന്റർ, സ്റ്റേഡിയം നിർമ്മാണം എന്നീ പ്രവർത്തനങ്ങൾ നടത്തുക എന്നിവ പ്ലാൻ ഫണ്ട്, RUSA, NABARD, KIIFB എന്നീ ഫണ്ടുകൾ ഉപയോഗിച്ച് നടത്തിവരുന്നു. സർക്കാർ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി കിഫ്ബിയിൽ ഉൾപ്പെടുത്തി 48 സർക്കാർ കോളേജുകളുടെ

വികസനത്തിനായി 75 കോടി രൂപയും 7 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനത്തിനായി 75 കോടി രൂപയും കേരള വർമ്മ കോളേജുൾപ്പെടെ അഞ്ച് പൈതൃക കോളേജുകളുടെ വികസനത്തിനായി 150 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 9 സർക്കാർ പോളിടെക്നിക്കുകളുടെ വികസനത്തിനായി 50 കോടി രൂപയും മാറ്റിവച്ചിട്ടുണ്ട്. മാത്രമല്ല പുതുതായി ആരംഭിച്ച 12 ആർട്സ് & സയൻസ് കോളേജുകൾക്കായി 120 കോടി രൂപയും കിഫ്ബി പദ്ധതിപ്രകാരം വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ, പുതിയതായി ആരംഭിച്ച കോളേജുകൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കലിനായി 100 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) ആധുനിക സാങ്കേതികവിദ്യയുടെ വികാസം പഠനത്തിന് യുക്തമാക്കാൻ പരിപാടിയുണ്ടോ; വിശദമാക്കാമോ?

മാറുന്ന ലോകക്രമത്തിനനുസരിച്ച് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഡിജിറ്റൽ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കോവിഡ് സാഹചര്യത്തിൽ വിദ്യാഭ്യാസ സമ്പ്രദായം പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റിയിരുന്നു. ഓഫ് ലൈൻ വിദ്യാഭ്യാസവും ഓൺലൈൻ വിദ്യാഭ്യാസവും പരസ്പര പൂരകമായി ഏകോപിപ്പിച്ചുകൊണ്ടുള്ള ബ്ലെൻഡഡ് ലേണിംഗ്

സംവിധാനത്തിലേയ്ക്ക് മാറുന്നതിന് ഒരു പൊതു പ്ലാറ്റ്ഫോം ആയ മൂഡിൽ സംവിധാനം പ്രത്യേക പദ്ധതിയായി ആവിഷ്കരിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ, ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി ചേർന്ന് കേരളത്തിലെ 300-ഓളം കോളേജുകളിൽ പൂർണ്ണമായ തോതിൽ മൂഡിൽ ലേർണിംഗ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിലൂടെ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖല പൂർണ്ണമായും ഡിജിറ്റൽ വിദ്യാഭ്യാസത്തിലേയ്ക്ക് വഴിമാറുന്നതിന് കഴിയും.

(ഡി) ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഒഴിഞ്ഞുകിടക്കുന്ന അദ്ധ്യാപക തസ്തികകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കോളേജുകളിലെ അദ്ധ്യാപക തസ്തികകളിലെ നിലവിലുള്ള ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## നാണ്യവിളകൾക്ക് തറവില

20(*140) ശ്രീ. എ. രാജ:
ശ്രീ. എം. എം. മണി:
ശ്രീ. ആന്റണി ജോൺ:
ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏലം, തേയില, റബ്ബർ, കുരുമുളക് മുതലായ നാണ്യവിളകളുടെ വിലയിലുണ്ടാകുന്ന ചാഞ്ചാട്ടം ഇവയുടെ കൃഷി അനാകർഷമാക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ഉല്പന്നങ്ങൾക്ക് തറവില നിശ്ചയിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന കാര്യം പരിശോധിക്കുമോ?

നാണ്യവിളകളുടെ തറവില നിശ്ചയിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ അനുകൂലമായ മറുപടി കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായിട്ടില്ല.

(ബി) റബ്ബർ വിലത്തകർച്ചകൊണ്ട് പ്രതിസന്ധിയിലായ കർഷകരെ ചൂഷണം ചെയ്തുകൊണ്ട് എം.ആർ.എഫ്-പോലുള്ള വൻകിട ടയർ കമ്പനികൾ കർഷകർക്ക് കുറഞ്ഞ പലിശയ്ക്ക് ലഭിക്കേണ്ട വായ്പ തട്ടിയെടുത്തതായ വാർത്തയുടെ അടിസ്ഥാനത്തിൽ അവർക്കെതിരെ കർശന നടപടിയെടുക്കാനും ഉപഭോക്താക്കളെ വഞ്ചിച്ചതിന് കോംപറ്റീഷൻ കമ്മീഷൻ ചുമത്തിയ പിഴ ഈടാക്കി കർഷകർക്ക് നഷ്ടപരിഹാരമായി നൽകാനും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ?

ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കേന്ദ്ര സർക്കാരിന്റെ കരട് റബ്ബർ നിയമ ഭേദഗതി നിർദ്ദേശത്തോടും തോട്ടവിള വികസന നിയമത്തിലെ കരട് വ്യവസ്ഥകളോടുമുള്ള സംസ്ഥാനത്തിന്റെ പ്രതികരണം അറിയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ കരട് റബ്ബർ നിയമ ഭേദഗതി നിർദ്ദേശങ്ങളിലും കരട് സുഗന്ധദ്രവ്യ പ്രോത്സാഹന വികസന നിർദ്ദേശങ്ങളിലും കേരള സർക്കാരിന്റെ വ്യക്തമായ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കരട് നിയമത്തിൽ കേരളത്തിലെ കർഷകരെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങളിൽ കേരളത്തിന്റെ ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിച്ചതിനോടൊപ്പം റബ്ബർ, സുഗന്ധ വിളകൾ മേഖലയിലെ കർഷകർക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്ന വ്യവസ്ഥകളായിരിക്കണം നിയമത്തിൽ ഉൾപ്പെടുത്തേണ്ടതെന്നും അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

ട്രാഫിക് നിയമ ലംഘനംമൂലമുണ്ടാകുന്ന അപകടങ്ങൾ

21 (*141) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീമതി യു. പ്രതിഭ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി

നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിൽ അമിതവേഗത്തിലും ട്രാഫിക് നിയമങ്ങൾ ലംഘിച്ചുകൊണ്ടും ഇരുചക്രവാഹനങ്ങൾ ഓടിക്കുന്നതുമൂലം അപകടങ്ങളും മരണങ്ങളും വർദ്ധിച്ചുവരുന്നത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി സേഫ് കേരള എൻഫോഴ്സ്മെന്റ് വിഭാഗം 24x7 എന്ന ക്രമത്തിൽ സംസ്ഥാനത്തുടനീളം റോഡ് നിരീക്ഷണവും കർശന വാഹന പരിശോധനയും നടത്തിവരുന്നു. ഡ്രൈവിംഗ് ലൈസൻസുകൾ നൽകുന്നതിനായുള്ള പരീക്ഷകൾ കർശനമായി നടത്തുകയും അതോടൊപ്പം തന്നെ റോഡ് സുരക്ഷാ ബോധവൽക്കരണം നടത്തുകയും ചെയ്യുന്നു. ഇരുചക്രവാഹനങ്ങൾ ഉപയോഗിക്കുന്ന കൗമാര/യൗവന വിഭാഗത്തിൽപ്പെട്ടവർക്ക് കൂടുതൽ ബോധവൽക്കരണം നൽകുന്നതിനും അത്തരം ആൾക്കാരെയും അവർ ഉപയോഗിക്കുന്ന അനധികൃത രൂപമാറ്റം വരുത്തിയ വാഹനങ്ങളേയും കേന്ദ്രീകരിച്ച് വാഹന പരിശോധന നടത്തിവരുന്നു. റോഡപകടങ്ങൾ കൃത്യമായി വിശകലനം ചെയ്ത് കാരണം കണ്ടെത്തി പരിഹാരം കാണുന്നതിന് എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക്

നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ റോഡുകളിൽ അമിതവേഗത്തിലും ട്രാഫിക് നിയമങ്ങൾ ലംഘിച്ചുകൊണ്ടും ഓടിക്കുന്ന ഇരുചക്ര വാഹനങ്ങൾക്കെതിരെ നിരവധി നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ നിരത്തുകളിൽ അമിതവേഗത കണ്ടെത്തുന്നതിനും തക്കതായ നിയമനടപടി സ്വീകരിക്കുന്നതിനുമായി സ്പീഡ് വയലേഷൻ ഡിറ്റക്ഷൻ ക്യാമറകൾ വിവിധ ഭാഗങ്ങളിലായി സ്ഥാപിച്ച് എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ കൺട്രോൾ റൂമുകളിൽ നിന്നും കുറ്റക്കാർക്കെതിരെ ചലാനുകൾ നൽകി നിയമ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ അമിത വേഗതയിലും അപകടകരമായും ഓടിക്കുന്ന ഇരുചക്രവാഹനങ്ങൾ ഉൾപ്പെടെ കണ്ടെത്തുന്നതിന് 3.08.2021 മുതൽ 9.8.2021 വരെയുള്ള കാലയളവിൽ ഓപ്പറേഷൻ റാഷ് എന്ന പേരിൽ മോട്ടോർ വാഹന വകുപ്പ് പരിശോധന നടത്തുകയും 11,745 കേസുകളിലായി 36,93,040 രൂപ പിഴയടപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പരിശോധന തുടർന്നും നടത്തിവരുന്നു.

(ബി) റോഡിലൂടെ സഞ്ചരിക്കുന്ന മറ്റ് വാഹനങ്ങൾക്കും കാൽനടയാത്രക്കാർക്കും നിയമലംഘനം നടത്തുന്ന വാഹനയാത്രികർമൂലമുണ്ടാകുന്ന നാശനഷ്ടങ്ങളുടെ നഷ്ടപരിഹാരം

മേൽപ്പറഞ്ഞവരിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ ഇത്തരം നടപടികൾ കോടതി വ്യവഹാരത്തിലൂടെയാണ് തീർപ്പാക്കാറുള്ളത്. ഒരു റോഡപകടം നടന്നാൽ സ്ഥലത്തെ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന എഫ്.ഐ.ആർ. പ്രകാരമുള്ള ക്രൈം കേസിന്മേൽ കോടതി ഉത്തരവുപ്രകാരമാണ് ആക്സിഡന്റിന് കാരണക്കാരായവരെ ശിക്ഷിക്കുന്നതും നഷ്ടപരിഹാരം വിധിക്കുന്നതും. കോടതിവിധി പ്രകാരമുള്ള നഷ്ടപരിഹാരം ഇൻഷ്വറൻസ് ഉള്ള വാഹനങ്ങൾക്ക് ഇൻഷ്വറൻസ് കമ്പനിയും അല്ലാത്തവയ്ക്ക് കോടതി ഉത്തരവ് പ്രകാരം ഡ്രൈവർ/വാഹന ഉടമയും നൽകേണ്ടതാണ്.

(സി) ഇത്തരം അപകടവും ശബ്ദമലിനീകരണവും ഉണ്ടാക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനും കനത്ത പിഴയീടാക്കുന്നതിനും കുറ്റകൃത്യത്തിന്റെ തോതനുസരിച്ചുള്ള വകുപ്പുകൾ ചുമത്തി കേസ്സുകൾ ചാർജ് ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

മോട്ടോർ വാഹന നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി ആവശ്യമായ നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചുവരുന്നു. നിയമവിരുദ്ധമായ ഹോൺ, സൈലൻസറുകൾ ഉപയോഗിച്ച് അമിതശബ്ദം പുറപ്പെടുവിക്കുന്നതും രൂപമാറ്റം വരുത്തിയെടുത്തിട്ടുള്ളതുമായ ഇരു

ചക്രവാഹനങ്ങൾ ഉൾപ്പെടെ കണ്ടെത്തുന്നതിന് 8.12.2021 മുതൽ 17.12.2021 വരെ 'ഓപ്പറേഷൻ ഡെസിബൽ' എന്ന പേരിൽ പരിശോധന നടത്തുകയും 4369 കേസുകളിലായി 15,95,000 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ അമിതവേഗതയിലും അനിയന്ത്രിതമായി ശബ്ദം പുറപ്പെടുവിച്ചുകൊണ്ടും ഗതാഗത നിയമങ്ങൾ ലംഘിക്കുന്ന ഇരുചക്രവാഹനങ്ങൾ ഉൾപ്പെടെ കണ്ടെത്തുന്നതിനായി സംസ്ഥാനത്ത് 'ഓപ്പറേഷൻ സൈലൻസ്' എന്ന പേരിൽ 14.2.2022 മുതൽ 18.2.2022 വരെ പരിശോധന നടത്തുകയും 2262 വാഹനങ്ങളിൽ നിയമ ലംഘനങ്ങൾ കണ്ടെത്തുകയും 12,63,000 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. തുടർന്നും റോഡപകടങ്ങളും ട്രാഫിക് നിയമ ലംഘനങ്ങളും കുറയ്ക്കാൻവേണ്ടി ഇത്തരം പരിശോധനകൾ മോട്ടോർ വാഹന വകുപ്പ് നടത്തുന്നതാണ്.

## വൈദ്യുത വാഹന പോളിസി റിപ്പോർട്ട്

22(*142) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) 2019-ൽ പ്രൊഫ. ജുൻജുൻവാലയുടെ നേതൃത്വത്തിലുള്ള ടാസ്ക്

ഫോഴ്സ് വൈദ്യുത വാഹന പോളിസി റിപ്പോർട്ട് തയ്യാറാക്കിയിരുന്നോ എന്ന് വിശദമാക്കാമോ; പ്രസ്തുത റിപ്പോർട്ടിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കുമോ?

പ്രൊഫ. ജുൻജുൻവാലയുടെ നേതൃത്വത്തിൽ 10.10.2017-ലെ G.O. (Rt.)No.242/2017/E&ITD പ്രകാരം രൂപീകൃതമായ ടാസ്ക്-ഫോഴ്സ്, കരട് വൈദ്യുത വാഹന പോളിസി സർക്കാരിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത പോളിസിയിലെ നിർദ്ദേശങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്:-

(i) 2020-നോടുകൂടി, വൈദ്യുതി ഇന്ധനമായുള്ള 2 ലക്ഷം ഇരുചക്ര വാഹനങ്ങൾ, 50000 മുച്ചക്ര വാഹനങ്ങൾ, 1000 ചരക്ക് വാഹനങ്ങൾ, 3000 ബസുകൾ, 100 ബോട്ടുകൾ എന്നിവ നിരത്തിലിറക്കുക; 2022-ഓടുകൂടി 10 ലക്ഷം വൈദ്യുത വാഹനങ്ങൾ നിരത്തിലിറക്കുക; വൈദ്യുത വാഹനങ്ങളുടെ ബാറ്ററി, മോട്ടോർ തുടങ്ങിയ യന്ത്രഭാഗങ്ങൾ സംസ്ഥാനത്ത് തന്നെ നിർമ്മിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുകയും തൊഴിൽ സാഹചര്യം വർദ്ധിപ്പിക്കുകയും ചെയ്യുക; ദീർഘകാലാടിസ്ഥാനത്തിൽ സംസ്ഥാനത്ത് തന്നെ വൈദ്യുത വാഹനങ്ങൾ നിർമ്മിക്കുക; വൈദ്യുത വാഹന നിർമ്മാണത്തിൽ സംസ്ഥാനത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക.

(ii) സംസ്ഥാനത്തെ വൈദ്യുത വാഹന വിപണി

പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇലക്ട്രിക് വെഹിക്കിൾസ് എക്സ്പോകൾ സംഘടിപ്പിക്കുക; പഴയ ഡീസൽ ഓട്ടോറിക്ഷകൾ നിരത്തിൽ നിന്ന് ഒഴിവാക്കുക; ഇലക്ട്രിക് ഓട്ടോറിക്ഷകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വാഹന വിലയുടെ 25% അല്ലെങ്കിൽ 30,000 രൂപ, ഏതാണോ കുറവ് ആ തുക സബ്സിഡിയായി അനുവദിക്കുക.

(iii) വൈദ്യുത വാഹനങ്ങൾ വ്യാപകമാക്കുന്നതിനായി സംസ്ഥാനത്തുടനീളം ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി-യെ സ്റ്റേറ്റ് നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തുക; നിലവിലെ പെട്രോൾ ബങ്കുകളുടെ ഭാഗമായി ബാറ്ററി സ്വാപ്പിംഗ് സ്റ്റേഷനുകൾ യാഥാർഥ്യമാക്കുന്നതിനായി കെ.എസ്.ഇ.ബി, എണ്ണക്കമ്പനികൾ എന്നിവർ സംയുക്തമായി പ്രവർത്തിക്കുക; എണ്ണക്കമ്പനികളെ ചാർജ്ജിംഗ് നെറ്റ്‌വർക്ക് സ്ഥാപിക്കുന്നതിനായി പ്രോത്സാഹിപ്പിക്കുക.

(iv) വൈദ്യുത വാഹനങ്ങളുടെയും ചാർജ്ജിംഗ്-സ്വാപ്പിംഗ് സ്റ്റേഷനുകളുടെയും മതിയായ ലഭ്യത ഉറപ്പാക്കിയാൽ മൂന്നാർപോലെയുള്ള പരിസ്ഥിതിലോല പ്രദേശങ്ങളിൽ ഇലക്ട്രിക്-നാലുചക്ര വാഹനങ്ങൾക്ക് മാത്രം അനുമതി നൽകുന്നതുവഴി ഇത്തരം മേഖലകളെ പൊല്യൂഷൻ ഫ്രീ EV

Zone ആയി മാറ്റാവുന്നതാണ്.

(v) സർക്കാർ ഉപയോഗത്തിനായും ടാക്സി കാറുകളായും ഇലക്ട്രിക് കാറുകൾ ഉപയോഗപ്പെടുത്തുക; ഇലക്ട്രിക് കാറുകളിൽ in built battery-ക്കുപുറമെ, വാടകയ്ക്കെടുക്കാവുന്ന വ്യത്യസ്ത ശേഷിയുള്ള 'റേഞ്ച് എക്സ്റ്റൻഷൻ ബാറ്ററികൾ' ദീർഘദൂര യാത്രകൾക്ക് ഉപയോഗപ്പെടുത്തുക; നഗരങ്ങളിലെ പ്രധാന സ്ഥലങ്ങളിലും ദേശീയപാതകളിലും സംസ്ഥാന പാതകളിലും റേഞ്ച് എക്സ്റ്റൻഷൻ ബാറ്ററികൾക്കായി നിരവധി ഡിസി ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളും സ്വാപ്പിംഗ് സ്റ്റേഷനുകളും നിർമ്മിക്കുക; എല്ലാ സ്വാപ്പിംഗ്/ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ലിസ്റ്റും ഭൂമിശാസ്ത്രപരമായ സ്ഥാനവും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന വിധത്തിൽ മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുക.

(vi) ഇലക്ട്രിക് വാഹനങ്ങളുടെ റോഡ് നികുതി, രജിസ്ട്രേഷൻ തീയതി മുതൽ, മൂന്ന് വർഷത്തേയ്ക്ക് പൂർണ്ണമായും ഒഴിവാക്കുക; റോഡ് ടാക്സ്, ടോൾ ഫീസ്, പാർക്കിംഗ് ഫീസ് മുതലായവയിൽ ഇളവുകളുടെ രൂപത്തിൽ പ്രൊമോഷണൽ ഇൻസെന്റീവുകൾ നൽകുക.

(vii) ഇ-ഓട്ടോ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വകാര്യ മേഖലയിലെ കമ്പനികളുമായി ചേർന്ന്, കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് സംയുക്ത

സംരംഭം രൂപീകരിക്കുക.

(viii) ഇലക്ട്രിക് വാഹന നിർമ്മാണയൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി വ്യാവസായിക-ഐ.ടി. നയത്തിൽ വ്യവസ്ഥ ചെയ്തിട്ടിരിക്കുന്നതുപോലെ വൈദ്യുതി നിരക്കിലെ ഇളവ്, ഭൂമി സംബന്ധിച്ച നികുതികളിലെ ഇളവ് തുടങ്ങിയ സാമ്പത്തിക ആനുകൂല്യങ്ങൾ നിർമ്മാണ യൂണിറ്റുകൾക്ക് നൽകുക; സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിന് പ്രാദേശിക നിർമ്മാതാക്കൾക്ക് പിന്തുണ നൽകുന്നതിനായി ആഗോളതലത്തിലെ സാങ്കേതിക വിദഗ്ധരുടെ സഹകരണം ഉറപ്പാക്കുക.

(ix) ഇലക്ട്രിക്ക് വെഹിക്കിളുകളുടെ വിവിധ ഘടകങ്ങൾ ഉൾപ്പെടെ ബാറ്ററി സാങ്കേതികവിദ്യ, ഡ്രൈവ് ട്രെയിൻ സാങ്കേതികവിദ്യ, സോഫ്റ്റ്‌വെയർ വികസനം, ചാർജ്ജിംഗ് സാങ്കേതികവിദ്യ എന്നിവയ്ക്കായി സംസ്ഥാന സർക്കാർ മികവിന്റെയും കേന്ദ്രങ്ങൾ സ്ഥാപിക്കുക.

(x) ഇലക്ട്രിക്ക് വാഹന വ്യവസായവുമായി ബന്ധപ്പെട്ട പുതിയ സാങ്കേതിക വിദ്യ, ടെക്നിക്കൽ സ്കൂളുകളുടെ (എഞ്ചിനീയറിംഗ്, സയൻസ് ഉൾപ്പെടെ), പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക.

(xi) ഇലക്ട്രിക് വാഹനവുമായി ബന്ധപ്പെട്ട മേഖലകളിലെ ബിരുദധാരികൾക്കും പ്രൊഫഷണലുകൾക്കും പ്രത്യേക നൈപുണ്യ

പരിപാടികൾ രൂപീകരിക്കുക.

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ വിഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം പെട്രോൾ-ഡീസൽ വാഹനങ്ങളിൽനിന്നും ഇലക്ട്രിക് വാഹനങ്ങളിലേയ്ക്കുള്ള പൂർണ്ണമായ മാറ്റം ഏത് വർഷത്തേയ്ക്കാണ് വിഭാവനം ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

കരട് വൈദ്യുത വാഹന നയത്തിലെ വിഷൻ സ്റ്റേറ്റ്മെന്റിൽ പെട്രോൾ-ഡീസൽ വാഹനങ്ങളിൽനിന്നും ഇലക്ട്രിക് വാഹനങ്ങളിലേയ്ക്ക് ഏത് വർഷം പൂർണ്ണമായി മാറാൻ സാധിക്കുമെന്നത് സംബന്ധിച്ച പരാമർശമില്ല. എന്നിരുന്നാലും 2020-ഓടുകൂടി, വൈദ്യുതി ഇന്ധനമായ 2 ലക്ഷം ഇരുചക്ര വാഹനങ്ങൾ, 50000 മുച്ചക്ര വാഹനങ്ങൾ, 1000 ചരക്ക് വാഹനങ്ങൾ, 3000 ബസുകൾ, 100 ബോട്ടുകൾ എന്നിവ കൂടാതെ 2022 ഓടുകൂടി, 10 ലക്ഷം വൈദ്യുത വാഹനങ്ങളും നിരത്തിലിറക്കുക എന്നതാണ് വൈദ്യുത വാഹന നയത്തിൽ വിഭാവനം ചെയ്തത്.

(സി) 2022-ഓടെ പത്ത് ലക്ഷം ഇലക്ട്രിക് വാഹനങ്ങൾ നിരത്തിലിറങ്ങുമെന്ന് പ്രസ്തുത റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടോ; എങ്കിൽ ഇത് യാഥാർത്ഥ്യമാക്കാൻ സാധിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

ഉണ്ട്. നാളിതുവരെ സംസ്ഥാനത്ത് വിവിധ ഇനങ്ങളിലായി ആകെ

18100 ഇലക്ട്രിക് വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ, കെ.എസ്.ആർ.ടി.സി. 10 ഇലക്ട്രിക് വാഹനങ്ങൾ 2018 നവംബർ മാസത്തിൽ, വെറ്റ്ലീസ് അടിസ്ഥാനത്തിൽ M/s മഹാവോയേജ് എൽ.എൽ.പി. എന്ന സ്ഥാപനത്തിൽനിന്നും ലഭ്യമാക്കി സർവീസ് നടത്തിയിരുന്നു. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത വൈദ്യുത വാഹനങ്ങളുടെ ഇനം തിരിച്ചുള്ള പട്ടിക അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ഡി) 2025-ഓടെ ആറായിരത്തോളം കെ.എസ്.ആർ.ടി.സി. ബസ്സുകൾ വൈദ്യുതി ബസ്സുകളാക്കി കേരളത്തിലെ പൊതു ഗതാഗത സംവിധാനം ശക്തിപ്പെടുത്തണമെന്ന് റിപ്പോർട്ടിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

പൊതുഗതാഗത സംവിധാനത്തിന്റെ നിലവാരം ഉയർത്തുന്നതിനായി കെ.എസ്.ആർ.ടി.സി-യുടെ 6000-ത്തിലധികം ബസ്സുകൾ ഉൾപ്പെടുന്ന ഫ്ലീറ്റ്, 2025-ഓടുകൂടി പൂർണ്ണമായും ഇലക്ട്രിക് വാഹനങ്ങളാക്കണമെന്ന് വൈദ്യുത വാഹന നയത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഘട്ടംഘട്ടമായി ഇതു നടപ്പാക്കുന്നതിന്റെ ഭാഗമായി 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനായി കെ.എസ്.ആർ.ടി.സി., 24.12.2021-ൽ വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഏൺ വൈൽ യു ലേൺ പദ്ധതി

23(*143) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം സമ്പാദ്യശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ ഏൺ വൈൽ യു ലേൺ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പഠനത്തോടൊപ്പം വരുമാനവും (Earn while You Learn) എന്ന ആശയത്തിലൂന്നി ക്യാമ്പസുകളെ ഉൽപ്പാദന കേന്ദ്രങ്ങളാക്കി മാറ്റുകയും വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം വരുമാനമാർഗ്ഗവും കണ്ടെത്താൻ സാധിക്കുന്ന തരത്തിൽ ഇൻഡസ്ട്രി ഓൺ ക്യാമ്പസ് എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ തെരഞ്ഞെടുത്ത പോളിടെക്ക്നിക് കോളേജുകളിൽ ഉല്പാദന പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ഈ ഉല്പാദന പരിശീലന കേന്ദ്രങ്ങളിൽ നിർമ്മിച്ച ഉൽപ്പന്നങ്ങൾ

സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്ക് കോളേജുകളിലും സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് മേധാവിയുടെ നിർദ്ദേശപ്രകാരം ആവശ്യാനുസരണം സൗജന്യമായി വിതരണം ചെയ്തുവരുന്നു. ഉല്പാദന പരിശീലനകേന്ദ്രം വിദ്യാർത്ഥികൾക്ക് വ്യാവസായിക അന്തരീക്ഷം പരിചയപ്പെടുത്തുന്നതിനുള്ള സൗകര്യത്തിനോടൊപ്പം ഒരു ചെറിയ വരുമാനം ലഭിക്കുന്നതിനും സാഹചര്യമുണ്ടാക്കുന്നു. വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം സമ്പാദ്യ ശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സർക്കാർ കോളേജുകളിൽ ഈ പദ്ധതി ഈ സാമ്പത്തിക വർഷം മുതൽ ആരംഭിക്കുകയും കോളേജുകൾക്ക് ആവശ്യമായ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിലൂടെ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തന്നെ തൊഴിൽ പരിശീലനം നേടുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. വിവിധ ഉൽപ്പന്നങ്ങളുടെ നിർമ്മാണം, വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾ തുടങ്ങിയ വിവിധ പ്രോജക്ടുകളുടെ നടത്തിപ്പിന് ആവശ്യമായ സൗകര്യങ്ങൾ കോളേജുകളിൽ

ഒരുക്കുന്നതിനായുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുകയെന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി പ്രത്യേകമായ നിലയിൽ സജ്ജീകരിച്ച് ആവശ്യമായ കമ്പ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റിയോടുംകൂടി ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. അസാപ് മുഖേന കേരളത്തിലെ ഗവൺമെന്റ് പോളിടെക്നിക്കുകളിൽ ആധുനിക യന്ത്രസാമഗ്രികൾ വിതരണം ചെയ്തിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ പുതിയ സംരംഭമായ CORaL (Collaborative Research and Learning) സ്ഥാപനങ്ങളിലെ മാനവശേഷി ഉപയോഗിച്ച് സർക്കാർ വകുപ്പുകൾക്കും ഏജൻസികൾക്കും ആവശ്യമായ സാങ്കേതിക സഹായവും ഗവേഷണ പ്രവർത്തനങ്ങളും നടത്തുന്നതിനോടൊപ്പം വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലനം ലഭ്യമാക്കുവാനും ലക്ഷ്യമിടുന്നു.

(സി) വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട തൊഴിൽ പരിശീലനം നൽകുന്നതിനായി അന്താരാഷ്ട്ര കമ്പനികളുമായി സഹകരിച്ച് ഇന്റേൺഷിപ്പ് പ്രോഗ്രാമുകൾ നടത്തുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. അസാപ് നൽകിവരുന്ന നൈപുണ്യവികസന കോഴ്സുകളുടെ ഭാഗമായി വിവിധ അന്തർദ്ദേശീയ സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പിന് അവസരമൊരുക്കിക്കൊടുക്കുന്നുണ്ട്. ഇതുകൂടാതെ ഒരു വർഷംവരെ നീളുന്ന ഇന്റേൺഷിപ്പ് പ്രോഗ്രാമുകൾ, ഐ.ടി., ഹെൽത്ത് കെയർ എന്നീ മേഖലകളിലെ പ്രമുഖ വ്യവസായ സ്ഥാപനങ്ങളിൽ സ്റ്റൈപന്റോടുകൂടി നൽകുന്നുണ്ട്.

## കർഷക ക്ഷേമത്തിനായുള്ള പദ്ധതികൾ

24(*144) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ ഒ. ആർ. കേളു:
ശ്രീ. എച്ച്. സലാം:
ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷയും തൊഴിൽ സുരക്ഷയും കാർഷിക മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് കാർഷിക മേഖലയിൽ 5 ലക്ഷം തൊഴിൽ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിക്കുന്ന പദ്ധതികളെക്കുറിച്ച് അറിയിക്കാമോ?

സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷയും തൊഴിൽ സുരക്ഷയും കാർഷിക

മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് കാർഷിക മേഖലയിൽ വർദ്ധിച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിക്കുന്നവയാണ് 'ഞങ്ങളും കൃഷിയിലേക്ക്', 'പതിനായിരം കർഷക ഗ്രൂപ്പുകൾ' എന്നീ പദ്ധതികൾ. കേരള സർക്കാരിന്റെ രണ്ടാം നൂറു ദിന പദ്ധതിയുടെ ഭാഗമായി യുവാക്കൾ, വനിതകൾ, പ്രവാസികൾ തുടങ്ങി എല്ലാവരെയും കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും കോവിഡ് മഹാമാരിയുടെ കാലത്ത് ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളാണിവ. മേല്പറഞ്ഞ പദ്ധതികൾക്ക് പുറമെ രണ്ടാം 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി സുഭിക്ഷം സുരക്ഷിതം-ഭാരതീയ പ്രകൃതിക് കൃഷി പദ്ധതിയിൽ 10,000 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട് ആരംഭിക്കുന്ന യൂണിറ്റുകൾ, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം (SFAC) മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ/ചെറുകിട/ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ (FPO) രൂപീകരിക്കൽ എന്നിവ കാർഷിക രംഗത്തെ

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹായിക്കുന്നതാണ്. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ഈ പദ്ധതികൾ നടപ്പിലാക്കുന്നതാണ്. മേൽ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-1+ ആയി ചേർത്തിരിക്കുന്നു.

(ബി) ആധുനിക കൃഷി രീതികളാണ് അവലംബിക്കുന്നതെങ്കിൽ സംഘകൃഷി അനിവാര്യമായതിനാൽ സംഘങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന രീതിയിലാണോ പ്രസ്തുത പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കാമോ?

മേൽ പരാമർശിച്ച പദ്ധതികൾ വ്യക്തിഗത ഗുണഭോക്താക്കൾക്കും ഗ്രൂപ്പുകൾക്കും പ്രോത്സാഹനം നൽകുന്ന രീതിയിലാണ് രൂപീകരിച്ചിട്ടുള്ളത്. യുവാക്കളെയും വനിതകളെയും പ്രവാസികളെയും കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും കോവിഡ് മഹാമാരിയുടെ കാലത്ത് ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി സംഘകൃഷി അടിസ്ഥാനത്തിൽ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കുന്ന പദ്ധതിയാണ് "പതിനായിരം കർഷക ഗ്രൂപ്പുകൾ" . ഓരോ പഞ്ചായത്തിലും പത്ത് മുതൽ പതിനഞ്ച് കർഷകർ ഉൾപ്പെടുന്ന, കുറഞ്ഞത് പത്തു വീതം കർഷക ഗ്രൂപ്പുകൾ

+

രൂപീകരിച്ച് ഓരോ ഗ്രൂപ്പുകളും ഒരു ഹെക്ടറിൽ കുറയാത്ത സ്ഥലത്ത് പുതുതായി കൃഷി ചെയ്യുന്നതിനായാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പച്ചക്കറി, വാഴ, കിഴങ്ങ്, പയർവർഗ്ഗ വിളകൾ, എണ്ണക്കുരുക്കൾ, ചെറുധാന്യങ്ങൾ എന്നീ കൃഷികളാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പരിപാടിയിലൂടെ പഞ്ചായത്തുതലത്തിൽ കുറഞ്ഞത് 10 ഹെക്ടർ സ്ഥലത്തെങ്കിലും ആധുനിക കൃഷി രീതികൾ അവലംബിച്ചുകൊണ്ട് പുതിയതായി കൃഷിയിറക്കാനും അങ്ങനെ കേരളമൊട്ടാകെ 10000 ഹെക്ടർ അധിക സ്ഥലത്ത് കൃഷി നടപ്പിലാക്കുന്നതുമൂലം സംസ്ഥാനമൊട്ടാകെ കുറഞ്ഞത് 1.5 ലക്ഷം മെട്രിക് ടൺ കാർഷികോല്പാദന വർദ്ധനവ് നേടുവാനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. സർക്കാരിന്റെ 100 ദിന പരിപാടിയുടെ ഭാഗമായി എല്ലാ ജനങ്ങളെയും കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് "ഞങ്ങളും കൃഷിയിലേയ്ക്ക്". കൃഷി വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, അനുബന്ധ വകുപ്പുകൾ എന്നിവയുടെ ഏകോപനത്തിലൂടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്. എല്ലാ ജനങ്ങളെയും കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. പുതിയ ഗുണഭോക്താക്കളിലൂടെ 10,000 ഹെക്ടർ സ്ഥലത്ത് കൃഷി

വ്യാപിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. യുവാക്കളുടെയും സ്ത്രീകളുടെയും പ്രവാസികളുടെയും സജീവ പങ്കാളിത്തം ഉറപ്പാക്കും. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങൾ മുതലായവയുടെ പങ്കാളിത്തം തുടങ്ങിയവയും ഉൾപ്പെടുത്തുന്നതാണ്. പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് പച്ചക്കറി വിത്ത് പാക്കറ്റുകളും പച്ചക്കറി തൈകളും വിതരണം ചെയ്യും.

(സി) കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം നേടുന്നതിനായി ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കിയുള്ള വിപണി വിപുലീകരണത്തിനും മൂല്യവർദ്ധിതോല്പന്നങ്ങളുടെ വ്യാപനത്തിനും മുൻഗണന നൽകുമോ; വ്യക്തമാക്കാമോ?

നൽകും. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം നേടുന്നതിനായി ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കിയുള്ള വിപണി വിപുലീകരണത്തിനും മൂല്യവർദ്ധിതോല്പന്നങ്ങളുടെ വ്യാപനത്തിനും ന്യായവില ലഭ്യമാക്കുന്നതിന് വിവിധ ക്രമീകരണങ്ങളാണ് സംസ്ഥാന കൃഷി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. കേരള ഫാം ഫ്രഷ് പഴം പച്ചക്കറി താങ്ങുവില പദ്ധതി -2020 നവംബർ 1-ന് പ്രാബല്യത്തിൽ വന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം-

പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, കാബേജ്, കാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നിവയ്ക്കാണ് താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത്. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാനവില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശപ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതുപ്രകാരം ഉത്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് കൃഷി വകുപ്പിന്റെ കീഴിൽ തെരഞ്ഞെടുത്ത 300 വിപണികൾ വഴി സംഭരിക്കുന്നു. ഇങ്ങനെ സംഭരിക്കുമ്പോൾ ഉണ്ടാകുന്ന പ്രഖ്യാപിച്ച താങ്ങു വിലയിൽ നിന്നുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേയ്ക്ക് DBT-യായി നൽകുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ 3458 കർഷകർക്ക് 3.02 കോടി രൂപ നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 8401 കർഷകർക്ക് 7.87 കോടി രൂപ നൽകിയിട്ടുണ്ട്. കൂടാതെ ഉത്സവ കാലങ്ങളിൽ പ്രത്യേകിച്ച് ഓണം, വിഷു കാലയളവിൽ കർഷകരിൽനിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതു വിപണികളിൽനിന്നും

ലഭ്യമാകുന്ന അതാത് ഇനങ്ങളുടെ സംഭരണ വിലയേക്കാൾ 10% അധികം വില നൽകി സംഭരിക്കുന്നു. കൃഷി വകുപ്പ് സംഭരിക്കുന്ന ഉത്പന്നങ്ങൾ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച്ചചന്തകൾ, ഹോർട്ടികോർപ്പ് വിപണികൾ, വി.എഫ്.പി.സി.കെ. വിപണികൾ വഴി വിപണനം നടത്തിവരുന്നു. കാർഷികരംഗത്തെ തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനും കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട് ആരംഭിക്കുന്ന യൂണിറ്റുകൾ, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ/ചെറുകിട/ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കൽ എന്നിവ സഹായിക്കുന്നതാണ്. സഹകരണ വകുപ്പുമായി ചേർന്നും ഈ പദ്ധതികൾ നടപ്പിലാക്കുന്നു. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികളാണ് എസ്.എഫ്.എ.സി വഴി നടപ്പാക്കുന്നത്. SFAC-യുടെ കീഴിൽ 38 MSME യൂണിറ്റുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിനു പുറമേ 150 ഫാർമർ

പ്രൊഡ്യൂസർ കമ്പനികൾ ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. കാർഷികോൽപ്പാദനം മുതൽ വിപണനം, മൂല്യവർദ്ധനവ്, അവയുടെ വിപണനം എന്നിവയുടെയെല്ലാം ഏകോപനവും FPO-കൾ ഉറപ്പാക്കുന്നതാണ്. സഹകരണ വകുപ്പുമായി ചേർന്ന് ഭക്ഷ്യോത്പന്ന സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞു. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ, കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ/വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കൻഡറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/ഇൻക്യുബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നിവ ഈ വർഷം സഹകരണ വകുപ്പിന്റെ സഹകരണത്തോടെ കൃഷി വകുപ്പ് നടപ്പിലാക്കുന്നു. കൂടാതെ വ്യക്തികൾക്ക് സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് 50% സബ്സിഡി നിരക്കിൽ 51 പേർക്ക് 84 ലക്ഷം രൂപയും PACS, FPO, മറ്റു സ്ഥാപനങ്ങൾ എന്നിവ മുഖേന സ്ഥാപിക്കുന്ന സംസ്കരണ മൂല്യവർദ്ധിത യൂണിറ്റുകൾ, ഇൻക്യുബേഷൻ സെന്ററുകൾ എന്നിവ സ്ഥാപിക്കുന്നതിനും 9 യൂണിറ്റുകൾക്ക് 94 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൃഷിക്കാരുടെ വരുമാനം, കാർഷികോൽപ്പാദനക്ഷമത, ഉൽപ്പന്ന സംഭരണം, ഉൽപ്പന്നങ്ങളുടെ വില, മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം,

മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുന്നതിന് ശിപാർശകൾ സമർപ്പിക്കുന്നതിനായി മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ഡി) കർഷക ക്ഷേമത്തിനായുള്ള പദ്ധതികളെ കുറിച്ച് അറിയിക്കാമോ?

കർഷക ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം-2+ആയി ചേർക്കുന്നു.

കെ.എസ്.ആർ.ടി.സി.യെ സ്വയംപര്യാപ്തമാക്കുന്നതിനുള്ള പദ്ധതികൾ

25(*145) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. പി. നന്ദകുമാർ:
ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ ഗതാഗത സംവിധാനത്തോടുള്ള കേന്ദ്ര സർക്കാരിന്റെ വിവേചനം തിരുത്താൻ ആവശ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; ബൾക്ക് പർച്ചേസ് എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി മറ്റ് ഉപഭോക്താക്കൾക്ക് നൽകുന്നതിനേക്കാൾ ലിറ്ററിന് 6.73 രൂപ ഡീസൽ വില വർദ്ധിപ്പിച്ചതിനാൽ കെ.എസ്.ആർ.ടി.സി-ക്ക് ഉണ്ടാകുന്ന അധിക

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമ്പത്തിക ബാദ്ധ്യത എത്രയെന്ന് അറിയിക്കാമോ?

പൊതുമേഖലാ ഗതാഗത സംവിധാനം നേരിട്ടുകൊണ്ടിരിക്കുന്ന നിർണ്ണായകമായ പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടും അവ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ബഹു. മുഖ്യമന്ത്രി ബഹു. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി-ക്ക് നിലവിൽ ശരാശരി 270 കിലോലിറ്റർ ഡീസലാണ് പ്രതിദിനം ആവശ്യമായി വരുന്നത്. ബൾക്ക് പർച്ചേസ് എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി മറ്റ് ഉപഭോക്താക്കൾക്ക് നൽകുന്നതിനേക്കാൾ ലിറ്ററിന് 6.78 രൂപ ഡീസൽവില വർദ്ധിക്കുമ്പോൾ പ്രതിദിനം കെ.എസ്.ആർ.ടി.സി-ക്ക് 18.30 ലക്ഷം രൂപയുടെ അധിക ബാധ്യത ഉണ്ടാകുന്നതാണ്.

(ബി) പ്രതിദിന വരുമാനം പത്ത് കോടി രൂപയിലെത്തിച്ച് കെ.എസ്.ആർ.ടി.സി-യെ സ്വയംപര്യാപ്തമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വ്യക്തമാക്കാമോ; പുതിയ എത്ര ബസ്സുകൾ നിരത്തിലിറക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

പ്രതിദിന വരുമാനം പത്ത് കോടി രൂപയിലെത്തിച്ച് കെ.എസ്.ആർ.ടി.സി-യെ സ്വയംപര്യാപ്തമാക്കുന്നതിനായി കോവിഡ്

നിയന്ത്രണങ്ങൾക്ക് മുമ്പ് 2019 ഡിസംബറിൽ ഓപ്പറേറ്റ് ചെയ്തിരുന്ന സർവ്വീസുകൾ പുനരാരംഭിക്കുകയും പുതുതായി കൂടുതൽ യാത്രാവശ്യമുള്ളതും ഗുണകരവുമായ റൂട്ടുകളിലേയ്ക്ക് അധിക സർവ്വീസുകൾ നടത്തുകയും ചെയ്ത് ഷെഡ്യൂളുകൾ 6000 ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സിറ്റി സർക്കുലർ - 108 ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് നഗരപരിധിയിൽ സർക്കുലർ സർവ്വീസുകൾ തിരുവനന്തപുരത്ത് 2021 നവംബർ മാസം മുതൽ ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ വിജയത്തിനുശേഷം കൊച്ചി, കോഴിക്കോട് നഗരങ്ങളിൽകൂടി ഇത്തരം ബസ് ഉപയോഗിച്ച് സർവ്വീസുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. സമുദ്ര ബസ് പദ്ധതി- മത്സ്യവിപണനത്തിനായി തീരദേശത്തുനിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്ര ചെയ്യുന്ന വനിതാ തൊഴിലാളികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി പ്രധാന മത്സ്യ വിപണന കേന്ദ്രങ്ങളിൽ നിന്നും സിറ്റിയ്ക്കുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും പ്രത്യേക സംവിധാനങ്ങളോടുകൂടിയ പ്രത്യേക നിറത്തിലുള്ള 3 ലോ ഫ്ളോർ സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി-ക്ക് 67.5 ലക്ഷം രൂപ വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന രീതിയിൽ ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകി

ഓപ്പറേറ്റ് ചെയ്തുവരുന്നു. ഇത്തരം സർവ്വീസുകൾ വ്യാപിപ്പിക്കുന്നതിനും കെ.എസ്.ആർ.ടി.സി-ക്ക് പദ്ധതിയുണ്ട്. ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് വിനോദസഞ്ചാരികൾക്കായുള്ള സർവ്വീസ്-കെ.എസ്.ആർ.ടി.സി. ലോ ഫ്ളോർ എ.സി. ബസ്സുകളിലും ദീർഘദൂര മൾട്ടി ആക്സിൽ സർവീസുകളിലും ഇ-ബൈക്ക്, ഇ-സ്കൂട്ടർ, സൈക്കിൾ തുടങ്ങിയ ഇരുചക്ര വാഹനങ്ങൾ യാത്രക്കാരുടെയൊപ്പം കൊണ്ടുപോകുന്നതിന് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ബൈപ്പാസ് റൈഡർ/ചെയിൻ സർവ്വീസുകൾ/വിമാനത്താവളങ്ങളിലേയ്ക്കുള്ള സർവ്വീസുകൾ-ലോ ഫ്ളോർ എ.സി. ബസ്സുകൾകൂടി ഉപയോഗിച്ച് രാത്രിയിലും പകലുമായി ഒരുപോലെ ഒരു മണിക്കൂർ ഇടവേളകളിൽ തിരുവനന്തപുരം-കോഴിക്കോട് സർവ്വീസുകൾ എൻ.എച്ച്., എം.സി. റോഡുകൾ വഴി ബൈപാസ് റൈഡർ ആയി ഓപ്പറേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം-എറണാകുളം, എറണാകുളം-കോഴിക്കോട് ചെയിൻ സർവ്വീസുകൾ, വിമാനത്താവളങ്ങളിലേയ്ക്കുള്ള ഗൾഫ് കണക്ട് സർവ്വീസുകൾ എന്നിവ കോവിഡ് നിയന്ത്രണങ്ങളും വ്യാപനവും കുറയുന്ന മുറയ്ക്ക് എ.സി. ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് നടത്താൻ ലക്ഷ്യമിട്ടിട്ടുണ്ട്. സിറ്റി ഷട്ടിൽ സർവ്വീസുകൾ-തിരുവനന്തപുരം നഗരത്തിലെ പൊതുഗതാഗത സംവിധാനം

പരിഷ്കരിക്കുന്നതിന്റെ ഭാഗമായി സിറ്റി സർക്കുലർ സർവ്വീസിന് അനുബന്ധമായി ആരംഭിക്കുന്ന നൂതന ബസ് സർവ്വീസ് ആണ് "സിറ്റി ഷട്ടിൽ". തിരുവനന്തപുരം നഗരത്തിന് പുറത്ത് 15 കിലോമീറ്റർ മുതൽ 20 കിലോമീറ്റർ വരെയുള്ള ദൂരത്തുനിന്നും വരുന്ന യാത്രക്കാർ സ്വന്തം വാഹനങ്ങളെയാണ് ആശ്രയിക്കുന്നത്. ഇത് നഗരത്തിലെ ഗതാഗതക്കുരുക്കിനും റോഡുകളിൽ പാർക്കിംഗ് വർദ്ധിക്കുന്നതിനും അന്തരീക്ഷ മലിനീകരണത്തിനും അപകടങ്ങൾ വർദ്ധിക്കുന്നതിനും കാരണമാകുന്നു. ഇതിനുള്ള ശാസ്ത്രീയ പരിഹാരമെന്ന നിലയിൽ ഗ്രാമാതിർത്തിയിൽ നിന്നുള്ള യാത്രക്കാരെ സുഗമമായ യാത്രാസൗകര്യം ഒരുക്കി നഗരപരിധിയിൽ എത്തിക്കുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. ഇത് തിരുവനന്തപുരം- നെയ്യാറ്റിൻകര റൂട്ടിൽ 12 ബസ്സുകളുപയോഗിച്ച് പ്രാഥമികമായി ആരംഭിച്ചിട്ടുണ്ട്. ആയത് എല്ലാ റൂട്ടുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. സിറ്റി റേഡിയൽ സർവ്വീസ്- തിരുവനന്തപുരം ജില്ലയുടെ ഒരു ഭാഗത്തുനിന്നും മറ്റൊരു ഭാഗത്തേയ്ക്ക് നഗരത്തെ മുറിച്ച് നേരിട്ട് കടന്നുപോകുന്ന സർവ്വീസുകളാണ് സിറ്റി റേഡിയൽ സർവ്വീസ്. ഫീഡർ സർവീസ്- കെ.എസ്.ആർ.ടി.സി.-യുടെ യാത്രക്കാർക്ക് ലാസ്റ്റ് മൈൽ (Last Mile), ഫസ്റ്റ് മൈൽ (First Mile)

കണക്റ്റിവിറ്റി ലഭ്യമാക്കുന്നതിനായി ഓട്ടോറിക്ഷാ ജീവനക്കാരുമായി കൈ കോർത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് ഫീഡർ സർവ്വീസ്. ടി പദ്ധതിയുടെ ഭാഗമായി യാത്രക്കാർക്ക് ലാസ്റ്റ് മൈൽ (Last Mile), ഫസ്റ്റ് മൈൽ (First Mile) കണക്റ്റിവിറ്റിയ്ക്ക് ആവശ്യമായ ഓട്ടോറിക്ഷ മൊബൈൽ ആപ്ലിക്കേഷനിലൂടെ ബുക്ക് ചെയ്യുവാൻ സാധിക്കും. ഇതിലേയ്ക്കാവശ്യമായ മൊബൈൽ ആപ്ലിക്കേഷൻ ശ്രീചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗുമായി ചേർന്ന് നിർമ്മിച്ചുവരികയാണ്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമേഖലാ എണ്ണക്കമ്പനികളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി-യുടെ നിലവിലെ കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്നരീതിയിൽ സംസ്ഥാനത്തുടനീളം പൊതുജനങ്ങൾക്കായി 75 ഇന്ധന ചില്ലറ വില്പനശാലകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. തുടക്കത്തിൽ പെട്രോളും ഡീസലും ആയിരിക്കും ഈ ഔട്ട്ലെറ്റുകളിൽ നിന്ന് വിതരണം ചെയ്യുന്നത്. എന്നാൽ ക്രമേണ ഹരിത ഇന്ധനങ്ങളായ CNG, Electricity Vehicle Charging എന്നിവയ്ക്കുള്ള സംവിധാനവും ഏർപ്പെടുത്തിക്കൊണ്ട് ഇതൊരു Multi-Fuel Dispensing Facility ആയി മാറ്റുവാൻ ഉദ്ദേശിക്കുന്നു. ആദ്യഘട്ടത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 8

ഔട്ട്ലെറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രണ്ടാംഘട്ട പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി-യുടെ വരുമാന സ്രോതസ്സുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി-യിൽ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും ഈ വിഭാഗം രൂപീകരിച്ച ശേഷം കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ പരസ്യം, ബസ് സ്റ്റേഷനുകളിലെ പരസ്യം, ബസ്സുകൾ വാടകയ്ക്ക് നൽകൽ, കേരളത്തിലെ മറ്റു പൊതുമേഖലാ സ്ഥാപനങ്ങളുടെ ആവശ്യത്തിനായി ബസ്സുകൾ അനുവദിച്ചു നൽകൽ കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ അധീനതയിലുള്ള ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങൾ, കെട്ടിടങ്ങൾ, കടമുറികൾ എന്നിവ ആവശ്യക്കാർക്ക് ടെണ്ടർ ചെയ്തുനൽകുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിലൂടെ പ്രതിമാസം ശരാശരി 5 കോടി രൂപ വരെ ലഭിക്കത്തക്ക രീതിയിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്ക വിധത്തിൽ GPRS Blue tooth, RFID സംവിധാനമുള്ള ETM മെഷീനുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ നൽകുകയും വിവിധ ഡിപ്പോകളിലേയ്ക്കും ടി മെഷീനുകളുടെ വിതരണം

പുരോഗമിച്ചുവരികയുമാണ്. ഇത് പൂർണ്ണമായി നടപ്പിലാക്കി കഴിയുന്നതോടെ ടിക്കറ്റ് കളക്ഷൻ സംബന്ധിച്ച വിവരങ്ങൾ, യാത്രക്കാരുടെ എണ്ണം, വരുമാനം തുടങ്ങിയ വിവരങ്ങൾ ഓൺലൈനായി മനസ്സിലാക്കാൻ സാധിക്കും. കെ.എസ്.ആർ.ടി.സി-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിനും പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി "എന്റെ കെ.എസ്.ആർ.ടി.സി" എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. അക്കൗണ്ടിംഗിനായി ERP സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിലൂടെ പണം കൈകാര്യം ചെയ്യുന്നത് കൂടുതൽ ഉത്തരവാദിത്വമുള്ളതും സുതാര്യവും ആക്കുവാനും ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാനും ശരിയായ സാമ്പത്തിക മാനേജ്മെന്റ് നടപ്പിലാക്കുവാനും സാധിക്കും. വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയതുവഴി പ്രതിദിന വരുമാനം ഘട്ടംഘട്ടമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. പദ്ധതി വിഹിതം ഉപയോഗിച്ച് Semi Premium Fully Built AC- Seater ബസ്സുകൾ (20 എണ്ണം) വാങ്ങുന്നതിനും Premium Class Fully Built Multi Axle AC - Sleeper ബസ്സുകൾ (8 എണ്ണം) വാങ്ങുന്നതിനും Fully Built Non-AC Air Suspension ബസ്സുകൾ (88

എണ്ണം) വാങ്ങുന്നതിനും വിതരണ ഉത്തരവുകൾ കെ.എസ്.ആർ.ടി.സി. നൽകിയിട്ടുണ്ട്. ഇവ മാർച്ച് മാസത്തോടുകൂടി നിരത്തിലിറക്കുവാനാണ് ഉദ്ദേശിക്കുന്നത്. KIIFB ധനസഹായത്തോടുകൂടി 50 ഇലക്ട്രിക് ബസ്സുകളും 310 സി.എൻ.ജി. ബസ്സുകളും വാങ്ങുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി. സ്വീകരിച്ചിട്ടുണ്ട്. 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിന് M/s. PMI Electro Mobility Solutions Pvt. Ltd. എന്ന സ്ഥാപനത്തിന് വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്. സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിന് വാഹന നിർമ്മതാവായ M/s. Ashok Leyland Ltd. വാഗ്ദാനം ചെയ്തിരിക്കുന്ന സി.എൻ.ജി. ബസ്സിന്റെ പെർഫോമൻസ് ദീർഘകാലാസ് വ്യവസ്ഥ പ്രകാരം വിലയിരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) പുതിയവയും നിലവിലുള്ളതുമായ ബസ്സുകൾ സി.എൻ.ജി., എൽ.എൻ.ജി. തുടങ്ങിയ ഹരിത ഇന്ധനത്തിലേയ്ക്ക് പരിവർത്തനം ചെയ്ത് ഇന്ധന ചെലവും അന്തരീക്ഷ മലിനീകരണവും കുറയ്ക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. കിഫ്ബി ധനസഹായത്തോടെ 310 സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. കൂടാതെ 700 സി.എൻ.ജി.

ബസ്സുകൾകൂടി കിഫ്ബി വായ്പവഴി വാങ്ങുന്നതിനും ഉദ്ദേശിക്കുന്നു. 2022 ഏപ്രിൽ മുതൽ ടി ബസുകൾ നിരത്തിലിറക്കാനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയാണ്. കൂടാതെ എൽ.എൻ.ജി.യിലേയ്ക്ക് 400 ബസ്സുകളും സി.എൻ.ജി.യിലേയ്ക്ക് 3000 ബസ്സുകളും പരിവർത്തനം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഒരു ഡീസൽ ബസ് എൽ.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിന് 12.5 ലക്ഷം രൂപയും സി.എൻ.ജി.-യിലേയ്ക്ക് പരിവത്തനം ചെയ്യുന്നതിന് 5 ലക്ഷം രൂപയും ചെലവുവരുന്നതാണ്. ബസ്സുകൾ ഹരിത ഇന്ധനത്തിലേയ്ക്ക് മാറ്റുന്നതിനായി തയ്യാറാക്കുന്ന പദ്ധതികളെ ഹരിത ഇന്ധനങ്ങൾക്ക് തുടരെയുണ്ടാകുന്ന വിലക്കയറ്റം പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നിലവിൽ ഉപയോഗിച്ചുവരുന്ന ഡീസൽ ബസ്സുകൾ സി.എൻ.ജി.യിലേയ്ക്ക് പരിവർത്തനം നടത്തുന്നതിന്റെ പ്രാരംഭ നടപടിയായി പ്രവർത്തനമികവ് വിലയിരുത്തുന്നതിനായി 5 ബസ്സുകൾ സി.എൻ.ജി.യിലേയ്ക്ക് പരിവർത്തനം നടത്തുന്നതിന് ദർഘാസ് ക്ഷണിച്ച് M/s Jiolat Auto Gas Industries Ltd. എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

## പൊതുഗതാഗത രംഗം ശക്തിപ്പെടുത്തൽ

26(*146)ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എം. രാജഗോപാലൻ:

ശ്രീ. പി. പി. ചിത്തരഞ്ജൻ:

ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുഗതാഗത രംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജലഗതാഗത മേഖലയിൽ നടപ്പിലാക്കുവാനുദ്ദേശിക്കുന്ന നൂതന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് പൊതുഗതാഗത രംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജലഗതാഗത വകുപ്പിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന നൂതന പദ്ധതികൾ താഴെപ്പറയുന്നു.

1. ജലഗതാഗത വകുപ്പിൽ ഉപയോഗിച്ചിരുന്ന തടി, സ്റ്റീൽ ബോട്ടുകൾക്ക് പുറമെ കറ്റാമറൈൻ ഫൈബർ ബോട്ടുകൾ ഉപയോഗിക്കുന്നു. ആധുനിക സജ്ജീകരണങ്ങളോടുകൂടിയതും 120 പാസഞ്ചർ കപ്പാസിറ്റിയുള്ളതുമായ കറ്റാമറൈൻ എ.സി.ബോട്ടുകളും അപ്പർഡെക്ക് കപ്പാസിറ്റിയുള്ള ബോട്ടുകളും ഉപയോഗിച്ച് പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസുകൾ നടത്തിവരുന്നു.

2. പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കുക, പ്രവർത്തന ചെലവ് കുറയ്ക്കുക എന്നീ ലക്ഷ്യത്തോടുകൂടി ആരംഭിച്ച സോളാർ ബോട്ടിന്റെ

പ്രവർത്തനം വിജയമായതിനെത്തുടർന്ന് കൂടുതൽ സോളാർ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായലിന്റെ സൗന്ദര്യം ആസ്വദിക്കുന്നതിനായി സാധാരണ യാത്രക്കാർക്കും ടൂറിസ്റ്റുകൾക്കും ഒരുപോലെ ഉപയോഗപ്പെടുത്താവുന്ന രീതിയിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന 2 ഡെക്കുകൾ ഉള്ള പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

4. ജലഗതാഗതത്തിൽ ടാക്സി സർവ്വീസുകൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി 4 വാട്ടർ ടാക്സികളുടെ നിർമ്മാണം ആരംഭിക്കുകയും ഇവയിൽ 2 ബോട്ടുകൾ നിർമ്മാണം പൂർത്തിയാക്കി സർവ്വീസ് നടത്തിവരികയും ചെയ്തുവരുന്നു.

5. എല്ലാ ബോട്ടുകളിലും ആവശ്യമായ ലൈഫ് ജാക്കറ്റുകൾ, തീ നിയന്ത്രണ ഉപകരണങ്ങൾ എന്നിവ സജ്ജമാക്കിയും യാത്രക്കാർക്കും ജീവനക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയും സുരക്ഷിതത്വം ഉറപ്പുവരുത്തിയിട്ടുണ്ട്.

6. എല്ലാ ബോട്ടുകളിലും പ്രധാനപ്പെട്ട സ്റ്റേഷനോഫീസുകളിലും സ്ഥാപിച്ചിട്ടുള്ള എൽ.ഇ.ഡി. ടി.വി.കളിലൂടെ സുരക്ഷാ ഉപകരണങ്ങൾ

ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത, രീതി എന്നിവ മനസ്സിലാക്കുന്നതിനും കായൽ മലിനീകരണം ഒഴിവാക്കുന്നതിനുമുള്ള സന്ദേശങ്ങളും നല്കിവരുന്നു. 7. വേഗതയേറിയതും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതുമായ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന്റെയും ഉൾനാടൻ ജലഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി 30 പാസഞ്ചർ കപ്പാസിറ്റിയുള്ള 4 സോളാർ ബോട്ടുകൾ, 120 പാസഞ്ചർ കപ്പാസിറ്റിയുള്ള ഒരു പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ട്, 75 പാസഞ്ചർ കപ്പാസിറ്റിയുള്ള 2 സോളാർ ബോട്ടുകൾ, 5 ഡിങ്കി ബോട്ടുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

8. സൗരോർജ്ജ ഇലക്ട്രിക് റോ-റോ വെസ്സലുകൾ വാങ്ങുന്നതിനുള്ള നടപടികൾ ജലഗതാഗത വകുപ്പ് സ്വീകരിച്ചുവരുന്നു.

9. നിലവിലുള്ള ഡീസൽ ബോട്ടുകളിൽ നിശ്ചിത എണ്ണം CNG യിലേയ്ക്ക് മാറ്റുന്നതിനും വകുപ്പ് ലക്ഷ്യമിടുന്നു.

10. ബോട്ടുകളുടെ അറ്റകുറ്റപ്പണികൾക്കാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ, പയ്യന്നൂർ, തേവര എന്നീ മേഖലയിലെ സ്ലിപ്‌വേ, ഡ്രൈഡോക്ക് എന്നിവയുടെ നവീകരണവും ആധുനികവൽക്കരണവും വകുപ്പ് ലക്ഷ്യമിടുന്നു.

11. ദേശീയ ജലപാത വഴിയുള്ള യാത്രാമാർഗ്ഗം പൂർണ്ണമായി പ്രയോജനപ്പെടുത്തിക്കൊണ്ട് ജലമാർഗ്ഗമുള്ള ചരക്കുഗതാഗതം ത്വരിതപ്പെടുത്തുന്നതിനാവശ്യമായ ബാർജ്ജുകൾ നിർമ്മിക്കുന്നതിനും ചരക്കുകൾ കയറ്റിയിറക്കുന്നതിനും സൂക്ഷിക്കുന്നതിനുമുള്ള ടെർമിനലുകൾ നിർമ്മിക്കുന്നതിനും ഉദ്ദേശിക്കുന്നു.

(ബി) ഇതിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ആർ.ടി.സി. നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉണ്ട്. കെ.എസ്.ആർ.ടി.സി-യെ ചെലവ് കുറച്ച് ലാഭകരമാക്കുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. വിവിധ സ്ഥലങ്ങളിൽ നിന്നും ഓഫീസുകളും മറ്റും കേന്ദ്രീകരിച്ച് പ്രതിമാസ നിരക്കിൽ ആവശ്യക്കാർക്കായി ബോണ്ട് (Bus on Demand) സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

2. തിരുവനന്തപുരം സിറ്റിയിലെ പ്രധാന ഓഫീസുകളെയും മറ്റ് സ്ഥാപനങ്ങളെയും ബന്ധിപ്പിച്ച് കൃത്യമായ ഇടവേളകളിൽ സിറ്റി സർക്കുലർ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ഇത്തരം സർവ്വീസുകൾക്ക് പ്രത്യേക നിറങ്ങളിലുള്ള ബസുകളാണ് നൽകിയിട്ടുള്ളത്. സർക്കുലർ സർവ്വീസുകളിൽ

യാത്ര ചെയ്യുന്നതിനായി യാത്രക്കാർക്ക് ഒരു നിശ്ചിത തുകയ്ക്ക് ഒരു ദിവസം മുഴുവനും യാത്ര ചെയ്യുവാൻ “ ഗുഡ് ഡേ” കാർഡുകൾ നൽകുന്നതാണ്. കൂടാതെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും ക്യാഷ്‌ലെസ്സ് ട്രാൻസാക്ഷൻ പ്രോത്സാഹിപ്പിക്കുന്നതിനും ആകർഷകമായ ഡിസ്കൗണ്ട് നൽകി ബസ്സിൽത്തന്നെ റീചാർജ് ചെയ്യാവുന്ന സ്മാർട്ട് ട്രാവൽ കാർഡുകൾ ഏർപ്പെടുത്തുന്നുണ്ട്.

3. വിനോദസഞ്ചാരികൾക്കായി ടൂർ പാക്കേജ്, ഗ്രൂപ്പ് ബുക്കിംഗ്, പ്രൈവറ്റ് ഹയർ സർവ്വീസ് തുടങ്ങി വരുമാന വർദ്ധനയ്ക്കും ജനോപകാരപ്രദവുമായ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്.

4. ജനോപകാരപ്രദമല്ലാത്തതും ഡീസൽ തുകപോലും ലഭിക്കാത്തതുമായ ട്രിപ്പുകൾ ബന്ധപ്പെട്ട ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ലാഭകരമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. ട്രാഫിക് ഡിമാന്റ് അനുസരിച്ച് ട്രിപ്പുകൾ പുന:ക്രമീകരിക്കുകയും യാതൊരു ഉപകാരവും ഇല്ലാത്ത സർവ്വീസുകൾ ജനോപകാരപ്രദമായി

ക്രമീകരിക്കുന്നതിനും ഇത്തരത്തിൽ പൊതുജനങ്ങളുടെ യാത്രാവശ്യത്തിലേയ്ക്ക് അധിക സർവ്വീസുകൾ അനുവദിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

5. തിരുവനന്തപുരം നഗരത്തിലെ പൊതുഗതാഗത സംവിധാനം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി സിറ്റി സർക്കുലർ സർവ്വീസിന് അനുബന്ധമായി ആരംഭിച്ച നൂതന ബസ് സർവ്വീസ് ആണ് " സിറ്റി ഷട്ടിൽ" . തിരുവനന്തപുരം ജില്ല കേന്ദ്രീകരിച്ച് നടത്തിയ ശാസ്ത്രീയ പഠനത്തിന്റെ വെളിച്ചത്തിൽ തിരുവനന്തപുരം നഗരവുമായി ബന്ധപ്പെട്ട് വിവിധ തൊഴിലുകളിൽ ഏർപ്പെടുന്ന ജനങ്ങൾ നഗരത്തിന് പുറത്ത് 15 കിലോമീറ്റർ മുതൽ 20 കിലോമീറ്റർ വരെയുള്ള ദൂരത്ത് നിന്നുമാണ് വരുന്നതെന്ന് മനസ്സിലായിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ വിദൂര ഡിപ്പോകളിൽനിന്നും ആരംഭിച്ച് നിറഞ്ഞ് വരുമ്പോൾ ടി യാത്രക്കാർക്ക് ബസ്സിൽ കയറാനാകാതെ വരികയോ യാത്രാസൗകര്യം കുറയുകയോ ചെയ്യുന്നതിനാൽ സ്വന്തം വാഹനങ്ങളെ ആശ്രയിക്കുകയാണ്. ഇത് നഗര ഗതാഗതകുരുക്കിനും റോഡുകളിൽ പാർക്കിംഗ് വർദ്ധിക്കുന്നതിനും അന്തരീക്ഷ മലിനീകരണത്തിനും അപകടങ്ങൾ വർദ്ധിക്കുന്നതിനും കാരണമാകുന്നു. ഇതിനുള്ള ശാസ്ത്രീയ പരിഹാരം എന്ന

നിലയിൽ ഗ്രാമാതിർത്തിയിൽ നിന്നുള്ള യാത്രക്കാരെ നഗരപരിധിയിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള സുഗമമായ യാത്രാ സൗകര്യം ഒരുക്കുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. ഇത് തിരുവനന്തപുരം- നെയ്യാറ്റിൻകര റൂട്ടിൽ 12 ബസ്സുകളുപയോഗിച്ച് പ്രാഥമികമായി ആരംഭിക്കുകയും തുടർന്ന് എല്ലാ റൂട്ടുകളിലേയ്ക്കും വ്യാപിപ്പിക്കുകയും ചെയ്തുവരുന്നു.

6. തിരുവനന്തപുരം ജില്ലയുടെ ഒരു ഭാഗത്ത് നിന്നും മറ്റൊരു ഭാഗത്തേയ്ക്ക് നഗരത്തെ മുറിച്ച് നേരിട്ട് കടന്നുപോകുന്ന സർവ്വീസുകളായ സിറ്റി റേഡിയൽ സർവ്വീസുകൾ ആരംഭിച്ചു. ഉദാ. പാറശ്ശാല- കഴക്കൂട്ടം/പാറശ്ശാല - പോത്തൻകോട്, നെയ്യാറ്റിൻകര- ആറ്റിങ്ങൽ തുടങ്ങിയവ.

7. ലോ ഫ്ളോർ എ.സി. ബസ്സുകൾകൂടി ഉപയോഗിച്ച് രാത്രിയിലും പകലുമായി ഒരുപോലെ ഒരു മണിക്കൂർ ഇടവേളകളിൽ തിരുവനന്തപുരം- കോഴിക്കോട് സർവ്വീസുകൾ എൻ.എച്ച്., എം.സി. റോഡുകൾ വഴി ബൈപാസ് റൈഡർ ആയി ഓപ്പറേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം-എറണാകുളം, എറണാകുളം-കോഴിക്കോട് ചെയിൻ സർവ്വീസുകൾ, വിമാനത്താവളങ്ങളിലേയ്ക്കുള്ള ഗൾഫ് കണക്ട് സർവ്വീസുകൾ എന്നിവ കോവിഡ് നിയന്ത്രണങ്ങളും വ്യാപനവും കുറയുന്ന

മുറയ്ക്ക് എ.സി. ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് അധിക യാത്രാസൗകര്യവും വരുമാന വർദ്ധനവും ലക്ഷ്യമിട്ടിട്ടുണ്ട്. ഇത്തരത്തിൽ കോവിഡ് നിയന്ത്രണങ്ങളാൽ നിർത്തിവച്ച എ.സി. ബസ്സുകളടക്കം പുനരുപയോഗിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

8. കൂടാതെ പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം എന്നിവ നടപ്പിലാക്കുന്നതിനായി DIMTS (Delhi Integrated Multi-Modal Transit System Ltd.)-നെ ഏല്പിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. ഇതുപൂർണ്ണമായും നടപ്പിലാക്കിക്കഴിയുമ്പോൾ bus utilization, mileage, service സംബന്ധിച്ച വിവരങ്ങൾ എന്നിവ വിശകലനം ചെയ്യുവാനും സാധിക്കും. ഇതിന്റെ ഭാഗമായി വെഹിക്കിൾ ലോക്കേഷൻ ട്രാക്കിംഗ് ഡിവൈസ് വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

9. Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്കവിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ എന്നിവ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ

നൽകിയിട്ടുണ്ട്. ഇത് നടപ്പിലാക്കിക്കഴിയുമ്പോൾ തത്സമയം ഓരോ ട്രിപ്പിലുമുള്ള യാത്രക്കാരുടെ എണ്ണം ഓൺലൈനായി അറിയുവാൻ സാധിക്കും. മാത്രമല്ല പ്രീ-പെയ്ഡ് കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ഓരോ ട്രിപ്പുകളുടേയും കളക്ഷൻ വിവരങ്ങളും ഓരോ ബസിന്റെയും വരുമാനം സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുവാൻ സാധിക്കും. ആയത് വഴി ടി ട്രിപ്പ് ലാഭകരമാണോ എന്ന് വിശകലനം ചെയ്യുവാനും സാധിക്കും. വിവിധതരം പാസുകളെ സ്മാർട്ട് കാർഡ് സംവിധാനത്തിലേയ്ക്ക് മാറ്റുവാനും കഴിയുന്നതാണ്.

10. കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനുവേണ്ടി ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിന് പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. കൂടാതെ മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി " എന്റെ കെ.എസ്.ആർ.ടി.സി" എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്.

(സി) പൊതുഗതാഗത രംഗം അഭിവൃദ്ധിപ്പെടുത്തുന്നതിനായി ടിക്കറ്റിതര

വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

പൊതുഗതാഗത രംഗം അഭിവൃദ്ധിപ്പെടുത്തുന്നതിനായും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായും ജനോപകാരപ്രദമായ ചുവടെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

I കെ.എസ്.ആർ.ടി.സി 1. സമുദ്ര ബസ് പദ്ധതി:- മത്സ്യവിപണനത്തിനായി തീരദേശത്തുനിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്ര ചെയ്യുന്ന ദരിദ്രരായ വനിതാ തൊഴിലാളികൾ നിലവിൽ അമിത ചാർജ് നൽകി ഓട്ടോറിക്ഷകളെയാണ് ആശ്രയിക്കുന്നത്. രാവിലേയും രാത്രിയിലും പല സ്ഥലങ്ങളിൽനിന്നും യാത്ര ചെയ്യുന്ന ഇവർക്ക് ഓട്ടോറിക്ഷ കൂലി ഭാരമാകുന്നു എന്ന് മാത്രമല്ല രാത്രികാലങ്ങളിൽ തിരികെ പോകാൻ അവ ലഭ്യമാകാത്ത സ്ഥിതിയുമുണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ പ്രധാന മത്സ്യ വിപണന കേന്ദ്രങ്ങളിൽനിന്നും സിറ്റിക്കുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യത്തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടുകൂടിയ പ്രത്യേക നിറത്തിലുള്ള 3 സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.-ക്ക് വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന രീതിയിൽ ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ

നൽകി ഓപ്പറേറ്റ് ചെയ്യുന്നു.

2. വാടക അടിസ്ഥാനത്തിൽ ബസ്സുകൾ നൽകുന്നത് സംബന്ധിച്ച് (പ്രൈവറ്റ് ഹയർ) സർക്കാർ തലത്തിൽ സംഘടിപ്പിക്കുന്ന ആവശ്യങ്ങൾക്കും വിവാഹം, വിനോദയാത്ര തുടങ്ങിയ ആവശ്യങ്ങൾക്കും ദൂരപരിധി, സമയം, യാത്രക്കാരുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ നിയമാനുസൃതമായി നിശ്ചയിച്ചിരിക്കുന്ന നിരക്കുകൾ ഈടാക്കി ബസ്സുകൾ അനുവദിക്കുന്നുണ്ട്. നഗരപരിധിയിൽ വിനോദ സഞ്ചാരം, ഫോട്ടോ ഷൂട്ട് തുടങ്ങിയ ആവശ്യങ്ങൾക്കായി ഡബിൾ ഡക്കർ ബസ്സുകളും നൽകി വരുന്നുണ്ട്. ഇതുകൂടാതെ കേന്ദ്ര സർക്കാർ സ്ഥാപനമായ VSSC-ക്ക് കിലോമീറ്റർ പ്രതിനിരക്ക് അടിസ്ഥാനത്തിൽ ദീർഘദൂര സർവ്വീസിനായി ബസ് വാടകയ്ക്ക് നൽകി വരുന്നുണ്ട്.

3. വിവിധ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി.യുടെ വിവിധ ഡിപ്പോകളിൽനിന്നും കേരളത്തിലെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് അവധി ദിവസങ്ങളിൽ ട്രാഫിക് ഡിമാന്റ് അനുസരിച്ച് (കുറഞ്ഞത് 40 യാത്രക്കാരെങ്കിലും ലഭ്യമാകുന്ന സാഹചര്യത്തിൽ) നിലവിലെ ടിക്കറ്റ് നിരക്കിൽ ആകർഷകമായ അഡീഷണൽ സർവ്വീസുകളും സംഘം ചേർന്ന് വിദൂര സ്ഥലങ്ങളിലേയ്ക്ക് ഗ്രൂപ്പ് ടിക്കറ്റ് ബുക്ക് ചെയ്യുന്നവർക്കായി സ്പെഷ്യൽ

സർവ്വീസുകളും ആവശ്യാനുസരണം അയച്ചുവരുന്നുണ്ട്. ഈ പദ്ധതികൾ വിപുലീകരിച്ച് ടിക്കറ്റിതര വരുമാനം ലഭ്യമാക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത്. ഇത് വിപുലീകരിക്കുന്നതിനായി കോർപ്പറേഷനിൽ പ്രത്യേകം കൊമേഴ്സ്യൽ/മാർക്കറ്റിംഗ് വിഭാഗം രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

4. ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമേഖലാ എണ്ണക്കമ്പനികളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി-യുടെ നിലവിലെ കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ സംസ്ഥാനത്തുടനീളം പൊതുജനങ്ങൾക്കായി 75 ഇന്ധന ചില്ലറ വില്പനശാലകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. തുടക്കത്തിൽ പെട്രോളും ഡീസലും ആയിരിക്കും ഈ ഔട്ട്ലെറ്റുകളിൽ നിന്ന് വിതരണം ചെയ്യുന്നത്. എന്നാൽ ക്രമേണ ഹരിത ഇന്ധനമായ CNG കൂടി വിതരണം ചെയ്യുന്നതും Electricity Vehicle Charging-നുള്ള സംവിധാനം ഏർപ്പെടുത്തുന്നതുമാണ്. അങ്ങനെ ഇതൊരു Multi-Fuel Dispensing Facility ആയി മാറ്റുന്നതായിരിക്കും. ആദ്യഘട്ടത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 8 ഔട്ട്ലെറ്റുകൾ പ്രവർത്തിച്ചുവരുന്നു. അടുത്ത ഘട്ടത്തിൽ കൂടുതൽ ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

ദ്രുതഗതിയിൽ നടന്നുവരുന്നു.

5. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസിലെ പരസ്യം, മൊബൈൽ ടവർ, Public Information system മുതലായവയിൽ നിന്നും ടിക്കറ്റ് ഇതര വരുമാനം ലഭിച്ചുവരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാന സ്രോതസുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

6. കെ.എസ്.ആർ.ടി.സി.-യിൽ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയുണ്ടായി. ഈ വിഭാഗം രൂപീകരിച്ചശേഷം കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ പരസ്യം, ബസ് സ്റ്റേഷനുകളിലെ പരസ്യം, ബസ്സുകൾ വാടകയ്ക്ക് നൽകൽ, കേരളത്തിലെ മറ്റു

പൊതുമേഖല സ്ഥാപനങ്ങളുടെ ആവശ്യത്തിനായി ബസ്സുകൾ അനുവദിച്ചു നൽകൽ കൂടാതെ കെ.എസ്.ആർ.ടി.സി-യുടെ അധീനതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ, കെട്ടിടങ്ങൾ, കടമുറികൾ എന്നിവ ആവശ്യക്കാർക്ക് ടെണ്ടർ ചെയ്തു നൽകുന്ന നടപടികൾ എന്നിവ ചെയ്തു വരുന്നു. ഇതിലൂടെ പ്രതിമാസം ശരാശരി 5 കോടി രൂപ വരെ ലഭിക്കത്തക്ക രീതിയിലുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു. കൂടാതെ ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ചുവടെപ്പറയുന്നവ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു.

a) Logistic division ആരംഭിക്കുക.

b) പരസ്യങ്ങളിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുക.

c) സർവ്വീസ് യോഗ്യമല്ലാത്ത കണ്ടം ചെയ്ത ബസുകൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുക. (Shop On Wheels)

d) ബസ് സ്റ്റേഷൻ കെട്ടിടങ്ങൾ ഗുണപരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുക.

e) KSRTC യുടെ ഉടമസ്ഥതയിലുള്ള, എന്നാൽ നിലവിൽ ഉപയോഗിക്കാനാവാത്തതുമായ വസ്തുവകകൾ പുതിയ പദ്ധതികൾക്കായി വിനിയോഗിക്കുക.

II. ജലഗതാഗത വകുപ്പുമായി ബന്ധപ്പെട്ട് ടിക്കറ്റിതിര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വകുപ്പിന്റെ സ്റ്റേഷനോഫീസുകൾ, മറ്റ് ഓഫീസുകൾ എന്നിവയോട് ചേർന്നുള്ള സ്റ്റാളുകളും സ്ഥലങ്ങളും വാടകയ്ക്ക് നല്കിവരുന്നു. കൂടാതെ ബോട്ടുകളും മറ്റും സ്വകാര്യ ആവശ്യക്കാർക്കായി വാടകയ്ക്ക് നല്കി ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഹരിത ഇന്ധനത്തിലേയ്ക്ക് മാറുന്നതിനായി തയ്യാറാക്കുന്ന പദ്ധതികൾ ഹരിത ഇന്ധനങ്ങൾക്ക് തുടരെയുണ്ടാകുന്ന വിലക്കയറ്റം കാരണം ഗുണകരമാകുമോയെന്ന് അറിയിക്കുമോ?

ഉണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഹരിത ഇന്ധനത്തിലേയ്ക്ക് മാറുന്നതിനായി പദ്ധതി തയ്യാറാക്കുമ്പോൾ LNG-യുടെ വില കിലോയ്ക്ക് 40 രൂപയും CNG-യ്ക്ക് കിലോയ്ക്ക് 50 രൂപയും ആയിരുന്നത് 1.3.2022-ൽ LNG-ക്ക് കിലോയ്ക്ക് 64 രൂപയായും CNG-ക്ക് കിലോയ്ക്ക് 65 രൂപയായും വർദ്ധിച്ചിരിക്കുകയാണ്. കൂടാതെ ഒരു ഡീസൽ ബസ് LNG-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിന് 12.5 ലക്ഷം രൂപയും CNG-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിന് 5 ലക്ഷം രൂപയും ചെലവുവരുന്നതാണ്.

കെ.എസ്.ആർ.ടി-സിയുടെ നിലവിലെ സാമ്പത്തിക പ്രതിസന്ധിയിൽ ഇന്ധനങ്ങൾക്ക് തുടരെയുണ്ടാകുന്ന വിലക്കയറ്റം ഇത്തരം പദ്ധതികളെ പ്രതികൂലമായി ബാധിക്കുന്നതാണ്.

(ഇ) കെ.എസ്.ആർ.ടി.സി-ക്കായി നൽകുന്ന സി.എൻ.ജി., എൽ.എൻ.ജി. എന്നിവയുടെ വില നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിനെ സമീപിച്ചിരുന്നോ; വിശദമാക്കുമോ?

ഹരിത ഇന്ധനങ്ങൾക്ക് തുടരെയുണ്ടാകുന്ന വിലക്കയറ്റം സംബന്ധിച്ച് കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ട്. പെട്രോളിയം & നാച്ചുറൽ ഗ്യാസ് മന്ത്രാലയം ജോയിന്റ് സെക്രട്ടറിയുമായി ഇതുസംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ട്. കൂടാതെ ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിനും പെട്രോളിയം & നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് ചെയർമാനും കത്തുകൾ നൽകിയിട്ടുണ്ട്.

## ജ്ഞാന സമൂഹ നിർമ്മിതി

27(*147) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ ഐ ബി സതീഷ്:
ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ ജ്ഞാനസമൂഹ നിർമ്മിതിക്കായി ഉന്നത വിദ്യാഭ്യാസ രംഗത്ത് സർക്കാർ നടത്തിയിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ?

ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികവ് കൈവരിക്കുന്നതിനായി 2021-22-ലെ സംസ്ഥാന ബഡ്ജറ്റിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്:

<u>മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ</u>:- പ്രതിമാസം 50,000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെ ഫെലോഷിപ്പുള്ള 500 നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ അനുവദിക്കുന്നു. അധികമായി ലബോറട്ടറികളും മറ്റ് സൗകര്യങ്ങളും ഒരുക്കുന്നതിന് 50,000 രൂപ വരെ ആവശ്യമെങ്കിൽ ലഭ്യമാക്കും. കേരളത്തിന്റെ വികസന പദ്ധതികൾക്ക് സഹായകരമാകുന്ന മേഖലകളിലെ ഗവേഷണമാണ് ഉദ്ദേശിക്കുന്നത്. കൃഷി, ജൈവ വൈവിദ്ധ്യം, ഡിജിറ്റൽ സാങ്കേതികത, ജനറ്റിക്സ്, കാലാവസ്ഥ വ്യതിയാനം, കേരളത്തിലെ തനത് സംസ്കാരം എന്നീ മേഖലകളിലെ ഗവേഷണത്തിനാണ് ഫെലോഷിപ്പ് നൽകുക. ഫെലോഷിപ്പ് നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

<u>സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ</u>:-

സർവ്വകലാശാലകൾക്കുള്ളിൽ 30 ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കുന്നതാണ്. ഏറ്റവും പ്രഗത്ഭരായ വിദഗ്ധരെയോ പണ്ഡിതരെയോ ദേശീയതലത്തിൽ തെരഞ്ഞെടുത്ത് അവരുടെകൂടി സജീവ പങ്കാളിത്തത്തിലായിരിക്കും സ്കൂളുകൾ രൂപപ്പെടുക. ഇപ്രകാരം ആരംഭിക്കുന്ന സ്ഥാപനങ്ങൾ കേരളത്തിലെയും ദേശീയതലത്തിലെയും ശാസ്ത്ര പ്രതിഭകളുടെ പേരിലായിരിക്കും അറിയപ്പെടുക. ഈ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പ്രത്യേക ധനസഹായമായി 100 കോടി രൂപ വകയിരുത്താനും ഇവയുടെ പശ്ചാത്തല സൗകര്യ സൃഷ്ടിക്ക് കിഫ്ബിയിൽനിന്നും 500 കോടി രൂപ അനുവദിക്കാനും ബഡ്ജറ്റിൽ നിർദ്ദേശമുണ്ട്. നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ കൊണ്ട് പരമാവധി ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമം നടക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അക്കാദമിക് പ്രോഗ്രാമുകൾ വൈവിദ്ധ്യവത്കരിച്ചും ന്യൂജനറേഷൻ പ്രോഗ്രാമുകൾ കൊണ്ടുവന്നും സ്ഥാപനങ്ങളിലെ സീറ്റ് വർദ്ധിപ്പിച്ചും കൂടുതൽ അദ്ധ്യാപകരെ നിയമിച്ചും എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ക്രിട്ടിക്കൽ മാസ് ഉറപ്പാക്കാനുള്ള ശ്രമത്തിലാണ്. കോളേജുകളിലും സർവ്വകലാശാലകളിലും

കഠിനാധ്വാനികളായ വിദ്യാർത്ഥികളെയും പണ്ഡിതരായ അദ്ധ്യാപകരെയും വർദ്ധിപ്പിക്കാനുള്ള നടപടി തുടങ്ങിയിട്ടുണ്ട്. എല്ലാ സർവ്വകലാശാലകളെയും കോളേജുകളെയും ഉയർന്ന അക്കാദമിക കീഴ്‌വഴക്കങ്ങളുള്ള സ്ഥാപനങ്ങളാക്കി മാറ്റുകയും വിദ്യാർത്ഥികൾ സ്വന്തം കഴിവുകൾ പരമാവധി വർദ്ധിപ്പിച്ചേ മതിയാവൂ എന്ന സാഹചര്യമുറപ്പാക്കുകയും ചെയ്യും. അദ്ധ്വാനിച്ച് പഠിക്കുന്ന വിദ്യാർത്ഥികളും ഗവേഷണത്തിലേർപ്പെടുന്ന അദ്ധ്യാപകരും അത്യന്താപേക്ഷിതമാക്കുന്ന സംവിധാനം നിർബന്ധമായും സൃഷ്ടിക്കും. കൂടുതൽ നിർദ്ദേശങ്ങൾക്കായി സർക്കാർ മൂന്ന് കമ്മീഷനുകളെ നിയമിച്ചിരിക്കുകയാണ്. ജ്ഞാനോത്പാദനമേഖലയിൽ വമ്പിച്ച നിക്ഷേപത്തിന് സർക്കാർ തയ്യാറെടുത്തുകഴിഞ്ഞു. റീബിൽഡ് കേരളയുമായി ബന്ധപ്പെട്ടുള്ള വിഷയാന്തര ഗവേഷണത്തിനായി മുഖ്യമന്ത്രി അഞ്ഞൂറ് പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ ഏർപ്പെടുത്തിയിരിക്കുന്നു. ഏതാനും വിശേഷാവഗാഹ മേഖലകളിൽ ഗവേഷണത്തിനായി മികവിന്റെ കേന്ദ്രങ്ങൾ തുറക്കാനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായി. സുസ്ഥിരതയും ജനക്ഷേമവും പാരിസ്ഥിതികനീതിയും പാലിച്ചുകൊണ്ടുള്ള നവകേരളനിർമാണം ത്വരിതപ്പെടുത്തുന്നതിനാവശ്യമായ അത്യാധുനിക ശാസ്ത്ര-സാങ്കേതിക ഗവേഷണം ഈ കേന്ദ്രങ്ങളിൽ വിന്യസിപ്പിക്കും.

അവിടെ വൈജ്ഞാനിക സമൂഹത്തിന്റെ വളർച്ച മാത്രമല്ല, ബൗദ്ധിക പൊതുസ്വത്തും പേറ്റൻറുകളും വർദ്ധിപ്പിച്ചുകൊണ്ട് ജ്ഞാനോത്പാദന സമ്പദ് വ്യവസ്ഥയിൽ പങ്കെടുക്കലും കൂടിയാണ് നടക്കേണ്ടത്.

(ബി) നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിന്റെ റാങ്ക് പട്ടികയിൽ രാജ്യത്തെ നൂറ് ഒന്നാം നിര സർവ്വകലാശാലകളുടെ പട്ടികയിൽ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇടം നേടിയിരുന്നോ; വിശദമാക്കാമോ?

നേടിയിരുന്നു; നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിന്റെ റാങ്ക് പട്ടികയിൽ രാജ്യത്തെ നൂറ് ഒന്നാം നിര സർവ്വകലാശാലകളുടെ പട്ടികയിൽ ഇടം നേടിയിരുന്ന സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. +

(സി) ജ്ഞാനസമൂഹ സൃഷ്ടിയും തദ്ദേശീയ സാമൂഹിക സാമ്പത്തിക ഘടനയുടെ വികസനവും സാദ്ധ്യമാക്കുന്നതിനായി ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കുമോ?

ജ്ഞാനസമൂഹ സൃഷ്ടിയും തദ്ദേശീയ സാമൂഹിക സാമ്പത്തിക ഘടനയുടെ വികസനവും സാദ്ധ്യമാക്കുന്നതിനായി ഉന്നത

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിനായി വിഷയം സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ മൂന്ന് കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷനുകൾ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## വിള നാശത്തിന് പര്യാപ്തമായ നഷ്ടപരിഹാരം

28(*148) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രണ്ടുലക്ഷത്തോളം ഹെക്ടർ കൃഷിയോഗ്യമായ ഭൂമി തരിശിട്ടിരിക്കുന്നുവെന്ന് കണക്കാക്കപ്പെടുന്നതിനാൽ ഭക്ഷ്യസുരക്ഷയുടെ പ്രാധാന്യം കണക്കിലെടുത്ത് നെല്ല്, പച്ചക്കറി, വാഴ എന്നീ കൃഷികൾ വ്യാപിപ്പിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തി സംസ്ഥാനം ഭക്ഷ്യവിള ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നത് ലക്ഷ്യമിട്ട് കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിച്ചും നൂതന സാങ്കേതിക വിദ്യകൾ സ്വീകരിച്ചും ഭക്ഷ്യ ഉൽപ്പാദനം

വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് സംസ്ഥാന സർക്കാർ 2020-21-ൽ സുഭിക്ഷ കേരളം പദ്ധതി ആരംഭിച്ചു. കാർഷിക വികസന കർഷക ക്ഷേമവകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, സഹകരണവകുപ്പ്, ജലസേചന വകുപ്പ്, കേരള കാർഷിക സർവ്വകലാശാല എന്നിവയുടെ ഏകോപനത്തോടെയാണ് സുഭിക്ഷ കേരളം പദ്ധതി നടപ്പിലാക്കുന്നത്. തരിശുഭൂമിയിലെ കൃഷി, വീട്ടുവളപ്പിലെ കൃഷി, നിലവിലുള്ള കൃഷിയുടെ മെച്ചപ്പെടുത്തൽ, മെച്ചപ്പെട്ട വിപണിസൗകര്യങ്ങൾ, വിളവെടുപ്പിനുശേഷമുള്ള പരിപാലനത്തിലെ ഇടപെടലുകൾ എന്നീ പരിപാടികളിലൂടെയാണ് സുഭിക്ഷ കേരളം പദ്ധതി നടപ്പിലാക്കുന്നത്. ഭക്ഷ്യവിളകളായ നെല്ല്, വാഴ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നീ വിളകളുടെ വികസനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ തരിശുനിലകൃഷിയിൽ ഉൾപ്പെടുത്തി നെല്ല്, പച്ചക്കറി, ഫലവർഗ്ഗങ്ങൾ എന്നീ വിളകളുടെ 2021-22-ലെ വിസ്തൃതി 13357 ഹെക്ടർ ആയി വർദ്ധിച്ചിട്ടുണ്ട്. (അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു.)+

(ബി) നെൽകൃഷി പ്രോത്സാഹനത്തിന് റോയൽറ്റിയായും മറ്റു തരത്തിലും എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നത്; വിത്ത്, വളം,

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കീടനാശിനി എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും ഇവയുടെ പ്രയോഗം കാര്യക്ഷമമാക്കുന്നതിനും ഡ്രോൺ ഉൾപ്പെടെയുള്ള ആധുനികോപകരണങ്ങൾ ലഭ്യമാക്കുന്നതിനും പ്രകൃതിക്ഷോഭംകൊണ്ടുള്ള വിളനാശത്തിന് പര്യാപ്തമായ നഷ്ടപരിഹാരം യഥാസമയം ലഭ്യമാക്കുന്നതിനും കൃഷി വകുപ്പ് ഇടപെടൽ നടത്തുന്നുണ്ടോ?

ഉണ്ട്. സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയിലൂടെ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കാനും സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാനും വേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. ആയത് സംബന്ധിച്ച വിശദവിവരം അനുബന്ധം-2+ ആയി ചേർക്കുന്നു. സംസ്ഥാനത്ത് കീടനാശിനികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് കൃഷി വകുപ്പ് ഇടപെടൽ നടത്തുന്നുണ്ട്. ഇതിനായി വകുപ്പിന്റെ ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് വിംഗ് മുഖേന ഡിപ്പോകളിൽ പരിശോധന നടത്തുകയും കർഷകർക്ക് ഗുണനിലവാരമുള്ള കീടനാശിനി ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. സംസ്ഥാനത്തെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കീടനാശിനികളുടെ ഉപഭോഗം സംബന്ധിച്ച് എല്ലാ വർഷവും ഖരീഫ്, റാബി എന്നീ രണ്ട് വിള കാലവുമായി ബന്ധപ്പെട്ട് നടക്കുന്ന ദേശീയ കോൺഫറൻസിന് മുന്നോടിയായി നടത്തപ്പെടുന്ന സോണൽ കോൺഫറൻസിനുവേണ്ടി കണക്ക് തയ്യാറാക്കാറുണ്ട്. കൃഷി ചെയ്യാൻ പോകുന്ന വിളകൾക്ക് വേണ്ടിവരുന്ന കീടനാശിനികളുടെ ആവശ്യകതയും കഴിഞ്ഞ വിളക്കാലത്തെ യഥാർത്ഥ ഉപഭോഗവും താരതമ്യം ചെയ്ത് ക്രോഡീകരിച്ച് കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നുണ്ട്. സംസ്ഥാനത്ത് കീടനാശിനികളുടെ ലഭ്യതക്കുറവ് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാർഷികാവശ്യങ്ങൾക്കായി ഡ്രോൺ ഉപയോഗം പ്രചരിപ്പിക്കുന്നതിനായി സബ്മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (SMAM) എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 460 ലക്ഷം രൂപയുടെ ഒരു പദ്ധതി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 2022 ജനുവരി മാസം നിലവിൽ വന്ന പദ്ധതിയാണ് ഇത്. ഈ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഫാർമർ പ്രൊഡ്യൂസ് ഓർഗനൈസേഷനുകൾക്ക് (FPO) ഡ്രോൺ വാങ്ങുന്നതിന് 75 ശതമാനം സബ്സിഡി (പരമാവധി 7.50 ലക്ഷം രൂപ) വരെ നൽകുവാനും ഡ്രോൺ കൃഷിയിടങ്ങളിൽ പ്രവർത്തിപ്പിച്ച് കർഷകരിൽ അവബോധം സൃഷ്ടിക്കുവാനായി ഹെക്ടറിന് 3,000 രൂപ

നൽകുവാനും വ്യവസ്ഥ ചെയ്യുന്നുണ്ട്. കാർഷിക സർവ്വകലാശാലകൾ, കെ.വി.കെ, ഐ.സി.എ.ആർ. എന്നിവയ്ക്ക് ഡ്രോൺ വാങ്ങുന്നതിന് പത്ത് ലക്ഷം രൂപ വരെ ധനസഹായം (100 ശതമാനം സബ്സിഡി) നൽകുന്നതിനും കൃഷിയിടങ്ങളിൽ ഡ്രോൺ പ്രവർത്തിപ്പിച്ച് കർഷകരിൽ അവബോധം സൃഷ്ടിക്കുവാനായി ഹെക്ടറിന് 3,000 രൂപ വരെ നൽകുന്നതിനും സ്വന്തമായി ഡ്രോൺ വാങ്ങുവാൻ കഴിയാത്ത നിർവ്വഹണ ഏജൻസികൾക്ക് ഡ്രോൺ വാടകയ്ക്കെടുത്ത് കൃഷിയിടങ്ങളിൽ പ്രവർത്തിപ്പിച്ച് കർഷകരിൽ അവബോധം സൃഷ്ടിക്കുവാനായി ഹെക്ടറിന് 6,000 രൂപ വരെയും ധനസഹായം നൽകാവുന്നതാണ്. പ്രകൃതിക്ഷോഭംമൂലമുള്ള വിളനാശത്തിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നുള്ള വിഹിതവും സംസ്ഥാന വിഹിതവും ചേർത്ത് സഹായധനം കൃഷി വകുപ്പ് മുഖേന നൽകുന്നുണ്ട്. പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശത്തിനുള്ള സഹായധനം നേരിട്ട് കർഷകരുടെ അക്കൗണ്ടിലേയ്ക്ക് തന്നെ ലഭ്യമാക്കുന്നതിനായി കൃഷി വകുപ്പിന്റെ ഓൺലൈൻ പോർട്ടലായ AIMS മുഖേന പദ്ധതി നടപ്പിലാക്കി വരുന്നു.

(സി) രാജ്യത്ത് ആദ്യമായി പഴം, പച്ചക്കറി എന്നിവയ്ക്ക് സംസ്ഥാനത്ത് തറവില ഏർപ്പെടുത്തിയിട്ടുള്ളതിന്റെ പ്രയോജനം ലക്ഷ്യമിട്ട തോതിൽ

കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിന് സംഭരണത്തിനും വിപണനത്തിനുമുള്ള സർക്കാർ സംവിധാനം കൂടുതൽ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷികോത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിന് വിവിധ ക്രമീകരണങ്ങളാണ് സംസ്ഥാന കൃഷി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. കേരള ഫാം ഫ്രഷ് പഴം പച്ചക്കറി താങ്ങുവില പദ്ധതി 2020 നവംബർ 1-ന് പ്രാബല്യത്തിൽ വന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം-പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, കാബേജ്, ക്യാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നിവയ്ക്കാണ് താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത്. സംഭരണം ശക്തിപ്പെടുത്തുവാൻ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച്ചച്ചന്തകൾ, ഹോർട്ടികോർപ്പ് വിപണികൾ, വി.എഫ്.പി. സി.കെ. വിപണികൾ തുടങ്ങി 1884 വിപണികൾ കൃഷി വകുപ്പ് നോട്ടിഫൈ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർഷകരിൽ നിന്നും സംഭരിക്കുന്ന ഉല്പന്നങ്ങൾ ഗുണനിലവാരം കുറയാതെ സംഭരണ

കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനായി ശീതീകരിച്ച വാഹനങ്ങൾ വാങ്ങുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## ഭിന്നശേഷിക്കാർക്കുള്ള അവാർഡ്

29(*149) ശ്രീ. ലിന്റോ ജോസഫ്:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിൽ ഭിന്നശേഷിക്കാർക്ക് നിലവിൽ ലഭിക്കുന്ന സംവരണവും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനോടൊപ്പം അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനുള്ള സംവിധാനത്തെ കുറിച്ച് ആലോചിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉണ്ട്. 2016-ലെ RPWD ആക്റ്റിന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷിക്കാർക്ക് നിയമനത്തിന് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനായി ഒരു വിദഗ്ദ്ധ സമിതി (Expert Committee) സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഈ വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശ പ്രകാരം ഓരോ തസ്തികകളുടേയും physical and functional assessment തയ്യാറാക്കുന്നതിനായി National Institute of Speech & Hearing

(NISH)-ൽ പ്രവർത്തിക്കുന്ന മോണിറ്ററിംഗ് കമ്മിറ്റിയെ സർക്കാർ ചുമതലപ്പെടുത്തുകയും ഇവരുടെ കണ്ടെത്തലുകൾ മേൽ വിദഗ്ധ സമിതി വിശദമായി പരിശോധിച്ച് ഓരോ ഭിന്നശേഷി വിഭാഗത്തിനും അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനുള്ള ശിപാർശ സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നുണ്ട്. ഇങ്ങനെ കണ്ടെത്തുന്ന തസ്തികകളിലാണ് ഭിന്നശേഷിക്കാർക്ക് നിശ്ചയിക്കപ്പെട്ട സംവരണം അനുവദിച്ച് പി.എസ്.സി. വഴി നിയമനം നടത്തിവരുന്നത്.

(ബി) ഭിന്നശേഷിക്കാർക്കുവേണ്ടി നാഷണൽ ഇൻസ്റ്റിസ്റ്റൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് (നിഷ്)-മായി ചേർന്ന് എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകി വരുന്നതെന്ന് വിശദമാക്കാമോ?

ഭിന്നശേഷിക്കാർക്കുവേണ്ടി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗുമായി ചേർന്ന് നടത്തുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. അക്കാദമിക് പ്രോഗ്രാമുകൾ

2. ക്ലിനിക്കൽ സേവനങ്ങൾ

3. NISH ഓൺലൈൻ ഇന്ററാക്ടീവ് ഡിസബിലിറ്റി അവബോധ ബോധവൽക്കരണ സെമിനാർ (NIDAS)

4. ഇന്നൊവേഷൻ ആന്റ് എന്റർപ്രണർഷിപ്പ് സെന്റർ

5. ടെലി റീഹാബിലിറ്റേഷൻ യൂണിറ്റ്

6. കോമ്പ്രീഹെൻസീവ് ഗ്ലോബൽ ഡെവലപ്മെന്റൽ ഡിലേ ക്ലിനിക്

7. ശ്രുതിതരംഗം പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ്

8. കേരള വികസനവും ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലും (K-DISC) പിന്തുണയ്ക്കുന്ന യൂത്ത് വിത്ത് ഡിസെബിലിറ്റീസ് (I-YwD) പ്രോഗ്രാം

9. വൈകല്യമുള്ള കുട്ടികളുടെ മാതാപിതാക്കൾക്കായി ഘടനാപരവും സമയബന്ധിതവുമായ ശാക്തീകരണ പരിപാടി - STEPP

10. സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജി ആന്റ് ഇന്നവേഷൻ

11. ബധിര കോളേജ്

12. ബാരിയർ ഫ്രീ ക്യാമ്പസ്.

(സി) പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ സർക്കാർ, പൊതു-സ്വകാര്യ മേഖലകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഭിന്നശേഷിക്കാർക്ക് നിലവിൽ നൽകിവരുന്ന അവാർഡിന്റെ വിശദാംശം ലഭ്യമാക്കുമോ;

&

(ഡി) ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് ആത്മവിശ്വാസവും

പ്രവർത്തന മികവും വർദ്ധിപ്പിക്കുന്നതിന് പ്രസ്തുത അവാർഡ് വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ സർക്കാർ, പൊതു-സ്വകാര്യ മേഖലകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഭിന്നശേഷിക്കാർക്ക് അവാർഡ് നൽകി വരുന്നു. 30.7.2021-ലെ സ.ഉ. (സാധാ) നം. 512/2021/സാ.നീ.വ ഉത്തരവ് പ്രകാരം സർക്കാർ മേഖലയിലും പൊതുമേഖലയിലും സ്വകാര്യ മേഖലയിലും മികച്ച സേവനം കാഴ്ചവയ്ക്കുന്ന ഭിന്നശേഷിക്കാരായ ജീവനക്കാർക്കും ഏറ്റവും കൂടുതൽ ഭിന്നശേഷിക്കാർക്ക് തൊഴിൽ നൽകി മാതൃക സൃഷ്ടിക്കുന്ന തൊഴിലുടമകൾക്കും ഭിന്നശേഷിക്കാർക്കുവേണ്ടി മാതൃകപരമായ സേവനം കാഴ്ചവയ്ക്കുന്ന സ്ഥാപനങ്ങൾക്കും ഉൾപ്പെടെ സംസ്ഥാന ഭിന്നശേഷി അവാർഡ് നൽകിവരുന്നു. കൂടാതെ ഭിന്നശേഷി മേഖലയിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന ഭിന്നശേഷിക്കാർക്ക് നാഷണൽ അവാർഡും നൽകിവരുന്നു. 2021-22 വർഷം മുതൽ മുൻ വർഷങ്ങളിൽ പരിഗണിച്ചിരുന്ന വിഭാഗങ്ങളെ കൂടാതെ പുതിയ കാറ്റഗറികൾ ഉൾപ്പെടുത്തിക്കൊണ്ടും അവാർഡ് തുക പരിഷ്കരിച്ചുകൊണ്ടും സംസ്ഥാന ഭിന്നശേഷി അവാർഡ് പുന:സംഘടിപ്പിച്ചിരുന്നു. മുൻ വർഷങ്ങളിൽ 3 വിഭാഗങ്ങളിലായി 27

അവാർഡാണ് നൽകിവന്നിരുന്നത്, അത് പുന:സംഘടിപ്പിച്ച് 19 വിഭാഗങ്ങളിലായി 35 അവാർഡുകളാണ് നിലവിൽ നൽകുന്നത്.

## സർവ്വകലാശാലകളിലെ അനധികൃത നിയമനം സംബന്ധിച്ച അന്വേഷണം

30 (*150) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വകലാശാലകളിൽ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയില്ലാത്തവരെ അനധികൃതമായി നിയമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എം.ജി. സർവ്വകലാശാലയിൽ മാർക്ക് ലിസ്റ്റ് നൽകുന്നതിന് ഒന്നര ലക്ഷം രൂപ കൈക്കൂലി വാങ്ങിയ സംഭവത്തിൽ അറസ്റ്റിലായ വ്യക്തി പരീക്ഷ പോലും എഴുതാതെ ഇന്റർവ്യൂ മുഖേനയാണ് യൂണിവേഴ്സിറ്റി അസിസ്റ്റന്റായി നിയമിതയായത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ടി ജീവനക്കാരി ഓഫീസ് അറ്റൻഡന്റ് തസ്തികയിലാണ് സർവ്വകലാശാലയിൽ നിയമിതയായത്. ടി തസ്തികയിലെ നിയമനയോഗ്യത പ്രകാരം പത്താം ക്ലാസ്സ് പാസ്സാകാത്തവരെ മാത്രമാണ് പരിഗണിച്ചിട്ടുണ്ടായിരുന്നത്. സർവ്വീസിൽ പ്രവേശിച്ചതിനുശേഷം ടി വ്യക്തി പത്താം ക്ലാസ്സ് തുല്യതാ പരീക്ഷ പാസ്സാകുകയും തുടർന്ന് വിദൂര വിദ്യാഭ്യാസത്തിലൂടെ പ്ലസ് 2, ഡിഗ്രി പരീക്ഷകൾ വിജയിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള 'ബൈ-ട്രാൻസ്ഫർ' നിയമനത്തിനായി നീക്കിവച്ചിരുന്ന ഒഴിവിലേയ്ക്കാണ് ടി ഉദ്യോഗസ്ഥ അസിസ്റ്റന്റ് ആയി നിയമിതയായത്.

(സി) കേരളത്തിലെ സർവ്വകലാശാലകളിൽ സമാനമായ തട്ടിപ്പുകൾ നടക്കുന്നുണ്ടെന്ന ആരോപണം ഉയർന്നിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തുമോ എന്നറിയിക്കാമോ?

സമാനമായ തട്ടിപ്പുകൾ നടക്കുന്നുണ്ടെന്ന വസ്തുതാപരമായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ii) <u>നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ</u>

<u>കൃഷി/അനുബന്ധ മേഖലകളിലെ ആധുനികവൽക്കരണം</u>

1(1541) <u>ശ്രീ. വി. ശശി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷി/അനുബന്ധ മേഖലകൾ ക്ലൗഡ് കമ്പ്യൂട്ടിംഗ്, ബ്ലോക്ക് ചെയിൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ ആധുനിക ഡിജിറ്റൽ സാങ്കേതികവിദ്യകളുടെ പ്രയോഗം, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ ഏകോപനം എന്നിവയാൽ ആധുനികവൽക്കരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; ആയതിലേയ്ക്ക് എത്ര രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

&

(ബി) പ്രസ്തുത ആവശ്യത്തിലെ പ്രാഥമിക ചെലവുകൾക്കായി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പത്ത് കോടി രൂപ എന്തിനെല്ലാം ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

ഇക്കാര്യം ഈ സാമ്പത്തിക വർഷം പരിഗണനയിലില്ല.

## വെന്നിയൂർ കുളങ്ങര റോഡ് നിർമ്മാണം

2(1542) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ വെന്നിയൂർ കുളങ്ങര

റോഡ് നിർമ്മാണത്തിന് അനുമതി നൽകുന്നതിനെ സംബന്ധിക്കുന്ന ഫയൽ കൃഷി വകുപ്പിൽ ഉണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ അനുമതിക്കായുള്ള പരിശോധനാ റിപ്പോർട്ട് നൽകുന്നതിന് മലപ്പുറം ജില്ലാ കളക്ടർ, മലപ്പുറം ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ എന്നിവരെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നോ; പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത റോഡ് നീരൊഴുക്കിനെ തടസ്സപ്പെടുത്താതെ നിർമ്മിക്കാമെന്നും റോഡ് നിർമ്മാണം കൃഷിക്ക് ഗുണകരമാകും എന്നും ജില്ലാ കളക്ടറും ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറും സർക്കാരിന് റിപ്പോർട്ട് നൽകിയിരുന്നോ;

(സി) ജില്ലാ കളക്ടറും ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറും റോഡ് നിർമ്മാണത്തിന് അനുകൂലമായി റിപ്പോർട്ട് നൽകിയിട്ടും പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് അനുമതി ലഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

&

(ഡി) ഈ പ്രവൃത്തിക്ക് അനുമതി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ വെന്നിയൂർ കുളങ്ങര റോഡ് നിർമ്മാണത്തിന് നിലം നികത്തിയാൽ ഭാവിയിലെ ജലദൗർലഭ്യതയ്ക്ക് കാരണമാകുമെന്നതിനാലും പാരിസ്ഥിതിക വ്യവസ്ഥയുടെ സുസ്ഥിരത ഉറപ്പാക്കേണ്ടതായതിനാലും സമീപത്തുള്ള നെൽവയലുകൾ തരംമാറ്റാൻ സാദ്ധ്യതയുള്ളതിനാലും പാടത്തിന്റെ ജലനിർഗ്ഗമനത്തെ ബാധിക്കുമെന്നതിനാലും പ്രസ്തുത അപേക്ഷ 10.1.2017-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.)നം. 21/2017/കൃഷി പ്രകാരം നിരസിച്ചിരുന്നു. എന്നാൽ ടി ഉത്തരവിനെതിരെ നൽകിയ പുന:പരിശോധനാ അപേക്ഷയിന്മേൽ സംസ്ഥാനതല സമിതി അംഗം സ്ഥലപരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടും ആയതിന്മേൽ ജില്ലാ കളക്ടർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ എന്നിവർ സമർപ്പിച്ച റിപ്പോർട്ടും സർക്കാർ വീണ്ടും വിശദമായി പരിശോധിക്കുകയും പ്രസ്തുത നിലം നികത്തിയാൽ ഗുരുതരമായ പാരിസ്ഥിതിക ആഘാതം ഉണ്ടാകുമെന്ന നിഗമനത്തിൽ എത്തുകയും പുനഃപരിശോധനാ അപേക്ഷ 5.11.2021-ലെ സർക്കാർ കത്ത് 211/എൻസി2/2018/കൃഷി പ്രകാരം നിരസിക്കുകയും ചെയ്തിട്ടുണ്ട്.

## ഭൗമസൂചിക പദവി ലഭിച്ച ഉത്പന്നങ്ങൾ

3 (1543) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൗമസൂചിക പദവി ലഭിച്ച കേരളത്തിലെ ഉത്പന്നങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ഭൗമ സൂചിക ലഭിച്ചിട്ടുള്ള കാർഷികോത്പന്നങ്ങൾ :-

1. പൊക്കാളി അരി 2. വാഴക്കുളം കൈതച്ചക്ക 3. മദ്ധ്യ തിരുവിതാംകൂർ ശർക്കര 4. വയനാട് ജീരകശാല അരി 5. വയനാട് ഗന്ധകശാല അരി 6. കൈപ്പാട് അരി 7. ചെങ്ങാലിക്കോടൻ നേന്ത്രൻ 8. നിലമ്പൂർ തേക്ക് 9. മറയൂർ ശർക്കര 10. തിരൂർ വെറ്റില 11. കുറ്റ്യാട്ടൂർ മാങ്ങ 12. എടയൂർ മുളക് 13. പാലക്കാട് മട്ട അരി 14. ഞവര അരി 15. ആലപ്പുഴ ഗ്രീൻ ഏലം 16. മലബാർ കുരുമുളക് 17. വയനാട് റോബസ്റ്റ കോഫി 18. മൺസൂൺഡ് മലബാർ അറബിക്ക കോഫി 19. മൺസൂൺഡ് മലബാർ റോബസ്റ്റ കോഫി.

മറ്റുൽപന്നങ്ങൾ:- A) ആറന്മുള കണ്ണാടി B) ആലപ്പുഴ കയർ C) പാലക്കാടൻ മദ്ദളം D) തഴപ്പായ E) ബ്രാസ് ബ്രോയ്ഡ്രേഡ് കോക്കനട്ട് ഷെൽ ക്രാഫ്റ്റ് F) കണ്ണൂർ ഹോം ഫർണിഷിംഗ് G) ബാലരാമപുരം സാരിയും കോട്ടൺ ഫാബ്രിക്സും H) കാസർഗോഡ് സാരി I) കുത്തമ്പുള്ളി സാരി J) പയ്യന്നൂർ പവിത്ര മോതിരം K) ചേന്ദമംഗലം മുണ്ടും സെറ്റും മുണ്ടും L) കുത്തമ്പുള്ളി മുണ്ടും സെറ്റും മുണ്ടും M) കരുനാഗപ്പള്ളി തഴപ്പായ N) കോക്കനട്ട് ഷെൽ

കരകൗശല വസ്തുക്കൾ.

(ബി) ഭൗമസൂചിക പദവിയുള്ള ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന കർഷകന് ലഭിക്കുന്ന പ്രയോജനങ്ങൾ എന്താണെന്ന് അറിയിക്കാമോ?

ഉല്പാദകർക്ക് തനത് ഉല്പന്നങ്ങളുടെ മേൽ നിയമപരമായ സംരക്ഷണം ലഭിക്കുന്നു. രജിസ്റ്റർ ചെയ്യപ്പെട്ട ഭൗമസൂചകം മറ്റാരെങ്കിലും അനധികൃതമായി ഉപയോഗിക്കുന്നത് തടയാനാകും. ഗുണമേന്മ ഉറപ്പാക്കുന്നതിനാൽ മെച്ചപ്പെട്ട വിപണി ലഭിക്കുന്നു. അതിനാൽത്തന്നെ തനതായ ഉല്പന്നങ്ങളുടെ പരിപോഷണം സാദ്ധ്യമാകുന്നു. ഇതര രാജ്യങ്ങളിൽ ഉല്പന്നങ്ങൾക്ക് നിയമ സംരക്ഷണം ലഭിക്കണമെങ്കിൽ മാതൃരാജ്യത്തിൽ ഭൗമസൂചകമായി സംരക്ഷിക്കപ്പെടണം.

(സി) കുറ്റ്യാടി തെങ്ങിന് ഭൗമസൂചിക പദവി ലഭിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നടപടികൾ കൈക്കൊള്ളുമോ?

ഇല്ല. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് വിഷയം പരിശോധിക്കുന്നതാണ്.

## ഹൈലെവൽ കനാൽ നിർമ്മാണ പ്രവൃത്തി

4 (1544) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈലെവൽ കനാലിന്റെ ഭാഗമായ മണലൂർ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന പുത്തൻകോവിലകം മുതൽ അയ്യപ്പൻകാവ് വരെയുള്ള കനാലിന്റെ നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ?

നബാർഡ് ആർ.ഐ.ഡി.എഫ്-XXII പദ്ധതിയിൽ ഉൾപ്പെടുത്തി മണലൂർ മണ്ഡലത്തിന്റെ പരിധിയിൽ പുത്തൻകോവിലകം മുതൽ കാഞ്ഞാണി റോഡ് വരെ ഹൈലെവൽ കനാൽ റീച്ച്-3, കാഞ്ഞാണി റോഡ് മുതൽ അയ്യപ്പൻകാവ് വരെ ഹൈലെവൽ കനാൽ റീച്ച്-4 എന്നിങ്ങനെ രണ്ട് പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. റീച്ച് മൂന്നിലെ പ്രവൃത്തിയിൽ നാല് ബോക്സ് കൾവെർട്ടുകൾ, ഒരു സ്ലൂയിസ്, നാല് റാമ്പുകൾ എന്നിവയുടെ നിർമ്മാണവും കനാലിന്റെ ആഴംകൂട്ടൽ പ്രവൃത്തിയും ഉൾപ്പെട്ടിട്ടുണ്ട്. റീച്ച് നാലിലെ പ്രവൃത്തിയിൽ ബോക്സ് കൾവെർട്ട് - മൂന്നെണ്ണം, സ്ലൂയിസ് - രണ്ടെണ്ണം, എഞ്ചിൻതറ - രണ്ടെണ്ണം, റാമ്പ് - നാലെണ്ണം എന്നിവയുടെ നിർമ്മാണവും കനാലിന്റെ ആഴം കൂട്ടൽ പ്രവൃത്തിയും ബണ്ട് നിർമ്മാണ പ്രവൃത്തിയും ഉൾപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ?

റീച്ച്-3 പ്രവൃത്തിയിൽ മൂന്ന് ബോക്സ് കൾവെർട്ട് പൂർത്തീകരണ ഘട്ടത്തിലാണ്. ആഴം കൂട്ടൽ പ്രവൃത്തിയും ബണ്ട് നിർമ്മാണ പ്രവൃത്തിയും ഉടനെ ആരംഭിക്കുന്നതാണ്. മേൽ പ്രവൃത്തി 23.1.2023-ൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. റീച്ച്-4 പ്രവൃത്തിയിൽ ബോക്സ് കൾവെർട്ട്, നടപ്പാലം, സ്ലൂയിസ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു. രണ്ടാമത്തെ ബോക്സ് കൾവെർട്ടിന്റെ നിർമ്മാണം പുരോഗതിയിലാണ്. മേൽ പ്രവൃത്തി 31.3.2023-ൽ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഹൈലെവൽ കനാലിന്റെ നിർമ്മാണ പ്രവൃത്തികൾക്ക് കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന് എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയത്; പ്രസ്തുത ഭരണാനുമതി സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

നബാർഡ് ആർ.ഐ.ഡി.എഫ്- XXII ഘട്ടത്തിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിലെ ഹൈലെവൽ കനാൽ പദ്ധതിക്ക് കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിന് 22.30 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശപ്രകാരം മണ്ണിന്റെ നിരക്കിൽ ഏകീകരണം വരുത്തി PRICE Software പ്രകാരം ടി പദ്ധതിയുടെ എസ്റ്റിമേറ്റ് 4 റീച്ചുകളായി തിരിച്ച്

പുതുക്കി സമർപ്പിക്കുകയും ആയതിന് 19.52 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയും നൽകിയിരുന്നു. എന്നാൽ ഇതിൽ ഒന്ന് മുതൽ മൂന്ന് വരെയുള്ള റീച്ചിലെ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് റേറ്റിനെക്കാൾ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്യുകയും പ്രസ്തുത വിവരം സർക്കാരിനെ അറിയിച്ചതിന്മേൽ കുട്ടനാട്ടിലെയും കോൾ പ്രദേശങ്ങളിലെയും ആവശ്യമായ തരത്തിൽ മണ്ണിന്റെ നിരക്ക് വർദ്ധന വരുത്തി Tender excess approval സർക്കാർ നൽകിയിരുന്നു. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. +

മണ്ണാർതോട് ബണ്ട് ബലപ്പെടുത്തൽ

5(1545) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ മണ്ണാർതോടിന്റെ ബണ്ട് ബലപ്പെടുത്തി സംരക്ഷിക്കാത്തതിനാൽ കൃഷി നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) 450 മീറ്റർ നീളമുള്ള മണ്ണാർതോടിന്റെ ബണ്ട് ബലപ്പെടുത്തി പാടശേഖരത്തെ സംരക്ഷിക്കുന്നതിനും ബണ്ട് ഫാം റോഡായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നിലനിർത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉണ്ട്. മണ്ണാർതോടിന്റെ സംരക്ഷണത്തിനായി 2022-23 സാമ്പത്തിക വർഷം മുഴവന്നൂർ ഗ്രാമപഞ്ചായത്ത് 10 ലക്ഷം രൂപ വകയിരുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## കാർബൺ ന്യൂട്രൽ കൃഷി

6 (1546) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർബൺ ന്യൂട്രൽ കൃഷി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉദ്ദേശിക്കുന്നുണ്ട്.

(ബി) കാലാവസ്ഥാ വ്യതിയാനംമൂലം കാർഷിക മേഖലയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രസ്തുത കൃഷി രീതി പ്രയോജനകരമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കാലാവസ്ഥയ്ക്ക് അനുയോജ്യമായ കൃഷി രീതികൾ, ജൈവകൃഷി

പ്രോത്സാഹനം, മിശ്ര വിള കൃഷി, അഗ്രോഫോറസ്റ്ററി, രോഗകീടങ്ങളേയും വരൾച്ച വെള്ളപ്പൊക്കം എന്നീ പ്രകൃതിക്ഷോഭങ്ങളേയും പ്രതിരോധിക്കുന്ന വിത്തിനങ്ങളുടെ ഉപയോഗം, പാരിസ്ഥിതിക എഞ്ചിനീയറിംഗ്, ഭൂമിയുടെ സ്വഭാവം അറിഞ്ഞുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകിയാണ് കാർബൺ ന്യൂട്രൽ കൃഷി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഫലമായി ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളൽ കുറയ്ക്കുന്നതിനും മണ്ണിലെ ജൈവ കാർബൺ സങ്കലനത്തിനും വഴിയൊരുങ്ങുന്നു. ഇതോടൊപ്പം ജനങ്ങളുടെ ആരോഗ്യത്തിനും പ്രാധാന്യം നൽകുന്നതാണ് കാർബൺ ന്യൂട്രൽ അഗ്രികൾച്ചർ.

(സി) പ്രസ്തുത കൃഷിരീതി കർഷകർക്കിടയിൽ പ്രചരിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

സീറോ കാർബൺ ആവാസവ്യവസ്ഥ, പ്രകൃതി സംരക്ഷണം, ആരോഗ്യം, ഭക്ഷ്യ-ഊർജ്ജ സ്വയംപര്യാപ്തത, സാമ്പത്തിക ക്ഷേമം, വികസനം എന്നീ ആശയങ്ങൾ മുന്നോട്ടുവച്ച് കേരളത്തിലെ കാർഷിക രംഗത്തെ കാർബൺതുലിത കാർഷിക മേഖലയാക്കി (Carbon Neutral Agriculture) മാറ്റുന്നതിന്റെ മുന്നോടിയായി 2021 ഡിസംബർ 30, 31 തീയതികളിൽ ദ്വിദിന ശിൽപ്പശാല സംഘടിപ്പിച്ചു. കാർഷിക മേഖലയിൽ

കാർബൺ എമിഷൻ കുറയ്ക്കുന്നതിന് അവലംബിക്കാവുന്ന മണ്ണ് പരിപാലന മുറകളിലെ മാറ്റങ്ങൾ, ജലസേചന മാർഗ്ഗങ്ങളിൽ വേണ്ട മാറ്റങ്ങൾ, കാർഷികോല്പാദനോപാധികളുടെ ഉപയോഗക്രമത്തിലെ മാറ്റങ്ങൾ, കാർഷിക മേഖലയിൽ ഊർജ്ജ സ്രോതസ്സുകളിലെ മാറ്റങ്ങൾ തുടങ്ങിയ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതാണ്. കാർബൺ സങ്കലനം (Carbon sequestration) വഴി കാർബണിനെ മണ്ണിലും അതുപോലെ ജൈവാംശമായും പിടിച്ചുനിർത്താനുള്ള പ്രവർത്തനങ്ങളായ ജൈവ വൈവിദ്ധ്യ സംരക്ഷണം, വിള പരിപാലനത്തിലെ മാറ്റങ്ങൾ, വിള അവശിഷ്ട പരിപാലനം, കാർബൺ ആഗീകരണശേഷിയുള്ള വിളകളുടെ വ്യാപനം, ആഴത്തിലുള്ള വേരുപടലമുള്ള വിളകളുടെ പ്രോത്സാഹനം, C4 വിളകളുടെ വ്യാപനം, സംയോജിത കൃഷിരീതി പ്രോത്സാഹനം, കണ്ടൽകാടുകളുടെയും കാവുകളുടെയും സംരക്ഷണം, കൃത്യതാ കൃഷി (പ്രിസിഷൻ ഫാമിംഗ്), നൈട്രജൻ ഫിക്സിംഗ് വിളകളുൾപ്പെടുന്ന വിള പരിക്രമം, ജൈവ വളങ്ങൾ, ജീവാണു വളങ്ങൾ, ജൈവ കീടനാശിനികൾ, ജൈവ നിയന്ത്രണ ഏജന്റുകൾ തുടങ്ങിയവയുടെ ഉപയോഗം എന്നീ മാർഗ്ഗങ്ങൾ പ്രസ്തുത കൃഷി രീതിക്കായി ഉപയോഗപ്പെടുത്താവുന്നതാണ്. ആദ്യപടിയായി കേരളത്തിലെ ഫാമുകളും കാർബൺ തുലിത കാർഷിക മുറകൾ അവലംബിക്കുകയും, "ഒരു ജില്ലയിൽ

ഒരു ഫാം" എന്ന രീതിയിൽ ആദ്യഘട്ടത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിനായി എറണാകുളം ജില്ലയിലെ ആലുവ, സീഡ് ഫാമിനെ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ വയനാട് ഒഴികെയുള്ള ജില്ലകളിലെ 13 ഫാമുകളിൽ പ്രസ്തുത കൃഷി രീതി നടപ്പിലാക്കാനും മറ്റു ഫാമുകളിൽ ഘട്ടംഘട്ടമായി നടപ്പിലാക്കാനും ലക്ഷ്യമിടുന്നു.

(ഡി) കാർബൺ ബഹിർഗമനത്തിന്റെ തോത് കുറയ്ക്കുന്ന കൃഷിമുറകൾ കർഷകരെ പരിശീലിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

കാർബൺ ബഹിർഗമനത്തിന്റെ തോത് കുറയ്ക്കുന്ന കൃഷിമുറകൾ കർഷകരെ പരിശീലിപ്പിക്കുന്നതിനുള്ള നടപടി ആരംഭഘട്ടത്തിലാണ്. ഇതിനെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി വ്യാപകമായി പരിശീലനം പൊതുജന പങ്കാളിത്തത്തോടെ സംഘടിപ്പിക്കുവാൻ ലക്ഷ്യമിടുന്നു.

<u>കൃഷി വകുപ്പിൽ ഡിജിറ്റൽവൽക്കരണം</u>

7 (1547) <u>ശ്രീ. കെ. ഡി. പ്രസേനൻ:</u>
<u>ശ്രീ. ആന്റണി ജോൺ:</u>
<u>ശ്രീ. എ. രാജ:</u>

ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ ഘടനയിലും പ്രവർത്തന രീതിയിലും സമഗ്ര മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്.

(ബി) റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പിന്റെ ഘടനയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ ഏത് ഏജൻസിയെയാണ് സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

സി.എസ്. ഡാറ്റമേഷൻ റിസെർച്ച് സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്വകാര്യ സ്ഥാപനത്തെ പഠനം നടത്തുന്നതിനായി മത്സരാടിസ്ഥാനത്തിലുള്ള ടെണ്ടർ ക്ഷണിച്ച് കൃഷി വകുപ്പ് ഡയറക്ടർ ചുമതലപ്പെടുത്തുകയും അന്തിമ റിപ്പോർട്ട് ടി സ്ഥാപനം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കൃഷി വകുപ്പിൽ ഡിജിറ്റൽവൽക്കരണം നടത്തുവാൻ ആലോചിക്കുന്നുണ്ടോ; ഇതിലൂടെ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ കഴിയുമോ; വ്യക്തമാക്കുമോ?

കൃഷി വകുപ്പിൽ ഘട്ടംഘട്ടമായി ഡിജിറ്റൽവൽക്കരണം നടപ്പിലാക്കി വരുന്നു. ആദ്യഘട്ടത്തിൽ ഇ-ഓഫീസ് സംവിധാനം ഡയറക്ടറേറ്റ്, ജില്ലാ ഓഫീസുകൾ എന്നിവിടങ്ങളിൽ ഏർപ്പെടുത്തിവരുന്നു. നാഷണൽ ഇ-ഗവേണൻസ് പ്ലാൻ (കൃഷി) [NeGP-A]-യുടെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ബ്ലോക്ക്/പഞ്ചായത്ത്/കൃഷിഭവൻ തലങ്ങളിൽ കമ്പ്യൂട്ടർ, ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. NeGP-A പദ്ധതിയുടെ ഭാഗമായി ഫാർമേഴ്സ് പോർട്ടൽ സംവിധാനവും മൊബൈൽ ഗവേണൻസ് പദ്ധതിയുടെ ഭാഗമായി കർഷകർക്കുള്ള വിള പരിപാലന നിർദ്ദേശങ്ങൾ, കാലാവസ്ഥ മുന്നറിയിപ്പുകൾ, എന്നിവ ലഭ്യമാകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കർഷകർക്കുള്ള വിവിധ അറിയിപ്പുകളും സേവനങ്ങളും ലഭ്യമാക്കുന്നതിന് krishi.info എന്ന പോർട്ടലും കാൾസെന്റർ സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. കർഷകർക്ക് വിവിധ പദ്ധതികൾവഴിയും അല്ലാതെയുമുള്ള സേവനങ്ങൾ സുതാര്യമായും കാര്യക്ഷമമായും നൽകുന്നതിനായി അഗ്രിക്കൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (AIMS) എന്ന സമഗ്ര മാനേജ്മെന്റ് പോർട്ടൽ NIC കേരളയുടെ സഹായത്തോടുകൂടി വികസിപ്പിക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, 4 പദ്ധതികളിലായി കർഷകർക്ക് താഴെപ്പറയുന്ന

സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആയി നൽകിവരുന്നു. 1) പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരം 2) സംസ്ഥാന സർക്കാരിന്റെ പുനരാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗത്വവും പോളിസിയും നൽകൽ 3) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായവർക്ക് നഷ്ടപരിഹാര വിതരണം 4) നെൽകൃഷി യോഗ്യമായ നിലത്തിന്റെ ഉടമകൾക്കുള്ള റോയൽറ്റി ആനുകൂല്യം 5) കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി അടിസ്ഥാനവില പദ്ധതി വഴിയുള്ള ആനുകൂല്യം- അപേക്ഷ മുതൽ ആനുകൂല്യം നേരിട്ട് കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ നൽകുന്ന കേന്ദ്രീകൃത DBT സംവിധാനം വരെ പൂർണ്ണമായും ഓൺ ലൈനായാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. കൃഷിവകുപ്പിന്റെ ഭരണ നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഫയൽ നടപടിക്രമങ്ങൾ സുതാര്യമായും കാര്യക്ഷമമായും നിർവ്വഹിക്കുന്നതിനും 152 കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളിൽകൂടി ഇ-ഓഫീസ് സംവിധാനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. റീ-ബിൽഡ് കേരളാ ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷിഭവൻ വരെയുള്ള ഓഫീസുകളിൽ ലാപ്ടോപ്പുകളും പ്രിന്ററുകളും നല്കുകയുണ്ടായി. കൃഷി ഡയറക്ടറേറ്റിൽ ഒരു വീഡിയോ കോൺഫറൻസിംഗ്/വെർച്വൽ ക്ലാസ്സ്റൂം

സംവിധാനം 2019 ഡിസംബർ മുതൽ പ്രവർത്തിച്ചുവരുന്നു.

## മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ ലാഭ വിഹിതം

8(1548) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ കാർഷിക നയത്തിന്മേൽ വ്യക്തമാക്കിയിട്ടുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ലാഭത്തിലെ വിഹിതം അവകാശലാഭമായി കർഷകർക്ക് നൽകണമെന്ന നിർദ്ദേശത്തിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഈ ആശയത്തിന്റെ പേരിൽ കൊണ്ടുവരികയും മറ്റുസംസ്ഥാനങ്ങൾ പിന്തുടരുകയും ചെയ്തുവരുന്ന കൃഷികല്യാൺ സെസ്സ് പോലെയുള്ള പദ്ധതികൾ തുടരുന്നുണ്ടോ?

കർഷകരുടെ ക്ഷേമത്തിനായി നിധിയിലേയ്ക്കുള്ള തുക സ്വരൂപിക്കുന്നതിനായി കാർഷികോല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റി വ്യാപാരം നടത്തുന്ന ഓരോ വ്യാപാരിയും തന്റെ വാർഷിക ലാഭത്തിന്റെ ഒരു ശതമാനം വരുന്ന തുക കർഷകർക്കുള്ള അവകാശലാഭമെന്ന നിലയ്ക്ക് കാർഷിക ഇൻസെന്റീവായി കർഷക ക്ഷേമനിധിയിലേക്ക് നിർണ്ണയിക്കപ്പെട്ട രീതിയിൽ നൽകണമെന്ന് കർഷക ക്ഷേമനിധി ആക്ട്

വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൃഷി കല്യാൺ സെസ്സ് പദ്ധതി നിലവിൽ സംസ്ഥാനത്ത് ആവിഷ്കരിച്ചിട്ടില്ല.

## സംസ്ഥാനത്തെ കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യ വികസനം

9(1549) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനാക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോയെന്ന് വിശദമാക്കാമോ?

ഉണ്ട്. വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഘട്ടംഘട്ടമായി സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളെയും സ്മാർട്ട് കൃഷിഭവനുകളാക്കുവാനുള്ള പദ്ധതിയാണ് ലക്ഷ്യമിടുന്നത്.

(ബി) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്തതും അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതുമായ കൃഷിഭവനുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്തതും അടിസ്ഥാന സൗകര്യങ്ങൾ കുറവുള്ളതുമായ കൃഷിഭവനുകൾ ഗുരുവായൂർ, ഏങ്ങണ്ടിയൂർ എന്നിവയാണ്.

(സി) കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ വിശദീകരിക്കാമോ?

കൃഷിഭവന്റെ നിർമ്മാണപ്രവൃത്തികൾക്ക് നിലവിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ ഫണ്ട് നീക്കിവച്ചിട്ടില്ല. കൃഷി ഭവനുകൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി നൽകിയിട്ടുള്ള സ്ഥാപനങ്ങളായതിനാൽ കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ ഫണ്ട് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ലഭ്യമാക്കേണ്ടത്. കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിന്റെ ഭാഗമായി RIDF, RKVY പദ്ധതികളിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത

10 (1550) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് പച്ചക്കറിയുല്പാദനത്തിൽ സ്വയംപര്യാപ്തത

കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വിഭാവനം ചെയ്തിട്ടുള്ള ബൃഹദ് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. പ്രസ്തുത പദ്ധതിയിൽ അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികൾ ഒഴിവാക്കി സംസ്ഥാനത്തിനാവശ്യമായ പച്ചക്കറികൾ വ്യാവസായികാടിസ്ഥാനത്തിലും വീട്ടുവളപ്പുകളിലും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദനോപാധികളുടെ ലഭ്യതയും ഉറപ്പാക്കുവാൻ വേണ്ടിയുള്ള വിവിധ ഘടകങ്ങൾ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. ഇതിലേയ്ക്കായി 2021-22 സാമ്പത്തിക വർഷം 7,445 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയം പര്യാപ്തതയിലേയ്ക്ക് എത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ചുവടെ ചേർത്തിട്ടുള്ള സമഗ്ര പച്ചക്കറി വികസന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിവരുന്നു.

ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം: വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തിവരുന്നു. വിവിധ ഇനം പച്ചക്കറി വിത്തുകളടങ്ങിയ 10

രൂപയുടെ 80 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 2.50 രൂപ വിലയുള്ള 272.16 ലക്ഷം പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും കർഷകർക്കും വീട്ടമ്മമാർക്കും വിവിധ സന്നദ്ധ സംഘടനകൾക്കും മാധ്യമങ്ങൾക്കും സൗജന്യമായി വിതരണം നടത്തി. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽനിന്നും തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

<u>സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി</u>: സംസ്ഥാനത്ത് സ്കൂളുകളിൽ പച്ചക്കറിത്തോട്ടം പ്രോത്സാഹിപ്പിക്കുന്നതിന് സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം ' സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി' എന്ന മുഖ്യ ഘടകം നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ തെരഞ്ഞെടുത്ത 2500 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം തയ്യാറാക്കുന്നതിന് 4,000 രൂപ നിരക്കിൽ (ഒരു വിദ്യാലയം എന്ന കണക്കിൽ) ധനസഹായം നൽകി വരുന്നു. കൂടാതെ വിദ്യാർത്ഥി/വിദ്യാർത്ഥിനികളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും നൂതന കൃഷി രീതികളെക്കുറിച്ച് അവബോധം നൽകുന്നതിനുമായി ഹരിത ക്ലബ്ബുകൾ രൂപീകരിക്കുന്നുമുണ്ട്. സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ

/സർക്കാരിത/സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷിക്ക് ധനസഹായം നൽകിവരുന്നു.

ജില്ലാ ക്ലസ്റ്റർ വികസനം: വ്യാവസായികാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി കുറഞ്ഞത് 15 കർഷകർ അടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് കുറഞ്ഞത് 5 ഹെക്ടർ വരെയും പരമാവധി 7 ഹെക്ടർ വരെയും പച്ചക്കറി കൃഷി നടപ്പിലാക്കുന്ന ക്ലസ്റ്റർ ഒന്നിന് പരമാവധി 1 - 1.25 ലക്ഷം രൂപ വീതം ധനസഹായം നൽകിക്കൊണ്ടുള്ള പദ്ധതിയാണ്. പമ്പ്സെറ്റും മറ്റ് അനുബന്ധ ഘടകങ്ങളും വാങ്ങുന്നതിന് യൂണിറ്റൊന്നിന് 50 ശതമാനം സബ്സിഡി നിരക്കിൽ 10,000 രൂപ വരെയും സസ്യസംരക്ഷണ ഉപാധികൾ വാങ്ങുന്നതിന് യൂണിറ്റൊന്നിന് 1,500 രൂപ വരെയും സബ്സിഡി നൽകിവരുന്നു. സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതും ആവശ്യമില്ലാത്തതുമായ ഇനങ്ങളുടെ അടിസ്ഥാനത്തിൽ 20,000 മുതൽ 25,000 രൂപ വരെ നിരക്കിൽ ധനസഹായം നൽകുന്നു. ഇതുകൂടാതെ പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ വിത്തുല്പാദനം, വിതരണം, പ്രചരണം എന്നിവയ്ക്കും ഈ പദ്ധതി ഘടകത്തിൽ ഉൾപ്പെടുത്തി ധനസഹായം നൽകിവരുന്നു. കൂടാതെ ദീർഘകാല പച്ചക്കറി വിളകളായ ശീമച്ചക്ക, മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ

വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനത്തിനും ഇടുക്കി ജില്ലയിൽ ശീതകാല പച്ചക്കറി കൃഷി ചെയ്യുന്നതിനും ധനസഹായം നൽകിവരുന്നു.

<u>ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം:</u> പുതിയ 'എ' ഗ്രേഡ് ക്ലസ്റ്ററുകളുടെ രൂപീകരണത്തിനായി ക്ലസ്റ്ററൊന്നിന് 6.3 ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു.

<u>കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം</u>: എ ഗ്രേഡ് ക്ലസ്റ്ററുകളുടെ ഗ്രേഡിംഗിന്റെ അടിസ്ഥാനത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ബെസ്റ്റ് പെർഫോർമിംഗ് എ ഗ്രേഡ് ക്ലസ്റ്ററുകൾക്ക് 5 ലക്ഷം രൂപ നിരക്കിൽ അധിക ധനസഹായം നൽകിവരുന്നു. മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യ സംസ്കരണവും എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ കർഷകർക്ക് നൽകുന്നു. 25 ഗ്രോബാഗുകൾ അടങ്ങിയ 2,000 രൂപ വിലവരുന്ന ഒരു യൂണിറ്റിന് 75 ശതമാനം സബ്സിഡിയിൽ 500 രൂപയ്ക്ക് കർഷകർക്ക് വിതരണം ചെയ്യുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 56,333 യൂണിറ്റ് ഗ്രോബാഗ് വിതരണം പൂർത്തീകരിച്ചു.

<u>ഹരിത ഗ്രൂപ്പുകളുടെ രൂപീകരണം:</u> നഗരപ്രദേശങ്ങളിൽ പ്രവർത്തിച്ചുവരുന്ന 3 മുതൽ 5 വരെയുടെ റെസിഡന്റ്സ്

അസോസിയേഷനുകളെ ഉൾപ്പെടുത്തിക്കൊണ്ട് ഹരിത ഗ്രൂപ്പ് രൂപീകരിക്കുന്നു. ഹരിത ഗ്രൂപ്പുകളുടെ രജിസ്ട്രേഷനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി ഒരു ഗ്രൂപ്പിന് 50,000 രൂപ ധനസഹായം നൽകിവരുന്നു.

നഴ്സറികൾ സ്ഥാപിക്കൽ: ഗുണമേന്മയുള്ള പച്ചക്കറി തൈകളുടെ ലഭ്യത ഉറപ്പാക്കുന്നതിലേയ്ക്കായി കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ നഴ്സറി സ്ഥാപിക്കുന്നതിന് 1,000 രൂപ ഒരു സ്ക്വയർ മീറ്റർ എന്ന കണക്കിൽ ധനസഹായം നൽകിവരുന്നു.

ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം പ്രോത്സാഹിപ്പിക്കൽ: ചെലവ് കുറഞ്ഞ രീതിയിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്ക് ജലസേചനം ഉറപ്പുവരുത്തുന്നതിനായി ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം എന്ന ഘടകം നടപ്പിലാക്കിവരുന്നു. 75% സബ്സിഡിയോടുകൂടി പരമാവധി ഒരു യൂണിറ്റിന് 7,500 രൂപ ധനസഹായം നൽകിവരുന്നു.

മഴമറ നിർമ്മാണം: വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷി ചെയ്യുന്നതിനായി നൂതന രീതിയായ മഴമറയിലെ കൃഷി കർഷകർക്ക് ഏറെ സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാദ്ധ്യമാക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ

സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്റർ ഉള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു.

സേഫ്-ടു-ഈറ്റ്: കാർഷിക സർവ്വകലാശാലവഴി പച്ചക്കറികളിലെ കീടനാശിനികളുടെ അംശം പരിശോധിക്കുന്നതിനുവേണ്ടി ധനസഹായം നൽകിവരുന്നു. സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന പഴം-പച്ചക്കറികളുടേയും അവശിഷ്ട വിഷാംശം കണ്ടെത്തുന്നതിനായി ഇവയുടെ സാമ്പിളുകൾ ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബിൽ കീടനാശിനി അവിശിഷ്ട വിഷാംശ പരിശോധന നടത്തുകയും പരിശോധനാഫലം പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്.

സുഭിക്ഷ കേരളം പദ്ധതി: സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 വർഷത്തിൽ 500 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. മഴമറ കൃഷി, തരിശു നില കൃഷി, പമ്പ് സെറ്റ്, സസ്യസംരക്ഷണ ഉപാധികൾ എന്നിവയുടെ വിതരണം എന്നീ ഘടകങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസനം:

വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസനത്തിനായി 725 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

കൂടാതെ, സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി എല്ലാ ജനങ്ങളെയും കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് "ഞങ്ങളും കൃഷിയിലേയ്ക്ക്". കാർഷിക കൂട്ടായ്മയിലൂടെ ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഭക്ഷ്യസ്വയം പര്യാപ്തതയിൽ എത്തുക, സുരക്ഷിത ഭക്ഷണം ലഭ്യമാക്കുക, കേരളീയരിൽ കാർഷിക സംസ്കാരം വളർത്തുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

(ബി) പച്ചക്കറി കൃഷിചെയ്യുന്ന കർഷകർക്ക് നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ?

സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം വീട്ടുവളപ്പിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി കർഷകർക്ക് വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 10 രൂപ വിലവരുന്ന പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തിവരുന്നു. കൂടാതെ വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം തയ്യാറാക്കുന്നതിന് 4,000 രൂപ നിരക്കിൽ (ഒരു

വിദ്യാലയം എന്ന കണക്കിൽ) ധനസഹായം നൽകിവരുന്നു. വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി കുറഞ്ഞത് 15 കർഷകർ അടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് കുറഞ്ഞത് 5 ഹെക്ടർ വരെയും പരമാവധി 7 ഹെക്ടർ വരെയും പച്ചക്കറി കൃഷി നടപ്പിലാക്കുന്ന ക്ലസ്റ്റർ ഒന്നിന് പരമാവധി 1 – 1.25 ലക്ഷം രൂപ വീതം ധനസഹായം നൽകിവരുന്നു. പമ്പ്സെറ്റും മറ്റനുബന്ധ ഘടകങ്ങളും വാങ്ങുന്നതിന് യൂണിറ്റൊന്നിന് 10,000 രൂപ വരെയും സസ്യസംരക്ഷണോപാധികൾ എന്നിവ വാങ്ങുന്നതിന് യൂണിറ്റൊന്നിന് 1,500 രൂപ വരെയും സബ്സിഡി നൽകിവരുന്നു. സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതും ആവശ്യമില്ലാത്തതുമായ ഇനങ്ങളുടെ അടിസ്ഥാനത്തിൽ 20,000 മുതൽ 25,000 രൂപ വരെ നിരക്കിൽ ധനസഹായം നൽകുന്നു. മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യ സംസ്കരണവും എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ കർഷകർക്ക് നൽകുന്നു. 25 ഗ്രോബാഗുകൾ അടങ്ങിയ 2,000 രൂപ വിലവരുന്ന ഒരു യൂണിറ്റിന് 75 ശതമാനം സബ്സിഡിയിൽ 500 രൂപയ്ക്ക് കർഷകർക്ക് വിതരണം ചെയ്യുന്നു. ചെലവ് കുറഞ്ഞ രീതിയിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്ക് ജലസേചനം

ഉറപ്പുവരുത്തുന്നതിനായി ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം എന്ന ഘടകം നടപ്പിലാക്കി വരുന്നു. 75% സബ്സിഡിയോടുകൂടി പരമാവധി ഒരു യൂണിറ്റിന് 7,500 രൂപ ധനസഹായം നൽകിവരുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്റർ ഉള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ സുഭിക്ഷ കേരളം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി തരിശു നിലത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് കർഷകർക്ക് ധനസഹായം നൽകിവരുന്നു. പച്ചക്കറി വികസന പദ്ധതി പ്രകാരം തരിശു സ്ഥലങ്ങളിൽ കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 40,000 രൂപയാണ് ധനസഹായം നൽകി വരുന്നത്. തരിശുഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകന് കൃഷി ചെലവുകൾക്കായി 37,000 രൂപയും ഭൂമി കൃഷി ചെയ്യാനായി വിട്ടുകൊടുക്കുന്ന ഉടമസ്ഥന് ഹെക്ടറിന് 3,000 രൂപയുമാണ് നൽകിവരുന്നത്.

## ഇരിക്കൂർ മണ്ഡലത്തിലെ ആർ.ഐ.ഡി.എഫ്. പദ്ധതി

11 (1551) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്താൻ എത്ര

പദ്ധതികളാണ് വിവിധ പഞ്ചായത്തുകളിൽനിന്നും ലഭ്യമായത്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എത്രയെണ്ണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ;

&

(സി) ഇനി ഏതെല്ലാം പ്രവൃത്തികൾക്കാണ് ഫണ്ട് അനുവദിക്കാൻ പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്താൻ പദ്ധതികളൊന്നും സർക്കാരിൽ ലഭ്യമായിട്ടില്ല.

<u>ആദിവാസികൾക്കും പട്ടികജാതിക്കാർക്കുമായി നടപ്പിലാക്കിയ പദ്ധതികൾ</u>

12 (1552) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷം കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പാക്കിയപ്പോൾ ഓരോ പദ്ധതിയിലും ആദിവാസികൾക്കും പട്ടികജാതിക്കാർക്കുമായി എത്ര തുകവീതം നീക്കിവച്ചുവെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

കഴിഞ്ഞ അഞ്ചുവർഷം കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിയപ്പോൾ ഓരോ പദ്ധതിയിലും ആദിവാസികൾക്കും പട്ടികജാതിക്കാർക്കുമായി നീക്കിവച്ചിട്ടുള്ളതും ചെലവഴിച്ചിട്ടുള്ളതുമായ തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ ആദിവാസികൾക്ക് ഏതെല്ലാം ഊരുകളിൽ എത്ര തുകവീതം നൽകി; വിശദാംശങ്ങൾ നൽകാമോ?

<u>ഇടുക്കി ജില്ല</u>

1. ചിന്നപാറക്കുടി - 3 ലക്ഷം രൂപ
2. പടിക്കപ്പ് കുടി - 2 ലക്ഷം രൂപ
3. മച്ചിപ്ലാവ് കുടി - 1.5 ലക്ഷം രൂപ
4. നേമാരി - 1 ലക്ഷം രൂപ
5. കോഴിമല - 2 ലക്ഷം രൂപ
6. കോഴിയളംകുടി - 4 ലക്ഷം രൂപ
7. ചിക്കളംകുടി - 2 ലക്ഷം രൂപ
8. സിന്ഗ് കുടി - 0.5 ലക്ഷം രൂപ
9. കമ്പനി കുടി - 3 ലക്ഷം രൂപ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

10. തായന്നംകുടി - 68 ലക്ഷം രൂപ

11. കുളച്ചിവയൽ കുടി - 68 ലക്ഷം രൂപ

12. സൊസൈറ്റി കുടി - 68 ലക്ഷം രൂപ

13. ഇടലിപ്പാറ കുടി - 68 ലക്ഷം രൂപ

14. സ്വാമിയാർളം കുടി - 68 ലക്ഷം രൂപ

15. ക്കുടലാർ കുടി - 68 ലക്ഷം രൂപ

കോട്ടയം ജില്ല

തുക നൽകിയിട്ടില്ല.

കാർബൺമുക്ത കൃഷിയിടങ്ങൾ

13 (1553) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിയിടങ്ങളിൽ കാർബൺ വ്യാപനം കുറച്ചു കൊണ്ടുവരുന്നതിനായി സർക്കാർ നയരൂപീകരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ കൃഷിയിടങ്ങളിൽ കാർബൺ വ്യാപനം കുറച്ചു കൊണ്ടുവരുന്നതിനായുള്ള നയരൂപീകരണം സർക്കാരിന്റെ

പരിഗണനയിലുണ്ട്.

(ബി) കൃഷിയിടങ്ങൾ കാർബൺ മുക്തമാക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് രൂപീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

സീറോ കാർബൺ ആവാസവ്യവസ്ഥ, പ്രകൃതി സംരക്ഷണം, ഭക്ഷ്യ-ഊർജ്ജ സ്വയംപര്യാപ്തത, സാമ്പത്തിക ക്ഷേമം, വികസനം എന്നീ ആശയങ്ങൾ മുന്നോട്ടുവച്ച് കേരളത്തിലെ കാർഷിക രംഗത്തെ കാർബൺ തുലിത കാർഷിക മേഖലയാക്കി (Carbon Neutral Agriculture) മാറ്റുന്നതിന്റെ മുന്നോടിയായി 2021 ഡിസംബർ 30, 31 തീയതികളിൽ ദ്വിദിന ശിൽപ്പശാല സംഘടിപ്പിച്ചു. കാർഷിക മേഖലയിൽ കാർബൺ എമിഷൻ കുറയ്ക്കുന്നതിന് അവലംബിക്കാവുന്ന മണ്ണ് പരിപാലന മുറകളിലെ മാറ്റങ്ങൾ, ജലസേചന മാർഗ്ഗങ്ങളിൽ വേണ്ട മാറ്റങ്ങൾ, കാർഷികോല്പാദനോപാധികളുടെ ഉപയോഗക്രമത്തിലെ മാറ്റങ്ങൾ, കാർഷിക മേഖലയിൽ ഊർജ്ജ സ്രോതസ്സുകളിലെ മാറ്റങ്ങൾ തുടങ്ങിയ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതാണ്. കാർബൺ സങ്കലനം (Carbon sequestration) വഴി കാർബണിനെ മണ്ണിലും അതുപോലെ ജൈവാംശമായും പിടിച്ചുനിർത്താനുള്ള പ്രവർത്തനങ്ങളായ ജൈവ വൈവിദ്ധ്യ സംരക്ഷണം, വിള പരിപാലനത്തിലെ മാറ്റങ്ങൾ, വിള അവശിഷ്ട പരിപാലനം, കാർബൺ

ആഗിരണശേഷിയുള്ള വിളകളുടെ വ്യാപനം, ആഴത്തിലുള്ള വേരുപടലമുള്ള വിളകളുടെ പ്രോത്സാഹനം, C4 വിളകളുടെ വ്യാപനം, സംയോജിത കൃഷിരീതി പ്രോത്സാഹനം, കണ്ടൽകാടുകളുടെയും കാവുകളുടെയും സംരക്ഷണം, കൃത്യതാ കൃഷി (പ്രിസിഷൻ ഫാമിംഗ്), നൈട്രജൻ ഫിക്സിംഗ് വിളകളുൾപ്പെടുന്ന വിള പരിക്രമം, ജൈവ വളങ്ങൾ, ജീവാണു വളങ്ങൾ, ജൈവ കീടനാശിനികൾ, ജൈവ നിയന്ത്രണ ഏജന്റുകൾ തുടങ്ങിയവയുടെ ഉപയോഗം എന്നീ മാർഗ്ഗങ്ങൾ പ്രസ്തുത കൃഷി രീതിക്കായി ഉപയോഗപ്പെടുത്താവുന്നതാണ്. ആദ്യപടിയായി കൃഷി വകുപ്പിന് കീഴിലുള്ള എല്ലാ ഫാമുകളിലും കാർബൺ തുലിത കാർഷിക മുറകൾ അവലംബിക്കുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ "ഒരു ജില്ലയിൽ ഒരു ഫാം" എന്ന രീതിയിൽ തെരഞ്ഞെടുത്ത് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. എറണാകുളം ജില്ലയിലെ ആലുവ സീഡ് ഫാമിനെ സംസ്ഥാനത്തെ ആദ്യ കാർബൺ തുലിത ഫാമായി തെരഞ്ഞെടുത്തിട്ടുണ്ട്. വയനാട് ഒഴികെയുള്ള ജില്ലകളിലെ ഓരോ ഫാമുകളെ നിശ്ചയിച്ച് 13 ഫാമുകളിൽ ഘട്ടംഘട്ടമായി പ്രസ്തുത കൃഷി രീതി നടപ്പിലാക്കുന്നതാണ്.

## വിപണി ഇടപെടൽ

14 (1554) ശ്രീ. എം. എം. മണി:
ശ്രീ. ഡി. കെ. മുരളി:

<u>ശ്രീ. ജി. സ്റ്റീഫൻ:</u>

<u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനവും പ്രവചനങ്ങൾക്കതീതമായി പെയ്ത മഴയും സംസ്ഥാനത്തെയും ഇതര സംസ്ഥാനങ്ങളിലെയും കാർഷികോല്പന്നങ്ങളുടെ ഉല്പാദനത്തിലുണ്ടാക്കിയ കുറവ് സംസ്ഥാനത്ത് പഴം, പച്ചക്കറി വില ക്രമാതീതമായി വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി നടത്തിയ വിപണി ഇടപെടൽ സംബന്ധിച്ച വിശദാംശം നൽകാമോ;

&

(ബി) കൂടാതെ, വിലക്കയറ്റം പിടിച്ചുനിറുത്തുന്നതിനായി നടത്തിയിട്ടുള്ള മറ്റ് പ്രവർത്തനങ്ങൾ ഏന്തെല്ലാം; വിശദീകരിക്കാമോ?

ഉണ്ട്. പച്ചക്കറികളുടെ വില ക്രമാതീതമായി കൂടിയ സാഹചര്യത്തിൽ വിപണി വില പിടിച്ചുനിർത്തുന്നതിനായി ചുവടെ കൊടുത്തിരിക്കുന്ന മൂന്ന് രീതികളിലാണ് സംസ്ഥാന കൃഷി വകുപ്പ് ഇടപെടലുകൾ നടത്തിയത്.

1. <u>ഹോർട്ടികോർപ്പ് വഴിയുള്ള പച്ചക്കറി സംഭരണവും വിപണനവും</u>

പച്ചക്കറിയുടെ വിപണി വില കൂടിയ സാഹചര്യത്തിൽ, പച്ചക്കറി സംഭരണ-

വിപണനത്തിലേർപ്പെടുന്ന മുഖ്യ സർക്കാർ ഏജൻസിയായ ഹോർട്ടികോർപ്പ് വഴി വിപണിയിൽ ഇടപെട്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. 2021-22 വർഷത്തിൽ ഹോർട്ടികോർപ്പ് 4292.89 ടൺ പച്ചക്കറികൾ കർഷകരിൽ നിന്നും നേരിട്ട് സംഭരിച്ചാണ് വിപണിയിൽ എത്തിച്ചത്. പച്ചക്കറികൾ പരമാവധി വില കുറച്ച് സംഭരിക്കുന്നതിനായി തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലെ കൃഷി വകുപ്പുമായും കർഷക സംഘടനകളുമായും ചർച്ച നടത്തുകയും തെങ്കാശിയിൽനിന്നും 18 ടൺ പച്ചക്കറിയും ആന്ധ്രാപ്രദേശിൽ നിന്ന് 10 ടൺ തക്കാളിയും നേരിട്ട് സംഭരണം നടത്തുകയുണ്ടായി. തക്കാളിയുടെ വില കിലോയ്ക്ക് 120 രൂപ വരെ കൂടിയ സാഹചര്യത്തിൽ, പാലക്കാട് ജില്ലയിലെ കർഷകർ ഉൽപ്പാദിപ്പിച്ച 78 ടൺ തക്കാളി ഹോർട്ടികോർപ്പ് നേരിട്ട് സംഭരിച്ച് മറ്റ് ജില്ലകളിൽ എത്തിച്ച് കിലോയ്ക്ക് 50 രൂപ നിരക്കിൽ വിതരണം നടത്തി. മറ്റു പച്ചക്കറികൾക്ക് പൊതുവിപണിയെക്കാൾ 20-30% വില കുറച്ചു നൽകുകയും ചെയ്തു.

2. <u>തക്കാളി വണ്ടികൾ</u>

എല്ലാ ജില്ലകളിലും കൃഷി വകുപ്പിന്റെയും വി.എഫ്.പി.സി.കെ-യുടെയും നേതൃത്വത്തിൽ, 17.12.2021 മുതൽ 30.12.2021 വരെ 28 സഞ്ചരിക്കുന്ന വിപണികൾ തക്കാളി വണ്ടികൾ എന്ന പേരിൽ പ്രവർത്തിക്കുകയുണ്ടായി.

ഇത്തരത്തിൽ 30.12.2021 വരെ 67 ടൺ പഴം പച്ചക്കറികൾ 29.26 ലക്ഷം രൂപയ്ക്ക് വില്പന നടത്തി.

3. <u>ക്രിസ്തുമസ് പുതുവർഷ വിപണികൾ</u>

ഉത്സവകാലത്ത് പച്ചക്കറികളുടെ വില വർദ്ധനവിൽനിന്നും സാധാരണക്കാരെ സഹായിക്കുന്നതിനായി 2000 ഓണവിപണികളും 1562 ക്രിസ്തുമസ് പുതുവർഷ വിപണികളും സംഘടിപ്പിച്ചു. കൃഷി വകുപ്പ് നേരിട്ട് നടത്തിയ ക്രിസ്തുമസ്-പുതുവർഷ വിപണികൾ വഴി ഏകദേശം 473 ടൺ പച്ചക്കറികൾ ഉൾപ്പെടെ ആകെ 2043 ടൺ പച്ചക്കറികൾ ന്യായവിലയ്ക്ക് ഈ കാലയളവിൽ ഉപഭോക്താക്കൾക്ക് എത്തിക്കാൻ സാധിച്ചു. ഉത്സവ കാലങ്ങളിൽ കർഷകരിൽനിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതുവിപണികളിൽ നിന്നും ലഭ്യമാകുന്ന അതാത് ഇനങ്ങളുടെ സംഭരണ വിലയേക്കാൾ 10% അധികം വില നൽകി സംഭരിക്കുകയും വിപണികളിലൂടെ വിൽപ്പന നടത്തുമ്പോൾ പൊതു വിപണി വിൽപ്പന വിലയിൽ നിന്നും 30% കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയുമാണ് വിപണികൾ പ്രവർത്തിച്ചത്. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല

വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉല്പന്നങ്ങൾ ലഭ്യമാക്കാനും സാധ്യമാകുന്നു.

(സി) പച്ചക്കറിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും അതിലൂടെ വിലക്കയറ്റം തടയുന്നതിനുമായി നടപ്പാക്കിയിട്ടുള്ള പച്ചക്കറി വികസന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് പച്ചക്കറിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് കൃഷി വകുപ്പ് വിഭാവനം ചെയ്തിട്ടുള്ള ബൃഹജദ് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. പ്രസ്തുത പദ്ധതിയിൽ അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികൾ ഒഴിവാക്കി സംസ്ഥാനത്തിനാവശ്യമായ പച്ചക്കറികൾ വ്യാവസായിക അടിസ്ഥാനത്തിലും വീട്ടുവളപ്പുകളിലും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദനോപാധികളുടെ ലഭ്യതയും ഉറപ്പാക്കുവാൻ വേണ്ടിയുള്ള വിവിധ ഘടകങ്ങൾ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ വീട്ടുവളപ്പിലെ പച്ചക്കറികളുടെ ഉല്പാദനം വർദ്ധിക്കുകയും വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറികൃഷിയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും

സാധിച്ചിട്ടുണ്ട്. ഇതിലൂടെ കഴിഞ്ഞ 5 വർഷങ്ങളിലായി പച്ചക്കറി കൃഷിയുടെ വിസ്തൃതിയും ഉല്പാദനവും ഇരട്ടിലധികമാക്കുവാൻ സാധ്യമായിട്ടുണ്ട്.

ഒരു ലക്ഷം കർഷകർക്കായുള്ള തൊഴിൽദാന പദ്ധതി

15 (1555) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളിലൂടെ നടപ്പിലാക്കുന്ന കാർഷിക പദ്ധതികളിൽ 10 ശതമാനം തുക കൃഷി വകുപ്പിലെ ഒരു ലക്ഷം കർഷകർക്കായുള്ള തൊഴിൽദാന പദ്ധതിയിലെ അംഗങ്ങൾക്കുള്ള പ്രോജക്ടുകൾക്കായി നീക്കിവയ്ക്കുന്നതിന് തയ്യാറാകുമോ; വിശദാംശം നൽകുമോ?

ത്രിതല പഞ്ചായത്തുകളിലൂടെ നടപ്പിലാക്കുന്ന കാർഷിക പദ്ധതികളിൽ എല്ലാ കർഷകർക്കും പങ്കാളികളാകാവുന്നതാണ്. വ്യക്തിഗത ആനുകൂല്യങ്ങൾ വിവിധ മാനദണ്ഡങ്ങൾ പാലിച്ച് തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് നൽകുന്നത്. പദ്ധതികൾ ആസൂത്രണം ചെയ്യുന്നത് ഗ്രാമസഭകളിൽ ഉരുത്തിരിയുന്ന ആവശ്യങ്ങളിന്മേൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന സെമിനാറിൽ ചർച്ച ചെയ്ത് എടുക്കുന്ന തീരുമാനത്തിന്മേലാണ്. ത്രിതല പഞ്ചായത്തുകളിലൂടെ

നടപ്പിലാക്കുന്ന കാർഷിക പദ്ധതികളിൽ ഒരു നിശ്ചിത ശതമാനം തുക ഒരു ലക്ഷം കർഷകർക്കായുള്ള തൊഴിൽദാന പദ്ധതിയിലെ അംഗങ്ങളുടെ പ്രോജക്ടുകൾക്ക് മാത്രമായി നീക്കിവയ്ക്കാൻ നിലവിലെ മാനദണ്ഡങ്ങൾ അനുവദിക്കുന്നില്ല.

(ബി) പ്രസ്തുത പദ്ധതി അംഗങ്ങളുടെ പെൻഷൻ, ഗ്രാറ്റുവിറ്റി, ചികിത്സാ സഹായം, മരണാനന്തരം നോമിനികൾക്കുള്ള സഹായം തുടങ്ങിയവ വിതരണം ചെയ്യുന്നതിൽ വലിയ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടി ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്നതിനും കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതിയിലെ അംഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 8.12.2021-ൽ ബഹു. കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പഞ്ചായത്ത് ജില്ലാ തലത്തിൽ അദാലത്തുകൾ സംഘടിപ്പിച്ച് കുടിശ്ശികയുള്ള അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുവാനുള്ള നിർദ്ദേശം നൽകുകയുണ്ടായി. ആയതു പ്രകാരം പഞ്ചായത്ത് ജില്ലാതലങ്ങളിൽ അദാലത്തുകൾ സംഘടിപ്പിച്ച്, അപേക്ഷകളിന്മേലുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും ആനുകൂല്യങ്ങൾ

കാലതാമസം കൂടാതെ അനുവദിക്കുകയും ചെയ്തുവരുന്നു. പദ്ധതി അംഗങ്ങൾക്ക് ചികിത്സാ സഹായം പദ്ധതിയിൽ വിഭാവനം ചെയ്തിട്ടില്ല. എന്നാൽ 16.4.2014-ലെ സ.ഉ. (എം.എസ്) 87/2014/കൃഷി പ്രകാരം പൂർണ്ണ അവശത അനുഭവിക്കുന്നവർക്ക് അവശതാ ആനുകൂല്യമായി 25,000 രൂപ ഒറ്റത്തവണ നൽകിവരുന്നുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽ പുതിയ കർഷകരെ കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

30.3.1994-ലെ സ.ഉ.(എം.എസ്) 122/94/കൃഷി പ്രകാരം 1994-ൽ സർക്കാർ നടപ്പിലാക്കിയ കാർഷിക മേഖലയിൽ ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതിയിൽ പുതിയ കർഷകരെ കൂടി ഉൾപ്പെടുത്തുവാൻ നിലവിൽ വ്യവസ്ഥയില്ല. കർഷകർക്ക് വിവിധ ആനുകൂല്യങ്ങൾ വിഭാവനം ചെയ്തുകൊണ്ട് പുതുതായി പ്രവർത്തനമാരംഭിച്ച കേരള കർഷക ക്ഷേമനിധി ബോർഡിനുകീഴിൽ കർഷകർക്ക് ഓൺലൈൻ രജിസ്ട്രേഷൻ വഴി അംഗത്വം നേടാവുന്നതാണ്.

(ഡി) കോവിഡ് പ്രതിസന്ധിമൂലം ദുരിതമനുഭവിക്കുന്ന പദ്ധതി അംഗങ്ങളായ കർഷകർക്ക് പ്രത്യേക സഹായം നൽകുമോ; വ്യക്തമാക്കുമോ?

പദ്ധതിയിൽ വിഭാവനം ചെയ്തത് പ്രകാരമുള്ള ആനുകൂല്യങ്ങൾ

(മരണാനന്തര ആനുകൂല്യം, അവശതാ ആനുകൂല്യം, പെൻഷൻ, ഗ്രാറ്റുവിറ്റി, പദ്ധതിയിൽനിന്നും സ്വയം പിരിഞ്ഞുപോകുന്നവർക്കുള്ള ആനുകൂല്യം) നൽകിവരുന്നു. ഇതിനു പുറമേ മറ്റ് ധനസഹായങ്ങൾ നൽകുന്നതിന് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടില്ല.

ചങ്ങനാശ്ശേരി മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്-ൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

16 (1556) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തിയ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

&

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണച്ചുമതല ഏത് ഏജൻസിക്കാണ്; വിശദാംശം നൽകുമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ പദ്ധതികൾക്കൊന്നും ആർ.ഐ.ഡി.എഫ് -ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടില്ല.

## കേരഗ്രാമം പദ്ധതി

17 (1557) ശ്രീ വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഗ്രാമം പദ്ധതി ഏതു വർഷം ആരംഭിച്ചെന്നും പദ്ധതിയിൽ ഉൾപ്പെടുത്തിയ പഞ്ചായത്തുകൾ ഏതൊക്കെയെന്നും വിശദമാക്കാമോ?

കേരഗ്രാമം പദ്ധതി 2014-15 വർഷം മുതലാണ് ആരംഭിച്ചത്. 2021-22 വർഷം ആരംഭിച്ച 84 പുതിയ കേരഗ്രാമങ്ങൾ ഉൾപ്പെടെ ആകെ 335 കേരഗ്രാമങ്ങൾ സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെട്ട പഞ്ചായത്തുകൾ ജില്ല തിരിച്ച്, വർഷം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർക്കുന്നു. +

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതിയിലൂടെ ഉല്പാദനക്ഷമതയില്ലാത്ത എത്ര നാളികേര വൃക്ഷങ്ങൾ മുറിച്ചുമാറ്റിയെന്നും പകരം ഉല്പാദനക്ഷമതയുള്ള എത്ര തെങ്ങിൻതൈകൾ വിതരണം ചെയ്തുവെന്നും പദ്ധതിക്കായി എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കാമോ?

കേരഗ്രാമം നടപ്പിലാക്കിയ പഞ്ചായത്തുകളിൽ നാളിതുവരെ ആകെ 3,65,461 തെങ്ങുകൾ മുറിച്ചു മാറ്റുകയും 2,27,612 തെങ്ങിൻതൈകൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ആയത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം -2 ആയി ചേർക്കുന്നു.+

(സി) പ്രസ്തുത പഞ്ചായത്തുകളിൽ പദ്ധതി നടപ്പാക്കിയശേഷം നാളികേര ഉല്പാദനത്തിൽ ഉണ്ടായ വർദ്ധനവ് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. തെങ്ങുകൾക്ക് സംയോജിത വളപ്രയോഗം നൽകിയതും ജലസേചന പദ്ധതികൾ നടപ്പിലാക്കിയതും നാളികേര ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് സഹായിച്ചിട്ടുണ്ട്. കൂടാതെ ഇടവിള കൃഷിയായ ഇഞ്ചി, മഞ്ഞൾ, മരച്ചീനി, ചേമ്പ്, ചേന എന്നിവ തെങ്ങിൻതോപ്പിൽ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകിയതിലൂടെ കേരകർഷകന്റെ വരുമാനം വർദ്ധിക്കുന്നതിനും കേരഗ്രാമം പദ്ധതി സഹായിച്ചിട്ടുണ്ട്. സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡ് കേരഗ്രാമങ്ങളെക്കുറിച്ച് നടത്തിയ പഠനത്തിൽ കേരഗ്രാമം നടപ്പിലാക്കിയ പ്രദേശത്തെ തെങ്ങിന്റെ ഉത്പാദനക്ഷമത ഹെക്ടറിന് 10,739 നാളികേരമായി ഉയർന്നിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. കേരഗ്രാമം പദ്ധതി നടപ്പിലാക്കിയതിലൂടെയാണ് ഉത്പാദനക്ഷമതയിലുള്ള ഈ വർദ്ധനവെന്നാണ് പ്രസ്തുത പഠനത്തിൽ പറയുന്നത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## കൃഷിയിലേയ്ക്ക് കൂടുതൽ ആളുകളെ ആകർഷിക്കാൻ പദ്ധതി

18 (1558) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ പ്രദേശങ്ങളിലെ മണ്ണിന്റെ ജൈവാംശം സംബന്ധിച്ച വിവരശേഖരണം സർക്കാർ തലത്തിൽ നടത്താൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്ന സംസ്ഥാനപദ്ധതികളായ ലബോറട്ടീസ്, സോയിൽ ഇൻഫർമാറ്റിക്സ് & പബ്ലിക്കേഷൻ സെൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.എം.എസ്.എ. സോയിൽ ഹെൽത്ത് കാർഡ് പദ്ധതി എന്നിവയുടെ ഭാഗമായി കേരളത്തിലെ വിവിധ പ്രദേശങ്ങളിലെ മണ്ണ് സാമ്പിളുകൾ ശേഖരിച്ച് മണ്ണിലെ ജൈവാശം സംബന്ധിച്ച വിവര ശേഖരണം നടത്തിവരുന്നു.

(ബി) തരിശുനിലങ്ങൾക്ക് കുറഞ്ഞത് മൂന്ന് വർഷമെങ്കിലും ആനുകൂല്യങ്ങൾ നൽകി കൂടുതൽ ആളുകളെയും സംഘങ്ങളെയും കൃഷിയിലേയ്ക്ക് ആകർഷിക്കാൻ കഴിയുന്ന വിധത്തിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പ് നിലവിൽ തരിശുനിലങ്ങളിൽ നെൽകൃഷി

പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന നെൽകൃഷി വികസന പദ്ധതിയുടെ ഘടകമായ സുഭിക്ഷ കേരളം-തരിശുനില കൃഷിയിൽ ഉൾപ്പെടുത്തി ഒന്നാം കൊല്ലം ഒരു ഹെക്ടറിന് 35,000 രൂപ കർഷകനും 5,000 രൂപ ഭൂവുടമക്കും ചേർത്ത് ആകെ 40,000 രൂപ എന്ന നിരക്കിൽ ആനുകൂല്യം നൽകുന്നുണ്ട്. തുടർവർഷങ്ങളിലെ കൃഷിക്ക് സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം ഹെക്ടറിന് 5,500 രൂപ, ഉല്പാദന ബോണസായി ഹെക്ടറിന് 1,000 രൂപ, സോയിൽ ആന്റ് റൂട്ട് ഹെൽത്ത് മാനേജ്മെന്റ് പദ്ധതി പ്രകാരം കുമ്മായ പ്രയോഗത്തിനായി ഹെക്ടറിന് 5,400 രൂപ, ഇതു കൂടാതെ ജനകീയാസൂത്രണ പദ്ധതി പ്രകാരം ഉഴവ് കൂലി അടക്കം ഒരു ഹെക്ടറിന് 22,000 രൂപയുടെ ആനുകൂല്യവും ലഭിക്കുന്നതാണ്.

<u>മലമ്പുഴ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി</u>

19 (1559) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

മലമ്പുഴ മണ്ഡലത്തിൽ പുതുപ്പരിയാരം-പുതുശ്ശേരി പഞ്ചായത്തുകളെ ചേർത്ത് 2018-19 വർഷത്തിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കി.

(ബി) മണ്ഡലത്തിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിൽ കൂടി പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

തുടർച്ചയായ 250 ഹെക്ടർ പ്രദേശത്ത് തെങ്ങ് കൃഷി ഉള്ള പ്രദേശം തെരഞ്ഞെടുത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. മലമ്പുഴ പഞ്ചായത്തിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതി മുഖാന്തരം കർഷകർക്ക് എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

250 ഹെക്ടർ തെങ്ങുകൃഷി തുടർച്ചയായുള്ള പ്രദേശം തെരഞ്ഞെടുത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നത്. പ്രസ്തുത പ്രദേശത്തെ തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങ് കയറ്റയന്ത്രങ്ങളുടെ വിതരണം എന്നീ സഹായ പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കളനിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ/ രാസവളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ചുമാറ്റി മേൽത്തരം തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കൽ,

ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിനുപുറമെ സാദ്ധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനും സഹായം നൽകുന്നു. ശാസ്ത്രീയ കൃഷിപരിപാലന മുറകൾ ഉൾപ്പെടെയുള്ള മേൽപ്പറഞ്ഞ പ്രവർത്തനങ്ങളിലൂടെ തെങ്ങിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിച്ചും മൂല്യവർദ്ധനവിലൂടെയും കേരകർഷകരുടെ വരുമാനവർദ്ധനവ് സാദ്ധ്യമാക്കുന്നു. കേരഗ്രാമം പദ്ധതിയിലൂടെ കർഷകർക്ക് 3 വർഷത്തേയ്ക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നു. സംസ്ഥാന വിഹിതമായി ഒന്നാം വർഷം 50.17 ലക്ഷം രൂപയുടെയും രണ്ടാം വർഷം 20.01 ലക്ഷം രൂപയുടെയും മൂന്നാം വർഷം 6.25 ലക്ഷം രൂപയുടെയും സഹായം കേരഗ്രാമം പദ്ധതിയിലൂടെ കർഷകർക്ക് ലഭ്യമാക്കുന്നു. ഒന്നാം വർഷം കേരഗ്രാമം പദ്ധതിയിലൂടെ കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ഇപ്രകാരമാണ്. 1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ പ്രകാരം 250 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 62.50 ലക്ഷം രൂപ. ഇതിൽ താഴെ പറയുന്ന ഘടകങ്ങൾ അതാത് പ്രദേശത്തിന് യോജിക്കുന്ന വിധം തെരഞ്ഞെടുക്കാവുന്നതാണ്. a) ഇടയിളക്കൽ. തടം തുറക്കൽ, പുതയിടീൽ -

35 രൂപ/തെങ്ങ് (b) തൊണ്ട് കുഴിച്ചിടീൽ - 50 രൂപ/തെങ്ങ് (c) കുമ്മായം - 9 രൂപ/തെങ്ങ് (d) രാസവളം - 20 രൂപ/തെങ്ങ് (e) മഗ്നീഷ്യം സൾഫേറ്റ് - 3.75 രൂപ/തെങ്ങ് (f) ജൈവവളം - 25 രൂപ/തെങ്ങ് (g) സസ്യസംരക്ഷണം - 10 രൂപ/തെങ്ങ് (h) ജീവാണുവളങ്ങൾ, ജൈവീക നിയന്ത്രണോപാധികൾ പ്രയോഗിക്കുന്നതിന്-75 രൂപ/തെങ്ങ് (i) രോഗം ബാധിച്ചതും ഉൽപ്പാദനശേഷിനശിച്ച തെങ്ങ് മുറിച്ചുമാറ്റുന്നതിന് - 1,000 രൂപ/തെങ്ങ് (j) ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് - 60 രൂപ/തെങ്ങ് (k) ഇടവിള കൃഷി-6,000 രൂപ/ഹെക്ടറിന് 2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ. 3. തെങ്ങുകയറ്റ യന്ത്രങ്ങൾ ഒരെണ്ണത്തിന് 2,000 രൂപ നിരക്കിൽ കർഷകർക്ക് ലഭ്യമാണ്. 4. ജൈവവള ഉൽപ്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000 രൂപ നിരക്കിൽ ആനുകൂല്യം. 5. മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ യൂണിറ്റ് സ്ഥാപിക്കൽ, മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, പഞ്ചായത്തുതല കേര സമിതികൾക്കുള്ള പ്രവർത്തന ചെലവ്, മറ്റു കൂട്ടായ പ്രവർത്തനങ്ങൾക്കായി 5 ലക്ഷം രൂപ. 6. താല്പര്യമുള്ള കേര ഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തരം പരമാവധി 25 ലക്ഷം

രൂപയുടെ പ്രോജക്ട് അധിഷ്ഠിത ധനസഹായം. കൂടാതെ കേരഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷിഭവനകളുടെ പ്രവർത്തന ചെലവായി 15,000 രൂപയും നൽകുന്നു.

<u>ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷിഭവന്റെ നവീകരണം</u>

20 (1560) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം കൃഷിഭവനെ സ്മാർട്ട് കൃഷി ഭവൻ പദ്ധതിയായ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

2021-22 വർഷത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് കൃഷിഭവൻ നിർമ്മിക്കുന്നതിന് ആദ്യഘട്ടമായി 14 കൃഷി ഭവനകളും രണ്ടാം ഘട്ടമായി 14 കൃഷി ഭവനകളും (ഇരിമ്പിളിയം കൃഷി ഭവൻ ഉൾപ്പെടെ) ചേർത്ത് ആകെ 28 കൃഷി ഭവനകളാണ് വകുപ്പ് ശിപാർശ ചെയ്തിട്ടുള്ളത്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധന നടത്തി കൃഷിഭവനകളെ തീരുമാനിക്കുന്നതാണ്.

(ബി) ശോചനീയാവസ്ഥയിലുള്ള കോട്ടക്കൽ കൃഷിഭവനെ

ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാൻ നടപടി സ്വീകരിക്കുമോ?

കോട്ടക്കൽ കൃഷിഭവന്റെ ശോചനീയാവസ്ഥ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

<u>കാർഷികോൽപ്പന്നങ്ങളുടെ വിപണനത്തിനായി വിവരസാങ്കേതികവിദ്യ</u>

21 (1561) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപ്പന്നങ്ങളുടെ വിപണനത്തിനായി വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ സേവന ശൃംഖല ആരംഭിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പൈലറ്റ് പദ്ധതികൾ എവിടെയെങ്കിലും ആരംഭിച്ചിട്ടുണ്ടോ;

&

(ബി) എങ്കിൽ നാളിതുവരെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഇല്ല. എന്നാൽ കർഷകർ, ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ (FPO), കൃഷി വകുപ്പിന്റെ കീഴിലുള്ള വിപണന കേന്ദ്രങ്ങൾ, വിപണനത്തിൽ ഏർപ്പെടുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ (PSU), സൂപ്പർ മാർക്കറ്റുകൾ

തുടങ്ങിയവയെ ഏകോപിപ്പിക്കുന്നതിനും വിപണന പ്ലാൻ തയ്യാറാക്കുന്നതിനുമായി ഒരു ഓൺലൈൻ മാർക്കറ്റിംഗ് പ്ലാറ്റ്ഫോം രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കാർഷിക മേഖലയുടെ പുന:സംഘടനയും നൂതന പദ്ധതികളും

22 (1562) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയുടെ പുന:സംഘടന അനിവാര്യമായിരിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) സംസ്ഥാനത്തെ കാർബൺ രഹിതമാക്കുക എന്ന ലക്ഷ്യത്തോടെ കാർബൺ ന്യൂട്രൽ അഗ്രികൾച്ചർ (കാർബൺ തുലിത കൃഷി) പദ്ധതിക്ക് രാജ്യത്താദ്യമായി തുടക്കംകുറിക്കുന്നതിനുള്ള നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ?

സീറോ കാർബൺ ആവാസ വ്യവസ്ഥ, പ്രകൃതി സംരക്ഷണം, ഭക്ഷ്യ-

ഊർജ്ജ സ്വയംപര്യാപ്തത, ആരോഗ്യം, സാമ്പത്തിക ക്ഷേമം, വികസനം എന്നീ ആശയങ്ങൾ മുന്നോട്ടുവച്ച് 2021 ഡിസംബർ 30, 31 തീയതികളിൽ ദ്വിദിന ശിൽപശാല സംഘടിപ്പിച്ചു. ശില്പശാലയിലെ ആശയങ്ങളുടെ അടിസ്ഥാനത്തിൽ കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനായി ഫെർട്ടിഗേഷൻ ഉൾപ്പെടെയുള്ള പ്രിസിഷൻ ഫാമിംഗ് രീതികൾ, കാർബൺ മണ്ണിൽത്തന്നെ പിടിച്ചുനിർത്തുന്നതിനുവേണ്ടി സി4 വിളകൾ കൃഷിചെയ്യുന്നതുവഴി അന്തരീക്ഷത്തിലെ കാർബൺ ഡയോക്സൈഡിനെ കാര്യക്ഷമമായി ആഗിരണം ചെയ്യുക എന്നിവയിലൂടെ കാർബൺ ന്യൂട്രൽ കൃഷി സാധ്യമാക്കാവുന്നതാണ്. എറണാകുളം ജില്ലയിലെ ആലുവ സീഡ് ഫാമിൽ നടപ്പ് സാമ്പത്തികവർഷം തന്നെ കാർബൺ ന്യൂട്രൽ കൃഷിരീതികൾ പൂർണ്ണമായും നടപ്പിലാക്കുവാൻ ഒരു ജില്ലയിൽ ഒരു ഫാം എന്ന രീതിയിൽ വയനാട് ഒഴികെയുള്ള ജില്ലകളിൽ ആദ്യ ഘട്ടത്തിൽ കാർബൺ ന്യൂട്രൽ അഗ്രിക്കൾച്ചർ നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) ഇതുമൂലം ഹരിതഗൃഹ വാതകങ്ങളുടെ സന്തുലിതാവസ്ഥ നിലനിർത്തുവാനും ഭക്ഷ്യ-സുരക്ഷ ഉറപ്പുവരുത്തുവാനും എത്രമാത്രം കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

കാർബൺ ന്യൂട്രൽ കൃഷി നടപ്പിലാക്കുന്നതുമൂലം ഹരിതഗൃഹ

വാതകങ്ങളുടെ സന്തുലിതാവസ്ഥ നിലനിർത്തുവാൻ സാധിക്കും എന്നാണ് കണക്കാക്കുന്നത്. കൃഷിരീതികളിൽ മാറ്റം വരുത്തുമ്പോൾ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായുള്ള ശാസ്ത്രീയമായ പഠനങ്ങളും പരീക്ഷണങ്ങളും ഏകോപിപ്പിച്ച് ലക്ഷ്യം കൈവരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഉചിതമായ കൃഷിരീതികൾ അവലംബിച്ച് രാസവസ്തുക്കളുടെ അമിതോപയോഗം ഒഴിവാക്കുന്നതിനും സുരക്ഷിതമായ ഭക്ഷ്യോല്പാദനം ഉറപ്പുവരുത്തുന്നതിനുമായി ജൈവ കാർഷിക മിഷന് രൂപം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദീകരിക്കുമോ?

ഉണ്ട്. സംയോജിത കൃഷി മാർഗ്ഗേണ കാർഷിക മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് ജൈവകൃഷി മിഷൻ. എല്ലാ ജില്ലകളിലും 5 മുതൽ 10 ഏക്കർ വരെയുള്ള കൃഷിയോഗ്യമായ ഭൂമിയിൽ യുവജനങ്ങൾ, സ്ത്രീകൾ, പ്രവാസികൾ എന്നിവർക്കും കലാ-സാമൂഹിക സാംസ്കാരിക രംഗത്ത് പ്രവർത്തിച്ചുവരുന്നവർക്കും ജൈവകൃഷി നടപ്പിലാക്കാം. ജൈവകൃഷിയിൽ ഏർപ്പെടുന്നവർക്ക് കാർബൺ ബഹിർഗമനത്തിന്റെ തോത് കുറയ്ക്കുന്നതിനുള്ള കാർഷിക മുറകളിൽ പരിശീലനവും നൽകുന്നതാണ്.

## അഗ്രോപാർക്ക്

23 (1563) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ പങ്കാളിത്തത്തോടെ കേരളത്തിൽ അഗ്രോപാർക്ക് സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് ഇപ്രകാരം പാർക്ക് സ്ഥാപിച്ചിട്ടുള്ളത്;

&

(ബി) പ്രസ്തുത അഗ്രോ പാർക്കിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിൽ ബനാന & ഹണിപാർക്ക് സ്ഥാപിക്കുന്നതിന് 25.13 കോടി രൂപയ്ക്ക് പദ്ധതി അംഗീകരിക്കുകയും ആദ്യ ഗഡുവായി 14.28 കോടി രൂപ പദ്ധതി നടപ്പിലാക്കുന്ന ഏജൻസിയായ KAICO-യ്ക്ക് കിഫ്ബി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഗഡുവായി 7.15 കോടി രൂപ മെഷിനറി വാങ്ങുന്നതിനായി അനുവദിച്ചിട്ടുണ്ട്. ഹണിപാർക്കിന്റെ മെഷിനറി സ്ഥാപിക്കൽ പുരോഗമിച്ചുവരുന്നു. ബനാന പാർക്കിന്റെ മെഷിണറികൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്നു.

## കൃഷി വകുപ്പ് വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ

24 (1564) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി വകുപ്പ് വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ വിശദമാക്കാമോ;

&

(ബി) ആയതിന്റെ മാനദണ്ഡം എന്തെല്ലാമെന്ന് വിശദമാക്കാമോ:

സംസ്ഥാനത്ത് കൃഷി വകുപ്പ് വഴി സംസ്ഥാനാവിഷ്കൃത പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും നടപ്പിലാക്കിവരുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## ജൈവ ഗൃഹം-സംയോജിത കൃഷി സമ്പ്രദായം

25 (1565) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന ജൈവ ഗൃഹം-സംയോജിത കൃഷി സമ്പ്രദായം പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ ജില്ലകളിൽ നടപ്പാക്കിയ പ്രോജക്ടുകൾ, അവയ്ക്കായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകയിരുത്തിയ തുക, പദ്ധതി നിർവ്വഹണം എന്നിവ സംബന്ധിച്ച വിവരങ്ങൾ പട്ടികയായി ലഭ്യമാക്കാമോ?

ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സംയോജിത ഭക്ഷ്യ സുരക്ഷാ പദ്ധതിയായ സുഭിക്ഷകേരളം പദ്ധതിയുടെ ഒരു പ്രധാന ഘടകമാണ് ജൈവഗൃഹം-സംയോജിത കൃഷി (IFS). കാർഷിക മേഖലയിൽ സംഭവിക്കുന്ന കൃഷി ഭൂമിയുടെ തുണ്ടുവല്ക്കരണവും മനുഷ്യരുടെയും പ്രകൃതിയുടെയും ഇടപെടലുകളും കാരണം കാർഷിക മേഖലയുടെ പുരോഗതി വെല്ലുവിളികൾ നിറഞ്ഞതാവുകയും അതിന്റെ ഫലമായി കാർഷിക പുരോഗതിക്ക് ഇടിവ് സംഭവിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം 2018, 2019 വർഷങ്ങളിൽ കേരളത്തിൽ സംഭവിച്ച അതിരൂക്ഷമായ വെള്ളപ്പൊക്കവും മണ്ണിടിച്ചിലും കാർഷിക മേഖലയെയും കർഷകരുടെ ജീവിത നിലവാരത്തെയും സാരമായി ബാധിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ സംയോജിത കൃഷിരീതികൾ അനുവർത്തിച്ചുകൊണ്ടുള്ള സുസ്ഥിരകൃഷി വികസനം കർഷകരുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തി കർഷകരുടെ നിലനിൽപ്പ് ഉറപ്പുവരുത്തുന്നു. പദ്ധതിയിൽ ഇടുക്കി, വയനാട് എന്നീ ജില്ലകൾക്ക് പ്രത്യേക ഊന്നൽ നൽകുകയും ചെയ്യുന്നു. കൃഷി വകുപ്പിന്റെ ജൈവഗൃഹം-സംയോജിതകൃഷി

പദ്ധതിയിൽ 14,000 സംയോജിത കൃഷി യൂണിറ്റുകൾക്ക് ധനസഹായം നൽകുക എന്നതായിരുന്നു പദ്ധതി ലക്ഷ്യം. റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 50 കോടി രൂപയാണ് രണ്ട് വർഷങ്ങളിലായി പദ്ധതി നടത്തിപ്പിന് വിഭാവനം ചെയ്തിട്ടുള്ളത്. 2020-21 വർഷത്തിൽ 35 കോടി രൂപയും 2021-22-ൽ 15 കോടി രൂപയുമാണ് സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടുള്ളത്. ഇത്തരത്തിൽ സംരംഭം തുടങ്ങുന്നതിന് തയ്യാറായി വരുന്ന കർഷകർക്ക് ഇതിനുവേണ്ട വായ്പാ സൗകര്യവും ബാങ്കുകളുടെ സഹകരണത്തോടെ കൃഷി വകുപ്പ് സജ്ജമാക്കി നൽകുന്നുണ്ട്. കൃഷി ഭൂമിയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ മൂന്ന് തരത്തിലാണ് ധനസഹായം. 5 മുതൽ 30 സെന്റ് വരെ സ്ഥല വിസ്തൃതിയുള്ളവർക്ക് 30,000 രൂപ, 30 മുതൽ 40 സെന്റ് വരെ 40,000 രൂപ, അതിനുമുകളിൽ വർഷത്തിൽ 50,000 രൂപ എന്നിങ്ങനെയാണ് ധനസഹായ നിരക്ക്. പ്രധാന കൃഷിക്കൊപ്പം അനുബന്ധ സംരംഭങ്ങളായ കോഴി വളർത്തൽ/ആട്ട വളർത്തൽ/ പോഷകത്തോട്ടം/തേനീച്ച കൃഷി/ കൂൺ കൃഷി/പശു വളർത്തൽ/ മത്സ്യ കൃഷി/ജൈവവള നിർമ്മാണം/മുയൽ വളർത്തൽ/അക്വാപോണിക്സ് തുടങ്ങിയവയിൽ നിന്നും അഞ്ച് സംരംഭങ്ങളെങ്കിലും ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ് ജൈവഗൃഹം പദ്ധതി. കർഷകരുടെ വരുമാനം

ഇരട്ടിപ്പിക്കുക എന്ന സംസ്ഥാന സർക്കാരിന്റെ ആശയത്തിന്റെ അടിസ്ഥാനത്തിലാണ് ഈയൊരു പദ്ധതി ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത്. വ്യക്തമായ ഫാം പ്ലാൻ തയ്യാറാക്കി അംഗീകരിക്കപ്പെട്ട ശേഷമാണ് ഓരോ ഗുണഭോക്താവും പദ്ധതി ആരംഭിച്ചിരിക്കുന്നത്. ഒന്നിലധികം സംരംഭങ്ങൾ ഉള്ളതുകൊണ്ടുതന്നെ വർഷം മുഴുവൻ വരുമാനം കർഷകന് ഉറപ്പുവരുത്താനാകും എന്നതാണ് സംയോജിത യൂണിറ്റുകളുടെ പ്രത്യേകത. പരമാവധി യുവാക്കളെയും കോവിഡ്-19 മൂലം നാട്ടിൽ തിരിച്ചെത്തിയിട്ടുള്ള പ്രവാസികളെയും കൃഷിയിലേയ്ക്ക് ആകർഷിച്ച് ഒരു സുസ്ഥിരവരുമാനം ഉറപ്പുവരുത്തുക എന്നതുകൂടി പദ്ധതി ലക്ഷ്യമിടുന്നുണ്ട്. 14,000 ഗുണഭോക്താക്കളായിരുന്നു ലക്ഷ്യമെങ്കിലും പദ്ധതിയുടെ പൊതു സ്വീകാര്യതമൂലം കൂടുതൽ ഗുണഭോക്താക്കൾ ഈ പദ്ധതിയുടെ ഭാഗമായി. ഓരോ ഗുണഭോക്താവും വരവുചെലവുകൾ കണക്കാക്കി വ്യക്തമായ ഫാം പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ളതിനേക്കാൾ അധിക വരുമാനവും സുസ്ഥിര ആദായവും ഉറപ്പുവരുത്തുന്ന രീതിയിലാണ് കൃഷി അനുബന്ധ മേഖലയിലെ വിദഗ്ദ്ധരുടെ സഹായത്തോടെ ഫാം പ്ലാനുകൾ അംഗീകരിച്ച് നടപ്പിലാക്കുന്നത്. ഇത്തരം പ്രോജക്ടുകൾ ബാങ്കുകളിൽ സമർപ്പിച്ച് ആവശ്യമുള്ളവർക്ക് വായ്പാ സൗകര്യങ്ങൾ കിസാൻ ക്രെഡിറ്റ് കാർഡിലൂടെ

ലഭ്യമാക്കുന്നതിന് കൃഷി വകുപ്പ് ശിപാർശ ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, കൃഷി അനുബന്ധ വകുപ്പുകൾ എന്നിവയുമായി സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നതെന്നത് ഇതിന്റെ മറ്റൊരു പ്രത്യേകതയാണ്. അതുകൊണ്ടുതന്നെ വിവിധ വകുപ്പുകളിൽനിന്നും അത്തരം സംരംഭങ്ങൾക്കുള്ള ധനസഹായവുംകൂടി ഗുണഭോക്താവിന് ലഭ്യമാകും. വളരെ വേഗം ആദായം ലഭ്യമായി തുടങ്ങുകയും നിശ്ചിത സമയപരിധിക്കുള്ളിൽത്തന്നെ വായ്പ തിരിച്ചടയ്ക്കുന്നതിനും ഗുണഭോക്താക്കൾക്ക് സാധിക്കുന്നതാണ്. ജൈവഗൃഹം സംയോജിത കൃഷി സമ്പ്രദായം പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ ജില്ലകളിൽ നടപ്പാക്കിയ പ്രോജക്ടുകൾ, അവയ്ക്കായി വകയിരുത്തിയ തുക, പദ്ധതി നിർവ്വഹണം എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. +

## വർക്കല മണ്ഡലത്തിലെ കൃഷിവകുപ്പ് പദ്ധതികൾ

26 (1566) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വർക്കല മണ്ഡലത്തിൽ 2016-2021 കാലയളവിൽ കൃഷി വകുപ്പ് ഏതൊക്കെ പദ്ധതികൾക്കാണ് ഫണ്ടുകൾ അനുവദിച്ചിട്ടുള്ളത്; പദ്ധതിയും തുകയും ഇനം തിരിച്ച് വ്യക്തമാക്കാമോ?

വർക്കല നിയോജകമണ്ഡലത്തിൽ 2016-2021 കാലയളവിൽ നടപ്പിലാക്കിയ പദ്ധതികളും ചെലവഴിച്ച തുകയെയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## ജൈവകൃഷിക്ക് പ്രോത്സാഹനം

27 (1567) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജൈവകൃഷി പ്രോത്സാഹിപ്പിക്കാനും വിഷം കലർന്ന പച്ചക്കറികളുടെ ഉപയോഗം നിയന്ത്രിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

വിഷരഹിതമായ പച്ചക്കറി ഉല്പാദനം ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ ജൈവ പച്ചക്കറി കൃഷി ചെയ്യുന്ന സുഭിക്ഷം സുരക്ഷിതം– ഭാരതീയ പ്രകൃതി കൃഷി പദ്ധതിയിലെ കർഷകർക്ക് അധിക ധനസഹായമായി ഒരു ഹെക്ടറിന് 10,000 രൂപ നിരക്കിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അടിസ്ഥാനത്തിൽ 1000 ഹെക്ടർ സ്ഥലത്ത് ജൈവ പച്ചക്കറി കൃഷി നടപ്പിലാക്കി വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിലവിൽ 100 ഹെക്ടർ സ്ഥലത്ത് പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയും 84000 ഹെക്ടർ സ്ഥലത്ത് സുഭിക്ഷം സുരക്ഷിതം (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) പദ്ധതിയും നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതികളിൽ പൂർണ്ണമായും രാസകീടനാശിനികളുടെ ഉപയോഗം ഒഴിവാക്കി ജൈവകീടനാശിനികൾ ഉപയോഗിക്കുന്നതിന് കർഷകരെ പ്രാപ്തരാക്കുന്നു. പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയിൽ ക്ലസ്റ്ററിൽ അംഗമാകുന്ന കർഷകർക്ക് ജൈവ ഉല്പാദനോപാധികൾ നിർമ്മിക്കുന്നതിന് ധനസഹായവും നൽകുന്നു. കൂടാതെ സുഭിക്ഷം സുരക്ഷിതം (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) പദ്ധതിയിൻ കീഴിൽ ഫാർമർ ഇന്ററസ്റ്റ് ഗ്രൂപ്പുകൾ (FIG) വഴി ജൈവ ഉല്പാദനോപാധികൾ ഉലാപാദിപ്പിച്ച് ക്ലസ്റ്ററിലെ മറ്റ് കർഷകർക്ക് സൗജന്യമായി നൽകുന്നതിന് FIG 1 പ്രവർത്തിക്കുന്നു. മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വില്പന നടത്തുന്നതിനായി FIG 2 പ്രവർത്തിക്കുന്നു. പ്രസ്തുത പദ്ധതിയിൽ കൃഷി സംബന്ധമായ പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതാത് പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗത വിളകളുടെ വിത്ത് ഉല്പാദിപ്പിച്ച് മറ്റ് കർഷകർക്ക് കൈമാറ്റം ചെയ്യുന്നതിനും

പദ്ധതിയിലെ മാനദണ്ഡങ്ങൾ പാലിച്ച് മാതൃക കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനും ധനസഹായം നൽകിവരുന്നു. 2021-22-ൽ ജൈവപച്ചക്കറി കൃഷി/ഉത്തമ കൃഷിമുറ പ്രോത്സാഹനവും സർട്ടിഫിക്കേഷനും എന്ന പദ്ധതി പ്രകാരം വി.എഫ്.പി.സി.കെ. മുഖാന്തരം ചുവടെ പറയുന്ന സഹായങ്ങളും ലഭ്യമാക്കുന്നു. - മണ്ണിന്റെ ആരോഗ്യം ഉറപ്പാക്കി പഴം-പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കർഷകർക്ക് മണ്ണ് പരിശോധന നടത്തി വളപ്രയോഗ നിർദ്ദേശികകൾ അടങ്ങിയ സോയിൽ ഹെൽത്ത് കാർഡ് ലഭ്യമാക്കുന്നതിന് പദ്ധതി; മണ്ണിന്റെ ഫലഭൂയിഷ്ഠിത വർദ്ധിപ്പിക്കുന്നതിനാവശ്യമായ പച്ചിലവള ചെടികൾ, ജീവാണുവളം, ഫോസ്ഫേറ്റ് ജൈവവളം (PROM) എന്നിവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി സഹായം; സംയോജിത കീട നിയന്ത്രണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബയോകൺട്രോൾ ഏജന്റുകൾ, ഫിറമോൺ കെണികൾ എന്നിവ ഉൽപാദിപ്പിച്ച് ഇവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം; 7 മാതൃകാ ജൈവ കൃഷി പ്രദർശനത്തോട്ടങ്ങൾ സജ്ജമാക്കുന്നതിന് പദ്ധതി സഹായം; പരമ്പരാഗത/നാടൻ പച്ചക്കറി വിത്തിനങ്ങളുടെ ഉൽപ്പാദനത്തിനും വിതരണത്തിനും പദ്ധതി സഹായം; ജൈവകൃഷി

പ്രോത്സാഹിപ്പിക്കുന്നതിനായി കൗൺസിലിന്റെ എക്കോഷോപ്പ് ഔട്ട് ലെറ്റുകൾ മുഖേന വിപണനം ചെയ്യുന്ന ജൈവ ഉൽപ്പന്നങ്ങൾക്ക് 2.5 രൂപ/കിലോ എന്ന നിരക്കിൽ 500 മെട്രിക് ടൺ ഉൽപ്പന്നങ്ങൾക്ക് വിപണന സഹായം. ജൈവ കൃഷി പ്രോത്സാഹനത്തിന് ആവശ്യാനുസരണം ഉൽപ്പാദനോപാധികൾ ലഭ്യമാക്കുന്നതിന് വി.എഫ്.പി.സി.കെ. ആസ്ഥാനത്ത് ഒരു ജൈവവള/ജൈവ കീടനാശിനി ഉല്പാദന യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് കൃഷി ചെയ്യുന്ന പച്ചക്കറികളിലും ഇതര സംസ്ഥാനത്തുനിന്നും വരുന്നവയിലുമുള്ള വിഷാംശം ശാസ്ത്രീയമായി പരിശോധിക്കുന്നതിനായി കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ തിരുവനന്തപുരം, തൃശ്ശൂർ, കോട്ടയം, കാസർഗോഡ് എന്നിവിടങ്ങളിൽ പരിശോധശാലകൾ പ്രവർത്തിക്കുന്നുണ്ട്. കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മറ്റ് വിപണികൾ എന്നിവിടങ്ങളിൽ എത്തുന്ന പച്ചക്കറികളിലെ കീടനാശിനി അവശിഷ്ട വിഷാംശം വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബിൽ പരിശോധിച്ച് പരിശോധനാ ഫലം കേരള സർക്കാരിൻെറ ഔദ്യോഗിക വെബ്പോർട്ടലിൽ (www.kerala.gov.in) പ്രസിദ്ധീകരിക്കുന്നു. അതുവഴി ഉപഭോക്താക്കൾക്ക് ഗുണമേന്മ ഉറപ്പുവരുത്താനും കൂടുതൽ

സ്വീകാര്യത കൈവരിക്കാനും സാധിക്കും.

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ

28 (1568) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാർ പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ ജൈവ പച്ചക്കറി കൃഷി ചെയ്യുന്ന സുഭിക്ഷം സുരക്ഷിതം - ഭാരതീയ പ്രകൃതി കൃഷി പദ്ധതിയിലെ കർഷകർക്ക് അധിക ധനസഹായമായി ഒരു ഹെക്ടറിന് 10,000 രൂപ നിരക്കിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 1000 ഹെക്ടർ സ്ഥലത്ത് ജൈവ പച്ചക്കറി കൃഷി നടപ്പിലാക്കിവരുന്നു. ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതിയിലും 10,000 ഹെക്ടറിൽ ജൈവ കൃഷി വിഭാവനം ചെയ്യുന്നു. ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനായി ഒരു ഇക്കോഷോപ്പിന് 2.00 ലക്ഷം രൂപ വീതം ധനസഹായം നല്കുന്നുണ്ട്. അടിസ്ഥാന

സൗകര്യങ്ങൾ ഒരുക്കുന്നതിനും പച്ചക്കറി സംഭരിച്ച് വില്പന നടത്തുന്നതിനുള്ള റിവോൾവിംഗ് ഫണ്ടിനായും ഈ തുക ചെലവഴിക്കുന്നു. 2013-14 മുതൽ 2020-21 വരെ 274 ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് 'ജൈവ 'കൃഷിയും ഉത്തമ കൃഷി മുറകളും' പദ്ധതിക്ക് കീഴിൽ ആരംഭിച്ചിട്ടുണ്ട്. ഇതിന് പുറമേ കൃഷി വകുപ്പിന്റെ മറ്റ് പദ്ധതികളിലൂടെ 192 ഇക്കോഷോപ്പുകൾ നാളിതുവരെ ആരംഭിച്ചിട്ടുണ്ട്. ജൈവ ഉല്പന്നങ്ങൾ വിൽപ്പന നടത്തുന്നതിന് ഇക്കോഷോപ്പ് ഒന്നിന് 2 ലക്ഷം രൂപ നിരക്കിൽ നടപ്പ് സാമ്പത്തികവർഷം പുതുതായി 12 ഇക്കോഷോപ്പുകൾ ആരംഭിക്കുന്നതിന് 24 ലക്ഷം രൂപ വകയിരുത്തി പ്രവർത്തനം ആരംഭിച്ചു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിലവിൽ 100 ഹെക്ടർ സ്ഥലത്ത് പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയും 84000 ഹെക്ടർ സ്ഥലത്ത് സുഭിക്ഷം സുരക്ഷിതം (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) പദ്ധതിയും നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതികളിൽ പൂർണ്ണമായും രാസകീടനാശിനികളുടെ ഉപയോഗം ഒഴിവാക്കി ജൈവകീടനാശിനികൾ ഉപയോഗിക്കുന്നതിന് കർഷകരെ പ്രാപ്തരാക്കുന്നു. പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയിൽ ക്ലസ്റ്ററിൽ അംഗമാകുന്ന കർഷകർക്ക് ജൈവ ഉല്പാദനോപാധികൾ നിർമ്മിക്കുന്നതിന് ധനസഹായവും നൽകുന്നു. കൂടാതെ സുഭിക്ഷം സുരക്ഷിതം (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) പദ്ധതിയിൻ

കീഴിൽ ഫാർമർ ഇന്ററസ്റ്റ് ഗ്രൂപ്പുകൾ (FIG) വഴി ജൈവ ഉല്പാദനോപാധികൾ ഉലാപാദിപ്പിച്ച് ക്ലസ്റ്ററിലെ മറ്റ് കർഷകർക്ക് സൗജന്യമായി നൽകുന്നതിന് FIG 1 പ്രവർത്തിക്കുന്നു. മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വില്പന നടത്തുന്നതിനായി FIG 2 പ്രവർത്തിക്കുന്നു. പ്രസ്തുത പദ്ധതിയിൽ കൃഷി സംബന്ധമായ പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതാത് പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗത വിളകളുടെ വിത്ത് ഉല്പാദിപ്പിച്ച് മറ്റ് കർഷകർക്ക് കൈമാറ്റം ചെയ്യുന്നതിനും പദ്ധതിയിലെ മാനദണ്ഡങ്ങൾ പാലിച്ച് മാതൃക കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനും ധനസഹായം നൽകിവരുന്നു. കൂടാതെ ജൈവകൃഷി വ്യാപനത്തിനായി ജൈവകൃഷി മിഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

## ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

29 (1569) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും വിവിധ പദ്ധതികൾ നടപ്പിലാക്കി

വരുന്നു. സംസ്ഥാന സർക്കാർ പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ ജൈവ പച്ചക്കറി കൃഷി ചെയ്യുന്ന സുഭിക്ഷം സുരക്ഷിതം-ഭാരതീയ പ്രകൃതി കൃഷി പദ്ധതിയിലെ കർഷകർക്ക് അധിക ധനസഹായമായി ഒരു ഹെക്ടറിന് 10,000 രൂപ നിരക്കിൽ 100 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 1000 ഹെക്ടർ സ്ഥലത്ത് ജൈവ പച്ചക്കറി കൃഷി നടപ്പിലാക്കി വരുന്നു. 'ഞങ്ങളും കൃഷിയിലേയ്ക്ക്' പദ്ധതിയിലും 10000 ഹെക്ടറിൽ ജൈവ കൃഷി വിഭാവനം ചെയ്യുന്നു. ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനായി ഒരു ഇക്കോഷോപ്പിന് 2.00 ലക്ഷം രൂപ വീതം ധനസഹായം നല്കുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പച്ചക്കറി സംഭരിച്ച് വില്പന നടത്തുന്നതിനുള്ള റിവോൾവിംഗ് ഫണ്ടിനായും ഈ തുക ചെലവഴിക്കുന്നു. 2013-14 മുതൽ 2020-21 വരെ 274 ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് 'ജൈവകൃഷിയും ഉത്തമ കൃഷിമുറകളും' പദ്ധതിക്കുകീഴിൽ ആരംഭിച്ചിട്ടുണ്ട്. ഇതിന് പുറമേ കൃഷി വകുപ്പിന്റെ മറ്റ് പദ്ധതികളിലൂടെ 192 ഇക്കോഷോപ്പുകൾ നാളിതുവരെ ആരംഭിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ 12 പുതിയ ഇക്കോ ഷോപ്പുകൾ ആരംഭിക്കുന്നതിന് ഒരു ഇക്കോ ഷോപ്പിന് 2 ലക്ഷം രൂപ പ്രകാരം 24 ലക്ഷം രൂപ വകയിരുത്തുകയും 12 പുതിയ ഇക്കോ ഷോപ്പുകൾ

ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിലവിൽ 100 ഹെക്ടർ സ്ഥലത്ത് പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയും 84000 ഹെക്ടർ സ്ഥലത്ത് സുഭിക്ഷം സുരക്ഷിതം (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) പദ്ധതിയും നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതികളിൽ പൂർണ്ണമായും രാസകീടനാശിനികളുടെ ഉപയോഗം ഒഴിവാക്കി ജൈവകീടനാശിനികൾ ഉപയോഗിക്കുന്നതിന് കർഷകരെ പ്രാപ്തരാക്കുന്നു. പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയിൽ ക്ലസ്റ്ററിൽ അംഗമാകുന്ന കർഷകർക്ക് ജൈവ ഉല്പാദനോപാധികൾ നിർമ്മിക്കുന്നതിന് ധനസഹായവും നൽകുന്നു. കൂടാതെ സുഭിക്ഷം സുരക്ഷിതം (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) പദ്ധതിയിൻകീഴിൽ ഫാർമർ ഇൻട്രസ്റ്റ് ഗ്രൂപ്പുകൾ (FIG) വഴി ജൈവ ഉല്പാദനോപാധികൾ ഉല്പാദിപ്പിച്ച് ക്ലസ്റ്ററിലെ മറ്റ് കർഷകർക്ക് സൗജന്യമായി നൽകുന്നതിന് FIG 1 പ്രവർത്തിക്കുന്നു. മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വില്പന നടത്തുന്നതിനായി FIG 2 പ്രവർത്തിക്കുന്നു. പ്രസ്തുത പദ്ധതിയിൽ കൃഷി സംബന്ധമായ പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതാത് പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗത വിളകളുടെ വിത്ത് ഉല്പാദിപ്പിച്ച് മറ്റ് കർഷകർക്ക് കൈമാറ്റം ചെയ്യുന്നതിനും പദ്ധതിയിലെ മാനദണ്ഡങ്ങൾ

പാലിച്ച് മാതൃക കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനും ധനസഹായം നൽകിവരുന്നു.

(ബി) ജൈവകൃഷി നടത്തുന്ന കർഷകർക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ജൈവകൃഷി നടത്തുന്ന കർഷകർക്ക് പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്ത് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ജൈവകൃഷി മിഷൻ രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണ്.

<u>വിഷരഹിത പച്ചക്കറികളുടെ ഉപയോഗം ഉറപ്പാക്കാൻ നടപടി</u>

30 (1570) <u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യജീവന് ഹാനികരമായ വിഷാംശം കലർന്ന ധാരാളം പച്ചക്കറികൾ അന്യസംസ്ഥാനങ്ങളിൽനിന്നും ഗുണനിലവാര പരിശോധനയില്ലാതെ നമ്മുടെ സംസ്ഥാനത്ത് എത്തിച്ച് ജനങ്ങൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് അതിർത്തി കടന്നെത്തുന്ന ഭക്ഷ്യവസ്തുക്കളിൽ കീടനാശിനിയുടെ സാന്നിദ്ധ്യം ഉണ്ടെന്ന് കാർഷിക സർവകലാശാലയുടെ

കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ട്.

(ബി) ഗുണനിലവാരം പരിശോധിച്ച് വിഷരഹിത പച്ചക്കറികളുടെ ഉപയോഗം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഗുണനിലവാരം പരിശോധിച്ച് വിഷരഹിത പച്ചക്കറികളുടെ ഉപയോഗം ഉറപ്പുവരുത്തുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഒരു ഘടകമായി " സേഫ് ടു ഈറ്റ്" എന്ന പദ്ധതി ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. ഇതരസംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തെ പൊതു വിപണിയിൽ ലഭ്യമാകുന്ന പച്ചക്കറികളിലെ കീടനാശിനികളുടെ സാമ്പിളുകൾ കേരള കാർഷിക സർവ്വകലാശാല ശേഖരിച്ച് അവയിലെ അവശിഷ്ട കീടനാശിനികളുടെ അളവ് പരിശോധിച്ചുവരുന്നുണ്ട്. ഇതിലേയ്ക്കായി ടി സാമ്പത്തിക വർഷം 20 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികൾ/പഴവർഗ്ഗങ്ങളുടേയും സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന പഴം പച്ചക്കറികളുടേയും അവശിഷ്ട വിഷാംശം കണ്ടെത്തുന്നതിനായി ഇവയുടെ സാമ്പിളുകൾ ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി

അവശിഷ്ട വിഷാംശ പരിശോധനാ ലാബിൽ കീടനാശിനി അവിശിഷ്ട വിഷാംശ പരിശോധന നടത്തുകയും പരിശോധനാ ഫലം കേരളസർക്കാരിന്റെ ഔദ്യോഗിക വെബ്പോർട്ടലായ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റിൽ എല്ലാ പൊതുജനങ്ങൾക്കും വായിച്ച് മനസ്സിലാക്കുന്ന രീതിയിൽ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നു. ഇതുവരെയായി 54 റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പച്ചക്കറികളിലെ കീടനാശിനികളിലെ ഉപയോഗം കുറയ്ക്കുന്നതിനായി നിയന്ത്രണ മാർഗ്ഗങ്ങളിലൂന്നിയുള്ള സംയോജിത സസ്യ ജൈവ സംരക്ഷണത്തേക്കുറിച്ചുള്ള അറിവുകൾ കാർഷിക സർവ്വകലാശാല കർഷകരിലേയ്ക്ക് പരിശീലന പരിപാടികളിലൂടെയും മറ്റും പകർന്നു കൊടുക്കുന്നുമുണ്ട്.

## 'നിറ' പദ്ധതിക്ക് സ്പെഷ്യൽ ഓഫീസർ

31 (1571) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ആലത്തൂർ മണ്ഡലത്തിലെ സമഗ്ര കാർഷിക വികസന പദ്ധതിയായ 'നിറ' യുടെ സ്പെഷ്യൽ ഓഫീസർ ചുമതല നൽകിയിരുന്നത് ആർക്കെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മുൻസർക്കാരിന്റെ കാലത്ത് ആലത്തൂർ മണ്ഡലത്തിലെ സമഗ്ര കാർഷിക വികസന പദ്ധതിയായ 'നിറ' യുടെ സ്പെഷ്യൽ ഓഫീസറുടെ ചുമതല ആലത്തൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി റാണി പ്രകാശിന് ആയിരുന്നു.

(ബി) പ്രസ്തുത പദ്ധതിക്ക് നിലവിൽ ഒരു സ്പെഷ്യൽ ഓഫീസറെ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് നൽകുമെന്ന് വ്യക്തമാക്കാമോ?

ഇല്ല. പരിശോധിച്ചുവരുന്നു.

നെൽവയൽ ഉടമകൾക്ക് റോയൽറ്റി

32 (1572) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ ഉടമകൾക്ക് റോയൽറ്റി നൽകുന്ന പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

കേരളത്തിന്റെ പരിസ്ഥിതി സംരക്ഷിക്കുന്നതിനും വിവിധ ജീവജാലങ്ങളുടെ ആവാസവ്യവസ്ഥ പരിരക്ഷിക്കുന്നതിനും ഭൂഗർഭ ജലം കുറയാതെ നിലനിർത്തുന്നതിനും പ്രകൃതിദത്ത ജല സംഭരണിയായ നെൽവയലുകൾ നിലനിർത്തേണ്ടത് അത്യന്താപേക്ഷിതമാണ്. നെൽവയൽ സംരക്ഷണം എന്നത് പ്രകൃതിയുടെയും ആവാസവ്യവസ്ഥയുടെയും

സംരക്ഷണമായി കണക്കാക്കിയും ഭക്ഷ്യസുരക്ഷ കൈവരിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു എന്നത് പരിഗണിച്ചുമാണ് നെൽവയലുകളുടെ ഉടമസ്ഥർക്ക് പ്രോത്സാഹനമായി 'റോയൽറ്റി' നൽകുന്ന ഈ പദ്ധതി ലക്ഷ്യമിടുന്നത്. നെൽവയലുകൾ രൂപമാറ്റം വരുത്താതെ നിലനിർത്തി സംരക്ഷിക്കുകയും കൃഷിക്കായി ഉപയുക്തമാക്കുകയും ചെയ്യുന്ന നെൽവയലുകളുടെ ഉടമകൾക്കാണ് (owners of cultivable paddy land) ഹെക്ടറിന് 2,000 രൂപ നിരക്കിൽ റോയൽറ്റി അനുവദിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ചാത്തന്നൂർ മണ്ഡലത്തിലെ എത്ര നെൽവയൽ ഉടമകൾക്ക് ഇതിനകം റോയൽറ്റി നൽകിയിട്ടുണ്ടെന്ന് കൃഷി ഭവനുകൾ തിരിച്ചുള്ള വിവരം അറിയിക്കാമോ?

ചാത്തന്നൂർ മണ്ഡലത്തിലെ 199 നെൽവയൽ ഉടമകൾക്ക് ഇതിനകം റോയൽറ്റി നൽകിയിട്ടുണ്ട്. അതിന്റെ കൃഷി ഭവൻ തിരിച്ച കണക്ക് അനുബന്ധം ആയി ചേർക്കുന്നു.+

## നെൽകൃഷി വ്യാപിപ്പിക്കാൻ നടപടി

33 (1573) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നടത്തിവരുന്നുണ്ടെന്ന് അറിയിക്കാമോ?

സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തെ 2015-16 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലെ നെൽകൃഷിയുടെ വിസ്തൃതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. +

(ബി) നെൽകൃഷി കൂടുതൽ സ്ഥലത്തേയ്ക്ക് വ്യാപിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

നെൽകൃഷി കൂടുതൽ സ്ഥലത്തേയ്ക്ക് വ്യാപിപ്പിക്കുന്നതിന് തരിശ് നെൽകൃഷി പ്രോത്സാഹനം, കരനെൽകൃഷി, ഒരുപ്പൂ-ഇരുപ്പൂകൃഷി, പ്രത്യേക നെല്ലിനങ്ങളുടെ കൃഷി എന്നിങ്ങനെയുള്ള പദ്ധതികൾ കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. അവയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>തരിശുനിലകൃഷി</u>: തരിശിട്ടിരിക്കുന്ന വയലുകളിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി ഹെക്ടർ ഒന്നിന് 35,000 രൂപ കർഷകനും 5,000 രൂപ ഭൂവുടമയ്ക്കും ചേർത്ത് ആകെ 40,000 രൂപ സബ്സിഡി നൽകുന്നു. 2021-22 വർഷത്തിൽ തരിശുനില കൃഷി പദ്ധതി പ്രകാരം 750 ഹെക്ടറിൽ ഈ പദ്ധതി നടപ്പിലാക്കുകയും അതിനായി 300 ലക്ഷം രൂപ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അനുവദിക്കുകയും ചെയ്തു.

<u>കരനെൽകൃഷി വികസനം</u>: കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 13,600 രൂപ നിരക്കിൽ കർഷകർക്ക് ആനുകൂല്യം നൽകുന്നുണ്ട്. 2021-22 വർഷത്തിൽ 404.41 ഹെക്ടറിൽ ഈ പദ്ധതി നടപ്പിലാക്കുകയും അതിനായി 55 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു.

<u>ഒരുപ്പൂ കൃഷി-ഇരുപ്പൂ കൃഷി</u>: ഒരു സീസണിൽ മാത്രം നെൽകൃഷി ചെയ്തു വരുന്ന നിലങ്ങളിൽ (ഒരുപ്പൂ) രണ്ടാമതൊരു സീസണിൽ കൂടി നെൽകൃഷി ചെയ്യുന്നതിന് (ഇരുപ്പൂ) ഹെക്ടറൊന്നിന് 10,000 രൂപ നിരക്കിൽ കർഷകർക്ക് ആനുകൂല്യം നൽകുന്നുണ്ട്. 2021-22 വർഷത്തിൽ ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി 500 ഹെക്ടറിൽ നടപ്പിലാക്കുകയും അതിനായി 50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു.

<u>പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം</u>: പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10,000 രൂപ സബ്സിഡി നിരക്കിൽ കർഷകർക്ക് ധനസഹായം നൽകിവരുന്നു. 2021-22 വർഷത്തിൽ 500 ഹെക്ടറിൽ ഈ പദ്ധതി നടപ്പിലാക്കുകയും

അതിനായി 50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. ഇതിനുപുറമെ, കേരളത്തിലെ തരിശുഭൂമികളെ കൃഷിയോഗ്യമാക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കിവരുന്ന സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിയും തരിശ് നെൽകൃഷി നടപ്പിലാക്കുന്നുണ്ട്.

(സി) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നെൽവയലിന് എല്ലാ വർഷവും റോയൽറ്റി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉണ്ട്. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നെൽവയലുകളുടെ ഉടമസ്ഥർക്ക് 2020-21 സാമ്പത്തിക വർഷം മുതൽ റോയൽറ്റി നൽകി വരുന്നു. 2021-22 സാമ്പത്തിക വർഷം 900 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. നെൽവയലുകൾ രൂപമാറ്റം വരുത്താതെ നിലനിർത്തി സംരക്ഷിക്കുകയും കൃഷിക്കായി ഉപയുക്തമാക്കുകയും ചെയ്യുന്ന നെൽവയലുകളുടെ ഉടമകൾക്കാണ് (owners of cultivable paddy land) ഹെക്ടറിന് 2,000 രൂപ നിരക്കിൽ റോയൽറ്റി അനുവദിക്കുന്നത്. 3.12.2021-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 976/2021/കൃഷി പ്രകാരം റോയൽറ്റി തുക എല്ലാ വർഷവും നൽകുന്നതാണ്.

<u>ബാലുശ്ശേരി മണ്ഡലത്തിൽ നെൽകൃഷി വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ</u>

34 (1574) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി വർദ്ധിപ്പിക്കുന്നതിനായി ബാലുശ്ശേരി മണ്ഡലത്തിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി വർദ്ധിപ്പിക്കുന്നതിനായി ബാലുശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരം അനുബന്ധം ആയി ചേർക്കുന്നു.+

(ബി) പ്രസ്തുത മണ്ഡലത്തിൽ നിലവിൽ എത്ര പാടശേഖര സമിതികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

44 എണ്ണം.

(സി) പ്രസ്തുത പാടശേഖര സമിതികൾക്ക് നെൽകൃഷി വർദ്ധിപ്പിക്കുന്നതിനായി സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ?

പാടശേഖര സമിതികളുടെ ദൈനംദിന പ്രവൃത്തികളുടെ ആവശ്യത്തിലേയ്ക്കായി ഹെക്ടറിന് 360 രൂപ നിരക്കിൽ ഓപ്പറേഷണൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സപ്പോർട്ട് മാത്രമാണ് പാടശേഖര സമിതികൾക്ക് നേരിട്ട് നൽകുന്നത്.

നെൽവയൽ ഉടമസ്ഥർക്ക് റോയൽറ്റി

35 (1575) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ സംരക്ഷണത്തിന് ഹെക്ടറിന് രണ്ടായിരം രൂപ നിരക്കിൽ റോയൽറ്റി നൽകുന്നതിനുള്ള തീരുമാനപ്രകാരം എത്ര നെൽവയൽ ഉടമസ്ഥർക്ക് റോയൽറ്റി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

2020-21 സാമ്പത്തിക വർഷത്തിലാണ് സംസ്ഥാനത്ത് നെൽവയലുകളുടെ ഉടമസ്ഥർക്ക് റോയൽറ്റി നൽകുന്ന പദ്ധതി നിലവിൽ വന്നത്. പ്രസ്തുത വർഷത്തിൽ 38120.475 ഹെക്ടർ സ്ഥലത്തേക്ക് 762.40950 ലക്ഷം രൂപ 88036 അപേക്ഷകർക്ക് ഈയിനത്തിൽ വിതരണം ചെയ്തു. 2021-22 സാമ്പത്തികവർഷം 900 ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്. ആയത് വിതരണം ചെയ്യാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) പാലക്കാട് ജില്ലയിൽ ഇതിൻപ്രകാരം എത്ര പേർക്ക് റോയൽറ്റി തുക ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

2020-21 സാമ്പത്തികവർഷത്തിൽ പാലക്കാട് ജില്ലയിൽ 15208.258

ഹെക്ടർ സ്ഥലത്തേയ്ക്ക് 304.16516 ലക്ഷം രൂപ 32669 അപേക്ഷകർക്കായി വിതരണം ചെയ്തു. 2021-22 സാമ്പത്തിക വർഷം റോയൽറ്റി ഇനത്തിൽ ഇതുവരെ 9791 അപേക്ഷകർക്ക് 4727.9805 ഹെക്ടർ സ്ഥലത്തേയ്ക്ക് 94.55961 ലക്ഷം രൂപ നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

നെൽകൃഷി മേഖലയിലെ പ്രശ്നങ്ങൾ

36 (1576) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ നെൽകൃഷി മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരം കാണുന്നതിനും കൃഷി വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ?

ആലപ്പുഴ ജില്ലയിലെ കൃഷി ഭവനുകൾ മുഖാന്തരം സമയാസമയങ്ങളിൽ, പ്രദേശത്തെ കൃഷിക്കാരും ജനപ്രതിനിധികളും ത്രിതല പഞ്ചായത്ത് ജനപ്രതിനിധികളും പൊതുജനങ്ങളും ചേർന്ന് കൃഷി സീസണിന് മുമ്പായി യോഗങ്ങൾ സംഘടിപ്പിക്കുകയും ടി യോഗങ്ങളിൽ ഉരുത്തിരിയുന്ന അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ആയത് അധികാരികളുടെ

ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആലപ്പുഴ തുറവൂർ മേഖലയിലെ പൊക്കാളി നെൽപ്പാടങ്ങളിൽ സർക്കാരിന്റെ 'ഒരു നെല്ലും ഒരു മീനും' പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ തദ്ദേശീയരുടെയും ജനപ്രതിനിധികളുടെയും കൃഷി, ഫിഷറീസ്, റവന്യൂ, പഞ്ചായത്ത്, പോലീസ് വകുപ്പുകളുടെയും സംയുക്ത യോഗങ്ങൾ സംഘടിപ്പിക്കുകയും ടി പദ്ധതി ഉദ്ദേശ്യലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിക്കാതെ കർശനമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട ഉത്തരവ് ജില്ലാ കളക്ടർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കൊയ്ത്ത്-മെതി യന്ത്രങ്ങളുടെ ലഭ്യതക്കുറവ്, നെല്ല് സംഭരണത്തിലെ കിഴിവ് എന്നിവ സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിനായി കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് പരിഹാര മാർഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ജില്ലയിൽ നെൽകൃഷിക്ക് യോഗ്യമായ എത്ര സ്ഥലങ്ങളാണ് തരിശായി കിടക്കുന്നത്; മണ്ഡലം തിരിച്ച് കണക്ക് ലഭ്യമാക്കാമോ; തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ആലപ്പുഴ ജില്ലയിൽ ആകെ 483.39 ഹെക്ടർ തരിശുനിലമുണ്ട്.

ആയതിന്റെ നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർക്കുന്നു.+ നെൽകൃഷി വികസന പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി, ജനകീയാസൂത്രണ പദ്ധതി എന്നിവയാണ് തരിശുനിലം കൃഷി യോഗ്യമാക്കുന്നതിന് ആനുകൂല്യം നൽകുന്നതുമായി ബന്ധപ്പെട്ട പദ്ധതികൾ. നെൽകൃഷി വികസന പദ്ധതിയുടെ ഘടകപദ്ധതിയായ സുഭിക്ഷ കേരളം-"തരിശുനിലകൃഷി"-യിൽ ഉൾപ്പെടുത്തി തരിശുനിലങ്ങളിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു ഹെക്ടറിന് 35,000 രൂപ കർഷകനും 5,000 രൂപ ഭൂവുടമയ്ക്കും ചേർത്ത് ആകെ 40,000 രൂപ എന്ന നിരക്കിൽ ആനുകൂല്യം നൽകുന്നു. 2021-22 വർഷത്തിൽ ആലപ്പുഴ ജില്ലയിൽ 138.209 ഹെക്ടർ സ്ഥലത്ത് തരിശ് നെൽകൃഷി നടപ്പിലാക്കുകയും ആയതിന് 55.2836 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ, കേരളത്തിലെ തരിശ് ഭൂമികളെ കൃഷിയോഗ്യമാക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കിവരുന്ന രാഷ്ട്രീയ കൃഷി വികാസ് യോജന, "സുഭിക്ഷ കേരളം", ജനകീയാസൂത്രണ പദ്ധതി എന്നീ പദ്ധതികളുടെ ഭാഗമായി 514.89 ഹെക്ടറിൽ നെല്ല്, 230.4 ഹെക്ടറിൽ പച്ചക്കറി, 167.6 ഹെക്ടറിൽ കിഴങ്ങുവർഗ്ഗ വിളകൾ എന്നിവ തരിശ് ഭൂമിയിൽ കൃഷി ചെയ്യുന്നുണ്ട്.

(സി) കുട്ടനാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ കൊയ്ത്ത് യന്ത്രങ്ങൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കൂടിയ വാടകയ്ക്ക് നൽകി ഏജന്റുമാർ കർഷകരെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കുന്നതിന് കൃഷി വകുപ്പ് മുൻകയ്യെടുത്ത് കൊയ്ത്ത് യന്ത്രങ്ങൾ പൂൾ ചെയ്ത് നിശ്ചിത വാടകയ്ക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

പുഞ്ച കൃഷിയുടെ കൊയ്ത്തുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് ബഹു. കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ജില്ലയിലെ ജനപ്രതിനിധികൾ, കർഷക പ്രതിനിധികൾ, കൃഷി ഉദ്യോഗസ്ഥർ, യന്ത്രങ്ങൾ നൽകുന്ന ഏജന്റുമാർ എന്നിവരുമായി യോഗം ചേരുകയും റോഡ് മാർഗം കൊണ്ടുവരുന്ന കൊയ്ത്ത് യന്ത്രത്തിന്റെ പരമാവധി നിരക്ക് മണിക്കൂറിന് 1,900 രൂപയും ചങ്ങാടത്തിൽ കൊണ്ടുവരുന്നതിന് പരമാവധി നിരക്ക് മണിക്കൂറിന് 2,000 രൂപയും ആയി തീരുമാനിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർ, കൊയ്ത്ത് ഷെഡ്യൂൾ തയ്യാറാക്കുകയും തുടർന്ന് 4.3.2022-ൽ കൂടിയ ജില്ലാ കാർഷിക വികസന സമിതി യോഗം നിശ്ചയിച്ച പരമാവധി നിരക്കിൽ നിന്നും കുറഞ്ഞ റേറ്റിൽ കൊയ്ത്തുനടത്തുവാൻ തയ്യാറാകുന്ന ഏജന്റുമാർക്ക് ലേലനടപടികളിലൂടെ കൊയ്ത്ത് നടത്തുന്നതിന് കരാർ നൽകാവുന്നതാണെന്ന് തീരുമാനിച്ചു. കൂടാതെ, പാടശേഖരങ്ങൾക്ക് അവർ പ്രത്യേകമായി താൽപ്പര്യപ്പെടുന്ന ഏജന്റുമാരെക്കൊണ്ടുതന്നെ കൊയ്ത്ത്

നടത്താവുന്നതാണ് എന്നും തീരുമാനിച്ചു.

(ഡി) കുട്ടനാട്, അമ്പലപ്പുഴ ഉൾപ്പെടെയുള്ള അപ്പർ കുട്ടനാട് മേഖലയിലെ നെല്ല് സംഭരിക്കുന്ന സ്വകാര്യമില്ലുകൾ കിഴിവ് കൂട്ടി കൃഷിക്കാരെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കുവാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; നെല്ല് സംഭരിച്ച് സംസ്കരിക്കുന്നതിന് സർക്കാർ ഉടമസ്ഥതയിൽ കൂടുതൽ മില്ലുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

സ്വകാര്യമില്ലുകൾ കൃഷിക്കാരെ ചൂഷണം ചെയ്യുന്നത് ഒഴിവാക്കുവാൻ നെല്ല് സംഭരിക്കുന്ന സിവിൽ സപ്ലൈസ് കോർപ്പറേഷൻ പാഡി മാർക്കറ്റിംഗ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ പ്രശ്നപരിഹാരത്തിനായി ഓരോ പഞ്ചായത്തിലും പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും കൃഷി ആഫീസർ കൺവീനറായും മറ്റ് ജനപ്രതിനിധികൾ, പാടശേഖര പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. സർക്കാർ ഉടമസ്ഥതയിൽ മില്ലുകൾ സ്ഥാപിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

<u>തേങ്ങ-കൊപ്ര-വെളിച്ചെണ്ണ വിപണി</u>

37 (1577) <u>ശ്രീ. മുരളി പെരുനെല്ലി:</u>
<u>ശ്രീമതി ദെലീമ:</u>
<u>ഡോ സുജിത് വിജയൻപിള്ള:</u>

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വിളവെടുപ്പ് ചെലവ് അടിസ്ഥാനത്തിൽ പച്ചത്തേങ്ങ-കൊപ്ര-വെളിച്ചെണ്ണ തുടങ്ങിയവ സംഭരിച്ച് വിപണി നിയന്ത്രിക്കുവാൻ സർക്കാർ നടത്തിയ ഇടപെടലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

നാളികേരത്തിന്റെ വിലയിടിവ് കണക്കിലെടുത്ത് കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിന് കേരള സർക്കാർ 14.1.2022-ലെ സ.ഉ.(കൈ)നം.3/2022 പ്രകാരം പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുവാൻ ഉത്തരവ് നൽകിയിരുന്നു. കേരഫെഡ്, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ മുഖേന പച്ചതേങ്ങ കിലോയ്ക്ക് 32 രൂപ താങ്ങുവില നൽകി സംഭരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരഫെഡ് ജില്ലകളിൽ സി.പി.സി/സി.പി.എഫ്/സഹകരണ സ്ഥാപനങ്ങൾ/FPO എന്നിവ മുഖേനയുള്ള സംഭരണ കേന്ദ്രങ്ങൾ വഴിയാണ് സംഭരണം നടത്തുന്നത്. പച്ചത്തേങ്ങ സംഭരണത്തിനായി കേരഫെഡിന് 1 കോടി രൂപയും നാളികേര വികസന കോർപ്പറേഷന് 50 ലക്ഷം രൂപയും റിവോൾവിംഗ് ഫണ്ടിനത്തിൽ നൽകിയിട്ടുണ്ട്. നിലവിൽ നാളികേരത്തിന്റെ വില താഴ്ന്ന ജില്ലകളിൽ കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് സംഭരണം

നടത്തുന്നത്. കർഷകർ അപേക്ഷിക്കുന്ന മുറയ്ക്ക് തെങ്ങുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, തെങ്ങുകളുടെ എണ്ണം, വാർഷിക ഉല്പാദനം എന്നിവ സൂചിപ്പിക്കുന്ന ഒരു സാക്ഷ്യപത്രം, കൃഷി ആഫീസർ/കൃഷി ഫീൽഡ് ആഫീസർ നൽകേണ്ടതാണ്. സാക്ഷ്യപത്രത്തിന് ഒരു വർഷം കാലാവധി ഉണ്ടായിരിക്കും. പച്ചത്തേങ്ങ വിപണനം ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിൽ കർഷകർ ഈ സാക്ഷ്യപത്രം നൽകി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്ത കർഷകരിൽനിന്നും തെങ്ങൊന്നിന് പരമാവധി 50 നാളികേരം (6 തവണകളായി) ഒരു വർഷം എന്ന കണക്കിൽ മാത്രം പച്ചത്തേങ്ങ സംഭരിക്കേണ്ടതാണ്. കൊപ്രയുടെ വിലയും താഴ്ന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ കൊപ്രയുടെ താങ്ങുവില (പി.എസ്.എസ്) പദ്ധതി 2022 പ്രകാരം സഹകരണ സംഘങ്ങൾ മുഖേന കൊപ്ര സംഭരിച്ച് നാഫെഡിന് കൈമാറുന്നതിന് കേരഫെഡിനെയും മാർക്കറ്റ്ഫെഡിനെയും സ്റ്റേറ്റ് ലെവൽ ഏജൻസികളായി പ്രഖ്യാപിച്ചിട്ടുണ്ട്. ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി തെരഞ്ഞെടുക്കുന്ന സഹകരണ സംഘങ്ങൾ അതാത് നോഡൽ ഏജൻസികളുടെ കീഴിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിനായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൊപ്രയുടെ താങ്ങുവില കേന്ദ്ര സർക്കാർ

നിശ്ചയിച്ചിരിക്കുന്ന വിലയായ കിലോഗ്രാമിന് 105 രൂപ 90 പൈസ ക്രമത്തിലാണ് കർഷകന് ലഭ്യമാകുന്നത്. കർഷകർ അപേക്ഷിക്കുന്ന മുറയ്ക്ക് തെങ്ങുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, തെങ്ങുകളുടെ എണ്ണം, വാർഷിക ഉല്പാദനം എന്നിവ സൂചിപ്പിക്കുന്ന ഒരു സാക്ഷ്യപത്രം, കൃഷി ആഫീസർ/കൃഷി ഫീൽഡ് ആഫീസർ നൽകേണ്ടതാണ്. കൊപ്ര വിപണനം ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിൽ കർഷകർ ഈ സാക്ഷ്യപത്രം നൽകി ഇ-സമൃദ്ധി പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൊപ്ര സംഭരണത്തിനായി ഒരു തെങ്ങിൽനിന്നും 50 നാളികേരം എന്ന് കണക്കാക്കുമ്പോൾ അത് 25 കിലോ പച്ചത്തേങ്ങയായും/7.50 കിലോ കൊപ്രയായും കണക്കാക്കുന്നതാണ്.

(ബി) ആദായകരമായി അപകടഭീതി ഇല്ലാതെ തേങ്ങയും കള്ളും കരിക്കും ശേഖരിക്കുവാനും കീടരോഗ പരിപാലനത്തിനും പരിചരണത്തിനും ഉപകാരമാകുന്ന സാങ്കേതിക മികവുള്ള തെങ്ങുകയറ്റ യന്ത്രം വികസിപ്പിക്കുന്നതിന് സർക്കാർ മുൻകയ്യെടുക്കുമോ?

പ്രൊപ്പോസൽ ലഭിയ്ക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(സി) നാളികേര വികസന കോർപ്പറേഷൻ, കേരഫെഡ് തുടങ്ങിയ സർക്കാർ സഹകരണ സ്ഥാപനങ്ങൾ ഇടനിലക്കാർ മുഖേന അയൽ

സംസ്ഥാനങ്ങളിൽനിന്നും ഗുണനിലവാരം കുറഞ്ഞ കൊപ്ര വൻതോതിൽ സംഭരിച്ച് കേരളത്തിൽ കൊണ്ടുവരുന്നത് ഒഴിവാക്കി കൊപ്ര പൂർണ്ണമായും കേരളത്തിലെ തെങ്ങുകൃഷിക്കാരിൽ നിന്നും സംഭരിക്കുവാൻ നടപടി സ്വീകരിക്കുമോ?

കൊപ്ര പൂർണ്ണമായും കേരളത്തിലെ തെങ്ങുകൃഷിക്കാരിൽ നിന്നും സംഭരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. കർഷകർക്ക് തങ്ങൾ ഉല്പാദിപ്പിക്കുന്ന കൊപ്ര, തെങ്ങുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, തെങ്ങുകളുടെ എണ്ണം, വാർഷിക ഉല്പാദനം എന്നിവ സൂചിപ്പിക്കുന്ന ഒരു സാക്ഷ്യപത്രം, കൃഷി ആഫീസർ/കൃഷി ഫീൽഡ് ആഫീസർ നൽകുന്ന അടിസ്ഥാനത്തിൽ കൊപ്ര വിപണനം ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിലൂടെ ഇ-സമൃദ്ധി പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്ത് നൽകാവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങളിലൂടെ കേരളത്തിലെ കർഷകരുടെ കൊപ്ര പൂർണ്ണമായും സംഭരിക്കുന്നുവെന്ന് ഉറപ്പാക്കാൻ സാധിക്കും.

<u>നാളികേര കർഷകരെ സഹായിക്കാൻ പദ്ധതി</u>

38(1578) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരത്തിന് വിലയിടിയുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ കർഷകരെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

നാളികേരത്തിന്റെ വിലയിടിവ് കണക്കിലെടുത്ത് കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിന് കേരള സർക്കാർ 14.1.2022-ലെ സ.ഉ.(കൈ)നം.3/2022 പ്രകാരം പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുവാൻ ഉത്തരവ് നൽകിയിരുന്നു. കേരഫെഡ്, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ എന്നിവ മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 32 രൂപ താങ്ങുവില നൽകി സംഭരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരഫെഡ് ജില്ലകളിൽ സി.പി.സി/സി.പി.എഫ്/സഹകരണ സ്ഥാപനങ്ങൾ/ FPO എന്നിവ മുഖേനയുള്ള സംഭരണ കേന്ദ്രങ്ങൾ വഴിയാണ് സംഭരണം നടത്തുന്നത്. പച്ചത്തേങ്ങ സംഭരണത്തിനായി കേരഫെഡിന് 1 കോടി രൂപയും നാളികേര വികസന കോർപ്പറേഷന് 50 ലക്ഷം രൂപയും റിവോൾവിംഗ് ഫണ്ടിനത്തിൽ നൽകിയിട്ടുണ്ട്. നിലവിൽ നാളികേരത്തിന്റെ വില താഴ്ന്ന ജില്ലകളിൽ കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് സംഭരണം നടത്തുന്നത്. കർഷകർ അപേക്ഷിക്കുന്ന മുറയ്ക്ക് തെങ്ങുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, തെങ്ങുകളുടെ എണ്ണം,

വാർഷിക ഉല്പാദനം എന്നിവ സൂചിപ്പിക്കുന്ന ഒരു സാക്ഷ്യപത്രം, കൃഷി ആഫീസർ/കൃഷി ഫീൽഡ് ആഫീസർ നൽകേണ്ടതാണ്. സാക്ഷ്യപത്രത്തിന് ഒരു വർഷം കാലാവധി ഉണ്ടായിരിക്കും. പച്ചത്തേങ്ങ വിപണനം ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിൽ കർഷകർ ഈ സാക്ഷ്യപത്രം നൽകി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും തെങ്ങ് ഒന്നിന് പരമാവധി 50 നാളികേരം (6 തവണകളായി) ഒരു വർഷം എന്ന കണക്കിൽ മാത്രം പച്ചത്തേങ്ങ സംഭരിക്കുന്നതാണ്. കൊപ്രയുടെ വില താഴ്ന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ കൊപ്രയുടെ താങ്ങുവില പ്രൈസ് സപ്പോർട്ട് സ്കീം (പി.എസ്.എസ്.) പദ്ധതി 2022 പ്രകാരം സഹകരണ സംഘങ്ങൾ മുഖേന കൊപ്ര സംഭരിച്ച് നാഫെഡിന് കൈമാറുന്നതിന് കേരഫെഡിനെയും മാർക്കറ്റ്ഫെഡിനെയും സ്റ്റേറ്റ് ലെവൽ ഏജൻസികളായി പ്രഖ്യാപിച്ചിട്ടുണ്ട്. ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി തെരഞ്ഞെടുക്കുന്ന സഹകരണ സംഘങ്ങൾ അതത് നോഡൽ ഏജൻസികളുടെ കീഴിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിനായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൊപ്രയുടെ താങ്ങുവില കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന വിലയായ കിലോഗ്രാമിന് 105 രൂപ 90 പൈസ ക്രമത്തിലാണ് കർഷകന് ലഭ്യമാകുന്നത്. കർഷകർ

അപേക്ഷിക്കുന്ന മുറയ്ക്ക് തെങ്ങുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, തെങ്ങുകളുടെ എണ്ണം, വാർഷിക ഉല്പാദനം എന്നിവ സൂചിപ്പിക്കുന്ന ഒരു സാക്ഷ്യപത്രം കൃഷി ആഫീസർ/കൃഷി ഫീൽഡ് ആഫീസർ നൽകേണ്ടതാണ്. കൊപ്ര വിപണനം ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിൽ കർഷകർ ഈ സാക്ഷ്യപത്രം നൽകി ഇ-സമൃദ്ധി പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൊപ്ര സംഭരണത്തിനായി ഒരു തെങ്ങിൽ നിന്നും 50 നാളികേരം എന്ന കണക്കാക്കുമ്പോൾ അത് 25 കിലോ പച്ചത്തേങ്ങയായും/7.50 കിലോഗ്രാം കൊപ്രയായും കണക്കാക്കുന്നതാണ്.

(ബി) നാളികേര ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും വർദ്ധിപ്പിക്കാൻ പുതുതായി പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മൂല്യവർദ്ധിത ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിച്ചുകൊണ്ട് നാളികേര കൃഷി ലാഭകരമാക്കുന്നതിന് ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം കേരളയുടെ നേതൃത്വത്തിൽ കാർഷിക മേഖലയിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി പ്രകാരം നാളികേര ഉല്പന്നങ്ങൾക്ക് മൂല്യവർദ്ധന നടത്തുന്നതിനായി

സഹായം നൽകിയിട്ടുണ്ട്. 50 പുതിയ FPO-കൾ രൂപീകരിക്കുവാനും നിലവിലുള്ള 50 FPO-കളുടെ ശാക്തീകരണത്തിനും പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ വി.എഫ്.പി.സി.കെ. മുഖേന ഉത്പന്നങ്ങൾ അടിസ്ഥാനമാക്കി 38 എഫ്.പി.ഒ.-കൾ റജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. FPO കളുടെ പ്രവർത്തനം പൂർണ്ണതയിലെത്തുന്നതോടെ വിളകളുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധനവ് തുടങ്ങിയ മേഖലകളിൽ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സാധിക്കുന്നതാണ്. നാളികേരം അടിസ്ഥാനമാക്കിയുള്ള FPO-കളും ഇതിൽ ഉൾപ്പെടും. കേരളത്തിൽ KIIFB-യുടെ ധനസഹായത്തോടെ രണ്ട് നാളികേര അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കോഴിക്കോട് ജില്ലയിൽ വേങ്ങേരിയിലും കുത്താളിയിലും 20 കോടി രൂപ വീതം നൽകി നാളികേര അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിനുള്ള ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. നാളികേരത്തിന്റെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി രൂപീകരിച്ചിട്ടുള്ള കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന് 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വെളിച്ചെണ്ണ, നീര തുടങ്ങിയ ഉത്പന്നങ്ങൾ ഉത്പാദിപ്പിച്ച് വിതരണം നടത്തിവരുന്നു. കൂടാതെ കേരഫെഡ് വഴിയും നാളികേരത്തിന്റെ മൂല്യവർദ്ധിത വസ്തുക്കൾ ഉല്പാദിപ്പിച്ച്

വിപണനം നടത്തുന്നുണ്ട്.

## നാളികേര സംഭരണം

39(1579) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര സംഭരണവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിക്കുന്ന നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ?

നാളികേരത്തിന്റെ വിലയിടിവ് കണക്കിലെടുത്ത് കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിന് കേരള സർക്കാർ 14.1.2022-ലെ സ.ഉ.(കൈ)നം.3/2022 പ്രകാരം പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുവാൻ ഉത്തരവ് നൽകിയിരുന്നു. കേരഫെഡ്, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ എന്നിവ മുഖേന പച്ചതേങ്ങ കിലോയ്ക്ക് 32 രൂപ താങ്ങുവില നൽകി സംഭരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരഫെഡ് ജില്ലകളിൽ സി.പി.എസ്/സി.പി.സി/സി.പി.എഫ്/സഹകരണ സ്ഥാപനങ്ങൾ/ FPO എന്നിവ മുഖേനയുള്ള സംഭരണ കേന്ദ്രങ്ങൾ വഴിയാണ് സംഭരണം നടത്തുന്നത്. പച്ചത്തേങ്ങ സംഭരണത്തിനായി കേരഫെഡിന് 1 കോടി രൂപയും നാളികേര വികസന കോർപ്പറേഷന് 50 ലക്ഷം രൂപയും റിവോൾവിംഗ് ഫണ്ടിനത്തിൽ നൽകിയിട്ടുണ്ട്. നിലവിൽ നാളികേരത്തിന്റെ

വില താഴ്ന്ന ജില്ലകളിൽ കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് സംഭരണം നടത്തുന്നത്. കർഷകർ അപേക്ഷിക്കുന്ന മുറയ്ക്ക് തെങ്ങുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, തെങ്ങുകളുടെ എണ്ണം, വാർഷിക ഉല്പാദനം എന്നിവ സൂചിപ്പിക്കുന്ന ഒരു സാക്ഷ്യപത്രം കൃഷി ആഫീസർ/കൃഷി ഫീൽഡ് ആഫീസർ നൽകേണ്ടതാണ്. സാക്ഷ്യ പത്രത്തിന് ഒരു വർഷം കാലാവധി ഉണ്ടായിരിക്കും. പച്ചത്തേങ്ങ വിപണനം ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിൽ കർഷകർ ഈ സാക്ഷ്യപത്രം നൽകി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും തെങ്ങ് ഒന്നിന് പരമാവധി 50 നാളികേരം (6 തവണകളായി) ഒരു വർഷം എന്ന കണക്കിൽ മാത്രം പച്ചത്തേങ്ങ സംഭരിക്കുന്നതാണ്. കൊപ്രയുടെ വിലയും താഴ്ന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ കൊപ്രയുടെ താങ്ങുവില Price Support Scheme (പി.എസ്.എസ്.) പദ്ധതി 2022 പ്രകാരം സഹകരണ സംഘങ്ങൾ മുഖേന കൊപ്ര സംഭരിച്ച് നാഫെഡിന് കൈമാറുന്നതിന് കേരഫെഡിനെയും മാർക്കറ്റ്ഫെഡിനെയും സ്റ്റേറ്റ് ലെവൽ ഏജൻസികളായി പ്രഖ്യാപിച്ചിട്ടുണ്ട്. ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി തെരഞ്ഞെടുക്കുന്ന സഹകരണ സംഘങ്ങൾ അതാത് നോഡൽ ഏജൻസികളുടെ കീഴിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിനായി സംസ്ഥാന തലത്തിലും ജില്ലാ

തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൊപ്രയുടെ താങ്ങുവില കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന വിലയായ കിലോഗ്രാമിന് 105 രൂപ 90 പൈസ ക്രമത്തിലാണ് കർഷകന് ലഭ്യമാകുന്നത്. കർഷകർ അപേക്ഷിക്കുന്ന മുറയ്ക്ക് തെങ്ങുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, തെങ്ങുകളുടെ എണ്ണം, വാർഷിക ഉല്പാദനം എന്നിവ സൂചിപ്പിക്കുന്ന ഒരു സാക്ഷ്യപത്രം, കൃഷി ആഫീസർ/കൃഷി ഫീൽഡ് ആഫീസർ നൽകേണ്ടതാണ്. കൊപ്ര വിപണനം ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിൽ കർഷകർ ഈ സാക്ഷ്യപത്രം നൽകി ഇ-സമൃദ്ധി പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൊപ്ര സംഭരണത്തിനായി ഒരു തെങ്ങിൽ നിന്നും 50 നാളികേരം എന്ന കണക്കാക്കുമ്പോൾ അത് 25 കിലോ പച്ചത്തേങ്ങയായും/7.50 കിലോഗ്രാം കൊപ്രയായും കണക്കാക്കുന്നതാണ്.

(ബി) പഞ്ചായത്തുതലത്തിൽ നാളികേര സംഭരണകേന്ദ്രം ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ നിലപാട് വ്യക്തമാക്കുമോ?

പഞ്ചായത്ത് തലത്തിൽ നാളികേര സംഭരണകേന്ദ്രം ആരംഭിക്കുന്നതിന് നിലവിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

<u>നാളികേര മിഷന്റെ പ്രവർത്തനം</u>

40 (1580) <u>ശ്രീ. വി. ജോയി:</u>
<u>ശ്രീ. മുരളി പെരുനെല്ലി:</u>
<u>ശ്രീ. എ. പ്രഭാകരൻ:</u>
<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേരകൃഷിയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി നാളികേര വികസന കൗൺസിൽ മുഖേന നടത്തുന്ന നാളികേര മിഷന്റെ പ്രവർത്തനം വഴി ഇതുവരെ കൈവരിക്കാനായ നേട്ടം വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്. നാളികേര കൃഷിയുടെ പുനരുജ്ജീവനവും പുനഃസ്ഥാപനവും ലക്ഷ്യമിട്ട് ഗുണമേന്മയും ഉല്പാദനശേഷിയുമുള്ള തെങ്ങിൻതൈകൾ ഉത്പാദിപ്പിച്ച് വിസ്തൃതി വ്യാപനത്തിനായി 50% സബ്സിഡി നിരക്കിൽ 2019-20 മുതൽ 2021-22 വരെ 21,68,297 തെങ്ങിൻതൈകൾ വിതരണം ചെയ്തതിലൂടെ 12390.27 ഹെക്ടർ നാളികേര കൃഷി വിസ്തൃതി വ്യാപിപ്പിച്ച് പുനരുദ്ധരിക്കുകയും പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നിലവിൽ നേരിടുന്ന തേങ്ങയുടെ കനത്ത വിലയിടിവ് തടയുന്നതിനായി പച്ചത്തേങ്ങ സംഭരണം ആരംഭിച്ചിട്ടുണ്ടോ;

കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തി കൊപ്രസംഭരണം തുടങ്ങിയിട്ടുണ്ടോ?

നടപടികൾ തുടങ്ങിയിട്ടുണ്ട്. നാളികേരത്തിന്റെ വിലയിടിവ് കണക്കിലെടുത്ത് കർഷകകർക്ക് ന്യായവില ഉറപ്പാക്കുന്നതിന് 14.1.2022 ലെ സ.ഉ.(കൈ)നം.3/2022/കൃഷി പ്രകാരം പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുവാൻ ഉത്തരവ് നൽകിയിരുന്നു. കേരഫെഡ്, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ എന്നിവ മുഖേന പച്ചത്തേങ്ങ കിലോയ്ക്ക് 32 രൂപ താങ്ങുവില നൽകി സംഭരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരഫെഡ് ജില്ലകളിൽ സി.പി.സി/സി.പി.എഫ്/ സഹകരണ സ്ഥാപനങ്ങൾ/FPO എന്നിവ മുഖേനയുള്ള സംഭരണ കേന്ദ്രങ്ങൾ വഴിയാണ് സംഭരണം നടത്തുന്നത്. പച്ചത്തേങ്ങ സംഭരണത്തിനായി കേരഫെഡിന് 1 കോടി രൂപയും നാളികേര വികസന കോർപ്പറേഷന് 50 ലക്ഷം രൂപയും റിവോൾവിംഗ് ഫണ്ടിനത്തിൽ നൽകിയിട്ടുണ്ട്. കൊപ്രയുടെ വിലയും താഴ്ന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ കൊപ്രയുടെ താങ്ങുവില (പി.എസ്.എസ്.) പദ്ധതി 2022 പ്രകാരം സഹകരണ സംഘങ്ങൾ മുഖേന കൊപ്ര സംഭരിച്ച് നാഫെഡിന് കൈമാറുന്നതിന് കേരഫെഡിനെയും മാർക്കറ്റ് ഫെഡിനെയും സ്റ്റേറ്റ് ലെവൽ നോഡൽ ഏജൻസികളായി പ്രഖ്യാപിച്ചിട്ടുണ്ട്. ജില്ലാ തല മോണിറ്ററിംഗ് കമ്മിറ്റി

തെരഞ്ഞെടുക്കുന്ന സഹകരണ സംഘങ്ങൾ അതാത് നോഡൽ ഏജൻസികളുടെ കീഴിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിനായി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൊപ്രയുടെ താങ്ങുവില കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന വിലയായ കിലോഗ്രാമിന് 105 രൂപ 90 പൈസ ക്രമത്തിലാണ് കർഷകന് വില ലഭ്യമാകുന്നത്.

(സി) ചെറിയ തോതിൽപ്പോലും ഉല്പാദനവർദ്ധനവുണ്ടായാൽ തേങ്ങയ്ക്ക് കനത്ത വിലയിടിവുണ്ടാകുന്നത് പതിവാകുന്നതിന് പരിഹാരമായി നാളികേരത്തിന്റെ ഉപോല്പന്നങ്ങളുടെയും മൂല്യവർദ്ധിതോല്പന്നങ്ങളുടെയും വ്യവസായങ്ങൾ കർഷകരുടെ ഉടമസ്ഥതയിൽ വളർത്തിയെടുക്കുന്നതിന് നാളികേര ക്ലസ്റ്റർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

മൂല്യവർദ്ധിത ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിച്ചുകൊണ്ട് നാളികേര കൃഷി ലാഭകരമാക്കുന്നതിന് കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം കേരളയുടെ നേതൃത്വത്തിൽ കാർഷിക മേഖലയിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി പ്രകാരം നാളികേര ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിന്റെ ഭാഗമായി വെർജിൻ കോക്കനട്ട്

ഓയിൽ, തേങ്ങാപ്പാൽ, ഡെസിക്കേറ്റഡ് കോക്കനട്ട് പൌഡർ, ബേബി ഓയിൽ തുടങ്ങിയ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് സബ്സിഡിയായി 1,76,31,435 രൂപ (ഒരു കോടി ഏഴുപത്തിയാറ് ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി നാനൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) നൽകിയിട്ടുണ്ട്. 50 പുതിയ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ (FPO) കളും നിലവിലുള്ള 50 FPO-കളുടെ ശാക്തീകരണത്തിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ വി.എഫ്.പി.സി.കെ. മുഖേന 38 എഫ്.പി.ഒ.-കൾ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. FPO-കൾ രൂപീകരിക്കുന്നതോടെ വിളകളുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധനവ് തുടങ്ങിയ മേഖലകളിൽ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സാധിക്കുന്നതാണ്. നാളികേരം അടിസ്ഥാനമാക്കിയുള്ള FPO-കളും ഇതിൽ ഉൾപ്പെടും. കേരളത്തിൽ കിഫ്ബിയുടെ ധനസഹായത്തോടെ രണ്ട് നാളികേര അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. നാളികേരത്തിന്റെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി രൂപീകരിച്ചിട്ടുള്ള കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന് 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേരഗ്രാമം പദ്ധതിയുടെ ഭാഗമായി കേരസമിതികളുടെ നേതൃത്വത്തിൽ

നാളികേരത്തിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള ചെറുസംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്നുണ്ട്.

റബ്ബറിന്റെ താങ്ങുവില

41 (1581) ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലയിടിവുമൂലം കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കർഷകരെ സഹായിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

&

(ബി) റബ്ബറിന്റെ താങ്ങുവില ഇരുന്നൂറ് രൂപയായി നിജപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

റബ്ബറിന് താങ്ങുവില പ്രഖ്യാപിച്ച് റബ്ബർ കർഷകർക്ക് സബ്സിഡി നേരിട്ട് ലഭ്യമാക്കുന്ന പദ്ധതിയായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം സംസ്ഥാന സർക്കാർ 2015 മുതൽ നടപ്പിലാക്കി വരികയാണ്. ഈ പദ്ധതിയുടെ ഏഴാം ഘട്ടമാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്. പ്രസ്തുത

പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തെ ബഡ്ജറ്റിൽ 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2021 ഏപ്രിൽ 1 മുതൽ പ്രസ്തുത സ്കീം പ്രകാരമുള്ള റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 150 രൂപയിൽനിന്നും 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 23.2.2022-വരെ റബ്ബർ ബോർഡ് പരിശോധിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ച മുഴുവൻ സബ്സിഡി തുകയും കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്. റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 200 രൂപയായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ തുക കേന്ദ്ര ബഡ്ജറ്റിൽ അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നുവെങ്കിലും ഇതുസംബന്ധിച്ച് അനുകൂലമായ പ്രഖ്യാപനങ്ങളൊന്നും കേന്ദ്ര ബഡ്ജറ്റിൽ ഉണ്ടായിട്ടില്ല.

## റബ്ബർ സബ്സിഡി കുടിശ്ശിക

42 (1582) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റബ്ബർ കർഷകർക്ക് റബ്ബർ സബ്സിഡി കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനുകീഴിൽ 23.2.2022 വരെ

റബ്ബർ ബോർഡ് പരിശോധിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ച മുഴവൻ സബ്സിഡി തുകയും കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത ഇനത്തിൽ എത്ര തുക വിതരണം ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ?

കഴിഞ്ഞ സാമ്പത്തിക വർഷം (2020-21) സബ്സിഡിയിനത്തിൽ 269.92 കോടി രൂപ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്.

<u>റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി</u>

43 (1583) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

റബ്ബറിന് താങ്ങുവില പ്രഖ്യാപിച്ച് റബ്ബർ കർഷകർക്ക് സബ്സിഡി നേരിട്ട് ലഭ്യമാക്കുന്ന പദ്ധതിയായി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം സംസ്ഥാന സർക്കാർ 2015 മുതൽ നടപ്പിലാക്കിവരികയാണ്. ഈ പദ്ധതിയുടെ ഏഴാം ഘട്ടമാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്. പ്രസ്തുത

പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തെ ബഡ്ജറ്റിൽ 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2021 ഏപ്രിൽ 1 മുതൽ പ്രസ്തുത സ്കീം പ്രകാരമുള്ള റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 150 രൂപയിൽനിന്നും 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 23.2.2022 വരെ റബ്ബർ ബോർഡ് പരിശോധിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ച മുഴുവൻ സബ്സിഡി തുകയും കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്. റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 200 രൂപയായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ തുക കേന്ദ്ര ബഡ്ജറ്റിൽ അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നുവെങ്കിലും ഇതുസംബന്ധിച്ച് അനുകൂലമായ പ്രഖ്യാപനങ്ങളൊന്നും കേന്ദ്ര ബഡ്ജറ്റിൽ ഉണ്ടായിട്ടില്ല.

(ബി) കോവിഡ് സാഹചര്യം തുടരുന്നതിനാൽ റബ്ബർ കർഷകർക്ക് റബ്ബർ കൃഷി പുതുതായി തുടങ്ങുന്നതിന് സബ്സിഡി നിരക്കിൽ വർദ്ധനവ് വരുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

&

(സി) റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഭൂമി വാങ്ങുന്നതിന് മിതമായ നിരക്കിൽ വായ്പ നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ?

നിലവിലില്ല.

<u>കർഷകർക്ക് നഷ്ടപരിഹാരം</u>

44 (1584) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2021-22-ലെ കാലവർഷക്കെടുതിയിൽ കർഷകർക്ക് കൊടുക്കേണ്ട നഷ്ടപരിഹാരത്തുക എത്രയെന്ന് വ്യക്തമാക്കാമോ; നെയ്യാറ്റിൻകര നഗരസഭ, പെരുമ്പഴുതൂർ, അതിയന്നൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ എന്നീ കൃഷിഭവനുകളിൽ ഇനി നഷ്ടപരിഹാരമായി നൽകേണ്ട തുക എത്ര വീതം എന്ന് വിശദമാക്കാമോ?

2021-22-ൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പ്രകൃതിക്ഷോഭം മൂലം വിളനാശം സംഭവിച്ച കർഷകർക്ക് 1.4.2021 മുതൽ നാളിതുവരെ SDRF വിഹിതമായ 6,12,350 രൂപയും സംസ്ഥാന വിഹിതമായി 2,21,49,109 രൂപയും ചേർത്ത് ആകെ 2,27,61,459 രൂപയും വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം അർഹരായ 343 കർഷകർക്ക് 1,21,51,345 രൂപയും നൽകാനുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. +

<u>തിരൂർ വെറ്റില കർഷകർ</u>

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

45 (1585) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൗമസൂചികാ പദവിയിൽ ഉൾപ്പെട്ട ഉല്പന്നങ്ങൾ ഏതൊക്കെയാണ്; ഉല്പന്നങ്ങൾക്ക് ഈ പദവി ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ഏന്തൊക്കെയാണ്?

സംസ്ഥാനത്ത് ഭൗമസൂചികാ പദവി ലഭിച്ചിട്ടുള്ള കാർഷികോത്പന്നങ്ങൾ:- 1. പൊക്കാളി അരി 2. വാഴക്കുളം കൈതച്ചക്ക 3. മദ്ധ്യ തിരുവിതാംകൂർ ശർക്കര 4. വയനാട് ജീരകശാല അരി 5. വയനാട് ഗന്ധകശാല അരി 6. കൈപ്പാട് അരി 7. ചെങ്ങാലിക്കോടൻ നേന്ത്രൻ 8. നിലമ്പൂർ തേക്ക് 9. മറയൂർ ശർക്കര 10. തിരൂർ വെറ്റില 11. കുറ്റ്യാട്ടൂർ മാങ്ങ 12. എടയൂർ മുളക് 13. പാലക്കാട് മട്ട അരി 14. ഞവര അരി 15. ആലപ്പുഴ ഗ്രീൻ ഏലം 16. മലബാർ കുരുമുളക് 17. വയനാട് റോബസ്റ്റ കോഫി 18. മൺസൂൺഡ് മലബാർ അറബിക്ക കോഫി 19. മൺസൂൺഡ് മലബാർ റോബസ്റ്റ കോഫി. മറ്റുൽപ്പന്നങ്ങൾ:- A) ആറന്മുള കണ്ണാടി B) ആലപ്പുഴ കയർ C) പാലക്കാടൻ മദ്ദളം D) തഴപ്പായ E) ബ്രാസ് ബ്രോയ്ഡ്രേഡ് കോക്കനട്ട് ഷെൽ ക്രാഫ്റ്റ് F) കണ്ണൂർ ഹോം ഫർണിഷിംഗ് G) ബാലരാമപുരം സാരിയും കോട്ടൺ ഫാബ്രിക്സും H) കാസർഗോഡ് സാരി I) കുത്തമ്പുള്ളി

സാരി J) പയ്യന്നൂർ പവിത്രമോതിരം K) ചേന്ദമംഗലം മുണ്ടും സെറ്റും മുണ്ടും L) കുത്താമ്പുള്ളി മുണ്ടും സെറ്റും മുണ്ടും M) കരുനാഗപ്പള്ളി തഴപ്പായ N) കോക്കനട്ട് ഷെൽ കരകൗശല വസ്തുക്കൾ.

ഉല്പന്നങ്ങൾക്ക് ഈ പദവി ലഭിക്കാനുള്ള നടപടിക്രമങ്ങൾ

യോഗ്യമായ ഉല്പന്നങ്ങൾ കണ്ടെത്തൽ: ഗുണമേന്മ, ഉത്പാദക പ്രക്രിയയിലെ മാനുഷിക ഘടകങ്ങൾ, പ്രദേശത്തെ കാലാവസ്ഥ, ഭൂപ്രകൃതി എന്നിവയുടെ സവിശേഷതകൾ എന്നിവമൂലം ഉല്പന്നത്തിന് സവിശേഷതകളുണ്ടെങ്കിൽ ഭൗമസൂചിക പദവിക്ക് അപേക്ഷിക്കാം.

ഗുണമേന്മ വിലയിരുത്തൽ: ഉല്പന്നത്തിന്റെ ബാഹ്യമായ പ്രത്യേകതകൾ, ബയോകെമിക്കൽ സവിശേഷതകൾ എന്നിവ നിർണ്ണയിച്ച് രേഖപ്പെടുത്തുന്നു.

ഡോക്യുമെന്റ് തയ്യാറാക്കൽ: ഉല്പന്നത്തിന്റെയും ഭൂപ്രദേശത്തിന്റെയും സവിശേഷത, ഉല്പന്നം, കൃഷി രീതികൾ എന്നിവയുടെ വിവരണം, ചരിത്രം, പരിശോധനാ വിഭാഗം എന്നിവ രേഖപ്പെടുത്തി അപേക്ഷ തയ്യാറാക്കുന്നു.

പ്രൊഡ്യൂസേഴ്സ് സൊസൈറ്റി രൂപീകരണവും രജിസ്ട്രേഷനും

അപേക്ഷ സമർപ്പണം: സവിശേഷത, വിവരണം, ചരിത്രം, കൃഷിരീതികൾ, പരിശോധനാ വിഭാഗം മുതലായവ, അപേക്ഷകരുടെ

വിവരം, ഉല്പാദക സംഘങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, സ്റ്റേറ്റ്മെന്റ് ഓഫ് കേസ് കൃഷി ചെയ്യുന്ന പ്രദേശം ഉൾപ്പെടുത്തിയ ഭൂപടം, സത്യവാങ്മൂലം, ലോഗോ എന്നിവ ഉൾപ്പെടുത്തി അപേക്ഷ സമർപ്പിക്കുന്നു.

<u>രജിസ്ട്രേഷൻ നടപടിക്രമങ്ങൾ</u>: നിർദിഷ്ട ഫീസ് അടച്ച ഡിഡി ചേർത്ത് GI രജിസ്ട്രി ചെന്നൈയിൽ അപേക്ഷ സമർപ്പിക്കണം. തുടർന്ന് എക്സാമിനറുടെ പ്രാഥമിക പരിശോധന, ന്യൂനതകൾ പരിഹരിക്കൽ എന്നിവയ്ക്കുശേഷം രജിസ്ട്രാർ ഓഫ് GI മുൻപാകെ അപേക്ഷ സമർപ്പിക്കുന്നു. അതേ തുടർന്ന് കൺസൾട്ടീവ് ഗ്രൂപ്പിന്റെ പരിശോധനാ റിപ്പോർട്ട് മാറ്റങ്ങൾ/ പരിഹാര നടപടികൾ എന്നിവ തൃപ്തികരമായി പൂർത്തിയാകുമ്പോൾ GI ജേർണലിൽ പ്രസിദ്ധീകരിക്കുന്നു. തുടർന്ന് ഭേദഗതി ഒന്നും ഉയർന്നില്ലെങ്കിൽ അപേക്ഷ സ്വീകരിച്ച് ഭൗമസൂചിക പദവി നൽകുന്നു.

(ബി) ഭൗമസൂചികാ പദവിയിൽ ഉൾപ്പെട്ട കാർഷികോല്പന്നങ്ങൾ കൃഷിചെയ്യുന്ന കർഷകർക്ക് എന്തൊക്കെ പ്രത്യേക ആനുകൂല്യങ്ങൾ/സഹായങ്ങൾ ലഭിയ്ക്കുന്നുണ്ട്?

ഉല്പാദകർക്ക് തനത് ഉല്പന്നങ്ങളുടെ മേൽ നിയമപരമായ സംരക്ഷണം ലഭിക്കുന്നു. രജിസ്റ്റർ ചെയ്യപ്പെട്ട ഭൗമ സൂചകം മറ്റാരെങ്കിലും അനധികൃതമായി ഉപയോഗിക്കുന്നത് തടയാനാകും. ഗുണമേന്മ ഉറപ്പാക്കുന്നതിനാൽ മെച്ചപ്പെട്ട

വിപണി ലഭിക്കുന്നു. അതിനാൽത്തന്നെ തനതായ ഉല്പന്നങ്ങളുടെ പരിപോഷണം സാദ്ധ്യമാകുന്നു. ഇതര രാജ്യങ്ങളിൽ ഉല്പന്നങ്ങൾക്ക് നിയമ സംരക്ഷണം ലഭിക്കണമെങ്കിൽ മാതൃരാജ്യത്തിൽ ഭൗമ സൂചകമായി സംരക്ഷിക്കപ്പെടണം.

(സി) തിരൂർ വെറ്റില ഭൗമസൂചികാ പദവിയിൽ ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഇത് കൃഷി ചെയ്യുന്ന കർഷകർക്ക് എന്തൊക്കെ സഹായങ്ങൾ നൽകുന്നുണ്ട്; ഏതെല്ലാം പ്രദേശത്തെ തിരൂർ വെറ്റില കർഷകർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നുണ്ട്?

തിരൂർ വെറ്റില നിലവിൽ കൃഷി ചെയ്യുന്നവർക്ക് ഒരു ക്ലസ്റ്ററിന് 250 രൂപയും പുതിയതായി കൃഷി തുടങ്ങുന്നവർക്ക് ഒരു ക്ലസ്റ്ററിന് 500 രൂപയും നൽകുന്നതിന് കൃഷി വകുപ്പ് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിലെ വേങ്ങര, മലപ്പുറം, തിരൂരങ്ങാടി, താനൂർ, തിരൂർ, കുറ്റിപ്പുറം എന്നീ ബ്ലോക്കുകളിലെ കർഷകർക്കാണ് ഭൗമസൂചികാ പദവിയുടെ പ്രയോജനം ലഭിക്കുക.

(ഡി) മങ്കട ബ്ലോക്ക് പഞ്ചായത്തിലെ തിരൂർ വെറ്റില കർഷകർക്ക് ഈ പദവിയുടെ ആനുകൂല്യം ലഭിക്കുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രദേശത്തെ കർഷകർക്കുകൂടി

ഭൗമസൂചികാ പദവിയുടെ ആനുകൂല്യം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിലെ വേങ്ങര, മലപ്പുറം, തിരൂരങ്ങാടി, താനൂർ, തിരൂർ, കുറ്റിപ്പുറം എന്നീ ബ്ലോക്കുകളിലെ കർഷകർക്കാണ് ഭൗമസൂചികാ പദവിയുടെ പ്രയോജനം നിലവിൽ ലഭ്യമാകുന്നത്. മങ്കട ബ്ലോക്ക് പഞ്ചായത്തിലെ കർഷകർക്കുകൂടി ഭൗമസൂചികാ പദവിയുടെ പ്രയോജനം ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## കാർഷിക കണക്ഷനുകളിൽ നിലവിലുള്ള വ്യക്തിഗത സബ്സിഡി സംവിധാനം

46 (1586) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കണക്ഷനുകളിൽ പരിശോധനകൾ നടത്തി നിലവിൽ സബ്സിഡിക്ക് അർഹരായ കൃഷിക്കാരുടെ വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ, വിവരങ്ങൾ സമർപ്പിക്കുന്നതിന് കർഷകർക്ക് കൂടുതൽ സമയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

കാർഷിക വൈദ്യുതി കണക്ഷനുകളുടെ ദുരുപയോഗം തടയുന്നതിനായി കൃഷിഭവൻ ഉദ്യോഗസ്ഥർ സ്ഥലപരിശോധന കാലാകാലങ്ങളിൽ

നടത്താറുണ്ട്. ആയതിന്റെ ഭാഗമായി നിലവിലെ വിവരങ്ങൾ പുതുക്കുവാനും ആവശ്യമായ വിവരങ്ങൾ സമർപ്പിക്കുവാനും ഗുണഭോക്താക്കളോട് ആവശ്യപ്പെടാറുണ്ട്. പ്രസ്തുത നടപടികളുടെ ഭാഗമായി കൃഷിഭവനിൽ നിന്നും ആവശ്യപ്പെടുന്ന വിവരങ്ങൾ സമർപ്പിക്കുന്നതിന് നിശ്ചിത സമയപരിധി നിശ്ചയിച്ചിട്ടില്ല.

(ബി) നിലവിലുള്ള വ്യക്തിഗത സബ്സിഡി സംവിധാനം മാറ്റി കർഷക ഗ്രൂപ്പുകൾക്ക് സബ്സിഡി അനുവദിക്കുന്നതിനും അത്തരം കർഷക സമിതികൾക്ക് ഇത് അടയ്ക്കുന്നതിന് ചുമതല നൽകുന്നതിനും ആലോചിക്കുന്നുണ്ടോ; ആയതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ?

ഉണ്ട്.

(സി) ഇതുമൂലമുണ്ടാവുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് വ്യക്തിഗത അപേക്ഷകൾക്ക് തുടർന്നും സൗജന്യ കണക്ഷൻ അനുവദിക്കുന്ന രീതി തുടരുമോ?

കർഷക സമിതിയിൽ വ്യക്തിഗത ഗുണഭോക്താക്കൾക്ക് തന്നെയാണ് സൗജന്യ വൈദ്യുതി കണക്ഷൻ അനുവദിക്കുന്നത്.

<u>പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശം-നഷ്ടപരിഹാരം</u>

47 (1587) <u>ശ്രീ. എ. രാജ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭംമൂലം കൃഷിനാശമുണ്ടായ കർഷകർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

നിലവിൽ കൃഷി വകുപ്പിന്റെ ഓൺലൈൻ പോർട്ടലായ AIMS മുഖേനയാണ് പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായത്തിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതും സഹായധനം അനുവദിക്കുന്നതും. ഇതിനായി പ്രകൃതിക്ഷോഭംമൂലം കൃഷിനാശമുണ്ടായ കർഷകർ 10 ദിവസത്തിനുള്ളിൽ ഓൺലൈനായി പോർട്ടലിൽ അപേക്ഷ സമർപ്പിക്കണം. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ 30 ദിവസത്തിനുള്ളിൽ പരിശോധനകൾക്കും അംഗീകാരത്തിനുംശേഷം ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) സംവിധാനത്തിലൂടെ നഷ്ടപരിഹാരത്തുക കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നതിനാൽ കാലതാമസം ഒഴിവാക്കാൻ സാധിക്കുന്നു.

(ബി) മഴക്കെടുതിയിൽ കൃഷിനാശം സംഭവിച്ച കാന്തല്ലൂർ

ഗ്രാമപഞ്ചായത്തിലെ സെൽവകുമാർ നഷ്ടപരിഹാരത്തിനായി സമർപ്പിച്ച അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ടിയാന് നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രീ. സെൽവകുമാർ നഷ്ടപരിഹാരം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അതിൻപ്രകാരം ടിയാന് SDRF വിഹിതമായി 4,660 രൂപയും സംസ്ഥാന വിഹിതമായി 81,640 രൂപയും ഉൾപ്പെടെ 86,300 രൂപയാണ് സഹായധനമായി ശിപാർശ ചെയ്തിട്ടുള്ളത്. ആയതിൽ SDRF വിഹിതമായ 4,660 രൂപ ടിയാന്റെ അക്കൗണ്ടിലേയ്ക്ക് DBT മുഖേന ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാന വിഹിതം 81,640 രൂപയും വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം നൽകുവാൻ ശിപാർശ ചെയ്ത 2,58,900 രൂപയും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കർഷകർക്കുള്ള എയിംസ് പോർട്ടൽ -സേവനങ്ങൾ

48 (1588) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി വകുപ്പ് ഏർപ്പെടുത്തിയിരിക്കുന്ന എയിംസ് പോർട്ടലിലെ സേവനങ്ങൾ കർഷകർക്ക് സമയബന്ധിതമായി ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടി പോർട്ടലിലെ

സേവനങ്ങൾ ലഭിക്കുന്ന മുറയ്ക്ക് സീനിയോരിറ്റി പ്രകാരമാണോ തീർപ്പുകൽപ്പിക്കുന്നത്; വിശദമാക്കാമോ?

ഇല്ല. നിലവിൽ എയിംസിലൂടെ നൽകുന്ന സേവനങ്ങൾ അപേക്ഷിക്കുന്ന അർഹരായ എല്ലാവർക്കും ലഭ്യമാണ്. പോർട്ടലിൽ അപേക്ഷ ലഭിക്കുന്നമുറയ്ക്കും പദ്ധതികളുടെ സമയക്രമം, മാർഗ്ഗരേഖകൾ എന്നിവ അനുസരിച്ചുമാണ് സേവനങ്ങൾ ലഭ്യമാകുന്നത്.

(ബി) കർഷകർക്ക് ആവശ്യമായ കൂടുതൽ സേവനങ്ങൾ ടി പോർട്ടലിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

കർഷകർക്ക് നിലവിൽ നൽകിവരുന്ന സേവനങ്ങൾക്ക് പുറമെ കൂടുതൽ സേവനങ്ങൾ എയിംസ് പോർട്ടലിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ലക്ഷം തൊഴിൽദാന പദ്ധതി - പെൻഷൻ ആനുകൂല്യം

49 (1589) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്ഷം തൊഴിൽദാന പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് പെൻഷൻ ആനുകൂല്യം കൃത്യമായി ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ?

ഉണ്ട്. പദ്ധതി അംഗങ്ങൾക്ക് നല്കിവരുന്ന പെൻഷൻ ആനുകൂല്യങ്ങൾക്ക് അംഗങ്ങൾ കൃഷി ഭവനിൽ അപേക്ഷ നല്കുകയും ടി അപേക്ഷ പഞ്ചായത്തുതല സമിതിയിൽ അംഗീകരിച്ച് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസിൽ അയയ്ക്കുകയും ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടുന്ന ജില്ലാതല സമിതിയിൽ അംഗീകരിച്ച ശേഷം ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസിൽനിന്നും ലഭിക്കുന്ന മുറയ്ക്കാണ് കൃഷി ഡയറക്ടറേറ്റിൽ നിന്നും ആനുകൂല്യം അനുവദിക്കുന്നത്. പഞ്ചായത്ത്/ജില്ലാതല സമിതികൾ വിളിച്ചുകൂട്ടുന്നതിൽ ഉണ്ടാകുന്ന കാലതാമസവും അപേക്ഷകളിലെയും രേഖകളിലേയും അപാകതകളും അപേക്ഷകൾ തീർപ്പുകല്പിച്ച് ആനുകൂല്യം അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്നതിന് കാരണമാകാറുണ്ട്. പദ്ധതിയിലെ അംഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 8.12.2021-ൽ കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജില്ലാ തലത്തിൽ അദാലത്തുകൾ സംഘടിപ്പിച്ച് കുടിശ്ശികയുള്ള അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുവാനുള്ള നിർദ്ദേശം നൽകുകയുണ്ടായി. ആയതു പ്രകാരം ജില്ലാതലങ്ങളിൽ അദാലത്തുകൾ സംഘടിപ്പിച്ച്, അപേക്ഷകളിന്മേലുള്ള

നടപടികൾ ത്വരിതപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കൂടരഞ്ഞി മാഞ്ചിറ വീട്ടിൽ ദേവസ്യ എം. എന്നയാൾക്ക് ഏപ്രിൽ 2020 മുതൽ പെൻഷൻ ലഭിക്കുന്നില്ല എന്ന പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കൂടരഞ്ഞി മാഞ്ചിറ വീട്ടിൽ ദേവസ്യ എം. എന്നയാൾക്ക് 04/2020 മുതൽ 03/2021 വരെയുള്ള 12 മാസത്തെ പെൻഷൻ കുടിശ്ശിക തുകയായ 12,000 രൂപ 24.12.2021-ലെ കൃഷി ഡയറക്ടറുടെ ADFW/1017/21 TK (1) നമ്പർ ഉത്തരവ് പ്രകാരം കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് അനുവദിച്ച് നല്കിയിട്ടുണ്ട്.

(സി) പ്രസ്തുത വ്യക്തിക്ക് പെൻഷൻ കുടിശ്ശിക ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

04/2021 മുതലുള്ള പെൻഷൻ കുടിശ്ശിക അനുവദിക്കുന്നതിനുള്ള ക്ലെയിം സ്റ്റേറ്റ്മെന്റും കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ നടപടിക്രമവും ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കി ബാക്കി കുടിശ്ശികകൂടി ഉടനെ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കാർഷികവിളകളുടെ വില സ്ഥിരത

50 (1590) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. പി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര കമ്പോള വിലകളുടെ വ്യത്യാസം അനുസരിച്ച് കർഷകർക്ക് ലഭിക്കുന്ന വിലയിൽ സ്ഥിരത ഇല്ലാതായതുമൂലം കർഷകർ നേരിടുന്നതായി പറയപ്പെടുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇതുമൂലം ഏറ്റവും പ്രതിസന്ധി നേരിടുന്ന റബ്ബർ കർഷകർക്കായി സംസ്ഥാന സർക്കാർ പുതിയ പാക്കേജ് പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

&

(സി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിനായി 2015-16 മുതൽ നടപ്പിലാക്കിവരുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

അന്താരാഷ്ട്ര കമ്പോള വിലകളുടെ വ്യത്യാസം അനുസരിച്ച് റബ്ബർ മേഖലയിൽ കേരള സർക്കാർ ഫലപ്രദമായി ഇടപെടുന്നുണ്ട്. റബ്ബറിന് താങ്ങുവില പ്രഖ്യാപിച്ച് റബ്ബർ കർഷകർക്ക് സബ്സിഡി നേരിട്ട് ലഭ്യമാക്കുന്ന പദ്ധതിയായി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം

സംസ്ഥാന സർക്കാർ 2015 മുതൽ നടപ്പിലാക്കി വരികയാണ്. ഈ പദ്ധതിയുടെ ഏഴാം ഘട്ടമാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തെ ബഡ്ജറ്റിൽ 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2021 ഏപ്രിൽ 1 മുതൽ പ്രസ്തുത സ്കീം പ്രകാരമുള്ള റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 150 രൂപയിൽ നിന്നും 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 23.2.2022 വരെ റബ്ബർ ബോർഡ് പരിശോധിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ച മുഴുവൻ സബ്സിഡി തുകയും കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട്. റബ്ബറിന്റെ താങ്ങുവില കിലോയ്ക്ക് 200 രൂപയായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ തുക കേന്ദ്ര ബഡ്ജറ്റിൽ അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നുവെങ്കിലും ഇതുസംബന്ധിച്ച് അനുകൂലമായ പ്രഖ്യാപനങ്ങളൊന്നും കേന്ദ്ര ബഡ്ജറ്റിൽ ഉണ്ടായിട്ടില്ല.

## കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ

51 (1591) ശ്രീ എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷികോല്പന്നങ്ങൾ മൂല്യവർദ്ധിതോല്പന്നങ്ങളായി മാറ്റുന്നത് വഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കാർഷിക രംഗത്ത് തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനും കാർഷിക ഉല്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയുമായി കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ /ചെറുകിട/ ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ എന്നിവ രൂപീകരിച്ചിട്ടുണ്ട്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികളാണ് എസ്.എഫ്.എ.സി. വഴി നടപ്പാക്കുന്നത്. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ, കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ/വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കൻഡറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/ഇൻക്യുബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നിവ ഈ വർഷം കൃഷി വകുപ്പ് സ്വന്തമായും സഹകരണ വകുപ്പുമായി

ചേർന്നും നടപ്പിലാക്കുന്നു. കൂടാതെ വ്യക്തികൾക്ക് സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് 50% സബ്സിഡി നിരക്കിൽ 51 പേർക്ക് 84 ലക്ഷം രൂപയും PACS, FPO, മറ്റു സ്ഥാപനങ്ങൾ എന്നിവ മുഖേന സ്ഥാപിക്കുന്ന സംസ്കരണ മൂല്യവർദ്ധിത യൂണിറ്റുകൾ, ഇൻകുബേഷൻ സെന്ററുകൾ എന്നിവ സ്ഥാപിക്കുന്നതിനും 9 യൂണിറ്റുകൾക്ക് 94 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## ഇരിക്കൂർ മണ്ഡലത്തിലെ കർഷക പെൻഷൻ വിതരണം

52 (1592) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ കർഷക പെൻഷൻ ഇനത്തിൽ എത്ര തുക വിതരണം ചെയ്തുവെന്നതിന്റെ കണക്ക് വർഷം തിരിച്ച് നൽകാമോ?

വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത കാലയളവിൽ കർഷക പെൻഷൻ വാങ്ങിയവരുടെ എണ്ണം എത്രയാണെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ വർഷം തിരിച്ചുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കണക്ക് അനുബന്ധമായി ആയി ചേർക്കുന്നു.+

(സി) പ്രസ്തുത മണ്ഡലത്തിൽ കർഷക പെൻഷനുവേണ്ടി നാളിതുവരെ ലഭിച്ച എല്ലാ അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് കൃഷിഭവൻ തിരിച്ചുള്ള കണക്ക് നൽകാമോ?

തീർപ്പാക്കാനുള്ള അപേക്ഷകളുടെ കൃഷി ഭവൻ തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

## കർഷക പെൻഷൻ കുടിശ്ശിക

53 (1593) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ എത്ര കാലത്തെ കർഷക പെൻഷനാണ് കുടിശ്ശികയായിട്ടുള്ളത്; ടി കുടിശ്ശിക എന്നത്തേയ്ക്ക് അനുവദിക്കാനാകുമെന്ന് പറയാമോ?

&

(ബി) പ്രസ്തുത കുടിശ്ശിക കൊടുത്ത് തീർക്കാൻ ആവശ്യമായിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നിലവിൽ കർഷക പെൻഷൻ കുടിശ്ശിക ഇല്ല.

(സി) ശ്രീ. എ. റ്റി. വർക്കി, ആലുക്ക, പുതുശ്ശേരി, നെട്ടുവന്നൂർ പി.ഒ, ചൊവ്വര, എറണാകുളം എന്ന വ്യക്തിക്ക് നൽകാനുള്ള പെൻഷൻ കുടിശ്ശിക നൽകുന്നതിലെ തടസ്സം എന്താണെന്ന് അറിയിക്കാമോ; ടി കുടിശ്ശിക എന്നത്തേയ്ക്ക് അനുവദിക്കാനാകുമെന്ന് പറയാമോ?

ശ്രീ. എ. റ്റി. വർക്കി, ആലുക്ക, പുതുശ്ശേരി, നെട്ടുവന്നൂർ എന്ന കർഷകൻ നിലവിൽ കർഷക പെൻഷൻ ഗുണഭോക്താവാണ്. ടി കർഷകന് ഡിസംബർ 2020, ജനുവരി 2021, ഫെബ്രുവരി 2021 എന്നീ മാസങ്ങളിൽ ബിൽ ജനറേറ്റ് ചെയ്തിരുന്നുവെങ്കിലും ബാങ്ക് അക്കൗണ്ടിലെ സാങ്കേതിക പ്രശ്നം കാരണം കർഷക പെൻഷൻ തുക ലഭിച്ചിരുന്നില്ല. ടി കർഷകന് അക്കൗണ്ടുള്ള ബാങ്കുമായി ബന്ധപ്പെട്ടപ്പോൾ ടിയാളുടെ അക്കൗണ്ട് " സ്മാൾ അക്കൗണ്ട്" എന്ന വിഭാഗത്തിൽ വരുന്നതാണെന്നും അതിലേയ്ക്ക് ഒരു വർഷത്തേയ്ക്കുള്ള ക്രെഡിറ്റ് ലിമിറ്റ് ബാങ്ക് നിശ്ചയിച്ച തുകയിൽ അധികമായാൽ ടി അക്കൗണ്ടിലേയ്ക്ക് തുക നിക്ഷേപിക്കാൻ സാധിക്കുകയില്ലയെന്നും ഈ പ്രശ്നം ആവർത്തിക്കാതിരിക്കാൻ സ്മാൾ അക്കൗണ്ട് എന്നത് മാറ്റി സാധാരണ അക്കൗണ്ടാക്കുന്നതിലേയ്ക്കായി ബാങ്കിൽ അപേക്ഷ സമർപ്പിക്കാൻ നിർദ്ദേശം നല്കിയിട്ടുള്ളതുമാണ്. ഈ

കർഷകന് നിലവിൽ പെൻഷൻ ലഭിക്കുന്നുണ്ട്. എന്നാൽ കുടിശ്ശികയായ ഡിസംബർ 2020 മുതൽ ഫെബ്രുവരി 2021 വരെയുള്ള 3 മാസങ്ങളിലെ പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കർഷകതൊഴിലാളി പെൻഷൻ

54 (1594) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ കർഷക തൊഴിലാളി പെൻഷൻ വാങ്ങുന്നവരുടെ എണ്ണം, അതിനുവേണ്ടി ചെലവഴിക്കുന്ന തുക എന്നിവ സംബന്ധിച്ച കണക്ക് ജില്ല തിരിച്ച് വിശദമാക്കാമോ?

കേരളത്തിൽ കർഷക തൊഴിലാളി പെൻഷൻ 2022 ഫെബ്രുവരി മാസത്തിൽ വാങ്ങിയവരുടെ എണ്ണവും ചെലവഴിച്ച തുകയും സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. +

കാർഷിക വിളകൾക്ക് നൽകുന്ന നഷ്ടപരിഹാരത്തുക

55(1595) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാലവർഷം, മറ്റു പ്രകൃതി ദുരന്തങ്ങൾ എന്നിവമൂലം നാശം സംഭവിക്കുന്ന കാർഷിക വിളകൾക്ക് നൽകുന്ന നഷ്ടപരിഹാരത്തുകയിൽ കാലാനുസൃതമായ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പ്രകൃതിക്ഷോഭത്തിൽ കൃഷി നശിച്ച കർഷകർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള തുകയും സംസ്ഥാന സർക്കാരിന്റെ അധിക ധനസഹായവും നഷ്ടപരിഹാരമായി നൽകുന്നു. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകരുടെ വിളകൾക്ക് പ്രകൃതിക്ഷോഭംമൂലമോ വന്യജീവി ആക്രമണംമൂലമോ പൂർണ്ണമായ നാശനഷ്ടം സംഭവിച്ചാൽ നിശ്ചിത നിരക്കുകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി നഷ്ടപരിഹാരം നൽകുന്നു. കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേന പ്രസ്തുത പദ്ധതികളിൽ അംഗമായ കർഷകർക്ക് അർഹതയുള്ള ധനസഹായം സമയബന്ധിതമായി നൽകിവരുന്നുണ്ട്. കൂടാതെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ പുതിയ മാനദണ്ഡങ്ങൾ പരിഷ്കരിക്കുമ്പോൾ നഷ്ടപരിഹാരത്തുകയിൽ കാലാനുസൃതമായ മാറ്റം വരുത്തുന്നതിനുള്ള നടപടി

സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രസർക്കാരിന് കത്ത് നൽകിയിട്ടുമുണ്ട്.

## കർഷകർക്ക് നൽകാനുള്ള നഷ്ടപരിഹാരം

56(1596) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നൽകാനുള്ള നഷ്ടപരിഹാരം സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കുമോ;

&

(ബി) കുടിശ്ശികയായി എത്ര തുക നൽകാനുണ്ടെന്നും പ്രസ്തുത തുക എന്നത്തേയ്ക്ക് കൊടുക്കാനാകുമെന്നും വ്യക്തമാക്കുമോ?

കൃഷി വകുപ്പിന്റെ ഔദ്യോഗിക പോർട്ടലായ AIMS Portal-ലെ Summary report-ന്റെ അടിസ്ഥാനത്തിൽ കൃഷി നാശം സംഭവിച്ച കർഷകർക്ക് 01.04.2020 മുതൽ 31.0ർ3.2021 വരെയുള്ള ക്ലെയിമുകളിൽ 7,209 രൂപ ഒഴിച്ചുള്ള മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. 1.04.2021 മുതൽ 10.3.2022 വരെയുള്ള 6,90,79,771 രൂപയുടെ SDRF ക്ലെയിമിൽ 6,89,16,153 രൂപയും അനുവദിച്ചിട്ടുണ്ട്. ഈ ഇനത്തിലുള്ള അധികരിച്ച സംസ്ഥാന വിഹിതത്തിൽ കുടിശ്ശികയായി 2018 ലക്ഷം രൂപ

നൽകുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## കർഷകർക്കുള്ള നഷ്ടപരിഹാരം

57 (1597) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിന്റെ പരിധിയിലുള്ള അങ്കമാലി, മഞ്ഞപ്ര, പാറക്കടവ്, മലയാറ്റൂർ നീലീശ്വരം, അയ്യമ്പുഴ, കറുകുറ്റി, മൂക്കന്നൂർ, തുറവൂർ, കാലടി എന്നീ കൃഷിഭവനുകളിൽ വിവിധ ഇനങ്ങളിലായി കർഷകർക്ക് നൽകേണ്ട നഷ്ടപരിഹാരവും മറ്റാനുകൂല്യങ്ങളും നൽകുന്നതിൽ ഭീമമായ തുക കുടിശ്ശികയുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അപേക്ഷകർക്ക് ഇനി ഏതെല്ലാം ഇനത്തിൽ നഷ്ടപരിഹാരം കൊടുക്കാനുണ്ടെന്നും എത്ര തുക വേണ്ടി വരുമെന്നും കൃഷിഭവൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

അങ്കമാലി നിയോജകമണ്ഡലത്തിലെ അങ്കമാലി, മഞ്ഞപ്ര, പാറക്കടവ്, മലയാറ്റൂർ നീലീശ്വരം, അയ്യമ്പുഴ, കറുകുറ്റി, മൂക്കന്നൂർ, തുറവൂർ, കാലടി കൃഷിഭവനുകളിലായി വിള ഇൻഷ്വറൻസ് പദ്ധതി മുഖേനയുള്ള നഷ്ടപരിഹാരമായി 9,62,630 രൂപയും പ്രകൃതിക്ഷോഭങ്ങൾക്കുള്ള അടിയന്തര ധനസഹായ പദ്ധതി മുഖേനയുള്ള (സംസ്ഥാന വിഹിതം) 25,93,046 രൂപയും നൽകുവാനുണ്ട്. വിശദാംശം അനുബന്ധം - I* ആയി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ചേർക്കുന്നു.

(ബി) മണ്ഡലത്തിലെ കേടായ തെങ്ങുകൾ വെട്ടിമാറ്റി പകരം തെങ്ങ് വയ്ക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് കർഷകർക്ക് നൽകേണ്ട നഷ്ടപരിഹാര തുക മേൽപ്പറഞ്ഞ ഏതെങ്കിലും കൃഷിഭവനിലെ കർഷകർക്ക് നൽകാനായി ബാക്കി നിൽക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം കൃഷിഭവനിലാണെന്നും ഈ ഇനത്തിൽ എത്ര തുക വീതമാണ് നഷ്ടപരിഹാരം നൽകാനായി വേണ്ടതെന്നുമുള്ള വിശദമായ കണക്ക് ലഭ്യമാക്കുമോ?

മണ്ഡലത്തിന്റെ വിവിധ പഞ്ചായത്തുകൾക്കായി നാളികേര വികസന ബോർഡിന്റെ തെങ്ങ് കൃഷി പുനരുദ്ധാരണ പദ്ധതി പ്രകാരം തെങ്ങ് വെട്ടിമാറ്റൽ, പകരം ആവശ്യമുള്ളിടത്ത് പുതിയ തെങ്ങിൻ തൈകൾ വയ്ക്കൽ, വളം നൽകൽ എന്നീ ഘടകങ്ങളിലായി ആകെ 7,81,240 രൂപയുടെ ആനുകൂല്യം വിതരണം ചെയ്യുവാനുണ്ട്. വിശദാംശങ്ങൾ അനുബന്ധം - II* ആയി ചേർക്കുന്നു. പ്രസ്തുത തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രളയവും തുടർന്നുള്ള കോവിഡ്- 19 തരംഗങ്ങളുംമൂലം ജീവിതം തകർന്ന കർഷകർക്ക് ലഭിക്കുവാനുള്ള നഷ്ടപരിഹാരത്തുക സമയബന്ധിതമായി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ കൃഷി വകുപ്പിന്റെ ഓൺലൈൻ പോർട്ടലായ AIMS മുഖേനയാണ് പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായത്തിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതും സഹായധനം അനുവദിക്കുന്നതും. ഇതിനായി പ്രകൃതിക്ഷോഭംമൂലം കൃഷിനാശമുണ്ടായ കർഷകർ 10 ദിവസത്തിനുള്ളിൽ ഓൺലൈനായി പോർട്ടലിൽ അപേക്ഷ സമർപ്പിക്കണം. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ 30 ദിവസത്തിനുള്ളിൽ പരിശോധനകൾക്കും അംഗീകാരത്തിനുംശേഷം ഫണ്ട് ലഭ്യമാകുന്നതനുസരിച്ച് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സംവിധാനത്തിലൂടെ നഷ്ടപരിഹാരത്തുക കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നതിനാൽ കാലതാമസം ഒഴിവാക്കാൻ സാധിക്കുന്നു.

ചെറുതന-പള്ളിപ്പാട് പഞ്ചായത്തുകളിലെ കൃഷിനാശം

58 (1598) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായ വെള്ളപ്പൊക്കവും മടവീഴ്ചയും കാരണം ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ചെറുതന, കരുവാറ്റ, പള്ളിപ്പാട് പഞ്ചായത്തുകളിലെ വിവിധ പാടശേഖരങ്ങളിൽ കൃഷി ചെയ്യുന്ന

കർഷകർക്ക് വൻനാശനഷ്ടം സംഭവിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് ഓരോ പാടശേഖരങ്ങളിലും എത്ര രൂപയുടെ നാശനഷ്ടമാണ് സംഭവിച്ചിട്ടുള്ളതെന്ന കാര്യം അറിയിക്കാമോ?

ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ചെറുതന, കരുവാറ്റ, പള്ളിപ്പാട് പഞ്ചായത്തുകളിൽ വെള്ളപ്പൊക്കവും മടവീഴ്ചയുംമൂലം ഓരോ പാടശേഖരങ്ങളിലുമുണ്ടായ നാശനഷ്ടത്തിന്റെ വിവരങ്ങൾ അനുബന്ധം - I* ആയി ചേർക്കുന്നു.

(സി) പ്രസ്തുത പാടശേഖരങ്ങളിൽ മടവീഴ്ചമൂലമുള്ള കൃഷിനാശം തടയുന്നതിനായി കൃഷി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

മടവീഴ്ചയുണ്ടായ പ്രസ്തുത പാടശേഖരങ്ങളിൽ തുടർന്നും മടവീഴ്ചമൂലം കൃഷിനാശം തടയുന്നതിനായി മടകൾ ശക്തിപ്പെടുത്തുന്നതിനും പുനർനിർമ്മിക്കുന്നതിനുമായി 10 പാടശേഖരങ്ങൾക്കായി ആകെ 21,11,224 രൂപ SDRF-ൽനിന്നും ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ ശിപാർശയിന്മേൽ ആലപ്പുഴ ജില്ലാ കളക്ടർ അനുവദിച്ചു നൽകിയിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പാടശേഖരം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം - II* ആയി ചേർക്കുന്നു. കിഴക്കേപോച്ച തെക്ക്, കണ്ണങ്കേരി, മാന്തറ മീഞ്ചാൽ എന്നീ പാടശേഖരങ്ങളിലെ മടകൾ പുനർനിർമ്മാണം/ശക്തിപ്പെടുത്തിയതിന്റെ വാല്യുവേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് എസ്.ഡി.ആർ.എഫ്.-ൽ നിന്നും തുക ലഭ്യമാക്കുന്നതിനുള്ള ശിപാർശ ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർ, ജില്ലാ കളക്ടർക്ക് നൽകുന്നതാണ്.

## കാർഷികോല്പന്നങ്ങൾക്ക് അടിസ്ഥാനവില

59 (1599) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോല്പന്നങ്ങൾക്ക് വിലസ്ഥിരതയും ന്യായവിലയും ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഇഞ്ചി, ചേന, ചേമ്പ്, മഞ്ഞൾ എന്നിവയ്ക്ക് അടിസ്ഥാന വില നിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

&

(ബി) വയനാടൻ നേന്ത്ര വാഴയുടെയും നാടൻ നേന്ത്ര വാഴയുടെയും അടിസ്ഥാന വില ഏകീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

പരിശോധിക്കുന്നതാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## നാളികേരത്തിന്റെ വിലയിടിവ്

60 (1600) ശ്രീ. മോൻസ് ജോസഫ്:

ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. മാണി സി. കാപ്പൻ:

ശ്രീ. പി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേരത്തിന്റെ വിലയിടിവുമൂലം പ്രയാസം അനുഭവിക്കുന്ന കർഷകനെ സഹായിക്കാൻ കൊപ്ര സംഭരണം നടത്താൻ നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) കൊപ്രയുടെയും പച്ചത്തേങ്ങയുടെയും വില താങ്ങുവിലയിലും താഴെയെത്തി നിൽക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉണ്ട്. നാളികേരത്തിന്റെ വിലയിടിവ് കണക്കിലെടുത്ത് കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിന് 14.1.2022-ലെ സ.ഉ.(കൈ)നം.3/2022 ഉത്തരവ് പ്രകാരം പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുവാൻ ഉത്തരവ് നൽകിയിരുന്നു. കേരഫെഡ്, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ മുഖേന പച്ചതേങ്ങ കിലോയ്ക്ക് 32 രൂപ താങ്ങുവില നൽകി സംഭരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരഫെഡ് ജില്ലകളിൽ

സി.പി.സി/സി.പി.എഫ്/സഹകരണ സ്ഥാപനങ്ങൾ/FPO എന്നിവ മുഖേനയുള്ള സംഭരണ കേന്ദ്രങ്ങൾ വഴിയാണ് സംഭരണം നടത്തുന്നത്. പച്ചത്തേങ്ങ സംഭരണത്തിനായി കേരഫെഡിന് 1 കോടി രൂപയും നാളികേര വികസന കോർപ്പറേഷന് 50 ലക്ഷം രൂപയും റിവോൾവിംഗ് ഫണ്ടിനത്തിൽ നൽകിയിട്ടുണ്ട്. നിലവിൽ നാളികേരത്തിന്റെ വില താഴ്ന്ന ജില്ലകളിൽ കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് സംഭരണം നടത്തുന്നത്. കർഷകർ അപേക്ഷിക്കുന്ന മുറയ്ക്ക് തെങ്ങുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, തെങ്ങുകളുടെ എണ്ണം, വാർഷിക ഉല്പാദനം എന്നിവ സൂചിപ്പിക്കുന്ന ഒരു സാക്ഷ്യപത്രം, കൃഷി ആഫീസർ/കൃഷി ഫീൽഡ് ആഫീസർ നൽകേണ്ടതാണ്. സാക്ഷ്യപത്രത്തിന് ഒരു വർഷം കാലാവധി ഉണ്ടായിരിക്കും. പച്ചത്തേങ്ങ വിപണനം ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിൽ കർഷകർ ഈ സാക്ഷ്യപത്രം നൽകി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്ത കർഷകരിൽനിന്നും തെങ്ങൊന്നിന് പരമാവധി 50 നാളികേരം (6 തവണകളായി) ഒരു വർഷം എന്ന കണക്കിൽ മാത്രം പച്ചത്തേങ്ങ സംഭരിക്കേണ്ടതാണ്. കൊപ്രയുടെ വിലയും താഴ്ന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ കൊപ്രയുടെ താങ്ങുവില (പി.എസ്.എസ്.) പദ്ധതി 2022 പ്രകാരം സഹകരണ സംഘങ്ങൾ മുഖേന

കൊപ്ര സംഭരിച്ച് നാഫെഡിന് കൈമാറുന്നതിന് കേരഫെഡിനെയും മാർക്കറ്റ്ഫെഡിനെയും സ്റ്റേറ്റ് ലെവൽ ഏജൻസികളായി പ്രഖ്യാപിച്ചിട്ടുണ്ട്. ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി തെരഞ്ഞെടുക്കുന്ന സഹകരണ സംഘങ്ങൾ അതാത് നോഡൽ ഏജൻസികളുടെ കീഴിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൊപ്രയുടെ താങ്ങുവില കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന വിലയായ കിലോഗ്രാമിന് 105 രൂപ 90 പൈസ ക്രമത്തിലാണ് കർഷകന് ലഭ്യമാകുന്നത്. കർഷകർ അപേക്ഷിക്കുന്ന മുറയ്ക്ക് തെങ്ങുകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി, തെങ്ങുകളുടെ എണ്ണം, വാർഷിക ഉല്പാദനം എന്നിവ സൂചിപ്പിക്കുന്ന ഒരു സാക്ഷ്യപത്രം, കൃഷി ആഫീസർ/കൃഷി ഫീൽഡ് ആഫീസർ നൽകേണ്ടതാണ്. കൊപ്ര വിപണനം ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിൽ കർഷകർ ഈ സാക്ഷ്യപത്രം നൽകി ഇ-സമൃദ്ധി പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൊപ്ര സംഭരണത്തിനായി ഒരു തെങ്ങിൽനിന്നും 50 നാളികേരം എന്ന് കണക്കാക്കുമ്പോൾ അത് 25 കിലോ പച്ചത്തേങ്ങയായും/7.50 കിലോ കൊപ്രയായും കണക്കാക്കുന്നതാണ്.

(സി) നാളികേരത്തിന്റെയും കൊപ്രയുടെയും സംഭരണത്തിനായി ഏത് ഏജൻസിയെയാണ് നിയമിക്കാൻ ഉദ്ദേശിക്കുന്നതെന്നും ആയതിന്റെ സംഭരണ ചെലവും കൈകാര്യ ചെലവും സംബന്ധിച്ച വിവരങ്ങളും വ്യക്തമാക്കാമോ; ഗോഡൗണിന്റെ ലഭ്യതയെക്കുറിച്ചുമുള്ള പ്രശ്നങ്ങൾ ഏതു രീതിയിലാണ് കൈകാര്യം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

പച്ചത്തേങ്ങ സംഭരണത്തിന് കേരഫെഡിനേയും കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷനേയും നോഡൽ എജൻസികളായി തെരഞ്ഞെടുത്തിട്ടുണ്ട്. കൊപ്ര സംഭരണത്തിന് കേരഫെഡും മാർക്കറ്റ്ഫെഡും സ്റ്റേറ്റ് ലെവൽ എജൻസികളായി തെരഞ്ഞെടുത്തിട്ടുണ്ട്. പച്ചത്തേങ്ങയിൽനിന്നും 30% കൊപ്ര ലഭ്യമാകുമെന്ന കണക്കിന്റെ അടിസ്ഥാനത്തിൽ 27% നാളികേരത്തിന്റെ വിലയായും 3% സംഘങ്ങൾക്ക് കൈകാര്യ ചെലവായി നൽകുന്നു. കൊപ്ര സംഭരണവുമായി ബന്ധപ്പെട്ട സംഭരണ പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന ഏജൻസികൾക്ക് കൊപ്ര വിലയ്ക്ക് പുറമെ നാഫെഡ് നൽകുന്ന തുക സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.+ കൊപ്ര സംഭരിച്ചു സൂക്ഷിക്കുവാൻ പ്രാപ്തരായ സഹകരണ സ്ഥാപനങ്ങളെയാണ് കൊപ്ര സംഭരണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഫാം തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ അനുവദിക്കാൻ നടപടി

61 (1601) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന് കീഴിലെ ഫാമുകളിൽ ജോലി ചെയ്യുന്ന സ്ഥിരം തൊഴിലാളികളെ സർക്കാർ ജീവനക്കാരായി പരിഗണിച്ചിട്ടുണ്ടോ; ഗ്രൂപ്പ് ഇൻഷ്വറൻസ്, എസ്.എൽ.ഐ., ആക്സിഡന്റ് ഇൻഷ്വറൻസ് എന്നിവ ഉൾപ്പെടെ സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും പ്രസ്തുത ജീവനക്കാർക്കും ലഭ്യമാക്കുമോ?

കൃഷിവകുപ്പിന് കീഴിൽ ഫാമുകളിൽ ജോലി ചെയ്തുവരുന്ന സ്ഥിരം തൊഴിലാളികളെ സർക്കാർ ജീവനക്കാരായി പരിഗണിച്ചിട്ടില്ല. ഗ്രൂപ്പ് ഇൻഷ്വറൻസ്, എസ്.എൽ.ഐ, ആക്സിഡന്റ് ഇൻഷ്വറൻസ് എന്നിവ തൊഴിലാളികൾക്ക് ബാധകമാക്കിയിട്ടില്ല. സർക്കാർ ജീവനക്കാർക്കുള്ള മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, വിവാഹ ധനസഹായം, ലീവ് സറണ്ടർ എന്നിവ തൊഴിലാളികൾക്കും അനുവദിച്ചിട്ടുണ്ട്. കാഷ്വൽ ലീവ്, വീക്ക്‌ലി ഓഫ്, ലീവ് സറണ്ടർ, ദേശീയാവധികൾ, ഉൽസവാവധികൾ, സിക്ക് ലീവ്, ഏൺഡ് ലീവ് എന്നിവ തൊഴിലാളികൾക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ജീവനക്കാരെ സബോർഡിനേറ്റ് സർവ്വീസ് ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ചട്ടം ഭേദഗതി ചെയ്ത് ഇവരെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഇല്ല. പരിഗണനയിലില്ല.

<u>മൃഗസംരക്ഷണ ഫാമുകളിൽ കാർഷിക എഞ്ചിനീയറിംഗ്</u>

62 (1602) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊല്ലം ജില്ലാ പഞ്ചായത്തുകളുടെ കീഴിൽ പ്രവർത്തിക്കുന്ന മൃഗസംരക്ഷണ ഫാമുകളിൽ കാർഷിക വൈദഗ്ധ്യം വേണ്ട എഞ്ചിനീയറിംഗ് ജോലികൾ നടപ്പാക്കേണ്ടത് കൃഷി വകുപ്പാണോ; ഇതു സംബന്ധിച്ച വിശദാംശം നൽകാമോ?

അല്ല.

(ബി) തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ കൃഷി വകുപ്പിന്റെ കാർഷിക എഞ്ചിനീയറിംഗ് വിഭാഗം ഏറ്റെടുത്ത് നടപ്പാക്കി വരുന്ന പദ്ധതികൾ ഏതെല്ലാം ആണ്; വിശദാംശം നൽകാമോ?

കൃഷി വകുപ്പിന്റെ കാർഷിക എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

(സി) മേല്പറഞ്ഞ ജില്ലാ പഞ്ചായത്തുകളുടെ കീഴിലുള്ള മൃഗസംരക്ഷണ ഫാമുകളിൽ കാർഷിക വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ നിസ്സഹരണത്താൽ കാർഷിക എഞ്ചിനീയറിംഗ് വൈദഗ്ദ്ധ്യമുള്ള ഏതെല്ലാം പദ്ധതികൾ നടപ്പാക്കാതെ പോയിട്ടുണ്ട്; അതിൻപ്രകാരം മൃഗസംരക്ഷണ വകുപ്പിന്റെയോ ജില്ലാ പഞ്ചായത്തിന്റെയോ ഫണ്ടുകൾ ലാപ്സായിട്ടുണ്ടോ; വിശദാംശം നൽകാമോ; ഉണ്ടെങ്കിൽ ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

ബാധകമല്ല.

## മുണ്ടേരി അഗ്രികൾച്ചർ ഫാം

63 (1603) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മണ്ഡലത്തിലെ മുണ്ടേരി പഞ്ചായത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന അഗ്രികൾച്ചർ ഫാമിന്റെ പുരോഗതി വിശദമാക്കാമോ;

&

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത അഗ്രികൾച്ചർ ഫാമിന്റെ നിർമ്മാണ പുരോഗതിയിലുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ സമഗ്ര കാർഷിക വികസനത്തിനായി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളുടെ നിർദ്ദേശങ്ങളാണ് "മുണ്ടേരി അഗ്രികൾച്ചർ ഫാം" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരു കോടി അടങ്കൽ തുകയുള്ള ഈ പദ്ധതി നിർദ്ദേശത്തിൽ കൃഷി വകുപ്പിന്റെ വിഹിതം 40 ലക്ഷം രൂപയാണ്. മൃഗസംരക്ഷണം, ക്ഷീര വികസനം, ഫിഷറീസ് എന്നീ വകുപ്പുകളുടെ വിഹിതം 60 ലക്ഷം രൂപയാണ്. ഈ പദ്ധതിക്കായി 2021-22 വർഷത്തെ ബഡ്ജറ്റിൽ പ്രത്യേകമായി തുക ഉൾക്കൊള്ളിക്കാത്തതിനാലാണ് പദ്ധതി ആരംഭിക്കുവാൻ സാധിക്കാത്തത്. എന്നാൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കാർഷിക മേഖലയുടെ വികസനത്തിനായുള്ള നിർദ്ദേശങ്ങൾ കൃഷി വകുപ്പ് നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കാർഷിക വികസന പദ്ധതികളിൽ വിവിധ ഘടകങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>തരിശുരഹിത മണ്ഡലം പദ്ധതി</u>

64 (1604) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തെ തരിശുരഹിതമാക്കാൻ നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദമാക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പൂതൃക്ക ബ്ലോക്കിൽ RKVY സുഭിക്ഷം സുരക്ഷിതം എന്ന പദ്ധതിയിൽ കുന്നത്തുനാട്, പൂതൃക്ക, മഴുവന്നൂർ, ഐക്കരനാട്, കിഴക്കമ്പലം, തിരുവാണിയൂർ, വടവുകോട് പുത്തൻകുരിശ്, വാഴക്കുളം (പാർട്ട്) എന്നീ കൃഷി ഭവനകളിലായി തരിശുനില കൃഷി താഴെ പറയുന്ന പ്രകാരം നടപ്പിലാക്കുന്നു. ജനകീയ ആസൂത്രണ പദ്ധതിപ്രകാരം മഴുവന്നൂർ കൃഷിഭവന്റെ പരിധിയിൽ 13 ഹെക്ടർ തരിശ് നെല്ല് കൃഷിക്കായി 5.2 ലക്ഷം രൂപ, കിഴക്കമ്പലം പഞ്ചായത്തിൽ 13 ഹെക്ടർ തരിശ് നെല്ല് കൃഷിക്കായി 3.2774 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിന്റെ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ മഴുവന്നൂർ ഗ്രാമ പഞ്ചായത്തിൽ ചിറക്കൽ ചിറയുടെ നവീകരണ പ്രവൃത്തികൾക്കായി

നബാർഡിന്റെ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട്-XXVI സ്കീമിൽ ഉൾപ്പെടുത്തി 76.56 ലക്ഷം രൂപയുടെ അനുമതി കെ.എൽ.ഡി.സി-ക്ക് ലഭിച്ചിട്ടുണ്ട്. ആയതിന്റെ നവീകരണ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

<u>തരിശുഭൂമിയിൽ കൃഷിയിറക്കുന്നതിന് സഹായം</u>

65 (1605) <u>ശ്രീ എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശു ഭൂമിയിൽ കൃഷിയിറക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് സർക്കാർ നൽകുന്നത്;

&

(ബി) ഇതുമായി ബന്ധപ്പെട്ട് വകുപ്പിൽനിന്നും എന്തെല്ലാം പ്രോത്സാഹനമാണ് നൽകുന്നതെന്ന് വിശദമാക്കാമോ?

ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും സംസ്ഥാനം ഭക്ഷ്യവിള ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമുള്ള ലക്ഷ്യം മുൻനിർത്തി കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിച്ചും നൂതന സാങ്കേതിക വിദ്യകൾ സ്വീകരിച്ചും ഭക്ഷ്യ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് സംസ്ഥാന സർക്കാർ 2020-21-ൽ സുഭിക്ഷ കേരളം

പരിപാടി ആരംഭിച്ചു. തരിശുഭൂമി കൃഷി, വീട്ടുവളപ്പിലെ കൃഷി, നിലവിലുള്ള കൃഷിയുടെ മെച്ചപ്പെടുത്തൽ, മെച്ചപ്പെട്ട വിപണി സൗകര്യങ്ങൾ, വിളവെടുപ്പിനുശേഷമുള്ള പരിപാലനത്തിലെ ഇടപെടലുകൾ എന്നീ പരിപാടികളിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഭക്ഷ്യവിളകളായ നെല്ല്, വാഴ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നീ വിളകളുടെ വികസനമാണ് ലക്ഷ്യമിടുന്നത്. കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, സഹകരണ വകുപ്പ്, ജലസേചന വകുപ്പ്, കേരള കാർഷിക സർവ്വകലാശാല എന്നിവയുടെ ഏകോപനത്തോടെയാണ് സുഭിക്ഷ കേരളം പദ്ധതി നടപ്പിലാക്കുന്നത്. തരിശുനില കൃഷി-തരിശ് നിലകൃഷിയിൽ ഉൾപ്പെടുത്തി നെല്ല്, പച്ചക്കറി, ഫലവർഗ്ഗങ്ങൾ, കിഴങ്ങ് വർഗ്ഗവിളകൾ, പയർവർഗ്ഗവിളകൾ, ചെറുധാന്യങ്ങൾ (Millets) എന്നിവയുടെ വിസ്തൃതി 2021-22-ൽ 22,215 ഹെക്ടർ വിസ്തൃതി വർദ്ധിച്ചിട്ടുണ്ട്. കൃഷി വകുപ്പ് നടപ്പിലാക്കുന്ന നെൽകൃഷി വികസന പദ്ധതിയുടെ ഘടകമായ സുഭിക്ഷ കേരളം-തരിശുനില കൃഷിയിൽ ഉൾപ്പെടുത്തി തരിശുനിലങ്ങളിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു ഹെക്ടറിന് 35,000 രൂപ കർഷകനും

5,000 രൂപ ഭൂവുടമയ്ക്കും ചേർത്ത് ആകെ 40,000 രൂപ എന്ന നിരക്കിൽ ആനുകൂല്യം നൽകുന്നു. ഇതിനുപുറമെ, കേരളത്തിലെ തരിശുഭൂമി കൃഷിയോഗ്യമാക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കിവരുന്ന സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി നെല്ല്, പച്ചക്കറി, വാഴ, കിഴങ്ങുവർഗ്ഗ വിളകൾ എന്നിവ തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിന് ആനുകൂല്യം നൽകുന്നുണ്ട്. കൂടാതെ, ഒരു ഹെക്ടറിന് 1,000 രൂപ നിരക്കിൽ ഉത്പാദന ബോണസും കർഷകർക്ക് നൽകുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയിലൂടെ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കാനും സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാനും വേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. സംസ്ഥാനാവിഷ്കൃത പദ്ധതിയായ " നെൽകൃഷി വികസന പദ്ധതി" -യിലെ ഘടകപദ്ധതിയായ സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷിക്ക് അത്യുൽപാദനശേഷിയുള്ള നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5,500

രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. ഇതിനായി 2021-22 വർഷത്തിൽ 9,184.83734 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. അതിൻപ്രകാരം 1,08,374 ഹെക്ടറിൽ 2021-22 വർഷത്തിൽ നെൽകൃഷി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 3,224.25274 ലക്ഷം രൂപ ഈയിനത്തിൽ മുൻ വർഷത്തെ കുടിശിക തീർപ്പാക്കുന്നതിനും വിനിയോഗിച്ചു. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികളും കൃഷി വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ഒരു ഹെക്ടർ കരനെൽകൃഷി ചെയ്യുന്നതിന് 13,600 രൂപയും, ഒരുപ്പൂ ചെയ്യുന്ന വയലുകൾ ഇരുപ്പൂ ആക്കുന്നതിന് 10,000 രൂപയും പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല, രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10,000 രൂപയും സബ്സിഡിയായി നൽകുന്നുണ്ട്. 2021-22 വർഷത്തിൽ " നെൽകൃഷി വികസന പദ്ധതി" -യിലെ ഘടക പദ്ധതിയായ കരനെൽകൃഷിക്ക് 55 ലക്ഷം രൂപയും ഒരുപ്പൂ ചെയ്യുന്ന വയലുകൾ ഇരുപ്പൂ ആക്കുന്നതിന് 50 ലക്ഷം രൂപയും പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കായി 50 ലക്ഷം രൂപയുമാണ് നീക്കിവച്ചിട്ടുള്ളത്. കരനെൽകൃഷി 404.41 ഹെക്ടറിലും ഒരുപ്പൂ ഇരുപ്പൂ കൃഷി 500 ഹെക്ടറിലും പ്രത്യേക നെല്ലിനങ്ങളുടെ കൃഷി 500 ഹെക്ടറിലും 2021-22 വർഷത്തിൽ നടപ്പിലാക്കി. തരിശ് നെൽകൃഷിക്കായി

സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി വർഷം 35,000 രൂപ കർഷകനും 5,000 രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ സഹായധനമായി ഹെക്ടറൊന്നിനു 40,000 രൂപ നൽകുന്നു. ഇതിനായി 2021-22 വർഷത്തിൽ “ നെൽകൃഷി വികസന പദ്ധതിയിലെ ഘടക പദ്ധതിയായ 'തരിശ് നെൽകൃഷി' യിൽ ഉൾപ്പെടുത്തി 300 ലക്ഷം രൂപ നീക്കിവയ്ക്കുകയും 750 ഹെക്ടർ സ്ഥലത്ത് തരിശ് നെൽകൃഷി നടപ്പിലാക്കുകയും ചെയ്തു. പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ സഹായധനം നൽകുന്നു. ഇതിനായി 2021-22 വർഷത്തിൽ 300 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. പദ്ധതിപ്രകാരം 83,334 ഹെക്ടറിൽ ധനസഹായം വിതരണം ചെയ്യുന്ന നടപടി പൂർത്തീകരണ ഘട്ടത്തിലാണ്. സംസ്ഥാനത്തുള്ള പത്ത് നെൽകൃഷി വികസന ഏജൻസികൾക്ക് അവരുടെ പ്രവർത്തന ചെലവുകൾക്കും പ്രോജക്ട് അധിഷ്ഠിത പ്രവർത്തനങ്ങൾക്കും തുക അനുവദിക്കുന്നുണ്ട്. ഇതിനായി 2021-22 വർഷത്തിൽ “ നെൽകൃഷി വികസന പദ്ധതി” യിൽ ഉൾപ്പെടുത്തി 68.16266 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. പാടശേഖര സമിതികളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പ്രോജക്ട് അധിഷ്ഠിതമായി നടപ്പിലാക്കുന്നതിന് 70 ലക്ഷം രൂപയും പ്രകൃതി ക്ഷോഭം

ഉണ്ടാവുന്ന അവസരങ്ങളിൽ അത്യാവശ്യമായി നെൽകൃഷി സംരക്ഷിക്കുന്നതിന് നടപ്പിലാക്കേണ്ട അടിയന്തര പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപയും 2021-22 വർഷത്തിൽ " നെൽകൃഷി വികസന പദ്ധതി" യിൽ നീക്കിവച്ചിട്ടുണ്ട്. പരമ്പരാഗത നെൽകൃഷി മേഖലകളിലെ നെൽകൃഷിക്ക് പ്രത്യേക ധനസഹായം പദ്ധതി പ്രകാരം 2021-22 വർഷത്തിൽ 136 ലക്ഷം രൂപ വകയിരുത്തി. പരമ്പരാഗത നെൽകൃഷി മേഖലകളായ കരി, പൊക്കാളി, കയ്പാട് എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പദ്ധതിയധിഷ്ഠിതമായി 133.49050 ലക്ഷം രൂപ ഈ പ്രദേശത്തിന്റെ വികസനത്തിനായി അനുവദിച്ചു. 2021-22 വർഷത്തിൽ നെൽകൃഷിക്കാവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് രജിസ്റ്റേഡ് വിത്തുത്പാദക പദ്ധതി 2500 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി വരുന്നു. അപ്രകാരം ഉത്പാദിപ്പിക്കുന്ന നെൽവിത്ത് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖാന്തരം സംഭരിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നു. മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതിയിൽ (Soil and Root Health Management) ഉൾപ്പെടുത്തി കുമ്മായത്തിന് 5,400 രൂപയും നൽകുന്നു. ഇതിനായി 2021-22 വർഷത്തിൽ 3,050 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

പദ്ധതിയുടെ നടത്തിപ്പ് പൂർത്തീകരിച്ചുവരുന്നു. നെൽവയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2,000 രൂപ നിരക്കിൽ റോയൽറ്റി നൽകുന്നു. ഇതിനായി 2021-22 വർഷത്തിൽ നെൽകൃഷി വികസന പദ്ധതിയിൽ 900 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്. ആയത് വിതരണം ചെയ്യാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. നോൺ പ്ലാൻ (പദ്ധതിയേതരം) ഇനത്തിൽ ഉൾപ്പെടുത്തി നെല്ലിന്റെ ഉത്പാദന ബോണസായി ഓരോ സീസണിലെ നെൽകൃഷിക്കും ഹെക്ടറിന് 1,000 രൂപ നൽകുന്നു. ഇതിനായി 2021-22 വർഷത്തിൽ ഗ്രാമപഞ്ചായത്തുകൾക്കായി 1,324 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്കായി 44 ലക്ഷം രൂപയും കോർപ്പറേഷനുകൾക്കായി 0.50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. നെൽകൃഷിക്ക് പരിധിയില്ലാതെയും മറ്റ് വിളകൾക്ക് രണ്ട് ഹെക്ടർ വരെയും ജലസേചനത്തിന് വൈദ്യുതി സൗജന്യമായി അനുവദിച്ചുവരുന്നുണ്ട്. നെൽകൃഷിയുടെ വികസനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യസുരക്ഷ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു. ദേശീയ ഭക്ഷ്യസുരക്ഷ പദ്ധതി പാലക്കാട് ജില്ലയിലാണ് നടപ്പിലാക്കുന്നത്. 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതിപ്രകാരം

പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുക, വിത്തുവിതരണം, മണ്ണ് സംരക്ഷണം, സൂക്ഷ്മമൂലകങ്ങളുടെ വിതരണം, സസ്യസംരക്ഷണം, കാർഷികയന്ത്രോപകരണങ്ങൾ, ഗ്രൂപ്പടിസ്ഥാനത്തിലുള്ള പ്രാദേശിക സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് ആനുകൂല്യം നൽകുന്നത്. 2021-22 വർഷത്തിൽ 88.00 ലക്ഷം രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ട്. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലെ ‘ Productivity Improvement of Paddy in Kerala’ എന്ന ഘടകത്തിൽ അത്യുല്പാദനശേഷിയുള്ള നെൽവിത്തിനും കുമ്മായവസ്തുക്കളുടെയും സൂക്ഷ്മ മൂലകവളങ്ങളുടെയും ഉപയോഗത്തിനും സംയോജിത കീടനിയന്ത്രണത്തിനും കാർഷിക യന്ത്രവൽകരണത്തിനും ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ഹെക്ടറൊന്നിനു 4,500 രൂപ ധനസഹായം നൽകുന്നതിനും നെല്ലിന്റെ മൂല്യവർദ്ധനവിനായി മിനി റൈസ് മിൽ സ്ഥാപിക്കൽ, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ ഉൾപ്പെടെ 1500 ലക്ഷം രൂപയുള്ള പദ്ധതി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിവരുന്നു. കൂടാതെ, ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഉഴവുകൂലിക്കും മറ്റ് ഉത്പാദനോപാധികൾക്കുമായി ഒരു ഹെക്ടറിന് പരമാവധി 22,000 രൂപയുടെ ആനുകൂല്യം കർഷകർക്ക് ലഭിക്കുന്നുണ്ട്. പ്രകൃതിക്ഷോഭംമൂലം

നെൽകൃഷിക്ക് നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ പകരം വിതയ്ക്കാനുള്ള നെൽവിത്ത് സൗജന്യമായി നൽകുന്നുണ്ട്. കൂടാതെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും ഹെക്ടറിന് 13,500 രൂപ നിരക്കിലും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് 45 ദിവസത്തിനകമുള്ള വിളയ്ക്ക് 15,000 രൂപയും 45 ദിവസത്തിനുശേഷമുള്ള വിളയ്ക്ക് 35,000 രൂപ പ്രകാരവും ധനസഹായം അനുവദിക്കുന്നുണ്ട്. കർഷകർ ഉൽപാദിപ്പിക്കുന്ന നെല്ല് സർക്കാർ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സംഭരിക്കുകയും ചെയ്യുന്നു.

(സി) കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനായി അവലംബിക്കുന്ന ശാസ്ത്രീയമാർഗ്ഗങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനായി അവലംബിക്കുന്ന നവീന കൃഷിരീതികളാണ് ഹൈടെക് കൃഷി, ഹരിത ഗൃഹങ്ങൾ എന്നിവ. ആധുനിക സാങ്കേതികവിദ്യയുടെ സന്നിവേശം ഉൾക്കൊള്ളുന്നതും ഉയർന്ന മുതൽമുടക്ക് ആവശ്യമായിട്ടുള്ളതുമാണ് ഹൈടെക് കൃഷി. പരിസ്ഥിതിയെ വളരെ കുറച്ച് ആശ്രയിക്കുന്ന ഈ സാങ്കേതികവിദ്യ വിളകളുടെ ഉത്പ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനോടൊപ്പം ഗുണമേന്മയുള്ള ഉത്പന്നങ്ങളുണ്ടാക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സൂക്ഷ്മ ജലസേചനം,

മണ്ണില്ലാതെയുള്ള കൃഷി, ഫെർട്ടിഗേഷൻ സംരക്ഷിത കൃഷി, (ഗ്രീൻ ഹൗസ്/ പോളി ടണൽ/ഷെയിഡിഗ് നെറ്റ്) സൂക്ഷ്മ പ്രജനനം, സങ്കരയിനം വിത്തുകളുടെ ഉപയോഗം, പ്ലാസ്റ്റിക്ഷീറ്റുകൊണ്ടുള്ള പുതയിടൽ എന്നിവയുടെ സമന്വയത്തിലൂടെയാണ് ഹൈടെക് കൃഷി സാദ്ധ്യമാകുന്നത്. ചെടികൾക്ക് വളം നൽകുമ്പോൾ ഹൈടെക് കൃഷിയിൽ ഓരോ ചെടിയും പ്രത്യേകം പരിഗണിക്കേണ്ടതായിട്ടുണ്ട്. മണ്ണിന്റെ ഫലപുഷ്ടിയും ചെടിയുടെ അവസ്ഥയും സൂക്ഷ്മമായി പരിഗണിച്ച് പ്രകൃതിവിഭവങ്ങളെ വളരെ കുറച്ചു മാത്രം ചൂഷണം ചെയ്തു മെച്ചപ്പെട്ട വിളവുണ്ടാക്കുക എന്നതാണ് ഹൈടെക് കൃഷികൊണ്ടർത്ഥമാക്കുന്നത്. കേരളത്തിലെ ഉദ്യാനവിളകളിൽ പലതും പ്രത്യേകിച്ചും പച്ചക്കറി വിളകൾ, ഹൈടെക് കൃഷിക്കനുയോജ്യമാണ്. കൃത്യമായ അളവിലുള്ള വളപ്രയോഗംമൂലവും ശരിയായ അളവിലുള്ള ജലസേചനമുറകൾ അവലംബിക്കുന്നതുകൊണ്ടും ഉയർന്ന ഉത്പ്പാദനക്ഷമത കൈവരിക്കുന്നു. വിവിധ ഹൈടെക് രീതികൾ താഴെ പറയുന്നവയാണ്

1. സംരക്ഷിത രീതി

2. കൃത്യത കൃഷി (പ്രിസിഷൻ ഫാമിംഗ്)

3. ഹൈഡ്രോ പോണിക്സ്

4. ഏറോ പോണിക്സ് ഹരിത ഗൃഹങ്ങൾ -ഓരോ വിളയ്ക്കും ഏറ്റവും ഉയർന്ന ഉൽപ്പാദനക്ഷമത കൈവരിക്കണമെങ്കിൽ അതിനുചുറ്റുമുള്ള അന്തരീക്ഷത്തിലോ പ്രകാശം, അന്തരീക്ഷത്തിലേയും വേരുമണ്ഡലത്തിലേയും (മണ്ണിലെ) താപനില, വേരുമണ്ഡലത്തിലെ വിവിധ മൂലകങ്ങളുടെ അളവും വായു സഞ്ചാരവും (air circulation), അന്തരീക്ഷ വായുവിന്റെ ഘടന എന്നിവ ചെടിക്ക് ഏറ്റവും അനുയോജ്യമായ തരത്തിലായിരിക്കണം. സംരക്ഷിത കൃഷി രീതിയിൽ (Protected cultivation) ഈ ഘടകങ്ങൾ പൂർണ്ണമായും ക്രമീകരിക്കാൻ കഴിയും. ഓരോ ഹരിത ഗൃഹത്തിനും (green house) അതിനുള്ളിലെ അന്തരീക്ഷത്തെ നിയന്ത്രിക്കാനുള്ള കഴിവ് അതിന്റെ രൂപകൽപ്പനയേയും അതിൽ അന്തരീക്ഷം ക്രമീകരിക്കുന്നതിനുപയോഗിച്ചിട്ടുള്ള സംവിധാനത്തെയും ആശ്രയിച്ചിരിക്കും.

## നാഷണൽ അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനിയുടെ സംവിധാനം-നടപ്പാക്കാൻ നടപടി

66 (1606) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി മേഖലയിലെ വിളവും നഷ്ടവും തിട്ടപ്പെടുത്തുന്നത് ഏത് രീതിയിലാണെന്ന് വിശദമാക്കാമോ; മറ്റ്

സംസ്ഥാനങ്ങളിലെപോലെ വിളവും നഷ്ടവും തിട്ടപ്പെടുത്തുന്നതിന് നാഷണൽ അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനിയുടെ സംവിധാനം സംസ്ഥാനത്ത് നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാനത്ത് നെൽകൃഷി മേഖലയിലെ വിളവ് തിട്ടപ്പെടുത്തി പ്രസിദ്ധീകരിക്കുന്നത് സംസ്ഥാന സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പാണ്. പ്രകൃതിക്ഷോഭംമൂലം വിളനാശം സംഭവിക്കുമ്പോൾ വിളനാശം സംഭവിച്ച സ്ഥലവിസ്തൃതി കണക്കാക്കി ദുരിതാശ്വാസ ധനസഹായവും ഇൻഷ്വർ ചെയ്ത വിളകൾക്ക് വിള ഇൻഷ്വറൻസ് നഷ്ടപരിഹാരവും കൃഷി വകുപ്പ് നൽകുന്നുണ്ട്. പ്രധാനമന്ത്രി ഫസൽ ബീമായോജന (PMFBY), കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി Restructured Weather Based Crop Insurance Scheme (RWBCIS) എന്നീ കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതികൾ 2022-23 റാബി സീസൺ വരെ, സംസ്ഥാനത്ത് നടപ്പിലാക്കുവാൻ സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള നടത്തിപ്പ് ഏജൻസി അഗ്രിക്കൾച്ചർ ഇൻഷ്വറൻസ് കമ്പനി ആണ്. Prime Minister Fasal Bheema Yojana (PMFBY) മാനദണ്ഡ പ്രകാരം സംസ്ഥാന സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് നൽകുന്ന വിളവ്

ഡാറ്റായുടെയും RWBCIS-ൽ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങളിൽ രേഖപ്പെടുത്തുന്ന ഡാറ്റയുടെയും അടിസ്ഥാനത്തിൽ ആണ് AICIL നെൽകൃഷിക്ക് നഷ്ടപരിഹാരം തിട്ടപ്പെടുത്തി നൽകുന്നത്. അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡ് (AICIL) നേരിട്ട് നെൽകൃഷിയുടെ വിളവ് തിട്ടപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കർഷകരുടെ ആരോഗ്യ പരിരക്ഷാ പദ്ധതികൾ

67 (1607) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക തൊഴിലാളികളുടെ ആരോഗ്യപരിരക്ഷയ്ക്കും ചികിത്സയ്ക്കുമായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരള കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗമായ തൊഴിലാളികൾക്ക് അപകടം സംഭവിച്ചാലോ അസുഖം ബാധിച്ചാലോ ചികിത്സാ ധനസഹായമായി പരമാവധി 4,000 രൂപ മൂന്ന് വർഷത്തിലൊരിക്കൽ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും നൽകിവരുന്നുണ്ട്.

(ബി) ഇതിനായി പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ?

നിലവിൽ പുതിയ പദ്ധതികൾ പരിഗണനയിലില്ല.

<u>ആലപ്പുഴ-പത്തനംതിട്ട ജില്ലകളിലെ കർഷകർക്കുള്ള വിള ഇൻഷ്വറൻസ്</u>

68 (1608) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതികളിൽ കൃഷിനാശം സംഭവിക്കുന്നവർക്ക് അനുവദിക്കുന്ന വിള ഇൻഷ്വറൻസ് നൽകുന്നതിലെ കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി 1.8.2020 മുതൽ AIMS പോർട്ടൽ മുഖേന Online ആയാണ് നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം പ്രകൃതിക്ഷോഭംമൂലം വിളനാശം സംഭവിച്ചാൽ പദ്ധതിയിൽ അംഗമായ കർഷകർ 15 ദിവസത്തിനുള്ളിൽ ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ 30 ദിവസത്തിനുള്ളിൽ ഫീൽഡ് പരിശോധന, അപേക്ഷകളുടെ പ്രോസസ്സിംഗ്, ക്ലെയിം ജനറേഷൻ എന്നിവ പൂർത്തിയാക്കി അംഗീകരിച്ച തുക ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് AIMS പോർട്ടലിൽ നിന്നും DBT സംവിധാനം മുഖേന

കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുവാൻ കഴിയും. ആയതിനാൽ അർഹമായ നഷ്ടപരിഹാരം കാലതാമസം ഒഴിവാക്കി കർഷകർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ സാധിക്കുന്നു.

(ബി) ഇതുസംബന്ധിച്ച കമ്മിറ്റികൾ കൂടുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വിള ഇൻഷ്വറൻസ് പദ്ധതി മാനദണ്ഡപ്രകാരം ഓരോ ഉദ്യോഗസ്ഥതലത്തിലും തുക അനുവദിക്കുന്നതിനുള്ള പരിധി നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. ആയതിൽ നെൽകൃഷിക്ക് 10 ലക്ഷം രൂപയിൻമേലുള്ള നഷ്ടപരിഹാരവും മറ്റുള്ള കൃഷികൾക്ക് 5 ലക്ഷം രൂപയിന്മേലുള്ള നഷ്ടപരിഹാരവും നൽകുന്നതിന് സംസ്ഥാനതലത്തിലുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ അനുമതി ആവശ്യമാണ്. അവസാനമായി 8.2.2022-ന് കൂടിയ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി യോഗം അന്നുവരെ ലഭിച്ച എല്ലാ ക്ലെയിമുകളും അംഗീകരിച്ചുത്തരവായിട്ടുള്ളതാണ്.

(സി) ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ എത്ര കർഷകർക്കാണ് 2021 മാർച്ച് മാസത്തിനുശേഷം വിള ഇൻഷ്വറൻസ് ലഭിക്കാനായുള്ളത്; വ്യക്തമാക്കുമോ?

2021 മാർച്ച് മാസത്തിനുശേഷം ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ 2454 കർഷകർക്കാണ് കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം നൽകേണ്ടത്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## സംഘമൈത്രി കാർഷികോൽപ്പന്ന സംഭരണ വിതരണ കേന്ദ്രം

69 (1609) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മാഞ്ഞൂർ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന സംഘമൈത്രി കാർഷികോൽപ്പന്ന സംഭരണ വിതരണ കേന്ദ്രത്തിന് ട്രാൻസ്പോർട്ടേഷൻ സബ്സിഡി ഇനത്തിൽ 1.8.2019 മുതൽ 31.3.2021 വരെയുള്ള 20 മാസങ്ങളിലായി 263 കർഷകർ ലേലകേന്ദ്രത്തിലൂടെ വിറ്റഴിച്ച 1111.558 മെട്രിക് ടൺ ഉല്പ്പന്നങ്ങൾക്ക് കിലോഗ്രാമിന് 1.50 രൂപാ പ്രകാരമുള്ള തുകയായ 16,67,337 രൂപ (പതിനാറ് ലക്ഷത്തി അറുപത്തി ഏഴായിരത്തി മുന്നൂറ്റി മുപ്പത്തി ഏഴ് രൂപ) അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

&

(ബി) പ്രസ്തുത സംഘത്തിന് കൈകാര്യ ചെലവ് ഇനത്തിൽ 1.8.2019 മുതൽ 31.3.2021 വരെയുള്ള 20 മാസത്തെ തുകയായ 7,62,949 രൂപ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിക്കാത്തതിന്റെ കാരണം വിശദീകരിക്കാമോ; കർഷകദ്രോഹമെന്ന ആരോപണമുള്ള പ്രസ്തുത നടപടി അവസാനിപ്പിക്കുമോ?

ട്രാൻസ്പോർട്ടേഷൻ സബ്സിഡി ഇനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാലാണ് തുക നൽകാൻ സാധിച്ചിട്ടില്ലാത്തത്. 2022-23-ലെ ബഡ്ജറ്റ് പരിശോധിച്ച് നടപടി കൈക്കൊള്ളുന്നതാണ്.

(സി) ഹോർട്ടികോർപ്പിൽനിന്നും മറ്റു കച്ചവടക്കാരിൽ നിന്നും പണം ലഭിക്കുവാൻ താമസിക്കുമ്പോൾ കർഷകർക്ക് സമയബന്ധിതമായി പണം ലഭ്യമാക്കുന്നതിന് റിവോൾവിംഗ് ഫണ്ട് ഇനത്തിൽ പത്ത് ലക്ഷം രൂപ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

തൽക്കാലം പരിഗണനയിലില്ല.

(ഡി) കാർഷികോൽപ്പന്നങ്ങൾക്ക് തറവില പദ്ധതിപ്രകാരം ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിന് സംഘമൈത്രിയെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

പരിശോധിച്ചുവരുന്നു.

(ഇ) ഹോർട്ടികോർപ്പിൽനിന്നും പച്ചക്കറി വാങ്ങിയ ഇനത്തിൽ സംഘമൈത്രിക്ക് ലഭിക്കുവാനുള്ള 24 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള

നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച് കൃഷി വകുപ്പിലുള്ള 1651523/2020 നമ്പർ ഫയലിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഹോർട്ടികോർപ്പ് പച്ചക്കറി സംഭരിച്ച വകയിലുള്ള കുടിശ്ശിക തുകയായ 13,30,023 രൂപ ഉൾപ്പെടെ 14,63,958 രൂപ കോട്ടയം ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ ടി.എസ്.ബി. അക്കൗണ്ട് വഴി താഴെ പറയുന്ന പ്രൊസീഡിംഗ് പ്രകാരം കോട്ടയം ജില്ലാ കാർഷികോല്പന്ന സംഭരണ കേന്ദ്രത്തിന് അനുവദിച്ചു. TB(2)2799/2020 dated 05.10.2021-6,24,266/- TB(2)2799/2020 dated 30.7.2021-2,96,828/-ർ, TB(2)2799/2020 dated 05.10.2021-5,42,864 and total -14,63,958

## കാർഷികോല്പന്നങ്ങളുടെ വിപണനം-സേവന ശൃംഖലയുടെ പൈലറ്റ് പദ്ധതി

70 (1610) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിനായി വിവര സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ സേവന ശൃംഖലയുടെ പൈലറ്റ്

പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ പൈലറ്റ് പദ്ധതി എന്ന നിലയിൽ ഏതെല്ലാം ജില്ലകളിൽ ഇവയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്;

&

(ബി) പൈലറ്റ് പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി വരും വർഷങ്ങളിൽ എല്ലാ ജില്ലകളിലും ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കാമോ?

കർഷകർ, FPO-കൾ, കൃഷി വകുപ്പിന്റെ കീഴിലുള്ള വിപണന കേന്ദ്രങ്ങൾ, വിപണനത്തിൽ ഏർപ്പെടുന്ന PSU-കൾ, സൂപ്പർ മാർക്കറ്റുകൾ തുടങ്ങിയവയെ ഏകോപിപ്പിക്കുന്നതിനും വിപണന പ്ലാൻ തയ്യാറാക്കുന്നതിനുമായി ഒരു ഓൺലൈൻ മാർക്കറ്റിംഗ് പ്ലാറ്റ്ഫോം രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പിന്റെ എല്ലാ പദ്ധതികളും സുതാര്യമായി നടപ്പിലാക്കുന്നതിന് AIMS (Agricultural Information Management System) എന്ന പോർട്ടലിലൂടെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>ഹോർട്ടികോർപ്പ് കർഷകർക്ക് നൽകാനുള്ള കുടിശ്ശിക</u>

71 (1611) <u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>:
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>:

ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോർട്ടിക്കോർപ് പച്ചക്കറി സംഭരിച്ച വകയിൽ കർഷകർക്ക് കുടിശ്ശിക നൽകിയിട്ടില്ലാത്തതായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ഹോർട്ടിക്കോർപ് പച്ചക്കറി സംഭരിച്ച വകയിൽ കർഷകർക്ക് കുടിശ്ശിക നൽകാനായി 3.2.2022-ലെ സ.ഉ. (സാധാ) നം. 77/2022/കൃഷി പ്രകാരം 3 കോടി രൂപയും 4.3.2022-ലെ സ.ഉ. (സാധാ) നം. 181/2022/കൃഷി പ്രകാരം 3 കോടി രൂപയും ഉൾപ്പെടെ 6 കോടി രൂപ ഹോർട്ടികോർപ്പിന് അനുവദിച്ചിട്ടുണ്ട്.

(ബി) കോവിഡ് കാലത്ത് കൃഷി ചെയ്തവർക്ക് കുടിശ്ശിക വന്നതോടെ ബാങ്ക് വായ്പ തിരിച്ചടവ് മുടങ്ങി കർഷകർ കടുത്ത പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് ഒന്നാംഘട്ടം നേരിടുന്നതിന്റെ ഭാഗമായി ലോക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ ഹ്രസ്വകാല കാർഷിക വായ്പ ഉൾപ്പെടെ എല്ലാത്തരം കാർഷിക വായ്പകളും എടുത്തിട്ടുള്ള കർഷകർക്ക് പലിശ സബ്സിഡി നഷ്ടപ്പെടാതെയും പിഴ പലിശ

ഈടാക്കാതെയും പുതുക്കി നൽകുന്നതിനുള്ള നിർദ്ദേശം ബാങ്കുകൾക്ക് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നൽകിയിട്ടുണ്ട്. ഈ ആനുകൂല്യം പ്രകാരം 2020 മാർച്ച് 1-നും 2020 മേയ് 31-നും ഇടയിൽ പുതുക്കേണ്ട കാർഷിക വായ്പകൾ മേയ് 31-നുമുൻപ് പുതുക്കി നൽകിയാൽ പലിശ സബ്സിഡിയുടെ ആനുകൂല്യം ലഭ്യമാകുമായിരുന്നു. ലോക്ഡൗൺ നീണ്ടുപോയ സാഹചര്യത്തിൽ മൊറട്ടോറിയം വീണ്ടും മൂന്നു മാസംകൂടി 31.8.2020 വരെ ദീർഘിപ്പിക്കുകയും ചെയ്തു. കോവിഡിന്റെ രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് ലോക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ ഹ്രസ്വകാല കാർഷിക ഉല്പാദന വായ്പ എടുത്തിട്ടുള്ള കർഷകർക്ക് പലിശ സബ്സിഡി നഷ്ടപ്പെടാതെയും പിഴപ്പലിശ ഈടാക്കാതെയും പുതുക്കിനൽകുന്നതിനുള്ള നിർദ്ദേശം ബാങ്കുകൾക്ക് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നൽകിയിട്ടുണ്ട്. പ്രസ്തുത ആനുകൂല്യ പ്രകാരം 2021 മാർച്ച് 1-നും 2021 ജൂൺ 30-നും ഇടയിൽ പുതുക്കേണ്ട കാർഷിക വായ്പകൾ 2021 ജൂൺ 30-നുമുൻപ് പുതുക്കി നൽകിയാൽ പലിശ സബ്സിഡിയുടെ ആനുകൂല്യം ലഭ്യമാകുമായിരുന്നു. കാർഷിക വായ്പകൾക്ക് മോറട്ടോറിയം ആറ് മാസം കൂടി നീട്ടി നൽകുവാനും പ്രസ്തുത കാലയളവിൽ പലിശയിളവ് നൽകണമെന്നും സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) ഹോർട്ടി കോർപ്പിന് പണമില്ലാത്തതുകൊണ്ടാണ് കുടിശ്ശിക നികത്താൻ സാധിക്കാത്തതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ ക്രിയാത്മകമായ ഇടപെടൽ നടത്തുമോ; വിശദമാക്കുമോ?

ഹോർട്ടിക്കോർപ്പ് പച്ചക്കറി സംഭരിച്ച വകയിൽ കർഷകർക്ക് കുടിശ്ശിക നൽകാനായി 3.2.2022-ലെ സ.ഉ. (സാധാ) നം. 77/2022/കൃഷി പ്രകാരം 3 കോടി രൂപയും 4.3.2022-ലെ സ.ഉ. (സാധാ) നം. 181/2022/കൃഷി പ്രകാരം 3 കോടി രൂപയും ഉൾപ്പെടെ 6 കോടി രൂപ ഹോർട്ടികോർപ്പിന് അനുവദിച്ചിട്ടുണ്ട്.

ഹോർട്ടികോർപ് കർഷകർക്ക് നൽകാനുള്ള തുക

72 (1612) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറികൾ സംഭരിച്ച വകയിൽ കാർഷികോൽപ്പന്നങ്ങളുടെ വിലയിനത്തിൽ കർഷകർക്ക് ഹോർട്ടികോർപ് അനുവദിക്കാനുള്ള കുടിശ്ശിക തുകയുടെ കണക്ക് ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

പച്ചക്കറികൾ സംഭരിച്ച വകയിൽ കാർഷികോൽപ്പന്നങ്ങളുടെ വിലയിനത്തിൽ കർഷകർക്ക് ഹോർട്ടികോർപ് അനുവദിക്കാനുള്ള

കുടിശ്ശിക തുക 3,69,46,693 രൂപയാണ്. ജില്ലാ സംഭരണ കേന്ദ്രം അടിസ്ഥാനത്തിൽ തരംതിരിച്ച കണക്ക് താഴെ ചേർക്കുന്നു:

ആലപ്പുഴ - 99,812 രൂപ

എറണാകുളം - 6,82,339 രൂപ

ഇടുക്കി - 23,30,360 രൂപ

കണ്ണൂർ - 12,88,693 രൂപ

കൊല്ലം - 49,241 രൂപ

കോട്ടയം - 6,54,518 രൂപ

കോഴിക്കോട് - 20,97,212 രൂപ

മലപ്പുറം - 3,16,812 രൂപ

പാലക്കാട് - 45,72,372 രൂപ

പത്തനംതിട്ട - 63,599 രൂപ

തൃശ്ശൂർ - 29,27,335 രൂപ

തിരുവനന്തപുരം - 2,06,52,027 രൂപ

വയനാട് - 12,12,373 രൂപ

ആകെ - 3,69,46,693 രൂപ

(ബി) സംസ്ഥാനത്തെ ആകെ പദ്ധതി വിനിയോഗം വകയിരുത്തിയ തുകയുടെ വെറും 40 ശതമാനം എന്നിരിക്കെ ഹോർട്ടികോർപ് മിഷന് സർക്കാർ ഫണ്ട് നൽകുന്നില്ല എന്ന മിഷന്റെ വാദത്തിന്മേൽ വ്യക്തത നൽകാമോ?

വിപണി ഇടപെടലിനായി 6.7.2021-ലെ സ.ഉ (സാധാ) നം. 583/2021/കൃഷി. പ്രകാരം 3.5 കോടി രൂപയും കൃഷി ഡയറക്ടറുടെ 6.8.2021-ലെ ഉത്തരവ് നം. ADFW/4208/2021-TM2 പ്രകാരം 6.75 കോടി രൂപയും 3.2.2022-ലെ സ.ഉ (സാധാ) നം. 77/2022/കൃഷി പ്രകാരം 3 കോടി രൂപയും (ആകെ 13.25 കോടി രൂപ) ഹോർട്ടികോർപ്പിന് അനുവദിച്ച നൽകിയിട്ടുണ്ട്. കൂടാതെ 4.3.2022-ലെ സ.ഉ (സാധാ) നം.181/2022/കൃഷി പ്രകാരം 3 കോടി രൂപ അനുവദിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

(സി) മിഷന്റെ ദിനംപ്രതിയുള്ള പ്രവർത്തനങ്ങൾക്കും ജീവനക്കാരുടെ വേതന ഇനത്തിലും മറ്റു വകയിലും ഈ സാമ്പത്തിക വർഷം ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ഈ സാമ്പത്തിക വർഷം (ജനവരി 31 വരെ) ഹോർട്ടികോർപ്പിന്റെ ദിനംപ്രതിയുള്ള പ്രവർത്തനങ്ങൾക്കും ജീവനക്കാരുടെ വേതനം/

ആനുകൂല്യങ്ങൾ എന്നിവയ്ക്കും മറ്റ് ഇനങ്ങൾക്കുമായി 12,37,28,061 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

ദിനംപ്രതിയുള്ള പ്രവർത്തനങ്ങൾ - 78,34,519 രൂപ;

ജീവനക്കാരുടെ വേതനവും മറ്റ് ആനുകൂല്യങ്ങളും -8,50,18,997 രൂപ;

തേനീച്ച വളർത്തൽ പദ്ധതിയുമായി ബന്ധപ്പെട്ട ചെലവുകൾ - 1,04,65,886 രൂപ;

വാഹനങ്ങളുടെ ഇന്ധനം, വാഹന വാടക/അറ്റകുറ്റപ്പണികൾ, കയറ്റിറക്കുകൂലി, 2021 ഓണം, ക്രിസ്തുമസ് വിപണി ഇടപെടലിനായുള്ള പച്ചക്കറി വിതരണവുമായി ബന്ധപ്പെട്ട ചെലവ് തുടങ്ങിയ മറ്റ് ഇനങ്ങൾ-

2,04,08,659 രൂപ;

**ആകെ -12,37,28,061 രൂപ.**

<u>ഹോർട്ടികോർപ്പിൽ സംവരണ തത്വം പാലിക്കാതെ നിയമനം</u>

73 (1613) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പിൽ 2015 മുതൽ സംവരണ തത്വം പാലിക്കാതെ നിയമനം നടത്തരുതെന്നും നിയമവിരുദ്ധമായി നിയമിച്ചവരെ അടിയന്തരമായി പിരിച്ചുവിടണമെന്നുമുള്ള മനുഷ്യാവകാശ കമ്മീഷന്റെ

29.5.2015-ലെ ഉത്തരവ് നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

&

(ബി) ഹോർട്ടികോർപ്പിൽ സ്പെഷ്യൽ റൂൾസ് ഉണ്ടാകുന്നതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രമേ നിയമനം നടത്തുകയുള്ളൂ എന്ന് ഹോർട്ടികോർപ് എം.ഡി. മനുഷ്യാവകാശ കമ്മീഷന് രേഖാമൂലം ഉറപ്പ് നൽകിയിരുന്നോയെന്നും ഇത് പാലിക്കാതെ 2015-നുശേഷവും സംവരണതത്വം പാലിക്കാതെ നിയമനം നടത്തിയിട്ടുണ്ടോയെന്നും എങ്കിൽ ആയതിനുള്ള കാരണവും വ്യക്തമാക്കുമോ?

മനുഷ്യാവകാശ കമ്മീഷന്റെ 2015-ലെ ഉത്തരവുവരെ ജോലി ചെയ്തവർക്കെതിരെ നടപടിയൊന്നും ശിപാർശ ചെയ്തിട്ടില്ലാത്തതുകൊണ്ട് ടി ജീവനക്കാരെ പിരിച്ചുവിടുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ഹോർട്ടികോർപ്പിന്റെ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്നതുമായി ബന്ധപ്പെട്ട് മാനേജിംഗ് ഡയറക്ടർ നൽകിയ ഉറപ്പ് പ്രകാരം സർക്കാരിന്റെ പരിഗണനയിലുള്ള ഹോർട്ടികോർപ്പിന്റെ സ്റ്റാഫ് പാറ്റേൺ അംഗീകരിച്ച് ലഭിക്കുന്ന മുറയ്ക്കും നിയമന ചട്ടങ്ങൾ രൂപീകൃതമാകുന്ന മുറയ്ക്കും ജീവനക്കാരെ താത്കാലികമായും സ്ഥിരമായും എംപ്ലോയ്മെന്റ്

എക്സ്ചേഞ്ച്, കെ.പി.എസ്.സി, എന്നിവ മുഖേന നിയമിക്കാൻ സാധിക്കുന്നതാണ്. കർഷകർ/കർഷക സംഘങ്ങളിൽ നിന്നും സംഭരിക്കുന്ന പച്ചക്കറികൾ തരംതിരിച്ച് വിതരണം നടത്തുന്ന ജോലികൾക്കായി സംഭരണ വിതരണ കേന്ദ്രങ്ങളിൽ അത്യാവശ്യമായി ജീവനക്കാർ വേണ്ടിവരുമ്പോൾ പ്രാദേശികമായി ദിവസവേതന വ്യവസ്ഥയിലും കരാറടിസ്ഥാനത്തിലും ജീവനക്കാരെ നിയമിക്കുന്നുണ്ട്. ഹോർട്ടികോർപ്പിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്ന അവസരത്തിൽ സർക്കാർ അംഗീകാരം ലഭിച്ച 9 വിഭാഗം തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരവും നിയമനം നടത്താറുണ്ട്.

(സി) 6.5.2015 -ലെ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓഫീസറുടെ ഇ 1/2207/15 നമ്പർ കത്തിലെ നിർദ്ദേശപ്രകാരം എന്തൊക്കെ നടപടികളാണ് ഹോർട്ടികോർപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓഫീസറുടെ നിർദ്ദേശം ഹോർട്ടികോർപ്പിന്റെ സജീവ പരിഗണനയിലാണ്. ഹോർട്ടികോർപ്പിന്റെ സ്റ്റാഫ് പാറ്റേൺ സർക്കാർ പരിശോധിച്ചുവരുന്നു. ഇക്കാര്യത്തിൽ തീരുമാനമുണ്ടാകുന്നമുറയ്ക്ക് നിയമന ചട്ടങ്ങൾ രൂപീകരിക്കുന്നതും

ആയതുപ്രകാരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓഫീസറുടെ നിർദ്ദേശങ്ങളിന്മേൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഡി) 2015 മുതൽ നാളിതുവരെ ഹോർട്ടികോർപ്പിൽ വിവിധ വിഭാഗങ്ങളിലായി എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ?

ഹോർട്ടികോർപ്പിന്റെ സ്റ്റാഫ് പാറ്റേൺ അംഗീകരിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കർഷകർ/കർഷക സംഘങ്ങളിൽ നിന്നും സംഭരിക്കുന്ന പച്ചക്കറികൾ തരംതിരിച്ച് വിതരണം നടത്തുന്ന ജോലികൾക്കായി സംഭരണ വിതരണ കേന്ദ്രങ്ങളിൽ അത്യാവശ്യമായി ജീവനക്കാർ വേണ്ടിവരുമ്പോൾ പ്രാദേശികമായി ദിവസവേതന വ്യവസ്ഥയിലും കരാറടിസ്ഥാനത്തിലും ജീവനക്കാരെ നിയമിക്കുന്നുണ്ട്. ഹോർട്ടികോർപ്പിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്ന അവസരത്തിൽ സർക്കാർ അംഗീകാരം ലഭിച്ച 9 വിഭാഗം തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരവും നിയമനം നടത്താറുണ്ട്. 2015 മുതൽ നാളിതുവരെ നിമയമിച്ചുവരുന്ന താത്കാലിക ജീവനക്കാർക്ക് ആർക്കും സ്ഥിരം നിയമനം നൽകിയിട്ടില്ല.

## കർഷകർക്കായി കടാശ്വാസ പദ്ധതി

74(1614)ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടാശ്വാസ പദ്ധതി പ്രകാരം തീർപ്പാക്കിയ അപേക്ഷകളിൽ കർഷകർക്ക് എത്ര തുക നല്കാനുണ്ടെന്നും അത് എന്നത്തേയ്ക്ക് നല്കാനാകുമെന്നും വെളിപ്പെടുത്താമോ?

കടാശ്വാസ കമ്മീഷനിൽനിന്നും ലഭിച്ച അവാർഡുകൾ സഹകരണ സംഘം രജിസ്ട്രാർ പരിശോധിച്ച് ശിപാർശ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റ് വിഹിതത്തിന്റെ ലഭ്യതയ്ക്ക് വിധേയമായാണ് കടാശ്വാസ തുക അനുവദിക്കുന്നത്. ആയതിനാൽ കടാശ്വാസം അനുവദിക്കേണ്ട കൃത്യമായ തുക കണക്കാക്കുവാൻ കഴിയില്ല. കടാശ്വാസ കമ്മീഷനിൽ നിന്നും കടാശ്വാസത്തിന് ശിപാർശ ചെയ്ത 131,68,88,256 രൂപയിൽ സഹകരണ സംഘം രജിസ്ട്രാർ പരിശോധിച്ച് ലഭ്യമാക്കിയ തുകയിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ നിന്നുള്ള തുകകൾ അനുവദിച്ചിട്ടുണ്ട്. മേൽ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഉത്തരവാകുന്ന തുകകൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അനുവദിച്ച് നൽകുന്നതാണ്.

(ബി) കടാശ്വാസ കമ്മീഷനിൽ നിലവിൽ എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്നും അവ എന്നത്തേയ്ക്ക് തീർപ്പാക്കാനാകുമെന്നും അറിയിക്കാമോ?

കടാശ്വാസ കമ്മീഷനിൽ നിലവിൽ 85,749 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. അവ അടിയന്തിരമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ധനസഹായം

75 (1615) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ധനസഹായം ആവശ്യപ്പെട്ട് കേന്ദ്രത്തിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് 2021-22 സാമ്പത്തിക വർഷം വിവിധ പദ്ധതികളിലായി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ള വാർഷിക കർമ്മ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.+ ഇതുകൂടാതെ കേന്ദ്ര സഹായത്തോടെയുള്ള വിള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇൻഷ്വറൻസ് പദ്ധതിയായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന (പി.എം.എഫ്.ബി.വൈ.), തെങ്ങുകൃഷി വ്യാപനം, പുനരുജ്ജീവനം എന്നിവയ്ക്കായി നാളികേര വികസന ബോർഡ് പദ്ധതികൾ എന്നിവ കേന്ദ്ര ധനസഹായത്തോടുകൂടി കൃഷി വകുപ്പ് മുഖാന്തരം നടപ്പിലാക്കിവരുന്നുണ്ട്.

(ബി) കാർഷിക പാക്കേജിനും കാർഷിക മേഖലയുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ വികസനത്തിനുമായി എത്ര തുകയാണ് ആവശ്യപ്പെട്ടിരിക്കുന്നത്; വിശദമാക്കാമോ?

കാർഷിക പാക്കേജിനായി തുക ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ കാർഷിക മേഖലയുമായി ബന്ധപ്പെട്ട തോട്ടവിള അധിഷ്ഠിതമായ വ്യവസായങ്ങളുടെ വികസനത്തിനായി ഉല്പാദന വർദ്ധനവും മൂല്യവർദ്ധനവും ഉൾപ്പെടുന്ന മിഷൻ ഓൺ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (എം.ഐ.ഡി.എച്ച്.) എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 46.6 കോടി രൂപയ്ക്ക് ഈ സാമ്പത്തിക വർഷം അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.) പദ്ധതിയിൽ ഉൾപ്പെടുത്തി വ്യവസായ വികസനത്തിനായി വിവിധ പ്രോജക്റ്റുകൾക്ക് 83.64 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിൽ കേരളത്തിലെ സമഗ്ര കൂൺ കൃഷി വികസനം, നല്ല കൃഷി

രീതികളിലൂടെ പഴം പച്ചക്കറി വാല്യൂ ചെയിൻ ശക്തിപ്പെടുത്തൽ, നല്ല കൃഷി രീതികളിലൂടെ ശീതകാല പച്ചക്കറികളുടെ വിപണന ശൃംഖല ശക്തിപ്പെടുത്തൽ, കൈത ഇലകൾ (പൈനാപ്പിൾ ലീഫ്സ്) ഉപയോഗിച്ച് പ്രകൃതി സൗഹാർദ്ദപരമായ പാത്രങ്ങളുടെയും പ്ലേറ്റുകളുടെയും നിർമ്മാണ യൂണിറ്റ്, Installation of VAFPCL Fruit Juice and Concentrated Production Plant, Strengthening Secondary Agriculture through Establishment of Fruit and Vegetable Processing Cluster, Establishment of Centre of Excellence for Processing and Value Addition of Nutri-cereals to attain Nutritional Security for Tribal Community at Attappady Region, മലയോര ഡയറി ഇംപ്ലിമെന്റിംഗ് ഏജൻസിയിൽ ടെട്രാ ബ്രിക് പാക്കിങ് സിസ്റ്റം, Value Addition for Milma Product at Thiruvananthapuram Dairy, Post Harvest Infrastructure at Milk Production, Manufacturing Facilitation Centre in Pattanakkad, Establishment of Incubation Centres and Strengthening Existing Value Addition Unit in Ernakulam & Kozhikkode Districts എന്നീ പ്രോജക്ടുകൾ ഉൾപ്പെടുന്നു. ഇതുകൂടാതെ കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെ PM Formalization

of Micro Food Processing Enterprises, കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ Agriculture Infrastructure Fund എന്നിവ മുഖേനയും സംസ്ഥാനത്തെ വിവിധ ഏജൻസികൾ കാർഷിക മൂല്യവർദ്ധനവിനായി ധനസഹായം അഭ്യർത്ഥിച്ചുകൊണ്ട് പ്രോജക്ടുകൾ സമർപ്പിച്ചുവരുന്നു.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തെ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്രസഹായം ലഭ്യമായിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് ലഭിച്ചത്; അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഉണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തെ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിവിധ പദ്ധതികൾ മുഖേന ലഭിച്ച കേന്ദ്രസഹായവും അതിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും അനുബന്ധം-2 ആയി ചേർക്കുന്നു.+

## കേന്ദ്രസർക്കാരിന്റെ പുതിയ വളം നയം

76 (1616) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ പുതിയ വളം നയംമൂലം സംസ്ഥാനത്തെ കർഷകർക്കും കൃഷിയിലും ഉണ്ടാകാൻ സാദ്ധ്യതയുള്ള പ്രശ്നങ്ങൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംബന്ധിച്ച് സംസ്ഥാന സർക്കാർ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് കർഷകർക്ക് ബോധവത്കരണം നടത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

&

(സി) പുതിയ നയം നടപ്പിലാകുമ്പോൾ കർഷകർക്ക് ഉണ്ടാകാൻ ഇടയുള്ള ആശങ്കകൾ പരിഹരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നടത്തിയിട്ടുണ്ട്. കരട് ബില്ലിൽ ഒഴിവാക്കപ്പെട്ടതും നിലവിലുണ്ടായിരുന്നതും കേരള കർഷകർ വ്യാപകമായി ഉപയോഗിച്ചു കൊണ്ടിരുന്നതുമായ ഫെർട്ടിലൈസർ മിക്സ്ച്ചർ ബില്ലിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും വളത്തിലെ ന്യൂട്രിയൻസിന്റെ മിനിമം ലെവലും മാക്സിമം ലെവലും ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

## വി.എഫ്.പി.സി.കെ.യുടെ ഔട്ട്‌ലെറ്റ്

77 (1617) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശികമായി ഉൽപാദിപ്പിക്കുന്ന പച്ചക്കറിക്ക് വിപണി കണ്ടെത്തുന്നതിനും സംഭരിക്കുന്നതിനും പൊന്നാനി മണ്ഡലത്തിൽ വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ ഓഫ് കേരളയുടെ (വി.എഫ്.പി.സി.കെ.) ഔട്ട്‌ലെറ്റ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രാദേശികമായി ഉൽപാദിപ്പിക്കുന്ന പച്ചക്കറി വിപണി എന്ന നിലയിൽ നിലവിൽ പൊന്നാനി മണ്ഡലത്തിൽ വി.എഫ്.പി.സി.കെ-യുടെ ഔട്ട്‌ലെറ്റ് പ്രവർത്തിക്കുന്നില്ല. ഈ മേഖലയിൽ പഴം-പച്ചക്കറി ഉൽപാദനത്തിനായി ഇത്തരത്തിൽ ഒരു ഔട്ട്‌ലെറ്റ് ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്.

(ബി) പ്രാദേശികമായി ഉൽപാദിപ്പിക്കുന്ന പഴം/പച്ചക്കറികളിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് കൃഷി വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

പ്രാദേശികമായി ഉൽപാദിപ്പിക്കുന്ന നാടൻ പഴം-പച്ചക്കറികളിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് വി.എഫ്.പി.സി.കെ. ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. വി.എഫ്.പി.സി.കെ-യുടെ കീഴിൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ കട്ട് വെജിറ്റബിൾ യൂണിറ്റും കോട്ടയം ജില്ലയിൽ പഴം സംസ്കരണ യൂണിറ്റും പ്രവർത്തിച്ചുവരുന്നു. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ വെമ്പായത്ത് മഞ്ഞൾ സംസ്കരണ യൂണിറ്റും പാലക്കാട് ജില്ലയിലെ പെരുമാട്ടിയിൽ പച്ചക്കറി ഉണക്കി സംസ്കരിക്കുന്ന യൂണിറ്റും ആരംഭിക്കുന്നതാണ്. ഇതിനുപുറമെ, ഇടുക്കി ജില്ലയിലെ കലയന്താനിയിൽ ചക്ക സംസ്കരണ കേന്ദ്രവും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൃഷി ലാഭകരമാക്കുന്നതിന്റെ ഭാഗമായി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ കർഷക പരിശീലനങ്ങളും മേൽപ്പറഞ്ഞ യൂണിറ്റുകൾക്കാവശ്യമായ അടിസ്ഥാനസൗകര്യ വികസനം, മൂല്യവർദ്ധനത്തിനാവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുള്ള സഹായം, ബ്രാൻഡിംഗ്, പായ്ക്കിംഗ്, ലേബലിംഗ് എന്നിവയ്ക്കുള്ള സഹായവും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കൗൺസിൽ ലഭ്യമാക്കിയിട്ടുണ്ട്. കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവും സംസ്കരണവും

പ്രോത്സാഹിപ്പിക്കുന്നത് കൂടാതെ പൊതു സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ചുരുങ്ങിയ ചെലവിൽ ലഭ്യമാക്കുന്നതിനുമായി എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഇൻക്യുബേഷൻ സെന്ററുകൾ തുടങ്ങുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. പഴം-പച്ചക്കറി കയറ്റുമതി, മൂല്യവർദ്ധനം എന്നിവ ഉദ്ദേശിച്ച് നിലവിൽ 38 എഫ്.പി.സി.-കൾ (Farmer Producer Company) ആദ്യ ഘട്ടത്തിൽ വി.എഫ്.പി.സി.കെ. രൂപീകരിച്ചിട്ടുണ്ട്. ഇവയും പ്രാദേശികമായി ഉൽപാദിപ്പിക്കുന്ന നാടൻ പഴം-പച്ചക്കറികളിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കുന്നതിന് സഹായകരമാകും. കൂടാതെ കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടാണ് എസ്.എഫ്.എ.സി. വഴിയുള്ള പദ്ധതികൾ നടപ്പാക്കുന്നത്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികളാണ് എസ്.എഫ്.എ.സി. വഴി നടപ്പാക്കുന്നത്. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് എസ്.എഫ്.എ.സി.-ക്ക് അനുവദിച്ചിട്ടുള്ളത്. പുതിയ 50 FPO-കൾ തുടങ്ങുന്നതിനും നിലവിലുള്ള 50 FPO-കളെ ശാക്തീകരിക്കുന്നതിനുമുള്ള

പ്രവർത്തനങ്ങൾ നടന്നുവരുന്നു. കാർഷികോൽപ്പാദനം മുതൽ വിപണനം, മൂല്യവർദ്ധനവ്, അവയുടെ വിപണനം എന്നിവയുടെയെല്ലാം ഏകോപനവും FPO-കൾ ഉറപ്പാക്കുന്നതാണ്. സഹകരണ വകുപ്പുമായി ചേർന്ന് ഭക്ഷ്യോത്പന്ന സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞു. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ, കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ/വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കൻഡറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/ ഇൻക്യുബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നിവ ഈ വർഷം സഹകരണ വകുപ്പിന്റെ സഹകരണത്തോടെ കൃഷി വകുപ്പ് നടപ്പിലാക്കുന്നു. കൂടാതെ വ്യക്തികൾക്ക് സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് 50% സബ്സിഡി നിരക്കിൽ 51 പേർക്ക് 84 ലക്ഷം രൂപയും PACS, FPO, മറ്റു സ്ഥാപനങ്ങൾ എന്നിവ മുഖേന സ്ഥാപിക്കുന്ന സംസ്കരണ മൂല്യവർദ്ധിത യൂണിറ്റുകൾ, ഇൻക്യുബേഷൻ സെന്ററുകൾ എന്നിവ സ്ഥാപിക്കുന്നതിനും 9 യൂണിറ്റുകൾക്ക് 94 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

## അഗ്രോ സർവ്വീസ് സെന്റർ

78 (1618) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രോ സർവ്വീസ് സെന്റർ & സർവ്വീസ് ഡെലിവറിയുടെ പ്രവർത്തനലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കാർഷിക മേഖലയിലേയ്ക്ക് യുവാക്കളെ ആകർഷിക്കുന്നതിനും തൊഴിൽരഹിത യുവതിയുവാക്കൾക്ക് കാർഷിക മേഖലയിൽ തൊഴിൽ നൽകുന്നതിനും കൃഷി ആദായകരമാക്കുന്നതിനുമായി കൃഷി വകുപ്പ് 2012-13 മുതൽ അഗ്രോ സർവ്വീസ് സെന്റർ & സർവ്വീസ് ഡെലിവറി എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. തെരഞ്ഞെടുത്ത അംഗങ്ങൾക്ക് യന്ത്രോപകരണങ്ങളുടെ ഉപയോഗം, വിവിധ കാർഷിക പ്രവർത്തനങ്ങൾ എന്നിവയെ സംബന്ധിച്ച് പരിശീലനം നൽകി അഗ്രോ സർവ്വീസ് സെന്ററിന്റെ മാനേജ്മെന്റ് കമ്മിറ്റി നിശ്ചയിക്കുന്ന നിരക്കിൽ കാർഷിക സേവനം കർഷകർക്ക് നൽകി വരുന്നു. അഗ്രോ സർവ്വീസ് സെന്റർ & സർവ്വീസ് ഡെലിവറിയുടെ പ്രവർത്തനലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1. കാർഷിക മേഖല നേരിടുന്ന കർഷക തൊഴിലാളിക്ഷാമത്തിന് പരിഹാരം കാണുക.

2. കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക.

3. വിവിധ കാർഷിക പ്രവർത്തനങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് നൽകുക.

4. കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങൾ, സേവനങ്ങൾ എന്നിവ നൽകുക.

5. കാർഷിക പുരോഗതിക്കാവശ്യമായ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, ഗ്രോബാഗ് നിർമ്മാണം, ജൈവവളം തുടങ്ങിയ ഉല്പാദനോപാദികളുടെ ഉല്പാദനം, വിതരണം.

6. കൃഷിപ്പണികൾക്കാവശ്യമായ കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് വാടകയ്ക്ക് നൽകുക.

7. അഗ്രോ സർവ്വീസ് സെന്ററുകളിലൂടെ ഏറ്റെടുക്കുന്ന വിവിധ പ്രവൃത്തികൾ വഴി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുക.

(ബി) കാട്ടാക്കട നിയോജകമണ്ഡലത്തിൽ അഗ്രോ സർവ്വീസ് സെന്റർ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടി സ്വീകരിയ്ക്കാമോ?

ഇല്ല. 25 ചതുരശ്ര മീറ്റർ ആഫീസ് സൗകര്യവും 200 ചതുരശ്ര മീറ്റർ മെഷിനറി സൂക്ഷിക്കുന്നതിനുള്ള സ്ഥലവും ലഭ്യമാകത്തക്ക രീതിയിലുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്കും ഫണ്ട് ലഭ്യത അനുസരിച്ചും അഗ്രോ സർവ്വീസ് സെന്റർ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## കൃഷി ഓഫീസർമാരുടെയും അസിസ്റ്റന്റുമാരുടെയും ഒഴിവുകൾ

79 (1619) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഏതൊക്കെ കൃഷി ഓഫീസുകളിലാണ് കൃഷി ഓഫീസർമാരുടെയും കൃഷി അസ്സിസ്റ്റന്റുമാരുടെയും തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതെന്ന് അറിയിക്കാമോ?

കോഴിക്കോട് ജില്ലയിൽ കൃഷി ഓഫീസർ തസ്തികയിൽ ഒഴിവുകളില്ല. മരുതോങ്കര, വേളം, കായക്കൊടി, കുറ്റ്യാടി, തൂണേരി, എടച്ചേരി, പുറമേരി, വാണിമേൽ, ചെക്ക്യാട്ട്, വളയം, വടകര, അഴിയൂർ, ഏറാമല, ഒഞ്ചിയം, ചോറോട്, ആയഞ്ചേരി, മണിയൂർ, വില്ല്യാപ്പള്ളി, തിരുവള്ളൂർ, കടലുണ്ടി, അരിക്കുളം, മൂടാടി, ചെങ്ങോട്ടുകാവ്, തിക്കോടി, കീഴരിയൂർ, മേപ്പയൂർ, കായണ്ണ, ചക്കിട്ടപ്പാറ, ചങ്ങരോത്ത്, ചെറുവണ്ണൂർ, നടുവണ്ണൂർ, കൂരാച്ചുണ്ട് എന്നീ കൃഷി ഭവനുകളിൽ ഓരോ കൃഷി അസിസ്റ്റന്റിന്റെയും നരിപ്പറ്റ കൃഷി ഭവനിൽ രണ്ട് കൃഷി അസിസ്റ്റന്റുമാരുടെയും ഒഴിവുകളുണ്ട്.

(ബി) പേരാമ്പ്ര മണ്ഡലത്തിലെ കൃഷി ഓഫീസുകളിലെ ജീവനക്കാരുടെ ഒഴിവുകൾ വ്യക്തമാക്കാമോ?

പേരാമ്പ്ര മണ്ഡലത്തിലെ കൃഷി ഭവനുകളിൽ കായണ്ണ, ചക്കിട്ടപാറ, ചങ്ങരോത്ത്, ചെറുവണ്ണൂർ എന്നീ കൃഷി ഭവനുകളിൽ കൃഷി അസിസ്റ്റന്റ് തസ്തികയിൽ ഓരോ ഒഴിവുകൾ ഉണ്ട്.

(സി) ആവശ്യമായ ജീവനക്കാരില്ലാത്തത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ പ്രതിസന്ധി സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ വരുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

മഞ്ചേശ്വരം മണ്ഡലം-കൃഷി വകുപ്പിലെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

80 (1620) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ കൃഷി വകുപ്പിന് കീഴിൽ നിലവിൽ ഒഴിവുള്ള തസ്തികകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

മഞ്ചേശ്വരം മണ്ഡലത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് കീഴിൽ മഞ്ചേശ്വരം കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ഒരു കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെയും മീഞ്ച കൃഷി ഭവനിൽ ഒരു കൃഷി ഓഫീസറുടെയും തസ്തികകളിൽ ഒഴിവുണ്ട്.

(ബി) മഞ്ചേശ്വരം ബ്ലോക്കിൽ സ്ഥിരം എ.ഡി.എ. ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എ.ഡി.എ.യെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മഞ്ചേശ്വരം ബ്ലോക്കിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ തസ്തികയിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത മണ്ഡലത്തിലെ കൃഷിഭവനുകൾ മുഖേന നിർവ്വഹണം നടത്തുന്ന ജനകീയാസൂത്രണം ഉൾപ്പെടെയുള്ള വിവിധ പദ്ധതികളുടെ 28.2.2022 വരെയുള്ള പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു.+

## കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ സ്ഥലംമാറ്റം

81 (1621) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ജീവനക്കാരെ സ്ഥലം മാറ്റികൊണ്ടുള്ള ഉത്തരവ് നിലവിൽ ഇറങ്ങിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

19.1.2022, 15.2.2022 എന്നീ തീയതികളിൽ കൃഷി അസിസ്റ്റന്റ് തസ്തികയിലും 15.2.2022-ൽ കൃഷി ഓഫീസർ തസ്തികയിലും ഭരണ സൗകര്യാർത്ഥം സ്ഥലംമാറ്റി ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് യഥാക്രമം അനുബന്ധം I , II ആയി ചേർത്തിരിക്കുന്നു.+

(ബി) ഈ വർഷത്തെ പൊതുസ്ഥലംമാറ്റത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

&

(സി) എങ്കിൽ ഇതുസംബന്ധിച്ച് ഏതെങ്കിലും ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പൊതുസ്ഥലംമാറ്റം നടത്തുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയും സമയക്രമം നിശ്ചയിച്ചും സർക്കാർ ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം- III ആയി ചേർത്തിരിക്കുന്നു.+ ആയതു പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പൊതുസ്ഥലമാറ്റ ഉത്തരവ് 2021-ൽ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്നും ഇതുസംബന്ധിച്ച് ഹൈക്കോടതിയിൽ ഏതെങ്കിലും കേസ്സ് നിലവിലുണ്ടോ എന്നും വ്യക്തമാക്കാമോ; വിശദാംശം നൽകാമോ?

2021- ൽ കോവിഡ് സാഹചര്യമായതിനാൽ, പൊതുസ്ഥലംമാറ്റ നടപടികൾ നടപ്പിലാക്കിയിട്ടില്ല. ഇതുസംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പൊതുസ്ഥലമാറ്റം വഴി നികത്തേണ്ട ഒഴിവുകൾ സർക്കാർ ഉത്തരവുകളും ഹൈക്കോടതി ഉത്തരവുകളും പരിഗണിക്കാതെ നടത്തുന്നു എന്നത് ശരിയാണോ?

മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അനുകമ്പാർഹമായ കേസുകളിലും പൊതുതാല്പര്യം/ഭരണസൗകര്യം തുടങ്ങിയ ഘടകങ്ങൾ പരിഗണിച്ചുമാണ് സ്ഥലംമാറ്റം നടത്തുന്നത്.

## കൃഷി ഓഫീസർ തസ്തികയിലുള്ള ഒഴിവുകൾ

82 (1622) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി ഓഫീസർ തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കൃഷി ഓഫീസർ തസ്തികയിൽ 150 ഒഴിവുകളാണ് നിലവിലുള്ളത്. പ്രസ്തുത ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ PSC-യിൽനിന്നും Non Availability Certificate ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ 112 ഒഴിവുകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്.

(ബി) കൃഷി ഓഫീസർ തസ്തികയിൽ അടുത്ത വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

2022 വർഷത്തിൽ കൃഷി ഓഫീസർ തസ്തികയിൽ 74 പ്രതീക്ഷിത ഒഴിവുകൾ കണക്കാക്കി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## കൃഷി വകുപ്പിൽ പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷ

83 (1623) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷി വകുപ്പിൽ അസിസ്റ്റൻറ് അഗ്രികൾച്ചർ ഓഫീസർ, കൃഷി അസിസ്റ്റൻറ് തസ്തികകളിലേയ്ക്ക് പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ അവസാനമായി ക്ഷണിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ; 2022-ൽ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ ക്ഷണിക്കാൻ നടപടി സ്വീകരിക്കുമോ?

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ അസിസ്റ്റൻറ് അഗ്രികൾച്ചർ ഓഫീസർ, കൃഷി അസിസ്റ്റൻറ് തസ്തികകളിലേയ്ക്ക് പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ അവസാനമായി ക്ഷണിച്ചത് 17.6.2020-ലാണ് (2020 പൊതുസ്ഥലംമാറ്റം). 2022 വർഷത്തെ ഓൺലൈൻ പൊതുസ്ഥലംമാറ്റം നടപ്പാക്കുന്നതിനുള്ള സമയക്രമം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. നടപടികൾ പുരോഗമിക്കുന്നു.

## നേര്യമംഗലം ജില്ലാ കൃഷിതോട്ടത്തിന്റെ വികസന പദ്ധതികൾ

84 (1624) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ നേര്യമംഗലം ജില്ലാ കൃഷിതോട്ടത്തിന്റെ വികസനത്തിനായി കഴിഞ്ഞ 5 വർഷക്കാലം ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ?

(a) കൃഷി വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ സംയോജിത കൃഷി സംവിധാനം.

1. വെർട്ടിക്കൽ ഫാമിംഗ് സിസ്റ്റം

2. കോഴി വളർത്തൽ ഷെഡ്

3. ഹൈടെക് ആട് വളർത്തൽ ഷെഡ്

4. താറാവ് ഷെഡും കുളവും

5. IFS ഭാഗത്ത് തറയോട് ഇട്ട് വൃത്തിയാക്കൽ

6. സൗരോർജ്ജ വിളക്കുകൾ

7. സ്റ്റീൽ കൊണ്ട് തയ്യാറാക്കിയ മുയൽക്കൂട്ടുകൾ

8. മുയൽക്കൂട്ടുകൾക്ക് സംരക്ഷണം നൽകുന്ന ഷെഡ്

(b) ക്യാപിറ്റൽ ഔട്ട്‌ലേയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികൾ

1. ഫാം ഓഫീസ് കെട്ടിട നവീകരണവും ശുചിമുറി നിർമ്മാണവും

2. വിവിധ ബ്ലോക്കുകളിൽ തൊഴിലാളികൾക്ക് ശുചിമുറി നിർമ്മാണം

3. പഴയ ഷെഡിനെ ട്രെയിനിംഗ് ഹാളാക്കി മാറ്റൽ

(c) ആർ.കെ.വി.വൈ-യിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികൾ

1. ജലസേചന ടാങ്ക് നിർമ്മാണം

2. പോത്തിൻതൊഴുത്ത് നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും

3. പമ്പ് ഹൗസ് നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും

4. കന്നുകാലി ഷെഡ് നിർമ്മാണം

(d) SMAF (സബ്മിഷൻ ഓൺ അഗ്രോഫോറസ്ടി എന്ന കേന്ദ്രസംസ്ഥാന സർക്കാർ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയവ)

വിപണന കേന്ദ്രം, മിനി ലാബ്, കോൺഫറൻസ് റൂം, ഓഫീസ് റൂം, സീഡ് സ്റ്റോർ, ഫെർട്ടിലൈസർ സ്റ്റോർ, മഴമറ, പോളി ഹൗസ്, പോട്ടിംഗ് ഷെഡ്, വെർമ്മി കമ്പോസ്റ്റ് യൂണിറ്റ്, സ്റ്റെറിലൈസേഷൻ യൂണിറ്റ്.

(ബി) ഫാമിന്റെ വികസനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ - 'ഇന്റഗ്രേറ്റഡ് ഫാം മാനേജ്മെന്റ് ഫോർ ഹോളിസ്റ്റിക് ഡെവലപ്മെന്റ്" എന്ന RKI പദ്ധതിയിൽ 10 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ KLDC ഏറ്റെടുത്ത് നടത്തിവരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1. ഗസ്റ്റ്ഹൗസ്-കം-ട്രെയിനിംഗ് സെന്റർ

2. ചെറുകിട മൂല്യവർദ്ധിത യൂണിറ്റ്

3. ചെക്ക് ഡാം

4. ഹൈടെക് ഘടനകളുടെ നിർമ്മാണം

ആർ.കെ.വി.വൈ. പദ്ധതി പ്രകാരം നടപ്പിലാക്കുന്നവ

1. സംയോജിതമായുള്ള മത്സ്യകൃഷിയും കോഴിവളർത്തലും

2. കൃത്രിമ മത്സ്യക്കുളം നിർമ്മാണം

3. സസ്യ മ്യൂസിയം സ്ഥാപിക്കൽ

4. വിൽപ്പന ഗാലറി സ്ഥാപിക്കൽ

5. കൂൺകൃഷി ശാല നിർമ്മാണം.

ഇവയുടെ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു.

(സി) 104 സ്ഥിരം തൊഴിലാളികളും 164 കാഷ്വൽ തൊഴിലാളികളും ജോലി ചെയ്യുന്ന കൃഷി ഫാമിലെ സ്റ്റാഫ് സ്ട്രെംഗ്ത് ഇപ്പോഴും 111 ആയി തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ഡി) 200 ഏക്കറിലധികം വ്യാപിച്ച് കിടക്കുന്ന ജില്ലാ കൃഷിതോട്ടത്തിലെ സ്റ്റാഫ് സ്ട്രെംഗ്ത് വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

&

(ഇ) 164 കാഷ്വൽ തൊഴിലാളികളിൽ ഭൂരിഭാഗം പേരും കഴിഞ്ഞ 14 വർഷത്തോളമായി ജോലി ചെയ്തുവരുന്ന സാഹചര്യത്തിൽ കൃഷി ഫാമിലെ സ്റ്റാഫ് സ്ട്രെംഗ്ത് വർദ്ധിപ്പിച്ച് കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

## ചാത്തൻചാൽ കാർഷിക വികസന പദ്ധതി

85(1625)ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ ചാത്തൻചാൽ കാർഷിക വികസന പദ്ധതി നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

&

(ബി) പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ നൽകുമോ?

നബാർഡ് ആർ.ഐ.ഡി.എഫ് XXV-ൽ ഉൾപ്പെടുത്തി ചാലക്കുടി മണ്ഡലത്തിലെ ചാത്തൻചാൽ കാർഷിക വികസന പദ്ധതി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിന് 709.98 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. മേൽ പ്രവൃത്തി 2018

DSoR പ്രകാരം പുതുക്കി, ടെണ്ടർ നടപടികൾ പൂർത്തീകരിച്ച്, സെലക്ഷൻ നോട്ടീസ് നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിയുടെ ടെണ്ടർ 8.3.2022-ൽ തുറന്നിട്ടുണ്ട്. രണ്ട് റീച്ചുകളായിട്ടാണ് ടെണ്ടർ നടത്തിയിട്ടുള്ളത്. ടെണ്ടറിന്റെ തുടർനടപടികൾ സ്വീകരിച്ച് ഒരാഴ്ചയ്ക്കകം സെലക്ഷൻ നോട്ടീസ് നൽകി, ഉടമ്പടി വയ്ക്കുന്നമുറയ്ക്ക് പ്രവൃത്തികൾ ചട്ടപ്രകാരം ആരംഭിക്കുന്നതാണ്.

## കുട്ടാടൻ പാടശേഖരവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികൾ

86 (1626) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ കുട്ടാടൻ പാടശേഖരവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിലെ കുട്ടാടൻ പാടശേഖരവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.+

(ബി) പ്രസ്തുത പാടശേഖരവുമായി ബന്ധപ്പെട്ട് പുതിയതായി നടപ്പിലാക്കേണ്ട പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുതിയതായി നടപ്പിലാക്കേണ്ട പ്രവൃത്തികളുടെ രൂപരേഖ തയ്യാറാക്കി വരുന്നു.

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ കൃഷി വകുപ്പിന്റെ പദ്ധതികൾ

87 (1627) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-നുശേഷം കൃഷി വകുപ്പിന് കീഴിൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ നിർദ്ദേശിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

2016-നുശേഷം കൃഷി വകുപ്പിന് കീഴിൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ പ്രാവർത്തികമാക്കിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

2016-17 മുതൽ 2020-21 വരെ കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ എല്ലാ പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ പദ്ധതികൾ പൂർത്തീകരിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ കാർഷിക പദ്ധതികൾ

88 (1628) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ കൃഷി വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖേനയും നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; ആയതിന്റെ വിശദവിവരം നൽകുമോ?

ചങ്ങനാശ്ശേരി മണ്ഡലത്തിൽ കൃഷിവകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖേനയും നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത മണ്ഡലത്തെ തരിശുരഹിതമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

തരിശുരഹിതമാക്കുന്നതിന് സുസ്ഥിര നെൽകൃഷി തരിശുനില പദ്ധതിയിലും ആർ.കെ.വി.വൈ. പദ്ധതിയിലുമായി ഹെക്ടറിന് 40,000 (35,000+5,000) രൂപ നിരക്കിൽ 8,33,580 രൂപ നൽകിയിട്ടുണ്ട്. മട വീണത് പുനരുദ്ധരിക്കുന്നതിനുവേണ്ടി 86,261 രൂപ നൽകുകയുണ്ടായി. മാടപ്പള്ളി ബ്ലോക്ക് വെർട്ടിക്കൽ ആക്സിൽ ഫ്ലോ പമ്പ് സ്ഥാപിക്കുന്നതിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാഴപ്പള്ളി പഞ്ചായത്തിലെ പട്ടിത്താനം പാടത്തിന് 12 ലക്ഷം രൂപ അനുവദിച്ചു. തെങ്ങിൻതോട്ടത്തിൽ തരിശായി കിടക്കുന്ന സ്ഥലത്ത് ഇടവിളകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കിഴങ്ങുവർഗ്ഗ വിത്തുകൾ 7,000 കി.ഗ്രാം വിതരണം ചെയ്തു. ഒരു കോടി ഫലവൃക്ഷതൈ പദ്ധതിയിൽ ഉൾപ്പെടുത്തി 5,45,000 രൂപയുടെ വിവിധ ഫലവൃക്ഷത്തൈകൾ വിതരണം ചെയ്തു.

## മോര്യകാപ്പ് കാർഷിക ജലസേചന പദ്ധതി

89 (1629) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽ ഉൾപ്പെട്ട നന്നമ്പ്ര പഞ്ചായത്തിലെ മോര്യാകാപ്പ് കാർഷിക ജലസേചന പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ പൂർത്തീകരിച്ച നടപടികളും ഇനി പൂർത്തീകരിക്കാനുള്ള നടപടികളും വിശദമാക്കാമോ;

&

(ബി) ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

തിരൂരങ്ങാടി മണ്ഡലത്തിൽ ഉൾപ്പെട്ട നന്നമ്പ്ര പഞ്ചായത്തിലെ മോര്യകാപ്പ് പാടശേഖരം കൃഷിയോഗ്യമാക്കുന്നതുമായി ബന്ധപ്പെട്ട പ്രോജക്ട് പ്രൊപ്പോസൽ ആർ.കെ.വി.വൈ. സ്കീമിൽ ഉൾപ്പെടുത്തി ലഭ്യമായിരുന്നുവെങ്കിലും ഭരണാനുമതി നൽകിയിട്ടില്ല. തുടർന്ന് വരുന്ന RKVY സ്റ്റേറ്റ് ലെവൽ പ്രോജക്ട് സ്ക്രീനിംഗ് കമ്മിറ്റിയിൽ പ്രസ്തുത പ്രോജക്ട് പ്രൊപ്പോസൽ പരിഗണിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## മാംഗോ ഹബ്ബിന്റെ പ്രവൃത്തി

90 (1630) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ മാംഗോ ഹബ്ബിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

&

(ബി) നിലവിൽ മാംഗോ ഹബ്ബിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

നെന്മാറ നിയോജകമണ്ഡലത്തിൽ മാവ് കൃഷി വികസനം ലക്ഷ്യമാക്കി സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് ' എ പൈലറ്റ് പ്രോജക്ട് - മാംഗോ കൾട്ടിവേഷൻ ഇൻ

മുതലമട' . ഇതിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതികളിൽ (എം.ഐ.ഡി.എച്ച്., ആർ.കെ.വി.വൈ., പി.കെ.വി.വൈ., പി.എം.കെ.എസ്.വൈ.) നിന്നും 700 ലക്ഷം രൂപ ഇതിന്റെ പ്രവർത്തനത്തിനുവേണ്ടി വകയിരുത്തിയിരുന്നു. ആർ.കെ.വി.വൈ. പദ്ധതിയിൽ 275 ലക്ഷം രൂപ അനുവദിച്ചതിൽ 4 പഞ്ചായത്തുകളിൽ 11 ഘടകങ്ങളിലായി 236.65877 ലക്ഷം രൂപയാണ് നാളിതുവരെ കർഷകർക്ക് നൽകിയിട്ടുള്ളത്. കൂടാതെ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ ജില്ലയ്ക്കുള്ള പി.എം.കെ.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 19.70633 ലക്ഷം രൂപയും പി.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 1.1 ലക്ഷം രൂപയുമാണ് നാളിതുവരെയായി മുതലമട മാംഗോ ഹബ്ബിന്റെ പദ്ധതിക്കായി ചെലവഴിച്ചിട്ടുള്ളത്. മുതലമട മാംഗോ ഹബ് എന്ന പദ്ധതിയുടെ ഭാഗമായി 4 പഞ്ചായത്തുകളിലായി വിളവിസ്തൃതി വ്യാപനം, തോട്ട പുനരുദ്ധാരണം, യന്ത്രവത്കരണം, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, സംയോജിത രോഗകീട നിയന്ത്രണം, ജലസ്രോതസ്സുകളുടെ നിർമ്മാണം, പ്രദർശനത്തോട്ടങ്ങളുടെ സ്ഥാപനം, തേനീച്ചവളർത്തൽ, പാക്ക് ഹൗസുകൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. 469.1 ഹെക്ടർ സ്ഥലത്ത് മാവുകൃഷി വ്യാപിപ്പിക്കൽ, 235 ഹെക്ടർ സ്ഥലത്ത് പുനരുദ്ധാരണ പദ്ധതി, 4.36

ഹെക്ടറിൽ ഹൈഡെൻസിറ്റി പ്ലാന്റിംഗും 1447.04 ഹെക്ടറിൽ സംയോജിത കീടനിയന്ത്രണവും വളപ്രയോഗവും കൂടാതെ 62 സ്പ്രേയറുകൾ, 51 വെർമി കമ്പോസ്റ്റ് യൂണിറ്റുകൾ, 25 പായ്ക്ക് ഹൗസുകൾ, പരാഗണത്തിനായി 713 തേനിച്ച കൂടുകൾ എന്നിവ ആർ.കെ.വി.വൈ. പദ്ധതി മുഖേന നടപ്പിലാക്കിയിട്ടുണ്ട്. പി.എം.കെ.എസ്. പദ്ധതിയിലൂടെ ജലസേചനത്തിനായി 2 ചെറിയ ടാങ്കുകൾ പുനരുദ്ധരിക്കുകയും 149 പമ്പ് സെറ്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പി.കെ.വി.വൈ. പദ്ധതിയിലൂടെ കർഷകർക്കായി വിവിധ പരിശീലന പരിപാടികളും നടപ്പിലാക്കിയിട്ടുണ്ട്.

(സി) മാംഗോ ഹബ്ബിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി ഇനി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കാനുള്ളതെന്ന് വിശദമാക്കുമോ?

സംയോജിത കീടനിയന്ത്രണവും പോഷക/വളപ്രയോഗവും എന്നിവയ്ക്കായി 12.63557 ലക്ഷം രൂപ, പ്രാഥമിക/മിനറൽ പ്രോസസിംഗ് യൂണിറ്റുകളുടെ നിർമ്മാണത്തിനായി 20 ലക്ഷം രൂപ, ജലസ്രോതസുകളുടെ നിർമ്മാണത്തിനായി 0.01174 ലക്ഷം രൂപ, പ്രദർശനത്തോട്ടങ്ങളുടെ സ്ഥാപനത്തിനായി 2.1 ലക്ഷം രൂപ, സോർട്ടിംഗ്, ഗ്രേഡിംഗ് പാക്കിംഗ് യൂണിറ്റുകൾക്കായി 0.25 ലക്ഷം രൂപ, റൈപ്പനിംഗ് ചേമ്പറിനായി 3.5 ലക്ഷം രൂപയും ഇത്തരത്തിൽ ആകെ 38.49731 ലക്ഷം രൂപയുടെ

പ്രവർത്തനങ്ങളാണ് മാംഗോ ഹബ്ബിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി ആർ.കെ.വി.വൈ. പദ്ധതി മുഖേന നടപ്പിലാക്കാനുള്ളത്.

## കുറ്റ്യാടി മണ്ഡലത്തിലെ കാർഷികോൽപ്പാദനം

91 (1631) ശ്രീ. കെ.പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ വാർഷിക ശരാശരി കാർഷിക ഉൽപ്പാദനത്തിന്റെ കണക്ക് വിളകൾ തിരിച്ച് വ്യക്തമാക്കാമോ?

കുറ്റ്യാടി മണ്ഡലത്തിലുൾപ്പെട്ട 8 കൃഷി ഭവനുകളുടെ പ്രധാന വിളകളുടെ ശരാശരി കാർഷിക ഉല്പാദനത്തിന്റെ കണക്ക് അനുബന്ധം - I ആയി ചേർക്കുന്നു.+

(ബി) മണ്ഡലത്തിലെ കാർഷിക ഉല്പാപാദനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

മണ്ഡലത്തിലെ കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് കൃഷി വകുപ്പ് നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം - II

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യാണ്.

ആയി ചേർക്കുന്നു.+ കൂടാതെ ജില്ലാ, ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

## ഭക്ഷ്യോത്പന്നങ്ങളുടെ മൂല്യവർദ്ധിത യൂണിറ്റ്

92 (1632) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഓരോ ജില്ലയിലും ഭക്ഷ്യോത്പന്നങ്ങളുടെ മൂല്യവർദ്ധിത യൂണിറ്റുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടാണ് എസ്.എഫ്.എ.സി. വഴിയുള്ള പദ്ധതികൾ നടപ്പാക്കുന്നത്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികളാണ് എസ്.എഫ്.എ.സി. വഴി നടപ്പിലാക്കുന്നത്. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് എസ്.എഫ്.എ.സി-ക്ക് അനുവദിച്ചിട്ടുള്ളത്. പുതിയ 50 FPO-കളും നിലവിലുള്ള 50 FPO-കളെ ശാക്തീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടന്നുവരുന്നു. കൂടാതെ വി.എഫ്.പി.സി.കെ. മുഖേന ഉത്പന്നങ്ങൾ അടിസ്ഥാമാക്കി 38 FPO-കൾ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. കാർഷികോൽപ്പാദനം, മൂല്യവർദ്ധനവ്, അവയുടെ വിപണനം എന്നിവയുടെയെല്ലാം ഏകോപനവും FPO-കൾ ഉറപ്പാക്കുന്നതാണ്. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ, കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ/വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കൻഡറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/ഇൻക്യൂബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നിവ കൃഷി വകുപ്പ് സ്വന്തമായും സഹകരണ വകുപ്പുമായി ചേർന്നും നടപ്പിലാക്കുന്നു. കൂടാതെ വ്യക്തികൾക്ക് സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് 50% സബ്സിഡി നിരക്കിൽ 51 പേർക്ക് 84 ലക്ഷം രൂപയും PACS, FPO, മറ്റു സ്ഥാപനങ്ങൾ എന്നിവ മുഖേന സ്ഥാപിക്കുന്ന സംസ്കരണ മൂല്യവർദ്ധിത യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിന് 9 യൂണിറ്റുകൾക്ക് 94 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## ഔഷധ സസ്യകൃഷി

93 (1633) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഔഷധ സസ്യകൃഷി വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; കർഷകർ ഉല്പ്പാദിപ്പിക്കുന്ന ഔഷധ സസ്യങ്ങളും അനുബന്ധ വസ്തുവകകളും ന്യായവിലയ്ക്ക് സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കൃഷി വകുപ്പ് മുഖേന 2021-22 വർഷം നടപ്പിലാക്കിവരുന്ന ഔഷധ സസ്യകൃഷി പദ്ധതിയുടെ ഭാഗമായി ഔഷധ സസ്യകൃഷി വികസനത്തിന് 50 ലക്ഷം രൂപ വകയിരുത്തുകയും പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു. പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ 20 ഹെക്ടർ സ്ഥലത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ഔഷധസസ്യകൃഷി നടപ്പിലാക്കുന്നതിന് ഹെക്ടറിന് 1.25 ലക്ഷം രൂപ പ്രകാരം 25 ലക്ഷം രൂപയും സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഔഷധ സസ്യകൃഷിക്കായി ഹെക്ടറിന് 50,000 രൂപ പ്രകാരം 5 ലക്ഷം രൂപയും കൃഷി വകുപ്പ് ഫാമുകളിൽ ഔഷധസസ്യങ്ങളുടെ ലക്ഷം നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനായി 15 ലക്ഷം രൂപയും രണ്ട് പ്രാഥമിക പ്രോസസ്സിംഗ് യൂണിറ്റുകൾക്കുള്ള സഹായധനമായി 5 ലക്ഷം രൂപയും വകക്കൊള്ളിച്ച് പദ്ധതിപ്രവർത്തനങ്ങൾ നടത്തിവരുന്നു.

മേൽ പദ്ധതികളുടെ ഭാഗമായി ഔഷധസസ്യകൃഷി വ്യാപകമായി നടത്തുന്ന ജില്ലകളിൽ കർഷകർ ഉത്പ്പാദിപ്പിക്കുന്ന ഔഷധസസ്യങ്ങളും അനുബന്ധ വസ്തുക്കളും സംഭരിക്കുന്നതിനായി ആയുർവ്വേദ ഔഷധ നിർമ്മാതാക്കളുമായി കൃഷി ആരംഭിക്കുന്നതിനുമുമ്പുതന്നെ കരാറിൽ ഏർപ്പെടുകയും സംഭരണം നടത്തുകയും ചെയ്യുന്നു. കൂടാതെ സംസ്ഥാന ഔഷധ സസ്യബോർഡ് മുഖേന നാഷണൽ ആയുഷ് മിഷന്റെയും ദേശീയ ഔഷധ സസ്യബോർഡിന്റെയും സാമ്പത്തിക സഹായത്തോടെ 2021-22 സാമ്പത്തികവർഷം കർഷകർ, കർഷക സംഘങ്ങൾ, സർക്കാർ ഫാമുകൾ തുടങ്ങിയവരിലൂടെ സംസ്ഥാനത്ത് 527 ഹെക്ടർ സ്ഥലത്ത് ഔഷധസസ്യ കൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ദേശീയ ഔഷധ സസ്യബോർഡ് അംഗീകരിച്ചിട്ടുള്ള 21-ഓളം ഔഷധ സസ്യങ്ങൾക്കാണ് നിലവിൽ സബ്സിഡി നൽകുന്നത്. സബ്സിഡി തുക 30% മുതൽ 75% വരെയാണ്. ആടലോടകം, നെല്ലി, അശോകം, കൂവളം, ചെത്തിക്കൊടുവേലി, കുമിഴ്, ആര്യവേപ്പ്, കിരിയാത്ത, തിപ്പലി, ഓരില, ശതാവരി, കാട്ടുപനികൂർക്ക, വേങ്ങ, ചന്ദനം, കറ്റാർവാഴ, കച്ചോലം, രക്തചന്ദനം, കോലിഞ്ചി. ചിറ്റരത്ത, നീർമരുത് തുടങ്ങിയ ഔഷധ സസ്യങ്ങൾക്കാണ് സബ്സിഡി അനുവദിക്കുന്നത്. വിപുലമായ രീതിയിൽ ഔഷധ കൃഷി ചെയ്തുവരുന്ന

കർഷക സംഘങ്ങൾക്ക്, മറ്റത്തൂർ ലേബർ സൊസൈറ്റി ഉൽപ്പാദിപ്പിക്കുന്ന ഔഷധ സസ്യങ്ങൾക്ക്, മുൻകൂർ വില നിശ്ചയിച്ചുകൊണ്ട് ആയുർവേദ നിർമ്മാണ കമ്പനികളുമായി ധാരണാപത്രങ്ങളും ഒപ്പുവച്ചിട്ടുണ്ട്. കർഷകർ ഉൽപാദിപ്പിക്കുന്ന ഔഷധ സസ്യങ്ങൾ സംഭരിക്കുന്നതിനും അർദ്ധ സംസ്കരണം നടത്തുന്നതിനും ഉണക്കി സൂക്ഷിക്കുന്നതിനുമായി തൃശ്ശൂർ, കോഴിക്കോട്, ഇടുക്കി ജില്ലകളിലായി സംസ്ഥാനത്ത് മൂന്ന് സംഭരണ ശാലകളും മൂന്ന് ഉണക്കുപുരകളും 2 ശേഖരണ കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിനുവേണ്ട സാമ്പത്തികസഹായം സംസ്ഥാന ഔഷധ സസ്യ ബോർഡ് ലഭ്യമാക്കിയിട്ടുണ്ട്.

## <u>പച്ചക്കറി ഉല്പാദന മേഖലയിൽ സ്വയംപര്യാപ്തത</u>

94(1634) <u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനമേഖലയിൽ സ്വയംപര്യാപ്തത ലക്ഷ്യമാക്കി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദവിവരം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനമേഖലയിൽ സ്വയംപര്യാപ്തത ലക്ഷ്യമാക്കി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വിഭാവനം

ചെയ്തിട്ടുള്ള ബൃഹദ് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. പ്രസ്തുത പദ്ധതിയിൽ അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികൾ ഒഴിവാക്കി സംസ്ഥാനത്തിനാവശ്യമായ പച്ചക്കറികൾ വ്യാവസായിക അടിസ്ഥാനത്തിലും വീട്ടുവളപ്പുകളിലും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കുവാൻ വേണ്ടിയുള്ള വിവിധ ഘടകങ്ങൾ വിഭാവനം ചെയ്തത് നടപ്പിലാക്കിവരുന്നു. ഇതിലേയ്ക്കായി 2021-22 സാമ്പത്തിക വർഷം 7,445 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയം പര്യാപ്തതയിലേയ്ക്ക് എത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ചുവടെ ചേർത്തിട്ടുള്ള സമഗ്ര പച്ചക്കറി വികസന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിവരുന്നു. ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തിവരുന്നു. വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 10 രൂപയുടെ 80 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 2.50 രൂപ വിലയുള്ള

272.16 ലക്ഷം പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും കർഷകർക്കും വീട്ടമ്മമാർക്കും വിവിധ സന്നദ്ധസംഘടനകൾക്കും മാധ്യമങ്ങൾക്കും സൗജന്യമായി വിതരണം നടത്തി. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽനിന്നുംതന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് ഓണക്കാലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിലേയ്ക്കായി 2021-22 സാമ്പത്തിക വർഷത്തിൽ 1,480.4 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

<u>സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി</u>: സംസ്ഥാനത്ത് സ്കൂളുകളിൽ പച്ചക്കറിത്തോട്ടം പ്രോത്സാഹിപ്പിക്കുന്നതിന് സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം ' സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി' എന്ന മുഖ്യ ഘടകം നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ തെരഞ്ഞെടുത്ത 2500 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം തയ്യാറാക്കുന്നതിന് 4,000 രൂപ നിരക്കിൽ (ഒരു വിദ്യാലയം എന്ന കണക്കിൽ) ധനസഹായം നൽകി വരുന്നു. കൂടാതെ വിദ്യാർത്ഥി/വിദ്യാർത്ഥിനികളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും നൂതന കൃഷി രീതികളെക്കുറിച്ച് അവബോധം നൽകുന്നതിനുമായി ഹരിത ക്ലബ്ബുകൾ രൂപീകരിക്കുന്നുമുണ്ട്. ഇതിനായി ഈ സാമ്പത്തിക വർഷം 100 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ/ സർക്കാരിത/സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷിക്ക് ധനസഹായം നൽകിവരുന്നു. ഈ ഘടകത്തിൽ 100 ലക്ഷം രൂപ 2021-22 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. മേൽ പ്രവർത്തികളുടെ നിർവ്വഹണം പൂർത്തിയായിവരുന്നു.

<u>ജില്ലാ ക്ലസ്റ്റർ വികസനം</u>: വ്യാവസായികാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി, കുറഞ്ഞത് 15 കർഷകർ അടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് കുറഞ്ഞത് 5 ഹെക്ടർ വരെയും പരമാവധി 7 ഹെക്ടർ വരെയും പച്ചക്കറി കൃഷി നടപ്പിലാക്കുന്ന ക്ലസ്റ്റർ ഒന്നിന് പരമാവധി 1-1.25 ലക്ഷം രൂപ വീതം ധനസഹായം നൽകിക്കൊണ്ടുള്ള പദ്ധതിയാണിത്. പമ്പ്സെറ്റും മറ്റു അനുബന്ധ ഘടകങ്ങളും വാങ്ങുന്നതിന് യൂണിറ്റൊന്നിന് 50 ശതമാനം സബ്സിഡി നിരക്കിൽ 10,000 രൂപ വരെയും സസ്യസംരക്ഷണ ഉപാധികൾ എന്നിവ വാങ്ങുന്നതിന് യൂണിറ്റൊന്നിന് 1,500 രൂപ വരെയും സബ്സിഡി നൽകി വരുന്നു. സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതും പന്തൽ ആവശ്യമില്ലാത്തതുമായ ഇനങ്ങളുടെ അടിസ്ഥാനത്തിൽ 20,000 മുതൽ 25,000 രൂപ വരെ ധനസഹായം നൽകുന്നു. ഇതുകൂടാതെ

പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ വിത്തുല്പാദനം, വിതരണം, പ്രചരണം എന്നിവയും ഈ പദ്ധതി ഘടകത്തിൽ ഉൾപ്പെടുത്തി ധനസഹായം നൽകി വരുന്നു. കൂടാതെ ദീർഘകാല പച്ചക്കറി വിളകളായ ശീമച്ചക്ക, മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനത്തിനും ഇടുക്കി ജില്ലയിൽ ശീതകാല പച്ചക്കറി കൃഷി ചെയ്യുന്നതിനും ധനസഹായം നൽകിവരുന്നു. ഇത്തരത്തിൽ ഇതിലേയ്ക്കായി ഈ സാമ്പത്തിക വർഷം 2,725 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

<u>ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം</u>: പുതിയ 'എ' ഗ്രേഡ്ക്ലസ്റ്ററുകളുടെ രൂപീകരണത്തിനായി ക്ലസ്റ്ററൊന്നിന് 6.3 ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു.

<u>കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം</u>: എ ഗ്രേഡ് ക്ലസ്റ്ററുകളുടെ ഗ്രേഡിംഗിന്റെ അടിസ്ഥാനത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ബെസ്റ്റ് പെർഫോർമിംഗ് എ ഗ്രേഡ് ക്ലസ്റ്ററുകൾക്ക് 5 ലക്ഷം രൂപ നിരക്കിൽ അധിക ധനസഹായം നൽകിവരുന്നു. ഈ സാമ്പത്തിക വർഷം 5 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിരുന്നു.

മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യ സംസ്കരണവും എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ കർഷകർക്ക്

നൽകുന്നു. 25 ഗ്രോബാഗുകൾ അടങ്ങിയ 2,000 രൂപ വിലവരുന്ന ഒരു യൂണിറ്റിന് 75 ശതമാനം സബ്സിഡിയിൽ 500 രൂപയ്ക്ക് കർഷകർക്ക് വിതരണം ചെയ്യുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 56,333 യൂണിറ്റ് ഗ്രോബാഗ് കർഷകർക്ക് നൽകുവാനായി 845 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

<u>ഹരിത ഗ്രൂപ്പുകളുടെ രൂപീകരണം:</u> നഗര പ്രദേശങ്ങളിൽ പ്രവർത്തിച്ചുവരുന്ന 3 മുതൽ 5 വരെയുടെ റെസിഡന്റ്സ് അസോസിയേഷനുകളെ ഉൾപ്പെടുത്തിക്കൊണ്ട് ഹരിത ഗ്രൂപ്പ് രൂപീകരിക്കുന്നു. ഹരിത ഗ്രൂപ്പുകളുടെ രജിസ്ട്രേഷനും മറ്റു അനുബന്ധ ചെലവുകൾക്കുമായി ഒരു ഗ്രൂപ്പിന് 50,000 രൂപ ധനസഹായം നൽകിവരുന്നു. ഇതിനായി ഈ സാമ്പത്തിക വർഷം 5 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

<u>നഴ്സറികൾ സ്ഥാപിക്കൽ</u>: ഗുണമേന്മയുള്ള പച്ചക്കറി തൈകളുടെ ലഭ്യത ഉറപ്പാക്കുന്നതിലേയ്ക്കായി കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ നഴ്സറി സ്ഥാപിക്കുന്നതിന് 1,000 രൂപ ഒരു സ്ക്വയർ മീറ്റർ എന്ന കണക്കിൽ ധനസഹായം നൽകുന്നതിനായി ഈ സാമ്പത്തിക വർഷം 5 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

<u>ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം പ്രോത്സാഹിപ്പിക്കൽ</u>: ചെലവ് കുറഞ്ഞ രീതിയിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്ക് ജലസേചനം ഉറപ്പുവരുത്തുന്നതിനായി ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം എന്ന ഘടകം നടപ്പിലാക്കിവരുന്നു. 75% സബ്സിഡിയോടുകൂടി പരമാവധി ഒരു യൂണിറ്റിന് 7,500 രൂപ ധനസഹായം നൽകിവരുന്നു. ഇതിലേയ്ക്കായി ഈ സാമ്പത്തിക വർഷം 18.75 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

<u>മഴമറ നിർമ്മാണം</u>: വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി നൂതന രീതിയായ മഴമറയിലെ കൃഷി കർഷകർക്ക് ഏറെ സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാദ്ധ്യമാക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്ററുള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000 രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ഘടത്തിനായി 505 ലക്ഷം രൂപ വകയിരുത്തിയിരുന്നു. കാർഷിക സർവ്വകലാശാല വഴി പച്ചക്കറികളിലെ കീടനാശിനികളുടെ അംശം പരിശോധിക്കുന്നതിനുവേണ്ടി ധനസഹായം നൽകിവരുന്നു. സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പഴം പച്ചക്കറികളുടേയും അവശിഷ്ടവിഷാംശം

കണ്ടെത്തുന്നതിനായി ഇവയുടെ സാമ്പിളുകൾ ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബിൽ കീടനാശിനി അവിശിഷ്ട വിഷാംശ പരിശോധന നടത്തുകയും പരിശോധനാ ഫലം പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. ഇതിലേയ്ക്കായി ഈ സാമ്പത്തിക വർഷം 20 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

സുഭിക്ഷ കേരളം പദ്ധതി: സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 വർഷത്തിൽ 500 ലക്ഷം രൂപ വകയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. മഴമറ കൃഷി, തരിശുനില കൃഷി, പമ്പ് സെറ്റ്, സസ്യസംരക്ഷണ ഉപാധികൾ എന്നിവയുടെ വിതരണം എന്നീ ഘടകങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസനം: വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസനത്തിനായി 725 ലക്ഷം രൂപ വകയിരുത്തിയിരുന്നു. കൂടാതെ, സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി എല്ലാ ജനങ്ങളെയും കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് "ഞങ്ങളും കൃഷിയിലേയ്ക്ക്". കാർഷിക കൂട്ടായ്മയിലൂടെ ഒരു

ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഭക്ഷ്യ സ്വയംപര്യാപ്തതയിൽ എത്തുക, സുരക്ഷിത ഭക്ഷണം ലഭ്യമാക്കുക, കേരളീയരിൽ കാർഷിക സംസ്കാരം വളർത്തുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന പദ്ധതി വിഭാവനം ചെയ്യുന്നത്.

(ബി) പച്ചക്കറി സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുള്ള കുടിശ്ശിക തുക എത്രയാണെന്നും പ്രസ്തുത കുടിശ്ശിക എന്നത്തേയ്ക്ക് നൽകാനാകുമെന്നും വ്യക്തമാക്കുമോ?

പച്ചക്കറി സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുള്ള കുടിശ്ശിക തുക 3,69,46,693 രൂപയാണ്. വിപണി ഇടപെടലിനായി 4.0.2022- ലെ സ.ഉ(സാധാ)181/2022/കൃഷി പ്രകാരം അനുവദിച്ച 3 കോടി രൂപ ഹോർട്ടികോർപ്പിന് ലഭ്യമാകുന്ന മുറയ്ക്ക് ടി തുകയിൽ നിന്നും കർഷകർക്ക് നൽകുവാൻ നിഷ്കർഷിച്ചിട്ടുള്ള വിഹിതം കുടിശ്ശിക നിവാരണത്തിനായി വിനിയോഗിക്കുന്നതാണ്.

## കോൾനിലങ്ങളിലെ ജലനിരപ്പ് കുറയ്ക്കാനായി സബ്മേഴ്സിബിൾ പമ്പ് സ്ഥാപിക്കാൻ നടപടി

95 (1635) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊന്നാനിയിലെ കോൾനിലങ്ങളിൽ സബ്‌മേഴ്സിബിൾ പമ്പ് ഉപയോഗിച്ച് ജലനിരപ്പ് കുറയ്ക്കുന്നതിനായി പമ്പ് ഹൗസ് സ്ഥാപിക്കാനാവശ്യമായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

പൊന്നാനി കോൾ നിലങ്ങളിലെ ജലനിരപ്പ് കുറയ്ക്കുന്നതിനായി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം നിലവിൽ 36 സബ്‌മേഴ്സിബിൾ പമ്പ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായുള്ള ടെണ്ടർ നടപടികൾ ഇതിനകം പൂർത്തീകരിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. പമ്പുകൾ സ്ഥാപിക്കുവാനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു.

## സ്മാർട്ട് കൃഷിഭവൻ

96 (1636) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ സ്മാർട്ട് കൃഷിഭവനായി മാറുന്ന കൃഷി ഭവനുകൾ ഏതൊക്കെയാണ്; ഇതിനായുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ അന്തിമ പദ്ധതിരേഖ അംഗീകരിച്ചിട്ടില്ലാത്തതിനാൽ തെരഞ്ഞെടുപ്പ് പ്രക്രിയാ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല.

(ബി) ഒരു നിയോജകമണ്ഡലത്തിൽ തുടക്കത്തിൽ ഒരു സ്മാർട്ട് കൃഷി ഭവൻ എന്ന തരത്തിൽ സ്ഥലം എം.എൽ.എ.-മാരോട് കൃഷി ഭവനുകൾ നിർദ്ദേശിക്കാൻ അറിയിപ്പ് നൽകിയിരുന്നോ; നിലമ്പൂർ എം.എൽ.എ. നിർദ്ദേശിച്ച വഴിക്കടവ് കൃഷിഭവൻ ഇതിലുൾപ്പെടുമോ എന്നറിയിക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

സ്മാർട്ട് കൃഷിഭവൻ പദ്ധതി ആവിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധതലങ്ങളിൽ കൂടിയാലോചനകളും നിർദ്ദേശങ്ങളുടെ സമാഹരണവും നടത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അന്തിമ പദ്ധതിരേഖ ആവിഷ്കരിച്ച് വരുന്നതേയുള്ളൂ.

(സി) സ്മാർട്ട് കൃഷിഭവൻ മുഖാന്തരം കർഷകർക്ക് ലഭ്യമാക്കുന്ന സേവനങ്ങളും സൗകര്യങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

&

(ഡി) ഏത് സർക്കാർ ഏജൻസിയാണ് സ്മാർട്ട് കൃഷിഭവൻ പദ്ധതി നടപ്പാക്കുന്നതെന്നും ഇതിനായി ഒരു കൃഷിഭവന് അനുവദിക്കുന്ന ഫണ്ട് എത്രയാണെന്നും അറിയിക്കാമോ?

സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ അന്തിമ പദ്ധതി രേഖ അംഗീകരിച്ചിട്ടില്ല.

(ഇ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടങ്ങളുള്ള കൃഷിഭവനുകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിലെ അമരമ്പലം, കരുളായി, ചുങ്കത്തറ, എടക്കര, മൂത്തേടം, നിലമ്പൂർ, വഴിക്കടവ്, പോത്തുകല്ല് എന്നീ കൃഷിഭവനുകൾക്ക് സ്വന്തമായി കെട്ടിടങ്ങളുണ്ട്.

## വയനാട്ടിലെ ആദിവാസികൾക്കായുള്ള പദ്ധതികൾ

97 (1637) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ അഞ്ച് വർഷം കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പാക്കിയപ്പോൾ വയനാട്ടിലെ ആദിവാസികൾക്കായി ഓരോ പദ്ധതിയിലും എത്ര തുക നീക്കിവച്ചു; അതിൽ എത്ര തുക ചെലവഴിച്ചു; വിശദമായ കണക്ക് നൽകാമോ?

കഴിഞ്ഞ അഞ്ചുവർഷം കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പാക്കിയപ്പോൾ വയനാട്ടിലെ ആദിവാസികൾക്കായി ഓരോ പദ്ധതിയിലും നീക്കിവെച്ച തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനവും ആവശ്യകതയും

98 (1638) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറിയുടെ ആവശ്യകത എത്രയാണെന്നും അതിൽ സംസ്ഥാന ഉല്പാദനം എത്ര, ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് എത്രയെന്നും വ്യക്തമാക്കുമോ?

നാഷണൽ സാമ്പിൾ സർവ്വെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് പ്രതിവർഷം 20 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത് എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇതിൽ സംസ്ഥാന ഉല്പാദനം 15.7 ലക്ഷം മെട്രിക് ടണ്ണും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നത് 4.3 ലക്ഷം മെട്രിക് ടണ്ണുമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനായി സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ഓരോ പ്രവർത്തനത്തിനും എത്ര തുകയാണ് ചെലവഴിക്കുന്നതെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പച്ചക്കറി ഉല്പാദന മേഖലയിൽ സ്വയംപര്യാപ്തത ലക്ഷ്യമാക്കി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വിഭാവനം ചെയ്തിട്ടുള്ള ബൃഹദ് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. പ്രസ്തുത പദ്ധതിയിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികൾ ഒഴിവാക്കി സംസ്ഥാനത്തിനാവശ്യമായവ വ്യാവസായിക അടിസ്ഥാനത്തിലും വീട്ടുവളപ്പുകളിലും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദനോപാധികളുടെ ലഭ്യതയും ഉറപ്പാക്കുവാൻ വേണ്ടിയുള്ള വിവിധ ഘടകങ്ങൾ വിഭാവനം ചെയ്തത് നടപ്പിലാക്കിവരുന്നു. ഇതിലേയ്ക്കായി 2021-22 സാമ്പത്തിക വർഷം 7,445 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയം പര്യാപ്തതയിലേയ്ക്ക് എത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ചുവടെ ചേർത്തിട്ടുള്ള സമഗ്ര പച്ചക്കറി വികസന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കി വരുന്നു.

<u>ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം:</u> വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തിവരുന്നു. വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 10 രൂപയുടെ 80 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 2.50 രൂപ വിലയുള്ള 272.16 ലക്ഷം പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും കർഷകർക്കും വീട്ടമ്മമാർക്കും വിവിധ സന്നദ്ധസംഘടനകൾക്കും മാധ്യമങ്ങൾക്കും സൗജന്യമായി വിതരണം നടത്തി. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽനിന്നും തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിലേയ്ക്കായി 2021-22 സാമ്പത്തിക വർഷത്തിൽ 1,480.4 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

<u>സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി</u>: സംസ്ഥാനത്ത് സ്കൂളുകളിൽ പച്ചക്കറിത്തോട്ടം പ്രോത്സാഹിപ്പിക്കുന്നതിന് സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം ' സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി' എന്ന മുഖ്യ ഘടകം നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ തെരഞ്ഞെടുത്ത 2500 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം തയ്യാറാക്കുന്നതിന് 4,000 രൂപ നിരക്കിൽ (ഒരു വിദ്യാലയം എന്ന കണക്കിൽ) ധനസഹായം നൽകി വരുന്നു. കൂടാതെ വിദ്യാർത്ഥി/വിദ്യാർത്ഥിനികളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും നൂതന കൃഷി രീതികളെക്കുറിച്ച് അവബോധം നൽകുന്നതിനുമായി ഹരിത ക്ലബ്ബുകൾ രൂപീകരിക്കുന്നുമുണ്ട്. ഇതിനായി ഈ സാമ്പത്തികവർഷം 100 ലക്ഷം രൂപ വകയിരുത്തിയിരുന്നു. സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ/ സർക്കാരിത/സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷിക്ക് ധനസഹായം നൽകിവരുന്നു. ഈ ഘടകത്തിൽ 100 ലക്ഷം രൂപ 2021-22 സാമ്പത്തികവർഷത്തിൽ വകയിരുത്തിയിരുന്നു. ജില്ലാ ക്ലസ്റ്റർ വികസനം: വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി കുറഞ്ഞത് 15 കർഷകർ അടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് കുറഞ്ഞത് 5 ഹെക്ടർ വരെയും പരമാവധി 7 ഹെക്ടർ വരെയും പച്ചക്കറി കൃഷി നടപ്പിലാക്കുന്ന ക്ലസ്റ്റർ ഒന്നിന് പരമാവധി 1-1.25 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു. പമ്പ്സെറ്റും അനുബന്ധ ഘടകങ്ങളും വാങ്ങുന്നതിന് യൂണിറ്റൊന്നിന് 50 ശതമാനം സബ്സിഡി നിരക്കിൽ 10,000 രൂപ വരെയും സസ്യസംരക്ഷണ

ഉപാധികൾ എന്നിവ വാങ്ങുന്നതിന് യൂണിറ്റൊന്നിന് 1,500 രൂപ വരെയും സബ്സിഡി നൽകിവരുന്നു. സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതും പന്തൽ ആവശ്യമില്ലാത്തതുമായ ഇനങ്ങളുടെ അടിസ്ഥാനത്തിൽ 20,000 മുതൽ 25,000 രൂപ വരെ നിരക്കിൽ ധനസഹായം നൽകുന്നു. ഇതുകൂടാതെ പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ വിത്തുല്പാദനം, വിതരണം, പ്രചരണം എന്നിവയ്ക്കും ഈ പദ്ധതി ഘടകത്തിൽ ഉൾപ്പെടുത്തി ധനസഹായം നൽകിവരുന്നു. ദീർഘകാല പച്ചക്കറി വിളകളായ ശീമച്ചക്ക, മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനത്തിനും ഇടുക്കി ജില്ലയിൽ ശീതകാല പച്ചക്കറി കൃഷി ചെയ്യുന്നതിനും ധനസഹായം നൽകിവരുന്നു. ഇത്തരത്തിൽ ഇതിലേയ്ക്കായി ഈ സാമ്പത്തിക വർഷം 2,725 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

<u>ഗ്രേഡഡ്ക്ലസ്റ്ററുകളുടെ വികസനം</u>: പുതിയ 'എ' ഗ്രേഡ്ക്ലസ്റ്ററുകളുടെ രൂപീകരണത്തിനായി ക്ലസ്റ്ററൊന്നിന് 6.3 ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു.

<u>കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം</u>: എ ഗ്രേഡ് ക്ലസ്റ്ററുകളുടെ ഗ്രേഡിംഗിന്റെ അടിസ്ഥാനത്തിൽ കാര്യക്ഷമമായി

പ്രവർത്തിക്കുന്ന ബെസ്റ്റ് പെർഫോമിംഗ് എ ഗ്രേഡ് ക്ലസ്റ്ററുകൾക്ക് 5 ലക്ഷം രൂപ നിരക്കിൽ അധിക ധനസഹായം നൽകിവരുന്നു. ഈ സാമ്പത്തിക വർഷം 5 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിരുന്നു. മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യ സംസ്കരണവും എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ കർഷകർക്ക് നൽകുന്നു. 25 ഗ്രോബാഗുകൾ അടങ്ങിയ 2,000 രൂപ വിലവരുന്ന ഒരു യൂണിറ്റിന് 75 ശതമാനം സബ്സിഡിയിൽ 500 രൂപയ്ക്ക് കർഷകർക്ക് വിതരണം ചെയ്യുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 56,333 യൂണിറ്റ് ഗ്രോബാഗ് കർഷകർക്ക് നൽകുവാനായി 845 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഹരിത ഗ്രൂപ്പുകളുടെ രൂപീകരണം നഗരപ്രദേശങ്ങളിൽ പ്രവർത്തിച്ചുവരുന്ന 3 മുതൽ 5 വരെയുടെ റെസിഡന്റ്സ് അസോസിയേഷനുകളെ ഉൾപ്പെടുത്തിക്കൊണ്ട് ഹരിത ഗ്രൂപ്പ് രൂപീകരിക്കുന്നു. ഹരിത ഗ്രൂപ്പുകളുടെ രജിസ്ട്രേഷനും മറ്റു അനുബന്ധ ചെലവുകൾക്കുമായി ഒരു ഗ്രൂപ്പിന് 50,000 രൂപ ധനസഹായം നൽകിവരുന്നു. ഇതിനായി ഈ സാമ്പത്തിക വർഷം 5 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

<u>നഴ്സറികൾ സ്ഥാപിക്കൽ</u>: ഗുണമേന്മയുള്ള പച്ചക്കറി തൈകളുടെ ലഭ്യത ഉറപ്പാക്കുന്നതിലേയ്ക്കായി കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്തുകൾ

എന്നിവിടങ്ങളിൽ നഴ്സറി സ്ഥാപിക്കുന്നതിന് 1,000 രൂപ ഒരു സ്ക്വയർ മീറ്ററിന് എന്ന കണക്കിൽ ധനസഹായം നൽകുന്നതിനായി ഈ സാമ്പത്തിക വർഷം 5 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

<u>ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം പ്രോത്സാഹിപ്പിക്കൽ:</u> ചെലവ് കുറഞ്ഞ രീതിയിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്ക് ജലസേചനം ഉറപ്പുവരുത്തുന്നതിനായി ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം എന്ന ഘടകം നടപ്പിലാക്കിവരുന്നു. 75% സബ്സിഡിയോടുകൂടി പരമാവധി ഒരു യൂണിറ്റിന് 7,500 രൂപ ധനസഹായം നൽകിവരുന്നു. ഇതിലേയ്ക്കായി ഈ സാമ്പത്തിക വർഷം 18.75 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

<u>മഴമറ നിർമ്മാണം</u>: വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി നൂതന രീതിയായ മഴമറയിലെ കൃഷി കർഷകർക്ക് ഏറെ സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാദ്ധ്യമാക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്റർ ഉള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000 രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ഘടത്തിനായി 505 ലക്ഷം രൂപ വകയിരുത്തിയിരുന്നു. കാർഷിക

സർവ്വകലാശാല വഴി പച്ചക്കറികളിലെ കീടനാശിനികളുടെ അംശം പരിശോധിക്കുന്നതിനുവേണ്ടി ധനസഹായം നൽകിവരുന്നു. സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പഴം പച്ചക്കറികളുടേയും അവശിഷ്ടവിഷാംശം കണ്ടെത്തുന്നതിനായി ഇവയുടെ സാമ്പിളുകൾ ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബിൽ കീടനാശിനി അവിശിഷ്ട വിഷാംശ പരിശോധന നടത്തുകയും പരിശോധനാ ഫലം പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. ഇതിലേയ്ക്കായി ഈ സാമ്പത്തിക വർഷം 20 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

<u>സുഭിക്ഷ കേരളം പദ്ധതി</u>: സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 വർഷത്തിൽ 500 ലക്ഷം രൂപ വകയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. മഴമറ കൃഷി, തരിശു നില കൃഷി, പമ്പ് സെറ്റ്, സസ്യസംരക്ഷണ ഉപാധികളുടെ വിതരണം എന്നീ ഘടകങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

<u>വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസനം:</u> വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസനത്തിനായി 725 ലക്ഷം രൂപ വകയിരുത്തിയിരുന്നു. കൂടാതെ, സർക്കാരിന്റെ നൂറുദിന പരിപാടിയുടെ

ഭാഗമായി എല്ലാ ജനങ്ങളെയും കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് "ഞങ്ങളും കൃഷിയിലേയ്ക്ക്". കാർഷിക കൂട്ടായ്മയിലൂടെ ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഭക്ഷ്യ സ്വയംപര്യാപ്തതയിൽ എത്തുക, സുരക്ഷിത ഭക്ഷണം ലഭ്യമാക്കുക, കേരളീയരിൽ കാർഷിക സംസ്കാരം വളർത്തുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന പദ്ധതി വിഭാവനം ചെയ്യുന്നത്.

(സി) പ്രസ്തുത പ്രവർത്തനങ്ങളിലൂടെ ഓരോ കാർഷിക വിളകളുടെയും ഉല്പാദനം കേന്ദ്രീകരിച്ച് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സമഗ്ര പച്ചക്കറി വികസന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്ത് 2016-17 വർഷത്തിൽ 0.52830 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദനപ്പിക്കുവാനും സാധിച്ചു. 2017-18 വർഷത്തിൽ പച്ചക്കറി വിസ്തൃതി 0.69047 ലക്ഷം ഹെക്ടറായി ഉയർത്താനും 10.01 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കുവാനും കഴിഞ്ഞു. 2018-19 ആയപ്പോഴേയ്ക്കും പച്ചക്കറി വിസ്തൃതി 0.82166 ലക്ഷം ഹെക്ടറും ഉല്പാദനം 12.12 ലക്ഷം മെട്രിക്

ടൺ ആയി വർദ്ധിപ്പിക്കുവാനും സാധിച്ചു. 2019-20 വർഷത്തിൽ പച്ചക്കറി വിസ്തൃതി 0.96313 ലക്ഷം ഹെക്ടർ ആയി വർദ്ധിക്കുകയും ഉല്പാദനം 14.93 ലക്ഷം മെട്രിക് ആയി ഉയർത്തുന്നതിനും സാധിച്ചു. 2020-21 വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി കൃഷിയുടെ വിസ്തൃതി 1.02 ലക്ഷം ഹെക്ടർ ആയി വ്യാപിപ്പിക്കുവാനും ഉല്പാദനം 15.7 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

വന്യജീവികൾ കൃഷി നശിപ്പിച്ചാൽ നൽകുന്ന നഷ്ടപരിഹാരം

99(1639) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവികൾ വ്യാപകമായി കൃഷി നശിപ്പിക്കുന്നത് കർഷകരെ പ്രതിസന്ധിയിലാക്കിയിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് വന്യജീവികൾ കൃഷി നശിപ്പിക്കുന്നത് തടയുന്നതിനായി ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ് പദ്ധതിയിൽ "മാനേജ്മെന്റ് ഓഫ് വൈൽഡ് അനിമൽ അറ്റാക്ക്" എന്ന ഉപഘടകത്തിൽ

2021-22 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വിവിധ ജില്ലകളിൽ നിന്നും ലഭിച്ച പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ 30 ലക്ഷം രൂപ താഴെപ്പറയും പ്രകാരം അനുവദിച്ചിട്ടുണ്ട്.

a) തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ബ്ലോക്കിൽപ്പെട്ട വിതുര, തൊളിക്കോട്, കുറ്റിച്ചൽ, ഉഴമലയ്ക്കൽ, വെള്ളനാട് പഞ്ചായത്തുകളിൽ കാട്ടുപന്നികൾ കൃഷി നശിപ്പിക്കുന്നത് തടയുന്നതിനായി നൈലോൺ നെറ്റ് ട്രാപ്പ്, സൗരോർജ്ജ വേലി, ബയോ അക്കോസ്റ്റിക്സ്, കമ്പിവേലി എന്നിവ സ്ഥാപിക്കുന്നതിനും ബോറപ് ഉപയോഗിച്ച് കാട്ടുപന്നികളെ അകറ്റി നിർത്തുന്നതിനുമായുള്ള പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

b) തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ, വടക്കാഞ്ചേരി, ചാലക്കുടി, കൊടകര, ഒല്ലൂക്കര, പുഴയ്ക്കൽ ബ്ലോക്കുകളിൽ ബയോറിപ്പലന്റുകൾ (ജൈവ വികർഷണ വസ്തുക്കൾ) ഉപയോഗിച്ച് കാട്ടുപന്നികളെ അകറ്റിനിർത്തുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങൾക്കായി 5 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.

c) കണ്ണൂർ ജില്ലയിലെ ഇരിട്ടി, പേരാവൂർ, തളിപ്പറമ്പ്, ഇരിക്കൂർ ബ്ലോക്കുകളിൽ ഉൾപ്പെട്ട 1536 ഹെക്ടർ പ്രദേശത്ത് ജൈവ ഉല്പന്നമായ ഹെർബൊലീവ് ഉപയോഗിച്ച് വന്യജീവികളെ അകറ്റിനിർത്തുന്നതിനുള്ള

പദ്ധതി പ്രവർത്തനങ്ങൾക്കായി 5 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ തയ്യാറുള്ള സ്ഥലങ്ങളിൽ പദ്ധതിയധിഷ്ഠിത ധനസഹായം അനുവദിച്ച് നൽകുന്നതാണ്.

(ബി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് കർഷകർക്ക് കൃഷിഭൂമി കമ്പിവേലി കെട്ടിയോ മതിലുകൾ നിർമ്മിച്ചോ സംരക്ഷിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ?

കമ്പിവേലി, സൗരോർജ്ജ വേലി, തേനീച്ച വേലി എന്നിവ സ്ഥാപിച്ച് വന്യജീവികളിൽ നിന്നും കൃഷിഭൂമിയെ സംരക്ഷിക്കുന്നതിന് ജില്ലകളിൽ നിന്നും ലഭിക്കുന്ന പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിലാണ് പ്രോജക്ടാധിഷ്ഠിത ധനസഹായം അനുവദിക്കുന്നത്.

(സി) വിവിധ രീതിയിലുള്ള കൃഷിനാശങ്ങൾക്ക് കൃഷി വകുപ്പ് അനുവദിക്കുന്ന നഷ്ടപരിഹാരത്തുകയും മാനദണ്ഡങ്ങളും എന്തൊക്കെയാണെന്നും കൂത്തുപറമ്പ് മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ അനുവദിച്ച തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള വിഹിതവും സംസ്ഥാന

വിഹിതവും ചേർത്ത് നഷ്ടപരിഹാരമായി നൽകുന്നു. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് പ്രകൃതിക്ഷോഭംമൂലമോ വന്യജീവി ആക്രമണംമൂലമോ നാശനഷ്ടം സംഭവിച്ചാൽ നഷ്ടപരിഹാരം നൽകുന്നു. AIMS പോർട്ടൽ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രകൃതിക്ഷോഭം സംഭവിച്ച് പ്രകൃതിദുരന്തങ്ങൾക്കായി നഷ്ടപരിഹാരം അനുവദിക്കുന്ന പദ്ധതി പ്രകാരം 10 ദിവസത്തിനുള്ളിലും വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 15 ദിവസത്തിനുള്ളിലും ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കണം. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ 30 ദിവസത്തിനുള്ളിൽ ഫീൽഡ് പരിശോധന, അപേക്ഷകളുടെ പ്രോസസ്സിംഗ്, ക്ലെയിം ജനറേഷൻ എന്നിവ പൂർത്തീകരിക്കേണ്ടതാണ്. അംഗീകാരം ലഭിക്കുന്ന തുക AIMS പോർട്ടലിലെ DBT സംവിധാനം മുഖേന ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുകയും ചെയ്യുന്നു. കൃഷിനാശത്തിന് പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായമായി അനുവദിക്കുന്ന തുകയുടെ വിവരങ്ങൾ അനുബന്ധം - I ആയി ചേർക്കുന്നു.+ വിള ഇൻഷ്വറൻസ് പദ്ധതിയിൽ വിവിധ രീതിയിലുള്ള കൃഷി നാശങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കൃഷി വകുപ്പ് അനുവദിക്കുന്ന നഷ്ടപരിഹാര തുകയും മാനദണ്ഡങ്ങളും അനുബന്ധം - II ആയി ചേർക്കുന്നു.+

(a) വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ കൂത്തുപറമ്പ് ബ്ലോക്കിൽ അനുവദിച്ച തുകകളുടെ വിവരം താഴെച്ചേർക്കുന്നു.

| ക്രമ നം. | വർഷം | തുക |
|---|---|---|
| 1 | 2017 | 6,93,300/- |
| 2 | 2018 | 15,13,800/- |
| 3 | 2019 | 6,73,710/- |
| 4 | 2020 | 4,73,695/- |
| 5 | 2021 | 72,450/- |

(b) കൃഷിനാശത്തിന് പ്രകൃതിക്ഷോഭ ദുരിതാശ്വാസമായി കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ കൂത്തുപറമ്പ് ബ്ലോക്കിൽ അനുവദിച്ച തുകകളുടെ വിവരം താഴെച്ചേർക്കുന്നു.

| ക്രമ നം. | വർഷം | തുക |
|---|---|---|
| 1 | 2017 | 74,540/- |
| 2 | 2018 | 38,56,233/- |
| 3 | 2019 | 21,60,225/- |
| 4 | 2020 | 2,56,068/- |
| 5 | 1.6.2019 | 40,12,484/- |

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

| | 31.12.2021 | |
|---|---|---|

(AIMS പോർട്ടൽ മുഖേന DBT ആയി നൽകിയത്)

(ഡി) കൂത്തുപറമ്പ് മണ്ഡലത്തിൽ നിലവിൽ എത്ര അപേക്ഷകൾ തീർപ്പാകാതെയുണ്ടെന്നും ആയതിനുള്ള കാരണവും വിശദമാക്കുമോ?

2021-22 സാമ്പത്തിക വർഷത്തിൽ വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം ലഭിച്ച 74 അപേക്ഷകൾ തീർപ്പാക്കുവാനുണ്ട്. എന്നാൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസം നൽകുന്നതിനായി അംഗീകരിച്ച 1141 അപേക്ഷയിൽ 145 പേർക്ക് SDRF വിഹിതവും 6 പേർക്ക് സംസ്ഥാന വിഹിതവും നൽകാൻ ബാക്കിയുണ്ട്. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മണ്ണ് സംരക്ഷണ പ്രവൃത്തികളുടെ ഡി.എസ്.ആർ. നിരക്ക്

100 (1640) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ്. ഇരുപത്തിരണ്ടാം പദ്ധതി പ്രകാരമുള്ള മണ്ണ് സംരക്ഷണ പ്രവൃത്തികളുടെ നിരക്ക് ഡി.എസ്.ആർ. 2016 പ്രകാരമായതിനാൽ ചെറുകിട നാമമാത്ര

കർഷകർക്കും കൺവീനർമാർക്കും പ്രസ്തുത പ്രവൃത്തികൾ സാമ്പത്തിക ബാധ്യതയുണ്ടാക്കുന്ന എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) പൊതുമരാമത്ത് പ്രവൃത്തികളുടെ നിരക്ക് ഡി.എസ്.ആർ. 2018 പ്രകാരം പുതുക്കി നൽകിയിട്ടുള്ളതിനാൽ ആർ.ഐ.ഡി.എഫ്. ഇരുപത്തിരണ്ടാം പദ്ധതിയുടെ നിരക്ക് പുതുക്കി നിശ്ചയിക്കാൻ കഴിയുമോ എന്ന വ്യക്തമാക്കുമോ?

ആർ.ഐ.ഡി.എഫ്-XXII-ൽ ഉൾപ്പെട്ട പദ്ധതികൾക്ക് 2016-17 സാമ്പത്തിക വർഷമാണ് ഭരണാനുമതിയും DSoR 2016 പ്രകാരം സാങ്കേതികാനുമതിയും നൽകിയിരുന്നത്. പദ്ധതി പ്രവർത്തനങ്ങൾ ഭരണാനുമതിയും സാങ്കേതികാനുമതിയും പ്രകാരം നിർവ്വഹിക്കുന്നതാണെന്ന് ഗുണഭോക്തൃ കമ്മിറ്റിക്കുവേണ്ടി കൺവീനർ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പുമായി എഗ്രിമെന്റ് ഒപ്പുവയ്ക്കുകയും പദ്ധതി പ്രവർത്തനങ്ങൾ ഏകദേശം 66 ശതമാനത്തോളം പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. നബാർഡ് മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഒരു പദ്ധതിക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞാൽ ആ തീയതി മുതൽ രണ്ട് വർഷത്തിനുള്ളിൽ എസ്റ്റിമേറ്റ് തുകയിൽ വരുത്തുന്ന മാറ്റം

നബാർഡ് അംഗീകരിക്കുന്നതാണ്. എന്നാൽ 2016-17 സാമ്പത്തിക വർഷം അനുമതി നൽകിയ ആർ.ഐ.ഡി.എഫ്-XXII-ലെ പദ്ധതികൾക്ക് അഞ്ച് വർഷത്തിനുശേഷം 15.08.2021 മുതൽ പ്രാബല്യത്തിൽ വന്ന DSoR 2018 പ്രകാരം നിരക്ക് പുതുക്കണമെന്ന ആവശ്യം പരിഗണനാർഹമല്ല.

പരമ്പരാഗത കൃഷിയിലൂടെ അട്ടപ്പാടിയിലെ ആദിവാസി ജനതയുടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കൽ

101 (1641) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആദിവാസി ജനതയുടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും അവരുടെ ഭക്ഷ്യാവശ്യങ്ങൾ നിറവേറ്റുന്നതിനുമായി അവരെ പരമ്പരാഗതമായ കൃഷിയിലേയ്ക്ക് തിരികെക്കൊണ്ടുവരാൻ സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാമെന്നും ആയതിൽ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമെന്നും വിശദീകരിക്കാമോ; ഇത് വിജയകരമായിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

അട്ടപ്പാടിയിലെ ആദിവാസി ജനതയുടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും അവരുടെ ഭക്ഷ്യാവശ്യങ്ങൾ നിറവേറ്റുന്നതിനുമായി അവരെ പരമ്പരാഗതമായ കൃഷിയിലേയ്ക്ക് തിരികെക്കൊണ്ടുവരാൻ സർക്കാർ പ്രഖ്യാപിച്ച പദ്ധതികളാണ് അട്ടപ്പാടി ചെറുധാന്യ ഗ്രാമം പദ്ധതി, അട്ടപ്പാടി

ഗോത്രവർഗ്ഗങ്ങൾക്കായുള്ള സമഗ്ര സുസ്ഥിര കാർഷിക വികസന പദ്ധതി എന്നിവ. പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ ആദിവാസി വിഭാഗക്കാരുടെ പരമ്പരാഗത കൃഷി പുനഃസ്ഥാപിക്കുന്നതിന്റെ ഭാഗമായി 2017-18 വർഷം അഗളി ബ്ലോക്കിലെ അഗളി, ഷോളയൂർ, പുതൂർ എന്നീ പഞ്ചായത്തുകളിലായി നടപ്പിലാക്കിയ പ്രത്യേക പദ്ധതിയാണ് അട്ടപ്പാടി ചെറുധാന്യ ഗ്രാമം പദ്ധതി. അട്ടപ്പാടിയിലെ 70 ഊരുകളിൽ പരമ്പരാഗത കാർഷികവിളകളായ ചെറുധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ തുടങ്ങിയവയുടെയും കർഷകർക്ക് അധിക വരുമാനത്തിനായി പച്ചക്കറികളും സൂപ്പർഫുഡായ 'ചിയ' തുടങ്ങിയ വിളകളുടെയും കൃഷി 1240 ഹെക്ടർ സ്ഥലത്ത് വ്യാപിപ്പിച്ചു. 1014 കർഷകരെ പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ കഴിഞ്ഞു.

<u>ജൈവ സർട്ടിഫിക്കേഷൻ</u>:- പദ്ധതിയുടെ ഭാഗമായി ജൈവ സർട്ടിഫിക്കേഷൻ നടപ്പിലാക്കിവരുന്നു. പദ്ധതിപ്രകാരം പൂർണ്ണമായും ജൈവരീതിയിൽ കൃഷിചെയ്ത 40 ഊരുകളിൽ 926 കർഷകർക്ക് ജൈവസർട്ടിഫിക്കേഷൻ ലഭിച്ചു.

<u>ഭൗമസൂചിക നിർണ്ണയം</u>:- അട്ടപ്പാടിയിലെ തനത് ഇനങ്ങളായ ആട്ടുകൊമ്പ്, അവര, അട്ടപ്പാടി തുവര എന്നിവയ്ക്ക് ഭൗമസൂചിക ലഭിക്കുന്നതിനുള്ള

പ്രവർത്തനങ്ങൾ കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ പുരോഗമിക്കുന്നു.

<u>തേനീച്ച വേലി</u>:- കട്ടേക്കാട് എന്ന മാതൃകാ ഊരിൽ 400 മീറ്റർ തേനീച്ച വേലി നിർമ്മിച്ചു.

<u>മാതൃകാ ഊര് വികസനം</u>:- അട്ടപ്പാടിയിലെ മാതൃകാ ഊരുകളായ മേലെപരപ്പൻതറ, കട്ടേക്കാട്, മേലെസമ്പാർകോട്, കുറുക്കത്തിക്കല്ല്, വീട്ടിയൂർ എന്നീ 5 ഊരുകളിൽ കാർഷിക പ്രവർത്തനങ്ങൾ, ജലസേചനസൗകര്യം അടക്കമുള്ള അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നടീൽ വസ്തുക്കൾ, കാർഷികോപകരണങ്ങൾ, ധാന്യസംഭരണി എന്നിവയുടെ വിതരണം, ഡ്രൈയിംഗ് യാർഡ് സ്ഥാപിക്കൽ, തേനീച്ച വളർത്തൽ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. മേലെസമ്പാർകോട്, മേലെപരപ്പൻതറ എന്നിവിടങ്ങളിലെ ജലസേചന പദ്ധതികളും പൂർത്തിയാക്കിയിട്ടുണ്ട്.

<u>മൂല്യവർദ്ധിത ഉല്പാദന യൂണിറ്റ്</u>:- ചെറുധാന്യ ഗ്രാമപദ്ധതിയുടെ കീഴിൽ ഉത്പാദിപ്പിച്ച ചെറുധാന്യങ്ങൾ കർഷകരുടെ ഉപയോഗം കഴിഞ്ഞ് ശേഷിച്ചവ കോയമ്പത്തൂർ കാർഷിക വിജ്ഞാന കേന്ദ്രത്തിന്റെ സഹായത്തോടെ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റി വിപണനം

ചെയ്തുവരുന്നു. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി 2020-21 മുതൽ 3 വർഷത്തെ കാലയളവിലേയ്ക്ക് റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി അട്ടപ്പാടി ഗോത്രവർഗ്ഗങ്ങൾക്കായുള്ള സമഗ്ര സുസ്ഥിര കാർഷിക വികസന പദ്ധതി (Comprehensive and Sustainable Agricultural Development Programme for Attapadi Tribes) നടപ്പിലാക്കിവരുന്നു. ഈ പദ്ധതിപ്രകാരം 70 ആദിവാസി ഊരുകളിൽ 1642.50 ഹെക്ടർ സ്ഥലത്ത് ചെറുധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ, പച്ചക്കറി, സൂപ്പർ ഫുഡ് 'ചിയ' തുടങ്ങിയവ കൃഷി ചെയ്തിട്ടുണ്ട്.

<u>തേനീച്ച വേലി</u>:- വല്ലവട്ടി ഊരിൽ 1520 മീറ്റർ നീളത്തിലും വരഗംപാടി ഊരിൽ 1000 മീറ്റർ നീളത്തിലും തേനീച്ച വേലി നിർമ്മിച്ചു.

<u>ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ</u>:- ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. മിനി സംസ്കരണശാല സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടക്കുന്നുണ്ട്.

<u>ജൈവസർട്ടിഫിക്കേഷൻ</u>:- 70 ഊരുകളിലെ 40 ഊരുകളിൽ ജൈവസർട്ടിഫിക്കേഷൻ ചെറുധാന്യ ഗ്രാമം പദ്ധതിയിൽ പൂർത്തിയാക്കി. ശേഷിക്കുന്ന 30 ഊരുകളിലെ 392 കർഷകരുടെ കൃഷിയിടങ്ങൾക്ക്

ജൈവസർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള പ്രവർത്തനം RKI പദ്ധതിയിൽ പുരോഗമിക്കുന്നു.

(ബി) ആദിവാസികൾക്ക് തനതു വിളകളായ ചോളം, റാഗി, ചാമ, പരുത്തി തുടങ്ങിയവയുടെ വിത്തുകൾ കൃഷി വകുപ്പിൽനിന്നും സൗജന്യമായി നൽകുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

അട്ടപ്പാടി ചെറുധാന്യഗ്രാമം പദ്ധതി, അട്ടപ്പാടി ഗോത്രവർഗ്ഗങ്ങൾക്കായുള്ള സമഗ്ര സുസ്ഥിര കാർഷികവികസന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ചെറുധാന്യങ്ങളായ റാഗി, ചാമ എന്നിവയുടെ വിത്തുകൾ സൗജന്യമായി നൽകിയിട്ടുണ്ട്.

## ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ രൂപീകരണം

102(1642)ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡലാടിസ്ഥാനത്തിൽ ഫാർമർ പ്രോഡ്യൂസർ ഓർഗനൈസേഷൻ (എഫ്.പി.ഒ.) രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഇപ്പോൾ പരിഗണനയിലില്ല.

(ബി) കമ്പനി ആക്ട് അനുസരിച്ച് സംസ്ഥാന ഗവൺമെന്റിന്റെ നേതൃത്വത്തിൽ രൂപീകരിക്കുന്ന പ്രസ്തുത എഫ്.പി.ഒ. വഴി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ബാധകമല്ല.

കുളങ്ങൾ കാർഷികാവശ്യങ്ങൾക്കായി നവീകരിക്കാൻ പദ്ധതി

103 (1643) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗ്രാമപഞ്ചായത്തുകളിലെ കുളങ്ങൾ കാർഷികാവശ്യങ്ങൾക്കായി ഉപയോഗയോഗ്യമാക്കുന്ന പദ്ധതി പ്രകാരം കുളങ്ങൾ നവീകരിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിൽ ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെങ്കിലും കുളം അതിൽ ഉൾപ്പെട്ടിട്ടുണ്ടോ;

&

(സി) ഭരണാനുമതി നൽകിയിട്ടില്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കുളങ്ങൾ കാർഷികാവശ്യങ്ങൾക്കായി ഉപയോഗയോഗ്യമാക്കുന്ന പദ്ധതിപ്രകാരം ഗ്രാമപഞ്ചായത്തുകളിലെ കുളങ്ങൾ നവീകരിക്കുന്നതിനായി കൃഷി വകുപ്പിന്റെ പ്ലാൻ സ്കീം 2021-22 പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ ചേർക്കുന്ന രണ്ട് പ്രവൃത്തികൾക്ക് 2.7.2021-ലെ ജി.ഒ.(ആർ.റ്റി)നം.553/2021/അഗ്രി പ്രകാരം കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി പഞ്ചായത്ത് 3-ാം വാർഡിലെ പള്ളിക്കുളത്തിന്റെ നവീകരണം.

2. കോഴിക്കോട് ജില്ലയിലെ തൂണേരി പഞ്ചായത്തിലെ ചെറുവട്ടായി ശ്രീമഹാവിഷ്ണു ക്ഷേത്രക്കുളത്തിന്റെ നവീകരണം.

ഭരണാനുമതി നൽകിയവയിൽ ഒറ്റപ്പാലം മണ്ഡലത്തിലെ കുളങ്ങൾ ഉൾപ്പെട്ടിട്ടില്ല.

## തിരുവനന്തപുരം ജില്ലയിലെ അഗ്രോ സർവ്വീസ് സെന്ററുകൾ

104 (1644) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ 2021-22 സാമ്പത്തിക വർഷത്തിൽ അഗ്രോ സർവ്വീസ് സെന്റർ ആരംഭിക്കുന്നതിന് കൃഷി വകുപ്പ് ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

അനുവദിച്ചിട്ടില്ല.

(ബി) ഏതൊക്കെ ബ്ലോക്ക് പഞ്ചായത്തുകളിലാണ് പുതിയ അഗ്രോ സർവ്വീസ് കേന്ദ്രങ്ങൾ അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് എട്ട് ബ്ലോക്ക് പഞ്ചായത്തുകളിലാണ് കൃഷിശ്രീ സെന്ററുകൾ (അഗ്രോ സർവ്വീസ് കേന്ദ്രങ്ങൾ) അനുവദിച്ചിട്ടുള്ളത്. അവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | ബ്ലോക്ക് |
|---|---|---|
| 1 | കൊല്ലം | ഇരവിപുരം |
| 2 | കൊല്ലം | കൊട്ടാരക്കര |
| 3 | എറണാകുളം | പറവൂർ |
| 4 | തൃശ്ശൂർ | ചേർപ്പ് |
| 5 | പാലക്കാട് | ചിറ്റൂർ |
| 6 | മലപ്പുറം | പരപ്പങ്ങാടി |
| 7 | കണ്ണൂർ | ഇരിക്കൂർ |
| 8 | കാസർഗോഡ് | കാസർഗോഡ് |

## കാർഷികമേഖലയിൽ പുതിയ വ്യവസായ സംരംഭങ്ങൾക്കായി പദ്ധതികൾ

105 (1645) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലഘട്ടത്തിൽ തൊഴിൽ നഷ്ടപ്പെട്ടവർ കാർഷികമേഖലയിലും അനുബന്ധമേഖലയിലും പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ തല്പരരാകുന്ന സാഹചര്യത്തിൽ കൃഷി വകുപ്പ് ഇതിനായി പുതിയ പദ്ധതികൾ എന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

കോവിഡ് കാലഘട്ടത്തിൽ തൊഴിൽ നഷ്ടപ്പെട്ട പ്രവാസികൾ ഉൾപ്പെടെയുള്ളവർക്ക് കാർഷികമേഖലയിലും അനുബന്ധമേഖലയിലും പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും കാർഷികോത്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സഹകരണ വകുപ്പിന്റെ സഹായത്തോടെ ആരംഭിക്കുന്ന സംഭരണ-സംസ്കരണ യൂണിറ്റുകൾ തുടങ്ങുവാനും അർഹരാണ്. സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കും ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ

രൂപീകരിക്കൽ എന്നിവയുമായി ബന്ധപ്പെട്ടും സംരംഭകർക്ക് പങ്കാളികളാകാവുന്നതാണ്. കൂടാതെ മാർക്കറ്റിംഗ് മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനങ്ങൾ, സ്റ്റാർട്ടപ്പുകൾ, കർഷക കൂട്ടായ്മകൾ എന്നിവ വഴിയും സംരംഭകർ കാർഷിക മേഖലയിൽ പങ്കാളികളാവുന്നതാണ്. സംരംഭകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് എസ്.എഫ്.എ.സി വഴി നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ വർഷം മുതൽ കർഷകരുടെ കൂട്ടായ്മകൾ സംഘടിപ്പിച്ച് കർഷകരെ ഉല്പാദനം, സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം തുടങ്ങിയ എല്ലാ വളർച്ചാ ഘട്ടങ്ങളിലും സഹായിക്കുവാൻ കേരളത്തിൽ കർഷക ഉത്പാദക സംഘടനകൾ ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. 50 പുതിയ FPO-കൾ രൂപീകരിക്കുന്നതിനും നിലവിലുള്ള 50 FPO-കൾ ശാക്തീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ വി.എഫ്.പി.സി.കെ. മുഖേന ഉല്പന്നങ്ങൾ അടിസ്ഥാനമാക്കി 38 എഫ്.പി.ഒ-കൾ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. എസ്.എഫ്.എ.സി. കേരള,

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വി.എഫ്.പി.സി.കെ എന്നീ സ്ഥാപനങ്ങൾ മുഖേനയാണ് FPO-കൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. ഇതുവഴി കാർഷിക മേഖലയിലെ മൂല്യവർദ്ധനവിനും തദ്വാര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. സഹകരണ വകുപ്പുമായി ചേർന്ന് ഭക്ഷ്യോല്പന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ, കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ/വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കൻഡറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ, ഇൻക്യുബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നിവയും ഈ വർഷം സഹകരണ വകുപ്പിന്റെ പങ്കാളിത്തത്തോടെ കൃഷി വകുപ്പ് നടപ്പിലാക്കുന്നു. ഇതിലൂടെയും സംരംഭകർക്ക് പങ്കാളികളാകാവുന്നതാണ്. കാർഷിക മേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KIIFB-യുടെ സാമ്പത്തിക സഹായത്തോടെ 5 അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പാർക്കുകൾ സ്ഥാപിതമാകുമ്പോൾ സംരംഭകർക്ക് മേൽ പദ്ധതികളിൽ ഭാഗമാകാവുന്നതാണ്.

(ബി) ഇത്തരത്തിൽ കാർഷിക-അനുബന്ധ മേഖലയിലേയ്ക്ക് കടന്നുവരുന്ന പുതിയ സംരംഭകരുടെ സംശയനിവാരണത്തിനായി ഒരു കോൾ സെന്റർ ആരംഭിക്കാൻ ആലോചിക്കുന്നുണ്ടോ; വെളിപ്പെടുത്താമോ?

കാർഷിക-അനുബന്ധ മേഖലയിലേയ്ക്ക് കടന്നുവരുന്ന പുതിയ സംരംഭകർക്കായും കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് സംശയനിവാരണത്തിനായും 1800-425-1661 എന്ന നമ്പറിൽ കാൾ സെന്റർ പ്രവർത്തിക്കുന്നുണ്ട്.

വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ് സ്ഥാപിക്കുന്നതിന് നടപടി

106 (1646) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിൽ അയ്യമ്പിള്ളി കനാലിനും രാമവർമ്മ കനാലിനും കുറുകെ 50 എച്ച്.പി-യുടെ വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ് സ്ഥാപിക്കുന്നതിനായി സമർപ്പിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

RKVY പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പദ്ധതി നടപ്പിലാക്കുന്നതിന് വിശദമായ പദ്ധതി രേഖ എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസറിൽ

നിന്നും കൃഷി ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. 7.3.2022-ൽ ആലപ്പുഴ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി അസിസ്റ്റന്റ് എഞ്ചിനീയർ, കൃഷി ഓഫീസർ എന്നിവർ ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിനായി സ്ഥലപരിശോധന നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

RKVY പദ്ധതിയിൽ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കുന്നതായിരിക്കും.

തോട്ട-നാണ്യവിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ നടപടി

107 (1647) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോട്ടവിളകളുടെയും നാണ്യവിളകളുടെയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ നടപ്പിലാക്കിയത്; വിശദമാക്കാമോ?

സംസ്ഥാനത്ത് നാണ്യവിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി സുഗന്ധവ്യഞ്ജനവിള വികസനം, വയനാട് ജില്ലയിലെ കാർഷിക മേഖലയുടെ പുനരുജ്ജീവനം എന്നീ പദ്ധതികളും

തോട്ടവിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി നാളികേര വികസന പദ്ധതിയുമാണ് കൃഷി വകുപ്പ് മുഖേന കഴിഞ്ഞ 5 വർഷമായി നടപ്പിലാക്കിവരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സുഗന്ധവ്യഞ്ജന വിളകളുടെ വികസന പദ്ധതി:- സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സുഗന്ധവ്യഞ്ജന വിളകളായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പൂ എന്നീ വിളകളുടെ വികസനത്തിനായാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഈ വിളകളുടെ വിസ്തൃതി വ്യാപനം, നിലവിലുള്ള തോട്ടങ്ങളുടെ പുനരുജ്ജീവനം, കുരുമുളകിന്റെ വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിക്കൽ എന്നീ ഘടകങ്ങൾ ഈ പദ്ധതിയിൽകൂടി നടപ്പിലാക്കി ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ മറ്റൊരു ഘടകമായ ഇടുക്കി ജില്ലയ്ക്കുള്ള സമഗ്ര കുരുമുളക് വികസനം പ്രകാരം കുരുമുളക് കൃഷി കൂടുതൽ പ്രദേശത്തേയ്ക്ക് വ്യാപിപ്പിക്കൽ, കർഷകർ വികസിപ്പിച്ചെടുത്ത ഇനങ്ങളുടെ പ്രദർശനത്തോട്ടം സ്ഥാപിക്കൽ, സോയിൽ അമീലിയോറൻസ് (soil ameliorants) വിതരണം, ദ്രുതവാട്ടത്തിനെതിരെ അഗ്രോ സർവ്വീസ് സെന്റർ മുഖേന പ്രൊഫൈലാറ്റിക് സ്പ്രേയിംഗ്, കുരുമുളക് സമിതികളുടെ പുനരുജ്ജീവനം എന്നീ ഘടകങ്ങൾ നടപ്പിലാക്കി ആനുകൂല്യങ്ങൾ കർഷകർക്ക് കഴിഞ്ഞ 5 വർഷമായി നൽകിവരുന്നു. സുഗന്ധവ്യഞ്ജന വിള

വികസന പദ്ധതിക്കായി കഴിഞ്ഞ 5 വർഷക്കാലം ചെലവാക്കിയ തുകയുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു.+

2. വയനാട് ജില്ലയുടെ കാർഷിക മേഖലയുടെ പുനരുജ്ജീവനം പദ്ധതിക്കായി കഴിഞ്ഞ 5 വർഷം ചെലവാക്കിയ തുകയുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു.+ സംസ്ഥാനത്ത് നാണ്യവിളകളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി സുഗന്ധവ്യഞ്ജനവിള വികസനം, വയനാട് ജില്ലയിലെ കാർഷിക മേഖലയുടെ പുനരുജ്ജീവനം എന്നീ പദ്ധതികളും തോട്ടവിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി നാളികേര വികസന പദ്ധതിയുമാണ് കൃഷി വകുപ്പ് മുഖേന കഴിഞ്ഞ 5 വർഷമായി നടപ്പിലാക്കിവരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സുഗന്ധവ്യഞ്ജന വിളകളുടെ വികസന പദ്ധതി:- സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സുഗന്ധവ്യഞ്ജന വിളകളായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പൂ എന്നീ വിളകളുടെ വികസനത്തിനായാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഈ വിളകളുടെ വിസ്തൃതി വ്യാപനം നിലവിലുള്ള തോട്ടങ്ങളുടെ പുനരുജ്ജീവനം, കുരുമുളകിന്റെ വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിക്കൽ എന്നീ ഘടകങ്ങൾ ഈ പദ്ധതിയിൽകൂടി നടപ്പിലാക്കി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ മറ്റൊരു ഘടകമായ ഇടുക്കി ജില്ലയ്ക്കുള്ള സമഗ്ര കുരുമുളക് വികസനം പ്രകാരം കുരുമുളക് കൃഷി കൂടുതൽ പ്രദേശത്തേയ്ക്ക് വ്യാപിപ്പിക്കൽ, കർഷകർ വികസിപ്പിച്ചെടുത്ത ഇനങ്ങളുടെ പ്രദർശനത്തോട്ടം സ്ഥാപിക്കൽ, സോയിൽ അമീലിയോറൻസ് (soil ameliorants) വിതരണം, ദ്രുതവാട്ടത്തിനെതിരെ അഗ്രോ സർവ്വീസ് സെന്റർ മുഖേന പ്രൊഫൈലാറ്റിക് സ്പ്രേയിംഗ്, കുരുമുളക് സമിതികളുടെ പുനരുജ്ജീവനം എന്നീ ഘടകങ്ങൾ നടപ്പിലാക്കി ആനുകൂല്യങ്ങൾ കർഷകർക്ക് കഴിഞ്ഞ 5 വർഷമായി നൽകിവരുന്നു. സുഗന്ധവ്യഞ്ജന വിള വികസന പദ്ധതിക്കായി കഴിഞ്ഞ 5 വർഷക്കാലം ചെലവാക്കിയ തുകയുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു.+

3. <u>നാളികേര വികസന പദ്ധതികൾ:</u> നാളികേര കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തെങ്ങിൻതോട്ടങ്ങളിൽ മെച്ചപ്പെട്ട കൃഷി പരിപാലനം, ഇടവിള കൃഷി, സമ്മിശ്ര കൃഷി എന്നിവയിലൂടെ ആദായം പരമാവധി വർദ്ധിപ്പിക്കുന്നതിനും ശാസ്ത്രീയ പരിപാലനമുറകളിലൂടെയും രോഗ-കീടനിയന്ത്രണങ്ങളിലൂടെയും നാളികേര ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും നാളികേര വികസന പദ്ധതി കൃഷി വകുപ്പ് നടപ്പാക്കിവരുന്നു. തേങ്ങയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായംചെന്നതുമായ തെങ്ങുകൾ മുറിച്ചുമാറ്റി പുതിയ തൈകൾ, പ്രത്യേകിച്ച് ഉയരം കുറഞ്ഞതും സങ്കരയിനത്തിലുമുള്ളവ നടുക, സംയോജിത വളപ്രയോഗം, തെങ്ങിൻതോപ്പുകളിൽ ഇടവിള കൃഷി, ജലസേചന സൗകര്യമൊരുക്കൽ, ഗുണമേൻമയുള്ള തൈകൾ ലഭ്യമാക്കുക, നാളികേരത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനം എന്നിവ ലക്ഷ്യമിട്ട് 250 ഹെക്ടർ തുടർച്ചയായി തെങ്ങ് കൃഷിയുള്ള പ്രദേശത്ത് കേരഗ്രാമം പദ്ധതി നടപ്പാക്കിവരുന്നു. കുമ്മായം, സൂക്ഷ്മമൂലകങ്ങൾ എന്നിവയുടെ ഉപയോഗവും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രോത്സാഹിപ്പിച്ചുവരുന്നു. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി കേരസമിതിയുടെ രജിസ്ട്രേഷൻ, പരിശീലന പരിപാടി എന്നിവയ്ക്കായി കൃഷി ഭവനുകൾക്ക് സഹായവും പദ്ധതിയിലൂടെ നൽകിവരുന്നു. കേരഗ്രാമം പദ്ധതിയിലൂടെ കർഷകർക്ക് 3 വർഷത്തെ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. കേരഗ്രാമം പദ്ധതിയുടെ രണ്ടാം വർഷം തെങ്ങിൻപുരയിടത്തിന്റെ തുടർ പരിപാലനത്തിനായി സംയോജിത പരിചരണമുറകൾക്ക് പ്രോത്സാഹനം നൽകുന്നു. കേരഗ്രാമം പദ്ധതിയുടെ മൂന്നാം വർഷം ജൈവവളം, രാസവളം എന്നിവ തെങ്ങിൻതോപ്പുകളിൽ പ്രയോഗിക്കുന്നതിനും പ്രോത്സാഹനം നൽകുന്നു. ഉയരംകൂടിയ

തെങ്ങിനങ്ങളുടെ കൃഷി ക്രമേണ കുറച്ചുകൊണ്ടുവരുന്നത് ലക്ഷ്യമിട്ട് ഉല്പാദനക്ഷമത ഇല്ലാത്തതും പ്രായംചെന്നതും രോഗം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി കരിക്കിനും കൊപ്രയ്ക്കും അനുയോജ്യമായ കുറിയ ഇനം തെങ്ങുകൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും പ്രോത്സാഹനം നൽകിവരുന്നു. ഉയർന്ന ഉല്പാദനക്ഷമതയുള്ള കുറിയയിനം തെങ്ങുകളുടെ 0.2 ഹെക്ടർ വീതമുള്ള മാതൃകാ പ്രദർശന തോട്ടങ്ങൾ സ്ഥാപിച്ച് കർഷകർക്ക് അവബോധം നൽകുന്നതിനും നാളികേര വികസന പദ്ധതിയിലൂടെ കൃഷി വകുപ്പ് നടപടികൾ കൈകൊണ്ടുവരുന്നു. നാളികേര വികസനത്തിന് പദ്ധതിയധിഷ്ഠിത സഹായം നൽകുന്നതിലൂടെ പരിസ്ഥിതി സൗഹൃദമായ നൂതന ആശയങ്ങൾ വികസിപ്പിക്കുന്നതിനും നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. നാളികേരത്തിന്റേയും വെളിച്ചെണ്ണ ഉൾപ്പെടെയുള്ള ഉല്പന്നങ്ങളുടേയും ഗുണങ്ങൾ പ്രചരിപ്പിക്കുന്നതിനും അവയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരികയാണ്. സംയോജിത കീടരോഗ നിയന്ത്രണ പരിപാടികൾ സംഘടിപ്പിച്ച് പ്രധാന കീടരോഗങ്ങളെ പ്രതിരോധിക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി ക്യാമ്പയിനുകൾ നടപ്പിലാക്കി വരുന്നു.

ഇതിനുപുറമേ, 2018 മുതൽ 2028 വരെയുള്ള 10 വർഷകാലത്തെ വികസന കാഴ്ചപ്പാടോടെ നാളികേര കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനായുള്ള ഒരു ബൃഹദ് പദ്ധതി നാളികേര വികസന കൗൺസിൽ രൂപീകരിച്ചുകൊണ്ട് കൃഷി വകുപ്പ് നടപ്പാക്കി വരികയാണ്. പുതിയ തെങ്ങിൻ തൈകൾ വാർഡ് ഒന്നിന് 75 എണ്ണം വീതമെങ്കിലും നട്ടുകൊണ്ട് തെങ്ങുകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും മെച്ചപ്പെട്ട പരിപാലനമുറകളിലൂടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. നാളികേര വികസന കൗൺസിൽ പദ്ധതികളിലൂടെ കേരള കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം എന്നിവയുടെ പ്രവർത്തനവും നാളികേര കൃഷിയുടെ വിസ്തൃതി, ഉല്പാദനം, ഉല്പാദനക്ഷമത എന്നിവയും വർദ്ധിപ്പിക്കുന്നതിനായി കൃഷി വകുപ്പ് ഏകോപിപ്പിച്ചു വരുന്നു. നാളികേര കർഷകർക്ക് ശാസ്ത്രീയ കൃഷിരീതികളിലൂടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പരിശീലന പരിപാടികളും കൃഷിഭവനുകൾ മുഖേന നൽകിവരുന്നുണ്ട്. കഴിഞ്ഞ അഞ്ച് വർഷം നാളികേര കൃഷി വികസനത്തിനായി ചിലവാക്കിയ തുക വർഷം തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നാളികേരത്തിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിലേയ്ക്ക് പുതിയ ശിപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; അതിന് കേന്ദ്ര സർക്കാരിൽ നിന്നും മറുപടി ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

ഇല്ല.

(സി) നാളികേരം ഒഴികെയുള്ള നാണ്യവിളകളുടെയും തോട്ടവിളകളുടെയും സമഗ്രവികസനത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കാമോ?

സംസ്ഥാനത്ത് നാണ്യവിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി സുഗന്ധവ്യഞ്ജനവിള വികസനം, വയനാട് ജില്ലയിലെ കാർഷിക മേഖലയുടെ പുനരുജ്ജീവനം എന്നീ പദ്ധതികളും തോട്ടവിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി നാളികേര വികസന പദ്ധതിയുമാണ് കൃഷി വകുപ്പ് മുഖേന കഴിഞ്ഞ 5 വർഷമായി നടപ്പിലാക്കിവരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സുഗന്ധവ്യഞ്ജന വിളകളുടെ വികസന പദ്ധതി:- സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സുഗന്ധവ്യഞ്ജന വിളകളായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പൂ എന്നീ വിളകളുടെ വികസനത്തിനായാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഈ വിളകളുടെ വിസ്തൃതി വ്യാപനം നിലവിലുള്ള

തോട്ടങ്ങളുടെ പുനരുജ്ജീവനം, കുരുമുളകിന്റെ വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിക്കൽ എന്നീ ഘടകങ്ങൾ ഈ പദ്ധതിയിൽക്കൂടി നടപ്പിലാക്കി ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ മറ്റൊരു ഘടകമായ ഇടുക്കി ജില്ലയ്ക്കുള്ള സമഗ്ര കുരുമുളക് വികസനം പ്രകാരം കുരുമുളക് കൃഷി കൂടുതൽ പ്രദേശത്തേയ്ക്ക് വ്യാപിപ്പിക്കൽ, കർഷകർ വികസിപ്പിച്ചെടുത്ത ഇനങ്ങളുടെ പ്രദർശനത്തോട്ടം സ്ഥാപിക്കൽ, സോയിൽ അമീലിയോറൻസ് (soil ameliorants) വിതരണം, ദ്രുതവാട്ടത്തിനെതിരെ അഗ്രോ സർവ്വീസ് സെന്റർ മുഖേന പ്രൊഫൈലാറ്റിക് സ്പ്രേയിംഗ്, കുരുമുളക് സമിതികളുടെ പുനരുജ്ജീവനം എന്നീ ഘടകങ്ങൾ നടപ്പിലാക്കി ആനുകൂല്യങ്ങൾ കർഷകർക്ക് കഴിഞ്ഞ 5 വർഷമായി നൽകിവരുന്നു. സുഗന്ധവ്യഞ്ജന വിള വികസന പദ്ധതിക്കായി കഴിഞ്ഞ 5 വർഷക്കാലം ചെലവാക്കിയ തുകയുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു+

2. വയനാട് ജില്ലയുടെ കാർഷിക മേഖലയുടെ പുനരുജ്ജീവനം പദ്ധതിക്കായി കഴിഞ്ഞ 5 വർഷം ചെലവാക്കിയ തുകയുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു+ സംസ്ഥാനത്ത് നാണ്യവിളകളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി സുഗന്ധവ്യഞ്ജനവിള വികസനം,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വയനാട് ജില്ലയിലെ കാർഷിക മേഖലയുടെ പുനരുജ്ജീവനം എന്നീ പദ്ധതികളും തോട്ടവിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി നാളികേര വികസന പദ്ധതിയുമാണ് കൃഷി വകുപ്പ് മുഖേന കഴിഞ്ഞ 5 വർഷമായി നടപ്പിലാക്കിവരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1. <u>സുഗന്ധവ്യഞ്ജന വിളകളുടെ വികസന പദ്ധതി</u>:- സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സുഗന്ധവ്യഞ്ജന വിളകളായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പൂ എന്നീ വിളകളുടെ വികസനത്തിനായാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഈ വിളകളുടെ വിസ്തൃതിവ്യാപനം, നിലവിലുള്ള തോട്ടങ്ങളുടെ പുനരുജ്ജീവനം, കുരുമുളകിന്റെ വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിക്കൽ എന്നീ ഘടകങ്ങൾ ഈ പദ്ധതിയിൽക്കൂടി നടപ്പിലാക്കി ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ മറ്റൊരു ഘടകമായ ഇടുക്കി ജില്ലയ്ക്കുള്ള സമഗ്ര കുരുമുളക് വികസനം പ്രകാരം കുരുമുളക് കൃഷി കൂടുതൽ പ്രദേശത്തേയ്ക്ക് വ്യാപിപ്പിക്കൽ, കർഷകർ വികസിപ്പിച്ചെടുത്ത ഇനങ്ങളുടെ പ്രദർശനത്തോട്ടം സ്ഥാപിക്കൽ, സോയിൽ അമീലിയോറൻസ് (soil ameliorants) വിതരണം, ദ്രുതവാട്ടത്തിനെതിരെ അഗ്രോ സർവ്വീസ് സെന്റർ മുഖേന പ്രൊഫൈലാറ്റിക് സ്പ്രേയിംഗ്, കുരുമുളക് സമിതികളുടെ പുനരുജ്ജീവനം എന്നീ ഘടകങ്ങൾ നടപ്പിലാക്കി ആനുകൂല്യങ്ങൾ

കർഷകർക്ക് കഴിഞ്ഞ 5 വർഷമായി നൽകി വരുന്നു. സുഗന്ധവ്യഞ്ജന വിള വികസന പദ്ധതിക്കായി കഴിഞ്ഞ 5 വർഷക്കാലം ചെലവാക്കിയ തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു:

| വർഷം | പദ്ധതി ചെലവ് (ലക്ഷം രൂപ) |
|---|---|
| 2016-17 | 983.26 |
| 2017-18 | 993.67 |
| 2018-19 | 852.63026 |
| 2019-20 | 678.24575 |
| 2020-21 | 983.09 |

2. വയനാട് ജില്ലയുടെ കാർഷിക മേഖലയുടെ പുനരുജ്ജീവനം പദ്ധതിക്കായി കഴിഞ്ഞ 5 വർഷം ചെലവാക്കിയ തുകയുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു+

3. നാളികേര വികസന പദ്ധതികൾ നാളികേര കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തെങ്ങിൻതോട്ടങ്ങളിൽ മെച്ചപ്പെട്ട കൃഷി പരിപാലനം, ഇടവിള കൃഷി, സമ്മിശ്ര കൃഷി എന്നിവയിലൂടെ ആദായം പരമാവധി വർദ്ധിപ്പിക്കുന്നതിനും ശാസ്ത്രീയ പരിപാലനമുറകളിലൂടെയും രോഗ-കീടനിയന്ത്രണങ്ങളിലൂടെയും നാളികേര ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും നാളികേര വികസന പദ്ധതി കൃഷി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പ് നടപ്പാക്കിവരുന്നു. തേങ്ങയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായംചെന്നതുമായ തെങ്ങുകൾ മുറിച്ചുമാറ്റി പുതിയ തൈകൾ, പ്രത്യേകിച്ച് ഉയരം കുറഞ്ഞതും സങ്കരയിനത്തിലുമുള്ളവ നടുക, സംയോജിത വളപ്രയോഗം, തെങ്ങിൻതോപ്പുകളിൽ ഇടവിള കൃഷി, ജലസേചന സൗകര്യങ്ങൾ ഒരുക്കൽ, ഗുണമേൻമയുള്ള തൈകൾ ലഭ്യമാക്കുക, നാളികേരത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനം എന്നിവ ലക്ഷ്യമിട്ട് 250 ഹെക്ടർ തുടർച്ചയായി തെങ്ങുകൃഷിയുള്ള പ്രദേശത്ത് കേരഗ്രാമം പദ്ധതി നടപ്പാക്കിവരുന്നു. കുമ്മായം, സൂക്ഷ്മമൂലകങ്ങൾ എന്നിവയുടെ ഉപയോഗവും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രോത്സാഹിപ്പിച്ചു വരുന്നു. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി കേരസമിതിയുടെ രജിസ്ട്രേഷൻ, പരിശീലന പരിപാടി എന്നിവയ്ക്കായി കൃഷി ഭവനുകൾക്ക് സഹായവും പദ്ധതിയിലൂടെ നൽകിവരുന്നു. കേരഗ്രാമം പദ്ധതിയിലൂടെ കർഷകർക്ക് 3 വർഷത്തെ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. കേരഗ്രാമം പദ്ധതിയുടെ രണ്ടാം വർഷം തെങ്ങിൻ പുരയിടത്തിന്റെ തുടർ പരിപാലനത്തിനായി സംയോജിത പരിചരണമുറകൾക്ക് പ്രോത്സാഹനം നൽകുന്നു. കേരഗ്രാമം പദ്ധതിയുടെ മൂന്നാം വർഷം ജൈവവളം, രാസവളം

എന്നിവ തെങ്ങിൻതോപ്പുകളിൽ പ്രയോഗിക്കുന്നതിനും പ്രോത്സാഹനം നൽകുന്നു. ഉയരംകൂടിയ തെങ്ങിനങ്ങളുടെ കൃഷി ക്രമേണ കുറച്ചുകൊണ്ടുവരുന്നത് ലക്ഷ്യമിട്ട് ഉല്പാദനക്ഷമത ഇല്ലാത്തതും പ്രായം ചെന്നതും രോഗം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി കരിക്കിനും കൊപ്രയ്ക്കും അനുയോജ്യമായ കുറിയ ഇനം തെങ്ങുകൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും പ്രോത്സാഹനം നൽകിവരുന്നു. ഉയർന്ന ഉല്പാദനക്ഷമതയുള്ള കുറിയയിനം തെങ്ങുകളുടെ 0.2 ഹെക്ടർ വീതമുള്ള മാതൃകാ പ്രദർശനതോട്ടങ്ങൾ സ്ഥാപിച്ച് കർഷകർക്ക് അവബോധം നൽകുന്നതിനും നാളികേര വികസന പദ്ധതിയിലൂടെ കൃഷി വകുപ്പ് നടപടികൾ കൈക്കൊണ്ടു വരുന്നു. നാളികേര വികസനത്തിന് പദ്ധതിയധിഷ്ഠിത സഹായം നൽകുന്നതിലൂടെ പരിസ്ഥിതി സൗഹൃദമായ നൂതനാശയങ്ങൾ വികസിപ്പിക്കുന്നതിനും നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. നാളികേരത്തിന്റെയും വെളിച്ചെണ്ണ ഉൾപ്പെടെയുള്ള ഉല്പന്നങ്ങളുടെയും ഗുണങ്ങൾ പ്രചരിപ്പിക്കുന്നതിനും അവയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരികയാണ്. സംയോജിത കീടരോഗ നിയന്ത്രണ പരിപാടികൾ സംഘടിപ്പിച്ച് പ്രധാന കീടരോഗങ്ങളെ പ്രതിരോധിക്കുന്നതിനും

ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി ക്യാമ്പയിനുകൾ നടപ്പിലാക്കി വരുന്നു. ഇതിനുപുറമേ, 2018 മുതൽ 2028 വരെയുള്ള 10 വർഷകാലത്തെ വികസന കാഴ്ചപ്പാടോടെ നാളികേര കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനായുള്ള ഒരു ബൃഹദ് പദ്ധതി നാളികേര വികസന കൗൺസിൽ രൂപീകരിച്ചുകൊണ്ട് കൃഷി വകുപ്പ് നടപ്പാക്കി വരികയാണ്. പുതിയ തെങ്ങിൻ തൈകൾ വാർഡ് ഒന്നിന് 75 എണ്ണം വീതം എങ്കിലും നട്ടുകൊണ്ട് തെങ്ങുകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും മെച്ചപ്പെട്ട പരിപാലനമുറകളിലൂടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. നാളികേര വികസന കൗൺസിൽ പദ്ധതികളിലൂടെ കേരള കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം എന്നിവയുടെ പ്രവർത്തനവും നാളികേര കൃഷിയുടെ വിസ്തൃതി, ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിനായി കൃഷി വകുപ്പ് ഏകോപിപ്പിച്ചുവരുന്നു. നാളികേര കർഷകർക്ക് ശാസ്ത്രീയ കൃഷി രീതികളിലൂടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പരിശീലന പരിപാടികളും കൃഷിഭവനുകൾ മുഖേന നൽകിവരുന്നുണ്ട്. കഴിഞ്ഞ അഞ്ച് വർഷം നാളികേര കൃഷി വികസനത്തിനായി ചിലവാക്കിയ തുക വർഷം തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പയ്യന്നൂർ അഗ്രോ സർവ്വീസ് സെന്റർ

108 (1648) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ അഗ്രോ സർവ്വീസ് സെന്ററിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ?

പയ്യന്നൂർ അഗ്രോ സർവ്വീസ് സെന്ററിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ട് കണ്ണൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ കൃഷി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് ആർ.കെ.വി.വൈ. 2022-23 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി സ്റ്റേറ്റ് ലെവൽ സാംഗ്ഷനിംഗ് കമ്മിറ്റിയുടെ അംഗീകാരം നേടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) എങ്കിൽ പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

&

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ആർ.കെ.വി.വൈ. സ്റ്റേറ്റ് ലെവൽ സാംഗ്ഷനിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചെങ്കിൽ മാത്രമേ ഭരണാനുമതി ലഭ്യമാക്കാനാവുകയുള്ളൂ.

## കൃഷി വകുപ്പിന്റെ എൻ.സി.എ 2/302/2021/അഗ്രി. നമ്പർ ഫയലിൽ സ്വീകരിച്ച നടപടി

109 (1649) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വാടാനപ്പള്ളി പഞ്ചായത്തിലെ നടുവിൽക്കരയിൽ ഒരു കളിക്കളം നിർമ്മിക്കുന്നതിനായി നിർദ്ദേശിച്ച ഭൂമി പൊതു ആവശ്യത്തിലേയ്ക്ക് തരം മാറ്റുന്നതുമായി ബന്ധപ്പെട്ട് കൃഷി വകുപ്പിന്റെ പരിഗണനയിലുള്ള എൻ.സി.എ 2/302/2021/അഗ്രി. നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

&

(ബി) പ്രസ്തുത ഭൂമി തരംമാറ്റി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുവേണ്ട സത്വര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തൃശ്ശൂർ സബ് കളക്ടർ സമർപ്പിച്ച റിപ്പോർട്ടിന്മേൽ ജില്ലാ കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധനയ്ക്ക്

വിധേയമാക്കി മാത്രമേ തുടർനടപടികൾ കൈക്കൊള്ളുവാൻ സാധ്യമാകുകയുള്ളൂ.

കാർഷിക മേഖലയിൽ സ്വയംപര്യാപ്തത

110 (1650) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ സ്വയംപര്യാപ്തത ഉറപ്പുവരുത്താൻ എന്തെല്ലാം കാര്യങ്ങൾ ആണ് ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

കാർഷിക മേഖലയുടെ സ്വയംപര്യാപ്തത ഉറപ്പുവരുത്തുവാൻ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് പല പദ്ധതികളും ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. കാർഷികവൃത്തിയുടെയും കൃഷിയുടെയും പുനരുജ്ജീവനത്തിന് ഉൽപ്പാദനം, വിജ്ഞാന വ്യാപനം, പരിശീലനം, യന്ത്രവൽക്കരണം, മൂല്യവർദ്ധനവ്, വിപണനം, കർഷക ക്ഷേമം എന്നീ തലങ്ങളിൽ കർഷകരെ സഹായിക്കുന്നതിന് ചുവടെ ചേർക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

1. ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവയ്ക്കു പുറമെ സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി

വ്യാപിപ്പിക്കുന്നതിനും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ.

2. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുവാനും വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കുവാനും ലക്ഷ്യമിട്ട് പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഇതിനായി ഗുണമേന്മയുള്ള ഉൽപ്പാദനോപാധികൾ ലഭ്യമാക്കുന്നുണ്ട്.

3. പരമ്പരാഗത ഇനങ്ങളും നാടൻ ഇനങ്ങളും സംരക്ഷിക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നു.

4. സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിന് ജൈവ കൃഷിയും ഉത്തമ കാർഷിക മുറകളുടെ പ്രോത്സാഹനത്തിനായും പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

5. കാർഷിക രംഗത്തെ സാങ്കേതികവിദ്യ കർഷകരിൽ എത്തിക്കുന്നതിനുള്ള കാർഷിക വിജ്ഞാന വ്യാപന പദ്ധതി.

6. കർഷകർക്ക് കാർഷിക പാരിസ്ഥിതിക യൂണിറ്റുകളെ സംബന്ധിച്ചും അവയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയ കൃഷിമുറകൾ നടപ്പിലാക്കുന്നതിനെക്കുറിച്ചും ബോധവത്കരണം നൽകുന്നതിനായി

കൃഷിഭവനുകളുടെ കീഴിൽ 'കൃഷി പാഠശാല' എന്ന പേരിൽ പ്രത്യേക പരിശീലന പരിപാടികൾ നടത്തി വരുന്നു.

7. കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും കർഷകരെ ഇത്തരം കാര്യങ്ങളിൽ സഹായിക്കുന്നതിനും കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനവും പദ്ധതി.

8. നെൽപ്പാടങ്ങളുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് കേരളത്തിൽ നെൽ കൃഷി നിലനിർത്തുന്നതിന് വേണ്ടി നെൽകൃഷിയുടെ ഉടമകൾക്ക് റോയൽറ്റി നൽകി വരുന്നു.

9. കോവിഡ് മഹാമാരിയുടെ ആഘാതത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന കർഷകർക്ക് ഒരു കൈത്താങ്ങായാണ് സംസ്ഥാന സർക്കാർ സുഭിക്ഷ കേരളം പദ്ധതി 2020-21 വർഷത്തിൽ നടപ്പിലാക്കിയത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കിയത്. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, സഹകരണം, ജലസേചനം തുടങ്ങിയ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കിയത്. കാർഷിക മേഖലയിൽ തരിശുനില കൃഷി, പച്ചക്കറി കൃഷിയിൽ മഴമറകളുടെ പ്രോത്സാഹനം, സംയോജിത കൃഷി സംവിധാനങ്ങളുടെ (ജൈവഗൃഹം)

പ്രോത്സാഹനം, ഒരു കോടി ഫല വൃക്ഷതൈകൾ നട്ടുവളർത്തൽ, വായ്പാ സൗകര്യം ലഭ്യമാക്കൽ എന്നിവ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി. 2021-22 സാമ്പത്തിക വർഷത്തിൽ സുഭിക്ഷ കേരളം പദ്ധതിയുടെ ഘടകങ്ങൾ മറ്റു പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.

10. കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനാവശ്യമായ പദ്ധതികളും കൃഷി വകുപ്പ് നടപ്പിലാക്കുന്നു.

11. മുഖ്യമന്ത്രിയുടെ സുഭിക്ഷ കേരളം പരിപാടിയുടെ ഭാഗമായി 16 ഇനം പഴങ്ങൾക്കും പച്ചക്കറികൾക്കും 2020 നവംബർ 1 മുതൽ പ്രാബല്യത്തിൽ വരുന്ന അടിസ്ഥാന വില കേരള സർക്കാർ പ്രഖ്യാപിച്ചു. വിലയിടിവ് ഉണ്ടാകുമ്പോഴെല്ലാം കർഷകർക്ക് പ്രഖ്യാപിച്ച അടിസ്ഥാന വില ഉറപ്പാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

12. 2016-17 മുതൽ അഗ്രോ പ്രോസസിംഗിലും മൂല്യവർദ്ധനവിലും അന്താരാഷ്ട്ര വർക്ക്ഷോപ്പായ 'വൈഗ' വിജയകരമായി നടത്തിവരുന്നുണ്ട്. മൂല്യവർദ്ധനവ്, കാർഷിക സംസ്കരണം എന്നീ മേഖലകളിലെ അന്താരാഷ്ട്ര

പ്രശസ്തി നേടിയ വിദഗ്ധരുടെ അറിവുകളും സാങ്കേതിക ഉപദേശങ്ങളും കൃഷിക്കാരിൽ എത്തിക്കുവാനുള്ള ഒരു നല്ല വേദി കൂടിയാണിത്.

(ബി) കാർഷിക മേഖലയുടെ സ്വയംപര്യാപ്തത എന്ന ലക്ഷ്യ സാക്ഷാത്ക്കാരത്തിന് എന്തെല്ലാം തയ്യാറെടുപ്പാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി എല്ലാ ജനങ്ങളെയും കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് "ഞങ്ങളും കൃഷിയിലേയ്ക്ക്". കാർഷിക കൂട്ടായ്മയിലൂടെ ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സുരക്ഷിത ഭക്ഷണം ലഭ്യമാക്കുക, കേരളീയരിൽ കാർഷിക സംസ്കാരം വളർത്തുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന പദ്ധതി വിഭാവന ചെയ്യുന്നത്. ഓരോ പഞ്ചായത്തിലും പത്ത് മുതൽ പതിനഞ്ച് കർഷകർ ഉൾപ്പെടുന്ന പത്തു വീതം കർഷക ഗ്രൂപ്പുകൾ രൂപീകരിച്ച് ഓരോ ഗ്രൂപ്പുകളും ഒരു ഹെക്ടറിൽ കുറയാത്ത സ്ഥലത്ത് പുതുതായി കൃഷി ചെയ്യുന്നതിനായാണ് '10000 കർഷക ഗ്രൂപ്പുകൾ' എന്ന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പച്ചക്കറി കൃഷി, വാഴക്കൃഷി, കിഴങ്ങുവർഗ്ഗ വിളകൾ, പയർവർഗ വിളകൾ, എണ്ണക്കുരുക്കൾ,

ചെറുധാന്യങ്ങൾ എന്നീ കൃഷികളാണ് നടപ്പിലാക്കുന്നത്. കൂടാതെ, സുരക്ഷിത ഭക്ഷണം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സുഭിക്ഷം സുരക്ഷിതം-ഭാരതീയ പ്രകൃതിക് കൃഷി പദ്ധതിയിൽ 10,000 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കായി താലൂക്കുതല ഓഫീസുകൾ

111 (1651) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയെ സ്വയംപര്യാപ്തതയിലെത്തിക്കുന്നതിന്റെ ഭാഗമായി മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ വിപുലീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇതിനായി കൂടുതൽ ഓഫീസുകളും മണ്ണ് പരിശോധനാകേന്ദ്രങ്ങളും ആരംഭിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) എങ്കിൽ എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും മണ്ണ് സംരക്ഷണ ഓഫീസുകളും പരിശോധനാകേന്ദ്രങ്ങളും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഇക്കാര്യം പരിശോധിക്കുന്നതാണ്.

പൂഞ്ഞാർ മണ്ഡലത്തിലെ തകർന്ന കൃഷി ഭൂമികളുടെ സംരക്ഷണം

112 (1652) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ ഇക്കഴിഞ്ഞ പ്രളയത്തിലും ഉരുൾപ്പൊട്ടലിലും തകർന്ന കൃഷിഭൂമി വീണ്ടും കൃഷിയോഗ്യമാക്കുവാൻ സംരക്ഷണ ഭിത്തികളും കല്ല് കയ്യാലകളും നിർമ്മിച്ച് മണ്ണ് സംരക്ഷിക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത സംരക്ഷണ ഭിത്തികളും കല്ല് കയ്യാലകളും നിർമ്മിക്കുന്നതിനായി അടിയന്തരനടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ മണ്ഡലത്തിൽ ഇക്കഴിഞ്ഞ പ്രളയത്തിലും ഉരുൾപ്പൊട്ടലിലും തകർന്ന കൃഷി ഭൂമികൾ വീണ്ടും കൃഷിയോഗ്യമാക്കുന്നത് സംബന്ധിച്ച് കൃഷി

വകുപ്പ് മുഖേന പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് വിഷയം പരിശോധിക്കുന്നതാണ്.

ഓടക്കാലി- പുൽതൈല ഗവേഷണ കേന്ദ്രം

113 (1653) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇഞ്ചിപ്പുൽ കൃഷി വ്യാപനത്തിന് എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ?

OD- 19 എന്ന ഇഞ്ചിപ്പുൽ വിത്തിനത്തിന്റെ ഉൽപ്പാദനവും വിതരണവും കേരള കാർഷിക സർവ്വകലാശാല മുഖേന നടത്തുന്നുണ്ട്.

(ബി) ഓടക്കാലി പുൽതൈല ഗവേഷണ കേന്ദ്രത്തിൽ ജീവനക്കാരുടെ കുറവുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ പരിഗണയിൽ ഉണ്ടോ; വിശദമാക്കുമോ?

ഓടക്കാലി പുൽതൈല ഗവേഷണകേന്ദ്രത്തിൽ നിലവിലുള്ള ഓഫീസ് സ്റ്റാഫിന്റെ തസ്തികകൾ പൂർണ്ണമായും നികത്തുകയും 2019-2021 കാലയളവിൽ കൂടുതൽ അദ്ധ്യാപകരെയും/ശാസ്ത്രജ്ഞരെയും നിയമിക്കുകയും ചെയ്തിട്ടുണ്ട്.

## നാടൻ മാവിനങ്ങളെ സംബന്ധിച്ച് പഠനം

114 (1654) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാടൻ മാവുകളെ സംബന്ധിച്ച് കേരള കാർഷിക സർവ്വകലാശാല പഠനം നടത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ പ്രാദേശികമായി അനുയോജ്യമായ മാവിനങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

പ്രാദേശികമായി അനുയോജ്യമായ മാവിനങ്ങൾ മൂവാണ്ടൻ, വെള്ളായികൊളമ്പൻ, ചന്ദ്രക്കാരൻ, അൽഫോൺസോ, കാലപാടി, നീലം, മുണ്ടപ്പ, പെയറി, ബനേഷാൻ, ആലംപൂർ ബനേഷാൻ, മൽഗോവ, സുവർണ്ണരേഖ, ബംഗ്ലോറ, സിന്ദൂരം, പ്രിയൂർ, HY.45, HY.87, HY. 151 എന്നിവയാണ്.

(സി) സർവ്വകലാശാലയിൽ വില്പനക്കായുള്ള മാവിനങ്ങൾ ഏതൊക്കെയാണെന്ന് വിതരണകേന്ദ്രം ഉൾപ്പെടെ അറിയിക്കാമോ?

സിന്ദൂരം, അൽഫോൺസോ, നീലം, പ്രിയൂർ, സുവർണ്ണരേഖ, നടശാല, ബ്ലാക്ക് അൻഡ്രൂസ്, നാസിക് പസന്ത്, ഇമാം പസന്ത്, ബദാമി, അമൃത്,

ബംഗനപ്പള്ളി, ബംഗ്ലോറ, മുണ്ടപ്പ, കാലപാടി, മല്ലിക, മൂവാണ്ടൻ, ചന്ദ്രക്കാരൻ, ഫിറാംഗിലഡുവ, കോട്ടുകോണം തുടങ്ങിയ ഇനങ്ങൾ സർവ്വകലാശാലയുടെ മണ്ണുത്തി, പട്ടാമ്പി, ആനക്കയം, പടന്നക്കാട്, സദാനന്ദപുരം, വെള്ളായണി, വെള്ളാനിക്കര, പീലിക്കോട് തുടങ്ങിയ ഗവേഷണ കേന്ദ്രങ്ങളിലുള്ള വിൽപ്പന കേന്ദ്രങ്ങളിലൂടെ വിൽപ്പന നടത്തിവരുന്നു.

(ഡി) തെക്കൻ ജില്ലകളിൽ വ്യാപകമായി കണ്ടുവരുന്ന കർപ്പൂരമാവ് ഇനത്തെ കുറിച്ച് പ്രത്യേകമായി പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാർഷിക സർവ്വകലാശാലയുടെ കൊട്ടാരക്കരയിലുള്ള ഗവേഷണ കേന്ദ്രത്തിൽ കർപ്പൂരം മാവിനത്തെ കുറിച്ചുള്ള പഠനം നടത്തിയിട്ടുണ്ട്. 72 മാവുകളിൽ നടത്തിയ പഠനത്തിൽനിന്നും നല്ലയിനം 20 കർപ്പൂരം മാവുകൾ ഗവേഷണ കേന്ദ്രത്തിൽ സംരക്ഷിച്ചുവരുന്നു. കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം എന്നീ ജില്ലകളിൽ നിന്നാണ് ഇവ തെരഞ്ഞെടുത്തിട്ടുള്ളത്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ സഹായത്തോടെയാണ് ഈ ഗവേഷണ പദ്ധതി നടത്തിയിട്ടുള്ളത്.

## കോഴിക്കോട് ജില്ലയിൽ കാർഷിക സർവ്വകലാശാല സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടി

115 (1655) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കാർഷിക സർവ്വകലാശാലയുടെ സ്ഥാപനങ്ങൾ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോഴിക്കോട് ജില്ലയിലെ വേങ്ങേരിയിൽ കാർഷിക സർവ്വകലാശാലയുടെ കാർഷിക വിജ്ഞാന വിപണന കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇത്തരം സ്ഥപനങ്ങളുടെ അഭാവം കാരണം ശാസ്ത്രീയമായി കൃഷി രീതികൾ നടപ്പിലാക്കുന്നതിനുള്ള പ്രയാസം പരിഹരിക്കുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങളാണ് ജില്ലയിൽ ഉള്ളതെന്ന് അറിയിക്കാമോ?

കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, പട്ടാമ്പി എന്നിവിടങ്ങളിലെ കാർഷിക സർവ്വകലാശാല കേന്ദ്രങ്ങളിൽനിന്നും കർഷകർക്ക് ശാസ്ത്രീയമായി കൃഷി രീതികൾ നടപ്പിലാക്കുന്നതിനുള്ള അറിവുകൾ നേടുന്നതിനുള്ള സാഹചര്യം നിലവിലുണ്ട്. കോഴിക്കോട് ജില്ലയിലെ വിദ്യാർത്ഥികൾക്കുംകൂടി കാർഷിക വിദ്യാഭ്യാസം ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് വയനാട് ജില്ലയിലെ അമ്പലവയലിൽ ഒരു കാർഷിക കോളേജും മലപ്പുറം ജില്ലയിലെ

തവനൂരിൽ ഒരു കാർഷിക എഞ്ചിനീയറിംഗ് കോളേജും പ്രവർത്തിച്ചുവരുന്നത്.

(സി) നാളികേരം, നെല്ല് തുടങ്ങിയ കാർഷിക വിളകളുടെ ഉല്പാദനത്തിൽ ഏറെ മുൻപന്തിയിലുള്ള കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി മണ്ഡലത്തിൽ കാർഷിക സർവ്വകലാശാലയുടെ സ്ഥാപനങ്ങൾ അനുവദിക്കുന്നതിനുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അപേക്ഷ പ്രകാരം സ്വീകരിക്കുന്ന തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി മണ്ഡലത്തിൽ കാർഷിക സർവ്വകലാശാലയുടെ സ്ഥാപനങ്ങൾ അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

<u>ബിരുദതല അദ്ധ്യയന മാധ്യമം മലയാളമാക്കുന്ന നടപടി</u>

116 (1656) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷം മുതൽ എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ അദ്ധ്യയന മാധ്യമം മലയാളം ഉൾപ്പെടെയുള്ള എട്ട് പ്രദേശിക ഭാഷകളിൽ ആയിരിക്കണമെന്ന് എ.ഐ.സി.റ്റി. നിർദ്ദേശിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച

നിർദ്ദേശം സർവ്വകലാശാലകൾക്ക് നൽകിയിട്ടുണ്ടോ; തുടർനടപടി വിശദമാക്കാമോ?

വിദ്യാഭ്യാസ നയം 2020 പിന്തുടർന്ന് എ.ഐ.സി.ടി.ഇ. ഹിന്ദി, ബംഗാളി, തമിഴ്, തെലുങ്ക്, മറാത്തി, ഗുജറാത്തി, കന്നഡ, മലയാളം എന്നീ എട്ടു പ്രാദേശിക ഭാഷകളിൽ പഠിക്കാനാഗ്രഹിക്കുന്നവരെ ഒരു പ്രത്യേക ബാച്ചായി പഠിപ്പിക്കുന്ന രീതിയാണ് നിർദ്ദേശിച്ചിരിക്കുന്നത്. എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ അക്കാദമിക് കൗൺസിൽ എ.ഐ.സി.ടി.ഇ. നിർദ്ദേശം പ്രാവർത്തികമാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ആർട്സ് & സയൻസ് വിഷയങ്ങളുടെ ബിരുദതല അദ്ധ്യയന മാധ്യമം മലയാളമാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ആർട്സ് & സയൻസ് വിഷയങ്ങളുടെ ബിരുദതല അദ്ധ്യയനം മലയാളത്തിലും അനുവദിച്ചിട്ടുള്ളതാണ്. ബിരുദ ബിരുദാനന്തര തലത്തിൽ പരീക്ഷകൾ മലയാളത്തിൽ എഴുതുവാനുള്ള അനുമതി ഇപ്പോൾത്തന്നെ വിവിധ സർവ്വകലാശാലകൾ നല്കിയിട്ടുണ്ട്.

(സി) കേരളത്തെ വൈജ്ഞാനിക സമൂഹമാക്കി മാറ്റുന്നതിനുള്ള സർക്കാർ നയം നടപ്പാക്കുന്നതിനായി മലയാളത്തെ വൈജ്ഞാനിക

ഭാഷയാക്കി മാറ്റുന്ന പ്രക്രിയയിൽ സർവ്വകലാശാലകളെ എങ്ങനെ പ്രയോജനപ്പെടുത്താം;വിശദമാക്കാമോ?

മലയാളത്തെ ജ്ഞാനഭാഷയായി ശാക്തീകരിക്കുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. എല്ലാ വിജ്ഞാന ശാഖകളിലെയും അടിസ്ഥാന ഗ്രന്ഥങ്ങൾ മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്യുന്ന നടപടി ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അതിൽ വ്യാപൃതമാണ്. മലയാള സർവ്വകലാശാലയും അതിൽ ശ്രദ്ധ പതിപ്പിക്കുന്നു. ഈ സംരംഭത്തിൽ സർവ്വകലാശാലകളുടെ പങ്കാളിത്തം ഉറപ്പുവരുത്തും.

## നാദാപുരം ഗവൺമെന്റ് കോളേജ് നിർമ്മാണ പുരോഗതി

117 (1657) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം ഗവൺമെന്റ് കോളേജിന്റെ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള പുതിയ ബ്ലോക്കിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

നാദാപുരം സർക്കാർ കോളേജിന് KITCO തയ്യാറാക്കിയ മാസ്റ്റർ പ്ലാനിനെ അടിസ്ഥാനമാക്കി അക്കാദമിക് ബ്ലോക്ക്, ലേഡീസ് ഹോസ്റ്റൽ, കാന്റീൻ എന്നിവ നിർമ്മിക്കുന്നതിനായി 10.52 കോടി രൂപ കിഫ്ബി

അനുവദിച്ചിട്ടുണ്ട്. മൂന്ന് നിലകളുള്ള അക്കാദമിക് ബ്ലോക്കിന്റെ ഒന്നാം നിലയുടെ പണികൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ലേഡീസ് ഹോസ്റ്റൽ, കാന്റീൻ എന്നിവയ്ക്കായുള്ള എർത്ത് വർക്കുകൾ, റീട്ടെയ്നിംഗ് വോൾ നിർമ്മാണം എന്നിവ പുരോഗമിക്കുന്നു. അടുത്ത ആറ് മാസത്തിനുള്ളിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യ പങ്കാളിത്തം

118 (1658)ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിദ്യാഭ്യാസ ഗവേഷണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സ്വകാര്യ പങ്കാളിത്തം അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

&

(ബി) സംസ്ഥാനത്തെ സർവ്വകലാശാലകളുടെ ഭരണ നിർവ്വഹണത്തിലും അക്കാദമിക രംഗത്തുമുണ്ടായ മാറ്റങ്ങൾ സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസം നടത്തുന്നതിൽനിന്നും കുട്ടികളെ പിന്തിരിപ്പിക്കുന്ന

സാഹചര്യം സൃഷ്ടിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉന്നതവിദ്യാഭ്യാസ രംഗത്ത് നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾകൊണ്ട് പരമാവധി ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമം നടക്കുന്നുണ്ട്. ഉന്നതവിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അക്കാദമിക് പ്രോഗ്രാമുകൾ വൈവിദ്ധ്യവത്കരിച്ചും ന്യൂജനറേഷൻ പ്രോഗ്രാമുകൾ കൊണ്ടുവന്നും സ്ഥാപനങ്ങളിലെ സീറ്റ് വർദ്ധിപ്പിച്ചും കൂടുതൽ അദ്ധ്യാപകരെ നിയമിച്ചും എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ക്രിട്ടിക്കൽ മാസ് ഉറപ്പാക്കാനുള്ള ശ്രമത്തിലാണ്. കോളേജുകളിലും സർവ്വകലാശാലകളിലും കഠിനാധ്വാനികളായ വിദ്യാർത്ഥികളെയും പണ്ഡിതരായ അദ്ധ്യാപകരെയും വർദ്ധിപ്പിക്കാനുള്ള നടപടി തുടങ്ങിയിട്ടുണ്ട്. എല്ലാ സർവ്വകലാശാലകളെയും കോളേജുകളെയും ഉയർന്ന അക്കാദമിക കീഴ്വഴക്കങ്ങളുള്ള സ്ഥാപനങ്ങളാക്കി മാറ്റുകയും വിദ്യാർത്ഥികൾ സ്വന്തം കഴിവുകൾ പരമാവധി വർദ്ധിപ്പിച്ചേ മതിയാവൂ എന്ന സാഹചര്യമുറപ്പാക്കുകയും ചെയ്യും. അദ്ധ്വാനിച്ച് പഠിക്കുന്ന വിദ്യാർത്ഥികളും ഗവേഷണത്തിലേർപ്പെടുന്ന അദ്ധ്യാപകരും അത്യന്താപേക്ഷിതമാക്കുന്ന സംവിധാനം നിർബന്ധമായും

സൃഷ്ടിക്കും. ഇക്കാര്യങ്ങൾ പഠിച്ച് കൂടുതൽ നിർദ്ദേശങ്ങൾക്കായി സർക്കാർ മൂന്ന് കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്. ജ്ഞാനോത്പാദന മേഖലയിൽ വമ്പിച്ച നിക്ഷേപത്തിന് സർക്കാർ തയ്യാറെടുത്തുകഴിഞ്ഞു. റിബിൽഡ് കേരളയുമായി ബന്ധപ്പെട്ടുള്ള വിഷയാന്തര ഗവേഷണത്തിനായി മുഖ്യമന്ത്രി 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ ഏർപ്പെടുത്തിയിരിക്കുന്നു. ഏതാനും വിശേഷാവഗാഹമേഖലകളിൽ ഗവേഷണത്തിനായി മികവിന്റെ കേന്ദ്രങ്ങൾ തുറക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. സുസ്ഥിരതയും ജനക്ഷേമവും പാരിസ്ഥിതികനീതിയും പാലിച്ചുകൊണ്ടുള്ള നവകേരളനിർമാണം ത്വരിതപ്പെടുത്തുന്നതിനാവശ്യമായ അത്യാധുനിക ശാസ്ത്ര-സാങ്കേതിക ഗവേഷണം ഈ കേന്ദ്രങ്ങളിൽ വിന്യസിപ്പിക്കും.

(സി) സ്വകാര്യ സർവ്വകലാശാലകളുടെ കടന്നുവരവ് സംസ്ഥാനത്തെ സർവ്വകലാശാലകളെ ദുർബ്ബലപ്പെടുത്തുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സമീപനം തിരുത്തുന്നതിന് തയ്യാറാകുമോ; വിശദാംശം നൽകുമോ ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഉന്നതവിദ്യാഭ്യാസ കമ്മീഷനുകൾ

119 (1659) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസരംഗം പൂർണ്ണമായും ഉടച്ചുവാർക്കുന്ന പ്രവർത്തനങ്ങൾക്ക് ശിപാർശകൾ നൽകാനായി ഏതെല്ലാം കമ്മീഷനുകളെ നിയോഗിച്ചുവെന്നും അവയുടെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

ഉന്നത വിദ്യാഭ്യാസ കമ്മീഷൻ കേരള സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ സമൂലമായി പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഡോ. ശ്യാം. ബി. മേനോൻ ചെയർമാനായുള്ള ഒരു ഏഴ് അംഗ കമ്മീഷനെയും സർവ്വകലാശാലാ നിയമ പരിഷ്കാര കമ്മീഷൻ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ നിയമങ്ങൾ സമൂലമായി പരിഷ്കരിക്കാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഡോ.എൻ.കെ.ജയകുമാർ ചെയർമാനായുള്ള ഒരു അഞ്ചംഗ കമ്മീഷനെയും പരീക്ഷാ പരിഷ്കരണ കമ്മീഷൻ സംസ്ഥാനത്തെ സർവ്വകലാശാലകളിലെ പരീക്ഷാനടത്തിപ്പ് കാലാനുസൃതമായി പരിഷ്കരിക്കുവാനുള്ള നിർദ്ദേശങ്ങൾ

സമർപ്പിക്കുന്നതിന് ഡോ. സി. ടി.അരവിന്ദകുമാർ ചെയർമാനായുള്ള ഒരു നാലംഗ കമ്മീഷനെയും സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

(ബി) റിപ്പോർട്ടുകൾ നൽകാനായി കമ്മീഷനുകൾക്ക് നൽകിയ കാലപരിധി എത്രയെന്നും എത്ര കമ്മീഷനുകൾ റിപ്പോർട്ടുകൾ നൽകിയെന്നും വ്യക്തമാക്കുമോ?

റിപ്പോർട്ട് നൽകാൻ കമ്മീഷനുകൾക്ക് നിലവിൽ നൽകിയിട്ടുള്ള കാലപരിധി 21.3.2022 വരെയാണ്.

(സി) റിപ്പോർട്ടുകളിന്മേൽ എന്തെല്ലാം തുടർനടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

<u>ഉന്നത വിദ്യാഭ്യാസ മേഖലയിലെ ആർട്സ് ആന്റ് സയൻസ് രംഗത്തെ കോഴ്സ് പരിഷ്കരണം</u>

120 (1660) <u>ശ്രീ. എം. നൗഷാദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ആർട്ട്സ് ആന്റ് സയൻസ് രംഗത്ത് കോഴ്സ് പരിഷ്കരണം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാർ മുമ്പാകെയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമഗ്ര പരിഷ്കരണത്തിനായി സർക്കാർ ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് അതിലെ നിർദ്ദേശങ്ങൾകൂടി പരിഗണിച്ച് കോഴ്സ് പരിഷ്കരണം ആലോചിക്കുന്നത് പരിഗണിക്കും.

(ബി) സംസ്ഥാനത്ത് അടുത്ത അദ്ധ്യയന വർഷം സർക്കാർ/എയ്ഡഡ് മേഖലയിൽ പുതിയ ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ തുടങ്ങുവാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

അടുത്ത അദ്ധ്യായന വർഷം സർക്കാർ/എയ്ഡഡ് മേഖലയിൽ പുതിയ ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ തുടങ്ങുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

<u>കോഴിക്കോട് സർക്കാർ എഞ്ചിനീയറിംഗ് കോളേജ് മാറ്റി സ്ഥാപിക്കുന്നത്</u>

121 (1661) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർക്കാർ എഞ്ചിനീയറിംഗ് കോളേജ് മാറ്റി സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

&

(ബി) തോട്ടഭൂമിയും തണ്ണീർതടവും അല്ലാത്ത ഭൂമി നൽകുന്നതിനായി സമ്മതപത്രം നൽകിയിട്ടുള്ള ഭൂവുടമകളിൽനിന്നും സ്ഥലം ഏറ്റെടുക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

കോഴിക്കോട് സർക്കാർ എഞ്ചിനീയറിംഗ് കോളേജ് മാറ്റി സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.

## സർക്കാർ കോളേജുകൾ ഇല്ലാത്ത നിയോജകമണ്ഡലങ്ങൾ

122 (1662) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജുകൾ ഇല്ലാത്ത മണ്ഡലങ്ങളിൽ സർക്കാർ കോളേജുകൾ ആരംഭിക്കുന്നതിന് 2011-2016 കാലഘട്ടത്തിൽ എടുത്ത തീരുമാനം അനുസരിച്ച് എത്ര കോളേജുകൾ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം ഏതൊക്കെ മണ്ഡലങ്ങളിലാണ് കോളേജുകൾ അനുവദിച്ചതെന്നും പ്രസ്തുത കോളേജുകൾക്ക് എല്ലാം അടിസ്ഥാന സൗകര്യം ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

&

(സി) ഇല്ലെങ്കിൽ സമയബന്ധിതമായി അടിസ്ഥാന സൗകര്യമുണ്ടാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

2011-16 കാലഘട്ടത്തിൽ താഴെപ്പറയുന്ന നിയോജക മണ്ഡലങ്ങളിൽ സർക്കാർ കോളേജ് അനുവദിച്ചിട്ടുണ്ട്.

1. കൊടുവള്ളി - സർക്കാർ ആർട്സ് & സയൻസ് കോളേജ്, കൊടുവള്ളി

2. ബാലുശ്ശേരി - ബി.ആർ.അംബേദ്കർ മെമ്മോറിയൽ സർക്കാർ ആർട്സ് & സയൻസ് കോളേജ്, ബാലുശ്ശേരി

3. മങ്കട – സർക്കാർ ആർട്സ് & സയൻസ് കോളേജ്, മങ്കട

4. കൊണ്ടോട്ടി - സർക്കാർ ആർട്സ് & സയൻസ് കോളേജ്, കൊണ്ടോട്ടി.

5. താനൂർ - സർക്കാർ ആർട്സ് & സയൻസ് കോളേജ്, താനൂർ

6. തൃത്താല - സർക്കാർ ആർട്സ് & സയൻസ് കോളേജ്, തൃത്താല

7. കോങ്ങാട് - സർക്കാർ ആർട്സ് & സയൻസ് കോളേജ്, പത്തിരിപ്പാല

8. തവനൂർ - സർക്കാർ ആർട്സ് & സയൻസ് കോളേജ്, തവനൂർ

9. ഉദുമ - സർക്കാർ ആർട്സ് & സയൻസ് കോളേജ്, ഉദുമ.

10. പയ്യന്നൂർ - സർക്കാർ ആർട്സ് & സയൻസ് കോളേജ്, പെരിങ്ങോം

11. തലശ്ശേരി - സർക്കാർ ആർട്സ് & സയൻസ് കോളേജ്, തലശ്ശേരി, ചൊക്ലി.

12. കുന്ദമംഗലം - സർക്കാർ ആർട്സ് & സയൻസ് കോളേജ്, കുന്ദമംഗലം

13. നാദാപുരം - സർക്കാർ ആർട്സ് & സയൻസ് കോളേജ്, നാദാപുരം

14. ഒല്ലൂർ - സർക്കാർ ആർട്സ് & സയൻസ് കോളേജ്, ഒല്ലൂർ

15. ആറന്മുള - സർക്കാർ ആർട്സ് & സയൻസ് കോളേജ്, ഇലന്തൂർ

16. കാട്ടാക്കട – എം.എസ്.എം. സർക്കാർ ആർട്സ് & സയൻസ് കോളേജ്, മലയിൻകീഴ്

17. നെയ്യാറ്റിൻകര - സർക്കാർ ആർട്സ് & സയൻസ് കോളേജ്, കുളത്തൂർ.

മേൽപ്പറഞ്ഞിരിക്കുന്ന കോളേജുകളുടെ ഭൗതിക സാഹചര്യവും ആവശ്യകതയും കണക്കിലെടുത്ത് കോളേജിനായുള്ള അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികളും; സ്വന്തമായി സ്ഥലമില്ലാത്ത കോളേജുകളിൽ സ്ഥലസൗകര്യം ഉറപ്പുവരുത്തുന്നതിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികളും സ്വീകരിച്ചുവരികയാണ്.

(ഡി) ഇനിയും സർക്കാർ കോളേജുകൾ ഇല്ലാത്ത മണ്ഡലങ്ങൾ ഏതൊക്കെയാണെന്നും പ്രസ്തുത മണ്ഡലങ്ങളിൽ കോളേജുകൾ

അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

പുതിയ കോളേജുകൾ അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല. സർക്കാർ കോളേജുകൾ ഇല്ലാത്ത മണ്ഡലങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.+

## സ്വാശ്രയ-എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ

123 (1663) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാശ്രയ മേഖലയിലും എയ്ഡഡ് മേഖലയിലും പ്രവർത്തിച്ചുവരുന്ന കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ നയം വ്യക്തമാക്കുമോ?

സംസ്ഥാനത്ത് എയ്ഡഡ് മേഖലയിൽ പ്രവർത്തിച്ചുവരുന്ന കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. സ്വാശ്രയ മേഖലയിൽ 2021-22 അദ്ധ്യയന വർഷം പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) ഏതെല്ലാം പുതുതലമുറ കോഴ്സുകളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കോഴ്സുകൾ കോളേജുകൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

സർക്കാർ നിയോഗിച്ച ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് പുതുതലമുറ കോഴ്സുകളുടെ വിശദാംശങ്ങൾ പരിശോധിക്കുന്നതാണ്.

(സി) എയ്ഡഡ് മേഖലയിൽ മുൻപ് അനുവദിച്ച കോഴ്സുകൾക്ക് ആനുപാതികമായി സ്റ്റാഫ് പാറ്റേൺ അനുവദിച്ച് തസ്തിക സൃഷ്ടിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ജി.ഒ. (എം.എസ്.) നം.142/2015/ഉ.വി.വ. തീയതി 20.4.2015.

2) ജി.ഒ. (എം.എസ്.) നം.21/2016/ഉ.വി.വ. തീയതി 1.2.2016

3) ജി.ഒ. (എം.എസ്.) നം.20/2016/ഉ.വി.വ. തീയതി 1.2.2016

4) ജി.ഒ. (എം.എസ്.) നം.184/2016/ഉ.വി.വ. തീയതി 5.9.2016

5) ജി.ഒ. (എം.എസ്.) നം.199/2016/ഉ.വി.വ. തീയതി 25.9.2016

6) ജി.ഒ. (എം.എസ്.) നം.177/2019/ഉ.വി.വ. തീയതി 21.6.2019

7) ജി.ഒ. (എം.എസ്.) നം.41/2020/ഉ.വി.വ. തീയതി 19.1.2020

8) ജി.ഒ. (എം.എസ്.) നം.58/2020/ഉ.വി.വ. തീയതി 29.1.2020

9) ജി.ഒ. (എം.എസ്.) നം.471/2020/ഉ.വി.വ. തീയതി 30.12.2020

(ഡി) എയ്ഡഡ് മേഖലയിൽ ഗസ്റ്റ് അദ്ധ്യാപകരായി സേവനമനുഷ്ഠിച്ചുവരുന്ന അദ്ധ്യാപകരുടെ ശമ്പളം കുടിശ്ശികയായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിലുള്ള ഉത്തരവുകൾ/സർക്കുലറുകൾ പ്രകാരം കൃത്യമായ രേഖകളോടുകൂടി സമർപ്പിക്കുന്ന ഗസ്റ്റ് അദ്ധ്യാപകരുടെ ബില്ലുകൾ പാസ്സാക്കി നൽകുന്നുണ്ട്. എല്ലാ ഗസ്റ്റ് അദ്ധ്യാപകരുടെയും വേതനം കൃത്യമായി ഉറപ്പാക്കണമെന്ന് എല്ലാ ഡി.ഡി. ഓഫീസുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഉന്നത വിദ്യാഭ്യാസ ഹബ്ബ്

124 (1664) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ഉന്നത വിദ്യാഭ്യാസ ഹബ്ബ് ആക്കി മാറ്റുമെന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം യാഥാർത്ഥ്യമാക്കാൻ ആവശ്യമായ നടപടി ആരംഭിച്ചിട്ടുണ്ടോ;

&

(ബി) എന്തെല്ലാം നടപടികളാണ് ഇതിന്റെ ഭാഗമായി സ്വീകരിക്കുവാൻ ആലോചിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉന്നതവിദ്യാഭ്യാസ മേഖലയിൽ മികവ് കൈവരിക്കുക എന്ന ലക്ഷ്യത്തിനായി താഴെപ്പറയുന്ന ആറ് സുപ്രധാന നടപടികൾ കേരള ബഡ്ജറ്റ് 2021-22 മുന്നോട്ടുവച്ചിട്ടുണ്ട്.

1. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 3-5 ലക്ഷം പേർക്കുകൂടി പഠനസൗകര്യങ്ങൾ

2. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 1000 അദ്ധ്യാപകരുടെ നിയമനം

3. സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ

4. 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രതിമാസം 1 ലക്ഷം രൂപ വരെ

5. സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2,000 കോടി രൂപയുടെ കിഫ്ബി ധനസഹായം

6. അഫിലിയേറ്റഡ് കോളേജുകൾക്ക് 1,000 കോടി രൂപയുടെ ധനസഹായം.

<u>കരിക്കുലം പരിഷ്കരണം:-</u> സംസ്ഥാനത്ത സർവ്വകലാശാലകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും കരിക്കുലവും Choice Based Credit Semester System (CBCSS) മാതൃകയിൽ പുന:സംഘടിപ്പിക്കുന്നതിന് കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ നേതൃത്വം നൽകി. 2009-10 മുതൽ നടപ്പിലാക്കി തുടങ്ങിയ ഈ സമ്പ്രദായത്തിന് ചുവടുപിടിച്ച് കേരളത്തിലെ സർവ്വകലാശാലകൾ ബിരുദാനന്തര ബിരുദ വിദ്യാഭ്യാസവും പുന:സംഘടിപ്പിച്ചു. ഈ വിഷയം സംബന്ധിച്ച് വിശദമായി റിപ്പോർട്ട് തയ്യാറാക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ച ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറായ ഡോ. ഇ.ഡി. ജമ്മീസ് അദ്ധ്യക്ഷനായ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് സർവകലാശാലകൾക്ക് നൽകിയിട്ടുണ്ട്.

<u>ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജ്യൂവേറ്റ് ആട്രിബ്യൂട്ടുകളും (GA):-</u> ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും ഗ്രാജ്യൂവേറ്റ് ആട്രിബ്യൂട്ടുകൾക്കും ഊന്നൽ നല്കിക്കൊണ്ടുള്ള കരിക്കുലം പരിഷ്കരണത്തിനാണ് ഈ പദ്ധതിയിലൂടെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ശ്രമിച്ചുവരുന്നത്. ഓരോ പ്രോഗ്രാമിനും ചേരുന്ന വിദ്യാർത്ഥികൾക്ക് ആത്യന്തികമായി ആർജ്ജിക്കാൻ കഴിയുന്ന

അറിവുകളും നൈപുണ്യങ്ങളും എന്തൊക്കെയായിരിക്കുമെന്ന് മുൻകൂട്ടി നിശ്ചയിച്ച് പ്രസ്താവിക്കുന്നതാണ് ഈ രീതി.

1. <u>ക്രോസ് - ഡിസിപ്ലിനറി ലിറ്ററസി ക്യാമ്പയിൻ 2020 (Cross Disciplinary Literacy Campaign 2020):-</u> നമ്മുടെ പാഠ്യപദ്ധതിയിലെ വിവിധ ശാഖകൾ നിർബാധം സമരസപ്പെടുത്തുന്നതിനും അദ്ധ്യാപകരെ അവരുടെ വിഷയത്തിനുപരി വിഷയേതര ശാഖകളുമായി ബന്ധിപ്പിക്കുന്നതുവഴി, വിദ്യാർത്ഥികളെയും ശാഖാന്തരങ്ങളില്ലാതെ സമന്വയിപ്പിക്കാൻ ഉതകുന്ന രീതിയിൽ സജ്ജമാക്കുകയാണ് Cross Disciplinary Literacy Campaign 2020 എന്ന പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

<u>സാക്ക് (SAAC - State Assessment & Accreditation Centre):</u> സംസ്ഥാനത്തെ സർവ്വകലാശാലകളെയും കോളേജുകളെയും ഔപചാരികമായി വിലയിരുത്തുകയെന്ന ലക്ഷ്യത്തോടെ ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിൽ അസ്സസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകളും സർക്കാർ-എയ്ഡഡ് കോളേജുകളും സ്വയംഭരണ കോളേജുകളും സ്വാശ്രയ കോളേജുകളും SAAC-ന്റെ അവലോകന പരിധിയിൽ വരും. NAAC-ൽ

വിഭാവനം ചെയ്തിട്ടുള്ള 5 core values-ന് പുറമേ, Social Inclusiveness (Inclusive Education), Equity and Excellence, Scientific temper, and secular outlook എന്നീ 3 core values കൂടി സ്ഥാപനങ്ങളെ state specific ആയി വിലയിരുത്തുന്നതിന് സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ജില്ലാ അടിസ്ഥാനത്തിൽ കോളേജുകൾക്ക് ഓറിയന്റേഷൻ പ്രോഗ്രാമുകൾ സംഘടിപ്പിച്ചുവരുന്നു.

<u>ഫാക്കൽറ്റി ഡെവലപ്മെന്റ് സെൻറർ (FDC):-</u> ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികച്ച അദ്ധ്യാപകരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിൽ ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്റർ ആരംഭിക്കാൻ തീരുമാനിച്ചത്. ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി/കോളേജ് അദ്ധ്യാപകർക്കായി പരിശീലന പരിപാടി ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടത്തിവരുന്നു. 2019-20 മുതൽ 3600-ൽപ്പരം അദ്ധ്യാപകർക്ക് നാളിതുവരെ പരിശീലന പരിപാടികൾ കൗൺസിൽ നൽകിക്കഴിഞ്ഞു.

<u>കൈരളി ഗവേഷണ പുരസ്കാരങ്ങൾ:-</u> ഗവേഷണരംഗത്ത് മികവ് കാട്ടുന്ന കേരളീയർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകാൻ സംസ്ഥാന

സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നതാണ് കൈരളി റിസർച്ച് അവാർഡുകൾ. പോസ്റ്റ് ഡോക്ടറൽ ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്കുള്ള കൈരളി ഗവേഷക പുരസ്കാരം, റിസർച്ച് ഫാക്കൽറ്റിക്ക് നൽകുന്ന കൈരളി ഗവേഷണ പുരസ്കാരം, പ്രമുഖ ശാസ്ത്രജ്ഞർക്ക് സമഗ്ര സംഭാവനയ്ക്ക് നൽകുന്ന കൈരളി ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, കൈരളി ഗ്ലോബൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് എന്നിവയാണ് കൈരളി ഗവേഷണ അവാർഡ് ശ്രേണിയിൽ ഉൾപ്പെടുന്ന പുരസ്കാരങ്ങൾ. അവാർഡുകളുടെ നിർവ്വഹണ ചുമതല കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനാണ്.

<u>ചാൻസിലേഴ്സ് അവാർഡ്:</u>- ബഹു. കേരളാ ഗവർണർ മുൻകയ്യെടുത്ത് ഏർപ്പെടുത്തിയിട്ടുള്ള അവാർഡാണിത്. നിലവിൽ രണ്ട് വിഭാഗങ്ങളിലായാണ് അവാർഡ് നൽകുന്നത്. സ്ഥാപിതമായി 12 വർഷം കഴിയാത്ത സർവ്വകലാശാലകളെ " Emerging and Young Universities" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 1 കോടി രൂപയും അല്ലാത്തവയ്ക്ക് 5 കോടി രൂപയുമാണ് അവാർഡായി നൽകുന്നത്. 2018 മുതലുള്ള ചാൻസിലേഴ്സ് അവാർഡ് നിർണ്ണയം ഉന്നത വിദ്യാഭ്യാസ

കൗൺസിൽ രൂപീകരിച്ച ഭാരത രത്നം പ്രൊഫ. സി.എൻ.ആർ. റാവു അദ്ധ്യക്ഷനായുള്ള സമിതിയാണ് നടത്തുന്നത്.

എറുഡൈറ്റ് പദ്ധതി:- ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ വർദ്ധനവിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ഭാവനാപൂർണ്ണമായ പദ്ധതിയാണ് 'എറുഡൈറ്റ്' അഥവാ ‘ Scholar in Residence Scheme.’ ഉന്നത വിദ്യാഭ്യാസ കൗൺസിൽ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ദേശീയ/അന്തർദേശീയ തലത്തിൽ പ്രശസ്തിയാർജ്ജിച്ച, നോബൽ സമ്മാന ജേതാക്കളടക്കമുള്ള പ്രമുഖരെ സംസ്ഥാനത്തെ സർവ്വകലാശാലകളിലും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമെത്തിച്ച് അവരുമായി സംവദിക്കാൻ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അവസരം ഒരുക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നൊബേൽ സമ്മാന ജേതാക്കളടക്കമുള്ള ദേശീയ-അന്തർദേശീയ പ്രശസ്തരായ ഏകദേശം 300-ഓളം അക്കാദമിക പണ്ഡിതർ ഈ പദ്ധതി അനുസരിച്ച് സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സന്ദർശിച്ചു.

ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വെ:- ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ വിവരശേഖരണം ലക്ഷ്യമിട്ട്, സംസ്ഥാനത്ത് ആദ്യമായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ

ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ മുഴുവൻ സർക്കാർ, എയ്ഡഡ്, സ്വയംഭരണ, സ്വാശ്രയ കോളേജുകളുടെയും സർവ്വകലാശാലകളുടെയും മുഴുവൻ വിവരങ്ങളും ശേഖരിക്കുകയാണ് സർവ്വേയിലൂടെ ലക്ഷ്യമിടുന്നത്.

കാൾ നെറ്റ്:- സംസ്ഥാനത്തെ സർവ്വകലാശാലകളിലെയും കോളേജുകളിലെയും ലൈബ്രറികളെ കൂട്ടിയിണക്കി കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്ക് (KALNET) രൂപീകരിച്ചു. ഉന്നത വിദ്യാഭ്യാസ മേഖലയിലെ ലൈബ്രറികളുടെ നെറ്റ്‌വർക്ക് പ്രാവർത്തികമാകുന്നതോടെ വിജ്ഞാന വിഭവങ്ങളുടെ വിതരണം കൂടുതൽ ഫലപ്രദവും വേഗത്തിലുമാകും. ഇത് പഠന ഗവേഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഉണർവ് നൽകാൻ സഹായകരമാകും.

സംസ്ഥാനതല ഇ-ജേർണൽ കൺസോർഷ്യം രൂപീകരണം (State Level E-Journal Consortium):- സർവ്വകലാശാലകൾക്ക് യു.ജി.സി. സൗജന്യമായി നൽകിവന്നിരുന്ന ഇ-ജേർണൽ പദ്ധതി (UGC INFLIBNET) നിർത്തലാക്കിയ സാഹചര്യത്തിൽ, സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും/ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഇ-ജേർണൽ വിഭവങ്ങൾ പ്രദാനം

ചെയ്യുന്നതിന് സംസ്ഥാനതല ഇ-ജേർണൽ കൺസോർഷ്യം രൂപീകരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) കേരളത്തിലെ സർവ്വകലാശാലകളിൽ കൃത്യമായ അദ്ധ്യയന വർഷ കലണ്ടർ പ്രസിദ്ധീകരിക്കുന്നതിനും അതിനനുസൃതമായ പഠനവും പരീക്ഷകളും ഫലപ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും വിദേശപഠനത്തിനാവശ്യമായ ട്രാൻസ്ക്രിപ്റ്റ് ഉൾപ്പെടെയുള്ള സേവനങ്ങളും കാലതാമസം കൂടാതെ കൃത്യമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികളും മോണിറ്ററിംഗും സർക്കാർ ഉറപ്പുവരുത്തുമോ?

അദ്ധ്യയന വർഷ കലണ്ടർ കൃത്യമായ ഇടവേളകളിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. അപേക്ഷകൾ സ്വീകരിക്കുന്നതിനും സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും ഓൺലൈൻ അടക്കമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതിനാൽ വിദ്യാർത്ഥികൾക്ക് സർവ്വകലാശാലയിൽ എത്താതെതന്നെ സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുവാനും കാലതാമസം കൂടാതെ സർട്ടിഫിക്കറ്റുകൾ ലഭിക്കുവാനുമുള്ള നടപടികൾ ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികളുടെ പ്രവേശനം മുതൽ സർട്ടിഫിക്കറ്റ് വിതരണം വരെയുള്ള പ്രക്രിയ ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ വേഗത്തിലാക്കുന്നതിനുള്ള സംവിധാനം

പരീക്ഷാ പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ടിന്റെക്കൂടി അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നത് പരിഗണിക്കും.

## ഉന്നത വിദ്യാഭ്യാസ രംഗത്തെ പുരോഗതി

125 (1665) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽനിന്നുള്ള ധാരാളം വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസത്തിന് ഇതര സംസ്ഥാനങ്ങളെയും വിദേശ രാജ്യങ്ങളെയും വലിയ തോതിൽ ആശ്രയിക്കുന്ന സാഹചര്യത്തിൽ സർക്കാർ-സ്വകാര്യ മേഖലയിൽ കൂടുതൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

&

(ബി) മെഡിക്കൽ പ്രൊഫഷണൽ കോഴ്സുകൾ കൂടുതലായി ആരംഭിച്ച് വിദേശീയരെ ഉൾപ്പെടെ ആകർഷിക്കുന്ന ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബ് ആയി സംസ്ഥാനത്തെ മാറ്റാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിൽ കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനും വിദ്യാർത്ഥികൾ ഉന്നതവിദ്യാഭ്യാസത്തിനായി മറ്റ് സംസ്ഥാനങ്ങളെ/വിദേശ രാജ്യങ്ങളെ വലിയ തോതിൽ ആശ്രയിക്കുന്നത് ഒഴിവാക്കുന്നതിനും കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഒരു ഹബ്ബ് ആക്കി മാറ്റുന്നതിനുമായി സർക്കാർ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ധാരാളം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിലുള്ള 75 സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകൾക്കും 191 എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകൾക്കും പുറമേ ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിൽ ട്രൈബൽ ആർട്സ് ആന്റ് സയൻസ് കോളേജ്, നാടുകാണി എന്ന പേരിൽ ഒരു എയ്ഡഡ് കോളേജും കൊല്ലം ജില്ലയിൽ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയും അടുത്തകാലത്തായി ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾ മറ്റ് സംസ്ഥാനങ്ങളെയും വിദേശരാജ്യങ്ങളെയും കൂടുതലായി ആശ്രയിക്കുന്ന ഹോട്ടൽ മാനേജ്മെന്റ്/കാറ്ററിംഗ് കോഴ്സുകൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതിലേയ്ക്കായി തിരുവനന്തപുരം ജില്ലയിൽ സൗത്ത് പാർക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ്, മലപ്പുറം ജില്ലയിൽ KMCT

കോളേജ് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി എന്നീ സ്ഥാപനങ്ങൾ ആരംഭിക്കാൻ സർക്കാർ എൻ.ഒ.സി. നൽകിയിട്ടുണ്ട്. കൂടാതെ, ആർക്കിടെക്ചറൽ മാനേജ്മെന്റ് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കുന്നതിലേയ്ക്കായി തിരുവനന്തപുരം ജില്ലയിൽ DC School of Architecture and Design എന്ന സ്ഥാപനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥാപന മേധാവികളുമായി സർക്കാർ എഗ്രിമെന്റ് വച്ചിട്ടുണ്ട്. ഇതിനുപുറമേ, സ്വകാര്യ മേഖലയിൽ ബന്ധപ്പെട്ട സർവ്വകലാശാലകളുടെ ശിപാർശകൾക്ക് വിധേയമായി പുതുതലമുറ കോഴ്സുകൾ ഉൾപ്പെടെയുള്ള ധാരാളം കോഴ്സുകൾ അനുവദിക്കുന്നുമുണ്ട്. കൂടാതെ, ഉന്നതവിദ്യാഭ്യാസ മേഖലയിൽ മികവ് കൈവരിക്കുക എന്ന ലക്ഷ്യത്തിനായി 2021-22-ലെ കേരള ബഡ്ജറ്റിലൂടെ ഉന്നവിദ്യാഭ്യാസ മേഖലയിൽ 3-5 ലക്ഷം പേർക്ക് പഠന സൗകര്യമൊരുക്കുന്നതിനും 1000 അദ്ധ്യാപകരെ നിയമിക്കുന്നതിനും സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും സർവ്വകലാശാലകളുടെ പശ്ചാത്തല വികസനത്തിനായി 2,000 കോടി രൂപ കിഫ്ബി വഴി ധനസഹായം നൽകുന്നതിനും അഫിലിയേറ്റഡ് കോളേജുകൾക്ക് 1,000 കോടി രൂപ ധനസഹായം നൽകുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്. ഇതു

കൂടാതെ, ഉന്നതവിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും അനുയോജ്യമായ വിധത്തിൽ പരിഷ്കരിക്കുന്നതിനും അതിലൂടെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസമേഖലയെ ഒരു ജ്ഞാന സമൂഹമാക്കി മാറ്റുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനുമായി ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് 21.09.2021-ലെ ജി.ഒ.(എം.എസ്) നമ്പർ 390/2021/എച്ച്.ഇ.ഡിഎൻ. പ്രകാരം 7 അംഗങ്ങളെ ഉൾപ്പെടുത്തി ഉന്നത വിദ്യാഭ്യാസ പരിഷ്ക്കാര കമ്മീഷനും രൂപീകരിച്ചിട്ടുണ്ട്.

## സ്വകാര്യ സർവ്വകലാശാലകൾ

126 (1666) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ സർവ്വകലാശാലകൾക്ക് പ്രവർത്തനാനുമതി നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

&

(ബി) സ്വകാര്യ സർവ്വകലാശാലകൾക്ക് പ്രവർത്തനാനുമതി നൽകിയാൽ കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്ത് എന്തെല്ലാം

മാറ്റങ്ങളുണ്ടാകുമെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സ്വകാര്യ ഡീംഡ് സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് വിശദമായ നയരൂപീകരണവും നിയമനിർമ്മാണവും നടത്തുന്ന വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ 03.01.2022-ലെ G.O. (Rt)No.8/2022/ഉ.വി.വ. പ്രകാരം ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൗൺസിലിന്റെ റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

## ഉന്നത വിദ്യാഭ്യാസ മേഖലയിലെ നവീകരണം

127 (1667) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിലെ നവീകരണം ലക്ഷ്യമിട്ട് മുൻ സർക്കാരും ഇപ്പോഴത്തെ സർക്കാരും സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ഉന്നത വിദ്യാഭ്യാസ മേഖലയിലെ നവീകരണം ലക്ഷ്യമിട്ട് മുൻ സർക്കാരും ഇപ്പോഴത്തെ സർക്കാരും സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:-

- കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ലൈവ് സ്ട്രീമിംഗിനും ഓൺലൈൻ ക്ലാസ്സുകൾക്കുമായി മേഘനാഥ്സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ [ORICE - Online Resource Initiative of Collegiate Education] സ്ഥാപിച്ചിട്ടുണ്ട്.
- അന്തർദേശീയ, ദേശീയ ഇ-ജേർണലുകൾ ലഭ്യമാക്കിയും ഡിജിറ്റൽ/ ഇ-ലൈബ്രറികൾ സ്ഥാപിച്ചും അക്കാദമിക പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.
- ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക് കോളേജുകൾ, ആർട്സ് & സയൻസ് കോളേജുകൾ എന്നിവയിൽ പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായി ലൈബ്രേറി പുസ്തകങ്ങളും ലബോറട്ടറികൾക്ക് ആധുനിക ഉപകരണങ്ങളും മെഷീനറികളും ഫർണിച്ചറുകളും വാങ്ങിയിട്ടുണ്ട്.
- കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ റിയൂസബിൾ ബിൽഡിംഗ് സിസ്റ്റംസ്, ബാർട്ടൻഹിൽ എഞ്ചിനീയറിംഗ് കോളേജിലെ സെന്റർ ഫോർ ബാംബൂ ടെക്നോളജി, തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ട്രാൻസ്പോർട്ടേഷൻ റിസർച്ച് സെന്റർ, ഇലക്ട്രിക്കൽ വെഹിക്കിൾ ടെസ്റ്റിംഗ് ലാബ്, തൃശ്ശൂർ

സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക്സ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നോഡൽ സെന്റർ, കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ എക്സലൻസ് ഇൻ സിസ്റ്റംസ്, റൂറൽ ടെക്നോളജി ഡെവലപ്മെന്റ് സെന്റർ, എനർജി & എൻവയോൺമെന്റും സ്ഥാപിച്ചിട്ടുണ്ട്.

- എഞ്ചിനീയറിംഗ് കോളേജുകളിൽ സ്വകാര്യ മേഖലയുടെ (BOSCH, Mercedes Benz തുടങ്ങിയവയുടെ) പങ്കാളിത്തത്തോടെ ആധുനിക സാങ്കേതിക വിദ്യയിൽ പരിശീലന പരിപാടികളും നടത്തിവരുന്നു.
- CET-SAT എന്ന ഉപഗ്രഹ വിക്ഷേപണത്തിന്റെ പ്രാഥമിക പ്രവൃത്തികൾ പുരോഗമിക്കുന്നു.
- എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രോഡക്ട് ഡിസൈൻ ഡെവലപ്മെന്റ് സെന്ററും ഹൈ പെർഫോമൻസ് കമ്പ്യൂട്ടിംഗ് ഫെസിലിറ്റിയും സ്ഥാപിച്ചു.
- നൂതന ബോധന രീതികൾ, MOOC കോഴ്സുകൾ എന്നിവ നടത്തിവരുന്നു.
- കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 48 സർക്കാർ ആർട്സ് & സയൻസ് കോളേജുകളുടെ വികസനത്തിനായി 297 കോടി രൂപയും 7

സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനത്തിനായി 59.47 കോടി രൂപയും പൈതൃക കോളേജുകളുടെ വികസനത്തിനായി 73.76 കോടി രൂപയും സർക്കാർ പോളിടെക്നിക്കുകളുടെ വികസനത്തിനായി 49.29 കോടി രൂപയും പുതുതായി ആരംഭിച്ച ആർട്സ് & സയൻസ് കോളേജിന് 10.23 കോടി രൂപയും കിഫ്ബി പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്.

- അസാപിനു കീഴിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള 13 നൈപുണ്യ പരിശീലന സമുച്ചയങ്ങൾ, കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചു. മൂന്നെണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി. ബഹുഭാഷാ പരിശീലന കേന്ദ്രങ്ങൾ സ്ത്രീ ശാക്തീകരണത്തിനായുള്ള ' She Skills-2019' പദ്ധതി എന്നിങ്ങനെ 1118 സ്ഥാപനങ്ങളിൽ രണ്ട് ലക്ഷത്തിലധികം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തോടൊപ്പം നൈപുണ്യ പരിശീലനത്തിന് അവസരം സൃഷ്ടിച്ചു.
- സർവ്വകലാശാലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. അന്തർ വൈജ്ഞാനിക ഗവേഷണ പ്രവർത്തനങ്ങൾ

രാജ്യാന്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത് ലക്ഷ്യമിട്ട് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ വിവിധ വിഷയങ്ങളിലെ അന്തർ സർവ്വകലാശാല കേന്ദ്രങ്ങളടക്കം 18 ഗവേഷണ കേന്ദ്രങ്ങളെ ഒരു കുടക്കീഴിലാക്കി 34.42 കോടി രൂപ ചെലവിൽ കൺവർജൻസ് അക്കാദമിക് കോംപ്ലക്സ് യാഥാർഥ്യമാക്കി. കേരളത്തെ വൈജ്ഞാനിക സമൂഹമാക്കിത്തീർക്കുന്നതിന് ശാസ്ത്ര മേഖലയിലെ കലാലയങ്ങളിൽ നിലവിലുള്ള പരമ്പരാഗത കോഴ്സുകളോടൊപ്പം ന്യൂജനറേഷൻ കോഴ്സുകൾ ചേർത്ത് വിപുലമായ പാഠ്യപദ്ധതി നടപ്പിലാക്കിവരുന്നു. ഗവേഷണത്തിനു പ്രാധാന്യമുള്ള പദ്ധതികളും കോളേജുകളെ സർവ്വകലാശാലകളുമായും വ്യവസായ സ്ഥാപനങ്ങളുമായും ബന്ധിപ്പിക്കുന്ന ലീഡ് പോലുള്ള പദ്ധതികളും കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നടപ്പിലാക്കി വരുന്നു.

- 21.09.2021-ലെ ജി.ഒ.(എം.എസ്)നം. 390/2021/H.Edn. പ്രകാരം സംസ്ഥാനത്തെ ജ്ഞാനസമൂഹമാക്കി മാറ്റുന്നതിനും തദ്ദേശീയ സാമൂഹ്യ സാമ്പത്തിക ഘടനയുടെ വികസനത്തിന് യോജിച്ച വിധത്തിൽ ഉന്നതവിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും ആവശ്യമായ വിധത്തിൽ പരിഷ്കരിക്കുന്നതിനുമായി നിർദ്ദേശങ്ങൾ

സമർപ്പിക്കുന്നതിന് 7 അംഗങ്ങളെ ഉൾപ്പെടുത്തി ഉന്നത വിദ്യാഭ്യാസ പരിഷ്കാര കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.

- ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിൽ ട്രൈബൽ ആർട്സ് ആന്റ് സയൻസ് കോളേജ്, നാടുകാണി എന്ന പേരിൽ ഒരു എയ്ഡഡ് കോളേജും കൊല്ലം ജില്ലയിൽ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയും അടുത്തകാലത്തായി ആരംഭിച്ചിട്ടുണ്ട്. 2021-22-ലെ കേരള ബഡ്ജറ്റിലൂടെ ഉന്നവിദ്യാഭ്യാസ മേഖലയിൽ 3-5 ലക്ഷം പേർക്ക് പഠനസൗകര്യം ഒരുക്കുന്നതിനും 1000 അദ്ധ്യാപകരെ നിയമിക്കുന്നതിനും സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും സർവ്വകലാശാലകളുടെ പശ്ചാത്തല വികസനത്തിനായി 2,000 കോടി രൂപ കിഫ്ബി വഴി ധനസഹായം നൽകുന്നതിനും അഫിലിയേറ്റഡ് കോളേജുകൾക്ക് 1,000 കോടി രൂപ ധനസഹായം നൽകുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്.
- സംസ്ഥാനത്തെ സർവ്വകലാശാലകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും കരിക്കുലവും Choice Based Credit Semester System (CBCSS) മാതൃകയിൽ പുന:സംഘടിപ്പിക്കുന്നതിന് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നേതൃത്വം നൽകി.

ഇവരുടെ നേതൃത്വത്തിൽ കരിക്കുലം പരിഷ്കരണം, ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും (OBE) ഗ്രാജ്വേറ്റ് ആട്രിബ്യൂട്ടുകളും (GA), ക്രോസ്-ഡിസിപ്ലിനറി ലിറ്ററസി ക്യാമ്പയിൻ 2020 (Cross Disciplinary Literacy Campaign 2020), സാക്ക് (SAAC - State Assessment & Accreditation Centre), ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്റർ (FDC) എന്നിവ ആരംഭിച്ചിട്ടുണ്ട്.

(ബി) ഉന്നത വിദ്യാഭ്യാസ രംഗത്ത് സംസ്ഥാനത്തെ എത്ര ശതമാനം വിദ്യാർത്ഥികൾ ഇതര സംസ്ഥാനങ്ങളെയും ഇതര രാജ്യങ്ങളെയും ആശ്രയിച്ചുവരുന്നു എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

വിദേശ രാജ്യങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന മലയാളി വിദ്യാർത്ഥികൾക്കായുള്ള നോർക്ക സ്റ്റുഡന്റ്സ് ഐഡി കാർഡ് പദ്ധതിയിൽ 51 രാജ്യങ്ങളിൽ നിന്നും 1423 വിദ്യാർത്ഥികൾ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന മലയാളി വിദ്യാർത്ഥികളുടെ വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(സി) ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യ മേഖലയെ നിയന്ത്രിച്ചും സർക്കാർ മേഖലയിൽ കൂടുതൽ അവസരങ്ങളുണ്ടാക്കിയും

വിദ്യാർത്ഥികളുടെ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ സംസ്ഥാനത്തുതന്നെ ഉറപ്പുവരുത്തേണ്ട ആവശ്യകത പരിഗണിക്കുമോ; എങ്കിൽ എന്തു നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യ മേഖലയെ നിയന്ത്രിച്ചും സർക്കാർ മേഖലയിൽ കൂടുതൽ അവസരങ്ങളുണ്ടാക്കിയും വിദ്യാർഥികളുടെ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ സംസ്ഥാനത്ത് തന്നെ ഉറപ്പു വരുത്തുന്നതിനുമായി കേരളത്തെ ഉന്നതവിദ്യാഭ്യാസഹബ്ബ് ആക്കി മാറ്റുന്നതിനും കേരളത്തെ വൈജ്ഞാനിക സമൂഹമാക്കിത്തീർക്കുന്നതിനുമായി ശാസ്ത്ര മേഖലയിലെ കലാലയങ്ങളിൽ നിലവിലുള്ള പരമ്പരാഗത കോഴ്സുകളോടൊപ്പം ന്യൂജനറേഷൻ കോഴ്സുകൾ ചേർത്ത് വിപുലമായ പാഠ്യപദ്ധതി നടപ്പിലാക്കിവരുന്നു. 21.09.2021-ലെ ജി.ഒ.(എം.എസ്)നം. 390/2021/H.Edn. പ്രകാരം സംസ്ഥാനത്തെ ജ്ഞാന സമൂഹമാക്കി മാറ്റുന്നതിനും തദ്ദേശീയ സാമൂഹ്യ സാമ്പത്തിക ഘടനയുടെ വികസനത്തിന് യോജിച്ച വിധത്തിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും ആവശ്യമായ വിധത്തിൽ പരിഷ്കരിക്കുന്നതിനുമായി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് 7

അംഗങ്ങളെ ഉൾപ്പെടുത്തി ഉന്നത വിദ്യാഭ്യാസ പരിഷ്കാര കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.

(ഡി) ഉക്രൈനിൽ സംസ്ഥാനത്തുനിന്നുള്ള എത്ര വിദ്യാർത്ഥികളുണ്ട് എന്നും അവരുടെ തുടർ വിദ്യാഭ്യാസം ഉറപ്പുവരുത്താൻ എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ?

കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ കണക്കനുസരിച്ച് കേരളത്തിൽ നിന്നുള്ള 2320 വിദ്യാർത്ഥികൾ ഉക്രൈനിൽ ഉണ്ടായിരുന്നു. റഷ്യ-ഉക്രൈൻ സംഘർഷത്തിന്റെ ഭാഗമായി നാട്ടിലേയ്ക്ക് തിരികെവന്ന വിദ്യാർത്ഥികളുടെ തുടർപഠനം സാദ്ധ്യമാക്കാൻ കേന്ദ്ര സർക്കാരിന്റെ പ്രത്യേക ഇടപെടൽ ആവശ്യമുള്ള സാഹചര്യത്തിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ നോർക്കയുടെ നേതൃത്വത്തിൽ പ്രത്യേക സെൽ പ്രവർത്തിക്കുന്നതിന് 2022-23 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അതിലേയ്ക്കായി 10 കോടി രൂപ വകയിരുത്തിയിട്ടുമുണ്ട്.

## പരിസ്ഥിതി പഠന ശാസ്ത്ര ബിരുദം

128 (1668) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി. നിർദ്ദേശമനുസരിച്ച് കേരളത്തിലെ സർവ്വകലാശാലകളിൽ ബിരുദതലത്തിൽ നിർബന്ധിത പാഠ്യ വിഷയമാക്കിയ പരിസ്ഥിതി പഠന/ശാസ്ത്ര അദ്ധ്യാപനം നടത്തുന്നതിന് യോഗ്യതയുള്ള എത്രപേർ സംസ്ഥാനത്തുണ്ടെന്ന കണക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കൈവശമുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. കണ്ണൂർ സർവ്വകലാശാലയുടെ കീഴിലുള്ള ബിരുദാനന്തര ബിരുദ പരിസ്ഥിതി പഠന ശാസ്ത്രവകുപ്പിൽ നിലവിൽ യോഗ്യതയുള്ള നാല് അദ്ധ്യാപകരുണ്ട്.

(ബി) ബിരുദതലത്തിൽ യു.ജി.സി. നിഷ്കർഷിച്ച പരിസ്ഥിതി പഠന ശാസ്ത്ര സിലബസിൽനിന്നും വ്യത്യസ്തമായ സിലബസ് ആണോ കേരളത്തിൽ പിന്തുടരുന്നത്; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ബിരുദതലത്തിൽ യു.ജി.സി. നിഷ്കർഷിച്ച പരിസ്ഥിതി പഠന ശാസ്ത്ര സിലബസാണ് പിൻതുടരുന്നത്.

(സി) സർവ്വകലാശാലാ ക്യാമ്പസുകൾ അല്ലാതെ ഏതെങ്കിലും സർക്കാർ കോളേജുകളിൽ ബിരുദ വിഷയമോ ബിരുദാനന്തര വിഷയമോ ആയി പരിസ്ഥിതി പഠന ശാസ്ത്രം ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) പരിസ്ഥിതി പഠന ശാസ്ത്രത്തിൽ ഗവേഷണ ബിരുദം ഉൾപ്പെടെ ഉന്നത യോഗ്യതകളുള്ള ആയിരക്കണക്കിന് അഭ്യസ്തവിദ്യരുടെ മാനവ വിഭവശേഷി പ്രയോജനപ്പെടുത്തുന്നതിന് നിലവിലുള്ള വികസന പദ്ധതികളുമായി ബന്ധപ്പെടുത്തി കർമ്മ പദ്ധതി തയ്യാറാക്കുമോ; വിശദാംശം നൽകുമോ?

പ്രസ്തുത വിഷയം സംബന്ധിച്ച് പഠനം ആവശ്യമാണ്.

<u>സ്ഥിരം അദ്ധ്യാപകരുടെ സ്ഥലംമാറ്റംമൂലമുണ്ടായ പ്രതിസന്ധിക്ക് പരിഹാരം</u>

129(1669) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ എളേരിത്തട്ട് ഇ. കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ ഭൂരിഭാഗം സ്ഥിരം അദ്ധ്യാപകർക്കും സ്ഥലംമാറ്റം ലഭിച്ചതുമൂലം കോളേജ് പ്രവർത്തനം പ്രതിസന്ധിയിലായത് അടിയന്തരമായി പരിഹരിക്കാൻ നടപടി ഉണ്ടാകുമോ?

കാസർഗോഡ് ജില്ലയിലെ എളേരിത്തട്ട് ഇ. കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ ഇംഗ്ലീഷ് വിഷയത്തിലെ നാല് അദ്ധ്യാപകർക്കും ഫിസിക്സ് വിഭാഗത്തിലെ രണ്ട് അദ്ധ്യാപകർക്കും ഹിന്ദി വിഭാഗത്തിലെ ഒരാൾക്കും കഴിഞ്ഞ വർഷത്തെ പൊതുസ്ഥലമാറ്റ ഉത്തരവിൽ സ്ഥലംമാറ്റം നല്കിയിരുന്നു. ഇംഗ്ലീഷ് വിഭാഗത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തരം 2 പേർക്ക് നിയമനം നല്കിയിട്ടുണ്ട്. സ്ഥിരം അദ്ധ്യാപകരെ സ്ഥലംമാറ്റിയതുമൂലം വിദ്യാർത്ഥികളുടെ പഠനം മുടങ്ങാതിരിക്കാൻ ദിവസവേതനാടിസ്ഥാനത്തിൽ ഗസ്റ്റ് അദ്ധ്യാപകരെ പകരം നിയമിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കോളേജിൽ സ്ഥിരം അദ്ധ്യാപകരെ തന്നെ ഈ ഒഴിവുകളിൽ നിയമിക്കാൻ നടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത കോളേജിൽ നിലവിലുള്ള ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്.

## എയ്ഡഡ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാരുടെ സംവരണം

130 (1670) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ എയ്ഡഡ് മേഖലയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 26.08.2020-ലെ ഹൈക്കോടതി വിധി പ്രകാരം ജീവനക്കാരുടെ അംഗബലത്തിന്റെ 4 ശതമാനത്തിൽ കുറയാത്ത ഒഴിവുകൾ സംവരണ നിയമനത്തിന് അർഹതപ്പെട്ട ഭിന്നശേഷി വിഭാഗത്തിലെ വ്യക്തികൾക്കായി മാറ്റിവച്ച് നിയമനം നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 26.08.2020-ലെ ഉത്തരവിന്റെ വെളിച്ചത്തിൽ സംസ്ഥാനത്തെ സ്വകാര്യ എയ്ഡഡ് കോളേജുകളിലെ നിയമനങ്ങളിൽ ഭിന്നശേഷിവിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് 4% സംവരണം ഏർപ്പെടുത്തിക്കൊണ്ട് 15.02.2021-ലെ സ.ഉ.(കൈ)നം.96/2021/ഉ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ പ്രകാരം ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് അർഹതപ്പെട്ട സംവരണ ഒഴിവുകൾ കണക്കാക്കുന്നതിന് ഓരോ വിദ്യാഭ്യാസ സ്ഥാപനത്തെയും ഓരോ യൂണിറ്റ് ആയാണോ പരിഗണിക്കുന്നത്; വിശദാംശം നൽകുമോ?

ഈ വിഷയം സർക്കാർ പരിഗണിച്ചുവരുന്നു.

(സി) ഏതെങ്കിലും തസ്തികയിലേയ്ക്ക് യോഗ്യത നേടിയ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾ ലഭ്യമാകാതെ വന്നാൽ പ്രസ്തുത ഒഴിവുകൾ സ്ഥിരം നിയമനം നടത്താതെ മാറ്റിവയ്ക്കുകയും തുടർന്നുവരുന്ന വർഷങ്ങളിൽ പ്രസ്തുത വിഭാഗത്തിൽനിന്നും യോഗ്യരായ ഉദ്യോഗാർഥികൾ ലഭ്യമായി വരുമ്പോൾ മുൻവർഷത്തെ നിയമന കുറവുകൂടി പരിഹരിച്ച് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ സർക്കാർ പരിഗണിച്ചു വരുന്നു.

## ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ അതിഥി അദ്ധ്യാപകരുടെ വേതനം

131(1671) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ 16 മണിക്കൂറിൽ കുറവ് അദ്ധ്യയനമുള്ള വിഷയങ്ങളിൽ എത്ര അദ്ധ്യാപക തസ്തികളാണ് സ്ഥിരാദ്ധ്യാപകരില്ലാതെ ഒഴിഞ്ഞുകിടക്കുന്നത് എന്നത് വിഷയം തിരിച്ച് അറിയിക്കാമോ?

യു.ജി.സി. മാനദണ്ഡങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ സ്ഥിരാദ്ധ്യാപക നിയമനങ്ങൾക്ക് ആഴ്ചയിൽ 16 മണിക്കൂർ ജോലിഭാരം നിർബന്ധമാക്കിക്കൊണ്ട് 01.04.2020-ലെ സ.ഉ(എം.എസ്) 155/2020/ഉ.വി.വ, 25.05.2020-ലെ സ.ഉ(എം.എസ്)193/2020/ഉ.വി.വ എന്നീ ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി. ടി ഉത്തരവുകൾ പ്രകാരം പുതിയ സ്ഥിരാദ്ധ്യാപക നിയമനങ്ങൾക്ക് പി.ജി. വെയിറ്റേജ് ഇല്ലാതെ 16 മണിക്കൂർ ജോലിഭാരം നിർബന്ധമാണ്. എന്നാൽ നിലവിലുള്ള ഒരു അദ്ധ്യാപക തസ്തികയും റദ്ദാക്കിയിട്ടില്ല. നിലവിൽ നിയമനം നേടി സർവ്വീസിലുള്ള അദ്ധ്യാപകർ ജോലിഭാരം കുറവുള്ള (16 മണിക്കൂറിൽ താഴെ) തസ്തികകളിലും തുടരുന്നുണ്ട്. 16 മണിക്കൂറിൽ കുറവ് ജോലിഭാരമുള്ള വിഷയങ്ങളിൽ അതിഥി അദ്ധ്യാപകരെ നിയമിക്കാൻ അനുമതി നല്കിയിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിൽ വിവിധ വിഷയങ്ങളിൽ 16 മണിക്കൂറിൽ കുറവ് അദ്ധ്യയനമുള്ള 1062 അദ്ധ്യാപക തസ്തികകൾ സംബന്ധിച്ച വിവരം അനുബന്ധം - 1 ആയി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ എത്ര അദ്ധ്യാപക തസ്തികളാണ് നിലവിൽ ഒഴിഞ്ഞുകിടക്കുന്നത് എന്നത് വിഷയം തിരിച്ച് അറിയിക്കാമോ?

കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ നിയമന നടപടികൾ നടന്നു വരുന്നതുൾപ്പെടെ 279 അദ്ധ്യാപക തസ്തികകൾ ഒഴിവുണ്ട്. വിഷയം തിരിച്ചിട്ടുള്ള കണക്ക് അനുബന്ധം - 2 ആയി ചേർക്കുന്നു+

(സി) നിലവിൽ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ഏതെല്ലാം വിഷയത്തിൽ എത്ര അദ്ധ്യാപക തസ്തികളാണ് ഒഴിഞ്ഞുകിടക്കുന്നത് എന്നറിയിക്കാമോ?

സർക്കാർ കോളേജുകളിൽ നിലവിലുള്ള ജോലിഭാര നിബന്ധന പ്രകാരം 326 അധിക തസ്തികകൾ ഉള്ളതായി കാണുന്നു. വിവിധ വിഷയങ്ങളിൽ ഒഴിവുള്ള 244 തസ്തികകളിൽ 182 എണ്ണം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒഴിവുകൾ സംബന്ധിച്ച വിഷയം തിരിച്ചിട്ടുള്ള കണക്ക് അനുബന്ധം - 3 ആയി ചേർക്കുന്നു.+

(ഡി) കേരളത്തിലെ സർക്കാർ-എയ്ഡഡ് കോളേജിലുള്ള അതിഥി അദ്ധ്യാപകരുടെ നിലവിലെ വേതനം എത്രയാണ്; യു.ജി.സി. 2019

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജനുവരി 28-ന് ഇറക്കിയ (No.F.25-1/2018 (PS/ Misc.) സർക്കുലറിൽ അതിഥി അദ്ധ്യാപകരുടെ വേതനം ഓരോ മണിക്കൂറിന് 1,500 രൂപ എന്ന നിരക്കിൽ പ്രതിമാസം പരമാവധി 50,000 രൂപ ആക്കിയിട്ടുള്ളത് സംസ്ഥാനത്ത് നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്നറിയിക്കാമോ?

കേരളത്തിലെ സർക്കാർ-എയ്ഡഡ് കോളേജിലുള്ള അതിഥി അദ്ധ്യാപകരുടെ നിലവിലെ വേതനം യു.ജി.സി. യോഗ്യതയുള്ളവർക്ക് പ്രതിദിനം 1,750 രൂപ എന്ന നിരക്കിൽ പരമാവധി ഒരു മാസം 43,750 രൂപയും യു.ജി.സി. യോഗ്യതയില്ലാത്തവർക്ക് പ്രതിദിനം 1.600 രൂപ എന്ന നിരക്കിൽ പരമാവധി ഒരു മാസം 40,000 രൂപയും ആണ്; യു.ജി.സി. 2019 ജനുവരി 28-ന് ഇറക്കിയ (No.F.25-1/2018 (PS/ Misc.) സർക്കുലറിൽ അതിഥി അദ്ധ്യാപകരുടെ വേതനം ഒരു മണിക്കൂറിന് 1,500 രൂപ എന്ന നിരക്കിൽ പ്രതിമാസം പരമാവധി 50,000 രൂപ ആക്കിയിട്ടുള്ളത് സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി ശിപാർശ ചെയ്ത് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കുകയും ആയതിപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലുമാണ്.

(ഇ) വിവിധ ഡി.ഡി. ഓഫീസുകളിലെ ജീവനക്കാരുടെ അനാസ്ഥമൂലം അതിഥി അദ്ധ്യാപകരുടെ ഓരോ മാസവും ലഭിക്കേണ്ട വേതനം ഒരു വർഷം കഴിഞ്ഞിട്ടും ലഭിക്കാതെ ബില്ലുകൾ കെട്ടിക്കിടക്കുന്ന പ്രവണത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദവിവരങ്ങൾ നൽകാമോ?

നിലവിലെ വ്യവസ്ഥകൾ അനുസരിച്ച് നിയമിതരായ എല്ലാ അതിഥി അദ്ധ്യാപകർക്കും കൃത്യമായ വേതനം ഉറപ്പാക്കുന്നതിന് എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്.

(എഫ്) ഉന്നത വിദ്യാഭ്യാസ വകുപ്പ് 21.10.2017-ൽ ഇറക്കിയ (നമ്പർ.എ.2/8933/17) ഉത്തരവ് പ്രകാരം എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാരും മുൻമാസത്തെ അതിഥി അദ്ധ്യാപക വേതന ബിൽ സമർപ്പിച്ചുകഴിഞ്ഞിട്ടുണ്ടെന്ന സാക്ഷ്യപത്രം ഓരോ മാസത്തെയും അദ്ധ്യാപക ശമ്പള ബില്ലിന്റെ കൂടെ ലഭ്യമാക്കണം എന്ന സർക്കാർ നിർദ്ദേശം പാലിക്കാത്ത സാഹചര്യങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കാമോ?

എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാരും മുൻമാസത്തെ അതിഥി അദ്ധ്യാപക വേതന ബിൽ സമർപ്പിച്ചുകഴിഞ്ഞിട്ടുണ്ട് എന്ന

സാക്ഷ്യപത്രം ഓരോ മാസത്തെയും അദ്ധ്യാപക ശമ്പള ബില്ലിനോടൊപ്പം ലഭ്യമാക്കണം എന്ന് വ്യവസ്ഥ ചെയ്ത് ഉന്നത വിദ്യാഭ്യാസ വകുപ്പിൽനിന്നും ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ 21.10.2017-ൽ കോഴിക്കോട് കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽനിന്നും ഇപ്രകാരം നിർദ്ദേശിച്ചുകൊണ്ട് ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ജി) മറ്റ് സംസ്ഥാനങ്ങളിൽ ഉള്ളതുപോലെ ടീച്ചേർസ് റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ച് സ്കൂൾതലം മുതൽ കോളേജുതലം വരെയുള്ള എല്ലാ അദ്ധ്യാപക നിയമനങ്ങളും നടത്തുമോ എന്നറിയിക്കാമോ?

നിലവിൽ പരിഗണനയിലില്ല.

## യുജിസി റെഗുലേഷൻ ആന്റ് പേറിവിഷൻ

132 (1672) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ യു.ജി.സി. റെഗുലേഷൻ ആന്റ് പേറിവിഷൻ സംസ്ഥാനത്ത് പൂർണ്ണമായി നടപ്പാക്കിയിട്ടുണ്ടോ; പ്രസ്തുത

വിജ്ഞാപനത്തിലെ 15-ാം ക്ലോസിൽ ആഴ്ചയിൽ അസിസ്റ്റന്റ് പ്രൊഫസർക്ക് 16 മണിക്കൂറും അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നിവർക്ക് 14 മണിക്കൂറും ഡയറക്ട് ടീച്ചിംഗ് മണിക്കൂറായി യു.ജി.സി. നിർബന്ധമാക്കിയിരിക്കുന്നത് സംസ്ഥാനം നടപ്പാക്കാത്തതിന്റെ കാരണമെന്താണ്; വിശദമാക്കാമോ?

സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഭൗതിക സാഹചര്യങ്ങൾക്ക് അനുസരിച്ച് നടപ്പിലാക്കാവുന്ന യു.ജി.സി. വ്യവസ്ഥകൾ എല്ലാംതന്നെ നിലവിലുള്ള സ്പെഷ്യൽ റൂൾ വ്യവസ്ഥകൾക്ക് വിധേയമായി നടപ്പിലാക്കിയിട്ടുണ്ട്. 2018-ലെ യു.ജി.സി. വ്യവസ്ഥകൾ ഉൾപ്പെടുത്തിയുള്ള വകുപ്പിന്റെ സ്പെഷ്യൽ റൂൾ സർക്കാരിന്റെ പരിഗണനയിലാണ്. അസിസ്റ്റന്റ് പ്രൊഫസർ തസ്തിക 16 മണിക്കൂർ നിഷ്കർഷിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) പ്രസ്തുത വിജ്ഞാപനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിന് ആഴ്ചയിൽ 16 മണിക്കൂർ നിർബന്ധമായും വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മണിക്കൂർ തികയാത്ത സിംഗിൾ ഫാക്കൽറ്റി വിഷയത്തിൽ എങ്ങനെ നിയമനം നടത്തുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ?

ഉണ്ട്. സർക്കാർ കോളേജുകളിൽ സിംഗിൾ ഫാക്കൽറ്റി തസ്തികകൾ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ 01.04.2020-ലെ സഉ(കൈ)155/2020/ ഉവിവ. പ്രകാരം റെഗുലർ നിയമനം നടത്തുന്നതിന് ആഴ്ചയിൽ 16 മണിക്കൂർ ആവശ്യമാണ്. 16 മണിക്കൂറിൽ താഴെ ജോലിഭാരം നിശ്ചയിച്ചിട്ടുള്ള വിഷയങ്ങളിൽ അതിഥി അദ്ധ്യാപകരെ നിയമിക്കാവുന്നതാണ്.

(സി) പി.ജി. അദ്ധ്യാപകർക്ക് നൽകിവന്നിരുന്ന വെയിറ്റേജ് എടുത്ത് കളഞ്ഞത് യു.ജി.സി.യുടെ നിർദ്ദേശപ്രകാരമാണോയെന്ന് വ്യക്തമാക്കാമോ; മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി കേരളത്തിൽ പി.ജി., യു.ജി. കോഴ്സുകൾ ഒരേ കോളേജുകളിൽ ഒന്നിച്ച് നടത്തുന്ന സാഹചര്യമുള്ളതിനാൽ പ്രസ്തുത വെയിറ്റേജ് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

പി.ജി, അദ്ധ്യാപകർക്ക് നൽകിവരുന്ന വെയ്റ്റേജ് എടുത്തുകളഞ്ഞത് യു.ജി.സി.-യുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമല്ല, വെയ്റ്റേജ് പുന:സ്ഥാപിക്കുന്ന കാര്യം നിലവിൽ സർക്കാർ പരിഗണനയിലില്ല.

(ഡി) പ്രസ്തുത റെഗുലേഷൻ ആന്റ് പേറിവിഷൻ വിജ്ഞാപന പ്രകാരം പുതിയ അദ്ധ്യാപക തസ്തികകളുടെ അംഗീകാരത്തിനും നിലവിലുള്ളവരുടെ ശമ്പള പരിഷ്കരണത്തിനുമായി കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ

ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിൽ ലഭിച്ചിരിക്കുന്ന അപേക്ഷകൾ തീർപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; ഇതിനായി സമയക്രമം നിശ്ചയിക്കാമോ?

സമയക്രമം നിശ്ചയിച്ച് അപേക്ഷകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കുന്നത് പരിഗണനയിലാണ്.

## യു.ജി.സി.വ്യവസ്ഥ ലംഘിച്ച് പ്രൊഫസർ പദവി

133 (1673) ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. അബ്ദുൽ ഹമീദ് പി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസിലുള്ളവരെ മാത്രമേ പ്രൊഫസർ പദവിക്ക് പരിഗണിക്കാവൂ എന്ന യു.ജി.സി. വ്യവസ്ഥ ലംഘിച്ച് സർവ്വീസിൽനിന്നും വിരമിച്ചവർക്കുകൂടി പ്രൊഫസർ പദവി നൽകാൻ കോഴിക്കോട് സർവ്വകലാശാല തീരുമാനം എടുത്തിട്ടുണ്ടോ?

അർഹരായ അദ്ധ്യാപകർക്ക് 18.07.2018-ൽ വിജ്ഞാപനം ചെയ്ത 2018 യു.ജി.സി. റെഗുലേഷൻ പ്രകാരം ലഭിക്കേണ്ട പ്ലേയ്സ്മെന്റ്/പ്രൊമോഷൻ ലഭ്യമാക്കുന്നതിനായി, അവർ റിട്ടയർ അഥവാ

വിടുതൽ ചെയ്തിട്ടുണ്ടെങ്കിൽ അവരുടെ പ്രൊമോഷനായുള്ള പ്രൊപ്പോസലുകൾ, അവർക്ക് പ്രൊമോഷൻ ലഭ്യമാകേണ്ടുന്ന തീയതിയിൽ ഏതു കോളേജിലെ റോളിലാണോ ഉണ്ടായിരുന്നത് അവിടുന്ന് തന്നെയാണ് സെലക്ഷൻ പ്രക്രിയകകൾ പൂർത്തിയാക്കേണ്ടത് എന്നു നിർദ്ദേശിക്കുന്ന പൊതു നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന 18.01.2022-ലെ U.O.1335/2022/Admn എന്ന ഉത്തരവ് പ്രൊഫസർ പദവിയിലേയ്ക്കുള്ള പ്രൊമോഷനുമായി ബന്ധപ്പെട്ട് കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇറക്കിയിട്ടുണ്ട്. ഈ ഉത്തരവ് യു.ജി.സി. റെഗുലേഷനും ബന്ധപ്പെട്ട ഉത്തരവുകളും നടപ്പിൽ വരുത്തുന്നതിലുണ്ടായ താമസംമൂലം അർഹരായ അദ്ധ്യാപകർക്ക് പ്ലേയ്സ്മെന്റ്/പ്രൊമോഷൻ നിഷേധിക്കുന്ന സ്ഥിതി ഒഴിവാക്കുന്നതിലേയ്ക്കായി തയ്യാറാക്കിയിട്ടുള്ളതാണ്. മേൽ മാർഗ്ഗനിർദ്ദേശങ്ങൾ 2018-ലെ യു.ജി.സി. റെഗുലേഷനിലെയും ബന്ധപ്പെട്ട സർക്കാരുത്തരവുകളുടെയും വ്യവസ്ഥകൾ പരിഗണിച്ച് 18.07.2018 മുതൽ അർഹരായവർക്കുകൂടി ബാധകമാക്കിയിട്ടുള്ളതാണ്.

(ബി) പ്രസ്തുത തീരുമാനത്തിൽ ചാൻസലർ വിശദീകരണം തേടിയിരുന്നോ?

മേൽ ഉത്തരവുമായി ബന്ധപ്പെട്ടുള്ള ഒരു പരാതിയുടെ അടിസ്ഥാനത്തിൽ ബഹു. ചാൻസലർ കോഴിക്കോട് സർവ്വകലാശാലയുടെ വിശദീകരണം തേടിയിരുന്നു.

(സി) യു.ജി.സി. ചട്ടങ്ങൾക്ക് വിരുദ്ധമായ ഈ നടപടി പിൻവലിക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## തിരൂരങ്ങാടി പി.എസ്.എം.ഒ. കോളേജ്- ഫിസിക്കൽ എഡ്യൂക്കേഷൻ തസ്തിക

134 (1674) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി പി.എസ്.എം.ഒ. കോളേജിൽ ഫിസിക്കൽ എഡ്യൂക്കേഷൻ രണ്ടാം തസ്തിക അനുവദിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) ഈ കോളേജിൽ ഫിസിക്കൽ എഡ്യൂക്കേഷൻ രണ്ടാം തസ്തിക അനുവദിക്കുന്നതിന് ആവശ്യമായ കുട്ടികൾ ഉണ്ടോ?

ഉണ്ട്.

(സി) ഈ കോളേജിൽ ഫിസിക്കൽ എഡ്യൂക്കേഷൻ രണ്ടാം തസ്തിക അനുവദിക്കുന്നതിന് ഹൈക്കോടതി ഉത്തരവിലൂടെ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നോ; കോടതി ഉത്തരവ് പ്രകാരം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സർക്കാർ സൃഷ്ടിക്കാത്ത രണ്ടാം തസ്തികയിൽ നിയമിതനായ അദ്ധ്യാപകന് ശമ്പളം അനുവദിക്കുവാൻ ബഹു. ഹൈക്കോടതി 11.01.2021-ലെ 886/2020 റിട്ട് അപ്പീലിന്മേൽ നിർദ്ദേശം നല്കിയിരുന്നു. ടി വിധിക്കെതിരെ റിവ്യൂ പെറ്റിഷൻ ഫയൽ ചെയ്യാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നല്കിയിട്ടുണ്ട്.

## ലാബ് അസിസ്റ്റന്റ് നിയമനം

135 (1675) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യമായ ലാബ് അസിസ്റ്റന്റുമാരുടെ സേവനം സർക്കാർ കോളേജുകളിൽ ലഭിക്കുന്നില്ല എന്ന വിഷയം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ, സർക്കാർ കോളേജുകളിൽ ലാബ് അറ്റൻഡർ തസ്തികയാണ് നിലവിലുള്ളത്. സ്റ്റാഫ് പാറ്റേണിന്

ആനുപാതികമായി തസ്തിക നിലവിലില്ലാത്ത കോളേജുകളിൽ തസ്തിക സൃഷ്ടിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്ത പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) അനുവദനീയമായ തസ്തികകളിൽ ഒഴിവ് ഉള്ളത് പരിശോധിച്ചിട്ടുണ്ടോ; ആയത് നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

അനുവദനീയമായ അറ്റൻഡർ തസ്തികയിൽ 28.02.2022-ന് വിരമിക്കൽമൂലമുണ്ടായ ഒരു ഒഴിവ് മാത്രമാണ് നിലവിലുള്ളത്. ടി തസ്തികയിലേയ്ക്ക് നിയമനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ലാബ് അസിസ്റ്റന്റുമാരെ മറ്റ് ജോലികൾക്ക് നിയോഗിക്കുന്നതിനാൽ കോളേജുകളിലെ ലാബ് പരീക്ഷകൾക്ക് ആവശ്യമായ സംവിധാനം ഏർപ്പെടുത്താൻ കഴിയാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പരീക്ഷാസമയത്ത് ലാബ് അറ്റൻഡർമാരെ മറ്റ് ജോലികൾക്ക് നിയോഗിക്കാറില്ല. അത്തരം വിഷയം സംബന്ധിച്ച സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ലാബ് അസിസ്റ്റന്റുമാരുടെ നിയമനവുമായി ബന്ധപ്പെട്ട് വകുപ്പ് മേധാവികൾ നൽകിയ പരാതിയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സർക്കാർ കോളേജുകളിലെ അറ്റൻഡർ നിയമനവുമായി ബന്ധപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പ്രൊഫസർ പദവി

136(1676) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസിൽ തുടരുന്നവരെ മാത്രമേ പ്രൊഫസർ പദവിയിലേയ്ക്ക് പരിഗണിക്കാൻ കഴിയൂ എന്ന നിയമം നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ യു.ജി.സി. റെഗുലേഷനിലെ ഏത് സെക്ഷൻ പ്രകാരമാണ് ഈ നിയമമെന്ന് വ്യക്തമാക്കാമോ;

&

(സി) സ്ഥാനക്കയറ്റത്തിന് പരിഗണിക്കപ്പെടണമെങ്കിൽ സർവ്വകലാശാലയിലോ കോളേജിലോ സജീവമായി ജോലിയിൽ

ഏർപ്പെടുന്നവരാകണം അപേക്ഷകരായ അദ്ധ്യാപകർ എന്ന് യു.ജി.സി. റെഗുലേഷനിൽ വ്യക്തമാക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത റഗുലേഷന്റെ പകർപ്പ് ലഭ്യമാക്കുമോ?

സർവ്വീസിൽ തുടരുന്നവരെ മാത്രമേ പ്രൊഫസർ പദവിയിലേയ്ക്ക് പരിഗണിക്കാവൂ എന്ന നിയമം നിലവിലില്ല. യു.ജി.സി. റെഗുലേഷൻ പ്രകാരം മതിയായ യോഗ്യതയുള്ള ആരെയും പ്രൊഫസർ പദവിയിലേയ്ക്കുള്ള നേരിട്ടുള്ള നിയമനത്തിന് പരിഗണിക്കാവുന്നതാണ്. എന്നാൽ സി.എ.എസ്. (കരിയർ അഡ്വാൻസ്മെന്റ് സ്കീം ) പ്രകാരമുള്ള പ്രൊഫസർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന്, പ്രൊഫസർ തസ്തികയിലേയ്ക്ക് പരിഗണിക്കപ്പെടുന്ന അദ്ധ്യാപകൻ സർവ്വീസിൽ തുടരണമെന്ന് യു.ജി.സി. റെഗുലേഷൻ ക്ലോസ് 6.3 V (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)+ പ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്നു.

(ഡി) കാലിക്കറ്റ് യൂണിവേഴ്സിറ്റി 18.1.2022-ൽ ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ യു.ജി.സി. റെഗുലേഷൻ പ്രകാരമുള്ള ഉത്തരവ് എന്ന മട്ടിൽ വ്യവസ്ഥകളെ അടിമുടി വളച്ചൊടിച്ച ഉത്തരവാണെന്ന ആക്ഷേപം ശരിയാണോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇറക്കിയ 18.01.2022-ലെ U.O.1335/2022/Admn എന്ന ഉത്തരവിൽ അർഹരായ അദ്ധ്യാപകർക്ക് 18.07.2018-ൽ വിജ്ഞാപനം ചെയ്ത 2018 യു.ജി.സി. റെഗുലേഷൻ പ്രകാരം ലഭിക്കേണ്ട പ്ലേസ്മെന്റ്/പ്രൊമോഷൻ ലഭ്യമാക്കുന്നതിനായി, അവർ റിട്ടയർ അഥവാ വിടുതൽ ചെയ്തിട്ടുണ്ടെങ്കിൽ അവരുടെ പ്രൊമോഷനായുള്ള പ്രൊപ്പോസലുകൾ, അവർക്ക് പ്രൊമോഷൻ ലഭ്യമാകേണ്ടുന്ന തീയതിയിൽ ഏതു കോളേജിലെ റോളിലാണോ അവർ ഉണ്ടായിരുന്നത്, അവിടുന്നുതന്നെ സെലക്ഷൻ പ്രക്രിയകൾ പൂർത്തിയാക്കേണ്ടത് എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ടി മാർഗനിർദ്ദേശങ്ങൾ 2018-ലെ യു.ജി.സി. റെഗുലേഷനും ആയതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾക്കും അനുസൃതമാണ്.

<u>കോളേജ് അദ്ധ്യാപക നിയമനത്തിന് യു.ജി.സി. മാനദണ്ഡം</u>

137(1677) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഗവൺമെന്റ് കോളേജുകളിലെ അദ്ധ്യാപക നിയമനത്തിന് യു.ജി.സി. മാനദണ്ഡം

പാലിച്ചാണോ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഗവൺമെന്റ് കോളേജുകളിലെ അദ്ധ്യാപക നിയമനത്തിന് നിലവിലുള്ള വിശേഷാൽ ചട്ടങ്ങൾ/ഗവൺമെന്റ് ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നത്. യു.ജി.സി. നിഷ്കർഷിക്കുന്ന യോഗ്യതകൾ പാലിച്ചാണ് അദ്ധ്യാപക നിയമനം.

(ബി) യു.ജി.സി. മാനദണ്ഡം അനുസരിച്ച് അസിസ്റ്റന്റ് പ്രൊഫസർ നിയമനങ്ങൾക്ക് പ്രവൃത്തി പരിചയം നിഷ്കർഷിച്ചിട്ടുണ്ടോ?

യു.ജി.സി. മാനദണ്ഡം അനുസരിച്ച് അസിസ്റ്റന്റ് പ്രൊഫസർ നിയമനങ്ങൾക്ക് പ്രവൃത്തി പരിചയം നിഷ്കർഷിച്ചിട്ടില്ല.

(സി) ഇല്ലെങ്കിൽ ബി.എഡ്. കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിനായി പ്രവൃത്തി പരിചയം ഉൾപ്പെടുത്തിയിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഇത് പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

സർക്കാർ ബി.എഡ്. കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ നിയമനങ്ങൾ യു.ജി.സി. നിഷ്കർഷിക്കുന്ന യോഗ്യതകൾ എല്ലാംതന്നെ

പാലിച്ചാണ് നടത്തുന്നത്. ഉദ്യോഗാർത്ഥികളെ മികച്ച അദ്ധ്യാപകരാക്കാൻ പരിശീലനം നൽകുന്ന പരിശീലന കേന്ദ്രങ്ങളാണ് ഗവൺമെന്റ് ബി.എഡ്. കോളേജുകൾ. പ്രവൃത്തിപരിചയമുള്ള അദ്ധ്യാപകരിലൂടെ പരിശീലനം ലഭിക്കുന്നത് ഈ രംഗത്ത് മികച്ച ഗുണനിലവാരം ഉറപ്പാക്കുന്നതിനും മികവുറ്റ അദ്ധ്യാപകരാകാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതുമാണ്. ഈ മേഖലയിൽ മികച്ച ഗുണനിലവാരം ഉറപ്പാക്കുന്നതിനാണ് സ്പെഷ്യൽ റൂൾ പ്രകാരം പ്രവൃത്തിപരിചയം ഉൾപ്പെടുത്തിയിരിക്കുന്നത്; സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്ന സമയത്ത് ഇത് പുന:പരിശോധിക്കാവുന്നതാണ്.

<u>വൈപ്പിൻ ഗവൺമെന്റ് കോളേജിന്റെ അടിസ്ഥാന സൗകര്യവികസനം</u>

138 (1678) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ വൈപ്പിൻ ഗവൺമെന്റ് കോളേജിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

വൈപ്പിൻ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ് നിലവിൽ പ്രവർത്തിക്കുന്നത് എളംകുന്നപുഴ എൽ.പി. സ്കൂളിൽനിന്ന് കോളേജിന്

ലഭിച്ച 52 സെന്റ് ഭൂമിയിലാണ്. കോളേജിന് ആവശ്യമായ 5 ഏക്കർ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. വൈപ്പിൻ ജനസാന്ദ്രത കൂടിയ ദ്വീപ് പ്രദേശമായതിനാൽ കെട്ടിടനിർമ്മാണം നടത്തുന്നതിന് ഉപയോഗപ്രദമായ ഭൂമി കണ്ടെത്തുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. വൈപ്പിൻ പ്രദേശത്ത് സർക്കാർ ഭൂമിയോ പുറമ്പോക്ക് ഭൂമിയോ ലഭ്യമല്ല എന്ന് റവന്യൂ അധികാരികളും അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിർമ്മാണം സാദ്ധ്യമാകുന്ന സ്വകാര്യവ്യക്തികളുടെ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. വിവിധ ശീർഷകങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) വൈപ്പിൻ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി വഴി 10 കോടി രൂപ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; ടി തുക ഉപയോഗിച്ച് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമായിരിക്കുമെന്ന് വിശദമാക്കാമോ?

വൈപ്പിൻ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിനെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ച് പ്രത്യേകം ഉത്തരവ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിയിട്ടില്ല. എന്നാൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പുതിയ കോളേജുകളുടെ ലിസ്റ്റിൽ ടി കോളേജ് ഉൾപ്പെട്ടിട്ടുണ്ട്. പുതിയ കോളേജുകളുടെ സ്ഥലം ഏറ്റെടുക്കൽ, കെട്ടിട നിർമ്മാണം എന്നിവയ്ക്കായി കിഫ്ബി പദ്ധതിയിൽ അനുവദിക്കുന്ന തുക ഉപയോഗപ്പെടുത്താൻ സാധിക്കും.

## കുന്ദമംഗലം സർക്കാർ കോളേജ്

139 (1679) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം സർക്കാർ കോളേജ് സ്ഥാപിക്കാൻ എത്ര ഭൂമിയാണ് ഗ്രാമപഞ്ചായത്ത് വിട്ടുനൽകിയതെന്ന് വ്യക്തമാക്കാമോ?

5.1 ഏക്കർ.

(ബി) കോളേജിന്റെ വികസനത്തിനായി കൂടുതൽ ഭൂമി ഏറ്റെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോളേജിന് നിലവിലുള്ള മാസ്റ്റർ പ്ലാനിൽ സ്വന്തമായി കളിസ്ഥലം ഇല്ലാത്ത സാഹചര്യത്തിൽ കൂടുതൽ ഭൂമി ഏറ്റെടുക്കൽ അത്യന്താപേക്ഷിതമാണ്. ഇതിനായി ഏറ്റെടുക്കാൻ മറ്റു നിർമ്മിതികളൊന്നുമില്ലാത്ത ഭൂമി കോളേജിനോട് ചേർന്ന് ലഭ്യമാണ്. ഇത്

സംബന്ധിച്ച് ഭൂവുടമകളുമായി ബന്ധപ്പെട്ടിട്ടുണ്ട്. ഭൂവുടമകൾ സന്നദ്ധത അറിയിച്ചാൽ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സ്ഥലം ഏറ്റെടുക്കുന്ന സന്ദർഭത്തിൽ സ്ഥലത്തേയ്ക്കുള്ള റോഡ് വീതികൂട്ടുന്നതിന് ആവശ്യമായ ഭൂമി കൂടി ഏറ്റെടുക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

കോളേജിലേയ്ക്കുള്ള റോഡിന് നിലവിൽ 5 മീറ്റർ വീതി ഇല്ലാത്തത് കാരണം നിർമ്മാണത്തിലിരിക്കുന്ന കെട്ടിടങ്ങൾക്ക് അഗ്നി സുരക്ഷാ വിഭാഗത്തിന്റെ അനുമതി ലഭ്യമായിട്ടില്ല. ആയതിനാൽ റോഡിന് ഇരുവശത്തെയും ഭൂവുടമകളുടേയും ജനപ്രതിനിധികളുടെയും യോഗം വിളിച്ചുചേർക്കുകയും ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. യോഗത്തിൽ ഭൂവുടമകൾ ആവശ്യമായ സ്ഥലം ന്യായമായ വിലയ്ക്ക് വിട്ടുനൽകുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്.

## മൊകേരി ഗവൺമെന്റ് കോളേജിലെ കമ്പ്യൂട്ടർ ലാബ്

140 (1680) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊകേരി ഗവൺമെന്റ് കോളേജിൽ ബി.എ. എക്കണോമെട്രിക്സ് ആന്റ് ഡാറ്റ മാനേജ്മെന്റ് കോഴ്സ് വിദ്യാർത്ഥികളുടെ പഠനത്തിന് ആവശ്യമായ കമ്പ്യൂട്ടർ ലാബ് ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് അറിയിക്കാമോ;

&

(ബി) കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അംഗീകാരത്തിനായി സമർപ്പിച്ച പ്രൊപ്പോസൽ ഏത് ഘട്ടത്തിൽ ആണെന്ന് അറിയിക്കാമോ?

മൊകേരി ഗവൺമെന്റ് കോളേജിൽ ബി.എ. എക്കണോമെട്രിക്സ് ആന്റ് ഡാറ്റ മാനേജ്മെന്റ് കോഴ്സിലെ വിദ്യാർത്ഥികളുടെ പഠനത്തിനാവശ്യമായ കമ്പ്യൂട്ടർ ലാബ് ക്രമീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. ലഭ്യമായ പ്രൊപ്പോസലിൽ അപാകതകൾ ഉള്ളതിനാൽ ഇവ പരിഹരിച്ച് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കോടഞ്ചേരി ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ

141 (1681) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടഞ്ചേരി ഗവൺമെന്റ് കോളേജിൽ പുതിയ യു.ജി., പി.ജി. കോഴ്സുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

&

(ബി) ഏതൊക്കെ കോഴ്സുകൾക്കാണ് ശിപാർശ നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഈ അക്കാദമിക വർഷം കോടഞ്ചേരി സർക്കാർ കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് കോളേജ് വിദ്യാഭ്യാസ വകുപ്പ് സർക്കാരിലേയ്ക്ക് നിർദ്ദേശം സമർപ്പിച്ചിട്ടില്ല.

(സി) കോടഞ്ചേരി ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സർക്കാർ/എയ്ഡഡ് മേഖലയിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനമായിട്ടില്ല. ഇതുസംബന്ധിച്ച് അന്തിമ തീരുമാനമാകുന്നമുറയ്ക്ക് ബന്ധപ്പെട്ട സർവ്വകലാശാലയുടെ ശിപാർശയുടെയും

മറ്റു മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

## ബാലുശ്ശേരി-അംബേദ്കർ ആർട്സ് & സയൻസ് കോളേജ്

142 (1682) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരിയിലെ ഏക ഗവൺമെന്റ് കോളേജായ അംബേദ്ക്കർ ആർട്സ് & സയൻസ് കോളേജിന്റെ പുതിയ കെട്ടിടനിർമ്മാണ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

ബാലുശ്ശേരി സർക്കാർ കോളേജിന് നിലവിലുള്ള അക്കാദമിക് ബ്ലോക്കിന്റെ പുതിയ ഫ്ലോർ, പുതിയ അക്കാദമിക് ബ്ലോക്ക്, ഹോസ്റ്റൽ, കാന്റീൻ എന്നിവ നിർമ്മിക്കുന്നതിനായി 11.10 കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. പുതിയ അക്കാദമിക് ബ്ലോക്ക്, കാന്റീൻ എന്നിവയുടെ ഒന്നാംനിലയുടെ നിർമ്മാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. ഹോസ്റ്റൽ ബിൽഡിംഗ്, അക്കാദമിക് ബ്ലോക്കിന്റെ പുതിയ ഫ്ലോർ എന്നിവയുടെ നിർമ്മാണപ്രവൃത്തികളും ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കോളേജിന്റെ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

അടുത്ത ആറ് മാസത്തിനുള്ളിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

<u>മങ്കട ആർട്സ് ആന്റ് സയൻസ് കോളേജ്</u>

143 (1683) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ആർട്സ് ആന്റ് സയൻസ് കോളേജിന്റെ ചുറ്റുമതിൽ, താങ്ങുമതിൽ, അവശേഷിക്കുന്ന ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ എന്നിവയ്ക്കായി ലഭിച്ച ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

മങ്കട സർക്കാർ കോളേജിന്റെ ചുറ്റുമതിൽ, താങ്ങുമതിൽ, അവശേഷിക്കുന്ന ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ എന്നിവയ്ക്കായി ഭരണാനുമതി നൽകുകയും പദ്ധതി നിർവ്വഹണ ഏജൻസി ആയി KITCO-യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. DSR, 2018 പ്രകാരം

പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി 14.03.2022 ആണ്. ചുറ്റുമതിൽ, താങ്ങുമതിൽ എന്നിവയ്ക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് യോഗ്യരായ കരാറുകാരെ കണ്ടെത്തി സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## ഗുരുവായൂർ മണ്ഡലത്തിൽ സർക്കാർ കോളേജുകൾ

144 (1684) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ മണ്ഡലത്തിൽ സർക്കാർ കോളേജുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സർക്കാർ മേഖലയിൽ പുതിയ കോളേജുകൾ അനുവദിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. തീരുമാനം വരുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

## സർവ്വകാലശാലകളിലെ സർട്ടിഫിക്കറ്റ് വിതരണം

145 (1685) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന സർവ്വകാലശാലകളിൽ ബിരുദം, ബിരുദാനന്തര ബിരുദം, എം.ഫിൽ., പി.എച്ച്.ഡി., തുടങ്ങിയ കോഴ്സുകൾ വിജയിച്ച വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ?

മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകളോടൊപ്പം ഫീസ് അടച്ച് അപേക്ഷ നൽകുന്ന ക്രമത്തിൽ പരിശോധന നടത്തി പ്രിന്റ് ചെയ്യുന്ന സർട്ടിഫിക്കറ്റുകൾ താമസംവിനാ വൈസ് ചാൻസലറുടെ ഒപ്പിനുവേണ്ടി സമർപ്പിക്കുകയും രജിസ്റ്റേർഡ് പോസ്റ്റ് ആയി അയച്ചുകൊടുക്കുകയും ചെയ്യുന്നു. കാലതാമസംകൂടാതെ വിദ്യാർത്ഥികൾക്ക് ബിരുദ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനായി സർവ്വകലാശാല ഡിജിറ്റൽ ഡിഗ്രി സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. ഈ സംവിധാനത്തിൽ ഓൺലൈനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ

ഡിജിറ്റൽ ഡിഗ്രി പോർട്ടലിൽതന്നെ വിവിധ തലങ്ങളിലെ ഉദ്യോഗസ്ഥർ പ്രോസസ്സിംഗും വെരിഫിക്കേഷനും നടത്തി വൈസ് ചാൻസലറുടെ ഡിജിറ്റൽ സിഗ്നേച്ചറോടുകൂടി വിതരണം ചെയ്യുന്നു. കാലിക്കറ്റ് സർവ്വകലാശാലയിൽ ബിരുദം, ബിരുദാനന്തര ബിരുദം തുടങ്ങിയ കോഴ്സുകൾ വിജയിച്ച വിദ്യാർത്ഥികൾക്ക് ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റുകൾ ഓർഡിനറി, അടിയന്തരം, ഫാസ്റ്റ് ട്രാക്ക് എന്നീ രീതികളിലൂടെ നൽകിവരുന്നുണ്ട്. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ പഠന പ്രോഗ്രാമുകളുടെ അവസാന സെമസ്റ്റർ ഫലം പ്രസിദ്ധീകരിച്ചത് സിൻഡിക്കേറ്റിന്റെയും ബിരുദദാനത്തിന് അക്കാദമിക് കൗൺസിലിന്റെയും അംഗീകാരം ലഭിച്ചതിനുശേഷം അപേക്ഷ നൽകിയ വിദ്യാർത്ഥികൾക്ക് ബിരുദ സർട്ടിഫിക്കറ്റുകൾ നൽകുന്നു. തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാലയിൽ ബിരുദാനന്തര ബിരുദം, എം.ഫിൽ എന്നീ കോഴ്സുകൾ വിജയിച്ച വിദ്യാർത്ഥികൾക്ക് സർവ്വകലാശാലയുടെ പൊതുസഭയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ബിരുദ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നുണ്ട്. എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ ബിരുദ/ബിരുദാനന്തര ബിരുദം വിജയിച്ച വിദ്യാർത്ഥികൾക്ക് എക്സ്പ്രസ് രീതിയിൽ 4,500 രൂപ ഫീസ്

ആയി ഈടാക്കിയതിനുശേഷം 3 പ്രവൃത്തി ദിവസത്തിനകം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നു. ഫാസ്റ്റ് ട്രാക്ക് രീതിയിൽ 1,500 രൂപ ഫീസ് ആയി ഈടാക്കിയതിനുശേഷം 10 പ്രവൃത്തി ദിവസത്തിനകം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നു. നോർമൽ രീതിയിൽ 500 രൂപ ഫീസ് ആയി ഈടാക്കിയതിനുശേഷം 45 പ്രവൃത്തി ദിവസത്തിനകം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകാലശാലയിൽ മാർക്ക് ലിസ്റ്റുകൾ, ഡിഗ്രി സർട്ടിഫിക്കറ്റുകൾ എന്നിവ സമയബന്ധിതമായി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ഡിഗ്രി സർട്ടിഫിക്കറ്റുകൾ റിസൾട്ട് പ്രസിദ്ധീകരിച്ച് പരമാവധി രണ്ട് മാസത്തിനുള്ളിൽ വിദ്യാർത്ഥികൾക്ക് നൽകാറുണ്ട്.

(ബി) പ്രസ്തുത സർട്ടിഫിക്കറ്റുകൾക്കായി നാളിതുവരെ ലഭിച്ചിട്ടുള്ള അപേക്ഷകൾ എത്രയെന്നും ഇവയിൽ എത്ര എണ്ണം തീർപ്പുകൽപ്പിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

നാളിതുവരെ ലഭിച്ചിട്ടുള്ള അപേക്ഷകളും ഇവയിൽ തീർപ്പാക്കിയവയുടെ എണ്ണവും സർവ്വകലാശാല തീരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കോവിഡ്കാലത്ത് സർവ്വകലാശാലകളിൽനിന്ന് പി.എച്ച്.ഡി. ബിരുദം കരസ്ഥമാക്കിയവർക്ക് അവാർഡ്ദാന ചടങ്ങിലൂടെ സർട്ടിഫിക്കറ്റ് വിതരണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

2021-ൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകാലശാലയുടെ സുവർണ്ണജൂബിലി വർഷം പ്രമാണിച്ച് പ്രത്യേക കോൺവെക്കേഷൻ ചടങ്ങ് നടക്കുകയുണ്ടായി. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടത്തിയ ചടങ്ങിൽ വച്ച് വിവിധ ഫാക്കൽറ്റികളിലെ പി.എച്ച്.ഡി. ബിരുദം നേടിയ വിദ്യാർത്ഥികൾക്കും സർവ്വകലാശാലയുടെ ഓരോ കോഴ്സുകളിലും ഒന്നാം സ്ഥാനം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കും സർവ്വകലാശാലയുടെ ചാൻസലർ കൂടിയായ ബഹുമാനപ്പെട്ട ഗവർണ്ണർ സർട്ടിഫിക്കറ്റ് വിതരണം നടത്തി. മറ്റ് വിദ്യാർത്ഥികൾ ഓൺലൈൻ മാധ്യമങ്ങളിൽകൂടി ചടങ്ങിൽ പങ്കെടുത്തു.

(ഡി) സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷ നൽകിയാലും അവ ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കോതമംഗലം-കുട്ടമ്പുഴയിൽ സർക്കാർ കോളേജ്

146 (1686) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴയിൽ സർക്കാർ കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കുട്ടമ്പുഴ പഞ്ചായത്തിൽ ഒരു സർക്കാർ കോളേജ് ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ അനുകൂലമായ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്.

(സി) കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് ബി3/518/2017/ഉ.വി.വ. എന്ന ഫയൽ നമ്പറിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

&

(ഡി) കോളേജിനായി സ്ഥലം കണ്ടെത്തുന്നതിന് ബി3/518/2017/ഉ.വി.വ. എന്ന ഫയൽ പ്രകാരം ജലവിഭവ വകുപ്പിനോട് സ്ഥലം അന്വേഷിച്ചതിൽ എന്ത് തീരുമാനമാണ് ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കോളേജിനായി ഭൂമി ഏറ്റെടുക്കുന്ന വിഷയത്തിൽ തുടർനടപടികൾക്കായി ബി3/518/2017/ഉ.വി.വ. നമ്പർ ഫയൽ ജലവിഭവ വകുപ്പിന് നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയം ഇപ്പോൾ ജലവിഭവ വകുപ്പിന്റെ പരിഗണനയിലാണ്.

(ഇ) പതിനാറിലധികം വരുന്ന ആദിവാസി ഊരുകളും ജില്ലയിലെ 98 ശതമാനത്തോളം വരുന്ന ആദിവാസി സമൂഹവും അധിവസിക്കുന്ന കുട്ടമ്പുഴയിൽ പ്രദേശത്തിന്റെ പ്രത്യേകതകൂടി കണക്കിലെടുത്തും മണ്ഡലത്തിൽ മറ്റ് സർക്കാർ ആർട്സ് & സയൻസ് കോളേജ് ഇല്ലാത്തതുമായ സാഹചര്യത്തിൽ പ്രസ്തുത കോളേജ് ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സ്ഥലലഭ്യത, സർക്കാരിന്റെ സാമ്പത്തിക സ്ഥിതി തുടങ്ങിയ വസ്തുതകൾകൂടി കണക്കിലെടുത്ത് മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

ഒറ്റപ്പാലം-പൂക്കോട്ടുകാവിൽ സർക്കാർ ആർട്സ് & സയൻസ് കോളേജ്

147 (1687) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പൂക്കോട്ടുകാവിൽ ഒരു സർക്കാർ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ എന്നാണ് ലഭിച്ചത്?

ഈ വിഷയത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ സാദ്ധ്യതാ പഠന റിപ്പോർട്ട് 24.06.2019-ന് സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത പ്രൊപ്പോസലിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത റിപ്പോർട്ടിന്മേലുള്ള ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണെന്ന് തീരുമാനിച്ചിട്ടുണ്ട്.

നിലമ്പൂർ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ്

148 (1688) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന് വേണ്ടി പൂക്കോട്ടുംപാടത്ത് സ്ഥലം ഏറ്റെടുക്കുന്ന കാര്യത്തിൽ ഇതുവരെയുണ്ടായ പുരോഗതി വിശദമാക്കാമോ; ഏതെല്ലാം പ്രവർത്തനങ്ങളാണ് ഇക്കാര്യത്തിൽ നടന്നിട്ടുള്ളതെന്നും ഇനി നടത്തേണ്ടതായ നടപടിക്രമങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ?

നിലമ്പൂർ സർക്കാർ കോളേജിന് വേണ്ടി പൂക്കോട്ടുംപാടത്ത് കണ്ടെത്തിയ സ്വകാര്യ വ്യക്തിയുടെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. കണ്ടെത്തിയ ഭൂമി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിനായി 19.2.2021-ലെ GO(Rt)No.325/2021/HEDN ഉത്തരവ് പ്രകാരം ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ഭരണാനുമതിയും 9.8.2021-ലെ GO(Rt)No.2583/RD DATED ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിന്റെ അനുമതിയും ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ ഭൂമി ഏറ്റെടുക്കുന്നതിനായി ജില്ലാ കളക്ടർക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായി വരുന്ന തുകയും അത് അടവാക്കേണ്ട അക്കൗണ്ട് വിവരങ്ങളും സംബന്ധിച്ച് ജില്ലാ കളക്ടറുടെ കാര്യാലയത്തിൽനിന്നും അറിയിപ്പ് ലഭ്യമാക്കി കിഫ്ബിയിൽ സമർപ്പിച്ച്

തുക കൈമാറുന്നതും ഭൂമി കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്.

(ബി) സ്ഥലം ഏറ്റെടുത്ത് നൽകുന്നതിന് റവന്യൂ വകുപ്പിലേയ്ക്ക് അടവാക്കേണ്ട കണ്ടിജൻസി ചാർജ് എത്രയെന്ന് അറിയിക്കാമോ; ഈ തുക റവന്യൂ വകുപ്പിന് കൈമാറുന്നതിനായി നടത്തിയ നടപടികൾ വിശദമാക്കാമോ?

ഭൂമി ഏറ്റെടുക്കുന്നതിന് ചെലവാകുന്ന തുകയുടെ 5% അല്ലെങ്കിൽ 50,00,000 (അൻപത് ലക്ഷം) രൂപയാണ് (ഏതാണോ കുറവ്) ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി കണ്ടിജൻസി ചാർജ് ആയി നൽകേണ്ടത്. ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായിവരുന്ന കണ്ടിജൻസി ചാർജ് ഉൾപ്പെടെയുള്ള തുകയുടെ അറിയിപ്പ് ലഭ്യമാക്കി കിഫ്ബിയിൽ സമർപ്പിച്ച് അനുമതി ലഭ്യമാക്കിയ ശേഷം തുക റവന്യൂ വകുപ്പിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) കണ്ടിജൻസി ചാർജ് അനുവദിക്കേണ്ടത് കോളേജ് വിദ്യാഭ്യാസ വകുപ്പാണോ അല്ലെങ്കിൽ ഫണ്ടിംഗ് ഏജൻസിയായ കിഫ്ബി ആണോ എന്നറിയിക്കാമോ; കണ്ടിജൻസി ചാർജ് അടവാക്കുന്ന

കാര്യത്തിൽ കിഫ്ബിയിൽ നിന്നും ഇതുവരെ ലഭിച്ചിട്ടുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

കണ്ടിജൻസി ചാർജിന് ആവശ്യമായ തുക കിഫ്ബിയിൽനിന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്നത്തേയ്ക്ക് പ്രസ്തുത കോളേജിന് വേണ്ടി പൂക്കോട്ടുംപാടത്തെ സ്ഥലം ഏറ്റെടുക്കാനാകുമെന്ന് അറിയിക്കാമോ?

ജില്ലാ കളക്ടറുടെ കാര്യാലയത്തിലുള്ള നടപടിക്രമങ്ങൾ പൂർത്തിയായി തുക കൈമാറുന്നത് സംബന്ധിച്ച നിർദ്ദേശം ലഭ്യമാകുകയും കിഫ്ബി ഫണ്ട് കൈമാറുകയും ചെയ്താൽ മാത്രമേ ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ.

(ഇ) നാല് വർഷമായി വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ഗവൺമെന്റ് കോളേജിലെ സൗകര്യങ്ങൾ അപര്യാപ്തമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി നാളിതുവരെ അനുവദിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനുവദിച്ച ഫണ്ടുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(എഫ്) നിലമ്പൂരിന്റെ പ്രഥമ എം.എൽ.എ.-യും ജനപ്രതിനിധിയായിരിക്കുമ്പോൾ രക്തസാക്ഷിയുമായ കെ. കുഞ്ഞാലിയുടെ സ്മരണാർത്ഥം അദ്ദേഹത്തിന്റെ പേര് നിലമ്പൂർ ഗവൺമെന്റ് കോളേജിന് നൽകുന്നതിനായി നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

<u>പയ്യന്നൂർ- പെരിങ്ങോം ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണം</u>

149 (1689) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് കോളേജിന് പുതിയ കെട്ടിടം നിർമ്മിക്കാൻ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിച്ച പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

പെരിങ്ങോം സർക്കാർ കോളേജിന് നിർമ്മാണപ്രവൃത്തികൾക്കായി 9.27 കോടി രൂപയാണ് കിഫ്ബിവഴി അനുവദിച്ചിരിക്കുന്നത്. നിലവിലുള്ള അക്കാദമിക് ബ്ലോക്കിന്റെ വിപുലീകരണം, ഓഡിറ്റോറിയം, റീറ്റെയ്നിംഗ് വാൾ എന്നിവയാണ് ആദ്യഘട്ടത്തിൽ നിർമ്മിക്കുന്നത്. മൂന്ന് തവണ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മാണ പ്രവൃത്തികൾക്കായുള്ള ടെണ്ടർ ക്ഷണിച്ചെങ്കിലും പണികൾ ഏറ്റെടുത്ത് നടത്തുവാൻ യോഗ്യരായ കരാറുകാരെ ലഭിച്ചില്ല. ആയതിനാൽ നിർമ്മാണ പ്രവൃത്തികൾക്ക് DSR 2016 പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് DSR 2018 പ്രകാരം പുതുക്കി കിഫ്ബിയുടെ അംഗീകാരത്തിനുവേണ്ടി സമർപ്പിച്ചിരിക്കുകയാണ്.

(ബി) പ്രവൃത്തി തുടങ്ങാൻ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) എങ്കിൽ ആയത് പരിഹരിച്ച് പദ്ധതി വേഗത്തിൽ ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മൂന്ന് തവണ നിർമ്മാണപ്രവൃത്തികൾക്കായുള്ള ടെണ്ടർ ക്ഷണിച്ചെങ്കിലും പണികൾ ഏറ്റെടുത്ത് നടത്തുവാൻ യോഗ്യരായ കരാറുകാരെ ലഭിക്കാതിരുന്നതിനാൽ പദ്ധതി നടപ്പിലാക്കാൻ കാലതാമസം നേരിട്ടുണ്ട്.

## മീഞ്ചന്ത ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ ബിരുദാനന്തര ബിരുദ കോഴ്സ്

150 (1690) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മീഞ്ചന്ത ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ എം.എ. അറബിക്, എം.എ. പൊളിറ്റിക്കൽ സയൻസ് എന്നീ ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിന് 02.03.2016-ലെ 8693 നമ്പർ മന്ത്രിസഭാ തീരുമാന പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദീകരിക്കാമോ?

സംസ്ഥാനത്തെ പ്രതികൂല സാമ്പത്തിക സ്ഥിതിയുടെ വെളിച്ചത്തിൽ പ്രസ്തുത മന്ത്രിസഭായോഗ തീരുമാനം പുനഃപരിശോധിക്കണമെന്ന് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഉത്തരവ് പുറപ്പെടുവിക്കാതിരുന്നത്.

## ഐ.എച്ച്.ആർ.ഡി. കോളേജുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നത്

151 (1691) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ഐ.എച്ച്.ആർ.ഡി. കോളേജുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ഉന്നത വിദ്യാഭ്യാസ വകുപ്പ് ഫണ്ട് അനുവദിക്കാറുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഐ.എച്ച്.ആർ.ഡി. കോളേജുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനായി സർക്കാർ പ്ലാൻ ഫണ്ട് അനുവദിക്കാറുണ്ട്. 2021-22 വർഷത്തിൽ കെട്ടിടനിർമ്മാണത്തിനായി 13.30 കോടി രൂപയും കമ്പ്യൂട്ടർ, ഫർണിച്ചർ, ലൈബ്രറി പുസ്തകങ്ങൾ, സാധന സാമഗ്രികൾ മുതലായവ വാങ്ങുന്നതിനായി 6.70 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജിലെ വികസന പദ്ധതികൾ

152 (1692) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നൂറുദിന പരിപാടികളുടെ ഭാഗമായി കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജിൽ എന്തെല്ലാം അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജിൽ നടന്നുവരുന്ന മലയാള ഭാഷാ വിഭാഗത്തിനായുള്ള പുതിയ കെട്ടിട നിർമ്മാണം, ഇൻഡോർ

സ്റ്റേഡിയം, ബാസ്കറ്റ് ബോൾ കോർട്ട്, രസതന്ത്ര വിഭാഗത്തിലെ ലബോറട്ടറി എന്നിവയുടെ നവീകരണം, കായികതാരങ്ങൾക്ക് പരിശീലന ഉപകരണങ്ങൾ, കോളേജിന്റെ ജിംനേഷ്യത്തിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ എന്നീ പദ്ധതികൾ സർക്കാരിന്റെ നൂറുദിന പരിപാടികളിൽ ഉൾപ്പെടുത്തി സമയബന്ധിതമായി പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതികൾക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജിന് ആകെ 2 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ മലയാള ഭാഷാ വിഭാഗത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഒരു കോടി രൂപയും കോളേജിലെ ഇൻഡോർ സ്റ്റേഡിയം, ബാസ്കറ്റ് ബോൾ കോർട്ട്, രസതന്ത്ര വിഭാഗത്തിലെ ലബോറട്ടറി എന്നിവ പുതുക്കിപ്പണിയുന്നതിലേയ്ക്കായി 50 ലക്ഷം രൂപയും കായിക താരങ്ങൾക്ക് പരിശീലന ഉപകരണങ്ങൾ, കോളേജിന്റെ ജിംനേഷ്യത്തിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിലേയ്ക്കായി 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

## ഉന്നതവിദ്യാഭ്യാസ സംവിധാനം പുന:സംഘടിപ്പിക്കുവാൻ നടപടി

153 (1693) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സംവിധാനത്തെ പുന:സംഘടിപ്പിക്കുവാൻ നിർദ്ദേശം നൽകുന്നതിനായി കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ;

ഉണ്ട്.

(ബി) പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

## സർക്കാർ ഗ്രാന്റ് വാങ്ങുന്ന വായനശാലകൾ

154 (1694) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഗ്രാന്റ് വാങ്ങുന്ന എത്ര വായനശാലകളുണ്ട്; അവയെ ഗ്രേഡ് തിരിച്ച് ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കീഴിൽ സർക്കാർ ഗ്രാന്റ് വാങ്ങുന്ന 6812 ഗ്രന്ഥശാലകൾ ഉണ്ട്. പ്രസ്തുത വായനശാലകളുടെ ഗ്രേഡ്

തിരിച്ച് ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) വായനശാലകൾക്ക് നൽകുന്ന ഗ്രാന്റ് വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ മുമ്പാകെയുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശം പരിഗണിക്കുമോ; വിശദമാക്കാമോ?

ഇല്ല.

## ഗവേഷണ പ്രബന്ധം സമർപ്പിക്കാതെ ഫെലോഷിപ്പ്

155 (1695) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ. എ. റഹീം എന്ന ഗവേഷണ വിദ്യാർത്ഥി ഗവേഷണ പ്രബന്ധം സമർപ്പിക്കാതെ ഫെലോഷിപ്പ് കൈപ്പറ്റിയതായി രജിസ്ട്രാറുടെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

എ. എ. റഹീം എന്ന ഗവേഷക വിദ്യാർത്ഥിക്ക്, ഗവേഷണത്തിന് രജിസ്റ്റർ ചെയ്ത ദിവസം മുതൽ അർഹതപ്പെട്ട കാലയളവിൽ മൂന്നര വർഷം, ഗവേഷണം നടത്തുന്നതിനായി ഫെലോഷിപ്പ് നൽകിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത വ്യക്തി ഫെലോഷിപ്പ് തിരിച്ചടച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ രേഖകൾ നൽകുമോ; ഇക്കാര്യത്തിൽ സർവ്വകലാശാല നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഫെലോഷിപ്പ് തുക തിരിച്ചടപ്പിക്കാനുള്ള സാഹചര്യം നിലവിലില്ല.

<u>ഇ-ഗ്രാന്റ്</u>

156 (1696) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലയുടെ വിവിധ പഠന വകുപ്പുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ് ഏത് വർഷം വരെ വിതരണം ചെയ്തിട്ടുണ്ട്?

സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിവിധ പഠന വകുപ്പുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ 2021-22 അദ്ധ്യയന വർഷം വരെയുള്ള ഇ-ഗ്രാന്റ്സ് അപേക്ഷകൾ ജില്ലാ തലത്തിൽ അംഗീകരിച്ച് ഡയറക്ടറേറ്റ് തലത്തിൽ എത്തിയ മുഴുവൻ ക്ലെയിമുകളും വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഇതിനുള്ള തുക പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ഏത് വർഷം വരെ ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

2021-22 വർഷം വരെയുള്ള ലഭ്യമായ തുക വിതരണം ചെയ്തിട്ടുണ്ട്.

<u>സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിലെ കരാർ നിയമനങ്ങൾ</u>

157 (1697) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ ഏതെല്ലാം തസ്തികകളിലാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരാർ നിയമനങ്ങൾ നടത്തിയിട്ടുള്ളത്; തസ്തിക തിരിച്ച് എണ്ണം വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരാർ അടിസ്ഥാനത്തിൽ നിയമിതരായ ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സെക്യൂരിറ്റി ജീവനക്കാർ - 10 പേർ (കെക്സ്കോൺ മുഖേന).
2. കോൺട്രാക്ട് ലൈബ്രേറിയന്മാർ - 4 (സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേന).
3. ബ്രെയ്‌ലി അസിസ്റ്റന്റ് - 1 (സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേന)

4. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ - 1

(ബി) പി.എസ്.സി. ലിസ്റ്റിൽനിന്നോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നോ നിയമനം നടത്താൻ എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ ഇത്തരം തസ്തികകളിൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

മുകളിൽ സൂചിപ്പിച്ചിട്ടുള്ള നിയമനങ്ങൾക്കായി തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. അതിനാൽ പി.എസ്.സി. മുഖേനയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ നിയമനം നടത്താൻ കഴിയില്ല.

(സി) ഓരോ തസ്തികയിലും എത്ര കാലയളവിലേയ്ക്കാണ് കരാർ നിയമനങ്ങൾ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഓരോ തസ്തികയിലും ഒരു വർഷത്തേയ്ക്കാണ് കരാർ നിയമനങ്ങൾ നടത്തിയിട്ടുള്ളത്.

## ഉന്നതവിദ്യാഭ്യാസ മേഖലയുടെ പരിവർത്തനം

158 (1698) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമൂല പരിവർത്തനത്തിനായി ശിപാർശകൾ സമർപ്പിക്കാൻ നിയമിച്ച കമ്മീഷനുകളുടെ വിശദാംശം അറിയിക്കാമോ?

1. ഉന്നത വിദ്യാഭ്യാസ കമ്മീഷൻ കേരള സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ സമൂലമായി പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഡോ. ശ്യാം ബി. മേനോൻ ചെയർമാനായുള്ള ഒരു ഏഴ് അംഗ കമ്മീഷനും,

2. സർവ്വകലാശാല നിയമ പരിഷ്കാര കമ്മീഷൻ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ നിയമങ്ങൾ സമൂലമായി പരിഷ്കരിക്കാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഡോ. എൻ. കെ. ജയകുമാർ ചെയർമാനായുള്ള ഒരു അഞ്ചംഗ കമ്മീഷനും,

3. പരീക്ഷാ പരിഷ്കരണ കമ്മീഷൻ സംസ്ഥാനത്തെ സർവ്വകലാശാലകളിലെ പരീക്ഷാനടത്തിപ്പ് കാലാനുസൃതമായി പരിഷ്കരിക്കുവാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഡോ. സി. ടി. അരവിന്ദകുമാർ ചെയർമാനായുള്ള ഒരു നാലംഗ കമ്മീഷനും സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കമ്മീഷനുകളിൽനിന്നുള്ള റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

അദ്ധ്യാപകർ അന്യത്ര സേവന വ്യവസ്ഥയിൽ ചെയ്യുന്ന ജോലി

159 (1699) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഓരോ സർവ്വകലാശാലകളുടെയും കീഴിൽ യു.ജി.സി. ശമ്പളമുള്ള എത്ര അദ്ധ്യാപകർ അന്യത്ര സേവന വ്യവസ്ഥയിൽ അനദ്ധ്യാപകരായി ജോലി ചെയ്യുന്നുണ്ട്; ഈ ഇനത്തിൽ എത്ര രൂപ പ്രതിമാസം ചെലവാകുന്നുണ്ട്; പകരക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുമ്പോൾ വിദ്യാഭ്യാസത്തിന്റെ നിലവാരം നഷ്ടപ്പെടുന്നില്ലേ; വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റുസ) വഴി നാളിതുവരെ എത്ര കലാലയങ്ങൾക്ക് സാമ്പത്തിക സഹായം നൽകി; സാമ്പത്തിക സഹായം നൽകുന്നതിനായി എത്ര തുക ചെലവഴിച്ചു; പ്രസ്തുത ഓഫീസ്

പ്രവർത്തിപ്പിക്കുന്നതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ?

രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (റൂസ) വഴി നാളിതുവരെ 156 സ്ഥാപനങ്ങൾക്ക് 306.94 കോടി രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. റൂസ ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനായി നാളിതുവരെ അനുവദിച്ച 0.98733 കോടി രൂപ മുഴുവനായും ചെലവഴിച്ചിട്ടുണ്ട്.

പി.ടി.എം. ഗവൺമെന്റ് കോളേജ് വികസനം

160 (1700) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ പി.ടി.എം. ഗവൺമെന്റ് കോളേജിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് വിശദമാക്കുമോ?

വിവിധ കാലയളവിലെ പ്ലാൻ പദ്ധതികളുടെ ഭാഗമായി ഇന്റേണൽ റോഡ് നിർമ്മാണം, ഓഡിറ്റോറിയം പുനരുദ്ധാരണം, ലൈബ്രറി കെട്ടിടത്തിന്റെ രണ്ടാം നിലയുടെ നിർമ്മാണം എന്നിവ പുരോഗമിക്കുന്നു. കൂടാതെ കിഫ്ബി പദ്ധതിയുടെ കീഴിൽ മൂന്ന് നില അക്കാദമിക് ബ്ലോക്ക്,

കാന്റീൻ കെട്ടിടം എന്നിവയുടെ നിർമ്മാണവും പുരോഗമിച്ചുവരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | തുക |
|---|---|---|
| 1. | ലൈബ്രറി കെട്ടിടത്തിന്റെ രണ്ടാം നിലയുടെ നിർമ്മാണം(2016-17) | 42,00,000 |
| 2. | ഇന്റേണൽ റോഡ് (2018-19) | 20,00,000 |
| 3. | ഓഡിറ്റോറിയം | 4,00,000 |
| 4. | കിഫ്ബി വർക്ക് | 8,21,96,644 |

(ബി) പ്രസ്തുത കോളേജിൽ പുതുതായി കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

സർക്കാർ/എയ്ഡഡ് മേഖലയിൽ പുതിയ കോഴ്സ് അനുവദിക്കുന്നത് സംബന്ധിച്ച തീരുമാനമായിട്ടില്ല.

## കാസർഗോഡ് ജില്ലയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ്

161 (1701) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുവത്തൂർ ടെക്നിക്കൽ ഹൈസ്കൂൾ കോമ്പൗണ്ടിലെ വിശാലമായ സൗകര്യം ഉപയോഗിച്ച് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളില്ലാത്ത കാസർഗോഡ് ജില്ലയിൽ ഒരു

എഞ്ചിനീയറിംഗ് കോളേജ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുവത്തൂർ ടെക്നിക്കൽ ഹൈസ്കൂൾ കോമ്പൗണ്ടിൽ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

ഐ.എച്ച്.ആർ.ഡി. ജീവനക്കാരുടെ ശമ്പളം

162 (1702) ശ്രീ. പി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്വാശ്രയ സ്ഥാപനമായ ഐ.എച്ച്.ആർ.ഡി-യിൽ കഴിഞ്ഞ ഒന്നര വർഷമായി ജീവനക്കാർക്ക് യഥാസമയം ശമ്പളം നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഐ.എച്ച്.ആർ.ഡി-യിൽ ജീവനക്കാർക്ക് യഥാസമയം ശമ്പളം നൽകാൻ സാധിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ നോൺപ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഐ.എച്ച്.ആർ.ഡി. ജീവനക്കാർക്ക് ശമ്പളയിനത്തിൽ എത്ര തുക നൽകിയിട്ടുണ്ട് എന്നത് വർഷം തിരിച്ച് ലഭ്യമാക്കുമോ?

2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ നോൺ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഐ.എച്ച്.ആർ.ഡി. ജീവനക്കാർക്ക് ശമ്പള ഇനത്തിൽ അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

2020-21 ബഡ്ജറ്റ് വിഹിതം 14.81 കോടി രൂപയും അധിക ഫണ്ട് (നോൺ പ്ലാൻ) 40 കോടി രൂപയും ചേർത്ത് ആകെ 54.81 കോടി രൂപ ശമ്പള ഇനത്തിൽ ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. 2021-22 ബഡ്ജറ്റ് വിഹിതം 14.81 കോടി രൂപയും കൂടാതെ വായ്പയായി 6202-02-105-98 (പ്ലാൻ) ശീർഷകത്തിൻകീഴിൽ 25 കോടി രൂപയും നൽകിയിട്ടുണ്ട്. ഇതിനുപുറമെ 10 കോടി രൂപകൂടി വായ്പയായി പ്ലാൻ ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

(സി) ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങൾക്ക് എയ്ഡഡ് പദവി നൽകി സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങൾക്ക് എയ്ഡഡ് പദവി നൽകുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളിൽ ജീവനക്കാരുടെ തടഞ്ഞുവച്ചിട്ടുള്ള പ്രൊമോഷനുകൾ, ഡി.എ. കുടിശ്ശിക, സാലറി ചലഞ്ച് തുക എന്നിവ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളിൽ ജീവനക്കാരുടെ തടഞ്ഞുവച്ചിട്ടുള്ള പ്രൊമോഷനുകൾ, ഡി.എ. കുടിശ്ശിക എന്നിവ ഐ.എച്ച്.ആർ.ഡി-യുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് നൽകുന്നതാണ്. ഇതിന് പുറമെ 30.04.2020-ലെ സ.ഉ.(പി.) നമ്പർ.53/2020/ധന. ഉത്തരവ് അനുസരിച്ച് "സാലറിചലഞ്ച്" പ്രകാരം ആറ് ദിവസത്തെ വേതനം തുല്യ തവണകളായി (ഒരുമാസത്തെ വേതനം) മാറ്റിവച്ചതിൽ 2 ഗഡുക്കൾ തിരികെ നൽകിയിട്ടുണ്ട്. ബാക്കി ഗഡുക്കൾ സാമ്പത്തിക ലഭ്യതയനുസരിച്ച് താമസംവിനാ ജീവനക്കാർക്ക് വിതരണം ചെയ്യുന്നതാണ്.

## എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർ

163(1703) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകരുടെ നിയമനത്തിന് അംഗീകാരം നൽകാത്തതിനാൽ ശമ്പളമില്ലാതെ ജോലി ചെയ്യേണ്ട സാഹചര്യമുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അദ്ധ്യാപക നിയമനത്തിന് അംഗീകാരം നൽകുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത അദ്ധ്യാപകരുടെ നിയമനത്തിന് അംഗീകാരം നൽകി മുടങ്ങിക്കിടക്കുന്ന ശമ്പളാനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

&

(ഡി) യൂണിവേഴ്സിറ്റിയിൽ തടഞ്ഞുവച്ചിരിക്കുന്ന എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകരുടെ പ്രൊമോഷൻ പരിശോധിച്ച് സീനിയോരിറ്റി ലിസ്റ്റ് പ്രകാരമുള്ള പ്രൊമോഷൻ പുന:സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കേണ്ടത് സാങ്കേതിക സർവ്വകലാശാലയാണ്. 2014-ലെ സർവ്വകലാശാലാ നിയമം നിർമ്മിച്ചതിന് റെഗുലേഷനുകൾ പാസ്സാക്കുന്നതിൽ വന്ന കാലതാമസംമൂലം നിയമനം അംഗീകരിക്കുന്നത് വൈകിയിരുന്നു. റെഗുലേഷനുകൾ പാസ്സാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് നിയമനങ്ങൾ അംഗീകരിക്കാൻ സാധിക്കുന്നതാണ്.

<u>നെയ്യാറ്റിൻകര ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ പുതിയ മന്ദിരം</u>

164 (1704) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ പുതിയ മന്ദിരം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

&

(ബി) എത്ര കോടി രൂപയുടെ മന്ദിരമാണ് നിർമ്മിക്കുന്നതെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ പുതിയ മന്ദിരം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടില്ല. നെയ്യാറ്റിൻകര ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ പുതിയ അക്കാദമിക്ക് ബ്ലോക്ക് നിർമ്മിക്കുന്നതിനായി 22.05.2020-ലെ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിൽ സമർപ്പിച്ച പ്രൊപ്പോസലിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പുനർസമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. അതിൻപ്രകാരം പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ 425 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ്

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാരിലേയ്ക്ക് സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

കോഴിക്കോട് ജില്ലയിൽ പുതിയ പോളിടെക്നിക്

165 (1705) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പുതിയ പോളിടെക്നിക് ആരംഭിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ;

കോഴിക്കോട് ജില്ലയിൽ മുക്കം മുനിസിപ്പാലിറ്റിയിൽ പോളിടെക്നിക്ക് കോളേജ് ആരംഭിക്കുന്നതിനായി സ്ഥലം കണ്ടെത്തിയിരുന്നു. പ്രസ്തുത ഭൂമി വനം വകുപ്പിൻെറ അധീനതയിൽ ഉള്ളതായതിനാൽ, അത് തരംമാറ്റി ലഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാത്തതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞിരുന്നില്ല. കൂടാതെ 2019, 2020 വർഷങ്ങളിലെ വെള്ളപ്പൊക്കത്തിൽ ഈ പ്രദേശത്ത് വെള്ളം കയറിയതിനാൽ പോളിടെക്നിക്കിനായി അനുയോജ്യമായ മറ്റൊരു ഭൂമി കണ്ടെത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

(ബി) ഇതിനായി മാവൂർ പഞ്ചായത്തിൽ സർക്കാർ ഉടമസ്ഥതയിലുള്ള പൊൻപാറക്കുന്നിലെ സ്ഥലം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനായി ഏതെല്ലാം സ്ഥലങ്ങളാണ് വിലയ്ക്കെടുക്കാനായി സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ;

&

(സി) സ്ഥലം ഏറ്റെടുക്കുന്നതിന് സമ്മതം അറിയിച്ച ഭൂവുടമകളിൽനിന്നും സ്ഥലം ഏറ്റെടുക്കുന്നതിന് മുൻഗണന നൽകുമോ?

കോഴിക്കോട് ജില്ലയിൽ പുതിയ പോളിടെക്നിക്ക് ആരംഭിക്കുന്നതിന് മാവൂർ പഞ്ചായത്തിൽ സർക്കാർ ഉടമസ്ഥതയിലുള്ള പൊൻപാറക്കുന്നിലെ സ്ഥലം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നില്ല. പോളിടെക്നിക്ക് കോളേജ് സ്ഥാപിക്കുന്നതിനായി കോഴിക്കോട് ചാത്തമംഗലത്ത് 6 സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 5 ഏക്കർ 60 സെൻറ് ഭൂമി ലഭ്യമാണെന്ന റിപ്പോർട്ട് സ്പെഷ്യൽ ഓഫീസർ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ ടി വിഷയം പരിശോധിക്കുന്നതാണ്.

<u>തിരുവനന്തപുരം സെൻട്രൽ പോളിടെക്നിക്</u>

166 (1706) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സെൻട്രൽ പോളി ടെക്നിക്കിലെ സായാഹ്ന പാർട്ട് ടൈം ഡിപ്ലോമ കോഴ്സിന് എ.ഐ.സി.റ്റി.ഇ. അംഗീകാരം ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

എ.ഐ.സി.ടി.ഇ.-യുടെ 2021-22 ഹാൻഡ് ബുക്ക് പ്രകാരം പാർട്ട് ടൈം കോഴ്സുകളെ വൈകുന്നേരം നടത്തുന്ന റെഗുലർ കോഴ്സുകളായാണ് കണക്കാക്കുന്നത്. പുതുതായി റെഗുലർ കോഴ്സുകൾ ആരംഭിക്കുന്നതിന് നിലവിലുള്ള കോഴ്സുകളുടെ NBA അക്രെഡിറ്റേഷനും പുതിയ കോഴ്സുകൾക്കാവശ്യമായ അദ്ധ്യാപകരും അടിസ്ഥാന സൗകര്യങ്ങളും ആവശ്യമാണ്. 2022-23 വർഷത്തെ എ.ഐ.സി.ടി.ഇ. നിബന്ധനകൾ വന്നതിനുശേഷം മാത്രമേ ഇതുസംബന്ധിച്ച നടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ.

(ബി) സെൻട്രൽ പോളിടെക്നിക്കിൽ സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വ്യക്തമാക്കാമോ;

ഇപ്പോൾ പരിഗണനയിലില്ല.

(സി) സംസ്ഥാനത്തെ പോളിടെക്നിക്കുകളിൽ സർക്കാരിന്റെ തൊഴിൽദാന പദ്ധതി പ്രകാരം പരിശീലന/പ്ലേസ്മെന്റ് സ്കീമുകൾ നടപ്പാക്കാൻ നടപടി സ്വീകരിക്കാമോ;

സംസ്ഥാനത്തെ ഗവൺമെന്റ് പോളിടെക്നിക്ക് കോളേജുകളിൽ വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കാൻ സഹായിക്കുന്ന പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ക്യാമ്പസ് പ്ലേസ്മെൻറ് നടത്തുന്നതിനായി പ്ലേസ്മെന്റ് സെല്ലുകളും നിലവിലുണ്ട്. സ്ഥാപനത്തിലെ ഒരു അദ്ധ്യാപകന് ചുമതല നല്കിയാണ് ഇത് നിലവിൽ നടപ്പിലാക്കുന്നത്.

(ഡി) സെൻട്രൽ പോളിടെക്നിക്കിനെ സെന്റർ ഓഫ് എക്സലൻസായി ഉയർത്തുന്നതിനുള്ള നടപടി വിശദമാക്കാമോ?

സെൻട്രൽ പോളിടെക്നിക്ക് കോളേജിനെ സെന്റർ ഫോർ എക്സലൻസ് ആയി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## ഇ. കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ

167 (1707) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂരിൽ പ്രവർത്തിക്കുന്ന ഇ.കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടികളുണ്ടാകുമോ?

തൃക്കരിപ്പൂരിൽ പ്രവർത്തിക്കുന്ന ഇ.കെ. നായനാർ മെമ്മോറിയൽ ഗവൺമെൻറ് പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇതിനാവശ്യമായ സ്ഥലവും കെട്ടിടവും ലഭ്യമായതിനാൽ കോഴ്സുകൾ ഈ വർഷംതന്നെ പ്രഖ്യാപിക്കുമോ?

ഇതുസംബന്ധിച്ച് നയപരമായ തീരുമാനമുണ്ടാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

<u>പുതിയ പോളിടെക്നിക് കോളേജുകൾ</u>

168 (1708) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സർക്കാർ പോളിടെക്നിക് കോളേജുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ മുക്കം, ഹരിപ്പാട്, നടുവിൽ, വിളപ്പിൽശാല എന്നിവിടങ്ങളിൽ പുതിയ പോളിടെക്നിക് കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കാഞ്ഞങ്ങാട് മണ്ഡലത്തിൽ പരപ്പ, മടിക്കൈ എന്നിവിടങ്ങളിൽ സർക്കാർ പോളിടെക്നിക് കോളേജുകൾ അനുവദിക്കുന്നത് ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കാഞ്ഞങ്ങാട് മണ്ഡലത്തിലെ പരപ്പ, മടിക്കൈ എന്നിവിടങ്ങളിൽ സർക്കാർ പോളിടെക്നിക് കോളേജുകൾ ആരംഭിക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ട് പരിശോധിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു. പരപ്പ വില്ലേജിലെ പുലിയംകുളത്ത് അനുയോജ്യമായ ഭൂമി ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പിനെ സമീപിച്ചിട്ടുണ്ട്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നല്കുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. സാദ്ധ്യത പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നല്കിയിട്ടുണ്ട്.

<u>പയ്യന്നൂർ പോളിടെക്നിക് കോളേജിലെ ചുറ്റുമതിൽ നിർമ്മാണം</u>

169 (1709) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ വനിതാ റസിഡൻഷ്യൽ പോളിടെക്നിക് കോളേജിൽ ചുറ്റുമതിൽ നിർമ്മിക്കുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

15.05.2020-ലെ സ.ഉ.(സാധാ) 609/2020/ഉ.വി.വ. പ്രകാരം പയ്യന്നൂർ റസിഡൻഷ്യൽ വനിതാ പോളിടെക്നിക് കോളേജിൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് NABARD-RIDF പദ്ധതിയിൽ ഉൾപ്പെടുത്തി 1,51,22,482.27 രൂപയുടെ ഭരണാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പ്രവൃത്തി M/s. KITCO-യെ ഏൽപിച്ചിരുന്നു. എന്നാൽ ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച 2.12.2021-ലെ ഉത്തരവ് നമ്പർ ജി.ഒ.(പി)നം. 161/2021/ധന. പ്രകാരം DSR 2018 നിലവിൽ വന്നതിനാൽ എസ്റ്റിമേറ്റിലുണ്ടായ വർദ്ധനവ് കണക്കാക്കി പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് ജി.എസ്.ടി. കൺസൾട്ടൻസി ചാർജ് ഉൾപ്പെടെ പുതുക്കിയ എസ്റ്റിമേറ്റ് KITCO സമർപ്പിച്ചതിനെ തുടർന്ന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിൽ പുതുക്കിയ ഭരണാനുമതിക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് പുതുക്കിയ ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മഞ്ചേരി പോളിടെക്നിക് കോളേജിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ

170 (1710) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ ആവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അനദ്ധ്യാപക തസ്തികകൾ പുനർവിന്യാസത്തിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. പുതുതായി സൃഷ്ടിച്ചതും പുനർവിന്യാസത്തിലൂടെ ലഭ്യമാക്കിയതുമായ തസ്തികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

Post Created

| Sl.No: | Post Created | No. of Posts |
|---|---|---|
| 1 | Principal | 1 |
| 2 | HOD | 3 |
| 3 | Senior Superintendent | 1 |
| 4 | Clerk | 1 |
| 5 | Lecturer in Civil Engineering | 5 |
| 6 | Lecturer in Instrumentation | 4 |

| | | |
|---|---|---|
| 7 | Physical Education Instructor | 1 |
| | Total | 16 |

Posts Re-Deployed

| Sl.No: | Post Re-Deployed | No. of Posts |
|---|---|---|
| 1 | Lecturer in Mechanical Engineering | 5 |
| 2 | Lecturer in Electrical | 1 |
| 3 | Assistant Professor in English | 1 |
| 4 | Assistant Professor in Physics | 1 |
| 5 | Assistant Professor in Chemistry | 1 |
| 6 | Assistant Professor in Maths | 1 |
| 7 | Clerk | 2 |
| | Total | 12 |

ഫിസിക്കൽ എഡ്യുക്കേഷൻ ഇൻസ്ട്രക്ടർ

171 (1711) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ ഹൈസ്കൂൾ കായിക അദ്ധ്യാപകർക്ക് സർക്കാർ പോളിടെക്നിക് കോളേജിലേയ്ക്ക് ഫിസിക്കൽ എഡ്യുക്കേഷൻ

ഇൻസ്ട്രക്ടർമാരായി സ്ഥാനക്കയറ്റം അനുവദിക്കുന്നുണ്ടോ?

അനുവദിക്കുന്നുണ്ട്.

(ബി) സ്ഥാനക്കയറ്റം അനുവദിക്കുന്നുണ്ടെങ്കിൽ അതിന് വേണ്ട മുൻഗണനാ പട്ടിക സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിലവിലുണ്ടോ;

&

(സി) ഉണ്ടെങ്കിൽ മുൻഗണനാ പട്ടിക നിലവിൽ വന്ന വർഷവും അതിലെ വ്യക്തികളുടെ പേര് വിവരങ്ങളും ലഭ്യമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും ലഭ്യമാക്കിയ മുൻഗണനാ പട്ടികയുടെ അടിസ്ഥാനത്തിലാണ് സ്ഥാനക്കയറ്റം അനുവദിച്ചിരുന്നത്. 2018-ൽ നിലവിൽവന്ന പട്ടികയാണ് ഇപ്പോൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് കാര്യാലയത്തിലുള്ളത്. പുതിയ പട്ടിക ലഭ്യമാക്കിത്തരുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിലെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

## ഐ.എച്ച്.ആർ.ഡി.-യിലെ സാമ്പത്തിക പ്രതിസന്ധി

172 (1712) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഐ.എച്ച്.ആർ.ഡി-യിലെ നിലവിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ ശാശ്വതമായ പദ്ധതികൾ രൂപീകരിക്കുമോ; ഐ.എച്ച്.ആർ.ഡി-യുടെ ഘടന പുനസംഘടിപ്പിക്കുമോ?

ഐ.എച്ച്.ആർ.ഡി-യിലെ നിലവിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നത് സംബന്ധിച്ചും ഐ.എച്ച്.ആർ.ഡി-യുടെ ഘടന പുന:സംഘടിപ്പിക്കുന്നത് സംബന്ധിച്ചുമുള്ള വിഷയങ്ങൾ സർക്കാർ പരിശോധിക്കുന്നതാണ്.

(ബി) ഐ.എച്ച്.ആർ.ഡി-യിലെ എ.ഐ.സി.ടി.ഇ. ശമ്പള സ്കെയിൽ പറ്റുന്നവരിൽ 137 പേർ യോഗ്യതാ മാനദണ്ഡങ്ങളിൽ പ്രശ്നങ്ങൾ ഉള്ളവരാണോ; യോഗ്യതയില്ലാത്തവരെ നോൺ-എഞ്ചിനീയറിംഗ് കോളേജ് സ്കീമിലേയ്ക്ക് (സ്റ്റേറ്റ് സ്കെയിൽ) മാറ്റുമോ; അധികം നൽകിയ തുക തിരികെ പിടിക്കുമോ; വിശദമാക്കാമോ;

&

(സി) പരിശോധനയ്ക്കായി സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; അംഗങ്ങൾ ആരൊക്കെയാണ്; റിപ്പോർട്ട് സമർപ്പിക്കാൻ കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ?

ഐ.എച്ച്.ആർ.ഡി.-യിലെ എ.ഐ.സി.ടി.ഇ. ശമ്പള സ്കെയിൽ പറ്റുന്നവരിൽ 137 പേർക്ക് യോഗ്യതാ മാനദണ്ഡങ്ങളിൽ പ്രശ്നങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. AICTE നിഷ്കർഷിക്കുന്ന യോഗ്യതകൾ ഉള്ളവരെയാണ് ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജുകളിൽ അദ്ധ്യാപകരായി നിയമിച്ചിട്ടുള്ളത്. ഐ.എച്ച്.ആർ.ഡി-യിൽ നടന്ന 2011-12 സാമ്പത്തിക വർഷത്തിലെ AG ഓഡിറ്റിൽ ഐ.എച്ച്.ആർ.ഡി-യിലെ എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകർക്ക് AICTE/UGC ശമ്പള നിർണ്ണയം നടത്തിയതുമായി ബന്ധപ്പെട്ട ചില അപാകതകൾ ഉള്ളതായി റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ വെളിച്ചത്തിൽ വിശദമായ പരിശോധന നടത്തുന്നതിനായി ഐ.എച്ച്.ആർ.ഡി-യുടെ ഭരണസമിതി ഒരു സെൻട്രലൈസ്ഡ് സെൽ രൂപീകരിക്കുകയുണ്ടായി. എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകരുടെ സർവ്വീസ് ബുക്കുകൾ പരിശോധിച്ച കമ്മിറ്റി, 137 അദ്ധ്യാപകരുടെ ശമ്പളം നിർണ്ണയിച്ചില്ല. അതിനുള്ള വിവിധ കാരണങ്ങൾ സൂചിപ്പിച്ചവയിൽ ഒന്ന് ടി അദ്ധ്യാപകരുടെ, ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജ് സർവ്വീസിലേയ്ക്ക് പ്രവേശിക്കുന്നതിന് മുൻപുള്ള നോൺ-എഞ്ചിനീയറിംഗ് കോളേജ് സർവ്വീസ് എല്ലാംതന്നെ എഞ്ചിനീയറിംഗ് കോളേജ് സർവ്വീസ് ആയി

AICTE ശമ്പള നിർണ്ണയത്തിന് പരിഗണിക്കാൻ കഴിയുമോ എന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുന്നില്ല എന്നതാണ്. ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നത് സംബന്ധിച്ച് ഐ.എച്ച്.ആർ.ഡി. ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച കത്തിന്മേൽ 26.11.2021-ലെ ജെ1/145/2016/ഉ.വി.വ. കത്ത് പ്രകാരം സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. തുടർന്ന് ഐ.എച്ച്.ആർ.ഡി.-യിലെ AICTE/UGC ശമ്പളം വാങ്ങുന്ന മുഴുവൻ അദ്ധ്യാപകരുടേയും ശമ്പള നിർണ്ണയം സർക്കാർ നിർദ്ദേശത്തിനനുസരിച്ച് നടത്തുന്നതിനായി 24.1.2022-ലെ G.O.(Rt.) No.133/2022/H.EDN ഉത്തരവുപ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയിലെ അംഗങ്ങൾ താഴെപ്പറയുന്നവരാണ്;

1. Vice Chancellor, APJAKTU or nominee-(Chairman)
2. DTE or nominee - (Member)
3. DCE or nominee - (Member)
4. The Additional Secretary, Higher Education Department-(Member)
5. Administrative Officer, IHRD - (Convenor)

എന്നാൽ ഇതുസംബന്ധിച്ച് ശ്രീ. സുനിൽ കുമാർ, ശ്രീ. മിനു കെ. കെ മുതലായവർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.P.(C)No. 5258/2022, W.P.(C)No. 5261/2022 എന്നീ കേസുകളിന്മേൽ ബഹു. ഹൈക്കോടതി ഇതിന്മേലുള്ള തുടർനടപടികൾ സ്റ്റേ ചെയ്തിരിക്കുകയാണ്. സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) യോഗ്യതാ മാനദണ്ഡങ്ങളിൽ പ്രശ്നമുണ്ടെന്ന റിപ്പോർട്ട് ഐ.എച്ച്.ആർ.ഡി. ഡയറക്ടർക്ക് ലഭിച്ചത് എന്നാണ് എന്ന് വ്യക്തമാക്കാമോ; നിലവിലെ ഡയറക്ടർ നിയമിതനായ രീതിയും എക്സ്റ്റൻഷൻ ലഭിച്ച കാലയളവുകളും വ്യക്തമാക്കാമോ; നിലവിലെ ഡയറക്ടർ മേൽ സൂചിപ്പിച്ച 137 പേരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ?

കാലാകാലങ്ങളിൽ AICTE നിഷ്കർഷിക്കുന്ന യോഗ്യതകൾ ഉള്ളവരെയാണ് അദ്ധ്യാപകരായി എഞ്ചിനീയറിംഗ് കോളേജുകളിൽ നിയമിച്ചിട്ടുള്ളത്. ഐ.എച്ച്.ആർ.ഡി-യിൽ നടന്ന 2011-12 സാമ്പത്തിക വർഷത്തിലെ AG ആഡിറ്റിൽ ഐ.എച്ച്.ആർ.ഡി-യിലെ എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകർക്ക് AICTE/UGC ശമ്പള നിർണ്ണയം നടത്തിയതുമായി ബന്ധപ്പെട്ട ചില അപാകതകൾ ഉള്ളതായി റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ വെളിച്ചത്തിൽ വിശദമായ പരിശോധന

നടത്തുന്നതിനായി ഐ.എച്ച്.ആർ.ഡി-യുടെ ഭരണസമിതി ഒരു സെൻട്രലൈസ്ഡ് സെൽ രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് 19.02.2014-ൽ ഐ.എച്ച്.ആർ.ഡി. ഡയറക്ടർക്ക് ലഭിക്കുകയുണ്ടായി. ഡയറക്ടറുടെ നിയമനത്തിനുള്ള വിജ്ഞാപനം 21.07.2015-ലെ വിജ്ഞാപനം നം. 6662/J1/2015/HEDN പ്രകാരം സർക്കാർ പുറപ്പെടുവിക്കുകയും 05.06.2015-ലെ ജി.ഒ.(ആർ.ടി.) നമ്പർ.1404/2015/ഉ.വി.വ. പ്രകാരം ഇതുസംബന്ധിച്ച് സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. 29.02.2016-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്.) നമ്പർ. 61/2016/ഉ.വി.വ. പ്രകാരം ഡോ. പി. സുരേഷ് കുമാറിനെ ഡയറക്ടറായി 3 വർഷക്കാലയളവിലേയ്ക്ക് നിയമിച്ചിരുന്നു. തുടർന്ന് 01.02.2019-ലെ ജി.ഒ.(ആർ.ടി) നമ്പർ. 167/2019/ ഉ.വി.വ. ഉത്തരവ് പ്രകാരം ടിയാന്റെ നിയമന കാലാവധി 1.3.2019 മുതൽ 3 വർഷക്കാലയളവിലേയ്ക്ക് കൂടി ദീർഘിപ്പിക്കുകയും അതിനുശേഷം 28.2.2022-ലെ ജി.ഒ.(ആർ.ടി) നമ്പർ. 334/2022/ഉ.വി.വ. പ്രകാരം ടിയാന്റെ കാലാവധി 31.5.2022 വരെ ദീർഘിപ്പിക്കുകയും ചെയ്തു. മേൽ സൂചിപ്പിച്ച 137 പേരുടെ ലിസ്റ്റിൽ നിലവിലുള്ള ഡയറക്ടറുടെ പേരും ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഡയറക്ടർ ഡോ. പി. സുരേഷ് കുമാറിന്റെ

പേരിലുണ്ടായിരുന്ന സി & എ.ജി-യുടെ ഓഡിറ്റ് objection 2017-18 സാമ്പത്തിക വർഷത്തിൽ സി. & എ.ജി. ഡ്രോപ്പ് ചെയ്യുകയുണ്ടായി. ഇപ്പോൾ ഡയറക്ടറുടെ നിയമനവുമായോ ശമ്പളനിർണ്ണയവുമായോ ബന്ധപ്പെട്ട് സി. & എ.ജി-യുടെ യാതൊരു objection-ഉം നിലവിലില്ല.

ഐ.എച്ച്.ആർ.ഡി.യുടെ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ വിവരങ്ങൾ

173 (1713) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി-യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ സ്കൂൾ, പോളിടെക്നിക്ക്, അപ്ലൈഡ് സയൻസ് കോളേജ്, എഞ്ചിനീയറിംഗ് കോളേജ് എന്നീ സ്ഥാപനങ്ങളിൽ പഠിക്കുന്ന ആകെ കുട്ടികളുടെ എണ്ണം സ്ഥാപനം തിരിച്ച് ലഭ്യമാക്കുമോ;

&

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികളിൽ രക്ഷിതാക്കളുടെ വാർഷിക വരുമാനം ഒരു ലക്ഷത്തിൽ താഴെയുള്ള കുട്ടികളുടെ എണ്ണം, വാർഷിക വരുമാനം ഒരു ലക്ഷത്തിന് മുകളിലും മൂന്ന് ലക്ഷത്തിന് താഴെയും ഉള്ള കുട്ടികളുടെ എണ്ണം എന്നിവ സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

## പ്ലാനറ്റോറിയത്തിൽ സ്ഥാപിക്കുന്നതിനായി വിദേശത്തുനിന്ന് ഇറക്കുമതി ചെയ്ത ഉപകരണങ്ങൾ

174 (1714) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റോറിയത്തിൽ സ്ഥാപിക്കുന്നതിനായി വിദേശത്തുനിന്ന് ഇറക്കുമതി ചെയ്തിട്ടുള്ള ഉപകരണങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റോറിയത്തിൽ സ്ഥാപിക്കുന്നതിനായി പ്രൊജക്ഷൻ ഡോം, പ്രൊജക്ഷൻ സിസ്റ്റം എന്നിവയാണ് വിദേശത്തുനിന്ന് ഇറക്കുമതി ചെയ്തിട്ടുള്ളത്.

(ബി) പ്രസ്തുത ഉപകരണങ്ങൾ ഓരോന്നിന്റെയും വിലവിവരവും ഇറക്കുമതി ചെയ്ത തീയതിയും വെളിപ്പെടുത്തുമോ?

പ്രൊജക്ഷൻ ഡോമിന് 2,18,252 യു.എസ്. ഡോളറും പ്രൊജക്ഷൻ സിസ്റ്റത്തിന് 6,53,224 യു.എസ്. ഡോളറുമാണ് വില. പ്രൊജക്ഷൻ ഡോം 2020 ജനുവരിയിലും പ്രൊജക്ഷൻ സിസ്റ്റം 2021 മാർച്ചിലും മേഖലാ ശാസ്ത്ര കേന്ദ്രത്തിൽ എത്തിച്ചു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത ഉപകരണങ്ങൾക്ക് ഗ്യാരന്റി ഉണ്ടോ; ഉണ്ടെങ്കിൽ അത് എത്ര നാളത്തേയ്ക്കാണെന്നും നിലവിൽ ഗ്യാരന്റി കാലാവധി കഴിഞ്ഞിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

ഉപകരണങ്ങൾക്ക് ഗ്യാരന്റി ഇല്ല. വാറന്റിയുണ്ട്. ഇവ സ്ഥാപിച്ച ശേഷം 5 വർഷത്തേയ്ക്കാണ് വാറന്റി. നിലവിൽ ഉപകരണങ്ങൾ സ്ഥാപിക്കാത്തതിനാൽ വാറന്റിയുടെ കാലാവധി ആരംഭിച്ചിട്ടില്ല.

(ഡി) പ്രസ്തുത ഉപകരണങ്ങൾ നാളിതുവരെയായി സ്ഥാപിക്കാത്തതിന്റെ കാരണം വിശദീകരിക്കുമോ; ഈ ഉപകരണങ്ങൾ നിലവിൽ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

2017-ൽ ആരംഭിച്ച പ്ലാനറ്റേറിയം കെട്ടിടത്തിന്റെ പണി 2021 ജനുവരിയിലാണ് പൂർത്തിയായത്. 2021 ജനുവരിയിൽ പ്രൊജക്ഷൻ ഡോം സ്ഥാപിക്കാൻ, അതിന്റെ ചുമതലയുണ്ടായിരുന്ന 'ആർ.എസ്.എ കോസ്മോസ് എന്ന സ്ഥാപനത്തിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ അന്താരാഷ്ട്ര യാത്രയ്ക്കാവശ്യമായ വിസ ലഭ്യമല്ലാതിരുന്നതിനാൽ ഇത് സ്ഥാപിക്കുന്നതിനായി സാങ്കേതിക വിദഗ്ധർക്ക് വിദേശത്തുനിന്നും എത്തിച്ചേരാൻ കഴിഞ്ഞില്ല. തുടർന്ന് പ്ലാനറ്റേറിയം കെട്ടിടത്തിന്റെ

മകുടത്തിൽനിന്നും ചോർച്ച ഉണ്ടായതിനാലാണ് ഉപകരണങ്ങൾ സ്ഥാപിക്കാൻ കഴിയാത്തത്. ഈ ഉപകരണങ്ങൾ നിലവിൽ മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ കെട്ടിടങ്ങളിലെ രണ്ട് മുറികളിലായാണ് സൂക്ഷിച്ചിരിക്കുന്നത്.

(ഇ) പ്ലാനറ്റോറിയം പൊതുജനങ്ങൾക്ക് എന്നത്തേയ്ക്ക് തുറന്ന് കൊടുക്കുമെന്ന് വെളിപ്പെടുത്തുമോ?

പ്ലാനറ്റോറിയം കെട്ടിടത്തിലെ മകുടത്തിന്റെ ചോർച്ച പരിഹരിക്കുന്നതിനായി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിദേശത്തുനിന്ന് സാങ്കേതിക വിദഗ്ധർ എത്തുന്ന മുറയ്ക്ക് ഉപകരണങ്ങൾ സ്ഥാപിച്ച് പ്ലാനറ്റോറിയം പൊതുജങ്ങൾക്കായി തുറന്ന് കൊടുക്കാൻ കഴിയും.

## കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് സിലബസ് പരിഷ്കരണം

175 (1715) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ സിലബസ് പരിഷ്കരണത്തിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ;

&

(ബി) പ്രസ്തുത സിലബസ് പരിഷ്കരണത്തിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് പറയാമോ?

കെ.ജി.ടി.ഇ ടൈപ്പ്റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് സിലബസ് പരിഷ്കരണ ജോലികളിൽ വെരിഫിക്കേഷൻ സ്റ്റേജിലുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സിലബസ് പരിഷ്കരണത്തിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കളമശ്ശേരിയിലെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് & റിസർച്ചിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(സി) കേന്ദ്ര സർവ്വീസിലെ ചില നിയമനങ്ങൾക്ക് ഹിന്ദി കമ്പ്യൂട്ടർ ടൈപ്പ്റൈറ്റിംഗ് ആവശ്യമുള്ളതിനാൽ കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് പരീക്ഷയിൽ ഹിന്ദി വേഡ് പ്രോസസ്സിംഗ്കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; അടുത്ത പരീക്ഷയുടെ വിജ്ഞാപനത്തിൽ ഇത് ഉൾപ്പെടുത്തുവാൻ സാധിക്കുമോ?

നിലവിൽ ഹിന്ദി ടൈപ്പ്റൈറ്റിംഗ് പരീക്ഷ മാത്രമാണ് നടത്തി വരുന്നത്. കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് പരീക്ഷയിൽ ഹിന്ദി വേഡ് പ്രോസസ്സിംഗ്കൂടി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയ്ക്ക് വന്നിട്ടില്ല.

(ഡി) പുതിയ സിലബസ് എന്നുമുതൽ പ്രാബല്യത്തിലാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സിലബസ് പരിഷ്കരണ പ്രവൃത്തികൾ പൂർത്തീകരിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽനിന്നും ലഭ്യമായശേഷം സർക്കാർ തലത്തിൽ പരിശോധിച്ച് നടപ്പിൽ വരുത്തുന്നതാണ്.

എഞ്ചിനീയറിംഗ് കോളേജുകളിൽ എൻ.ബി.എ. അക്രഡിറ്റേഷൻ

176 (1716) ശ്രീ. പി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ ഓരോന്നിലും ഏതെല്ലാം ബ്രാഞ്ചുകളിലാണ് ബി.ടെക്. കോഴ്സുകൾ ഉള്ളത്; ഇവയിൽ ഏതെല്ലാം ബ്രാഞ്ചുകൾക്ക് എൻ.ബി.എ. അക്രഡിറ്റേഷൻ ഉണ്ടെന്ന് വ്യക്തമാക്കാമോ; ഇവയിൽ ഒരോന്നിന്റെയും അക്രഡിറ്റേഷൻ കാലാവധി എന്നുവരെയാണെന്ന് വ്യക്തമാക്കാമോ;

&

(ബി) സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ ഓരോന്നിലും എതെല്ലാം എം.ടെക്. കോഴ്സുകൾക്ക് എൻ.ബി.എ. അക്രഡിറ്റേഷൻ

ഉണ്ടെന്ന് വ്യക്തമാക്കാമോ; ഇവയിൽ ഓരോന്നിന്റെയും അക്രഡിറ്റേഷൻ കാലാവധി എന്നുവരെയാണെന്ന് വിശദമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

(സി) സാങ്കേതിക വിദ്യാഭ്യാസവകുപ്പ് ഡയറക്ടറേറ്റിൽ രൂപീകരിച്ചിട്ടുള്ള വർക്ക് അസസ്സ്മെന്റ് കമ്മിറ്റി റിപ്പോർട്ട് പ്രകാരം 1:15 അനുപാതത്തിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ലഭിച്ചിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

&

(ഡി) നിലവിലുള്ള എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപക തസ്തികയുടെ റാങ്ക് പട്ടികയുടെ കാലാവധി അവസാനിക്കുന്നതിനുമുമ്പ് വർക്ക് അസസ്സ്മെന്റ് കമ്മിറ്റി റിപ്പോർട്ട് (1:15) പ്രകാരമുള്ള അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് റാങ്ക് പട്ടികയിൽനിന്നും നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ?

പരിശോധിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിട നിർമ്മാണം</u>

177 (1717) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുവാൻ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി മൂന്ന് കോടി രൂപയുടെ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

&

(ബി) പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രവൃത്തി അടിയന്തരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

കുറ്റിപ്പുറം ഗവൺമെൻറ് ടെക്നിക്കൽ ഹൈസ്കൂളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 30.10.2019-ലെ സ.ഉ.(സാധാ)നം. 1945/2019/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം 4202-02-103-99 Plan ശീർഷകത്തിൽ 300 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി നല്കിയിരുന്നു. പ്രസ്തുത നിർമ്മാണത്തിന്റെ രൂപകൽപന പൊതുമരാമത്ത് വകുപ്പ്

ആർക്കിടെക്ചർ വിഭാഗത്തിലും ഘടനാപരമായ ഡ്രോയിംഗ് പൊതുമരാമത്ത് ഡ്രോയിംഗ് വിഭാഗത്തിലും പൂർത്തിയായി വരുന്നു. മണ്ണ് പരിശോധനയുമായി ബന്ധപ്പെട്ട നടപടികളും ആരംഭിച്ചിട്ടുണ്ട്. 13.08.2021-ലെ സ.ഉ.(അച്ചടി)നം. 114/2021/ധന. ഉത്തരവുപ്രകാരം കേരളത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് 15.03.2019 മുൻകാല പ്രാബല്യത്തിൽ DSoR-2018 നടപ്പിലാക്കി. ആയത് പ്രകാരം ടി പ്രവൃത്തിയും പുതിയ DSoR പ്രകാരം പുനർനിർണ്ണയിച്ച് 554.40 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി അനുവദിക്കുന്നതിലേയ്ക്കായി പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയിട്ടുണ്ട്. പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനോട് ചേർന്ന് പോളിടെക്നിക് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ വകുപ്പും സർക്കാരും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ആയത് സംബന്ധിച്ച ഫയലിന്റെ വിശദാംശം ലഭ്യമാക്കുമോ?

കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ നിലനിർത്തിക്കൊണ്ട് ടി സ്ഥാപനത്തിൽ പുതിയ പോളിടെക്നിക്ക് കോളേജ് ആരംഭിക്കുന്നത്

സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നൽകിയ പ്രൊപ്പോസൽ തല്ക്കാലം പരിഗണിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

## കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ രജിസ്ട്രേഷൻ

178 (1718) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ രജിസ്ട്രേഷൻ ഫീസ് അടയ്ക്കുന്നതിന് ട്രഷറി ഇ-ചലാൻ പേയ്മെന്റ് അല്ലാതെ രജിസ്ട്രേഷൻ സൈറ്റിൽ തന്നെ നെറ്റ് ബാങ്കിംഗ്/ഡെബിറ്റ് കാർഡ്/ക്രെഡിറ്റ് കാർഡ് മുതലായ ബാങ്കിംഗ് സൗകര്യങ്ങൾവഴി ഫീസ് അടയ്ക്കുവാൻ നിലവിൽ സാധിക്കുമോ; ഇല്ലെങ്കിൽ അടുത്ത പരീക്ഷാ വിജ്ഞാപനം മുതൽ ഈ സൗകര്യം ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

കെ.ജി.റ്റി.ഇ. പരീക്ഷയുടെ രജിസ്ട്രേഷൻ ഫീസ് അടയ്ക്കുന്നതിന് ട്രഷറി മുഖേന നേരിട്ടോ, ഇ-ചലാൻ പേയ്മെന്റ് മുഖേനയോ മാത്രമേ നിലവിൽ സാധിക്കുകയുള്ളൂ. രജിസ്ട്രേഷൻ സൈറ്റിൽ തന്നെ നെറ്റ് ബാങ്കിംഗ്/ഡെബിറ്റ് കാർഡ്/ക്രെഡിറ്റ് കാർഡ് മുതലായ മറ്റ് ബാങ്കിംഗ് സൗകര്യങ്ങളുപയോഗിച്ച് ഫീസ് അടയ്ക്കുവാൻ സാധിക്കുകയില്ല.

മറ്റ് ബാങ്കിംഗ് സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനായി പുതിയ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനും ആയത് സെക്യൂരിറ്റി ആഡിറ്റ് ചെയ്യുന്നതിനും അധികസമയം ആവശ്യമുള്ളതിനാൽ അടുത്തതായി പ്രസിദ്ധീകരിക്കുന്ന പരീക്ഷാ വിജ്ഞാപനത്തിൽ പ്രസ്തുത സൗകര്യം ഉൾപ്പെടുത്തുവാൻ സാധിക്കുകയില്ല.

(ബി) ടൈപ്പ് & വേഡ് പ്രോസസ്സിംഗ് പരീക്ഷാ രജിസ്ട്രേഷൻ, ഫീസ് പേയ്മെന്റ്, പേയ്മെന്റ് കൺഫർമേഷൻ എന്നിങ്ങനെ സോഫ്റ്റ്‌വെയറിൽ പരീക്ഷാ രജിസ്ട്രേഷന് മൂന്ന് ഘട്ടങ്ങൾ പൂർത്തിയാക്കേണ്ടി വരുന്നതിനാൽ വിദ്യാർത്ഥികൾക്കുണ്ടാകുന്ന അസൗകര്യം പരിഹരിക്കുന്നതിന് ഇ-പേയ്മെന്റ് ഉൾപ്പെടെ സാങ്കേതിക മികവുള്ള സോഫ്റ്റ്‌വെയർ അടുത്ത പരീക്ഷാ രജിസ്ട്രേഷൻ മുതൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പരീക്ഷാ രജിസ്ട്രേഷൻ സോഫ്റ്റ്‌വെയറിൽ വിദ്യാർത്ഥികൾക്കുണ്ടാകുന്ന അസൗകര്യം പരിഹരിക്കുന്നതിനായി ഇ-പേയ്മെന്റ് സംവിധാനം നിലവിലുണ്ട്. ഇതിനുപുറമെ സാങ്കേതിക മികവുള്ള സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനും ആയത് സെക്യൂരിറ്റി ആഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ അടുത്ത പരീക്ഷാ രജിസ്ട്രേഷനിൽ ഈ സംവിധാനം ഉൾപ്പെടുത്തുവാൻ സാധിക്കുകയില്ല.

(സി) പ്രസ്തുത പരീക്ഷാ രജിസ്ട്രേഷന് എസ്.എസ്.എൽ.സി. ഉൾപ്പെടെയുള്ള സർട്ടിഫിക്കറ്റുകളുടെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കണമെന്ന നിബന്ധന ഒഴിവാക്കി സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സമർപ്പിക്കുന്നതിന് വിദ്യാർത്ഥികൾക്ക് അനുവാദം നൽകുമോ?

ലോവർ, ഹയർ ടൈപ്പ്‌റൈറ്റിംഗ് പരീക്ഷാ രജിസ്ട്രേഷന് അടിസ്ഥാന യോഗ്യതയായി പരിഗണിക്കുന്നത് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റാണ്. അപേക്ഷകർ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് സ്വയം സാക്ഷ്യപ്പെടുത്തി നൽകുമ്പോൾ ക്രമക്കേടുകൾ സംഭവിക്കാനിടയുണ്ട്. ഈ സാഹചര്യത്തിൽ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകുന്ന നിലവിലുള്ള രീതി തുടരുന്നതാണ്.

## ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ റേഷ്യോ പ്രൊമോഷൻ

179 (1719) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ എത്ര ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും ഇവർക്ക് സമയബന്ധിത റേഷ്യോ

പ്രൊമോഷൻ അവസാനമായി നല്കിയത് എന്നാണെന്നും വ്യക്തമാക്കാമോ; പ്രസ്തുത നടപടിക്രമത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ വാച്മാൻ ആയി 256 പേരും ഓഫീസ് അറ്റൻഡന്റ് ആയി 442 പേരും (ആകെ 698) പേർ ജോലി ചെയ്യുന്നുണ്ട്. ഇവർക്കുള്ള സമയബന്ധിത റേഷ്യോ പ്രൊമോഷൻ അവസാനമായി നൽകിയത് 28.01.2020-ലാണ്. പ്രസ്തുത നടപടിക്രമത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത വകുപ്പിൽ 29/2021 നമ്പരായി ഇറങ്ങിയ സർക്കുലർ (ഫയൽ നമ്പർ ഇ.ഡി.2/46186/18/ഡി.റ്റി.ഇ.) പ്രകാരം നോൺ ടെക്നിക്കൽ അറ്റൻഡർ മാർക്ക് 1:2 അനുപാതത്തിൽ ഗ്രേഡ് I, ഗ്രേഡ് II എന്ന ക്രമത്തിൽ റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതിനുള്ള വിവരശേഖരണം പൂർത്തിയായിട്ടുണ്ടോ എന്നും ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

നോൺ ടെക്നിക്കൽ അറ്റൻഡർമാരുടെ റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതിനുള്ള ഒന്നാം ഘട്ട വിവരശേഖരണം കഴിഞ്ഞിട്ടുണ്ട്. തുടർനടപടിക്രമങ്ങൾ നടന്നുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ റേഷ്യോ പ്രൊമോഷന് അർഹരായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ആയത് സമയബന്ധിതമായി നൽകുന്നതിൽ കാലതാമസം വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; ഇല്ലെങ്കിൽ സമയബന്ധിത റേഷ്യോ പ്രൊമോഷന് അർഹരായവർക്ക് ആയത് നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ അർഹരായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് റേഷ്യോ പ്രൊമോഷൻ കൃത്യമായി നൽകിവരുന്നുണ്ട്. നോൺ ടെക്നിക്കൽ അറ്റൻഡർ ജീവനക്കാരുടെ റേഷ്യോ പ്രൊമോഷന്റെ ഒന്നാം ഘട്ട വിവരശേഖരണം കഴിഞ്ഞിട്ടുണ്ട്. തുടർ നടപടിക്രമങ്ങൾ നടന്നുവരുന്നു.

ജ്ഞാനകേരളം ക്ഷേമ കേരളം

180 (1720) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. വി. സുമേഷ്:
ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജ്ഞാനകേരളം ക്ഷേമ കേരളം എന്ന മുദ്രാവാക്യം സഫലമാകുന്നതിന് സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ

ശാക്തീകരണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; നിലവിലെ എൻറോൾമെന്റ് നിരക്ക് ഇരട്ടിയാക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഏർപ്പെടുത്തുന്ന അധിക പഠന, ഗവേഷണ സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഉന്നതവിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അക്കാദമിക് പ്രോഗ്രാമുകൾ വൈവിദ്ധ്യവത്കരിച്ചും ന്യൂജനറേഷൻ പ്രോഗ്രാമുകൾ കൊണ്ടുവന്നും സ്ഥാപനങ്ങളിലെ സീറ്റ് വർദ്ധിപ്പിച്ചും കൂടുതൽ അദ്ധ്യാപകരെ നിയമിച്ചും എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും ക്രിട്ടിക്കൽ മാസ് ഉറപ്പാക്കാനുള്ള ശ്രമത്തിലാണ്. കോളേജുകളിലും സർവ്വകലാശാലകളിലും കഠിനാധ്വാനികളായ വിദ്യാർത്ഥികളെയും പണ്ഡിതരായ അദ്ധ്യാപകരെയും വർദ്ധിപ്പിക്കാനുള്ള നടപടി തുടങ്ങിയിട്ടുണ്ട്. എല്ലാ സർവ്വകലാശാലകളെയും കോളേജുകളെയും ഉയർന്ന അക്കാദമിക കീഴ്വഴക്കങ്ങളുള്ള സ്ഥാപനങ്ങളാക്കി മാറ്റുകയും വിദ്യാർത്ഥികൾ സ്വന്തം കഴിവുകൾ പരമാവധി വർദ്ധിപ്പിച്ചേ മതിയാവൂ എന്ന സാഹചര്യമുറപ്പാക്കുകയും ചെയ്യും. അദ്ധ്വാനിച്ച് പഠിക്കുന്ന വിദ്യാർത്ഥികളും ഗവേഷണത്തിലേർപ്പെടുന്ന അദ്ധ്യാപകരും അത്യന്താപേക്ഷിതമാക്കുന്ന സംവിധാനം നിർബന്ധമായും

സൃഷ്ടിക്കും. കൂടുതൽ നിർദ്ദേശങ്ങൾക്കായി കമ്മീഷനുകളെ നിയമിച്ചിരിക്കുകയാണ്. ജ്ഞാനോത്പാദനമേഖലയിൽ വമ്പിച്ച നിക്ഷേപത്തിന് സർക്കാർ തയ്യാറെടുത്തുകഴിഞ്ഞു. റീബിൽഡ് കേരളയുമായി ബന്ധപ്പെട്ടുള്ള വിഷയാന്തര ഗവേഷണത്തിനായി മുഖ്യമന്ത്രി അഞ്ഞൂറ് പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ ഏർപ്പെടുത്തിയിരിക്കുന്നു. ഏതാനും വിശേഷാവഗാഹമേഖലകളിൽ ഗവേഷണത്തിനായി മികവിന്റെ മുപ്പത് കേന്ദ്രങ്ങൾ തുറക്കാനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായി. സുസ്ഥിരതയും ജനക്ഷേമവും പാരിസ്ഥിതികനീതിയും പാലിച്ചുകൊണ്ടുള്ള നവകേരളനിർമ്മാണം ത്വരിതപ്പെടുത്തുന്നതിനാവശ്യമായ അത്യാധുനിക ശാസ്ത്ര-സാങ്കേതിക ഗവേഷണം ഈ കേന്ദ്രങ്ങളിൽ വിന്യസിപ്പിക്കും. അവിടെ വൈജ്ഞാനിക സമൂഹത്തിന്റെ വളർച്ച മാത്രമല്ല, ബൗദ്ധിക പൊതുസ്വത്തും പേറ്റൻറുകളും വർദ്ധിപ്പിച്ചുകൊണ്ട് ജ്ഞാനോത്പാദന സമ്പദ് വ്യവസ്ഥയിൽ പങ്കെടുക്കലുംകൂടിയാണ് നടക്കേണ്ടതെന്ന ഉറച്ച ബോദ്ധ്യം സർക്കാരിനുണ്ട്. SAAC-NAAC അക്രഡിറ്റേഷനുകളിലൂടെ എല്ലാ സ്ഥാപനങ്ങളെയും ഉയർന്ന റാങ്കിംഗിലേയ്ക്ക് കൊണ്ടുവരാനുള്ള പരിശ്രമം തുടങ്ങിയിരിക്കുന്നു. വിദ്യാർത്ഥികളിൽ അറിവിനോടൊപ്പം തൊഴിൽശേഷിയും സാമൂഹിക ഉത്തരവാദിത്വവും വളർത്തുന്നതിന് ഉന്നത

വിദ്യാഭ്യാസം പര്യാപ്തമായിരിക്കണമെന്ന നിർദ്ദേശം എല്ലാ സർവ്വകലാശാലകളും ഏറ്റെടുത്തിട്ടുണ്ട്. പഠിക്കുമ്പോൾത്തന്നെ തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്ന പദ്ധതിക്ക് (EWYL) രൂപം നൽകിക്കഴിഞ്ഞു. കോളേജുകളും സർവ്വകലാശാലകളും ഗവേഷണ കേന്ദ്രങ്ങളും ഇനി അറിവും തൊഴിൽശേഷിയുമുള്ളവരെ വാർത്തെടുക്കുന്ന സ്ഥാപനങ്ങൾമാത്രമല്ല, തൊഴിൽദാതാക്കളെ സൃഷ്ടിക്കുന്ന കേന്ദ്രങ്ങൾകൂടി ആവണമെന്ന് വന്നിരിക്കുന്നു. സംരംഭകശേഷി വർദ്ധിപ്പിക്കുന്നതിന് പറ്റിയവിധം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ പരിണമിപ്പിക്കുകയാണ് ലക്ഷ്യം. എല്ലാ സർവ്വകലാശാലകളെയും വ്യവസായശാലകളുമായും തദ്ദേശ വികസന പ്രവർത്തനങ്ങളുമായും ബന്ധിപ്പിച്ചുവരുന്നു. സമ്പൂർണ്ണ സാക്ഷരതയിൽനിന്ന് സാർവ്വജനീന ഉന്നതവിദ്യാഭ്യാസത്തിലേയ്ക്ക് സമൂഹത്തെ ഉയർത്തണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ആജീവനാന്ത ഉന്നതവിദ്യാഭ്യാസത്തിന് സഹായകമായ ഡിജിറ്റൽ സാങ്കേതികവിദ്യയും ഓപ്പൺ ഓൺലൈൻ വിദ്യാഭ്യാസ സൗകര്യങ്ങളും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. അതുവഴി സാമൂഹികനീതിയും ജനക്ഷേമവും ഉറപ്പാക്കുകയാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ

മേഖലയുടെ ക്ഷേമത്തിനായി കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം സംസ്കൃത കോളേജ് ക്യാംപസിൽ പ്രവർത്തിക്കുന്ന മേഘനാഥ സാഹാ സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ ORICE (Online Resource Initiatives of Collegiate Education) മുഖേന ദേശീയ/അന്തർദ്ദേശീയ തലത്തിൽ പ്രഗത്ഭരായ അക്കാഡമീഷ്യന്മാരെ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ വകുപ്പുമായോ സ്ഥാപനങ്ങളുമായോ ബന്ധപ്പെടുത്തി അവരുടെ അറിവും അനുഭവജ്ഞാനവും എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കും ഒരേസമയം എത്തിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. വീഡിയോ കോൺഫറൻസിംഗ് സൗകര്യമുള്ള കോളേജുകളിൽ ടൂ വേ കമ്മ്യൂണിക്കേഷനിലൂടെയും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലൈവ് സ്ട്രീമിംഗ് മുഖാന്തരവും വിദ്യാർത്ഥികൾക്ക് പ്രയോജനകരമാംവിധം Beyond Syllabi, മലയാള സാഹിത്യയാത്ര, Winglish മുതലായ പഠന പരമ്പരകളിൽ ഓൺലൈൻ ക്ലാസ്സുകൾ നടന്നുവരുന്നുണ്ട്.

2. ബിരുദതലത്തിൽ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സമയബന്ധിതമായി ക്ലാസ്സുകൾ നൽകുക,

സർവ്വകലാശാല പരീക്ഷയ്ക്ക് തയ്യാറാക്കുക എന്നീ പ്രവർത്തനങ്ങൾക്കായി 63 സർക്കാർ കോളേജുകളിലും 151 എയ്ഡഡ് കോളേജുകളിലും Scholar Support Programme-SSP നടന്നുവരുന്നുണ്ട്.

3. പഠനത്തിൽ പ്രഗത്ഭരായ വിദ്യാർത്ഥികൾക്ക് വിവിധ രീതിയിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നല്കുക, അവർക്ക് വഴികാട്ടിയായി പ്രവർത്തിക്കുന്ന ഉപദേഷ്ടാക്കളെ നിയമിക്കുക എന്നീ പരിപാടികൾക്കായി പഠിതാവിനൊപ്പം WWS-Walk With a Scholar എന്ന പദ്ധതി 63 സർക്കാർ കോളേജുകളിലും 151 എയ്ഡഡ് കോളേജുകളിലും നടന്നുവരുന്നു.

4. കേരളത്തിലെ കോളേജുകളിലെ യുവാക്കളായ അദ്ധ്യാപകരുടെ ഒരു സംഘത്തെ കണ്ടെത്തി അവരിലെ പ്രത്യേക വാസനകൾ വികസിപ്പിച്ചെടുക്കുകവഴി അദ്ധ്യയന രംഗത്തെ കണ്ടെത്തലുകളുടെയും ഗവേഷണങ്ങളുടെയും സമന്വയം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി FLAIR - Fostering Linkages For Academic Innovation and Research പദ്ധതി നടത്തിവരുന്നു.

5. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ കോളേജുകളിൽ BSNL-ന്റെ സിംഗിൾ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്ക് മുഖാന്തരം അതിവേഗ സ്റ്റേബിൾ ഇന്റർനെറ്റ് സേവനം പ്രദാനം ചെയ്യുന്നു. ഒരു

ഇന്റർനെറ്റ് ഹബ്ബിൽനിന്നും ക്യാംപസ് മുഴുവനും ഒപ്റ്റിക്കൽ ഫൈബർ കേബിളിലൂടെ ഇന്റർനെറ്റ് കണക്ഷൻ നൽകുന്നത് വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഒരുപോലെ പ്രയോജനം ചെയ്യുന്നു. ഇ-ലേണിംഗ് പോലുള്ള അത്യാധുനിക സംവിധാനങ്ങൾ വിദ്യാർത്ഥികൾക്ക് ഉപയോഗിക്കുന്നതിനും അദ്ധ്യാപകർക്ക് ഓൺലൈൻ ക്ലാസ്സെടുക്കുന്നതിനും പ്രസ്തുത സാങ്കേതികവിദ്യയിലൂടെ സാധിക്കുന്നു.

6. രാജ്യത്തെ മികച്ച ഫാക്കൽറ്റിയുടെയും സ്ഥാപനത്തിൻറെയും സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി അക്കാദമിക് തലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന M.Phil/Ph.D/PG വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന സ്ഥാപനങ്ങൾക്ക് പുറമെ ഹ്രസ്വകാലപഠനങ്ങൾ നടത്തുന്നതിനും പ്രോജക്ടുകൾ ചെയ്യുന്നതിനും അവരുടെ കോഴ്സിന്റെ ഭാഗമായി ഇന്റേൺഷിപ്പ് രാജ്യത്തെ പ്രമുഖരായ ശാസ്ത്രജ്ഞരും സാമൂഹ്യ ശാസ്ത്രജ്ഞരുമായി ചേർന്ന് ചെയ്യാനും ആസ്പയർ സ്കോളർഷിപ്പ് എന്ന പദ്ധതി മുഖേന സ്കോളർഷിപ്പുകൾ നൽകിവരുന്നുണ്ട്.

7. ഉന്നതവിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണത്തിനായി ഗവേഷണ സ്ഥാപനങ്ങളെയും ഉന്നതവിദ്യാപീഠങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കി

വികസിപ്പിക്കുന്നതിനായി സെന്റർ ഓഫ് എക്സലൻസ് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

8. വിദ്യാർത്ഥികളുടെയും ഫാക്കൽറ്റിമാരുടെയും വ്യക്തിഗത ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, റിഫ്രഷർ കോഴ്സുകൾ എന്നിവ നടത്തുന്നതിന് അക്കാദമിക്/ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം എന്ന പദ്ധതി നടത്തിവരുന്നു.

9. കേരളത്തിലെ സർക്കാർ കോളേജുകളിലെ ലൈബ്രറികളുടെയും ലബോറട്ടറികളുടെയും സമഗ്ര വികസനത്തിനായി ഈ വകുപ്പിന് കീഴിൽ ലൈബ്രറി ലബോറട്ടറി വികസനം എന്ന പദ്ധതിയും നടത്തിവരുന്നു.

10. സർക്കാർ ആർട്സ് & സയൻസ് കോളേജുകളെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കോളേജുകളുടെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട് വിവിധ ഘട്ടങ്ങളിലായി നിർമ്മാണപ്രവൃത്തികൾ നടന്നുവരുന്നു.

11. സർക്കാർ കോളേജുകൾക്ക് നാക് അക്രഡിറ്റേഷൻ ലഭിക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുന്നതിനും അടിസ്ഥാന സൗകര്യം പ്രദാനം ചെയ്യുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച

ബഡ്ജറ്റ് വിഹിതം വിനിയോഗിച്ച് വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

12. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ആധുനിക ലോകത്തിൽ വിദ്യാർത്ഥികൾക്കുണ്ടാകുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും അവരുടെ ജീവിതപ്രശ്നങ്ങൾ നേരിടുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം നല്കുന്നതിനുമായി 2019-20 സാമ്പത്തിക വർഷം മുതൽ "JEEVANI College Mental Awareness Programme" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കേരളത്തിലെ 75 സർക്കാർ കോളേജുകളിലായി ജീവനി അപ്രന്റിസുമാരെ നിയോഗിച്ചിട്ടുണ്ട്. കൗൺസലിംഗിന് പുറമെ കോളേജുകളിൽ മാനസികാരോഗ്യ ബോധവത്കരണ ക്യാമ്പുകളും നടത്തിവരുന്നു.

13. സർക്കാർ കോളേജുകളുടെ സമഗ്ര പുരോഗതിക്കായി കോളേജുകളിലെ തെരഞ്ഞെടുക്കപ്പെട്ട വകുപ്പുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി ലീഡ് കോളേജസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

14. സർക്കാർ കോളേജുകളിൽ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരുപോലെ ഓൺലൈൻ പാഠ്യപഠന സേവനങ്ങൾ യാതൊരു സാങ്കേതിക

തടസ്സവും കൂടാതെ ലഭ്യമാക്കുന്നതിനായി വൈഫൈ ക്യാമ്പസുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

15. ഹരിത കേരളം എന്ന മഹാ ലക്ഷ്യത്തിലേയ്ക്കുള്ള ചുവടുവയ്പ്പെന്നോണം സർക്കാർ കോളേജുകളെ ഹരിത ക്യാമ്പസുകളാക്കി മാറ്റുന്നതിനായി ഗ്രീൻ ക്യാമ്പസ് ഇനീഷ്യേറ്റീവ് പദ്ധതി നടത്തിവരുന്നു.

16. വിദ്യാർത്ഥികൾക്കും പ്രാദേശിക സമൂഹത്തിനും ഇടയിൽ നൂതന ആശയങ്ങളുടെ ഇൻക്യുബേറ്ററായി പ്രവർത്തിക്കുന്നതിനായി യുറേക്ക ലാബ് പദ്ധതി നടപ്പിലാകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

17. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് കോളേജുകളിൽ തുല്യമായ പഠന സാഹചര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന് ബാരിയർ ഫ്രീ ക്യാമ്പസ് പദ്ധതി നടപ്പിലാക്കിവരുന്നു.

18. ഉന്നതവിദ്യാഭ്യാസ രംഗത്ത് കോളേജ് വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ആധുനികവത്കരണത്തിന്റെ ഭാഗമായി പുതിയ കോഴ്സുകളും തൊഴിൽ സാദ്ധ്യതയേറെയുള്ള ന്യൂ ജെൻ കോഴ്സുകളും കഴിഞ്ഞ സാമ്പത്തിക വർഷം ആരംഭിച്ചിട്ടുണ്ട്. തൊഴിലധിഷ്ഠിത കോഴ്സുകൾ വകുപ്പിൽ ആരംഭിക്കുന്നതിനുള്ള പദ്ധതി സജീവ പരിഗണനയിലാണ്.

19. വിദ്യാർത്ഥികൾക്ക് പഠനസൗകര്യത്തിനായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബുകളും സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ പഠനോപകരണങ്ങളും എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നു.ആധുനിക രീതിയിലുള്ള മികച്ച കെട്ടിടങ്ങളും അടിസ്ഥാന സൗകര്യങ്ങളും പ്രദാനം ചെയ്യുന്നതിലൂടെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുവാൻ വകുപ്പിന് സാധിക്കുന്നു.

(ബി) നിലവിലെ ലോകക്രമത്തിൽ വിജ്ഞാന സമ്പാദനം സാമൂഹിക-സാമ്പത്തിക വളർച്ചയുടെ അനിവാര്യ ഘടകമായി മാറിയതിനാൽ ഔപചാരിക ക്ലാസ്സ് റൂം പഠനത്തിന് അവസരമില്ലാത്തവരുടെ ഉന്നമനത്തിനായി ആരംഭിച്ച ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങൾ സുസജ്ജമാക്കിയിട്ടുണ്ടോ?

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ യു.ജി.സി-യിൽനിന്ന് 12 യു.ജി. കോഴ്സുകൾക്കും 5 പി.ജി. കോഴ്സുകൾക്കും അനുമതി വാങ്ങാനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടത്തിവരികയാണ്.

(സി) കിഫ്ബിയിൽനിന്ന് 2,000 കോടി രൂപ വിനിയോഗിച്ച് സർവ്വകലാശാലകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ?

സർവ്വകലാശാലകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ടിൽനിന്നും കേരള സർവ്വകലാശാലയ്ക്ക് 150 കോടി രൂപയുടെ ഭരണാനുമതിയും മഹാത്മാ ഗാന്ധി സർവ്വകലാശാലയ്ക്ക് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 132,75,81,772.35 രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് കിഫ്ബി പദ്ധതിയുടെ 161.89 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് കിഫ്ബി പദ്ധതിയിൽനിന്നും 240,97,41,647 രൂപ അനുവദിച്ചിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാലയ്ക്ക് 96.82 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## സർവ്വകലാശാലകളിൽനിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ

181 (1721) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽനിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരിച്ചുകൊണ്ട് പെൻഷൻ ബാദ്ധ്യത

സർവ്വകലാശാലകളുടെ തനത് ഫണ്ടിൽനിന്നും നിറവേറ്റണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

സംസ്ഥാനത്തെ സർവ്വകലാശാലകളിൽനിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരിച്ചുകൊണ്ട് പെൻഷൻ ബാദ്ധ്യത സർവ്വകലാശാലകളുടെ തനത് ഫണ്ടിൽനിന്നുംകൂടി നിറവേറ്റണമെന്ന് 24.06.2021-ലെ സ.ഉ.(അ.)നം.87/2021/ധന. പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) സർവ്വകലാശാലകളുടെ തനത് ഫണ്ടിൽനിന്നും പെൻഷൻ നൽകണമെങ്കിൽ വിദ്യാർത്ഥികളിൽനിന്നും ഈടാക്കുന്ന ഫീസിൽ വർദ്ധനവ് വരുത്തേണ്ടിവരും എന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) അക്കാദമിക പ്രവർത്തനങ്ങൾക്കായി ചെലവഴിക്കേണ്ട തുക പെൻഷൻ ഇനത്തിൽ നൽകുന്നത് അക്കാദമിക നിലവാരത്തെയും സാമ്പത്തിക ഭദ്രതയെയും ബാധിക്കും എന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) സർവ്വകലാശാലകളുടെ അക്കാദമിക നിലവാരവും സാമ്പത്തിക ഭദ്രതയും ഉറപ്പാക്കുന്നതിനായി പെൻഷൻ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

<u>ഉന്നത വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങൾ</u>

182 (1722) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ നിക്ഷേപത്തോടെ വൻകിട ഉന്നത വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങൾ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ രംഗത്ത് സ്വകാര്യ നിക്ഷേപം സ്വീകരിക്കുന്ന കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനം ഒന്നും കൈക്കൊണ്ടിട്ടില്ല.

(ബി) ഇത്തരത്തിൽ ഏതൊക്കെ സ്വകാര്യ ഏജൻസികളാണ് മൂലധന നിക്ഷേപത്തിന് തയ്യാറായി സർക്കാരിനെ സമീപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ബാധകമല്ല.

താൽക്കാലിക അഫിലിയേഷൻ മാത്രമുള്ള സർക്കാർ കോളേജുകൾ

183 (1723) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളുടെ താൽക്കാലിക അഫിലിയേഷൻ മാത്രമുള്ള സർക്കാർ കോളേജുകൾ ഏതൊക്കെയെന്നും എത്ര വർഷമായി ഇവയ്ക്ക് താൽക്കാലിക അഫിലിയേഷൻ മാത്രമേ ലഭിക്കുന്നുള്ളുവെന്നും വ്യക്തമാക്കാമോ; ഓരോ കോളേജിനും സ്ഥിരം അഫിലിയേഷൻ ലഭിക്കുന്നതിന് എന്തൊക്കെ തടസ്സങ്ങളാണുള്ളതെന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) സ്ഥിരം അഫിലിയേഷൻ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് കോളേജ് തിരിച്ച് വിശദമാക്കാമോ;

&

(സി) സർക്കാർ കോളേജുകളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഏതെല്ലാം കോളേജുകൾക്ക് എത്ര വീതം തുക അനുവദിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി)കേരള സർവ്വകലാശാലയുടെ താൽക്കാലിക അഫിലിയേഷനോടെ പ്രവർത്തിക്കുന്ന അമ്പലപ്പുഴ ഗവൺമെന്റ് കോളേജിന് സ്ഥിരം അഫിലിയേഷനും യു.ജി.സി. അക്രഡിറ്റേഷനും ലഭ്യമാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

അമ്പലപ്പുഴ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന് 28.09.2018-ലെ സിൻഡിക്കേറ്റ് തീരുമാന പ്രകാരം 5.11.2018-ന് അഫിലിയേഷൻ സ്ഥിരീകരണം [confirmation of affiliation] നൽകിക്കൊണ്ട് കത്ത് നൽകിയിട്ടുണ്ട്.

(ഇ) പുതിയ ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകൾ അനുവദിക്കുമ്പോൾ സർക്കാർ കോളേജുകൾക്ക് മുൻഗണന നൽകുമോ; വിശദമാക്കാമോ?

വിഷയം പരിശോധിക്കുന്നതാണ്.

## സർവ്വകലാശാലകളിലെ അക്കാദമിക്-കം-എക്സാമിനേഷൻ കലണ്ടർ

184 (1724) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിലെ പ്രവേശനം, പരീക്ഷ എന്നീ നടപടികളുമായി ബന്ധപ്പെട്ട അക്കാദമിക്-കം-എക്സാമിനേഷൻ കലണ്ടർ ഓരോ അദ്ധ്യയന വർഷവും പ്രസിദ്ധീകരിക്കാറുണ്ടോ; പ്രസ്തുത കലണ്ടർ പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന സമയത്തുതന്നെ പ്രവേശന/പരീക്ഷാ നടപടികൾ പൂർത്തീകരിക്കാറുണ്ടോ?

സാധാരണഗതിയിൽ അക്കാദമിക് കലണ്ടറും എക്സാമിനേഷൻ കലണ്ടറും ഓരോ അദ്ധ്യയന വർഷവും പ്രസിദ്ധീകരിക്കാറുണ്ട്. പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാവാറില്ലെങ്കിൽ കലണ്ടറിൽ നിഷ്കർഷിക്കുന്ന പ്രകാരം പ്രവേശന/പരീക്ഷാ നടപടികൾ പൂർത്തീകരിക്കാറുണ്ട്. കഴിഞ്ഞ രണ്ട് വർഷമായി തുടരുന്ന കോവിഡ് സാഹചര്യം കാരണം പരീക്ഷ പൂർത്തിയാക്കുവാൻ കാലതാമസം നേരിട്ടിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാലയിൽ 2020-21 വർഷവും മലയാള സർവ്വകലാശാലയിൽ 2020-21, 2021-22 എന്നീ അദ്ധ്യായന വർഷങ്ങളിലും കോവിഡ് സാഹചര്യത്തിൽ അക്കാദമിക് കലണ്ടർ, പരീക്ഷാ കലണ്ടർ എന്നിവ പ്രസിദ്ധീകരിച്ചിട്ടില്ല. എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാലയിൽ കോവിഡ് സാഹചര്യത്തിൽ 2020-21, 2021-22 വർഷങ്ങളിലെ പരീക്ഷ കലണ്ടർ പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) പരീക്ഷ കലണ്ടർ പ്രസിദ്ധീകരിക്കുന്നത് അദ്ധ്യയന വർഷാവസാനത്തേയ്ക്ക് നീണ്ടുപോകുന്നതിന്റെ കാരണം വിശദമാക്കാമോ; ഈ കാലതാമസം പരീക്ഷ നടത്തിപ്പിനെ ദോഷകരമായി ബാധിക്കാറുണ്ടോ?

സാധാരണനിലയിൽ അദ്ധ്യയന വർഷാരംഭത്തിൽത്തന്നെ പരീക്ഷാ കലണ്ടർ പ്രസിദ്ധീകരണം നടത്താറുണ്ട്. എന്നാൽ കേരള സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല എന്നിവിടങ്ങളിൽ കോവിഡ്-19 സാഹചര്യത്തിലുള്ള നിയന്ത്രണങ്ങൾമൂലം കലണ്ടർ പ്രസിദ്ധീകരണത്തിലും പരീക്ഷ നടത്തിപ്പിലും കാലതാമസം വന്നിട്ടുണ്ട്. ഇത് പരീക്ഷാ നടത്തിപ്പിനെ ബാധിക്കാതിരിക്കാൻ പരീക്ഷാ സമയക്രമവുമായി ബന്ധപ്പെട്ട പരിപത്രങ്ങൾ പ്രസിദ്ധീകരിക്കുകയും ഇതുമൂലം സമയക്രമം വിദ്യാർത്ഥികളെ അറിയിക്കുവാനും കാലതാമസം ഒഴിവാക്കാനും സാധിച്ചിട്ടുണ്ട്.

(സി) സർവ്വകലാശാലകളിൽ 2019-20 അക്കാദമിക വർഷം മുതൽ അക്കാദമിക്-കം-എക്സാമിനേഷൻ കലണ്ടർ പ്രസിദ്ധീകരിച്ച തീയതി ലഭ്യമാക്കാമോ?

സർവ്വകലാശാലകളിൽ 2019-20 അക്കാദമിക വർഷം മുതൽ അക്കാദമിക്-കം-എക്സാമിനേഷൻ കലണ്ടർ പ്രസിദ്ധീകരിച്ച തീയതി ചുവടെ ചേർത്തിരിക്കുന്നു.

കേരള സർവ്വകലാശാല

| | |
|---|---|
| 2019-20 | 28.9.2019 |
| 2020-21 | 21.1.2021 |
| 2021-22 | 10.6.2021 |

മഹാത്മാഗാന്ധി സർവ്വകലാശാല

| പരീക്ഷാ കലണ്ടർ | |
|---|---|
| 2019 | 28.12.2018 |
| 2020 | 21.12.2019 |
| 2021 | 30.12.2020 |
| 2022 | 29.12.2021 |
| അക്കാദമിക് കലണ്ടർ | |
| 2019-20 | 07.6.2019 |
| 2020-21 | 23.11.2020 |
| 2021-22 | 10.6.2021 |

കണ്ണൂർ സർവ്വകലാശാല

| | |
|---|---|
| 2019-20 | 26.08.2019 |

കാലിക്കറ്റ് സർവ്വകലാശാല

| | |
|---|---|
| 2019-20 | 31.7.2019 |
| 2020-21 | 26.3.2021 |
| 2021-22 | 11.1.2022 |

ന്യൂവാൽസ്

| | |
|---|---|
| 2019-20 | 4th September, 2019 |
| 2020-21 | 29th July, 2020 |
| 2021-22 | 1st September, 2021 |

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

| | |
|---|---|
| 2019-20 | 14.6.2019 |
| 2020-21 | 12.2.2021 |
| 2021-22 | പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാല

| അക്കാദമിക് കലണ്ടർ | | |
|---|---|---|
| | odd semester | even semester |
| 2019-20 | 11.7.2019 | 23.12.2019 |
| 2020-21 | 05.10.2020 | 13.1.2021 |
| 2021-22 | 21.11.2021 | 08.2.2022 (അക്കാദമിക കലണ്ടറിൽ പരീക്ഷ തുടങ്ങുന്ന തീയതി ചേർത്തിട്ടുണ്ട്) |

കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല: കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയ്ക്ക് ഇപ്പോൾ തന്നെ ഒരു അക്കാദമിക പരീക്ഷാ കലണ്ടർ നിലവിലുണ്ട്. അക്കാദമിക് പ്രവർത്തനങ്ങൾ മുഴുവൻ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഈ കലണ്ടർ എല്ലാ വർഷവും മുൻകൂട്ടി

പ്രസിദ്ധീകരിക്കാറുണ്ട്. സർവ്വകലാശാല പരീക്ഷകളും തുടർന്നുള്ള മൂല്യ നിർണ്ണയവും ഫലപ്രഖ്യാപനവും പരീക്ഷാ കലണ്ടറിന്റെ അടിസ്ഥാനത്തിൽ നടത്തിവരുന്നു.

(ഡി) 2019-20, 2020-21, 2021-22 വർഷങ്ങളിലെ പരീക്ഷാ കലണ്ടർ പ്രകാരം ബിരുദ, ബിരുദാനന്തരബിരുദ കോഴ്സുകളുടെ (റെഗുലർ, പ്രൈവറ്റ്, ഡിസ്റ്റൻസ്) വിവിധ സെമസ്റ്റർ പരീക്ഷകൾ പൂർത്തീകരിക്കേണ്ട തീയതി, ഫലം പ്രസിദ്ധീകരിക്കേണ്ട തീയതി എന്നിവയുടെ വിശദമായ വിവരം ലഭ്യമാക്കാമോ?

കേരള സർവ്വകലാശാലയെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.+ മഹാത്മാ ഗാന്ധി സർവ്വകലാശാലയെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.+ കാലിക്കറ്റ് സർവ്വകലാശാലയെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-III ആയി ചേർത്തിരിക്കുന്നു.+ ന്യുവാൽസ് 2019-20, 2020-21 വർഷങ്ങളിലെ പരീക്ഷകൾ പൂർത്തീകരിച്ച് ഫലപ്രഖ്യാപനം നടത്തി മാർക്ക് ഷീറ്റ്, ഡിഗ്രി സർട്ടിഫിക്കറ്റ് വിതരണം പൂർത്തിയാക്കിയിട്ടുള്ളതാണ്. 2021-ലെ even semester പരീക്ഷ നടത്തി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫലപ്രഖ്യാപനം നടത്തിയിട്ടുണ്ട്. 2021-22 വർഷത്തെ odd semester LL.B, 1st semester LL.M. പരീക്ഷകൾ 14 മാർച്ച് 2022-ന് തുടങ്ങി ഏപ്രിൽ 7-ന് അവസാനിക്കും. ഇതിന്റെ ഫലപ്രഖ്യാപനം ജൂലൈ മാസത്തിൽ നടത്തുന്നതാണ്. മലയാള സർവ്വകലാശാല 2019-20, 2020-21 എന്നീ വർഷങ്ങളിലെ അവസാന സെമസ്റ്റർ ബിരുദാനന്തര ബിരുദ കോഴ്സുകളുടെ പരീക്ഷകൾ പൂർത്തീകരിക്കേണ്ട തീയതി യഥാക്രമം 2020 മാർച്ച് 31, 2021 മാർച്ച് 31, പരീക്ഷാഫലം പ്രസിദ്ധീകരിക്കേണ്ട തീയതി 2020 ഏപ്രിൽ 20, 2021 ഏപ്രിൽ 20 എന്നിങ്ങനെയായിരുന്നു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല 2019-20, 2020-21 വർഷങ്ങളിലെ ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകളുടെ അവസാന വർഷ പരീക്ഷകൾ പൂർത്തീകരിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ 2021-22 വർഷത്തെ അവസാന വർഷ ക്ലാസ്സുകൾ നടന്നുകൊണ്ടിരിക്കുന്നു. എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാലയിൽ 2019-20 വർഷത്തിൽ പരീക്ഷ കലണ്ടർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2019-20 വർഷത്തെ എല്ലാ പരീക്ഷകളും 5.6.2020-ന് അവസാനിക്കുമെന്നാണ് പരീക്ഷ കലണ്ടർ പ്രകാരമുള്ളത്. കോവിഡ് സാഹചര്യത്തിൽ 2020-21, 2021-22 വർഷങ്ങളിൽ പരീക്ഷ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കലണ്ടർ പ്രസിദ്ധീകരിച്ചിട്ടില്ല. കണ്ണൂർ സർവ്വകലാശാല അനുബന്ധം-IV ആയി ചേർത്തിരിക്കുന്നു.+

(ഇ) 2019-20, 2020-21, 2021-22 വർഷങ്ങളിൽ ബിരുദ, ബിരുദാനന്തരബിരുദ കോഴ്സുകളുടെ (റെഗുലർ, പ്രൈവറ്റ്, ഡിസ്റ്റൻസ്) വിവിധ സെമസ്റ്റർ പരീക്ഷകൾ പൂർത്തീകരിച്ച തീയതി, ഫലം പ്രസിദ്ധീകരിച്ച തീയതി എന്നിവ വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ മഹാത്മാ ഗാന്ധി സർവ്വകലാശാല: അനുബന്ധം - V+, എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാല: അനുബന്ധം - VI+, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല: അനുബന്ധം - VII+, കണ്ണൂർ സർവ്വകലാശാല അനുബന്ധം - VIII+ ആയി ചേർത്തിരിക്കുന്നു. മലയാള സർവ്വകലാശാലയിൽ 2019-20, 2020-21 എന്നീ വർഷങ്ങളിൽ മാർച്ച് 31-ന് തിയറി പരീക്ഷകൾ പൂർത്തിയാക്കിയെങ്കിലും വൈവ പോലുള്ള പരീക്ഷകൾ പൂർത്തിയാക്കാൻ കാലതാമസം നേരിട്ടു. പരീക്ഷാഫലം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസിദ്ധീകരിച്ച തീയതി 2019-20-ലേത് 2020 സെപ്തംബർ 23-നും 2020-21-ലേത് 2021 സെപ്തംബർ 21-നും.

(എഫ്) സർവ്വകലാശാലകളിൽ 2018-19, 2019-20 അദ്ധ്യയനവർഷങ്ങളിൽ പ്രവേശനം അനുവദിച്ചതും കോഴ്സ് കാലാവധി പൂർത്തീകരിച്ചതുമായ ഏതെങ്കിലും ബിരുദ, ബിരുദാനന്തരബിരുദ കോഴ്സുകളുടെ പരീക്ഷകൾ നടത്തുവാൻ അവശേഷിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

കാലിക്കറ്റ് സർവ്വകലാശാലയുടെ 2019-20 അദ്ധ്യയനവർഷം പ്രവേശനം അനുവദിച്ച പി.ജി.എസ്.ഡി.ഇ. (ഡിസ്റ്റൻസ് എഡ്യൂക്കേഷൻ) അവസാന സെമസ്റ്റർ പരീക്ഷകൾ, എൽ.എൽ.എം. അഫിലിയേറ്റഡ് കോളേജുകളുടെ അവസാന സെമസ്റ്റർ പരീക്ഷകൾ എന്നിവ നടത്താനുണ്ട്.

(ജി) 2019-20 അദ്ധ്യയനവർഷം വിദൂരവിദ്യാഭ്യാസ വിഭാഗം മുഖേന പ്രവേശനം അനുവദിച്ച വിവിധ കോഴ്സുകളുടെ പ്രവേശന നടപടികൾ പൂർത്തീകരിച്ച തീയതി, വിവിധ സെമസ്റ്ററുകളിലെ സ്റ്റഡി മെറ്റീരിയൽസ് വിദ്യാർത്ഥികൾക്ക് വിതരണം ചെയ്ത തീയതി, പരീക്ഷകൾ പൂർത്തീകരിച്ച തീയതി, ഫലം പ്രസിദ്ധീകരിച്ച തീയതി, ഇനിയും നടത്തുവാൻ അവശേഷിക്കുന്ന പരീക്ഷകളുടെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കാമോ?

കേരള സർവ്വകലാശാല അനുബന്ധം IX+, കണ്ണൂർ സർവ്വകലാശാല അനുബന്ധം X+ ആയി ചേർത്തിരിക്കുന്നു. കാലിക്കറ്റ് സർവ്വകലാശാലയിൽ 2019-20 വർഷം വിദൂര വിദ്യാഭ്യാസത്തിൽ പ്രവേശനം നേടിയ വിവിധ പ്രോഗ്രാമുകളിലെ വിദ്യാർത്ഥികൾക്ക് വിവിധ സെമസ്റ്ററുകളിലെ പഠനസാമഗ്രികൾ വിതരണം ചെയ്ത തീയതികൾ ചുവടെ ചേർക്കുന്നു.

ബിരുദം

ഒന്നാം സെമസ്റ്റർ - 24.1.2020

രണ്ടാം സെമസ്റ്റർ - 31.10.2020

മൂന്നാം സെമസ്റ്റർ - 5.7.2021

നാലാം സെമസ്റ്റർ - 2.11.2021

അഞ്ചാം സെമസ്റ്റർ - 26.1.2022

ആറാം സെമസ്റ്റർ - 12.3.2022

ബിരുദാനന്തര ബിരുദം

ഒന്നാം സെമസ്റ്റർ - 15.4.2021

രണ്ടാം സെമസ്റ്റർ - 15.4.2021

മൂന്നാം സെമസ്റ്റർ - 6.1.2022

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സർവ്വകലാശാല ജീവനക്കാരുടെ പെൻഷൻ

185 (1725) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവ്വകലാശാലകളിലെ ജീവനക്കാരുടെ പെൻഷൻ വിതരണ സംവിധാനത്തിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

കേരളത്തിലെ സർവ്വകലാശാലകളിൽ ജീവനക്കാരുടെ പെൻഷൻ വിതരണ സംവിധാനത്തിൽ മാറ്റങ്ങൾ വരുത്തിയിട്ടില്ല.

(ബി) പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സാമ്പത്തികഭദ്രത സർവ്വകലാശാലകൾക്കുണ്ടെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ;

&

(സി) ആഭ്യന്തര വരുമാനം കൂട്ടുന്നതിന് സർവ്വകലാശാലകൾ വിദ്യാർത്ഥികളുടെ ഫീസ് വർദ്ധിപ്പിക്കുന്നതിനെ അനുകൂലിക്കുന്നുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത വിഷയങ്ങളിൽ വിശദമായ പഠനം ആവശ്യമാണ്.

## സർവ്വകലാശാല സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ ലഭ്യമാക്കാൻ നടപടി

186(1726) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിൽ വിവിധ കോഴ്സുകൾക്കുള്ള സർട്ടിഫിക്കറ്റിനായി 31.12.2021 വരെ ലഭിച്ച അപേക്ഷകളിൽ ഇനിയും എത്ര സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാനുണ്ടെന്ന വിവരം സർവ്വകലാശാല അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

കേരള സർവ്വകലശാലയിൽ 31.12.2021 വരെ ലഭിച്ച അപേക്ഷകളിൽ ആവശ്യമായ രേഖകൾ സഹിതം സമർപ്പിച്ച എല്ലാ വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് എന്നീ സർവ്വകലാശാലകൾ 31.12.2021 വരെ ലഭിച്ച അപേക്ഷകൾ പ്രകാരം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ വിവിധ കോഴ്സുകൾക്കായി 31.12.2021 വരെ ലഭിച്ച അപേക്ഷകളിൽ അപേക്ഷകർ ന്യൂനതകൾ ഇനിയും പരിഹരിക്കാത്ത 6625 എണ്ണമുണ്ട്. നിലവിൽ പ്രോസസ്സിംഗിന്റെ വിവിധ ഘട്ടങ്ങളിലുള്ള 6883

സർട്ടിഫിക്കറ്റുകൾ മാത്രമാണ് ഇനി വിതരണം ചെയ്യാനുള്ളത്. എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിൽ ബി.ടെക്/ ബി.ആർക്ക് ബിരുദ കോഴ്സുകളുടെ സർട്ടിഫിക്കറ്റിനായി 31.12.2021 വരെ ലഭിച്ച അപേക്ഷകളിൽ 17 എണ്ണം വിവിധ കാരണങ്ങളാൽ വിതരണം ചെയ്യാനുണ്ട്. ബിരുദാനന്തര ബിരുദം വിജയിച്ച വിദ്യാർത്ഥികൾക്ക് 31.12.2021 വരെ ലഭിച്ച എല്ലാ പൂർണ്ണമായ അപേക്ഷകളുടെയും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ 37 സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാനുണ്ട്.

(ബി) വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ കാലതാമസംകൂടാതെ നിശ്ചിത സമയത്ത് ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ കാലതാമസംകൂടാതെ നിശ്ചിത സമയത്ത് ലഭ്യമാക്കുന്നതിനായി വിവിധ സർവ്വകലാശാലകൾ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിലേയ്ക്കായി ഡിജിറ്റൽ സൗകര്യം/ഓർഡിനറി, അടിയന്തരം, ഫാസ്റ്റ് ട്രാക്, എക്സ്പ്രസ്സ് എന്നീ രീതികൾ വിവിധ സർവ്വകലാശാലകൾ പിന്തുടർന്നുവരുന്നു.

<u>സർവ്വകലാശാലയുടെ രജിസ്ട്രാർ പദവി</u>

187(1727) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുടെ രജിസ്ട്രാർ പദവിയിൽ നിയമിതനാകുവാനുള്ള യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; നിലവിലെ കേരള സർവ്വകലാശാല രജിസ്ട്രാറുടെ അക്കാദമിക യോഗ്യതകളും ഭരണപരിചയവും സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

കേരള സർവ്വകലാശാല രജിസ്ട്രാറായി നിയമിതനാകുവാനുള്ള യോഗ്യതകൾ അനുബന്ധമായി ചേർക്കുന്നു.+ കേരള സർവ്വകലാശാലയുടെ നിലവിലെ രജിസ്ട്രാർ പ്രൊഫ. (ഡോ.) കെ. എസ്. അനിൽകുമാർ കേരള സർവ്വകലാശാലയിൽനിന്നും Technology Management-ൽ M.Tech ഡിഗ്രിയും Ph.D ഡിഗ്രിയും നേടിയിട്ടുണ്ട്.

അക്കാദമിക, ഭരണ പരിചയം:

1. 1.6.1998 മുതൽ വിവിധ ദേവസ്വം ബോർഡ് കോളേജുകളിൽ Lecturer, Associate Professor, Professor, Principal തസ്തികയിലുള്ള പ്രവൃത്തി പരിചയം.
2. Head, e-Governance, Kerala State IT Mission.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3. State Nodal Officer, e-Government Procurement Project.

4. Nodal Officer, Sabarimala Pilgrim Management System.

(ബി) സർവ്വകലാശാലയുടെ മുഴുവൻസമയ ഉദ്യോഗസ്ഥനായ ഏതൊരാൾക്കും രജിസ്ട്രാർ പദവിയിൽ നിയമിതനാകുന്നതിന് സാദ്ധ്യമാണോ; നിലവിലെ രജിസ്ട്രാർ നിയമിതനായത് എന്നാണെന്നും എത്ര വർഷത്തേയ്ക്കാണെന്നും അദ്ദേഹത്തിന് കാലാവധി നീട്ടി നൽകുന്നതിന് സിൻഡിക്കേറ്റ് തീരുമാനമെടുത്തിരുന്നോയെന്നും വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

&

(സി) കാലാവധി നീട്ടി നൽകുന്നതിനുള്ള സിൻഡിക്കേറ്റ് തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കേരള യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് നമ്പർ 12, ചാപ്റ്റർ II, KUFS 1977, ബന്ധപ്പെട്ട ഭേദഗതി നം. 21 of 2019 (സർവ്വകലാശാല നിയമഭേദഗതി ഓർഡിനൻസ്) നിഷ്കർഷിക്കുന്ന പ്രകാരമാണ് രജിസ്ട്രാർ നിയമനം നടത്തുന്നത്. നിലവിലെ രജിസ്ട്രാറായ പ്രൊഫ. (ഡോ.) കെ. എസ്. അനിൽകുമാർ 23.2.2021-ൽ രജിസ്ട്രാറായി ചുമതലയേറ്റു. അദ്ദേഹത്തിന്റെ കാലാവധി 23.2.2021 മുതൽ നാല് വർഷത്തേയ്ക്കാണ്. കാലാവധി നീട്ടി

നൽകുന്നതുമായി ബന്ധപ്പെട്ട് സിൻഡിക്കേറ്റ് തീരുമാനങ്ങൾ കൈക്കൊണ്ടിട്ടില്ല.

## കേരള സർവ്വകലാശാലയിൽ സെന്റർ ഓഫ് റിന്യൂവബിൾ എനർജി സ്ഥാപിക്കുന്നതിനുള്ള പഠനം

188 (1728) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം കേരള സർവ്വകലാശാലയിൽ സെന്റർ ഓഫ് റിന്യൂവബിൾ എനർജി സ്ഥാപിക്കുന്നതിനുള്ള പ്രായോഗികത പഠനം പൂർത്തീകരിച്ചിട്ടുണ്ടോ;

&

(ബി) എങ്കിൽ പ്രസ്തുത പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ വ്യക്തമാക്കുമോ?

കേരള സർവ്വകലാശാല വാർഷിക ബഡ്ജറ്റ് - 2019-20 വിഭാവനം ചെയ്ത പ്രകാരം 23.9.2019-ന് സർവ്വകലാശാലയിൽ 'സെന്റർ ഫോർ റിന്യൂവബിൾ എനർജി ആന്റ് മെറ്റീരിയൽസ്' എന്ന പേരിലുള്ള സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പഠനത്തിനായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കുമോ?

പ്രസ്തുത പഠനത്തിന് തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ഉന്നത വിദ്യാഭ്യാസത്തിനായി കേരള സർവ്വകലാശാല

189 (1729) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള അക്കാദമിക വർഷങ്ങളിൽ കേരള സർവ്വകലാശാലയ്ക്ക് കീഴിലുള്ള സർക്കാർ-എയ്ഡഡ് കോളേജുകളിലും സർവ്വകലാശാല ക്യാമ്പസിലും വിവിധ കോഴ്സുകളിൽ അഡ്മിഷനെടുത്ത വിദ്യാർത്ഥികളുടെ ആകെ എണ്ണം അക്കാദമിക വർഷവും കോഴ്സും തിരിച്ച് വ്യക്തമാക്കുമോ?

2016 മുതൽ 2021 വരെയുള്ള അക്കാദമിക വർഷങ്ങളിൽ കേരള സർവകലാശാലയ്ക്ക് കീഴിലുള്ള സർക്കാർ-എയ്ഡഡ് കോളേജുകളിലും സർവ്വകലാശാല ക്യാമ്പസിലും വിവിധ കോഴ്സുകളിൽ അഡ്മിഷനെടുത്ത വിദ്യാർത്ഥികളുടെ ആകെ എണ്ണം അക്കാദമിക വർഷവും കോഴ്സും തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഉന്നതവിദ്യാഭ്യാസത്തിനായി കേരള സർവ്വകലാശാലയെ തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവ് ഉണ്ടാകുന്നതായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള സർവ്വകലാശാലയിലെ പഠന വകുപ്പുകളിൽ അഡ്മിഷൻ എടുക്കുന്നവരുടെ എണ്ണം വർഷാവർഷം കൂടി വരികയാണ്.

(സി) സർവ്വകലാശാലയുടെ അക്കാദമികവും ഭരണപരവുമായ പോരായ്മകൾ പരിഹരിച്ചുകൊണ്ട് ഉന്നതവിദ്യാഭ്യാസ രംഗത്ത് കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉന്നതവിദ്യാഭ്യാസ രംഗത്ത് കൂടുതൽ കുട്ടികളെ ആകർഷിക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(i) കേരള സർവ്വകലാശാലയിലെ എല്ലാ പഠന വകുപ്പുകളിലേയും പ്രോഗ്രാമുകളിൽ അനുവദനീയമായ സീറ്റ് പരിധി ഉയർത്തി നിശ്ചയിച്ചിട്ടുണ്ട്.

(ii) നൂതന അക്കാദമിക് പ്രോഗ്രാമുകൾ ആരംഭിക്കുകയും മറ്റ് ചില പുതിയ പ്രോഗ്രാമുകൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സർവ്വകലാശാലയുടെ പ്രധാന ഭരണനിർവ്വഹണ ചുമതലകളിൽ വേണ്ടത്ര അക്കാദമിക പരിചയവും ഭരണപരിചയവും പ്രൊഫഷണൽ

സമീപനവും ഉള്ളവരെ നിയോഗിക്കുന്നതിനും അവർക്ക് സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനും സാഹചര്യമൊരുക്കുമോ; വിശദാംശം നൽകുമോ?

അക്കാദമിക പരിചയവും ഭരണപരിചയവും പ്രൊഫഷണൽ സമീപനവുമുള്ളവരെയാണ് നിലവിൽ സർവ്വകലാശാലയുടെ പ്രധാന ചുമതലകൾ നൽകി നിയമിക്കുന്നത്. സ്വയംഭരണ സ്ഥാപനമായ സർവ്വകലാശാലയിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്നതിന് സാഹചര്യം ഉണ്ട്.

## കേരള സർവ്വകലാശാലയുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങളിൽ തുടർനടപടി

190 (1730) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങളിൽ തുടർനടപടികൾ സ്വീകരിക്കാത്തത് സംബന്ധിച്ച് കഴിഞ്ഞ അഞ്ചുവർഷ കാലയളവിനുള്ളിൽ സി. & എ.ജി. സർവ്വകലാശാലയ്ക്ക് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഓഡിറ്റ് നിരീക്ഷണങ്ങൾ സംബന്ധിച്ചാണ് തുടർനടപടികൾ സ്വീകരിക്കാൻ ഉള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഓഡിറ്റ് നിരീക്ഷണങ്ങളിൻമേൽ തുടർനടപടികൾ സ്വീകരിക്കുന്നതിൽ സർവ്വകലാശാല രജിസ്ട്രാർതലത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; ഓഡിറ്റ് നിരീക്ഷണങ്ങളിൻമേൽ തുടർനടപടികൾ സ്വീകരിക്കാൻ കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

കേരള സർവ്വകലാശാലയുമായി ബന്ധപ്പെട്ട ഓഡിറ്റ് റിപ്പോർട്ടുകളിലെ നിരീക്ഷണങ്ങളിൽ തുടർനടപടികൾ സ്വീകരിക്കാത്തത് ചൂണ്ടിക്കാണിച്ച് കഴിഞ്ഞ 5 വർഷ കാലയളവിനുള്ളിൽ സി.&എ.ജി. സർവ്വകലാശാലയ്ക്ക് കത്തുകൾ ഒന്നും നൽകിയിട്ടില്ല.

<u>കേരള സർവ്വകലാശാല രജിസ്ട്രാറുടെ അധികാരങ്ങൾ</u>

191 (1731)<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല രജിസ്ട്രാർക്ക് സർവ്വകലാശാലയുടെ ഭരണ നടത്തിപ്പുമായി ബന്ധപ്പെട്ട് ധനവിനിയോഗത്തിന് അധികാരം നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കാര്യങ്ങളിലാണ് രജിസ്ട്രാർക്ക് ഇപ്രകാരമുള്ള ധനവിനിയോഗത്തിന് അധികാരമുള്ളത്; വ്യക്തമാക്കുമോ;

&

(ബി) കേരള സർവ്വകലാശാലയുടെ അക്കാദമികവും ഭരണപരവുമായ ഏതൊക്കെ കാര്യങ്ങളിൽ രജിസ്ട്രാർതലത്തിൽ തീരുമാനമെടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

കേരള സർവ്വകലാശാല ആക്ട് 1974, ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 1977 എന്നിവ പ്രകാരം നിശ്ചയിച്ചിട്ടുള്ള അധികാരങ്ങളാണ് രജിസ്ട്രാറിൽ നിക്ഷിപ്തമായിരിക്കുന്നത്. 1977-ലെ സ്റ്റാറ്റ്യൂട്ടിന്റെ ബന്ധപ്പെട്ട പേജിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(സി) കഴിഞ്ഞ മൂന്ന് വർഷക്കാലയളവിനുള്ളിൽ അപ്രകാരം രജിസ്ട്രാർ കൈക്കൊണ്ട ഏതെങ്കിലും തീരുമാനങ്ങൾ സിൻഡിക്കേറ്റ് പുന:പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

സിൻഡിക്കേറ്റ് പ്രത്യേകിച്ച് തീരുമാനങ്ങൾ ഒന്നും പുനഃപരിശോധിച്ചിട്ടില്ല.

(ഡി) കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ കേരള സർവ്വകലാശാലയുടെ രജിസ്ട്രാർതലത്തിൽ എടുത്ത ഭരണപരവും ധനപരവുമായ തീരുമാനങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർവ്വകലാശാലയ്ക്കോ സർക്കാരിനോ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതികളിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉണ്ട്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയിന്മേൽ സർക്കാർ കേരള സർവ്വകലാശാല വൈസ് ചാൻസലറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

## സർവ്വകലാശാലകളിലെ രജിസ്ട്രാർ നിയമനം

192 (1732) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട് പ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ സ്ഥിരം ജോലി ചെയ്യുന്നവരെ മാത്രമേ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സർവ്വകലാശാലയിൽ നിയമിക്കാൻ പാടുള്ളുവെന്ന നിയമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള സർവ്വകലാശാലയിൽ ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് ചാപ്റ്റർ II, സ്റ്റാറ്റ്യൂട്ട് നമ്പർ 12, ബന്ധപ്പെട്ട ഭേദഗതി നം.21 of 2019 (സർവ്വകലാശാല നിയമഭേദഗതി ഓർഡിനൻസ്) എന്നിവയിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പ്രകാരമാണ് രജിസ്ട്രാർ നിയമനം നടത്തുന്നത്.

(ബി) പ്രസ്തുത ചട്ടം ലംഘിച്ച് കാലിക്കറ്റ് സർവ്വകലാശാല നടത്തിയ രജിസ്ട്രാറുടെ നിയമനം ഹൈക്കോടതി വിധിയെ തുടർന്ന് റദ്ദാക്കിയിരുന്നുവോ;

റദ്ദ് ചെയ്തിട്ടില്ല.

(സി) പ്രസ്തുത ഉദ്യോഗസ്ഥന്റെ യഥാർത്ഥ ലാവണം എവിടെയാണ്?

സെന്റ് തോമസ് കോളേജ്, തൃശ്ശൂർ.

(ഡി) സമാനമായി കേരള സർവ്വകലാശാലയിൽ രജിസ്ട്രാറെ ഡെപ്യൂട്ടേഷനിൽ നിയമിച്ചിട്ടുണ്ടോ; ആരെയാണ് നിയമിച്ചത്?

വ്യവസ്ഥകൾക്കനുസൃതമായി പ്രൊഫ. (ഡോ.) കെ. എസ്. അനിൽകുമാറിനെ നിയമിച്ചിട്ടുണ്ട്.

(ഇ) അദ്ദേഹത്തിന്റെ ലാവണം ഏത് സ്ഥാപനത്തിലാണ്?

കെ.എസ്.എം. ദേവസ്വം ബോർഡ് കോളേജ്, ശാസ്താംകോട്ട.

(എഫ്) ചട്ടവിരുദ്ധമായി കേരള സർവ്വകലാശാല നടത്തിയ പ്രസ്തുത നിയമനം റദ്ദാക്കാൻ സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകുമോ?

ചട്ടവിരുദ്ധമായി നിയമനം നടത്തിയിട്ടില്ല.

## സർവ്വകലാശാലാ നിയമനത്തിലെ ക്രമക്കേട്

193 (1733) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി. സർവ്വകലാശാലയിൽ മാർക്ക് ലിസ്റ്റ് തട്ടിപ്പിന് പിടിയിലായ വ്യക്തി ഉൾപ്പെടെയുള്ളവർക്ക് ചട്ടവിരുദ്ധമായാണ് ബൈ ട്രാൻസ്ഫർ നിയമനം നൽകിയതെന്ന് ധനകാര്യ പരിശോധന വിഭാഗത്തിന്റെ റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

എം.ജി. സർവ്വകലാശാലയിലെ ക്ലറിക്കൽ അസിസ്റ്റന്റുമാരുടെ സ്ഥാനക്കയറ്റത്തിൽ ക്രമക്കേട് നടന്നെന്ന് ധനകാര്യ വകുപ്പിന്റെ പരിശോധന വിഭാഗം നൽകിയ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+ ധനകാര്യ പരിശോധന വിഭാഗം റിപ്പോർട്ടിന്മേൽ എം.ജി. സർവ്വകലാശാലയോട് റിപ്പോർട്ട് തേടിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഈ റിപ്പോർട്ട് പ്രകാരം പി.എസ്.സി. മുഖേന നിയമനം നൽകേണ്ടിയിരുന്ന എത്ര അസിസ്റ്റന്റ് തസ്തികകളിലാണ് അനധികൃത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയമനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത നിയമനങ്ങൾ റദ്ദാക്കി പി.എസ്.സി. മുഖേന അർഹരായ ഉദ്യോഗാർത്ഥികളെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഈ റിപ്പോർട്ട് പ്രകാരം പി.എസ്.സി. മുഖേന നിയമനം നൽകേണ്ടിയിരുന്ന 31 അസിസ്റ്റന്റ് തസ്തികകളിലാണ് അനധികൃത നിയമനം നൽകിയതായി ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തിയിട്ടുള്ളത്. WP(C) No. 20954 ഹർജിയിന്മേലുള്ള ബഹു: ഹൈക്കോടതിയുടെ 1.8.2019-ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 6.8.2019-ലെ 29439/Ad A1/1/Ad A1/Ad A1 നമ്പർ കത്ത് പ്രകാരം അസിസ്റ്റൻറ് തസ്തികയിലേയ്ക്കുള്ള 31 ഒഴിവുകൾ താൽക്കാലികമായി പി.എസ്.സി-യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലുള്ള കേസ്സുകളിൽ ബഹു. ഹൈക്കോടതിയുടെ അന്തിമവിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

<u>എം.ജി സർവ്വകലാശാല ധനകാര്യ പരിശോധന വിഭാഗം റിപ്പോർട്ട്</u>

194 (1734) <u>ശ്രീ. എം. വിൻസെന്റ്:</u>
<u>ശ്രീ. ടി. ജെ. വിനോദ്:</u>
<u>ശ്രീ. സി. ആർ. മഹേഷ്:</u>

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി. സർവ്വകലാശാലയിലെ ക്ലറിക്കൽ അസിസ്റ്റന്റുമാരുടെ സ്ഥാനക്കയറ്റത്തിൽ ക്രമക്കേട് നടന്നെന്ന് ധനകാര്യ വകുപ്പിന്റെ പരിശോധന വിഭാഗം 2020-ൽ നൽകിയ റിപ്പോർട്ടിൽ കണ്ടെത്തിയിരുന്നോ;

&

(ബി) അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി-ക്ക് വിട്ടശേഷവും ചട്ടം ലംഘിച്ച് നിയമനങ്ങൾ നടന്നതായി ധനകാര്യ പരിശോധന വിഭാഗം കണ്ടെത്തിയിട്ടുണ്ടോ?

എം.ജി. സർവ്വകലാശാലയിലെ ക്ലറിക്കൽ അസിസ്റ്റന്റുമാരുടെ സ്ഥാനക്കയറ്റത്തിൽ ക്രമക്കേട് നടന്നെന്ന് ധനകാര്യ വകുപ്പിന്റെ പരിശോധന വിഭാഗം 2020-ൽ നൽകിയ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ട്.

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

&

(ഡി) അനധികൃതമായി നടത്തിയ ഈ നിയമനങ്ങൾ റദ്ദാക്കണമെന്നും സിൻഡിക്കേറ്റിനെതിരെ നടപടി വേണമെന്നും ആവശ്യപ്പെട്ട് ധനകാര്യ പരിശോധന വിഭാഗം റിപ്പോർട്ട് നൽകിയിരുന്നോ; പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സിൻഡിക്കേറ്റിനെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ധനകാര്യ പരിശോധനാ വിഭാഗം റിപ്പോർട്ടിന്മേൽ എം.ജി. സർവ്വകലാശാലയോട് റിപ്പോർട്ട് തേടിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

<u>എം.ജി. സർവ്വകലാശാലയിലെ ചട്ടവിരുദ്ധ നിയമനങ്ങൾ</u>

195 (1735) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി. സർവ്വകലാശാലയിലെ അനദ്ധ്യാപക നിയമനം പി.എസ്.സി. മുഖേനയാക്കിയതിനുശേഷം എത്ര ചട്ടവിരുദ്ധ നിയമനങ്ങൾ നടത്തിയതായാണ് ധനകാര്യ പരിശോധന വിഭാഗം കണ്ടെത്തിയിട്ടുള്ളതെന്നും ഏതൊക്കെ തസ്തികകളിൽ ആർക്കൊക്കെയാണ് ഇപ്രകാരം നിയമനം നൽകിയതെന്നും അറിയിക്കാമോ;

&

(ബി) 2007-ലെ സുപ്രീംകോടതി വിധി ലംഘിച്ച് ക്ലറിക്കൽ അസിസ്റ്റന്റുമാർക്ക് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം നിയമനം നൽകിയതിന്റെ കാരണം വ്യക്തമാക്കുമോ?

31 ക്ലറിക്കൽ അസിസ്റ്റന്റുമാരുടെ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ നിയമനം ചട്ടവിരുദ്ധമാണ് എന്ന പരാമർശം ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടിലുണ്ട്. സർവ്വകലാശാലയ്ക്ക് ബാധകമായ ഓർഡിനൻസും ആരംഭകാലംമുതലേ സർവ്വകലാശാല നടത്തി വരുന്ന പ്രൊമോഷനും WPC 18632/2014 നമ്പർ കേസിലെ 28.2.2017-ലെ വിധിന്യായവുംകൂടി കണക്കിലെടുത്താണ് ക്ലറിക്കൽ അസിസ്റ്റന്റുമാർക്ക് അസിസ്റ്റന്റായി പ്രൊമോഷൻ നൽകിയിട്ടുള്ളത്. 31 ക്ലറിക്കൽ അസിസ്റ്റന്റുമാരുടെ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തെ തുടർന്ന് ആയത് ചോദ്യം ചെയ്തുകൊണ്ട് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WPC No.16692/2018(J) നമ്പർ കേസിന്റെ അന്തിമവിധിക്ക് വിധേയമായിട്ടാണ് ഇത്തരത്തിൽ നിയമനം നൽകിയിട്ടുള്ളത്.

(സി) പ്രസ്തുത നിയമനങ്ങൾ റദ്ദാക്കി പി.എസ്.സി. മുഖേന അർഹരായ ഉദ്യോഗാർത്ഥികളെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

വ്യക്തമാക്കുമോ?

WP(C) No. 20954 ഹർജിയിന്മേലുള്ള ബഹു: ഹൈക്കോടതിയുടെ 1.8.2019-ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 6.8.2019-ലെ 29439/Ad A1/1/Ad A1/Ad A1 നമ്പർ കത്തുപ്രകാരം അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള 31 ഒഴിവുകൾ താൽക്കാലികമായി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലുള്ള കേസുകളിൽ ബഹു. ഹൈക്കോടതിയുടെ അന്തിമവിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## സർവ്വകലാശാലകളിലെ നിയമനങ്ങൾ

196 (1736) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളുടെ ചാൻസലർ പദവി മാറ്റണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിലവിലെ ചാൻസലർ അപ്രകാരമൊരു നിർദ്ദേശം സർക്കാരിന് നൽകിയിട്ടുണ്ടോ?

നൽകിയിട്ടില്ല.

(സി) പ്രസ്തുത നിർദ്ദേശ പ്രകാരം സർവ്വകലാശാലാ നിയമനങ്ങൾ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

പരിഗണനയിലില്ല.

## തെറ്റായി നൽകുന്ന ബിരുദ സർട്ടിഫിക്കറ്റുകൾ പിൻവലിക്കുന്നതിനുള്ള വ്യവസ്ഥ

197 (1737) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളുടെ വീഴ്ചമൂലം തെറ്റായി നൽകുന്ന ബിരുദ സർട്ടിഫിക്കറ്റുകൾ പിൻവലിക്കുവാനുള്ള വ്യവസ്ഥ ചട്ടങ്ങളിൽ കൂട്ടിച്ചേർത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കൂട്ടിച്ചേർക്കപ്പെട്ടിട്ടില്ല.

(ബി) കേരള സർവ്വകലാശാലയുടെ കീഴിൽ സ്ഥലം മാറിപ്പോയ ഉദ്യോഗസ്ഥന്റെ പാസ്‌വേർഡ് ഉപയോഗിച്ച് പരീക്ഷയിൽ തോറ്റ 23 വിദ്യാർത്ഥികളെ വിജയിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിദ്യർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ പിൻവലിച്ചിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിദ്യാർത്ഥികളുടെ ഡിഗ്രി റദ്ദാക്കുന്നത് സംബന്ധിച്ച നടപടികൾ സിൻഡിക്കേറ്റും സെനറ്റും അംഗീകരിച്ച് ബഹു.

ചാൻസലർക്ക് സമർപ്പിച്ചുവെങ്കിലും അംഗീകാരം ലഭിക്കാത്തതിനാൽ ഡിഗ്രി റദ്ദാക്കൽ പ്രക്രിയ പൂർത്തീകരിച്ചിട്ടില്ല. എന്നാൽ 23 വിദ്യാർത്ഥികളിൽപ്പെട്ട ചില വിദ്യാർത്ഥികൾ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും കോടതി വിധിപ്രകാരം അവർക്ക് ഡിഗ്രി സർട്ടിഫിക്കറ്റ്/ പ്രൊവിഷണൽ സർട്ടിഫിക്കറ്റ് കേരള സർവ്വകലാശാല നൽകിയിട്ടുമുണ്ട്.

(സി) ഇതുസംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിയിയിട്ടുണ്ടോ; ക്രൈംബ്രാഞ്ചിന് പരീക്ഷാ രേഖകൾ കൈമാറിയിട്ടുണ്ടോ; കുറ്റക്കാരായ ജീവനക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

യൂണിവേഴ്സിറ്റിയുടെ ആവശ്യപ്രകാരം ക്രൈംബ്രാഞ്ച് കേസന്വേഷണം നടത്തുന്നുണ്ട്. ക്രൈം ബ്രാഞ്ച് ആവശ്യപ്പെട്ട രേഖകൾ യൂണിവേഴ്സിറ്റി കൈമാറിയിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് ഇ.എസ്. വിഭാഗത്തിന്റെ ഡെപ്യൂട്ടി രജിസ്ട്രാറെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തിരുന്നു.

## യു.ഐ.റ്റി. സെന്റർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ

198 (1738) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. തോമസ് കെ. തോമസ്:

ശ്രീ. മാത്യു ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി സെന്ററുകളിലെ അദ്ധ്യാപകർക്ക് നൽകിവരുന്ന വേതനനിരക്കുകൾ വിശദമാക്കുമോ?

യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി സെന്ററുകളിലെ അദ്ധ്യാപകർക്ക് നൽകിവരുന്ന വേതന നിരക്കുകൾ അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു.+

(ബി) പ്രോവിഡന്റ് ഫണ്ട്, പ്രസവ സംബന്ധമായ ആനുകൂല്യങ്ങൾ എന്നിവ യു.ഐ.റ്റി. സെന്റർ ജീവനക്കാർക്ക് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

പ്രോവിഡന്റ് ഫണ്ട് നൽകുന്നത് സംബന്ധിച്ച വിഷയം സർവ്വകലാശാലയുടെ പരിഗണനയിലാണ്. 2.3.2021-ലെ സർവ്വകലാശാല ഉത്തരവ് നമ്പർ എ.ഡി.എ. V.6927/2020 പ്രകാരം പ്രസവസംബന്ധമായ ആനുകൂല്യങ്ങൾ നൽകിവരുന്നു. (ഉത്തരവിന്റെ പകർപ്പ് അനുബന്ധം 2 ആയി ഉള്ളടക്കം ചെയ്യുന്നു.)+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നത് ഉൾപ്പെടെ യു.ഐ.റ്റി. സെന്ററുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് യൂണിവേഴ്സിറ്റി തലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ വിശദമാക്കുമോ?

യു.ഐ.റ്റി-കളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും സ്ഥലം ജനപ്രതിനിധികളുമായും സഹകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇരുപത് വർഷക്കാലത്തിലധികമായി ജോലി ചെയ്തുവരുന്ന യു.ഐ.റ്റി. അദ്ധ്യാപകരുടെയും ജീവനക്കാരുടെയും വേതനവും ആനുകൂല്യങ്ങളും കാലോചിതമായി വർദ്ധിപ്പിച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ഉന്നതവിദ്യാഭ്യാസ മേഖലയിൽ വിദേശനിക്ഷേപം</u>

199 (1739) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയിൽ വിദേശനിക്ഷേപം സ്വീകരിക്കുന്ന കാര്യം ആലോചനയിലുണ്ടോ; എങ്കിൽ ഇത്തരത്തിൽ

വിദേശ നിക്ഷേപമോ സ്വകാര്യ നിക്ഷേപമോ പ്രോത്സാഹിപ്പിക്കുന്ന നയരൂപീകരണത്തിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉന്നതവിദ്യാഭ്യാസ മേഖലയിൽ വിദേശനിക്ഷേപം/ സ്വകാര്യനിക്ഷേപം സ്വീകരിക്കുന്നത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം ഒന്നും കൈക്കൊണ്ടിട്ടില്ല.

(ബി) ഉന്നതവിദ്യാഭ്യാസ രംഗത്ത് സർക്കാർ ഇതര മൂലധന നിക്ഷേപം ലഭ്യമാക്കിയാൽ എന്തെല്ലാം മാറ്റം ഈ രംഗത്ത് നടപ്പിലാക്കാൻ കഴിയുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്;

(സി) ഉന്നതവിദ്യാഭ്യാസ മേഖലയിൽ വിദേശനിക്ഷേപം സ്വീകരിക്കുന്നത് സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയിൽ ഏതെങ്കിലും തരത്തിലുള്ള പ്രത്യാഘാതങ്ങൾക്ക് കാരണമാകുമെന്ന് കരുതുന്നുണ്ടോ;

&

(ഡി) എങ്കിൽ അത് വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്നവരിലോ വിദ്യാർത്ഥികളിലോ ഏതെങ്കിലും തരത്തിലുള്ള പ്രതിഷേധങ്ങൾക്ക് ഇടയാക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ ഏത് രീതിയിലുള്ള പ്രതിഷേധങ്ങൾ ഉയർന്നുവരാനാണ് സാധ്യത കാണുന്നത്; വ്യക്തമാക്കുമോ?

ബാധകമല്ല.

<u>പാരലൽ കോളേജ് മേഖലയെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ</u>

200 (1740) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ പൂർണ്ണമായും നിർത്തലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത തീരുമാനം സംസ്ഥാനത്തെ പാരലൽ കോളേജ് മേഖലയെ എത്രത്തോളം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പാരലൽ കോളേജ് മേഖലയെ സംരക്ഷിക്കുന്നതിനായി സർക്കാർ തലത്തിൽ സ്വീകരിക്കുവാൻ കഴിയുന്ന നടപടികൾ വ്യക്തമാക്കാമോ;

&

(ഡി) പാരലൽ കോളേജ് മേഖലയുടെ തുടർ അനുപേക്ഷണീയത സംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായം അറിയിക്കാമോ?

സംസ്ഥാനത്തെ സർവ്വകലാശാലകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ പൂർണ്ണമായും നിർത്തലാക്കിയിട്ടില്ല.

<u>സർവ്വകലാശാലകളിലെ ക്രമക്കേട്</u>

201 (1741) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവ്വകലാശാലകളിൽ വിദ്യാർത്ഥികളുടെ ഡിഗ്രി സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഓരോ സർവ്വകലാശാലയിലും ഏത് തീയതി വരെയുള്ള അപേക്ഷകളിന്മേൽ ഡിഗ്രി സർട്ടിഫിക്കറ്റ് വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ; നിലവിൽ എത്ര അപേക്ഷകളിന്മേൽ ഡിഗ്രി സർട്ടിഫിക്കറ്റ് വിതരണം ചെയ്യാനുണ്ടെന്ന് വ്യക്തമാക്കുമോ?

കേരള സർവ്വകലാശാല സെനറ്റ് കൂടുന്നതിന് തലേദിവസം വരെ പ്രസിദ്ധീകരിച്ച റിസൾട്ടുകളിൽ പാസ്സാകുന്ന കുട്ടികൾ അപേക്ഷിക്കുന്ന മുറയ്ക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്. മഹാത്മാ ഗാന്ധി സർവ്വകലാശാല 2022 ഫെബ്രുവരി രണ്ടാം വാരംവരെ ലഭിച്ച അപേക്ഷകളിൽ പോരായ്മകളില്ലാത്തവയ്ക്ക് ഡിഗ്രി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല 1.6.2021 മുതൽ 31.12.2021

വരെ ആകെ 2113 അപേക്ഷകൾ ലഭിച്ചു. അതിൽ 2076 സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. 37 അപേക്ഷകളിന്മേൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്യാനുണ്ട്. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല നോർമൽ ട്രാക്കിലുള്ള ബിരുദ സർട്ടിഫിക്കറ്റുകളുടെ അപേക്ഷകളിൽ ഒക്ടോബർ 2021 വരെയും ഫാസ്റ്റ് ട്രാക്ക് ഫെബ്രുവരി 2022 വരെയും നൽകിയിട്ടുണ്ട്. ബിരുദാനന്തര ബിരുദ സർട്ടിഫിക്കറ്റുകളിൽ നോർമൽ ട്രാക്ക് ഡിസംബർ 2021 വരെയും ഫാസ്റ്റ് ട്രാക്ക് ഫെബ്രുവരി 2022 വരെയും നൽകിയിട്ടുണ്ട്. ബിരുദ സർട്ടിഫിക്കറ്റുകളുടെ 90 നോർമൽ ട്രാക്കിലുള്ള അപേക്ഷകളിലും ബിരുദാനന്തര ബിരുദത്തിന്റെ 60 അപേക്ഷകളിലും ഫയൽ നടപടികൾ കൈക്കൊണ്ടുവരുന്നു. കണ്ണൂർ സർവ്വകലാശാല 2021 സെപ്റ്റംബർ മാസം വരെ ലഭിച്ച അപേക്ഷകളിന്മേൽ ഡിഗ്രി സർട്ടിഫിക്കറ്റ് വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ ബി.കോം-ന് 2400, ബി.എസ്.സി-ക്ക് 1410, ബി.എ. 1682, ബി.ബി.എ/ബി.ബി.എം-ന് 536, പി.ജി./ബി.ടെക്. 350 എന്നിങ്ങനെ ആകെ 6378 ഡിഗ്രി സർട്ടിഫിക്കറ്റുകൾ അനുവദിക്കുവാൻ ബാക്കിയുണ്ട്. തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല 2019-20 അധ്യയന വർഷത്തെ ഡിഗ്രി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തുകഴിഞ്ഞു. 2020-21 അധ്യയന വർഷത്തെ പരീക്ഷകൾ കോവിഡ് കാരണം

നീണ്ടുപോയതിനാൽ ഡിഗ്രി സർട്ടിഫിക്കറ്റ് വിതരണം 2022 മാർച്ച് മാസത്തിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. നവാൽസ് എല്ലാം പൂർത്തിയാക്കിയിട്ടുണ്ട്. എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി 24.2.2022 വരെയുള്ള അപേക്ഷകളിന്മേൽ ഡിഗ്രി സർട്ടിഫിക്കറ്റുകൾ വിതരണ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 25.2.2022 മുതൽ 9.3.2022 വരെയുള്ള അപേക്ഷകളിന്മേൽ സർട്ടിഫിക്കറ്റ് വിതരണ നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ 749 അപേക്ഷകളിന്മേൽ ഡിഗ്രി സർട്ടിഫിക്കറ്റ് വിതരണം ചെയ്യാനുണ്ട്. മാർച്ച് 4 വരെയുള്ള എല്ലാ പൂർണ്ണമായ ബിരുദാനന്തര ബിരുദ ഡിഗ്രി സർട്ടിഫിക്കറ്റുകൾക്കായുള്ള അപേക്ഷകൾ പരിഗണിക്കുകയും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു.

(സി) സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിന് സർവ്വകലാശാലകളിലെ ഉദ്യോഗസ്ഥർ കൈക്കൂലി ആവശ്യപ്പെടുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിലുള്ള എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മഹാത്മാ ഗാന്ധി സർവ്വകലാശാലയിലെ എം.ബി.എ. മേഴ്സി ചാൻസ് പരീക്ഷ എഴുതിയതും സ്വാഭാവികമായിത്തന്നെ വിജയിക്കുകയും ചെയ്ത വിദ്യാർത്ഥിനിയെ പരീക്ഷ വിജയിപ്പിച്ചു നൽകാം എന്ന് പറഞ്ഞുകൊണ്ട്, അതിനായി സർവ്വകലാശാലയിലെ ടി സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ഒരു ജീവനക്കാരി പണം ആവശ്യപ്പെട്ട് കൈപ്പറ്റിയതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന വിജിലൻസ് അഴിമതിവിരുദ്ധ വിഭാഗം ടി ജീവനക്കാരിയെ അറസ്റ്റ് ചെയ്യുകയുണ്ടായി. ഇതിനെ തുടർന്ന് ടി ജീവനക്കാരിയെയും ബന്ധപ്പെട്ട സെക്ഷൻ ഓഫീസറെയും അന്വേഷണവിധേയമായി സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്യുകയും ഈ സംഭവത്തെക്കുറിച്ച് സിൻഡിക്കേറ്റ് സമിതി വിശദമായി അന്വേഷണം നടത്തുകയും ചെയ്തു. പ്രസ്തുത അന്വേഷണത്തിൽ ടി ജീവനക്കാരിയിൽനിന്നും മാത്രമുണ്ടായ ഒറ്റപ്പെട്ട സംഭവം മാത്രമാണിതെന്നും സർവ്വകലാശാലയിലെ മറ്റ് ജീവനക്കാർക്കോ ഉദ്യോഗസ്ഥർക്കോ ഇതിൽ പങ്കില്ലെന്നും ബോദ്ധ്യമായിട്ടുണ്ട്. ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് ആരോപണവിധേയയായ ഉദ്യോഗസ്ഥയ്ക്കെതിരെ വകുപ്പുതല അന്വേഷണം നടത്തി നടപടി സ്വീകരിച്ചുവരികയാണ്. ഈ വിഷയത്തിന്മേൽ ടി ഉദ്യോഗസ്ഥയ്ക്കെതിരെ

സർവ്വകലാശാലാ നിയമപ്രകാരമുള്ള ശിക്ഷാനടപടികൾ എത്രയുംവേഗം സ്വീകരിക്കുന്നതിന് സർക്കാർ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. കാലിക്കറ്റ് സർവ്വകലാശാല മാർക്ക് ലിസ്റ്റിലെ പേര് തിരുത്തൽ വരുത്തുന്നതിനായി ഫീസിനത്തിൽ കുറവ് വന്ന അഞ്ച് രൂപയ്ക്ക് പകരമായി അഞ്ഞൂറ് രൂപ കൈപ്പറ്റി ബാക്കി തുക തിരിച്ച് നൽകിയില്ല എന്നുള്ള പരാതിയിന്മേൽ ബി.എ. ബ്രാഞ്ചിലെ അസിസ്റ്റന്റ് സെക്ഷൻ ഓഫീസറായ ശ്രീ. സുജിത് കുമാർ പി.വി-യെയും മാർക്ക് ലിസ്റ്റിലെ പേര് തിരുത്തൽ വരുത്തുന്നതിനായി അപേക്ഷ സമർപ്പിച്ചപ്പോൾ അനധികൃതമായി ഗൂഗിൾ പേ വഴി 5,000 രൂപ ടിയാന്റെ അക്കൗണ്ട് വഴി കൈപ്പറ്റിയെന്നും കൂടാതെ വിദ്യാർത്ഥിനിക്കുവേണ്ടി ഫീസ് ഒടുക്കിയതായി കാണിക്കുന്ന വ്യാജ ചലാൻ ചമച്ച് സർവ്വകലാശാലയിൽ ഹാജരാക്കി എന്നുമുള്ള പരാതിയിന്മേൽ ബി.എസ്.സി. ബ്രാഞ്ചിലെ അസിസ്റ്റന്റായ (പ്രൊവിഷണൽ) ശ്രീ. മൻസൂർ അലി എം. കെ-യെയും സർവ്വീസിൽനിന്ന് സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഇവർക്കെതിരെയുള്ള ആരോപണങ്ങളിൽ വിശദമായ അന്വേഷണത്തിനുള്ള തുടർനടപടി സ്വീകരിച്ചുവരുന്നു.

(ഡി) കേരളത്തിലെ സർവ്വകലാശാലകളിൽ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകൾ നഷ്ടപ്പെട്ടതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഓരോ സർവ്വകലാശാലയിലും ഇത്തരത്തിൽ എത്ര വീതം ഉത്തരക്കടലാസുകൾ കഴിഞ്ഞ അഞ്ച് വർഷങ്ങൾക്കുള്ളിൽ നഷ്ടപ്പെട്ടിട്ടുണ്ട്; എന്ത് പരിഹാരനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ഉണ്ട്.

കേരള സർവ്വകലാശാല - 22 എണ്ണം. ഉത്തരക്കടലാസുകൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്കുവേണ്ടി സർവ്വകലാശാല സ്പെഷ്യൽ പരീക്ഷ നടത്താറുണ്ട്.

മഹാത്മാഗാന്ധി സർവ്വകലാശാല - കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഗോഡൗണിൽനിന്നും നഷ്ടപ്പെടുകയും തന്മൂലം പുനർനിർണ്ണയം നടത്താൻ കഴിയാതെ പോയതുമായ 153 ഉത്തരക്കടലാസുകളുണ്ട്. ടി വിദ്യാർത്ഥികൾക്കായി അതത് വിഷയങ്ങൾക്ക് പരീക്ഷാ ഫീസ് ഈടാക്കാതെ പ്രത്യേക പരീക്ഷ നടത്താൻ വ്യവസ്ഥ നിലവിലുണ്ട്.

കാലിക്കറ്റ് സർവ്വകലാശാല - വിവിധ ബ്രാഞ്ചുകളിൽ വ്യാപിച്ച് കിടക്കുന്നതിനാൽ കൃത്യമായ എണ്ണം തിട്ടപ്പെടുത്താൻ സമയം ആവശ്യമാണ്.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല - സംസ്കൃത സർവ്വകലാശാലയിൽ 2020 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ

ബിരുദാനന്തര ബിരുദ പരീക്ഷകളുടെ സംസ്കൃത സാഹിത്യ വിഭാഗത്തിലെ 279 ഉത്തരക്കടലാസുകൾ രേഖപ്പെടുത്തലുകളില്ലാതെ കൈമാറിയതിനാൽ നഷ്ടപ്പെട്ടുവെന്ന് ധരിക്കുകയും അവ പിന്നീട് തുടർച്ചയായ അന്വേഷണത്തിൽ പരീക്ഷാ വിഭാഗത്തിന്റെ സ്റ്റോക്കിൽ നിന്നുതന്നെ കണ്ടെടുക്കുവാൻ സാധിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇക്കാര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ ഉത്തരക്കാലാസുകൾ കൈമാറുന്നതിന് കൃത്യമായ രേഖപ്പെടുത്തലുകൾ ഉറപ്പാക്കുന്നുണ്ട്.

എ.പി.ജെ.അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി - 59 ഉത്തരക്കടലാസുകൾ ആണ് ഇതുവരെ കണ്ടെത്താൻ കഴിയാത്തത്. അഫിലിയേറ്റഡ് കോളേജുകളാണ് ക്യാമ്പുകളായി പ്രവർത്തിക്കുന്നത്. ഉത്തരക്കടലാസുകൾ അയയ്ക്കുന്ന കോളേജിനോടും സ്വീകരിക്കുന്ന ക്യാമ്പുകളോടും കൃത്യമായി നടപടിക്രമങ്ങൾ സ്വീകരിക്കുവാനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ ഉത്തരക്കടലാസുകൾ കോളേജിൽ നിന്നും അയച്ചുകഴിഞ്ഞാൽ അവ പോർട്ടൽ വഴിതന്നെ ട്രാക്ക് ചെയ്ത് അവ എത്തി എന്ന് അറിയാൻ പറ്റുന്ന വിധത്തിൽ ചില മാറ്റങ്ങൾ പോർട്ടലിൽ ചെയ്തുകൊണ്ടിരിക്കുന്നു.

(ഇ) ക്രമവിരുദ്ധ നടപടികളിലൂടെ അനർഹരായ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ബിരുദം റദ്ദ് ചെയ്യുന്നതിനോ മടക്കി വാങ്ങുന്നതിനോ സർവ്വകലാശാലകൾക്ക് നിയമതടസ്സം ഉണ്ടോ; വ്യക്തമാക്കാമോ?

ക്രമവിരുദ്ധമായ നടപടികളിലൂടെ അനർഹരായ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ബിരുദ സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യുന്നതിനോ മടക്കി വാങ്ങുന്നതിനോ നിലവിൽ സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ടുകളിൽ വ്യവസ്ഥകളില്ല.

(എഫ്) ഇത്തരത്തിലുള്ള ബിരുദ സർട്ടിഫിക്കറ്റുകൾ റദ്ദ് ചെയ്യുന്നതിലുണ്ടായ കാലതാമസം കോടതിയിൽ വിദ്യാർത്ഥികൾക്ക് അനുകൂല തീരുമാനം ഉണ്ടാക്കാനിടയാക്കി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച പരിഹാര നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സർവ്വകലാശാലയിലെ പ്രസ്തുത വിദ്യാർത്ഥികളുടെ ഡിഗ്രി റദ്ദാക്കുന്നത് സംബന്ധിച്ച നടപടികൾ സിൻഡിക്കേറ്റും സെനറ്റും അംഗീകരിച്ച് ബഹു. ചാൻസലർക്ക് സമർപ്പിച്ചുവെങ്കിലും അംഗീകാരം ലഭിക്കാത്തതിൽ ഡിഗ്രി റദ്ദാക്കൽ പ്രക്രിയ പൂർത്തീകരിച്ചിട്ടില്ല. എന്നാൽ 23 വിദ്യാർത്ഥികളിൽപ്പെട്ട ചില

വിദ്യാർത്ഥികൾ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും കോടതി വിധിപ്രകാരം അവർക്ക് ഡിഗ്രി സർട്ടിഫിക്കറ്റ്/പ്രൊവിഷണൽ സർട്ടിഫിക്കറ്റ് നൽകിയിട്ടുമുണ്ട്.

സർവ്വകലാശാലകളിലെ ജീവനക്കാരുടെ ശമ്പളവും പെൻഷനും

202 (1742) ഡോ. എം. കെ. മുനീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലെ ജീവനക്കാരുടെ ശമ്പളവും പെൻഷനും നൽകുന്നതിന് സർക്കാർ പദ്ധതിയിതര ഗ്രാന്റ് അനുവദിക്കുന്നുണ്ടോ?

ഉണ്ട്.

(ബി) സർവ്വകലാശാല അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പെൻഷൻ ബാദ്ധ്യതയിൽനിന്നും പിൻമാറുന്നതിന്റെ ഭാഗമായി സർവ്വകലാശാലകൾ പെൻഷൻ ഫണ്ട് സ്വരൂപിക്കണമെന്നും പെൻഷൻ ബോർഡ് രൂപീകരിക്കണമെന്നും സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ?

സർവ്വകലാശാല അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പെൻഷൻ ബാദ്ധ്യതയിൽനിന്നും പിൻമാറുന്നതിന്റെ ഭാഗമായി സർവ്വകലാശാലകൾ പെൻഷൻ ഫണ്ട് രൂപീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടില്ല. എന്നാൽ, സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകൾ പ്രകാരം പെൻഷൻ ഫണ്ട് രൂപീകരിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) നിർദ്ദിഷ്ട പെൻഷൻ ഫണ്ടിൽ പണമില്ലെങ്കിൽ ബാങ്കുകളിൽനിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നോ കടം വാങ്ങണമെന്ന നിർദ്ദേശംമൂലം സർവ്വകലാശാലകളുടെ സ്വത്തുക്കൾ അന്യാധീനപ്പെടുവാൻ ഇടയാക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

വായ്പയെടുക്കുന്നതിന് സിൻഡിക്കേറ്റ് ശിപാർശ ചെയ്യുന്നപക്ഷം സർക്കാർ പ്രസ്തുത സാഹചര്യങ്ങളെല്ലാം പരിശോധിച്ചാണ് വായ്പയെടുക്കാൻ അനുമതി നൽകുന്നത്. നിലവിൽ അത്തരമൊരു സാഹചര്യം സംസ്ഥാനത്ത് ഒരു സർവ്വകലാശാലയിലും സംജാതമായിട്ടില്ല.

(ഡി) പെൻഷൻ ബോർഡ് രൂപീകരണവുമായി ബന്ധപ്പെട്ട് ജീവനക്കാർ ആശങ്കകൾ ഉന്നയിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത തീരുമാനം പുന:പരിശോധിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## സർവ്വകലാശാല ജീവനക്കാരുടെ പെൻഷൻ

203 (1743) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകൾക്ക് ജീവനക്കാരുടെ പെൻഷൻ ബാദ്ധ്യത തനത് ഫണ്ടിൽനിന്നും നിറവേറ്റണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന് അടിസ്ഥാനമായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

സർവ്വകലാശാലകൾ ജീവനക്കാരുടെ പെൻഷൻ ബാദ്ധ്യത തനത് ഫണ്ടിൽനിന്നുംകൂടി നിറവേറ്റണമെന്ന് 24.6.2021-ലെ സ.ഉ.(അ.)നം. 87/2021/ധന. ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന് അടിസ്ഥാനമായ സാഹചര്യം 19.1.2022-ലെ സ.ഉ.(പി.) 8/2022/ധന. ഉത്തരവിൽ വിശദീകരിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) കേരളത്തിലെ സർവ്വകലാശാലകളുടെ തനത് വരുമാനത്തിൽ എന്തൊക്കെ കാര്യങ്ങളാണ് ഉൾപ്പെടുന്നതെന്ന് വ്യക്തമാക്കുമോ?

വിദ്യാർത്ഥികളുടെ പക്കൽനിന്നും ഈടാക്കുന്ന അക്കാദമിക്, എക്സാമിനേഷൻ, ലൈബ്രറി, ഹോസ്റ്റൽ എന്നീ ഇനങ്ങളിലുള്ള ഫീസ്, സ്ഥാപനങ്ങളുടെ അഫിലിയേഷൻ ഫീസ്, സ്റ്റുഡന്റ്സ് അഡ്മിനിസ്ട്രേഷൻ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫീസ്, വിദ്യാർത്ഥികളിൽനിന്നുള്ള അഫിലിയേഷൻ & മട്രിക്കുലേറ്റ് രജിസ്ട്രേഷൻ ഫീസ്, ലേറ്റ് ഫീസ്, കോളേജ് ട്രാൻസ്ഫർ ഫീസ്, ആൻസർ സ്ക്രിപ്റ്റ് കോപ്പി രജിസ്ട്രേഷൻ ഫീസ്, റീവാല്യുവേഷൻ രജിസ്ട്രേഷൻ ഫീസ്, സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീസ്, അഫിലിയേഷൻ സബ്മിഷൻ, വിദ്യാർത്ഥികളുടെ ആർട്സ് ഫീസ്, വിദ്യാർത്ഥികളുടെ സ്പോർട്സ് & ടെക് ആക്ടിവിറ്റികൾ, ഇൻസ്പെക്ഷൻ ഫീസ്, ഡിഗ്രി സർട്ടിഫിക്കറ്റിനായുള്ള ഫീസ് (ഫാസ്റ്റ്), ഡിഗ്രി സർട്ടിഫിക്കറ്റിനായുള്ള ഫീസ് (എക്സ്പ്രസ്സ്), ഡിഗ്രി സർട്ടിഫിക്കറ്റിനായുള്ള ഫീസ് (സാധാരണം), ഒഫിഷ്യൽ ട്രാൻസ്ക്രിപ്റ്റ് ഫീസ്, സി.ജി.സി. ഫീസ്, പ്രൊവിഷണൽ സർട്ടിഫിക്കറ്റിനുള്ള ഫീസ്, അറ്റസ്റ്റേഷൻ & ജെനുവിനസ് ഫീസ്, പുതിയ വിദ്യാർത്ഥികൾക്കുള്ള ആപ്ലിക്കേഷൻ ഫീസ്, കോഴ്സ് ഫീസ്/Ph.D സ്കോളേഴ്സ്, ഫിക്സഡ് ഡെപ്പോസിറ്റിലും സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽനിന്നുമുള്ള ആദായം, സീറ്റ് വർദ്ധനവ്, മാർജിനൽ ഇൻക്രീസ്, പുതിയ കോഴ്സുകൾ എന്നിവ സംബന്ധിച്ച് സർവ്വകലാശാല ഈടാക്കുന്ന ഫീസ്, വിദൂരവിദ്യാഭ്യാസം മുഖേന നടത്തുന്ന കോഴ്സുകളിൽനിന്നും ഫീസ് ഇനത്തിലും മറ്റിനങ്ങളിലും ഉള്ള മിച്ചവരുമാനം, സർവ്വകലാശാല നടത്തുന്ന കോസ്റ്റ് ബേസ്ഡ് കോഴ്സുകളിൽനിന്നുള്ള മിച്ചവരുമാനം, സർവ്വകലാശാലാ അതിഥി മന്ദിരം,

ജീവനക്കാരുടെ ക്വാർട്ടേഴ്സ്, മറ്റ് കെട്ടിടങ്ങൾ എന്നിവയിൽ നിന്നുള്ള വാടക, ഉപയോഗശൂന്യമായ വസ്തുക്കളുടെ വില്പന തുടങ്ങിയ ഇനങ്ങളിൽ ലഭ്യമാകുന്ന വരുമാനം തുടങ്ങിയവയാണ് സർവ്വകലാശാലകളുടെ മുഖ്യ തനത് വരുമാനം.

(സി) പെൻഷൻബാദ്ധ്യത തനത് വരുമാനത്തിൽനിന്ന് നിറവേറ്റപ്പെടുന്നതിനായി സർവ്വകലാശാലകൾ വിദ്യാർത്ഥികളുടെ ഫീസ് ഉയർത്തുന്നതിലൂടെ വിദ്യാർത്ഥികൾ പ്രതിസന്ധിയിലാകുന്നത് തടയുന്നതിനായി എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പെൻഷൻബാദ്ധ്യത തനത് വരുമാനത്തിൽനിന്നും നിറവേറ്റപ്പെടുന്നതിനായി സർവ്വകലാശാലകൾ വിദ്യാർത്ഥികളുടെ ഫീസ് ഉയർത്തിയിട്ടില്ല.

(ഡി) വിദ്യാർത്ഥികളുടെ പൊതുതാൽപര്യം സംരക്ഷിക്കുന്നതിനായി സർവ്വകലാശാല ജീവനക്കാരുടെ പെൻഷൻ പരിഷ്കരണ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുന്നതിന് തയ്യാറാകുമോ; വിശദാംശം നൽകുമോ?

ഇപ്പോൾ പരിഗണനയിലില്ല.

<u>കാലിക്കറ്റ് സർവകലാശാലയിലെ താൽക്കാലിക ജീവനക്കാർ</u>

204 (1744) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിൽ ഉൾപ്പെടാത്തവയും സർക്കാർ അംഗീകാരമില്ലാത്തവയുമായ ഏതെല്ലാം തസ്തികകളിൽ സർവ്വകലാശാലയിലും സർവ്വകലാശാല സെന്ററുകളിലുമായി ജോലിചെയ്തുവരുന്ന നിലവിലുള്ള ജീവനക്കാരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

&

(ബി) കാലിക്കറ്റ് സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിൽ ഉൾപ്പെടാത്തവയും സർക്കാർ അംഗീകാരമില്ലാത്തവയുമായ ഏതെങ്കിലും തസ്തികകളിൽ താൽക്കാലിക ജീവനക്കാർ കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്നുണ്ടെങ്കിൽ പ്രസ്തുത ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാലിക്കറ്റ് സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിൽ ഉൾപ്പെടാത്തവയും സർക്കാർ അംഗീകാരമില്ലാത്തവയുമായ തസ്തികകളിൽ, സർവ്വകലാശാലയിലോ സർവ്വകലാശാല സെന്ററുകളിലോ സ്ഥിരം ജീവനക്കാരില്ല. താൽകാലിക ജീവനക്കാർ കരാർ/ദിവസ

വേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാർ എന്നിവരുടെ വിവരങ്ങൾ അനുബന്ധം - 1 ആയി ഉള്ളടക്കം ചെയ്യുന്നു.+

(സി) പ്രസ്തുത ജീവനക്കാർക്ക് വേതനം അനുവദിച്ചയിനത്തിൽ 2022 ജനുവരി മാസം സർവ്വകലാശാല ചെലവഴിച്ച തുകയുടെ, തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത വിവരം അനുബന്ധം-2 ആയി ഉള്ളടക്കം ചെയ്യുന്നു.+

(ഡി) കരാർ/ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാരുമായി ബന്ധപ്പെട്ട 26.2.2016-ലെ ജി.ഒ.(പി.)നം. 28/2016/ഫിൻ., 28.4.2017-ലെ സ.ഉ.(അച്ചടി)നം. 56/2017/ധന. 21.7.2018-ലെ സ.ഉ.(അച്ചടി)നം. 112/2018/ധന. 9.7.2019-ലെ സ.ഉ.(അച്ചടി)നം. 81/2019/ധന., 11.2.2021-ലെ സ.ഉ.(പി.)നം. 29/2021/ധന., ധനകാര്യവകുപ്പിന്റെ 11.1.2019-ലെ സർക്കുലർ നം. 03/2019/ധന. എന്നിവയിലെ മാർഗ്ഗനിർദ്ദേശങ്ങൾ പൂർണ്ണമായി കാലിക്കറ്റ് സർവ്വകലാശാലയിൽ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത സർക്കാർ ഉത്തരവുകൾ കാലിക്കറ്റ് സർവ്വകലാശാലയിൽ നടപ്പിലാക്കിയത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-3 ആയി ഉള്ളടക്കം ചെയ്യുന്നു.+

(ഇ) കാലിക്കറ്റ് സർവ്വകലാശാലയിൽ കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിലവിൽ ജോലിചെയ്യുന്ന ജീവനക്കാർ, പ്രസ്തുത തസ്തികകളിൽ ആദ്യമായി ജോലിയിൽ പ്രവേശിച്ച തീയതി മുതൽ നാളിതുവരെ സർവ്വകലാശാലയിൽ ജോലിചെയ്ത കാലയളവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത വിവരം അനുബന്ധം-4 ആയി ഉള്ളടക്കം ചെയ്യുന്നു.+

## തൃശ്ശൂരിലെ സ്കൂൾ ഓഫ് ഡ്രാമയിലെ അദ്ധ്യാപകനെതിരെ പരാതി

205 (1745) ശ്രീ. സി. ആർ. മഹേഷ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാലയ്ക്ക് കീഴിലുള്ള തൃശ്ശൂരിലെ സ്കൂൾ ഓഫ് ഡ്രാമയിലെ അദ്ധ്യാപകനെതിരെ ലൈംഗിക അതിക്രമ പരാതി ലഭിച്ചിരുന്നോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭിച്ചിരുന്നു.

(ബി) അദ്ധ്യാപകനിൽനിന്ന് നേരിട്ട മാനസിക ശാരീരിക ചൂഷണങ്ങളെക്കുറിച്ച് ഉൾപ്പെടെ പരാതിപ്പെട്ടുവെങ്കിലും സർക്കാരിന്റെ ഭാഗത്തുനിന്നും വേണ്ട നടപടിയുണ്ടായില്ലെന്ന വിദ്യാർത്ഥികളുടെ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പരാതി ലഭിച്ച ഉടനെതന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സർവ്വകലാശാലയ്ക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

(സി) അദ്ധ്യാപകനെതിരെ നടപടി സ്വീകരിക്കാത്ത സാഹചര്യത്തിൽ വിദ്യാർത്ഥികൾ സമരം നടത്തിയത് ഗൗരവമായി കാണുന്നുണ്ടോ?

ഈ വിഷയം ഗൗരവമായി കണ്ടുകൊണ്ട് പരാതി ലഭിച്ച ഉടൻ സമയബന്ധിതമായി അദ്ധ്യാപകനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത അദ്ധ്യാപകനെതിരെ വകുപ്പുതല അന്വേഷണവും നടപടിയും എടുക്കാൻ തയ്യാറാകുമോ; വിദ്യാർത്ഥിനിയുടെ പരാതി ലഭിച്ച ശേഷവും അദ്ധ്യാപകനെതിരെ നടപടി എടുക്കുന്നതിൽ കാലതാമസം ഉണ്ടായതിന്റെ കാരണം വിശദമാക്കാമോ?

തൃശ്ശൂരിലെ സ്കൂൾ ഓഫ് ഡ്രാമയിലെ അദ്ധ്യാപകനെതിരെയുള്ള പരാതി 24.2.2022-ന് കാലിക്കറ്റ് സർവ്വകലാശാലയിൽ ലഭിക്കുകയും അന്നേ ദിവസംതന്നെ ഡിപ്പാർട്ട്മെന്റ് കൗൺസിൽ ഓൺലൈനായി യോഗം ചേർന്ന് കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 25.2.2022-ന് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട സ്റ്റുഡന്റ്സ് ഗ്രീവൻസ് സെൽ യോഗം ചേർന്ന് ബന്ധപ്പെട്ടവരിൽനിന്നും മൊഴി എടുക്കുകയും തുടർന്ന് ടി അദ്ധ്യാപകനെതിരെ നടപടിക്ക് ശിപാർശ ചെയ്യുകയുമുണ്ടായി. ആയതിന്റെ തുടർച്ചയായി ടി അദ്ധ്യാപകനെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്ത് 28.2.2022-ന് യൂണിവേഴ്സിറ്റി നടപടിക്രമങ്ങൾ പിന്തുടർന്നുകൊണ്ട് ഉത്തരവിറക്കുകയും പരാതി പോലീസിന് കൈമാറുകയും ചെയ്തിട്ടുണ്ട്. കൂടാതെ 5.03.2022-ന് ചേർന്ന സർവ്വകലാശാല സിൻഡിക്കേറ്റ് മേൽ പരാതിയുടെ അടിസ്ഥാനത്തിൽ വിഷയം ചർച്ച ചെയ്യുകയും ഇക്കാര്യത്തിലുള്ള തുടർനടപടികൾക്കായി വൈസ് ചാൻസലറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രൊ-വൈസ് ചാൻസലറും ആറ് സിൻഡിക്കേറ്റ് അംഗങ്ങളും ചേർന്നുള്ള ഒരു സമിതിയെ തൃശ്ശൂരിലെ സ്കൂൾ ഓഫ് ഡ്രാമയിലെ പ്രവർത്തനങ്ങളെപ്പറ്റി പഠിക്കുന്നതിനായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം മേൽ സെന്ററിൽ മുഴുവൻ

സമയ ഡയറക്ടറെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനായുള്ള നടപടികൾക്ക് വൈസ് ചാൻസലറെ സിൻഡിക്കേറ്റ് ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

കാലിക്കറ്റ് സർവകലാശാല ഓർഡിനൻസ് ഭേദഗതി

206 (1746) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 25.3.2006-ലെ ജി.ഒ.(പി.)നം. 145/2006/ഫിൻ., 12.6.2006-ലെ ജി.ഒ.(പി.)നം. 62/2006/എച്ച്.ഇഡി.എൻ., 5.1.2008-ലെ ജി.ഒ.(പി.)നം. 03/2008/എച്ച്.ഇഡി.എൻ., 26.2.2011-ലെ ജി.ഒ.(പി.)നം. 86/2011/ഫിൻ. എന്നീ സർക്കാർ ഉത്തരവുകൾക്കനുസൃതമായി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവ ഭേദഗതി വരുത്തുന്നതിന് സർക്കാർ നല്കിയ നിർദ്ദേശങ്ങളുടെയും അതനുസരിച്ച് സർവ്വകലാശാല പുറപ്പെടുവിച്ച ഉത്തരവുകളുടെയും സ്റ്റാറ്റ്യൂട്ടുകളിൽ വരുത്തിയ ഭേദഗതിയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2.3.2021-ലെ നം.1656026/പി.ആർ.സി.ഡി3/20/ധന. അർദ്ധ ഔദ്യോഗിക കത്ത് പ്രകാരം സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവ ഭേദഗതി വരുത്തുന്നതിന് സർക്കാർ നിർദ്ദേശം നൽകുകയും

യൂണിവേഴ്സിറ്റി ഉത്തരവ് U.O.No.9490/2021/Admn, Dated 15.9.2021 പ്രകാരം യൂണിവേഴ്സിറ്റിയിൽ സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവ ഭേദഗതി വരുത്തുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ച് അതിനുവേണ്ട പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നുണ്ട്.

(ബി) കാലിക്കറ്റ് സർവ്വകലാശാല ഫസ്റ്റ് ഓർഡിനൻസ്-ഷെഡ്യൂൾ ഓഫ് നോൺ ടീച്ചിംഗ് സർവീസ്-ക്രമനമ്പർ ഒൻപതുമായി ബന്ധപ്പെട്ട ഓർഡിനൻസ് ഭേദഗതികൾക്ക് സർവ്വകലാശാല സെനറ്റ് അംഗീകാരം നല്കിയതിന്റെയും ആയവ ചാൻസലറുടെ അനുമതിക്കായി അയച്ചതിന്റെയും പ്രസ്തുത ഭേദഗതികൾക്ക് ചാൻസലറുടെ അനുമതി ലഭിച്ചതിന്റെയും പകർപ്പുകൾ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

&

(സി) മേൽ ഓർഡിനൻസ് ഭേദഗതികൾക്ക് ചാൻസലറുടെ അനുമതി ഇതുവരെ ലഭ്യമായിട്ടില്ലെങ്കിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കാലിക്കറ്റ് സർവകലാശാല ഇതുവരെ സ്വീകരിച്ച തുടർനടപടികളുടെ പകർപ്പുകളുൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാലിക്കറ്റ് സർവ്വകലാശാല ഫസ്റ്റ് ഓർഡിൻസ് 1978 ഷെഡ്യൂൾ ഓഫ് നോൺ ടീച്ചിംഗ് സർവ്വീസ് ക്രമ നമ്പർ ഒൻപതുമായി ബന്ധപ്പെട്ട

ഓർഡിനൻസ് ഭേദഗതികൾക്ക് സർവ്വകലാശാല സെനറ്റ് 30.1.2009, 2.2.2012 എന്നീ തീയതികളിൽ നടന്ന മീറ്റിംഗുകളിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയത് പ്രകാരം 23.4.2012-ലെ നമ്പർ GA1/F1/334/2012 കത്ത് മുഖേന ബഹു. ചാൻസലറുടെ ഓഫീസിലേയ്ക്ക് മേൽ പ്രൊപ്പോസൽ അനുമതിക്കായി അയച്ചിട്ടുണ്ട്. ആയതിന് ഇതുവരെ അനുമതി ലഭിച്ചിട്ടില്ല. ആയതിനാൽ 28.9.2018-ലെ മേൽ പ്രൊപ്പോസലിൽനിന്നുള്ള അനുമതിക്ക് വേണ്ട നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ഒരു ഓർമ്മക്കത്ത് ബഹു. ചാൻസലറുടെ ഓഫീസിലേയ്ക്ക് അയച്ചിട്ടുള്ളതാണ്.

കാലിക്കറ്റ് സർവ്വകലാശാലയിലെ ചലാൻ തിരിമറി

207 (1747) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയുടെ വിവിധ സേവനങ്ങൾക്കുള്ള ഫീസ് സർവ്വകലാശാല ഫണ്ടിൽ ഒടുക്കുന്നതിന് വിദ്യാർത്ഥികൾക്ക് അനുവർത്തിക്കാവുന്ന മാർഗ്ഗങ്ങൾ വിശദമാക്കാമോ; വിവിധ സേവനങ്ങൾക്ക് ഓൺലൈനായി പണമടയ്ക്കാനുള്ള സൗകര്യം എന്നുമുതലാണ് സർവ്വകലാശാലയിൽ നിലവിൽ വന്നതെന്ന് വ്യക്തമാക്കാമോ?

സർവ്വകലാശാല നൽകിവരുന്ന വിവിധ സേവനങ്ങൾക്കായി യൂണിവേഴ്സിറ്റി ഓഫ് ലൈൻ ചലാൻ കൗണ്ടർ വഴിയും എസ്.ബി.ഐ. ഓൺലൈൻ പേയ്മെന്റ് സിസ്റ്റം, എസ്.ബി.ഐ. ഇ-ചലാൻ സംവിധാനം, പോസ്റ്റ് ഓഫീസ്, ഫ്രണ്ട്സ്, അക്ഷയ തുടങ്ങിയ ജനസേവന കേന്ദ്രങ്ങൾ മുഖേന ഇ-ചലാൻ വഴിയും സർവ്വകലാശാല ഫണ്ടിൽ ഫീസ് ഒടുക്കുന്നതിനായി സംവിധാനങ്ങൾ നൽകിവരുന്നു.

1. SBI Online:- SBI Online വഴി ഫീ ഒടുക്കുന്നതിന് SBI ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനമാണ് ഉപയോഗിക്കുന്നത്. ഈ തരത്തിൽ അടയ്ക്കുന്നതിന് പ്രത്യേകം സർവീസ് ഈടാക്കുന്നില്ല.
2. SBI Payment Gateway:- SBI Payment Gateway ഒപ്ഷനിൽ 40-ൽ കൂടുതൽ ബാങ്കുകളുടെ ഇന്റർനെറ്റ് ബാങ്കിംഗ്, ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, UPI പേയ്മന്റ് സംവിധാനങ്ങൾ ഉണ്ട്.
3. Akshaya/Friends:- Akshaya/Friends ഒപ്ഷൻ വഴി ഫീ അടയ്ക്കാൻ ഈ ഓപ്ഷനിൽനിന്നും ലഭിക്കുന്ന ചലാൻ അക്ഷയ അല്ലെങ്കിൽ ഫ്രണ്ട്സ് കേന്ദ്രങ്ങളിൽപ്പോയി പേയ്മെന്റ് നടത്തുകയാണ് വേണ്ടത്.
4. Post Office:- Post Office ഓപ്ഷൻ ആണ് സെലക്ട് ചെയ്തത് എങ്കിൽ ഇവിടെനിന്ന് ലഭിക്കുന്ന ചലാൻ ഉപയോഗിച്ച് കേരളത്തിലെ

ഏതെങ്കിലും പോസ്റ്റോഫീസിൽ പണം അടയ്ക്കാവുന്നതാണ്. വിവിധ സേവനങ്ങൾക്ക് ഓൺലൈൻ ആയി പണമടയ്ക്കാനുള്ള സൗകര്യം 11.4.2014 മുതലാണ് സർവ്വകലാശാലയിൽ നിലവിൽ വന്നിട്ടുള്ളത്. (U.O.No. 3518/2014/CU dated 5.4.2014)

(ബി) വിദ്യാർത്ഥികൾ വിവിധ അപേക്ഷകളോടൊപ്പം കാലിക്കറ്റ് സർവകലാശാലയിൽ സമർപ്പിക്കുന്ന ചലാൻ രസീതികളുടെ ആധികാരികത പരിശോധിച്ച് ഉറപ്പുവരുത്താറുണ്ടോ; ഇപ്രകാരം പരിശോധന നടത്തിയതിനെത്തുടർന്ന് ഏതെങ്കിലും ചലാനുകളിൽ കൃത്രിമം നടത്തിയതായോ വ്യാജ ചലാനുകൾ ഉപയോഗിച്ച് അപേക്ഷകൾ സമർപ്പിച്ചതായോ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ ആയതിന്റെ നാളിതുവരെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ 2018 പ്രവേശന വർഷത്തിൽ താഴെപ്പറയുന്ന ചലാനുകളിൽ കൃത്രിമം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിരുന്നു.

1) ചലാൻ നമ്പർ 182013398 തീയതി 20.9.2018- തുക രൂ. 25 അടയ്ക്കുകയും രൂ. 2,890 ആക്കി മാറ്റുകയും ചെയ്തു.

2) ചലാൻ നമ്പർ 182013395 തീയതി 20.9.2018- തുക രൂ. 25 അടയ്ക്കുകയും രൂ. 2,890 ആക്കി മാറ്റുകയും ചെയ്തു.

3) ചലാൻ നമ്പർ 182015739 തീയതി 20.9.2018 -തുക രൂ. 25 അടയ്ക്കുകയും രൂ. 2,890 ആക്കി മാറ്റുകയും ചെയ്തു.

4) ചലാൻ നമ്പർ 182015743 തീയതി 20.9.2018- തുക രൂ. 25 അടയ്ക്കുകയും രൂ. 2,890 ആക്കി മാറ്റുകയും ചെയ്തു.

5) ചലാൻ നമ്പർ 181989866 തീയതി 12.9.2018 -തുക രൂ. 25 അടയ്ക്കുകയും രൂ. 2,890 ആക്കി മാറ്റുകയും ചെയ്തു.

മുകളിൽ സൂചിപ്പിച്ചവയിൽ ക്രമനമ്പർ ഒന്ന് മുതൽ നാലുവരെയുള്ള ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടപ്പോൾ കാലിക്കറ്റ് യൂണിവേഴ്സിറ്റി ആഭ്യന്തര അന്വേഷണ കമ്മിറ്റിക്ക് രൂപം നൽകുകയും അതോടൊപ്പം ബാഹ്യ അന്വേഷണത്തിന് ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ്) മലപ്പുറം മുമ്പാകെ പരാതി നൽകുകയും ചെയ്തു. ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ്) മലപ്പുറം അന്വേഷണം നടത്തി, ക്രമക്കേട് നടത്തിയ സ്ഥാപനത്തിനെതിരെ നടപടി കൈക്കൊള്ളുകയുണ്ടായി. ഈ നാല് ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സർവ്വകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗത്തിലെ മുഴവൻ ചലാനുകളും പരിശോധിക്കുകയും

ക്രമനമ്പർ 5-ൽ സൂചിപ്പിച്ച ക്രമക്കേട് ശ്രദ്ധയിൽപ്പെടുകയും ആയതിന്മേൽ പോലീസ് അന്വേഷണം അഭ്യർത്ഥിച്ച് സർവ്വകലാശാല ലീഗൽ സെൽ മുഖാന്തരം പോലീസിൽ പരാതി നൽകുകയും കേസ് നമ്പർ കസബ PS Cr.No.465/20 O/s 465-468,471,IPC പ്രകാരം അന്വേഷണം നടക്കുകയുമുണ്ടായിട്ടുണ്ട്.

(സി) 2018 അദ്ധ്യയനവർഷം സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ മുഖേന ബിരുദ പ്രവേശനത്തിന് കാലിക്കറ്റ് സർവകലാശാലയിൽ സമർപ്പിച്ച ചില അപേക്ഷകളോടൊപ്പം ഉള്ളടക്കം ചെയ്ത ചലാനുകൾ വ്യാജമാണെന്ന് കണ്ടെത്തിയിരുന്നുവോ; പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തുന്നതിന് ആഭ്യന്തര അന്വേഷണ കമ്മിറ്റി രൂപീകരിച്ചുകൊണ്ടുള്ള സർവ്വകലാശാലാ ഉത്തരവ്, സർവ്വകലാശാല നിയോഗിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് എന്നിവയുടെ പകർപ്പുകളും കൃത്രിമ ചലാൻ കണ്ടെത്തിയ വിഷയത്തിൽ പോലിസിലോ മറ്റ് അന്വേഷണ ഏജൻസികൾക്ക് മുമ്പാകയോ സർവ്വകലാശാല പരാതി നല്കിയിരുന്നുവെങ്കിൽ പ്രസ്തുത പരാതിയുടെ പകർപ്പും ലഭ്യമാക്കാമോ?

ഉണ്ട്. ആഭ്യന്തര അന്വേഷണ കമ്മിറ്റി രൂപീകരിക്കുകയും (അനുബന്ധം-1)+ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്(വിജിലൻസ്) മലപ്പുറം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുൻപാകെ സർവ്വകലാശാല പരാതി നൽകുകയും ചെയ്തിട്ടുണ്ട്. (അനുബന്ധം-2)+ആയി ചേർക്കുന്നു.

(ഡി) 2018 അദ്ധ്യയന വർഷം ശ്രദ്ധയിൽപ്പെട്ട വ്യാജ ചലാൻ നിർമ്മാണം തടയുന്നതിന് സർവ്വകലാശാല ഓൺലൈൻ രജിസ്ട്രേഷൻ സോഫ്റ്റ്‌വെയറിൽ ഏതെങ്കിലും തരത്തിലുള്ള സുരക്ഷാ മാനദണ്ഡങ്ങൾ അധികമായി അവലംബിച്ചിരുന്നുവോയെന്നും ആയത് ചലാൻ കൃത്രിമം തടയുന്നതിന് പര്യാപ്തമായിരുന്നുവോയെന്നും വ്യക്തമാക്കാമോ?

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലേയ്ക്കുള്ള ഫീസുകളും മറ്റ് എല്ലാ ഇനത്തിനുമുള്ള പണമിടപാടുകളും ഇ-പേയ്മെന്റ്/ഇൻസ്റ്റന്റ് പേ സംവിധാനത്തിലൂടെ അടയ്ക്കുവാനുള്ള സംവിധാനം വർഷങ്ങളായി സർവ്വകലാശാലയിൽ നിലവിലുണ്ട്. 2018-ൽ റിപ്പോർട്ട് ചെയ്യപ്പെട്ട വ്യാജ ചലാൻ സോഫ്റ്റ്‌വെയർവഴി നിർമ്മിക്കപ്പെട്ടതല്ല. ഓൺലൈൻ പണമിടപാടുകൾ നടത്തുന്ന സമയത്ത് ഉദ്യോഗാർത്ഥിയുടെ/വിദ്യാർത്ഥിയുടെ അപേക്ഷകന്റെ വ്യക്തിഗത വിവരങ്ങൾ രേഖപ്പെടുത്തിയശേഷം ട്രാൻസാക്ഷനുമുൻപായി പേയ്മെന്റ് ഡീറ്റെയിൽസ് ഉറപ്പുവരുത്തുന്നതിനായി സിസ്റ്റം ആവശ്യപ്പെടാറുണ്ട്. ടി വിവരങ്ങൾ ഉദ്യോഗാർത്ഥിയുടെ/വിദ്യാർത്ഥിയുടെ അപേക്ഷകൻ ശരിയാണെന്ന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉറപ്പുവരുത്തിയശേഷം മാത്രമേ പേയ്മെന്റ് ട്രാൻസാക്ഷൻ ഘട്ടത്തിലേയ്ക്ക് പ്രവേശിക്കുകയുള്ളൂ. ഇപ്രകാരം അപേക്ഷകന്റെ പൂർണ്ണ ഉത്തരവാദിത്വത്തിൽ വിവിധ ആവശ്യങ്ങൾക്കായി സർവ്വകലാശാലയിൽ അടയ്ക്കപ്പെടുന്ന ചലാനുകൾ ഓൺലൈൻ ആയി വിലയിരുത്തുന്നതിനുള്ള സൗകര്യങ്ങളും (ഇ-പേയ്മെന്റ് വെരിഫിക്കേഷൻ) ഇ-പേയ്മെന്റ് സംവിധാനത്തിൽ നിലവിലുണ്ട്. പ്രസ്തുത അപ്ലിക്കേഷനിലൂടെ ചലാൻ നമ്പർ രേഖപ്പെടുത്തി അപേക്ഷകൻ സർവ്വകലാശാലയിൽ അടച്ച തുക എത്രയാണെന്ന് സ്ഥിരീകരിക്കാവുന്നതാണ്. ഈ സംവിധാനം സർവ്വകലാശാലയിൽ ഓൺലൈൻ പേയ്മെന്റ് സംവിധാനം നിലവിൽ വന്നതുമുതൽതന്നെ ലഭ്യമാക്കിയിട്ടുള്ളതാകുന്നു. ഈ സംവിധാനംവഴി പരിശോധന നടത്തിയതുമൂലമാണ് 2018-ൽ വ്യാജ ചലാനുകൾ കണ്ടെത്താനായത്. നിലവിൽ എല്ലാ സജീവ കോഴ്സുകളുടെ പരീക്ഷ അപേക്ഷകളും പുനർമൂല്യനിർണ്ണയ രജിസ്ട്രേഷനും 'സ്റ്റുഡന്റ് പോർട്ടൽ' സംവിധാനത്തിലൂടെ അപേക്ഷകന് രജിസ്ട്രേഷൻ പ്രോസസ്സ് പൂർത്തിയാക്കിയശേഷമാണ് പേയ്മെന്റ് ട്രാൻസാക്ഷൻ ഘട്ടത്തിലേയ്ക്ക് പ്രവേശിക്കുകയുള്ളൂ (പോസ്റ്റ് പേയ്മെന്റ് സിസ്റ്റം). ഇത് വ്യാജ ചലാനുകളുടെ ഉപയോഗത്തെ ഇല്ലാതാക്കുന്നു. സ്പെഷ്യൽ സപ്ലിമെന്ററി അവസരങ്ങൾ മാത്രമുള്ള പഴയ

റെഗുലേഷൻ/മെഡിക്കൽ കോഴ്സുകളുള്ള കുറച്ച് കോഴ്സുകൾക്ക് മാത്രമാണ് പ്രീ-പേയ്മെന്റ് മോഡിൽ ഫീസ് ഒടുക്കുന്നതിനുള്ള സംവിധാനം നിലവിലുള്ളത്. എന്നാൽ സർവ്വകലാശാലയിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകളുടെയും അനുബന്ധ ചലാനുകളുടെയും ശരിയായ വെരിഫിക്കേഷൻ അതാത് സെക്ഷനുകളിൽ ഓൺലൈൻ വെരിഫിക്കേഷൻ നടത്തുന്നതിലൂടെ വ്യാജ ചലാൻ ഉപയോഗിച്ചുള്ള ക്രമക്കേടുകൾക്കുള്ള സാധ്യത പൂർണ്ണമായും ഇല്ലാതാക്കാനാകും.

(ഇ) സർവ്വകലാശാലയുടെ വ്യാജ ചലാൻ നിർമ്മിച്ച് പണാപഹരണം നടത്തിയതിനും സേവനങ്ങൾക്ക് വിദ്യാർത്ഥികളിൽനിന്നും കൈക്കൂലി വാങ്ങിയതിനും കാലിക്കറ്റ് സർവ്വകലാശാലയിലെ രണ്ട് ജീവനക്കാരെ ഈയിടെയായി സസ്പെൻഡ് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇത്തരം വ്യാജ ചലാൻ നിർമ്മാണം തടയുന്നതിന് സർവ്വകലാശാല എന്ത് നടപടികളാണ് സ്വീകരിക്കുന്നത് എന്നും വ്യക്തമാക്കുമോ?

സർവ്വകലാശാലയുടെ വ്യാജ ചലാൻ നിർമ്മിച്ച് പണാപഹരണം നടത്തിയെന്നും വിദ്യാർത്ഥിനിയിൽനിന്നും കൈക്കൂലി വാങ്ങിയെന്നും പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയതിനെത്തുടർന്ന് കാലിക്കറ്റ് സർവ്വകലാശാലയിൽ താല്ക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന

അസിസ്റ്റന്റിനെയും വിദ്യാർത്ഥിനിയിൽനിന്നും കൈക്കൂലി വാങ്ങിയെന്ന പരാതിയെ തുടർന്ന് അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ തസ്തികയിൽ ജോലിചെയ്തിരുന്ന ഒരു ജീവനക്കാരനെയും ഈയിടെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(എഫ്) സർവ്വകലാശാലയുടെ വ്യാജചലാൻ നിർമ്മിച്ച് പണാപഹരണം നടത്തുന്നതിന് കാരണമാകുന്നത്, സർവ്വകലാശാല സോഫ്റ്റ്‌വെയറിന്റെ പോരായ്മയും ആയതിന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥരുടെ സാങ്കേതിക വൈദഗ്ദ്യത്തിന്റെ അപര്യാപ്തതയുമാണെന്ന ആരോപണം പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സർവ്വകലാശാലയിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകളുടെയും അനുബന്ധ ചലാനുകളുടെയും വെരിഫിക്കേഷൻ നടത്തുന്നതിനുള്ള സംവിധാനം സോഫ്റ്റ്‌വെയറിന്റെ ഭാഗമായി അതത് സമയങ്ങളിൽ പരീക്ഷാഭവന്റെ ആവശ്യാനുസരണം സോഫ്റ്റ്‌വെയർ നിർമ്മാണത്തിൽ ഏർപ്പെട്ടിട്ടുള്ള സാങ്കേതിക വിദഗ്ധർ നിർമ്മിച്ചുനൽകിയിട്ടുണ്ട്. പ്രസ്തുത സംവിധാനം ശരിയായവിധം ഉപയോഗിക്കുകയും ക്രമക്കേടുകൾ നടത്തുന്നത് കണ്ടെത്തേണ്ടതും അതാത് സെക്ഷനുകളുടെ അല്ലെങ്കിൽ ബ്രാഞ്ചുകളുടെ ചുമതലയാണ്. ഈ സംവിധാനം 2014-ൽ ഓൺലൈൻ പേയ്മെന്റ് സംവിധാനം നിലവിൽ വന്നതുമുതൽ ലഭ്യമായിരുന്ന എന്നതിനാൽ

സാങ്കേതിക തലത്തിലുള്ള അപര്യാപ്തതകളുണ്ടെന്ന ആരോപണം നിലനിൽക്കുന്നതല്ല.

<u>കാലിക്കറ്റ് സർവകലാശാലയിലെ പരീക്ഷാ മൂല്യനിർണ്ണയം</u>

208 (1748) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട സ്വകാര്യത സംരക്ഷിക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികളിൽ പ്രത്യേക പരീക്ഷകൾക്ക് മാത്രമായി ഇളവ് അനുവദിക്കുന്നതിന് സർവ്വകലാശാല ചട്ടങ്ങളിൽ ഏതെങ്കിലും വ്യവസ്ഥയുണ്ടോ; എങ്കിൽ കാലിക്കറ്റ് സർവ്വകലാശാലയിൽ യു.ജി. രണ്ടാം സെമസ്റ്റർ ഏപ്രിൽ 2020 പരീക്ഷയുടെ മൂല്യനിർണ്ണയം ഫാൾസ് നമ്പറിംഗ് കൂടാതെ നടത്തുന്നതിന് പരീക്ഷാ സ്ഥിരം സമിതിയെടുത്ത തീരുമാനം പ്രസ്തുത പരീക്ഷയുടെ ഫലപ്രസിദ്ധീകരണം ത്വരിതപ്പെടുത്തുന്നതിന് സഹായകരമായതായി വിലയിരുത്തുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

&

(ബി) 25.9.2021-ലെ സർവ്വകലാശാല ഉത്തരവ് നം. 850/2021/പി.ബി. പ്രകാരം നടപ്പിലാക്കിയ ഫാൾസ് നമ്പറിംഗ്

കൂടാതെയുള്ള മൂല്യനിർണ്ണയരീതി മറ്റ് പരീക്ഷകൾക്ക് ബാധകമാക്കേണ്ടതില്ലെന്ന് സർവ്വകലാശാല തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പുൾപ്പെടെയുള്ള വിശദാംശങ്ങളും പ്രസ്തുത തീരുമാനമെടുക്കുന്നതിനുള്ള കാരണവും വ്യക്തമാക്കാമോ?

കോവിഡ് പശ്ചാത്തലത്തിൽ ഫലപ്രസിദ്ധീകരണ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി രണ്ടാം സെമസ്റ്റർ യു.ജി. ഏപ്രിൽ 2020 പരീക്ഷകളുടെയും നാല്, അഞ്ച്, ആറ് സെമസ്റ്റർ കോവിഡ് സ്പെഷ്യൽ പരീക്ഷകളുടെയും മൂല്യനിർണ്ണയം ഫാൾസ് നമ്പറിംഗ് കൂടാതെ നടത്തുവാൻ, 9.9.2021-ലെ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം U.O.No.850/2021 PB dtd. 25.9.2021 പ്രകാരം നടപ്പിൽവരുത്തിയിട്ടുണ്ട്. സിൻഡിക്കേറ്റിന്റെ പരീക്ഷാ സ്ഥിരം സമിതിയുടെ തീരുമാനങ്ങൾക്ക് വിധേയമായാണ് നടപടികൾ സ്വീകരിച്ചുവരുന്നത്.

(സി) കാലിക്കറ്റ് സർവ്വകലാശാലയിൽ യു.ജി. രണ്ടാം സെമസ്റ്റർ ഏപ്രിൽ 2019, ഏപ്രിൽ 2020 പരീക്ഷകൾ പൂർത്തീകരിച്ച തീയതി, ഫലം പ്രസിദ്ധീകരിച്ച തീയതി എന്നിവ ലഭ്യമാക്കാമോ?

| | രണ്ടാം സെമസ്റ്റർ | പരീക്ഷ പൂർത്തീകരിച്ച തീയതി | ഫലം പ്രസിദ്ധീകരിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 1. | ഏപ്രിൽ 2020 | 13.7.2021 | 14.2.2022 |
| 2. | ഏപ്രിൽ 2019 | 29.8.2019 | 3.2.2020 |

(ഡി) കാലിക്കറ്റ് സർവ്വകലാശാലയിൽ യു.ജി. രണ്ടാം സെമസ്റ്റർ ഏപ്രിൽ 2020 പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ എണ്ണം, പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ എണ്ണം, പരീക്ഷയ്ക്ക് ഹാജരാകാതിരുന്ന വിദ്യാർത്ഥികളുടെ എണ്ണം, വിവിധ വിഷയങ്ങളിലായി ഫാൾസ് നമ്പറിംഗ് കൂടാതെ മൂല്യനിർണ്ണയം നടത്തുന്നതിന് നൽകിയ ഉത്തരപ്പേപ്പറുകളുടെ എണ്ണം, മൂല്യനിർണ്ണയത്തിനുശേഷം വിവിധ മൂല്യനിർണ്ണയ ക്യാമ്പുകളിൽനിന്നും സർവ്വകലാശാലയിൽ തിരികെ ലഭിച്ച ഉത്തരപ്പേപ്പറുകളുടെ എണ്ണം, തിരികെ ലഭിക്കാത്ത ഉത്തരപ്പേപ്പറുകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

| | |
|---|---|
| റെഗുലർ മോഡ് യു.ജി. രണ്ടാം സെമസ്റ്ററിൽ ഏപ്രിൽ 2020 രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ എണ്ണം | 90274 (387264 papers) |
| മാർക്ക് രേഖപ്പെടുത്തിയ വിദ്യാർത്ഥികളുടെ | 365985 |

| | |
|---|---|
| പേപ്പറുകളുടെ എണ്ണം | |
| absent രേഖപ്പെടുത്തിയ വിദ്യാർത്ഥികളുടെ പേപ്പറുകളുടെ എണ്ണം | 21279 |
| ഡിസ്റ്റൻസ് മോഡ് യു.ജി. രണ്ടാം സെമസ്റ്റർ ഏപ്രിൽ 2020 പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ എണ്ണം | 65284 (244089 papers) |
| മാർക്ക് രേഖപ്പെടുത്തിയ വിദ്യാർത്ഥികളുടെ പേപ്പറുകളുടെ എണ്ണം | 208865 |
| absent രേഖപ്പെടുത്തിയ വിദ്യാർത്ഥികളുടെ പേപ്പറുകളുടെ എണ്ണം | 35224 |

ഉത്തരപ്പേപ്പറുകളുടെ എണ്ണം സംബന്ധിച്ച ചോദ്യത്തിനുള്ള മറുപടി വിവിധ ബ്രാഞ്ചുകളിൽ വ്യാപിച്ചു കിടക്കുന്നതിനാൽ കൃത്യമായ എണ്ണം തിട്ടപ്പെടുത്താൻ സമയം ആവശ്യമാണ്.

(ഇ) കാലിക്കറ്റ് സർവകലാശാല ആക്ട്, സ്റ്റാറ്റ്യൂട്ട് എന്നിവ പ്രകാരം പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട രഹസ്യസ്വഭാവമുള്ള മുഴുവൻ പേപ്പറുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് ആരിൽ നിക്ഷിപ്തമാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ചട്ടങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ?

പരീക്ഷാ കൺട്രോളറിൽ നിക്ഷിപ്തമാണ്. ചട്ടങ്ങളുടെ പകർപ്പ് അനുബന്ധം-1 ആയി ഉള്ളടക്കം ചെയ്യുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എഫ്) കാലിക്കറ്റ് സർവ്വകലാശാല ആക്ട്, സ്റ്റാറ്റ്യൂട്ട് എന്നിവ പ്രകാരം സർവ്വകലാശാല നിയമങ്ങൾക്കനുസൃതമായി പരീക്ഷകൾ നടത്തപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ട ചുമതല സർവ്വകലാശാലാ സിൻഡിക്കേറ്റിൽ നിക്ഷിപ്തമാണോ; പ്രസ്തുത ചട്ടങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ?

അതെ. പ്രസ്തുത ചട്ടങ്ങളുടെ പകർപ്പ് അനുബന്ധം-2 ആയി ഉള്ളടക്കം ചെയ്യുന്നു.+

വടക്കാഞ്ചേരി മണ്ഡലത്തിലെ എൻ.സി.സി. യൂണിറ്റുകൾ

209 (1749) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് എൻ.സി.സി. യൂണിറ്റുകൾ നിലവിലുള്ളതെന്ന് അറിയിക്കാമോ?

i) ജവഹർ നവോദയ വിദ്യാലയ ഹൈസ്കൂൾ, മായന്നൂർ.

ii) ശ്രീമൂലം തിരുനാൾ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, ചേലക്കര.

iii) എൻ.എസ്.എസ്. ഹൈസ്കൂൾ, മുല്ലൂർക്കര.

iv) ശ്രീരാമകൃഷ്ണ ഗുരുകുല വിദ്യാമന്ദിരം ഹയർ സെക്കന്ററി സ്കൂൾ, പുറനാട്ടുകര.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

v) ശ്രീദുർഗ വിലാസം ഹയർ സെക്കൻഡറി സ്കൂൾ, പേരാമംഗലം.

(ബി) എൻ.സി.സി. യൂണിറ്റുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയെന്ന് അറിയിക്കാമോ?

എൻ.സി.സി. യൂണിറ്റുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡത്തിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.+

(സി) പുതിയതായി എൻ.സി.സി. യൂണിറ്റുകൾ അനുവദിക്കുന്നതിന് വടക്കാഞ്ചേരി മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളിൽനിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(i) കേന്ദ്രീയ വിദ്യാലയം, പുറനാട്ടുകര (സ്വാശ്രയം).

(ii) ശാന്താ ഹയർ സെക്കൻഡറി സ്കൂൾ, അവണൂർ.

(ഡി) പ്രസ്തുത അപേക്ഷകളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

എൻ.സി.സി. യൂണിറ്റുകൾ അനുവദിക്കുന്നതിനുള്ള വെയിറ്റിംഗ് ലിസ്റ്റിൽ കേന്ദ്രീയ വിദ്യാലയം, പുറനാട്ടുകര (സ്വാശ്രയം) 2-ാമതായും, ശാന്താ ഹയർ സെക്കന്ററി സ്കൂൾ, അവണൂർ 5-ാമതായും ഉണ്ട്.

## അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

210 (1750) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം മുഖേന നടപ്പിലാക്കിവരുന്ന വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിദ്യാർത്ഥികളിലും ഉദ്യോഗാർത്ഥികളിലും തൊഴിൽ നൈപുണ്യം വളർത്തിയെടുക്കുകവഴി പുതിയ തലമുറയുടെ തൊഴിൽക്ഷമത ഉറപ്പാക്കി, അതുവഴി തൊഴിലില്ലായ്മ എന്ന സാമൂഹികപ്രശ്നം ഫലപ്രദമായി പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള (അസാപ് കേരള). സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിലും ആർട്സ് ആന്റ് സയൻസ് കോളേജുകളിലും പ്രവർത്തിക്കുന്ന 121 സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ, 99 എഞ്ചിനീയറിംഗ് കോളേജുകളിലും 45 പോളിടെക്നിക് കോളേജുകളിലുമായി പ്രവർത്തിക്കുന്ന അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ, വിവിധ ജില്ലകളിൽ സ്ഥാപിച്ചിട്ടുള്ള 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ എന്നിവിടങ്ങളിലൂടെയാണ് കേരളത്തിലെ നൈപുണ്യ വികസന

പ്രവർത്തനങ്ങൾ അസാപ് ഏകോപിപ്പിക്കുന്നത്. നാളിതുവരെയും രണ്ടര ലക്ഷത്തോളം വിദ്യാർത്ഥികൾ അസാപിലൂടെ വിവിധ മേഖലകളിൽ പരിശീലനം നേടിയിട്ടുണ്ട്. നൈപുണ്യ പരിശീലനം സംസ്ഥാനത്തെ അഭ്യസ്തവിദ്യരുടെ തൊഴിൽശേഷി വർദ്ധിപ്പിക്കുന്നതിനായി അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള മുഖാന്തരം അനവധി നൂതന കോഴ്സുകൾ ലഭ്യമാക്കുന്നു. ഈ കോഴ്സുകൾ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ലഭ്യമാണ്. ബിസിനസ്സ് അനലിറ്റിക്സ്, ആമസോൺ വെബ് സർവീസ് അക്കാദമി ക്ലൗഡ് ഫൗണ്ടേഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ്, ഡ്രോൺ ടെക്നോളജി മുതലായ നൂതന കോഴ്സുകൾ ഇത്തരത്തിൽ ലഭ്യമാണ്. പ്രമുഖ ഇൻഡസ്ട്രികളുടെ പങ്കാളിത്തത്തോടുകൂടി നടത്തപ്പെടുന്ന ഈ കോഴ്സുകൾ പഠിതാക്കളെ ഇൻഡസ്ട്രി നിലവാരത്തിലേയ്ക്ക് ഉയർത്തി തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കാൻ സഹായിക്കുന്നവയാണ്. കോഴ്സുകളുടെ പേര് അനുബന്ധമായി ചേർക്കുന്നു.+ ഗ്രാമീണ യുവതികൾക്ക് സബ്സിഡിയോടെ നൈപുണ്യ പരിശീലനം, ഗ്രാഫിക് ഡിസൈനർ കോഴ്സ് വിദ്യാർത്ഥികളെ ഉയർന്ന വിഷ്വൽ ഇംപാക്ട് ഉള്ള പരസ്യങ്ങൾ, ബ്രോഷറുകൾ, മാഗസിനുകൾ, കോർപ്പറേറ്റ് റിപ്പോർട്ടുകൾ തുടങ്ങിയ ലേഔട്ടുകളും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആപ്ലിക്കേഷനുകളും വികസിപ്പിക്കാൻ പ്രാപ്തരാക്കുന്നു. നബാർഡിന്റെ (NABARD) സഹായത്തോടെ ഗ്രാഫിക് ഡിസൈനർ കോഴ്സിൽ പരിശീലനം നേടുന്ന 116 ഗ്രാമീണ യുവതികൾക്ക് ഫീ സബ്സിഡി നൽകുന്നുണ്ട്. ഇതിൽ 58 പേരുടെ പരിശീലനം നടന്നുവരികയാണ്. 216 മണിക്കൂർ ദൈർഘ്യമുള്ള ഈ കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥിനികൾക്ക് ഫീ ആയ 16,000 രൂപയിൽ 12,000 രൂപ നബാർഡ് വഴി സബ്സിഡിയായി നൽകുന്നതിനൊപ്പം പ്ലേസ്മെന്റും ഉറപ്പ് നൽകുന്നുണ്ട്. അസാപ് സെൽ പ്രമുഖ വ്യവസായ മേഖലകളിൽ ലഭ്യമായിട്ടുള്ള തൊഴിലുകൾ സംബന്ധിച്ചും അത്തരത്തിലുള്ള തൊഴിലുകൾക്കുവേണ്ട നൈപുണ്യത്തെയും വൈദഗ്ദ്ധ്യത്തെയും സംബന്ധിച്ചും വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും വ്യവസായ മേഖലകളിൽനിന്നുള്ള പ്രഗത്ഭരുമായി സംവദിക്കുന്നതിനും അവസരമൊരുക്കുന്നതിനായി അസാപ് സെല്ലുകൾ ആരംഭിച്ചു. കേരളത്തിലെ 468 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നുള്ള 10,822 വിദ്യാർഥികൾ നിലവിൽ അസാപ് സെല്ലിന്റെ ഭാഗമാണ്. അസാപ് പ്ലേസ്മെന്റ് പോർട്ടൽ വിദ്യാസമ്പന്നരായ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ നിരക്ക് പരിഹരിക്കുക, തൊഴിൽ അന്വേഷകർക്ക്

അവരുടെ യോഗ്യതയ്ക്കും വൈദഗ്ദ്ധ്യത്തിനും അനുസരിച്ചുള്ള തൊഴിൽ കണ്ടെത്താൻ സഹായിക്കുക, തൊഴിൽ ദാതാക്കൾക്ക് തങ്ങൾക്കനുയോജ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്താൻ സഹായിക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ 2021 മേയിൽ അസാപ് ആരംഭിച്ച പ്ലേസ്മെൻ്റ് പോർട്ടൽ തൊഴിൽദാതാക്കൾക്കും തൊഴിൽ അന്വേഷകർക്കും ഒരുപോലെ പ്രയോജനപ്പെട്ടിട്ടുണ്ട്. കോവിഡ് കാലഘട്ടത്തിൽ ക്യാംപസ് റിക്രൂട്ട്മെന്റ് വഴി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കാനുള്ള സാദ്ധ്യതകൾ അടഞ്ഞ സാഹചര്യത്തിൽ തൊഴിൽദാതാക്കൾക്ക് ഒരു വെർച്വൽ റിക്രൂട്ട്മെന്റിനുള്ള ഉപാധിയായി മാറാനും ഉദ്യോഗാർത്ഥികൾക്ക് ഫോർച്യൂൺ 500 കാറ്റഗറിയിൽപ്പെടുന്ന മൾട്ടി നാഷണൽ കമ്പനികളിൽ ജോലിയിൽ പ്രവേശിക്കാനും അവസരമൊരുക്കാൻ ഈ സംവിധാനത്തിന് സാധിച്ചു. പോർട്ടലിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് അവരുടെ മികവിന്റെയും സാദ്ധ്യതയുടെയും അടിസ്ഥാനത്തിൽ തരംതിരിച്ച് ഓൺലൈൻ പരിശീലനം നൽകി റിക്രൂട്ട്മെന്റിന് സജ്ജമാക്കുന്നു. ഈ സർക്കാർ നിലവിൽ വന്നതുവരെ അസാപ് പ്ലേസ്മെന്റ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത 377 ഉദ്യോഗാർത്ഥികളിൽ 47 പേർക്ക് തൊഴിൽ ലഭിച്ചിരുന്നു. ഈ സർക്കാരിന്റെ കാലയളവിൽ 16,101 പേർ രജിസ്റ്റർ

ചെയ്യുകയും ഇതിൽ 7,930 പേർ പ്ലേസ്മെന്റ് അവസരങ്ങൾക്ക് അർഹരാകുംവിധം പ്രൊഫൈൽ അപ്ഡേഷൻ പൂർത്തിയാക്കിയിട്ടുമുണ്ട്. ഇവരിൽ 140 പേർക്ക് തൊഴിൽ ലഭിച്ചു. മറ്റുള്ളവരെ തൊഴിൽ സജ്ജരാക്കുന്നതിനുള്ള പരിശീലനം നൽകിവരുന്നു. ഇന്റേൺഷിപ് അസാപിന്റെ സ്റ്റേറ്റ് ഇന്റേൺഷിപ്പ് പോർട്ടൽ (State Internship Portal) വഴി ബിരുദ വിദ്യാർത്ഥികൾക്കും ബിരുദധാരികൾക്കും വിവിധ സർക്കാർ-സ്വകാര്യ സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പ് പരിശീലനത്തിനുള്ള അവസരം ലഭ്യമാക്കുന്നുണ്ട്. ബിരുദധാരികൾക്ക് ഒരു വർഷത്തെ 'ഗ്രാഡുവേഷൻ പ്രൊബേഷൻ പ്രോഗ്രാം' ആയും ബിരുദ വിദ്യാർത്ഥികൾക്ക് സെമസ്റ്റർ ബ്രേക്ക് കാലയളവിൽ ഷോർട്ട് ടേം പ്രോഗ്രാമുമായാണ് ഇന്റേൺഷിപ്പ് നൽകുന്നത്. വിദ്യാർത്ഥികൾക്ക് വ്യാവസായിക അന്തരീക്ഷം പരിചയപ്പെടുത്തിക്കൊടുക്കുക, പരിശീലനം നൽകുക, തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുക എന്നിവയാണ് ഇതിലൂടെ പ്രധാനമായി ലക്ഷ്യമിടുന്നത്. വ്യവസായ, സേവന മേഖലയ്ക്ക് ആവശ്യമായ നൈപുണ്യം ചെറുപ്പക്കാരിൽ സൃഷ്ടിച്ചെടുക്കാൻ ഈ പദ്ധതി സഹായകരമാണ്. ഇതുവഴി മികച്ച തൊഴിലവസരവും ഉറപ്പാക്കുന്നു. ഈ സർക്കാർ നിലവിൽ വന്നതുവരെ അസാപ് വഴി 469 പേരായിരുന്നു വിവിധ സ്ഥാപനങ്ങളിൽ

ഇന്റേൺഷിപ്പ് പൂർത്തിയാക്കിയത്. ഈ സർക്കാരിന്റെ കാലയളവിൽ 30 പേർകൂടി വിവിധ സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പിന് ചേർന്നിട്ടുണ്ട്. കമ്മ്യൂണിറ്റി സ്കിൽ പാർക്ക് മാറുന്ന തൊഴിൽ സാഹചര്യത്തിൽ മെച്ചപ്പെട്ട തൊഴിൽ നേടുന്നതിന് പൊതുസമൂഹത്തിനെ സജ്ജമാക്കാനായി ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ കേരള സർക്കാർ നടത്തിയ ഫലപ്രദമായ ഇടപെടലാണ് അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ. 25000-ലധികം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലന സൗകര്യങ്ങളോടെയാണ് സ്കിൽ പാർക്കുകൾ നിർമ്മിക്കുന്നത്. ഇത്തരത്തിൽ വിഭാവനം ചെയ്ത 16 സ്കിൽ പാർക്കുകളിൽ 9 എണ്ണം നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുന്ന 7 സ്കിൽ പാർക്കുകളുടെ നിർമ്മാണപ്രവർത്തനം നടന്നുവരുന്നു. നഴ്സസ് ട്രെയിനിംഗ് സംസ്ഥാനത്തെ നഴ്സുമാരുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിനായി അസാപ് പരിശീലനം നൽകിവരുന്നു. ഭാഷാ പരിശീലനം, ക്ലിനിക്കൽ പരിശീലനം, യു.കെ-യിൽ പ്ലേസ്മെന്റ് എന്നിങ്ങനെ മൂന്ന് ഭാഗങ്ങൾ ഉൾപ്പെടുന്നതാണ് പരിശീലനം. ഭാഷാ പരിശീലനത്തിനായി ബ്രിട്ടീഷ് കൗൺസിലുമായും ക്ലിനിക്കൽ പരിശീലനത്തിനായി ആസ്റ്റർ ഡി.എം.

ഹെൽത്ത് കെയറുമായും അസാപ് ധാരണയിലെത്തിയിട്ടുണ്ട്. പരിശീലന പരിപാടിയുടെ ആദ്യഘട്ടം ഭാഷാ പരിശീലനമാണ്. ബ്രിട്ടീഷ് കൗൺസിലുമായി ചേർന്ന് IELTS പരീക്ഷയിൽ വിജയിക്കാൻ ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകും. IELTS വിജയകരമായി പൂർത്തിയാക്കുന്ന ഉദ്യോഗാർത്ഥികൾക്ക് യു.കെ-യിൽ പ്ലേസ്മെന്റ് അവസരങ്ങൾ നൽകുകയും ക്ലിനിക്കൽ പരിശീലനം നൽകുകയും ചെയ്യും. ഈ സർക്കാരിന്റെ കാലയളവിൽ 8 ബാച്ചുകളിലായി 106 നഴ്സുമാർക്ക് പരിശീലനം നൽകി. എൻ.എസ്.ക്യു.എഫ്. നിലവാരത്തിൽ അസാപ് വികസിപ്പിച്ച കോഴ്സുകൾ ഈ സർക്കാരിന്റെ കാലയളവിൽ അസാപ് വികസിപ്പിച്ചെടുത്ത നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻസ് ഫ്രെയിംവർക്ക് (NSQF) നിലവാരത്തിലുള്ള കോഴ്സുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഈ കോഴ്സുകൾ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ എജ്യുക്കേഷൻ ആൻഡ് ട്രെയിനിംഗ് (NCVET)-ന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്.

1. Advanced Communicative English Trainer (NSQF Level 7) Course Duration: 500 hours.

2. Business Analytics (NSQF Level 6)

Course Duration: 975 hours

3. Digital Marketing using AR/VR (NSQF Level 6) Course Duration: 286 hours

ഇൻഡസ്ലി ഓൺ ക്യാംപസ് (IoC) പരമ്പരാഗത അദ്ധ്യയനത്തിനൊപ്പം പ്രായോഗിക പരിശീലനത്തെ പ്രോത്സാഹിപ്പിക്കുകയും വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തിയെടുക്കുന്നതിനുമായി അസാപ്, കേരളത്തിലെ പോളിടെക്നിക് കോളേജുകളിൽ ഏകദേശം ഏഴ് കോടിയോളം രൂപയുടെ ഫാബ് ലാബ്, റോബോട്ടിക് കിറ്റ് തുടങ്ങിയ നൂതന സാങ്കേതിക ഉപകരണങ്ങൾ നൽകുകയുണ്ടായി. ഈ ഉപകരണങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട പോളിടെക്നിക് കോളേജ് അദ്ധ്യാപകർക്ക് പത്ത് ദിവസം നീളുന്ന പരിശീലനം അസാപ് നൽകി. 41 പോളിടെക്നിക് കോളേജുകളിലായി ഈ വർഷം 'ഇൻഡസ്ലി ഓൺ ക്യാംപസ്' എന്ന പദ്ധതി നടപ്പിലാക്കുന്നതാണ്. പോളിടെക്നിക്കുകളിൽ സ്ഥാപിക്കുന്ന വ്യാവസായിക മാതൃകയിലൂടെ വിദ്യാർത്ഥികൾക്ക് അവർ അഭ്യസിച്ച കോഴ്സുകളുടെ പ്രായോഗിക കാര്യങ്ങൾ മനസ്സിലാക്കുവാനുള്ള അവസരം ലഭിക്കും. 'പഠനത്തോടൊപ്പം വരുമാനവും' (Earn while you Learn) എന്ന ആശയം പ്രോത്സാഹിപ്പിക്കുവാനും ഇൻഡസ്ലി ഓൺ ക്യാംപസിലൂടെ സാധിക്കും.

ഈ പദ്ധതിവഴി വിവിധ വ്യവസായ മേഖലകളുമായി സഹകരിച്ച് പോളിടെക്നിക്കുകളെ വ്യവസായ യൂണിറ്റുകളാക്കി മാറ്റുവാനും സാധിക്കും.

(ബി) പ്രസ്തുത പ്രോഗ്രാം നടപ്പിലാക്കുന്നതിൽ കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം ലഭിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം ലഭിക്കുന്നില്ല.

(സി) പ്രസ്തുത പ്രോഗ്രാമിലൂടെ യുവജനങ്ങൾക്ക് ഏതെല്ലാം മേഖലകളിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ?

നിലവിൽ 14 സ്കിൽ ക്ലസ്റ്ററുകളിലായി 103 കോഴ്സുകളിൽ അസാപ് മുഖാന്തരം പരിശീലനം നൽകിവരുന്നു. ഈ കോഴ്സുകൾ പഠിതാക്കളെ ഇൻഡസ്ട്രിയൽ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനൊപ്പം സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പ്രാപ്തരാക്കുന്നു. ഇലക്ട്രോണിക്സ് ക്ലസ്റ്ററിൽനിന്നുള്ള ഡ്രോൺ ടെക്നോളജി കോഴ്സ്, ഹാൻഡ്സെറ്റ് റിപ്പെയർ കോഴ്സ്, സോളാർ പി.വി. സിസ്റ്റം ഡിസൈൻ ആന്റ് ഇൻസ്റ്റലേഷൻ കോഴ്സ്, എൽ.ഇ.ഡി. ലൈറ്റ് പ്രോഡക്ട് ഡിസൈൻ, അസംബ്ലിംഗ് ആന്റ് റിപ്പയറിംഗ്, മീഡിയ ആന്റ് എന്റർടെയിൻമെന്റ് ക്ലസ്റ്ററിൽനിന്നുള്ള

ഗ്രാഫിക് ഡിസൈനർ കോഴ്സ്, പവർ ആന്റ് എനർജി മാനേജ്മെന്റ് ക്ലസ്റ്ററിൽനിന്നുള്ള സോളാർ പി.വി. റൂഫ് ടോപ്പ് കോഴ്സ് തുടങ്ങിയവ പഠിതാക്കളെ സ്വയംതൊഴിൽ കണ്ടെത്തുന്നതിനും അതുവഴി സംരംഭങ്ങൾ തുടങ്ങുന്നതിനും പ്രാപ്തരാക്കുന്നു.

ആശ്വാസ കിരണം പദ്ധതി

211 (1751) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിടപ്പിലായ രോഗികളെ പരിചരിക്കുന്നവർക്ക് ധനസഹായം നൽകുന്ന ആശ്വാസകിരണം പദ്ധതിയിൽ 2018 മുതൽ ലഭിച്ച അപേക്ഷകളിൽ തീരുമാനമായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വ്യക്തമാക്കാമോ?

11.10.2012-ലെ സ.ഉ.(എം.എസ്)നം. 60/2012/സാക്ഷേവ. പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ, 100% അന്ധത എന്നിവയ്ക്ക് പുറമേ പ്രായാധിക്യംകൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന

കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം ടി പദ്ധതിയിലെ അപേക്ഷകരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാവുകയും ചെയ്തു. ആശ്വാസകിരണം പദ്ധതി പ്രകാരം 2018 മാർച്ച് മാസം വരെ ലഭിച്ച അപേക്ഷകളിന്മേലാണ് തീർപ്പുകൽപ്പിച്ചിട്ടുള്ളത്. അപേക്ഷകരുടെ എണ്ണം വർഷംതോറും ക്രമാതീതമായി വർദ്ധിക്കുന്നതുമൂലം ബഡ്ജറ്റ് വിഹിതത്തിന് പുറമേ അധിക ധനവിനിയോഗം ആവശ്യമായി വരുന്നുണ്ട്.

(ബി) ധനസഹായം ലഭിക്കാത്തതുമൂലം രോഗികൾക്കും അവരെ പരിചരിക്കുന്നവർക്കും ഉണ്ടായിട്ടുള്ള പ്രയാസങ്ങൾ പരിഹരിച്ച് അടിയന്തരമായി കുടിശ്ശിക വിതരണം ചെയ്യുമോ?

ഗുണഭോക്താക്കളുടെ എണ്ണം വർഷംതോറും കൂടിവരുന്നതിനാൽ അധിക ധനവിനിയോഗം മുഖേന അധിക തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ലഭ്യമായ അപേക്ഷകൾ പദ്ധതി മാനദണ്ഡപ്രകാരം അർഹത പരിശോധിച്ച് ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്

അക്കൗണ്ട്, ആധാർ രേഖകൾ എന്നീ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ഫണ്ട് ലഭ്യതയ്ക്കനുസൃതമായി ധനസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) ധനസഹായമായി മാസത്തിൽ അനുവദിക്കുന്ന തുക നാമമാത്രമായതിനാൽ ആയത് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ആശ്വാസകിരണം പദ്ധതി ധനസഹായം 525 രൂപയിൽനിന്നും 600 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് 21.10.2016-ലെ സ.ഉ.(എം.എസ്.)നം. 51/2016 സാനീവ. പ്രകാരം ഉത്തരവായിരുന്നു. ടി തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചുള്ള വിഷയം പരിഗണിക്കാവുന്നതാണ്.

കോക്ലിയർ ഇംപ്ലാന്റേഷൻ സ്കീം

212 (1752) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷന്റെ കോക്ലിയാർ ഇംപ്ലാന്റേഷൻ സ്കീമിലൂടെ ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; പ്രസ്തുത സ്കീം പ്രകാരം അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ കോക്ലിയാർ ഇംപ്ലാന്റേഷൻ സ്കീമിലൂടെ ലഭിക്കുന്ന സേവനങ്ങളും പ്രസ്തുത സ്കീം പ്രകാരം അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങളും അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത സ്കീം പ്രകാരം രാജീവൻ പി. എം., പൊന്മേരി പറമ്പിൽ, വില്യാപ്പള്ളി എന്നയാൾ സമർപ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പ്രസ്തുത സ്കീം പ്രകാരം രാജീവൻ പി. എം., പൊന്മേരി പറമ്പിൽ, വില്യാപ്പള്ളി എന്നയാളുടെ അപേക്ഷ കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ പരിശോധിച്ചുവരുന്നു.

## മിശ്രവിവാഹിതരും സാമൂഹ്യമായി പിന്നാക്കം നിൽക്കുന്നതുമായ ദമ്പതികൾക്ക് സാമ്പത്തിക സഹായം

213 (1753) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിശ്രവിവാഹിതരും സാമൂഹ്യമായി പിന്നാക്കം നിൽക്കുന്നതുമായ ദമ്പതികൾക്ക് നൽകിവരുന്ന സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള സേവനങ്ങൾ ലഭിക്കുന്നതിന് ബ്ലോക്കുതല ഓഫീസുകൾ വഴി നടപടി സ്വീകരിച്ചിരുന്നത് ഇപ്പോൾ ഒഴിവാക്കപ്പെടുകയും ആയതിന് ജില്ലാതല ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കേണ്ടി വരുന്നതുമൂലം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അപേക്ഷകർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിതാ ശിശു വികസന വകുപ്പ് രൂപീകരിച്ചപ്പോൾ ബ്ലോക്കുതല ഓഫീസുകൾ വനിതാ-ശിശു വികസന വകുപ്പിന് കീഴിലായിട്ടുണ്ട്. നിലവിൽ സാമൂഹ്യനീതി വകുപ്പിന് കീഴിൽ ജില്ലാതലത്തിൽ ഒരു ഓഫീസ് മാത്രമേയുള്ളൂ. മിശ്രവിവാഹ ധനസഹായ പദ്ധതി സാമൂഹ്യനീതി വകിപ്പിന് കീഴിലായതിനാൽ ജില്ലാ ഓഫീസിൽ മാത്രമേ അപേക്ഷകൾ സ്വീകരിക്കാൻ സാധിക്കുന്നുള്ളൂ. താലൂക്കുതല ഓഫീസുകൾ രൂപീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) സാമൂഹ്യനീതി വകുപ്പിന്റെ എല്ലാ സേവനങ്ങളും ബ്ലോക്കുതല ഓഫീസുകൾവഴി ലഭ്യമാക്കുന്നതിനുണ്ടായിരുന്ന സൗകര്യം പുനസ്ഥാപിക്കുന്നതിനും എല്ലാ സേവനങ്ങൾക്കും ജില്ലാ ഓഫീസുകളെ സമീപിക്കേണ്ടി വരുന്നത് ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പരിശോധിക്കാവുന്നതാണ്.

## സോഷ്യൽ സെക്യൂരിറ്റി മിഷനിലൂടെ നടപ്പാക്കുന്ന ചികിത്സാ ധനസഹായ പദ്ധതി

214 (1754) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന് കീഴിൽ സോഷ്യൽ സെക്യൂരിറ്റി മിഷനിലൂടെ നടപ്പാക്കുന്ന ചികിത്സാ ധനസഹായ പദ്ധതി പ്രകാരമുള്ള അപേക്ഷകർക്ക് യഥാസമയം ധനസഹായം ലഭിക്കാത്ത സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) 2021 മേയ് മാസം മുതൽ 2022 ജനുവരി വരെ ചികിത്സ ധനസഹായത്തിനുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇവയിൽ എത്ര അപേക്ഷയിന്മേൽ ധനസഹായം അനുവദിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന ക്യാൻസർ സുരക്ഷ, താലോലം പദ്ധതികൾക്ക് നേരിട്ട് അപേക്ഷ സ്വീകരിക്കുന്നില്ല. തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികൾ മുഖേന സൗജന്യ ചികിത്സ നല്കിവരുന്നു. ഇതിലേയ്ക്കാവശ്യമായി വരുന്ന തുക തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികൾക്ക് കെ.എസ്.എസ്.എം. അഡ്വാൻസായി നൽകിവരുന്നു. ചികിത്സ ആവശ്യമുള്ള കുട്ടികൾ ബന്ധപ്പെട്ട ആശുപത്രിയിൽ രജിസ്റ്റർ

ചെയ്യുന്ന മുറയ്ക്ക് അർഹതയുടെ അടിസ്ഥാനത്തിൽ ചികിത്സ ലഭിക്കുന്നതാണ്. സമാശ്വാസം പദ്ധതിക്ക് 2021 മേയ് മാസം മുതൽ 2022 ജനുവരി വരെ 696 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. സമാശ്വാസം പദ്ധതിക്ക് ഓരോ വർഷത്തേയും പദ്ധതി വിഹിതത്തിനുള്ളിൽ നിന്നുമാത്രമേ ധനസഹായം അനുവദിക്കാവൂ എന്ന നിബന്ധനയുള്ളതിനാൽ അതാത് വർഷങ്ങളിൽ അനുവദിക്കുന്ന ഫണ്ട് മതിയാകാതെ വരുന്നതിനാൽ എല്ലാ അപേക്ഷകർക്കും ആനുകൂല്യം ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. വി കെയർ പദ്ധതിക്ക് 2021 മേയ് മാസം മുതൽ 2022 ജനുവരി മാസം വരെ ചികിത്സാ ധനസഹായത്തിനുള്ള 1110 അപേക്ഷകളിൽ 348 അപേക്ഷകർക്ക് ചികിത്സ ധനസഹായം അനുവദിച്ചിട്ടുണ്ട്. മറ്റുള്ള അപേക്ഷകൾ വി കെയറിന്റെ വിവിധ കമ്മിറ്റികളിൽ പരിഗണിച്ച്, കമ്മിറ്റിയുടെ തീരുമാനപ്രകാരം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സഹായം അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) ഈ പദ്ധതിയിലൂടെ ചികിത്സാ ധനസഹായത്തിന് എപ്രകാരമാണ് അപേക്ഷ നൽകേണ്ടത്; എന്തൊക്കെ രേഖകൾ സമർപ്പിക്കണം; ഏതൊക്കെ അത്യാഹിതങ്ങൾക്കാണ് തുക അനുവദിക്കുന്നത്; പരമാവധി അനുവദിക്കുന്ന തുക എത്ര; ഇവ സംബന്ധിച്ച വിശദമായ വിവരങ്ങൾ നൽകുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## ആശ്വാസകിരണം പദ്ധതി

215 (1755) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപേക്ഷ നൽകി വർഷങ്ങളായിട്ടും ആശ്വാസകിരണം പദ്ധതിയിലൂടെ ആനുകൂല്യം ലഭിക്കാത്തവരുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടി ആനുകൂല്യം വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

11.10.2012-ലെ സ.ഉ.(എം.എസ്.)നം. 60/2012/സാക്ഷേവ. പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ, 100% അന്ധത എന്നിവയ്ക്ക് പുറമേ പ്രായാധിക്യംകൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം ടി പദ്ധതിയിലെ അപേക്ഷകരുടെ എണ്ണം ക്രമാതീതമായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാവുകയും ചെയ്തു. ആശ്വാസകിരണം പദ്ധതി പ്രകാരം 2018 മാർച്ച് മാസം വരെ ലഭിച്ച അപേക്ഷകളിന്മേലാണ് തീർപ്പു കൽപ്പിച്ചിട്ടുള്ളത്. അപേക്ഷകരുടെ എണ്ണം വർഷംതോറും ക്രമാതീതമായി വർദ്ധിക്കുന്നതുമൂലം ബഡ്ജറ്റ് വിഹിതത്തിനപുറമേ അധിക ധനവിനിയോഗം ആവശ്യമായി വരുന്നുണ്ട്.

(ബി) അർഹരായ അപേക്ഷകർക്ക് ടി ആനുകൂല്യം സമയബന്ധിതമായി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഗുണഭോക്താക്കളുടെ എണ്ണം വർഷംതോറും കൂടിവരുന്നതിനാൽ അധിക ധനവിനിയോഗം മുഖേന അധികതുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ലഭ്യമായ അപേക്ഷകൾ പദ്ധതി മാനദണ്ഡപ്രകാരം അർഹത പരിശോധിച്ച് ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക് അക്കൗണ്ട്, ആധാർ രേഖകൾ എന്നീ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ഫണ്ട് ലഭ്യതയ്ക്കനുസൃതമായി ധനസഹായം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

## അങ്കണവാടി ട്രെയിനിംഗ് സെന്ററുകളിലെ ജീവനക്കാരുടെ ശമ്പള വർദ്ധനവും തൊഴിൽ സംരക്ഷണവും

216 (1756) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉൾപ്പെടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അങ്കണവാടി ട്രെയിനിംഗ് സെന്ററുകളിലെ ജീവനക്കാരുടെ ശമ്പളവർദ്ധനവും തൊഴിൽ സംരക്ഷണവും സംബന്ധിച്ച പ്രശ്നത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

അങ്കണവാടി പരിശീലന പദ്ധതി 60% കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ച് NGO ഉടമസ്ഥതയിലുള്ള ട്രെയിനിംഗ് സെന്ററുകൾ മുഖേനയാണ് ട്രെയിനിംഗ് സംഘടിപ്പിച്ചുവന്നിരുന്നത്. നിലവിൽ 2020 മാർച്ച് വരെ ട്രെയിനിംഗ് നടത്തുന്നതിനുള്ള അനുമതിയാണ് കേന്ദ്ര സർക്കാരിൽനിന്ന് ലഭ്യമായിട്ടുള്ളത്. 2020-21, 2021-22 വർഷങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാർ നൽകിയിട്ടില്ല. 2018-19 വർഷത്തോടുകൂടി റിഫ്രഷർ പരിശീലനം കേന്ദ്ര സർക്കാർ നിർത്തലാക്കി. 2019-20 വർഷം ജോബ് ട്രെയിനിംഗ് സംഘടിപ്പിക്കുന്നതിനുള്ള കേന്ദ്ര നിർദ്ദേശപ്രകാരം തുടർന്നുള്ള വർഷങ്ങളിൽ

NGO-കൾക്ക് ഫണ്ട് നൽകിയില്ലായെന്നും ട്രെയിനിംഗ് സർക്കാർ നേരിട്ട് നടത്തണമെന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്. ആയതിനാലാണ് 2019-20 വർഷത്തിനുശേഷം ട്രെയിനിംഗ് നടത്തുന്നതിന് കാസർഗോഡ് ജില്ല ഉൾപ്പെടെയുള്ള ട്രെയിനിംഗ് സെന്ററുകൾക്ക് അനുമതി നൽകാൻ കഴിയാതിരുന്നത്. ട്രെയിനിംഗ് സെന്റർ ജീവനക്കാരുടെ ശമ്പളവർദ്ധനവ് കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശത്തിന്റെ പരിധിയിൽ വരുന്നതാകയാൽ വകുപ്പിന് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ കഴിയില്ല.

(ബി) വർഷങ്ങളായി ഈ മേഖലയിൽ പണിയെടുത്തവരുടെ സംരക്ഷണം സർക്കാർ ഏറ്റെടുക്കുമോ എന്ന് വ്യക്തമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## വർക്കർ, ഹെൽപ്പർ തസ്തികകളിലെ നിയമനം

217 (1757) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ പട്ടണക്കാട്, തൈക്കാട്ടുശ്ശേരി ഐ.സി.ഡി.എസ്. ഓഫീസിന് കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ വർക്കർ, ഹെൽപ്പർ തസ്തികകളിൽ നിലവിൽ ഒഴിവുകളുണ്ടോയെന്ന് അറിയിക്കാമോ;

&

(ബി) വർക്കർ, ഹെൽപ്പർ തസ്തികകളിൽ നിയമനം നടത്തുന്നതിന് സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

പട്ടണക്കാട് ഐ.സി.ഡി.എസ്. പ്രോജക്ടിന് കീഴിൽ 44 അങ്കണവാടി വർക്കർമാരുടെയും 2 അങ്കണവാടി ഹെൽപ്പർമാരുടെയും തൈക്കാട്ടുശ്ശേരി ഐ.സി.ഡി.എസ്. പ്രോജക്ടിനുകീഴിൽ 40 അങ്കണവാടി വർക്കർമാരുടെയും 53 അങ്കണവാടി ഹെൽപ്പർമാരുടേയും ഒഴിവുകളുണ്ട്. മേൽ ഒഴിവുകളിലേയ്ക്ക് താത്ക്കാലിക നിയമനം നടത്തി പദ്ധതി പ്രവർത്തനം സുഗമമായി നടന്നുവരുന്നുണ്ട്. പ്രസ്തുത പ്രോജക്ടുകളിൽ വർക്കർ, ഹെൽപ്പർ തസ്തികകളിൽ നിയമനം നടത്തുന്നതിന് സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ല.

ശാരീരിക വളർച്ചക്കുറവുള്ള കുട്ടികളുടെ ചികിത്സാ ചെലവ്

218 (1758) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർമോൺ കുറവുകാരണം വളർച്ചക്കുറവ്, ഉയരക്കുറവ് എന്നിവ നേരിടുന്ന കുട്ടികൾക്കുള്ള ചികിത്സയുടെ ഭാഗമായ മരുന്നുകൾക്ക് വലിയ വില നൽകേണ്ടി വരുന്നതിനാൽ പ്രസ്തുത കാറ്റഗറിയിൽപ്പെട്ട

രോഗങ്ങളും ആയതിന്റെ ചികിത്സാചെലവും താലോലം പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഹോർമോൺ കുറവുകാരണം വളർച്ചക്കുറവ്, ഉയരക്കുറവ് എന്നിവ നേരിടുന്ന കുട്ടികൾക്കുള്ള ചികിത്സ താലോലം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത കാറ്റഗറിയിൽപ്പെട്ട രോഗങ്ങളും ആയതിന്റെ ചികിത്സാ ചെലവും താലോലം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഹോർമോൺ കുറവുകാരണം ശാരീരിക വളർച്ചക്കുറവ് അനുഭവപ്പെടുന്ന കുട്ടികളുടെ ചികിത്സാ ചെലവിന് നിലവിൽ സാമൂഹ്യനീതി വകുപ്പ് വഴി സാമ്പത്തിക സഹായം നൽകുന്നുണ്ടോ; വിശദമാക്കാമോ?

ഇല്ല.

(സി) ഇല്ലെങ്കിൽ ഇത്തരക്കാർക്കായി പുതിയ പദ്ധതി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

തൂക്കക്കുറവ്, വളർച്ചക്കുറവ്, ഉയരക്കുറവ് എന്നിവ നേരിടുന്ന കുട്ടികളെ പോഷൺ ട്രാക്കർ ആപ്ലിക്കേഷൻ വഴി കണ്ടെത്തി പരിഹാരം കണ്ടെത്താനുള്ള നടപടി നടന്നുവരുന്നു.

## ആശ്വാസകിരണം പദ്ധതി

219 (1759) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം പദ്ധതിയിൽ നാളിതുവരെ ലഭ്യമായ അപേക്ഷകളുടെ എണ്ണം വ്യക്തമാക്കാമോ?

ആശ്വാസകിരണം പദ്ധതി പ്രകാരം നിലവിൽ 92,412 ഗുണഭോക്താക്കൾക്കാണ് ധനസഹായം നൽകിവരുന്നത്. 2018 മാർച്ച് മാസം വരെ ലഭിച്ച അപേക്ഷകളിന്മേലാണ് തീർപ്പ് കൽപ്പിച്ചിട്ടുള്ളത്. 2018 ഏപ്രിൽ മുതൽ 2022 ഫെബ്രുവരി വരെ 62,282 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം ലഭ്യമായ അപേക്ഷകളിൽ തീർപ്പ് കല്പിച്ചവയുടെ എണ്ണവും കാലയളവും വ്യക്തമാക്കാമോ?

ആശ്വാസകിരണം പദ്ധതിപ്രകാരം 2018 മാർച്ച് 31 വരെയുള്ള അപേക്ഷകർക്ക് 2020 ഓഗസ്റ്റ് മാസം വരെയുള്ള കുടിശ്ശിക ധനസഹായം 2021 ഡിസംബർ മാസത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. ധനസഹായം നൽകിയിട്ടുള്ളവരുടെ വർഷം തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം അർഹതപ്പെട്ടവർക്ക് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അപേക്ഷകരുടെ എണ്ണം വർഷംതോറും വളരെ കൂടി വരുന്നതിനാൽ ബഡ്ജറ്റ് വിഹിതത്തിനുപുറമേ അധിക ധനവിനിയോഗം മുഖേന അധിക തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നിലവിലെ ഗുണഭോക്താക്കൾക്കുകൂടി കുടിശ്ശിക സഹിതം ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

എൻഡോസൾഫാൻ സെൽ യോഗം

220 (1760) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാനുമായി ബന്ധപ്പെട്ട സെൽ അവസാനമായി യോഗം ചേർന്നതെപ്പോഴാണെന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത യോഗം ചേരാൻ വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

7.3.2022-ൽ യോഗം ചേർന്നിട്ടുണ്ട്.

(സി) എൻഡോസൾഫാൻ സെല്ലിന്റെ കാലാവധി എത്ര വർഷമാണെന്ന് വ്യക്തമാക്കാമോ?

സെല്ലിന് നിശ്ചിത കാലാവധി നിശ്ചയിച്ചിട്ടില്ല. നിലവിൽ സെല്ലിന്റെ അദ്ധ്യക്ഷനായി നിയോഗിക്കപ്പെടുന്നത് മന്ത്രിസഭാംഗങ്ങളിൽ ഒരാൾ ആയതിനാൽ മന്ത്രിസഭയുടെ കാലാവധി അവസാനിച്ച് പുതിയ മന്ത്രിസഭ അധികാരമേൽക്കുമ്പോൾ സെൽ പുനഃസംഘടിപ്പിക്കേണ്ടതുണ്ട്.

(ഡി) സെൽ പുനഃസംഘടിപ്പിക്കാത്തതാണ് യോഗം ചേരുന്നതിനുള്ള കാലവിളംബത്തിന്റെ കാരണമെങ്കിൽ പുനഃസംഘടന വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

എൻഡോസൾഫാൻ സെൽ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. 7.3.2022-ൽ യോഗം ചേർന്നിട്ടുണ്ട്.

(ഇ) എൻഡോസൾഫാൻ സെൽ തുടരേണ്ടതില്ലെന്ന നിലപാടാണോ സർക്കാരിനുള്ളതെന്ന് വ്യക്തമാക്കാമോ?

എൻഡോസൾഫാൻ സെൽ പുനഃസംഘടിപ്പിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(എഫ്) ഇല്ലെങ്കിൽ സെൽ എപ്പോൾ നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ?

ബാധകമല്ല.

ഭിന്നശേഷിക്കാരുടെ പുനരധിവാസ പദ്ധതികൾ

221 (1761) ഡോ. കെ. ടി. ജലീൽ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ പ്രസിദ്ധീകരിച്ച ഭിന്നശേഷി സർവ്വേ പ്രകാരമുള്ള കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷിക്കാരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ് മുഖേന നടത്തുന്ന പദ്ധതികൾ അനുബന്ധം (I) ആയി ചേർക്കുന്നു.+ ഭിന്നശേഷിക്കാരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിനായി 'അനുയാത്ര' എന്ന പേരിൽ ഒരു സമഗ്ര പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കിവരുന്നു. അനുയാത്രാ പദ്ധതിയെക്കുറിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധം (II) ആയി ചേർക്കുന്നു.+ ഭിന്നശേഷിക്കാരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിന് കേരള സംസ്ഥാന വികലാംഗ ക്ഷേമ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധം (III) ആയി ചേർക്കുന്നു.+

(ബി) കേരള സാമൂഹ്യ സുരക്ഷ മിഷൻ, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ, എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് എന്നിവ മുഖേന സാമൂഹ്യനീതി വകുപ്പ് നടപ്പാക്കിവരുന്ന പുനരധിവാസ പദ്ധതികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ?

സാമൂഹ്യനീതി വകുപ്പും കേരള സാമൂഹ്യ സുരക്ഷാ മിഷനും സംയുക്തമായി നടത്തിയ അംഗപരിമിത സെൻസസ്-2015 പ്രകാരമുള്ള കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷിക്കാരുടെ പുനരധിവാസം ഉറപ്പുവരുത്തുന്നതിനായി 'അനുയാത്ര' എന്ന പേരിൽ ഒരു സമഗ്ര പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കിവരുന്നു. ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണവും സാമൂഹ്യ സുരക്ഷിതത്വവും ഉറപ്പുവരുത്തി രാഷ്ട്ര നിർമ്മാണത്തിന് പ്രാപ്തരാക്കുന്നതിന് അവർക്ക് തടസ്സമാകുന്ന വൈകല്യം മറികടക്കാനുതകുന്ന നൂതന സാങ്കേതിക ഉപകരണങ്ങൾ നൽകുകയും അവരുടെ പുനരധിവാസം ഉറപ്പുവരുത്തുകയും ചെയ്യുന്ന ഭിന്നശേഷി സഹായ ഉപകരണ വിതരണ പദ്ധതി സാമൂഹ്യനീതി വകുപ്പ് മുഖേന വികലാംഗ ക്ഷേമ കോർപ്പറേഷൻവഴി നടപ്പിലാക്കുന്നു. കൂടാതെ സ്വയംതൊഴിലിനായി വായ്പാ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികൾ, ലോട്ടറി ഏജന്റുമാർക്ക് ധനസഹായം, ഗുരുതരമായ ഭിന്നശേഷിത്വമുള്ള കുട്ടികൾക്ക് സ്ഥിരനിക്ഷേപ പദ്ധതി, ഭിന്നശേഷിക്കാരായവർക്ക് പ്രൊഫിഷ്യൻസി അവാർഡ്, സാഫല്യം പരിചരണ കേന്ദ്രം എന്നിവയും നടത്തിവരുന്നു. എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, പൊതുവിദ്യാഭ്യാസ വകുപ്പ് എന്നിവർ സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് പദ്ധതികളൊന്നുംതന്നെ നടപ്പിലാക്കുന്നില്ല.

(സി) സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റിന്റെ പ്രവർത്തനം വിശദീകരിക്കാമോ?

The Persons with Disabilities (Equal Opportunity Protection of Rights and Full participation) Act 1995 പ്രകാരം 1999-ലാണ് കേരളത്തിൽ ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണത്തിനായുള്ള കമ്മീഷണറേറ്റ് സ്ഥാപിതമായത്. 2016-ലെ ഭിന്നശേഷി അവകാശ സംരക്ഷണ നിയമപ്രകാരമാണ് ഇപ്പോൾ കമ്മീഷണറേറ്റ് പ്രവർത്തിച്ചുവരുന്നത്. 2016-ലെ ഭിന്നശേഷി അവകാശ നിയമത്തിലെ വകുപ്പ് 80-ൽ സംസ്ഥാന ഭിന്നശേഷി കമ്മീഷണറുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വകുപ്പിന്റെ വിശദാംശങ്ങൾ അനുബന്ധം (IV) ആയി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഭിന്നശേഷിക്കാരുടെ ഉന്നമനം

222 (1762) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് മഹാമാരി തുടരുന്ന സാഹചര്യത്തിൽ ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി എന്തെല്ലാം പുതിയ പദ്ധതികൾക്കാണ് രൂപം കൊടുത്തിരിക്കുന്നത്; വിശദമാക്കാമോ?

1. കോവിഡ് കാലത്ത് ഭിന്നശേഷിക്കാർ അനുഭവിക്കുന്ന മാനസിക പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനും സേവനം വീട്ടുപടിക്കൽ എത്തിക്കുന്നതിനും സാമൂഹ്യനീതി വകുപ്പ് മുഖേന 'സഹജീവനം' ഭിന്നശേഷി സഹായ കേന്ദ്രം പ്രവർത്തിച്ചുവരുന്നു.

2. കോവിഡ്, പ്രളയം, മറ്റ് പ്രകൃതി ദുരന്തങ്ങൾ എന്നിവയെ ശാസ്ത്രീയമായി പ്രതിരോധിക്കുന്നതിന് ഭിന്നശേഷിക്കാരെ പ്രാപ്തരാക്കുന്നതിനായി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുമായി ചേർന്ന് ഡിസാസ്റ്റർ മാനേജ്മെന്റ് പരിശീലന പരിപാടി സഹജീവനം പദ്ധതിയുമായി ചേർത്ത് എല്ലാ ബ്ലോക്കുകളിലും നടപ്പിലാക്കുന്നതാണ്.

3. കോവിഡ് കാലത്ത് ഭിന്നശേഷിക്കാർ നേരിട്ട പ്രശ്നങ്ങളെപ്പറ്റി ശാസ്ത്രീമായി പഠനം നടത്തി ഇവർക്കായി നടപ്പിലാക്കേണ്ടുന്ന പദ്ധതികൾ ശിപാർശ

ചെയ്യുന്നതിനായി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസുമായി ചേർന്ന് ഒരു പഠനം പൂർത്തിയാക്കിയിട്ടുണ്ട്. ഭിന്നശേഷിക്കാരായ പരാതിക്കാരുടെ ആവശ്യങ്ങൾ കേൾക്കുന്നതിനും ഉദ്യോഗസ്ഥരിൽനിന്നും വിവരങ്ങൾ ശേഖരിക്കുന്നതിനും ഓൺലൈൻ മുഖാന്തരമുള്ള മീറ്റിംഗുകൾ സംഘടിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ് ഏർപ്പെടുത്തിയിട്ടുണ്ട്. റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്റർ, ഓട്ടിസം സെന്റർ, സ്പെഷ്യൽ അങ്കണവാടി പദ്ധതികളുടെ ഗുണഭോക്താക്കളായ ഭിന്നശേഷിക്കാരായ കുട്ടികൾക്കായി തെറാപ്പികളും മറ്റ് സേവനങ്ങളും ഓൺലൈനായി കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടപ്പിലാക്കിവരുന്നു. ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന 'കൈത്താങ്ങ്' എന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ അക്കാദമിക് പിന്തുണയ്ക്കായി പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധം (I) ആയി ചേർക്കുന്നു.+ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് മുഖേന മെഡിക്കൽ ബോർഡുകൾ സംഘടിപ്പിച്ച്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അടിയന്തരമായി ഭിന്നശേഷി വിഭാഗത്തിലുള്ളവർക്ക് UDID Card വിതരണം ചെയ്യുന്നതിനും ചികിത്സ ആവശ്യമുള്ളവർക്ക് വാതിൽപ്പടി സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

ശ്രുവണ സഹായി അനുവദിക്കുന്നതിന് പദ്ധതി

223 (1763) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേൾവിക്കുറവുള്ളവർക്ക് ശ്രുവണ സഹായി നൽകുന്നതിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത് എന്ന് വിശദമാക്കാമോ?

"ശ്രുവണ" പദ്ധതി പ്രകാരം കേൾവിക്കുറവുള്ള ഭിന്നശേഷിക്കാർക്ക് കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന സൗജന്യമായി ശ്രുവണ സഹായി വിതരണം ചെയ്തുവരുന്നു. 40 ശതമാനത്തിനുമേൽ ഭിന്നശേഷിത്വമുള്ള വാർഷികവരുമാനം ഒരു ലക്ഷം രൂപയിൽ താഴെയുള്ള ഭിന്നശേഷിക്കാർക്ക് ശ്രുവണസഹായി സൗജന്യമായി അനുവദിക്കുന്നു. അതിനായി നിശ്ചിത അപേക്ഷ ഫോറത്തിൽ ഗവണ്മെന്റ് ഇ.എൻ.ടി. ഡോക്ടർ സർട്ടിഫൈ ചെയ്ത ഭിന്നശേഷിത്വ സർട്ടിഫിക്കറ്റ്, റേഷൻകാർഡിന്റെ 1, 2 പേജുകളുടെ പകർപ്പ്, 2 ഫോട്ടോ എന്നിവ സഹിതം

സമർപ്പിക്കണം. ഗവണ്മെന്റ് ഓഫ് ഇന്ത്യയുടെ അഡിപ് (Assistance to Disabled persons for purchasing/fitting of aids/appliances) സ്കീം മുഖേന NISH-ൽ ശ്രവണ സഹായി വിതരണം ചെയ്തുവരുന്നു. മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ഉള്ളവരുടെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത സ്കീംവഴി ശ്രവണ സഹായി അനുവദിക്കുന്നത്.

(ബി) ശ്രവണ സഹായിക്കായി ശ്രീമതി ബീന, മാടോൽ ഹൗസ്, പൂളക്കുൽ സമർപ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

ശ്രവണ സഹായിക്കായിയുള്ള ശ്രീമതി ബീന, മാടോൽ ഹൗസ്, പൂളക്കുൽ സമർപ്പിച്ച അപേക്ഷ വികലാംഗ ക്ഷേമ കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ചും മാനദണ്ഡങ്ങൾക്ക് വിധേയമായും ടിയാളുടെ അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതാണ്.

<u>സാമൂഹ്യ നീതി വകുപ്പിന്റെ പേരുമാറ്റം</u>

224 (1764) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭാഷാ വിദഗ്ധരുടെ അഭിപ്രായത്തിൽ "സാമൂഹ്യ" എന്ന പദം തെറ്റായതിനാൽ സാമൂഹ്യ നീതി വകുപ്പിന്റെ പേര് ശരിയായ പദം ചേർത്ത് "സാമൂഹിക നീതി വകുപ്പ് " എന്നാക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

സമൂഹത്തെ സംബന്ധിച്ച വിഷയങ്ങൾ സാമൂഹ്യനീതി വകുപ്പ് കൈകാര്യം ചെയ്യുന്നതിനാൽ ടി വകുപ്പ് "സാമൂഹികനീതി വകുപ്പ് " എന്ന് തിരുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

വയോശ്രേഷ്ഠ സമ്മാൻ

225 (1765) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എം. വിജിൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മേഖലയിൽ സംസ്ഥാന സർക്കാരിന്റെ പ്രകടനം നീതി ആയോഗിന്റെ പ്രശംസയ്ക്ക് പാത്രമായിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ പ്രശംസയ്ക്ക് അർഹമാകുന്ന നിലയിലേയ്ക്ക് സംസ്ഥാനത്തെ മാറ്റുന്നതിനായി ഈ സർക്കാരിന്റെ കാലയളവിൽ നടപ്പിലാക്കിയിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡേഴ്സ്, ജയിൽ തടവുകാർ, അവരുടെ ആശ്രിതർ, മറ്റ് പാർശ്വവത്ക്കരിക്കപ്പെട്ടവർ എന്നിവർക്കായി വിവിധ പദ്ധതികൾ സാമൂഹ്യനീതി വകുപ്പ്

നടപ്പിലാക്കിവരുന്നു. ക്ഷേമ രംഗത്തെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് വകുപ്പ് കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതാണ്.

(ബി) വയോജന പരിപാലനത്തിൽ മികച്ച ദേശീയ മാതൃകയായി തെരഞ്ഞെടുത്ത് വയോശ്രേഷ്ഠ സമ്മാൻ നൽകി സംസ്ഥാനത്തെ കേന്ദ്ര സർക്കാർ ആദരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. മാതാപിതാക്കളുടേയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം, 2007 മാതൃകാപരമായി നടപ്പിലാക്കിയ സംസ്ഥാനത്തിനുള്ള കേന്ദ്രസർക്കാരിന്റെ 2021-ലെ വയോശ്രേഷ്ഠ സമ്മാൻ അവാർഡാണ് കേരളത്തിന് ലഭിച്ചത്.

(സി) പ്രസ്തുത നേട്ടം സ്വന്തമാക്കുന്നതിന് സംസ്ഥാനത്തെ പ്രാപ്തമാക്കുന്നതിനായി വയോജന പരിപാലനത്തിന് സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി MWPSC Act അനുസരിച്ചുള്ള പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. നിയമത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിന് മെയിന്റനൻസ് ട്രിബ്യൂണലുകളെ സഹായിക്കുന്നതിന് 27 ടെക്നിക്കൽ അസിസ്റ്റന്റുമാരെ സാമൂഹ്യനീതി വകുപ്പ്

നിയമിച്ചിട്ടുണ്ട്. എല്ലാ ട്രിബ്യൂണലുകളിലും കൺസീലിയേഷൻ പാനൽ രൂപീകരിച്ചിട്ടുണ്ട്. കൺസീലിയേഷൻ പാനലിൽ പ്രവർത്തിക്കുന്നവർക്ക് ഓണറേറിയം നൽകുന്നു. മെയിന്റനൻസ് ട്രിബ്യൂണലുകളുടെ സഹായത്തോടെ അദാലത്തുകൾ, ബോധവത്ക്കരണ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. ഇതുകൂടാതെ വയോജന പരിപാലനത്തിനായി വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന മറ്റ് പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

## സാമൂഹ്യസുരക്ഷാ മിഷൻ

226 (1766) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽനിന്നും സാമൂഹ്യസുരക്ഷാ മിഷനിലേയ്ക്ക് ചികിത്സാസഹായത്തിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ആലപ്പുഴ ജില്ലയിൽനിന്നും സാമൂഹ്യ സുരക്ഷാ മിഷന്റെ വീ കെയർ പദ്ധതിയിൽ ചികിത്സാ സഹായത്തിനായി 140 അപേക്ഷകളാണ് ലഭ്യമാക്കിയിട്ടുള്ളത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചവയുടെയും സ്വീകരിച്ച നടപടികളുടെയും വിവരം പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

140 അപേക്ഷകൾ ലഭ്യമായതിൽ 72 പേർക്ക് വീ കെയർ പദ്ധതിവഴി ധനസഹായം നൽകിയിട്ടുണ്ട്. ബാക്കി അപേക്ഷകൾ ഫണ്ടിന്റെ ലഭ്യതയും വീ കെയർ കമ്മിറ്റികളുടെ തീരുമാനവും അനുസരിച്ച് പരിഗണിക്കുന്നതായിരിക്കും. ആലപ്പുഴ ജില്ലയിൽ ധനസഹായം നൽകിയ 72 പേരുടെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിലുള്ള ലിസ്റ്റും അനുബന്ധമായി ചേർക്കുന്നു.+

ഇരിക്കൂർ മണ്ഡലത്തിലെ അഗതി മന്ദിരങ്ങൾ

227 (1767) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ സർക്കാർ-സ്വകാര്യ മേഖലകളിൽ നിലവിലുള്ള അഗതി മന്ദിരങ്ങൾ എത്രയാണെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ?

കണ്ണൂർ ജില്ലയിലെ ഇരിക്കൂർ മണ്ഡലത്തിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടുകൂടി സന്നദ്ധ സംഘടനകൾ നടത്തുന്ന 7

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അഗതിമന്ദിരങ്ങളാണ് പ്രവർത്തിക്കുന്നത്. ആയതിന്റെ പേരുവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേരും വിലാസവും | വിഭാഗം |
|---|---|---|
| 1. | സമരിറ്റാൻ ഹോം, നെല്ലിക്കുന്ന്, ചെങ്ങലായി പി.ഒ. | ഓൾഡ് ഏജ് ഹോം ഫോർ മെൻ & വിമൻ |
| 2. | പുഷ്പാലയം ഏജ്ഡ് ഹോം, നെല്ലിക്കാപൊയിൽ, ഉളിക്കൽ പി.ഒ.-670705 | ഓൾഡ് ഏജ് ഹോം ഫോർ മെൻ & വിമൻ |
| 3. | കരുണാലയം, ചെമ്പേരി-670632 | ഓൾഡ് ഏജ് ഹോം ഫോർ മെൻ & വിമൻ |
| 4. | തിരു. രക്താശ്രമം, വെള്ളാട്, ആലക്കോട്-670571 | സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്റർ |
| 5. | റഫേല്ലാ നിവാസ്, വയറ്റുപറമ്പ, കണ്ണൂർ | ഓൾഡ് ഏജ് ഹോം ഫോർ മെൻ & വിമൻ |
| 6. | മരിയ ഭവൻ, പൂപ്പറമ്പ, ചെമ്പേരി | സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്റർ |
| 7. | തെരേസ ഭവൻ, വെമ്പുവ, പയ്യാവൂർ-670633 | സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്റർ |

(ബി) പ്രസ്തുത മണ്ഡലത്തിലെ അഗതി മന്ദിരങ്ങളിലെ കഴിഞ്ഞ 10 വർഷത്തെ അന്തേവാസികളുടെ എണ്ണം വർഷം തരംതിരിച്ച് നൽകാമോ?

മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ബാലികാമന്ദിരങ്ങളുടെ സുരക്ഷ

228 (1768) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. ടി. വി. ഇബ്രാഹിം:
ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബാലികാമന്ദിരത്തിൽനിന്നും 6 പെൺകുട്ടികളെ കാണാതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സംഭവത്തെക്കുറിച്ച് സമഗ്രാന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സമഗ്രാന്വേഷണം നടത്തിയിട്ടുണ്ട്. കോഴിക്കോട് ഗേൾസ് ചിൽഡ്രൻസ് ഹോമിൽനിന്ന് 26.1.2022 വൈകുന്നേരം 4 മണിക്ക് ശേഷമാണ് ടി സ്ഥാപനത്തിലെ താമസക്കാരായ 6 പെൺകുട്ടികളെ കാണാതായ വിവരം അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടത്. ഉടൻതന്നെ ഈ വിവരം 5.10-ന് ഫോൺ മുഖാന്തരം പോലീസ് സ്റ്റേഷനിൽ അറിയിക്കുകയും തുടർന്ന് രേഖാമൂലം പരാതി നൽകുകയും ചെയ്തിരുന്നു. പോലീസ് നടത്തിയ അന്വേഷണത്തെ തുടർന്ന് കാണാതായ കുട്ടികളെ 30.1.2022-ൽ

ബംഗളൂരുവിൽനിന്ന് തിരികെ സ്ഥാപനത്തിൽ എത്തിച്ചിരുന്നു. മേൽ വിവരിച്ച 6 കുട്ടികളിൽ 4 പേർ 2.12.2021 മുതൽ 22.1.2022 വരെയുള്ള കാലയളവിലും മറ്റ് രണ്ട് പേർ 25.1.2022-ലുമാണ് സ്ഥാപനത്തിൽ പ്രവേശിക്കപ്പെട്ടത്. ഇതിൽ ഒരാളുടെ സാമൂഹിക അന്വേഷണ റിപ്പോർട്ട് മാത്രമാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ നൽകിയിരുന്നത്. ആയതിനാൽ CWC മുഖാന്തരം ടി കുട്ടികളുടെ പുനരധിവാസം സംബന്ധിച്ച പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് കഴിഞ്ഞിരുന്നില്ല. സ്ഥാപനത്തിൽ ഒരു കുട്ടി പുതുതായി എത്തപ്പെടുമ്പോൾ 2016-ലെ ജെ.ജെ. റൂൾ 69(ജി) പ്രകാരം ആ കുട്ടിയുടെ ഉത്തരവാദിത്വം പ്രത്യേകം ഏറ്റെടുക്കുന്നതിന് ചൈൽഡ് വെൽഫെയർ ഓഫീസർ/കേസ് വർക്കർ എന്നിവരെ ചുമതലപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിന് സ്ഥാപന സൂപ്രണ്ടിന് സാധിച്ചിരുന്നില്ല. കുട്ടികളെ കാണാതായ ദിവസം സൂപ്രണ്ട് അവധിയായിരുന്നു. ക്ഷേമ സ്ഥാപന സൂപ്രണ്ട് അവധി വിനിയോഗിക്കുന്നതിന് മുമ്പ് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. കൂടാതെ മേൽ സംഭവം ടിയാളുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അത് ഗൗരവത്തോടെ കാണുകയോ തുടർനടപടി സമയബന്ധിതമായി സ്വീകരിച്ചതായോ കാണുന്നില്ല എന്നത്

അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. അതിനെ തുടർന്ന് സൂപ്രണ്ടിനെ അന്വേഷണവിധേയമായി സ്ഥലം മാറ്റിയിട്ടുണ്ട്. ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ദിവസ വേതന കെയർ ടേക്കറെ സ്ഥാപനത്തിൽനിന്നും പിരിച്ചുവിട്ടു. കോഴിക്കോട് ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന പ്രൊട്ടക്ഷൻ ഓഫീസർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ബാലികാമന്ദിരങ്ങൾക്ക് മതിയായ സുരക്ഷ ഏർപ്പെടുത്തുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം പരിഹാര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ബാലികാമന്ദിരങ്ങൾക്ക് മതിയായ സുരക്ഷ ഏർപ്പെടുത്തുന്നതിൽ വീഴ്ച ഉണ്ടായിട്ടില്ല. എല്ലാ ഹോമുകളിലും സി.സി.ടി.വി. ക്യാമറകൾകൂടി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് രൂപഭേദം

229 (1769) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡീസൽ ബസ്സുകളെ പരിസ്ഥിതി സൗഹൃദ എൽ.എൻ.ജി./സി.എൻ.ജി.-യിലേയ്ക്ക് മാറ്റുന്നതിന്റെ ഭാഗമായി

2021-22 കാലയളവിൽ എത്ര വണ്ടികൾക്ക് രൂപഭേദം വരുത്തി; ജില്ല തിരിച്ച് കണക്ക് നൽകാമോ?

കെ.എസ്.ആർ.ടി.സി. നിലവിൽ ബസ്സുകൾ ഒന്നുംതന്നെ എൽ.എൻ.ജി./സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം പൂർത്തീകരിച്ചിട്ടില്ല. പരീക്ഷണാർത്ഥം 5 ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിന് ദർഘാസ് ക്ഷണിച്ച്, വർക്ക് ഓർഡർ നൽകി 2.3.2022 തീയതിയിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(ബി) തിരുവനന്തപുരത്തെ ശ്രീചിത്ര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗിനെ പ്രമുഖ ഗവേഷണ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനം നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

മെക്കാനിക്കൽ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഇന്നൊവേഷൻ സെന്റർ സ്ഥാപിക്കുന്നതിനുവേണ്ടി 90 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ 50,15,326 രൂപയുടെ പർച്ചേഴ്സ് ഓർഡർ നൽകുകയും അതിൽ ഭൂരിപക്ഷ ഇനങ്ങളും ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ഇലക്ട്രോണിക്സ് ഡിപ്പാർട്ടുമെന്റിൽ നാനോ ഇലക്ട്രോണിക്സ് & മെറ്റീരിയൽസ് ലാബ് സ്ഥാപിക്കുന്നതിനായി 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ 55,82,125 രൂപയുടെ പർച്ചേഴ്സ് ഓർഡറുകൾ നൽകുകയും ഇവയിൽ

ഭൂരിപക്ഷ ഇനങ്ങളും ലഭ്യമാകുകയും ചെയ്തു. ഇതുകൂടാതെ 40 ലക്ഷത്തോളം രൂപയുടെ ടെണ്ടർ ക്ഷണിക്കുകയും പർച്ചേസ് ഓർഡർ നൽകുന്നതിന് നടപടി സ്വീകരിച്ചുവരികയുമാണ്. ഗവേഷണ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനായി 7.10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഡി.പി.ആർ. ചെയ്യുന്നതിന് വേണ്ടി M/s. ULCCS-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## മോട്ടോർ വാഹന വകുപ്പിൽ ഇലക്ട്രിക് കാറുകൾ

230 (1770) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ ഇലക്ട്രിക് കാറുകൾ വാങ്ങുന്നതിനോ വാടകയ്ക്ക് എടുക്കുന്നതിനോ തീരുമാനിച്ചിട്ടുണ്ടോ;

&

(ബി) വാടകയ്ക്ക് എടുക്കുന്നതിനായി ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്; ഇപ്രകാരം വാഹനങ്ങൾ വാടകയ്ക്ക് എടുക്കുമ്പോൾ വിപണിവിലയുടെ ഇരട്ടിയോളം വാടക നൽകേണ്ടി വരാവുന്ന സാഹചര്യം ഉളവാകുമെന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

എല്ലാ സർക്കാർ വകുപ്പുകളും ഇലക്ട്രിക് വാഹനങ്ങൾ മാത്രമേ വാടകയ്ക്കെടുക്കാൻ പാടുള്ളൂ എന്ന് 7.3.2020-ലെ G.O(P)No.24/2020/Fin. പ്രകാരം ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് ഗതാഗത വകുപ്പിൽനിന്നും പുറപ്പെടുവിച്ച G.O.(Rt)No. 206/2020/Trans. Dated 16.6.2020, G.O.(Rt)No.240/2020/Trans. Dated 15.7.2020, G.O.(Rt)No. 13/2021/Trans. Dated 8.0.2021, G.O.(Rt)No. 138/2021/Trans dated 9.4.2021 എന്നീ ഉത്തരവുകളുടേയും അടിസ്ഥാനത്തിലാണ് സേഫ് കേരള പദ്ധതികളുമായി ബന്ധപ്പെട്ട് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഇലക്ട്രിക് വാഹനങ്ങൾ വാടകയ്ക്കെടുത്തിരിക്കുന്നത്. കേന്ദ്ര സർക്കാർ സ്ഥാപനമായ Energy Efficiency Services Ltd (EESL)-ൽനിന്നും ANERT വഴി ഇലക്ട്രിക് കാറുകൾ വാടകയ്ക്കെടുക്കുന്നതിനാണ് അനുമതി നൽകിയത്. ഇപ്രകാരം 1000 കാറുകൾ വാടകയ്ക്കെടുക്കുമ്പോൾ 7.5 കോടിയോളം രൂപ ലാഭിക്കാമെന്നും 1,500 കോടിയോളം രൂപയുടെ അധിക ചെലവ് ഒഴിവാക്കാമെന്നും 2020-21 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളതിന്റെയും പെട്രോൾ, ഡീസൽ കാറുകളിൽനിന്നും

ഉണ്ടാകുന്ന അന്തരീക്ഷ മലിനീകരണം കുറയ്ക്കാമെന്നും പരിസ്ഥിതിക്കനുകൂലമായ ഗുണങ്ങൾ ഉണ്ടാകുമെന്നതിന്റെയും അടിസ്ഥാനത്തിലാണ് എല്ലാ സർക്കാർ വകുപ്പുകളിലും ഇലക്ട്രിക് വാഹനങ്ങൾ മാത്രമേ വാടകയ്ക്കെടുക്കാൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചുകൊണ്ട് 7.3.2020-ലെ G.O.(P)No. 24/2020/Fin. ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

ഹൈഡ്രജൻ ഇന്ധന ബസ്സുകൾ

231 (1771) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സൗഹൃദ ഗതാഗതത്തിനായി കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതുപ്രകാരം ഹൈഡ്രജൻ ഇന്ധന ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ടോ; എങ്കിൽ എത്ര ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ടെന്നും ഏതൊക്കെ റൂട്ടുകളിലാണ് അവ സർവ്വീസ് നടത്തുന്നതെന്നും അറിയിക്കാമോ?

പരിസ്ഥിതി സൗഹൃദ ഗതാഗതത്തിനായി കെ.എസ്.ആർ.ടി.സി. ഹൈഡ്രജൻ ഇന്ധന ബസ്സുകൾ നിരത്തിലിറക്കിയിട്ടില്ല. എന്നാൽ കൊച്ചി

മെട്രോ റെയിൽ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ ഹൈഡ്രജൻ ബസ്സുകൾക്കായുള്ള ദർഘാസ് നടപടികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത ബസ് സർവ്വീസുകൾ ലാഭകരമാണോയെന്ന് വ്യക്തമാക്കുമോ?

ബാധകമല്ല.

## റോഡ് സേഫ്റ്റി ഫണ്ട്

232 (1772) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡ് സേഫ്റ്റി ഫണ്ടിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം-I ചേർക്കുന്നു.+

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡ് സേഫ്റ്റി ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനായി എത്ര പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റോഡ് സേഫ്റ്റി ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനായി ലഭിച്ച പ്രൊപ്പോസലുകളുടെ വിവരങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു.+

സംയോജിത ഗതാഗത സംവിധാന പദ്ധതി

233 (1773) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംയോജിത ഗതാഗത സംവിധാന പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

സംസ്ഥാനത്ത് നടപ്പാക്കി വരുന്ന സംയോജിത ഗതാഗത പദ്ധതിയുടെ ഭാഗമായി കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി, 1.11.2020-ൽ സ്ഥാപിതമാവുകയും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയും ചെയ്യുന്നു. വിവിധ ഗതാഗത സംവിധാനങ്ങളെ സാങ്കേതികമായി സംയോജിപ്പിക്കുന്നതിന് കൊച്ചി ഓപ്പൺ മൊബിലിറ്റി നെറ്റ്‌വർക്ക് ആരംഭിക്കുകയും ആയതിൽ ടാക്സി തൊഴിലാളികൾക്ക് യാതൊരു വിധ കമ്മീഷനും നൽകാതെതന്നെ പ്രവർത്തിക്കുവാൻ കഴിയുന്ന ഒരു റൈഡ് ആപ്പ് പ്രവർത്തിച്ചുവരികയും ചെയ്യുന്നു. കൂടാതെ മെട്രോയുടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമയവിവരം ഇതുമായി ബന്ധിപ്പിച്ചിട്ടുണ്ട്. പാർക്കിംഗ് സംവിധാനം, ഇതര യാത്രാമാർഗ്ഗങ്ങൾ എന്നിവയെ സംയോജിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു. ഗതാഗത നവീകരണത്തിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾക്കാവശ്യമായ റെഗുലേഷനുകൾ തയ്യാറാക്കുക, വിവിധ ഗതാഗത സംവിധാനങ്ങളെ ഭൗതികമായും സാങ്കേതികമായും സംയോജിപ്പിക്കുന്നതിനായി വിവിധ തലങ്ങളിലുള്ള ബന്ധപ്പെട്ട അധികാരികളുമായി ചർച്ച സംഘടിപ്പിക്കുക എന്നിവ നടന്നുവരുന്നു.

(ബി) 2020 നവംബറിൽ നിയമനിർമ്മാണം നടത്തിയിട്ടും നാളിതുവരെ ഈ പദ്ധതി നടപ്പിൽ വരുത്തുവാൻ കഴിയാത്തതിന്റെ കാരണം വിശദീകരിക്കാമോ?

പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾ നടന്നുവരുന്നു. രാജ്യത്തുതന്നെ ആദ്യമായി ആരംഭിച്ച നിയമ പിൻബലമുള്ള ട്രാൻസ്പോർട്ട് അതോറിറ്റി എന്ന നിലയിൽ, പ്രവർത്തനപദ്ധതി ആവിഷ്കരിക്കുന്നതിന് വിദേശ മാതൃകകൾ മാത്രമാണ് മുന്നിലുള്ളതെന്നതും കോവിഡ് പശ്ചാത്തലവും പ്രവർത്തനങ്ങൾ മന്ദഗതിയിലാകുവാൻ കാരണമായിട്ടുണ്ട്.

(സി) ഇതുമായി ബന്ധപ്പെട്ട് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. 2020-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ആക്റ്റിന്റെ (2019-ലെ 25) 44-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം, നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, പ്രസ്തുത ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി 2020 സെപ്റ്റംബർ 23-ൽ സ.ഉ. (അച്ചടി)നം. 47/2020/ഗതാഗതം (SRO നമ്പർ 611/2020) പ്രകാരം, 2020-ലെ കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

<u>ഓട്ടോ, ടാക്സി നിരക്ക് പരിഷ്കരണം</u>

234 (1774) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏറ്റവും ഒടുവിൽ ഓട്ടോ, ടാക്സി നിരക്ക് പരിഷ്കരണം നടപ്പിലാക്കിയത് എന്നാണ്; അന്ന് പെട്രോൾ, ഡീസൽ നിരക്ക് ലിറ്ററിന് എത്ര രൂപ വീതം ആയിരുന്നു; അറിയിക്കുമോ?

11.12.2018-ലെ സ.ഉ.(അച്ചടി)നം. 45/2018/ട്രാൻസ്. വിജ്ഞാപനം പ്രകാരം 11.12.2018-ലാണ് ഏറ്റവും അവസാനമായി ഓട്ടോ-ടാക്സി നിരക്ക്

പരിഷ്കരണം നടപ്പിലാക്കിയത്. 11.12.2018-ലെ പെട്രോൾ വില ലിറ്ററിന് 73.58 രൂപയും ഡീസൽ വില ലിറ്ററിന് 69.68 രൂപയും ആയിരുന്നു.

(ബി) അതിനുശേഷം പെട്രോൾ, ഡീസൽ എന്നിവയുടെ വില എത്ര തവണ വർദ്ധിച്ചു; നിലവിലെ ഇവയുടെ ഒരു ലിറ്റർ വില എത്രയാണ്; വ്യക്തമാക്കുമോ?

പ്രസ്തുത പരിഷ്കരണത്തിനുശേഷം പെട്രോൾ-ഡീസൽ വില 740 തവണയോളം വർദ്ധിച്ചിട്ടുണ്ട്. നിലവിൽ പെട്രോൾ വില ലിറ്ററിന് 106.65 രൂപയും ഡീസൽ വില ലിറ്ററിന് 93.75 രൂപയുമാണ്.

(സി) നിരന്തരമുള്ള ഡീസൽ-പെട്രോൾ വില വർദ്ധനവ്, ഇൻഷ്വറൻസ് ഉൾപ്പെടെയുള്ളവയുടെ ഫീസ് വർദ്ധനവ് എന്നിവമൂലം ബുദ്ധിമുട്ടുന്ന ലൈറ്റ്മോട്ടോർ തൊഴിലാളികളുടെ സംരക്ഷണത്തിനായി ഓട്ടോ-ടാക്സി നിരക്ക് കാലോചിതമായി പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

നിലവിലെ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ ഓട്ടോ-ടാക്സി നിരക്ക് വർദ്ധനവ് സംബന്ധിച്ച വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ 2.1.2022-ലെ സ.ഉ.(സാധാ)നം. 1/2022/ഗതാഗതം, പ്രകാരം ജസ്റ്റിസ് രാമചന്ദ്രൻ അദ്ധ്യക്ഷനായ ഫെയർ റിവിഷൻ കമ്മിറ്റിയെ

ച്ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത കമ്മിറ്റി 10.2.2022-ൽ സമർപ്പിച്ച 33-ാം നം. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. തുടർന്ന് ഈ വിഷയത്തിൽ സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## സേഫ് കേരള പദ്ധതി

235 (1775) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി നടപ്പിലാക്കിയ സേഫ് കേരള പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

14 ജില്ലകളിലും എൻഫോഴ്സ്മെന്റ് ആർ.ടി.ഒ-മാരുടെ നേതൃത്വത്തിൽ 24X7 എന്ന ക്രമത്തിൽ 85 സ്ക്വാഡുകൾ നിരന്തരം റോഡ് നിരീക്ഷണവും കർശന വാഹന പരിശോധനയും നടത്തിവരുന്നു. കൂടാതെ റോഡപകടങ്ങളെകുറിച്ചും അപകടമരണങ്ങളുടെ കാരണങ്ങളെക്കുറിച്ചും വിശദമായ പഠനം നടത്തി അപകടകാരണങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊണ്ടുവരുന്നു. ഇതിന്റെ ഭാഗമായി നിരത്തുകളിലെ 'Black spot'-കൾ കണ്ടെത്തി പരിഹാര നടപടികൾ ബന്ധപ്പെട്ട വകുപ്പുകളായ PWD, NHAI, തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ, ജില്ലാതല റോഡ് സേഫ്റ്റി കൗൺസിലുകൾ എന്നിവരുമായി സഹകരിച്ച് നടപ്പാക്കിവരുന്നു. സ്കൂൾ സോൺ മാനേജ്മെന്റിന്റെ ഭാഗമായി അത്തരം മേഖലകളിൽ പ്രത്യേക പരിഗണന നൽകി അപകട സാദ്ധ്യതയുണ്ടോയെന്ന് പരിശോധിച്ച് പരിഹാരമാർഗ്ഗങ്ങൾ ബന്ധപ്പെട്ട വകുപ്പുമായി ചേർന്ന് നടത്തിവരുന്നു. കൂടാതെ വിവിധ തലങ്ങളിലുള്ള പ്രവർത്തനങ്ങൾ റോഡുസുരക്ഷാ ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നതിന് സേഫ് കേരള എൻഫോഴ്സ്മെന്റ് ജീവനക്കാർ നടത്തിവരുന്നു. റോഡുസുരക്ഷ മുൻനിർത്തി ഗതാഗത നിയമ ലംഘനങ്ങൾ തടയുന്നതിന് Automated Enforcement സംവിധാനത്തിലൂടെ കണ്ടെത്തി സേഫ് കേരള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നിലവിലുള്ള കോഴിക്കോട്, എറണാകുളം കൺട്രോൾ റൂമിന്റെയും കൂടാതെ തിരുവനന്തപുരത്ത് ഒരു മാസ്റ്റർ കൺട്രോൾ റൂമിന്റെയും പണികൾ പൂർത്തിയായി വരുന്നു. 726-ഓളം ക്യാമറകൾ സ്ഥാപിക്കുന്നതിനായി 650-ഓളം ഫൗണ്ടേഷൻ നിർമ്മാണവും 454-ഓളം തൂണുകളും നാട്ടുകയുണ്ടായി. ഇതിൽ 349 ക്യാമറകൾ ഘടിപ്പിക്കുകയും അവയിൽ 267 എണ്ണം പ്രവർത്തനക്ഷമവുമായിട്ടുണ്ട്. Mobile Speed Enforcement-നായി 4 Tata Nexon വാഹനങ്ങളിൽ റഡാർ ഘടിപ്പിക്കുന്ന ജോലി പുരോഗമിക്കുന്നു.

(ബി) റോഡ് സുരക്ഷയ്ക്കായി ഏർപ്പെടുത്തിയ വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ നൂതന പദ്ധതികൾ ഫലപ്രാപ്തിയിൽ എത്തിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

വാഹൻ, സാരഥി എന്നീ സോഫ്റ്റ്‌വെയറുകളിൽനിന്നും വാഹന ലൈസൻസ് സംബന്ധമായ വിവരങ്ങൾ ലഭ്യമാക്കി Automated Number Plate Recognition (ANPR), Artificial Intelligence (AI) എന്നീ നൂതന സാങ്കേതിക വിദ്യയിലധിഷ്ഠിതമായ 726-ഓളം ക്യാമറകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ച് വാഹന പരിശോധന കൂടാതെ തന്നെ വിവിധ ഗതാഗത നിയമ ലംഘനങ്ങൾ കണ്ടെത്തി ചെലാൻ തയ്യാറാക്കി നിയമ നടപടികൾ സ്വീകരിക്കുന്ന പദ്ധതിയായ Safe Kerala Fully Automated Enforcement System നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

(സി) രാജ്യത്താകമാനം നടപ്പിലാക്കി വരുന്ന ഇന്റഗ്രേറ്റഡ് റോഡ് ആക്സിഡന്റ് ഡേറ്റാബേസ് സംവിധാനം സംസ്ഥാനത്ത് പൂർണ്ണമായ തോതിൽ നടപ്പിലാക്കിയിട്ടുണ്ടോ; ആയതിൽ പോരായ്മകളുണ്ടെങ്കിൽ അതുസംബന്ധിച്ച് ബന്ധപ്പെട്ട ഏജൻസികളെ അറിയിച്ചിട്ടുണ്ടോ?

Integrated Road Accident Database (iRAD) സംവിധാനം സംസ്ഥാനത്ത് നവംബർ 2021 മുതൽ രണ്ട് ജില്ലകളിൽ (ആലപ്പുഴ, തൃശ്ശൂർ) പ്രാരംഭ പ്രവർത്തനങ്ങൾ (Piloting) ചെയ്തുവരികയാണ്. 2022 ഏപ്രിൽ 1-ാം തീയതി മുതൽ കേരളത്തിലുടനീളം ഈ പദ്ധതി നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. രണ്ട് ജില്ലകളിൽ Piloting നടത്തിയതിൽ കണ്ടെത്തിയ പോരായ്മകളും മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും NIC-ക്ക് കൈമാറിയിട്ടുണ്ട്.

<u>വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി</u>

236 (1776) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹന അപകടങ്ങൾ കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

സംസ്ഥാനത്ത് വാഹന അപകടങ്ങൾ കുറയ്ക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. ബ്ലാക്ക്സ്പോർട്ടുകൾ പഠനങ്ങൾ നടത്തി കണ്ടെത്തുകയും അവ പരിഹരിക്കാനുള്ള തുടർനടപടികൾ റോഡ് ഓണിംഗ് ഏജൻസികളും

എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് എടുത്തുവരികയുമാണ്.

2. അപകടങ്ങൾ കുറയ്ക്കാൻ ബൃഹത്തായ റോഡ് സുരക്ഷാ ബോധവൽക്കരണ പ്രചരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

3. കാൽനടയാത്രക്കാരുടെ സുരക്ഷ മുൻനിർത്തി നടപ്പാതകൾ നിർമ്മിക്കുക, നടപ്പാതയിലെ തടസ്സങ്ങൾ നീക്കുക, റോഡ് സുരക്ഷാ ബോധവൽക്കരണം നടത്തുക, സ്കൂൾ സോൺ പദ്ധതികൾ മുതലായവ നടപ്പിലാക്കി വരുന്നു.

4. റോഡപകടത്തിൽപ്പെടുന്നവരെ ഉടൻ ആശുപത്രിയിലെത്തിക്കാൻ കഴിയുന്ന വിധത്തിൽ ആംബുലൻസുകൾ അപകട മേഖലകൾ കേന്ദ്രീകരിച്ച് വിന്യസിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

5. റോഡ് സുരക്ഷ മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ മലയോരപാതകളിലും ജലാശയങ്ങളോട് ചേർന്നുള്ള പാതകളിലും മറ്റ് അപകടമേഖകളിലുമുള്ള പാതകളിലും അടിയന്തരമായി ക്രാഷ് ബാരിയർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പൊതുമരാമത്ത് (റോഡ്സ്) വകുപ്പ് വിഭാഗം മുഖാന്തരം നടത്തിവരുന്നു.

6. റോഡ് അപകടത്തിൽപ്പെട്ടവർക്ക് പ്രാഥമിക ശുശ്രൂഷ നൽകുന്നതിനും രക്ഷിക്കാൻ ഹൈവേ പട്രോളിംഗ് വാഹനങ്ങളിൽ ഡിഫൻഡർ ട്രോമ കിറ്റ്

വാങ്ങുന്നതിനും റോഡ് സുരക്ഷാ അതോറിറ്റി ഫണ്ട് നൽകിയിട്ടുണ്ട്.

7. ടേബിൾടോപ് പെഡസ്ട്രിയൻ ക്രോസിംഗ്, ബസ്ബേകൾ, സീബ്രാ ക്രോസിംഗ്, മുന്നറിയിപ്പ് ബ്ലിങ്കറുകൾ, സിഗ്നൽ ലൈറ്റുകൾ, സൈൻ ബോർഡുകൾ, ഫുട്പാത്ത്, ഹാൻഡ്റെയിൽ തുടങ്ങിയ റോഡ് സുരക്ഷാ സൗകര്യങ്ങൾ റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു.

8. ഗുരുതരമായ റോഡപകടങ്ങൾ റിപ്പോർട്ട് ചെയ്യുന്ന സ്ഥലങ്ങളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി, സംയുക്തമായി പരിശോധനകൾ നടത്തി അപാകതകൾ കണ്ടെത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

9. റോഡ് സുരക്ഷ ഉറപ്പുവരുത്താൻ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ മോട്ടോർ വാഹന വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് 'സേഫ് കേരള പദ്ധതി.' സേഫ് കേരള പദ്ധതി ആവിഷ്കരിക്കുകവഴി റോഡ് സുരക്ഷയ്ക്കാവശ്യമായ എൻഫോഴ്സ്മെന്റ് ഘടകം ഉറപ്പുവരുത്തുകയാണ് ചെയ്തിട്ടുള്ളത്.

(ബി) വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

എല്ലാ പ്രധാന റോഡുകളിലും Artificial Intelligence അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ANPR ക്യാമറകൾ സ്ഥാപിച്ച്

എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്താനുള്ള നടപടികൾ മോട്ടോർ വാഹന വകുപ്പ്, പോലീസ് മുതലായ എൻഫോഴ്സ്മെന്റ് ഏജൻസികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി മോട്ടോർ വാഹന വകുപ്പ് 700-ൽ പരം ക്യാമറകൾ സ്ഥാപിക്കാനുള്ള നടപടികൾ തുടങ്ങി കഴിഞ്ഞു. മോട്ടോർ വാഹന വകുപ്പിന്റെ സേഫ് കേരള പദ്ധതിയുടെ ഭാഗമായി 85 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ കേരളത്തിലുടനീളം എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്.

<u>വാഹന തിരക്ക് നിയന്ത്രണം</u>

237 (1777) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹന തിരക്ക് നിയന്ത്രിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

നിരത്തുകളിലെ സ്വകാര്യ വാഹനങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനായി പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തുന്നതിനുവേണ്ട നടപടികൾ കൈക്കൊണ്ടുവരുന്നു.

(ബി) ലൈസൻസ് ഇല്ലാതെയും ശരിയായ രേഖകൾ ഇല്ലാതെയും ഓടുന്ന വാഹനങ്ങൾക്ക് ഈടാക്കുന്ന പിഴ സംബന്ധിച്ച വിശദാംശം അറിയിക്കുമോ?

26.10.2019-ലെ സർക്കാർ ഉത്തരവ് GO(P)No.37/2019/Trans. നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പ്രകാരം പിഴ ഈടാക്കുന്നതാണ്. സർക്കാർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു+.

(സി) വാഹന പരിശോധന കർശനമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

187 എ.എം.വി.ഐ, 65 എം.വി.ഐ, 10 ആർ.ടി.ഒ. എന്നിവരുൾപ്പെടെ 262 അധിക തസ്തിക സൃഷ്ടിച്ച് സേഫ് കേരള പദ്ധതി ആവിഷ്കരിച്ചു. നിലവിലെ 106 ഫീൽഡ് ഉദ്യോഗസ്ഥരെ കൂട്ടിചേർത്ത് സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും ഓരോ സ്ക്വാഡ് എന്ന നിലയിൽ 85 സ്ക്വാഡുകൾ രൂപീകരിച്ച് എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തി. പ്രസ്തുത സ്ക്വാഡുകൾ 24x7 എന്ന നിലയിൽ ശക്തമായ റോഡ് നിരീക്ഷണവും കർശനമായ പരിശോധനയും നടത്തിവരുന്നു. പ്രസ്തുത സ്ക്വാഡുകൾ സ്പീഡ് റഡാറുകൾ, ബ്രെത്ത് അനലൈസർ എന്നിവയുടെ സഹായത്തോടെ അപകടങ്ങൾക്ക് പ്രധാന കാരണങ്ങളായ അമിത വേഗത, മദ്യപിച്ചുള്ള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാഹനമോടിക്കൽ എന്നിവ കണ്ടെത്തുന്നതിന് പരിശോധന നടത്തിവരുന്നു. അപകടങ്ങളും മറ്റുനിയമ ലംഘനങ്ങളും തടയുന്നതിന് സ്പീഡ് ഡ്രൈവുകൾ നടത്തിവരുന്നു. അപകടകരമായ വാഹനമോടിക്കൽ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനായി Operation Rash, ആംബുലൻസുകളുടെ അനവസരത്തിലുള്ള അമിത വേഗത, മറ്റ് നിയമലംഘനങ്ങൾ എന്നിവ കണ്ടെത്തുന്നതിനായി Operation Rescue, കാൽനട യാത്രക്കാർക്കും മറ്റ് റോഡുപയോക്താക്കൾക്കും അപകടകരമായും അസൗകര്യമുണ്ടാകുംവിധവും പാർക്കുചെയ്തിരിക്കുന്ന വാഹനങ്ങളും മറ്റുതടസ്സങ്ങളും കണ്ടെത്തി നീക്കം ചെയ്യുന്നതിനായി Operation clear path, അനധികൃതമായും ഭയപ്പെടുത്തുന്നതുമായ ശബ്ദം പുറപ്പെടുവിക്കുന്നതരത്തിൽ വാഹനങ്ങളിൽ രൂപമാറ്റം വരുത്തി നിരത്തിൽ ഓടിക്കുന്ന വാഹനങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് Operation decibel, Operation Silence എന്നിങ്ങനെയും ഡ്രൈവുകൾ നടത്തിവരുന്നു. 14 ജില്ലകളിൽ ആക്സിഡന്റ് പ്രോൺ ഏരിയ മാനേജ്മെന്റിനായി എൻഫോഴ്സ്മെന്റ് ആർ.ടി.ഒ-മാരുടെ നേതൃത്വത്തിൽ നിലവിലുള്ള ബ്ലാക്ക് സ്പോട്ടുകൾ വിശദമായി പരിശോധിച്ച് പരിഹാര നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഏജൻസികളായ NHAI, State PWD, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ റോഡുസുരക്ഷാ സമിതികൾ

എന്നിവയ്ക്ക് നൽകി തുടർനടപടികൾ ഉറപ്പാക്കുന്നതിന് ശ്രമിച്ചുവരുന്നു. അതുപോലെതന്നെ കൂടുതൽ അപകട സാദ്ധ്യതയുള്ള പുതിയ മേഖലകൾ ഉണ്ടോയെന്നും അത്തരം മേഖലകളുണ്ടെങ്കിൽ അപകടസാദ്ധ്യത ഒഴിവാക്കുന്നതിനുള്ള നടപടികൾ മേൽപ്പറഞ്ഞ രീതിയിൽ കൈക്കൊണ്ടുവരുന്നു. ഇത്തരം നടപടികൾ സ്കൂൾ മേഖലകളിലും ചെയ്യുന്നുണ്ട്. റോഡുസുരക്ഷാ ബോധവൽക്കരണ ക്ലാസ്സുകൾ വിവിധ മേഖലകളിലുള്ളവർക്ക് (സ്കൂൾ ബസ് ഡ്രൈവർമാർ, സ്വകാര്യ/കെ.എസ്.ആർ.ടി.സി. ബസ് ഡ്രൈവർമാർ, ടിപ്പർ ഡ്രൈവർമാർ) നൽകിവരുന്നു. Special media വഴി റോഡുസുരക്ഷാ പോസ്റ്ററുകൾ, വീഡിയോകൾ തുടങ്ങിയവ റോഡുസുരക്ഷയ്ക്ക് ഉതകുംവിധം പൊതുജനങ്ങളിൽ എത്തിച്ചുവരുന്നു. മോട്ടോർ വാഹന വകുപ്പിന്റെ facebook, twitter, instagram എന്നിവ ഇതിനുപയോഗിക്കുന്നു. Advanced Automated Enforcement സംവിധാനം സേഫ് കേരള പദ്ധതിയിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. Automated Number Plate Recognition, Artificial Intelligence എന്നീ അത്യാധുനിക സാങ്കേതികവിദ്യ പ്രയോഗിച്ചുള്ള 726-ഓളം ക്യാമറകൾ സംസ്ഥാനത്തുടനീളം സ്ഥാപിച്ച് 14 ജില്ലാ കൺട്രോൾ റൂമുകളിലായി കുറ്റകൃത്യങ്ങൾ കണ്ടെത്തി മാതൃകാപരമായ ശിക്ഷണ നടപടികൾ

കൈക്കൊള്ളുന്നതിന് ഈ പദ്ധതി പ്രയോജനപ്പെടുന്നതാണ്. കൂടാതെ വാഹനം തടഞ്ഞുനിർത്തിയുള്ള പരിശോധന പരമാവധി ഒഴിവാക്കുന്നതിന് ഇതുമൂലം സാധിക്കുന്നു.

റോഡുകളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിന് നടപടി

238 (1778) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അമിത വേഗത കണ്ടെത്തുന്നതിന് റോഡുകളിൽ ക്യാമറകൾ സ്ഥാപിക്കുമ്പോൾ ആവശ്യമായ മുന്നറിയിപ്പ് ബോർഡുകൾകൂടി സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ 11.8.2021-ലെ വിജ്ഞാപനത്തിലെ 4(എ) വകുപ്പ് പ്രകാരം റോഡുകളിൽ ഇലക്ട്രിക് എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾക്ക് മുമ്പായി മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

## കല്ലമ്പലം ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കൽ

239 (1779) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിലെ കല്ലമ്പലം ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടി റോഡ് സേഫ്റ്റി അതോറിറ്റി അംഗീകരിച്ച പ്രൊപ്പോസലിൻമേൽ വിശദമായ പഠനം നടത്തി നാറ്റ്പാക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 18.2.2020-ൽ കല്ലമ്പലം ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പഠനറിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഈ റിപ്പോർട്ട് പ്രകാരം കല്ലമ്പലം ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ സ്ഥാപിക്കുന്നതിന് മുന്നോടിയായി ജംഗ്ഷനിൽ ആവശ്യമായ ഘടനാമാറ്റങ്ങൾ ചെയ്യേണ്ടതുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലത്ത് അപകടങ്ങളുടെ തോത് വർദ്ധിക്കുന്നതിനാൽ അടിയന്തരമായി ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നടപടികൾ സ്വീകരിച്ചുവരുന്നു. നാറ്റ്പാക് സമർപ്പിച്ച പഠന റിപ്പോർട്ട് പ്രകാരം കല്ലമ്പലം ജംഗ്ഷന്റെ ഘടനയിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഘടന മാറ്റങ്ങൾ വരുത്തുന്നതിനായി പൊതുമരാമത്ത് (ദേശീയ പാത) ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി-യെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ

240 (1780) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)കെ.എസ്.ആർ.ടി.സി-യെ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി IIM കൽക്കട്ടയിലെ റിട്ട. പ്രൊഫ. സുശീൽ ഖന്നയെ കൺസൾട്ടന്റായി നിയമിക്കുകയും ടിയാൻ നടത്തിയ സമഗ്ര പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തന രീതി, പ്രവർത്തന സമയം എന്നിവയിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി സർക്കാർ തലത്തിൽ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ

മാനേജർ, ചാർട്ടേർഡ്/കോസ്റ്റ് അക്കൗണ്ടന്റ് തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തി പുനരുദ്ധാരണ നടപടികൾ സ്വീകരിച്ചുവരുന്നു.

2. കോർപ്പറേഷനെ സ്വയംപര്യാപ്തമായ 3 മേഖലകളാക്കി രൂപീകരിച്ച് പുനരുദ്ധരിക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. ഓഫീസർമാരുടെയും ഓഫീസ് ജീവനക്കാരുടെയും സേവന സമയം 7 മണിക്കൂറിൽനിന്നും 8 മണിക്കൂറായി വർദ്ധിപ്പിച്ചിട്ടുണ്ട്.

4. കോർപ്പറേഷനെ പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന്റെയും സുതാര്യമായ അക്കൗണ്ടിംഗിന്റെയും മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെയും കോർപ്പറേഷന്റെ സേവനങ്ങൾ കൊമേഴ്സ്യലൈസ് ചെയ്യുന്നതിന്റെയും ഭാഗമായി പ്രാവീണ്യം തെളിയിച്ചവരെ ഓപ്പൺ മാർക്കറ്റിൽനിന്നും കരാർ അടിസ്ഥാനത്തിൽ നിയമിച്ച് നടപടികൾ പുരോഗമിക്കുകയാണ്.

5. കെ.എസ്.ആർ.ടി.സി-യുടെ റൂട്ടുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി റൂട്ട് പുനഃക്രമീകരണ പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു.

6. കോർപ്പറേഷന് വേണ്ടുന്ന ജീവനക്കാരുടെ എണ്ണം ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇത്തരത്തിൽ ക്രമീകരണം നടക്കുന്നതുവരെ എല്ലാത്തരം നിയമനം, സ്ഥാനക്കയറ്റം എന്നിവ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

7. കെ.എസ്.ആർ.ടി.സി-യിൽ ആവശ്യത്തിലധികം ജീവനക്കാർ കണ്ടക്ടർ/ മെക്കാനിക്ക് വിഭാഗങ്ങളിലുണ്ടെന്നതിന്റെ അടിസ്ഥാനത്തിൽ ടി വിഭാഗം ജീവനക്കാർക്ക് പ്രതിമാസം 50% ശമ്പളത്തോടുകൂടി ഒന്നുമുതൽ അഞ്ച് വർഷം വരെ അവധി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലൂടെ ശമ്പള ഇനത്തിൽ ചെലവ് കുറയ്ക്കുന്നതിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

8. പുനരുദ്ധാരണ നടപടികളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെയും ഓഫീസർമാരുടെയും സേവന വേതന കരാർ കോർപ്പറേഷനും അംഗീകൃത തൊഴിലാളി സംഘടന പ്രതിനിധികളുമായി ഒപ്പുവച്ച് ദീർഘകാല കരാർ രൂപീകരിച്ചിട്ടുണ്ട്. 2019 ഡിസംബറിൽ ഓപ്പറേറ്റ് ചെയ്തിരുന്ന സർവ്വീസുകൾ പുന:രാരംഭിക്കുകയും പുതിയതായി കൂടുതൽ യാത്രാവശ്യമുള്ളതും ഗുണകരവുമായ റൂട്ടുകളിലേയ്ക്ക് അധിക സർവ്വീസുകൾ നടത്തിയും ഷെഡ്യൂളുകൾ 6000 ആക്കി വർദ്ധിപ്പിച്ച് പ്രതിദിന

വരുമാനം 10 കോടി രൂപയാക്കി വർദ്ധിപ്പിക്കാൻ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. പുതിയതായി ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(i) സിറ്റി സർക്കുലർ - 108 ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് നഗരപരിധിയിൽ സർക്കുലർ സർവ്വീസുകൾ 2021 നവംബർ മാസം മുതൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ വിജയത്തിനുശേഷം കൊച്ചി, കോഴിക്കോട് നഗരങ്ങളിൽകൂടി ഇത്തരം ബസ് ഉപയോഗിച്ച് സർവ്വീസുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്.

(ii) സമുദ്ര ബസ് പദ്ധതി - മത്സ്യവിപണനത്തിനായി തീരദേശത്തുനിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്ര ചെയ്യുന്ന വനിതാ തൊഴിലാളികൾക്കായി പ്രധാന മത്സ്യ വിപണന കേന്ദ്രങ്ങളിൽനിന്നും തിരുവനന്തപുരം സിറ്റിക്കുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടുകൂടിയ വ്യത്യസ്ത നിറത്തിലുള്ള 3 ലോ ഫ്ളോർ സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി-ക്ക് 67.5 ലക്ഷം രൂപ വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന രീതിയിൽ ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകി ഓപ്പറേറ്റ് ചെയ്തുവരുന്നു. ഇത്തരം സർവ്വീസുകൾ വ്യാപിപ്പിക്കുന്നതിനും പദ്ധതിയുണ്ട്.

(iii) ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് വിനോദസഞ്ചാരികൾക്കായുള്ള സർവ്വീസ് - കെ.എസ്.ആർ.ടി.സി. ലോ ഫ്ളോർ എ.സി. ബസ്സുകളിലും ദീർഘദൂര മൾട്ടി ആക്സിൽ സർവീസുകളിലും ഇ-ബൈക്ക്, ഇ-സ്കൂട്ടർ, സൈക്കിൾ തുടങ്ങിയ ഇരുചക്രവാഹനങ്ങൾ യാത്രക്കാരുടെയൊപ്പം കൊണ്ടുപോകുന്നതിന് പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിന്റെ വിവരശേഖരണം നടത്തി വ്യാപനമാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

(iv) ബൈപ്പാസ് റൈഡർ/ചെയിൻ സർവ്വീസുകൾ/ വിമാനത്താവളങ്ങളിലേയ്ക്കുള്ള സർവ്വീസുകൾ-ലോ ഫ്ളോർ എ.സി. ബസ്സുകൾകൂടി ഉപയോഗിച്ച് രാത്രിയിലും പകലുമായി ഒരു മണിക്കൂർ ഇടവേളകളിൽ തിരുവനന്തപുരം-കോഴിക്കോട് സർവ്വീസുകൾ NH, MC റോഡുകൾവഴി ബൈപാസ്സ് റൈഡറായി ഓപ്പറേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, തിരുവനന്തപുരം-എറണാകുളം, എറണാകുളം-കോഴിക്കോട് ചെയിൻ സർവ്വീസുകൾ, വിമാനത്താവളങ്ങളിലേയ്ക്കുള്ള ഗൾഫ് കണക്ട് സർവ്വീസുകൾ എന്നിവ കോവിഡ് നിയന്ത്രണങ്ങളും വ്യാപനവും കുറയുന്ന മുറയ്ക്ക് എ.സി. ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് അധിക യാത്രാസൗകര്യവും വരുമാനവർദ്ധനവും ലക്ഷ്യമിട്ടിട്ടുണ്ട്. ഇത്തരത്തിൽ

കോവിഡ് നിയന്ത്രണങ്ങളാൽ നിർത്തിവച്ച എ.സി. ബസ്സുകളടക്കം പുനരുപയോഗിക്കുന്നതിന് മേൽ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

(v) സിറ്റി ഷട്ടിൽ സർവ്വീസുകൾ-തിരുവനന്തപുരം നഗരത്തിലെ പൊതുഗതാഗത സംവിധാനം പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി സിറ്റി സർക്കുലർ സർവ്വീസിന് അനുബന്ധമായി "സിറ്റി ഷട്ടിൽ" എന്ന പേരിൽ തിരുവനന്തപുരം ജില്ല കേന്ദ്രീകരിച്ച് പ്രത്യേക സർവ്വീസ് നടത്തിവരുന്നു. നഗരത്തിന് പുറത്ത് 15 കിലോമീറ്റർ മുതൽ 20 കിലോമീറ്റർ വരെയുള്ള ദൂരത്തിലാണ് ഈ സർവ്വീസ് നടത്തി വരുന്നത്. കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ വിദൂര ഡിപ്പോകളിൽനിന്നും ആരംഭിച്ച് നിറഞ്ഞ് വരുമ്പോൾ ടി യാത്രക്കാർക്ക് ബസ്സിൽ കയറാനാകാതെ വരികയോ യാത്രാസൗകര്യം കുറയുകയോ ചെയ്യുന്നതിനാൽ സ്വന്തം വാഹനങ്ങളെ ആശ്രയിക്കുകയാണ്. ഇത് നഗര ഗതാഗതകുരുക്കിനും റോഡുകളിൽ പാർക്കിംഗ് വർദ്ധിക്കുന്നതിനും അന്തരീക്ഷ മലിനീകരണത്തിനും അപകടങ്ങൾ വർദ്ധിക്കുന്നതിനും കാരണമാകുന്നു. ഇതിനുള്ള ശാസ്ത്രീയ പരിഹാരമെന്ന നിലയിൽ ഗ്രാമാതിർത്തിയിൽനിന്നുള്ള യാത്രക്കാരെ നഗരപരിധിയിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള സുഗമമായ യാത്രാസൗകര്യം ഒരുക്കുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. ഇത് തിരുവനന്തപുരം–

നെയ്യാറ്റിൻകര റൂട്ടിൽ 12 ബസ്സുകളുപയോഗിച്ച് പ്രാഥമികമായി ആരംഭിക്കുകയും തുടർന്ന് എല്ലാ റൂട്ടുകളിലേയ്ക്കും വ്യാപിപ്പിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(vi) സിറ്റി റേഡിയൽ സർവ്വീസ് -തിരുവനന്തപുരം ജില്ലയുടെ ഒരു ഭാഗത്തുനിന്നും മറ്റൊരു ഭാഗത്തേയ്ക്ക് നഗരത്തെ മുറിച്ച് നേരിട്ട് കടന്നുപോകുന്ന സർവ്വീസുകളാണ് സിറ്റി റേഡിയൽ സർവ്വീസ്. ഉദാ. പാറശ്ശാല-കഴക്കൂട്ടം/പാറശ്ശാല-പോത്തൻകോട്, നെയ്യാറ്റിൻകര-ആറ്റിങ്ങൽ തുടങ്ങിയവ. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി-യുടെ സമ്പൂർണ്ണ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടത്തിയ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കൂടിയ പലിശ നിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലയളവിലും എടുത്തിരുന്ന വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് വളരെ ലാഭകരമായി പുനഃക്രമീകരിച്ചിട്ടുണ്ട്. ടി കൺസോർഷ്യംവഴി ലഭ്യമായ തുക ഉപയോഗിച്ച് നിലവിലുണ്ടായിരുന്ന ഹ്രസ്വകാല വായ്പകൾ പൂർണ്ണമായും അടച്ച് തീർക്കുകയും തൽഫലമായി പ്രതിമാസ വായ്പ തിരിച്ചടവിനത്തിൽ ഗണ്യമായ

തുക ലാഭിക്കാനും കഴിഞ്ഞിട്ടുണ്ട്. കോർപ്പറേഷന്റെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് സ്വന്തം വരുമാനത്തിൽനിന്നും കെ.എസ്.ആർ.ടി.സി-ക്ക് പെൻഷൻ നൽകാൻ കഴിയാതെ പെൻഷൻ മുടങ്ങുകയുണ്ടായി. ടി അവസരത്തിൽ സർക്കാർ മുൻകയ്യെടുത്ത് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുകയും ടി കൺസോർഷ്യംവഴി പെൻഷൻ മുടക്കം കൂടാതെ നൽകിവരികയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ ലഭ്യമാകുന്ന പെൻഷൻ തുക പലിശയുൾപ്പെടെ സർക്കാരാണ് 6 മാസത്തിനകം സഹകരണ ബാങ്കുകൾക്ക് മടക്കി നൽകുകയും ചെയ്യുന്നത്. മാത്രമല്ല, കോവിഡിനെത്തുടർന്നുള്ള സാമ്പത്തിക പ്രതിസന്ധി നിമിത്തം 2020 മാർച്ച് മാസം മുതൽ 2021 സെപ്റ്റംബർ മാസം വരെ പൂർണ്ണമായും 2021 ഒക്ടോബർ മാസം മുതൽ നാളിതുവരെ ഭാഗികമായും സർക്കാർ നൽകുന്ന സാമ്പത്തിക സഹായത്താലാണ് ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. ഇതോടൊപ്പം കോവിഡിനെ തുടർന്ന് കെ.എസ്.ആർ.ടി.സി-യുടെ പ്രതിദിന വരുമാനത്തിൽ ഗണ്യമായ ഇടിവുണ്ടാകുകയും കൺസോർഷ്യം വായ്പയുടെ തിരിച്ചടവ് മുടങ്ങുകയും ചെയ്ത സാഹചര്യമുണ്ടായി. തദവസരത്തിൽ ബാങ്കിന്റെ ഭാഗത്തുനിന്നുള്ള നിയമ നടപടികൾ ഒഴിവാക്കുന്നതിനായി

സർക്കാർ ടി വായ്പ തിരിച്ചടവ് നടത്തുന്നതിനായി 360 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകുകയും ചെയ്തിട്ടുണ്ട്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചേർന്ന് പൊതുജനങ്ങൾക്കുകൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽനിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി 67-ഓളം റീട്ടെയിൽ ഔട്ട്ലെറ്റുകൾ തുടങ്ങാൻ പദ്ധതിയിടുകയും ഇതിൽ 8 പമ്പുകൾ നിലവിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം 10-ഓളം പമ്പുകൾ മാർച്ച് 31-ന് മുമ്പേ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതോടൊപ്പം കെ.എസ്.ആർ.ടി.സി-യും ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷനും ചേർന്ന് 20 തരത്തിലുള്ള ഫാസ്റ്റ് മൂവിംഗ് ലൂബ്രിക്കേറ്റുകൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 2 ലൂബ് ഷോപ്പുകളും ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ 2020-21 വർഷത്തേയ്ക്കുള്ള പ്ലാൻ ഫണ്ടിൽനിന്നും 50 കോടി രൂപ അനുവദിച്ചതുപ്രകാരം യാത്രക്കാർക്ക് മെച്ചപ്പെട്ടതും സുഖകരവുമായ പൊതുഗതാഗത സൗകര്യം ലഭ്യമാക്കുന്നതിന്റെ ഭാഗമായി 8 എ.സി. സ്ലീപ്പർ, 20 എ.സി. സീറ്റർ, 88 നോൺ എ.സി. കൺവെൻഷണൽ എയർ സസ്പെൻഷൻ ഉൾപ്പെടെ 116 ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ മാസംതന്നെ പ്രസ്തുത ബസ്സുകൾ

നിരത്തിലിറക്കാമെന്ന് പ്രതീക്ഷിക്കുന്നു. കെ.എസ്.ആർ.ടി.സി-യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവ്വീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസ്സിലെ പരസ്യം, മൊബൈൽ ടവർ, Public Information system മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി-യുടെ വരുമാന സ്രോതസ്സുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടിക്കറ്റ് വിൽപ്പനയിലൂടെ ലഭ്യമാകുന്ന വരുമാനമാണ് കെ.എസ്.ആർ.ടി.സി-യുടെ പ്രധാന വരുമാന മാർഗ്ഗം. അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഇന്ധന വിലയും സ്പെയർ പാർട്സുകളുടെയും അനുബന്ധ സാമഗ്രികളുടെയും വില വർദ്ധനവുമൂലം ടിക്കറ്റ് വിൽപ്പനയിലൂടെ മാത്രം ലഭ്യമാകുന്ന വരുമാനം മതിയാകാത്ത അവസ്ഥ ഉടലെടുത്തതുമൂലം

ടിക്കറ്റിതര വരുമാനത്തിലൂടെ സ്ഥാപനത്തെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും ആയതിൻപ്രകാരം കെ.എസ്.ആർ.ടി.സി-യുടെ യൂണിറ്റുകളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം പ്രതിമാസ വാടക ഇനത്തിൽ സ്വകാര്യ വ്യക്തികൾക്ക് കച്ചവടം നടത്തുന്നതിന് അനുവദിച്ച് നൽകുകയും കൂടാതെ ബസ്സുകളുടെ അകവശത്തും പുറംവശത്തും പരസ്യം പതിക്കൽ, ബസ് സ്റ്റേഷനുകളിൽ പരസ്യം പതിക്കൽ, വിവിധാവശ്യാർത്ഥം സർക്കാർ അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളായ (KMML, KBPS, Kerala Feeds, VSSC) എന്നീ സ്ഥാപനങ്ങൾക്കും സ്വകാര്യ മേഖലയിലെ വാണിജ്യ വ്യാപാര സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ബസ്സുകൾ വാടകയ്ക്ക് നൽകി ടിക്കറ്റിതര വരുമാനം സമാഹരിക്കുകയും ആയത് കോർപ്പറേഷനെ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും ഒരു പരിധി വരെ സഹായകമായിട്ടുണ്ട്.

(vii) ഇന്റലിജന്റ് ട്രാൻസ്പോർട്ട് മാനേജ്മെന്റ് സിസ്റ്റം- പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VLTS) എന്നിവ നടപ്പിലാക്കുന്നതിനായി ഒരു പദ്ധതി

DIMTS (Delhi Integrated Multi-model Transit System)-നെ ഏൽപ്പിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതിയിൽ വരുന്ന പ്രധാന ഘടകങ്ങൾ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം (VLTS), ഫ്ളീറ്റ് മാനേജ്മെന്റ് സിസ്റ്റം, മെഷീൻ ലേണിംഗ് ഉപയോഗിച്ചുള്ള റൂട്ട് ആസൂത്രണവും ഷെഡ്യൂളിംഗും, ഫ്യൂവൽ മാനേജ്മെന്റ് സിസ്റ്റം, Artificial Intelligence ഉപയോഗിച്ചുള്ള Decision Support System എന്നിവയാണ്. ടി പദ്ധതി പൂർണ്ണമായി നടപ്പിലാക്കിക്കഴിയുന്നതിലൂടെ താഴെ പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകുന്നതാണ്. പൊതുജനങ്ങൾക്കും യാത്രക്കാർക്കും മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം ഓൺലൈനായി ലഭ്യമാകും. വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റത്തിലൂടെ യാത്രക്കാർക്ക് ബസ്സുകളുടെ ലൊക്കേഷൻ ലൈവായിത്തന്നെ ലഭ്യമാകും. ബസ് Utilization, Mileage, Service സംബന്ധിച്ച വിവരങ്ങൾ വിശകലനം ചെയ്യാൻ സാധിക്കും. ഇതിന്റെ ഭാഗമായി വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസുകൾ വാങ്ങാനുള്ള പർച്ചേസ് ഓർഡർ നൽകുകയും അതിൻപ്രകാരം ബസ്സുകളിൽ ടി ഡിവൈസുകൾ ഘടിപ്പിക്കുന്ന നടപടികൾ പുരോഗമിച്ചുവരികയുമാണ്.

(viii) ഇ-ഓഫീസ്- ഓഫീസ് പ്രവർത്തനങ്ങൾ സുഗമവും വേഗതയേറിയതും കാര്യക്ഷമവുമാക്കുന്നതിനായി ഇ-ഓഫീസ് സംവിധാനം കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ/NIC എന്നിവയുമായി ചേർന്ന് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആദ്യഘട്ടമെന്ന നിലയിൽ കെ.എസ്.ആർ.ടി.സി-യുടെ ചീഫ് ഓഫീസിലും മൂന്ന് സോണൽ ഓഫീസുകളിലും ടി സംവിധാനം നടപ്പിലാക്കുന്നതാണ്. ഇതിനാവശ്യമായ കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും ടെണ്ടർ നടപടികളിലൂടെ വാങ്ങിയിട്ടുണ്ട്.

(ix) കെ.എസ്.ആർ.ടി.സി-യുടെ യാത്രാ പാസ്സ്, സ്റ്റുഡന്റ് കൺസഷൻ സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നത്- അംഗ വൈകല്യമുള്ളവർ, കാഴ്ചശക്തി ഇല്ലാത്തവർ, മാധ്യമപ്രവർത്തകർ തുടങ്ങിയ പൊതുജനങ്ങൾക്ക് നൽകിവരുന്ന വിവിധതരം യാത്രാ പാസ്സുകൾ, വിദ്യാർത്ഥികൾക്കുള്ള കൺസഷൻ എന്നീ സേവനങ്ങൾ കേരള സ്റ്റേറ്റ് ഐടി മിഷൻ/NIC എന്നിവയുമായി ചേർന്ന് "സർവീസ് പ്ലസ്" എന്ന ആപ്ലിക്കേഷനിലൂടെ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതി നടപ്പിലാക്കുന്നതിലൂടെ പൊതുജനങ്ങൾക്ക് ഓഫീസുകൾ സന്ദർശിക്കാതെതന്നെ എവിടെയിരുന്നും അപേക്ഷകൾ

സമർപ്പിക്കാനും അപേക്ഷകളുടെ പുരോഗതി ട്രാക്ക് ചെയ്യാനുമുള്ള സൗകര്യങ്ങൾ ലഭ്യമാകും. കൂടാതെ ടി അപേക്ഷകളിന്മേൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഓൺലൈനായിതന്നെ നടപടികൾ സ്വീകരിക്കാനും സാധിക്കും.

(x) ക്രൂ റോസ്റ്ററിംഗ് ആന്റ് ബസ് ഷെഡ്യൂളിംഗ് സോഫ്റ്റ്‌വെയർ- കെ.എസ്.ആർ.ടി.സി.-യിൽ പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ക്രൂ റോസ്റ്ററിംഗ് ആന്റ് ബസ് ഷെഡ്യൂളിംഗ് സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതുവഴി ശാസ്ത്രീയമായ രീതിയിൽ ഷെഡ്യൂളുകൾ ക്രമീകരിക്കാനും ക്രൂവിന്റെ ഡ്യൂട്ടി അനുസരിച്ച് ശാസ്ത്രീയമായ രീതിയിൽ ഡ്യൂട്ടി പോസ്റ്റ് ചെയ്യാനും സാധിക്കുന്നതാണ്. അതോടൊപ്പംതന്നെ കൂടുതൽ ഡ്യൂട്ടി ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുന്ന ഒരു പുതിയ ഇൻസെന്റീവ് സിസ്റ്റം അവതരിപ്പിക്കാനും ഉദ്ദേശിക്കുന്നു. അതിലൂടെ ജീവനക്കാരുടെ സാമ്പത്തിക ആനുകൂല്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കും. ഈ പദ്ധതി നടപ്പിലാക്കുന്നത് വഴി കൃത്യത, നല്ല ഉപഭോക്തൃ ബന്ധം, കുറവ് അപകടങ്ങൾ, കുറവ് തകരാറുകൾ എന്നിവ സാദ്ധ്യമാകുന്നതിനാൽ കെ.എസ്.ആർ.ടി.സി-യുടെ വളർച്ചയ്ക്ക് ഇത് സഹായകമാകുമെന്ന് കരുതുന്നു. ടി പദ്ധതിക്കാവശ്യമായ ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്.

(xi) ERP സൊല്യൂഷൻ -പ്രതിദിനം ശരാശരി 6 കോടി രൂപ ടിക്കറ്റ് കളക്ഷൻ ഇനത്തിൽ കെ.എസ്.ആർ.ടി.സി. കൈകാര്യം ചെയ്യുന്നുണ്ട്. കൂടാതെ മറ്റ് ആസ്തികളിൽനിന്നും പരസ്യ-പരസ്യേതര മാർഗ്ഗങ്ങളിലൂടെയുള്ള വരുമാനവും നിലവിൽ ലഭ്യമാണ്. പക്ഷേ നിലവിൽ എല്ലാ അക്കൗണ്ടിംഗും പ്രവർത്തനങ്ങളും മാനുവലായിട്ടാണ് കൈകാര്യം ചെയ്യുന്നത്. ആയതിനാൽ ശരിയായ സാമ്പത്തിക മാനേജ്മെന്റിന് ശക്തമായൊരു സംവിധാനം നിലവിൽ ലഭ്യമല്ല. അക്കൗണ്ടിംഗിനായി ERP സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിലൂടെ പണം കൈകാര്യം ചെയ്യുന്നത് കൂടുതൽ ഉത്തരവാദിത്വവും സുതാര്യവുമാക്കാൻ സാധിക്കും. കൂടാതെ ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാനും ശരിയായ സാമ്പത്തിക മാനേജ്മെന്റ് നടപ്പിലാക്കാനും സാധിക്കും. ഈ പദ്ധതിയിൽ ഉൾപ്പെടുന്ന ഇൻവെന്ററി മാനേജ്മെന്റ് മോഡ്യൂളിലൂടെ ചീഫ് സ്റ്റോർ, വർക് ഷോപ്പ്, ഡിപ്പോകൾ തുടങ്ങിയവയിൽ ലഭ്യമായിട്ടുള്ള സ്പെയർ പാർട്സ്, മറ്റ് സാധനസാമഗ്രികൾ ട്രാക്ക് ചെയ്യുന്നതിനും ശരിയായ സ്ഥലത്ത് ആവശ്യത്തിന് സപ്ലൈസ് ഉണ്ടെന്ന് ഉറപ്പാക്കുന്നതിനും സാധിക്കും. സ്പെയർ പാർട്ട്സ് സ്വീകരിക്കുന്നത് മുതൽ ഇഷ്യൂ ചെയ്യുന്നതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളും എളുപ്പത്തിലും കൃത്യതയോടെയും കൈകാര്യം ചെയ്യാനും ഇതിലൂടെ സാദ്ധ്യമാകും.

(xii) ഓൺലൈൻ പരാതി പരിഹാര സംവിധാനം -കെ.എസ്.ആർ.ടി.സി.-യിൽ ദിവസേന ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി ഒരു പുതിയ പരാതി പരിഹാര പോർട്ടൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും പൊതുജനങ്ങൾക്കും ടി പോർട്ടലിലൂടെ ഓഫീസുകളിൽ സന്ദർശിക്കാതെ തന്നെ ഓൺലൈനായി പരാതികൾ നൽകാനും അവയുടെ തൽസ്ഥിതി ട്രാക്ക് ചെയ്യാനും സാധിക്കും. കൂടാതെ അപേക്ഷകളിന്മേലുള്ള തുടർനടപടികൾ ഓൺലൈനായിതന്നെ കൈക്കൊള്ളാനും ടി വിവരങ്ങൾ അപേക്ഷകന് ലഭ്യമാക്കാനും ഈ സംവിധാനത്തിലൂടെ സാദ്ധ്യമാകുന്നു.

(ബി) സ്വിഫ്റ്റ് കമ്പനി രൂപീകരണവും തുടർപ്രവർത്തനങ്ങളും നടപ്പിലാക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ കമ്പനി പ്രവർത്തനം പുരോഗതിയിലാണ്. 19.2.2021-ലെ G.O.(MS) നമ്പർ.7/2021/ Trans പ്രകാരം KSRTC-SWIFT എന്ന പേരിൽ പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനി രൂപീകരിക്കാൻ ഉത്തരവാകുകയും തുടർന്ന് 2021 നനവംബർ 9-ാം തീയതി കമ്പനി ആക്ട് പ്രകാരം രജിസ്റ്റർ ഓഫ് കമ്പനീസിൽ രജിസ്റ്റർ ചെയ്യുകയുമുണ്ടായി. ദീർഘദൂര ബസ് സർവ്വീസുകൾ

ഒരു കേന്ദ്രീകൃത നിയന്ത്രണത്തിന് കീഴിൽ കാര്യക്ഷമമായി നടത്തുകയെന്നതാണ് ഈ കമ്പനിയുടെ പ്രധാന ലക്ഷ്യം. കൂടാതെ കിഫ്ബി ഫണ്ട് വഴിയും കേന്ദ്ര/സംസ്ഥാന സർക്കാരിന്റെ പുതിയ പദ്ധതി വഴി വാങ്ങുന്നതും സ്പോൺസർഷിപ്പ് വഴി വാടകയ്ക്കെടുക്കുന്ന ബസ്സുകളും കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനുവേണ്ടിയാണ് കമ്പനിക്ക് രൂപം നൽകിയത്. KIIFB വായ്പ ഉപയോഗിച്ച് വാങ്ങുന്ന 310 CNG ബസ്സുകളുടെയും 50 ഇലക്ട്രിക് ബസ്സുകളുടെയും പ്രക്രിയ പുരോഗമിച്ചുവരികയാണ്. കൂടാതെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് വാങ്ങുന്ന 8 സ്ലീപ്പർ ബസ്സുകളിൽ ഒന്ന് തിരുവനന്തപുരത്ത് എത്തിച്ചേർന്നിട്ടുണ്ട്. ദിവസ വേതന അടിസ്ഥാനത്തിൽ ഡ്രൈവർ-കം-കണ്ടക്ടർമാരെ തെരഞ്ഞെടുക്കുന്ന പ്രക്രിയ പുരോഗമിച്ചുവരികയാണ്.

(സി) തൃശ്ശൂർ ജില്ലയിലെ പുതുക്കാട് കെ.എസ്.ആർ.ടി.സി-യുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് മൊബിലിറ്റി ഹബ്ബ് അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും ഇതിൽ വിഭാവന ചെയ്തിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ;

&

(ഡി) പ്രസ്തുത പ്രവൃത്തിക്കായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോയെന്ന് അറയിക്കാമോ?

Concept drawing തയ്യാറാക്കി ഫണ്ട് കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കരട് മാസ്റ്റർ പ്ലാൻ പരിശോധിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-യെ ലാഭകരമാക്കുന്നതിനുള്ള നടപടികൾ

241 (1781) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി-യെ ലാഭകരമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

കെ.എസ്.ആർ.ടി.സി-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി IIM കൽക്കട്ടയിലെ പ്രൊഫ. സുശീൽ ഖന്നയെ കൺസൾട്ടന്റായി നിയമിക്കുകയും ടിയാൻ നടത്തിയ സമഗ്ര പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തനരീതി, പ്രവർത്തന സമയം എന്നിവയിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2019 ഡിസംബറിൽ ഓപ്പറേറ്റ് ചെയ്തിരുന്ന സർവ്വീസുകൾ പുനരാരംഭിക്കുകയും പുതിയതായി കൂടുതൽ യാത്രാവശ്യമുള്ളതും ഗുണകരവുമായ റൂട്ടുകളിലേയ്ക്ക് അധിക സർവ്വീസുകൾ നടത്തിയും

ഷെഡ്യൂളുകൾ 6000 ആക്കി വർദ്ധിപ്പിച്ച് പ്രതിദിന വരുമാനം 10 കോടി രൂപയാക്കി വർദ്ധിപ്പിക്കാൻ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, ചുവടെ ചേർക്കുന്ന പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

(i) സിറ്റി സർക്കുലർ- 108 ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് നഗരപരിധിയിൽ സർക്കുലർ സർവ്വീസുകൾ 2021 നവംബർ മാസം മുതൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ii) സമുദ്ര ബസ് പദ്ധതി- മത്സ്യ വിപണന കേന്ദ്രങ്ങളിൽനിന്നും തിരുവനന്തപുരം സിറ്റിക്കുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യത്തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടുകൂടിയ വ്യത്യസ്ത നിറത്തിലുള്ള 3 ലോ ഫ്ളോർ സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി-ക്ക് ഗ്രാന്റ് ലഭ്യമാകുന്ന രീതിയിൽ ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകി ഓപ്പറേറ്റ് ചെയ്തുവരുന്നു.

(iii) ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് വിനോദ സഞ്ചാരികൾക്കായുള്ള സർവ്വീസ്- കെ.എസ്.ആർ.ടി.സി. ലോ ഫ്ളോർ എ.സി. ബസ്സുകളിലും ദീർഘദൂര മൾട്ടി ആക്സിൽ സർവ്വീസുകളിലും ഇ-ബൈക്ക്, ഇ-സ്കൂട്ടർ, സൈക്കിൾ തുടങ്ങിയ ഇരുചക്ര വാഹനങ്ങൾ യാത്രക്കാരുടെയൊപ്പം കൊണ്ടുപോകുന്നതിന് പദ്ധതി വിഭാവന ചെയ്യുന്നുണ്ട്.

(iv) ബൈപ്പാസ് റൈഡർ/ചെയിൻ സർവ്വീസുകൾ/ വിമാനത്താവളങ്ങളിലേയ്ക്കുള്ള സർവ്വീസുകൾ- ലോ ഫ്ളോർ എ.സി. ബസ്സുകൾക്കൂടി ഉപയോഗിച്ച് രാത്രിയിലും പകലുമായി ഒരു മണിക്കൂർ ഇടവേളകളിൽ തിരുവനന്തപുരം-കോഴിക്കോട് സർവ്വീസുകൾ NH, MC റോഡുകൾവഴി ബൈപാസ്സ് റൈഡറായി ഓപ്പറേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം-എറണാകുളം, എറണാകുളം-കോഴിക്കോട് ചെയിൻ സർവ്വീസുകൾ, വിമാനത്താവളങ്ങളിലേയ്ക്കുള്ള ഗൾഫ് കണക്ട് സർവ്വീസുകൾ എന്നിവ കോവിഡ് നിയന്ത്രണങ്ങളും വ്യാപനവും കുറയുന്ന മുറയ്ക്ക് എ.സി. ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് നടത്താൻ ലക്ഷ്യമിട്ടിട്ടുണ്ട്.

(v) സിറ്റി ഷട്ടിൽ സർവ്വീസുകൾ - തിരുവനന്തപുരം നഗരത്തിലെ പൊതു ഗതാഗത സംവിധാനം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി സിറ്റി സർക്കുലർ സർവ്വീസിന് അനുബന്ധമായി "സിറ്റി ഷട്ടിൽ" എന്ന പേരിൽ തിരുവനന്തപുരം ജില്ല കേന്ദ്രീകരിച്ച് പ്രത്യേക സർവ്വീസ് നടത്തിവരുന്നു. ഗ്രാമാതിർത്തിയിൽനിന്നുള്ള യാത്രക്കാരെ നഗരപരിധിയിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള സുഗമമായ യാത്രാസൗകര്യം ഒരുക്കുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം.

(vi) സിറ്റി റേഡിയൽ സർവ്വീസ് - തിരുവനന്തപുരം ജില്ലയുടെ ഒരു ഭാഗത്ത് നിന്നും മറ്റൊരു ഭാഗത്തേയ്ക്ക് നഗരത്തെ മുറിച്ച് നേരിട്ട് കടന്നുപോകുന്ന സർവ്വീസുകളാണ് സിറ്റി റേഡിയൽ സർവ്വീസ്. മുൻ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി-യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുകയും മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുകയും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിക്കുകയും സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുകയും ദീർഘദൂര യാത്രക്കാർക്ക് സൗകര്യപ്രദമായ നിരവധി സർവ്വീസുകൾ ആരംഭിക്കുകയും ചെയ്തിരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി-യുടെ വരുമാന സ്രോതസ്സുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും ആയതിലൂടെ കോർപ്പറേഷന്റെ നേരിട്ടുള്ള ഇടപെടലിലൂടെ ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പതിപ്പിക്കുന്നതിനും ഷോപ്പ് ഓൺ വീൽസ് പദ്ധതികൾക്ക് കരാറുകാരെ കണ്ടെത്തുകയും കൂടാതെ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ബസ്സുകൾ വാടകയ്ക്ക് നൽകൽ, 'സ്ലീപ് ഓൺ വീൽസ്' പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി-യെ ലാഭകരമാക്കുന്നതിനുള്ള നടപടികളുമായി

മുന്നോട്ടുപോകുകയാണ്. കൂടാതെ, ഇന്റലിജന്റ് ട്രാൻസ്പോർട്ട് മാനേജ്മെന്റ് സിസ്റ്റം, ഇ-ഓഫീസ്, കെ.എസ്.ആർ.ടി.സി-യുടെ യാത്രാ പാസ്സ്, സ്റ്റുഡന്റ് കൺസെഷൻ സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നത്, ക്രൂ റോസ്റ്ററിംഗ് & ബസ് ഷെഡ്യൂളിംഗ് സോഫ്റ്റ്‌വെയർ, ERP സൊല്യൂഷൻ, ഓൺലൈൻ പരാതി പരിഹാര സംവിധാനം എന്നീ സംവിധാനങ്ങളും നടപ്പിലാക്കാൻ വിഭാവന ചെയ്തിട്ടുണ്ട്. ഇന്ധനവില കുറവുള്ള സി.എൻ.ജി. ബസ്സുകൾ 310 എണ്ണം വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(ബി) വിവിധ ജില്ലകളിൽ കെ.എസ്.ആർ.ടി.സി-യുടെ ഉടമസ്ഥതയിൽ നിഷ്ക്രിയ ആസ്തിയായി കിടക്കുന്ന ഭൂമി എത്രയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ?

നിഷ്ക്രിയ ആസ്തിയായി കെ.എസ്.ആർ.ടി.സി-ക്ക് ഭൂമി ഒന്നും തന്നെയില്ല. നിലവിൽ വിവിധയിടങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം ബസ് പാർക്കിംഗ് ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് ഉപയോഗിച്ചുവരുന്നു.

(സി) കെ.എസ്.ആർ.ടി.സി-യുടെ ബസ്സ്റ്റാന്റ് ഉൾപ്പെടെയുള്ള ആസ്തിയിൽ വരുമാനകരമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥലങ്ങളിലാണെന്ന് അറിയിക്കാമോ?

കെ.എസ്.ആർ.ടി.സി-യുടെ വരുമാനത്തിന്റെ ഏറിയ പങ്കം സർവ്വീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസ്സിലെ പരസ്യം, മൊബൈൽ ടവർ, Public Information system മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി-യുടെ വരുമാന സ്രോതസ്സുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി-യുടെ ഉടമസ്ഥതയിലുള്ള കച്ചവടസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിലൂടെയും ബസ് സ്റ്റേഷനിൽ പരസ്യം, ബസ്സുകളിലെ പരസ്യം മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവുവന്നെങ്കിലും നൂതന വരുമാന മാർഗ്ഗത്തിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരുന്നു. കോർപ്പറേഷന്റെ വരുമാന സ്രോതസ്സുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി മാർക്കറ്റിംഗ് ടീമിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ യൂണിറ്റുകളിൽ ഹോർഡിംഗ്സിന് അനുമതി നൽകിയിട്ടുണ്ട്. ഇതിനുപുറമെ കോട്ടയം, പെരിന്തൽമണ്ണ, പൊന്നാനി യൂണിറ്റുകളിൽ യൂണിറ്റ് തലത്തിൽ ടെണ്ടർ നടത്തി ഹോർഡിംഗ്സ് സ്ഥാപിച്ച് പരസ്യം ചെയ്തുവരുന്നു.

<u>ആലപ്പുഴ ബസ് മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണം</u>

242 (1782) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി-യുടെ സമഗ്ര പരിഷ്കരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികളും നടപ്പാക്കുന്ന വിവിധ പദ്ധതികളും സംബന്ധിച്ച് വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി IIM കൽക്കട്ടയിലെ റിട്ട. പ്രൊഫ. സുശീൽ ഖന്നയെ കൺസൾട്ടന്റായി നിയമിക്കുകയും ടിയാൻ നടത്തിയ സമഗ്ര പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ സാമ്പത്തികം, മാനേജ്മെന്റ്,

പ്രവർത്തന രീതി, പ്രവർത്തന സമയം എന്നിവയിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി സർക്കാർ തലത്തിൽ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ, ചാർട്ടേർഡ്/കോസ്റ്റ് അക്കൗണ്ടന്റ് തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തി പുനരുദ്ധാരണ നടപടികൾ സ്വീകരിച്ചുവരുന്നു.

2. കോർപ്പറേഷനെ സ്വയംപര്യാപ്തമായ 3 മേഖലകളാക്കി രൂപീകരിച്ച് പുനരുദ്ധരിക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. കോർപ്പറേഷനെ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെയും സുതാര്യമായ അക്കൗണ്ടിംഗിന്റെയും മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെയും കോർപ്പറേഷന്റെ സേവനങ്ങൾ കൊമേഴ്സ്യലൈസ് ചെയ്യുന്നതിന്റെയും ഭാഗമായി പ്രാവീണ്യം തെളിയിച്ചവരെ ഓപ്പൺ മാർക്കറ്റിൽനിന്നും കരാർ അടിസ്ഥാനത്തിൽ നിയമിച്ച് നടപടികൾ പുരോഗമിക്കുകയാണ്.

4. കെ.എസ്.ആർ.ടി.സി-യുടെ റൂട്ടുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി റൂട്ട് പുന:ക്രമീകരണ പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു.

5. കോർപ്പറേഷന് വേണ്ടുന്ന ജീവനക്കാരുടെ എണ്ണം ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇത്തരത്തിൽ ക്രമീകരണം നടക്കുന്നതുവരെ എല്ലാത്തരം നിയമനം, സ്ഥാനക്കയറ്റം എന്നിവ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ഇതിലൂടെ ചെലവ് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

6. കെ.എസ്.ആർ.ടി.സി-യിൽ ആവശ്യത്തിലധികം ജീവനക്കാർ കണ്ടക്ടർ/ മെക്കാനിക്ക് വിഭാഗങ്ങളിലുണ്ടെന്നതിന്റെ അടിസ്ഥാനത്തിൽ ടി വിഭാഗം ജീവനക്കാർക്ക് പ്രതിമാസം 50% ശമ്പളത്തോടുകൂടി ഒന്നുമുതൽ അഞ്ച് വർഷംവരെ അവധി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലൂടെ ശമ്പള ഇനത്തിൽ ചെലവ് കുറയ്ക്കുന്നതിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

7. പുനരുദ്ധാരണ നടപടികളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെയും ഓഫീസർമാരുടെയും സേവന വേതന കരാർ

കോർപ്പറേഷനും അംഗീകൃത തൊഴിലാളി സംഘടന പ്രതിനിധികളുമായി ഒപ്പുവച്ച് ദീർഘകാല കരാർ രൂപീകരിച്ചിട്ടുണ്ട്.

8. യാത്രാ ഫ്യൂവൽസ്, ഷോപ്പ് ഓൺ വീൽസ്, ലൂബ് ഷോപ്പ്, ലോജിസ്റ്റിക്സ്, പരസ്യങ്ങൾ മുതലായ നടപടികളിലൂടെ അധിക വരുമാനം കണ്ടെത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. 2019 ഡിസംബറിൽ ഓപ്പറേറ്റ് ചെയ്തിരുന്ന സർവ്വീസുകൾ പുനരാരംഭിക്കുകയും പുതിയതായി കൂടുതൽ യാത്രാവശ്യമുള്ളതും ലാഭകരവുമായ റൂട്ടുകളിലേയ്ക്ക് അധിക സർവ്വീസുകൾ നടത്തിയും ഷെഡ്യൂളുകൾ 6000 ആക്കി വർദ്ധിപ്പിച്ച് പ്രതിദിന വരുമാനം 10 കോടി രൂപയാക്കി വർദ്ധിപ്പിക്കാൻ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ആരംഭിച്ച പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

(i) സിറ്റി സർക്കുലർ- 108 ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് നഗരപരിധിയിൽ സർക്കുലർ സർവ്വീസുകൾ 2021 നവംബർ മാസം മുതൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ വിജയത്തിനുശേഷം കൊച്ചി, കോഴിക്കോട് നഗരങ്ങളിൽകൂടി ഇത്തരം ബസ് ഉപയോഗിച്ച് സർവ്വീസുകൾ ആരംഭിക്കുന്ന പദ്ധതിയുണ്ട്.

(ii) സമുദ്ര ബസ് പദ്ധതി- മത്സ്യവിപണനത്തിനായി തീരദേശത്ത് നിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്ര ചെയ്യുന്ന വനിതാ

തൊഴിലാളികൾക്കായി പ്രധാന മത്സ്യ വിപണന കേന്ദ്രങ്ങളിൽനിന്നും തിരുവനന്തപുരം സിറ്റിക്കുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടുകൂടിയ വ്യത്യസ്ത നിറത്തിലുള്ള 3 ലോ ഫ്ളോർ സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി-ക്ക് 67.5 ലക്ഷം രൂപ വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന രീതിയിൽ ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകി ഓപ്പറേറ്റ് ചെയ്തുവരുന്നു. ഇത്തരം സർവ്വീസുകൾ വ്യാപിപ്പിക്കുന്നതിനും പദ്ധതിയുണ്ട്.

(iii) ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് വിനോദ സഞ്ചാരികൾക്കായുള്ള സർവ്വീസ്- കെ.എസ്.ആർ.ടി.സി. ലോ ഫ്ളോർ എ.സി. ബസ്സുകളിലും ദീർഘദൂര മൾട്ടി ആക്സിൽ സർവ്വീസുകളിലും ഇ-ബൈക്ക്, ഇ-സ്കൂട്ടർ, സൈക്കിൾ തുടങ്ങിയ ഇരുചക്രവാഹനങ്ങൾ യാത്രക്കാരുടെയൊപ്പം കൊണ്ടുപോകുന്നതിന് പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിന്റെ വിവരശേഖരണം നടത്തി വ്യാപനമാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

(iv) ബൈപ്പാസ് റൈഡർ/ ചെയിൻ സർവ്വീസുകൾ/ വിമാനത്താവളങ്ങളിലേയ്ക്കുള്ള സർവ്വീസുകൾ- ലോ ഫ്ളോർ എ.സി. ബസ്സുകൾകൂടി ഉപയോഗിച്ച് രാത്രിയിലും പകലുമായി ഒരു മണിക്കൂർ

ഇടവേളകളിൽ തിരുവനന്തപുരം-കോഴിക്കോട് സർവ്വീസുകൾ NH, MC റോഡുകൾവഴി ബൈപാസ്സ് റൈഡറായി ഓപ്പറേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം-എറണാകുളം, എറണാകുളം-കോഴിക്കോട് ചെയിൻ സർവ്വീസുകൾ, വിമാനത്താവളങ്ങളിലേയ്ക്കുള്ള ഗൾഫ് കണക്ട് സർവ്വീസുകൾ എന്നിവ കോവിഡ് നിയന്ത്രണങ്ങളും വ്യാപനവും കുറയുന്ന മുറയ്ക്ക് എ.സി. ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് അധിക യാത്രാ സൗകര്യവും വരുമാന വർദ്ധനവും ലക്ഷ്യമിട്ടിട്ടുണ്ട്. ഇത്തരത്തിൽ കോവിഡ് നിയന്ത്രണങ്ങളാൽ നിർത്തിവച്ച എ.സി. ബസ്സുകളടക്കം പുനരുപയോഗിക്കുന്നതിന് മേൽ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

(v) സിറ്റി ഷട്ടിൽ സർവ്വീസുകൾ- തിരുവനന്തപുരം നഗരത്തിലെ പൊതുഗതാഗത സംവിധാനം പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി സിറ്റി സർക്കുലർ സർവ്വീസിന് അനുബന്ധമായി "സിറ്റി ഷട്ടിൽ" എന്ന പേരിൽ തിരുവനന്തപുരം ജില്ല കേന്ദ്രീകരിച്ച് പ്രത്യേക സർവ്വീസ് നടത്തി വരുന്നു. നഗരത്തിന് പുറത്ത് 15 കിലോമീറ്റർ മുതൽ 20 കിലോമീറ്റർ വരെയുള്ള ദൂരത്ത് നിന്നുമാണ് വരുന്നതെന്ന് മനസ്സിലായിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ വിദൂര ഡിപ്പോകളിൽനിന്നും ആരംഭിച്ച് നിറഞ്ഞ് വരുമ്പോൾ ടി യാത്രക്കാർക്ക് ബസ്സിൽ കയറാനാകാതെ വരികയോ യാത്രാ

സൗകര്യം കുറയുകയോ ചെയ്യുന്നതിനാൽ സ്വന്തം വാഹനങ്ങളെ ആശ്രയിക്കുകയാണ്. ഇത് നഗര ഗതാഗതകുരുക്കിനും റോഡുകളിൽ പാർക്കിംഗ് വർദ്ധിക്കുന്നതിനും അന്തരീക്ഷ മലിനീകരണത്തിനും അപകടങ്ങൾ വർദ്ധിക്കുന്നതിനും കാരണമാകുന്നു. ഇതിനുള്ള ശാസ്ത്രീയ പരിഹാരമെന്ന നിലയിൽ ഗ്രാമാതിർത്തിയിൽനിന്നുള്ള യാത്രക്കാരെ നഗരപരിധിയിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള സുഗമമായ യാത്രാസൗകര്യം ഒരുക്കുകയെന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. ഇത് തിരുവനന്തപുരം-നെയ്യാറ്റിൻകര റൂട്ടിൽ 12 ബസ്സുകളുപയോഗിച്ച് പ്രാഥമികമായി ആരംഭിക്കുകയും തുടർന്ന് എല്ലാ റൂട്ടുകളിലേയ്ക്കും വ്യാപിപ്പിക്കുകയും ചെയ്യുന്നതാണ്.

(vi) സിറ്റി റേഡിയൽ സർവ്വീസ്- തിരുവനന്തപുരം ജില്ലയുടെ ഒരു ഭാഗത്ത് നിന്നും മറ്റൊരു ഭാഗത്തേയ്ക്ക് നഗരത്തെ മുറിച്ച് നേരിട്ട് കടന്നുപോകുന്ന സർവ്വീസുകളാണ് സിറ്റി റേഡിയൽ സർവ്വീസ്. ഉദാ. പാറശ്ശാല -കഴക്കൂട്ടം/ പാറശ്ശാല– പോത്തൻകോട്, നെയ്യാറ്റിൻകര– ആറ്റിങ്ങൽ തുടങ്ങിയവ. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.-യുടെ സമ്പൂർണ്ണ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടത്തിയ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ

ഭാഗമായി കെ.എസ്.ആർ.ടി.സി. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കൂടിയ പലിശ നിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലയളവിലും എടുത്തിരുന്ന വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് വളരെ ലാഭകരമായി പുനഃക്രമീകരിച്ചിട്ടുണ്ട്. ടി കൺസോർഷ്യം വഴി ലഭ്യമായ തുക ഉപയോഗിച്ച് നിലവിലുണ്ടായിരുന്ന ഹ്രസ്വകാല വായ്പകൾ പൂർണ്ണമായും അടച്ച് തീർക്കുകയും തൽഫലമായി പ്രതിമാസ വായ്പ തിരിച്ചടവിനത്തിൽ ഗണ്യമായ തുക ലാഭിക്കാനും കഴിഞ്ഞിട്ടുണ്ട്. കോർപ്പറേഷന്റെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് സ്വന്തം വരുമാനത്തിൽനിന്നും പെൻഷൻ നൽകാൻ കഴിയാതെ പെൻഷൻ മുടങ്ങുകയുണ്ടായി. ടി അവസരത്തിൽ സർക്കാർ മുൻകയ്യെടുത്ത് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുകയും ടി കൺസോർഷ്യം വഴി പെൻഷൻ മുടക്കം കൂടാതെ നൽകി വരികയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ ലഭ്യമാകുന്ന പെൻഷൻ തുക പലിശയുൾപ്പെടെ സർക്കാരാണ് 6 മാസത്തിനകം സഹകരണ ബാങ്കുകൾക്ക് മടക്കി നൽകുന്നത്. മാത്രമല്ല കോവിഡിനെ തുടർന്നുള്ള സാമ്പത്തിക പ്രതിസന്ധി നിമിത്തം 2020 മാർച്ച് മാസം മുതൽ 2021 സെപ്റ്റംബർ മാസം വരെ പൂർണ്ണമായും 2021 ഒക്ടോബർ മാസം മുതൽ നാളിതുവരെ ഭാഗികമായും സർക്കാർ നൽകുന്ന

സാമ്പത്തിക സഹായത്താലാണ് ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. ഇതോടൊപ്പം കോവിഡിനെ തുടർന്ന് പ്രതിദിന വരുമാനത്തിൽ ഇടിവുണ്ടാകുകയും കൺസോർഷ്യം വായ്പയുടെ തിരിച്ചടവ് മുടങ്ങുകയും ചെയ്ത സാഹചര്യമുണ്ടായി. തദവസരത്തിൽ ബാങ്കിൽനിന്നുള്ള നിയമ നടപടികൾ ഒഴിവാക്കുന്നതിനായി സർക്കാർ ടി വായ്പ തിരിച്ചടവിനത്തിൽ 360 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകുകയും ചെയ്തിട്ടുണ്ട്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചേർന്ന് പൊതുജനങ്ങൾക്കുകൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽനിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി 67-ഓളം റീട്ടെയിൽ ഔട്ട്ലെറ്റുകൾ തുടങ്ങാൻ പദ്ധതിയിടുകയും ഇതിൽ 8 പമ്പുകൾ നിലവിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം 10-ഓളം പമ്പുകൾ മാർച്ച് 31-ന് മുമ്പേ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതോടൊപ്പം കെ.എസ്.ആർ.ടി.സി-യും ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷനും ചേർന്ന് 20 തരത്തിലുള്ള ഫാസ്റ്റ് മൂവിംഗ് ലൂബ്രിക്കേറ്റുകൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 2 ലൂബ് ഷോപ്പുകളും ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ 2020-21 വർഷത്തേയ്ക്കുള്ള പ്ലാൻ ഫണ്ടിൽനിന്നും 50 കോടി

രൂപ അനുവദിച്ചതുപ്രകാരം യാത്രക്കാർക്ക് മെച്ചപ്പെട്ടതും സുഖകരവുമായ പൊതുഗതാഗത സൗകര്യം ലഭ്യമാക്കുന്നതിന്റെ ഭാഗമായി 8 എ.സി. സ്ലീപ്പർ, 20 എ.സി. സീറ്റർ, 88 നോൺ എ.സി. കൺവെൻഷണൽ എയർ സസ്പെൻഷൻ ഉൾപ്പെടെ 116 ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ മാസംതന്നെ പ്രസ്തുത ബസ്സുകൾ നിരത്തിലിറക്കാമെന്ന് പ്രതീക്ഷിക്കുന്നു. കെ.എസ്.ആർ.ടി.സി-യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവ്വീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവടസ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസ്സിലെ പരസ്യം, മൊബൈൽ ടവർ, Public Information system മുതലായവയിൽനിന്നും ടിക്കറ്റിതരവരുമാനം ലഭിച്ചുവരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി-യുടെ വരുമാന സ്രോതസ്സുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനം

ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി-യുടെ സമഗ്ര പരിഷ്കരണത്തിന്റെ ഭാഗമായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും ആയതിലൂടെ കോർപ്പറേഷന്റെ നേരിട്ടുള്ള ഇടപെടലിലൂടെ ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പതിപ്പിക്കുന്നതിനും ഷോപ്പ് ഓൺ വീൽസ് പദ്ധതികൾക്ക് കരാറുകാരെ കണ്ടെത്തുകയും കൂടാതെ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ബസ്സുകൾ വാടകയ്ക്ക് നൽകൽ, സ്ലീപ് ഓൺ വീൽസ് പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതികൾ പൊതുജനമധ്യത്തിൽ ഏറെ സ്വീകാര്യമാകുകയും ആയത് കെ.എസ്.ആർ.ടി.സി-യുടെ സമഗ്ര പരിഷ്കരണത്തിന് സഹായകമാകുകയും ചെയ്തിട്ടുണ്ട്. ബസ് സ്റ്റേഷനുകൾ, വർക്ക് ഷോപ്പ്, യാർഡ്, ടോയ്‌ലറ്റ് ഇവയുടെ നവീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്നു. തനത് ഫണ്ട്, പ്ലാൻ ഫണ്ട്, MLA ഫണ്ട് എന്നിവയുടെ ലഭ്യതയനുസരിച്ച് ഇത്തരം പ്രവൃത്തികൾ നിർവ്വഹിക്കുന്നതാണ്. ഡീസൽ ബസ്സുകൾ കൂടുതലായി സി.എൻ.ജി-യിലേയ്ക്ക് മാറ്റുന്നതിന് മുന്നോടിയായി പരീക്ഷണാർത്ഥം 5 ബസ്സുകൾ സി.എൻ.ജി-യിലേയ്ക്ക് മാറ്റുന്നതിന് ദർഘാസ് ക്ഷണിച്ച് 18.10.2021-ന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ആയത് വിജയകരമായാൽ ഘട്ടംഘട്ടമായി കൂടുതൽ ബസ്സുകൾ സി.എൻ.ജി-യിലേയ്ക്ക് മാറ്റാനും ഡീസൽ

ചെലവിനത്തിൽ ചെലവാകുന്ന തുകയിൽ കുറവ് വരുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ചുവടെ ചേർക്കുന്ന നൂതന പദ്ധതികളും ആവിഷ്കരിച്ചുവരുന്നു:

1. GPRS, Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ -Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്ക വിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ നൽകുകയും വിവിധ ഡിപ്പോകളിലേയ്ക്കും ടി മെഷീനുകളുടെ വിതരണം പുരോഗമിച്ചുവരികയുമാണ്. ഇത് പൂർണ്ണമായി നടപ്പിലാക്കി കഴിയുന്നതിലൂടെ താഴെ പറയുന്ന പ്രയോജനങ്ങൾ ലഭ്യമാകുന്നതാണ്.

1.1. ടിക്കറ്റ് കളക്ഷൻ സംബന്ധിച്ച എല്ലാ വിവരങ്ങളും അപ്പോൾതന്നെ ഓൺലൈനായി നിരീക്ഷിക്കാൻ സാധിക്കും. ഇതിൽനിന്നും യാത്രക്കാരുടെ എണ്ണം, വരുമാനം തുടങ്ങിയ വിവരങ്ങൾ മനസ്സിലാക്കാൻ സാധിക്കുന്നു.

1.2. പ്രീ-പെയ്ഡ് സ്മാർഡ് കാർഡ് ഉപയോഗിച്ച് പണരഹിതമായി യാത്ര ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. കൂടാതെ വിവിധതരം പാസ്സുകളെ സ്മാർട്ട് കാർഡ് സംവിധാനത്തിലേയ്ക്ക് മാറ്റാനും കഴിയുന്നതാണ്.

1.3. ഓരോ ട്രിപ്പുകളുടെയും കളക്ഷൻ വിവരങ്ങളും ഓരോ ബസ്സിന്റെയും

വരുമാനം സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാൻ സാധിക്കും. ആയത് വഴി ടി ട്രിപ്പ് ലാഭകരമാണോ എന്ന് വിശകലനം ചെയ്യാനും സാധിക്കും.

2. ഓൺലൈൻ ടിക്കറ്റ് റിസർവേഷൻ ബുക്കിംഗ് സംവിധാനം- കെ.എസ്.ആർ.ടി.സി-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിനും പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി "എന്റെ കെ.എസ്.ആർ.ടി.സി." എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ടി ആപ്പ് ഉപയോഗിച്ചും യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്.

3. വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം- മോട്ടോർ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിന്റെ ഉത്തരവ് പ്രകാരം എല്ലാ പാസഞ്ചർ വെഹിക്കിൾസിലും വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസുകൾ ഘടിപ്പിക്കേണ്ടതാണ്. ആയതിനാൽ വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസുകൾ വാങ്ങാനുള്ള പർച്ചേസ് ഓർഡർ നൽകുകയും അതിൻപ്രകാരം ബസ്സുകളിൽ ടി ഡിവൈസുകൾ ഘടിപ്പിക്കുന്ന നടപടികൾ പുരോഗമിച്ചുവരികയുമാണ്.

(ബി) ജീവനക്കാരുടെ ശമ്പളപരിഷ്കരണം, പെൻഷൻ എന്നിവ സംബന്ധിച്ചും ഇവ വിതരണം ചെയ്യുന്നതിൽ ഇപ്പോൾ വരുന്ന കാലതാമസം ഇല്ലാതാക്കുന്നതിനും കെ.എസ്.ആർ.ടി.സി-യുടെ ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ?

കോവിഡ് മഹാമാരിമൂലം കഴിഞ്ഞ രണ്ട് വർഷക്കാലമായി കോർപ്പറേഷൻ ചരിത്രത്തിൽ നാളിതുവരെ അഭിമുഖീകരിക്കാത്ത തരത്തിലുള്ള സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. ഈ കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും ജീവനക്കാരുടെ ശമ്പള പരിഷ്കരണം 01/2022 മുതൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിൽ ശമ്പള വിതരണത്തിനായി ആവശ്യമുള്ള തുകയായ 96 കോടി രൂപ സ്വന്തം വരുമാനത്തിൽനിന്നും കണ്ടെത്താൻ കഴിയാത്തവിധം സാമ്പത്തിക പ്രതിസന്ധിയിലായതിനാൽ സർക്കാർ ധനസഹായം കൂടി ലഭ്യമാക്കിയാണ് ശമ്പള വിതരണം നടത്തി വരുന്നത്. ഈ പ്രതിസന്ധി മറികടക്കുന്നതിനായി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ കെ.എസ്.ആർ.ടി.സി. ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. കെ.എസ്.ആർ.ടി.സി-യുടെ വരുമാനം വർദ്ധിക്കുന്ന മുറയ്ക്ക് ജീവനക്കാരുടെ

ശമ്പളം കാലതാമസമില്ലാതെ അവസാന ദിനംതന്നെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി-യിലെ പെൻഷൻ വിതരണം 2018 ഫെബ്രുവരി മാസം മുതൽ സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന മുടക്കംകൂടാതെ വിതരണം ചെയ്തുവരികയാണ്. സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന പെൻഷൻ വിതരണം ചെയ്യുന്ന തുക കെ.എസ്.ആർ.ടി.സി-ക്ക് വകയിരുത്തുന്ന ബഡ്ജറ്റ് വിഹിതത്തിൽനിന്നും സർക്കാർ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് അനുവദിക്കുന്നതിൽ വരുന്ന കാലതാമസം നിമിത്തമാണ് പെൻഷൻ വിതരണം 1-ാം തീയതി തന്നെ നടത്താൻ സാധിക്കാത്തത്. നിലവിൽ 2022 ഫെബ്രുവരി മാസംവരെയുള്ള പെൻഷൻ തുക മുടക്കം കൂടാതെ വിതരണം ചെയ്തിട്ടുണ്ട്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചേർന്ന് പൊതുജനങ്ങൾക്കുകൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽനിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി 67-ഓളം റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ തുടങ്ങാൻ പദ്ധതിയിടുകയും ഇതിൽ 8 പമ്പുകൾ നിലവിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം 10-ഓളം പമ്പുകൾ മാർച്ച് 31-നുമ്പ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതോടൊപ്പം

കെ.എസ്.ആർ.ടി.സി-യും ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷനും ചേർന്ന് 20 തരത്തിലുള്ള ഫാസ്റ്റ് മൂവിംഗ് ലൂബ്രിക്കേറ്റുകൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 2 ലൂബ് ഷോപ്പുകളും ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം ഷോപ്പ് ഓൺ വീൽസ്, ബസ്സ് ഓൺ ഡിമാന്റ്, കെ.എസ്.ആർ.ടി.സി. ടൂർ പാക്കേജ് എന്നീ നൂതന പദ്ധതികൾ മുഖാന്തരവും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്. 13.1.2022-ൽ കെ.എസ്.ആർ.ടി.സി-യിലെ അംഗീകൃത സംഘടനകളും മാനേജ്മെന്റും തമ്മിൽ പരസ്പരം സേവന-വേതന കരാർ 2021-ൽ ഒപ്പുവച്ചിട്ടുണ്ട്. പ്രസ്തുത കരാർ പ്രകാരം നിർദ്ദിഷ്ട ശമ്പള പരിഷ്കരണം 1.6.2021 മുതൽ നിലവിൽ വരുമെങ്കിലും സാമ്പത്തിക ആനുകൂല്യം 1.1.2022 മുതൽ ആയിരിക്കും. ആയത് പ്രകാരമുള്ള പരിഷ്കരിച്ച ശമ്പളം 2022 ജനുവരി മുതൽ ജീവനക്കാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

പെൻഷൻ പരിഷ്കരണം– കെ.എസ്.ആർ.ടി.സി-യിലെ നിലവിലെ മോശം സാമ്പത്തിക അവസ്ഥ കാരണം ധനകാര്യ വകുപ്പും സഹകരണ വകുപ്പുമായി സംയുക്തമായാണ് നിലവിൽ പെൻഷൻ വിതരണം ചെയ്തുവരുന്നത്. പ്രസ്തുത സാഹചര്യത്തിൽ ടി വകുപ്പുമായി കൂടിയാലോചന നടത്തി സമയബന്ധിതമായി പെൻഷൻ പരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങൾ

പരിശോധിച്ച് അംഗീകൃത സംഘടനകളുമായി ചർച്ച ചെയ്ത് കരാറിന്റെ ഭാഗമാക്കും. കെ.എസ്.ആർ.ടി.സി-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി-യുടെ വാണിജ്യ പ്രാധാന്യമുള്ള തെരഞ്ഞെടുത്ത ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചുവരുന്നുണ്ട്. അപ്രകാരം കൊട്ടാരക്കര, കാട്ടാക്കട, കാസർഗോഡ്, നെടുമങ്ങാട്, നെയ്യാറ്റിൻകര, പയ്യന്നൂർ എന്നീ ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചുകഴിഞ്ഞു. ഇപ്പോൾ തൊടുപുഴ, മൂവാറ്റുപുഴ, പത്തനംതിട്ട, മലപ്പുറം, ഹരിപ്പാട് എന്നീ ബസ് സ്റ്റേഷനുകളിലും ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ച് കൊണ്ടിരിക്കുകയാണ്. ആലപ്പുഴ മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. പുതുക്കാട് മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണത്തിന് വേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എറണാകുളം, കൊല്ലം, കായംകുളം, തൃശ്ശൂർ, ഗുരുവായൂർ എന്നീ ബസ് സ്റ്റേഷനുകളിൽ ആധുനിക രീതിയിലുള്ള വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മൂന്നാർ ദേവികുളത്ത് ഒരു Holiday Home Project ചെയ്യുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ

കെ.എസ്.ആർ.ടി.സി-യുടെ വിവിധ ഡിപ്പോകളിൽ വാണിജ്യ അടിസ്ഥാനത്തിൽ കടമുറികൾ, SHE Lodge, Dormitory, Locker room തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കി അതിൽനിന്നും വരുമാനമുണ്ടാക്കുന്നതിനുള്ള പദ്ധതികളും പരിഗണനയിലുണ്ട്. കെ.എസ്.ആർ.ടി.സി-യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവ്വീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസ്സിലെ പരസ്യം, മൊബൈൽ ടവർ, Public Information system മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി-യുടെ വരുമാന സ്രോതസ്സുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വാടക അടിസ്ഥാനത്തിൽ ബസ്സുകൾ നൽകുന്നത് സംബന്ധിച്ച് (പ്രൈവറ്റ് ഹയർ)-സർക്കാർ തലത്തിൽ സംഘടിപ്പിക്കുന്ന

ആവശ്യങ്ങൾക്കും വിവാഹം, വിനോദയാത്ര തുടങ്ങിയ ആവശ്യങ്ങൾക്ക് ദൂരപരിധി, സമയം, യാത്രക്കാരുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ നിയമാനുസൃതമായി നിശ്ചയിച്ചിരിക്കുന്ന നിരക്കുകൾ ഈടാക്കി ബസ്സുകൾ അനുവദിക്കുന്നുണ്ട്. നഗരപരിധിയിൽ വിനോദസഞ്ചാരം, ഫോട്ടോഷൂട്ട് തുടങ്ങിയ ആവശ്യങ്ങൾക്കായി ഡബിൾ ഡക്കർ ബസ്സുകളും നൽകി വരുന്നുണ്ട്. ഇതുകൂടാതെ കേന്ദ്ര സർക്കാർ സ്ഥാപനമായ വി.എസ്.എസ്.സി-ക്ക് പ്രതി കിലോമീറ്റർ നിരക്ക് അടിസ്ഥാനത്തിൽ ദീർഘദൂര സർവ്വീസായി വാടകയ്ക്ക് നൽകിവരുന്നുണ്ട്. വിവിധ ടൂർ പാക്കേജുകൾ-കെ.എസ്.ആർ.ടി.സി-യുടെ വിവിധ ഡിപ്പോകളിൽനിന്നും കേരളത്തിലെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് അവധി ദിവസങ്ങളിൽ ട്രാഫിക് ഡിമാന്റ് അനുസരിച്ച് (കുറഞ്ഞത് 40 യാത്രക്കാരെങ്കിലും ലഭ്യമാകുന്ന സാഹചര്യത്തിൽ) നിലവിലെ ടിക്കറ്റ് നിരക്കിൽ ആകർഷകമായ അഡീഷണൽ സർവ്വീസുകളും സംഘം ചേർന്ന് വിദൂര സ്ഥലങ്ങളിലേയ്ക്ക് ഗ്രൂപ്പ് ടിക്കറ്റ് ബുക്ക് ചെയ്യുന്നവർക്കായി സ്പെഷ്യൽ സർവ്വീസുകളും ആവശ്യാനുസരണം അയച്ചുവരുന്നുണ്ട്. ഈ പദ്ധതികൾ വിപുലീകരിച്ച് ടിക്കറ്റിതര വരുമാനം ലഭ്യമാക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത്. ഇത് വിപുലീകരിക്കുന്നതിനായി കോർപ്പറേഷനിൽ പ്രത്യേകം

കൊമേഴ്സ്യൽ/മാർക്കറ്റിംഗ് വിഭാഗം രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ജില്ലാ ആസ്ഥാനങ്ങളിലെ ഉൾപ്പടെ പ്രധാന കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകൾ നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ?

PMC വഴി നവീകരണത്തിനുള്ള എസ്റ്റിമേറ്റ്/മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കുകയും ഫണ്ട് ലഭ്യതയനുസരിച്ച് പ്രവൃത്തികൾ ക്രമീകരിച്ച് വരികയും ചെയ്യുന്നു.

(ഡി) ആലപ്പുഴ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിലെ മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണപ്രവർത്തനം ഏതുഘട്ടം വരെയായെന്നും എന്തൊക്കെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും നിർമ്മാണത്തിന് ഏതെങ്കിലും തരത്തിലുള്ള തടസ്സം നേരിടുന്നുണ്ടോയെന്നുമുള്ള വിശദാംശം നൽകുമോ?

പ്രോജക്ടിന്റെ SPV ആയ M/s. INKEL ആണ് പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി. താൽക്കാലിക ഗ്യാരേജിന്റെ പണി കലവൂർ എന്ന സ്ഥലത്ത് പുരോഗമിച്ചുവരുന്നു. പ്രധാന മൊബിലിറ്റി ഹബ്ബിന് വേണ്ടിയുള്ള Test Pile നിർമ്മിച്ച് ടെസ്റ്റിംഗ് ആരംഭിച്ചിട്ടുണ്ട്. മൊബിലിറ്റി ഹബ്ബിന്

വേണ്ടിയുള്ള ബിൽഡിംഗ് പെർമിറ്റ് കോർപ്പറേഷന് അനുവാദത്തിനായി നൽകിയിട്ടുണ്ട്.

(ഇ) പ്രസ്തുത നിർമ്മാണപ്രവർത്തനം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ?

2024 അവസാനത്തോടെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

<u>സ്വകാര്യ കമ്പനികളുമായുള്ള കരാർ വ്യവസ്ഥകൾ</u>

243 (1783) <u>ഡോ. എം. കെ. മുനീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് കുറയ്ക്കുന്നതിനും മറ്റ് സാമ്പത്തിക ബാദ്ധ്യത ഒഴിവാക്കുന്നതിനും സ്വകാര്യ ബസ്സുകൾ വാടകയ്ക്ക് എടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

&

(ബി) ഇതിനായി ഏതെല്ലാം കമ്പനികളുമായിട്ടാണ് ധാരണാപത്രം ഒപ്പുവച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉണ്ട്.

എ) ദർഘാസ് ക്ഷണിച്ച് 15.9.2017-ൽ കരാറിൽ ഏർപ്പെട്ട് പത്ത് സ്കാനിയ ബസ്സുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കിയിട്ടുണ്ട്.

ബി) 14.11.2018-ൽ കരാറിൽ ഏർപ്പെട്ട് 10 എണ്ണം 9 മീറ്റർ ഇലക്ട്രിക് എ.സി. ബസ്സുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കിയിട്ടുണ്ട്.

സി) ബസ്സുകൾ ഡ്രൈ ലീസ് വ്യവസ്ഥയിൽ വാടകയ്ക്ക് എടുക്കുന്നതിന് 18.11.2021-ന് ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. എന്നാൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. 10 സ്കാനിയ, 10 ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിന് M/s Mahavoyage LLP, 94/100, Sitaram Poddar Marg, 14, Rungtha Bhuvan, 1st Floor, Fanaswadi. Mumbai-യുമായാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്.

(സി) സ്വകാര്യ കമ്പനികളുമായുള്ള കരാർ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

പ്രധാന വ്യവസ്ഥകൾ ചുവടെപ്പറയും പ്രകാരമാണ്. 10 സ്കാനിയ ബസ്സുകൾ 5 വർഷക്കാലത്തേയ്ക്കാണ് വെറ്റ് ലീസ് (ഡ്രൈവർ അടക്കം) വ്യവസ്ഥയിൽ വാടകയ്ക്ക് ലഭ്യമാക്കിയത്. കിലോ മീറ്റർ നിരക്ക് ചുവടെ ചേർക്കുന്നു.

| Sl.No. | Vehicle utilization/ schedule km | Hiring rate/km (excluding taxes) in Rs.: |
|---|---|---|
| (1) | 800 & above | 23 |
| (2) | 750-799 | 24 |
| (3) | 700-749 | 25.50 |
| (4) | 650-699 | 26.40 |
| (5) | 600-649 | 27.72 |

ഡീസൽ, ഡീസൽ എക്സ് സോസ്റ്റ് ഫ്ലൂയിഡ് (Diesel exhaust fluid), കണ്ടക്ടർ എന്നിവ കെ.എസ്.ആർ.ടി.സി. നൽകും. 10 ഇലക്ട്രിക് ബസ്സുകൾ (9 മീറ്റർ എ.സി.) 10 വർഷത്തേയ്ക്ക് വെറ്റ് ലീസ് വ്യവസ്ഥയിൽ വാടകയ്ക്ക് ലഭ്യമാക്കിയത് കിലോമീറ്റർ നിരക്ക് ചുവടെ ചേർക്കുന്നു.

| Km slab/day | Rate per Km (without GST) |
|---|---|
| 125-150 | Rs.43.20 |
| 151-175 | Rs.43.20 |
| 176-200 | Rs.43.20 |
| 201-225 | Rs.43.20 |
| 226-250 | Rs.43.20 |
| 251-275 | Rs.43.20 |

| | |
|---|---|
| 276-300 | Rs.43.20 |
| 301-325 | Rs.43.20 |
| 326-350 | Rs.43.20 |
| 351-399 | Rs.43.20 |
| 400 and above | Rs.43.20 |

ഇലക്ട്രിസിറ്റി, കണ്ടക്ടർ എന്നിവ കെ.എസ്.ആർ.ടി.സി. നൽകും.

## കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സ്

244 (1784) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സിന്റെ ഗ്രൗണ്ട് ഫ്ലോറിൽ കിയോസ്ക്കുകൾ പ്രവർത്തിപ്പിക്കുന്നതിനായി 15 വർഷക്കാലയളവിലേയ്ക്കുള്ള ടെണ്ടർ നേടിയവരെ കെട്ടിടത്തിന്റെ ബലക്ഷയത്തിന്റെ പേരിൽ നിലവിൽ ഒഴിപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സിന്റെ ഗ്രൗണ്ട് ഫ്ലോറിൽ കിയോസ്ക്കുകൾ നടത്തിയിരുന്നവരെ ഐ.ഐ.റ്റി., ചെന്നൈയുടെ repair and rehabilitation വിഭാഗം സമർപ്പിച്ച റിപ്പോർട്ടിലെ ബലക്ഷയത്തിന്റെ അടിസ്ഥാനത്തിൽ ഒഴിപ്പിക്കുന്നതിനായി നടപടികൾ

സ്വീകരിച്ചിരുന്നു. എന്നാൽ 3 കിയോസ്കുകൾ നടത്തിയിരുന്ന M/s.Tastic Lead Point Pvt. Ltd. എന്ന സ്ഥാപനം കോഴിക്കോട് മുൻസിഫ് കോടതിയിൽനിന്നും സ്റ്റേ വാങ്ങിയിരിക്കുകയാണ്. കമ്പനി പത്രിക പരിഗണിച്ച് വിധിയാകേണ്ടതുണ്ട്.

(ബി) നിയമപ്രകാരമുള്ള ടെണ്ടറിൽ പങ്കെടുത്ത് കിയോസ്കുകൾ നടത്തുന്നതിന് അനുമതി നേടിയ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് കെട്ടിടത്തിന്റെ ബലക്ഷയം പരിഹരിച്ച് കഴിയുമ്പോൾ ടെണ്ടർ വ്യവസ്ഥകൾ പ്രകാരം തുടർന്ന് പ്രവർത്തിക്കുന്നതിന് അനുമതി നൽകുമോ; വിശദമാക്കുമോ?

ബഹു. കോടതിയിൽ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ സ്ക്വയർഫീറ്റിന് എത്ര രൂപ നിരക്കിലാണ് പ്രതിദിന വാടക നൽകിയിരുന്നതെന്നും ആലിഫ് ബിൽഡേഴ്സ് എന്ന സ്ഥാപനം സ്ക്വയർഫീറ്റിന് എത്ര രൂപ നിരക്കിലാണ് പ്രസ്തുത ബസ് ടെർമിനലിലെ വിവിധ ഫ്ലോറുകളിൽ വാടക നൽകിയിരുന്നതെന്നും വ്യക്തമാക്കുമോ?

ചതുരശ്ര അടിക്ക് കിയോസ്കുകൾ 44.38 മുതൽ 53.56 രൂപ നിരക്കിലാണ് വാടക വാങ്ങിയിരുന്നത്. M/s. അലിഫ് ബിൽഡേഴ്സ് 17 കോടി രൂപ തിരിച്ചുനൽകേണ്ടാത്ത അഡ്വാൻസും നികുതിയും നൽകിയിട്ടുണ്ട്. എന്നാൽ M/s. അലിഫ് ബിൽഡേഴ്സിൽനിന്നും പ്രതിമാസ വാടക നൽകാനാരംഭിച്ചിട്ടില്ല.

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സേവനം പുന:സ്ഥാപിക്കാൻ നടപടി

245 (1785) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സേവനം ഘട്ടംഘട്ടമായി നിർത്തിയതുമൂലം വിദ്യാർഥികളും പൊതുജനങ്ങളും നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടി വിശദമാക്കാമോ;

&

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദീകരിക്കാമോ?

കോവിഡ് മഹാമാരിക്കുമുമ്പ് 2019 ഡിസംബർ മാസം വരെ ഓപ്പറേറ്റ് ചെയ്തിരുന്ന ലാഭകരമായ സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ യൂണിറ്റുകൾക്കും നൽകിയിട്ടുണ്ട്. എന്നാൽ പ്രവർത്തന ചെലവുപോലും ലഭിക്കാത്ത ലാഭകരമല്ലാത്ത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിലവിലെ സാമ്പത്തികസ്ഥിതിയിൽ കഴിയാത്തതിനാൽ അത്തരം സർവ്വീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി. പുതിയതായി ആരംഭിക്കുന്ന ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു.

## കെ.എസ്.ആർ.ടി.സി-യിൽ പുതിയ ബസ് വാങ്ങൽ

246 (1786) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി-യിൽ നിലവിൽ എത്ര വർഷംവരെ പഴക്കം ചെന്ന ബസ്സുകൾക്കാണ് സർവ്വീസ് നടത്തുന്നതിന് അനുമതിയുള്ളത് എന്നതിന്റെ വിശദാംശം നൽകുമോ?

29.1.2019-ലെ ജി.ഒ. (പി) നമ്പർ. 4/19 പ്രകാരം സ്റ്റേജ് ക്യാരേജ് ബസ്സുകൾക്ക് പരമാവധി 20 വർഷം വരെ സർവ്വീസ് നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ബസ്സുകൾക്ക് ചെറിയ തകരാറുകൾ വന്നാൽപ്പോലും അത് പരിഹരിക്കാതിരിക്കുന്നതുമൂലം അവ ഡിപ്പോകളിൽ കിടന്ന് നശിക്കുകയും അഞ്ച് വർഷത്തിൽ താഴെ പഴക്കം ചെന്ന ബസ്സുകൾപ്പോലും ഇങ്ങനെ സ്ക്രാപ്പായി വിൽക്കുകയും ചെയ്യുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. പുതുതായി എത്ര ബസ്സുകൾ വാങ്ങിയിട്ടുണ്ടെന്നും ഇതിനായി ചെലവഴിച്ച തുക എത്രയാണെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ?

2016-17 സാമ്പത്തിക വർഷത്തിൽ പുതിയ ബസ്സുകൾ വാങ്ങുന്നതിനായി ഹഡ്കോയിൽനിന്നും 95.30 കോടി രൂപ വായ്പയായി ലഭ്യമാക്കിയിട്ടുണ്ട്. ഇതിനുപുറമെ ബസ്സുകൾ വാങ്ങുന്നതിനായി പദ്ധതി വിഹിതമായി ടി സാമ്പത്തിക വർഷത്തിൽ 19.61 കോടി രൂപ സർക്കാർ, കെ.എസ്.ആർ.ടി.സി-ക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ പുതിയ ബസ്സുകൾ വാങ്ങുന്നതിനായി 50 കോടി രൂപ ബഡ്ജറ്റ് വിഹിതമായി സർക്കാർ വകയിരുത്തിയെങ്കിലും പ്രസ്തുത തുക

നടപ്പ് സാമ്പത്തിക വർഷത്തിൽ റിലീസ് ചെയ്ത് നൽകിയിരുന്നില്ല. തുടർന്ന് ടി 50 കോടി രൂപ 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായി സർക്കാർ അനുവദിക്കുകയും പ്രസ്തുത തുക ഉപയോഗിച്ച് 116 സൂപ്പർ ക്ലാസ്സ് ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടികൾ ഏകദേശം പൂർത്തീകരിച്ചിട്ടുമുണ്ട്. പ്രസ്തുത ബസ്സുകൾ ഉടൻതന്നെ നിരത്തിലിറക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 2016 മുതൽ 2021 വരെ 101 ബസ്സുകൾ (100 ഡീസൽ ബസ് +1 സി.എൻ.ജി.) വാങ്ങി നിരത്തിലിറക്കിയിട്ടുണ്ട്. ഒരു സി.എൻ.ജി. ബസ്സിന് ചെലവായ തുക-24,51,327 രൂപയാണ്. 100 ഡീസൽ ബസ്സിന് ചെലവായ തുക -26,59,96,800 രൂപയാണ്.

(ഡി) പ്രസ്തുത ബസ്സുകൾ വാങ്ങുന്നതിനായി ചെലവഴിച്ച തുക കെ.എസ്.ആർ.ടി.സി. വായ്പ എടുത്തതാണോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിൽനിന്നാണ് വായ്പ എടുത്തിട്ടുള്ളത്; തിരിച്ചടവ് എങ്ങനെയാണ്; വിശദമായ വിവരം നൽകുമോ?

2016-17 സാമ്പത്തിക വർഷത്തിൽ പുതിയ ബസ്സുകൾ വാങ്ങുന്നതിനായി 95.30 കോടി രൂപ ഹഡ്കോയിൽനിന്നും വായ്പയെടുത്തിരുന്നു. പ്രസ്തുത വായ്പ പൊതുമേഖലാ ബാങ്കുകളുടെ

കൺസോർഷ്യം മുഖാന്തരം ലഭ്യമാക്കിയ തുക ഉപയോഗിച്ച് 3/2018-ൽ പൂർണ്ണമായും ഒടുക്കിത്തീർത്തിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. സംരക്ഷണം

247 (1787)ശ്രീ. എം. നൗഷാദ്:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നയങ്ങളും കോവിഡും കാരണം പ്രതിസന്ധിയിലായ കെ.എസ്.ആർ.ടി.സി-യെ സംരക്ഷിക്കുന്നതിന് കഴിഞ്ഞ സർക്കാരും ഈ സർക്കാരും നൽകിയ സഹായങ്ങൾ വിശദീകരിക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി-യുടെ സമ്പൂർണ്ണ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പ്രൊഫ. സുശീൽ ഖന്ന സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടത്തിയ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കൂടിയ പലിശനിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലയളവിലും എടുത്തിരുന്ന വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ

കൺസോർഷ്യം രൂപീകരിച്ച് വളരെ ലാഭകരമായി പുനഃക്രമീകരിച്ചിട്ടുണ്ട്. ടി കൺസോർഷ്യം വഴി ലഭ്യമായ തുക ഉപയോഗിച്ച് നിലവിലുണ്ടായിരുന്ന ഹ്രസ്വകാല വായ്പകൾ പൂർണ്ണമായും അടച്ച് തീർക്കുകയും തൽഫലമായി പ്രതിമാസ വായ്പ തിരിച്ചടവിനത്തിൽ ഗണ്യമായ തുക ലാഭിക്കാനും കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നിമിത്തം സ്വന്തം വരുമാനത്തിൽനിന്നും കെ.എസ്.ആർ.ടി.സി-ക്ക് പെൻഷൻ നൽകാൻ കഴിയാതെ മുടങ്ങുകയുണ്ടായി. ടി അവസരത്തിൽ സർക്കാർ മുൻകയ്യെടുത്ത് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിക്കുകയും ടി കൺസോർഷ്യംവഴി പെൻഷൻ മുടക്കം കൂടാതെ നൽകി വരികയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ ലഭ്യമാകുന്ന പെൻഷൻ തുക പലിശയുൾപ്പെടെ സർക്കാരാണ് 6 മാസത്തിനകം സഹകരണ ബാങ്കുകൾക്ക് മടക്കി നൽകുന്നത്. ഈയിനത്തിൽ 2018 ഫെബ്രുവരി മാസം മുതൽ നാളിതുവരെ 2,850 കോടിയോളം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. മാത്രമല്ല കോവിഡിനെ തുടർന്നുള്ള സാമ്പത്തിക പ്രതിസന്ധി കാരണം 2020 മാർച്ച് മാസം മുതൽ 2021 സെപ്റ്റംബർ മാസം വരെ പൂർണ്ണമായും 2021 ഒക്ടോബർ മാസം മുതൽ നാളിതുവരെ ഭാഗികമായും സർക്കാർ നൽകുന്ന

സാമ്പത്തിക സഹായത്താലാണ് ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. ഈയിനത്തിൽ 2020 മാർച്ച് മാസം മുതൽ നാളിതുവരെ 1,645.96 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതോടൊപ്പം കോവിഡിനെ തുടർന്ന് കെ.എസ്.ആർ.ടി.സി-യുടെ പ്രതിദിന വരുമാനത്തിൽ ഇടിവുണ്ടാകുകയും കൺസോർഷ്യം വായ്പയുടെ തിരിച്ചടവ് മുടങ്ങുകയും ചെയ്ത സാഹചര്യമുണ്ടായി. തദവസരത്തിൽ ബാങ്കിൽനിന്നുള്ള നിയമനടപടികൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി സർക്കാർ ടി വായ്പ തിരിച്ചടവിനത്തിൽ 360 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകുകയും ചെയ്തിട്ടുണ്ട്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചേർന്ന് പൊതുജനങ്ങൾക്കുകൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽനിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി 67-ഓളം റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ തുടങ്ങാൻ പദ്ധതിയിടുകയും ഇതിൽ 8 പമ്പുകൾ നിലവിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം 10-ഓളം പമ്പുകൾ മാർച്ച് 31-ന് മുമ്പേ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. മാത്രമല്ല കെ.എസ്.ആർ.ടി.സി-യും ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷനും ചേർന്ന് 20 തരത്തിലുള്ള ഫാസ്റ്റ് മൂവിംഗ് ലൂബ്രിക്കന്റുകൾ

ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 2 ലൂബ് ഷോപ്പുകളും ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ 2020-21 വർഷത്തേയ്ക്കുള്ള പ്ലാൻ ഫണ്ടിൽനിന്നും 50 കോടി രൂപ അനുവദിച്ചതുപ്രകാരം യാത്രക്കാർക്ക് മെച്ചപ്പെട്ടതും സുഖകരവുമായ പൊതുഗതാഗത സൗകര്യം ലഭ്യമാക്കുന്നതിന്റെ ഭാഗമായി 8 എ.സി. സ്ലീപ്പർ, 20 എ.സി. സീറ്റർ, 88 നോൺ എ.സി. കൺവെൻഷണൽ എയർ സസ്പെൻഷൻ ഉൾപ്പെടെ 116 ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രതിസന്ധിക്കിടയിലും മാതൃകാപരമായി ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പാക്കാൻ കെ.എസ്.ആർ.ടി.സി-ക്കായിട്ടുണ്ടോ; ഇതുവഴി പ്രതിവർഷം എത്ര അധിക ചെലവാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ?

13.1.2022-ൽ കെ.എസ്.ആർ.ടി.സി-യിലെ അംഗീകൃത സംഘടനകളും മാനേജ്മെന്റും തമ്മിൽ ഒപ്പുവച്ച സേവന-വേതന കരാർ പ്രകാരം ശമ്പള പരിഷ്കരണം 1.6.2021 മുതൽ നിലവിൽ വരികയും സാമ്പത്തിക ആനുകൂല്യം 1.1.2022 മുതൽ ജീവനക്കാർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പെൻഷൻ പരിഷ്കരണം– കെ.എസ്.ആർ.ടി.സി.-യിലെ നിലവിലെ മോശം സാമ്പത്തികാവസ്ഥ കാരണം ധനകാര്യ വകുപ്പും സഹകരണ വകുപ്പുമായി

സംയുക്തമായാണ് നിലവിൽ പെൻഷൻ വിതരണം ചെയ്തുവരുന്നത്. പ്രസ്തുത സാഹചര്യത്തിൽ ധനകാര്യ വകുപ്പുമായി കൂടിയാലോചന നടത്തി സമയബന്ധിതമായി പെൻഷൻ പരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങൾ അംഗീകൃത സംഘടനകളുമായി ചർച്ച ചെയ്ത് കരാറിന്റെ ഭാഗമാക്കിയിട്ടുണ്ട്. കോവിഡിനെ തുടർന്ന് കെ.എസ്.ആർ.ടി.സി-യുടെ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായിട്ടും ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം 1/2022 മുതൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം നൽകിയത് നിമിത്തം പ്രതിവർഷം ഏകദേശം 180 കോടി രൂപയുടെ അധിക ചെലവ് കെ.എസ്.ആർ.ടി.സി-ക്കുണ്ടാകുന്നുണ്ട്.

(സി) കിഫ്ബി ഫണ്ട് ഉപയോഗിച്ച് പുതിയ ബസ്സുകൾ നിരത്തിലിറക്കിയും സർവ്വീസ് വൈവിദ്ധ്യവൽക്കരണം, ആധുനിക മാനേജ്മെന്റ് തന്ത്രങ്ങൾ, ടിക്കറ്റിതര വരുമാന മാർഗ്ഗങ്ങൾ എന്നിവയിലൂടെയും കെ.എസ്.ആർ.ടി.സി-യെ ലാഭത്തിലേയ്ക്കെത്തിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കിഫ്ബിയിൽനിന്നും വായ്പ ലഭ്യമാക്കി 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ബസ് ഓൺ ഡിമാന്റ്, ഷോപ്പ് ഓൺ വീൽസ്, സിറ്റി ഷട്ടിൽ, ബൈപ്പാസ് റൈഡർ,

കെ.എസ്.ആർ.ടി.സി. ടൂർ പാക്കേജ് എന്നിങ്ങനെ സർവ്വീസുകൾ വൈവിദ്ധ്യവത്ക്കരികുന്നതിനും കെ.എസ്.ആർ.ടി.സി. പമ്പുകളിൽനിന്നും പൊതുജനങ്ങൾക്കുകൂടി ഇന്ധനം നൽകി അധിക വരുമാനം നേടുന്നതിനായി കെ.എസ്.ആർ.ടി.സി-യുടെ 67 ഡിപ്പോകളിൽ യാത്രാ ഫ്യൂവൽ ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. നിലവിൽ 8 ഡിപ്പോകളിൽ യാത്രാ ഫ്യൂവൽ ഔട്ട്ലെറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം 10-ഓളം പമ്പുകൾ മാർച്ച് 31-ന് മുമ്പേ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. മാത്രമല്ല കെ.എസ്.ആർ.ടി.സി-യും ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷനും ചേർന്ന് 20 തരത്തിലുള്ള ഫാസ്റ്റ് മൂവിംഗ് ലൂബ്രിക്കന്റുകൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 2 ലൂബ് ഷോപ്പുകളും ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നൂതന പദ്ധതികളോടൊപ്പം കെ.എസ്.ആർ.ടി.സി-യുടെ പക്കലുള്ള പരമാവധി ബസ്സുകൾ പുറത്തിറക്കിയും ഘട്ടംഘട്ടമായി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരികയാണ്. വൈവിദ്ധ്യവൽകരണം, ആധുനിക മാനേജ്മെന്റ് തന്ത്രങ്ങൾ, ടിക്കറ്റിതര വരുമാന മാർഗ്ഗങ്ങൾ എന്നിവയിലൂടെ

കെ.എസ്.ആർ.ടി.സി-യെ ലാഭത്തിലാക്കാൻ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(i) സിറ്റി സർക്കുലർ - 108 ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് നഗര പരിധിയിൽ സർക്കുലർ സർവ്വീസുകൾ 2021 നവംബർ മാസം മുതൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ വിജയത്തിനുശേഷം കൊച്ചി, കോഴിക്കോട് നഗരങ്ങളിൽക്കൂടി ഇത്തരം ബസ് ഉപയോഗിച്ച് സർവ്വീസുകൾ ആരംഭിക്കുന്ന പദ്ധതിയുണ്ട്.

(ii) സമുദ്ര ബസ് പദ്ധതി - മത്സ്യവിപണനത്തിനായി തീരദേശത്തുനിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്ര ചെയ്യുന്ന ദരിദ്രരായ വനിതാ തൊഴിലാളികൾക്കായി പ്രധാന മത്സ്യ വിപണന കേന്ദ്രങ്ങളിൽനിന്നും തിരുവനന്തപുരം സിറ്റിക്കുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യത്തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടുകൂടിയ വ്യത്യസ്ത നിറത്തിലുള്ള 3 ലോ ഫ്ളോർ സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി-ക്ക് 67.5 ലക്ഷം രൂപ വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന രീതിയിൽ ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകി ഓപ്പറേറ്റ് ചെയ്തുവരുന്നു. ഇത്തരം സർവ്വീസുകൾ സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിനും പദ്ധതിയുണ്ട്.

(iii) ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് വിനോദ സഞ്ചാരികൾക്കായുള്ള സർവ്വീസ്- കെ.എസ്.ആർ.ടി.സി. ലോഫ്ളോർ എ.സി. ബസ്സുകളിലും ദീർഘദൂര മൾട്ടി ആക്സിൽ സർവീസുകളിലും ഇ-ബൈക്ക്, ഇ-സ്കൂട്ടർ, സൈക്കിൾ തുടങ്ങിയ ഇരുചക്രവാഹനങ്ങൾ യാത്രക്കാരുടെയൊപ്പം കൊണ്ടുപോകുന്നതിന് പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിന്റെ വിവര ശേഖരണം നടത്തി വ്യാപനമാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

(iv) ബൈപ്പാസ് റൈഡർ/ചെയിൻ സർവ്വീസുകൾ/ വിമാനത്താവളങ്ങളിലേയ്ക്കുള്ള സർവ്വീസുകൾ- ലോ ഫ്ളോർ എ.സി. ബസ്സുകൾകൂടി ഉപയോഗിച്ച് രാത്രിയിലും പകലുമായി ഒരുപോലെ ഒരു മണിക്കൂർ ഇടവേളകളിൽ തിരുവനന്തപുരം-കോഴിക്കോട് സർവ്വീസുകൾ NH, MC റോഡുകൾവഴി ബൈപാസ് റൈഡറായി ഓപ്പറേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം-എറണാകുളം, എറണാകുളം-കോഴിക്കോട് ചെയിൻ സർവ്വീസുകൾ, വിമാനത്താവളങ്ങളിലേയ്ക്കുള്ള ഗൾഫ് കണക്ട് സർവ്വീസുകൾ എന്നിവ കോവിഡ് നിയന്ത്രണങ്ങളും വ്യാപനവും കുറയുന്ന മുറയ്ക്ക് എ.സി. ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് അധിക യാത്രാ സൗകര്യവും വരുമാന വർദ്ധനവും ലക്ഷ്യമിട്ടിട്ടുണ്ട്. ഇത്തരത്തിൽ

കോവിഡ് നിയന്ത്രണങ്ങളാൽ നിർത്തിവച്ച എ.സി. ബസ്സുകളടക്കം പുനരുപയോഗിക്കുന്നതിന് മേൽ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

(v) സിറ്റി ഷട്ടിൽ സർവ്വീസുകൾ - തിരുവനന്തപുരം നഗരത്തിലെ പൊതു ഗതാഗത സംവിധാനം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി സിറ്റി സർക്കുലർ സർവ്വീസിന് അനുബന്ധമായി "സിറ്റി ഷട്ടിൽ" എന്ന പേരിൽ തിരുവനന്തപുരം ജില്ല കേന്ദ്രീകരിച്ച് പ്രത്യേക സർവ്വീസ് നടത്തിവരുന്നു. നഗരത്തിന് പുറത്ത് 15 കിലോമീറ്റർ മുതൽ 20 കിലോമീറ്റർ വരെയുള്ള ദൂരത്താണ് ഈ സർവ്വീസ് നടത്തി വരുന്നത്. കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ വിദൂര ഡിപ്പോകളിൽനിന്നും ആരംഭിച്ച് നിറഞ്ഞ് വരുമ്പോൾ ടി യാത്രക്കാർക്ക് ബസ്സിൽ കയറാനാകാതെ വരികയോ യാത്രാസൗകര്യം കുറയുകയോ ചെയ്യുന്നതിനാൽ സ്വന്തം വാഹനങ്ങളെ ആശ്രയിക്കുകയാണ്. ഇത് നഗര ഗതാഗതകുരുക്കിനും റോഡുകളിൽ പാർക്കിംഗ് വർദ്ധിക്കുന്നതിനും അന്തരീക്ഷ മലിനീകരണത്തിനും അപകടങ്ങൾ വർദ്ധിക്കുന്നതിനും കാരണമാകുന്നു. ഇതിനുള്ള ശാസ്ത്രീയ പരിഹാരമെന്ന നിലയിൽ ഗ്രാമാതിർത്തിയിൽനിന്നുള്ള യാത്രക്കാരെ നഗരപരിധിയിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള സുഗമമായ യാത്രാസൗകര്യം ഒരുക്കുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. തിരുവനന്തപുരം-നെയ്യാറ്റിൻകര

റൂട്ടിൽ 12 ബസ്സുകളുപയോഗിച്ച് പ്രാഥമികമായി ആരംഭിക്കുകയും തുടർന്ന് എല്ലാ റൂട്ടുകളിലേയ്ക്കും വ്യാപിപ്പിക്കുകയും ചെയ്യുന്നതാണ്.

(vi) സിറ്റി റേഡിയൽ സർവ്വീസ് - തിരുവനന്തപുരം ജില്ലയുടെ ഒരു ഭാഗത്ത് നിന്നും മറ്റൊരു ഭാഗത്തേയ്ക്ക് നഗരത്തെ മുറിച്ച് നേരിട്ട് കടന്നുപോകുന്ന സർവ്വീസുകളാണ് സിറ്റി റേഡിയൽ സർവ്വീസ്. ഉദാ. പാറശ്ശാല-കഴക്കൂട്ടം/ പാറശ്ശാല-പോത്തൻകോട്, നെയ്യാറ്റിൻകര-ആറ്റിങ്ങൽ തുടങ്ങിയവ. കെ.എസ്.ആർ.ടി.സി-യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവ്വീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസ്സിലെ പരസ്യം, മൊബൈൽ ടവർ, Public Information system മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി-യുടെ വരുമാന സ്രോതസ്സുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനം

ആരംഭിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ സർക്കാരിന്റെ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായാണ് സർവ്വീസുകൾ നടത്തി വരുന്നത്. ഇത്തരത്തിൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുമ്പോൾ ലാഭേച്ഛ എന്ന ആശയം നിലനിൽക്കുന്നുണ്ടെങ്കിലും ടിക്കറ്റ് വിൽപ്പനയിലൂടെ ലഭ്യമാകുന്ന വരുമാനത്തിലൂടെ മാത്രം ടി ലക്ഷ്യത്തിലെത്താൻ കെ.എസ്.ആർ.ടി.സി-ക്ക് കഴിയുന്നില്ല. ആയതിനാൽ കോർപ്പറേഷനെ ലാഭകരമാക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. ആയതിലേയ്ക്ക് കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും ആയതിലൂടെ കോർപ്പറേഷന്റെ നേരിട്ടുള്ള ഇടപെടലിലൂടെ ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പതിപ്പിക്കുന്നതിനും ഷോപ്പ് ഓൺ വീൽസ് പദ്ധതികൾക്ക് കരാറുകാരെ കണ്ടെത്തുകയും കൂടാതെ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ബസ്സുകൾ വാടകയ്ക്ക് നൽകൽ, സ്ലീപ് ഓൺ വീൽസ് പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി-യെ ലാഭകരമാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിന് വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ

കിഫ്ബി ധനസഹായത്താൽ സി.എൻ.ജി. ബസുകൾ 310 എണ്ണം വാങ്ങുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

<u>മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ കോമൺ പൂളിലേയ്ക്കുള്ള മാറ്റം</u>

248 (1788) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോകൾ, ഓപ്പറേറ്റിംഗ് സെന്ററുകൾ എന്നിവിടങ്ങളിലെ മെക്കാനിക്കൽ വിഭാഗം ജീവനക്കാരെ കോമൺ പൂളിലേയ്ക്ക് മാറ്റുന്നതിന്റെ കാരണം വിശദമാക്കുമോ;

&

(ബി) മാറ്റപ്പെടുന്ന സബ് ഡിപ്പോകളിലും ഓപ്പറേറ്റിംഗ് സെന്ററുകളിലും ഇതുമൂലം ഉണ്ടാകുന്ന പ്രതിസന്ധി എങ്ങനെ മറികടക്കാൻ കഴിയുമെന്ന് വിശദീകരിക്കുമോ?

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ കാര്യക്ഷമമായ പരിപാലനം ഉറപ്പാക്കുന്നതിനായി സുശീൽ ഖന്ന റിപ്പോർട്ടിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും 94 ഡിപ്പോകളിൽ എല്ലാവിധ മെയിന്റനൻസുകളും നിർവ്വഹിക്കുമ്പോഴുണ്ടാകുന്ന കാര്യക്ഷമതയിലെ കുറവ് പരിഹരിക്കുന്നതിനും

സ്പെയർ പാർട്സ് സ്റ്റോക്ക് ചെയ്യുന്നതുമൂലമുള്ള അധിക ചെലവ് ഒഴിവാക്കുന്നതിന്റെ ഭാഗമായി ത്രിതല മെയിന്റനൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചു. ടി സംവിധാനത്തിൽ സെൻട്രൽ, റീജിയണൽ വർക്ക് ഷോപ്പുകൾ 5 എണ്ണവും ജില്ലാ/സബ് ജില്ലാ വർക്ക് ഷോപ്പുകൾ 22 എണ്ണവും കൂടാതെ ഡിപ്പോ/സബ് ഡിപ്പോ വർക്ക് ഷോപ്പുകളുമാണുള്ളത്. സെൻട്രൽ/റീജിയണൽ വർക്ക് ഷോപ്പുകളിൽ ടയർ റിട്രെഡിംഗ് അഗ്രിഗേറ്റ് ഓവർ ഹോളിംഗ്, മേജർ ആക്സിഡന്റ് റിപ്പയർ, വെഹിക്കിൾ ഓവർ ഹോളിംഗ് ജോലികളുമാണ് നിർവ്വഹിക്കുന്നത്. ജില്ലാ/ സബ് ജില്ലാ വർക്ക് ഷോപ്പുകളിൽ സി.എഫ്. വർക്കുകൾ ഉൾപ്പെടെയുള്ള എല്ലാ അഗ്രിഗേറ്റ് റീ-പ്ലെയ്സ്മെന്റ്, പ്രതിമാസ മെയിന്റനൻസ്, ക്വാർട്ടർലി മെയിന്റനൻസ്, ഫ്യൂവൽ മെയിന്റനൻസ്, ആക്സിഡന്റ് റിപ്പയർ (മൈനർ) തുടങ്ങിയവയാണ് നിർവ്വഹിക്കുന്നത്. ഡിപ്പോ/സബ് ഡിപ്പോ/ഓപ്പറേറ്റിംഗ് സെന്ററുകളിലെ വർക്ക് ഷോപ്പുകളിൽ പ്രതിദിന, പ്രതിവാര ജോലികളും ഓയിൽ ചേഞ്ച്, ടയർ & ഇലക്ട്രിക്കൽ മെയിന്റനൻസുകളും മാത്രമാണ് നിർവ്വഹിക്കുന്നത്. മേൽ പ്രതിപാദിച്ച ജോലികൾ നിർവ്വഹിക്കുന്നതിനാവശ്യമായ മെക്കാനിക്കൽ വിഭാഗം ജീവനക്കാരെ

ലഭ്യമാക്കുന്നതിലേയ്ക്കാണ് ജില്ലാ/സബ് ജില്ലാ വർക്ക് ഷോപ്പുകളിലേയ്ക്ക് മാറ്റി നിയമിച്ചത്.

(സി) തിരുവമ്പാടി ഓപ്പറേറ്റിംഗ് സെന്ററിനെ ഇതിൽനിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ജീവനക്കാരെ കോമൺ പൂളിലേയ്ക്ക് മാറ്റുന്നതിന്റെ ഭാഗമായി തിരുവമ്പാടി ഓപ്പറേറ്റിംഗ് സെന്ററിൽ ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

ഭിന്നശേഷിക്കാർക്ക് ബസ്സുകളിൽ സൗജന്യ യാത്ര

249 (1789) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭിന്നശേഷി അവകാശ നിയമത്തിൽ പ്രതിപാദിക്കുന്ന 21 വിഭാഗങ്ങൾക്കും കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യ യാത്രാപാസ് നൽകണമെന്ന ഭിന്നശേഷി കമ്മീഷണറുടെ നിർദ്ദേശം നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാന ഭിന്നശേഷി കമ്മീഷണറുടെ നിർദ്ദേശപ്രകാരം 21 വിഭാഗങ്ങൾക്കും കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യ യാത്ര പാസ് 18.1.2022-ലെ 496/GL7/(LR)/2021/RTC നമ്പർ പ്രകാരം

ഉത്തരവായിട്ടുണ്ട്. ഇതുസംബന്ധിച്ച സർക്കാർ ഉത്തരവ് ഉടനെ പുറപ്പെടുവിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി-യുടെ പുനരുദ്ധാരണം

250 (1790) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ജൂലൈ മാസമുണ്ടായിരുന്ന എല്ലാ ഷെഡ്യൂളുകളും ഇപ്പോൾ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റ് ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഷെഡ്യൂളുകൾ പുനഃരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; നിലവിൽ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റ് ചെയ്യുന്ന ആകെ ഷെഡ്യൂളുകളുടെ എണ്ണവും ഓരോ ഡിപ്പോകളും ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകളും എത്രയാണെന്നും ശരാശരി പ്രതിദിന വരുമാനവും ചെലവും എത്രയാണെന്നും ഈ സാമ്പത്തിക വർഷം എത്ര പ്രവർത്തന ലാഭം/പ്രവർത്തന നഷ്ടമുണ്ടായെന്നും വിശദീകരിക്കുമോ?

2019 ജൂലൈ മാസമുണ്ടായിരുന്ന എല്ലാ ഷെഡ്യൂളുകളും കെ.എസ്.ആർ.ടി.സി. ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നില്ല. എന്നാൽ 2019 ഡിസംബർ മാസം വരെ ഓപ്പറേറ്റ് ചെയ്തിരുന്ന ലാഭകരമായ സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ

യാത്രക്കാരുടെ കുറവുമൂലം പ്രവർത്തന ചെലവുപോലും ലഭിക്കാത്ത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിലവിലെ സാമ്പത്തികസ്ഥിതിയിൽ കഴിയാത്തതിനാൽ അത്തരം സർവ്വീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി. പുതിയതായി ആരംഭിക്കുന്ന ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റ് ചെയ്യുന്ന ആകെ ഷെഡ്യൂളുകളുടെ എണ്ണവും ഓരോ ഡിപ്പോകളും ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകളും വരുമാനവും അനുബന്ധമായി ചേർക്കുന്നു+. 2021 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ കണക്കനുസരിച്ച് ശരാശരി പ്രതിദിന വരുമാനം 4.39 കോടി രൂപയും പെൻഷനും ശമ്പളവും ഉൾപ്പെടെയുള്ള ശരാശരി പ്രതിദിന ചെലവ് 8.76 കോടി രൂപയുമാണ്. ഇവ തമ്മിലുള്ള അന്തരം 4.37 കോടി രൂപയുമാണ്. ഈ സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പ്രവർത്തന ലാഭം/പ്രവർത്തന നഷ്ടം എന്നിവ കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. ഷെഡ്യൂളുകളുടെയും വരുമാനത്തിന്റെയും വിവരം അനുബന്ധം ആയി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കെ.എസ്.ആർ.ടി.സി-യുടെ പുനരുദ്ധാരണം സംബന്ധിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന തുടർനടപടികൾ എന്തൊക്കെയാണെന്നും കുറഞ്ഞ ചെലവിൽ പൊതുജനങ്ങൾക്ക് ഗതാഗത സൗകര്യം ലഭ്യമാക്കാനുള്ള ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്നും സിറ്റി സർക്കുലർ, ഷട്ടിൽ സർവ്വീസുകൾ എന്നിവ മറ്റ് ജില്ലകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി-യെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി IIM കൽക്കട്ടയിലെ പ്രൊഫ. സുശീൽ ഖന്നയെ കൺസൾട്ടന്റായി നിയമിക്കുകയും ടിയാൻ നടത്തിയ സമഗ്ര പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ സാമ്പത്തികം, മാനേജ്മെന്റ്, പ്രവർത്തന രീതി, പ്രവർത്തന സമയം എന്നിവയിൽ പുനഃക്രമീകരണ നടപടികൾ സ്വീകരിച്ചുവരുന്നു. 2019 ഡിസംബറിൽ ഓപ്പറേറ്റ് ചെയ്തിരുന്ന സർവ്വീസുകൾ പുനരാരംഭിക്കുകയും പുതിയതായി കൂടുതൽ യാത്രാവശ്യമുള്ളതും ഗുണകരവുമായ റൂട്ടുകളിലേയ്ക്ക് അധിക സർവ്വീസുകൾ നടത്തിയും ഷെഡ്യൂളുകൾ 6000 ആക്കി വർദ്ധിപ്പിച്ച് പ്രതിദിന വരുമാനം 10 കോടി രൂപയാക്കി വർദ്ധിപ്പിക്കാൻ താഴെപ്പറയുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി-യുടെ പുനരുദ്ധാരണം സംബന്ധിച്ചും കുറഞ്ഞ

ചെലവിൽ പൊതുജനങ്ങൾക്ക് കൂടുതൽ ഗതാഗത സൗകര്യം ലഭ്യമാക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(i) സിറ്റി സർക്കുലർ - 108 ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് നഗര പരിധിയിൽ സർക്കുലർ സർവ്വീസുകൾ 2021 നവംബർ മാസം മുതൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ വിജയത്തിനുശേഷം കൊച്ചി, കോഴിക്കോട് നഗരങ്ങളിൽകൂടി ഇത്തരം ബസ് ഉപയോഗിച്ച് സർവ്വീസുകൾ ആരംഭിക്കുന്ന പദ്ധതിയുണ്ട്.

(ii) സമുദ്ര ബസ് പദ്ധതി-തിരുവനന്തപുരം സിറ്റിക്കുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യത്തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടുകൂടിയ വ്യത്യസ്ത നിറത്തിലുള്ള 3 ലോ ഫ്ളോർ സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി. ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകി ഓപ്പറേറ്റ് ചെയ്തുവരുന്നു. ഇത്തരം സർവ്വീസുകൾ വ്യാപിപ്പിക്കുന്നതിനും പദ്ധതിയുണ്ട്.

(iii) ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് വിനോദ സഞ്ചാരികൾക്കായുള്ള സർവ്വീസ്- കെ.എസ്.ആർ.ടി.സി. ലോഫ്ളോർ എ.സി. ബസ്സുകളിലും ദീർഘദൂര മൾട്ടി ആക്സിൽ സർവ്വീസുകളിലും ഇ-ബൈക്ക്, ഇ-സ്കൂട്ടർ,

സൈക്കിൾ തുടങ്ങിയ ഇരുചക്രവാഹനങ്ങൾ യാത്രക്കാരുടെയൊപ്പം കൊണ്ടുപോകുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്.

(iv) ബൈപ്പാസ് റൈഡർ/ചെയിൻ സർവ്വീസുകൾ/ വിമാനത്താവളങ്ങളിലേയ്ക്കുള്ള സർവ്വീസുകൾ- ലോ ഫ്ളോർ എ.സി. ബസ്സുകൾകൂടി ഉപയോഗിച്ച് രാത്രിയിലും പകലുമായി ഒരുപോലെ ഒരു മണിക്കൂർ ഇടവേളകളിൽ തിരുവനന്തപുരം-കോഴിക്കോട് സർവ്വീസുകൾ NH, MC റോഡുകൾ വഴി ബൈപാസ് റൈഡറായി ഓപ്പറേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം-എറണാകുളം, എറണാകുളം-കോഴിക്കോട് ചെയിൻ സർവ്വീസുകൾ, വിമാനത്താവളങ്ങളിലേയ്ക്കുള്ള ഗൾഫ് കണക്ട് സർവ്വീസുകൾ എന്നിവ കോവിഡ് നിയന്ത്രണങ്ങളും വ്യാപനവും കുറയുന്ന മുറയ്ക്ക് എ.സി. ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് നടത്താൻ ലക്ഷ്യമിട്ടിട്ടുണ്ട്.

(v) സിറ്റി ഷട്ടിൽ സർവ്വീസുകൾ - തിരുവനന്തപുരം നഗരത്തിലെ പൊതു ഗതാഗത സംവിധാനം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി സിറ്റി സർക്കുലർ സർവ്വീസിന് അനുബന്ധമായി "സിറ്റി ഷട്ടിൽ" എന്ന പേരിൽ തിരുവനന്തപുരം ജില്ല കേന്ദ്രീകരിച്ച് പ്രത്യേക സർവ്വീസ് നടത്തിവരുന്നു. ഗ്രാമാതിർത്തിയിൽനിന്നുള്ള യാത്രക്കാരെ നഗരപരിധിയിൽ

എത്തിക്കുന്നതിനുവേണ്ടിയുള്ള സുഗമമായ യാത്രാസൗകര്യം ഒരുക്കുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. ഇത് തിരുവനന്തപുരം-നെയ്യാറ്റിൻകര റൂട്ടിൽ 12 ബസ്സുകളുപയോഗിച്ച് പ്രാഥമികമായി ആരംഭിക്കുകയും തുടർന്ന് എല്ലാ റൂട്ടുകളിലേയ്ക്കും വ്യാപിപ്പിക്കുകയും ചെയ്യുന്നതാണ്.

(vi) സിറ്റി റേഡിയൽ സർവ്വീസ്-തിരുവനന്തപുരം ജില്ലയുടെ ഒരു ഭാഗത്തുനിന്നും മറ്റൊരു ഭാഗത്തേയ്ക്ക് നഗരത്തെ മുറിച്ച് നേരിട്ട് കടന്നുപോകുന്ന സർവ്വീസുകളാണ് സിറ്റി റേഡിയൽ സർവ്വീസ്.

(vii) ഗ്രാമവണ്ടി - സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി-യുടെ വരുമാന സ്രോതസ്സുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സിറ്റി സർക്കുലർ, സിറ്റി ഷട്ടിൽ സർവ്വീസുകൾ മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കാനുള്ള സാധ്യത പരിശോധിക്കുന്നുണ്ട്.

(സി) ദീർഘദൂര സർവ്വീസ് റൂട്ടുകൾ സ്വകാര്യവത്കരിക്കാനും കെ.എസ്.ആർ.ടി.സി-യുടെ വസ്തുവകകൾ സ്വകാര്യ മേഖലയ്ക്ക് കൈമാറ്റം ചെയ്യുവാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

ദീർഘദൂര സർവ്വീസ് റൂട്ടുകൾ സ്വകാര്യവത്കരിക്കാൻ കെ.എസ്.ആർ.ടി.സി. നടപടി സ്വീകരിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി-യുടെ വസ്തുവകകൾ സ്വകാര്യമേഖലയ്ക്ക് കൈമാറാൻ ഉദ്ദേശിക്കുന്നില്ല.

(ഡി) കെ.എസ്.ആർ.ടി.സി. വാങ്ങുന്ന ഇന്ധന വിലയിലുണ്ടായ വർദ്ധനവുമൂലം പ്രതിദിനം എത്ര രൂപയാണ് അധിക നഷ്ടം ഉണ്ടാകുന്നതെന്നും ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും വിശദമാക്കാമോ?

പൊതുമേഖലാ എണ്ണ കമ്പനികൾ കെ.എസ്.ആർ.ടി.സി-യുടെ കൺസ്യൂമർ പമ്പുകൾക്ക് (ബൾക്ക് പർച്ചേസ് എന്ന വിഭാഗത്തിൽ) ലിറ്ററിന് 82.75 രൂപയ്ക്കാണ് 31.12.2021 വരെ നൽകിവന്നത്. 1.1.2022 മുതൽ 1.99 രൂപയും 16.1.2022 മുതൽ 3.37 രൂപയും 1.2.2022 മുതൽ 5.59 രൂപയും 16.2.2022 മുതൽ 4.18 രൂപയും 1.3.2022 മുതൽ 2.37 രൂപയും ലിറ്ററൊന്നിന് വർദ്ധിപ്പിക്കുകയുണ്ടായി. ഇപ്രകാരം വില വർദ്ധിപ്പിച്ചതുമൂലം പൊതുവിപണിയിലെ വില്പന ശാലകളിൽനിന്നും ലഭിക്കുന്ന വിലയേക്കാൾ

6.78 രൂപയുടെ വർദ്ധനവാണ് നിലവിലുള്ളത്. കെ.എസ്.ആർ.ടി.സി-ക്ക് നിലവിൽ ശരാശരി 270 കിലോ ലിറ്റർ ഡീസലാണ് പ്രതിദിനം ആവശ്യമായി വരുന്നത്. ബൾക്ക് പർച്ചേസ് എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നതിനാൽ മറ്റ് ഉപഭോക്താക്കൾക്ക് നൽകുന്നതിനേക്കാൾ ലിറ്ററിന് 6.78 രൂപ ഡീസൽ വില വർദ്ധിക്കുമ്പോൾ പ്രതിദിനം കെ.എസ്.ആർ.ടി.സി-ക്ക് 18.30 ലക്ഷം രൂപയുടെ അധിക ബാദ്ധ്യത ഉണ്ടാകുന്നതാണ്. കെ.എസ്.ആർ.ടി.സി-യുടെ പുതിയ സംരംഭമായ യാത്രാ ഫ്യൂവൽസ് റീട്ടെയിൽ ഔട്ട്ലെറ്റുകളിൽനിന്ന് ഡീസൽ ഉപയോഗിക്കുന്നതടക്കമുള്ള ബദൽ മാർഗ്ഗങ്ങൾ സ്വീകരിച്ചതിനാൽ ടി നഷ്ടം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) കെ.എസ്.ആർ.ടി.സി. ലോജിസ്റ്റിക്സ് മാർക്കറ്റിംഗ് ഡിവിഷൻ രൂപവൽക്കരിച്ചശേഷം ഈ ഇനത്തിൽ എത്ര രൂപ വരുമാനം ലഭിച്ചിട്ടുണ്ട്; 2016 ഏപ്രിൽ 1 മുതൽ മറ്റിനങ്ങളിൽ കെ.എസ്.ആർ.ടി.സി-ക്ക് ലഭ്യമായ ടിക്കറ്റിതര വരുമാനം എത്രയാണെന്നും ഏതിനങ്ങളിലാണെന്നും വിശദീകരിക്കുമോ?

കെ.എസ്.ആർ.ടി.സി. ലോജിസ്റ്റിക്സ് മാർക്കറ്റിംഗ് ഡിവിഷൻ രൂപവൽക്കരിച്ചശേഷം വിവിധ ആദായകരമായ പദ്ധതികളിലൂടെ

4,70,41,486 (നാല് കോടി എഴുപത് ലക്ഷത്തി നാൽപത്തി ഒന്നായിരത്തി നാന്നൂറ്റി എൺപത്തി ആറ് രൂപ മാത്രം) സമാഹരിക്കാൻ സാധിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷംവരെയുള്ള അക്കൗണ്ട്സ് മാത്രമേ പൂർത്തിയാക്കി അംഗീകാരം ലഭിച്ചിട്ടുള്ളൂ. 2016-17 മുതലുള്ള താത്ക്കാലിക കണക്കുപ്രകാരം മറ്റിനങ്ങളിൽ ലഭ്യമായ ടിക്കറ്റ് ഇതര വരുമാനം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| | |
|---|---|
| 2016-17 | 35,73,26,196 |
| 2017-18 | 15,41,72,415 |
| 2018-19 | 30,78,08,000 |
| 2019-20 | 23,51,27,014 |
| 2020-21 | 32,18,42,669 |

പരസ്യ ഇനത്തിലും വാടക ഇനത്തിലും ബസ്സുകളിൽ ടിക്കറ്റില്ലാതെ യാത്ര ചെയ്യുവരിൽനിന്നും പിഴ ഈടാക്കുന്ന ഇനത്തിലും മറ്റ് രസീതിനങ്ങളിലുമാണ് പ്രധാനമായും ടിക്കറ്റിതര വരുമാനം ലഭിക്കുന്നത്.

(എഫ്) ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ രൂപീകരിച്ച ലോജിസ്റ്റിക്സ് മാർക്കറ്റിംഗ് ടീമിലേയ്ക്ക് സ്ഥിരജീവനക്കാരെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ജീവനക്കാർക്ക് നിയമനം നൽകിയത് എന്ത് മാനദണ്ഡപ്രകാരമാണ്; പ്രസ്തുത ജീവനക്കാരുടെ

നിയമനങ്ങൾ കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡ് അംഗീകരിച്ചിട്ടുണ്ടോ?

ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച ലോജിസ്റ്റിക്സ് മാർക്കറ്റിംഗ് ടീമിൽ നിയമനം നടത്തിയിട്ടുള്ളത് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്, തിരുവനന്തപുരം എന്ന സ്ഥാപനം മുഖേനയാണ്. ടി സ്ഥാപനത്തിന്റെ സഹായത്തോടുകൂടി കെ.എസ്.ആർ.ടി.സി. ജീവനക്കാരിൽ നിശ്ചിത യോഗ്യതയുള്ളവരിൽനിന്നും വിവിധ പരീക്ഷകളിലൂടെയും മുഖാമുഖത്തിലൂടെയുമാണ് 22 പേരടങ്ങുന്ന കെ.എസ്.ആർ.ടി.സി. ലോജിസ്റ്റിക്സ് മാർക്കറ്റിംഗ് ടീം രൂപീകരിച്ചിട്ടുള്ളത്. പ്രസ്തുത നിയമനത്തിന് ഭരണസമിതിയുടെ അംഗീകാരം തേടിയിട്ടില്ല.

(ജി) ശാരീരികമായ അവശതകൾമൂലം കാറ്റഗറി ചെയ്ഞ്ചിനായി ഇതുവരെ എത്ര ജീവനക്കാർ അപേക്ഷ നൽകിയിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് അനുമതി നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

ശാരീരികമായ അവശതകൾമൂലം കാറ്റഗറി ചെയ്ഞ്ചിനായി 70 ജീവനക്കാർ അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് പരിശോധിച്ച് അവശതയുടെ തോത് നിർണ്ണയിച്ച്

യോഗ്യരായ 34 പേർക്ക് 25.2.2022 വരെ തസ്തിക മാറ്റത്തിന് അനുമതി നൽകിയിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകളിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം-പെങ്ങാമുക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്

251 (1791) ശ്രീ എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-പെങ്ങാമുക്ക് റൂട്ടിലെ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് മുടങ്ങിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) എങ്കിൽ പ്രസ്തുത സർവ്വീസ് പുനരാരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; എന്നത്തേയ്ക്ക് സർവ്വീസ് പുനരാരംഭിക്കാൻ കഴിയും എന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെങ്ങാമുക്കിൽ ജീവനക്കാർക്ക് സ്റ്റേ റൂം സൗകര്യം ലഭ്യമല്ലാത്തതിനാൽ ടി സർവ്വീസ് തൃശ്ശൂർ വരെ മാത്രമേ നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നുള്ളൂ. സ്റ്റേ റൂം സൗകര്യം ലഭ്യമാകുന്ന മുറയ്ക്ക്

തിരുവനന്തപുരം-പെങ്ങാമുക്ക് സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## വൈപ്പിനിൽ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്

252 (1792) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ ആസ്ഥാനമായി നിർദ്ദേശിക്കപ്പെട്ടിരുന്ന സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് സംബന്ധിച്ച പ്രൊപ്പോസലിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത പ്രൊപ്പോസൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് സബ് ആർ.ടി. ഓഫീസില്ലാത്ത താലൂക്കുകളിൽ പുതിയ സബ് ആർ.ടി. ഓഫീസ്, റൂറൽ റീജിയണൽ ഓഫീസ് എന്നിവ തുടങ്ങുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളൂ.

കെ.എസ്.ആർ.ടി.സി-യുടെ കടബാദ്ധ്യത

253 (1793) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി-യുടെ നിലവിലെ കടബാദ്ധ്യത എത്രയാണെന്ന് വ്യക്തമാക്കാമോ; കടബാദ്ധ്യത പരിഹരിക്കുന്നതിന് എത്ര തുകയാണ് അഞ്ച് വർഷത്തിനിടെ സർക്കാർ കെ.എസ്.ആർ.ടി.സി-ക്ക് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്ത വായ്പായിനത്തിൽ 3,472.21 കോടി രൂപയും സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ച് നൽകിയ വായ്പായിനത്തിൽ 8,328.45 കോടി രൂപയും ബാദ്ധ്യതയായി നിലനിൽക്കുന്നു. ഇതിൽനിന്നും 2013-14 വരെയുള്ള കാലയളവിലെ 1,090.76 കോടി രൂപ സർക്കാരിന്റെ കെ.എസ്.ആർ.ടി.സി-യിലെ മൂലധന നിക്ഷേപമായി മാറ്റുന്നതിന് തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡാനന്തരം കെ.എസ്.ആർ.ടി.സി-യുടെ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായതിനെത്തുടർന്ന് കൺസോർഷ്യം വായ്പയുടെ പ്രതിദിന തിരിച്ചടവ് മുടങ്ങുകയുണ്ടായി. ടി വേളയിൽ ബാങ്കിൽനിന്നുള്ള നിയമ നടപടികൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി വിവിധ

ഘട്ടങ്ങളിലായി കൺസോർഷ്യം വായ്പയുടെ തിരിച്ചടവിനത്തിൽ 360 കോടി രൂപയും കെ.ടി.ഡി.എഫ്.സി. ലോൺ തിരിച്ചടവിനായി 46.71 കോടി രൂപയും സർക്കാർ വായ്പ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി-യിൽ 2015-16 സാമ്പത്തിക വർഷംവരെയുള്ള അക്കൗണ്ട്സ് മാത്രമേ C&AG ആഡിറ്റ് പൂർത്തിയാക്കി അംഗീകാരം ലഭിച്ചിട്ടുള്ളൂ. ആയതുപ്രകാരം 2015-16 സാമ്പത്തിക വർഷംവരെയുള്ള കെ.എസ്.ആർ.ടി.സി-യുടെ കടബാദ്ധ്യത 6,048.25 കോടി രൂപയാണ്.

(ബി) സ്വിഫ്റ്റ് എന്ന സ്വതന്ത്ര കമ്പനി നിലവിൽ രൂപീകരിച്ചിട്ടുണ്ടോ; സ്വിഫ്റ്റ് രൂപീകരിക്കാനുള്ള കാരണം വ്യക്തമാക്കുമോ; ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ സ്വിഫ്റ്റിന്റെ ലാഭനഷ്ടങ്ങളിൽ കെ.എസ്.ആർ.ടി.സി-ക്ക് ബാദ്ധ്യത ഉണ്ടാകുമോ; വിശദാംശം നൽകാമോ?

കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ കമ്പനി പ്രവർത്തനം പുരോഗതിയിലാണ്. 19-2-2021-ലെ G.O(MS)നമ്പർ.7/ 2021/Trans ഉത്തരവ് പ്രകാരം KSRTC-SWIFT എന്ന പേരിൽ പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനി രൂപീകരിക്കാൻ ഉത്തരവാകുകയും തുടർന്ന് 2021 നവംബർ 9-ാം തീയതി കമ്പനി ആക്ട് പ്രകാരം രജിസ്റ്റർ ഓഫ് കമ്പനീസിൽ രജിസ്റ്റർ ചെയ്തു. ദീർഘദൂര ബസ് സർവ്വീസുകൾ ഒരു കേന്ദ്രീകൃത

നിയന്ത്രണത്തിന് കീഴിൽ കാര്യക്ഷമമായി നടത്തുകയെന്നതാണ് ഈ കമ്പനിയുടെ പ്രധാന ലക്ഷ്യം. കൂടാതെ കിഫ്ബി ഫണ്ട് വഴിയും കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ പുതിയ പദ്ധതി വഴിയും സ്പോൺസർഷിപ്പ് വഴിയും വാടകയ്ക്ക് എടുക്കുന്ന ബസ്സുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനുംവേണ്ടിയാണ് കമ്പനിക്ക് രൂപം നൽകിയത്. KSRTC-SWIFT കമ്പനിയുടെ ലാഭനഷ്ടങ്ങളിൽ KSRTC-യ്ക്ക് ബാദ്ധ്യത ഉണ്ടാവില്ല.

## കെ.എസ്.അർ.ടി.സി-യുടെ പുനരുദ്ധാരണം

254 (1794) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിയിലായിരുന്ന കെ.എസ്.അർ.ടി.സി-യെ പുനരുദ്ധരിക്കാനുള്ള ശ്രമം നടക്കുമ്പോൾ കോവിഡ് സൃഷ്ടിച്ച ആഘാതം സ്ഥാപനത്തിന്റെ സാമ്പത്തികസ്ഥിതിയെ എപ്രകാരം ബാധിച്ചെന്ന് വ്യക്തമാക്കാമോ?

പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി-യുടെ സമ്പൂർണ്ണ പുനരുദ്ധാരണം

നടപ്പിലാക്കുകയുണ്ടായി. ഇത്തരത്തിൽ കെ.എസ്.ആർ.ടി.സി-യുടെ ബസ്സ് സർവ്വീസുകൾ പുനഃക്രമീകരിച്ചതുവഴി കോവിഡിന് മുമ്പ് പ്രതിദിന വരുമാനം 6.30 കോടി രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിരുന്നു. പ്രതിദിന വരുമാനത്തിൽനിന്നും പെൻഷൻ നൽകാൻ കഴിയാതെ വന്നതോടെ 2018 ഫെബ്രുവരിയിൽ സർക്കാർ മുൻകയ്യെടുത്ത് സഹകരണ വകുപ്പുമായി ചേർന്ന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ മുടക്കം കൂടാതെ നൽകിവരുന്നു. പുനരുദ്ധാരണത്തിന്റെ ഭാഗമായി വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കൂടിയ പലിശ നിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലയളവിലും അന്നുവരെ എടുത്തിരുന്ന വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ചതുവഴി വായ്പ തിരിച്ചടവ് ചെലവ് കുറയ്ക്കാൻ സാധിച്ചിരുന്നു. ജീവനക്കാർക്ക് കുടിശ്ശികയുണ്ടായിരുന്ന മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, പ്രോവിഡന്റ് ഫണ്ട് എന്നിവയുടെ ചെറിയ ഭാഗവും കുടിശ്ശിക ക്ഷാമബത്തയിൽനിന്നും 8% ക്ഷാമബത്തയും 2018 മുതൽ വിതരണം ചെയ്യാൻ കഴിയുന്ന സ്ഥിതിയിലേയ്ക്ക് കോർപ്പറേഷൻ എത്തിയ സാഹചര്യത്തിലാണ് കോവിഡ് മഹാമാരിയെ തുടർന്നുള്ള കടുത്ത സാമ്പത്തിക പ്രതിസന്ധി ഉടലെടുക്കുന്നത്. ഇതേതുടർന്ന് ജീവനക്കാരുടെ

ശമ്പളം, പെൻഷൻ, കൺസോർഷ്യം വായ്പയുടെ പ്രതിദിന തിരിച്ചടവ് എന്നിവയെല്ലാം മുടങ്ങുന്ന സാഹചര്യം സംജാതമാവുകയുണ്ടായി. ടി സാഹചര്യത്തിൽ 2020 മാർച്ച് മാസം മുതൽ 2021 സെപ്റ്റംബർ മാസം വരെ പൂർണ്ണമായും 2021 ഒക്ടോബർ മാസം മുതൽ നാളിതുവരെ ഭാഗികമായും സർക്കാർ നൽകുന്ന സാമ്പത്തിക സഹായത്താലാണ് ജീവനക്കാരുടെ ശമ്പള വിതരണം നടത്തുന്നത്. കോവിഡിനെ തുടർന്ന് പ്രതിദിന വരുമാനത്തിൽ ഇടിവുണ്ടാകുകയും കൺസോർഷ്യം വായ്പയുടെ തിരിച്ചടവ് മുടങ്ങുകയും ചെയ്ത സാഹചര്യമുണ്ടായി. തദവസരത്തിൽ ബാങ്കിൽനിന്നുള്ള നിയമ നടപടികൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി സർക്കാർ ടി വായ്പ തിരിച്ചടവിനത്തിൽ 360 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകുകയും ചെയ്തിട്ടുണ്ട്. കോവിഡ്-19 മഹാമാരി കാരണം പ്രഖ്യാപിച്ച ലോക്ഡൗണും തുടർന്നും ഏർപ്പെടുത്തി വന്നിരുന്ന നിയന്ത്രണങ്ങളുംമൂലം ലൈസൻസ് ഫീ ഇനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ലൈസൻസി ഒഴിഞ്ഞുപോകുന്ന കടകൾക്ക് പുതിയ ലൈസൻസിയെ കണ്ടെത്തുന്നതിന് ലേലം/ടെണ്ടർ നടപടി സ്വീകരിക്കുന്നുണ്ടെങ്കിലും കോവിഡ് പശ്ചാത്തലത്തിൽ ബിസിനസ്സ്

കുറവായതിനാൽ ടെണ്ടറിൽ പങ്കെടുക്കുന്നവരുടെ എണ്ണം താരതമ്യേന കുറവാണ്. ഇത് ടിക്കറ്റിതര വരുമാനത്തെ ഗണ്യമായി ബാധിച്ചിട്ടുണ്ട്.

(ബി) ഉപയോഗയോഗ്യമായ എത്ര ബസ്സുകളാണ് നിലവിലുള്ളതെന്നും അവയിൽ എത്രയെണ്ണം ഓപ്പറേറ്റ് ചെയ്യുന്നുണ്ടെന്നും അറിയിക്കാമോ?

കെ.എസ്.അർ.ടി.സി-യിൽ 10.3.2022-ലെ കണക്കുപ്രകാരം വിവിധ ഡിപ്പോ/ഡിസ്ട്രിക്ട് കോമൺ പൂളിലായി 4824 ബസ്സുകൾ നിലവിലുണ്ട്. നിലവിൽ 3764 ബസ്സുകൾ വരെ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(സി) നിലവിൽ കെ.എസ്.അർ.ടി.സി-യുടെ പ്രതിമാസ ശരാശരി വരവ് ചെലവിനങ്ങൾ എത്ര വീതമെന്ന് വിശദമാക്കുമോ?

2021-22 വർഷത്തെ ശരാശരി വരവ് 83.77 കോടി രൂപയും ചെലവ് 141.59 കോടി രൂപയുമാണ്.

(ഡി) ടിക്കറ്റ്, ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും അനാവശ്യ ചെലവുകൾ കർശനമായും നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചേർന്ന് പൊതുജനങ്ങൾക്കുകൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽനിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി

67-ഓളം റീട്ടെയിൽ ഔട്ട്‌ലെറ്റുകൾ തുടങ്ങാൻ പദ്ധതിയിട്ടിട്ടുണ്ട്. കെ.എസ്.ആർ.ടി.സി-യും ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷനും ചേർന്ന് 20 തരത്തിലുള്ള ഫാസ്റ്റ് മൂവിംഗ് ലൂബ്രിക്കേറ്റുകൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 2 ലൂബ് ഷോപ്പുകൾ ആരംഭിച്ചിട്ടുണ്ട്. 116 ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി-യുടെ വരുമാന സ്രോതസ്സുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് കെ.എസ്.ആർ.ടി.സി-യിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം എന്നിവ നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്ക വിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്.

കൂടുതൽ സൗകര്യങ്ങളോടുകൂടിയ ഓൺലൈൻ ടിക്കറ്റ് റിസർവ്വേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി "എന്റെ കെ.എസ്.ആർ.ടി.സി." എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി-ക്ക് ഇലക്ട്രിക് ബസ്സുകൾ

255 (1795) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി-ക്ക് ഇലക്ട്രിക് ബസ്സുകളുണ്ടോ; ഉണ്ടെങ്കിൽ എത്ര എണ്ണം എന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 2018 നവംബർ മാസത്തിൽ വെറ്റ് ലീസ് അടിസ്ഥാനത്തിൽ 31 സീറ്റുള്ള 10 A/C ഇലക്ട്രിക് ബസ്സുകളാണ് M/s മഹാവോയേജ് എൽ.എൽ.പി. എന്ന സ്ഥാപനത്തിൽനിന്നും കെ.എസ്.ആർ.ടി.സി. ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ ഈ ബസ്സുകൾ ഉപയോഗിച്ചുള്ള ദീർഘദൂര സർവ്വീസുകൾ ലാഭകരമായി നടത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ ടി ബസ്സുകൾ മുഴുവൻ M/s. മഹാവോയേജിന്റെ പക്കലാണ്. ഇതിൽ രണ്ട് ബസ്സുകൾ കൊച്ചി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് ആവശ്യപ്പെട്ട പ്രകാരം ടി സ്ഥാപനത്തിന് M/s മഹാവോയേജ് നൽകിയിരിക്കയാണ്.

ആയതിനാൽ നിലവിൽ കെ.എസ്.ആർ.ടി.സി-യിൽ ഇലക്ട്രിക് ബസ് സർവ്വീസ് നടത്തുന്നില്ല. എന്നാൽ സർക്കാർ സഹായത്തോടെ കൂടുതൽ ഇലക്ട്രിക് വാഹനങ്ങൾ വാങ്ങി ഓപ്പറേറ്റ് ചെയ്യുന്നതിന് തീരുമാനിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) കെ.എസ്.ആർ.ടി.സി-ക്ക് സി.എൻ.ജി. ഇന്ധനത്തിൽ ഓടുന്ന ബസ്സുകളുണ്ടോ; ഉണ്ടെങ്കിൽ എത്ര എണ്ണം എന്ന് അറിയിക്കാമോ?

ഉണ്ട്, ഒരു ബസ്സാണ് നിലവിൽ സർവ്വീസ് നടത്തുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി സി.എൻ.ജി., ഇലക്ട്രിക് ബസ്സുകൾ കെ.എസ്.ആർ.ടി.സി. വാങ്ങിയിട്ടുണ്ടോ; പുതിയവ വാങ്ങാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

വാങ്ങിയിട്ടില്ല. KIIFB ധനസഹായത്താൽ 310 സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഇലക്ട്രിക് ബസ്സുകൾ 50 എണ്ണം വാങ്ങുന്നതിനായി വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്.

## ഗ്രാമവണ്ടി പദ്ധതി

256 (1796) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. പുതുതായി ആരംഭിക്കുന്ന ഗ്രാമവണ്ടി പദ്ധതി എന്നുമുതലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; പ്രസ്തുത പദ്ധതിയുടെ ടിക്കറ്റ് വരുമാനം പൂർണ്ണമായും കെ.എസ്.ആർ.ടി.സി-ക്കാണോ ലഭിക്കുന്നത്; ഡീസൽ ഉൾപ്പെടെയുള്ള മറ്റ് ചെലവുകൾ എങ്ങനെയാണ് കണ്ടെത്തുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് പദ്ധതി- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതായി ഗതാഗത വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതി ചുവടെ ചേർത്തിട്ടുള്ള പ്രത്യേകതകൾ പ്രകാരം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്:

1. അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന റൂട്ടുകളിൽ നിർദ്ദേശിക്കുന്ന സമയക്രമത്തിൽ സർവ്വീസ് നടത്തുന്നതാണ്.

2. കെ.എസ്.ആർ.ടി.സി. നിശ്ചയിക്കുന്ന ടിക്കറ്റ് നിരക്ക് ഈടാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന റൂട്ട്, സമയക്രമം എന്നിവ പാലിച്ചാണ് സർവ്വീസുകൾ നടത്തുക.

3. റൂട്ടുകളുടെ ഗതാഗത യോഗ്യതയ്ക്കനുയോജ്യമായി 18/24 seater, 28/32 seater/സാധാരണ ബസ്സുകൾ എന്നിങ്ങനെ ആവശ്യമായ ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുന്നതായിരിക്കും.

4. ലഭിക്കുന്ന അപേക്ഷകളിൽനിന്നും തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങൾക്ക് നിശ്ചിതക്രമത്തിൽ ബസ് സർവ്വീസ് നടത്തുന്നതാണ്.

5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെ.എസ്.ആർ.ടി.സി-യുമായി കരാറിൽ ഏർപ്പെടേണ്ടതും ഓരോ വർഷവും കരാർ പുതുക്കേണ്ടതുമാണ്. കുറഞ്ഞ കരാർ കാലാവധി ഒരു വർഷമായിരിക്കും.

6. ഒരു വാർഷിക കരാർ പ്രകാരം ഓരോ ബസ്സിനും നിശ്ചിത തുക മടക്കി നൽകുന്ന ഡെപ്പോസിറ്റായി കെ.എസ്.ആർ.ടി.സി-ക്ക് നൽകേണ്ടതാണ്.

7. ഓരോ മാസവും ഉപയോഗിച്ച ഡീസലിന്റെ തുക, കണക്കാക്കി നിശ്ചിത ദിവസം കെ.എസ്.ആർ.ടി.സി നൽകുന്ന ഇൻവോയിസ്, പ്രകാരം കെ.എസ്.ആർ.ടി.സി-യിൽ അടയ്ക്കേണ്ടതാണ്. സമയബന്ധിതമായി തുക ഒടുക്കിയില്ലായെങ്കിൽ സർവ്വീസ് മുടങ്ങുന്നതും ഇതുമൂലം കെ.എസ്.ആർ.ടി.സി-ക്കുണ്ടാകുന്ന നഷ്ടം സെക്യൂരിറ്റി തുകയിൽനിന്നും ഈടാക്കുന്നതാണ്.

8. ഒന്നോ അതിലധികമോ സ്ഥാപനങ്ങൾ ചേർന്നും ഗ്രാമവണ്ടി പദ്ധതി നടപ്പിലാക്കാവുന്നതാണ്.

9. അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷയിൽ എം.എൽ.എ-മാർ ശിപാർശ ചെയ്യുന്ന അപേക്ഷകൾക്കായിരിക്കും മുൻഗണന.

10. എം.എൽ.എ. ഫണ്ടിൽനിന്നും തുക അനുവദിച്ചാൽ എം.എൽ.എ-മാർ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ സർവ്വീസ് നടത്തുന്ന കാര്യം പരിഗണിക്കും.

11. പ്രതിദിനം കുറഞ്ഞത് 150 കിലോമീറ്റർ എങ്കിലും സർവ്വീസ് നടത്തേണ്ടതാണ്.

12. ബസ്സുകളുടെ പരിപാലനം/ഇൻഷ്വറൻസ്/സി.എഫ് പുതുക്കൽ/പെർമിറ്റ് എന്നിവയുടെ ചുമതല കെ.എസ്.ആർ.ടി.സി-ക്കായിരിക്കും.

13. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന സ്ഥലത്തായിരിക്കും സർവ്വീസ് നടത്തുക. സർവ്വീസ് തുടങ്ങുന്നതും അവസാനിക്കുന്നതും അതത് സ്വയംഭരണ സ്ഥാപനങ്ങളിലെ ഓഫീസ് ആസ്ഥാനത്തോ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന ഓഫീസിന് 1 km ഉള്ളിലോ KSRTC ഡിപ്പോകളിലോ ആയിരിക്കും.

14. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകൾക്ക് പുറത്തെ സ്ഥലങ്ങളിൽനിന്നും ആരംഭിക്കുന്ന സർവ്വീസുകൾക്ക് ആവശ്യമായ ജീവനക്കാർക്കായുള്ള സ്റ്റേ റൂം, സുരക്ഷിതമായ പാർക്കിംഗ് സൗകര്യം എന്നിവ ബന്ധപ്പെട്ട സ്ഥാപനം ഏർപ്പെടുത്തേണ്ടതാണ്.

15. സർവ്വീസിന്റെ ഡീസൽ ചെലവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കണം.

16. RTC ആക്ടിനുവിധേയമായി കളർ കോഡ് നിശ്ചയിക്കും. വ്യക്തികളോ, സ്ഥാപനങ്ങളോ ബസ് സ്പോൺസർ ചെയ്യുകയാണെങ്കിൽ ആ സ്ഥാപനത്തിന്റെയോ, വ്യക്തിയുടെയോ പേര് പ്രദർശിപ്പിക്കുന്നതും പരിഗണനയിലാണ്.

17. തുടക്കത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ കെ.എസ്.ആർ.ടി.സി-യുടെ നിലവിലെ ബസ്സുകൾ (34 മുതൽ 48 സീറ്റുകൾ) ഉപയോഗിച്ച് ഡിപ്പോയിൽ നിന്നുംതന്നെ ആരംഭിക്കാൻ കഴിയുന്ന സർവ്വീസുകൾക്ക് മുൻഗണന നൽകും.

18. രണ്ടാംഘട്ടത്തിൽ ഇത്തരത്തിൽ ഡിപ്പോയിൽനിന്നല്ലാതെ ഗ്രാമപഞ്ചായത്തുകൾ ക്രമീകരിക്കുന്ന സ്റ്റേ സൗകര്യമുള്ള പ്രദേശങ്ങളിൽനിന്നുകൂടി ആരംഭിക്കുന്ന സർവ്വീസുകൾ പരിഗണിക്കും.

19. മൂന്നാം ഘട്ടത്തിൽ മിനി ബസ്സുകൾ (24 സീറ്റ്) ലീസിനെടുത്ത് വീതി കുറഞ്ഞ റോഡുകളിൽക്കൂടി മേൽ പ്രതിപാദിച്ച തരത്തിൽതന്നെ ഗ്രാമവണ്ടി ആരംഭിക്കും.

20. കെ.എസ്.ആർ.ടി.സി. പമ്പിൽനിന്നാണ് ഡീസൽ നൽകുന്നതെങ്കിൽ ബസ് ഒന്നിന് ഡീസൽ കരുതൽ നിക്ഷേപമായി മുൻകൂർ 1 ലക്ഷം രൂപ നൽകണം. പിന്നീട് ഓരോ മാസവും 20-ാം തീയതിക്കകം മുൻ മാസത്തെ യഥാർത്ഥ ഡീസൽ ചെലവിന്റെ തുക കെ.എസ്.ആർ.ടി.സി-ക്ക് നൽകിയാൽ മതിയാകും.

21. ഗ്രാമവണ്ടി പദ്ധതിയുടെ നടത്തിപ്പ് പഞ്ചായത്ത് ട്രാൻസ്പോർട്ടേഷൻ മാനേജ്മെന്റ് കമ്മിറ്റി മുഖാന്തരമാണ് നടക്കുക. ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ/ചെയർപേഴ്സൺ/മേയർ ചെയർമാനായും സെക്രട്ടറി കൺവീനറായും എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, കെ.എസ്.ആർ.ടി.സി.-യുടെ രണ്ട് പ്രതിനിധികൾ എന്നിവർ അംഗങ്ങളായിരിക്കും. ആവശ്യമെങ്കിൽ ഒരു സാങ്കേതിക വിദഗ്ധനേയും രണ്ടിൽ കൂടാത്ത പഞ്ചായത്ത് അംഗങ്ങളെയും അംഗങ്ങളാക്കാവുന്നതാണ്. സ്ഥലം എം.എൽ.എ./എം.എൽ.എ.-മാർ, ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ ഉപദേശകരായും പ്രവർത്തിക്കും.

## കെ.എസ്.ആർ.ടി.സി-യുടെ വികസനം

257 (1797) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ ഗതാഗത നയം വ്യക്തമാക്കുമോ?

പൊതുഗതാഗത സംവിധാനം ഉൾപ്പെടെയുള്ള എല്ലാവിധ യാത്രാ സൗകര്യങ്ങളും മെച്ചപ്പെടുത്തി അതുവഴി സംസ്ഥാന വികസനം ത്വരിതപ്പെടുത്തുക എന്നതാണ് സർക്കാർ നയം.

(ബി) കെ.എസ്.ആർ.ടി.സി-ക്ക് ബസ്സുകൾ വാങ്ങുന്നതിനായി 2016 മുതൽ നാളിതുവരെ എത്ര രൂപ അനുവദിച്ചുവെന്നും ഈ കാലയവിൽ എത്ര ബസ്സുകൾ വാങ്ങിയെന്നും വ്യക്തമാക്കുമോ;

2016-17 സാമ്പത്തിക വർഷത്തിൽ പുതിയ ബസ്സുകൾ വാങ്ങുന്നതിനായി ഹഡ്കോയിൽനിന്നും 95.30 കോടി രൂപ വായ്പയായി ലഭ്യമാക്കിയിട്ടുണ്ട്. ഇതിനുപുറമെ ബസ്സുകൾ വാങ്ങുന്നതിനായി പദ്ധതി വിഹിതമായി ടി സാമ്പത്തിക വർഷത്തിൽ 19.61 കോടി രൂപ സർക്കാർ, കെ.എസ്.ആർ.ടി.സി-ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ പുതിയ ബസ്സുകൾ വാങ്ങുന്നതിനായി 50 കോടി രൂപ ബഡ്ജറ്റ് വിഹിതമായി സർക്കാർ വകയിരുത്തിയെങ്കിലും പ്രസ്തുത തുക

നടപ്പ് സാമ്പത്തിക വർഷത്തിൽ റിലീസ് ചെയ്ത് നൽകിയിരുന്നില്ല. തുടർന്ന് ടി 50 കോടി രൂപ 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായി സർക്കാർ അനുവദിക്കുകയും പ്രസ്തുത തുക ഉപയോഗിച്ച് 116 സൂപ്പർ ക്ലാസ്സ് ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടികൾ ഏകദേശം പൂർത്തീകരിച്ചിട്ടുമുണ്ട്. ഉടൻ തന്നെ ടി ബസ്സുകൾ നിരത്തിലിറക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 2016 മുതൽ 2021 വരെ 101 ബസ്സുകൾ (100 ഡീസൽ ബസ്+1 സി.എൻ.ജി.) വാങ്ങി നിരത്തിലിറക്കിയിട്ടുണ്ട്.

(സി) വിവിധ ബാങ്കുകളുടെ കൺസോർഷ്യത്തിന് വായ്പയിനത്തിൽ കെ.എസ്.ആർ.ടി.സി. എത്ര രൂപ ഒടുക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി. വിവിധ ബാങ്കുകളുടെ കൺസോർഷ്യംവഴി എടുത്ത വായ്പയുടെ തിരിച്ചടവിനത്തിൽ പ്രതിദിനം 98 ലക്ഷം രൂപ ഒടുക്കുന്നുണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ പൊതുഗതാഗതത്തിലെ പങ്ക് കൂട്ടുന്നതിന് കഴിഞ്ഞ അഞ്ചുവർഷമായി എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ പൊതുഗതാഗതത്തിലെ പങ്ക് കൂട്ടുന്നതിന് കഴിഞ്ഞ അഞ്ചുവർഷമായി വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു:

2019 ഡിസംബറിൽ ഓപ്പറേറ്റ് ചെയ്തിരുന്ന സർവ്വീസുകൾ പുനരാരംഭിക്കുകയും പുതിയതായി കൂടുതൽ യാത്രാവശ്യമുള്ളതും ഗുണകരവുമായ റൂട്ടുകളിലേയ്ക്ക് അധിക സർവ്വീസുകൾ നടത്തിയും ഷെഡ്യൂളുകൾ 6000 ആക്കി വർദ്ധിപ്പിച്ച് പ്രതിദിന വരുമാനം 10 കോടി രൂപയാക്കി വർദ്ധിപ്പിക്കാൻ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, ചുവടെ ചേർക്കുന്ന പദ്ധതികളും ആരംഭിച്ചിട്ടുണ്ട്.

(i) സിറ്റി സർക്കുലർ-108 ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് നഗരപരിധിയിൽ സർക്കുലർ സർവ്വീസുകൾ 2021 നവംബർ മാസം മുതൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ii) സമുദ്ര ബസ്സ് പദ്ധതി- മത്സ്യ വിപണന കേന്ദ്രങ്ങളിൽനിന്നും തിരുവനന്തപുരം സിറ്റിക്കുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യത്തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടുകൂടിയ വ്യത്യസ്ത നിറത്തിലുള്ള 3 ലോ ഫ്ളോർ സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി-ക്ക് ഗ്രാന്റ് ലഭ്യമാകുന്ന രീതിയിൽ ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകി ഓപ്പറേറ്റ് ചെയ്തുവരുന്നു.

(iii) ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് വിനോദ സഞ്ചാരികൾക്കായുള്ള സർവ്വീസ്- കെ.എസ്.ആർ.ടി.സി. ലോ ഫ്ളോർ എ.സി. ബസ്സുകളിലും

ദീർഘദൂര മൾട്ടി ആക്സിൽ സർവ്വീസുകളിലും ഇ-ബൈക്ക്, ഇ-സ്കൂട്ടർ, സൈക്കിൾ തുടങ്ങിയ ഇരുചക്ര വാഹനങ്ങൾ യാത്രക്കാരുടെയൊപ്പം കൊണ്ടുപോകുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്.

(iv) ബൈപ്പാസ് റൈഡർ/ചെയിൻ സർവ്വീസുകൾ/ വിമാനത്താവളങ്ങളിലേയ്ക്കുള്ള സർവ്വീസുകൾ- ലോ ഫ്ളോർ എ.സി. ബസ്സുകൾകൂടി ഉപയോഗിച്ച് രാത്രിയിലും പകലുമായി ഒരുപോലെ ഒരു മണിക്കൂർ ഇടവേളകളിൽ തിരുവനന്തപുരം-കോഴിക്കോട് സർവ്വീസുകൾ NH, MC റോഡുകൾ വഴി ബൈപാസ് റൈഡറായി ഓപ്പറേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം-എറണാകുളം, എറണാകുളം-കോഴിക്കോട് ചെയിൻ സർവ്വീസുകൾ, വിമാനത്താവളങ്ങളിലേയ്ക്കുള്ള ഗൾഫ് കണക്ട് സർവ്വീസുകൾ എന്നിവ കോവിഡ് നിയന്ത്രണങ്ങളും വ്യാപനവും കുറയുന്ന മുറയ്ക്ക് എ.സി. ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് നടത്താൻ ലക്ഷ്യമിട്ടിട്ടുണ്ട്.

(v) സിറ്റി ഷട്ടിൽ സർവ്വീസുകൾ - തിരുവനന്തപുരം നഗരത്തിലെ പൊതു ഗതാഗത സംവിധാനം പരിഷ്കരിക്കുന്നതിന്റെ ഭാഗമായി സിറ്റി സർക്കുലർ സർവ്വീസിന് അനുബന്ധമായി "സിറ്റി ഷട്ടിൽ" എന്ന പേരിൽ തിരുവനന്തപുരം ജില്ല കേന്ദ്രീകരിച്ച് പ്രത്യേക സർവ്വീസ് നടത്തി വരുന്നു.

ഗ്രാമാതിർത്തിയിൽനിന്നുള്ള യാത്രക്കാരെ നഗരപരിധിയിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള സുഗമമായ യാത്രാസൗകര്യം ഒരുക്കുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം.

(vi) സിറ്റി റേഡിയൽ സർവ്വീസ് - തിരുവനന്തപുരം ജില്ലയുടെ ഒരു ഭാഗത്തുനിന്നും മറ്റൊരു ഭാഗത്തേയ്ക്ക് നഗരത്തെ മുറിച്ച് നേരിട്ട് കടന്നുപോകുന്ന സർവ്വീസുകളാണ് സിറ്റി റേഡിയൽ സർവ്വീസ്. മുൻ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുകയും മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുകയും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിക്കുകയും സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുകയും ദീർഘദൂര യാത്രക്കാർക്ക് സൗകര്യപ്രദമായ നിരവധി സർവ്വീസുകൾ ആരംഭിക്കുകയും ചെയ്തിരുന്നു.

(ഇ) ഇനി മുതൽ പുതിയ ബസ്സുകൾ ഇറക്കുന്നത് കെ.എസ്.ആർ.ടി.സി. ആയിരിക്കുമോ സ്വിഫ്റ്റ് എന്ന കമ്പനി ആയിരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല.

## മെക്കാനിക്കൽ വിഭാഗത്തിൽ വരുത്തിയ പരിഷ്കാരങ്ങൾ

258 (1798) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ മെക്കാനിക്കൽ വിഭാഗത്തിൽ വരുത്തിയ പരിഷ്കാരങ്ങൾ വിശദമാക്കാമോ;

&

(ബി) നിലവിലെ വർക്ക്ഷോപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് മാനദണ്ഡമാണ് അവലംബിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ കാര്യക്ഷമമായ പരിപാലനം ഉറപ്പാക്കുന്നതിനായി സുശീൽ ഖന്ന റിപ്പോർട്ടിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും 94 ഡിപ്പോകളിൽ എല്ലാവിധ മെയിന്റനൻസുകളും നിർവ്വഹിക്കുമ്പോഴുണ്ടാകുന്ന കാര്യക്ഷമതയിലെ കുറവ് പരിഹരിക്കുന്നതിനും സ്പെയർ പാർട്സ് സ്റ്റോക്ക് ചെയ്യുന്നതുമൂലമുള്ള അധിക ചെലവ് ഒഴിവാക്കുന്നതിന്റെയും ഭാഗമായി ത്രിതല മെയിന്റനൻസ് സംവിധാനം

ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചു. ടി സംവിധാനത്തിൽ സെൻട്രൽ, റീജിയണൽ വർക്ക്ഷോപ്പുകൾ 5 എണ്ണവും ജില്ലാ/സബ് ജില്ലാ വർക്ക്ഷോപ്പുകൾ 22 എണ്ണവും കൂടാതെ ഡിപ്പോ/സബ് ഡിപ്പോ വർക്ക്ഷോപ്പുകളുമാണുള്ളത്. സെൻട്രൽ/റീജിയണൽ വർക്ക്ഷോപ്പുകളിൽ ടയർ റിട്രെഡിംഗ് അഗ്രിഗേറ്റ് ഓവർ ഹോളിംഗ്, മേജർ ആക്സിഡന്റ് റിപ്പയർ, വെഹിക്കിൾ ഓവർ ഹോളിംഗ് ജോലികളുമാണ് നിർവ്വഹിക്കുന്നത്. ജില്ലാ/ സബ് ജില്ലാ വർക്ക്ഷോപ്പുകളിൽ സി.എഫ്. വർക്കുകൾ ഉൾപ്പെടെയുള്ള എല്ലാ അഗ്രിഗേറ്റ് റീ പ്ലെയ്സ്മെന്റ്, പ്രതിമാസ മെയിന്റനൻസ്, ക്വാർട്ടർലി മെയിന്റനൻസ്, ഫ്യൂവൽ മെയിന്റനൻസ്, ആക്സിഡന്റ് റിപ്പയർ (മൈനർ) തുടങ്ങിയവയാണ് നിർവ്വഹിക്കുന്നത്. ഡിപ്പോ/സബ് ഡിപ്പോ/ഓപ്പറേറ്റിംഗ് സെന്ററുകളിലെ വർക്ക് ഷോപ്പുകളിൽ പ്രതിദിന, പ്രതിവാര ജോലികളും ഓയിൽ ചേഞ്ച്, ടയർ & ഇലക്ട്രിക്കൽ മെയിന്റനൻസുകളും മാത്രമാണ് നിർവ്വഹിക്കുന്നത്.

(സി) വർക്ക്ഷോപ്പുകളുടെ എണ്ണം കുറയ്ക്കുമ്പോൾ വിദൂര സ്ഥലങ്ങളിൽവച്ച് ബസ്സുകൾക്ക് വേണ്ടിവരുന്ന അറ്റകുറ്റപ്പണികൾ ഏത് രീതിയിൽ നിർവ്വഹിക്കുമെന്ന് അറിയിക്കാമോ?

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ കാര്യക്ഷമത ഉറപ്പാക്കുന്നതിനായി വിദൂര സ്ഥലങ്ങളിൽവച്ച് ബസ്സുകൾക്ക് അറ്റകുറ്റപ്പണികൾ ആവശ്യമായി വന്നാൽ അത് നിർവ്വഹിക്കാനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്

259 (1799) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേപ്പയ്യൂർ, പള്ളിക്കര-കൊയിലാണ്ടി, കോഴിക്കോട്-മെഡിക്കൽ കോളേജ് റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നടത്തിയിരുന്നോ;

(ബി) പ്രസ്തുത റൂട്ടിൽ നിലവിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നടത്തുന്നുണ്ടോ;

&

(സി) പ്രസ്തുത റൂട്ടിൽ ബസ് സർവ്വീസ് നിർത്തലാക്കിയിട്ടുണ്ടെങ്കിൽ അത് പുനരാരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

മേപ്പയ്യൂർ, പള്ളിക്കര-കൊയിലാണ്ടി, കോഴിക്കോട്-മെഡിക്കൽ കോളേജ് റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നടത്തിയിരുന്നു. എന്നാൽ പ്രസ്തുത സർവ്വീസ് ഇപ്പോൾ നടത്തുന്നില്ല. കോവിഡ് മഹാമാരി

തുടങ്ങുന്നതിനുമുമ്പ് 2019 ഡിസംബർ മാസം വരെ ഓപ്പറേറ്റ് ചെയ്തിരുന്നതും ജനകീയ പ്രതിബദ്ധതയുള്ളതും ലാഭകരവുമായ ഇത്തരം സർവ്വീസുകൾ പ്രവർത്തന ചെലവുപോലും ലഭിക്കാത്ത സാഹചര്യത്തിലാണ് നിർത്തിവയ്ക്കേണ്ടി വന്നത്. പ്രവർത്തന ചെലവ് പോലും ലഭിക്കാത്ത ഇത്തരം സർവ്വീസുകൾ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി. പുതിയതായി ആരംഭിക്കുന്ന ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന്റെ സാദ്ധ്യത പരിശോധിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി. ശമ്പള പരിഷ്കരണം

260 (1800) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് 137 ശതമാനം ഡി.എ. ലയിപ്പിച്ചുകൊണ്ടുള്ള പുതിയ ശമ്പള പരിഷ്കരണം 1.1.2022 മുതൽ പ്രാബല്യത്തിൽ വന്നോയെന്ന് വ്യക്തമാക്കുമോ?

13.1.2022-ന് കെ.എസ്.ആർ.ടി.സി-യിലെ അംഗീകൃത സംഘടനകളും മാനേജ്മെന്റും തമ്മിൽ ഒപ്പുവച്ച സേവന-വേതന കരാർ പ്രകാരം പുതുക്കിയ

ശമ്പളം 1.1.2022 മുതൽ (2022 ഫെബ്രുവരി മാസം ലഭിക്കുന്ന ശമ്പളത്തോടൊപ്പം) അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് നൽകിയതുപോലെ 137 ശതമാനം ഡി.എ. ലഭിച്ച വിരമിച്ച ജീവനക്കാരുടെ പെൻഷൻ എന്നുമുതൽ പരിഷ്കരിക്കുമെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി-യിലെ നിലവിലെ മോശം സാമ്പത്തിക അവസ്ഥകാരണം ധനകാര്യ വകുപ്പും സഹകരണ വകുപ്പും സംയുക്തമായാണ് നിലവിൽ പെൻഷൻ വിതരണം ചെയ്തുവരുന്നത്. പ്രസ്തുത സാഹചര്യത്തിൽ ധനകാര്യ വകുപ്പുമായി കൂടിയാലോചന നടത്തി സമയബന്ധിതമായി പെൻഷൻ പരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങൾ അംഗീകൃത സംഘടനകളുമായി ചർച്ച ചെയ്ത് കരാറിന്റെ ഭാഗമാക്കുന്നതാണ്.

(സി) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഇടക്കാലാശ്വാസം 1,500 രൂപ നൽകിയത് എന്നുമുതലായിരുന്നുവെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ 2020 ഡിസംബർ മാസം (2020 നവംബറിലെ ശമ്പളം) മുതൽ 1,500 രൂപ ഇടക്കാലാശ്വാസം അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഡി) ഇടക്കാലാശ്വാസമായി 1,500 രൂപ നൽകിയ തീയതി മുതലാണോ ശമ്പള പരിഷ്കരണത്തിന് പ്രാബല്യം നൽകുന്നത്; അല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

ഇടക്കാലാശ്വാസം നൽകിയ തീയതി മുതൽ ശമ്പളപരിഷ്കരണത്തിന് പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല. 29.2.2016 മുതൽ പുതിയ ശമ്പള പരിഷ്കരണത്തിന് അർഹതയുണ്ടായിരുന്നെങ്കിലും കെ.എസ്.ആർ.ടി.സി-യുടെ മോശം സാമ്പത്തിക പ്രതിസന്ധി കാരണം ശമ്പള പരിഷ്കരണം നടപ്പിലാക്കാൻ കഴിയാത്തതിനാലാണ് സാമ്പത്തികമായി ബുദ്ധിമുട്ടുകൾ നേരിടുന്ന കോർപ്പറേഷനിലെ ജീവനക്കാർക്ക് ആശ്വാസമെന്ന നിലയ്ക്കാണ് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതുവരെ ഇടക്കാലാശ്വാസമായി 1,500 രൂപ അനുവദിച്ച് നൽകിയിരുന്നത്. കെ.എസ്.ആർ.ടി.സി-യിൽ ശമ്പള പരിഷ്കരണം അംഗീകൃത തൊഴിലാളി സംഘടനകളും മാനേജ്മെന്റും തമ്മിൽ നടത്തുന്ന ചർച്ചകളിലെ തീരുമാനങ്ങൾ പ്രകാരം സേവന-വേതന കരാർ ഒപ്പു വച്ച് ആയതിന്മേൽ സർക്കാർ അംഗീകാരത്തോടെയാണ് നടപ്പിലാക്കുന്നത്. അംഗീകൃത തൊഴിലാളി സംഘടനകളുമായുള്ള ചർച്ചകളിലാണ് ശമ്പള പരിഷ്കരണ പ്രാബല്യ തീയതിയും മറ്റുള്ള വ്യവസ്ഥകളും തീരുമാനിക്കുന്നത്. 2021-ലെ ശമ്പള പരിഷ്കരണ കരാർ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട്

കെ.എസ്.ആർ.ടി.സി-യിലെ മൂന്ന് അംഗീകൃത തൊഴിലാളി സംഘടനകളുമായി നടത്തിയ ചർച്ചയിൽ 1.6.2021 മുതൽ കരാറിന് പ്രാബല്യവും സാമ്പത്തിക ആനുകൂല്യം 1.1.2022 മുതലെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. ആയതിൻപ്രകാരമാണ് 13.1.2022-ൽ ശമ്പളപരിഷ്കരണ കരാർ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുള്ളത്.

<u>വിനോദസഞ്ചാര കേന്ദ്രങ്ങളിൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ</u>

261 (1801) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളെ കോർത്തിണക്കി എല്ലാ ജില്ലയിലും കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി-യുടെ വിവിധ ഡിപ്പോകളിൽനിന്നും കേരളത്തിലെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് അവധി ദിവസങ്ങളിൽ ട്രാഫിക് ഡിമാന്റ് അനുസരിച്ച് (കുറഞ്ഞത് 40 യാത്രക്കാരെങ്കിലും ലഭ്യമാകുന്ന സാഹചര്യത്തിൽ) നിലവിലെ ടിക്കറ്റ് നിരക്കിൽ ആകർഷകമായ അഡീഷണൽ സർവ്വീസുകളും സംഘം ചേർന്ന് വിദൂര സ്ഥലങ്ങളിലേയ്ക്ക് ഗ്രൂപ്പ് ടിക്കറ്റ് ബുക്ക് ചെയ്യുന്നവർക്കായി സ്പെഷ്യൽ

സർവ്വീസുകളും ആവശ്യാനുസരണം അയച്ചുവരുന്നുണ്ട്. ഈ പദ്ധതികൾ വിപുലീകരിച്ച് വരുമാനം ലഭ്യമാക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത്. ഇത് വിപുലീകരിക്കുന്നതിനായി കോർപ്പറേഷനിൽ പ്രത്യേകം കൊമേഴ്സ്യൽ/ മാർക്കറ്റിംഗ് വിഭാഗം രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി-യിൽ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ജനോപകാരപ്രദമായ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. ഇതിന്റെ ഭാഗമായി താഴെ പറയുന്ന പദ്ധതികളാണ് വിജയകരമായി നടപ്പിലാക്കി വരുന്നത്.

സമുദ്ര ബസ്സ് പദ്ധതി -മത്സ്യവിപണനത്തിനായി തീരദേശത്തുനിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്ര ചെയ്യുന്ന വനിതാ തൊഴിലാളികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി നിലവിൽ പ്രധാന മത്സ്യ വിപണന കേന്ദ്രങ്ങളിൽനിന്നും സിറ്റിക്കുള്ളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും പ്രത്യേക സംവിധാനങ്ങളോടുകൂടിയ പ്രത്യേക നിറത്തിലുള്ള 3 ലോ ഫ്ളോർ സ്പെഷ്യൽ ബസ്സുകൾ ഫിഷറീസ്

വകുപ്പുമായുള്ള കരാർ വ്യവസ്ഥയിൽ സർവ്വീസ് നടത്തിവരുന്നു. വാടക അടിസ്ഥാനത്തിൽ ബസ്സുകൾ നൽകുന്നത് സംബന്ധിച്ച് (പ്രൈവറ്റ് ഹയർ) സർക്കാർ തലത്തിൽ സംഘടിപ്പിക്കുന്ന ആവശ്യങ്ങൾക്കും വിവാഹം, വിനോദയാത്ര തുടങ്ങിയ ആവശ്യങ്ങൾക്കും ദൂരപരിധി, സമയം, യാത്രക്കാരുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ നിയമാനുസൃതമായി നിശ്ചയിച്ചിരിക്കുന്ന നിരക്കുകൾ ഈടാക്കി ബസ്സുകൾ അനുവദിക്കുന്നുണ്ട്. നഗരപരിധിയിൽ വിനോദസഞ്ചാരം, ഫോട്ടോ ഷൂട്ട് തുടങ്ങിയ ആവശ്യങ്ങൾക്കായി ഡബിൾ ഡക്കർ ബസ്സുകളും നൽകിവരുന്നുണ്ട്. ഇതുകൂടാതെ കേന്ദ്ര സർക്കാർ സ്ഥാപനമായ വി.എസ്.എസ്.സി-ക്ക് കിലോമീറ്റർ നിരക്ക് അടിസ്ഥാനത്തിൽ ദീർഘദൂര സർവ്വീസായി വാടകയ്ക്ക് നൽകിവരുന്നുണ്ട്. വിവിധ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി-യുടെ വിവിധ ഡിപ്പോകളിൽനിന്നും കേരളത്തിലെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് അവധി ദിവസങ്ങളിൽ യാത്രക്കാരുടെ ഡിമാന്റ് അനുസരിച്ച് (കുറഞ്ഞത് 40 യാത്രക്കാരെങ്കിലും ലഭ്യമാകുന്ന സാഹചര്യത്തിൽ) നിലവിലെ ടിക്കറ്റ് നിരക്കിൽ ആകർഷകമായ അഡീഷണൽ സർവ്വീസുകളും സംഘം ചേർന്ന് വിദൂര സ്ഥലങ്ങളിലേയ്ക്ക് ഗ്രൂപ്പ് ടിക്കറ്റ് ബുക്ക് ചെയ്യുന്നവർക്കായി സ്പെഷ്യൽ സർവ്വീസുകളും

ആവശ്യാനുസരണം നടത്തിവരുന്നുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിൽ കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസ്സിലെ പരസ്യം, മൊബൈൽ ടവർ, Public Information system മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നുണ്ട്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാനമാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി-യുടെ മറ്റ് വരുമാന സ്രോതസ്സുകൾ കണ്ടെത്തി ശരിയായ രീതിയിൽ മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി-യിൽ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും ആയതിലൂടെ കോർപ്പറേഷന്റെ നേരിട്ടുള്ള ഇടപെടലിലൂടെ ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പതിപ്പിക്കുന്നതിനും ഷോപ്പ് ഓൺ വീൽസ് പദ്ധതികൾക്ക് കരാറുകാരെ കണ്ടെത്തുകയും കൂടാതെ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ബസ്സുകൾ വാടകയ്ക്ക് നൽകൽ, സ്ലീപ് ഓൺ വീൽസ് പദ്ധതികൾ തുടങ്ങിയവ

ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതികൾ പൊതുജനമധ്യത്തിൽ ഏറെ സ്വീകാര്യമാകുകയും ആയത് കെ.എസ്.ആർ.ടി.സി-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാൻ സഹായകരമായിട്ടുമുണ്ട്.

കെ.എസ്.ആർ.ടി.സി. പെൻഷൻകാരുടെ പ്രശ്നങ്ങൾ

262 (1802) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് സർവ്വീസിലെ പെൻഷൻകാർക്ക് ഏർപ്പെടുത്തിയിട്ടുള്ള മെഡിസെപ് പദ്ധതി കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്കും നടപ്പിലാക്കുമോ?

നിലവിൽ കെ.എസ്.ആർ.ടി.സി-യിൽ മെഡിസെപ് പദ്ധതി നടപ്പിലാക്കിയിട്ടില്ല. മെഡിസെപ് പദ്ധതി കെ.എസ്.ആർ.ടി.സി-യിലെ ജീവനക്കാർക്ക് ബാധകമാക്കുന്ന അവസരത്തിൽ പെൻഷൻകാർക്കും ബാധകമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചിട്ടും പെൻഷൻ പരിഷ്കരിച്ചിട്ടില്ലാത്തതും ജീവനക്കാർക്കും പെൻഷൻകാർക്കും നൽകുന്ന ഡി.എ.-യിലെ വ്യത്യാസവും 2019 മുതൽ പെൻഷൻകാർക്ക്

ഫെസ്റ്റിവൽ അലവൻസ് ലഭിച്ചിട്ടില്ലാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉണ്ട്. കെ.എസ്.ആർ.ടി.സി. കടുത്ത സാമ്പത്തിക പ്രതിസന്ധിയാണ് നിലവിൽ നേരിടുന്നത്. ജീവനക്കാരുടെ ശമ്പളം, പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ സർക്കാർ ധനസഹായത്തോടുകൂടിയാണ് ഓരോ മാസവും നൽകിവരുന്നത്. ജീവനക്കാർക്ക് അർഹതപ്പെട്ട നിരവധി ആനുകൂല്യങ്ങൾ നൽകുന്നതിന് കെ.എസ്.ആർ.ടി.സി-യുടെ നിലവിലെ സാമ്പത്തിക പ്രതിസന്ധി കാരണം കഴിയുന്നില്ല. ഈ കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും സർക്കാർ സഹായത്തോടുകൂടിയാണ് 1.1.2022 മുതൽ പുതുക്കിയ ശമ്പളം വിതരണം ചെയ്തുവരുന്നത്. കെ.എസ്.ആർ.ടി.സി-യിലെ പെൻഷൻ പൂർണ്ണമായും ധനകാര്യ വകുപ്പും സഹകരണ വകുപ്പും സംയുക്തമായാണ് വിതരണം ചെയ്തുവരുന്നത്. പ്രസ്തുത സാഹചര്യത്തിൽ ധനകാര്യ വകുപ്പുമായി കൂടിയാലോചന നടത്തി പെൻഷൻ പരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങൾ പരിശോധിച്ച് അംഗീകൃത തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് കരാറിന്റെ ഭാഗമാക്കുന്നതാണ്. കടുത്ത സാമ്പത്തിക ബാദ്ധ്യത നേരിടുന്ന കെ.എസ്.ആർ.ടി.സി-യിൽ പെൻഷൻകാർക്കുകൂടി ഫെസ്റ്റിവൽ അലവൻസ് അനുവദിച്ചാൽ അധിക

സാമ്പത്തിക ബാദ്ധ്യത കോർപ്പറേഷൻ നേരിടേണ്ടതായി വരും. സർക്കാർ ധനസഹായത്തോടുകൂടി ശമ്പളവും പെൻഷനും നൽകിവരുന്ന സ്ഥാപനത്തിൽ നിലവിലെ സാമ്പത്തികാവസ്ഥ മെച്ചപ്പെടുന്നമുറയ്ക്ക് പെൻഷൻകാർക്ക് ഫെസ്റ്റിവൽ അലവൻസ് നൽകുന്നകാര്യം പരിശോധിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ എൻ.പി.എസ്. വിഹിതം

263 (1803) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരിൽനിന്നും എൻ.പി.എസ്. വിഹിതമായി നാളിതുവരെ പിടിച്ചിട്ടുള്ള തുക എത്രയാണെന്നും അതിൽ എത്ര തുക എൻ.പി.എസ്-ലേയ്ക്ക് നിക്ഷേപിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

&

(ബി) കെ.എസ്.ആർ.ടി.സി-യുടെ വിഹിതമായി എൻ.പി.എസ്-ൽ നാളിതുവരെ എത്ര രൂപ അടച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

08/2014 മുതൽ 01/2022 വരെ സർവ്വീസിൽ പ്രവേശിച്ചവരിൽനിന്നും എൻ.പി.എസ്. വിഹിതമായി Rs.142,68,33,912 ഈടാക്കിയിട്ടുണ്ട്.

പങ്കാളിത്ത പെൻഷൻ പദ്ധതിയിലേയ്ക്ക് ജീവനക്കാരുടെ വിഹിതമായ 40,54,47,394 രൂപയ്ക്ക് തുല്യമായ കെ.എസ്.ആർ.ടി.സി. വിഹിതം (40,54,47,394 രൂപ) ചേർന്ന 81,08,94,788 രൂപ നിക്ഷേപിച്ചിട്ടുണ്ട്.

(സി) ജീവനക്കാരുടെയും കോർപ്പറേഷന്റെയും എൻ.പി.എസ്. വിഹിതം അടയ്ക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; ഇപ്രകാരം വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ ആയത് അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കെ.എസ്.ആർ.ടി.സി-യിലെ കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണം ജീവനക്കാരുടെയും കോർപ്പറേഷന്റെയും വിഹിതവും ചേർന്നുള്ള തുക എൻ.പി.എസ്.-ൽ നിക്ഷേപിക്കുന്നതിൽ കുടിശ്ശികയുണ്ട്. 2021-22 സാമ്പത്തിക വർഷത്തിലെ ആദ്യ ബഡ്ജറ്റിൽ എൻ.പി.എസ്. ഉൾപ്പെടെയുള്ള വിവിധ കുടിശ്ശിക തുകകൾ നൽകുന്നതിനായി 225 കോടി രൂപ സർക്കാർ കെ.എസ്.ആർ.ടി.സി-ക്ക് വകയിരുത്തിയിരുന്നെങ്കിലും സാമ്പത്തിക പ്രതിസന്ധി കാരണം അനുവദിച്ചിരുന്നില്ല. സാമ്പത്തികനില മെച്ചപ്പെടുന്ന സാഹചര്യത്തിൽ പ്രശ്നം പരിഹരിക്കുന്നതാണ്.

വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ

264 (1804) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മുതൽ കെ.എസ്.ആർ.ടി.സി. വിജിലൻസ് വിഭാഗം എടുത്ത കേസ്സുകളിൽ ഭൂരിഭാഗവും മിനിസ്റ്റീരിയൽ വിഭാഗത്തിന്റേതുൾപ്പെടെയുള്ളവരുടെ വ്യക്തി വൈരാഗ്യത്തിന്റെ പേരിൽ നേരിട്ടും അല്ലാതെയുമുള്ള കണ്ടക്ടർ, ഡ്രൈവർ, മെക്കാനിക്ക് എന്നീ വിഭാഗക്കാർക്കെതിരെയുള്ള പരാതികളിന്മേലാണെന്നതും പ്രസ്തുത കേസ്സുകളിൽ കുറ്റം ചുമത്തി കടുത്ത ശിക്ഷ ഉറപ്പാക്കുന്നത് സ്ഥാപനത്തിന്റെ ആരോഗ്യകരമായ പ്രവർത്തനത്തിന് വരുത്തുന്ന ബുദ്ധിമുട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിജിലൻസ് വിഭാഗമെടുത്ത കേസ്സുകളിൽ മിനിസ്റ്റീരിയൽ വിഭാഗത്തിന്റെ ഉൾപ്പെടെയുള്ളവരുടെ വ്യക്തി വൈരാഗ്യത്തിന്റെ പേരിൽ മറ്റ് വിഭാഗം ജീവനക്കാർക്കെതിരെ കുറ്റം ചുമത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കെ.എസ്.ആർ.ടി.സി-യിലെ ഓഡിറ്റ് വിഭാഗത്തിന്റെയും വിജിലൻസ് ഇൻസ്പെക്ടർമാരുടെയും അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റിപ്പോർട്ടിന്മേൽ

കുറ്റക്കാരായി കണ്ടെത്തുന്ന ജീവനക്കാർക്കെതിരെ 1960-ലെ KCS (CC&A) പ്രകാരം അച്ചടക്ക നടപടി വിജിലൻസ് വിഭാഗത്തിൽ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) നൂറ് കോടി രൂപയുടെ സാമ്പത്തിക തട്ടിപ്പ് കെ.എസ്.ആർ.ടി.സി-യിൽ നടന്നുവെന്ന പരാതിയിന്മേൽ സർക്കാർ തലത്തിൽ അന്വേഷണം ഏർപ്പെടുത്തിയിരുന്നോ; എങ്കിൽ അന്വേഷണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

പ്രസ്തുത വിഷയത്തിൽ സർക്കാർ തലത്തിൽ വിജിലൻസ് അന്വേഷണത്തിന് 7.6.2021-ൽ ഉത്തരവായിട്ടുണ്ട്.

(സി) വിജിലൻസ് വിഭാഗത്തിലെ എഴുപത് ശതമാനം ഇൻസ്പെക്ടർമാരെ ഇസ്രായേലിലെ രഹസ്യാന്വേഷണ വിഭാഗത്തിന്റെ പ്രത്യേക പരിശീലനത്തിന് അയയ്ക്കാൻ ഏതെങ്കിലും തലത്തിൽ കൂടിയാലോചനകൾ നടന്നിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ തീയതി സഹിതം അറിയിക്കുമോ?

ഇല്ല. വിജിലൻസ് വിഭാഗം ഇൻസ്പെക്ടർമാർക്ക് നിലവിൽ മാനേജ്മെന്റ് തലത്തിൽ നിർദ്ദേശിക്കപ്പെടുന്ന പരിശീലനങ്ങൾ മാത്രമാണ് ലഭ്യമാക്കിവരുന്നത്.

(ഡി) കെ.എസ്.ആർ.ടി.സി-യിലെ വിവിധ തൊഴിലാളി യൂണിയനുകൾക്ക് അംഗീകാരം നൽകുന്ന റഫറണ്ടത്തിന്റെ കാലാവധി, സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പ് ലക്ഷ്യംവച്ച് അഞ്ച് വർഷത്തിൽനിന്ന് മൂന്ന് വർഷമായി കുറയ്ക്കുന്നതിനാവശ്യമായ ഭേദഗതി വരുത്തുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

നിലവിൽ കെ.എസ്.ആർ.ടി.സി-യിൽ മൂന്ന് വർഷത്തിലൊരിക്കലാണ് റഫറണ്ടം നടത്തി വരുന്നത്.

## ഇൻക്രിമെന്റ് ലഭ്യമാക്കുന്നതിനുള്ള നടപടി

265 (1805) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിൽനിന്നും 30.4.2021-ന് വിരമിച്ച ശ്രീ. എസ്. ജലാലിന്റെ ആറുമാസത്തെ ഇൻക്രിമെന്റ് താൽക്കാലികമായി തടഞ്ഞുവച്ചിട്ടുണ്ടോ; അപ്പലേറ്റ് ട്രൈബ്യൂണലിന്റെ 6.8.2021-ലെ ഉത്തരവുപ്രകാരം ഇൻക്രിമെന്റ് തടഞ്ഞുവച്ച ഉത്തരവ് റദ്ദാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത വ്യക്തിക്ക് ഇൻക്രിമെന്റ് കുടിശ്ശിക നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്രയും വേഗം ഇൻക്രിമെന്റ് കുടിശ്ശിക നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിൽനിന്നും 30.4.2021-ൽ ശ്രീ. എസ്. ജലാൽ എന്ന പേരിൽ ഒരു ജീവനക്കാരൻ വിരമിച്ചിട്ടില്ല. എന്നാൽ ചീഫ് ഓഫീസിൽനിന്നും 30.4.2021-ൽ വിരമിച്ച ശ്രീ.രാജലാൽ എസ്.-ന്റെ ആറ് മാസത്തെ ഇൻക്രിമെന്റ് VLC1-28808/18 Dt. 2.3.2020 പ്രകാരം താത്ക്കാലികമായി തടഞ്ഞുവച്ചിട്ടുണ്ട്. അപ്പലേറ്റ് ട്രിബ്യൂണലിന്റെ 6.8.2021-ലെ അപ്പീൽ പെറ്റീഷൻ നമ്പർ 2/2020 ഉത്തരവ് പ്രകാരം ഇൻക്രിമെന്റ് തടഞ്ഞുവച്ച ടി ഉത്തരവ് റദ്ദാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ നിയമോപദേശം തേടി തുടർ നടപടി സ്വീകരിക്കുന്നതാണ്.

<u>പിരിച്ചുവിടപ്പെട്ട എംപാനൽ ജീവനക്കാർ</u>

266 (1806) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി-യിൽനിന്നും എത്ര എംപാനൽ ജീവനക്കാരെയാണ് പിരിച്ചുവിട്ടിട്ടുള്ളതെന്ന് അറിയിക്കാമോ?

ബഹു. ഹൈക്കോടതിയുടെ WA 104/2019, 2248/2018 തുടങ്ങിയ കേസ്സുകളിലെയും അനുബന്ധ കേസ്സുകളിലെയും വിധിന്യായത്തിൽ 179 ദിവസത്തിലധികം ദിവസ വേതനാടിസ്ഥാനത്തിൽ ജോലിയിൽ തുടർന്നുവന്നിരുന്ന താത്കാലിക ജീവനക്കാരെ പിരിച്ചുവിടാൻ നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ 7808 ജീവനക്കാരെ പിരിച്ചുവിട്ടിരുന്നു.

(ബി) ജോലിയിൽ പ്രവേശിക്കുമ്പോൾ നൽകിയിരുന്ന ഡെപ്പോസിറ്റ് തുക ജോലിയിൽനിന്നും നീക്കം ചെയ്യുമ്പോൾ പൂർണ്ണമായും തിരികെ നൽകിയിരുന്നോ; വിശദമാക്കാമോ?

ജോലിയിൽ പ്രവേശിക്കുമ്പോൾ നൽകിയിരുന്ന ഡെപ്പോസിറ്റ് തുക തിരികെ ലഭിക്കാനായി അപേക്ഷ നൽകിയവരിൽ ആർക്കെങ്കിലുമെതിരെ ബാദ്ധ്യതയുണ്ടെങ്കിൽ, ആയത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ടവർക്ക് തുക തിരികെ നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത ജീവനക്കാർക്ക് ടെർമിനേഷൻ ലെറ്റർ ലഭിക്കാത്തതുമൂലം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന പുതിയ ജോലികൾക്ക് ശ്രമിക്കുന്നതിന് കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ഡി) എങ്കിൽ ജോലി നഷ്ടപ്പെട്ട ഈ ജീവനക്കാർക്ക് ഉപാധികളില്ലാതെ ഡെപ്പോസിറ്റ് തുക തിരികെ നൽകുന്നതിനും ജോലിയിൽനിന്ന് വിടുതൽ നൽകി പുതിയ ജോലികൾക്ക് ശ്രമിക്കുന്നതിനുള്ള തടസ്സം നീക്കുന്നതിനും അടിയന്തരനടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഇപ്രകാരം ഒരു സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## താൽക്കാലിക ജീവനക്കാരുടെ നിയമനം

267 (1807) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക ജീവനക്കാരായി കെ.എസ്.ആർ.ടി.സി-യിൽ നിയമിതരായ കണ്ടക്ടർ, ഡ്രൈവർ, മെക്കാനിക്ക്, ജൂനിയർ അസിസ്റ്റന്റ് തസ്തികകളിൽപ്പെടുന്ന എത്ര ആളുകളെ

കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ ജോലിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക ജീവനക്കാരായി കെ.എസ്.ആർ.ടി.സി-യിൽ നിയമിതരായ 6231 ജീവനക്കാരെ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ ജോലിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. തസ്തിക തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| | |
|---|---|
| ജൂനിയർ അസിസ്റ്റന്റ് | 352 |
| കണ്ടക്ടർ | 3677 |
| ഡ്രൈവർ | 1685 |
| മെക്കാനിക്ക് | 517 |
| ആകെ | 6231 |

(ബി) പത്ത് വർഷത്തിൽ കൂടുതൽ സർവ്വീസുള്ള എം പാനൽ ജീവനക്കാരെ കെ.യു.ആർ.ടി.സി-യിൽ സ്ഥിരപ്പെടുത്തുമെന്നും അതിനുതാഴെ സർവ്വീസുള്ളവരെ കെ-സ്വിഫ്റ്റിൽ പുനർവിന്യസിക്കുമെന്നുമുള്ള സർക്കാർ പ്രഖ്യാപനം നടപ്പാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി-യിൽ താൽക്കാലികമായി സേവനം അനുഷ്ഠിച്ചിരുന്നവരെ സേവനങ്ങളിൽനിന്നും മാറ്റി നിർത്തിയത് ബഹു.

ഹൈക്കോടതി വിധികൾ പ്രകാരമാണ്. നിശ്ചിത യോഗ്യതയുള്ള 10 വർഷം പൂർത്തീകരിച്ചതോ/അതിനുതാഴെ സർവ്വീസുള്ളതോ ആയ താൽക്കാലിക വിഭാഗം ജീവനക്കാരെ തിരികെ പ്രവേശിപ്പിക്കുന്നതും സ്ഥിരപ്പെടുത്തുന്നതും സംബന്ധിച്ച് വിവിധ പരിശോധനകൾ നടത്തിയെങ്കിലും വിവിധ കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നതിനാൽ ഇതുസംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. കെ-സ്വിഫ്റ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(C) 5573/2021, WP(C) 5901/2021, WP(C) 7077/2021, WP(C) 7235/2021, WP(C) 4655/2022, WP(C) 14784/2021, CCC.1227/2021, CCC.1635/2021 എന്നീ നമ്പരിലുള്ള എട്ട് ഹർജികളിൽ കെ.എസ്.ആർ.ടി.സി-യിൽ എംപാനൽ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന താല്കാലിക ജീവനക്കാരെ കെ-സ്വിഫ്റ്റ് കമ്പനിയിൽ പുനരധിവസിപ്പിക്കുന്നതിനെയും ചോദ്യം ചെയ്തിരുന്നു. എംപാനൽ ജീവനക്കാരെ കെ-സ്വിഫ്റ്റിൽ പുനരധിവസിപ്പിക്കുന്നത് പിൻവാതിൽ നിയമനമായി കോടതി നിരീക്ഷിക്കുകയും ആയത് തടഞ്ഞുകൊണ്ടുള്ള ബഹു. ഹൈക്കോടതി ഇടക്കാല ഉത്തരവ് നിലനിൽക്കുന്നുണ്ട് (order dtd. .9.2.2022 in WP (C) 7077/2021). 9.2.2022-ലെ ഇടക്കാല ഉത്തരവ് പ്രകാരം കെ-

സ്വിഫ്റ്റിലേയ്ക്കുള്ള താൽക്കാലിക നിയമനം നടത്തുന്നതിൽ തടസ്സമില്ല. പ്രത്യേക പരിഗണനയും മുമ്പുണ്ടായിരുന്ന എംപാനൽ ജീവനക്കാർക്ക് നൽകരുതെന്ന് കോടതി പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ താൽക്കാലിക ജീവനക്കാർക്ക് കെ-സ്വിഫ്റ്റ് കമ്പനിയിൽ താൽക്കാലിക നിയമനം നൽകുന്നത് കോടതിയലക്ഷ്യ നടപടികൾക്ക് കാരണമാകുന്നതാണ്.

## പിരിച്ചുവിട്ട താൽക്കാലിക ജീവനക്കാർക്ക് പുനർനിയമനം

268 (1808) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി-യിൽ പി.എസ്.സി. മുഖാന്തരം മതിയായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത സാഹചര്യമാണുള്ളതെങ്കിൽ ഡ്രൈവർ/ കണ്ടക്ടർ തസ്തികകളിൽ താൽക്കാലികാടിസ്ഥാനത്തിൽ 10 വർഷം പൂർത്തിയാക്കിയതും മുമ്പ് പിരിച്ചുവിട്ടിട്ടുള്ളതുമായ ജീവനക്കാർക്ക് സ്ഥിര പുനർനിയമനം നൽകുന്നത് പരിഗണിക്കാമോ?

കെ.എസ്.ആർ.ടി.സി-യിൽ നിലവിൽ ബസ് ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. ഇത് കുറയ്ക്കുന്നതിന്റെ ഭാഗമായി 404-മത് ഭരണസമിതി തീരുമാന പ്രകാരം കെ.എസ്.ആർ.ടി.സി-

യിൽ ആവശ്യമുള്ള ജീവനക്കാരുടെ എണ്ണം ക്രമീകരിച്ചിട്ടുള്ളതാണ്. നിലവിലെ ജീവനക്കാരുടെ പ്രതിമാസ ശമ്പളം അനുവദിക്കുന്നതുപോലും സർക്കാർ ധനസഹായത്തോടുകൂടിയാണ്. ഈ സാഹചര്യത്തിൽ പുതിയ നിയമനങ്ങൾ കോർപ്പറേഷന്റെ നിലനിൽപ്പിനെത്തന്നെ ബാധിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.-യിൽ താൽക്കാലികമായി സേവനമനുഷ്ഠിച്ചിരുന്നവരെ സേവനങ്ങളിൽനിന്നും മാറ്റി നിർത്തിയത് ബഹു. ഹൈക്കോടതി ഉത്തരവുകൾ പ്രകാരമാണ്. നിശ്ചിത യോഗ്യതയുള്ള 10 വർഷം പൂർത്തീകരിച്ച താൽക്കാലിക വിഭാഗം ജീവനക്കാരെ തിരികെ പ്രവേശിപ്പിക്കുന്നതും സ്ഥിരപ്പെടുത്തുന്നതും സംബന്ധിച്ച് വിവിധ പരിശോധനകൾ നടത്തിയെങ്കിലും വിവിധ കോടതി വ്യവഹാരങ്ങളുടെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ബഹു. ഹൈക്കോടതിയുടെ WA 104/2019, 2248/2018 തുടങ്ങിയ കേസ്സുകളിലേയും അനുബന്ധ കേസ്സുകളിലേയും വിധിന്യായത്തിൽ 179 ദിവസത്തിലധികം ജോലിയിൽ തുടരുന്ന താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടാൻ നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ എംപാനൽ ജീവനക്കാരെ പിരിച്ചുവിട്ടിരുന്നു. ടി ജീവനക്കാരെ കെ.എസ്.ആർ.ടി.സി-

യിൽ പുനർനിയമിക്കുന്നത് കോടതിയലക്ഷ്യ നടപടികൾക്ക് കാരണമാകുന്നതാണ്.

(ബി) 10 വർഷം പൂർത്തിയാക്കാത്ത താൽക്കാലിക ജീവനക്കാർക്ക് കെ-സ്വിഫ്റ്റ് കമ്പനിയിൽ താൽക്കാലിക നിയമനം നൽകുന്നത് പരിഗണിക്കാമോ?

താൽക്കാലിക ജീവനക്കാർക്ക് പ്രത്യേക പരിഗണന നൽകി സ്വിഫ്റ്റ് എന്ന കമ്പനിയിൽ താൽക്കാലിക നിയമനം നൽകാൻ സാധിക്കില്ല. കെ-സ്വിഫ്റ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(C) 5573/2021, WP(C) 5901/2021, WP(C) 7077/2021, WP(C) 7235/2021, WP(C) 4655/2022, WP(C) 14784/2021, CCC.1227/2021, CCC.1635/2021 എന്നീ നമ്പരിലുള്ള എട്ട് ഹർജികളിൽ കെ.എസ്.ആർ.ടി.സി-യിൽ എംപാനൽ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന താൽക്കാലിക ജീവനക്കാരെ കെ.എസ്.ആർ.ടി.സി-സ്വിഫ്റ്റ് കമ്പനിയിൽ പുനരധിവസിപ്പിക്കുന്നതിനെയും ചോദ്യം ചെയ്തിരുന്നു. എംപാനൽ ജീവനക്കാരെ കെ.എസ്.ആർ.ടി.സി-സ്വിഫ്റ്റിൽ പുനരധിവസിപ്പിക്കുന്നത് പിൻവാതിൽ നിയമനമായി കോടതി നിരീക്ഷിക്കുകയും ആയത് തടഞ്ഞുകൊണ്ട് ബഹു. ഹൈക്കോടതി ഇടക്കാല

ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. (order dtd. 9.2.2022 in WP(C) 7077/2021). 9.2.2022-ലെ ഇടക്കാല ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി-സ്വിഫ്റ്റിലേയ്ക്കുള്ള ഓപ്പൺ മാർക്കറ്റിൽനിന്ന് താൽക്കാലിക നിയമനം നടത്തുന്നതിൽ തടസ്സമില്ല. എന്നാൽ ഈ നിയമത്തിൽ യാതൊരു പ്രത്യേക പരിഗണനയും മുമ്പുണ്ടായിരുന്ന എംപാനൽ ജീവനക്കാർക്ക് നൽകരുതെന്ന് കോടതി ഉത്തരവിൽ പ്രത്യേകം നിർദേശിച്ചിട്ടുണ്ട്. ആയതിനാൽ താൽക്കാലിക ജീവനക്കാർക്ക് കെ.എസ്.ആർ.ടി.സി-സ്വിഫ്റ്റ് കമ്പനിയിൽ താൽക്കാലിക നിയമനം നൽകുന്നത് കോടതിയലക്ഷ്യ നടപടികൾക്ക് കാരണമാകുന്നതാണ്.

(സി) മേൽപ്പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കുമെന്ന് സർക്കാർ 2020-ലും 2021-ലും പ്രഖ്യാപിച്ചിട്ടുള്ളതാണോ; എങ്കിൽ ഈ പ്രഖ്യാപനം നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ?

കോർപ്പറേഷനിൽ താൽക്കാലികാടിസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ചിരുന്ന ജീവനക്കാരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ബോഡി ബിൽഡിംഗ്, ലൈറ്റ് മോട്ടോർ വെഹിക്കിളുകളുടെ അറ്റകുറ്റപ്പണികൾ, സ്പെയർ പാർട്ട്സ് കടകൾ, മറ്റ് സംരംഭങ്ങൾ തുടങ്ങിയ കെ.എസ്.ആർ.ടി.സി-യുടെ പങ്കാളിത്തമില്ലാത്ത പ്രത്യേക ലേബർ

സൊസൈറ്റി മുഖാന്തരം പുനരധിവസിപ്പിക്കാനുള്ള പദ്ധതികൾ പരിശോധിച്ചുവരുന്നു. കൂടാതെ, ഇവരുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനായി നിയമവിദഗ്ദ്ധർ ഉൾപ്പെട്ട മൂന്നംഗ ഉദ്യോഗസ്ഥ കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നതിനും കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. മേൽ നടപടികൾ സ്വീകരിച്ച് നിയമ സാധുതകൾ പരിശോധിച്ച് താൽക്കാലിക വിഭാഗം ജീവനക്കാരുടെ പുനരധിവാസത്തിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി. സർവ്വീസ്

269 (1809) ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലങ്ങളിലെ കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോകളുടെ പ്രവർത്തനവും സർവ്വീസ് ഓപ്പറേഷനും സംബന്ധിച്ച് അവലോകന യോഗം വിളിക്കാൻ നടപടിയുണ്ടാകണമെന്ന് ആവശ്യപ്പെട്ട് എം.എൽ.എ.-മാർ നൽകുന്ന കത്തുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കഴിഞ്ഞ ആറുമാസക്കാലയളവിൽ ഏതൊക്കെ എം.എൽ.എ.-മാരാണ് ഇക്കാര്യമുന്നയിച്ച് കത്ത് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

&

(സി) ഇപ്രകാരം ആവശ്യപ്പെട്ടവരിൽ ഏതൊക്കെ അംഗങ്ങളുടെ നിയോജകമണ്ഡലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.ആർ.ടി.സി-യുടെ ദക്ഷിണ മേഖലയിൽ കഴിഞ്ഞ ആറ് മാസക്കാലയളവിൽ കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോകളുടെ പ്രവർത്തനവും സർവ്വീസ് ഓപ്പറേഷനും സംബന്ധിച്ച് അവലോകന യോഗം വിളിക്കണമെന്ന് താഴെ പറയുന്ന നിയമസഭാ സാമാജികർ കത്ത് നൽകിയിട്ടുണ്ട്.

1. കണിയാപുരം ഡിപ്പോ-ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ)

2. ചടയമംഗലം ഡിപ്പോ-മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ചിഞ്ചു റാണി)

3. ആറ്റിങ്ങൽ ഡിപ്പോ-ശ്രീ. വി. ജോയി, എം.എൽ.എ, ശ്രീമതി ഒ. എസ്. അംബിക എം.എൽ.എ.

4. ചാത്തന്നൂർ ഡിപ്പോ- ശ്രീ. ജി. എസ്. ജയലാൽ, എം.എൽ.എ.

5. വെള്ളറട ഡിപ്പോ – ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.

6. കാട്ടാക്കട ഡിപ്പോ-ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ., ശ്രീ. ഐ. ബി. സതീഷ്, എം.എൽ.എ.

7. വെള്ളനാട് ഡിപ്പോ – ശ്രീ. ജി. സ്റ്റീഫൻ, എം.എൽ.എ.

8. പാറശ്ശാല ഡിപ്പോ-ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.

9. പത്തനാപുരം ഡിപ്പോ – ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ.

ചാത്തന്നൂർ, വെള്ളറട, കാട്ടാക്കട, വെള്ളനാട്, പാറശ്ശാല, ചടയമംഗലം, കുളത്തൂപ്പുഴ, ആര്യങ്കാവ്, പുനലൂർ, ആറ്റിങ്ങൽ എന്നീ യൂണിറ്റുകളിൽ ബന്ധപ്പെട്ട എം.എൽ.എ-മാരുമായി ചേർന്ന് അവലോകന യോഗം നടത്തിയിട്ടുണ്ട്. കണിയാപുരം ഡിപ്പോയിൽ ഇത്തരത്തിൽ നിശ്ചയിച്ചിരുന്ന അവലോകന യോഗം എം.എൽ.എ-യായ ഭക്ഷ്യ വകുപ്പുമന്ത്രിയുടെ അസൗകര്യം കാരണം മറ്റൊരു തീയതിയിലേയ്ക്ക് മാറ്റി വച്ചിട്ടുണ്ട്.

(ഡി) പത്തനാപുരം നിയോജകമണ്ഡലത്തിലെ സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് അവലോകന യോഗം നടത്താൻ അഭ്യർത്ഥിച്ചുകൊണ്ട് കഴിഞ്ഞ വർഷം ഡിസംബർ മാസത്തിൽ നൽകിയ കത്തിന്മേൽ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പത്തനാപുരം നിയോജകമണ്ഡലത്തിലെ സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് അവലോകന യോഗം നടത്താൻ അഭ്യർത്ഥിച്ചുകൊണ്ടുള്ള 31.12.2021 തീയതിയിലെ കത്ത് 3.1.2022-ന് ഈ ഓഫീസിൽ ലഭ്യമായിട്ടുള്ളതും പത്തനാപുരം നിയോജകമണ്ഡലത്തിലെ എം.എൽ.എ.-യെ ഉൾപ്പെടുത്തി യോഗം വിളിക്കാൻ നിശ്ചയിച്ചതിൻപ്രകാരം അദ്ദേഹത്തിന്റെ മണ്ഡലത്തിൽ നിന്നുപോയ സർവ്വീസുകൾ, അടിയന്തരമായി ആരംഭിക്കേണ്ട സർവ്വീസുകൾ എന്നിവ സംബന്ധിച്ച് വ്യക്തമായ വിവരശേഖരണം നടത്തുന്നതിനും 2019 ഡിസംബർ മാസത്തിൽ നടത്തിയിരുന്ന സർവ്വീസുകൾ എ, ബി, ഡി വിഭാഗത്തിൽ തരംതിരിച്ച് പുനരാരംഭിക്കാൻ കഴിയുന്ന സർവ്വീസുകളും മറ്റ് ആവശ്യങ്ങളും ഉൾപ്പെടുത്തി സമഗ്രമായ പ്രൊപ്പോസൽ നൽകുന്നതിന് 1.2.2022, 11.2.2022 എന്നീ തീയതികളിൽ ദക്ഷിണമേഖലയുടെ ചുമതലയുള്ള എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നതാണ്. ഇതുപ്രകാരം വിശദമായ റിപ്പോർട്ട് 14.2.2022-ന് ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചതിൽ പത്തനാപുരം നിയോജകമണ്ഡലത്തിൽ ആകെ 18 സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ടെന്നും 16 സർവ്വീസുകൾ കോർപ്പറേഷനും പൊതുജനങ്ങൾക്കും പ്രയോജനകരമായ രീതിയിൽ പുനരാരംഭിക്കാൻ

കഴിയുമെന്നും അറിയിച്ചിട്ടുണ്ട്. ടി വിവരങ്ങൾ ക്രോഡീകരിച്ച് ലാഭകരമായ സർവ്വീസുകൾ പുനരാരംഭിക്കാനും എം.എൽ.എ-യുടെ സമയം അഭ്യർത്ഥിച്ച് യോഗം നടത്താനുള്ള നടപടി സ്വീകരിക്കാൻ മേഖലാ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കെ.എസ്.ആർ.ടി.സി. നിർദ്ദേശം നൽകിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി-ക്ക് പുതിയ ബസ്സുകൾ

270 (1810) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. വാടകയ്ക്കെടുത്ത് സർവ്വീസ് നടത്തിയ ഇലക്ട്രിക് ബസ്സുകൾ ലാഭകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

2018 നവംബർ മാസത്തിൽ വെറ്റ്ലീസ് അടിസ്ഥാനത്തിൽ 31 സീറ്റുള്ള എ.സി. ഇലക്ട്രിക് ബസ്സുകളാണ് M/s മഹാവോയേജ് എൽ.എൽ.പി. എന്ന സ്ഥാപനത്തിൽനിന്നും കെ.എസ്.ആർ.ടി.സി. ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ ഈ ബസ്സുകൾ ഉപയോഗിച്ചുള്ള ദീർഘദൂര സർവ്വീസുകൾ ലാഭകരമായി നടത്താൻ കഴിയാത്ത സാഹചര്യത്തിൽ ടി ബസ്സുകൾ മുഴുവൻ M/s മഹാവോയേജിന്റെ പക്കലാണ്. ഇതിൽ രണ്ട് ബസ്സുകൾ കൊച്ചി മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് ആവശ്യപ്പെട്ട പ്രകാരം ടി സ്ഥാപനത്തിന്

M/s മഹാവോയേജ് നൽകിയിരിക്കുകയാണ്. ആയതിനാൽ നിലവിൽ കെ.എസ്.ആർ.ടി.സി-യിൽ ഇലക്ട്രിക് ബസ് സർവ്വീസ് നടത്തുന്നില്ല. എന്നാൽ സർക്കാർ സഹായത്തോടെ കൂടുതൽ ഇലക്ട്രിക് വാഹനങ്ങൾ വാങ്ങി ഓപ്പറേറ്റ് ചെയ്യുന്നതിന് തീരുമാനിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) കെ.എസ്.ആർ.ടി.സി-ക്ക് ആകെ എത്ര സൂപ്പർ ക്ലാസ് സർവ്വീസ് ബസ്സുകളുണ്ടെന്നും ഇവയിൽ എത്രയെണ്ണം നിലവിൽ സർവ്വീസ് നടത്തുന്നുണ്ടെന്നും വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി-ക്ക് 1738 സൂപ്പർ ക്ലാസ് ബസ്സുകൾ നിലവിലുണ്ട്. ലഭ്യമായ 1738 സൂപ്പർ ക്ലാസ് ബസ്സുകൾ ഉപയോഗിച്ച് 1069 സൂപ്പർ ക്ലാസ് സർവ്വീസുകൾ നടത്തിവരുന്നു.

(സി) കെ.എസ്.ആർ.ടി.സി. പുതിയ ബസ്സുകൾ വാങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ബസ്സുകളാണ് പുതുതായി വാങ്ങുന്നത്; നിലവിലുള്ള ബസ്സുകൾ സർവ്വീസ് നടത്താൻ കഴിയാതിരിക്കുന്ന സാഹചര്യമുണ്ടോ; ഇല്ലെങ്കിൽ പുതിയവ വാങ്ങേണ്ട സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

476 പുതിയ ബസ്സുകൾ വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

20 എണ്ണം Semi Premium Fully Built AC - Seater ബസ്സുകൾ വാങ്ങുന്നതിനും 8 എണ്ണം Premium Class Fully Built Multi Axle AC - Sleeper ബസ്സുകൾ വാങ്ങുന്നതിനും 88 എണ്ണം Fully Built Non-AC Air Suspension ബസ്സുകൾ വാങ്ങുന്നതിനും വിതരണ ഉത്തരവുകൾ നൽകി. മാർച്ച് മാസത്തോടുകൂടി നിരത്തിലിറക്കാനാണ് ഉദ്ദേശിക്കുന്നത്. KIIFB ധനസഹായത്തോടുകൂടി 50 ഇലക്ട്രിക് ബസ്സുകളും 310 സി.എൻ.ജി. ബസ്സുകളും വാങ്ങുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി. സ്വീകരിച്ചിട്ടുണ്ട്. 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിന് വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്. സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. സർക്കാർ നിശ്ചയിച്ചിട്ടുള്ള കാലപരിധി പൂർത്തിയാകുന്ന സൂപ്പർ ക്ലാസ് ബസ്സുകൾ മാറ്റിനൽകുന്നതിന് പുതിയ ബസ്സുകൾ ലഭ്യമാക്കേണ്ടതുണ്ട്. കൂടാതെ ഹരിത ഇന്ധനം ഉപയോഗിക്കുന്ന പരിസ്ഥിതി സൗഹൃദ സി.എൻ.ജി., ഇലക്ട്രിക് ബസ്സുകൾ ലഭ്യമാക്കുന്നതിനാണ് കെ.എസ്.ആർ.ടി.സി. പുതിയ ബസ്സുകൾ വാങ്ങുന്നത്.

## കാസർഗോഡ്-മംഗലാപുരം റൂട്ടിൽ വിദ്യാർത്ഥികൾക്ക് കൺസെഷൻ

271 (1811) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്-മംഗലാപുരം റൂട്ടിലെ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ കൺസെഷൻ ലഭിക്കാത്തതിനാൽ മംഗലാപുരത്ത് പഠിക്കുന്ന വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർ പ്രയാസമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) പ്രസ്തുത റൂട്ടിൽ കൺസെഷൻ അനുവദിക്കുന്നതിന് നിലവിൽ എന്ത് തടസ്സമാണുള്ളതെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്തർ സംസ്ഥാന സർവ്വീസുകൾ, ടൗൺ ടു ടൗൺ സർവ്വീസുകൾ എന്നിവ ഒഴികെയുള്ള മറ്റ് എല്ലാ ഓർഡിനറി സർവ്വീസുകളിലും കെ.എസ്.ആർ.ടി.സി. വിദ്യാർത്ഥി കൺസെഷൻ സൗകര്യം അനുവദിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. സംസ്ഥാനത്തിനകത്ത് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തിനകത്തുള്ള സർവ്വീസുകളിലാണ് വിദ്യാർത്ഥി കൺസെഷൻ അനുവദിക്കുന്നത്. അന്തർ സംസ്ഥാന റൂട്ടുകളിൽ, അയൽ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് കൺസെഷൻ സൗകര്യം നിലവിൽ അനുവദിക്കുന്നില്ല.

(സി) കർണ്ണാടക ബസ്സുകളിൽ കൺസെഷൻ ലഭിക്കുന്നതിനാൽ രാവിലെ 7 മുതൽ 8.30 വരെയും വൈകുന്നേരം 4 മുതൽ 6 വരെയും പ്രസ്തുത റൂട്ടിൽ കർണാടക ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

അന്തർ സംസ്ഥാന ഗതാഗത കരാർ പ്രകാരമാണ് കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. ബസ്സുകളുടെ എണ്ണം, ട്രിപ്പുകളുടെ എണ്ണം, ആകെ ഓപ്പറേറ്റ് ചെയ്യാവുന്ന കിലോമീറ്ററുകളുടെ അളവ് എന്നിവ സംബന്ധിച്ച് അന്തർ സംസ്ഥാന ഗതാഗത കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതുപ്രകാരം കാസർഗോഡ്-മംഗലാപുരം അന്തർസംസ്ഥാന പാതയിൽ ഓരോ രണ്ട് മണിക്കൂർ ഇടവേളകൾ ക്രമീകരിച്ച് ഇരു സംസ്ഥാനങ്ങളിലെയും ആർ.ടി.സി-കൾ ചെയിൻ സർവ്വീസുകൾ നടത്തി വരുന്നുണ്ട്. ഉദാഹരണം – കാസർഗോഡ് നിന്ന് മംഗലാപുരത്തേയ്ക്ക് രാവിലെ 6.00 മണി മുതൽ 8.00 വരെ കെ.എസ്.ആർ.ടി.സി-യും 8.00 മണി മുതൽ 10.00 വരെ കർണ്ണാടക ആർ.ടി.സി-യും സർവ്വീസ് നടത്താൻ അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള സമയക്രമം ലംഘിച്ച് കർണ്ണാടക ആർ.ടി.സി-യെ പ്രസ്തുത റൂട്ടിൽ സർവ്വീസ് നടത്താൻ അനുവദിക്കുന്നത് കെ.എസ്.ആർ.ടി.സി-ക്ക് ഭീമമായ വരുമാന

നഷ്ടത്തിന് കാരണമാകുമെന്നതിനാൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കാൻ നിർവ്വാഹമില്ലാത്തതാണ്.

(ഡി) പ്രസ്തുത റൂട്ടിൽ കൺസെഷൻ അനുവദിക്കുന്നതിന് നടപടി കൈക്കൊള്ളുമോ?

പ്രസ്തുത ആവശ്യം ഇപ്പോൾ പരിഗണനയിലില്ല.

കെ.എസ്.ആർ.ടി.സി-യിൽ കമ്പ്യൂട്ടർവത്കരണവും ഇ-ഗവേണൻസും

272 (1812) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി-യിൽ കമ്പ്യൂട്ടർവത്കരണവും ഇ-ഗവേണൻസും നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി-യിലെ സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു:

1. GPRS, Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ - Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്കവിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ വാങ്ങുന്നതിനുള്ള

പർച്ചേസ് ഓർഡർ നൽകുകയും വിവിധ ഡിപ്പോകളിലേയ്ക്കും ടി മെഷീനുകളുടെ വിതരണം പുരോഗമിച്ചുവരികയുമാണ്. ഇത് പൂർണ്ണമായി നടപ്പിലാക്കി കഴിയുന്നതിലൂടെ ടിക്കറ്റ് കളക്ഷൻ സംബന്ധിച്ച എല്ലാ വിവരങ്ങളും അപ്പോൾ തന്നെ ഓൺലൈനായി നിരീക്ഷിക്കാൻ സാധിക്കും.

2. ഓൺലൈൻ ടിക്കറ്റ് റിസർവേഷൻ ബുക്കിംഗ് സംവിധാനം - ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിന് പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി "എന്റെ കെ.എസ്.ആർ.ടി.സി." എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്.

3. ഇന്റലിജന്റ് ട്രാൻസ്പോർട്ട് മാനേജ്മെന്റ് സിസ്റ്റം - പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ വിവര സാങ്കേതികവിദ്യ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം (VLTS) എന്നിവ നടപ്പിലാക്കുന്നതിനായി ഒരു പദ്ധതി DIMTS (Delhi Integrated Multi Model Transit System)-നെ ഏൽപ്പിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതിയിൽ വരുന്ന

പ്രധാന ഘടകങ്ങൾ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സിസ്റ്റം (VLTS), ഫ്ളീറ്റ് മാനേജ്മെന്റ് സിസ്റ്റം, മെഷീൻ ലേണിംഗ് ഉപയോഗിച്ചുള്ള റൂട്ട് ആസൂത്രണവും ഷെഡ്യൂളിംഗ്, ഫ്യൂവൽ മാനേജ്മെന്റ് സിസ്റ്റം, Artificial Intelligence ഉപയോഗിച്ചുള്ള Decision Support System എന്നിവയാണ്. ടി പദ്ധതി പൂർണ്ണമായി നടപ്പിലാക്കി കഴിയുന്നതിലൂടെ പൊതുജനങ്ങൾക്കും യാത്രക്കാർക്കും മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം ഓൺലൈനായി ലഭ്യമാകും.

4. ഇ-ഓഫീസ്- ഓഫീസ് പ്രവർത്തനങ്ങൾ സുഗമവും വേഗതയേറിയതും കാര്യക്ഷമവുമാക്കുന്നതിനായി ഇ-ഓഫീസ് സംവിധാനം കേരള സ്റ്റേറ്റ് ഐ.ടി. മിഷനുമായി ചേർന്ന് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

5. ജി-സ്പാർക്ക്- ജീവനക്കാരുടെ ശമ്പള വിവരങ്ങളും സർവ്വീസ് സംബന്ധമായ വിവരങ്ങളും സാലറി സ്ലിപ്പ് തുടങ്ങിയ സംവിധാനങ്ങളോടുകൂടിയ ജി-സ്പാർക്ക് സോഫ്റ്റ്‌വെയർ നടപ്പിലാക്കി തുടർ നടപടികൾ പുരോഗമിച്ചുവരുന്നു. പദ്ധതി പൂർണ്ണമായി നടപ്പിലാക്കി

കഴിയുന്നതിലൂടെ ജീവനക്കാരുടെ പൂർണ്ണമായ വ്യക്തിഗത, സർവ്വീസ് സംബന്ധമായ വിശദാംശങ്ങൾ അറിയാൻ സാധിക്കും.

(ബി) വർക്ക്ഷോപ്പുകളുടെയും ഗ്യാരേജുകളുടെയും ആധുനികവൽക്കരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയാണ്; വിശദീകരിക്കാമോ?

കെ.എസ്.ആർ.ടി.സി-യുടെ പാപ്പനംകോട് സെൻട്രൽ വർക്ക്ഷോപ്പിന്റെയും മാവേലിക്കര, ആലുവ, എടപ്പാൾ, കോഴിക്കോട് എന്നീ റീജിയണൽ വർക്ക്ഷോപ്പുകളുടെയും ആധുനികവത്കരണം കെ.എസ്.ആർ.ടി.സി-യുടെ PMC ആയ M/s. HLL Lifecare Ltd. മുഖേന നടന്നുവരുന്നു. നിർമ്മാണപ്രവൃത്തികൾ ഏകദേശം പൂർത്തീകരണ ഘട്ടത്തിലാണ്. കൂടാതെ ചടയമംഗലം, വടക്കാഞ്ചേരി എന്നീ ബസ് സ്റ്റേഷനുകളിൽ M/s. HLL Lifecare Ltd. മുഖേന ജില്ലാ വർക്ക്ഷോപ്പുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നുണ്ട്. പത്തനംതിട്ട, ചാലക്കുടി, സുൽത്താൻ ബത്തേരി എന്നീ ബസ് സ്റ്റേഷനുകളിലും ജില്ലാ വർക്ക്ഷോപ്പുകൾ നിർമ്മിക്കുന്നതിനായി M/s. HLL Lifecare Ltd. സമർപ്പിച്ച എസ്റ്റിമേറ്റ് പരിശോധിച്ച് ഉടൻതന്നെ പ്രവൃത്തി ചെയ്യുന്നതിനുള്ള ഭരണാനുമതി നൽകുന്നതാണ്.

(സി) കെ.എസ്.ആർ.ടി.സി-യുടെ 30 പ്രധാന ഡിപ്പോകൾ സ്മാർട്ട് സ്റ്റേഷനുകളായി നവീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

നടപടികളായിട്ടില്ല.

കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളുടെ പുന:ക്രമീകരണം

273 (1813) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. മാത്യു ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളുടെ പുന:ക്രമീകരണത്തിന്റെ ഭാഗമായി ജീവനക്കാരെ കോമൺപൂളിലേയ്ക്ക് വിന്യസിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ കാര്യക്ഷമമായ പരിപാലനം ഉറപ്പാക്കുന്നതിനായി ത്രിതല മെയിന്റനൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചു. ടി സംവിധാനത്തിൽ സെൻട്രൽ, റീജിയണൽ വർക്ക്ഷോപ്പുകൾ 5 എണ്ണവും ജില്ലാ/സബ് ജില്ലാ

വർക്ക്ഷോപ്പുകൾ 22 എണ്ണവും കൂടാതെ ഡിപ്പോ/സബ് ഡിപ്പോ വർക്ക്ഷോപ്പുകളുമാണുള്ളത്. സെൻട്രൽ/റീജിയണൽ വർക്ക്ഷോപ്പുകളിൽ ടയർ റിട്രെഡിംഗ് അഗ്രിഗേറ്റ് ഓവറോളിംഗ്, മേജർ ആക്സിഡൻറ് റിപ്പയർ, വെഹിക്കിൾ ഓവർ ഹോളിംഗ് ജോലികളുമാണ് നിർവ്വഹിക്കുന്നത്. ജില്ലാ/സബ് ജില്ലാ വർക്ക്ഷോപ്പുകളിൽ സി.എഫ്. വർക്കുകൾ ഉൾപ്പെടെയുള്ള എല്ലാ അഗ്രിഗേറ്റ് റീ പ്ലെയ്സ്മെന്റ്, പ്രതിമാസ മെയിന്റനൻസ്, ക്വാർട്ടർലി മെയിന്റനൻസ്, ഫ്യൂവൽ മെയിന്റനൻസ്, ആക്സിഡന്റ് റിപ്പയർ (മൈനർ) തുടങ്ങിയവയാണ് നിർവ്വഹിക്കുന്നത്. ഡിപ്പോ/സബ് ഡിപ്പോ വർക്ക്ഷോപ്പുകളിൽ പ്രതിദിന, പ്രതിവാര ജോലികളും ഓയിൽ ചേഞ്ച്, ടയർ & ഇലക്ട്രിക്കൽ മെയിന്റനൻസുകളുമാണ് നിർവ്വഹിക്കുന്നത്. മേൽ പ്രതിപാദിച്ച ജോലികൾ നിർവ്വഹിക്കുന്നതിനാവശ്യമായ മെക്കാനിക്കൽ വിഭാഗം ജീവനക്കാരെ ജില്ലാ/സബ് ജില്ലാ വർക്ക്ഷോപ്പുകളിലേയ്ക്ക് മാറ്റി നിയമിച്ചു.

(ബി) ഡിപ്പോകൾ, സബ് ഡിപ്പോകൾ എന്നിവിടങ്ങളിൽനിന്നും ജീവനക്കാരെ വിട്ടുതൽ ചെയ്യുമ്പോൾ നിലവിലുള്ള സർവ്വീസുകൾ തടസ്സം കൂടാതെ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്വീകരിച്ചിരിക്കുന്ന ക്രമീകരണങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ?

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ കാര്യക്ഷമമായ പരിപാലനം നിർവ്വഹിക്കുന്നതിനാവശ്യമായ മെക്കാനിക്കൽ വിഭാഗം ജീവനക്കാരെ സബ് ഡിപ്പോ/ഓപ്പറേറ്റിംഗ് സെന്ററുകളിൽ ലഭ്യമാക്കുന്നുണ്ട്. സർവ്വീസ് ഓപ്പറേഷന് തടസ്സം വരാത്ത രീതിയിൽ ജീവനക്കാരെ വിനിയോഗിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രതിമാസ മെയിന്റനൻസിനുവേണ്ടി എല്ലാ ഡിപ്പോ, സബ് ഡിപ്പോകളിൽനിന്നും ജില്ലാ കോമൺപൂളിലെ വർക്ക്ഷോപ്പുകളിലേയ്ക്ക് ഓരോ മാസവും എത്ര കിലോമീറ്റർ ദൂരമാണ് ബസ്സുകൾ ഡെഡ് സർവ്വീസായി ഓടിക്കേണ്ടി വരുന്നതെന്ന് അറിയിക്കാമോ?

ജില്ലാ/സബ് ജില്ലാ വർക്ക്ഷോപ്പുകളിലേയ്ക്ക് പ്രതിമാസ മെയിന്റനൻസിനായി വാഹനങ്ങൾ എത്തിക്കുന്നത് സർവ്വീസായിട്ടാണ്. പ്രതിമാസ മെയിന്റനൻസിന് നൽകുന്ന ബസ്സുകൾക്ക് പകരം ജില്ലാ/സബ് ജില്ലാ വർക്ക്ഷോപ്പുകളിൽ ലഭ്യമായിട്ടുള്ള റിസർവ് പൂളിൽനിന്നും പകരം ബസ്സുകൾ അനുവദിച്ച് നൽകുന്നതാണ് നിലവിലെ ക്രമീകരണം.

## ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം

274 (1814) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ നടപടികൾ പാതിവഴിയിൽ നിലച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2021 ഡിസംബർ 31-നകം എല്ലാ പണികളും പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യാമെന്ന് 2021 ജൂണിൽ ചേർന്ന മന്ത്രിതല യോഗത്തിലെ തീരുമാനം നടപ്പാക്കാനാകാത്ത സാഹചര്യത്തിൽ എന്തെല്ലാം തുടർ നടപടികളാണ് വകുപ്പ് തലത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ?

അഡ്മിനിസ്ട്രേറ്റീവ് ഓഫീസിന്റെ പ്രവർത്തനം താൽക്കാലികമായി പുതിയ കോംപ്ലക്സിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ബാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇനിയും പൂർത്തീകരിക്കാനുള്ള ജോലികൾ എന്തെല്ലാമാണ്; കരാറുകാരന് നൽകാനുള്ള മുഴുവൻ കുടിശ്ശികയും വിതരണം ചെയ്തിട്ടുണ്ടോ?

ഫിനിഷിംഗ് പ്രവൃത്തികളാണ് ഇനി ബാക്കിയുള്ളവ. യാർഡ് നിർമ്മാണവും ഉൾപ്പെടുത്തുന്നുണ്ട്. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ

ക്രമീകരിച്ചുവരുന്നു. മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് M/s. Malabar Associates-ന് Rs. 3,54,54,944 തുക നൽകിയിട്ടുണ്ട്.

(ഡി) പ്രവൃത്തി ആരംഭിച്ച് ആറര വർഷം പിന്നിട്ട സാഹചര്യത്തിൽ കാലതാമസം കൂടാതെ സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് എത്രയും വേഗം പണികൾ പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുമോ?

പണികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും ബസ് സർവ്വീസ്</u>

275 (1815) <u>ശ്രീ. എ. രാജ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനുമുമ്പ് മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും നടത്തിയിരുന്ന ബസ് സർവ്വീസുകളുടെ എണ്ണം അറിയിക്കാമോ;

(ബി) കോവിഡ് കാലയളവിൽ പ്രസ്തുത ഡിപ്പോയിൽനിന്നും നിർത്തലാക്കിയ ബസ് സർവ്വീസുകളുടെ എണ്ണം ലഭ്യമാക്കുമോ;

നിർത്തലാക്കിയവയിൽ ഇപ്പോൾ പുനരാരംഭിച്ച സർവ്വീസുകളുടെ എണ്ണം വിശദമാക്കാമോ;

&

(സി) കോവിഡ് കാലയളവിൽ നിർത്തലാക്കിയ റൂട്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; നിർത്തലാക്കിയവയിൽ പുനരാരംഭിച്ച റൂട്ടുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

കോവിഡിനുമുമ്പ് മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും 29 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു. കോവിഡ് കാലയളവിൽ മൂന്നാർ ഡിപ്പോയിൽനിന്നും ചുവടെ ചേർക്കുന്ന 16 സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ട്:

1. 7.15 മൂന്നാർ - ഉദുമൽപേട്ട

2. 8.45 മൂന്നാർ - ഉദുമൽപേട്ട

3. 10.30 മൂന്നാർ - ഉദുമൽപേട്ട

4. 15.00 മൂന്നാർ - ഉദുമൽപേട്ട

5. 7.00 മൂന്നാർ - തേനി

6. 8.30 മൂന്നാർ - തേനി

7. 10.00 മൂന്നാർ - തേനി

8. 13.00 മൂന്നാർ - തേനി

9. 15.30 മൂന്നാർ-ബാംഗ്ലൂർ

10. 6.40 മൂന്നാർ-ആലപ്പുഴ

11. 9.20 മൂന്നാർ-എറണാകുളം

12. 6.40 മൂന്നാർ-എറണാകുളം

13. 7.40 മൂന്നാർ-എറണാകുളം

14. 15.30 അടിമാലി

15. 17.10 അടിമാലി

16. 16.35 മൂനിയറ

പുനരാരംഭിച്ച 9 ഷെഡ്യൂളുകൾ താഴെപ്പറയുന്നതാണ്.

1. 7.15 മൂന്നാർ-ഉദുമൽപേട്ട

2. 08.45 മൂന്നാർ-ഉദുമൽപേട്ട

3. 10.30 മൂന്നാർ-ഉദുമൽപേട്ട

4. 15.00 മൂന്നാർ-ഉദുമൽപേട്ട

5. 7.00 മൂന്നാർ-തേനി

6. 8.30 മൂന്നാർ-തേനി

7. 10.00 മൂന്നാർ-തേനി

8. 13.00 മൂന്നാർ-തേനി

9. 15.30 മൂന്നാർ-ബാംഗ്ലൂർ

(ഡി) പുനരാരംഭിക്കാത്ത സർവ്വീസ് റൂട്ടുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

2019 ഡിസംബർ മാസം വരെ ഓപ്പറേറ്റ് ചെയ്തിരുന്ന ലാഭകരമായ സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നിർദ്ദേശം യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രവർത്തന ചെലവുപോലും ലഭിക്കാത്ത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ അത്തരം സർവ്വീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി. പുതിയതായി ആരംഭിക്കുന്ന ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്.

## മഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോയും സ്റ്റേഷൻമാസ്റ്റർ ഓഫീസും

276 (1816) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന നിലവിലെ സാഹചര്യത്തിൽ മഞ്ചേരിയിൽ പുതിയ കെ.എസ്.ആർ.ടി.സി. ഡിപ്പോ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(ബി) മഞ്ചേരിയിലെ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻമാസ്റ്റർ ഓഫീസ് എന്ന് പുനരാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

21.12.2012-ൽ പ്രവർത്തനം ആരംഭിച്ച മഞ്ചേരി ഐ.ജി.ബി.റ്റി. ബസ് സ്റ്റാൻഡിൽക്കൂടി നാമമാത്രമായ ബസ്സുകൾ കയറിയിറങ്ങി പോകുന്ന സാഹചര്യത്തിലും മഞ്ചേരിയിൽനിന്നും പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിന് കഴിയാത്ത അവസ്ഥയിലും മലപ്പുറം, പെരിന്തൽമണ്ണ, നിലമ്പൂർ എന്നീ യൂണിറ്റുകൾ ഇതിന് ചുറ്റും സർവ്വീസുകൾ അയയ്ക്കാൻ പര്യാപ്തമായി പ്രവർത്തിക്കുന്നതിനാലും കോർപ്പറേഷന് കടുത്ത സാമ്പത്തിക

പ്രതിസന്ധിയുണ്ടാക്കിയതിനാലുമാണ് മഞ്ചേരി ഐ.ജി.ബി.റ്റി. ബസ് സ്റ്റാൻഡിലെ സ്റ്റേഷൻ മാസ്റ്റർ ഓഫീസ് 3.9.2017-ൽ നിർത്തലാക്കിയത്. നിലവിലും ഇതേ സാഹചര്യം തുടരുന്നതിനാൽ പ്രസ്തുത സ്ഥലത്തെ സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പുനഃസ്ഥാപിക്കുന്നതിന് നിർവ്വാഹമില്ല. എന്നിരുന്നാലും കൂടുതൽ യാത്രക്കാർ ഈ ഐ.ജി.ബി.റ്റി. സ്റ്റാൻഡിനെ ആശ്രയിക്കുകയും കൂടുതൽ ബസ്സുകൾ ആവശ്യമായി വരുന്ന സാഹചര്യത്തിലും ഭാവിയിൽ കെ.എസ്.ആർ.ടി.സി-ക്കും പൊതുജനങ്ങൾക്കും ഗുണകരമാകുന്ന രീതിയിലും മഞ്ചേരി ഐ.ജി.ബി.റ്റി. കേന്ദ്രീകരിച്ച് സ്റ്റേഷൻ മാസ്റ്റർ ഓഫീസ് ആരംഭിക്കുന്ന കാര്യം വിശദമായ സാദ്ധ്യതാ പഠനം നടത്തി നടപടി സ്വീകരിക്കുന്നതാണ്.

## ഒറ്റപ്പാലം മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോ

277 (1817) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ഒറ്റപ്പാലം നഗരസഭയുടെ കീഴിലുള്ള ബസ് സ്റ്റാന്റിന്റെ ഒരു ഭാഗം പ്രയോജനപ്പെടുത്തി കെ.എസ്.ആർ.ടി.സി. ഡിപ്പോ തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിൽനിന്ന് കെ.എസ്.ആർ.ടി.സി-ക്ക് മാത്രമായി ബസ് പാർക്കിംഗിനും ഓഫീസിനുമുള്ള സ്ഥലസൗകര്യം സൗജന്യമായി ലഭ്യമാകുന്ന മുറയ്ക്ക് കെ.എസ്.ആർ.ടി.സി. സാദ്ധ്യതാപഠനം നടത്തി ലഭ്യമാകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡിപ്പോ തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## ചെനക്കലിലെ ഫീഡർ സ്റ്റേഷൻ നിർമ്മാണം

278 (1818) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി-യുടെ തിരുവനന്തപുരം-കോഴിക്കോട് ബൈപാസ് റൈഡർ സർവ്വീസിന്റെ ഭാഗമായി കോട്ടക്കൽ മണ്ഡലത്തിലെ ചെനക്കലിൽ ഫീഡർ സ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ തിരുവനന്തപുരം-കോഴിക്കോട് ബൈപാസ് റൈഡർ സർവ്വീസിന്റെ ഭാഗമായി കോട്ടക്കൽ മണ്ഡലത്തിലെ ചെനക്കലിൽ ഫീഡർ സ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് രണ്ട് ബസ്സുകൾ അനുവദിക്കുകയും ഫീഡർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിക്കുകയും ചെയ്യുന്നുണ്ട്.

## എടത്വ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നവീകരണം

279 (1819) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടത്വ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നവീകരണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി-യുടെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധിമൂലം തനത് ഫണ്ടിൽ ഉൾപ്പെടുത്തി പണി ചെയ്യുന്നതിന് കഴിയുന്നില്ല. സാമ്പത്തിക സ്ഥിതി പുരോഗമിക്കുന്നതിനനുസരിച്ച് ഡിപ്പോ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത ഡിപ്പോയിലെ മെക്കാനിക്കുകളെ തിരുവല്ലയിലേയ്ക്ക് മാറ്റിയ നടപടി പുന:പരിശോധിക്കുമോ; വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ കാര്യക്ഷമമായ പരിപാലനം ഉറപ്പാക്കുന്നതിനായി ത്രിതല മെയിന്റനൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി സംവിധാനത്തിൽ സെൻട്രൽ, റീജിയണൽ വർക്ക് ഷോപ്പുകൾ 5 എണ്ണവും ജില്ലാ/സബ് ജില്ലാ വർക്ക്ഷോപ്പുകൾ 22 എണ്ണവും ഡിപ്പോ/സബ് ഡിപ്പോ

വർക്ക്ഷോപ്പുകളുമാണുള്ളത്. സെൻട്രൽ/റീജിയണൽ വർക്ക്ഷോപ്പുകളിൽ ടയർ റിട്രെഡിംഗ് അഗ്രിഗേറ്റ് ഓവർ ഹോളിംഗ്, മേജർ ആക്സിഡന്റ് റിപ്പയർ ജോലികളുമാണ് നിർവ്വഹിക്കുന്നത്. ജില്ലാ/ബസ് ജില്ലാ വർക്ക്ഷോപ്പുകളിൽ സി.എഫ്. വർക്കുകൾ ഉൾപ്പെടെയുള്ള എല്ലാ അഗ്രിഗേറ്റ് റീ പ്ലെയിസ്മെന്റ്, പീരിയോഡിക് മെയിന്റനൻസ്, ആക്സിഡന്റ് റിപ്പയർ (മൈനർ) എന്നിവയാണ് നിർവ്വഹിക്കുന്നത്. ഡിപ്പോ/സബ് ഡിപ്പോ വർക്ക്ഷോപ്പുകളിൽ പ്രതിദിന/പ്രതിവാര ജോലികളും ഓയിൽ ചേഞ്ച്, ടയർ & ഇലക്ട്രിക്കൽ മെയിന്റനൻസുകളും മാത്രമാണ് നിർവ്വഹിക്കുന്നത്. മേൽ പ്രതിപാദിച്ചതിന്റെ അടിസ്ഥാനത്തിലാണ് മെക്കാനിക്കൽ വിഭാഗം ജീവനക്കാരെ പുനർവിന്യസിച്ചത്. എടത്വ ഓപ്പറേറ്റിംഗ് സെന്ററിലും മേൽപ്പറഞ്ഞ പ്രകാരമുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഇവിടെനിന്നും റദ്ദുചെയ്ത സ്റ്റേ സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

2019 ഡിസംബർ മാസം വരെ ഓപ്പറേറ്റ് ചെയ്തിരുന്ന പ്രവർത്തന ചെലവ് ലാഭകരമായ സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിർദ്ദേശം യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രവർത്തന ചെലവ് പോലും ലഭിക്കാത്ത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിലവിലെ സാമ്പത്തിക

സ്ഥിതിയിൽ കഴിയാത്തതിനാൽ, അത്തരം സർവ്വീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി. പുതിയതായി ആരംഭിച്ചു. ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

<u>തിരുവമ്പാടി കെ.എസ്.ആർ.ടി.സി. ഓപ്പേറേറ്റിംഗ് സെന്റർ</u>

280 (1820) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥലവും ഫണ്ടും ലഭ്യമായിട്ടും തിരുവമ്പാടി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ നിർമ്മാണമാരംഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

&

(സി) പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനും നിർമ്മാണം ആരംഭിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവമ്പാടിയിലെ സ്ഥലം കെ.എസ്.ആർ.ടി.സി-യുടെ പേരിൽ രജിസ്റ്റർ ചെയ്ത് ലഭ്യമായത് 20.9.2021-ലാണ്. ടി സ്ഥലത്ത് ഓപ്പറേറ്റിംഗ് സെന്റർ നിർമ്മിക്കുന്നത് സംബന്ധിച്ച സാദ്ധ്യതാപഠനം നടന്നുവരികയാണ്.

<u>നെടുങ്കണ്ടം കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ</u>

281 (1821) <u>ശ്രീ. എം. എം. മണി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ നെടുങ്കണ്ടത്ത് പ്രവർത്തിച്ചുവരുന്ന കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിന് പഞ്ചായത്ത് സ്ഥലം വാങ്ങി നൽകിയിട്ടുണ്ടോ?

ഉണ്ട്. ഉടുമ്പൻചോല താലൂക്കിൽ കൽകൂന്തൽ വില്ലേജിൽ സർവ്വേ നം. 148/12-5, 188/10-12, 188/4-10 എന്നിവയിലായി 64.80 ആർ സ്ഥലം നെടുങ്കണ്ടം പഞ്ചായത്ത് 21.10.2019-ൽ 3091/2019 നമ്പർ ദാനാധാര പ്രകാരം കെ.എസ്.ആർ.ടി.സി-യുടെ പേരിൽ എഴുതി നൽകിയിട്ടുണ്ട്.

(ബി) ഇവിടെ എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടം പണി പൂർത്തിയായിട്ടുണ്ടോ?

പണി പൂർത്തിയായിട്ടില്ല.

(സി) നെടുങ്കണ്ടത്തെ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിൽനിന്നും കോവിഡ് കാലത്തിനുമുമ്പ് എത്ര സർവ്വീസുകളാണ് ഓപ്പറേറ്റ് ചെയ്തിരുന്നതെന്നും നിലവിൽ എത്ര സർവ്വീസുകളാണ് ഓപ്പറേറ്റ് ചെയ്യുന്നതെന്നും അറിയിക്കാമോ?

കോവിഡ് കാലത്തിനുമുമ്പ് നെടുങ്കണ്ടം ഓപ്പറേറ്റിംഗ് സെന്ററിൽനിന്നും 15 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു. നിലവിൽ 10 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്.

(ഡി) കോവിഡ് കാലത്തിന് മുമ്പ് ഇവിടെ എത്ര ജീവനക്കാർ ജോലി ചെയ്തിരുന്നുവെന്നും നിലവിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും ഇവരുടെ തസ്തികകളുടെ പേര് സഹിതം വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോവിഡ് കാലത്തിനുമുമ്പ് ജോലി ചെയ്തിരുന്ന ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു.

(i) സ്ഥിരം ജീവനക്കാർ

| | |
|---|---|
| ഡ്രൈവർ | 30 |
| കണ്ടക്ടർ | 21 |
| മെക്കാനിക്ക് | 8 |

| | |
|---|---|
| സ്റ്റേഷൻ മാസ്റ്റർ | 1 |
| ഇൻസ്പെക്ടർ | 2 |
| ചാർജ്ജ്മാൻ | 1 |

(ii) താൽക്കാലിക ജീവനക്കാർ

| | |
|---|---|
| ഡ്രൈവർ | 8 |
| കണ്ടക്ടർ | 16 |
| സി.എൽ.ആർ | 2 |
| നിലവിലെ സ്ഥിരം ജീവനക്കാർ | |
| ഡ്രൈവർ | 29 |
| കണ്ടക്ടർ | 25 |
| സ്റ്റേഷൻ മാസ്റ്റർ | 1 |
| ഇൻസ്പെക്ടർ | 2 |
| നിലവിലെ താൽക്കാലിക ജീവനക്കാർ | |
| സി.എൽ.ആർ | 2 |

(ഇ) പഞ്ചായത്ത് സ്ഥലം വാങ്ങി നൽകുകയും എം.എൽ.എ. ഫണ്ടും മറ്റും പ്രയോജനപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുകയും ചെയ്യുമ്പോൾ ഈ ഓപ്പറേറ്റിംഗ് സെന്ററിന്റെ പ്രവർത്തനങ്ങൾ താറുമാറാകുന്നതിനും സർവ്വീസുകൾ വെട്ടിക്കുറയ്ക്കുന്നതിനും ഇടയാക്കുന്നതായി പറയപ്പെടുന്ന സാഹചര്യങ്ങൾ വിശദീകരിക്കാമോ?

2019 ഡിസംബർ മാസം വരെ ഓപ്പറേറ്റ് ചെയ്തിരുന്ന ലാഭകരമായ സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിർദ്ദേശം യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രവർത്തന ചെലവുപോലും ലഭിക്കാത്ത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്ത സാഹചര്യമാണുള്ളത്.

## കൽപ്പറ്റ ഡിപ്പോയിൽനിന്നുള്ള സർവ്വീസുകൾ

282 (1822) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനത്തെതുടർന്ന് കൽപ്പറ്റ ഡിപ്പോയിൽനിന്നുള്ള എത്ര ബസ് സർവ്വീസുകളാണ് നിർത്തലാക്കിയിട്ടുള്ളത്; നിർത്തലാക്കിയ റൂട്ടുകളും സമയക്രമവും വിശദമാക്കുമോ?

കോവിഡ് വ്യാപനത്തെതുടർന്ന് കൽപ്പറ്റ ഡിപ്പോയിൽനിന്നും 37 സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു.+

(ബി) കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് അനുവദിച്ചതിനെത്തുടർന്ന് പ്രസ്തുത ഡിപ്പോയിൽനിന്ന് നിർത്തലാക്കിയ ബസ് സർവ്വീസുകളിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏതെങ്കിലും പുനരാരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് അനുവദിച്ചതിനെ തുടർന്ന് പ്രസ്തുത ഡിപ്പോയിൽനിന്ന് നിർത്തലാക്കിയവയിൽ 18 സർവ്വീസുകൾ പുനരാരംഭിച്ചിട്ടുണ്ട്. ലാഭകരമായ സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ പ്രവർത്തന ചെലവുപോലും ലഭിക്കാത്ത സർവ്വീസുകൾ പുനരാരംഭിക്കാൻ കെ.എസ്.ആർ.ടി.സി-യുടെ ഇപ്പോഴത്തെ സാമ്പത്തികസ്ഥിതിയിൽ കഴിയാത്തത് കെ.എസ്.ആർ.ടി.സി. പുതിയതായി ആരംഭിക്കുന്ന 'ഗ്രാമവണ്ടി' പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സർവ്വീസ് നടത്താനും നടപടി സ്വീകരിച്ചുവരുന്നു. പുനരാരംഭിച്ച ബസ്സുകളുടെ വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു+.

(സി) ഡിപ്പോയിൽനിന്നും നിലവിൽ ഓപ്പറേറ്റ് ചെയ്യുന്ന സർവ്വീസുകളുടെ വിശദവിവരം നൽകുമോ?

ഓപ്പറേറ്റ് ചെയ്യുന്ന സർവ്വീസുകളുടെ വിശദവിവരം അനുബന്ധം 3 ആയി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ഡിപ്പോയിൽനിന്നും സ്ഥലംമാറ്റപ്പെട്ട ജീവനക്കാരുടെ വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ഡിപ്പോയിൽ നിന്നും വിവിധ തസ്തികകളിൽപ്പെട്ട 36 ജീവനക്കാരെ സ്ഥലംമാറ്റിയിട്ടുണ്ട്. സ്ഥലംമാറ്റപ്പെട്ട ജീവനക്കാരുടെ പട്ടിക അനുബന്ധം 4 ആയി ചേർക്കുന്നു+.

(ഇ) സ്ഥലംമാറ്റപ്പെട്ട ജീവനക്കാർക്ക് പകരം ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ കാരണം വിശദീകരിക്കുമോ?

സ്ഥലം മാറ്റപ്പെട്ട ജീവനക്കാർക്ക് പകരമായി വിവിധ തസ്തികകളിൽപ്പെട്ട 73 ജീവനക്കാരെ മറ്റ് യൂണിറ്റുകളിൽനിന്നും നിയമിച്ചിട്ടുണ്ട് (അതിൽ 26 ജീവനക്കാരെ വിവിധ ഡിപ്പോകളിലേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമനം നൽകിയിട്ടുള്ളതുമാണ്).

## കൊല്ലം ഡിപ്പോ കെട്ടിടത്തിന്റെ ശോചനീയാവസ്ഥ

283 (1823) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോ കെട്ടിടത്തിന്റെ ശോചനീയാവസ്ഥയ്ക്കും അപകടാവസ്ഥയ്ക്കും പരിഹാരമായി ഡിപ്പോയുടെ സമഗ്രവികസനത്തിനായി കിഫ്ബിയുടെ ധനസഹായത്തോടെയുള്ള പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്ന നടപടിയിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; നടപടികൾ ത്വരിതപ്പെടുത്തി പദ്ധതി നിർവ്വഹണത്തിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ സമഗ്ര വികസനത്തിനായി കിഫ്ബിയുടെ ധനസഹായത്തോടെയുള്ള പദ്ധതിക്കുവേണ്ടി മാസ്റ്റർപ്ലാൻ തയ്യാറാക്കി detailed project report സമർപ്പിക്കുന്നതിന് M/s. Steel Industries Kerala Limited-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാൻ തയ്യാറാക്കി M/s. SILK ഇതുവരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്

284 (1824) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പെരിന്തൽമണ്ണ ഡിപ്പോയിൽനിന്നുള്ള എത്ര സർവ്വീസുകളാണ് കോവിഡ്മൂലം നിർത്തലാക്കിയതെന്ന് വിശദമാക്കുമോ;

&

(ബി) ഇത്തരത്തിൽ നിർത്തലാക്കിയ സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കെ.എസ്.ആർ.ടി.സി. പെരിന്തൽമണ്ണ ഡിപ്പോയിൽനിന്നുള്ള ചുവടെ ചേർക്കുന്ന 7 സർവ്വീസുകൾ കോവിഡ് മൂലം നിർത്തലാക്കിയിട്ടുണ്ട്.

1. 7.00 കൊയിലാണ്ടി

2. 7.30 കൊയിലാണ്ടി

3. 08.00 കൊയിലാണ്ടി

4. 6.10 താമരശ്ശേരി

5. 5.15 വളാഞ്ചേരി

6. 6.15 വളാഞ്ചേരി

7. 7.15 വളാഞ്ചേരി

2019 ഡിസംബർ മാസം വരെ ഓപ്പറേറ്റ് ചെയ്തിരുന്ന പ്രവർത്തന ചെലവ് ലഭ്യമായിരുന്ന സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിർദ്ദേശം യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രവർത്തന ചെലവ് പോലും ലഭിക്കാത്ത ലാഭകരമല്ലാത്ത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ അത്തരം സർവ്വീസുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി. പുതിയതായി ആരംഭിക്കുന്ന 'ഗ്രാമവണ്ടി' പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു.

(സി) പെരിന്തൽമണ്ണ ഡിപ്പോയിൽ പുതുതായി ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

യാത്രക്കാരുടെ എണ്ണം വർദ്ധിക്കുന്നതുമൂലം കൂടുതൽ സർവ്വീസുകൾ ആവശ്യമായി വരുന്നപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കെ.എസ്.ആർ.ടി.സി. പുതിയതായി ആരംഭിക്കുന്ന 'ഗ്രാമവണ്ടി' പദ്ധതിയുടെ ഭാഗമായാണ് ഇത് പരിഗണിക്കാൻ സാധിക്കുന്നത്.

## നെയ്യാറ്റിൻകരയിലെ യാത്രാ ക്ലേശം

285 (1825) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കാരോട്, കുളത്തൂർ, തിരുപുറം, അതിയന്നൂർ, നെയ്യാറ്റിൻകര നഗരസഭ എന്നീ പ്രദേശങ്ങളിൽ യാത്രാക്ലേശം പരിഹരിക്കുന്നതിന് കെ.എസ്.ആർ.ടി.സി. നെയ്യാറ്റിൻകര, പൂവ്വാർ, പാറശ്ശാല, കാട്ടാക്കട, വിഴിഞ്ഞം എന്നീ സ്റ്റേഷനുകളിൽനിന്നും 2021-22 വർഷത്തിൽ എത്ര പുതിയ സർവ്വീസുകളാണ് ആരംഭിച്ചതെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കാരോട്, കുളത്തൂർ, തിരുപുറം, അതിയന്നൂർ, നെയ്യാറ്റിൻകര നഗരസഭ എന്നീ പ്രദേശങ്ങളിൽ യാത്രാക്ലേശം പരിഹരിക്കുന്നതിന് 2021-22 വർഷത്തിൽ കെ.എസ്.ആർ.ടി.സി. പാറശ്ശാല ഡിപ്പോയിൽനിന്നും 6-ഉം പൂവാർ ഡിപ്പോയിൽനിന്നും 2-ഉം പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. വിഴിഞ്ഞം, നെയ്യാറ്റിൻകര, കാട്ടാക്കട ഡിപ്പോകളിൽനിന്നും പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടില്ല.

(ബി) 2019, 2020 വർഷങ്ങളിലുണ്ടായിരുന്ന എത്ര ഷെഡ്യൂളാണ് നിർത്തിവച്ചത് എന്ന് വ്യക്തമാക്കാമോ?

2019, 2020 വർഷങ്ങളിലുണ്ടായിരുന്ന ഷെഡ്യൂളുകളിൽ വിഴിഞ്ഞം ഡിപ്പോയിൽനിന്നും 1-ഉം നെയ്യാറ്റിൻകര ഡിപ്പോയിൽനിന്നും 17-ഉം

പാറശ്ശാല ഡിപ്പോയിൽനിന്നും 12-ഉം കാട്ടാക്കട ഡിപ്പോയിൽനിന്നും 18-ഉം പൂവാർ ഡിപ്പോയിൽനിന്നും 9 ഷെഡ്യൂളുകളുമാണ് നിർത്തിവച്ചത്.

(സി) നെയ്യാറ്റിൻകരയിൽ യാത്രാക്ലേശം പരിഹരിക്കുന്നതിന് ഏതെല്ലാം തരത്തിലുള്ള നടപടികളാണ് ആവിഷ്കരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

യാത്രാക്ലേശം പരിഹരിക്കുന്നതിനായി വിഴിഞ്ഞം, നെയ്യാറ്റിൻകര യൂണിറ്റുകളിൽനിന്നും സിറ്റി ഷട്ടിൽ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. 2019 ഡിസംബർ മാസം വരെ ഓപ്പറേറ്റ് ചെയ്തിരുന്ന പ്രവർത്തന ചെലവ് ലഭ്യമായിരുന്ന സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നിർദ്ദേശം യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രവർത്തന ചെലവ് പോലും ലഭിക്കാത്ത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ അത്തരം സർവ്വീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതിയ കെട്ടിടം

286 (1826) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതിയ കെട്ടിടം നിർമ്മിക്കാൻ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 16.2.2016-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നം. 74/2016/ട്രാൻ. പ്രകാരം ഭരണാനുമതി ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിർമ്മാണം മുമ്പ് തടസ്സപ്പെടുകയും നിലവിൽ തടസ്സങ്ങൾ മാറുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 16.2.2016-ലെ ഭരണാനുമതി ഉത്തരവനുസരിച്ച് നിർമ്മാണം ആരംഭിക്കവേ വസ്തുവിന്റെ ഉടമസ്ഥാവകാശ തർക്കം ഉന്നയിച്ച് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് സ്റ്റോപ്പ് മെമ്മോ നൽകുകയുണ്ടായി. ഇതേ തുടർന്നാണ് പ്രസ്തുത നിർമ്മാണം തടസ്സപ്പെട്ടത്. ടി മെമ്മോ പിന്നീട് വെക്കേറ്റ് ചെയ്തിട്ടുള്ളതാണ്. നിലവിൽ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും അനുമതി ലഭ്യമായിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പൊതുമരാമത്ത് കെട്ടിട വിഭാഗം തയ്യാറാക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുമോ; വിശദമാക്കുമോ?

പി.ഡബ്ല്യൂ.ഡി.-യിൽനിന്നും എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

<u>കുണ്ടറ മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ</u>

287 (1827) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലൂടെ നിലവിലുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

കുണ്ടറ നിയോജക മണ്ഡലത്തിലെ നിലവിലുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ചുവടെ ചേർക്കുന്നു:

<u>ചാത്തന്നൂർ</u>

1).7.30 പരവൂർ

2).5.00 വെളിയം

<u>കൊട്ടാരക്കര</u>

1. കൊല്ലം-പുനലൂർ

2. കായംകുളം-പുനലൂർ

3. കൊല്ലം-പത്തനംതിട്ട-പമ്പ

4. കൊട്ടാരക്കര-കരുനാഗപ്പള്ളി

5. കൊട്ടാരക്കര-മുട്ടം

6. മുട്ടം-കൊല്ലം

7. കൊല്ലം-നെടുമൺക്കാവ്

8. കൊട്ടാരക്കര-എടക്കോട്

9. കൊട്ടാരക്കര-പട്ടംതുരുത്ത്

10. കൊട്ടാരക്കര-കുമ്പളം

11. കുണ്ടറ-ഇലഞ്ഞിക്കോട്

12. കുണ്ടറ-പുത്തൂർ

13. കൊല്ലം-അടൂർ

<u>പന്തളം</u>

1. 5.45 പന്തളം-പെരുമൺ

<u>ചടയമംഗലം</u>

1. 7.50 ഓടനാവട്ടം

2. 7.50 തടിക്കാട്-കൊല്ലം

<u>കൊല്ലം</u>

1. 5.00 പടപ്പക്കര

2. 7.40 പടപ്പക്കര

3. 6.00 കുമ്പളം

<u>അടൂർ</u>

1. ചീക്കൽകടവ്-തിരുവനന്തപുരം

2. ആനയടി-തിരുവനന്തപുരം

3. ഞാങ്കടവ്-തിരുവനന്തപുരം

4. പുത്തൂർ-കൊല്ലം

5. ചീക്കൽകടവ്-കൊല്ലം

<u>പുനലൂർ</u>

കൊല്ലം-തിരുമംഗലം ദേശീയപാതയിലൂടെ മാത്രമേ സർവ്വീസ് ഓപ്പറേറ്റ് ചെയ്യുന്നുള്ളൂ.

(ബി) പ്രസ്തുത മണ്ഡലത്തിൽ ലോക്ക്ഡൗണിനോട് അനുബന്ധിച്ച് നിർത്തിവച്ചിട്ടുള്ള സർവ്വീസുകളിൽ എത്രയെണ്ണം പുനരാരംഭിച്ചിട്ടുണ്ടെന്നും അത് ഏതൊക്കെയാണെന്നും അറിയിക്കാമോ?

കോവിഡ് നിയന്ത്രണങ്ങളുമായി ബന്ധപ്പെട്ട് പുനരാരംഭിച്ച സർവ്വീസുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ചാത്തന്നൂർ - 1

കൊട്ടാരക്കര -20

കൊല്ലം – 3

അടൂർ - 5

(സി) ലോക്ക്ഡൗൺ കാലത്ത് നിർത്തിവച്ചിട്ട് ഇനിയും പുനരാരംഭിക്കാത്ത സർവ്വീസുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമാ;

&

(ഡി) ഇനിയും പുനരാരംഭിക്കാത്ത സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ലോക്ക്ഡൗൺ കാലത്ത് നിർത്തിവച്ചിട്ട് പുനരാരംഭിക്കാത്ത സർവ്വീസുകൾ

<u>ചാത്തന്നൂർ</u>

1. 5.40 കുണ്ടറ

2. 6.10 വർക്കല

3. 6.45 വർക്കല

4. 6.20 പരവൂർ

5. 6.35 പരവൂർ

<u>കൊട്ടാരക്കര</u>

1. ചെറുപൊയ്ക-മുളവന-കൊല്ലം-ചടയമംഗലം

2. 5.35 മണ്ണൂർ

3. 5.50 കുളത്തൂർപ്പുഴ

<u>കൊല്ലം</u>

1. 6.15 പടപ്പക്കര

2. 11.25 കുമ്പളം

3. 6.00 പേഴുംതുരുത്ത്

4. 7.20 ശിങ്കാരപ്പള്ളി

5. 5.40 കൊല്ലം-കുണ്ടറ-വർക്കല ചെയിൻ

6. 6.10 കൊല്ലം-കുണ്ടറ-വർക്കല ചെയിൻ

7.6.35 കൊല്ലം– കുണ്ടറ-വർക്കല ചെയിൻ

8.12.10 കല്ലമ്പലം - വെള്ളിമൺ

2019 ഡിസംബർ മാസം വരെ ഓപ്പറേറ്റ് ചെയ്തിരുന്ന പ്രവർത്തന ചെലവ് ലഭ്യമായിരുന്ന സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിർദ്ദേശം യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രവർത്തന ചെലവ് പോലും ലഭിക്കാത്ത ലാഭകരമല്ലാത്ത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ അത്തരം സർവ്വീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി. പുതിയതായി ആരംഭിക്കുന്ന ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## പുതിയ ട്രാൻസ്പോർട്ട് ഡിപ്പോകൾ

288 (1828) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പുതിയ ട്രാൻസ്പോർട്ട് ഡിപ്പോകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

&

(സി) ഇതിനുവേണ്ടി ഏതൊക്കെ സ്ഥലങ്ങളിലാണ് ജില്ലയിൽ പരിശോധന നടത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ പുതിയ ട്രാൻസ്പോർട്ട് ഡിപ്പോകൾ സ്ഥാപിക്കണമെന്ന നിവേദനത്തിന്മേൽ യൂണിറ്റ് തലത്തിൽ പ്രാരംഭ അന്വേഷണം നടത്തിയിട്ടുണ്ട്. പ്രാരംഭ അന്വേഷണത്തിനായി കാഞ്ഞങ്ങാട് മുനിസിപ്പൽ സ്റ്റാൻഡിൽനിന്നും കാഞ്ഞങ്ങാട്-സുള്ള്യ റൂട്ടിൽ 20 കിലോമീറ്റർ അകലെയുള്ള ഒടയംചാലിലും അവിടെനിന്നും 9 കിലോമീറ്റർ അകലെയുള്ള പുളിയാംകുളത്തും സ്ഥലപരിശോധന നടത്തിയിട്ടുണ്ട്.

(ഡി) നടത്തിയ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ

289 (1829) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗുരുവായൂർ ഡിപ്പോയിൽ ആധുനിക രീതിയിലുള്ള ബസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്നതിന് M/s. SILK Ltd.-ന് 8.7.2021-ൽ കത്ത് നൽകിയിരുന്നുവെങ്കിലും ടി സ്ഥാപനം മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിരുന്നില്ല. തുടർന്ന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിന് 6.1.2022-ൽ കത്ത് നൽകിയിരുന്നു. എന്നാൽ ടി സ്ഥാപനം നാളിതുവരെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള സന്നദ്ധത അറിയിച്ചിട്ടില്ല.

(ബി) കോവിഡ് വ്യാപനം ആരംഭിച്ചതിനുശേഷം പ്രസ്തുത ഡിപ്പോയിൽനിന്നും എത്ര സർവ്വീസുകൾ നിലവിൽ നിർത്തിവച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഈ സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കോവിഡ് വ്യാപനത്തിന് മുമ്പ് ഗുരുവായൂർ ഡിപ്പോയിൽനിന്നും 44 സർവ്വീസുകൾ നടത്തിയിരുന്നു. കോവിഡിന്റെ കടുത്ത നിയന്ത്രണം നിലവിലുണ്ടായിരുന്ന കാലയളവിൽ 16 സർവ്വീസുകൾ മാത്രമാണ് ഓപ്പറേറ്റ് ചെയ്തിരുന്നതെങ്കിലും ആയത് ഘട്ടംഘട്ടമായി ഉയർത്തി നിലവിൽ 28 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. നിലവിൽ നിർത്തിവച്ചിട്ടുള്ള സർവ്വീസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. 19.00 ബാംഗ്ലൂർ

2. 16.00 തിരുവനന്തപുരം

3. 4.40 തിരുവനന്തപുരം

4. 15.10 ആലപ്പുഴ

5. 7.00 കോഴിക്കോട്

6. 5.45 പുൽപ്പള്ളി

7. 11.30 പളനി

8. 7.02 പാലക്കാട്

9. 6.45 കട്ടപ്പന

10. 15.10 മാനന്തവാടി

11. 6.35 കോഴിക്കോട്

12. 4.00 പാലക്കാട്

13. 4.30 പാലക്കാട്

14. 6.40 വൈറ്റില

15. 5.00 കോഴിക്കോട്

16. 6.10 കോഴിക്കോട്

2019 ഡിസംബർ മാസം വരെ ഓപ്പറേറ്റ് ചെയ്തിരുന്ന പ്രവർത്തന ചെലവ് ലഭ്യമായിരുന്ന സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നിർദ്ദേശം യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്. പ്രവർത്തന ചെലവ് പോലും ലഭിക്കാത്ത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്ത സാഹചര്യമാണുള്ളത്.

## നിലമ്പൂർ ഡിപ്പോയിലെ സർവ്വീസുകൾ

290 (1830) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് രൂക്ഷമാകുന്നതിനുമുമ്പ് നിലമ്പൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും എത്ര സർവ്വീസുകൾ നടത്തിയിരുന്നുവെന്നും ഇപ്പോൾ എത്ര സർവ്വീസുകൾ നടത്തുന്നുണ്ടെന്നും അറിയിക്കാമോ?

കോവിഡ് രൂക്ഷമാകുന്നതിനുമുമ്പ് നിലമ്പൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും 39 ഷെഡ്യൂളുകൾ നടത്തുന്നതിന് അനുമതി നൽകിയിരുന്നു. ഇപ്പോൾ 27 സർവ്വീസുകൾ നടത്തി വരുന്നു.

(ബി) നിലമ്പൂർ ഡിപ്പോയിൽനിന്നും ഏതെല്ലാം റൂട്ടുകളിലേയ്ക്കുള്ള സർവ്വീസുകൾ ഇപ്പോൾ നടത്തുന്നില്ലായെന്ന് റൂട്ടുകളടക്കമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ; ഇതിൽ മലയോര, ഗ്രാമീണ റൂട്ടുകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

നിലമ്പൂർ ഡിപ്പോയിൽനിന്നും താഴെപ്പറയുന്ന 10 സർവ്വീസുകൾ നടത്തുന്നില്ല.

1. നിലമ്പൂർ-എരുമമുണ്ട (മലയോരം)

2. നിലമ്പൂർ-റ്റി.കെ. കോളനി (മലയോരം)

3. നിലമ്പൂർ-മരുത (മലയോരം)

4. നിലമ്പൂർ-പാലാങ്കര (ഗ്രാമീണം)

5. നിലമ്പൂർ-മുരുകാഞ്ഞിരം (മലയോരം)

6. നിലമ്പൂർ-മുണ്ടേരി (ഗ്രാമീണം)

7. നിലമ്പൂർ-നെടുങ്കയം (മലയോരം)

8. നിലമ്പൂർ-തേൾപ്പാറ (മലയോരം)

9. നിലമ്പൂർ-വഴിക്കടവ്-കോഴിക്കോട്

10. കോഴിക്കോട്-ഗൂഡല്ലൂർ - ഇവയിൽ 3 സർവ്വീസുകൾ ഗ്രാമീണ/മലയോര സർവ്വീസുകളാണ്.

(സി) മലയോര മേഖലയായ ഏരുമമുണ്ടയിൽനിന്നും കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്കുള്ള സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ അറിയിക്കാമോ; ലാഭകരമായിരുന്ന ഈ ഗ്രാമീണ റൂട്ടിൽ അടിയന്തരമായി സർവ്വീസ് ആരംഭിക്കുന്നതിന് നിർദ്ദേശം നൽകുമോ?

2019 ഡിസംബർ മാസം വരെ ഓപ്പറേറ്റ് ചെയ്തിരുന്ന ലാഭകരമായ സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നിർദ്ദേശം യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ ലാഭകരമല്ലാത്ത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിലവിലെ സാമ്പത്തികസ്ഥിതിയിൽ കഴിയാത്തതിനാൽ അത്തരം സർവ്വീസുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി. ആരംഭിക്കുന്ന ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സ്വകാര്യ ബസ്സുടമകളുമായി ഒത്തുകളിച്ചാണ് കെ.എസ്.ആർ.ടി.സി-യിലെ ചില ഉദ്യോഗസ്ഥർ പല ഗ്രാമീണ റൂട്ടുകളിലെയും സർവ്വീസ് അവസാനിപ്പിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരിശോധിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) നിലമ്പൂർ ഡിപ്പോയിൽനിന്നും മറ്റു ഡിപ്പോകളിലേയ്ക്ക് പ്രവർത്തന സൗകര്യാർത്ഥം എന്ന പേരിൽ എത്ര ജീവനക്കാരെയാണ് മാറ്റിയിരിക്കുന്നതെന്ന് തസ്തിക തിരിച്ച് വിവരം ലഭ്യമാക്കാമോ; പ്രസ്തുത ജീവനക്കാരെ നിലമ്പൂർ ഡിപ്പോയിലേയ്ക്ക് എന്നത്തേയ്ക്ക് തിരികെ നിയമിക്കാനാവുമെന്ന് അറിയിക്കാമോ?

നിലമ്പൂർ യൂണിറ്റിൽനിന്നും പ്രവർത്തന സൗകര്യാർത്ഥം 3 ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മറ്റ് ഡിപ്പോയിലേയ്ക്ക് സ്ഥലം മാറ്റിയിരിക്കുന്നു. ഡ്രൈവർ -1, കണ്ടക്ടർ - 1, പ്യൂൺ -1. വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മറ്റ് ഡിപ്പോയിൽ പോയിട്ടുള്ള ജീവനക്കാരെ ടി ഡിപ്പോകളിൽ ജീവനക്കാരെ ലഭ്യമാകുന്ന മുറയ്ക്ക് നിലമ്പൂരിൽ നിയമിക്കുന്നതാണ്.

(എഫ്) നിലമ്പൂർ ഡിപ്പോയിൽ അനുവദിച്ച ബസ്സുകളിൽനിന്നും എത്ര ബസ്സുകളാണ് മറ്റ് ഡിപ്പോകളിലേയ്ക്ക് നൽകിയിട്ടുള്ളതെന്നും മുമ്പ് ഏതെല്ലാം റൂട്ടുകളിൽ സർവ്വീസ് നടത്തിയിരുന്നതായിരുന്നു പ്രസ്തുത ബസ്സുകളെന്നും അറിയിക്കാമോ; ഈ ബസ്സുകൾ അടിയന്തരമായി തിരികെ എത്തിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

നിലമ്പൂർ യൂണിറ്റിൽ കോവിഡിന്റെ പ്രാരംഭഘട്ടത്തിന് മുമ്പ് 54 ബസ്സുകളുണ്ടായിരുന്നു. അതിൽ 22 ബസ്സുകൾ പാർക്ക് സെന്ററിലേയ്ക്ക് മാറ്റുകയും മൂന്ന് ജൻറം, ലോ ഫ്ലോർ, നോൺ എ.സി. ബസ്സുകൾ തിരുവനന്തപുരം ഡിസ്ട്രിക്ട് കോമൺ പൂളിലേയ്ക്കും മാറ്റി. നിലമ്പൂർ യൂണിറ്റിൽ നിലവിൽ 38 ബസ്സുകളാണ് സർവ്വീസ് നടത്തുന്നതിന് അനുവദിച്ച് നൽകിയിട്ടുള്ളത്. ആയതിനാവശ്യമായ സ്പെയർ ബസ്സുകൾ ഡിസ്ട്രിക് കോമൺ പൂളിലും ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 22 ബസ്സുകൾ നിലമ്പൂർ-വഴിക്കടവ്-കോഴിക്കോട് റൂട്ടിലും 3 ജൻറം ബസ്സുകൾ നിലമ്പൂർ-മുണ്ടേരി-തിരൂർ, നിലമ്പൂർ-തേൾപ്പാറ എന്നീ റൂട്ടിലുമാണ് സർവ്വീസ് നടത്തിയിരുന്നത്. യാത്രക്കാരുടെ എണ്ണം വർദ്ധിക്കുന്ന പക്ഷം തിരികെ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## കോതമംഗലം ഡിപ്പോയിലെ നിർത്തലാക്കിയ സർവ്വീസുകൾ

291 (1831) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)കോവിഡ് പ്രതിസന്ധിയെത്തുടർന്ന് കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നുള്ള എത്ര സർവ്വീസുകളാണ് താൽക്കാലികമായി നിർത്തലാക്കിയത്; ഇവ ഏതെല്ലാം റൂട്ടിലുള്ള സർവ്വീസുകളായിരുന്നുവെന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത സർവ്വീസുകളിൽ ഏതെല്ലാം പുനരാരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കോവിഡ് പ്രതിസന്ധിയെത്തുടർന്ന് കോതമംഗലം ഡിപ്പോയിൽനിന്നും എട്ട് സർവ്വീസുകളാണ് നിർത്തലാക്കിയത്.

1. വടാട്ടുപാറ

2. മുളവൂർ വഴി മൂവാറ്റുപുഴ

3. പല്ലാരിമംഗലം വഴി പരീക്കണ്ണി

4. വെള്ളാരം കുത്ത് സ്റ്റേ

5. 8.00 മണി എറണാകുളം-മൂന്നാർ

6. കോടിക്കുളം വഴി തൊട്ടുപുഴ

7. മലയാറ്റൂർ വഴി ചാലക്കുടി

8. ചാരുപാറ

എന്നാൽ പ്രസ്തുത സർവ്വീസുകളിൽ വടാട്ടുപാറ, ചാരുപാറ എന്നീ സർവ്വീസുകൾ പുനരാരംഭിച്ചിട്ടുണ്ട്.

(സി) പുനരാരംഭിക്കാൻ കഴിയാത്ത സർവ്വീസുകൾ അടിയന്തരമായി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കോതമംഗലം ഡിപ്പോയിൽനിന്ന് സർവ്വീസുകൾ പുനരാരംഭിക്കുന്നത് സംബന്ധിച്ച ആവശ്യത്തിന്മേൽ, യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ ലാഭകരമായ സർവ്വീസുകൾ ആരംഭിക്കുന്നതിന് ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റ് സർവ്വീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി. പുതിയതായി ആരംഭിക്കുന്ന 'ഗ്രാമവണ്ടി' പദ്ധതിയിൽ ഉൾപ്പെടുത്തി സർവ്വീസ് നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോ

292 (1832) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോ തകർന്ന് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) പ്രസ്തുത ഡിപ്പോയിൽ ഇന്റർലോക്ക് ടൈൽ പാകുന്നതിനോ കോൺക്രീറ്റ് ചെയ്യുന്നതിനോ ആവശ്യമായ തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.ആർ.ടി.സി-യുടെ നിലവിലത്തെ സാമ്പത്തിക പ്രതിസന്ധിമൂലം തനത് ഫണ്ടിൽ ഉൾപ്പെടുത്തി പണി ചെയ്യുന്നതിന് കഴിയുന്നില്ല. സാമ്പത്തിക സ്ഥിതി പുരോഗമിക്കുന്നതിനനുസരിച്ചോ അല്ലാത്തപക്ഷം എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും തുക അനുവദിക്കുകയോ ചെയ്യുന്ന മുറയ്ക്ക് യാർഡ് നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ചാത്തന്നൂരിലെ ബസ് സർവ്വീസുകൾ

293 (1833) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും ഗ്രാമപ്രദേശങ്ങളിലേയ്ക്ക് കോവിഡ് നിയന്ത്രണങ്ങൾ നിലവിൽ വരുന്നതിനുമുമ്പ് നടത്തിയിരുന്ന ഓർഡിനറി ബസ് സർവ്വീസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും ഗ്രാമപ്രദേശങ്ങളിലേയ്ക്ക് കോവിഡ് നിയന്ത്രണങ്ങൾ നിലവിൽ വരുന്നതിനുമുമ്പ് വരെ 7 ഓർഡിനറി ബസ് സർവ്വീസ് നടത്തിയിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. 5.50 ഓയൂർ

2. 7.40 നടയ്ക്കൽ

3. 7.50 ചിറക്കര

4. 6.30 മരക്കുളം

5. 7.30 പരവൂർ

6. 7.20 അപ്പൂപ്പൻക്കാവ്

7. 6.30 പനയം

(ബി) കോവിഡ് നിയന്ത്രണങ്ങൾ ഒഴിവാക്കിയതിനെത്തുടർന്ന് മുമ്പുണ്ടായിരുന്ന മുഴുവൻ ബസ് സർവ്വീസുകളും പുനരാരംഭിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്നും വിശദമാക്കാമോ;

&

(സി) ചാത്തന്നൂർ മണ്ഡലത്തിലെ ഗ്രാമപ്രദേശവാസികൾ നിലവിൽ നേരിടുന്ന യാത്രാ ദുരിതം പരിഹരിക്കാൻ കെ.എസ്.ആർ.ടി.സി. അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

കോവിഡ് നിയന്ത്രണങ്ങൾ ഒഴിവാക്കിയതിനെത്തുടർന്ന് മുമ്പുണ്ടായിരുന്ന മുഴുവൻ ബസ് സർവ്വീസുകളും പുനരാരംഭിച്ചിട്ടില്ല. എന്നാൽ 0 7.50 ചിറക്കര, 0 6.30 മരക്കുളം, 0 7.30 പരവൂർ എന്നിവ പുനരാരംഭിച്ചിട്ടുണ്ട്. പ്രവർത്തന ചെലവ് പോലും ലഭിക്കാത്ത സർവ്വീസുകൾ പുനരാരംഭിക്കാൻ കെ.എസ്.ആർ.ടി.സി-യുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ കെ.എസ്.ആർ.ടി.സി. പുതിയതായി ആരംഭിക്കുന്ന ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമ പ്രദേശങ്ങളിലുൾപ്പെടെ സർവ്വീസ് നടത്താനും നടപടികൾ സ്വീകരിച്ചുവരുന്നു.

ബസ് നിർത്തലാക്കിയ നടപടി

294 (1834) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ചാല കൊയ്യോട് വഴി ചക്കരക്കൽ വരെ ഓടിക്കൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി. ബസ് അറിയിപ്പ് കൂടാതെ നിർത്തലാക്കിയത് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

&

(ബി) പ്രസ്തുത ബസ് നിർത്തലാക്കാനുണ്ടായ സാഹചര്യം എന്താണ്; വിശദമാക്കാമോ?

കണ്ണൂർ ചാല കൊയ്യോട് വഴി ചക്കരക്കൽ വരെ ഓടിക്കൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസ് പുനരാരംഭിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയിൽ യാത്രക്കാരുടെ ലഭ്യതക്കുറവ് കാരണമാണ് താൽക്കാലികമായി പ്രസ്തുത സർവ്വീസ് നിർത്തിവച്ചിരുന്നത്.

## ഇലക്ട്രിക് ബസ്സുകൾ തുറവൂർ വരെ വ്യാപിപ്പിക്കുന്നതിനുള്ള നടപടി

295 (1835) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വിവിധ പ്രദേശങ്ങളെ കൊച്ചി മെട്രോയുമായി ബന്ധിപ്പിക്കുന്ന ഇലക്ട്രിക് ബസ്സുകൾ കൊച്ചിയുടെ ഉപഗ്രഹ നഗരമായ അരൂരിലെ തുറവൂർ വരെ വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നിലവിൽ കൊച്ചി മെട്രോയുടെ ഇലക്ട്രിക് ബസ്സുകൾ ട്രയൽ സർവ്വീസ് മാത്രമാണ് നടത്തുന്നത്. വാണിജ്യ സാദ്ധ്യത പരിശോധിച്ചതിനുശേഷം മാത്രമേ ഏതെല്ലാം റൂട്ടുകളിൽ ഇലക്ട്രിക് ബസ്സുകൾ സർവ്വീസ് നടത്തണമെന്ന വിഷയം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

## ഗോവിന്ദ പൈ കോളേജ് പരിസരത്ത് കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് സ്റ്റോപ്പ്

296 (1836) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ഗോവിന്ദ പൈ സർക്കാർ കോളേജ് പരിസരത്ത് കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് സ്റ്റോപ്പ് ഇല്ലാത്തതിനാൽ അവിടത്തെ

വിദ്യാർത്ഥികൾ, ജീവനക്കാർ തുടങ്ങിയവർ പ്രയാസമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കോളേജ് പരിസരത്ത് സ്റ്റോപ്പ് അനുവദിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോയെന്നും അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

മഞ്ചേശ്വരം ഗോവിന്ദ പൈ സർക്കാർ കോളേജ് പരിസരത്ത് കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കണമെന്നാവശ്യപ്പെട്ട് കാസർഗോഡ് ജില്ലാ വികസന സമിതി മുമ്പാകെ ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. ടി നിവേദനത്തിന്മേൽ വിശദമായ അന്വേഷണം നടത്തിയതിൽ നിലവിലെ സ്റ്റോപ്പിൽനിന്നും ആവശ്യപ്പെട്ട സ്റ്റോപ്പിലേയ്ക്ക് 500 മീറ്റർ മാത്രം ദൂരമായതിനാൽ ആവശ്യം അംഗീകരിക്കാൻ നിർവ്വാഹമില്ലെന്ന വിവരം പരാതിക്കാരെ അറിയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥലത്ത് കെ.എസ്.ആർ.ടി.സി-ക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ കാസർഗോഡ്-മംഗലാപുരം റൂട്ടിൽ ഹൊസങ്കടി, പൊസോട്ട്, മഞ്ചേശ്വരം എന്നീ സ്ഥലങ്ങളിൽ ബസ്‌സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട്. മഞ്ചേശ്വരം

ഗവൺമെന്റ് കോളേജിൽനിന്ന് മഞ്ചേശ്വരം സ്റ്റോപ്പിലേയ്ക്ക് 500 മീറ്റർ ദൂരം മാത്രമേയുള്ളൂ. ആയതിനാൽ കാസർഗോഡ്-മംഗലാപുരം അന്തർ സംസ്ഥാന റൂട്ടിൽ 500 മീറ്ററിനുള്ളിൽ പുതുതായി മറ്റൊരു ബസ്സ്റ്റോപ്പ് കൂടി അനുവദിക്കാൻ നിർവ്വാഹമില്ല.

## പൊന്നാനിയിൽ വിശപ്പുരഹിത കേരളം ജനകീയ ഹോട്ടൽ

297 (1837) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിശപ്പുരഹിത കേരളം പരിപാടിയുടെ ഭാഗമായി പൊന്നാനി ട്രാൻസ്പോർട്ട് ഓഫീസ് പരിധിയിലുള്ള പഴയ കെട്ടിടത്തിൽ ജനകീയ ഹോട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; സാങ്കേതിക തടസ്സങ്ങൾ തീർത്ത് ആയത് നടപ്പിലാക്കാൻവേണ്ട നടപടികൾ സ്വീകരിക്കുമോ?

കെ.എസ്.ആർ.ടി.സി. പൊന്നാനി യൂണിറ്റിൽ കുടുംബശ്രീക്ക് ജനകീയ ഹോട്ടൽ തുടങ്ങുന്നതിന് പൊന്നാനി യൂണിറ്റിലെ പഴയ ഓഫീസ് കെട്ടിടത്തിലെ 2 മുറികൾ (980 Sqft) സ്ക്വയർഫീറ്റിന് 15 രൂപ നിരക്കിൽ അനുവദിച്ചുകൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ട്.

<u>നിർത്തലാക്കിയ ബസ് സർവ്വീസുകൾ</u>

298 (1838) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)കോവിഡ് കാലത്ത് നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ?

കോവിഡ് മഹാമാരിക്ക് മുമ്പ് 2019 ഡിസംബർ മാസം വരെ ഓപ്പറേറ്റ് ചെയ്തിരുന്ന ലാഭകരമായ സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിർദ്ദേശം യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രവർത്തനചെലവ് പോലും ലഭിക്കാത്ത സർവ്വീസുകൾ പുനനരാരംഭിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ അത്തരം സർവ്വീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി. പുതിയതായി ആരംഭിക്കുന്ന ഗ്രാമവണ്ടി പദ്ധതിയിൽ ഉൽപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കിഴക്കഞ്ചേരി-പാലക്കുഴി-പാല കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

&

(സി) ഇല്ലെങ്കിൽ ബദൽ ദീർഘദൂര സർവ്വീസ് പാലക്കുഴിയിലേയ്ക്ക് തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

പാലക്കാട് ഡിപ്പോയിൽനിന്നും കിഴക്കഞ്ചേരി-പാലക്കുഴി സർവ്വീസ് നടത്തുന്നുണ്ട്.

## ചാലക്കുടി ഡിപ്പോയിൽനിന്നുള്ള ബസ് സർവ്വീസുകൾ

299 (1839) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനം രൂക്ഷമായതിനെത്തുടർന്ന് ചാലക്കുടി ഡിപ്പോയിൽനിന്നുള്ള എത്ര ബസ് സർവ്വീസുകളാണ് നിർത്തലാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; നിർത്തലാക്കിയ റൂട്ടുകളും സമയക്രമവും വിശദമാക്കുമോ?

കോവിഡ് വ്യാപനം രൂക്ഷമായതിനെത്തുടർന്ന് ചാലക്കുടി ഡിപ്പോയിൽനിന്നുള്ള മുഴുവൻ സർവ്വീസുകളും നിർത്തലാക്കിയിട്ടുണ്ട്. ടി വിവരം അനുബന്ധം- 1 ആയി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് അനുവദിച്ചതിനെ തുടർന്ന് പ്രസ്തുത ഡിപ്പോയിൽനിന്നും നിർത്തലാക്കിയ ബസ് സർവ്വീസുകളിൽ ഏതെങ്കിലും പുനരാരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പുനരാരംഭിച്ചിട്ടുണ്ട്. 5 സർവ്വീസുകൾ ഒഴികെ മറ്റ് സർവ്വീസുകളെല്ലാം പുനരാംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു+.

(സി) ചാലക്കുടി ഡിപ്പോയിൽനിന്നും നിലവിൽ ഓപ്പറേറ്റ് ചെയ്യുന്ന സർവ്വീസുകളുടെ വിശദവിവരം നൽകുമോ?

അനുബന്ധം -3 ആയി ചേർക്കുന്നു+.

(ഡി) കോവിഡ് വ്യാപനം രൂക്ഷമായതിനെത്തുടർന്ന് ചാലക്കുടിയിൽനിന്നും കൊരട്ടി നാലുകെട്ട് ഭാഗത്തേയ്ക്ക് നിർത്തലാക്കിയ എത്ര സർവ്വീസുകൾ പുനരാരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

എല്ലാം സർവ്വീസുകളും പുനരാരംഭിച്ചിട്ടുണ്ട്. അതിൽ 8.30-നുള്ള നാലുകെട്ട് ഭാഗത്തേയ്ക്ക് സർവ്വീസ് വരുമാനം കുറവായതിനാൽ നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നില്ല.

(ഇ) നിലവിൽ പ്രസ്തുത റൂട്ടിൽ എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ടെന്നുള്ളത് സമയക്രമം സഹിതം വിശദീകരിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1.6.20 എളാച്ചേരി

2. 7.20 എളാച്ചേരി

3. 12.15 നാലുകെട്ട്

4. 17.40 നാലുകെട്ട്

കെ.എസ്.ആർ.ടി.സി. നിർത്തിവച്ച സർവ്വീസുകൾ

300 (1840) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലുള്ള കെ.എസ്.ആർ.ടി.സി-യുടെ പാലോട്, വെഞ്ഞാറമൂട് ഡിപ്പോകളിൽനിന്നും കോവിഡ് പ്രതിസന്ധിമൂലം നിർത്തിവച്ച സർവ്വീസുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

വാമനപുരം മണ്ഡലത്തിൽ കോവിഡ് പ്രതിസന്ധിമൂലം നിർത്തിവച്ച സർവ്വീസുകൾ:

പാലോട്

1. അഗ്രിഫാം-തിരുവനന്തപുരം-പാലോട്-പത്തനംതിട്ട

2. പാലോട്-പൗവ്വത്തൂർ-നെടുമങ്ങാട്

3. ആനകുളം-പാലോട്

<u>വെഞ്ഞാറമ്മൂട്</u>

1. കാരേറ്റ്-പൂച്ചെടിക്കാട്

2. തിരുവനന്തപുരം-മൂഴിയാർ

3. 5.00 മാങ്കുഴി

4. 6.30 ചേലയം

5. 6.15 കുനൻവേങ്ങ

6. 6.40 കാഞ്ഞിരംപ്പാറ-സിവിൽ സ്റ്റേഷൻ; കൂടാതെ മാങ്കുഴി ചേലയം എന്നീ റൂട്ടുകളിലെ ട്രിപ്പുകൾ നിർത്തിവച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സർവ്വീസുകളിൽ പുന:സ്ഥാപിച്ചവ ഏതൊക്കെയെന്നും പുന:സ്ഥാപിക്കാത്തവയിൽ ഏതൊക്കെ സർവ്വീസുകൾ എന്നത്തേയ്ക്ക് പുന:സ്ഥാപിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

പാലോട് ഡിപ്പോയിൽനിന്നും നിർത്തിവച്ചിട്ടുള്ള സർവ്വീസുകൾ പുനരാരംഭിച്ചിട്ടില്ല. വെഞ്ഞാറമൂട് ഡിപ്പോയിൽനിന്ന് പുനഃസ്ഥാപിച്ചവ:

1. 5.00 മാങ്കുഴി

2. 6.30 ചേലയം

3. 6.15 കുനൻവേങ്ങ

4. 6.40 കാഞ്ഞിരംപ്പാറ-സിവിൽ സ്റ്റേഷൻ

പ്രവർത്തന ചെലവ് ലഭിക്കുന്ന സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ പ്രവർത്തന ചെലവ് പോലും ലഭിക്കാത്ത സർവ്വീസുകൾ പുനരാരംഭിക്കാൻ കെ.എസ്.ആർ.ടി.സി-യുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സർവ്വീസ് നടത്തുന്ന കാര്യമാണ് പരിഗണനയിലുള്ളത്.

അഴീക്കോട് മണ്ഡലത്തിലെ ബസ് സർവ്വീസുകൾ

301 (1841) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ലോക്ക്ഡൗൺ സമയത്ത് അഴീക്കോട് മണ്ഡലത്തിൽ വിവിധ റൂട്ടുകളിൽ ഓടുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നിർത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) പ്രസ്തുത മണ്ഡലത്തിൽ നിർത്തിവച്ച ബസ് സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടി സ്വീകരിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിക്കുമുമ്പ് 2019 ഡിസംബർ മാസം വരെ ഓപ്പറേറ്റ് ചെയ്തിരുന്ന ലാഭകരമായ സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് യൂണിറ്റുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ പ്രവർത്തന ചെലവ് പോലും ലഭിക്കാത്ത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ അത്തരം സർവ്വീസുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി. പുതിയതായി ആരംഭിക്കുന്ന ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## നാറ്റ്പാക് പഠന റിപ്പോർട്ട്

302 (1842) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ കരയിൽനിന്നും കൊച്ചി നഗരത്തിലേയ്ക്ക് ബസ്സുകൾ പ്രവേശിക്കുന്നത് സംബന്ധിച്ച് നാറ്റ്പാക് പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

&

(ബി) പ്രസ്തുത പഠന റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(സി) പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ എന്നത്തേയ്ക്ക് സമർപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

2022 ഏപ്രിൽ മാസം അവസാനിക്കുന്നതിന് മുമ്പായി റിപ്പോർട്ട് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

<u>ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ ആംബുലൻസ് സർവ്വീസ്</u>

303 (1843) <u>ശ്രീ. എ. രാജ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ ആംബുലൻസായി സൗജന്യ സേവനം നടത്തി വന്നിരുന്ന KL-68 7835 എന്ന നമ്പറിലുള്ള ഥാർ ജീപ്പിന്റെ

സേവനം മോട്ടോർ വാഹന വകുപ്പ് നിർത്തിവയ്പ്പിച്ചതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പരാതി ലഭിച്ചിട്ടുണ്ട്. നിവേദനം പരിശോധിച്ച് അടിയന്തര റിപ്പോർട്ട് സമർപ്പിക്കാൻ ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) അടിസ്ഥാന സൗകര്യങ്ങളില്ലാത്ത പ്രസ്തുത പഞ്ചായത്തിൽ രോഗികൾക്ക് മാത്രം ഉപയോഗിക്കുന്നതിനായി ടി വാഹനം ആംബുലൻസായി സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പരാതി ലഭിച്ചിട്ടുണ്ട്. നിവേദനം പരിശോധിച്ച് അടിയന്തര റിപ്പോർട്ട് സമർപ്പിക്കാൻ ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഗതാഗതക്കുരുക്കിന് പരിഹാരം

304 (1844) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിലും എം.സി. റോഡിലും പ്രധാന ജംഗ്ഷനുകളിലെ തിരക്കേറിയ സമയത്തുള്ള ഗതാഗതക്കുരുക്ക്

പരിഹരിക്കുന്നത് സംബന്ധിച്ച് മുൻ ബഡ്ജറ്റിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

&

(സി) പഠനത്തിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചതെന്നും അറിയിക്കാമോ?

പഠനം നടത്തിയിട്ടില്ല.

മോട്ടോർ വാഹന വകുപ്പിലെ തസ്തികകളുടെ കേഡർ സ്ട്രെംഗ്ത്

305 (1845) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ 1981-ൽ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്ത സമയത്ത് വകുപ്പിലെ ആകെ ജീവനക്കാരുടെ എണ്ണം എത്രയായിരുന്നുവെന്ന് അറിയിക്കുമോ?

സ്ഥിരം തസ്തികകളുടെ എണ്ണം - 512, താൽക്കാലിക തസ്തികകളുടെ എണ്ണം - 272.

(ബി) പ്രസ്തുത സമയത്ത് വകുപ്പിലുണ്ടായിരുന്ന മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, സീനിയർ സൂപ്രണ്ട്, ജൂനിയർ അക്കൗണ്ട്സ് ഓഫീസർ, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ എന്നീ തസ്തികകളുടെ കേഡർ സ്ട്രെംഗ്ത് ഇനം തിരിച്ച് വ്യക്തമാക്കുമോ?

| തസ്തിക | സ്ഥിരം തസ്തികകളുടെ എണ്ണം | താൽക്കാലിക തസ്തികകളുടെ എണ്ണം |
|---|---|---|
| മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ | 12 | 23 |
| സീനിയർ സൂപ്രണ്ട് | 06 | 01 |
| ജൂനിയർ അക്കൗണ്ട്സ് ഓഫീസർ | 0 | 3 |
| ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ | 9 | 2 |
| അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ | 76 | 23 |

(സി) ജോയിന്റ് ആർ.ടി.ഒ. തസ്തികയിലേയ്ക്ക് ബൈ പ്രൊമോഷനും ബൈ ട്രാൻസ്ഫർ നിയമനങ്ങളും തമ്മിൽ 2:1 എന്ന റേഷ്യോ നിശ്ചയിച്ചത് എന്ത് മാനദണ്ഡപ്രകരമാണെന്ന് വിശദമാക്കുമോ?

5.10.1981-ലെ ജി.ഒ.(പി)നം.91/81/റ്റി.എഫ്&പി പ്രകാരം നിലവിൽ വന്ന കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ, ജോയിന്റ് ആർ.ടി.ഒ. തസ്തികയിലേയ്ക്കുള്ള നിയമനം മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരിൽനിന്നും സീനിയർ സൂപ്രണ്ടുമാരിൽനിന്നും 2:1 എന്ന അനുപാതത്തിൽ നടത്താൻ ഉത്തരവായി.

ഇലക്ട്രിക് കാറുകളുടെ വാടക

306 (1846) ശ്രീ. അബ്ദുൽ ഹമീദ് പി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് കാറുകൾ വാടകയ്ക്കെടുത്ത വകയിൽ നാളിതുവരെ അനെർട്ടിന് നൽകിയ തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

മോട്ടോർ വാഹന വകുപ്പ് വാടകയ്ക്കെടുത്ത 71 ഇലക്ട്രിക്ക് വാഹനങ്ങളുടെ വാടകയിനത്തിൽ 7.11.2020 മുതൽ 31.12.2021 വരെ ആകെ 2,88,81,431 രൂപ (രണ്ട് കോടി എൺപത്തിയെട്ട് ലക്ഷത്തി എൺപത്തിയൊന്നായിരത്തി നാന്നൂറ്റി മുപ്പത്തി ഒന്ന് രൂപ) അനെർട്ടിന് നൽകിയിട്ടുണ്ട്.

(ബി) മോട്ടോർ വാഹന വകുപ്പ് വാടകയ്ക്കെടുത്ത ഇലക്ട്രിക് കാർ ഒന്നിന് വിപണിയിൽ പരമാവധി 20 ലക്ഷം രൂപ ആണെന്നിരിക്കെ 65 കാറിന് വാടക ഇനത്തിൽ മാത്രം 31.22 കോടി രൂപ ചെലവഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) ഇലക്ട്രിക് വാഹനങ്ങൾക്ക് മറ്റുവാഹനങ്ങളെ അപേക്ഷിച്ച് പരിപാലന ചെലവ് കുറവായിരിക്കെ വാടകയ്ക്കെടുക്കുന്ന കാറുകളുടെ ഉടമസ്ഥാവകാശം സർക്കാരിന് ലഭിക്കാത്ത സാഹചര്യത്തിൽ ഏകദേശം 13 കോടി രൂപ ചെലവഴിച്ച് വാഹനം വാങ്ങുന്നതിന് പകരം 31.22 കോടി രൂപ വാടക നൽകുന്ന സാഹചര്യം പുന:പരിശോധിക്കുമോ?

മോട്ടോർ വാഹന വകുപ്പ് വാടകയ്ക്കെടുത്തിട്ടുള്ള 71 ഇലക്ട്രിക്ക് വാഹനങ്ങളുടെ വാടകയിനത്തിൽ നാളിതുവരെ 2,88,81,431 രൂപ (രണ്ട് കോടി എൺപത്തിയെട്ട് ലക്ഷത്തി എൺപത്തിയൊന്നായിരത്തി നാന്നൂറ്റി മുപ്പത്തി ഒന്ന് രൂപ) മാത്രമേ ചെലവായിട്ടുള്ളൂ. എല്ലാ സർക്കാർ വകുപ്പുകളും ഇലക്ട്രിക്ക് വാഹനങ്ങൾ മാത്രമേ വാടകയ്ക്കെടുക്കാൻ പാടുള്ളൂവെന്ന് 7.3.2020-ലെ G.O(P)No.24/2020/Fin. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് സർക്കാർ പുറപ്പെടുവിച്ച G.O.

(Rt.)No.206/2020/Trans dated 16.6.2020, G.O. (Rt.)No.240/2020/Trans dated 15.7.2020, G.O.(Rt.)No.13/2021/Trans dated 8.1.2021, G.O.(Rt.)No.138/2021/Trans dated 9.4.2021 എന്നീ ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് സേഫ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ Energy Efficiency Services Ltd (EESL)-ൽനിന്നും ANERT വഴി ഇലക്ട്രിക് കാറുകൾ വാടകയ്ക്കെടുത്തിരിക്കുന്നത്. ഇപ്രകാരം 1000 കാറുകൾ വാടകയ്ക്കെടുക്കുമ്പോൾ 7.5 കോടിയോളം രൂപ ലാഭിക്കാമെന്നും 1,500 കോടിയോളം രൂപയുടെ അധിക ചെലവ് ഒഴിവാക്കാമെന്നും 2020-21 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലും പെട്രോൾ, ഡീസൽ കാറുകളിൽനിന്നുമുണ്ടാകുന്ന അന്തരീക്ഷ മലിനീകരണം കുറയ്ക്കാമെന്ന പരിസ്ഥിതി സൗഹൃദ കാഴ്ചപ്പാടിന്റെയും അടിസ്ഥാനത്തിലാണ് എല്ലാ സർക്കാർ വകുപ്പുകളിലും ഇലക്ട്രിക്ക് വാഹനങ്ങൾ മാത്രമേ വാടകയ്ക്കെടുക്കാൻ പാടുള്ളൂവെന്ന് നിർദ്ദേശിച്ചുകൊണ്ട് 7.3.2020-ൽ G.O.(P)No.24/2020/Fin ഉത്തരവ് പുറപ്പെടുവിക്കപ്പെട്ടത്.

മോട്ടോർ വാഹന വകുപ്പ്

307 (1847) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനവകുപ്പിൽ 10 വർഷത്തിലധികമായി ജോലി ചെയ്തുവരുന്ന പ്രോജക്ട് സ്റ്റാഫിനെ സ്ഥിരപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

ഇപ്രകാരമുള്ള സ്റ്റാഫിനെ മോട്ടോർ വാഹന വകുപ്പിൽ സി-ഡിറ്റാണ് കരാറടിസ്ഥാനത്തിൽ നൽകി വരുന്നത്.

(ബി) വകുപ്പിലെ ഏതൊക്കെ സേവനങ്ങൾ ഇനിയും ഓൺലൈൻ ആക്കാതെ അവശേഷിക്കുന്നുണ്ട്?

ജി-ഫോം സംബന്ധമായ സേവനങ്ങൾ, വിവിധ തരം പാസുകൾ, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി സേവനം, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, പഴയ ചെക്ക് റിപ്പോർട്ട് പിഴ രാജിയാക്കൽ, വാഹനം പരിശോധിക്കേണ്ടതും വ്യക്തികളുടെ മികവ് തെളിയിക്കേണ്ടതുമായ സേവനങ്ങൾ (ഡ്രൈവിംഗ് ലൈസൻസ്, വാഹന പരിശോധന നിർബന്ധമാക്കിയ സേവനങ്ങൾ തുടങ്ങിയവ) ഇനിയും ഓൺലൈൻ ആകാതെ അവശേഷിക്കുന്നുണ്ട്.

(സി) എഫ്.എം.എസ്. പ്രോജക്ട് ഊരാളുങ്കൽ സൊസൈറ്റിയെ ഏൽപ്പിക്കാൻ വകുപ്പിലെ ഒരു വിഭാഗം ജീവനക്കാർ ശ്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വകുപ്പിൽ ഐ.ടി. സേവനം നൽകിവരുന്ന സംസ്ഥാന പൊതുമേഖല സ്ഥാപനത്തെ ഒഴിവാക്കാൻ ആലപ്പുഴ ആർ.ടി. ഓഫീസ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഒരു ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ നീക്കം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ഇ) വകുപ്പിൽ മുമ്പ് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയ ഇടപാടുകളിൽ പ്രസ്തുത ഉദ്യോഗസ്ഥൻ അഴിമതി നടത്തിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അന്വേഷിച്ച് നടപടിയെടുക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) വകുപ്പിന്റെ നിലവിലെ സേവന ദാതാവായ സി-ഡിറ്റിന് 31.12.2021 വരെ എത്ര രൂപ കുടിശ്ശിക നൽകാനുണ്ട്; വിശദമാക്കുമോ?

സി-ഡിറ്റുമായുള്ള എഗ്രിമെന്റ് നിലവിൽ വന്ന 2018 ഫെബ്രുവരി 1 മുതൽ 2021 ഡിസംബർ 31 വരെ സി-ഡിറ്റ് 36,24,77,070 രൂപയുടെ (മുപ്പത്തിയാറ്

കോടി ഇരുപത്തിനാല് ലക്ഷത്തി എഴുപത്തി ഏഴായിരത്തി എഴുപത് രൂപയുടെ) ബില്ലുകളാണ് സമർപ്പിച്ചിട്ടുള്ളത്. അതിൽ 32,92,50,667 രൂപ (മുപ്പത്തിരണ്ട് കോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി അമ്പതിനായിരത്തി അറുന്നൂറ്റി അറുപത്തിയേഴ് രൂപ) സി-ഡിറ്റിന് ഇതിനോടകം നൽകുകയും 1,87,27,319 രൂപ (ഒരു കോടി എൺപത്തിയേഴ് ലക്ഷത്തി ഇരുപത്തിയേഴായിരത്തി മുന്നൂറ്റി പത്തൊൻപത് രൂപ) ഡൗൺ ടൈം ഇനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി തുകയായ 1,44,99,084 രൂപ (ഒരു കോടി നാൽപത്തിനാല് ലക്ഷത്തി തൊണ്ണൂറ്റി ഒമ്പതിനായിരത്തി എൺപത്തിനാല് രൂപ) നൽകുന്നതിന് സി-ഡിറ്റ് സമർപ്പിച്ച ബില്ലുകൾ പരിശോധിച്ചുവരുന്നു.

## ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള വാഹനങ്ങളുടെ രജിസ്ട്രേഷൻ

308 (1848) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആംബുലൻസ് സേവനങ്ങൾക്കായി ഉപയോഗിക്കുന്നതിന് ഇതര സംസ്ഥാനങ്ങളിൽനിന്ന് വാങ്ങുന്ന വാഹനങ്ങൾക്ക് കേരളത്തിൽ രജിസ്ട്രേഷൻ നിഷേധിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതിന് ഗതാഗത വകുപ്പ് സെക്രട്ടറിയുടെ ഓഫീസിലെ

23.11.2021-ലെ B2/429/2021/ഗതാ. ഫയലിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ;

&

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ഗതാഗത കമ്മീഷണർ സർക്കാരിന് ശിപാർശ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇതുസംബന്ധിച്ച വിഷയം പരിശോധിച്ച് അനന്തര നടപടി സ്വീകരിക്കുന്നതിനായി 23.11.2021-ലെ ബി2/429/2021-ഗതാ. നമ്പർ കത്ത് പ്രകാരം ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത വാഹനങ്ങൾ ആംബുലൻസുകളായി രൂപമാറ്റം വരുത്തിയിട്ടുള്ളത് നിയമപരമായിട്ടല്ലാത്തതിനാലാണ് കർണ്ണാടകത്തിൽനിന്ന് കൊണ്ടുവന്ന വാഹനങ്ങൾക്ക് രജിസ്ട്രേഷൻ നിഷേധിച്ചതെന്ന് ഗതാഗത കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) കോവിഡ് കാലത്തെ പ്രത്യേക സേവനം നിർവ്വഹിക്കുന്നതിന് ഇതര സംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവന്ന വാഹനങ്ങൾക്ക് കേരളത്തിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കേന്ദ്ര മോട്ടോർ വാഹന ചട്ടം 2(zb) പ്രകാരമുള്ള നിർവ്വചനത്തിൽ ഉൾപ്പെടുന്നതും ചട്ടം 125(f)-ൽ പ്രതിപാദിച്ചിട്ടുള്ള ആംബുലൻസ് ബോഡി

കോഡ് പ്രകാരം നിർമ്മിച്ചിട്ടുള്ളതുമായ വാഹനങ്ങൾ മാത്രമാണ് ആംബുലൻസായി രജിസ്റ്റർ ചെയ്യാൻ അനുമതിയുള്ളത്. 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 52-ാം വകുപ്പ് പ്രകാരം മാനുഫാക്ചറർ ഒറിജിനലായി സ്പെസിഫൈ ചെയ്ത ഇനങ്ങളിൽ മാറ്റം വരുത്താൻ പാടുള്ളതല്ല.

ഈരാറ്റുപേട്ടയിൽ പുതിയ ആർ.ടി.ഓഫീസ്

309 (1849) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനച്ചിൽ താലൂക്കിൽ ഏറ്റവുമധികം വാഹനങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രദേശമായ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ ഒരു ആർ.ടി. ഓഫീസ് സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ പുതിയ ആർ.ടി. ഓഫീസ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ഈരാറ്റുപേട്ട ആസ്ഥാനമാക്കി സബ് ആർ.ടി. ഓഫീസ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സാദ്ധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ മദ്ധ്യമേഖല-2, എറണാകുളം ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ച് ആയത് പരിശോധിക്കുന്നതാണ്.

## 15 വർഷം കഴിഞ്ഞ ബസ്സുകളുടെ ഫിറ്റ്നെസ് ടെസ്റ്റ്

310 (1850) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. വി. ജോയി:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 15 വർഷം കഴിഞ്ഞ ബസ്സുകൾ കണ്ടം ചെയ്യണമെന്നാണ് നിയമമെങ്കിലും കേന്ദ്ര സർക്കാർ അംഗീകൃത വർക്ക്ഷോപ്പുകളിൽ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്ന ബസ്സുകൾക്ക് 5 വർഷം കൂടി കാലാവധി നീട്ടി നൽകാം എന്ന വ്യവസ്ഥ നിലവിലുണ്ടോ;

(ബി) അത്തരം ബസ്സുകൾക്ക് ഫിറ്റ്നെസ് ടെസ്റ്റിന് മുന്നോടിയായി വാർഷിക അറ്റകുറ്റപ്പണികൾ നടത്താൻ കേന്ദ്ര സർക്കാർ അംഗീകൃത

വർക്ക്ഷോപ്പ് കേരളത്തിൽ ഇല്ലാത്തത് ബസ്സുടമകളെ പ്രതിസന്ധിയിലാക്കിയിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) സംസ്ഥാനത്ത് ഇത്തരത്തിലുള്ള വർക്ക്ഷോപ്പ് നിലവിലില്ലാത്തതിനാൽ ഈ അവസരം പ്രയോജനപ്പെടുത്താൻ ബസ്സുടമകൾക്ക് കഴിയുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

കേരള മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 260(2) പ്രകാരം 29.1.2019-ൽ നിലവിൽ വന്ന ഭേദഗതി പ്രകാരം 20 വർഷം വരെ കാലപ്പഴക്കമുള്ള ബസ്സുകൾക്ക് (സ്റ്റേജ് കാര്യേജുകൾ) സർവ്വീസ് നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കാലപ്പഴക്കം വന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് കേന്ദ്ര സർക്കാർ യാതൊരു വർക്ക്ഷോപ്പുകൾക്കും അംഗീകാരം നൽകിയിട്ടില്ല. ആയതിനാൽ ഇത്തരം വർക്ക്ഷോപ്പുകളിൽ അറ്റകുറ്റപ്പണികൾ നടത്തുന്ന ബസ്സുകൾക്ക് 5 വർഷം കൂടി സർവ്വീസ് നടത്തുന്നതിനുള്ള കാലാവധി നീട്ടിനൽകാനുള്ള വ്യവസ്ഥയും നിലവിലില്ല.

## ഇ. വെഹിക്കിൾ പോളിസി

311 (1851) ശ്രീ. പി. സി. വിഷ്ണുനാഥ്:

ഡോ. മാത്യു കുഴൽനാടൻ:

ശ്രീമതി കെ. കെ. രമ:

ശ്രീ. സനീഷ്‌കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-വെഹിക്കിൾ പോളിസി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

10.3.2019-ലെ ജി.ഒ.(എം.എസ്.) നമ്പർ 24/2019/ട്രാൻസ് പ്രകാരം, 'ഇലക്ട്രിക്ക് വെഹിക്കിൾ പോളിസി' (വൈദ്യുത വാഹന നയം) രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ഇന്ധനവില കുതിച്ചുയരുന്ന സാഹചര്യത്തിൽ ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വാഹനങ്ങളുടെ രജിസ്ട്രേഷൻ ഫീസ്, നികുതി, പെർമിറ്റ് എന്നിവയിൽ ഇളവ് അനുവദിക്കുകയും 15 വർഷം കഴിഞ്ഞ ഡീസൽ ഓട്ടോറിക്ഷകളുടെ ഉപയോഗം നിരോധിക്കുകയും ചെയ്തിട്ടുണ്ട്. ഇലക്ട്രിക്ക് ഓട്ടോറിക്ഷകളുടെ ഉടമകൾക്ക് 30,000 രൂപ വരെ സബ്സിഡി

അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ ഡീസൽ വാഹനങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനായി പുതിയ ഡീസൽ വാഹനങ്ങൾക്ക് ഹരിത നികുതിയും പതിനായിരം ഇ-ഓട്ടോകൾക്ക് ഇൻസെന്റീവ് പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രഖ്യാപനങ്ങൾ 2022-23-ലെ സംസ്ഥാന ബഡ്ജറ്റിലുണ്ട്.

(സി) ഇലക്ട്രിക് വാഹനങ്ങൾക്ക് വാഹന നികുതിയിൽ ഇളവ് നൽകുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ?

2020-ലെ ഫിനാൻസ് ആക്ട് പ്രകാരം സ്വകാര്യ ആവശ്യത്തിനുള്ള ഇലക്ട്രിക് മോട്ടോർ കാർ, ഇലക്ട്രിക്ക് മോട്ടോർ സൈക്കിൾ/സ്കൂട്ടർ, പ്രൈവറ്റ് സർവ്വീസ് വെഹിക്കിൾസ് വിഭാഗത്തിൽപ്പെടുന്ന സ്വകാര്യ വാഹനങ്ങൾ, ഇലക്ട്രിക് ത്രീ വീലർ എന്നിവയുടെ ഒറ്റത്തവണ റോഡ് നികുതി 5% ആയി നിജപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പെട്രോൾ/ഡീസൽ വാഹനങ്ങൾക്ക് പ്രസ്തുത നിരക്ക് 9% മുതൽ 21% വരെയാണ്. 22.4.2020-ലെ G.O.(P) No.21/2020/Trans പ്രകാരം പുതിയ ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് അവയുടെ രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ 5 വർഷത്തേയ്ക്ക് നികുതി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. 23.2.2021-ലെ G.O.(P)No.12/2021/ Trans പ്രകാരം 1.4.2021 മുതൽ രജിസ്റ്റർ ചെയ്യപ്പെടുന്ന എല്ലാത്തരം

ഇലക്ട്രിക് വാഹനങ്ങളുടെയും നികുതിയിൽ അവയുടെ രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ 5 വർഷത്തേയ്ക്ക് 50% ഇളവും അനുവദിച്ചിട്ടുണ്ട്.

(ഡി) ഇലക്ട്രിക് വാഹനങ്ങൾ കൂടുതലായി നിരത്തിലിറക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് കൂടുതൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് 15.10.2019-ലെ G.O.(Rt.) No.473/2019/Trans പ്രകാരം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിൻപ്രകാരം കേരളത്തിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലായി 6 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. 26 സ്ഥലങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കൂടാതെ ഇലക്ട്രിക് ഇരുചക്ര, മുച്ചക്ര വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി 1140 Pole mounted charging point-കൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും കെ.എസ്.ഇ.ബി. നടത്തിവരുന്നു.

(ഇ) ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിന് കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

നിലവിൽ ഗതാഗത വകുപ്പിന് കീഴിൽ ഇത്തരം പദ്ധതികളില്ല.

ഓട്ടോറിക്ഷകളുടെ വിതരണം

312 (1852) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടോറിക്ഷകൾ വിലകുറച്ച് തവണവ്യവസ്ഥയിൽ വിതരണം ചെയ്യാൻ സംസ്ഥാന ഗതാഗത വകുപ്പ് പദ്ധതി തയ്യാറാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഓട്ടോറിക്ഷകൾ വിലകുറച്ച് തവണ വ്യവസ്ഥയിൽ വിതരണം ചെയ്യുന്ന പദ്ധതികൾ ഗതാഗത വകുപ്പിൽ നിലവിലില്ല.

(ബി) ഇതിലേയ്ക്കായി ഏതെങ്കിലും തരത്തിലുള്ള അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

ബാധകമല്ല.

(സി) ഇ-വാഹനങ്ങൾ പ്രോത്സാഹിപ്പിക്കാനായി ഗതാഗത വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

10.3.2019-ലെ G.O.(Ms.)24/2019/Trans പ്രകാരം സംസ്ഥാന സർക്കാർ ഇലക്ട്രിക് വാഹന നയം പ്രഖ്യാപിച്ചിട്ടുണ്ട്. ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വാഹനങ്ങളുടെ രജിസ്ട്രേഷൻ ഫീസ്, നികുതി, പെർമിറ്റ് എന്നിവയിൽ ഇളവ് അനുവദിക്കുകയും 15 വർഷം കഴിഞ്ഞ ഡീസൽ ഓട്ടോറിക്ഷകളുടെ ഉപയോഗം നിരോധിക്കുകയും ചെയ്തിട്ടുണ്ട്. ഇലക്ട്രിക് ഓട്ടോറിക്ഷകളുടെ ഉടമകൾക്ക് 30,000 രൂപ വരെ സബ്സിഡി അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. 2020-ലെ ഫിനാൻസ് ആക്ട് പ്രകാരം, സ്വകാര്യ ആവശ്യത്തിനുള്ള ഇലക്ട്രിക് മോട്ടോർ കാർ, ഇലക്ട്രിക് മോട്ടോർ സൈക്കിൾ/ സ്കൂട്ടർ, പ്രൈവറ്റ് സർവ്വീസ് വെഹിക്കിൾസ് വിഭാഗത്തിൽപ്പെടുന്ന സ്വകാര്യ വാഹനങ്ങൾ, ഇലക്ട്രിക് ത്രീ വീലർ എന്നിവയുടെ ഒറ്റത്തവണ റോഡ് നികുതി 5% ആയി നിജപ്പെടുത്തിയിട്ടുണ്ട്. പെട്രോൾ/ഡീസൽ വാഹനങ്ങൾക്ക് പ്രസ്തുത നിരക്ക് 9% മുതൽ 21% വരെയാണ്. 22.4.2020-ലെ G.O.(P)No.21/2020/Trans. പ്രകാരം ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് അവയുടെ രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ 5 വർഷത്തേയ്ക്ക് നികുതി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. 23.2.2021-ലെ G.O.(P)No.12/2021/Trans. പ്രകാരം 1.4.2021 മുതൽ രജിസ്റ്റർ ചെയ്യപ്പെടുന്ന

എല്ലാതരം ഇലക്ട്രിക് വാഹനങ്ങളുടെയും നികുതിയിൽ അവയുടെ രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ 5 വർഷത്തേയ്ക്ക് 50% ഇളവും അനുവദിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 18.10.2018-ലെ SO 5333(E) ഉത്തരവ് പ്രകാരം ഇലക്ട്രിക് വാഹനങ്ങളെ പെർമിറ്റ് എടുക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല, കേന്ദ്ര സർക്കാർ വിജ്ഞാപനം GSR 525(E) dated 2.8.2021 പ്രകാരം ഇലക്ട്രിക് വാഹനങ്ങൾക്ക് രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കിക്കൊണ്ട് കേന്ദ്ര മോട്ടോർ വാഹന ചട്ടം 81-ൽ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 15 വർഷം കാലാവധി പൂർത്തിയാക്കിയ ഡീസൽ ഓട്ടോറിക്ഷകൾ, 1.6.2021 മുതൽ CNG/LNG/Electrical Energy എന്നിവയിലേതിലേയ്ക്കെങ്കിലും മാറ്റിയാൽ മാത്രമേ റോഡിൽ ഉപയോഗിക്കുന്നതിന് അനുമതി നൽകാൻ പാടുള്ളൂവെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തിക്കൊണ്ട് 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും അതിൻപ്രകാരം 292A എന്ന പുതിയ ചട്ടം കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുടെ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് 15.10.2019-ലെ സർക്കാർ ഉത്തരവ് G.O.(Rt.) No.473/2019/Trans. പ്രകാരം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനെ നോഡൽ ഏജൻസിയായി

ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിൻപ്രകാരം കേരളത്തിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലായി 6 ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. 26 സ്ഥലങ്ങളിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കൂടാതെ ഇലക്ട്രിക് ഇരുചക്ര, മുച്ചക്ര വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി 1140 Pole mounted charging point-കൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുകയാണ്.

(ഡി) ഇലക്ട്രിക്ക് വാഹനങ്ങൾക്ക് സംസ്ഥാനത്തെ മോട്ടോർ വാഹന നിയമങ്ങളിലും നികുതി നിയമങ്ങളിലും ഏതെല്ലാം തരത്തിലുള്ള ഇളവുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വാഹനങ്ങളുടെ രജിസ്ട്രേഷൻ ഫീസ്, നികുതി, പെർമിറ്റ് എന്നിവയിൽ ഇളവ് അനുവദിക്കുന്നുണ്ട്. ഇലക്ട്രിക് ഓട്ടോറിക്ഷകളുടെ ഉടമകൾക്ക് 30,000 രൂപ വരെ സബ്സിഡി അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. 2020-ലെ ഫിനാൻസ് ആക്ട് പ്രകാരം സ്വകാര്യ ആവശ്യത്തിനുള്ള ഇലക്ട്രിക് മോട്ടോർ കാർ, ഇലക്ട്രിക്ക് മോട്ടോർ സൈക്കിൾ/സ്കൂട്ടർ, പ്രൈവറ്റ് സർവ്വീസ് വെഹിക്കിൾസ് വിഭാഗത്തിൽപ്പെടുന്ന

സ്വകാര്യ വാഹനങ്ങൾ, ഇലക്ട്രിക് ത്രീ വീലർ എന്നിവയുടെ ഒറ്റത്തവണ റോഡ് നികുതി 5% ആയി നിജപ്പെടുത്തിയിട്ടുണ്ട്. പെട്രോൾ/ഡീസൽ വാഹനങ്ങൾക്ക് പ്രസ്തുത നിരക്ക് 9% മുതൽ 21% വരെയാണ്. 22.4.2020-ലെ G.O(P)No.21/2020/Trans. പ്രകാരം ഇലക്ട്രിക്ക് ഓട്ടോറിക്ഷകൾക്ക് അവയുടെ രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ 5 വർഷത്തേയ്ക്ക് നികുതി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. 23.2.2021-ലെ G.O(P)No.12/2021/Trans. പ്രകാരം 1.4.2021 മുതൽ രജിസ്റ്റർ ചെയ്യപ്പെടുന്ന എല്ലാത്തരം ഇലക്ട്രിക് വാഹനങ്ങളുടെയും നികുതിയിൽ അവയുടെ രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ 5 വർഷത്തേയ്ക്ക് 50% ഇളവും അനുവദിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ഉത്തരവ് SO 5333(E) dated 18.10.2018 പ്രകാരം ഇലക്ട്രിക്ക് വാഹനങ്ങളെ പെർമിറ്റ് എടുക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല, കേന്ദ്ര സർക്കാർ വിജ്ഞാപനം GSR 525(E) dated 2.8.2021 പ്രകാരം ഇലക്ട്രിക് വാഹനങ്ങൾക്ക് രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കിക്കൊണ്ട് കേന്ദ്ര മോട്ടോർ വാഹന ചട്ടം 81-ൽ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 15 വർഷം കാലാവധി പൂർത്തിയാക്കിയ ഡീസൽ ഓട്ടോറിക്ഷകൾ 1.6.2021 മുതൽ CNG/LNG/Electrical Energy എന്നിവയിലേതിലേയ്ക്കെങ്കിലും മാറ്റിയാൽ മാത്രമേ റോഡിൽ ഉപയോഗിക്കുന്നതിന് അനുമതി നൽകാൻ പാടുള്ളൂവെന്ന

വ്യവസ്ഥകൂടി ഉൾപ്പെടുത്തിക്കൊണ്ട് 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും അതിൻ പ്രകാരം 292A എന്ന പുതിയ ചട്ടം കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്.

## ഓൺലൈൻ വാഹന രജിസ്ട്രേഷൻ

313 (1853) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ടി. ഓഫീസുകളിൽ ഇടനിലക്കാർ അനാവശ്യ ഇടപെടൽ നടത്തി ഓൺലൈൻ വാഹന രജിസ്ട്രേഷൻ അവതാളത്തിലാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വാഹന രജിസ്ട്രേഷന് മുൻഗണനാക്രമം നിശ്ചയിക്കുന്നത് നടപ്പിലാക്കാത്തതുമൂലം ഉപഭോക്താക്കൾക്കുണ്ടായിരിക്കുന്ന ബുദ്ധിമുട്ടിന് പരിഹാരം കണ്ടെത്തുമോ; ചില അപേക്ഷകളിന്മേൽ വേഗത്തിൽ രജിസ്ട്രേഷൻ അനുവദിക്കപ്പെടുമ്പോൾ മറ്റുള്ളവയുടെ കാര്യത്തിൽ ആഴ്ചകളെടുക്കുന്ന സ്ഥിതിവിശേഷത്തിന് പരിഹാരം കാണുമോ?

വാഹന രജിസ്ട്രേഷൻ മുൻഗണനാ ക്രമത്തിലാക്കണമെന്ന് ആവശ്യപ്പെട്ട് സോഫ്റ്റ്‌വെയർ നിർമ്മാതാക്കളായ എൻ.ഐ.സി-ക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് എത്രയുംവേഗം നടപ്പിൽവരുത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിലവിലുള്ള അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കി വരുന്നു.

(സി) വാഹന രജിസ്ട്രേഷന് ആധാർ നിർബന്ധമാക്കുമോ; ആധാർ തിരിച്ചറിയൽ രേഖയായി കണക്കാക്കുമോ; ആധാർ ലിങ്ക് ചെയ്ത ഫോൺ നമ്പർതന്നെ ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ വാഹന രജിസ്ട്രേഷന് ആധാർ നിർബന്ധമല്ല. ആധാർ Authentication ചെയ്യുന്ന അപേക്ഷകളിൽ Physical Copy സമർപ്പിക്കേണ്ട ആവശ്യമില്ല.

## കുന്നംകുളം താലൂക്കിൽ ജോയിന്റ് ആർ.ടി.ഒ. ഓഫീസ്

314 (1854)<u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം താലൂക്കിൽ ജോയിന്റ് ആർ.ടി. ഓഫീസില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) എങ്കിൽ ആയത് ആരംഭിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ഉണ്ട്. കുന്നംകുളം കേന്ദ്രമാക്കി സബ് ആർ.ടി. ഓഫീസ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗതാഗത കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിക്കുകയും ആയത് പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് മാത്രമേ സംസ്ഥാനത്ത് സബ് ആർ.ടി. ഓഫീസില്ലാത്ത താലൂക്കുകളിൽ പുതിയ സബ് ആർ.ടി. ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയുകയുള്ളൂ.

<u>അതിർത്തി ചെക് പോസ്റ്റുകളിലെ കൈക്കൂലി</u>

315 (1855)<u>ശ്രീ. പി. കെ. ബഷീർ:</u>
<u>ശ്രീ. മഞ്ഞളാംകുഴി അലി:</u>
<u>ശ്രീ. യു. എ. ലത്തീഫ്:</u>
<u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മോട്ടോർ വാഹന വകുപ്പിന്റെ അതിർത്തി ചെക് പോസ്റ്റുകളിൽ വ്യാപകമായ രീതിയിൽ കൈക്കൂലി വാങ്ങുന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ?

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ ചില ചെക് പോസ്റ്റുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

(ബി) ശബരിമല ദർശനത്തിനെത്തുന്ന ഇതര സംസ്ഥാനക്കാരുടെ വാഹനങ്ങളിൽനിന്നും അതിർത്തി ചെക് പോസ്റ്റുകളിൽ കൈക്കൂലി ചോദിച്ചുവാങ്ങുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ പ്രസ്തുത ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്.

(സി) മതിയായ പരിശോധന കൂടാതെ അമിതഭാരം കയറ്റി വരുന്ന വാഹനങ്ങൾ ചെക് പോസ്റ്റ് കടത്തി വിടുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ മതിയായ പരിശോധന കൂടാതെ അമിതഭാരം കയറ്റിവരുന്ന വാഹനങ്ങൾ ചെക്ക്പോസ്റ്റ് കടത്തിവിടുന്നതായുള്ള ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ഇതുസംബന്ധിച്ച് പരാതികളും ലഭ്യമായിട്ടുണ്ട്.

(ഡി) പ്രസ്തുത ചെക് പോസ്റ്റുകളിലെ ക്രമക്കേടുകൾ തടയുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

ചെക്ക്പോസ്റ്റിലെ ക്രമക്കേടുകൾ തടയുന്നതിനായി വിവിധ കാലങ്ങളിലായി വകുപ്പിൽനിന്ന് വിവിധ സർക്കുലറുകൾ പുറത്തിറക്കിയിട്ടുണ്ട്. ചെക് പോസ്റ്റിലെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനായി സേവനങ്ങൾ പരിവാഹൻ സോഫ്റ്റ്വെയറുമായി ബന്ധിപ്പിക്കുകയും ഓൺലൈനാക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സർക്കുലർ നമ്പർ 12/2021 പുറത്തിറക്കുകയും 21.6.2021 മുതൽ ഓൺലൈൻ സംവിധാനം നിലവിൽ വരികയും ചെയ്തിട്ടുണ്ട്. ചെക് പോസ്റ്റിലെ ക്രമരഹിത പ്രവർത്തനങ്ങൾ തടയുന്നതിനായി റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ, എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ, സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ടാക്സേഷൻ) എന്നിവർ ചെക് പോസ്റ്റുകളിൽ പരിശോധന നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ, സർക്കുലർ നമ്പർ 12/2017 പ്രകാരം വകുപ്പിൽനിന്ന് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, ചെക്ക്പോസ്റ്റിന്റെ സുഗമമായ പ്രവർത്തനത്തിനും ഉദ്യോഗസ്ഥരെ ചെക് പോസ്റ്റിൽ നിയമിക്കുന്നത് സംബന്ധിച്ചും വിവിധ സർക്കുലറുകൾ വകുപ്പിൽനിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. ചെക് പോസ്റ്റിലെ ക്രമക്കേടുകൾ തടയുന്നതിനായുള്ള നിർദ്ദേശങ്ങൾ അനുവർത്തിക്കാൻ എല്ലാ നിയന്ത്രണാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന

അതിർത്തിയിലുള്ള മോട്ടോർ വാഹന വകുപ്പിന്റെ ചെക് പോസ്റ്റ് നിർത്തലാക്കുക എന്ന നയമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്. എങ്കിലും സംസ്ഥാനത്ത് നിലവിലുള്ള ചെക് പോസ്റ്റുകൾ contactless ചെക് പോസ്റ്റുകളായി പുനഃക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ Contactless ചെക് പോസ്റ്റ് നിലവിൽ വരുന്നതോടെ അഴിമതി പൂർണ്ണമായും തടയാൻ കഴിയുന്നതാണ്.

സ്മാർട്ട് കാർഡ് രൂപത്തിൽ ഡ്രൈവിംഗ് ലൈസൻസ്

316 (1856) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഡ്രൈവിംഗ് ലൈസൻസ് നൽകുന്നത് ഏത് രീതിയിലാണെന്ന് വ്യക്തമാക്കാമോ?

ലാമിനേറ്റഡ് കാർഡ് രൂപത്തിലാണ് നിലവിൽ ഡ്രൈവിംഗ് ലൈസൻസ് നൽകുന്നത്.

(ബി) സാങ്കേതികവിദ്യ ഇത്രകണ്ട് വികാസം പ്രാപിച്ച ഈ കാലഘട്ടത്തിലും വെറുമൊരു കാർഡ് രൂപത്തിൽ ലൈസൻസ്

നൽകുന്നതിന് പകരം സ്മാർട്ട് കാർഡായി ഡ്രൈവിംഗ് ലൈസൻസ് നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വെളിപ്പെടുത്തുമോ;

&

(സി) ഇല്ലെങ്കിൽ ഡ്രൈവിംഗ് ലൈസൻസ് സ്മാർട്ട് കാർഡായി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഡ്രൈവിംഗ് ലൈസൻസ് സ്മാർട്ട് കാർഡാക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട്, 'റോസ്മെർട്ട് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് ' ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.13525/2019 കേസ്സിൽ സ്റ്റേ നിലവിലുണ്ട്. പ്രസ്തുത സ്റ്റേ ഒഴിവായാൽ മാത്രമേ ആധുനിക ഡ്രൈവിംഗ് ലൈസൻസ് കാർഡുകളുടെ കാര്യത്തിൽ തീരുമാനമെടുക്കാനാവൂ. സ്റ്റേ ഒഴിവാക്കാൻ വേണ്ടിയുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

## ഡ്രൈവിംഗ് പാഠ്യപദ്ധതി

317 (1857) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ റോഡ്സ് കോൺഗ്രസ് പുറപ്പെടുവിച്ച മാനദണ്ഡങ്ങൾ പ്രകാരം റോഡുകളിൽ പുതുതായി രേഖപ്പെടുത്തിയ അടയാളങ്ങൾ

ഡ്രൈവിംഗ് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കാമോ;

&

(ബി) പ്രസ്തുത വിഷയം ലേണേഴ്സ് ടെസ്റ്റിനുള്ള ചോദ്യാവലിയിൽ 2022 ഏപ്രിൽ മുതൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ലേണേഴ്സ് ടെസ്റ്റിന് നിലവിൽ ഒരു ചോദ്യബാങ്കുണ്ട്. ആയത് പരിഷ്കരിക്കുന്ന അവസരത്തിൽ മാത്രമേ പുതിയ നിർദ്ദേശങ്ങൾ ഡ്രൈവിംഗ് പാഠ്യപദ്ധതിയിലും ചോദ്യാവലിയിലും പരിഗണിക്കാൻ കഴിയുകയുള്ളൂ.

<u>ടൂറിസ്റ്റ് വാഹനങ്ങളുടെ റോഡ് നികുതി</u>

318 (1858) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ മൂന്നാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ടൂറിസ്റ്റ് വാഹന ഉടമകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

&

(ബി) റോഡ് നികുതി പിരിച്ചെടുക്കാൻ ഫൈനും അനുബന്ധ പിഴകളും ഏർപ്പെടുത്തിയതുമൂലം വാഹന ഉടമകൾക്കുണ്ടായിട്ടുള്ള പ്രയാസങ്ങൾ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ് പ്രതിസന്ധി എല്ലാ മേഖലയിലും പ്രതികൂലാവസ്ഥ സൃഷ്ടിച്ചതിനാൽ ഈ രംഗത്തും ബുദ്ധിമുട്ടുകൾ വന്നിട്ടുണ്ട്. നിയമപ്രകാരമുള്ള സമയപരിധിക്കകം നികുതി ഒടുക്കിയിട്ടില്ലെങ്കിൽ മാത്രമാണ് ഫൈനും പിഴയും ഈടാക്കേണ്ടി വരുന്നത്. റോഡ് നികുതി പിരിച്ചെടുക്കാൻ പുതുതായി ഫൈനും അനുബന്ധ പിഴകളും ഏർപ്പെടുത്തിയിട്ടില്ല.

(സി) മാർച്ച് 31 വരെയുള്ള അവസാനപാദ റോഡ് നികുതി അടയ്ക്കുന്നതിനുള്ള സമയപരിധി നീട്ടിനൽകാനും ഫൈനും മറ്റ് പിഴയും ഒഴിവാക്കി നികുതി ഗഡുക്കളായി അടയ്ക്കാനുമുള്ള ടൂറിസ്റ്റ് ബസ് ഉടമകളുടെ അഭ്യർത്ഥനയിൽ സഹായകരമായ നടപടികളുണ്ടാകുമോ; വിശദമാക്കാമോ?

ടൂറിസ്റ്റ് ബസ് ഉടമകൾക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ നികുതി കുടിശ്ശിക പിഴ സഹിതം മാസ തവണകളായി അടയ്ക്കുന്നതിനുള്ള അനുമതി നൽകിവരുന്നുണ്ട്.

## പുക നിർണ്ണയ സർട്ടിഫിക്കറ്റ് നൽകുന്നതിന് ഏകീകൃത മാനദണ്ഡം

319 (1859) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തനക്ഷമമായ വാഹനങ്ങൾക്ക് പുക നിർണ്ണയ സർട്ടിഫിക്കറ്റ് നൽകുന്നത് ഏതെല്ലാം മാനദണ്ഡങ്ങൾ പ്രകാരമാണെന്ന് വ്യക്തമാക്കുമോ?

1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 115 അനുശാസിക്കുന്ന നിബന്ധനകൾക്ക് വിധേയമായിട്ടാണ് സംസ്ഥാനത്ത് പ്രവർത്തനക്ഷമമായ വാഹനങ്ങൾക്ക് വാഹന പുക പരിശോധനാ സർട്ടിഫിക്കറ്റ് (Pollution Under Control Certificate) നൽകിവരുന്നത്.

(ബി) ഇതിനായി ഓരോ വാഹനത്തിനും ഈടാക്കാവുന്ന ഫീസ് നിരക്ക് എത്രയെന്ന് അറിയിക്കാമോ; സർക്കാർ നിരക്കിനേക്കാൾ കൂടുതലായി സ്ഥാപനങ്ങൾ തുക ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

14.11.2019-ലെ G.O.(Rt)No.519/2019/Trans. പ്രകാരം നിശ്ചയിച്ചിട്ടുള്ള പുക പരിശോധനാഫീസ് നിരക്ക് അനുബന്ധമായി ചേർക്കുന്നു[+]. പുക പരിശോധന സ്ഥാപനങ്ങൾ ഫീസ് കൂടുതലായി വാങ്ങുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പുക നിർണ്ണയ സർട്ടിഫിക്കറ്റ് നൽകുന്നതിന് കേന്ദ്ര നിയമങ്ങൾക്ക് വിധേയമായി ഒരു ഏകീകൃത മാനദണ്ഡം ഉറപ്പാക്കുന്നത് പരിഗണിക്കുമോ; വിശദമാക്കാമോ?

സംസ്ഥാനത്തെ എല്ലാ വാഹന പുക പരിശോധനാ കേന്ദ്രങ്ങളെയും കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള Parivahan സോഫ്റ്റ്‌വെയറിൽ സംയോജിപ്പിച്ചിട്ടുണ്ട്. ആയതിനാൽ കേന്ദ്ര നിയമങ്ങൾക്ക് വിധേയമായി സംസ്ഥാനത്തെ മുഴുവൻ പുക പരിശോധന കേന്ദ്രങ്ങളിൽനിന്നും ഏകീകൃതമായ രീതിയിലാണ് Pollution Under Control Certificates നൽകിവരുന്നത്.

## വൈദ്യുത വാഹനങ്ങൾ

320 (1860) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത വാഹനങ്ങൾ കൂടുതലായി രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ടോ; വൈദ്യുത വാഹനങ്ങൾ വാങ്ങുന്ന സമയത്ത് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; അറിയിക്കുമോ?

ഉണ്ട്. നാളിതുവരെ സംസ്ഥാനത്ത് വിവിധ ഇനങ്ങളിലായി ആകെ 18100 ഇലക്ട്രിക് വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇലക്ട്രിക് വാഹന

നയത്തിന്റെ ഭാഗമായി ഇലക്ട്രിക് വാഹനങ്ങളുടെ റോഡ് നികുതി, രജിസ്ട്രേഷൻ ഫീസ്, പെർമിറ്റ് മുതലായവയിൽ ഇളവുകൾ നൽകിയിട്ടുണ്ട്. സ്വകാര്യ ആവശ്യത്തിനുള്ള ഇലക്ട്രിക് മോട്ടോർ കാർ, മോട്ടോർ സൈക്കിൾ/ സ്കൂട്ടർ, സ്വകാര്യ ആവശ്യത്തിനുള്ള പ്രൈവറ്റ് സർവ്വീസ് വെഹിക്കിൾ വിഭാഗത്തിൽപ്പെടുന്ന സ്വകാര്യ വാഹനങ്ങൾ, ഇലക്ട്രിക് ത്രീവീലർ എന്നിവയുടെ ഒറ്റത്തവണ റോഡ് നികുതി 5% ആയി 2020-ലെ ഫിനാൻസ് ആക്ട് പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്. മറ്റു വാഹനങ്ങൾക്ക് 9% മുതൽ 21% വരെയാണ് ഒറ്റത്തവണ നികുതി ഈടാക്കുന്നത്. 22.4.2020-ലെ G.O.(P) No.21/2020/Trans. പ്രകാരം ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് അഞ്ച് വർഷത്തെ നികുതി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. 23.2.2021-ലെ G.O (P)No.12/2021/Trans (SRO No. 231/2021) പ്രകാരം 1.4.2021 മുതൽ രജിസ്റ്റർ ചെയ്യപ്പെടുന്ന എല്ലാത്തരം ഇലക്ട്രിക് വാഹനങ്ങൾക്കും രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ അഞ്ചുവർഷത്തെ നികുതിയുടെ 50% ഇളവും അനുവദിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ 18.10.2018-ലെ SO5333(E) നം. വിജ്ഞാപനം, 16.6.2021-ലെ RT-11036/104/2021-MVL വിജ്ഞാപനം എന്നിവ പ്രകാരം ഇലക്ട്രിക്ക് വാഹനങ്ങളെ പെർമിറ്റ് എടുക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. പുതുതായി രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക്ക് ഓട്ടോറിക്ഷാ

ഉടമകൾക്ക് 30,000 രൂപ വരെ സബ്സിഡി അനുവദിക്കുന്നുണ്ട്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 2.8.2021-ലെ GSR 525(E)നം. ഉത്തരവ് പ്രകാരം ഇലക്ട്രിക് വാഹനങ്ങൾക്ക് രജിസ്ട്രേഷൻ ഫീസ് ഒടുക്കേണ്ടതില്ല.

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര വൈദ്യുത ചാർജ്ജിംഗ് സ്റ്റേഷനുകളാണുള്ളത്; വിശദമാക്കാമോ?

സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് 15.10.2019-ലെ G.O.(Rt.)No.473/2019/Trans പ്രകാരം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിൻപ്രകാരം തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലായി 6 ചാർജ്ജിംഗ് സ്റ്റേഷനുകൾ കെ.എസ്.ഇ.ബി. സ്ഥാപിക്കുകയുണ്ടായി. 26 സ്ഥലങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ, ഇലക്ട്രിക്ക് ഇരുചക്ര, മുച്ചക്ര വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി 1140 Pole mounted charging point-കൾ സ്ഥാപിക്കുന്നതിനുള്ള കെ.എസ്.ഇ.ബി-യുടെ പ്രവർത്തനങ്ങളും പുരോഗമിക്കുകയാണ്. പൊതുസ്ഥലങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള

പദ്ധതി പ്രകാരം തിരുവനന്തപുരം (മൂന്ന്), കൊല്ലം (ഒന്ന്), ആലപ്പുഴ (ഒന്ന്), ഏറണാകുളം (ഒന്ന്), ഇടുക്കി (ഒന്ന്), തൃശ്ശൂർ (ഒന്ന്), പാലക്കാട് (ഒന്ന്), കാസർഗോഡ് (ഒന്ന്) എന്നീ 8 ജില്ലകളിലായി ആകെ 10 ചാർജ്ജിംഗ് സ്റ്റേഷനുകൾ അനെർട്ട് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, ആലപ്പുഴ (ഒന്ന്), കോഴിക്കോട് (ഒന്ന്), മലപ്പുറം (ഒന്ന്), കണ്ണൂർ (ഒന്ന്), പാലക്കാട് (രണ്ട്) എന്നീ 5 ജില്ലകളിലായി ആകെ 6 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുകയാണ്. ഇതുകൂടാതെ, സ്വകാര്യ മേഖലയിൽ സൗരോർജ്ജ ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകുന്നതിനുള്ള പദ്ധതി പ്രകാരം, ആലപ്പുഴ (ഒന്ന്), പത്തനംതിട്ട (ഒന്ന്), കോഴിക്കോട് (രണ്ട്) എന്നിവിടങ്ങളിലായി ആകെ 4 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

## ഇലക്ട്രിക് വാഹനങ്ങൾക്ക് സബ്സിഡി

321 (1861) ശ്രീ. അബ്ദുൽ ഹമീദ് പി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സൗഹാർദമാക്കുന്നതിന്റെ ഭാഗമായി മറ്റ് സംസ്ഥാനങ്ങൾ ഇലക്ട്രിക് വാഹനങ്ങൾക്ക് സബ്സിഡി നൽകുമ്പോൾ കേരളം സബ്സിഡി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

10.3.2019-ലെ G.O.(Ms)No.24/2019/Trans. പ്രകാരം സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഇലക്ട്രിക് വാഹന നയത്തിന്റെ അടിസ്ഥാനത്തിൽ പുതുതായി രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് ഓട്ടോറിക്ഷ ഉടമകൾക്ക് 30,000 രൂപ വരെ സബ്സിഡി അനുവദിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

ഫോസിൽ ഇന്ധനങ്ങളുടെ വില നാൾക്കുനാൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിലും അതിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ കണക്കിലെടുത്തും ഹരിത ഊർജ്ജം ഉപയോഗിക്കുന്ന വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 10.3.2019-ലെ ജി.ഒ.(എം.എസ്) നമ്പർ 24/2019/ട്രാൻസ് പ്രകാരം 'ഇലക്ട്രിക് വെഹിക്കിൾ പോളിസി' (വൈദ്യുത വാഹന നയം) രൂപീകരിച്ച് ഉത്തരവാകുകയും ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി വാഹനങ്ങളുടെ രജിസ്ട്രേഷൻ ഫീസ്, നികുതി, പെർമിറ്റ് എന്നിവയിൽ ഇളവ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇലക്ട്രിക്ക് ഓട്ടോറിക്ഷകളുടെ ഉടമകൾക്ക് 30,000 രൂപ വരെ സബ്സിഡി അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്.

2020-ലെ ഫിനാൻസ് ആക്ട് പ്രകാരം സ്വകാര്യ ആവശ്യത്തിനുള്ള ഇലക്ട്രിക് മോട്ടോർ കാർ, ഇലക്ട്രിക്ക് മോട്ടോർ സൈക്കിൾ/സ്കൂട്ടർ, പ്രൈവറ്റ് സർവ്വീസ് വെഹിക്കിൾസ് വിഭാഗത്തിൽപ്പെടുന്ന സ്വകാര്യ വാഹനങ്ങൾ, ഇലക്ട്രിക് ത്രീ വീലർ എന്നിവയുടെ ഒറ്റത്തവണ റോഡ് നികുതി 5 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. പെട്രോൾ/ഡീസൽ വാഹനങ്ങൾക്ക് പ്രസ്തുത നിരക്ക് 9% മുതൽ 21% വരെയാണ്. 22.4.2020-ലെ G.O(P) No.21/2020/Trans. പ്രകാരം ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് അവയുടെ രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ 5 വർഷത്തേയ്ക്ക് നികുതി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. 23.2.2021-ലെ G.O(P)No.12/2021/Trans. പ്രകാരം 1.4.2021 മുതൽ രജിസ്റ്റർ ചെയ്യപ്പെടുന്ന എല്ലാത്തരം ഇലക്ട്രിക് വാഹനങ്ങളുടെയും നികുതിയിൽ അവയുടെ രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ 5 വർഷത്തേയ്ക്ക് 50% ഇളവും അനുവദിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് SO 5333 (E) dated 18.10.2018 പ്രകാരം പെർമിറ്റ് എടുക്കുന്നതിൽ നിന്നും ഇലക്ട്രിക് വാഹനങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല, കേന്ദ്ര സർക്കാർ വിജ്ഞാപനം GSR 525(E) dated 2.8.2021 പ്രകാരം ഇലക്ട്രിക് വാഹനങ്ങൾക്ക് രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കിക്കൊണ്ട് കേന്ദ്ര മോട്ടോർ വാഹന ചട്ടം 81-ൽ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 15 വർഷം

കാലാവധി പൂർത്തിയാക്കിയ ഡീസൽ ഓട്ടോറിക്ഷകൾ 1.6.2021 മുതൽ CNG/ LNG/Electrical Energy എന്നിവയിലേതിലേയ്ക്കെങ്കിലും മാറ്റിയാൽ മാത്രമേ റോഡിൽ ഉപയോഗിക്കുന്നതിന് അനുമതി നൽകാൻ പാടുള്ളുവെന്ന് കേരള മോട്ടോർ വാഹന ചട്ടം 292A പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് 15.10.2019-ലെ സർക്കാർ ഉത്തരവ് G.O.(Rt)No.473/2019/Trans. പ്രകാരം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിൻപ്രകാരം കേരളത്തിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലായി 6 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. 26 സ്ഥലങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കൂടാതെ ഇലക്ട്രിക്ക് ഇരുചക്ര, മുച്ചക്ര വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി 1140 Pole mounted charging point-കൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും അവർ നടത്തി വരുന്നു.

## ജലഗതാഗത വകുപ്പിലെ സ്പെഷ്യൽ റൂൾസ്

322 (1862) ശ്രീമതി സി. കെ. ആശ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിലെ ഓപ്പറേറ്റിംഗ് & സാങ്കേതിക വിഭാഗം ജീവനക്കാരുടെ സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തി പാസ്സാക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

സംസ്ഥാന ജലഗതാഗത വകുപ്പിലെ ഓപ്പറേറ്റിംഗ് വിഭാഗത്തിന്റെ വിശേഷാൽ ചട്ടം ജി.ഒ.(പി) നമ്പർ 151/75/പി.ഡബ്ല്യു തീയതി 18.8.1975, റിപ്പയർ ആന്റ് മെയിന്റനൻസ് വിഭാഗത്തിന്റെ വിശേഷാൽ ചട്ടം ജി.ഒ.(പി) നമ്പർ.81/88/പി.ഡബ്ല്യു ആന്റ് ഡി. തീയതി 29.12.1988 എന്നിവയാണ്. പ്രസ്തുത വിശേഷാൽ ചട്ടങ്ങൾ ഭേദഗതി വരുത്തി സംസ്ഥാന ജലഗതാഗത വകുപ്പ് സബോർഡിനേറ്റ് സർവ്വീസിന് പൊതുവായി വിശേഷാൽ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനായുള്ള വിജ്ഞാപനത്തിന്റെ കരട് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിന് കൈമാറിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) വകുപ്പിലെ ഒരു വിഭാഗം ജീവനക്കാരുടെ തസ്തികയുടെ പേര് കൂലി എന്നതിനുപകരം വർക്ക്ഷോപ്പ് അസിസ്റ്റന്റ് എന്നാക്കുന്നതിനുള്ള നടപടി

സ്വീകരിക്കുമോ?

പ്രസ്തുത വിഷയം സംബന്ധിച്ച് ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(സി) ബോട്ട്മാസ്റ്റർ ലൈസൻസ് ലഭിക്കുന്നതിൽ അപേക്ഷകർ നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

തുറമുഖ വകുപ്പാണ് ബോട്ട് മാസ്റ്റർ ലൈസൻസ് നൽകുന്നത്. സമയബന്ധിതമായി ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ ടി വകുപ്പിനോട് ആവശ്യപ്പെടുന്നതാണ്.

## സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ ഭേദഗതി

323(1863) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിലെ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ ഭേദഗതിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ;

(ബി) ഭേദഗതിയുടെ കരട് കോപ്പി നൽകാമോ;

&

(സി) പ്രസ്തുത ഭേദഗതി അംഗീകരിക്കുവാൻ കാലതാമസം വരുന്നതിനുള്ള കാരണം വിശദമാക്കാമോ?

സംസ്ഥാന ജലഗതാഗത വകുപ്പിലെ ഓപ്പറേറ്റിംഗ് വിഭാഗത്തിന്റെ വിശേഷാൽ ചട്ടം ജി.ഒ.(പി) നമ്പർ 151/75/പി.ഡബ്ല്യൂ തീയതി 18.8.1975, റിപ്പയർ ആന്റ് മെയിന്റനൻസ് വിഭാഗത്തിന്റെ വിശേഷാൽ ചട്ടം ജി.ഒ.(പി) നമ്പർ.81/88/പി.ഡബ്ല്യൂ.ആന്റ്.റ്റി. തീയതി 29.12.1988 എന്നിവയാണ്. പ്രസ്തുത വിശേഷാൽ ചട്ടങ്ങൾ ഭേദഗതി വരുത്തി സംസ്ഥാന ജലഗതാഗത വകുപ്പ് സബോർഡിനേറ്റ് സർവ്വീസിന് പൊതുവായി വിശേഷാൽ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനായുള്ള വിജ്ഞാപനത്തിന്റെ കരട് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിന് കൈമാറിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

<u>കവ്വായി കേന്ദ്രീകരിച്ച് ബോട്ട് സർവ്വീസ്</u>

324(1864) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ സ്റ്റേഷന്റെ ആസ്ഥാനമായ അയിറ്റി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവ്വീസിനൊപ്പം

പയ്യന്നൂർ നഗരസഭയിലെ കവ്വായി കേന്ദ്രീകരിച്ച് ബോട്ട് സർവ്വീസ് നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

വകുപ്പിന്റെ മലബാർ മേഖലയിലുള്ള പയ്യന്നൂർ സ്റ്റേഷൻ പരിധിയിലെ അയിറ്റി ബോട്ടു ജെട്ടിയിൽനിന്നും കവ്വായി കേന്ദ്രീകരിച്ച് 'സി കവ്വായി' എന്ന പേരിൽ ഒരു ടൂറിസം-കം-പാസഞ്ചർ സർവ്വീസ് 2022 മാർച്ച് 5-ാം തീയതി മുതൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്. അയിറ്റി, കവ്വായി, രാമന്തളി, വലിയപറമ്പ് ബീച്ച് എന്നീ സ്ഥലങ്ങളുടെ പ്രകൃതി സൗന്ദര്യം ആസ്വദിക്കുന്നതിന് ആരംഭിച്ച ഈ സർവ്വീസ് പൊതുജനങ്ങളുടേയും വിനോദസഞ്ചാരികളുടേയും ആവശ്യകതയ്ക്ക് അനുസൃതമായി ആധുനിക ബോട്ടുകൾ ഉപയോഗിച്ച് കവ്വായിലുള്ള ടൂറിസം ടെർമിനൽ കേന്ദ്രീകരിച്ച് വിപുലപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു.

## കുട്ടനാട്ടിലെ ജലഗതാഗതം മെച്ചപ്പെടുത്താൻ നടപടി

325(1865) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടുകാർ യാത്രാ ആവശ്യത്തിനായി ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന ജലഗതാഗതം കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തൊക്കെ

നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

&

(ബി) പഴയ ബോട്ടുകൾ മാറ്റി ആധുനിക രീതിയിലുള്ള യാത്രാ ബോട്ടുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

വെള്ളത്താൽ ചുറ്റപ്പെട്ടതും മറ്റ് യാത്രാ മാർഗ്ഗങ്ങളൊന്നുമില്ലാത്ത കുട്ടനാട്ടിൽ അധിവസിക്കുന്ന ആലപ്പുഴ, നെടുമുടി, പുളിങ്കുന്ന്, കാവാലം, എടത്വ, ചങ്ങനാശ്ശേരി എന്നീ സ്റ്റേഷൻ ഓഫീസുകൾ കേന്ദ്രീകരിച്ച് 22 ബോട്ട് സർവ്വീസുകളിലായി ദിനംപ്രതി 110 ട്രിപ്പുകൾ വകുപ്പ് നടത്തിവരുന്നു. വിനോദസഞ്ചാരവും അതോടൊപ്പം യാത്രാസൗകര്യവും മെച്ചപ്പെടുത്തുന്നതിനായി 90 യാത്രക്കാർക്ക് സഞ്ചരിക്കാവുന്ന 2 ഇരുനില ബോട്ടുകൾ ഉപയോഗിച്ച് 'സീ-കുട്ടനാട്' എന്ന പേരിൽ ഒരു പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസും 80 എ/സി, 40 നോൺ എ/സി സീറ്റുകളോടുകൂടിയതും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതും വേഗ 2 ബോട്ടുപയോഗിച്ച് ആലപ്പുഴ-കുമരകം ടൂറിസ്റ്റ് സർവ്വീസും നടത്തിവരുന്നു. കൂടാതെ അടിയന്തര ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനായി ഒരു റെസ്ക്യു ആന്റ് ഡൈവ് ആംബുലൻസ് ബോട്ടും ടൂറിസ്റ്റുകൾക്കായി ഒരു വാട്ടർ ടാക്സിയും കൈനകരി സർക്കുലർ സർവ്വീസും ടി മേഖലയിൽ ക്രമീകരിച്ചിട്ടുണ്ട്. ഇൻലാൻഡ്

നാവിഗേഷൻ മേഖലയിൽ സർക്കാർ തലത്തിൽ കേരളത്തിലെ തന്നെ ആദ്യ സംരംഭമെന്ന നിലയിൽ ആലപ്പുഴ ജില്ലയിലെ പോഞ്ഞിക്കരയിൽ 7.78 കോടി രൂപ ഭരണാനുമതിയോടുകൂടി പുതിയ ഡ്രൈഡോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ഇതുമൂലം കുട്ടനാട് മേഖലയിൽ സർവ്വീസ് മുടക്കം ഉണ്ടാകാതെ ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കുന്നുണ്ട്. കാലപ്പഴക്കം ചെന്ന ബോട്ടുകൾ സർവ്വീസിൽനിന്നും പിൻവലിച്ച് അത്യാധുനിക രീതിയിലുള്ള ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി തടി ബോട്ടുകൾക്ക് പകരം സ്റ്റീൽ, കാറ്റമറൈൻ ഫൈബർ ബോട്ടുകൾ വകുപ്പ് ഉപയോഗിച്ചുവരുന്നു. കൂടാതെ സോളാർ ബോട്ടുകളും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ കാറ്റമറൈൻ ബോട്ടുകളും കുട്ടനാട് മേഖലയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

<u>ജലഗതാഗത വകുപ്പിൽ ട്രാഫിക് സൂപ്രണ്ട് തസ്തിക</u>

326(1866) <u>ശ്രീമതി ദെലീമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിൽ ട്രാഫിക് സൂപ്രണ്ട് തസ്തിക നിലവിലുണ്ടോയെന്നും പ്രസ്തുത തസ്തികയിൽ ഇപ്പോൾ നിയമനം

നടക്കുന്നുണ്ടോയെന്നും അറിയിക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

വകുപ്പിൽ ട്രാഫിക് സൂപ്രണ്ട് തസ്തിക നിലവിലുണ്ട്. പ്രസ്തുത തസ്തികയിൽ ഇപ്പോൾ നിയമനം നടക്കുന്നില്ല. വകുപ്പിലെ ഗസറ്റഡ് തസ്തികയിലെ ഉദ്യോഗസ്ഥരുടെ വിശേഷാൽ ചട്ടങ്ങൾ G.O.(P)No.36/2008 തീയതി 25.9.2008 പ്രകാരം ട്രാഫിക് സൂപ്രണ്ട് തസ്തികയുടെ ഫീഡർ തസ്തികയായി അസിസ്റ്റന്റ് ട്രാഫിക് സൂപ്രണ്ട് തസ്തിക ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി തസ്തിക സംബന്ധിക്കുന്ന വിശേഷാൽ ചട്ടം രൂപീകരിച്ചിട്ടില്ലാത്തതിനാൽ ട്രാഫിക് സൂപ്രണ്ട് തസ്തികയിൽ നിയമനം നടത്താൻ സാധിക്കുന്നില്ല. ടി ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്.

(ബി) ട്രാഫിക് സൂപ്രണ്ട് തസ്തികയിൽ അവസാനമായി നിയമനം നടന്നത് എന്നാണെന്ന് വ്യക്തമാക്കാമോ?

ട്രാഫിക് സൂപ്രണ്ട് തസ്തികയിൽ അവസാനമായി നിയമനം നടന്നത് 9.1.2008 ലാണ്.

(സി) ട്രാഫിക് സൂപ്രണ്ട് തസ്തികയിൽ നിയമനത്തിനുള്ള യോഗ്യത എന്താണെന്നും പ്രസ്തുത യോഗ്യതയുള്ള എത്ര പേർ ജലഗതാഗത വകുപ്പിൽ ഉണ്ടെന്നും വ്യക്തമാക്കാമോ?

ട്രാഫിക് സൂപ്രണ്ട് തസ്തികയുടെ നിയമനത്തിനുള്ള യോഗ്യതകൾ ചുവടെ ചേർക്കുന്നു.

By transfer from qualified persons in the category of Assistant Traffic Superintendent in State Water Transport Department Subordinate Service. (i) S.S.L.C equivalent qualification. (ii) Must have ten years total experience in the Operation Wing of State Water Transport Department including two years service as Station Master Grade I/Checking Inspector Grade I. യോഗ്യതയുള്ളവർ ആരും ഇല്ല.

(ഡി) നിലവിൽ ട്രാഫിക് സൂപ്രണ്ടിന്റെ ചാർജ് വഹിക്കുന്നത് ആരാണെന്നും അദ്ദേഹത്തിന്റെ യോഗ്യത, ഏത് തസ്തികയിലാണ് അദ്ദേഹം ജോലി ചെയ്യുന്നത് എന്നിവ സംബന്ധിച്ച വിശദാംശവും ലഭ്യമാക്കാമോ?

നിലവിൽ ട്രാഫിക് സൂപ്രണ്ടിന്റെ ചാർജ് വഹിക്കുന്നത് ശ്രീ. എം. സുജിത് ആണ്. അദ്ദേഹത്തിന്റെ യോഗ്യത S.S.L.C, H.S.E, I.T.C

എന്നിവയാണ്. നിലവിൽ ടിയാൻ സ്റ്റേഷൻ മാസ്റ്റർ ഗ്രേഡ് -I തസ്തികയിലാണ് ജോലി ചെയ്യുന്നത്.

## ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി

327(1867) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ആദ്യ ഘട്ടത്തിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

&

(സി) പദ്ധതിയുടെ ഭാഗമായി കളിക്കളങ്ങൾ നവീകരിക്കുന്നതിന് ഓരോന്നിനും എത്ര തുകയാണ് അനുവദിക്കുന്നതെന്നും തുക നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

ഗ്രാമീണ കളിക്കളങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി സർക്കാരിന്റെ 2021-22-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിനുവേണ്ടി ഓരോ പദ്ധതിക്കും ശരാശരി ഒരു കോടി രൂപയുടെ എസ്റ്റിമേറ്റിൽ 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കി വരുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവ ചേർത്തുകൊണ്ടാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ചുരുങ്ങിയത് ഒരു ഏക്കർ സ്ഥലമെങ്കിലും പഞ്ചായത്തിന്റെ കൈവശം ലഭ്യമായിരിക്കണം. ഓരോ കളിസ്ഥലത്തിലും സ്ഥല ലഭ്യതയ്ക്കും ഫണ്ടിനുമനുസരിച്ച് വിവിധ കായിക വിനോദങ്ങൾക്ക് വേണ്ട കോർട്ടുകൾ, കുട്ടികൾക്കായുള്ള പ്രത്യേക കളിസ്ഥലം, പ്രായമായവർക്കുള്ള വിനോദോപാധികൾ, ഓപ്പൺ ജിംനേഷ്യം, ഹെൽത്ത് പവലിയൻ, ടോയ്ലെറ്റ്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഓരോ കളിസ്ഥലത്തിന്റേയും പരിപാലനത്തിനായി ചുരുങ്ങിയത് 2 പേർക്കെങ്കിലും തൊഴിൽ ഉറപ്പാക്കാൻ സാധിക്കും. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി പ്രാരംഭഘട്ടത്തിലാണ്. ആദ്യ ഘട്ടത്തിൽ ഓരോ നിയോജകമണ്ഡലത്തിലും ഒരു പദ്ധതി എന്ന കണക്കിൽ

നടപ്പാക്കുന്നതിനായി എം.എൽ.എ-മാർ നൽകിയ മുൻഗണനാ ലിസ്റ്റ് അനുസരിച്ചുള്ള പദ്ധതികളുടെ സ്ഥലപരിശോധന കായിക വകുപ്പിന് കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്ന മുറയ്ക്ക് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. സ്വന്തമായി ഭൂമിയില്ലാത്ത പഞ്ചായത്തുകളിൽ പ്രദേശത്തുള്ള സർക്കാർ സ്കൂളുമായോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതിയും പരിഗണിക്കുന്നതാണ്. ബന്ധപ്പെട്ട ജനപ്രതിനിധികൾ നൽകുന്ന പ്രൊപ്പോസലിന്റെ മുൻഗണനാക്രമത്തിൽ പദ്ധതി ഏറ്റെടുത്ത് നടത്താനാണ് ഉദ്ദേശിക്കുന്നത്.

## ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി

**328(1868) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

**(എ) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതിയിൽ ആദ്യഘട്ടത്തിൽ ഏതെല്ലാം കളിസ്ഥലം തെരഞ്ഞെടുത്തിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ?**

ആദ്യഘട്ടത്തിൽ ഒരു നിയോജകമണ്ഡലത്തിൽ ഒരു കളിസ്ഥലം എന്ന രീതിയിൽ മുൻഗണനാ ക്രമത്തിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. കായിക വകുപ്പ് ഉദ്യോഗസ്ഥർ നടത്തിയ സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിൽ ആയത് സംബന്ധിച്ച് അന്തിമ ലിസ്റ്റ് തയ്യാറാക്കി വരികയാണ്.

(ബി) പ്രസ്തുത പദ്ധതിയിൽ കളിസ്ഥലം തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ജനപ്രതിനിധികളിൽ നിന്നും ലഭിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷനിൽ നിന്നും ബന്ധപ്പെട്ട പ്രോജക്ട് എഞ്ചിനീയർ സ്ഥലം സന്ദർശിക്കുകയും അവർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥലലഭ്യത, ഭൂപ്രകൃതി, വെള്ളപ്പൊക്ക സാദ്ധ്യത എന്നിവ കണക്കിലെടുത്താണ് ഗ്രൗണ്ടുകൾ തെരഞ്ഞെടുക്കുന്നത്. സർക്കാർ വിഹിതത്തിന് പുറമെ പദ്ധതി ചെലവിനായി കണ്ടെത്തേണ്ട 50% വിഹിതം ലഭ്യമാക്കുന്നതും പദ്ധതി നടത്തിപ്പിന്റെ മുൻഗണനയിൽ ഒരു പരിഗണനാ വിഷയമായിരിക്കും.

## കായിക വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

329(1869) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-2021 കാലയളവിൽ ആലത്തൂർ മണ്ഡലത്തിൽ ബഡ്ജറ്റ് നിർദ്ദേശപ്രകാരം കായിക വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളെന്തെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദീകരിക്കാമോ?

2021-22 ബഡ്ജറ്റിൽ (ക്രമ നമ്പർ - 2564) ഉൾപ്പെട്ടിട്ടുള്ള ആലത്തൂർ അസംബ്ലി മണ്ഡലത്തിലെ എല്ലാ പഞ്ചായത്തിലും തെരഞ്ഞെടുക്കപ്പെട്ട ഓരോ പൊതു വിദ്യാലയങ്ങളിൽ മിനി സ്റ്റേഡിയം നിർമ്മാണത്തിനായി 10 കോടി രൂപ അടങ്കൽ തുക അനുവദിച്ചിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+ പ്രസ്തുത പദ്ധതികൾക്കായി 10,00,00,000 രൂപയുടെ എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമം പുരോഗമിക്കുന്നു.

## കനോയിംഗ്, കയാക്കിംഗ് പരിശീലനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

330(1870) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക മേഖലയുടെ വളർച്ചയ്ക്ക് കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം എന്ന പദ്ധതി ഏതെല്ലാം പഞ്ചായത്തിലാണ് ഇപ്പോൾ ആരംഭിച്ചിട്ടുള്ളത്; ഓരോ പദ്ധതിയുടെയും നിലവിലെ അവസ്ഥ വിശദമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി അതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. ആദ്യഘട്ടം ഓരോ നിയോജകമണ്ഡലത്തിലും ഒരു പദ്ധതി എന്ന കണക്കിൽ നടപ്പാക്കുന്നതിനായി എം.എൽ.എ-മാർ നൽകിയ മുൻഗണനാ ലിസ്റ്റ് അനുസരിച്ചുള്ള പദ്ധതികളുടെ സ്ഥലപരിശോധന കായിക വകുപ്പിന് കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭരണാനുമതി നൽകുന്നമുറയ്ക്ക് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ബി) ബാക്കിയുള്ള പഞ്ചായത്തുകളിൽ ഇവ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

പദ്ധതി നിർവ്വഹണം ഒരു പഞ്ചായത്തിലും ആരംഭിച്ചിട്ടില്ല.

(സി) ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്ന വിവിധ സ്റ്റേഡിയങ്ങളുടെയും കളിക്കളങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദീകരിക്കാമോ; ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയം പുനർനിർമ്മാണം എപ്പോൾ പൂർത്തിയാക്കുവാനാണ് ലക്ഷ്യമാക്കുന്നതെന്ന് വിശദമാക്കാമോ?

ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്ന വിവിധ സ്റ്റേഡിയങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 1. ഹരിപ്പാട് ബോയ്സ് ഗ്രൗണ്ടിന്റെ നവീകരണം - 2.55 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2. ആര്യാട് സ്റ്റേഡിയം - 1 കോടി രൂപയുടെ ഭരണാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. 3. കണിച്ചുക്കുളങ്ങര സ്റ്റേഡിയം - 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 4. തിരുവൻവണ്ടൂർ - 60% പ്രവൃത്തി പൂർത്തിയായി 5. താമരക്കുളം ഗ്രൗണ്ട് നവീകരണം-പ്രാഥമികഘട്ട പ്രവൃത്തികൾ നടന്നുവരുന്നു.

കിഫ്ബി പദ്ധതികൾ 1) ചെങ്ങന്നൂർ സ്റ്റേഡിയം - ഭരണാനുമതി തുക 40 കോടി രൂപ - 60 % പ്രവൃത്തി പൂർത്തിയായി 2) ഇ.എം.എസ്. സ്റ്റേഡിയം, പ്രീതികുളങ്ങര സ്റ്റേഡിയം എന്നീ രണ്ട് സ്റ്റേഡിയങ്ങൾക്കായുള്ള ഭരണാനുമതി തുക 14.7 കോടി രൂപ 3) ഇ.എം.എസ്. സ്റ്റേഡിയം -

ടെണ്ടറിംഗ് നടപടികൾ നടന്നുവരുന്നു. 4) പ്രീതികുളങ്ങര സ്റ്റേഡിയം - 60 % പ്രവൃത്തി പൂർത്തിയായി. 2021-22 സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച ആലപ്പുഴ നിയോജകമണ്ഡലത്തിലെ ഉദയകുമാർ സ്മാരക വോളിബോൾ അക്കാദമി മാരാരിക്കുളം, യുവഭാരത് സാംസ്കാരികനിലയം, ഇൻഡോർ വോളിബോൾ കോർട്ട് എന്നീ പ്രവൃത്തികൾക്കായി യഥാക്രമം 3 കോടി രൂപയും 1 കോടി രൂപയും അടങ്കൽ തുകയായി പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. തനത് സാമ്പത്തിക വർഷത്തിൽ മേൽ പ്രവൃത്തികൾക്കായി യഥാക്രമം 5 ലക്ഷം രൂപയും 20 ലക്ഷം രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിൽ നൽകിയിട്ടുള്ള മേൽ പദ്ധതികൾ കായിക വകുപ്പിന്റെ ശീർഷകത്തിലേയ്ക്ക് ധനകാര്യ വകുപ്പ് മാറ്റിനൽകുന്ന മുറയ്ക്ക് വിശദമായ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി ഭരണാനുമതി നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) കനോയിംഗ്, കയാക്കിംഗ് ഉൾപ്പെടെയുള്ള ജല കായിക ഇനങ്ങളുടെ പരിശീലനം മികവുറ്റതാക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുന്ന ആലപ്പുഴ റോവിംഗ് അക്കാഡമിയുടെ (ഭരണാനുമതി തുക 10 കോടി രൂപ) നിർമ്മാണ പ്രവൃത്തികൾക്കുവേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ എസ്.പി.വി. ആയ കിറ്റ്കോ മുഖേന പുരോഗമിച്ചുവരുകയാണ്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ഗുരുവായൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

331(1871) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളൊന്നും നിലവിൽ പരിഗണനയിലില്ല.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ ടർഫ് കോർട്ടുകൾ നിർമ്മിക്കുന്നതിന് കായിക വകുപ്പ് മുഖേന ധനസഹായം നൽകുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ ടർഫ് കോർട്ടുകൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി കായിക വകുപ്പിന്റെ കീഴിൽ നിലവിൽ പരിഗണനയിലില്ല.

**നടുവണ്ണൂർ വോളിബോൾ അക്കാദമി**

332(1872) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടുവണ്ണൂർ വോളിബോൾ അക്കാദമിയുടെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

നടുവണ്ണൂർ വോളിബോൾ അക്കാദമിയുടെ കിഫ്ബി പ്രവൃത്തികളിൽ സ്റ്റേഡിയത്തിലെ സിവിൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾ ഏകദേശം പൂർത്തീകരിച്ചു. മേപ്പിൾ വുഡ് ഫ്ലോറിംഗിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) വോളിബോൾ അക്കാദമി പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ട അനുബന്ധമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

&

(സി) അക്കാദമിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് വേണ്ട അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നിവേദനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

നടുവണ്ണൂർ വോളിബോൾ അക്കാദമിയുടെ മൊത്തം പ്രവൃത്തികൾക്ക് 9.262 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭ്യമായിട്ടുണ്ട്.

## സ്പോർട്സ് കൗൺസിൽ ഓഫീസുകൾ

333(1873) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പോർട്സ് കൗൺസിൽ ഓഫീസുകളിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള 14 ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ തിരുവനന്തപുരം, കോട്ടയം, കോഴിക്കോട്, തൃശ്ശൂർ, കണ്ണൂർ, വയനാട് എന്നീ 6 ജില്ലാ സ്പോർട്സ് കൗൺസിൽ ഓഫീസുകൾ സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

കൂടാതെ കാസർഗോഡ് ജില്ലാ സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിൽ മധൂർ പഞ്ചായത്തിലെ ഉദയഗിരിയിൽ സ്വന്തം കെട്ടിടനിർമ്മാണം നടന്നുവരുന്നു.

(ബി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയ്ക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും അനുവദിക്കാനുള്ള പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

നിലവിൽ പരിഗണനയിലില്ല.

(സി) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ ജില്ലകളിൽ വിവിധ കായിക ഇനങ്ങളിലായി എത്ര പരിശീലകരുടെ തസ്തിക അനുവദിച്ചിട്ടുണ്ട്; പ്രസ്തുത തസ്തികകളിൽ ജോലി ചെയ്യുന്ന പരിശീലകരുടെ വിശദാംശം ലഭ്യമാക്കാമോ; അതിൽ എത്ര തസ്തികകളാണ് നിലവിൽ ഒഴിഞ്ഞുകിടക്കുന്നത്?

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ വിവിധ കായികയിനങ്ങളിലായി 143 സ്ഥിരം പരിശീലകരുടെ തസ്തിക അനുവദിച്ചിട്ടുണ്ട്. ഇതിൽ 91 പരിശീലകർ നിലവിൽ ജോലിചെയ്യുന്നുണ്ട്. ശേഷിക്കുന്ന 52 തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്.

(ഡി) സ്പോർട്സ് കൗൺസിൽ പുതുതായി പരിശീലകരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉണ്ട്. വിവിധ കായികയിനങ്ങളിലെ പരിശീലക തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമില്ലാത്ത കായിക സംഘടനകൾ**

334(1874) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമില്ലാത്ത കായിക സംഘടനകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സംഘടനകൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

കേരള സ്പോർട്സ് ആക്ട് 2000-ലെ 31 വകുപ്പനുസരിച്ച് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും പ്രവർത്തിക്കുന്ന ഏതു കായികസംഘടനയ്ക്കും മേൽ പറഞ്ഞ വകുപ്പിലെ യോഗ്യതകൾക്കും വ്യവസ്ഥകൾക്കും വിധേയമായി നിശ്ചിത ഫോറത്തിൽ സംസ്ഥാനതല സംഘടനയാണെങ്കിൽ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിലോ, ജില്ലാ തല സംഘടനയാണെങ്കിൽ

അതാത് ജില്ലാ സ്പോർട്സ് കൗൺസിലിലോ അപേക്ഷിച്ച് ഒരു അംഗീകൃത കായിക സംഘടനയായി രജിസ്റ്റർ ചെയ്യാവുന്നതാണ്. അപ്രകാരം രജിസ്ട്രേഷൻ ലഭിച്ച സംഘടനകൾക്ക് സർക്കാർ ധനസഹായത്തിനും ഗ്രേസ് മാർക്ക് പോലുള്ള വിശേഷ ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. എന്നാൽ മേൽപ്പറഞ്ഞ നടപടിക്രമത്തിലൂടെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെയോ ജില്ലാ സ്പോർട്സ് കൗൺസിലുകളുടെയോ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന കായിക സംഘടനകളും സംസ്ഥാനത്ത് നിലവിലുണ്ട്. അത്തരം കായിക സംഘടനകളുടെ മേൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കേരള സ്പോർട്സ് ആക്ട് പ്രകാരമുള്ള നിയന്ത്രണാധികാരങ്ങൾ ഇല്ലാത്തതിനാൽ പ്രസ്തുത സംഘടനകൾ ഏതൊക്കെയാണെന്നുള്ള വിവരങ്ങൾ ലഭ്യമല്ല.

(ബി) കേരള സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമില്ലാതെ കായിക സംഘടനകൾ നടത്തുന്ന മത്സരങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് സ്പോർട്സ് ക്വാട്ട വഴിയുള്ള അഡ്മിഷന് അപേക്ഷിക്കാൻ സാധിക്കുന്നില്ലെന്നതും അർഹതപ്പെട്ടവർക്ക് ഗ്രേസ് മാർക്കുകൾ നിഷേധിക്കപ്പെടുന്നതും കണക്കിലെടുത്ത് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

2000-ലെ കേരള സ്പോർട്സ് ആക്ട് 31 വകുപ്പ് പ്രകാരം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അംഗീകൃത കായിക സംഘടനകൾ നടത്തുന്ന മത്സരങ്ങൾ യഥാവിധിയാണോ നടക്കുന്നതെന്ന് നിരീക്ഷിക്കുന്നതിനായി സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും അതാത് ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ നിന്നും നിരീക്ഷകരെ നിയോഗിക്കാറുണ്ട്. അത്തരം മത്സരങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കും മറ്റു കായിക താരങ്ങൾക്കും നൽകുന്ന യോഗ്യതാ സർട്ടിഫിക്കറ്റുകൾ നിരീക്ഷകർ മേലൊപ്പ് വയ്ക്കാറുണ്ട്. അപ്രകാരം നിരീക്ഷകർ മേലൊപ്പുവച്ച് സർട്ടിഫിക്കറ്റുകൾ ഉന്നത പഠനത്തിനായി സ്പോർട്സ് ക്വാട്ടാ വഴിയുള്ള അഡ്മിഷന് ആധികാരിക രേഖയായി പരിഗണിക്കാറുണ്ട്. എന്നാൽ വ്യാജ കായിക സംഘടനകൾ സംഘടിപ്പിക്കുന്ന മത്സരങ്ങളിലും ചാമ്പ്യൻഷിപ്പുകളിലും പങ്കെടുക്കുന്നതിന് മുൻപ് ഇത്തരം സംഘടനകൾക്ക് സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയോ സർക്കാരിന്റെയോ അല്ലെങ്കിൽ മറ്റ് അംഗീകൃത സംഘടനകളുടെയോ അംഗീകാരമുണ്ടെന്ന് കായികതാരങ്ങളും രക്ഷകർത്താക്കളും ഉറപ്പുരുത്തുന്നതിനാവശ്യമായ എല്ലാ നടപടികളും

സ്വീകരിക്കുവാനുള്ള വ്യാപകമായ പ്രചാരണം നൽകുന്നതിന് ജില്ലാ സ്പോർട്സ് കൗൺസിലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാന സ്പോർട്സ് കൗൺസിൽ ഭരണ സമിതി ചെസ്സ് അസോസിയേഷൻ കേരളയെ സസ്പെൻഡ് ചെയ്തിട്ടുണ്ടോ; ഇതുസംബന്ധിച്ച് കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ നടത്തിവരുന്ന അന്വേഷണം പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ?

31.10.2017-ന് ചേർന്ന കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അഡ്മിനിസ്ട്രേറ്റീവ് ബോർഡ് യോഗം വിശദമായ അന്വേഷണത്തിന് വിധേയമായി ചെസ്സ് അസോസിയേഷൻ കേരളയുടെ അംഗീകാരം സസ്പെന്റ് ചെയ്തിരുന്നു. പ്രസ്തുത സസ്പെഷനെതിരെ ചെസ്സ് അസോസിയേഷൻ ഓഫ് കേരള ബഹു. കേരള ഹൈക്കോടതിയിൽ WP(C) 36083/2017 നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു. തുടർന്ന് പ്രസ്തുത കേസ്സിൽ ബഹു. കേരള ഹൈക്കോടതിയുടെ 16.11.2017-ലെ വിധിന്യായ പ്രകാരം അസോസ്സിയേഷനെതിരെയുള്ള സസ്പെൻഷൻ റദ്ദാക്കുകയുണ്ടായി. ഇതിനെതിരെ ശ്രീ. എൻ. ആർ. അനിൽകുമാർ ബഹു. കേരള ഹൈക്കോടതിയിൽ റിട്ട് അപ്പീൽ WA 11/2018 ഫയൽ ചെയ്യുകയും പ്രസ്തുത റിട്ട് അപ്പീലിന്മേൽ ബഹു.കേരള ഹൈക്കോടതി 17.1.2018-ൽ പ്രഖ്യാപിച്ച

വിധിന്യായപ്രകാരം സ്പോർട്സ് കൗൺസിൽ നിയോഗിച്ചിട്ടുള്ള സബ് കമ്മിറ്റി ടി റിട്ട് അപ്പീൽ വിധിന്യായം ലഭിച്ച തീയതി മുതൽ 3 മാസത്തിനകം വിശദമായ അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി റിട്ട് അപ്പീലിലെ ഉത്തരവിനെതിരെ ചെസ്സ് അസോസിയേഷൻ ഓഫ് കേരള ബഹു.സുപ്രീംകോടതി മുമ്പാകെ ഒരു സ്പെഷ്യൽ ലീവ് പെറ്റീഷൻ (SLP No.8663/2018) ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 13.4.2018-ൽ ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് പ്രകാരം ബഹു. കേരള ഹൈക്കോടതി തീർപ്പാക്കിയ റിട്ട് അപ്പീൽ നമ്പർ 11/2018-ലെ വിധിന്യായപ്രകാരമുള്ള നടപടികൾ സ്റ്റേ ചെയ്തിരുന്നു. ആയതിനാൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ചെസ്സ് അസോസിയേഷൻ ഓഫ് കേരളയ്ക്കെതിരെ സ്വീകരിച്ച അന്വേഷണ നടപടികളും താൽക്കാലികമായി നിർത്തിവച്ചിരുന്നു. എന്നാൽ 2021 ജനുവരി മാസം ചെസ്സ് അസോസിയേഷൻ ഓഫ് കേരളയ്ക്ക് പുതിയ കമ്മിറ്റി നിലവിൽ വന്നുവെന്നും ആയതിനാൽ ഏതുതരം അന്വേഷണവും പഴയ കമ്മിറ്റിക്കെതിരെ മാത്രമാണെന്നും ചെസ്സ് അസോസിയേഷൻ ഓഫ് കേരള ബഹുമാനപ്പെട്ട സുപ്രീംകോടതി മുൻപാകെ ഒരു സത്യവാങ്മൂലം ഫയൽ ചെയ്തതിന്റെ

അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ അഭിപ്രായം ഒന്നും രേഖപ്പെടുത്താതെ അസോസിയേഷന്റെ കാര്യത്തിൽ പുതിയതായി വന്ന മാറ്റം സംബന്ധിച്ച് കേരള ഹൈക്കോടതി മുൻപാകെ ഒരു റിവ്യൂ പെറ്റിഷൻ ഫയൽ ചെയ്യാൻ ഹർജിക്കാരനായ ചെസ്സ് അസോസിയേഷൻ ഓഫ് കേരളയ്ക്ക് നിർദ്ദേശം നൽകി. ടി SLP-യിന്മേൽ 25.10.2021-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയത് സംബന്ധിച്ച് ചെസ്സ് അസോസിയേഷൻ ഓഫ് കേരള സ്വീകരിക്കുന്ന മേൽ നടപടികൾ കൗൺസിൽ നിരീക്ഷിച്ചു രികയുമാണ്.

## സ്പോർട്സ് കൗൺസിലുകളുടെ രൂപീകരണം

335(1875) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ ഗ്രാമപഞ്ചായത്തിലും സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ച് കായിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മികച്ച കായിക പ്രതിഭകളെ വാർത്തെടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

&

(ബി) ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ ഓരോ ഗ്രാമപഞ്ചായത്തുകളിലും കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും 2000-ലെ സ്പോർട്സ് ആക്ട് (2001ലെ 2 ആക്ട്) 2008-ലെ സ്പോർട്സ് ചട്ടം എന്നിവ പ്രകാരം സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലങ്ങളിൽ രൂപീകരിക്കുന്ന സ്പോർട്സ് കൗൺസിലുകളിൽ എക്സ് ഒഫീഷ്യോ അംഗങ്ങൾ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ തെരഞ്ഞെടുക്കപ്പെട്ടവർ എന്നീ വിഭാഗങ്ങളിലുള്ള അംഗങ്ങൾ ഉൾപ്പെടുന്നു. ഇതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് തലങ്ങളിൽ പ്രവർത്തിക്കുന്ന സ്പോർട്സ് ക്ലബ്ബുകളുടെ നിലവിലെ രജിസ്ട്രേഷൻ പുതുക്കുന്നതിനോ അല്ലെങ്കിൽ പുതുതായി രജിസ്റ്റർ ചെയ്യുന്നതിനോ ഉള്ള നടപടികൾ ജില്ലാ സ്പോർട്സ് കൗൺസിലുകൾ മുഖേന സ്വീകരിച്ചുവരുന്നു.

(സി) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ നന്തിക്കര ഗവൺമെന്റ് ഹൈസ്കൂളിൽ ആധുനിക കളിസ്ഥലം ഉൾപ്പെടെയുള്ള

സൗകര്യമൊരുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

പരിശോധിക്കാവുന്നതാണ്.

## കുന്നംകുളം മണ്ഡലത്തിലെ സ്പോർട്സ് ഡിവിഷൻ സ്കൂൾ

336(1876) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നംകുളം മണ്ഡലത്തിലെ തൃശ്ശൂർ സ്പോർട്സ് ഡിവിഷന് കീഴിൽ വരുന്ന സർക്കാർ ഹയർ സെക്കൻഡറി സ്കൂളിൽ 9-ാം ക്ലാസ്സും 10-ാം ക്ലാസ്സും ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ഈ അദ്ധ്യയന വർഷത്തിൽ ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉണ്ട്. തൃശ്ശൂർ സ്പോർട്സ് ഡിവിഷനിലെ നിലവിലുള്ള 7, 8 ക്ലാസ്സുകളോടൊപ്പം അടുത്ത അദ്ധ്യയന വർഷം മുതൽ ഒൻപതാം ക്ലാസ്സും തുടർന്ന് മറ്റ് ക്ലാസ്സുകൾക്ക് ഡിവിഷനുകൾ ആരംഭിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## പൂഞ്ഞാർ മണ്ഡലത്തിൽ സ്പോർട്സ് സ്കൂൾ

337(1877) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ മണ്ഡലത്തിൽ ഏതെങ്കിലും സർക്കാർ ഹൈസ്കൂളിനോടനുബന്ധിച്ച് ഒരു സ്പോർട്സ് സ്കൂൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പരിശോധിക്കാവുന്നതാണ്.

## സ്പോർട്സ് ഡിവിഷനുകൾ

338(1878) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പോർട്സ് ഡിവിഷനുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. കായികയുവജന കാര്യാലയത്തിന്റെ കീഴിൽ തൃശ്ശൂർ ജില്ലയിലെ കുന്നംകുളം ഗവൺമെന്റ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ 7, 8

ക്ലാസ്സുകളിൽ 30 വിദ്യാർത്ഥികളെ വീതം ഉൾപ്പെടുത്തി സ്പോർട്സ് ഡിവിഷൻ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നിലവിൽ 7-ാം ക്ലാസ്സിൽ 20 കുട്ടികളും 8-ാം ക്ലാസ്സിൽ 23 കുട്ടികളും അഡ്മിഷൻ നേടിയിട്ടുണ്ട്. നിലവിലുള്ള ഡിവിഷനോടൊപ്പം ഒൻപതാം ക്ലാസ്സും തുടർന്നുള്ള വർഷം 10-ാം ക്ലാസ്സിലേയ്ക്കും പുതിയ ഡിവിഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

(ബി) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ചായ്യോത്ത് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ സ്പോർട്സ് ഡിവിഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയ കാസർഗോഡ് ചായോത്ത് ഹയർ സെക്കൻഡറി സ്കൂളിൽ കണ്ണൂർ സ്പോർട്സ് ഡിവിഷന്റെ മാതൃകയിൽ ഒരു സ്പോർട്സ് ഡിവിഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചു വരുന്നു.

## നഗരൂരിൽ സ്പോർട്സ് ഹബ്ബ്

339(1879) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിലെ നഗരൂരിൽ സ്പോർട്സ് ഹബ് അനുവദിക്കണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അപേക്ഷയിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉണ്ട്. പരിശോധനയിലാണ്.

## ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി

340(1880) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി എത്ര കളിസ്ഥലങ്ങൾ അനുവദിച്ചിട്ടുണ്ട്; വിശദാംശം ജില്ല തിരിച്ച് നൽകാമോ?

ഗ്രാമീണ കളിക്കളങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി സർക്കാരിന്റെ 2021-22-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിനുവേണ്ടി ഓരോ പദ്ധതിക്കും ശരാശരി ഒരു കോടി രൂപയുടെ എസ്റ്റിമേറ്റിൽ 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കി വരുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ,

ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവ ചേർത്തുകൊണ്ടാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ചുരുങ്ങിയത് ഒരു ഏക്കർ സ്ഥലമെങ്കിലും പഞ്ചായത്തിന്റെ കൈവശം ലഭ്യമായിരിക്കണം. ഓരോ കളിസ്ഥലത്തിനും സ്ഥലലഭ്യതയ്ക്കും, ഫണ്ടിനുമനുസരിച്ച് വിവിധ കായിക വിനോദങ്ങൾക്ക് വേണ്ട കോർട്ടുകൾ, കുട്ടികൾക്കായുള്ള പ്രത്യേക കളിസ്ഥലം, പ്രായമായവർക്കുള്ള വിനോദോപാധികൾ, ഓപ്പൺ ജിംനേഷ്യം, ഹെൽത്ത് പവലിയൻ, ടോയ്‌ലറ്റ്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഓരോ കളിസ്ഥലത്തിന്റേയും പരിപാലനത്തിനായി ചുരുങ്ങിയത് 2 പേർക്കെങ്കിലും തൊഴിൽ ലഭ്യത ഉറപ്പാക്കും. ഇത്തരത്തിൽ 60 കളിസ്ഥലങ്ങൾ അടിയന്തിരമായി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി അതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. ആദ്യഘട്ടം ഓരോ നിയോജകമണ്ഡലത്തിലും ഒരു പദ്ധതി എന്ന കണക്കിൽ നടപ്പാക്കുന്നതിനായി എം.എൽ.എ-മാർ നൽകിയ മുൻഗണനാ ലിസ്റ്റ് അനുസരിച്ചുള്ള പദ്ധതികളുടെ സ്ഥലപരിശോധന കായിക വകുപ്പിന് കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്ന മുറയ്ക്ക് പ്രവർത്തനങ്ങൾ

ആരംഭിക്കുന്നതാണ്. സ്വന്തമായി ഭൂമിയില്ലാത്ത പഞ്ചായത്തുകളിൽ പ്രദേശത്തുള്ള സർക്കാർ സ്കൂളുമായോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതിയും പരിഗണിക്കുന്നതാണ്. പദ്ധതി ബന്ധപ്പെട്ട ജനപ്രതിനിധികൾ നൽകുന്ന മുൻഗണനാക്രമത്തിൽ ഏറ്റെടുത്ത് നടത്താനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഉടുമ്പൻചോല മണ്ഡലത്തിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് പ്രസ്തുത പദ്ധതി പ്രകാരം കളിസ്ഥലങ്ങൾ അനുവദിച്ചിട്ടുള്ളത്/അനുവദിക്കാൻ തീരുമാനിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

ജനപ്രതിനിധികളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ ഗ്രൗണ്ടുകളിൽ ആദ്യഘട്ട സ്ഥല പരിശോധന പൂർത്തിയാക്കി. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രൗണ്ട് തെരഞ്ഞെടുക്കുന്നതാണ്.

(സി) പ്രസ്തുത മണ്ഡലത്തിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

പ്രസ്തുത മണ്ഡലത്തിൽ ഇതുമായി ബന്ധപ്പെട്ട് ആദ്യഘട്ട സ്ഥല പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്.

## കൊയിലാണ്ടി സ്പോർട്സ് കൗൺസിൽ സ്റ്റേഡിയം

341(1881) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി സ്പോർട്സ് കൗൺസിൽ സ്റ്റേഡിയം നവീകരണവുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

കൊയിലാണ്ടി സ്പോർട്സ് കൗൺസിൽ സ്റ്റേഡിയം നവീകരണവുമായി ബന്ധപ്പെട്ട് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിൽ ഊരാളുങ്കൽ കോപ്പറേറ്റീവ് സൊസൈറ്റിയെ ചുമതലപ്പെടുത്തുകയും 1,69,00,000 രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നവീകരണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സ്റ്റേഡിയം ഉദ്ഘാടനം നിർവ്വഹിച്ചത് ഏത് വർഷമാണ്; ഉദ്ഘാടനശേഷം ഇതുവരെ വിവിധ വികസന പ്രവൃത്തികൾക്കായി സ്പോർട്സ് കൗൺസിൽ ചെലവഴിച്ച തുകയും പ്രവൃത്തികളുടെ വിശദാംശവും നൽകാമോ?

പ്രസ്തുത സ്റ്റേഡിയത്തിന്റെ ഉദ്ഘാടനം നടന്നത് 2000-ത്തിലാണ്. ഉദ്ഘാടനത്തിനുശേഷം ഏകദേശം 2,08,44,854 രൂപ വിവിധ വികസന പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഘട്ടംഘട്ടമായാണ് മുറികൾ നിർമ്മിച്ചത്. അതിനുശേഷം ചുറ്റുമതിൽ കെട്ടുകയും മുറ്റം ഇന്റർലോക്ക് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഷോപ്പ് റൂം നിർമ്മാണം - 1,96,89,854, ഇലക്ട്രിക്കൽ ഫിറ്റിംഗ്സ് - 4,40,000, ഇന്റർലോക്കിംഗ്, ചുറ്റുമതിൽ - 7,15,000

(ഡി) സ്റ്റേഡിയത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് കായിക യുവജനകാര്യ വകുപ്പ് കത്ത് നം. കാ.യു.വ.-എ 2/285/2021 തീയതി 7.12.2021 പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സ്റ്റേഡിയത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് കായിക യുവജനകാര്യ വകുപ്പ് കത്ത് നം. കാ.യു.വ.-എ 2/285/2021 തീയതി

7.12.2021 പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.+

## പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം

342(1882) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണപ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

കായിക വകുപ്പിന്റെ എസ്.പി.വി. ആയ കിറ്റ്കോ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കിറ്റ്കോ ഇതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പൈലിംഗ് വർക്കുകൾ പൂർത്തീകരിച്ചു. തുടർന്നുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണ കാലാവധി എത്രയാണെന്നും അനുവദിച്ച സമയപരിധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമോ എന്നും വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയുടെ നിർമ്മാണ കാലാവധി കരാർ ഉടമ്പടി വച്ച 06.2.2021 മുതൽ 12 മാസമാണ്. ഇപ്രകാരം 5.2.2022-ന് മുൻപായി പദ്ധതി തീരേണ്ടതായിരുന്നു. എന്നാൽ മഴയും വെള്ളക്കെട്ടുംമൂലം ഫൗണ്ടേഷൻ പ്രവൃത്തികളിൽ കാലതാമസം നേരിട്ടതിനെ തുടർന്ന് 2023 മേയ് മാസത്തോടെ മാത്രമേ പൂർത്തീകരിക്കാൻ കഴിയൂയെന്ന് എസ്.പി.വി. അറിയിച്ചിട്ടുണ്ട്.

(സി) നിർമ്മാണപ്രവൃത്തിയിൽ കാലതാമസം വരുന്നത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കായിക വകുപ്പിന് കീഴിൽ ആരംഭിച്ച സ്പോർട്സ് കേരള ഫൗണ്ടേഷൻ പദ്ധതി പുരോഗതി സംബന്ധിച്ച് കൃത്യമായ ഇടവേളകളിൽ റിവ്യൂ നടത്താനും തടസ്സങ്ങൾ നീക്കാൻ വേണ്ട നിർദ്ദേശം നൽകാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## സ്റ്റേഡിയങ്ങളുടെ നവീകരണം

343(1883) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ എം.എൽ.എ. ഫണ്ടിൽനിന്നും അനുമതി ലഭ്യമായ പള്ളിച്ചൽ പഞ്ചായത്ത് സ്റ്റേഡിയം, മലയിൻകീഴ് പഞ്ചായത്ത് സ്റ്റേഡിയം എന്നിവയുടെ നവീകരണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി അതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. ആദ്യഘട്ടം ഓരോ നിയോജകമണ്ഡലത്തിലും ഒരു പദ്ധതി എന്ന കണക്കിൽ നടപ്പാക്കുന്നതിനായി എം.എൽ.എ-മാർ നൽകിയ മുൻഗണനാ ലിസ്റ്റ് അനുസരിച്ചുള്ള പദ്ധതികളുടെ സ്ഥലപരിശോധന കായിക വകുപ്പിന് കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭരണാനുമതി നൽകുന്ന മുറയ്ക്ക് തുടർ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. കാട്ടാക്കട മണ്ഡലത്തിലെ എം.എൽ.എ. ഫണ്ടിൽ നിന്നും അനുമതി ലഭ്യമായ പള്ളിച്ചൽ പഞ്ചായത്ത് സ്റ്റേഡിയം, മലയിൻകീഴ് പഞ്ചായത്ത് സ്റ്റേഡിയം എന്നിവയുടെ നവീകരണ പ്രവർത്തനങ്ങളുടെ സ്ഥിതി വിവരം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത മണ്ഡലത്തിൽ നിന്ന് സ്റ്റേഡിയങ്ങളുടെ നവീകരണത്തിനായി ഏത് പഞ്ചായത്ത് സ്റ്റേഡിയത്തെയാണ് തെരഞ്ഞെടുത്തത്; ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ?

ആദ്യഘട്ടത്തിലുള്ള കളിസ്ഥലങ്ങൾ അന്തിമമായി തീരുമാനിച്ചിട്ടില്ല.

## കളിസ്ഥലം നിർമ്മിക്കുന്ന പദ്ധതി

344(1884) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ പഞ്ചായത്തിലും ഉന്നത നിലവാരമുള്ള ഓരോ കളിസ്ഥലം നിർമ്മിക്കുന്ന പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ എത്ര കളിസ്ഥലങ്ങളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ജനപ്രതിനിധികളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ 8 ഗ്രൗണ്ടുകളിൽ ആദ്യഘട്ട സ്ഥല പരിശോധന പൂർത്തിയാക്കി.

(ബി) വർക്കല നിയോജകമണ്ഡലത്തിൽ എത്രയെണ്ണം കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പദ്ധതിയുടെ ആദ്യഘട്ടത്തിന്റെ അന്തിമ രൂപരേഖ തയ്യാറാക്കിവരുന്നു.

<u>ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം</u>

345(1885) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ 15.83 കോടി രൂപയുടെ കിഫ്ബി പദ്ധതിയായ ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കായിക വകുപ്പിന്റെ എസ്.പി.വി.യായ കിറ്റ്കോ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി ഡി.പി.ആർ. 2018 പ്രകാരം റീകാസ്റ്റ് ചെയ്യേണ്ടി വന്നതിനാൽ കിഫ്ബിയുടെ പുനർഅംഗീകാരത്തിനുവേണ്ടി സമർപ്പിച്ചിരിക്കുകയാണെന്ന് എസ്.പി.വി. അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഡി.എസ്.ആർ. റേറ്റ് പരിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിഷ്കരിച്ച നിരക്ക് അനുസരിച്ച് എത്ര തുകയുടെ പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പദ്ധതിയുടെ ഡി.പി.ആർ. 2018 ഡി.എസ്.ആർ. പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. ഇതുപ്രകാരം പദ്ധതിയുടെ തുക-17,14,60,757 രൂപയാണ്.

(സി) പ്രസ്തുത പദ്ധതിക്കായി കിഫ്ബിയിൽ നിന്നും പുതുക്കിയ അംഗീകാരം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് കാലതാമസമെടുക്കുന്നത് എന്ന് വ്യക്തമാക്കാമോ?

പുതുക്കിയ അംഗീകാരം ലഭ്യമായിട്ടില്ല. ഉടൻ തന്നെ ലഭ്യമാകും എന്നാണ് എസ്.പി.വി. അറിയിച്ചിട്ടുള്ളത്.

(ഡി) പദ്ധതി ചെലവ് വർദ്ധിച്ച സാഹചര്യത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് ഇവിടെ നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കാമോ?

പദ്ധതിയിൽ ആദ്യം മുതൽ തന്നെ വിഭാവനം ചെയ്തിട്ടുള്ള താഴെപ്പറയുന്ന എല്ലാ പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്. 1. പോപ്പ് അപ്പ് ഇറിഗേഷൻ സംവിധാനത്തോടുകൂടിയ പുല്ല് പിടിപ്പിച്ച ഫുട്ബോൾ ഗ്രൗണ്ട് 2. എട്ട് ലൈൻ അത്‌ലറ്റിക് ട്രാക്ക്

(ഇ) കിഫ്ബിയിൽ നിന്നും പുതുക്കിയ അംഗീകാരം വേഗത്തിൽ ലഭ്യമാക്കി അടിയന്തരമായി റീ ടെണ്ടർ നടപടികൾ നടത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കിഫ്ബി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികളുമായി മുന്നോട്ടുപോകുന്നതിന് എസ്.പി.വി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പള്ളിക്കൽ സ്കൂൾ മൈതാനം നവീകരണം

346(1886) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ പള്ളിക്കൽ ഗവൺമെന്റ് എച്ച്.എസ്.എസ്. മൈതാനം നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

&

(ബി) പ്രസ്തുത മൈതാനം നവീകരിക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

പള്ളിക്കൽ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ മൈതാനം നവീകരിക്കുന്നതിനായി 10 ലക്ഷം രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മൈതാനം നവീകരിക്കുന്നത് സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേനയാണ്. സ്പോർട്സ് കേരള ഫൗണ്ടേഷനിലെ എഞ്ചിനീയർമാർ ഉടൻതന്നെ സൈറ്റ് സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ ആരംഭിക്കുന്നതാണ്.

## തിരുവമ്പാടി മണ്ഡലത്തിലെ സ്റ്റേഡിയം

347(1887) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ മുക്കം മാമ്പറ്റയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്റ്റേഡിയത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം വിശദമാക്കുമോ;

&

(ബി) ടെണ്ടർ പ്രക്രിയ വേഗത്തിൽ പൂർത്തീകരിക്കുന്നതിനും നിർമ്മാണം വേഗത്തിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

തിരുവമ്പാടി മണ്ഡലത്തിലെ മുക്കം മാമ്പറ്റയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിക്കായുള്ള ദർഘാസ് അംഗീകരിക്കുന്നതിനായി ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റി 14.2.2022-ൽ യോഗം ചേർന്നിരുന്നു. ടി പ്രവൃത്തിയുടെ ദർഘാസിൽ മൂന്ന് പേരാണ് പങ്കെടുത്തിരുന്നത്. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ (എൽ 1) ദർഘാസുകാരനേക്കാൾ 9.25% കൂടുതൽ തുക രേഖപ്പെടുത്തിയ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി നെഗോസിയേഷൻ നടത്തി എൽ1 രേഖപ്പെടുത്തിയിരുന്ന നിരക്കിൽ പ്രവൃത്തി ചെയ്യാൻ തയ്യാറായാൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് പ്രവൃത്തി അവാർഡ് ചെയ്യാമെന്നും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി രേഖപ്പെടുത്തിയ നിരക്ക് കുറയ്ക്കുവാൻ തയ്യാറായില്ലെങ്കിൽ പ്രസ്തുത സൊസൈറ്റി രേഖപ്പെടുത്തിയ നിരക്കിൽ തന്നെ പ്രവൃത്തി അവാർഡ് ചെയ്യുന്നതിനുമാണ് ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റി തീരുമാനമെടുത്തിരുന്നത്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നിരക്ക്

കുറയ്ക്കാൻ തയ്യാറായിട്ടില്ല. ഈ സാഹചര്യത്തിൽ വർക്ക് അവാർഡ് ചെയ്യുന്ന കാര്യത്തിൽ ഉടൻ അന്തിമ തീരുമാനം എടുക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

## ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി

348(1888) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

ഗ്രാമീണ കളിക്കളങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി സർക്കാരിന്റെ 2021-22-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിനുവേണ്ടി ഓരോ പദ്ധതിക്കും ശരാശരി ഒരു കോടി രൂപയുടെ എസ്റ്റിമേറ്റിൽ 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കി വരുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവ ചേർത്തുകൊണ്ടാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ചുരുങ്ങിയത് ഒരു ഏക്കർ സ്ഥലമെങ്കിലും പഞ്ചായത്തിന്റെ

കൈവശം ലഭ്യമായിരിക്കണം. ഓരോ കളിസ്ഥലത്തിലും സ്ഥല ലഭ്യതയ്ക്കും ഫണ്ടിനനുസരിച്ച് വിവിധ കായിക വിനോദങ്ങൾക്ക് വേണ്ട കോർട്ടുകൾ, കുട്ടികൾക്കായുള്ള പ്രത്യേക കളിസ്ഥലം, പ്രായമായവർക്കുള്ള വിനോദോപാധികൾ, ഓപ്പൺ ജിംനേഷ്യം, ഹെൽത്ത് പവലിയൻ, ടോയ്‌ലറ്റ്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഓരോ കളിസ്ഥലത്തിന്റേയും പരിപാലനത്തിനായി ചുരുങ്ങിയത് 2 പേർക്കെങ്കിലും തൊഴിൽലഭ്യത ഉറപ്പാക്കും. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി അതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. ആദ്യ ഘട്ടം ഓരോ നിയോജകമണ്ഡലത്തിലും ഒരു പദ്ധതി എന്ന കണക്കിൽ നടപ്പാക്കുന്നതിനായി എം.എൽ.എ-മാർ നൽകിയ മുൻഗണനാ ലിസ്റ്റ് അനുസരിച്ചുള്ള പദ്ധതികളുടെ സ്ഥലപരിശോധന കായിക വകുപ്പിന് കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിക്ക് ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. സ്വന്തമായി ഭൂമിയില്ലാത്ത പഞ്ചായത്തുകളിൽ പ്രദേശത്തുള്ള സർക്കാർ സ്കൂളുമായോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ച് നൽകുന്നതിനുള്ള

പദ്ധതിയും പരിഗണിക്കുന്നതാണ്. പദ്ധതി ബന്ധപ്പെട്ട ജനപ്രതിനിധികൾ നൽകുന്ന മുൻഗണനാക്രമത്തിൽ ഏറ്റെടുത്ത് നടത്താനാണ് ഉദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള കളിസ്ഥലങ്ങൾ നവീകരിക്കുന്നതിന് സാധിക്കുമോ; എങ്കിൽ ഏതെല്ലാം തരത്തിലുള്ള നവീകരണങ്ങളാണ് സാദ്ധ്യമാകുന്നതെന്ന് അറിയിക്കുമോ?

ഫണ്ട് ലഭ്യത, നിലവിലുള്ള ഗ്രൗണ്ടിന്റെ സ്ഥിതി, ആവശ്യകത എന്നിവയുടെ അടിസ്ഥാനത്തിൽ നവീകരണം നടത്താൻ സാധ്യമാണ്.

(സി) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിലൂടെ എത്ര കളിസ്ഥലങ്ങൾ നവീകരിക്കുന്നതിനാണ് ഫണ്ട് വകയിരുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം മാത്രമാണ് നിലവിൽ പരിഗണിച്ചിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെടുന്ന ഒരു ഗ്രൗണ്ടിനാണ് ഫണ്ട് വകയിരുത്തുക.

## ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി

349(1889) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതി പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ എവിടെയൊക്കെയാണ് സ്ഥലങ്ങൾ തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ;

&

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി റിപ്പോർട്ട് നൽകാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. ആദ്യഘട്ടം ഓരോ നിയോജകമണ്ഡലത്തിലും ഒരു പദ്ധതി എന്ന കണക്കിൽ നടപ്പാക്കുന്നതിനായി എം.എൽ.എ-മാർ നൽകിയ മുൻഗണനാ ലിസ്റ്റ് അനുസരിച്ചുള്ള പദ്ധതികളുടെ സ്ഥലപരിശോധന കായിക വകുപ്പിന് കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിക്ക് ഭരണാനുമതി നൽകുന്ന മുറയ്ക്ക് നിർമ്മാണപ്രവൃത്തികൾ

ആരംഭിക്കുന്നതാണ്. ആദ്യഘട്ടത്തിലുള്ള കളിസ്ഥലങ്ങൾ അന്തിമമായി തീരുമാനിച്ചിട്ടില്ല.

<u>വണ്ടൂർ സ്റ്റേഡിയം നിർമ്മാണം</u>

350(1890) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ വണ്ടൂരിൽ ആധുനിക രീതിയിലുള്ള സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് കായിക വകുപ്പ് ഉദ്യോഗസ്ഥതലത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഇതുമായി ബന്ധപ്പെട്ട് എടുത്ത തീരുമാനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

&

(സി) സ്റ്റേഡിയത്തിന്റെ നിർമ്മാണം എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്നും സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നും അറിയിക്കാമോ?

2019-20-ലെ ബഡ്ജറ്റിൽ ക്രമനം. 1588 പ്രകാരം 2 കോടി രൂപ അടങ്കൽ തുക ഗ്രൗണ്ട് നവീകരണത്തിനായി അനുവദിച്ചിരുന്നു. തുടർന്ന് ടി പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതി നൽകുന്ന മുറയ്ക്ക് തുടർ നടപടികൾ ആരംഭിക്കുന്നതാണ്.

## ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി

351(1891) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് വിശദമാക്കാമോ?

ഗ്രാമീണ കളിക്കളങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി സർക്കാരിന്റെ 2021-22-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിനുവേണ്ടി ഓരോ പദ്ധതിക്കും ശരാശരി ഒരു കോടി രൂപയുടെ എസ്റ്റിമേറ്റിൽ 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കി വരുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ,

ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവ ചേർത്തുകൊണ്ടാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ചുരുങ്ങിയത് ഒരു ഏക്കർ സ്ഥലമെങ്കിലും പഞ്ചായത്തിന്റെ കൈവശം ലഭ്യമായിരിക്കണം. ഓരോ കളിസ്ഥലത്തിനും സ്ഥലലഭ്യതയ്ക്കും ഫണ്ടിനുമനുസരിച്ച് വിവിധ കായിക വിനോദങ്ങൾക്ക് വേണ്ട കോർട്ടുകൾ, കുട്ടികൾക്കായുള്ള പ്രത്യേക കളിസ്ഥലം, പ്രായമായവർക്കുള്ള വിനോദോപാധികൾ, ഓപ്പൺ ജിംനേഷ്യം, ഹെൽത്ത് പവലിയൻ, ടോയ്‌ലറ്റ്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഓരോ കളിസ്ഥലത്തിന്റേയും പരിപാലനത്തിനായി ചുരുങ്ങിയത് 2 പേർക്കെങ്കിലും തൊഴിൽ ലഭ്യത ഉറപ്പാക്കും. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി അതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. ആദ്യഘട്ടം ഓരോ നിയോജകമണ്ഡലത്തിലും ഒരു പദ്ധതി എന്ന കണക്കിൽ നടപ്പാക്കുന്നതിനായി എം.എൽ.എ-മാർ നൽകിയ മുൻഗണനാ ലിസ്റ്റ് അനുസരിച്ചുള്ള പദ്ധതികളുടെ സ്ഥലപരിശോധന കായിക വകുപ്പിന് കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭരണാനുമതി നൽകി ഇതിന്റെ പ്രവർത്തനങ്ങൾ

അടിയന്തരമായി ആരംഭിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വന്തമായി ഭൂമിയില്ലാത്ത പഞ്ചായത്തുകളിൽ പ്രദേശത്തുള്ള സർക്കാർ സ്കൂളുമായോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതിയും പരിഗണിക്കുന്നതാണ്. പദ്ധതി ബന്ധപ്പെട്ട ജനപ്രതിനിധികൾ നൽകുന്ന മുൻഗണനാക്രമത്തിൽ ഏറ്റെടുത്ത് നടത്താനാണ് ഉദ്ദേശിക്കുന്നത്.

## പാപ്പിനിശ്ശേരി ഇൻഡോർ സ്റ്റേഡിയം

352(1892) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിലെ പാപ്പിനിശ്ശേരിയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച ഇൻഡോർ സ്റ്റേഡിയത്തിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

&

(സി) പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സങ്ങളുണ്ടോ; വിശദാംശം നൽകാമോ?

അഴീക്കോട് മണ്ഡലത്തിലെ പാപ്പിനിശ്ശേരിയിൽ ഇൻഡോർ സ്റ്റേഡിയത്തിന്റെ പ്രവൃത്തിക്കായി 4,89,40,300 രൂപയുടെ എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി നൽകുന്ന മുറയ്ക്ക് നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

## സ്റ്റേഡിയം നിർമ്മാണം

353(1893) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം, പൊന്മള ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം എന്നിവയ്ക്ക് ഭരണാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

2021-22 ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി ബഡ്ജറ്റ് ക്രമനമ്പർ 2542 പ്രകാരം 400 ലക്ഷം രൂപ അടങ്കൽ തുകയും 100

രൂപ ടോക്കൺ പ്രൊവിഷനമാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ പ്രാഥമിക സ്ഥലപരിശോധന സ്പോർട്സ് കേരള ഫൗണ്ടേഷൻ എഞ്ചിനീയറിംഗ് വിഭാഗം ഇതിനകം തന്നെ നടത്തിയിട്ടുണ്ട്. ബഡ്ജറ്റിൽ 20% തുക വകയിരുത്തിയ പദ്ധതികളാണ് മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നത്. ടോക്കൺ പ്രൊവിഷൻ മാത്രം അനുവദിച്ച പദ്ധതികൾ മറ്റു പദ്ധതികൾക്ക് ഭരണാനുമതി നൽകിയശേഷം പരിഗണിക്കുന്നതാണ്.

(ബി) കുറ്റിപ്പുറത്ത് സ്റ്റേഡിയം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിക്കണമെന്ന കുറ്റിപ്പുറം സ്പോർട്ട്സ് അക്കാദമിയുടെ നിവേദനത്തിൻമേൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

&

(സി) പ്രസ്തുത വിഷയത്തിൻമേൽ മലപ്പുറം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

പരിശോധിക്കാവുന്നതാണ്.

## കായിക താരങ്ങൾക്ക് സർക്കാർ ജോലി

354(1894) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക താരങ്ങൾക്ക് സർക്കാർ ജോലി നല്കുന്ന പദ്ധതി പ്രകാരം കഴിഞ്ഞ അഞ്ച് വർഷം എത്ര പേർക്ക് തൊഴിൽ നല്കിയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് കൂടി നിയമനം നല്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദാംശം വെളിപ്പെടുത്താമോ;

&

(ബി) കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ ഓരോ വർഷവും ജോലി ലഭിച്ചവരുടെ പേരുവിവരങ്ങളും അവർക്ക് നിയമനം ലഭിച്ച വകുപ്പ്/സ്ഥാപനത്തിന്റെ വിശദാംശം, തൊഴിൽ നൽകുന്നതിന് ആധാരമായി പരിഗണിച്ച അവരുടെ മികവിന്റെ വിവരങ്ങൾ എന്നിവ അറിയിക്കാമോ?

35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി.

ക്ലാർക്കിന്റെ 68 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് 2016-ലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി നീക്കിവച്ചിരിക്കുന്ന 50 ഒഴിവുകളിൽ ഒന്നിൽ ഉൾപ്പെടുത്തി സെക്രട്ടറിയേറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റിന്റെ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. മാനസിക പക്വത കൈവരിക്കാത്ത ശ്രീ. ഷൈബൻ. ഇ. ബി-ക്ക് 2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ മികച്ച പ്രകടനം കാഴ്ചവച്ച്  രാജ്യത്തിനുവേണ്ടി നേടിയ മികവ് കണക്കിലെടുത്ത് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്. ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകിയിട്ടുണ്ട്. 72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായികതാരങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 35-ാമത്

ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനങ്ങളിൽ വെള്ളി, വെങ്കല മെഡലുകൾ കരസ്ഥമാക്കിയ 82 കായിക താരങ്ങൾക്ക് കായിക യുവജനകാര്യാലയത്തിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010 മുതൽ 2014 വരെയുള്ള കലണ്ടർ വർഷങ്ങളിലെ ആകെയുള്ള 249 ഒഴിവുകളിൽ 10.2.2020-ലെ സ.ഉ.(എം.എസ്)നം.20/2020/പൊ.ഭ.വ പ്രകാരം 195 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. 15.7.2019-ലെ സ.ഉ(ആർ.റ്റി)നം. 4180/2019/ജി.എ.ഡി. പ്രകാരം പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിൽ നിന്നാണ് പ്രസ്തുത 195 പേർക്കും നിയമനം നൽകിയിട്ടുള്ളത്. പ്രസ്തുത സെലക്ട് ലിസ്റ്റിന്റെയും സർക്കാർ ഉത്തരവിന്റെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+ പ്രസ്തുത വർഷങ്ങളിലെ ശേഷിക്കുന്ന ഒഴിവുകളിലേയ്ക്ക് നിയമനം നൽകുന്നതിനായി പ്രസിദ്ധീകരിച്ച 21.12.2020-ലെ സ.ഉ(സാധാ)നം.3923/2020/ജി.എ.ഡി സെലക്ട് ലിസ്റ്റിൽ നിന്നും 24 പേർക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. 2010-2014 വർഷങ്ങളിലെ ഒഴിവുകളിലേയ്ക്ക് 195 പേർക്ക് നിയമനം നൽകിയതിനെ തുടർന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട എൻ.ജെ.ഡി. ഒഴിവുകൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെടെയുള്ള ശേഷിക്കുന്ന ഒഴിവുകളിലേയ്ക്ക് നിയമനം നടത്തേണ്ടതായിട്ടുണ്ട്. അന്താരാഷ്ട്ര ശരീരസൗന്ദര്യ മത്സരങ്ങളിൽ മികച്ച നേട്ടങ്ങൾ കരസ്ഥമാക്കിയ ശ്രീ. ചിത്തരേഷ് നടേശൻ, ശ്രീ. ഷിനു ചൊവ്വ എന്നീ കായിക താരങ്ങൾക്ക് അവരുടെ മികച്ച കായികനേട്ടങ്ങളും കുടുംബ പശ്ചാത്തലവും കണക്കിലെടുത്ത് നിയമനം നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കായികതാരങ്ങൾക്ക് പോസ്റ്റിംഗ് ഓർഡർ നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## സ്പോർട്സ് ക്വാട്ടയിൽ നിയമനം

355(1895) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 സർക്കാരിന്റെ കാലത്ത് സ്പോർട്സ് ക്വാട്ടാ വഴി എത്ര കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2011-2016 സർക്കാരിന്റെ കാലത്ത് 2006-08, 2009 വർഷങ്ങളിലെ സ്പോർട്സ് ക്വാട്ടാ നിയമനത്തിനായുള്ള ഒഴിവുകളിൽ 108 കായിക താരങ്ങൾക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് എത്ര കായിക താരങ്ങൾക്ക് സ്പോർട്സ് ക്വാട്ടയിൽ നിയമനം നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

മുൻ സർക്കാർ അധികാരമേറ്റ ശേഷം 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്കിന്റെ 68 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് 2016 വർഷത്തിലെ സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി നീക്കിവച്ചിരിക്കുന്ന 50 ഒഴിവുകളിൽ ഒന്നിൽ ഉൾപ്പെടുത്തി സെക്രട്ടേറിയേറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റിന്റെ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. മാനസിക പക്വത കൈവരിക്കാത്ത ശ്രീ. ഷൈബൻ. ഇ. ബി-ക്ക് 2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ മികച്ച പ്രകടനം കാഴ്ച വച്ച് രാജ്യത്തിനുവേണ്ടി നേടിയ മികവ് കണക്കിലെടുത്ത് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള

ചട്ടങ്ങളിൽ ഇളവു വരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്.ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകിയിട്ടുണ്ട്. 72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായിക താരങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കായിക മികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ പി.കെ.-ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ വെള്ളി/വെങ്കല മെഡലുകൾ കരസ്ഥമാക്കിയ 82 കായിക താരങ്ങൾക്ക് കായിക യുവജനകാര്യാലയത്തിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. 2010 മുതൽ 2014 വരെയുള്ള വർഷങ്ങളിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായുള്ള 249 ഒഴിവുകളിൽ 195 കായിക താരങ്ങൾക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക താരങ്ങൾക്ക് നിയമനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക്; നിയമന നടപടികൾ പുരോഗമിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

അന്താരാഷ്ട്ര ശരീരസൗന്ദര്യ മത്സരങ്ങളിൽ മികച്ച നേട്ടങ്ങൾ കരസ്ഥമാക്കിയ ശ്രീ. ചിത്തരേഷ് നടേശൻ, ശ്രീ.ഷിനു ചൊവ്വ എന്നീ കായിക താരങ്ങൾക്ക് അവരുടെ മികച്ച കായിക നേട്ടങ്ങളും കുടുംബ പശ്ചാത്തലവും കണക്കിലെടുത്ത് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസൃതമായുള്ള ക്ലാസ്-I തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കായികതാരങ്ങൾക്ക് പോസ്റ്റിംഗ് ഓർഡർ നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ 2010 മുതൽ 2014 വരെയുള്ള വർഷങ്ങളിലെ സ്പോർട്സ് ക്വാട്ടാ നിയമന പദ്ധതി പ്രകാരം ശേഷിക്കുന്ന ഒഴിവുകളിലേയ്ക്ക് നിയമനം നൽകുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

**<u>കായിക താരങ്ങൾക്ക് ജോലി</u>**

356(1896) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 ജൂൺ മുതൽ നാളിതുവരെ എത്ര കായിക താരങ്ങൾക്ക് സർക്കാർ സർവീസിൽ ജോലി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; അർഹതപ്പെട്ട എത്ര കായിക താരങ്ങളുടെ അപേക്ഷകളാണ് നിലവിൽ തീരുമാനം എടുക്കുവാൻ ഉള്ളത് എന്ന് വിവരം ലഭ്യമാക്കുമോ;

&

(ബി) സംസ്ഥാനത്തിനുവേണ്ടി മികച്ച നേട്ടങ്ങൾ കൈവരിച്ച കായിക താരങ്ങൾ അർഹതപ്പെട്ട ജോലിക്കുവേണ്ടി സമരം ചെയ്യേണ്ടി വരുന്ന ദുരവസ്ഥ പരിഹരിക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ

എൽ.ഡി.ക്ലാർക്കിന്റെ 68 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് 2016 വർഷത്തിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി നീക്കിവച്ചിരിക്കുന്ന 50 ഒഴിവുകളിൽ ഒന്നിൽ ഉൾപ്പെടുത്തി സെക്രട്ടറിയേറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റിന്റെ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. മാനസിക പക്വത കൈവരിക്കാത്ത ശ്രീ.ഷൈബൻ ഇ. ബി-ക്ക് 2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ മികച്ച പ്രകടനം കാഴ്ച വച്ച് രാജ്യത്തിനുവേണ്ടി നേടിയ മികവ് കണക്കിലെടുത്ത് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്. ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകിയിട്ടുണ്ട്. 72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായികതാരങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 35-ാമത്

ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനങ്ങളിൽ വെള്ളി, വെങ്കല മെഡലുകൾ കരസ്ഥമാക്കിയ 82 കായിക താരങ്ങൾക്ക് കായികയുവജന കാര്യാലയത്തിൽ എൽ. ഡി. ക്ലാർക്കിന്റെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010 മുതൽ 2014 വരെയുള്ള വർഷങ്ങളിലെ ആകെയുള്ള 249 ഒഴിവുകളിൽ 195 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. 2010 മുതൽ 2014 വർഷങ്ങളിലെ ശേഷിക്കുന്ന ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനായി പ്രസിദ്ധീകരിച്ചിട്ടുള്ള സെലക്ട് ലിസ്റ്റിൽ നിന്നും കായിക താരങ്ങൾക്ക് നിയമനം നൽകുന്നതിനാവശ്യമായ നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ, 2015 മുതൽ 2019 വരെയുള്ള കലണ്ടർ വർഷങ്ങളിലെ ഒഴിവുകളിലേയ്ക്കും കായിക താരങ്ങളിൽനിന്ന് അപേക്ഷകൾ സ്വീകരിക്കുകയുണ്ടായി. പ്രസ്തുത വർഷങ്ങളിലെ ഒഴിവിലേയ്ക്ക് നിയമനത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ചുവരികയാണ്.

## <u>മാരാരിക്കുളം വോളിബോൾ അക്കാദമി</u>

357(1897) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ നിയോജകമണ്ഡലത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഉദയകുമാർ സ്മാരക വോളിബോൾ അക്കാദമി മാരാരിക്കുളം, യുവഭാരത് സാംസ്കാരികനിലയം ഇൻഡോർ വോളിബോൾ കോർട്ട് എന്നിവയുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് വിശദമാക്കാമോ?

2021-22 സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച ആലപ്പുഴ നിയോജകമണ്ഡലത്തിലെ ഉദയകുമാർ സ്മാരക വോളിബോൾ അക്കാദമി മാരാരിക്കുളം, യുവഭാരത് സാംസ്കാരികനിലയം ഇൻഡോർ വോളിബോൾ കോർട്ട് എന്നീ പ്രവൃത്തികൾക്കായി യഥാക്രമം 3 കോടി രൂപയും 1 കോടി രൂപയും അടങ്കൽ തുകയായി പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. തനത് സാമ്പത്തിക വർഷത്തിൽ മേൽ പ്രവൃത്തികൾക്കായി യഥാക്രമം 5 ലക്ഷം രൂപയും 20 ലക്ഷം രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിൽ നൽകിയിട്ടുള്ള മേൽ പദ്ധതികൾ കായിക വകുപ്പിന്റെ ശീർഷകത്തിലേയ്ക്ക് ധനകാര്യ വകുപ്പ് മാറ്റി നൽകുന്നതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി ഭരണാനുമതി നൽകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ജിമ്മിന്റെ നിർമ്മാണം

358(1898) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിലെ വൻകുളത്ത് വയലിൽ പ്രഖ്യാപിച്ചിട്ടുള്ള ആധുനിക സൗകര്യങ്ങളോടുകൂടിയ ജിമ്മിന്റെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

&

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

അഴീക്കോട് മണ്ഡലത്തിലെ വൻകുളത്ത് വയലിൽ പ്രഖ്യാപിച്ചിട്ടുള്ള ആധുനിക സൗകര്യങ്ങളോടുകൂടിയ ജിമ്മിന്റെ പ്രവൃത്തിക്കായുള്ള സ്ഥലം സ്പോർട്സ് കേരള ഫൗണ്ടേഷൻ പരിശോധന നടത്തി പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

## ഓരോ പഞ്ചായത്തിലും ഒരു കളിക്കളം പദ്ധതി

359(1899) ശ്രീ. ജോബ് മൈക്കിൾ:

ശ്രീ പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ പഞ്ചായത്തിലും ഒരു കളിക്കളം പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. ആദ്യ ഘട്ടം ഓരോ നിയോജകമണ്ഡലത്തിലും ഒരു പദ്ധതി എന്ന കണക്കിൽ നടപ്പാക്കുന്നതിനായി എം.എൽ.എ.മാർ നൽകിയ മുൻഗണനാ ലിസ്റ്റ് അനുസരിച്ചുള്ള പദ്ധതികളുടെ സ്ഥലപരിശോധന കായിക വകുപ്പിന് കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിക്ക് ഭരണാനുമതി നൽകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ബി) കോട്ടയം, പത്തനംതിട്ട ജില്ലകളിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ആദ്യഘട്ടത്തിലുള്ള കളിസ്ഥലങ്ങൾ സംബന്ധിച്ച് അന്തിമലിസ്റ്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

(സി) പ്രസ്തുത പദ്ധതിയിൽ ഒരു കളിക്കളത്തിന് എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; പൂർണ്ണമായും കായിക വകുപ്പിന്റെ ഫണ്ടാണോ ഇതിനായി ചെലവഴിക്കുന്നത്; എം.എൽ.എ. ഫണ്ട് ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഗ്രാമീണ കളിക്കളങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി സർക്കാരിന്റെ 2021-22-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിനുവേണ്ടി ഓരോ പദ്ധതിക്കും ശരാശരി ഒരു കോടി രൂപയുടെ എസ്റ്റിമേറ്റിൽ 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കി വരുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവ ചേർത്തുകൊണ്ടാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) പദ്ധതിയിൽ എന്തൊക്കെ സൗകര്യങ്ങൾ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

ഓരോ കളിസ്ഥലത്തിലും സ്ഥല ലഭ്യതയ്ക്കും ഫണ്ടിനുമനുസരിച്ച് വിവിധ കായിക വിനോദങ്ങൾക്ക് വേണ്ട കോർട്ടുകൾ കുട്ടികൾക്കായുള്ള പ്രത്യേക കളിസ്ഥലം, പ്രായമായവർക്കുള്ള വിനോദോപാധികൾ, ഓപ്പൺ ജിംനേഷ്യം, ഹെൽത്ത് പവലിയൻ, ടോയ്‌ലെറ്റ്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

## <u>ഗ്രൗണ്ട് നവീകരണ പദ്ധതി</u>

360(1900) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്തിലും ഓരോ ഗ്രൗണ്ട് നവീകരിക്കുന്നതിനായി കായിക വകുപ്പ് തയ്യാറാക്കിയ പദ്ധതിയിൽ പെരിന്തൽമണ്ണ മണ്ഡലത്തിൽ ഏത് ഗ്രൗണ്ടാണ് പരിഗണിക്കുന്നതെന്ന് വിശദമാക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിയുടെ കീഴിൽ വരുന്ന സ്ഥലം സംബന്ധിച്ച അന്തിമലിസ്റ്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി അതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. ആദ്യ ഘട്ടം ഓരോ നിയോജകമണ്ഡലത്തിലും ഒരു പദ്ധതി എന്ന കണക്കിൽ നടപ്പാക്കുന്നതിനായി ജനപ്രതിനിധികൾ നൽകിയ മുൻഗണനാലിസ്റ്റ് അനുസരിച്ചുള്ള പദ്ധതികളുടെ സ്ഥലപരിശോധന കായിക വകുപ്പിന് കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭരണാനുമതി നൽകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## നിലമ്പൂർ മാനവേദൻ സ്കൂളിൽ മിനി സ്റ്റേഡിയം

361(1901) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മാനവേദൻ സ്കൂളിൽ മിനി സ്റ്റേഡിയം കോംപ്ലക്സ് പദ്ധതിയുടെ ഭാഗമായുള്ള പരിശീലന നീന്തൽക്കുളത്തിന്റെയും മൾട്ടി പർപ്പസ് ഇൻഡോർ കോർട്ടിന്റെയും നിർമ്മാണം ആരംഭിക്കാത്തത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിർമ്മാണം ഇതുവരെ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

കായിക വകുപ്പിന്റെ എസ്.പി.വി-യായ കിറ്റ്കോ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായുള്ള നീന്തൽ കുളത്തിന്റെയും മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയത്തിന്റേയും നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതിപ്രദേശത്തുള്ള മരം മുറി, ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റുന്നത്, കെട്ടിടങ്ങൾ പൊളിക്കുന്ന പ്രവൃത്തികൾ എന്നിവ സ്കൂൾ/മുനിസിപ്പാലിറ്റി നടത്തിത്തരാത്തതിനാൽ കാലതാമസം നേരിട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ പ്രസ്തുത തടസ്സങ്ങൾ മാറ്റിയെങ്കിലും സാധനങ്ങളുടെ വില കൂടിയതുകാരണം കരാറുകാരൻ തുടർന്ന് പ്രവർത്തിക്കാൻ ബുദ്ധിമുട്ട് അറിയിച്ചിട്ടുണ്ട്. ആയതിൻമേൽ തീരുമാനം ഉടൻ എടുക്കുവാൻ എസ്.പി.വി.ക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(ബി) നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സ് പദ്ധതിയുടെ ഭാഗമായി ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും നിർമ്മാണം പുരോഗമിക്കുന്നവ ഏതെല്ലാമാണെന്നും മേൽ പ്രവൃത്തികൾക്ക് ആകെ ചെലവഴിക്കേണ്ട തുക എത്രയെന്നും അറിയിക്കാമോ; പരിശീലന

നീന്തൽക്കുളവും ഇൻഡോർ കോർട്ടും നിർമ്മിക്കുന്നതിന് എത്ര തുകയാണ് പദ്ധതിയിൽ നീക്കിയിരിപ്പുള്ളതെന്ന് അറിയിക്കാമോ?

നിലവിൽ പുല്ല് വച്ച ഫുട്ബോൾ കോർട്ട്, പവിലിയൻ കെട്ടിടം എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സിന്തറ്റിക് ട്രാക്കിന്റെയും അനുബന്ധ പ്രവൃത്തികളുടെയും പണി അവസാനഘട്ടത്തിലാണ്. ഈ പദ്ധതിക്കായി കിഫ്ബി അംഗീകരിച്ച തുക 18,30,00,000 രൂപയും നീന്തൽ കുളത്തിന്റെ നിർമ്മാണത്തിനായി 98 ലക്ഷം രൂപയും ഇൻഡോർ ട്രെയിനിംഗ് സെന്ററിന് 1.31 കോടി രൂപയുമാണ് അനുവദിച്ചത്.

(സി) പരിശീലന നീന്തൽക്കുളവും ഇൻഡോർ കോർട്ടും നിർമ്മിക്കുന്നതിന് പുതിയ ടെണ്ടർ വിളിക്കേണ്ടി വരുമോ; ഇതിനായി കായിക വകുപ്പോ കിഫ്ബിയോ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ എസ്.പി.വി-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സ് പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാർ അടിയന്തരമായി ഇടപെടുമോ; ഇതിനായുള്ള നിർദ്ദേശം നൽകാമോ?

കായിക വകുപ്പിന് കീഴിൽ ആരംഭിച്ച സ്പോർട്സ് കേരള ഫൗണ്ടേഷൻ പദ്ധതി പുരോഗതി സംബന്ധിച്ച് ഇടപെടാനും തടസ്സങ്ങൾ നീക്കാൻ വേണ്ട നിർദ്ദേശം നൽകാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## സ്കൂളുകളിൽ കായിക പരിശീലനം

362(1902) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകളുടെ പ്രവർത്തനം പഴയതുപോലെ ആരംഭിച്ച സാഹചര്യത്തിൽ കുട്ടികളുടെ ആരോഗ്യവും ശാരീരികക്ഷമതയും മെച്ചപ്പെടുത്തുന്നതിന് കായിക വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിക്കുന്നതിന് ആലോചിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ കായിക മേഖലയ്ക്ക് ഉണർവ് നൽകുന്നതിനും കായികതാരങ്ങളുടെ കായികക്ഷമത മെച്ചപ്പെടുത്തുന്നതിനുമായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ച് നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

ഓപ്പറേഷൻ ഒളിമ്പ്യ -2024 ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന നടപ്പാക്കുന്ന പ്രമുഖ കായികപദ്ധതിയാണ് ഓപ്പറേഷൻ ഒളിമ്പ്യ. പ്രസ്തുത പദ്ധതിയിലേയ്ക്ക് അത്‌ലറ്റിക്, സൈക്ലിംഗ്, ബോക്സിംഗ്, സ്വിമ്മിംഗ്, റസ്ലിംഗ്, കനോയിംഗ്, കയാക്കിംഗ്, റോവിംഗ്, ബാഡ്മിന്റൺ, ഫെൻസിംഗ്, ആർച്ചറി, ഷൂട്ടിംഗ് എന്നീ 11 കായികയിനങ്ങൾ തെരഞ്ഞെടുത്തിരുന്നു. ഈ കായികയിനങ്ങളിൽ നിന്നും ആർച്ചറി, ഷൂട്ടിംഗ്, എന്നിവ ഒഴികെ ബാക്കിയുള്ള 9 കായിക ഇനങ്ങൾ ആദ്യ ഘട്ടത്തിൽ ആരംഭിച്ചു. നിലവിൽ ആരംഭിച്ച 9 കായിക ഇനങ്ങളിൽ നിന്ന് ദേശീയ അന്തർദ്ദേശീയ നിലവാരമുള്ള 5 കായികയിനങ്ങളായ ബോക്സിംഗ്, ബാഡ്മിന്റൺ, റോവിംഗ്, ഫെൻസിംഗ്, അത്‌ലറ്റിക്സ് എന്നീ കായിക ഇനങ്ങൾ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൽ ഉൾപ്പെടുത്തി തുടരുവാനും ബാക്കിയുള്ള 4 കായികയിനങ്ങളായ സൈക്ലിംഗ്, റസലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഫീഡിംഗ് സെന്ററായി തുടരുവാനും തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലെ ബോക്സിംഗ് തിരുവനന്തപുരം ജില്ലയിലും റോവിംഗ് ആലപ്പുഴ ജില്ലയിലും ബാഡ്മിന്റൺ എറണാകുളം ജില്ലയിലും ഫെൻസിംഗ് കണ്ണൂർ ജില്ലയിലും പരിശീലനം തുടർന്നുവരുന്നു.

ഓരോ കായികയിനത്തിലും 15 കായിക താരങ്ങൾ വീതമാണ് പരിശീലനം നടത്തിവരുന്നത്. ഓരോ വർഷത്തിലും പരിശീലനത്തിന്റെ മികവ് വിലയിരുത്തി വീഡ് ഔട്ട് നടത്തുന്നുണ്ട്. എലൈറ്റ് സ്കീം മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളിബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കായിക താരങ്ങളെ ഏഷ്യൻ/കോമൺവെൽത്ത് ഒളിമ്പിക്സ് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാദ്ധ്യത ഉറപ്പാക്കുന്ന രീതിയിൽ വളർത്തിയെടുക്കുക എന്നതാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. മികച്ച കായികതാരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ വിവിധ ജില്ലകളിൽ വിവിധ കായിക ഇനങ്ങളിലായി 31 ജില്ലാ സ്പോർട്സ് അക്കാദമികൾ, 51 കോളേജ് സ്പോർട്സ് അക്കാദമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാദമികൾ എന്നിവ പ്രവർത്തിച്ച് വരുന്നതോടൊപ്പം കൗൺസിലിലെ പരിശീലകരുടെ കീഴിൽ കായികതാരങ്ങൾക്ക് വിദഗ്ധ പരിശീലനം നൽകിവരുന്നുമുണ്ട്. ദേശീയ,

അന്തർദ്ദേശീയ തലങ്ങളിൽ മികവ് പുലർത്തിയ കായികതാരങ്ങൾക്ക് തുടർ പരിശീലനത്തിനുള്ള സാമ്പത്തിക സഹായവും എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതിയിലുൾപ്പെടുത്തി സ്കോളർഷിപ്പ് അനുവദിച്ചുവരുന്നുണ്ട്. കൗൺസിലിന്റെ കീഴിലുള്ള അന്താരാഷ്ട്ര സ്റ്റേഡിയങ്ങൾ, സ്വിമ്മിംഗ് പൂളുകൾ, ഇൻഡോർ സ്റ്റേഡിയങ്ങൾ എന്നിവിടങ്ങളിൽ കായികതാരങ്ങൾക്ക് പരിശീലനം ചെയ്യുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. കൂടാതെ ബഹു. മുഖ്യമന്ത്രിയുടെ നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി എറണാകുളം ജില്ലയിലെ പനമ്പിള്ളി നഗറിൽ വനിതകൾക്കായി ഒരു ഫുട്ബോൾ അക്കാദമി ആരംഭിച്ചിട്ടുണ്ട്. സ്കൂളുകളുടെ പ്രവർത്തനം പഴയതുപോലെ ആരംഭിച്ച സാഹചര്യത്തിൽ കുട്ടികളുടെ ആരോഗ്യവും ശാരീരിക ക്ഷമതയും മെച്ചപ്പെടുത്തുന്നതിന് ഗ്രാസ്റൂട്ട് ലെവൽ പരിശീലന പദ്ധതികളായ ഗോൾ, ഹൂപ്സ്, സ്പ്രിന്റ്, ജൂഡോക്ക, പഞ്ച് എന്നിവയും കുട്ടികളുടെ കായികവും ബൗദ്ധികവുമായ കഴിവ് വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയിരുന്ന പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി ഹെൽത്തി കിഡ്സ് എന്ന പേരിലും പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കായിക വകുപ്പിന്റെയും സ്പോർട്സ് കൗൺസിലിന്റെയും കീഴിൽ സ്കൂളുകളിൽ കായിക പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

കായിക വകുപ്പിന്റെയും സ്പോർട്സ് കൗൺസിലിന്റെയും കീഴിൽ സ്കൂളുകളിൽ കായിക പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് പദ്ധതി നിലവിലില്ല. എന്നാൽ ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ കീഴിൽ തെരഞ്ഞെടുക്കപ്പെട്ട കായികയിനങ്ങളിൽ കൗൺസിലിലെ വിദഗ്ദ്ധ പരിശീലകരുടെ നേതൃത്വത്തിൽ സമ്മർ കോച്ചിംഗ് ക്യാമ്പുകൾ നടത്തിവരുന്നുണ്ട്. പ്രസ്തുത ക്യാമ്പുകളിൽ സ്കൂൾ കായികതാരങ്ങൾക്ക് പ്രാമുഖ്യം നൽകിവരുന്നുണ്ട്.

## സ്പോർട്സ് മെഡിസിൻ

363(1903)ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായിക വകുപ്പിൻകീഴിൽ സ്പോർട്സ് മെഡിസിൻ തൃശ്ശൂരിൽ ആരംഭിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കായികവകുപ്പിന് കീഴിൽ ആരംഭിച്ച തൃശ്ശൂർ സ്പോർട്സ് മെഡിസിൻ സെന്ററിന്റെ സിവിൽ & ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി 47.30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി അവസാനഘട്ടത്തിലാണ്. കൂടാതെ 3,58,400 രൂപയുടെ ഫിസിയോ തെറാപ്പി ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. മെഡിസിൻ സെന്ററിന്റെ നിർമ്മാണപ്രവൃത്തികൾ അവസാനിക്കുന്ന മുറയ്ക്ക് ആയത് സജ്ജമാക്കുന്നതാണ്. പ്രസ്തുത പ്രവൃത്തി 31.3.2022-ൽ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

**<u>കായിക താരങ്ങൾക്ക് സർക്കാർ ജോലിയിൽ നിയമനം</u>**

364(1904) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക താരങ്ങൾക്ക് സർക്കാർ ജോലിയിൽ നിയമനം നൽകുന്നത് സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം സ്പോർട്സ് ക്വാട്ടയിൽ സർക്കാർ സർവ്വീസിൽ നിയമനം ലഭിക്കുന്നതിന് താഴെപ്പറയുന്ന വിധം നേട്ടങ്ങൾ

കൈവരിച്ചിരിക്കണം. 1) അംഗീകൃത അന്താരാഷ്ട്ര ഫെഡറേഷനുകൾ നടത്തിയിട്ടുള്ള ഒളിമ്പിക്സ്, ലോകകപ്പ്, ലോക യൂണിവേഴ്സിറ്റി ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, സാഫ് ഗെയിംസ് എന്നിവയിൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ ഭാരതത്തെ പ്രതിനിധാനം ചെയ്ത ടീമിലെ അംഗമായിരിക്കുകയും വ്യക്തിഗത ഇനങ്ങളിലോ, ടീം ഇനങ്ങളിലോ ഒന്നോ രണ്ടോ മൂന്നോ സ്ഥാനം നേടി വിജയികളാകുകയും ചെയ്തവർ. 2) രാജ്യത്തെ പ്രതിനിധാനം ചെയ്ത് മുകളിൽപ്പറഞ്ഞ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളവർ 3) സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായിക ഇനങ്ങളിൽ പങ്കെടുത്ത് ഒന്നോ രണ്ടോ മൂന്നോ സ്ഥാനം നേടി വിജയികളായ കേരള സംസ്ഥാന ടീമിലെ അംഗങ്ങൾ. 4) മൗണ്ടനീയറിംഗ്, കളരിപ്പയറ്റ് എന്നീ കായിക ഇനങ്ങളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകൾ നടത്തുന്ന സീനിയർ സംസ്ഥാന മത്സരങ്ങളിൽ വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നാം സ്ഥാനം നേടി വിജയികളായവർ. കേന്ദ്ര സർക്കാരിലോ സംസ്ഥാന സർക്കാരിലോ പ്രസ്തുത സർക്കാരിലെ പൊതുമേഖലാ സ്ഥാപനങ്ങളിലോ സ്പോർട്സ് ക്വാട്ടാ വഴി നിയമനം ലഭിച്ചവർ വീണ്ടും അപേക്ഷിക്കാൻ അർഹരല്ല. ഉത്തേജക

മരുന്നുകളുടെ ഉപയോഗത്തിന്റെ പേരിൽ ശിക്ഷണ നടപടിക്ക് വിധേയരായവരോ കളികളിൽ നിന്ന് വിലക്ക് കൽപ്പിക്കപ്പെട്ടവരോ ആയ കായികതാരങ്ങൾ സ്പോർട്സ് ക്വാട്ട നിയമനത്തിന് അർഹരല്ല. കൂടാതെ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സ്പോർട്സ് ക്വാട്ടാ നിയമനം നടത്തുന്നത്.

(ബി) സംസ്ഥാന തലത്തിലും ദേശീയ തലത്തിലും രാജ്യാന്തര തലത്തിലും മത്സരിച്ചതും മെഡലുകൾ നേടിയതുമായ കായിക താരങ്ങളിൽ എത്ര പേർക്കാണ് 2000 മുതൽ നാളിതുവരെ സർക്കാർ സർവീസുകളിൽ ജോലി നൽകിയിട്ടുള്ളത്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

(സി) ഇപ്രകാരം വിവിധ കായിക ഇനങ്ങളിൽ മത്സരിക്കുകയോ സമ്മാനാർഹരാകുകയോ ചെയ്തതിന് പാരിതോഷികമായി നിയമനം വാഗ്ദാനം ചെയ്തതിനുശേഷം നിയമനം ലഭിക്കാത്തവരുടെ വിശദാംശം ലഭ്യമാക്കുമോ?

അന്താരാഷ്ട്ര ശരീരസൗന്ദര്യ മത്സരങ്ങളിൽ മികച്ച നേട്ടങ്ങൾ കരസ്ഥമാക്കിയ ശ്രീ. ചിത്തരേഷ് നടേശൻ, ശ്രീ.ഷിനു ചൊവ്വ എന്നീ

കായിക താരങ്ങൾക്ക് അവരുടെ മികച്ച കായികനേട്ടങ്ങളും കുടുംബ പശ്ചാത്തലവും കണക്കിലെടുത്ത് നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കായികതാരങ്ങൾക്ക് പോസ്റ്റിംഗ് ഓർഡർ നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) ജീവിതത്തിലെ സുപ്രധാനമായ ഒരു കാലഘട്ടം പരിശീലനത്തിനും മറ്റുമായി നീക്കിവച്ച് മുൻനിരയിൽ എത്തുന്ന ഇത്തരം കായികതാരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനും നിയമനം നൽകുന്നതിനും ഉണ്ടാകുന്ന അമാന്തം ഈ മേഖലയിലേയ്ക്ക് കൂടുതൽ ആളുകൾ കടന്നുവരുന്നതിന് വിഘാതമാകുകയില്ലേ?

മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010 മുതൽ 2014 വരെയുള്ള വർഷങ്ങളിൽ ആകെയുള്ള 249 ഒഴിവുകളിൽ 195 കായികതാരങ്ങൾക്ക് നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത വർഷങ്ങളിലെ ശേഷിക്കുന്ന ഒഴിവുകളിലേയ്ക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

(ഇ) കായികതാരങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ട ജോലി നൽകുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010 മുതൽ 2014 വരെയുള്ള വർഷങ്ങളിൽ ആകെയുള്ള 249 ഒഴിവുകളിൽ 195 കായികതാരങ്ങൾക്ക് നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത വർഷങ്ങളിലെ ശേഷിക്കുന്ന ഒഴിവുകളിലേയ്ക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

## വഖഫ് ബോർഡ് ഓഫീസുകൾ

365(1905) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വഖഫ് ബോർഡിന് എവിടെയെല്ലാമാണ് ഓഫീസുകൾ പ്രവർത്തിക്കുന്നതെന്നും ഇവ ഓരോന്നിനും മാസവാടക എത്രയാണെന്നും അറിയിക്കുമോ?

കേരളത്തിൽ പ്രവർത്തിക്കുന്ന വഖഫ് ബോർഡ് ഓഫീസുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങളും അവയുടെ വാടക സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.+

(ബി) ആവശ്യമായ സ്ഥലങ്ങളിൽ സ്വന്തം ഓഫീസ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കോഴിക്കോട് ഡിവിഷണൽ ഓഫീസിനുവേണ്ടി കസബ വില്ലേജിലെ സർവ്വെ നമ്പർ 21/6-ൽപ്പെട്ട 25 സെന്റ് സ്ഥലം ലഭ്യമായിട്ടുള്ളതും ആയതിൽ കെട്ടിടം പണിയുന്നതിനുള്ള നടപടികൾ വഖ്ഫ് ബോർഡ് ആരംഭിച്ചിട്ടുമുണ്ട്. ശേഷിച്ചവയ്ക്ക് സ്ഥലം/ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് നടപടികൾ സ്വീകരിക്കുവാൻ കഴിയും.

(സി) വഖഫ് ബോർഡിൽ എത്ര സ്ഥിരം ജീവനക്കാരും എത്ര താൽക്കാലിക ജീവനക്കാരുമുണ്ടെന്ന് അറിയിക്കുമോ?

കേരള സ്റ്റേറ്റ് വഖ്ഫ് ബോർഡിൽ നിലവിൽ 29 സ്ഥിരം ജീവനക്കാരും 91 താൽക്കാലിക ജീവനക്കാരും ജോലി ചെയ്തുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ജീവനക്കാർ മുസ്ലീങ്ങൾ മാത്രമായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ മേൽ വ്യവസ്ഥയ്ക്ക് വിരുദ്ധമായി നിയമനം നടന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉണ്ട്. വഖഫ് ബോർഡിൽ ദൈനംദിന ശുചീകരണ പ്രവർത്തനങ്ങൾക്കുവേണ്ടി ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന 4 സ്വീപ്പർമാർ അമുസ്ലീങ്ങളാണ്. അതൊഴിച്ചാൽ വഖഫ് റെഗുലേഷൻസ് പ്രകാരമുള്ള വഖഫ് ബോർഡ് തസ്തികകളിൽ ജോലി ചെയ്തു വരുന്നത് മുസ്ലീം ജീവനക്കാർ മാത്രമാണ്.

## <u>വഖഫ് സ്വത്ത് കൈമാറ്റം</u>

366(1906) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് സ്വത്ത് കൈമാറ്റം, വിൽപ്പന എന്നിവ അനുവദനീയമാണോ എന്ന് വ്യക്തമാക്കാമോ;

&

(ബി) എങ്കിൽ ഏതൊക്കെ സാഹചര്യത്തിലും മാനദണ്ഡപ്രകാരവുമാണ് അനുവദനീയമെന്ന് വ്യക്തമാക്കാമോ?

1995-ലെ വഖഫ് നിയമത്തിൽ 2013-ലുണ്ടായ നിയമ ഭേദഗതി അനുസരിച്ച് 51 (1A), 104 A(1) എന്നീ വകുപ്പുകൾ പ്രകാരം വഖഫ് വസ്തുക്കളുടെ വിൽപ്പന, ദാനം, ഒത്തുമാറ്റം, പണയപ്പെടുത്തൽ, കൈമാറ്റം എന്നിവ സാധുതയില്ലാത്തതാണ്. എന്നിരുന്നാലും ടി നിയമം ഇതേ വകുപ്പിലെ പ്രൊവൈസോ പ്രകാരം സംസ്ഥാന വഖഫ് ബോർഡുമായി ആലോചിച്ച് 1894-ലെ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം പൊതുകാര്യത്തിനായി ഭൂമി ഏറ്റെടുക്കുവാൻ വ്യവസ്ഥയുണ്ട്.

(സി) കാസർഗോഡ് തെക്കിൽ വില്ലേജിൽ റീസർവ്വെ നമ്പർ 276/1 എ, 277/1 എ എന്നീ നമ്പറുകളിൽ വഖഫ് ഭൂമിയും സ്വത്തും ഉണ്ടോ എന്ന് വിശദമാക്കാമോ?

കാസർഗോഡ് ജില്ല ജംഇയ്യത്തുൽ ഉലമ മലബാർ ഇസ്ലാമിക് കോംപ്ലക്സ് അസോസിയേഷൻ വക തെക്കിൽ വില്ലേജിലെ സർവ്വെ 276/1 എ, 277/1 എ എന്നീ നമ്പറുകളിലായി 1.6695 ഹെക്ടർ ഭൂമി വഖഫിന് കൈവശം ഉണ്ടായിരുന്നു.

(ഡി) പ്രസ്തുത റീസർവ്വെ നമ്പറിൽപ്പെട്ട സ്ഥലമാണോ കേരള സർക്കാർ ടാറ്റാ കമ്പനിയുടെ സഹകരണത്തോടെ കാസർകോഡ് ജില്ലയ്ക്ക് അനുവദിച്ച കോവിഡ്-19 ആശുപത്രിയുടെ നിർമ്മാണത്തിന് വിട്ടുകൊടുത്തതെന്ന് വ്യക്തമാക്കാമോ; എത്ര ഏക്കർ/ഹെക്ടർ ഭൂമിയാണ് വിട്ടുകൊടുത്തതെന്നും നിലവിലെ നിയമപ്രകാരം ഇതിന് സാധൂകരണം ഉണ്ടോ എന്നും വ്യക്തമാക്കാമോ?

തെക്കിൽ വില്ലേജിലെ സർവ്വെ 276/1 എ, 277/1 എ എന്നീ നമ്പറുകളിലെ 1.6695 ഹെക്ടർ ഭൂമിയാണ് കേരള ലാൻഡ് റിലിങ്ക്വിഷ്മെന്റ് ആക്ട് പ്രകാരം കോവിഡ് -19 ആശുപത്രിയുടെ നിർമ്മാണത്തിനുവേണ്ടി കേരള സ്റ്റേറ്റ് വഖഫ് ബോർഡ് വിട്ടുനൽകിയിട്ടുള്ളത്. പകരം ഭൂമി അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(ഇ) പകരം ഭൂമി ലഭ്യമാക്കാമെന്ന വ്യവസ്ഥയിലാണോ ഭൂമി വിട്ടുനൽകിയത്; ഈ വ്യവസ്ഥ ഉണ്ടാക്കിയത് ആരാണെന്നും ഒപ്പുവച്ച അധികാരികൾ ആരാണെന്നും വ്യക്തമാക്കാമോ; വ്യവസ്ഥയുടെ പകർപ്പ് ലഭ്യമാക്കാമോ?

തെക്കിൽ വില്ലേജിലെ സർവ്വെ 267/2 ബി, 1 ബി, 266/1, 276/1 എ, 277/1 എ എന്നീ നമ്പറുകളിലായി സ്ഥിതി ചെയ്യുന്ന 1.6695 ഹെക്ടർ ഭൂമി

കേരള ലാൻഡ് അസൈസ്സൻമെന്റ് റൂൾസ്, 24 പ്രകാരം പകരം നൽകാമെന്ന കാസർഗോഡ് ജില്ലാ കളക്ടറുടെ വ്യവസ്ഥയിലാണ് പ്രസ്തുത വഖഫ് ഭൂമി കോവിഡ്-19 ആശുപത്രിയുടെ നിർമ്മാണത്തിനുവേണ്ടി വിട്ടു നൽകിയിട്ടുള്ളത്. കാസർഗോഡ് ജില്ലാ കളക്ടർ ഡോ. സുജിത്ത് ബാബു ഐ.എ.എസ്. എന്നിവരും വഖഫ് പ്രസിഡന്റ് സയ്യിദ് ജിഫ്രി മുത്തുകോയ തങ്ങളുമായി 17.4.2020-ാം തീയതി ഉണ്ടാക്കിയ കരാർ പ്രകാരമാണ് വസ്തു കോവിഡ് ആശുപത്രി നിർമ്മിക്കുവാൻ സർക്കാരിനു കൈമാറിയത്. പ്രസ്തുത കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(എഫ്) പകരം ഭൂമി ലഭ്യമായിട്ടുണ്ടോ; എപ്പോഴാണ് ലഭ്യമായതെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ?

&

(ജി) വഖഫ് ഭൂമി വിട്ടുകൊടുത്തതും പകരം ഭൂമി കിട്ടാത്തതും കുറ്റകരമാണോ; ഈ വിഷയത്തിൽ സർക്കാരിന്റെ നിലപാടെന്താണെന്ന് അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പകരമായി തെക്കിൽ വില്ലേജിലെ സർവ്വെ 267/2 ബി, 1 ബി, 266/1, 276/1 എ, 277/1 എ എന്നീ നമ്പറുകളിലായി സ്ഥിതി ചെയ്യുന്ന 1.6695 ഹെക്ടർ ഭൂമി അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

## ഹജ്ജ് തീർത്ഥാടനത്തിനുള്ള ഒരുക്കങ്ങൾ

367(1907) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് കരിപ്പൂരിലെ സംസ്ഥാന ഹജ്ജ് ഹൗസിൽ നടന്നുവരുന്ന നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് കരിപ്പൂരിലെ സംസ്ഥാന ഹജ്ജ് ഹൗസിൽ നടന്നുവരുന്ന നടപടിക്രമങ്ങൾ അനുബന്ധം 1-ആയി ചേർക്കുന്നു.+

(ബി) ഹാജിമാർക്കായി ഹജ്ജ് ഹൗസിൽ ഒരുക്കുന്ന പുതിയ സൗകര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹജ്ജ് തീർത്ഥാടകർക്ക് സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി നിലവിലുള്ള ഹജ്ജ് ഹൗസിനോട് ചേർന്ന് സംസ്ഥാന സർക്കാറിന്റെ സഹായത്തോടെ 31093.97 സ്ക്വയർ ഫീറ്റ് ഏരിയയോട് കൂടിയ പുതിയ കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തി പൂർത്തിയായിവരുന്നു. ഹജ്ജ് ക്യാമ്പ് സമയത്ത് ഉണ്ടാകുന്ന മാലിന്യമുൾപ്പെടെ മാലിന്യ സംസ്കരണത്തിനായി സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ വർഷത്തെ ഹജ്ജ് കർമ്മം അനുഷ്ഠിക്കുന്നതിന് ലഭിച്ച അപേക്ഷകളുടെ എണ്ണം ജില്ലതിരിച്ച് ലഭ്യമാക്കുമോ?

ഈ വർഷത്തെ ഹജ്ജ് കർമ്മം അനുഷ്ഠിക്കുന്നതിന് ലഭിച്ച അപേക്ഷകളുടെ എണ്ണം ജില്ലതിരിച്ച് അനുബന്ധം 2-ആയി ചേർക്കുന്നു.+

(ഡി) കരിപ്പൂരിൽ ഹജ്ജ് എംബാർക്കേഷൻ പോയിന്റ് നിലനിർത്താൻ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് സഹിതമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കോഴിക്കോട് വിമാനത്താവളത്തിൽ നിലനിർത്തുന്നതിനുവേണ്ടി സംസ്ഥാന കായിക

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വഖഫ് ഹജ്ജ് കാര്യ മന്ത്രി, കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രി, കേന്ദ്ര വ്യോമയാന കാര്യ മന്ത്രി എന്നിവരുമായി 2021 നവംബർ മാസം നേരിട്ട് കണ്ട് ചർച്ച നടത്തുകയും അനുകൂല നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഹജ്ജ് എംബാർക്കേഷൻ പോയിന്റ് കോഴിക്കോട് നിലനിർത്തണമെന്ന ആവശ്യം ഉന്നയിച്ച് കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രിക്കും കേന്ദ്ര വ്യോമയാന മന്ത്രിക്കും കത്തുകൾ നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ ടി കാര്യത്തിൽ ഇതുവരെ ഉറപ്പ് ലഭിക്കാത്ത സാഹചര്യം കണക്കിലെടുത്തും ഹജ്ജ് തീർത്ഥാടകരുടെ സൗകര്യം കണക്കിലെടുത്തുംകൊണ്ട് ടി ആവശ്യം പരിഗണിക്കണമെന്ന് കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രിയോട് ബഹു.കായിക വഖഫ് ഹജ്ജ് വകുപ്പ് മന്ത്രിയുടെ 10.3.2022-ലെ കത്ത് പ്രകാരം ഒരിക്കൽ കൂടി അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്രമന്ത്രാലയത്തിന് അയച്ച കത്തിന്റെ പകർപ്പ് അനുബന്ധം-3 ആയി ചേർക്കുന്നു.+

## തപാൽ വകുപ്പ് നടപ്പാക്കുന്ന ഇൻഷുറൻസ് സേവനങ്ങൾ

368(1908) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) തപാൽ വകുപ്പ് നടപ്പാക്കുന്ന ഇൻഷ്വറൻസ് സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

തപാൽ വകുപ്പിന് കീഴിൽ രണ്ട് ഇൻഷ്വറൻസ് പദ്ധതികളാണ് നിലവിലുള്ളത്. ടി പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. 1. പോസ്റ്റൽ ലൈഫ് ഇൻഷ്വറൻസ് (PLI)- കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും സർവ്വകലാശാലകളുടെയും കീഴിലുള്ള സ്ഥിരവും താൽക്കാലികവുമായ ജീവനക്കാർ, ഡോക്ടർമാർ, എഞ്ചിനീയർമാർ, സി.എ.മാർ, ആർക്കിടെക്റ്റുകൾ, അഭിഭാഷകർ, മാനേജ്മെന്റ് കൺസൾട്ടന്റുകൾ, എൻഎസ്ഇ/ബിഎസ്ഇ എന്നിവിടങ്ങളിൽ ലിസ്റ്റ് ചെയ്യപ്പെട്ട കമ്പനികളിലെ ജീവനക്കാർ എന്നിവർക്ക് ഈ ഇൻഷ്വറൻസ് പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്. 2. റൂറൽ പോസ്റ്റൽ ലൈഫ് ഇൻഷ്വറൻസ (RPLI)-ഗ്രാമീണ മേഖലയിലെ ദുർബ്ബല വിഭാഗങ്ങൾക്കും സ്ത്രീ തൊഴിലാളികൾക്കും ഈ ഇൻഷ്വറൻസ് പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.

(ബി) ലൈഫ് ഇൻഷ്വറൻസ് ഏജന്റുമാരായി കുടുംബശ്രീ പ്രവർത്തകരെ നിശ്ചയിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ?

തപാൽ വകുപ്പും കുടുംബശ്രീയുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ പ്രവർത്തകരെ ലൈഫ് ഇൻഷ്വറൻസ് ഏജന്റുമാരായി നിശ്ചയിക്കുന്ന കാര്യത്തിൽ ധാരണയായിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## തപാൽ വകുപ്പിന് കീഴിലുള്ള ചരക്ക് പാഴ്സൽ നീക്കം

369(1909) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തപാൽ വകുപ്പിന് കീഴിലുള്ള ചരക്ക് പാഴ്സൽ നീക്കം ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ചരക്ക് പാഴ്സൽ നീക്കം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ദേശീയതലത്തിൽ തപാൽ വകുപ്പിന്റെ കീഴിലുള്ളതും കോൺട്രാക്ട് വ്യവസ്ഥയിലെടുത്തിട്ടുള്ളതുമായ MMS വാഹനങ്ങളുടെയും

ട്രെയിനുകളുടെയും വിമാന സർവ്വീസുകളുടെയും സേവനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി ചരക്ക് പാഴ്സൽ നീക്കം വകുപ്പിൽ നിർവ്വഹിച്ചു പോരുന്നു. കൂടാതെ സംസ്ഥാനത്ത് പോസ്റ്റൽ സർക്കിൾ തലത്തിൽ ചരക്ക് പാഴ്സൽ നീക്കം ത്വരിതപ്പെടുത്തുന്നതിനായി വകുപ്പിന്റെ MMS വാഹനങ്ങൾ, കെ.എസ്.ആർ.ടി.സി. ബസ്സുകൾ, പ്രൈവറ്റ് ബസ്സുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തുന്നു.

(ബി) കെ.എസ്.ആർ.ടി.സി. ദീർഘദൂര സർവ്വീസുകളുടെ സേവനം പാഴ്സൽ നീക്കത്തിനായി ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കെ.എ.സ്ആർ.ടി.സി. ദീർഘദൂര സർവ്വീസുകളുടെ സേവനം ദീർഘദൂര പാഴ്സൽ നീക്കത്തിന് ഉപയോഗപ്പെടുത്തുന്നതു സംബന്ധിച്ച് എല്ലാ ഡിവിഷനുകളിൽനിന്നും പ്രൊപ്പോസ്സൽ ക്ഷണിച്ചിട്ടുള്ളതായും ഇതു സംബന്ധിച്ച വിശദമായ നിർദ്ദേശം സർക്കാരിന് സമർപ്പിക്കുന്നതാണെന്നും തപാൽ വകുപ്പ് അറിയിച്ചിട്ടുണ്ട്.

(സി) കുടുംബശ്രീ അംഗങ്ങളുടെ സേവനം ഇക്കാര്യത്തിൽ ഉപയോഗിക്കാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ?

തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ പാഴ്സൽ പാക്കേജിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതും അവിടെ കുടുംബശ്രീ അംഗങ്ങളെ നിയോഗിക്കുന്നതും സംബന്ധിച്ച പ്രാരംഭഘട്ട ചർച്ചകൾ തപാൽ വകുപ്പും കുടുംബശ്രീയുമായി നടന്നുവരുന്നു. ഇതുസംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## ശബരി റെയിൽപാത

370(1910) ശ്രീ. പി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരി റെയിൽവേയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കാൻ റെയിൽവേ ബോർഡ് കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ?

ശബരി പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കുന്നതിനു റെയിൽവേ ബോർഡ് കെ-റെയിലിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) അങ്കമാലി മുതൽ എരുമേലി വരെയുള്ള ഭാഗത്തെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പുതുക്കിയ എസ്റ്റിമേറ്റ് എന്നത്തേയ്ക്ക് സമർപ്പിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

അങ്കമാലി-രാമപുരം (70 കി.മീ)- എസ്റ്റിമേറ്റ് പുതുക്കി റെയിൽവേ യുടെ പരിഗണനയ്ക്കായി സമർപ്പിച്ചു (8.5.21). രാമപുരം-എരുമേലി -(40 കി.മീ) ഭാഗത്തിന്റെ എസ്റ്റിമേറ്റ് പുതുക്കൽ പുരോഗമിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് ലിഡാർ സർവ്വേ ഇതിനോടകം തന്നെ പൂർത്തികരിച്ചുകഴിഞ്ഞു.

(സി) ശബരി റെയിൽവേക്കായി ഇരുപത് വർഷം മുമ്പ് കല്ലിട്ടുതിരിച്ച സ്ഥലത്തിന്റെ ഉടമകൾക്ക് സ്ഥലം ഈട്‌വച്ച് വായ്പ എടുക്കാനോ വീട് നിർമ്മിക്കാനോ സാധിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ഡി) 2021-22-ലെ സംസ്ഥാന ബഡ്ജറ്റിൽ കിഫ്ബിയിൽ നിന്നും അനുവദിച്ച 2,000 കോടി രൂപ ഉപയോഗിച്ച് സ്ഥലം ഏറ്റെടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. 1997-98-ലെ റെയിൽവെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയാണ് എരുമേലി വഴിയുള്ള ശബരി റെയിൽ പാത. അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കാൻ തയ്യാറാണെന്ന ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തീരുമാനം സംസ്ഥാന റെയിൽ വകുപ്പ

മന്ത്രി കേന്ദ്ര റെയിൽ മന്ത്രാലയം മുമ്പാകെ അറിയിക്കുകയും ചെയ്തു. പദ്ധതി തുടർന്ന് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എത്രയും പെട്ടെന്ന് തുടങ്ങണമെന്നും റെയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെടുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് അങ്കമാലി-ശബരി പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. പദ്ധതി റെയിൽവേ ബോർഡ് തുടർന്ന് നിർഘനീഭവിപ്പിക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുമ്പോട്ടുപോകുവാൻ സാധിക്കുന്നതാണ്.

## റെയിൽ വികസനം

371(1911) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ ഒ. ആർ. കേളു:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ നിർദ്ദിഷ്ട നിലമ്പൂർ-നഞ്ചൻകോട്, തലശ്ശേരി-മൈസൂർ പാതകൾ യാഥാർത്ഥ്യമാക്കുന്നതിന് സർക്കാർ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

തലശ്ശേരി-മൈസൂർ പദ്ധതിയുടെ പ്രാഥമിക റിപ്പോർട്ട് കൊങ്കൺ റെയിൽവേ കോർപ്പറേഷൻ തയ്യാറാക്കുകയും റെയിൽവേ ബോർഡിനു സമർപ്പിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ., കൺസൾട്ടൻസിയായ കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് കേരളത്തിലെ സർവ്വെ പ്രവൃത്തികളും മറ്റ് പ്രവർത്തനങ്ങളും പൂർത്തിയായിക്കഴിഞ്ഞു. കർണാടക ഭാഗത്തുള്ള അലൈൻമെന്റ് കർണാടക സംസ്ഥാന സർക്കാർ അംഗീകരിക്കാതിരിക്കുകയും അതിനാൽ കേരള സർക്കാരും കർണാടക സർക്കാരും വിവിധ ചർച്ചകൾ നടത്തുകയും തുടർന്ന് കർണാടക വഴിയുള്ള അലൈൻമെന്റ് പുതുക്കുകയും ചെയ്തു. നിർദ്ദിഷ്ട പുതിയ വിന്യാസം ഏതെങ്കിലും വനമേഖലയിലൂടെ കടന്നുപോകുകയോ ഏതെങ്കിലും സെൻസിറ്റീവ് പ്രദേശത്തെ ബാധിക്കുകയോ ചെയ്യുന്നില്ല. പ്രസ്തുത അലൈൻമെന്റിന്റെ അംഗീകാരത്തിനായി ചീഫ് സെക്രട്ടറി തലത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തലത്തിലും കത്തിടപാടുകൾ നടത്തിവരികയാണ്. കർണാടക സർക്കാരിൽ നിന്നുമുള്ള അനുമതി ഉടൻ പ്രതീക്ഷിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരും കെ-റെയിലും കർണാടക അഡീഷണൽ ചീഫ് സെക്രട്ടറി (ഇൻഫ്രാസ്ട്രക്ചർ)യുമായി ഒരു യോഗം

ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കർണ്ണാടക ഭാഗത്തുള്ള സർവ്വേ നടപടികൾക്കും മറ്റനുബന്ധ പ്രവർത്തനങ്ങൾക്കും അനുമതി നൽകുന്നത് പരിഗണിക്കാമെന്നുള്ള തീരുമാനം കൈക്കൊള്ളുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രൊപ്പോസൽ കേരള സർക്കാർ കർണാടക സർക്കാരിനു സമർപ്പിക്കുകയും ചെയ്തു. നിലമ്പൂർ നഞ്ചൻകോട് പദ്ധതി തലശ്ശേരി-മൈസൂർ ലൈനിലെ കൽപ്പറ്റയിൽ നിന്നും കോമൺ ഗേറ്റ്‌വേ വഴി കർണ്ണാടകത്തിലേക്കുള്ള നിലവിലെ കടക്കോല മൈസൂർ പാതയിൽ എത്തിച്ചേരുന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. ഇപ്പോൾ നിർദ്ദേശിച്ച വിന്യാസമനുസരിച്ച് കർണ്ണാടക സർക്കാരിൽ നിന്നുമുള്ള അനുമതി കിട്ടിയാൽ മാത്രമെ ഈ പദ്ധതിയുമായി മുമ്പോട്ടു പോകുവാൻ സാധിക്കുകയുള്ളൂ. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരും കെ-റെയിലും കർണ്ണാടക അഡീഷണൽ ചീഫ് സെക്രട്ടറി (ഇൻഫ്രാസ്ട്രക്ചർ) യുമായി ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കർണ്ണാടക ഭാഗത്തുള്ള സർവ്വേ നടപടികൾക്കായും മറ്റനുബന്ധ പ്രവർത്തനങ്ങൾക്കും അനുമതി നൽകുന്നത് പരിഗണിക്കാമെന്നുള്ള തീരുമാനം കൈക്കൊള്ളുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ

വിശദമായ പ്രൊപ്പോസൽ കേരള സർക്കാർ കർണ്ണാടക സർക്കാരിനു സമർപ്പിക്കുകയും ചെയ്തു.

(ബി) ഈ പദ്ധതിക്ക് കർണ്ണാടക സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച അലൈൻമെന്റിൽ മാറ്റം വരുത്തിയിട്ടുണ്ടോ?

ലഭിച്ചിട്ടില്ല. കർണ്ണാടക ഭാഗത്തുള്ള അലൈൻമെന്റിന് അവിടുത്തെ പ്രാദേശിക ജനങ്ങളുടെ എതിർപ്പ് കണക്കിലെടുത്ത് പ്രസ്തുത ഭാഗത്തുകൂടിയുള്ള അലൈൻമെന്റിന് കർണ്ണാടക സർക്കാർ എതിർപ്പ് ഉന്നയിച്ചിരുന്നു. അതിനാൽ കർണ്ണാടക വഴിയുള്ള അലൈൻമെന്റ് കൽപ്പറ്റയിൽ നിന്നും നിലവിലുള്ള നഞ്ചൻകോട് - മൈസൂർ ലൈനിലെ കടക്കോലയിൽ എത്തിച്ചേരുന്ന രീതിയിലാണ് പാത വിഭാവനം ചെയ്തിരിക്കുന്നത്. നിർദ്ദിഷ്ട പുതിയ വിന്യാസം ഏതെങ്കിലും വനമേഖലയിലൂടെ കടന്നുപോകുകയോ ഏതെങ്കിലും സെൻസിറ്റീവ് പ്രദേശത്തെ ബാധിക്കുകയോ ചെയ്യുന്നില്ല. അങ്ങനെ പരിസ്ഥിതിയെ സമഗ്രമായി തുലനം ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട് പദ്ധതിക്ക് തത്വത്തിലുള്ള അംഗീകാരം കർണ്ണാടക സർക്കാരിൽ നിന്നും റെയിൽവേയിൽ നിന്നും ലഭിക്കുന്നതിനായി ചർച്ചകളും കത്തിടപാടുകളും

നടത്തിവരുന്നു. ചീഫ് സെക്രട്ടറി തലത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തലത്തിലും കത്തിടപാടുകൾ നടത്തിവരികയാണ്. കർണ്ണാടക സർക്കാരിൽ നിന്നുമുള്ള അനുമതി ഉടൻ പ്രതീക്ഷിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരും കെ-റെയിലും കർണ്ണാടക എ.സി.എസ്. (ഇൻഫ്രാസ്ട്രക്ചർ)-മായി ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ കർണ്ണാടക ഭാഗത്തുള്ള സർവ്വേ നടപടികൾക്കായും മറ്റനുബന്ധ പ്രവർത്തനങ്ങൾക്കും അനുമതി നൽകുന്നത് പരിഗണിക്കാമെന്നുള്ള തീരുമാനം കൈക്കൊള്ളുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രൊപ്പോസൽ കേരള സർക്കാർ കർണ്ണാടക സർക്കാരിനു സമർപ്പിക്കുകയും ചെയ്തു.

(സി) നിലവിലുള്ള റെയിൽപ്പാതയുടെ ഇരട്ടിപ്പിക്കലിനും മറ്റ് അടിസ്ഥാനസൗകര്യ വികസനത്തിനുമായി എന്തൊക്കെ പ്രവൃത്തികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ ഗതാഗത വികസനത്തിന്റെ സാദ്ധ്യതയ്ക്കനുസരിച്ച് റെയിൽവേ വികസനം ത്വരിതപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി സംസ്ഥാനത്തിന്റെ പൊതുവികസനത്തിന് കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടും, കേരള സർക്കാർ റെയിൽവേ

മന്ത്രാലയവുമായി സംയുക്ത സംരംഭ കമ്പനി കരാർ (ജെ.വി.സി.) 1.9.2016-ന് നടപ്പാക്കുകയും 3.1.2017-ന് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ഡി.സി.എൽ.) എന്ന പേരിൽ കമ്പനി രൂപീകൃതമാകുകയും ചെയ്തു. സുസ്ഥിര വികസനം എന്ന ആശയം ലക്ഷ്യമിട്ട് കേരളത്തിന് അനുയോജ്യമായ പദ്ധതികൾ കണ്ടെത്തുന്നതിലേയ്ക്കുള്ള നടപടികൾ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ആരംഭിക്കുകയും സംസ്ഥാനത്തെ പാത ഇരട്ടിപ്പിക്കൽ ഉൾപ്പെടെയുള്ള റെയിൽ വികസനം ത്വരിതപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുകയുമാണ്: 1. സിൽവർലൈൻ (സെമി ഹൈ സ്പീഡ് റെയിൽ) തിരുവനന്തപുരം - കാസർകോഡ് 2. തലശ്ശേരി - മൈസൂർ റയിൽവേ ലൈൻ 3. നിലമ്പൂർ-നൻജഗുഡ് റെയിൽ ലൈൻ 4. അങ്കമാലി - ശബരി റെയിൽ പദ്ധതി 5. ആർ.ഒ.ബി./ആർ.യു.ബി.-കളുടെ നിർമ്മാണം.

## <u>റെയിൽ വികസനം</u>

372(1912) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീ. ടി. സിദ്ദിഖ്:</u>
<u>ശ്രീ. റോജി എം. ജോൺ:</u>

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ ആവശ്യങ്ങളാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് കെ-റെയിൽ ഏറ്റെടുത്തു നടത്തുന്ന പ്രവൃത്തികളിൽ സിൽവർലൈൻ ഡി.പി.ആർ-ന് കേന്ദ്ര സർക്കാരിൽ നിന്നും അംഗീകാരം ലഭിക്കുന്നതിനായും നിലമ്പൂർ നഞ്ചൻകോട് പദ്ധതിയും തലശ്ശേരി-മൈസൂർ പദ്ധതിയുമായി ബന്ധപ്പെട്ട് കർണ്ണാടക ഭാഗത്തെ അലൈൻമെന്റിൽ സർവ്വേ നടത്തുന്നതിനുള്ള അനുമതിക്കുമായും വിവിധ കത്തിടപാടുകൾ കേന്ദ്ര സർക്കാരുമായി നടത്തിയിരുന്നു. ഇതുകൂടാതെ കേരളത്തിലെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾ അനുവദിക്കുവാനും തുക വകയിരുത്തുന്നതിനും സംസ്ഥാന റെയിൽവേ മന്ത്രിക്ക് കത്തയയ്ക്കുകയും ചെയ്തിരുന്നു.

(ബി) ഈ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി സംസ്ഥാനം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

&

(സി) ഇതുസംബന്ധിച്ച് റെയിൽവേ മന്ത്രാലയവും കേന്ദ്ര ധന മന്ത്രാലയവുമായി എന്തെങ്കിലും ചർച്ച നടത്തിയിരുന്നോ; എങ്കിൽ പ്രസ്തുത ചർച്ചയിൽ സംസ്ഥാനം ഉന്നയിച്ച മുഖ്യ ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

റെയിൽവേയുടെ മുഖ്യ അടിസ്ഥാന സൗകര്യ വികസനത്തിന്റെ പുരോഗതിക്കും വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമായി സംസ്ഥാന മുഖ്യമന്ത്രി പ്രധാനമന്ത്രിയുമായും സംസ്ഥാന ചീഫ് സെക്രട്ടറി റെയിൽവേ ബോർഡ് ചെയർമാനുമായും ദക്ഷിണ റെയിൽവേ ജനറൽ മാനേജറുമായും നിരന്തരമായ ചർച്ചകൾ നടത്തി വരാറുണ്ട്. ഇതോടൊപ്പം തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിയുമായി ഇതിനോടകം തന്നെ കൂടിക്കാഴ്ച നടത്തിയിരുന്നു. പ്രസ്തുത ചർച്ചകളിൽ കേരളത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ടുള്ള പാത ഇരട്ടിപ്പിക്കൽ, പുതിയ ലൈനുകളുടെ നിർമ്മാണം തുടങ്ങിയവ മുഖ്യ വിഷയങ്ങളായിരുന്നു. ഇതുകൂടാതെ, കേരളത്തിന്റെ

അഭിമാന പദ്ധതിയായ സിൽവർ ലൈൻ (അർദ്ധ അതിവേഗ റെയിൽ പാത) ആയിരുന്നു പ്രധാന അജണ്ടയായി വന്നിട്ടുള്ളത്. പ്രധാനമന്ത്രിയുമായുള്ള ചർച്ചയിലും കേന്ദ്ര റെയിൽവേ മന്ത്രിയുമായുള്ള ചർച്ചയിലും പ്രസ്തുത വിഷയത്തിൽ ഊന്നൽ നൽകിയിരുന്നു. ഇത്തരത്തിൽ കേന്ദ്ര സർക്കാരിൽ വേണ്ട സമ്മർദ്ദം ചെലുത്തി പദ്ധതികൾ ഉർജ്ജിതമായി മുന്നോട്ടുകൊണ്ടു പോകുവാൻ സാധിക്കും എന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്.

(ഡി) ശബരി റെയിൽപാത യാഥാർത്ഥ്യമാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; ശബരി പാത നിർമ്മാണത്തിൽ സംസ്ഥാനത്തിന്റെ ഭാഗത്തുനിന്നും എന്തൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടതെന്ന് അറിയിക്കാമോ; ഇവ പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശബരി റെയിൽ പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് 50 ശതമാനം തുക വഹിക്കാമെന്നുള്ള ഉത്തരവ് സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുകയും പ്രസ്തുത തീരുമാനം റെയിൽവേ ബോർഡിനെ അറിയിക്കുകയും ചെയ്തിരുന്നു. തുടർന്ന് പദ്ധതി ഘനീഭവിപ്പിക്കുന്നതിനും മതിയായ തുക ബഡ്ജറ്റിൽ വകയിരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും മുഖ്യമന്ത്രി കേന്ദ്ര റെയിൽ വകുപ്പുമന്ത്രിക്ക് കത്തയയ്ക്കുകയുമുണ്ടായി. നിലവിൽ

പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കുന്നതിനു റെയിൽവേ ബോർഡ് കെ-റെയിലിനെ നിർദ്ദേശിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച്, സർവ്വേ പൂർത്തിയായിക്കഴിഞ്ഞ കാലടി-രാമപുരം സെക്ഷനിലെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. രാമപുരം - എരുമേലി ഭാഗത്തെ ലിഡാർ സർവ്വേ പൂർത്തിയാവുകയും എസ്റ്റിമേറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്.

(ഇ) തലശ്ശേരി-മൈസൂർ പാതയുടെ പുരോഗതി വിശദമാക്കാമോ; ഈ പദ്ധതിക്കായി സംസ്ഥാനത്തിന്റെ ഭാഗത്തുനിന്നും എന്തൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടതെന്ന് അറിയിക്കാമോ; ഇവ പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

തലശ്ശേരി-മൈസൂർ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനു കൊങ്കൺ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കേരള ഭാഗത്തെ സർവ്വേ നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. കർണ്ണാടക ഭാഗത്തെ അലൈൻമെന്റിനു അംഗീകാരം ലഭിക്കുന്നതിന് ഇൻഫ്രാസ്ട്രക്ച്ചർ, ഫോറസ്റ്റ് വകുപ്പിനു

കത്തയച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന മുഖ്യമന്ത്രി കർണ്ണാടക മുഖ്യമന്ത്രിയുമായി കത്തിടപാടുകളും ചർച്ചകളും നടത്തിയിരുന്നു.

## കേന്ദ്ര സർക്കാരിൽ നിന്നുള്ള സഹായം

373(1913) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ റെയിൽവേയ്ക്ക് ആവശ്യമുള്ള സഹായങ്ങളും വികസനവും കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കേരളത്തിൽ റെയിൽവേയ്ക്ക് ആവശ്യമുള്ള സഹായങ്ങളും വികസനവും കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നതിന് സംസ്ഥാനം ആവശ്യപ്പെട്ടിരുന്നു. കെ-റെയിൽ നടപ്പിലാക്കിവരുന്ന സിൽവർലൈൻ പദ്ധതി, തലശ്ശേരി - മൈസൂർ പദ്ധതി, നിലമ്പൂർ-നഞ്ചൻകോട് റെയിൽ പദ്ധതി, അങ്കമാലി-ശബരി പദ്ധതി ഉൾപ്പെടെ ഒട്ടേറെ പദ്ധതികൾ കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന റെയിൽ വകുപ്പുമന്ത്രി ആവശ്യപ്പെടുകയുണ്ടായി. പാത ഇരട്ടിപ്പിക്കൽ, പാലക്കാട് റെയിൽ കോച്ച് ഫാക്ടറി, ഗുരുവായൂർ-തിരുനാവായ പദ്ധതി, പുതിയ ട്രെയിനുകളുടെ

സർവ്വീസ്, ട്രിവാൻഡ്രം-പാലക്കാട് ഡിവിഷനുകളിൽ മെമു ട്രെയിൻ, നിലവിലെ ട്രെയിൻ സർവ്വീസുകൾ വർദ്ധിപ്പിക്കുക, ട്രെയിനുകളുടെ വിപുലീകരണം, എൽ.എച്ച്.ബി. കോച്ചുകൾ, ഉത്കൃഷ്ട് കോച്ചുകൾ എന്നിവ കൂടുതൽ ലഭ്യമാക്കുക, എറണാകുളം മാർഷലിംഗ് യാർഡ്, നേമം കോച്ചിംഗ് ടെർമിനൽ വികസനം, കൊച്ചുവേളി സ്റ്റേഷൻ പുനരുദ്ധാരണം, നിലവിലുള്ള എല്ലാ സ്റ്റേഷനുകളുടേയും വികസനം, ഓട്ടോമാറ്റിക്ക് സിംഗ്നലിംഗ് സംവിധാനം തുടങ്ങിയവ ആയിരുന്നു പ്രധാന പ്രൊപ്പോസലുകൾ. അങ്കമാലി - ശബരി, ഗുരുവായൂർ-തിരുനാവായ, പാത ഇരട്ടിപ്പിക്കൽ എന്നീ പദ്ധതികളൊഴികെ മറ്റൊന്നും തന്നെ ബഡ്ജറ്റിൽ ഇടംപിടിച്ചിരുന്നില്ല.

(ബി) കഴിഞ്ഞ സർക്കാരും ഈ സർക്കാരും പ്രസ്തുത മേഖലയുടെ വികസനത്തിനായി എന്തെല്ലാം സഹായങ്ങളും വികസനാവശ്യങ്ങളും അഭ്യർത്ഥിച്ചിട്ടുണ്ടെന്നും അതിൽ ലഭ്യമായവ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്തെ റെയിൽവേ പദ്ധതികളുടെ (പുതിയ പാത നിർമ്മാണം, പാത ഇരട്ടിപ്പ്, സ്റ്റേഷൻ വികസനം) പുരോഗതിക്കും വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുംവേണ്ടി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഇടപെടലുകൾ യഥാസമയം

നടത്തിവരുന്നുണ്ട്. റെയിൽവേയുടെ മുഖ്യ അടിസ്ഥാന സൗകര്യ വികസനത്തിന്റെ പുരോഗതിക്കും വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമായി സംസ്ഥാന മുഖ്യമന്ത്രി പ്രധാന മന്ത്രിയുമായും സംസ്ഥാന ചീഫ് സെക്രട്ടറി റെയിൽവേ ബോർഡ് ചെയർമാനുമായും ദക്ഷിണ റെയിൽവേ ജനറൽ മാനേജറുമായും ചർച്ചകൾ നടത്തി വരാറുണ്ട്. ഇതോടൊപ്പം തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിയുമായി 13.7.2021-ന് കൂടിക്കാഴ്ച നടത്തിയിരുന്നു. പ്രസ്തുത ചർച്ചകളിൽ കേരളത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യുകയുണ്ടായി. സംസ്ഥാന ചീഫ് സെക്രട്ടറി ദക്ഷിണ റെയിൽവേ ജനറൽമാനേജറുമായി 26.7.2021-നും 3.12.2021-നും റെയിൽവേ വികസന പദ്ധതികൾ അവലോകന ചെയ്യുന്നതിന് യോഗം ചേരുകയുണ്ടായി. റെയിൽവേയുടെ ചുമതലയുള്ള മന്ത്രി 29.9.2021-ന് സതേൺ റെയിൽവേ ജനറൽ മാനേജരുമായി റെയിൽ വികസനവും പദ്ധതികളുടെ പുരോഗതിയും സംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത യോഗത്തിലെ തീരുമാനമനുസരിച്ചുള്ള പുരോഗമന പ്രവർത്തനങ്ങൾ നടത്തിവരാറുള്ളതാണ്. കൂടാതെ തന്നെ ബഹു. സംസ്ഥാന മുഖ്യമന്ത്രി റെയിൽ പദ്ധതി അവലോകനം ചെയ്യുന്നതിനായി ഒരു

ഉന്നതതല മീറ്റിംഗും നടത്തുകയുണ്ടായി. ഇതുകൂടാതെ, റെയിൽവേയുടെ മുഖ്യ അടിസ്ഥാന സൗകര്യ വികസനത്തിന്റെ പുരോഗതിക്കും ഗതാഗത വികസനത്തിനും മുതൽക്കൂട്ടാകുന്ന (സർക്കാരിന്റെയും റെയിൽവേയുടേയും സംയുക്ത സംരംഭമായ) കെ-റെയിൽ വിഭാവനം ചെയ്യുന്ന സിൽവർലൈൻ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും മതിയായ അംഗീകാരം ലഭിക്കുന്നതിനും വേണ്ടി സംസ്ഥാന മുഖ്യമന്ത്രി 13.7.2021-ന് പ്രധാന മന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ കേരളത്തിന്റെ അഭിമാന പദ്ധതിയായ സിൽവർ ലൈൻ (അർദ്ധ അതിവേഗ റെയിൽ പാത) ആയിരുന്നു പ്രധാന അജണ്ടയായി വന്നിട്ടുള്ളത്. വകുപ്പുതലത്തിലും ദക്ഷിണ റെയിലവേ ജനറൽ മാനേജർക്കും റെയിൽവേ ബോർഡ് ചെയർമാനും കത്തിടപാടുകൾ ഇതുമായി ബന്ധപ്പെട്ട് നടത്തിവരുന്നുണ്ട്. സിൽവർലൈൻ പദ്ധതിക്കു പുറമേ തലശ്ശേരി-മൈസൂർ, നിലമ്പൂർ-നഞ്ചൻകോട് റെയിൽ പദ്ധതി, അങ്കമാലി-ശബരി പദ്ധതി എന്നിവയും പദ്ധതികളും റെയിൽവേ മന്ത്രാലയത്തിന്റെ പരിഗണനയിലേയ്ക്കായി സമർപ്പിച്ചിട്ടുള്ളതാണ്.

(സി) കേന്ദ്ര സർക്കാർ അനുവദിച്ച ശബരി റെയിൽപാത, കഞ്ചിക്കോട് കോച്ച് ഫാക്ടറി, ഏറ്റുമാനൂർ ചിങ്ങവനം പാതയിരട്ടിപ്പ്, എറണാകുളം-കോട്ടയം-തിരുവനന്തപുരം പാതയിരട്ടിപ്പ് എന്നിവയുടെ

നിലവിലെ സ്ഥിതി എന്താണെന്നും ഇതിനായി ലഭ്യമായ കേന്ദ്ര സഹായം എത്രയെന്നും വിശദമാക്കുമോ?

ദക്ഷിണ റെയിൽവേ 2022-23 പിങ്ക് ബുക്ക് പ്രകാരം ശബരി റെയിൽ പദ്ധതിക്ക് കേന്ദ്ര ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. അങ്കമാലി-ശബരി പദ്ധതി റെയിൽവേ താൽക്കാലികമായി മരവിപ്പിച്ചിട്ടുള്ളതാണ്. 2008-09-ലെ ബഡ്ജറ്റിൽ പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഏകദേശം 1,215 കോടി രൂപ ചെലവിൽ 430.59 ഏക്കർ സ്ഥലത്ത് തുടങ്ങാനുദ്ദേശിച്ചിരുന്നതായിരുന്നു പാലക്കാട് റെയിൽ കോച്ച് ഫാക്ടറിയുടെ പദ്ധതി. ഇതിലേയ്ക്കാവശ്യമായ 239 ഏക്കർ ഭൂമി റെയിൽവേയ്ക്ക് കൈമാറാൻ ഉത്തരവായിരുന്നു. പ്രതിവർഷം 400 കോച്ചുകൾ എന്ന ക്രമത്തിൽ പകുതി റെയിൽവേ കോച്ചുകളും പകുതി മെട്രോ കോച്ചുകളും ഉൾപ്പെടെ 4000-ത്തോളം അലുമിനിയം കോച്ചുകൾ നിർമ്മിക്കുവാനുള്ള പദ്ധതിയാണ് ഉണ്ടായിരുന്നത്. പാലക്കാട് കോച്ച് ഫാക്ടറിയോടൊപ്പം പ്രഖ്യാപിച്ച മറ്റ് ഫാക്ടറികൾ പ്രവർത്തിച്ച് തുടങ്ങിയ സാഹചര്യത്തിലും നിർദ്ദിഷ്ട കോച്ച് ഫാക്ടറി മാറ്റാൻ പോകുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നും കഞ്ചിക്കോടിലെ റെയിൽവേയ്ക്ക് കൈമാറിയ സ്ഥലത്തെപ്പറ്റിയുള്ള അവ്യക്തതകൾ നീക്കണമെന്ന്

ആവശ്യപ്പെട്ടുകൊണ്ട് കേരള സർക്കാർ കത്തയയ്ക്കുകയുണ്ടായി. കൂടാതെ എം.പി-മാർ വഴിയും ഉദ്യോഗസ്ഥതലത്തിലും സമ്മർദ്ദം ചെലുത്തുകയും ചെയ്തിരുന്നു. എന്നാൽ 550 കോടി രൂപയ്ക്ക് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന ഒന്നാംഘട്ട പദ്ധതി നടപ്പിലാക്കുവാൻ നിലവിൽ കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നില്ലെന്നും കേന്ദ്ര റെയിൽവേ മന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. 2008-09 ബഡ്ജറ്റിൽ നിർദ്ദേശിക്കപ്പെട്ടിരുന്ന ഉത്തർപ്രദേശിലെ റായ്ബറേലിയിലുള്ള കോച്ച് ഫാക്ടറി 2012-ൽ തന്നെ കമ്മീഷൻ ചെയ്ത സാഹചര്യത്തിൽ നിർദ്ദിഷ്ട കോച്ച് ഫാക്ടറി പാലക്കാട് തന്നെ സ്ഥാപിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ നിലവിലുള്ള റെയിൽവേയുടെ സൗകര്യങ്ങൾ ഭാവിയിൽ ഉണ്ടാകാവുന്ന കോച്ചുകളുടെ ആവശ്യം പരിഹരിക്കാനുതകുന്നതാണെന്നും ആയതിനാൽ പദ്ധതി നടപ്പിലാക്കുവാൻ നിർവ്വാഹമില്ലെന്നും 19.11.2018-ൽ കേന്ദ്ര റെയിൽവേ മന്ത്രി അറിയിച്ചിട്ടുള്ളത്. എന്നാൽ ഈ വിഷയത്തിൽ അനുകൂല തീരുമാനം കൈക്കൊള്ളണമെന്നാവശ്യപ്പെട്ടുകൊണ്ട് 10.7.2019-ന് കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്ക് വീണ്ടും കത്തയച്ചിട്ടുണ്ട്. ഏറ്റുമാനൂർ ചിങ്ങവനം പാത ഇരട്ടിപ്പിക്കലിനായി 42 ഹെക്ടർ ഭൂമി ഏറ്റെടുക്ക് ദക്ഷിണ റെയിൽവേയ്ക്ക് കൈമാറിയിട്ടുള്ളതാണ്. അര ഹെക്ടർ ഭൂമി മാത്രമേ ഇനി

ഏറ്റെടുക്കുവാനുള്ളൂ. ആയതിനുള്ള നടപടികൾ അതിവേഗം നടന്നുവരുന്നതും 2 മാസത്തിനകം പൂർത്തിയാക്കാൻ കഴിയുന്നതുമാണ്. കേന്ദ്ര സഹായമായി സ്ഥലമെടുപ്പിന് 219,45,10,530 (ഇരുന്നൂറ്റി പത്തൊൻപത് കോടി നാൽപത്തി അഞ്ച് ലക്ഷത്തി പതിനായിരത്തി അഞ്ഞൂറ്റി മൂപ്പത് രൂപ മാത്രം) ലഭിച്ചിട്ടുള്ളതാണ്. എറണാകുളം-ആലപ്പുഴ പാതയിലെ അരൂർ തുറവൂർ പാത ഇരട്ടിപ്പിക്കലിന് ആവശ്യമായ ഫണ്ട് ലഭ്യമായിട്ടുണ്ട്. ഹരിപ്പാട് - അമ്പലപ്പുഴ റെയിൽ പാത ഇരട്ടിപ്പിക്കലിനായി ഫണ്ട് അനുവദിച്ചിട്ടുള്ളതും ആയത് പൂർത്തീകരിച്ചിട്ടുള്ളതുമാണ്. കുമ്പളം-തുറവൂർ പാതയ്ക്കായി ഫണ്ട് ലഭ്യമായിട്ടുള്ളതുമാണ്. തിരുവനന്തപുരം-പാറശ്ശാല പാതയിലെ പാതയിരട്ടിപ്പ് നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. ഇതിനായി റെയിൽവേ 532.62 കോടി രൂപ നിക്ഷേപിച്ചു കഴിഞ്ഞു.

## ചന്ദേര, കളനാട് ട്രെയിൻ സ്റ്റോപ്പുകൾ

374(1914) **ശ്രീ. എം. രാജഗോപാലൻ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചന്ദേര, കളനാട് ട്രെയിൻ ഹാൾട്ടുകളിൽ നേരത്തെ ലോക്കൽ ട്രെയിനുകൾക്ക് (പാസഞ്ചർ

ട്രെയിനുകൾ) ഉണ്ടായിരുന്ന സ്റ്റോപ്പ് മെമു ട്രെയിൻ ആരംഭിച്ചതുമുതൽ നിർത്തലാക്കിയതുമൂലം നിരവധി വിദ്യാർത്ഥികൾക്കും തൊഴിലാളികൾക്കും ജീവനക്കാർക്കുമുണ്ടായ പ്രയാസം പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

&

(ബി) നിത്യേനയുള്ള യാത്രക്കാർ വഴി നല്ല വരുമാനമുള്ള ഈ സ്റ്റോപ്പുകൾ നിലനിർത്തിക്കിട്ടാൻ സമയബന്ധിതമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

പാസഞ്ചർ ട്രെയിനുകൾ മാത്രമുള്ള ഹാൾട്ട് സ്റ്റേഷനുകളാണ് കാസർഗോഡ് ജില്ലയിലെ ചന്തേരയും കളനാടും. കോവിഡ്-19 മഹാമാരിയോട് അനുബന്ധിച്ച് നിർത്തലാക്കിയിട്ടുള്ള പാസഞ്ചർ ട്രെയിനുകളുടെ സർവ്വീസ് പൂർണ്ണമായ തോതിൽ പുനരാരംഭിച്ചിട്ടില്ല. മെമു ട്രെയിനുകൾ എക്സ്പ്രസ് സ്പെഷ്യൽ ട്രെയിനുകളായാണ് സർവ്വീസ് നടത്തുന്നത്. അതിനാൽ ഇവയ്ക്ക് എക്സ്പ്രസ് നിരക്കിലാണ് ടിക്കറ്റ് ഈടാക്കുന്നത്. ട്രെയിൻ ഗതാഗതം കോവിഡ് ലോക്ക്ഡൗണിനു മുൻപുള്ള പോലെ പുന:സ്ഥാപിക്കുന്ന കാര്യം ഒരു പോളിസി തീരുമാനമായതിനാൽ

ഇക്കാര്യം തീരുമാനിക്കേണ്ടത് റെയിൽവേയുടെ സോണൽ ഹെഡ് ക്വാർട്ടേഴ്സ് തലത്തിലാണ്.

## നിലവിലെ റെയിൽവേ പദ്ധതികൾ

375(1915) ശ്രീ. അൻവർ സാദത്ത്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ റെയിൽവേയുടെ ഏതെല്ലാം പദ്ധതികളുടെ പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നത് എന്നും എന്തെല്ലാം പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിരിക്കുന്നത് എന്നും വ്യക്തമാക്കാമോ?

സുസ്ഥിരവികസനം എന്ന ആശയം ലക്ഷ്യമിട്ട് കേരളത്തിന് അനുയോജ്യമായ പദ്ധതികൾ കണ്ടെത്തുന്നതിലേയ്ക്കുള്ള നടപടികൾ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ആരംഭിക്കുകയും സംസ്ഥാനത്തെ റെയിൽ വികസനം ത്വരിതപ്പെടുത്തുന്നതിനുള്ള താഴെ പറയുന്ന പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുകയുമാണ്:

1. സിൽവർലൈൻ (സെമി ഹൈ സ്പീഡ് റെയിൽ) തിരുവനന്തപുരം - കാസർകോഡ് 2. തലശ്ശേരി - മൈസ്സൂർ റെയിൽ ലൈൻ 3. നിലമ്പൂർ-നഞ്ചൻഗുഡ് റെയിൽ ലൈൻ 4. അങ്കമാലി - ശബരി റെയിൽ പദ്ധതി 5. ആർ.ഒ.ബി./ആർ.യു.ബി.-കളുടെ നിർമ്മാണം. ഇതുകൂടാതെ പാത ഇരട്ടിപ്പിക്കൽ പദ്ധതി, നിലവിലുള്ള പാതയുടെ നവീകരണം തുടങ്ങിയ പദ്ധതികൾ അതത് സോണൽ റെയിൽവേ നേരിട്ട് നടപ്പിലാക്കിവരികയും ചെയ്യുന്നു.

(ബി) സംസ്ഥാനത്ത് നിലവിൽ നടന്നുകൊണ്ടിരിക്കുന്നതോ നടത്താൻ ഉദ്ദേശിക്കുന്നതോ ആയ നാല്പത്തിമൂവായിരത്തോളം കോടി രൂപയുടെ 20 റെയിൽവേ പദ്ധതികൾ നിർത്തിവച്ച് പകരം സിൽവർ ലൈൻ പദ്ധതിക്കായി പ്രസ്തുത തുക നൽകണമെന്ന് കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് എക്കണോമിക് അഫയേഴ്സിനെ അറിയിച്ചിട്ടുണ്ടോ;

&

(സി) സർക്കാരിന്റെ പ്രസ്തുത നടപടിമൂലം നിലവിൽ നടന്നുകൊണ്ടിരിക്കുന്നതോ നടത്താൻ ഉദ്ദേശിക്കുന്നതോ ആയ നാല്പത്തിമൂവായിരത്തോളം കോടി രൂപയുടെ 20 റെയിൽവേ

പദ്ധതികൾക്കായി ബാങ്ക്, എ.ഡി.ബി. ഏർപ്പാടാക്കിയ ലോൺ മറ്റ് സംസ്ഥാനങ്ങൾക്ക് നൽകാൻ തീരുമാനമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

അറിയിച്ചിട്ടില്ല. സിൽവർലൈൻ പദ്ധതി ഉൾപ്പെടെയാണ് നാൽപ്പത്തി മൂവായിരത്തോളം കോടി രൂപയുടെ പദ്ധതികൾ ഡിപ്പാർട്ടുമെന്റ് ഓഫ് എക്കണോമിക്സ് അഫയേഴ്സിൽ പരിഗണനയിലുള്ളത്. സിൽവർലൈൻ പദ്ധതി 2018 നവംബറിൽ തന്നെ JICA ഒ.ഡി.എ. റോളിംഗ് പ്ലാനിൽ 33,202 കോടി രൂപയുടെ വായ്പയ്ക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് ഉൾപ്പെടെയാണ് 43,000 കോടിയോളം രൂപയുടെ പദ്ധതികൾ.

## പാത ഇരട്ടിപ്പിക്കലും ഓട്ടോമാറ്റിക് സിഗ്നലിംഗ് സിസ്റ്റവും

376(1916) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാത ഇരട്ടിപ്പിക്കൽ പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

സംസ്ഥാനത്ത് പാതയിരട്ടിപ്പിക്കലുമായുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് ഇനിയും പൂർത്തിയാവാനുള്ളത് തിരുവനന്തപുരം കന്യാകുമാരി പാതയിലെ 3 സ്ട്രെച്ചും എറണാകുളം-ഉറവൂർ പാതയിലെ 2 സ്ട്രെച്ചും ആണ്.

(ബി) തിരുവനന്തപുരം-മംഗലാപുരം പാതയിലെ കോട്ടയം വഴിയുള്ള റൂട്ടിൽ ഏറ്റുമാനൂർ മുതൽ ചിങ്ങവനം വരെ 16.5 കിലോമീറ്റർ ഇനിയും പാത ഇരട്ടിപ്പിക്കാനുണ്ട് എന്നത് വസ്തുതയാണോ; ആയത് എന്ന് പൂർത്തിയാകുമെന്ന് അറിയിക്കുമോ?

ഏറ്റുമാനൂർ ചിങ്ങവനം പാത ഇരട്ടിപ്പിക്കലിനായി 42 ഹെക്ടർ ഭൂമി ഏറ്റെടുത്ത് ദക്ഷിണ റെയിൽവേയ്ക്ക് കൈമാറിയിട്ടുള്ളതാണ്. അര ഹെക്ടർ ഭൂമി കൂടി മാത്രമേ ഇനി ഏറ്റെടുക്കുവാനുള്ളൂ. എൽ.എ.ആർ.ആർ. ആക്ട് 2013 പ്രകാരമുള്ള നടപടികൾ നടന്നുവരുന്നതും 2 മാസത്തിനും പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതുമാണ്.

(സി) തിരുവനന്തപുരം-മംഗലാപുരം പാതയിലെ ആലപ്പുഴ വഴിയുള്ള റൂട്ടിൽ എറണാകുളം മുതൽ അമ്പലപ്പുഴ വരെ അറുപത്തിയൊൻപത് കിലോമീറ്റർ പാത ഇരട്ടിപ്പിക്കൽ ഇനിയും പൂർത്തിയായിട്ടില്ലെന്നത്

വസ്തുതയാണോ; പാത ഇരട്ടിപ്പിക്കൽ എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

അതെ. എറണാകുളം-അമ്പലപ്പുഴ തീരദേശ പാതയിൽ കുമ്പളം-തുറവൂർ പാതയ്ക്കായി ഫണ്ട് ലഭ്യമായിട്ടുള്ളതും സർവ്വേ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. ആയത് സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്.

(ഡി) കേരളത്തിലെ റെയിൽവേ റൂട്ടുകളിൽ ഓട്ടോമാറ്റിക് സിഗ്നലിംഗ് സിസ്റ്റം സ്ഥാപിക്കാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഓട്ടോമാറ്റിക് സിഗ്നലിന്റെ കാര്യത്തിൽ റെയിൽവേയ്ക്ക് സംസ്ഥാന സർക്കാർ പ്രോജക്റ്റ് നൽകിയിരുന്നതാണ്. എന്നാൽ മൂന്നോ നാലോ ലൈനുകൾ ഉള്ള സ്ഥലങ്ങളിൽ മാത്രമേ ഈ സംവിധാനം നടപ്പിലാക്കാൻ കഴിയൂവെന്നും കേരളത്തിലെ പാതകൾ വളവുകളും ചെരിവും കൂടുതലാണെന്നും സ്റ്റേഷനുകളുടെ കപ്പാസിറ്റി വർദ്ധിപ്പിച്ച് മാത്രമേ ഓട്ടോമാറ്റിക് സിഗ്നൽ സംവിധാനത്തിലേയ്ക്ക് മാറാൻ കഴിയൂ എന്നാണ് റെയിൽവേ സ്വീകരിച്ച സമീപനം. സെമി ഹൈസ്പീഡ് റെയിൽവേ സിസ്റ്റത്തിലേയ്ക്ക് മാറാനുള്ള നിർദ്ദേശമാണ് റെയിൽവേ മുന്നോട്ടുവച്ചത്.

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ മൃഗസംരക്ഷണ പദ്ധതികൾ

377(1917) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2016-നശേഷം മൃഗസംരക്ഷണ വകുപ്പിന് കീഴിൽ നടപ്പിലാക്കാൻ നിർദ്ദേശിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

&

(ബി) ഓരോ പദ്ധതികളുടെയും പുരോഗതി വിശദമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു.+

## മൃഗസംരക്ഷണ വകുപ്പിന് കീഴിലെ സ്ഥാപനങ്ങൾ

378(1918) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് അറിയിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മൃഗസംരക്ഷണവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

അർദ്ധ സർക്കാർ സ്ഥാപനങ്ങൾ

1. കേരള കന്നുകാലി വികസന ബോർഡ് ലിമിറ്റഡ്. 2. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്. 3. കേരള ഫീഡ്സ് ലിമിറ്റഡ്. 4. മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യ ലിമിറ്റഡ്.

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ഭരണഭാഷ മലയാളം ആക്കിയിട്ടില്ലാത്തതും വിവരാവകാശ നിയമം നടപ്പാക്കിയിട്ടില്ലാത്തതുമായ സ്ഥാപനങ്ങൾ ഏതെങ്കിലും നിലവിലുണ്ടോ;

&

(സി) ഉണ്ടെങ്കിൽ ഇവ നടപ്പിലാക്കാത്തതിന് കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

മേൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ സർക്കാർ/സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലും ഭരണഭാഷ മലയാളം ആക്കിയിട്ടുള്ളതും വിവരാവകാശ നിയമം നടപ്പിൽ വരുത്തിയിട്ടുള്ളതുമാണ്.

+

## വയനാട്ടിലെ ആദിവാസികൾക്കായുള്ള മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ

379(1919) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ അഞ്ച് വർഷം മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കിയ ഓരോ പദ്ധതികളിലും വയനാട്ടിലെ ആദിവാസി വിഭാഗങ്ങൾക്കായി എത്ര രൂപ വീതം നീക്കിവെച്ചു; അതിൽ എത്ര രൂപ ചെലവഴിച്ചു; വിശദമായ കണക്ക് ലഭ്യമാക്കാമോ?

കഴിഞ്ഞ അഞ്ച് വർഷം വയനാട്ടിലെ ആദിവാസി വിഭാഗങ്ങൾക്ക് മാത്രമായി സംസ്ഥാന പദ്ധതികളിൽ തുക നീക്കിവച്ചിട്ടില്ല. എന്നാൽ വകുപ്പിന്റെ എല്ലാ പദ്ധതികളുടെയും ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ ആദിവാസി വിഭാഗങ്ങൾക്കായി മുൻഗണന നൽകാറുണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

### മൃഗസംരക്ഷണ വകുപ്പിൽ മേഖലാ മൃഗസംരക്ഷണ കേന്ദ്രങ്ങളുടെ പ്രവർത്തനം

380(1920) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 13.3.2013-ലെ സ.ഉ.(സാധാ) നം. 415/13/കൃഷി ഉത്തരവിലൂടെ ഐ.സി.ഡി.പി. സബ് സെന്ററുകളുടെ ഭരണപരവും സാങ്കേതികവുമായ ചുമതലകൾ മൃഗാശുപത്രികളിലേയ്ക്ക് കൈമാറിയതിനു ശേഷം മൃഗസംരക്ഷണ വകുപ്പിൽ മേഖലാ മൃഗസംരക്ഷണ കേന്ദ്രങ്ങളുടെ പ്രവർത്തനം എന്താണ്; വെറ്ററിനറി സബ് സെന്ററുകളുടെ ലീൻ റീജിയണൽ ആനിമൽ ഹസ്ബന്ററി സെന്ററുകളിലേയ്ക്ക് കൈമാറി ക്ഷീരകർഷകർക്ക് കൂടുതൽ മികച്ച സേവനം ലഭിക്കുന്ന വിധത്തിൽ വെറ്ററിനറി സബ് സെന്റുകളെ ശാക്തീകരിക്കുന്നതിനും അങ്ങനെ മൃഗാശുപത്രികളിലെ ജോലിഭാരം കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

മൃഗസംരക്ഷണ വകുപ്പിന്റെ എല്ലാ പദ്ധതികളുടെയും താലൂക്കുതല നടത്തിപ്പും അവലോകനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നടത്തിപ്പിന്റെ അവലോകനം, താലൂക്കിന്റെ പരിധിയിൽ വരുന്ന മൃഗാശുപത്രികളുടെ പ്രതിമാസ പ്രവർത്തന റിപ്പോർട്ടുകൾ ക്രോഡീകരിക്കുക, താലൂക്ക് തലത്തിൽ ADCP, ASCAD പദ്ധതികളുടെ നടത്തിപ്പുചുമതല, വെറ്ററിനറി സബ് സെന്ററുകളിലും ഡിസ്പെൻസറികളിലും ആകസ്മിക

പരിശോധന, സബ് സെന്ററുകളിൽ വിശദ പരിശോധന, കന്നുകാലി സെൻസസ് പ്രവർത്തനങ്ങളുടെ ഏകോപനം, താലൂക്കിൽ ആവശ്യമുള്ള വാക്സിൻ, പുൽവിത്തുകൾ എന്നിവയുടെ വിതരണം, താലൂക്കിലെ വെറ്ററിനറി ആശുപത്രികൾ വഴി വന്ധ്യതാ നിവാരണ ക്യാമ്പുകൾ സംഘടിപ്പിക്കുക, കേന്ദ്രാവിഷ്കൃത പദ്ധതികൾ/RKVY/Post Covid Programmes/ യന്ത്രവൽക്കരണം തുടങ്ങിയ പദ്ധതികൾ മൃഗാശുപത്രികൾ വഴി നടപ്പിലാക്കുക, താലൂക്കിലെ egger nursery-കളുടെ പ്രവർത്തനം വിലയിരുത്തി മേലധികാരിക്ക് റിപ്പോർട്ട് നൽകുക, താലൂക്കുതലത്തിൽ കർഷകർക്കായി പരിശീലന പരിപാടികൾ, സെമിനാറുകൾ, സ്കൂൾ കുട്ടികൾക്കായുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, LMTC-യുടെ സഹായത്തോടെ താലൂക്കിൽ വിജ്ഞാന വ്യാപന പരിപാടികൾ നടപ്പിലാക്കുക, പക്ഷിമൃഗാദികളിൽ പൊട്ടിപുറപ്പെടുന്ന പകർച്ചവ്യാധികൾ തടയാനുള്ള മുൻകരുതൽ നടപടികൾ താലൂക്കുതലത്തിൽ നടപ്പിലാക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾ താലൂക്കിലെ VD/VH/VPC മുഖേന ഏകോപിപ്പിക്കുകയും ചെയ്യുക ഇവയാണ് RAHC-യുടെ പ്രവർത്തനങ്ങൾ. നിലവിൽ വെറ്ററിനറി സബ് സെന്ററുകളുടെ ലീൻ പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രത്തിലേയ്ക്ക് മാറ്റുന്നത് പരിഗണനയിലില്ല.

മൃഗസംരക്ഷണ വകുപ്പിന്റെ പുന:സംഘടന സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരികയാണ്. പുന:സംഘടനയിൽ ഉൾപ്പെടുത്തി വെറ്ററിനറി സബ് സെന്ററുകൾ ശാക്തീകരിക്കുന്നതാണ്.

(ബി) ഐ.സി.ഡി.പി. സബ് സെന്ററുകളുടെ പേര് വെറ്ററിനറി സബ് സെന്ററുകൾ എന്നാക്കി മാറ്റിയപ്പോൾ അവിടത്തെ ഉദ്യോഗസ്ഥരുൾപ്പെടെ മുഴുവൻ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെയും തസ്തികാനാമം വെറ്ററിനറി ഇൻസ്പെക്ടർ എന്നാക്കി മാറ്റണമെന്ന് വിവിധ സംഘടനകൾ നിരന്തരം ആവശ്യമുന്നയിച്ചിട്ടും മുഖവിലയ്ക്കെടുക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; ക്ഷീരകർഷകർ കൂടുതൽ ആശ്രയിക്കുന്ന വെറ്ററിനറി സബ് സെന്ററുകളുടെ ഭൗതിക സാഹചര്യങ്ങളും സൗകര്യങ്ങളും മെച്ചപ്പെടുത്താൻ ഉതകുന്ന പ്രായോഗിക പദ്ധതികൾ നടപ്പിലാക്കുമോ?

ഇന്ത്യൻ വെറ്ററിനറി കൗൺസിൽ ആക്ട് അനുസരിച്ച് വെറ്ററിനറി ഇൻസ്പെക്ടർ എന്ന തസ്തികയുടെ ചുമതല വ്യക്തമായി നിർവ്വചിച്ചിട്ടുണ്ട്. വെറ്ററിനറി സ്ഥാപനങ്ങളും വെറ്ററിനറി കോളേജുകളും ടി സ്ഥാപനങ്ങളിൽ നടത്തുന്ന പരീക്ഷകളും നിരീക്ഷിക്കുന്നതിനുള്ള അധികാരം, ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ള വെറ്ററിനറി ഇൻസ്പെക്ടർക്കാണ്. ഇത്തരത്തിൽ വെറ്ററിനറി കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ചിട്ടുള്ള വെറ്ററിനറി

ഇൻസ്പെക്ടർ എന്ന തസ്തിക നാമം അതിനാൽ മറ്റൊരു വിഭാഗത്തിനും നൽകുക സാദ്ധ്യമല്ല. വകുപ്പിന്റെ പുനഃസംഘടനയിൽ ഉൾപ്പെടുത്തി വെറ്ററിനറി സബ് സെന്ററുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) ക്ഷീരകർഷകരുടെ ആവശ്യപ്രകാരമുള്ള നാടൻ ജനുസ്സ പശുക്കളുടെ ബീജ മാത്രകൾ (വെച്ചൂർ, കാസർഗോഡ് ഡ്വാർഫ്, ഗിർ, സാഹിവാൾ, കാങ്കയം) വെറ്ററിനറി ഉപകേന്ദ്രങ്ങളിലൂടെ വിതരണം നടത്തേണ്ടതില്ല എന്ന വകുപ്പ് ഡയറക്ടറുടെ നിർദ്ദേശം സർക്കാരിന്റെ അറിവോടെയാണോ; അല്ലെങ്കിൽ ഈ നിർദ്ദേശം പിൻവലിച്ച് ക്ഷീര കർഷകർക്ക് ആവശ്യമായ ബീജമാത്രകൾ വെറ്ററിനറി ഉപകേന്ദ്രങ്ങൾ വഴി വിതരണം നടത്താമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

തദ്ദേശ ജനുസ്സുകളുടെ വർഗ്ഗഗുണം സംരക്ഷിച്ചുകൊണ്ട് അവയുടെ എണ്ണം വർദ്ധിപ്പിക്കുകയെന്ന നയത്തിന്റെ ഭാഗമായാണ് തദ്ദേശ ജനുസ്സിൽപ്പെട്ട കാളകളുടെ ബീജം നാടൻ ജനുസ്സ് പശുക്കളിൽ മാത്രം ഉപയോഗിക്കണമെന്ന് തീരുമാനിച്ചത്. ആയത് ഉറപ്പുവരുത്തുന്നതിനാണ് ഒരു വെറ്ററിനറി സർജന്റെ മേൽനോട്ടത്തിൽ നാടൻ വിത്തുകാളകളുടെ ബീജം ഉപയോഗിക്കേണ്ടത് എന്ന നിർദേശം നൽകിയിട്ടുള്ളത്. മേൽ ബീജമാത്രകൾ മേൽനോട്ടമില്ലാതെ

നൽകിയപ്പോൾ ജനുസ്സ് മാറി കുത്തിവയ്ക്കുന്നതായി കാണുന്നതിനാൽ തനത് ജനുസ്സ് ജേം പ്ലാസം സംരക്ഷിക്കപ്പെടണമെന്ന ഉദ്ദേശ്യലക്ഷ്യം നടപ്പിലാകുന്നില്ല. ആയതിനാൽ ഈ ബീജമാത്രകൾ ഉപകേന്ദ്രങ്ങളിൽ വിതരണം ചെയ്യേണ്ടതില്ല എന്നാണ് തീരുമാനം. വെറ്ററിനറി സർജന്റെ മേൽനോട്ടത്തോടുകൂടി തദ്ദേശ ജനുസ്സിൽപ്പെട്ട കാളകളുടെ ബീജം ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരോ അസിസ്റ്റന്റ് ഫീൽഡ് ഓഫീസർമാരോ ഉപയോഗിക്കുന്നതിൽ വിലക്ക് ഏർപ്പെടുത്തിയിട്ടില്ല.

(ഡി) ആടുകളിലെ കൃത്രിമ ബീജാധാന പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്ക് നൽകിയെങ്കിലും മുഴുവൻ വെറ്ററിനറി സബ് സെന്ററുകളിലും ആടുകളിലെ കൃത്രിമ ബീജാധാനത്തിനാവശ്യമായ ബീജമാത്രകളും ഉപകരണങ്ങളും അനുവദിക്കാത്തത് എന്തുകൊണ്ടാണ്; ക്ഷീര കർഷകരെ സഹായിക്കുന്നതിന് സംസ്ഥാനത്ത് കാലിത്തീറ്റ റേഷനിംഗ് സമ്പ്രദായം നടപ്പിൽ വരുത്തുമോ?

ആടുകളിലെ കൃത്രിമ ബീജാധാന പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ആദ്യഘട്ടമായി പൂർത്തിയാക്കിയവർക്ക് ബീജമാത്രകളും ഉപകരണങ്ങളും നൽകിയിട്ടുണ്ട്. രണ്ടാം ഘട്ട പരിശീലനം

പുരോഗമിക്കുകയാണ്. പരിശീലനം പൂർത്തിയാക്കുന്ന മുറയ്ക്ക് ബീജമാത്രകളും ഉപകരണങ്ങളും നൽകുന്നതാണ്. കാലിത്തീറ്റ റേഷനിംഗ് സമ്പ്രദായം നടപ്പിൽ വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഇ) പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം കാലിത്തീറ്റയുടെ സബ്സിഡി തുക വർദ്ധിപ്പിക്കുന്നതിന് നടപടികളെടുക്കുമോ; സംസ്ഥാനത്തെ കന്നുകാലി പ്രജനനനയം നിയമം നടപ്പിലാക്കാൻ എന്ത് നടപടികളാണ് ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്നതെന്ന് വിശദമാക്കാമോ; സംസ്ഥാനത്ത് പാരാവെറ്ററിനറി കൗൺസിൽ രൂപീകരിക്കാനുള്ള നടപടികളുണ്ടാകുമോ?

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം കാലിത്തീറ്റയുടെ സബ്സിഡി തുക വർദ്ധിപ്പിക്കുന്നത് സർക്കാരിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് പരിഗണിക്കാനാവാത്തതിനാൽ ടി വിഷയത്തിൽ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ കന്നുകാലി പ്രജനനനയം നിയമം 2022 രൂപീകരിക്കുന്നത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കേരളത്തിൽ നിലവിലുള്ള സാഹചര്യത്തിൽ കൃത്യമായ പാഠ്യപദ്ധതിയുടെ അഭാവത്തിൽ ഇത്തരത്തിലുള്ള ഒരു കൗൺസിലിന്

തൽക്കാലം പ്രസക്തിയില്ല എന്ന കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിലിന്റെ അഭിപ്രായം പരിഗണിച്ചും പാരാ വെറ്റിനറി കൗൺസിൽ രൂപീകരിക്കണം എന്ന നിർദ്ദേശം കേന്ദ്ര സർക്കാർ, വെറ്റിനറി കൗൺസിൽ എന്നിവ നൽകിയിട്ടില്ലാത്തതിനാലും പാരാ വെറ്ററിനറി കൗൺസിൽ രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

(എഫ്) വൊക്കേഷണൽ ഹയർ സെക്കൻഡറി ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് കോഴ്സ് വിജയകരമായി പൂർത്തിയാക്കിയവർക്ക് മുൻകാലങ്ങളിൽ നടപ്പാക്കിയിരുന്നതുപോലെയുള്ള ആറ് മാസ ട്രെയിനിംഗ് പുനരാരംഭിക്കുമോ; ട്രെയിനിംഗ് നേടിയവരെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ നിലവിലെ ഒഴിവുകളിലേയ്ക്ക് താൽക്കാലികമായി നിയമിക്കാൻ നടപടികളെടുക്കുമോ; വിശദമാക്കാമോ?

ട്രെയിനിംഗ് നൽകുന്നത് എൽ.എം.റ്റി.സി-കളിലാണ്. ട്രെയിനിംഗ് പുനരാരംഭിക്കുന്ന വിഷയം പരിഗണനയിലാണ്. VHSE പൂർത്തിയായവർക്കും 6 മാസത്തെ ട്രെയിനിംഗ് നേടിയ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്കും (LI Gr-II) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി ജില്ലകളിൽ നിയമനം നൽകി വരാറുണ്ട്.

(ജി) വൊക്കേഷണൽ ഹയർ സെക്കൻഡറി ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് കോഴ്സിന്റെ പേര് ഡയറി ഫാം എന്റർപ്രണർ എന്നാക്കി മാറ്റിയിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത കോഴ്സിന് പി.എസ്.സി. അംഗീകാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

VHSE-യിൽ നിന്നും ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

<u>അതിർത്തിയിലെ പരിശോധനാ സംവിധാനം ശക്തിപ്പെടുത്താൻ നടപടി</u>

381(1921) <u>ശ്രീമതി സി. കെ. ആശ:</u>

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u>

<u>ശ്രീ. വി. ആർ. സുനിൽകുമാർ:</u>

<u>ശ്രീ. പി. എസ്. സുപാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന ഇറച്ചിക്കോഴി, പാൽ ഉല്പന്നങ്ങൾ, പക്ഷിമൃഗാദികൾ എന്നിവ അതിർത്തിയിൽ കുറ്റമറ്റ രീതിയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

അന്യസംസ്ഥാനത്തുനിന്നും കേരളത്തിലേയ്ക്ക് ഭക്ഷ്യ ഉത്പന്നങ്ങളായ കോഴി, പാല്, മുട്ട, കന്നുകാലികൾ, ആട്, പന്നി എന്നിവ മൃഗസംരക്ഷണ വകുപ്പിന്റെ ചെക്ക്പോസ്റ്റുകളിൽ കർശന പരിശോധന നടത്തിയാണ് കേരളത്തിലേയ്ക്ക് കടത്തിവിടുന്നത്. ജീവനുള്ള മൃഗങ്ങളുടെയും പക്ഷികളുടെയും രക്തവും മറ്റു സ്രവങ്ങളും ലബോറട്ടറി പരിശോധനയ്ക്ക് വിധേയമാക്കി രോഗബാധയില്ല എന്നുറപ്പാക്കിയാണ് കടത്തിവിടുന്നത്. നിലവിൽ കുളമ്പ് രോഗം, ബ്രൂസല്ല രോഗം, ജോണീസ് ഡിസീസ് എന്നിവയും ആട് വസന്ത, പക്ഷിപ്പനി തുടങ്ങിയ രോഗങ്ങളും പടർന്നുപിടിക്കില്ലെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം പാലക്കാട് ജില്ലയിൽ ഒരുക്കിയിട്ടുണ്ട്. ചെക്പോസ്റ്റ് സംവിധാനം ഒഴിവാക്കി വരുന്ന വാഹനങ്ങൾ പരിശോധിക്കുവാൻ വിജിലൻസ് യൂണിറ്റും മൊബൈൽ ചെക്ക്പോസ്റ്റ് സംവിധാനവും പാലക്കാട് ജില്ലയിൽ രാത്രിയും പകലും പ്രവർത്തിച്ചുവരുന്നുണ്ട്. ഇതുകൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് മൃഗങ്ങളെയും പക്ഷികളെയും മറ്റു ഉത്പ്പന്നങ്ങളും ഇറക്കുമതി ചെയ്യുന്നവരുടെ ഒരു വിവരശേഖരണം നടത്തി ആരൊക്കെ എന്തെല്ലാം സാധനങ്ങൾ എവിടെ നിന്നും എവിടേയ്ക്ക് കൊണ്ടുവരുന്നു എന്നുള്ളത് രേഖപ്പെടുത്തി തുടങ്ങിയിട്ടുണ്ട്. ഇതിലൂടെ ഓരോ വാഹനവും തിരിച്ചറിയാനും

രോഗം സ്ഥിരീകരിച്ചാൽ കരുതൽ നടപടികൾ എത്രയുംപെട്ടെന്ന് തുടങ്ങുവാനും വാഹനവും കൊണ്ടുവന്ന ഉരുപ്പടികളും ബന്ധവസാക്കുവാനും സാധിക്കുന്നു. അതുവഴി രോഗവ്യാപനം തടയാനും കഴിയുന്നു. നാളിതുവരെയായി 45 വ്യക്തികൾ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ചരക്കുസേവന നികുതി നടപ്പിലാക്കിയതിന്റെ ഭാഗമായി ആവശ്യമില്ലാതായ വാണിജ്യനികുതി ചെക്ക്പോസ്റ്റുകൾ മൃഗസംരക്ഷണ വകുപ്പിന്റെ ആവശ്യത്തിനായി ഏറ്റെടുക്കുന്നതിന്റെ സാദ്ധ്യത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേരളത്തിലെ മൃഗസംരക്ഷണ വകുപ്പിന്റെ ചെക്ക്പോസ്റ്റുകൾ ജി.എസ്.ടി.വകുപ്പിന്റെ കെട്ടിടങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(സി) ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി മൃഗസംരക്ഷണ വകുപ്പ് നടത്തിവരുന്ന പരിശോധനാ സംവിധാനങ്ങൾ വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ചെക്ക്പോസ്റ്റ് പ്രവർത്തനം വിപുലീകരിക്കുന്നതിനായി താഴെ പറയുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 1. എല്ലാ

ചെക്പോസ്റ്റുകളിലും Closed circuit Television ശൃംഖല സംവിധാനം. 2. അന്യസംസ്ഥാനത്തുനിന്നും കൊണ്ടുവരുന്ന വാഹനങ്ങൾക്ക് ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം. ഇതുവഴി ചെക്പോസ്റ്റ് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകും. 3. പാലും പാൽ ഉത്പന്നങ്ങളും, കാലിത്തീറ്റ, കോഴിത്തീറ്റ മുതലായവയുടെ ഗുണനിലവാര പരിശോധനയും മായം ചേർക്കൽ തടയുന്നതിനുള്ള നടപടിയും ഉടനെ നടപ്പിൽ വരുന്നതാണ്. 4. ചെക്പോസ്റ്റുകളിൽ ക്വാറന്റൈൻ സംവിധാനം, മറ്റു പരിശോധന സംവിധാനവും ഉൾപ്പെടെ വികസന പദ്ധതികൾ. 5. കേരളത്തിലെ ചന്തകൾ കേന്ദ്രീകരിച്ച് മൃഗ/പക്ഷി പരിശോധന ശക്തമാക്കുവാനും ക്വാറന്റൈൻ സംവിധാനം വിപുലമായി നടത്തുവാനും പദ്ധതിയുണ്ട്.

<u>വളർത്തുമൃഗങ്ങൾക്ക് അപൂർവ്വ രോഗം-മുൻകരുതൽ നടപടി</u>

382(1922) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ എം.ജെ. ജോയിയുടെ മൂന്ന് കറവപ്പശുക്കളും മൂന്ന് കിടാങ്ങളും നാല് നായകളും അപൂർവ്വ രോഗംമൂലം ചത്തത് എന്ത് അസുഖം ബാധിച്ചാണെന്നതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; പ്രസ്തുത രോഗം

പകരാൻ സാദ്ധ്യതയുണ്ടോ; ഉണ്ടെങ്കിൽ മൃഗസംരക്ഷണ വകുപ്പ് എന്തൊക്കെ മുൻകരുതൽ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. എം. ജെ. ജോയ് കടനപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലാണ് താമസിക്കുന്നത്. ടിയാന്റെ പശുക്കൾ ചത്തത് സംബന്ധിച്ച് കണ്ണൂർ ആർ. ഡി.ഡി.എൽ. ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസർ പരിശോധിച്ചതിൽ പശുക്കൾക്ക് തൈലേറിയാസിസ് എന്ന അസുഖമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. 2021 ഒക്ടോബർ മാസം മുതൽ തന്നെ കടനപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ കണ്ടോന്താർ വെറ്ററിനറി ഡിസ്പെൻസറി വെറ്ററിനറി സർജൻ, ശ്രീ. ജോയിയുടെ പശുക്കൾക്ക് തൈലേറിയാസിസിന്റെ ചികിത്സ നടത്തിവരികയായിരുന്നു. എന്നാൽ പശുക്കൾക്ക് ആരോഗ്യക്കുറവ് ഉണ്ടായിരുന്നതിനാൽ ചികിത്സയോട് പ്രതികരിച്ചിട്ടില്ല. കൂടാതെ പശുക്കൾക്ക് പോഷകാഹാരക്കുറവും പച്ചപ്പുല്ലിന്റെ ലഭ്യതക്കുറവും ഉണ്ടായിരുന്നു. അതുപോലെ നായകൾക്ക് കനൈൻ ഡിസ്റ്റംബർ എന്ന വൈറസ് രോഗം മൂർദ്ധന്യാവസ്ഥയിൽ ആയതിനാലാണ് മരണം സംഭവിച്ചിട്ടുള്ളത്. തൈലേറിയാസിസ് രോഗം പശുക്കളിൽ നിന്ന് പശുക്കളിലേയ്ക്ക് പട്ടുണ്ണികൾ വഴിയും കനൈൻ ഡിസ്റ്റംബർ രോഗം നായകളിൽ നിന്ന് നായകളിലേയ്ക്കും മാത്രമേ പകരുകയുള്ളൂ. അസുഖം

പകരാതിരിക്കാനുള്ള നടപടികൾ കണ്ടോന്താർ വെറ്ററിനറി ഡിസ്പെൻസറിയിൽ നിന്നും സ്വീകരിച്ചിട്ടുണ്ട്.

(ബി) പശുക്കൾ നഷ്ടമായ ഈ കർഷകന് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മരണപ്പെട്ട മൂന്ന് പശുക്കൾക്കും ഇൻഷ്വറൻസ് ഉള്ളതിനാൽ ഇൻഷ്വറൻസ് തുക ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ആയതിൽ ഒരു പശുവിന് ഇൻഷ്വറൻസ് തുക ലഭിക്കുകയും ചെയ്തു.

(സി) ചെറുതാഴം ഗ്രാമപഞ്ചായത്തിലെ നരീക്കാംപള്ളി മൃഗാശുപത്രിയിൽ ഡോക്ടറെ നിയമിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ചെറുതാഴം പഞ്ചായത്തിലെ നരീക്കാംവള്ളി മൃഗാശുപത്രിയിൽ താത്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി വെറ്ററിനറി സർജനെ നിയമിച്ചിട്ടുണ്ട്.

## അടിയന്തര മൃഗചികിത്സാ സേവനം

383(1923) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൃഗങ്ങളെ ആശുപത്രികളിൽ കൊണ്ടുവരുന്നതിന് കർഷകർ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായും രാത്രിസമയങ്ങളിൽ അടിയന്തര

മൃഗചികിത്സ നൽകുന്നതിനായും കർഷകരുടെ വീട്ടുപടിക്കൽ ആരോഗ്യസുരക്ഷാ സേവനങ്ങൾ നൽകുന്നതിനായും രൂപീകരിക്കുവാൻ തീരുമാനിച്ച പദ്ധതിയുടെ നടപടികൾ ഏത് ഘട്ടത്തിലായെന്ന് വിശദമാക്കാമോ; എത്ര പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമായെന്നുള്ള കണക്ക് നൽകാമോ; ആയതിന് എത്ര രൂപ ചെലവായെന്ന് വിശദമാക്കാമോ?

മൃഗങ്ങളെ ആശുപത്രികളിൽ കൊണ്ടുവരുന്നതിന് കർഷകർ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായും മൃഗാശുപത്രികളുടെ പ്രവർത്തന സമയശേഷം മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ആവശ്യമായ അടിയന്തിര മൃഗചികിത്സാ സേവനങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ നൽകുവാനുമായി രാത്രികാല അടിയന്തര വെറ്ററിനറി സേവനം പദ്ധതി ലക്ഷ്യമിടുന്നു. നിലവിൽ സംസ്ഥാനത്തെ 152 ബ്ലോക്കുകളിലുൾപ്പെടെ 156 കേന്ദ്രങ്ങളിൽ പദ്ധതി അനുവദിച്ചിട്ടുണ്ട്. ജീവനക്കാരുടെ നിയമനം കരാർ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ്. വൈകുന്നേരം 6 മണി മുതൽ രാവിലെ 6 മണിവരെയാണ് ഈ പദ്ധതി പ്രകാരം സേവനം ലഭിക്കുക. അടിയന്തിര ജീവൻരക്ഷാ മരുന്നുകളും മറ്റ് അടിയന്തര ഉപകരണങ്ങളും വാങ്ങുന്നതിന് പ്രത്യേക ഫണ്ട് വകയിരുത്തുന്നുണ്ട്. കർഷകരുമായി ബന്ധപ്പെടുന്നതിന് ആവശ്യമായ വാർത്താവിനിമയ സൗകര്യങ്ങളൊരുക്കുവാൻ തുക അനുവദിക്കുന്നുണ്ട്. പദ്ധതി

സംബന്ധിച്ച് കൃത്യമായ ഇടവേളകളിൽ പരിശോധന, മേൽനോട്ടം, കൂടാതെ പൊതുജനങ്ങളുടെ പരാതികൾ, നിർദ്ദേശങ്ങൾ എന്നിവ പരിശോധിച്ച് പരിഹാരമാർഗ്ഗങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. 2021-22-ൽ ഏകദേശം 88130 കർഷകർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നുണ്ട്. ഈ പദ്ധതിയിൽ ഈ സാമ്പത്തികവർഷം ഇതുവരെ 5,26,66,367 രൂപ ചെലവായിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിൽ റീബിൽഡ് കേരളാ ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം പ്രാദേശികാടിസ്ഥാനത്തിൽ എറണാകുളം, കണ്ണൂർ ജില്ലകളിൽ ഓരോ ടെലി വെറ്റിനറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 2.2 കോടി രൂപ അനുവദിക്കുകയും വെറ്ററിനറി സർജൻ, റേഡിയോഗ്രാഫർ, ഡ്രൈവർ എന്നിവരെ താൽക്കാലിക ജീവനക്കാരായി നിയോഗിച്ച് പദ്ധതി വിഭാവനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ആധുനിക ഉപകരണങ്ങളായ പോർട്ടബിൾ എക്സ്റേ യൂണിറ്റ്, ടെലി മെഡിസിൻ സോഫ്റ്റ്വെയർ, വീണപോയ കന്നുകാലികളെ ഉയർത്തുന്നതിനുള്ള ക്രെയിൻ സംവിധാനം തുടങ്ങിയവ സജ്ജീകരിച്ചിട്ടുണ്ട്. ആധുനിക ഡയഗ്നോസ്റ്റിക്ക് ലാബ് സൗകര്യങ്ങളോടെ മൃഗങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സ നൽകുവാനും അത്യാസന്ന ഘട്ടങ്ങളിൽ കർഷകരുടെ വീട്ടുപടിക്കൽ ചികിത്സാസേവനം ലഭ്യമാക്കുന്നതിനുമാണ് ഈ പദ്ധതി ആരംഭിച്ചിരിക്കുന്നത്. കർഷക ഭവനങ്ങൾ ഉൾപ്പെടെയുള്ള ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ മൃഗ ചികിത്സ ലഭ്യമാക്കുന്നതിന് ഈ പദ്ധതി പ്രയോജനപ്പെടുന്നുണ്ട്.

## അട്ടപ്പാടിയിൽ നടപ്പാക്കിയ പദ്ധതികൾ

384(1924) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ മൃഗസംരക്ഷണ വകുപ്പ് അട്ടപ്പാടിയിലെ ആദിവാസികൾക്കായി നടപ്പാക്കിയ വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

2021-22 വർഷത്തിൽ എസ്.സി.എ.ടു എസ്.സി.പി. (എൻ.എൽ.എം.) (റൂറൽ ബാക്ക്യാർഡ് ഗോട്ട് ഡെവലപ്മെന്റ്) (എസ്.ടി) പദ്ധതിയിൽ 3,56,400 രൂപ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ വിവിധ പദ്ധതികൾക്കായി ഈ മേഖലയിൽ ചെലവാക്കിയ തുകയുടെ പദ്ധതിയും വർഷവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ ഈ മേഖലയിൽ നടപ്പാക്കിയ പദ്ധതിയുടെ വിവരങ്ങൾ വർഷം തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) അട്ടപ്പാടിയിലെ ആദിവാസികൾക്കായി മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വെറ്ററിനറി മൊബൈൽ ആംബുലേറ്ററി ക്ലിനിക്ക് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

## താറാവ് കർഷകർക്ക് നഷ്ടപരിഹാരം നല്കാൻ നടപടി

385(1925) ശ്രീ. തോമസ് കെ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ കഴിഞ്ഞ നവംബർ-ഡിസംബർ മാസങ്ങളിലുണ്ടായ പക്ഷിപ്പനിയെത്തുടർന്ന് പതിനായിരക്കണക്കിന് താറാവുകൾ ചത്തൊടുങ്ങിയതിന്റെ നഷ്ടപരിഹാരം നൽകുന്നതിലെ കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

മുൻ വർഷങ്ങളിലേതുപോലെ മരണപ്പെട്ടവയും കൾ ചെയ്ത പക്ഷികൾക്കും രണ്ടുമാസത്തിലധികം പ്രായമായ പക്ഷി ഒന്നിന് 200 രൂപ നിരക്കിലും രണ്ട് മാസത്തിൽ താഴെ പ്രായമുള്ള പക്ഷി ഒന്നിന് 100 രൂപ

നിരക്കിലും നശിപ്പിച്ച മുട്ട ഒന്നിന് 5 രൂപ നിരക്കിലും നഷ്ടപരിഹാരം നൽകുന്നതിന് ആവശ്യമായ നഷ്ടപരിഹാരതുക മൃഗസംരക്ഷണ വകുപ്പിന്റെ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ കോർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് 10.3.2022-ലെ സ.ഉ(കൈ).14/2022/എ.എച്ച്.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) വലിയ തോതിൽ താറാവിനെ നഷ്ടപ്പെട്ട പല കർഷകർക്കും നഷ്ടപരിഹാരം ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

2014 മുതൽ 2020 ജനുവരി മാസം വരെ സംസ്ഥാനത്തുണ്ടായ പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് മുഴുവൻ നഷ്ടപരിഹാരവും കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ പ്രസ്തുത നടപടിയുമായി ബന്ധപ്പെട്ട പരാതികൾ ഒന്നും തന്നെയില്ല.

(സി) സാങ്കേതിക കാരണങ്ങൾ പറഞ്ഞ് കാലതാമസം വരുത്താതെ അർഹതപ്പെട്ട നഷ്ടപരിഹാരം ഉടൻ നല്കുന്നതിന് നടപടി സ്വീകരിക്കുമോ?

അർഹതപ്പെട്ട നഷ്ടപരിഹാരം അനുവദിക്കുന്നതിന് 10.3.2022-ലെ സ.ഉ(കൈ).14/2022/എ.എച്ച്.ഡി. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുക

അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കാൻ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇതുസംബന്ധിച്ച് താറാവ് കർഷകർ ഉന്നയിക്കുന്ന ആക്ഷേപങ്ങൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് താറാവ് കർഷകർ ഉന്നയിക്കുന്ന എല്ലാ ആക്ഷേപങ്ങളിലും വിശദമായ അന്വേഷണം നടത്തി യഥാസമയം നടപടികൾ സ്വീകരിച്ചുവരുന്നു.

മൃഗാശുപത്രികളിലെ തിരക്ക് കുറയ്ക്കാൻ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി

386(1926) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് വളർത്തുമൃഗങ്ങളുടെ ചികിത്സയ്ക്കായി വെറ്റിനറി ആശുപത്രികളിൽ തിരക്ക് വർദ്ധിച്ചതുമൂലം ആശുപത്രികളിലെ ഡോക്ടർമാർക്ക് ജോലിഭാരം കൂടുന്നുവെന്നും തൽഫലമായി കന്നുകാലികൾക്ക് യഥാസമയം ചികിത്സ കിട്ടാതെ വരുന്നുവെന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായി Augmentation of professional services (APS)പദ്ധതി പ്രകാരം ജൂനിയർ റസിഡന്റുമാരെ നിയമിച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിൽ മൃഗാശുപത്രികളിൽ തിരക്ക് വർദ്ധിക്കുന്ന സാഹചര്യത്തിൽ വളർത്തുമൃഗ സമ്പത്ത് കൂടുതലുള്ള പഞ്ചായത്തുകളിൽ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പ്രതിമാസം പത്തിൽ താഴെ കൃത്രിമ ബീജധാനം നടക്കുന്ന സബ് സെന്ററുകളെ കണ്ടെത്തി വളർത്തുമൃഗ സമ്പത്ത് കൂടുതലുള്ളതും എന്നാൽ മൃഗചികിത്സ സൗകര്യം അതിനാനുപാതികമായി ലഭ്യമല്ലാത്ത സ്ഥലങ്ങളിലേയ്ക്ക് പുനർവിന്യസിക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

## മാതൃകാ മൃഗാശുപത്രികൾ

387(1927) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ മാതൃകാ മൃഗാശുപത്രികൾ നിലവിലുണ്ടോയെന്നും അവ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിൽ മാതൃകാ മൃഗാശുപത്രികൾ നിലവിലില്ല. മാതൃകാ മൃഗാശുപത്രികൾ മൃഗസംരക്ഷണ വകുപ്പിൽ ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ ആലോചിച്ചുവരികയാണ്.

(ബി) സഞ്ചരിക്കുന്ന മൃഗാശുപത്രി സംവിധാനം ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കുന്നുണ്ടോ;വ്യക്തമാക്കുമോ?

കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടി തുടങ്ങിക്കഴിഞ്ഞു. ആദ്യപടിയായി 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ സജ്ജീകരിക്കുന്നതിനുള്ള വാഹനങ്ങൾ വാങ്ങുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ RKI പദ്ധതി പ്രകാരം അത്യാധുനിക ചികിത്സാ സൗകര്യങ്ങളുള്ള 12 ടെലി വെറ്ററിനറി യൂണിറ്റുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനുള്ള നടപടികളും നടന്നുവരികയാണ്. ഈ വർഷം തന്നെ ഈ രണ്ട് പദ്ധതികളും ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## മൃഗാശുപത്രി കെട്ടിടങ്ങളുടെ നിർമ്മാണം

388(1928) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗസംരക്ഷണ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ഇതുവരെ ഏതെല്ലാം മൃഗാശുപത്രി കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ഫണ്ടുകൾ അനുവദിച്ചിട്ടുണ്ടെന്ന് മണ്ഡലം തിരിച്ച് വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ മേയ് മാസം മുതൽ ഇതുവരെ ആകെ പതിമൂന്ന് മൃഗാശുപത്രി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## പഞ്ചായത്ത് കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രികൾ

389(1929) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന മൃഗാശുപത്രികൾ, ഡിസ്പെൻസറികൾ എന്നിവയുടെ ആസ്തിയും ജീവനക്കാരെയും പൂർണ്ണമായും അതത് തദ്ദേശ സ്വയംഭരണ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥാപനങ്ങൾക്കു വിട്ടുനൽകി ഉത്തരവായിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് നൽകാമോ?

പഞ്ചായത്ത് കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന മൃഗാശുപത്രികൾ, ഡിസ്പെൻസറികൾ എന്നിവയുടെ ആസ്തിയും ജീവനക്കാരെയും പൂർണ്ണമായും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വിട്ടുനൽകി ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം -I ആയി ചേർത്തിരിക്കുന്നു.+

(ബി) ഈ ഡിസ്പെൻസറികളുടെ സ്വതന്ത്രമായ പ്രവർത്തനത്തിന് യാതൊരു തടസ്സവുമില്ലാതെ പ്രസ്തുത പഞ്ചായത്ത് ആസ്തികളിൽ അനുബന്ധ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനും പഞ്ചായത്തിന്റെ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനും പഞ്ചായത്ത് ഭരണ സമിതികൾക്ക് അധികാരമുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഈ ഡിസ്പെൻസറികളുടെ സ്വതന്ത്രമായ പ്രവർത്തനത്തിന് യാതൊരു തടസ്സവുമില്ലാതെ പ്രസ്തുത പഞ്ചായത്ത് ആസ്തികളിൽ അനുബന്ധ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനും പഞ്ചായത്തിന്റെ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനും പഞ്ചായത്ത് ഭരണ സമിതികൾക്ക് അധികാരമില്ല. കൈമാറ്റം ചെയ്ത ഒരു സർക്കാർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥാപനത്തിനോട് അനുബന്ധിച്ചുള്ള വസ്തുവകകൾ ആ സ്ഥാപനത്തിന്റെ ആവശ്യങ്ങൾക്കുമാത്രം ഉപയോഗപ്പെടുത്തേണ്ടതാണെന്നും മറ്റ് യാതൊരു സംരംഭത്തിനും അവ ഉപയോഗപ്പെടുത്താൻ പാടില്ലായെന്നും 27.2.2003-ലെ സ.ഉ(സാധാ) നമ്പർ 677/2003/എൽ.എസ്.ജി.ഡി. പ്രകാരവും 2011-ലെ കേരള പഞ്ചായത്തീരാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളെ അടിസ്ഥാനമാക്കി പഞ്ചായത്ത് ഡയറക്ടറുടെ 8.1.2018-ലെ സി2/15471/18 സർക്കുലർ പ്രകാരവും വ്യക്തമാക്കിയിട്ടുണ്ട്. കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾ ഏതു ആവശ്യത്തിനാണോ നിലകൊള്ളുന്നത് ആയത് അതേപടി നില നിർത്തിക്കൊണ്ട് വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമാത്രം ഉപയോഗിക്കുവാനാണ് നിലവിലെ സർക്കാർ ചട്ടങ്ങൾ നിഷ്കർച്ചിട്ടുള്ളത്.

(സി) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിലെ 7570/എം3/എ.എച്ച്.ഡി./2021 എന്ന ഫയലിലെ തീർപ്പ് നിയമാനുസൃതമാണോ എന്നു വ്യക്തമാക്കാമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; നിയമാനുസൃതമല്ലെങ്കിൽ പ്രസ്തുത തീർപ്പ് പുന:പരിശോധിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കുമോ?

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിലെ 7570/എം3/എ.എച്ച്.ഡി./2021 എന്ന നമ്പർ ഫയൽ നിലവിൽ തീർപ്പാക്കിയിട്ടില്ല. പ്രസ്തുത ഫയലിന്റെ പകർപ്പ് അനുബന്ധം -II ആയി ചേർത്തിരിക്കുന്നു.+ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടുപ്രകാരം മേൽ ഫയലിലെ ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ല. കൂടാതെ വകുപ്പിന്റെ സ്ഥാപനങ്ങൾ മറ്റ് പ്രവർത്തനങ്ങൾക്കായി ആവശ്യപ്പെടുന്ന സാഹചര്യത്തിൽ ജന്തുജന്യ രോഗങ്ങൾ പിടിപെടാൻ സാദ്ധ്യതയുള്ളതിനാൽ മൃഗാശുപത്രിയിലെത്തുന്ന മൃഗങ്ങളുടെ ക്ഷേമം മുൻനിർത്തി ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

## മൃഗാശുപത്രികളിൽ കരാറടിസ്ഥാനത്തിൽ നിയമനം

390(1930) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വളർത്തുമൃഗങ്ങളുടെയും ഓമന മൃഗങ്ങളുടെയും എണ്ണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ധാരാളം ആളുകൾ ഓമന മൃഗങ്ങളുടെയും വളർത്തുമൃഗങ്ങളുടെയും പരിപാലന മേഖലയിലേയ്ക്ക് പ്രത്യേകിച്ചും കോവിഡ് കാലത്ത് കടന്നുവന്നിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

കോവിഡ് കാലഘട്ടത്തിൽ വളർത്തുമൃഗമായ നായകളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട് മുൻവർഷത്തെ അപേക്ഷിച്ച് 46.26% വർദ്ധനവും പൂച്ചകളുടെ ആരോഗ്യ പരിപാലനത്തിൽ 105.96% വർദ്ധനവുമുണ്ടായതായി കാണുന്നു.

(സി) വിവിധ പദ്ധതി പ്രവർത്തനങ്ങളും ചികിത്സയും ഒരുമിച്ച് കൊണ്ടുപോകുന്ന മൃഗാശുപത്രികളിലെ അനിയന്ത്രിതമായ തിരക്കുമൂലം ജനങ്ങൾക്കും കർഷകർക്കും സേവനം കൃത്യമായി ലഭിക്കുന്നില്ലെന്നുള്ള പരാതി പരിഹാരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തുടനീളമുള്ള ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ, 24 മണിക്കൂറും പ്രവർത്തിക്കുന്ന വെറ്ററിനറി ഹോസ്പിറ്റലുകൾ, വെറ്ററിനറി പോളി ക്ലിനിക്കുകൾ, വെറ്ററിനറി ഡിസ്പെൻസറികൾ എന്നിവയിലൂടെ പൊതുജനങ്ങൾക്ക് ലഭിക്കുന്ന മൃഗചികിത്സാ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 50 യുവ വെറ്ററിനറി ഡോക്ടർമാരെ "Augmentation of Professional Services" (APS) എന്ന സ്കീമിൽ

ഉൾപ്പെടുത്തി പകൽസമയത്തെ സേവനത്തിനായി സംസ്ഥാനത്തെ കേസ് കൂടുതലുള്ള തെരഞ്ഞെടുക്കപ്പെട്ട 50 ആശുപത്രികളിലായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷൻ, നെയ്യാറ്റിൻകര മുൻസിപ്പാലിറ്റി ഉൾപ്പെടെയുള്ള 156 സെന്ററുകളിൽ "വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം" എന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. രാത്രി 6 മണി മുതൽ രാവിലെ 6 മണി വരെ രാത്രികാലത്ത് അടിയന്തര വെറ്ററിനറി സേവനം നൽകുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ടി പദ്ധതിയിലുൾപ്പെടുത്തി 156 സെന്ററുകളിൽ രാത്രിസമയത്ത് ആവശ്യമായ മൃഗചികിത്സ ലഭ്യമാക്കുന്നതിനായി വെറ്ററിനറി സർജൻമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള രണ്ടായിരത്തിൽ കൂടുതൽ മൃഗങ്ങളുള്ള പ്രദേശങ്ങളിൽ ആരോഗ്യ മേഖലയിലെ പോലെ കരാറടിസ്ഥാനത്തിൽ മൃഗാശുപത്രികളിലും കൂടുതൽ ഡോക്ടർമാരെയും സ്റ്റാഫുകളെയും നിയമിക്കുന്നതിനു സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നടപ്പ് സാമ്പത്തിക വർഷം Augmenting professional services in veterinary clinical institutions എന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതുപ്രകാരം പുതിയതായി പഠിച്ചിറങ്ങിയ 50-ഓളം വെറ്ററിനറി ബിരുദധാരികളെ ജൂനിയർ റസിഡന്റുമാരായി നിയോഗിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

## താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

391(1931) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പിന് കീഴിൽ വർഷങ്ങളായി താൽക്കാലിക അടിസ്ഥാനത്തിലും ദിവസ വേതനാടിസ്ഥാനത്തിലും തുടർച്ചയായി ജോലിചെയ്തുവരുന്ന ജീവനക്കാരെ മാനുഷിക പരിഗണന നൽകി സ്ഥിരപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ?

നിലവിലെ ചട്ടങ്ങൾ അനുസരിച്ചും ഉമാദേവി vs സ്റ്റേറ്റ് ഓഫ് കർണ്ണാടക എന്ന കേസിന്മേലുള്ള ബഹു. സുപ്രീം കോടതിയുടെ 10.4.2006-ലെ വിധിന്യായത്തിന്റെ വെളിച്ചത്തിലും മൃഗസംരക്ഷണ വകുപ്പിന് കീഴിൽ താൽക്കാലിക അടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും

തുടർച്ചയായി ജോലി ചെയ്തു വരുന്ന ഫാം തൊഴിലാളികളെ മാനുഷിക പരിഗണന നൽകി സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല. 25.11.2005-ലെ സ.ഉ(പി) 501/2005/ധന., 9.2.2010-ലെ സ.ഉ (പി) 61/2010/ധന. എന്നീ ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി, വിശദമായി പരിശോധിച്ചാണ് കാഷ്വൽ സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നത്. ക്ഷീരവികസന വകുപ്പിന് കീഴിൽ വർഷങ്ങളായി താൽക്കാലിക അടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും തുടർച്ചയായി ജോലിചെയ്തുവരുന്ന ജീവനക്കാർ ആരും തന്നെ ഇല്ല.

(ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ ഇത്തരത്തിൽ ജോലിചെയ്തുവരുന്ന ജീവനക്കാരുടെ വിവരങ്ങൾ തരംതിരിച്ച് വിശദമാക്കാമോ?

കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിൽ ഫാമുകൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല. ആയതിനാൽ ഇത്തരത്തിൽ ജോലി ചെയ്യുന്ന ഫാം തൊഴിലാളികൾ ആരും ഇല്ല. എന്നാൽ ടി മണ്ഡലത്തിൽ വെറ്ററിനറി സബ് സെന്ററുകളിൽ ജോലി ചെയ്തുവരുന്ന കാഷ്വൽ സ്വീപ്പർമാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീമതി പുഷ്പവല്ലി, വെറ്ററിനറി സബ് സെന്റർ, ആമ്പിലോട്, 2005-നുമ്പ് കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തുവരുന്നു. 2. ശ്രീമതി ഷീബ സി.സി, വെറ്ററിനറി സബ് സെന്റർ, മുരിയാട്, 2008 മുതൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തുവരുന്നു. 3. ശ്രീ. അനീഷ് കല്ലി, വെറ്ററിനറി സബ് സെന്റർ, പത്തായക്കുന്ന്, 2005-നുമ്പ് കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തുവരുന്നു. 4. ശ്രീ. പത്മഗിരിശൻ, സബ് സെന്റർ, പടന്നക്കര, 2005-നുമ്പ് കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തുവരുന്നു. 5. ശ്രീ. ബിനോജ് ടി. വി., വെറ്ററിനറി സബ് സെന്റർ, കോട്ടയം മലബാർ, 2005-നുമ്പ് കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തുവരുന്നു. 6. ശ്രീമതി ശാരദ, വെറ്ററിനറി സബ് സെന്റർ ചെണ്ടയാട്, 2005-നുമ്പ് കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തുവരുന്നു. 7. ശ്രീ. അശോകൻ.എ, വെറ്ററിനറി സബ് സെന്റർ, കുന്നോത്ത് പറമ്പ്, 2005-നുമ്പ് കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തുവരുന്നു. 8. ശ്രീ. രാജൻ ടി.കെ., വെറ്ററിനറി സബ് സെന്റർ, കൊലവല്ലൂർ, 2005-നുമ്പ് കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തുവരുന്നു. 9. ശ്രീമതി കൃഷ്ണകുമാരി കെ.പി., വെറ്ററിനറി സബ് സെന്റർ കൂരാര, 2005-നുമ്പ് കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തുവരുന്നു. കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പിന് കീഴിൽ വർഷങ്ങളായി

താൽക്കാലികാടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും തുടർച്ചയായി ജോലി ചെയ്തുവരുന്ന ജീവനക്കാർ ആരും തന്നെ ഇല്ല.

(സി) ഇതുമായി ബന്ധപ്പെട്ട് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ?

മേൽ സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ട പാർട്ട് ടൈം സ്വീപ്പർ തസ്തികയോ സ്വീപ്പിംഗ് ഏരിയ 100 ചതുരശ്ര മീറ്ററോ ഇല്ല. ആയതിനാൽ 25.11.2005-ലെ സ.ഉ(പി) 501/2005/ധന., 9.2.2010-ലെ സ.ഉ (പി) 61/2010/ധന. എന്നീ ഉത്തരവുകൾ പ്രകാരം ടി കാഷ്വൽ സ്വീപ്പർമാർക്ക് സ്ഥിരനിയമനം നൽകുവാൻ നിർവ്വാഹമില്ല. ക്ഷീരവികസന വകുപ്പിന് കീഴിൽ താൽക്കാലികാടിസ്ഥാനത്തിലും ദിവസവേതനാടിസ്ഥാനത്തിലും തുടർച്ചയായി ജോലി ചെയ്തുവരുന്ന ജീവനക്കാർ ആരുംതന്നെ ഇല്ലാത്തതിനാൽ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

## കെ.എസ്.ഇ.ബി.ക്ക് സ്ഥലം വിട്ടുനൽകൽ

392(1932) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ മീത്രർ എന്ന സ്ഥലത്ത് മൃഗസംരക്ഷണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം കെ.എസ്.ഇ.ബി.-യുടെ സബ്‌സ്റ്റേഷൻ നിർമ്മിക്കുന്നതിനായി വിട്ടുനൽകുന്നതിന്റെ നടപടിക്രമങ്ങൾ എന്തായെന്ന് വിശദമാക്കാമോ?

പ്രസ്തുത ഭൂമി പട്ടയ ഭൂമി ആയതിനാൽ പാട്ടത്തിന് അനുവദിക്കാൻ കഴിയാത്തതിനാൽ, ഭൂമി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ പേരിൽ നിന്നും പുറമ്പോക്കാക്കി മാറ്റുവാൻ ജില്ലാ കളക്ടർ അറിയിച്ചതുപ്രകാരം അപേക്ഷ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നൽകി റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇതിനുവേണ്ടി പ്രസ്തുത ഭൂമി റവന്യൂവിൽ പുനർനിക്ഷിപ്തപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

പുനർനിക്ഷിപ്തപ്പെടുത്തിയിട്ടില്ല. പ്രസ്തുത ഭൂമി റവന്യൂവിൽ പുനർനിക്ഷിപ്തപ്പെടുത്തേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## എലപ്പുള്ളി മൃഗാശുപത്രി വക സ്ഥലത്ത് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് അനുമതി

393(1933) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ എലപ്പുള്ളി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണ പദ്ധതിക്കായി എലപ്പുള്ളി മൃഗാശുപത്രിയുടെ കൈവശമുള്ള സ്ഥലത്ത് ഉടമസ്ഥാവകാശം മൃഗസംരക്ഷണ വകുപ്പിൽ തന്നെ നിലനിർത്തികൊണ്ട് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് ഉപയോഗാനുമതി നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) മുൻപ് നടന്ന മന്ത്രിതല യോഗങ്ങളിൽ ഉൾപ്പെടെ ഉപയോഗാനുമതി നൽകുവാൻ തീരുമാനമെടുത്തിട്ടും ഈ തീരുമാനം നടപ്പിലാക്കാത്തതിന്റെ കാരണം അറിയിക്കുമോ?

&

(സി) ഉപയോഗാനുമതി ലഭിക്കുന്നതിന് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ 3.8.2018-ന് കത്ത് നമ്പർ KWA/WSP/PKD/D3/OZELY/18/Vol-1 പ്രകാരം പാലക്കാട് ജില്ലാ

മൃഗസംരക്ഷണ ഓഫീസർക്ക് നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

സർക്കാർ ഭൂമി സംബന്ധിച്ച് ഭൂമി ഏത് വകുപ്പിന്റേതായാലും ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ റവന്യൂ വകുപ്പിന് മാത്രമേ അധികാരമുള്ളൂവെന്ന് 3.6.2010-ലെ ചീഫ് സെക്രട്ടറിയുടെ സർക്കുലർ പ്രകാരവും 2.4.2019-ലെ റവന്യൂ എൽ. വകുപ്പിന്റെ സ.ഉ(കൈ) നം.116/2019/റവ. പ്രകാരവും ഉത്തരവായിട്ടുണ്ട്. ടി സാഹചര്യത്തിൽ മലമ്പുഴ മണ്ഡലത്തിലെ എലപ്പുള്ളി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള വിതരണ പദ്ധതിക്കായി എലപ്പുള്ളി മൃഗാശുപത്രിയുടെ കൈവശമുള്ള സ്ഥലത്ത് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് ഉപയോഗാനുമതി നൽകുന്നതിനായി ഈ വകുപ്പിന്റെ ജി2/55/2020-എ.എച്ച്-ാം നമ്പർ ഫയൽ പൊതുഭരണ റവന്യൂ (എൽ) വകുപ്പിന് കൈമാറുകയും ഭൂമി വാട്ടർ അതോറിറ്റിക്ക് പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ, ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന ലഭ്യമാക്കാൻ, 29.12.2021-ൽ റവന്യൂ വകുപ്പ് പാലക്കാട് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുമുണ്ട്.

## ജീവനോപാധി സഹായ പാക്കേജ്

394(1934) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിലൂടെ മൃഗസംരക്ഷണ വകുപ്പിന് അനുമതി ലഭിച്ചിട്ടുള്ള ജീവനോപാധി സഹായ പാക്കേജ് പ്രകാരം ഏതെങ്കിലും പദ്ധതികൾ ചാത്തന്നൂർ മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതികൾക്കായി ആകെ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

റീ-ബിൽഡ് കേരളാ പദ്ധതിയിലൂടെ മൃഗസംരക്ഷണ വകുപ്പിന് അനുമതി ലഭിച്ചിട്ടുള്ള ജീവനോപാധി സഹായ പാക്കേജ് പ്രകാരം ചാത്തന്നൂർ മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് (2020-21 വർഷം) പശുവളർത്തൽ, കാലിത്തൊഴുത്ത് നിർമ്മാണം, തീറ്റപ്പുൽകൃഷി, ആടു വളർത്തൽ, കോഴി വളർത്തൽ, താറാവു വളർത്തൽ എന്നീ പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. ടി പദ്ധതികൾക്കായി 24,25,100 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് ജീവനോപാധി സഹായ പാക്കേജ് പ്രകാരം മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ ചാത്തന്നൂർ

മണ്ഡലത്തിൽ അനുവദിച്ചിട്ടുണ്ടെങ്കിൽ അവ ഏതെല്ലാം പദ്ധതികളാണെന്നും എത്ര ഗുണഭോക്താക്കൾക്ക് അനുവദിച്ചു എന്നും ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്.+

## ഡെയറി ഫാമുകളിൽ പശുക്കളെ വളർത്തുന്നതിനുള്ള ലൈസൻസ്

395(1935) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയറി ഫാമുകളിൽ എത്ര പശുക്കളെ വരെ ലൈസൻസ് ഇല്ലാതെ വളർത്താൻ കഴിയും; ഇതുമായി ബന്ധപ്പെട്ട് ഇറക്കിയിട്ടുള്ള നിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ?

2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 5 മൃഗങ്ങൾക്ക് മുകളിലുള്ള ഫാമിന് ലൈസൻസ് ആവശ്യമാണ്. ഇതുസംബന്ധിച്ച് പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ഭാഗങ്ങളുടെ പകർപ്പ് അനുബന്ധം -1 എ+ ആയും പൊല്യൂഷൻ കൺട്രോൾ ബോർഡ് നൽകിയിട്ടുള്ള കത്തിന്റെ പകർപ്പ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുബന്ധം -1 ബി+ ആയും ഒക്ടോബർ 1, 2020-ലെ ഗസറ്റ് നോട്ടിഫിക്കേഷൻ നം.2258 പ്രകാരം കേരള മുൻസിപ്പാലിറ്റി ആക്ട് 1994-ൽ 20 പശു ആയി ആയി ഉയർത്തിയതിന്റെ പകർപ്പ് അനുബന്ധം 1 സി+ ആയും ചേർത്തിരിക്കുന്നു.

(ബി) ഡെയറി ഫാമുകൾക്ക് ലൈസൻസ് അനുവദിച്ച് കിട്ടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; സമർപ്പിക്കേണ്ട രേഖകൾ, അപേക്ഷ നൽകേണ്ട വിധം എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ?

ഡെയറി ഫാമുകൾക്ക് ലൈസൻസ് അനുവദിച്ച് കിട്ടുന്നതിനായി നിർദ്ദിഷ്ട ഫോറത്തിൽ പഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്. ഇതുസംബന്ധിച്ച് പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ഭാഗങ്ങളുടെ പകർപ്പും അനുബന്ധം -1 എ+ ആയി ചേർത്തിട്ടുണ്ട്.

## ക്ഷീര സംഘങ്ങൾക്കുള്ള പുതിയ പദ്ധതികൾ

396(1936) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്ഷീര സംഘങ്ങളുടെ ശാക്തീകരണത്തിനും ഉന്നമനത്തിനുമായി പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ക്ഷീര സംഘങ്ങളുടെ ശാക്തീകരണത്തിനും ഉന്നമനത്തിനുമായി വിവിധ പദ്ധതികൾ " ക്ഷീരസംഘങ്ങൾക്ക് ധനസഹായം" പദ്ധതിയിലൂടെ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. ക്ഷീരസംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി, പുതുതായി ആരംഭിക്കുന്ന ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പ്രവർത്തനരഹിതമായ ക്ഷീരസംഘങ്ങളുടെ പുനരുദ്ധാരണ ധനസഹായ പദ്ധതി, മിൽക്ക് റൂട്ട് ഇല്ലാത്ത സംഘങ്ങൾക്കുള്ള സഹായ പദ്ധതി, ക്ഷീരസംഘങ്ങൾക്ക് മാനേജീരിയൽ ധനസഹായ പദ്ധതി, ക്ഷീരസംഘങ്ങൾ മുഖേന പച്ചപ്പുൽ/വയ്ക്കോൽ വിതരണ പദ്ധതി, എഫ്.എസ്.എസ്.എ. 2006 നടപ്പിലാക്കാനുള്ള ധനസഹായ പദ്ധതി, നൂതന പദ്ധതികളായ മഴവെള്ളസംഭരണി നിർമ്മാണ പദ്ധതി, ക്ഷീരസംഘങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് ധനസഹായം എന്നിവ ഈ പദ്ധതിയുടെ ഘടക പദ്ധതികളാണ്. ഫാർമേഴ്സ് ഫെസിലിറ്റേഷൻ-കം-ഇൻഫർമേഷൻ സെന്റർ, ഹൈജീനിക് മിൽക്ക് കളക്ഷൻ റൂം, കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള

സംഘങ്ങളുടെ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ, ചെലവ് കുറഞ്ഞ മാലിന്യസംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം, സൗരോർജ്ജ സംരക്ഷണ പദ്ധതികൾ, മഴവെള്ള സംഭരണി എന്നീ പദ്ധതികളും ക്ഷീരസഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിനും ഗ്രാമീണമേഖലയിലെ പാൽ സംഭരണ വിതരണ സംവിധാനം ശക്തിപ്പെടുത്തുവാനും സർക്കാർ നടപ്പിലാക്കിവരുന്നു. കൂടാതെ ഈ സാമ്പത്തികവർഷം നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ താഴെ ചേർക്കുന്നു.

വൈക്കോൽ ബെയ്‌ലിംഗ് യൂണിറ്റ്: ക്ഷീരസംഘങ്ങൾ വഴി വൈക്കോൽ ശേഖരിച്ച് ബെയ്ൽ ചെയ്ത് ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് വിപണനം ചെയ്യുന്ന പദ്ധതിയാണിത്. ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്.

പാരമ്പര്യേതര കാലിത്തീറ്റകളുടെ ഉല്പാദനവും വിപണനവും: ക്ഷീരസംഘങ്ങളിൽ പ്രാദേശികമായി ലഭിക്കുന്ന തീറ്റവസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള കാലിത്തീറ്റയുടെ നിർമ്മാണവും വിപണനവുമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

## ക്ഷീര വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ

397(1937)ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യത്തിന്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീര വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾ ഏതെല്ലാമാണെന്നും ആയതിന്റെ മാനദണ്ഡങ്ങളും വിശദമാക്കുമോ?

ക്ഷീര വികസനത്തിനായി ക്ഷീരവികസന വകുപ്പ് നിലവിൽ ക്ഷീരകർഷകർക്കും ക്ഷീരസംഘങ്ങൾക്കും വേണ്ടിയുള്ള വിവിദങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, മിൽക്ക് ഷെഡ് വികസന പദ്ധതി, ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, ഗുണനിലവാര ലാബുകളുടെ ശക്തിപ്പെടുത്തൽ, കാലിത്തീറ്റ സബ്സിഡി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീര ഗ്രാമം, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും

നടപ്പിലാക്കി വരുന്നത്. ക്ഷീരസംഘങ്ങൾക്ക് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുമായി വിവിധ ആവശ്യങ്ങൾക്കായുള്ള ധനസഹായ പദ്ധതികൾ നിലവിലുണ്ട്. വകുപ്പ് ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ

വൈക്കോൽ ബെയ്‌ലിംഗ് യൂണിറ്റ് - ക്ഷീരസംഘങ്ങൾ വഴി വൈക്കോൽ ശേഖരിച്ച് ബെയ്ൽ ചെയ്ത് ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് വിപണനം ചെയ്യുന്ന പദ്ധതിയാണിത്. ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കിവരുന്നത്.

പാരമ്പര്യേതര കാലിത്തീറ്റകളുടെ ഉല്പാദനവും വിപണനവും- ക്ഷീരസംഘങ്ങളിൽ പ്രാദേശികമായി ലഭിക്കുന്ന തീറ്റവസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള കാലിത്തീറ്റയുടെ നിർമ്മാണവും വിപണനവുമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

കറവ പരിശീലനം - നിലവിൽ കേരളത്തിൽ പശുക്കറവയിൽ വൈദഗ്ദ്ധ്യമുള്ളവരുടെ എണ്ണം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ വനിതകൾക്ക് ശാസ്ത്രീയമായ പശുക്കറവയുടെ പരിശീലനം നൽകാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

ഇടുക്കി പാക്കേജ് - പാലുല്പാദന വർദ്ധനവിനായി ഇടുക്കി ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളാണ് ഇടുക്കി പാക്കേജിൽ വരുന്നത്. ക്ഷീരകർഷകർക്കുള്ള ആവശ്യാധിഷ്ഠിത ധനസഹായം, ധാതുലവണ മിശ്രിത വിതരണം, വിവിധ പരിശീലനങ്ങൾ എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

വാണിജ്യാടിസ്ഥാനത്തിലുള്ള ഡയറി ഫാമുകൾക്ക് ധനസഹായം-50 പശുക്കളിൽ കൂടുതലുള്ള ഡെയറി ഫാമുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി ധനസഹായം നൽകുന്നതിനുള്ള പദ്ധതി, സ്വയംതൊഴിൽ എന്ന നിലയിൽ പുതുതായി ഫാം തുടങ്ങുന്ന കർഷകർക്കും കൂടുതൽ പശുവിനെ വളർത്തുന്ന കർഷകർക്കും വനിത/പിന്നോക്ക വിഭാഗക്കാരായ കർഷകർക്കും മുൻഗണന നൽകുന്നുണ്ട്.

**വൈപ്പിൻ മണ്ഡലത്തിലെ ക്ഷീര കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ**

398(1938) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ക്ഷീര കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പള്ളിപ്പുറം പഞ്ചായത്തിലെ വെറ്ററിനറി

ഡിസ്പെൻസറിയെ മൃഗാശുപത്രിയോ പോളിക്ലിനിക്കോ ആയി ഉയർത്തണമെന്ന ആവശ്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ വെറ്ററിനറി പോളിക്ലിനിക്കുകളോ വെറ്ററിനറി ഹോസ്പിറ്റലുകളോ നിലവിലില്ലാത്തതിനാലും വളർത്തുമൃഗങ്ങളുടെ എണ്ണവും കൃത്രിമ ബീജാധാനത്തിന്റെ എണ്ണവും സാമാന്യം കൂടുതലുള്ളതിനാലും ഈ പ്രദേശത്ത് ഒരു വെറ്ററിനറി പോളിക്ലിനിക്കിന്റെ ആവശ്യകതയുണ്ടെന്ന് എറണാകുളം ജില്ലാ മൃഗസംരക്ഷണ ഓഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആയതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ആയത് സംബന്ധിച്ച് എം.എൽ.എ. മുഖാന്തരം പള്ളിപ്പുറം പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ?

പ്രാഥമിക വിവര ശേഖരണവും തുടർനടപടികളും ക്രോഡീകരിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ക്ഷീര കർഷക ക്ഷേമനിധി

399(1939) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷക ക്ഷേമനിധി അംഗങ്ങളായ കർഷകർക്ക് ഇപ്പോൾ പെൻഷൻ അനുവദിക്കാറുണ്ടോ; മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റുന്നവർക്ക് ക്ഷീര കർഷക ക്ഷേമനിധി പെൻഷന് അർഹതയുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങളായ ക്ഷീരകർഷകർ സമർപ്പിക്കുന്ന അപേക്ഷ പരിശോധിച്ച് ക്ഷേമനിധി മാനദണ്ഡങ്ങളുടെയും സർക്കാർ വിവിധ സമയങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയുടെയും അടിസ്ഥാനത്തിൽ അർഹത നേടിയവർക്കാണ് ക്ഷീരകർഷക ക്ഷേമനിധി പെൻഷൻ അനുവദിച്ച് വരുന്നത്. 2017 ജനുവരി മാസം മുതൽ സർക്കാർ ധനസഹായത്തോടുകൂടിയാണ് ക്ഷീരകർഷക ക്ഷേമനിധി പെൻഷൻ അനുവദിച്ചുവരുന്നത്. ധനകാര്യ (എസ്.എഫ്.സി.ബി.) വകുപ്പിൽ നിന്നുള്ള 06.11.2017-ലെ സ.ഉ.(എം.എസ്) നം.483/2017/ധന നമ്പർ ഉത്തരവ്

ഖണ്ഡിക (2)(vii) പ്രകാരം 6.2.2017-നുമുമ്പ് രണ്ട് പെൻഷനും വാങ്ങി വരുന്നവർക്ക് സാമൂഹ്യ സുരക്ഷ പെൻഷൻ 600 രൂപ നിരക്കിലും ക്ഷേമനിധി പെൻഷൻ അതത് കാലങ്ങളിൽ നിലവിലുള്ള സാധാരണ നിരക്കിലും ലഭിക്കാൻ അർഹതയുണ്ട്. 6.2.2017 മുതൽ പുതിയ അപേക്ഷകർക്ക് ഏതെങ്കിലും ഒരു പെൻഷന് (ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ) മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. ധനകാര്യ (എസ്.എഫ്.സി.ബി.) വകുപ്പിൽ നിന്നുള്ള 20.10.2021-ലെ 92/2021/ധന നമ്പർ സർക്കുലർ പ്രകാരം ഒരാൾക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കുന്നതിന് മുൻപ് ടിയാൾ സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നില്ല എന്ന് ഉറപ്പുവരുത്തിക്കൊണ്ട്, ഒരിക്കൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ഒഴിവാക്കി ക്ഷേമനിധി ബോർഡ് പെൻഷൻ സ്വീകരിക്കുന്നവർക്ക് പിന്നീട് സാമൂഹ്യ സുരക്ഷാ പെൻഷൻ പുന:സ്ഥാപിക്കുന്നതല്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായാണ് നിലവിൽ ക്ഷീരകർഷക ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിച്ചു വരുന്നത്. ആയതിനാൽ 6.2.2017-നുശേഷം ക്ഷീരകർഷക ക്ഷേമനിധി പെൻഷൻ അപേക്ഷ സമർപ്പിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളായിട്ടുള്ളവർക്ക് ഏതെങ്കിലും ഒരു പെൻഷന്

(സാമൂഹ്യ സുരക്ഷ പെൻഷൻ/ക്ഷേമനിധി പെൻഷൻ) മാത്രമെ അർഹതയുള്ളൂ.

(ബി) ക്ഷീര കർഷക ക്ഷേമനിധി പെൻഷൻ പങ്കാളിത്ത സ്വഭാവമുള്ളതും ക്ഷീര സംഘങ്ങളും കർഷകരും വിഹിതം നൽകുന്നതുമായതിനാൽ മറ്റ് പെൻഷനുകൾക്ക് പുറമേ പ്രത്യേകമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ക്ഷീരകർഷക ക്ഷേമനിധി പെൻഷൻ മറ്റ് പെൻഷനുകൾക്ക് പുറമെ പ്രത്യേകമായി അനുവദിക്കുന്നതിന് നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ക്ഷീരകർഷക ക്ഷേമനിധി സോഫ്റ്റ്‌വെയർ പ്രകാരം നിലവിൽ മറ്റ് പെൻഷനുകളുടെ ഗുണഭോക്താക്കളായിട്ടുള്ള ക്ഷീരകർഷർക്ക് ക്ഷേമനിധി പെൻഷൻ അനുവദിക്കാൻ സാധിക്കാത്ത ഏകദേശം പതിനൊന്നായിരത്തോളം പേരുള്ളതായി കാണുന്നു. ആയവർക്ക് പ്രതിമാസം 300 രൂപ നിരക്കിലെങ്കിലും പെൻഷൻ അനുവദിക്കുന്നതിന് 33 ലക്ഷം രൂപ ചെലവ് വേണ്ടി വരുന്നതായി കാണുന്നു. ആയത് ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് കടുത്ത സാമ്പത്തിക ബാദ്ധ്യത സൃഷ്ടിക്കുന്നതാണ്.

(സി) ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ വിപണനം നടത്തുന്നവരിൽ നിന്നും പ്രതിമാസം ഈടാക്കുന്ന 20 രൂപ ക്ഷീര കർഷക

ക്ഷേമനിധിയിലേക്കാണോ അടയ്ക്കുന്നത്; ഇങ്ങനെ ഈടാക്കുന്ന തുക ക്ഷീര കർഷകർക്ക് തിരികെ നൽകാറുണ്ടോ; ക്ഷേമനിധി അംഗങ്ങളല്ലാത്തവരിൽ നിന്നും പ്രതിമാസം 20 രൂപ ഈടാക്കുന്നത് ഏത് ഇനത്തിലേയ്ക്കാണെന്നും മേൽ ഇനത്തിന്റെ വിനിയോഗവും വ്യക്തമാക്കാമോ?

അതെ, ക്ഷീരകർഷക ക്ഷേമനിധി നിയമം വകുപ്പ് 7 അനുസരിച്ച് പ്രാഥമിക ക്ഷീരസംഘത്തിൽ പാലളക്കുന്ന ഓരോ ക്ഷീരകർഷകനും പ്രതിമാസം 20 രൂപ എന്ന നിരക്കിൽ അംശദായമായി നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ ഇത്തരത്തിൽ ക്ഷീരകർഷകരിൽ നിന്ന് ക്ഷീരസംഘങ്ങൾ മുഖേന അംശദായ ഇനത്തിൽ ക്ഷേമനിധിയിലേയ്ക്ക് ഒടുക്കുന്ന തുക തിരികെ അതേ രൂപത്തിൽ കർഷകർക്ക് നൽകുന്നില്ല. ഇത്തരത്തിൽ അംശദായ ഇനത്തിൽ ലഭിക്കുന്ന തുകയാണ് ക്ഷീരകർഷക ക്ഷേമനിധിയുടെ പ്രധാന വരുമാന സ്രോതസ്സ്. ടി തുക വിനിയോഗിച്ചാണ് പെൻഷൻ (ക്ഷേമനിധിയുടെ വിഹിതം 300 രൂപ) കുടുംബ പെൻഷൻ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, മരണാനന്തര ധനസഹായം, ക്ഷീരസുരക്ഷ, കോവിഡ്-19 ധനസഹായം, പ്രത്യേക ആശ്വാസ ധനസഹായം, നിരീക്ഷണത്തിൽ ഉള്ളവർക്കുള്ള ധനസഹായം,

കോവിഡ് രോഗബാധിതർക്കുള്ള ധനസഹായം, മികച്ച ക്ഷീരകർഷകർക്കുള്ള അവാർഡ് (സംസ്ഥാനതല/ജില്ലാതലം) എന്നിവ അനുവദിച്ചുവരുന്നത്. കൂടാതെ ക്ഷേമനിധിയുടെ മറ്റ് ദൈനംദിന ചെലവുകളും (ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ളത്) ഈ തുകയിൽ നിന്നുമാണ് വിനിയോഗിച്ചുവരുന്നത്. ടി കാരണത്താലാണ് കർഷകരിൽനിന്ന് അംശദായ ഇനത്തിൽ ഈടാക്കുന്ന തുക തിരികെ കർഷകർക്ക് അനുവദിക്കാൻ കഴിയാത്തത്.

## ക്ഷീര കർഷകർക്കായി ആവിഷ്കരിച്ച പദ്ധതികൾ

400(1940)ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മുതൽ 2022 ജനുവരി വരെയുള്ള കാലയളവിൽ ക്ഷീര കർഷകർക്കായി ആവിഷ്കരിച്ച പദ്ധതികളുടെ വിവരങ്ങൾ, ചെലവഴിച്ച തുക എന്നിവ വ്യക്തമാക്കാമോ?

2016 മേയ് മുതൽ 2022 ജനുവരി വരെയുള്ള കാലയളവിൽ ക്ഷീര കർഷകർക്കായി ആവിഷ്കരിച്ച പദ്ധതികളുടെ വിവരങ്ങൾ, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്ഷീര കർഷകർക്കായി മിൽമ മേഖലാ യൂണിയനുകൾ ആവിഷ്കരിച്ച പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത കാലയളവിൽ ക്ഷീരോല്പാദനത്തിൽ ഉണ്ടായ വർദ്ധനവ് വർഷം തിരിച്ച് ലഭ്യമാക്കാമോ?

2016 മേയ് മുതൽ 2022 ജനുവരി വരെയുള്ള കാലയളവിൽ ക്ഷീരോല്പാദനത്തിൽ ഉണ്ടായ വർദ്ധനവ് ചുവടെ ചേർക്കുന്നു.

| വർഷം | ക്ഷീരോല്പാദനം (മെ.ടൺ) |
|---|---|
| 2016-17 | 25.20 |
| 2017-18 | 25.76 |
| 2018-19 | 26.00 |
| 2019-20 | 27.00 |
| 2020-21 | 27.50 |

## വാണിജ്യ ക്ഷീരവികസന പ്രവർത്തനങ്ങൾ

401(1941) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ ക്ഷീരവികസന പ്രവർത്തനങ്ങളും മിൽക്ക്ഫെഡ് വികസന പ്രവർത്തനങ്ങളും സംബന്ധിച്ച വിശദാംശം നൽകാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്ഷീരമേഖലയിലെ വാണിജ്യസാദ്ധ്യതകൾ കണ്ടെത്തി പ്രയോജനപ്പെടുത്താൻ ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ക്ഷീരപരിശീലന കേന്ദ്രങ്ങളിലൂടെയും ക്ഷീരസംഘങ്ങളിലൂടെയും പാലിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനം നൽകിവരുന്നുണ്ട്. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡെയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡെയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡെയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീര ഗ്രാമം, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. സംരംഭകത്വം, അടിസ്ഥാന സൗകര്യവികസനം എന്നിവ ലക്ഷ്യമാക്കി ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ ഡെയറി ഫാമിന്റെ നവീകരണം, യന്ത്രവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകിവരുന്നുണ്ട്. തീറ്റപ്പുൽകൃഷിക്കാവശ്യമായ

യന്ത്രവൽക്കരണത്തിനും ധനസഹായം നൽകുന്നുണ്ട്. ചെലവഴിച്ച തുകയുടെ പരമാവധി 50 ശതമാനം വരെ ധനസഹായം നൽകിവരുന്നു.

(ബി) ഇതിൻപ്രകാരം പാലക്കാട്, ആലപ്പുഴ എന്നിവിടങ്ങളിൽ വൈക്കോൽ ശേഖരണത്തിനും ബെയിലിംഗിനുമുള്ള യൂണിറ്റുകളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും ഇതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

പാലക്കാട്, ആലപ്പുഴ എന്നിവിടങ്ങളിൽ വൈക്കോൽ ശേഖരണത്തിനും ബെയിലിംഗിനുമുള്ള യൂണിറ്റുകളുടെ യന്ത്രസാമഗ്രികൾ വാങ്ങി പ്രവർത്തനങ്ങൾ ആരംഭിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## പരിയാപുരത്ത് പുതിയ ഡെയറി യൂണിറ്റ്

402(1942) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പരപ്പനങ്ങാടി വില്ലേജിൽ പരിയാപുരം ഭാഗത്ത് പുതിയ ഡെയറി യൂണിറ്റ് അനുവദിക്കുന്നതിന് എം.എൽ.എ-യുടെ കത്ത് സഹിതം എം.പി. മുഹമ്മദ് എന്ന വ്യക്തി നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

മലപ്പുറം ജില്ലയിൽ ക്ഷീര വികസന വകുപ്പിന്റെ വാർഷിക പദ്ധതി 2021-22-ലെ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയ 10 പശു യൂണിറ്റിനായി മുഹമ്മദ് എം.പി. മേലേപുറത്ത്, ഉള്ളണം എന്നയാളുടെ അപേക്ഷ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. ആയത് ജില്ലാ ക്വാളിറ്റി കൺട്രോൾ ഓഫീസർ ഫീൽഡ് പരിശോധന നടത്തിയതുമാണ്. മേൽ പദ്ധതികൾക്കായി മലപ്പുറം ജില്ലയ്ക്ക് 2 യൂണിറ്റ് ടാർജറ്റാണ് അനുവദിച്ചിട്ടുള്ളത്. ടി പദ്ധതിക്ക് ലഭിച്ച 19 ക്ഷീരകർഷകരുടെ അപേക്ഷകളിൽ ഫീൽഡ് പരിശോധന നടത്തി മുൻഗണനാക്രമത്തിൽ ആദ്യ 2 റാങ്കിൽ മുഹമ്മദ് എം.പി. മേലേപ്പുറത്ത്, ഉള്ളണം എന്ന വ്യക്തി ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഈ വർഷം ശ്രീ. എം. പി. മുഹമ്മദ് എന്ന വ്യക്തിയുടെ അപേക്ഷ പരിഗണിക്കാൻ സാധിച്ചിട്ടില്ല.

## ക്ഷീരമേഖലയുടെ സംരക്ഷണം

403(1943) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരമേഖലയെ സംരക്ഷിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ക്ഷീരോല്പാദന മേഖലയിൽ ക്ഷീര കർഷകർ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം കാലിത്തീറ്റയുടെയും വൈക്കോലിന്റെയും ലഭ്യത കുറയുന്നതും വില വർദ്ധിക്കുന്നതുമാണ്. ഇതിൽനിന്ന് കർഷകർക്ക് ആശ്വാസമായി കാലിത്തീറ്റ സബ്സിഡി, ക്ഷീരസംഘങ്ങൾ മുഖേന സബ്സിഡി നിരക്കിൽ പച്ചപ്പുല്ലും വൈക്കോലും കർഷകർക്ക് നൽകുന്ന പദ്ധതി കൂടാതെ വിവിധ തീറ്റപ്പുൽകൃഷി വികസന പദ്ധതികളും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നു. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡെയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡെയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡെയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീര ഗ്രാമം, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്. ക്ഷീര സംഘങ്ങൾക്ക് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമായി പ്രവർത്തിക്കു ന്നതിനുമായി വിവിധ ആവശ്യങ്ങൾക്കായുള്ള ധനസഹായ പദ്ധതികൾ നിലവിലുണ്ട്.

കേരളത്തിലെ 14 ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബുകൾക്കും 3 അതിർത്തി ചെക്ക്പോസ്റ്റുകൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനും പ്രവർത്തനങ്ങൾക്കുമായും പദ്ധതികൾ നടപ്പിലാക്കിവരുന്നു. ക്ഷീര മേഖലയിലെ കർഷക ക്ഷേമത്തിനായി ക്ഷീരവികസന വകുപ്പ് ' ക്ഷീര സാന്ത്വനം' ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. ഈ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ പശുക്കളെ ഇൻഷ്വർ ചെയ്യുന്നതിനോടൊപ്പം കർഷകനെയും കുടുംബത്തെയും ഇൻഷ്വർ ചെയ്യാൻ സാധിക്കും. കൂടാതെ ക്ഷീരകർഷക ക്ഷേമത്തിനായി ക്ഷീരകർഷക ക്ഷേമനിധി പെൻഷനും കുടുംബപെൻഷൻ വിദ്യാഭ്യാസ സഹായം, വിവാഹ ധനസഹായം എന്നിവയും നൽകിവരുന്നു.

(ബി) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് 14 ജില്ലകളിലും വിറ്റഴിക്കുന്ന പാലിന്റെ സാമ്പിൾ ശേഖരിച്ച് അതത് ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധന നടത്തുന്നുണ്ട്. സംസ്ഥാനത്തിന്റെ അതിർത്തിപ്രദേശങ്ങളായ

മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല എന്നിവിടങ്ങളിൽ പാലും പാലുല്പന്നങ്ങളും പരിശോധിക്കുന്നതിനുവേണ്ടി സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിശേഷദിവസങ്ങളിൽ സംസ്ഥാനത്തിന് പുറത്തുനിന്നും വരുന്ന പാലിന്റെയും പാലുല്പന്നത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനായി താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സംസ്ഥാന അതിർത്തിയിൽ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കാറുണ്ട്. മറ്റ് വിശദമായ പരിശോധന ആവശ്യമുള്ളപക്ഷം കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബിലേയ്ക്കും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡെയറി ലാബിലേയ്ക്കും സാമ്പിൾ ലഭ്യമാക്കാറുണ്ട്.

## കാലിത്തീറ്റയുടെ ഉൽപ്പാദന ബോണസ് പുതുക്കുന്നതിന് നടപടി

404(1944) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിത്തീറ്റയ്ക്ക് നൽകിവരുന്ന ഉൽപ്പാദന ബോണസ് കുറവായതിനാൽ പാലിന് ഉണ്ടാകുന്ന വില വർദ്ധനവിന്റെ ഗുണം ക്ഷീര കർഷകർക്ക് ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ക്ഷീരവികസന വകുപ്പ് സംസ്ഥാനത്തുടനീളം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കനുസരിച്ച് ക്ഷീരസംഘങ്ങളിൽ അളക്കുന്ന ഒരു ലിറ്റർ പാലിന് 1 രൂപ വകുപ്പിൽ നിന്നും 3 രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ഇൻസെന്റീവ് നൽകുന്നുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വെല്ലുവിളി നേരിട്ടുകൊണ്ടിരിക്കുന്ന ക്ഷീരകർഷകർക്ക് ദുരിതാശ്വാസ പദ്ധതിയുടെ ഭാഗമായി കർഷകർ ക്ഷീരസംഘങ്ങളിൽ നിന്നും വാങ്ങുന്ന കാലിത്തീറ്റയ്ക്ക് 50 കിലോയുടെ ഒരു ചാക്കിന് 400 രൂപ ധനസഹായം നൽകിയിട്ടുണ്ട്. 11.23 കോടി രൂപയുടെ 2.81 ലക്ഷം ചാക്ക് കാലിത്തീറ്റ 2.04 ലക്ഷം കർഷകർക്ക് നൽകിയിട്ടുണ്ട്. മുൻവർഷവും ഇതേ രീതിയിൽ കോവിഡ് പാക്കേജിന്റെ ഭാഗമായി കർഷകർക്ക് കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകിയിരുന്നു. കൂടാതെ ഈ വർഷത്തെ വേനൽക്കാലത്ത് തീറ്റവസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ക്ഷീരസംഘങ്ങളിലൂടെ പച്ചപ്പുല്ലും വൈക്കോലും സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകുന്നതിനായി 75 ലക്ഷം രൂപ അധികം re-appropriate ചെയ്ത് നടപ്പിലാക്കിവരുന്നു. കർഷകന് ഉല്പാദനോപാധി എന്ന നിലയിലാണ് മിൽമ ഗുണനിലവാരമുള്ള കാലിത്തീറ്റ നൽകിവരുന്നത്. കാലിത്തീറ്റ ഉൽപാദനത്തിനുള്ള അസംസ്കൃത സാധനങ്ങൾ

എല്ലാംതന്നെ അന്യസംസ്ഥാനങ്ങളിൽനിന്നും എത്തുന്നതിനാൽ കാലിത്തീറ്റയുടെ ഉൽപ്പാദനം നഷ്ടത്തിലാണ്. എന്നിരിക്കിലും നഷ്ടം സഹിച്ചുകൊണ്ടാണ് ഇപ്പോൾ കാലിത്തീറ്റ വിതരണം നടത്തുന്നത്. മേഖലാ യൂണിയനുകൾ കർഷകർക്ക് അവരുടെ പ്രവർത്തനലാഭത്തിൽ നിന്നുമാണ് ബോണസ് നൽകുന്നത്. ഫെഡറേഷന്റെ സാമ്പത്തികനില അനുസരിച്ച് കാലാകാലങ്ങളിൽ ഡിസ്കൗണ്ട് നൽകിവരുന്നുണ്ട്.

(ബി) കേരള ഫീഡ്സ്, മിൽമ എന്നിവ നൽകുന്ന പ്രസ്തുത ബോണസ് കാലോചിതമായി പുതുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള ഫീഡ്സ് ലിമിറ്റഡ് നിലവിൽ കാലിത്തീറ്റയ്ക്ക് ഉല്പാദന ബോണസ് നൽകുന്നില്ല. മിൽമ ഫെഡറേഷന്റെയും മേഖലാ യൂണിയനുകളുടേയും ഭരണ സമിതി സമയാസമയങ്ങളിൽ ചർച്ച ചെയ്ത് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

## വടവുകോട് ക്ഷീരവികസന യൂണിറ്റ് ഓഫീസ്

405(1945) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടവുകോട് ക്ഷീരവികസന യൂണിറ്റ് ഓഫീസ് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനോ മറ്റ് സർക്കാർ ഓഫീസ് സമുച്ചയത്തിലേയ്ക്ക് മാറ്റുന്നതിനോ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഇല്ല.

## ക്ഷീരമേഖലയിലെ പ്രതിസന്ധി മറികടക്കാൻ പദ്ധതികൾ

406(1946)ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ക്ഷീരമേഖല വിദേശരാജ്യങ്ങൾക്ക് തുറന്നുകൊടുക്കാനും ഓസ്ട്രേലിയയുമായി സംയോജിത സാമ്പത്തിക സഹകരണ കരാറിലേർപ്പെടാനുമുള്ള കേന്ദ്ര നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അതിനെ പ്രതിരോധിക്കാൻ സംസ്ഥാനം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വെളിപ്പെടുത്താമോ?

രാജ്യത്തെ ക്ഷീരമേഖല വിദേശരാജ്യങ്ങൾക്ക് തുറന്നുകൊടുക്കുമ്പോൾ ഉല്പാദനച്ചെലവ് താരതമ്യേന വർദ്ധിച്ച കേരളത്തെയാണ് മറ്റ് സംസ്ഥാനങ്ങളെക്കാൾ കൂടുതൽ ബാധിക്കുന്നത്. ഇത് കേരളത്തിലെ ഗ്രാമീണ സമ്പദ്ഘടന തകർക്കുമെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ കർഷകരുടെ താൽപ്പര്യങ്ങളിൽ വിട്ടുവീഴ്ച ചെയ്യാൻ ആഗ്രഹിക്കാത്തതിനാൽ ഇന്ത്യ-ഓസ്ട്രേലിയ സ്വതന്ത്ര വ്യാപാര കരാറിൽ (എഫ്.ടി.എ.) നിന്ന് ഡെയറി ഇനങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. രാജ്യത്ത് ഉൽപ്പാദിപ്പിക്കപ്പെടാത്ത ഒരുപിടി ഫാം ഇനങ്ങൾക്ക് ഇത് പരിമിതമായ വിപണി പ്രവേശനം നൽകിയേക്കാം എന്നാണ് ലഭ്യമായ റിപ്പോർട്ടുകളിൽ നിന്ന് മനസ്സിലാക്കുന്നത്. പാൽ, വെണ്ണ, പാൽപ്പൊടി, തുടങ്ങിയ ഇനങ്ങൾക്ക് ഇന്ത്യ ഇളവുകൾ വാഗ്ദാനം ചെയ്യുന്നില്ല. ഇത് ഓസ്ട്രേലിയയെ വ്യക്തമായി അറിയിച്ചിട്ടുണ്ടെന്നും കർഷകർക്ക് ആശങ്കയ്ക്ക് കാരണമില്ലെന്നും റിപ്പോർട്ടുകളിൽനിന്ന് മനസ്സിലാക്കുന്നു.

(ബി) ഉല്പാദന ചെലവിന്റെ വർദ്ധനവ് ക്ഷീരമേഖലയെ പ്രതികൂലമായി ബാധിച്ചതിനെ സംബന്ധിച്ച് വിശകലനം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉണ്ട്. കേരളത്തിൽ പാലുല്പാദന വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സമീകൃത കാലിത്തീറ്റയെ ആശ്രയിച്ചുകൊണ്ടുള്ള പാലുല്പാദനം വളരെ ചെലവേറിയതാണ്. ഇത് കർഷകർക്ക് നഷ്ടമുണ്ടാക്കുന്നു. ഇതിനെ മറികടക്കുകയെന്ന ലക്ഷ്യത്തോടെയാണ് ക്ഷീരവികസന വകുപ്പ് സംസ്ഥാനത്തുടനീളം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്കനുസരിച്ച് ക്ഷീരസംഘങ്ങളിൽ അളക്കുന്ന ഒരു ലിറ്റർ പാലിന് 1 രൂപ വകുപ്പിൽ നിന്നും 3 രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ഇൻസെന്റീവ് നൽകുന്നുണ്ട്. കൂടാതെ കർഷകർക്ക് നഷ്ടം സംഭവിക്കാതിരിക്കാൻ പുൽകൃഷി പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. തീറ്റപ്പുല്ലിനെ ആശ്രയിച്ച് പശുവളർത്തുന്ന കർഷകർക്ക് ലാഭകരമായി പശുവളർത്തൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വെല്ലുവിളി നേരിട്ടുകൊണ്ടിരിക്കുന്ന ക്ഷീരകർഷകർക്ക് ദുരിതാശ്വാസ പദ്ധതിയുടെ ഭാഗമായി കർഷകർ ക്ഷീരസംഘങ്ങളിൽ നിന്നും വാങ്ങുന്ന കാലിത്തീറ്റയ്ക്ക് 50 കിലോയുടെ ഒരു ചാക്കിന് 400 രൂപ ധനസഹായം നൽകി. 11.23 കോടി രൂപയുടെ 2.81 ലക്ഷം ചാക്ക് കാലിത്തീറ്റ 2.04 ലക്ഷം കർഷകർക്ക് നൽകിയിട്ടുണ്ട്. മുൻവർഷവും ഇതേ രീതിയിൽ കോവിഡ് പാക്കേജിന്റെ

ഭാഗമായി കർഷകർക്ക് കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകിയിരുന്നു. കൂടാതെ ഈ വർഷത്തെ വേനൽക്കാലത്ത് തീറ്റവസ്തുക്കളുടെ ലഭ്യത കുറവ് പരിഹരിക്കുന്നതിനായി ക്ഷീരസംഘങ്ങളിലൂടെ പച്ചപ്പുല്ലും വൈക്കോലും സബ്സിഡി നിരക്കിൽ കർഷകർക്ക് നൽകുന്നതിനായി 75 ലക്ഷം രൂപ അധികം re-appropriate ചെയ്ത് നടപ്പിലാക്കിവരുന്നു. കൂടാതെ, സംഘങ്ങൾക്ക് പാരമ്പര്യേതര തീറ്റവസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള കാലിത്തീറ്റ നിർമ്മാണത്തിനായുള്ള ഒരു നൂതനപദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഉൽപ്പാദനച്ചെലവിന്റെ വർദ്ധനവ് ക്ഷീരമേഖലയെ പ്രതികൂലമായി ബാധിച്ചതിനെ സംബന്ധിച്ച് മിൽമാ മേഖലാ യൂണിയനുകൾ വിശകലനം നടത്തിയിട്ടുണ്ട്. കാലിവളർത്തലിലും ക്ഷീരോല്പാദനത്തിലും ഉല്പാദനച്ചെലവിലെ വർദ്ധനവിനനുസരിച്ച് വരുമാനം ലഭിക്കാത്ത സാഹചര്യത്തിൽ യുവകർഷകർ ക്ഷീരമേഖലയിലേയ്ക്ക് കടന്നുവരാൻ വിമുഖത കാണിക്കുന്നു. ഉൽപ്പാദനച്ചെലവ് കൂടുതലാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിനായി മേഖലാ യൂണിയനുകൾ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി മേഖലാ യൂണിയനുകളുടെ ക്ഷീരോൽപ്പാദനത്തിൽ 2021-22 വർഷത്തിൽ വർദ്ധനവ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ക്ഷീരോൽപ്പാദന

ചെലവിന്റെ ഏറിയ പങ്കും കാലികളുടെ തീറ്റച്ചെലവാണ്. ഈ സാമ്പത്തിക വർഷത്തിൽ 12 കോടി രൂപയുടെ പച്ചപ്പുല്ല്, സൈലേജ് എന്നിവ മലബാറിലെ ക്ഷീര കർഷകർക്ക് ലഭ്യമാക്കി കഴിഞ്ഞു. കാലിത്തീറ്റ നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കൾ എല്ലാംതന്നെ ഉത്പ്പാദിപ്പിക്കപ്പെടുന്നത് അയൽ സംസ്ഥാനങ്ങളിലാണ്. അതുകൊണ്ട് തന്നെ കാലിത്തീറ്റ വിലവർദ്ധനവ് അസംസ്കൃതവസ്തുക്കളുടെ വിലക്കയറ്റത്തിന് ആനുപാതികമായാണുണ്ടാകുന്നത്. ഗുണമേന്മയുള്ള കാലിത്തീറ്റ പരമാവധി വിലകുറച്ച് വിതരണം ചെയ്യുന്നതിനുവേണ്ടി മിൽമ സജീവമായി പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) കോവിഡ് പ്രതിസന്ധി ക്ഷീരമേഖലയെ എങ്ങനെയെല്ലാമാണ് ബാധിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

കോവിഡ് പ്രതിസന്ധി രൂക്ഷമായിരുന്ന സമയത്ത് സംസ്ഥാനത്ത് ലോക്ക്ഡൗൺമൂലം ഹോട്ടലുകളും മറ്റ് വ്യാപാര സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ ഉണ്ടായിരുന്നതിനാൽ പാലിന്റെ വില്പന മുൻപുള്ളതിനെക്കാൾ കുറഞ്ഞിരുന്നു. സർക്കാർ ക്ഷീരകർഷകരെ സംരക്ഷിക്കുന്നതിനായി ഉല്പാദിപ്പിക്കുന്ന മുഴുവൻ പാലും ക്ഷീരസംഘങ്ങൾ വഴി സംഭരിക്കുവാനുള്ള നിർദ്ദേശം നൽകിയിരുന്നു. കോവിഡ് കാലയളവിൽ

തൊഴിൽ നഷ്ടപ്പെട്ടവർ സ്ഥിരവരുമാനമെന്ന നിലയിൽ കുറെയധികം പുതിയ കർഷകർ ഈ മേഖലയിലേയ്ക്ക് കടന്നുവരികയും ചെയ്തിട്ടുണ്ട്. ക്ഷീരമേഖല പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ട് കൂടുതൽ മെച്ചപ്പെട്ടു വരുന്നതായി കാണുന്നു.

(ഡി) ക്ഷീരമേഖലയിലെ കോവിഡ്കാല പ്രതിസന്ധി മറികടക്കുന്നതിന് എന്തൊക്കെ നൂതന പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കോവിഡ് ലോക്ക്ഡൗൺ സാഹചര്യത്തിൽ ക്ഷീരകർഷകർ ഉൽപാദിപ്പിക്കുന്ന പാൽ പൂർണ്ണമായും സംഭരിക്കാൻ മിൽമയ്ക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. കൂടാതെ, മഹാമാരിയുടെ പശ്ചാത്തലത്തിൽ ക്ഷീരകർഷകർക്കായി 11.23 കോടി രൂപയുടെ 2.81 ലക്ഷം ചാക്ക് കാലിത്തീറ്റ 2.04 ലക്ഷം കർഷകർക്ക് കോവിഡ് പ്രത്യേക കാലിത്തീറ്റ പാക്കേജ് നടപ്പിലാക്കി. മുൻവർഷവും ഇതേ പദ്ധതിവഴി നടപ്പാക്കിയിരുന്നു. ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന കാലിത്തീറ്റ സബ്സിഡി പദ്ധതിയും സംഘത്തിൽ അളക്കുന്ന പാലിന് ലിറ്ററിന് 3 രൂപ ക്രമത്തിൽ ഇൻസെന്റീവും പച്ചപ്പുൽ വൈക്കോൽ എന്നിവ സംഭരിച്ച് കുറഞ്ഞ വിലയിൽ ക്ഷീരകർഷകർക്ക് വിതരണം

ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കി. കോവിഡ് കാലഘട്ടത്തിൽ കടകളും മറ്റ് വ്യാപാരസ്ഥാപനങ്ങളും അടഞ്ഞുകിടന്ന സാഹചര്യത്തിൽ പാൽ വില്പന കുറഞ്ഞതിനാൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന അധികപാൽ സംഭരിക്കുന്നതിനായി സംസ്ഥാനത്തുതന്നെ പാൽപ്പൊടി നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി മലപ്പുറം ജില്ലയിലുള്ള മൂർക്കനാട് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള തറക്കല്ലിടുകയും ആയതിന്റെ നിർമ്മാണത്തിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കോവിഡ് ബാധിച്ച ക്ഷീരകർഷകർക്ക് അടിയന്തര ധനസഹായം ക്ഷേമനിധി ബോർഡ് നൽകി. കോവിഡ് നിരീക്ഷണത്തിലുള്ള ക്ഷേമനിധി അംഗങ്ങൾക്ക് 2,000 രൂപയും കൂടാതെ കോവിഡ് ബാധിതരായ ക്ഷേമനിധി അംഗങ്ങൾക്ക് 10,000 രൂപയും കോവിഡ് ദുരിതവുമായി ബന്ധപ്പെട്ട് മാർച്ച് 1 മുതൽ 20 വരെ ക്ഷീരസംഘങ്ങളിൽ പാൽ അളന്നിട്ടുള്ള ക്ഷേമനിധി അംഗങ്ങൾക്ക് ലിറ്ററിന് 1.00 രൂപ നിരക്കിൽ ആശ്വാസ ധനസഹായവും നൽകി. (കുറഞ്ഞത് 250/- രൂപ പരമാവധി 1,000 രൂപ) ക്ഷീരകർഷകർ കോവിഡ് കാലഘട്ടത്തിൽ നേരിട്ട പ്രതിസന്ധി മറികടക്കുന്നതിന് സർക്കാർ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തുവരുന്നു. ക്ഷീര മേഖലയിലെ കോവിഡ്കാല

പ്രതിസന്ധി മറികടക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ മിൽമാ മേഖലാ യൂണിയനുകൾ വഴി മിൽമയിൽ നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരം മേഖലായൂണിയൻ കർഷകർക്കും സംഘം ജീവനക്കാർക്കും ലോക്ക്ഡൗൺ ഇൻസെന്റീവ് പദ്ധതികൾ നടപ്പിലാക്കി. കോവിഡ് മരണാനന്തര ധനസഹായം നൽകി. കോവിഡ് കാലത്തും മുടക്കംകൂടാതെ പാൽസംഭരണം നടത്തി. എറണാകുളം മേഖലായൂണിയൻ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്കും സംഘം ജീവനക്കാർക്കും ആശ്വാസം എന്ന നിലയിൽ 1 കോടി രൂപ അധിക പാൽവിലയായി നൽകി. സംസ്ഥാനത്ത് കോവിഡ്-19-ന്റെ വ്യാപനം അനിയന്ത്രിതമാവുകയും ചിലയിടങ്ങളിൽ സമൂഹവ്യാപനം സ്ഥിരീകരിക്കുകയും ചെയ്ത സാഹചര്യത്തിൽ കേരളസർക്കാരിന്റെ എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് സംഘങ്ങൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ നിർദ്ദേശിച്ചു. സംഘങ്ങൾക്ക് തെർമൽ സ്കാനർ, സെൻസിംഗ് സാനിട്ടൈസിംഗ് മെഷീൻ എന്നിവ നൽകി. പാൽ വില്പനയിൽ പുത്തൻ മാർഗ്ഗങ്ങളായ ഓൺലൈൻ പാൽ വിതരണം, ഫ്ളാറ്റുകൾ കേന്ദ്രീകരിച്ചുള്ള പ്രത്യേക വിതരണം എന്നിവ ആരംഭിച്ചു. പാൽവില്പന കുറഞ്ഞ സാഹചര്യത്തിൽ അധികം വന്ന പാൽ നഷ്ടം സഹിച്ചും പൊടിയാക്കുകയും അതിലൂടെ ക്ഷീരകർഷകരിൽ നിന്നും

സംഭരിച്ച മുഴുവൻ പാലും ശേഖരിച്ച് കൃത്യമായ വില നൽകി. കോവിഡ് മഹാമാരിമൂലം മരണമടഞ്ഞ, യൂണിയന് പാൽ തരുന്ന ആപ്കോസ് സംഘം പ്രസിഡന്റുമാരുടേയും ഭരണസമിതി അംഗങ്ങളുടേയും സ്ഥിര ജീവനക്കാരുടേയും കുടുംബങ്ങൾക്ക് യഥാക്രമം 25,000 രൂപ, 10,000 രൂപ വീതം സഹായമായി നൽകുകയുണ്ടായി. റൂറൽ മാർക്കറ്റിംഗിന്റെ ഭാഗമായി സംഘങ്ങൾ കേന്ദ്രീകരിച്ച് ഷോപ്പുകൾ പ്രവർത്തനം ആരംഭിച്ചു. കെ.എസ്.ആർ.ടി.സി-യുമായി ചേർന്ന് മിൽമ ഓൺ വീൽസ് ആരംഭിച്ചു. മലബാർ മേഖലാ യൂണിയൻ പാലുൽപ്പാദനം ശരാശരി പ്രതിദിനം 7.5 ലക്ഷം ലിറ്റർ എത്തുകയും പ്രതിദിന ശരാശരി വിപണനം 4.5 ലക്ഷം ലിറ്റർ ആയിട്ടുപോലും മിച്ചമുള്ള പാൽ നഷ്ടം സഹിച്ച് അയൽ സംസ്ഥാനങ്ങളിൽ അയച്ച് പാൽപ്പൊടിയും നെയ്യുമായി സൂക്ഷിക്കുന്നു. മേഖലാ യൂണിയന് കടുത്ത സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന ഈ സാഹചര്യത്തിലും മലബാറിലെ ക്ഷീര കർഷകർ നൽകുന്ന മുഴുവൻ പാലും ദിവസവും രാവിലെയും വൈകുന്നേരവും സംഭരിക്കുകയും ഓരോ 10 ദിവസം കൂടുമ്പോഴും പാൽ വില കൃത്യമായി നൽകിവരുകയും ചെയ്യുന്നുണ്ട്. കോവിഡ് പ്രതിസന്ധിയിൽ തളരാതെ നിന്ന ഏക വിഭാഗം ക്ഷീരകർഷകർ തന്നെയാണ് കോവിഡ് രോഗം ബാധിച്ച് മരണമടഞ്ഞ ക്ഷീരകർഷകരുടെ ആശ്രിതർക്ക് ഒറ്റത്തവണ

ധനസഹായമായി 10,000 രൂപ വീതം സാമ്പത്തിക സഹായം നൽകിക്കൊണ്ടിരിക്കുന്നു. കോവിഡ് പോസിറ്റീവ് ആയ ക്ഷീര കർഷകർക്ക് ആരോഗ്യ സംരക്ഷണത്തിനുതകുന്ന മിൽമയുടെ ഗോൾഡൻ മിൽക്ക് ഉൾപ്പെടെയുള്ള പോഷകാഹാരങ്ങൾ ചേർത്ത കിറ്റ് സൗജന്യമായി നൽകി. വരുംകാലങ്ങളിൽ കാലിത്തീറ്റ വസ്തുക്കൾ കുറഞ്ഞ ചെലവിൽ കേരളത്തിലെ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നതിനായി മലബാറിലെ പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ ഫോഡർ ഹബ്ബുകൾ സ്ഥാപിച്ചുവരുന്നു. കാലിത്തീറ്റ വസ്തുക്കൾ സീസണിൽ കുറഞ്ഞ വിലയ്ക്ക് സംഭരിച്ച് സൂക്ഷിച്ചുകൊണ്ട് ആവശ്യാനുസരണം കർഷകർക്ക് നൽകുവാനാണിത്. ചെലവ് കുറഞ്ഞയിനം മൃഗചികിത്സാ മരുന്നുകൾ വലിയ മരുന്നു നിർമ്മാണ ശാലകളുമായി സഹകരിച്ച് ഉൽപ്പാദിപ്പിച്ച് സംസ്ഥാനത്ത് ആകെയുള്ള ക്ഷീര കർഷകർക്ക് ലഭ്യമാക്കുവാൻ പദ്ധതിയുണ്ട്. ഉൽപ്പാദനക്ഷമത കൂടിയ പശുക്കൾക്കായി പ്രത്യേക തീറ്റവസ്തുക്കൾ വിഭാവനം ചെയ്യുന്നുണ്ട്. അകിടുരോഗ സാദ്ധ്യത കണക്കിലെടുത്ത് അകിടുരോഗ നിർമാർജ്ജന പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

**<u>മിൽമയുടെ പേരിനോട് സാമ്യമുള്ള കവർ പാൽ</u>**

407(1947) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമയുടെ പേരിനോട് സാമ്യമുള്ള പേരുമായി കവർ പാൽ വിപണിയിലെത്തിയിട്ടുണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. മിൽമയുടെ പേരിനോട് സാമ്യമുള്ള പേരുമായി വിപണിയിലെത്തിയിട്ടുള്ളത് മഹിമ, മേന്മ, മിൽന എന്നീ കവർ പാലുകളാണ്.

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് വിശദീകരിക്കാമോ?

മിൽമ ബ്രാൻഡിനോട് സാമ്യമുള്ള മഹിമ ബ്രാൻഡ് പാലിനെതിരെ തിരുവനന്തപുരം ജില്ലാ കോടതിയിൽ അന്യായം ഫയൽ ചെയ്യുകയും മിൽമ ബ്രാൻഡിനോട് സമാനമായി ഡിസൈൻ ഉപയോഗിക്കുന്നതിൽ സ്റ്റേ ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. തുടർന്ന് അവരുടെ അക്കൗണ്ട്സ് പരിശോധനാ

വിധേയമാക്കുന്നതിനുവേണ്ടി ഡയറക്ഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതുപോലെ മിൽമയുടെ സമാന ആർട്ട്സ് വർക്കുപയോഗിച്ച് മിൽന ബ്രാൻഡിനെതിരായും തിരുവനന്തപുരം കൊമേഴ്സ്യൽ (പ്രിൻസിപ്പൽ സബ് കോർട്ട്) കോടതിയിൽ അന്യായം ഫയൽ ചെയ്തിട്ടുണ്ട്. കേസ് പുരോഗതിയിലാണ്. മേൻമ ബ്രാൻഡ് പാലിനെതിരെ റെക്ടിഫിക്കേഷൻ ഫയൽ ചെയ്തിട്ടുണ്ട്. കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

(സി) മിൽമയുടെ പേരിനോട് സാമ്യമുള്ള പേരുമായി കവർ പാൽ വിപണിയിൽ വിൽക്കുന്നത് ഏത് സ്ഥാപനമാണെന്ന് വ്യക്തമാക്കാമോ?

1. മഹിമ - വേണ്ട് ഡയറി പ്രോഡക്ട്സ്, കൊമ്പാട്. പെരുമ്പാവൂർ, എറണാകുളം- 683546 & മഹാദളം പ്രൈവറ്റ് ലിമിറ്റഡ്, റ്റി.സി 24/534, വൈകുണ്ഡഭവൻ, തൈക്കാട്, തിരുവനന്തപുരം- 695 014

2. മേന്മ അഗ്രിസോഫ്റ്റ് ഡയറി & അഗ്രോ പ്രൊഡ്യൂസേഴ്സ് കമ്പനി ലിമിറ്റഡ്, ഇറാനിക്കുടി പി.ഒ-695558, ശ്രീ. രാഹുൽ കൃഷ്ണൻ, അശ്വതി, ഇടപ്പോൺ, ഇറാനിക്കുടി. പി.ഒ, നൂറനാട്, ആലപ്പുഴ- 695558

3. മിൽന ശ്രീ. ജോസ് ജോർജ്ജ്, പഴിയങ്കൽ, വള്ളിച്ചിറ പി.ഒ, പാല, കോട്ടയം-686574

(ഡി) ഇത് മിൽമയുടെ വിപണിയെ ബാധിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

സമാനമായ ആർട്ട് വർക്കുള്ളതിനാൽ ഉപഭോക്താക്കൾ കബളിപ്പിക്കപ്പെടുന്ന സാഹചര്യമുണ്ട്. ആയതിനാൽ കുറഞ്ഞ അളവിൽ മിൽമയുടെ വില്പനയെ ബാധിച്ചിട്ടുണ്ട്.

**എറണാകുളം റീജിയണൽ മിൽമയിലെ നിയമനങ്ങൾ**

408(1948) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം റീജിയണൽ മിൽമയിൽ ജൂനിയർ സൂപ്പർവൈസർ പി. ആന്റ് ഐ. എന്ന തസ്തികയിൽ സ്ഥിരമായും താൽക്കാലികമായും എത്ര തസ്തികകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; ഓരോ വിഭാഗത്തിലും എത്രപേർ നിലവിൽ ജോലി ചെയ്യുന്നുവെന്ന് വിശദമാക്കാമോ?

2020-ലെ പുതുക്കിയ സ്റ്റാഫ് പാറ്റേൺ പ്രകാരം ജൂനിയർ സൂപ്പർവൈസർ തസ്തികയിൽ 25 ഒഴിവുകൾ അനുവദിച്ചിട്ടുണ്ട്. ആയതിൽ 5.11.2020-ലെ G.O(P)No.13/2020 (DD) സർക്കാർ ഉത്തരവിലെ Special Terms and Conditions of ERCMPU Ltd. Annexure II- ലെ

ഉപവകുപ്പ് (1) പ്രകാരം 40% ഒഴിവുകൾ കരാർ നിയമനം വഴി നടത്തേണ്ടതാണ്. അപ്രകാരം ജൂനിയർ സൂപ്പർവൈസർമാരുടെ അനുവദിച്ചിട്ടുള്ള 25 ഒഴിവുകളിൽ 40% ആയ 10 ഒഴിവുകൾ നിശ്ചിതകാല കരാർ വ്യവസ്ഥ പ്രകാരമാണ് നിയമിച്ചിരിക്കുന്നത്. ബാക്കി വരുന്ന 15 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിന് നീക്കിവച്ചിട്ടുള്ളതാണ്. ആയതിനാൽ 14 തസ്തികകയിലും സ്ഥിരം ലാവണത്തിൽ ജീവനക്കാർ നിലവിൽ ജോലിചെയ്യുന്നുണ്ട്.

(ബി) 2020 സെപ്റ്റംബറിൽ നിലവിൽ വന്ന റാങ്ക്‌ലിസ്റ്റിൽ നിന്നും എത്ര പേർക്ക് സ്ഥിര നിയമനം നൽകി എന്ന് വിശദീകരിക്കാമോ?

മേഖലായൂണിയന്റെ റിക്രൂട്ട്മെന്റ് കമ്മിറ്റി അംഗീകരിച്ച് നൽകിയ 9.9.2020-ലെ റാങ്ക്‌ലിസ്റ്റിൽ നിന്നും വിജ്ഞാപന പ്രകാരം പ്രസിദ്ധീകരിച്ച ജൂനിയർ സൂപ്പർവൈസർ തസ്തികയിലെ 10 ഒഴിവിലേയ്ക്ക് നേരിട്ടുള്ള നിയമനം വഴി ഉദ്യോഗാർത്ഥികളെ നിയമിക്കുകയുണ്ടയി. തുടർന്നുണ്ടായ ഒഴിവുകളിലേയ്ക്ക് 18.2.2021-ലെ 13-ാം റിക്രൂട്ട്മെന്റ് കമ്മിറ്റിയുടെ അജണ്ട 4-ലെ മിനിട്ട്സ് തീരുമാനപ്രകാരം 2 ഉദ്യോഗാർത്ഥികളെക്കൂടി നേരിട്ടുള്ള നിയമനം വഴി നിയമിച്ചിട്ടുണ്ട്.

(സി) 2018 മുതൽ 2022 ഫെബ്രുവരി വരെ എത്ര താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തി; സ്ഥിരമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഏതൊക്കെയാണ്; വിശദമാക്കാമോ?

2018 മുതൽ 2022 ഫെബ്രുവരി വരെ താൽക്കാലിക ജീവനക്കാർ ആരേയും സ്ഥിരപ്പെടുത്തിയിട്ടില്ല. താൽക്കാലിക ജീവനക്കാരെ സ്ഥിരമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിലവിലില്ല. മാത്രമല്ല മേഖലാ യൂണിയനിലെ എല്ലാ സ്ഥിരനിയമനങ്ങളും വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ 21.11.2018-ലെ സർക്കാർ ഉത്തരവ് നമ്പർ GO(Rt)No.117/2018 പ്രകാരം മേഖലാ യൂണിയനിലെ സ്ഥിരനിയമനവുമായി ബന്ധപ്പെട്ട നടപടികൾ സർക്കാർ രൂപീകരിച്ച മേഖലാ യൂണിയന്റെ റിക്രൂട്ട്മെന്റ് കമ്മിറ്റിയാണ് നടത്തുന്നത്.

(ഡി) 2019-ലെ വിജ്ഞാപനത്തിൽ പറയുന്ന 10 ഒഴിവുകളിൽ കൂടുതൽ നിയമനം നടത്താൻ കഴിയില്ലെന്ന് സർക്കാരിനെ മിൽമ ഫെഡറേഷൻ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

മേഖലാ യൂണിയനുകളിലേയ്ക്കുള്ള നിയമനങ്ങളുമായി ബന്ധപ്പെട്ട റാങ്ക് ലിസ്റ്റ് തയ്യാറാക്കി നൽകുന്നത് റിക്രൂട്ട്മെന്റ് കമ്മിറ്റിയാണ്. ടി ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ മേഖലാ യൂണിയനുകൾക്ക് അധികാരമുണ്ട്.

ഇത്തരത്തിൽ നടക്കുന്ന നിയമനങ്ങളിൽ സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതില്ല.

## <u>ശാന്തലിംഗനഗർ ക്ഷീരോല്പാദന സഹകരണ സംഘം</u>

409(1949) <u>ശ്രീ. മാത്യു ടി. തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ താലൂക്കിലെ ശാന്തലിംഗനഗർ ക്ഷീരോല്പാദന സഹകരണ സംഘത്തിൽ ഗുരുതരമായ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ക്രമക്കേടുകൾ സംബന്ധിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ക്രമക്കേടുകൾ സംബന്ധിച്ച റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(സി) ഇക്കാര്യത്തിൽ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഇല്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയിട്ടും ഭരണസമിതിയെ പിരിച്ചുവിടാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

ശാന്തലിംഗനഗർ ക്ഷീര സംഘത്തിലെ ക്രമക്കേടുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 1996-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 32 പ്രകാരം ഭരണസമിതിയെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## ക്ഷീരസംഘങ്ങൾ

410(1950) ശ്രീമതി ഒ എസ് അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നഗരസഭയിലും ആറ്റിങ്ങൽ മണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകളിലുമായി മൃഗസംരക്ഷണ വകുപ്പിന് കീഴിൽ എത്ര ക്ഷീരസംഘങ്ങൾ പ്രവർത്തിക്കുന്നു; പ്രസ്തുത സംഘങ്ങളുടെ പേരും രജിസ്ട്രേഷൻ നമ്പരും തദ്ദേശഭരണ സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ?

ആറ്റിങ്ങൽ നഗരസഭയിലും ആറ്റിങ്ങൽ മണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകളിലുമായി ക്ഷീരവികസന വകുപ്പിന് കീഴിൽ

പ്രവർത്തിക്കുന്ന ക്ഷീര സംഘങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (I) ആറ്റിങ്ങൽ നഗരസഭ (1) കൈരളി ക്ഷീരോൽപാദക സഹകരണ സംഘം റ്റി 277 (ഡി) ആപ്ക്കോസ്. (2) ആറ്റിങ്ങൽ ടൗൺ ക്ഷീരോൽപാദക സഹകരണ സംഘം റ്റി 305 (ഡി) ആപ്ക്കോസ്. (3) കൊല്ലമ്പുഴ ക്ഷീരോൽപ്പാദക സഹകരണ സംഘം റ്റി 300 (ഡി) ആപ്ക്കോസ്. (4) ഗ്രാമം ക്ഷീരോൽപാദക സഹകരണ സംഘം റ്റി 301 (ഡി) ആപ്ക്കോസ്. (5) വലിയകുന്ന് ക്ഷീരോൽപാദക സഹകരണ സംഘം റ്റി 285 (ഡി) ആപ്ക്കോസ്. (6) സുഭിക്ഷ ക്ഷീരോൽപാദക സഹകരണ സംഘം റ്റി 367 (ഡി) ആപ്ക്കോസ്. (II) വക്കം ഗ്രാമ പഞ്ചായത്ത് -പ്രവർത്തിക്കുന്ന ക്ഷീര സംഘങ്ങൾ ഒന്നുംതന്നെയില്ല. (III) ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് (1) നരിക്കല്ല് ക്ഷീരോൽപാദക സഹകരണ സംഘം റ്റി 248 (ഡി) ആപ്ക്കോസ്. (2) വെന്നിക്കോട് ക്ഷീരോൽപാദക സഹകരണ സംഘം റ്റി 73 (ഡി) ആപ്ക്കോസ്. (IV) ഒറ്റൂർ ഗ്രാമപഞ്ചായത്ത് (1) തെറ്റിക്കുളം ക്ഷീരോൽപാദക സഹകരണ സംഘം റ്റി 230 (ഡി) ആപ്ക്കോസ്. (2) വടശ്ശേരിക്കോണം ക്ഷീരോൽപാദക സഹകരണ സംഘം റ്റി 224 (ഡി) ആപ്ക്കോസ്. (3) മുള്ളറംകോട് ക്ഷീരോൽപാദക സഹകരണ സംഘം റ്റി 235 (ഡി) ആപ്ക്കോസ്. (V) മണമ്പൂർ ഗ്രാമപഞ്ചായത്ത് (1) മണമ്പൂർ

ഈസ്റ്റ് ക്ഷീരോൽപാദക സഹകരണ സംഘം റ്റി 199 (ഡി) ആപ്ക്കോസ്. (2) മണന്നൂർ വെസ്റ്റ് ക്ഷീരോൽപാദക സഹകരണ സംഘം റ്റി 196 (ഡി) ആപ്ക്കോസ്. (3) കുളമുട്ടം ക്ഷീരോൽപാദക സഹകരണ സംഘം റ്റി 78 (ഡി) ആപ്ക്കോസ്. (VI) പഴയകുന്നമ്മേൽ ഗ്രാമപഞ്ചായത്ത്. (1) കിളിമാനൂർ ക്ഷീരോൽപാദക സഹകരണ സംഘം റ്റി 161 (ഡി) ആപ്ക്കോസ്. (2) അടയമൺ ക്ഷീരോൽപാദക സഹകരണ സംഘം റ്റി 163 (ഡി) ആപ്ക്കോസ്. (3) തട്ടത്തുമല ക്ഷീരോൽപാദക സഹകരണ സംഘം റ്റി 50 (ഡി) ആപ്ക്കോസ്. (VII) കിളിമാനൂർ ഗ്രാമപഞ്ചായത്ത് (1) ചൂട്ടയിൽ ക്ഷീരോൽപാദക സഹകരണ സംഘം റ്റി 209 (ഡി) ആപ്ക്കോസ്. (2) കൈലാസംമുക്ക് ക്ഷീരോൽപാദക സഹകരണ സംഘം റ്റി 222 (ഡി) ആപ്ക്കോസ്. (3) മലയാമഠം ക്ഷീരോൽപാദക സഹകരണ സംഘം റ്റി 193 (ഡി) ആപ്ക്കോസ്. (4) പനപ്പാംകുന്ന് ക്ഷീരോൽപാദക സഹകരണ സംഘം റ്റി 204 (ഡി) ആപ്ക്കോസ്. (5) പോങ്ങനാട് ക്ഷീരോൽപാദക സഹകരണ സംഘം റ്റി 76 (ഡി) ആപ്ക്കോസ്. (VIII) പുളിമാത്ത് ഗ്രാമപഞ്ചായത്ത് (1) പുളിമാത്ത് ക്ഷീരോൽപാദക സഹകരണ സംഘം റ്റി 65 (ഡി) ആപ്ക്കോസ്. (2) തെങ്ങുകോണം ക്ഷീരോൽപാദക സഹകരണ സംഘം റ്റി 338(ഡി) ആപ്ക്കോസ്. (3) പേടികുളം ക്ഷീരോൽപാദക

സഹകരണ സംഘം റ്റി 341 (ഡി) ആപ്ക്കോസ്. (4) നെല്ലിടപ്പാറ ക്ഷീരോൽപാദക സഹകരണ സംഘം റ്റി 147 (ഡി) ആപ്ക്കോസ്. (5) മൊട്ടല്വിള ക്ഷീരോൽപാദക സഹകരണ സംഘം റ്റി 94(ഡി) ആപ്ക്കോസ്. (6) പൊരുന്തമൺ ക്ഷീരോൽപാദക സഹകരണ സംഘം റ്റി 197 (ഡി) ആപ്ക്കോസ്. (IX) നഗരൂർ ഗ്രാമപഞ്ചായത്ത് (1) മാവേലിൽ ക്ഷീരോൽപാദക സഹകരണ സംഘം റ്റി 295(ഡി) ആപ്ക്കോസ്. (2) നഗരൂർ ക്ഷീരോൽപാദക സഹകരണ സംഘം റ്റി 74 (ഡി) ആപ്ക്കോസ്. (3) രാലൂർക്കാവ് ക്ഷീരോൽപാദക സഹകരണ സംഘം റ്റി 75 (ഡി) ആപ്ക്കോസ്. (4) പേരൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം റ്റി 332 (ഡി) ആപ്ക്കോസ്. (X) കരവാരം ഗ്രാമപഞ്ചായത്ത്. (1) കരവാരം ക്ഷീരോൽപാദക സഹകരണ സംഘം റ്റി 162 (ഡി) ആപ്ക്കോസ്. (2) ഞാറയ്ക്കാട്ടുവിള ക്ഷീരോൽപാദക സഹകരണ സംഘം റ്റി 279 (ഡി) ആപ്ക്കോസ്. (3) പുല്ലൂർമുക്ക് ക്ഷീരോൽപാദക സഹകരണ സംഘം റ്റി 221 (ഡി) ആപ്ക്കോസ്. (4) തോട്ടയ്ക്കാട് ക്ഷീരോൽപാദക സഹകരണ സംഘം റ്റി 141 (ഡി) ആപ്ക്കോസ്. (5) വഞ്ചിയൂർ ക്ഷീരോൽപാദക സഹകരണ സംഘം റ്റി 150 (ഡി) ആപ്ക്കോസ്. (6) വണ്ടിത്തടം ക്ഷീരോൽപാദക സഹകരണ സംഘം റ്റി 236 (ഡി) ആപ്ക്കോസ്.

(ബി) പ്രസ്തുത ക്ഷീരസംഘങ്ങൾക്കായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലഭ്യമാക്കിയിട്ടുള്ള ധനസഹായം എത്രയാണെന്നും ഏതെല്ലാം സംഘങ്ങൾക്കാണ് സഹായം ലഭ്യമായിട്ടുള്ളതെന്നും അറിയിക്കാമോ?

(1) കൊല്ലമ്പുഴ ക്ഷീരോൽപാദക സഹകരണ സംഘം - 19,650 രൂപ (2) കൈരളി ക്ഷീരോൽപാദക സഹകരണ സംഘം - 1,17,270 രൂപ. (3) വലിയകുന്ന് ക്ഷീരോൽപാദക സഹകരണ സംഘം - 61,860 രൂപ. (4) ഗ്രാമം ക്ഷീരോൽപാദക സഹകരണ സംഘം - 26,700 രൂപ. (5) ടൗൺ ക്ഷീരോൽപാദക സഹകരണ സംഘം -1,91,000 രൂപ. (6) നരിക്കല്ല് ക്ഷീരോൽപാദക സഹകരണ സംഘം - 60,600 രൂപ. (7) വെന്നിക്കോട് ക്ഷീരോൽപാദക സഹകരണ സംഘം - 85,650 രൂപ. (8) ഒറ്റൂർ ക്ഷീരോൽപാദക സഹകരണ സംഘം - 29,850 രൂപ. (9) തെറ്റിക്കുളം ക്ഷീരോൽപാദക സഹകരണ സംഘം - 56,600 രൂപ. (10) വടശ്ശേരിക്കോണം ക്ഷീരോൽപാദക സഹകരണ സംഘം - 19,200 രൂപ. (11) മുള്ളറംകോട് ക്ഷീരോൽപാദക സഹകരണ സംഘം - 38,800 രൂപ. (12) മണമ്പൂർ ഈസ്റ്റ് ക്ഷീരോൽപാദക സഹകരണ സംഘം - 2,09,520 രൂപ. (13) മണമ്പൂർ വെസ്റ്റ് ക്ഷീരോൽപാദക സഹകരണ സംഘം - 1,51,600 രൂപ. (14) കുളമുട്ടം ക്ഷീരോൽപാദക സഹകരണ സംഘം -

60,900 രൂപ. (15) കിളിമാനൂർ ക്ഷീരോൽപാദക സഹകരണ സംഘം - 1,76,200 രൂപ. (16) അടയമൺ ക്ഷീരോൽപാദക സഹകരണ സംഘം - 99,800 രൂപ. (17) തട്ടത്തുമല ക്ഷീരോൽപാദക സഹകരണ സംഘം - 5,13,300 രൂപ. (18) ചൂട്ടയിൽ ക്ഷീരോൽപാദക സഹകരണ സംഘം - 18,275 രൂപ. (19) കൈലാസംമുക്ക് ക്ഷീരോൽപാദക സഹകരണ സംഘം - 51,700 രൂപ. (20) മലയാമഠം ക്ഷീരോൽപാദക സഹകരണ സംഘം - 59,000 രൂപ. (21) പനപ്പാംകുന്ന് ക്ഷീരോൽപാദക സഹകരണ സംഘം - 36,000 രൂപ. (22) പോങ്ങനാട് ക്ഷീരോൽപാദക സഹകരണ സംഘം - 0/- (23) പുളിമാത്ത് ക്ഷീരോൽപാദക സഹകരണ സംഘം - 0/- (24) തെങ്ങുംകോണം ക്ഷീരോൽപാദക സഹകരണ സംഘം - 0/- (25) പേടികുളം ക്ഷീരോൽപാദക സഹകരണ സംഘം - 9550 രൂപ. (26) നെല്ലിടപ്പാറ ക്ഷീരോൽപാദക സഹകരണ സംഘം - 1,48,800 രൂപ. (27) മൊട്ടലുവിള ക്ഷീരോൽപാദക സഹകരണ സംഘം -7,37,100 രൂപ. (28) പൊരുന്തമൺ ക്ഷീരോൽപാദക സഹകരണ സംഘം - 80,000 രൂപ. (29) മാവേലിൽ ക്ഷീരോൽപാദക സഹകരണ സംഘം - 52,650 രൂപ. (30) നഗരൂർ ക്ഷീരോൽപാദക സഹകരണ സംഘം - 6,44,400 രൂപ. (31) രാലൂർക്കാവ് ക്ഷീരോൽപാദക സഹകരണ സംഘം - 11,550 രൂപ. (32)

പേരൂർ ക്ഷീരോൽപാദക സഹകരണ സംഘം - 0/- (33) കരവാരം ക്ഷീരോൽപാദക സഹകരണ സംഘം - 1,49,700 രൂപ. (34) ഞാറയ്ക്കാട്ടുവിള ക്ഷീരോൽപാദക സഹകരണ സംഘം - 0/- (35) പുല്ലൂർമുക്ക് ക്ഷീരോൽപാദക സഹകരണ സംഘം - 2,30,800 രൂപ. (36) തോട്ടയ്ക്കാട് ക്ഷീരോൽപാദക സഹകരണ സംഘം - 81,500 രൂപ. (37) വഞ്ചിയൂർ ക്ഷീരോൽപാദക സഹകരണ സംഘം - 1,61,700 രൂപ. (38) വണ്ടിത്തടം ക്ഷീരോൽപാദക സഹകരണ സംഘം - 25,350 രൂപ.

(സി) സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ക്ഷീരസംഘങ്ങൾ ഏതെല്ലാമാണെന്ന വിശദാംശം തദ്ദേശഭരണ സ്ഥാപന അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

(I) ആറ്റിങ്ങൽ നഗരസഭ -ഒരു സംഘത്തിനും സ്വന്തമായി കെട്ടിടങ്ങൾ ഇല്ല. (II) വക്കം ഗ്രാമപഞ്ചായത്ത് -പ്രവർത്തിക്കുന്ന ക്ഷീരസംഘങ്ങൾ ഇല്ല. (III) ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് -വെന്നിക്കോട് ക്ഷീര സംഘം (IV) ഒറ്റൂർ ഗ്രാമപഞ്ചായത്ത് -ഒറ്റൂർ ക്ഷീര സംഘം (V) മണമ്പൂർ ഗ്രാമപഞ്ചായത്ത് (1) മണമ്പൂർ ഈസ്റ്റ് ക്ഷീര സംഘം (2) മണമ്പൂർ വെസ്റ്റ് ക്ഷീര സംഘം (3) കുളമുട്ടം ക്ഷീര സംഘം (VI) പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത്-

(1) അടയമൺ ക്ഷീര സംഘം (2) തട്ടത്തുമല ക്ഷീരസംഘം (VII) കിളിമാന്നൂർ ഗ്രാമ പഞ്ചായത്ത്- (1) കൈലാസംമുക്ക് ക്ഷീര സംഘം (2) മലയാമഠം ക്ഷീര സംഘം (3) പനപ്പാംകുന്ന് ക്ഷീര സംഘം (4) പോങ്ങനാട് ക്ഷീര സംഘം (VIII) പുളിമാത്ത് ഗ്രാമപഞ്ചായത്ത്- (1) നെല്ലിടപ്പാറ ക്ഷീര സംഘം (2) മൊട്ടലുവിള ക്ഷീര സംഘം (IX) നഗരൂർ ഗ്രാമപഞ്ചായത്ത് -(1) മാവേലിൽ ക്ഷീരസംഘം (2) നഗരൂർ ക്ഷീര സംഘം (X) കരവാരം ഗ്രാമപഞ്ചായത്ത് -(1) കരവാരം ക്ഷീര സംഘം (2) പുല്ലൂർമുക്ക് ക്ഷീര സംഘം (3) തോട്ടയ്ക്കാട് ക്ഷീരസംഘം (4) വഞ്ചിയൂർ ക്ഷീര സംഘം.

**മൃഗങ്ങളെ കൂടുകളിൽ അടച്ചിട്ട് പ്രദർശന വസ്തുക്കളാക്കുന്ന പ്രവണത**

411(1951) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗങ്ങളെ കൂട്ടകളിൽ അടച്ചിട്ട് പ്രദർശന വസ്തുക്കളാക്കുന്ന പ്രവണത അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മ്യൂസിയം മൃഗശാല വകുപ്പിന് തിരുവനന്തപുരത്തും തൃശ്ശൂരിലുമായി കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അംഗീകാരത്തോടെ രണ്ട് മൃഗശാലകളാണ്

പ്രവർത്തിക്കുന്നത്. തിരുവനന്തപുരം മൃഗശാലയിൽ മൃഗങ്ങളുടെ സ്വാഭാവിക ആവാസവ്യവസ്ഥ ഒരുക്കിയാണ് മൃഗങ്ങളെ പാർപ്പിച്ചുവരുന്നത്. തൃശ്ശൂരിൽ വനം വകുപ്പിന്റെ കീഴിൽ പുത്തൂർ എന്ന സ്ഥലത്ത് 300 ഏക്കറിൽ സ്വാഭാവിക ആവാസ വ്യവസ്ഥയിൽ മൃഗശാല സജ്ജമായി വരികയാണ്. പ്രസ്തുത മൃഗശാലയുടെ പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് തൃശ്ശൂർ മൃഗശാലയിലെ മൃഗങ്ങളെ അവിടേയ്ക്ക് മാറ്റി പാർപ്പിക്കുന്നതാണ്.

(ബി) മൃഗശാലകൾ എന്ന സങ്കൽപ്പത്തിൽനിന്നും സ്വാഭാവിക ആവാസ വ്യവസ്ഥകൾ എന്നതിലേയ്ക്ക് ഒരു മാറ്റം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഇന്ത്യയിലെ 90-ഓളം വരുന്ന മൃഗശാലകളിൽ ലാർജ് കാറ്റഗറിയിൽപ്പെടുന്ന 17 എണ്ണത്തിൽ ഉൾപ്പെടുന്നതും ഇന്ത്യയിലെ മൃഗശാലകളിൽ ഏറ്റവും പഴക്കം ചെന്നതുമാണ് തിരുവനന്തപുരം മൃഗശാല. സ്വാഭാവിക ആവാസ വ്യവസ്ഥയിലാണ് മൃഗങ്ങളെ ഇവിടെ പാർപ്പിച്ചു വരുന്നത്. തിരുവനന്തപുരം മൃഗശാലയുടെ 20 വർഷത്തെ വികസന പ്രവർത്തനങ്ങൾക്കായി തയ്യാറാക്കിയ കേന്ദ്രമൃഗശാല അതോറിറ്റിയുടെ അംഗീകാരം ലഭ്യമായ മാസ്റ്റർപ്ലാനിൽ വിഭാവനം ചെയ്ത പ്രവൃത്തികളാണ് നിർവ്വഹിച്ചു വരുന്നത്. സ്വാഭാവിക ആവാസവ്യവസ്ഥ പ്രകാരം

ജലപക്ഷികൾക്കായി വിശാലമായ പരിബന്ധനം, കാട്ടുപോത്തുകൾക്കായി വിശാലമായ പരിബന്ധനം, നീർനായയെ പാർപ്പിക്കുന്നതിനുള്ള പരിബന്ധനം എന്നിവ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികളാണ്. ചിത്രശലഭ ഉദ്യാനം, മൃഗങ്ങൾക്ക് മികച്ച രീതിയിൽ ഭക്ഷണം തയ്യാറാക്കുന്നതിനും ജീവനക്കാർക്ക് വിശ്രമിക്കുന്നതിനുമായി മൃഗശാല സ്റ്റോറും ഓഫീസും ചേർന്ന കെട്ടിട സമുച്ചയം തുടങ്ങിയവ ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ച പദ്ധതികളാണ്. കൂടാതെ മെക്കാ തത്തകൾക്കായി സിംഗപ്പൂരിലെ ജൂറോംഗ് മൃഗശാലയുടെ മാതൃകയിൽ വിശാലമായ പരിബന്ധനത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 A.M.}

## II അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ: വെഞ്ഞാറമൂട് ഇരട്ടക്കൊലപാതക കേസ്സിന്റെ ഗൂഢാലോചനയിലേയ്ക്ക് പോലീസ് അന്വേഷണം നടത്തിയിട്ടില്ലെന്ന വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ തുടരന്വേഷണത്തിന് തയ്യാറാകാതെ കേസ് അട്ടിമറിക്കുന്നതായും അതുമൂലം പൊതുസമൂഹത്തിൽ

ഉളവായിട്ടുള്ളതായും പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. നോട്ടീസിൽ പരാമർശിച്ചിരിക്കുന്ന കേസ്സിന്മേലുള്ള പോലീസ് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കുകയും വിചാരണയ്ക്കായി പോസ്റ്റ് ചെയ്തിരിക്കുകയുമാണെന്നാണ് മനസ്സിലാക്കുന്നത്. ഒരു വ്യക്തി നടത്തിയതായി പറയപ്പെടുന്ന വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിലുള്ള കാര്യമാണ് നോട്ടീസിലൂടെ ഉന്നയിച്ചിരിക്കുന്നത്. ചട്ടം 52(3) പ്രകാരം സമീപകാലത്തുള്ള ഒരു സംഭവമായിരിക്കണം അടിയന്തരപ്രമേയമായി ഉന്നയിക്കേണ്ടത്. ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള അടിയന്തര പ്രാധാന്യമുള്ളതായി കാണുന്നില്ല. അതിനാൽ നോട്ടീസിന് അവതരണാനുമതി നൽകാൻ കഴിയില്ലെന്ന് അറിയിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങ് സമീപകാലത്തായി നിസ്സാരകാരണങ്ങൾ പറഞ്ഞ് ഈ സഭയുടെ കീഴ്‌വഴക്കങ്ങൾ നോക്കാതെ റൂൾ 50 അനുസരിച്ച് അടിയന്തരപ്രമേയം അവതരിപ്പിക്കുന്നതിനുള്ള അനുമതി നിഷേധിക്കുകയാണ്. ഈ കേസ്സിൽ

ചാർജ് ഷീറ്റ് കോടതിയിൽ കൊടുത്തിരിക്കുകയാണെന്ന് ബഹുമാനപ്പെട്ട ചെയർ പറഞ്ഞത് ശരിയാണ്. ക്രിമിനൽ പ്രൊസീഡ്യുവർ കോഡിന്റെ 173(8) അനുസരിച്ച് പുതിയ വെളിപ്പെടുത്തലുകളുണ്ടായാൽ പുനരന്വേഷണം നടത്താം. കോടതിയിൽ കൊടുത്തിരിക്കുന്ന കേസ്സിൽ പറയുന്ന കാര്യങ്ങളുടെ അടിത്തറ മുഴുവൻ തകരുന്ന രീതിയിലാണ് പുതിയ വെളിപ്പെടുത്തലുണ്ടായിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട ഒരു വ്യക്തി നടത്തിയ സുപ്രധാന വെളിപ്പെടുത്തലാണിത്. ഇത്തരം വെളിപ്പെടുത്തലുകളുണ്ടാകുമ്പോൾ, സഭയിൽ പുതിയ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ പുനരന്വേഷണം നടത്തണമെന്ന ആവശ്യത്തിന്മേൽ പല പ്രാവശ്യം റൂൾ 50 അനുസരിച്ച് അടിയന്തരപ്രമേയം അവതരിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഞാൻ ആ സംഭവങ്ങളൊന്നും ഇവിടെ ആവർത്തിക്കുന്നില്ല. ക്രിമിനൽ പ്രൊസീഡ്യുവർ കോഡിലെ 173(8) അനുസരിച്ച് പുനരന്വേഷണം നടത്തേണ്ടതാണ്. പുതിയ വെളിപ്പെടുത്തലുണ്ടായിട്ടുള്ളത് സമീപദിവസങ്ങളിലാണ്. അതിനുശേഷം സഭ ഇപ്പോഴാണ് ചേരുന്നത്. സമീപസമയത്തുണ്ടായ ഒരു വെളിപ്പെടുത്തലിന്മേൽ 173(8) അനുസരിച്ചുള്ള പുനരന്വേഷണമോ സി.ബി.ഐ. അന്വേഷണമോ വേണമെന്നുള്ള പ്രതിപക്ഷത്തിന്റെ ആവശ്യം

റൂൾ 50-യുമായി ബന്ധപ്പെട്ട ചട്ടങ്ങളൊന്നും ലംഘിക്കപ്പെടുന്നതല്ല. അതുകൊണ്ട് ഇതിന് അനുമതി നൽകണമെന്നാണ് ഞങ്ങളുടെ അഭ്യർത്ഥന.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അടിയന്തരപ്രമേയം അനുവദിക്കുന്നതിൽ ചെയർ കീഴ്വഴക്കങ്ങൾ ലംഘിക്കുന്നുവെന്ന് പറയുകയുണ്ടായി. യഥാർത്ഥത്തിൽ നിരാകരണപ്രമേയത്തിന്റെ സാദ്ധ്യതയുള്ള വിഷയത്തിൽപ്പോലും അടിയന്തരപ്രമേയം അനുവദിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ ഓർമ്മിപ്പിക്കുകയാണ്.

ശ്രീ. അൻവർ സാദത്ത്: സർ.....(മൈക്ക് ഓഫ്)...

മി. സ്പീക്കർ: അങ്ങ് അവിടെയിരിക്കൂ.... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെയുണ്ടല്ലോ....(.....ബഹളം....) ബഹു. പ്രതിപക്ഷനേതാവിന് മുകളിലാണോ അങ്ങ്. പ്രതിപക്ഷനേതാവ് കാര്യമാത്രപ്രസക്തമായി ഉന്നയിച്ച ഒരു കാര്യത്തെക്കുറിച്ചാണ് ചെയർ പ്രതികരിക്കുന്നത്. അങ്ങ് സംസാരിക്കാതിരിക്കൂ. പൊതുവിൽ ഉദാരമായ സമീപനമാണ് ചെയർ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. ഈ കേസ് കോടതിയുടെ പരിഗണനയിലിരിക്കുകയാണെന്ന് പ്രതിപക്ഷനേതാവ് തന്നെ ചൂണ്ടിക്കാണിച്ചു. വിചാരണ തുടങ്ങാനിരിക്കുന്ന കേസ്സായതിനാൽ

അത് കോടതിയുടെ വിഷയമാണ്. അതുകൊണ്ട് അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുകയാണ്.

(അടിയന്തരപ്രമേയ നോട്ടീസിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹു. സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## 10.04 AM}

## III ശ്രദ്ധ ക്ഷണിക്കൽ

### (1) കേന്ദ്ര സർക്കാരിന്റെ സ്വകാര്യവൽക്കരണ നയം തിരുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. നന്ദകുമാർ: സർ, (....ബഹളം.....) പ്രധാനമായും മൂന്ന് വിഷയങ്ങളിലാണ് സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക-രാഷ്ട്രീയ-സാമൂഹ്യ ഇടപെടലുകൾ നമ്മുടെ രാജ്യത്തെ ഗുരുതരമായ പ്രതിസന്ധിയിലേയ്ക്ക് തള്ളിവിട്ടുകൊണ്ടിരിക്കുകയാണ്; രാജ്യത്തെ സമ്പത്താകെ കോർപ്പറേറ്റുകൾക്ക് ഏല്പിച്ചുകൊടുക്കുകയാണ്; പൊതുമേഖലാ ആസ്തികൾ ദ്രുതഗതിയിൽ വിറ്റഴിക്കുകയാണ്. തന്ത്രപ്രധാനമായ പതിനെട്ടോളം മേഖലയിൽ സ്വകാര്യവൽക്കരണത്തിനുള്ള നീക്കം നീതി ആയോഗ് പ്രഖ്യാപിച്ചിരിക്കുകയാണ്. ഇന്ത്യയുടെ

അഭിമാനസ്തംഭമായ എൽ.ഐ.സി.യെ വിൽക്കുന്നു. 5 കോടി രൂപയുടെ ആസ്തിയിൽ മുതൽമുടക്കി 38 ലക്ഷം കോടി രൂപയുടെ ആസ്തിയിലെത്തി 6 ലക്ഷം കോടി രൂപ ബോണസായി നൽകിയ എൽ.ഐ.സി-യെയാണ് വിൽക്കുന്നത്. എച്ച്.എൽ.എൽ. വില്പനയ്ക്കുവച്ചു. ഭൂമി നൽകിയ സംസ്ഥാന സർക്കാർ പൊതുമേഖലയിൽ നിർത്തണമെന്ന ആവശ്യമുന്നയിച്ചിട്ടും അതംഗീകരിച്ചില്ല. ലേലത്തിൽപ്പോലും പങ്കുകൊള്ളാൻ കഴിയാത്ത അവസ്ഥയിലാണ് സംസ്ഥാന സർക്കാർ. ഇത്തരം വിനാശകരമായ സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. കേരളത്തിലെ പതിനായിരക്കണക്കിന് വരുന്ന ചുമട്ടുതൊഴിലാളികൾ ഇന്ന് തൊഴിൽ ഭീഷണി നേരിടുകയാണ്. വിദ്യാസമ്പന്നരായ ചെറുപ്പക്കാർപോലും ഈ തൊഴിലെടുക്കുന്നത് മറ്റ് തൊഴിലില്ലാത്തതുകൊണ്ടാണ്. ഈ തൊഴിലാളികളെയാകെ പിടിച്ചുപറിക്കാരായി ചില മാധ്യമങ്ങളും തൽപ്പരകക്ഷികളും ചിത്രീകരിച്ചുകൊണ്ടിരിക്കുകയാണ്. ഈ സഭയിൽപ്പോലും ഒരു തെറ്റായ വ്യാഖ്യാനം വന്നു. ശ്രീ. എൻ. എ. നെല്ലിക്കുന്ന് വിദേശത്തുപോയപ്പോൾ പ്രവാസി കൊടുത്ത ഒരു കത്തിന്റെ അടിസ്ഥാനത്തിൽ ചില കാര്യങ്ങൾ ബോദ്ധ്യപ്പെട്ടുവെന്നാണ് ഇന്നലെ സഭയിൽ പറഞ്ഞത്. കണ്ണൂർ-മാതമംഗലം വിഷയത്തിന്റെ യഥാർത്ഥ

വസ്തുതകളല്ല അദ്ദേഹം പറഞ്ഞിട്ടുള്ളത്. അവിടെ സി.ഐ.ടി.യു.ക്കാർ മാത്രമല്ല ഐ.എൻ.ടി.യു.സി.ക്കാരും എസ്.ടി.യു-ക്കാരുമുണ്ട്. എസ്.ടി.യു-ക്കാർ പരസ്യപ്രസ്താവന നടത്തി സമരത്തോടൊപ്പം നിൽക്കുകയാണ്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവരെ മറക്കരുത്, തള്ളിപ്പറയരുത്. ഈ നിയമത്തെ ദുർവ്യാഖ്യാനം ചെയ്തും നിയമത്തിലുള്ള അവ്യക്തത ഉപയോഗപ്പെടുത്തിയും കോടതിയെ വലിച്ചിഴച്ചുകൊണ്ടും തൊഴിൽ നിഷേധിക്കപ്പെടുകയാണ്. ആയിരക്കണക്കിനുവരുന്ന തൊഴിലാളികൾക്ക് ജോലി സുരക്ഷിതത്വം ഉറപ്പുവരുത്തണം. ഒറ്റപ്പെട്ട സംഭവങ്ങളുണ്ടായാൽ അത് ഒറ്റപ്പെട്ടതായിത്തന്നെകണ്ട് ആ പ്രശ്നം കൈകാര്യം ചെയ്യാൻ കഴിയണം. 'ജനങ്ങളെ സംരക്ഷിക്കുക; രാജ്യത്തെ രക്ഷിക്കുക' എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ച് മാർച്ച് 28, 29 തീയതികളിൽ ദേശീയ പണിമുടക്ക് നടത്തുകയാണ്. ഈ സഭയിലെ എല്ലാ കക്ഷികളും പ്രക്ഷോഭത്തിന് പിന്തുണ നൽകുന്നുണ്ട്. ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുകാണണമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഈ പ്രക്ഷോഭം രാജ്യത്തിന്റെ താല്പര്യത്തിനുവേണ്ടിയായതിനാൽ കേരളത്തിന്റെയാകെ പിന്തുണയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. (.......ബഹളം......)

<u>മി. സ്പീക്കർ</u>: ഇന്ത്യയിൽ എല്ലാ ട്രേഡ് യൂണിയനുകളും ചേർന്ന്

നടത്തുന്ന പണിമുടക്കിന്റെ വിഷയമാണദ്ദേഹം ഉന്നയിച്ചത്. ദയവായി ബഹുമാനപ്പെട്ട അംഗങ്ങൾ സ്വന്തം സീറ്റിലേയ്ക്ക് മടങ്ങണം. (…….ബഹളം……)

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഇന്നലത്തെ കെ-റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട അടിയന്തരപ്രമേയം ചീറ്റിപ്പോയപ്പോൾ പ്രതിപക്ഷം വാക്കൗട്ടും നടത്തി. ഇങ്ങനെ വന്ന് ബഹളമുണ്ടാക്കേണ്ട എന്തെങ്കിലും കാര്യമുണ്ടോ? ഇന്നലത്തെ ക്ഷീണം ഇന്ന് തീർക്കുകയാണ്. നവഉദാരവൽക്കരണനയങ്ങൾ തീവ്രമായി നടപ്പാക്കുന്നതിലൂടെ രാജ്യത്തിന്റെ അഭിമാനസ്തംഭങ്ങളായ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യ കുത്തകകൾക്ക് കൈമാറുന്ന നടപടിയാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. സ്വാതന്ത്ര്യാനന്തരം രാജ്യത്തിന്റെ സാമ്പത്തികവളർച്ചയ്ക്കും സ്വയംപര്യാപ്തതയ്ക്കും വലിയ സംഭാവനയാണ് പൊതുമേഖലാ സ്ഥാപനങ്ങൾ നൽകിയിട്ടുള്ളത്. ഏത് സാമ്പത്തിക പ്രതിസന്ധിയിലും സമ്പദ്ഘടനയെ ഉലയാതെ താങ്ങിനിർത്തുന്നത് പൊതുമേഖലാ സ്ഥാപനങ്ങളാണ്. വൻതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെറുകിട വ്യവസായങ്ങളുടെ വളർച്ചയ്ക്ക് വഴിതുറക്കുകയും ചെയ്തു. പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണതത്വം

പാലിക്കുന്നതിലൂടെ സാമൂഹ്യനീതി ഉറപ്പുവരുത്തുകയും ചെയ്യു. ഇതെല്ലാമാണ് സ്വകാര്യവൽക്കരണംമൂലം നഷ്ടപ്പെടുന്നത്. സംസ്ഥാനത്ത് കേന്ദ്രപൊതുമേഖലയുടെ സാന്നിദ്ധ്യം താരതമ്യേന കുറവാണ്. സംസ്ഥാനത്തിന്റെ മൊത്തം വാണിജ്യവികസനത്തിൽ നിർണ്ണായക പങ്കുവഹിക്കുന്ന കൊച്ചി തുറമുഖം സ്വകാര്യവൽക്കരണ ഭീഷണിയിലാണ്. (……ബഹളം...). കോട്ടയത്തെ വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറി സ്വകാര്യവൽക്കരിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിരിക്കുന്നു. സംസ്ഥാന സർക്കാർ ശക്തമായ ഇടപെടൽ നടത്തിയതിന്റെ ഫലമായി പ്രസ്തുത കമ്പനി കേരള സർക്കാരിന് കൈമാറാൻ കേന്ദ്ര സർക്കാർ നിർബന്ധിതമായി. പ്രസ്തുത സ്ഥാപനം നവീകരിച്ച് പുതിയ രൂപത്തിൽ പ്രവർത്തനമാരംഭിക്കാൻ കഴിഞ്ഞത് അഭിമാനകരമാണ്. ആണവനിലയങ്ങൾക്കും താപവൈദ്യുത നിലയങ്ങൾക്കും ആവശ്യമായ അന്താരാഷ്ട്ര നിലവാരമുള്ള കൺട്രോൾ വാൽവ് നിർമ്മിച്ചുനൽകുന്ന തന്ത്രപ്രധാന സ്ഥാപനമായ പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഏറ്റെടുക്കുന്നതിനുള്ള ധാരണാപത്രം കേന്ദ്രസർക്കാരുമായി സംസ്ഥാന സർക്കാർ ഒപ്പിട്ടിട്ടുണ്ട്. ബി.പി.സി.എൽ. സ്വകാര്യവൽക്കരണത്തിന്റെ ഭാഗമായി കൊച്ചിൻ റിഫൈനറി സ്വകാര്യമേഖലയ്ക്ക് കൈമാറാനുള്ള നീക്കം ദ്രുതഗതിയിൽ നടന്നുവരികയാണ്.

ബി.പി.സി.എൽ. സ്വകാര്യവൽക്കരിക്കുകവഴി രാജ്യസുരക്ഷതന്നെയാണ് കേന്ദ്രം അടിയറവ് വയ്ക്കുന്നത്. ഇതിനെതിരെ തൊഴിലാളികളും ജനങ്ങളും ഒറ്റക്കെട്ടായി പ്രക്ഷോഭം നടത്തിവരികയാണ്. കൊച്ചിൻ റിഫൈനറീസ് സ്വകാര്യവൽക്കരണം ഉപേക്ഷിക്കണമെന്ന് സംസ്ഥാന നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്.

(പ്രതിപക്ഷാംഗങ്ങൾ ഡയസിനുമുന്നിൽനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

'കേന്ദ്രഗവൺമെന്റ് നീതിപാലിക്കുക' എന്നുപറഞ്ഞ് മുദ്രാവാക്യം വിളിക്കണം. കേന്ദ്രഗവൺമെന്റെടുക്കുന്ന സ്വകാര്യവൽക്കരണ നയത്തിനെതിരായിട്ടാണ് ഈ ശ്രദ്ധക്ഷണിക്കൽ. മുദ്രാവാക്യം വിളിക്കേണ്ടത് 'കേന്ദ്രഗവൺമെന്റ് നീതി പാലിക്കുക' എന്നുള്ളതാണ്. സംസ്ഥാനത്ത് ലാഭകരമായി പ്രവർത്തിച്ചുവരുന്ന ഹിന്ദുസ്ഥാൻ ലൈഫ് കെയർ സ്വകാര്യവൽക്കരിക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചപ്പോൾ പ്രസ്തുത കമ്പനി കേരള സർക്കാരിനെ ഏല്പിക്കണമെന്ന് ആവശ്യപ്പെട്ടു. ഈ കമ്പനി സ്ഥാപിച്ച ഭൂമി കേരള സർക്കാർ ഏറ്റെടുത്ത് നൽകിയതാണ്. എന്നാൽ ഈ കമ്പനി കേരള സർക്കാരിനെ ഏല്പിക്കണമെന്ന ആവശ്യം തള്ളിയ

കേന്ദ്രസർക്കാർ എച്ച്.എൻ.എൽ. മാത്രമേ സ്വകാര്യമേഖലയ്ക്ക് കൈമാറുകയുള്ളൂവെന്ന് സംസ്ഥാനത്തെ അറിയിച്ചിരിക്കുകയാണ്. എച്ച്.എൻ.എൽ. ഏറ്റെടുക്കുന്നതിലേയ്ക്കായി ലേലത്തിൽ പങ്കെടുക്കാൻ സംസ്ഥാന സർക്കാർ തയ്യാറെടുക്കുന്ന ഘട്ടത്തിലാണ് അതിൽനിന്ന് കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനെ വിലക്കിയത്. (........ബഹളം......) എച്ച്.എൻ.എൽ-ന്റെ പ്രശ്നം നിങ്ങൾക്കുംകൂടി താല്പര്യമുള്ള വിഷയമല്ലേ? ഈ തീരുമാനം തിരുത്തി എച്ച്.എൻ.എൽ. സംസ്ഥാനത്തിന് കൈമാറാൻ നടപടി കൈക്കൊള്ളണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രസർക്കാരിന് കത്തെഴുതിയിട്ടുണ്ട്. തിരുവനന്തപുരം വിമാനത്താവളം അദാനി ഗ്രൂപ്പിന് കൈമാറിക്കഴിഞ്ഞു. ഇക്കാര്യത്തിൽ കേരള സർക്കാരും ജനങ്ങളും ഉയർത്തിയ വികാരം കേന്ദ്രസർക്കാർ മാനിച്ചിട്ടില്ല. കൊച്ചി, കണ്ണൂർ വിമാനത്താവളങ്ങൾ മികച്ച നിലയിൽ നടത്തുന്നതിൽ പങ്കാളിയാണ് കേരള സർക്കാരെന്ന കാര്യവും കേന്ദ്രസർക്കാർ പരിഗണിച്ചിട്ടില്ല. പൊതുമേഖലാ കമ്പനികൾ മാത്രമല്ല പൊതു ആസ്തികളും സ്വകാര്യ കോർപ്പറേറ്റുകൾക്ക് കൈമാറാനാണ് ഇപ്പോൾ കേന്ദ്രസർക്കാരിന്റെ നീക്കം. നാഷണൽ ഹൈവേ, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, തീവണ്ടികൾ മുതലായവയെല്ലാം കൈമാറ്റം ചെയ്യാൻ പോകുകയാണ്. രാജ്യത്തിന്റെ

അഭിമാനമായ എൽ.ഐ.സി-യുടെ ഓഹരികളും വിൽക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിരിക്കുകയാണ്. ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷൻ സ്വകാര്യവൽക്കരിക്കുന്ന നിയമം പാർലമെന്റ് പാസ്സാക്കിക്കഴിഞ്ഞു. രാജ്യത്തിന് വിനാശകരമായ ഈ നടപടികൾ തിരുത്തണമെന്ന് സംസ്ഥാന സർക്കാർ നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. സംസ്ഥാനങ്ങൾ ഉന്നയിക്കുന്ന ആവശ്യങ്ങൾ തീർത്തും അവഗണിക്കുന്ന കേന്ദ്രസർക്കാർ നിലപാട് ഭരണഘടന അനുശാസിക്കുന്ന ഫെഡറൽ തത്ത്വങ്ങൾക്കെതിരാണ്. ഉല്പാദനമേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കാൻ ഇന്ത്യൻ പൊതുമേഖലയ്ക്ക് കഴിഞ്ഞു. അവയുടെ പ്രാപ്തിയും മിച്ചവും ഇന്ത്യയെ സ്വയംപര്യാപ്തതയിലേയ്ക്ക് നയിക്കുവാൻ പര്യാപ്തമാണ്. ടെലികോം, വൈദ്യുതി, റെയിൽവേ, എണ്ണ, പ്രകൃതിവാതകം, പുത്തൻ സാങ്കേതികവിദ്യകൾ, ഇൻഷ്വറൻസ്, ബാങ്കിംഗ് തുടങ്ങിയ മേഖലകളിലൂടെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സ്വയംപര്യാപ്തരാഷ്ട്രം നിർമ്മിക്കുന്നതിൽ പ്രധാന പങ്കുവഹിക്കാൻ കഴിയുന്നതാണ്. പൊതുമേഖലയിലൂടെ മാത്രമേ ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്തിന് വികസനം നേടാൻ കഴിയുകയുള്ളൂ. പൊതുമേഖലയുടെ തകർച്ച രാഷ്ട്രത്തിന്റെ ഉത്തമതാല്പര്യത്തെയും ജനജീവിതത്തെയും സാരമായി ബാധിക്കും. വിനാശകരമായ ഈ

നയത്തിനെതിരെ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളും ഒറ്റക്കെട്ടായി ശബ്ദമുയർത്തണം. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ചുമട്ടുതൊഴിലാളികളുടെ തൊഴിൽപ്രശ്നം സർക്കാർ ഗൗരവത്തോടെ കൈകാര്യം ചെയ്യും. സംസ്ഥാന നിയമസഭ പാസ്സാക്കിയ ചുമട്ടുതൊഴിലാളികളുടെ നിയമപ്രകാരമുള്ള സംരക്ഷണം അർഹമായ എല്ലാ തൊഴിലാളികൾക്കും ലഭിക്കണമെന്നതാണ് സർക്കാർ നിലപാട്. വ്യാപാര മേഖലയിൽ സമാധാനാന്തരീക്ഷമാണ് പൊതുവിൽ നിലനിൽക്കുന്നത്. തർക്കങ്ങളുണ്ടാകുന്നിടങ്ങളിൽ തൊഴിൽ വകുപ്പ് സത്വരമായി ഇടപെടുന്നുണ്ട്. വ്യാപാര സംരംഭങ്ങളിലേർപ്പെടുന്നവർക്ക് സുഗമമായി അവ നടത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ സർക്കാർ ശ്രമിക്കും. ഒരു തർക്കവും വ്യാപാര-വ്യവസായ സ്ഥാപനങ്ങൾക്ക് തടസ്സമാകാതിരിക്കാനും എന്നാൽ തൊഴിലാളികളുടെ നിയമാനുസൃതമായ അവകാശങ്ങൾ സംരക്ഷിക്കാനും സർക്കാർ നടപടി കൈക്കൊള്ളും.

മി. സ്പീക്കർ: എല്ലാ അംഗങ്ങളും സീറ്റുകളിലേയ്ക്ക് മടങ്ങണം.

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് മടങ്ങി.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നടുത്തളത്തിലിറങ്ങുന്ന പ്രതിപക്ഷം എങ്ങനെ പെരുമാറണമെന്ന്

നിർദ്ദേശിക്കാനും അവർക്ക് ക്ലാസ്സെടുക്കാനും ഈ സഭയിലെ ഏറ്റവും യോഗ്യനായ അംഗം ശ്രീ. വി. ശിവൻകുട്ടി തന്നെയാണ്. അക്കാര്യത്തിൽ സംശയമൊന്നുമില്ല. (....ബഹളം.....) അദ്ദേഹത്തിന്റെ പ്രസംഗത്തിനിടയിൽ രണ്ടുമൂന്ന് നിർദ്ദേശം പറഞ്ഞത് ഞങ്ങൾ സ്വീകരിക്കുന്നു. (....ബഹളം.....) ഇക്കാര്യത്തിൽ ഗുരുതുല്യനായിട്ടുള്ള ആളാണ്. (....ബഹളം.....)

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ.

ശ്രീ. വി. ഡി. സതീശൻ: സർ, ഞങ്ങൾ സുപ്രധാനമായ ഒരു വിഷയമാണ് നിയമസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ തീരുമാനിച്ചത്. രണ്ട് സി.പി.ഐ.(എം.) പ്രവർത്തകർ കൊലചെയ്യപ്പെട്ട വെഞ്ഞാറമൂട് ഇരട്ടക്കൊലപാതകത്തിന്റെ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരിക്കുകയാണ്. വിചാരണ നടന്നുകഴിഞ്ഞാൽ ഇതിലെ പ്രതികൾ രക്ഷപ്പെട്ടുപോകുന്ന സാഹചര്യമുണ്ടാകും. ഞങ്ങളിത് സൂചിപ്പിക്കാൻ കാരണം, ഇത് രാഷ്ട്രീയ കൊലപാതകമാണെന്നാരോപിച്ച് സംസ്ഥാനത്തെ 168 കോൺഗ്രസ് ഓഫീസുകളാണ് ഈ സംഭവത്തോടനുബന്ധിച്ച് തല്ലിത്തകർത്തത്. ഈ വിഷയത്തിന്റെ യഥാർത്ഥ ഗൂഢാലോചന സംബന്ധിച്ച് കൃത്യമായി പുനരന്വേഷണം നടത്തിയില്ലെങ്കിൽ

രണ്ടുപേരെയും കൊല ചെയ്തവരെ ശിക്ഷിക്കാൻ കഴിയാത്ത സ്ഥിതിയുണ്ടാകും. അവരുടെ കുടുംബത്തെ സംരക്ഷിക്കാൻ കളക്ഷൻ നടത്തി അമ്പത് ലക്ഷത്തോളം രൂപ കൊടുത്തത് നിങ്ങളുടെ സഖാക്കളാണ്. ഇത് രാഷ്ട്രീയകൊലപാതകമാണെന്ന് നിങ്ങൾ ആരോപിച്ചതാണ്. സെക്ഷൻ 173(8) അനുസരിച്ച് പുനരന്വേഷണം നടത്താനോ ഇതിന്റെ ഗൂഢാലോചനയെക്കുറിച്ച് പുതിയ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ നിയമപരമായി സി.ബി.ഐ. അന്വേഷണം നടത്താനോ ഗവൺമെന്റ് തയ്യാറാകണമെന്നാണ് ഞങ്ങളുടെ നിലപാട്. ഈ ആവശ്യം നിയമസഭയിൽ ഉന്നയിക്കാനോ ചർച്ച ചെയ്യാനോ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും യു.ഡി.എഫ്. അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(അടിയന്തരപ്രമേയ നോട്ടീസിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ ഒന്നടങ്കം സഭ വിട്ട് പുറത്തുപോയി; പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും ഹാജരായി.)

**ശ്രദ്ധ ക്ഷണിക്കൽ (തുടർച്ച......)**

ശ്രീ. പി. നന്ദകുമാർ: സർ, ചുമട്ടുതൊഴിലാളി നിയമത്തിലെ

അപാകതകളും അവ്യക്തതകളും തിരുത്തി നിയമഭേദഗതി കൊണ്ടുവരുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എന്നെ ഗുരുതുല്യനായി കാണുന്നതിൽ എനിക്ക് നന്ദിയുണ്ട്. കേരളത്തിലെ മുഴുവൻ ജനങ്ങളെയും ബാധിക്കുന്ന അതീവഗൗരവമുള്ള വിഷയങ്ങളുന്നയിച്ചുകൊണ്ട് അന്നത്തെ പ്രതിപക്ഷം ന്യായമായ അവകാശം പ്രയോജനപ്പെടുത്തി വെല്ലിലിറങ്ങിയ കൂട്ടത്തിൽ ഞാനും ഇറങ്ങിയിട്ടുണ്ട്. അതൊന്നും തെറ്റായി ഇപ്പോഴും ഞാൻ കാണുന്നില്ല. അത് ന്യായമായ ആവശ്യങ്ങളുന്നയിച്ചുകൊണ്ടായിരുന്നു. അല്ലാതെ ഇതുപോലെ ഏതെങ്കിലുമൊരു പോലീസ് സ്റ്റേഷനിലെ കാര്യം ഉന്നയിച്ചുകൊണ്ടുള്ള സമരമല്ല അന്ന് നടത്തിയിട്ടുള്ളത്.

സംസ്ഥാനത്തെ ചുമട്ടുതൊഴിലാളികളുടെ തൊഴിലവകാശങ്ങളും തൊഴിലാളി സമൂഹത്തിന്റെ ന്യായമായ അവകാശങ്ങളും സംരക്ഷിക്കുകയെന്നത് തൊഴിൽ വകുപ്പിൽ നിക്ഷിപ്തമായ കർത്തവ്യമാണ്. 1978-ൽ നിലവിൽവന്ന കേരള ചുമട്ടുതൊഴിലാളി നിയമം, 1981-ലെ കേരള ചുമട്ടുതൊഴിലാളി ചട്ടം, കേരള ചുമട്ടുതൊഴിലാളി ക്ഷേമപദ്ധതി എന്നിവ പരിഷ്കരിച്ച് ചുമട്ടുതൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ

സംരക്ഷിക്കുന്നതിനും സംസ്ഥാനത്ത് വ്യാവസായിക സൗഹൃദ തൊഴിലന്തരീക്ഷം നിലനിർത്തുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് സർക്കാർതലത്തിൽ പരിശോധന നടന്നുവരികയാണ്.

{അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ}

(2) എം.ഡി.എം.എ. മയക്കുമരുന്നിന്റെ ഉപയോഗം തടയൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, യുവതലമുറ നാശത്തിന്റെ പടുകുഴിയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ അശ്രദ്ധയും പ്രതിബദ്ധതയില്ലായ്മയും ഉത്തരവാദിത്വമില്ലായ്മയും നാടിന്റെ നാശത്തിന് ഒരിക്കലും വഴിവച്ചുകൂടാ. അടുത്തകാലത്ത് നാമെല്ലാവരും അകപ്പെട്ടുപോയ പല തിരക്കുകൾക്കിടയിലും ശ്രദ്ധിക്കപ്പെടാതെപോയ ഒരു വിപത്ത് ഉന്മൂലനം ചെയ്യാൻ കടുത്ത നടപടികളിലേയ്ക്ക് പോയേ മതിയാകൂ. ഇന്ന് ഞാൻ ഈ സഭയിലേയ്ക്ക് കടന്നുവരുമ്പോൾ എന്റെ നിയോജകമണ്ഡലത്തിൽനിന്ന് ഒരു രക്ഷിതാവ് എന്നെ ഫോൺ ചെയ്തു. അതൊരു നിമിത്തമായിട്ടാണ് എനിക്ക് തോന്നുന്നത്. ഡിവൈ.എസ്.പി-യോട് ഒരു കാര്യം സംസാരിക്കണമെന്ന് ആവശ്യപ്പെടാനാണ് ഫോൺ ചെയ്തത്. ഞാൻ അന്വേഷിച്ചപ്പോൾ അദ്ദേഹത്തിന്റെ പ്ലസ് ടൂവിന് പഠിക്കുന്ന മകൻ അർദ്ധരാത്രി രണ്ടുമണിക്ക്

വീട്ടിൽനിന്ന് കാർ ഓടിച്ചുകൊണ്ടുപോയെന്നാണ് പറഞ്ഞത്. ഇത്രയും പ്രായംകുറഞ്ഞ കുട്ടി വീട്ടിൽനിന്ന് കാറോടിച്ചുപോകാനുള്ള കാരണമെന്താണെന്ന് ഞാൻ ചോദിച്ചപ്പോൾ, കുറേക്കാലമായി അവനിങ്ങനെ ചെയ്തുകൊണ്ടിരിക്കുകയാണെന്നാണ് അദ്ദേഹം പറഞ്ഞത്. അവൻ മയക്കമരുന്ന് ഉപയോഗിക്കുന്നുണ്ടോയെന്ന് ഞാൻ ചോദിച്ചു. അത് ഉപയോഗിക്കുന്നുണ്ടെന്നും മംഗലാപുരത്തെ ചില കുട്ടികളുമായി അവന് ചങ്ങാത്തമാണെന്നും ഇത് കുറേക്കാലമായി തുടരുന്നുണ്ടെന്നുമാണ് ആ രക്ഷിതാവ് പറഞ്ഞത്. കേരളത്തിന്റെ ഇന്നത്തെ അവസ്ഥയുടെ ഒരു ഏകദേശരൂപം ഈ രക്ഷിതാവിന്റെ സങ്കടത്തിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. മദ്യപാനത്തിന്റെ അതിരില്ലാത്ത ആഴങ്ങളിൽ മുങ്ങിനിൽക്കുന്ന കേരളം ഇപ്പോൾ നാനാതരം ലഹരിമരുന്നുകളുടെ വൻ ഉപഭോക്തൃ സംസ്ഥാനമായി മാറിയിരിക്കുകയാണ്. 1980-കളിൽത്തന്നെ പോപ്പുലറായി തീർന്ന, ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്ന MDMA എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന രാസലഹരി Methylenedioxy-methamphetamine, Ecstasy (E), Molly തുടങ്ങിയ പേരുകളിലും അറിയപ്പെടുന്നു. ഒറ്റത്തവണത്തെ ഉപയോഗംകൊണ്ടുതന്നെ ഇതിന് അടിമയായിപ്പോകുന്നു. എം.ഡി.എം.എ. ഉപയോഗിക്കുന്ന വ്യക്തി 12

മണിക്കൂർ സജീവമാകും; ശരീരത്തിന് തളർച്ചയുണ്ടാകില്ല; മൂന്ന് ദിവസത്തേയ്ക്ക് ഉറക്കമില്ല; ഭക്ഷണവും വേണ്ട; തൊണ്ട വറ്റിവരളും; ഒന്നും കഴിക്കാൻ തോന്നുകയില്ല; മൂന്നുദിവസം ഉറങ്ങാതെ, ഭക്ഷണം കഴിക്കാൻ കഴിയാതാകുമ്പോൾ അസ്വസ്ഥതകൾ ഗുരുതരമാകും. എം.ഡി.എം.എ-യുടെ പ്രത്യാഘാതം മദ്യത്തിന്റെയോ പുകയിലയുടെയോ പോലെയല്ല. സ്ഥിരമായി ഉപയോഗിച്ചാൽ മൂന്നുവർഷത്തിനകം മരണം സംഭവിക്കും. ഇത് വല്ലപ്പോഴും ഉപയോഗിച്ചാലും അപകടമാണ്. കേരളത്തിൽ ഏജന്റുമാർ സജീവമാണ്. ഉപഭോക്താക്കളിൽ കൂടുതലും യുവതീയുവാക്കളാണ്. ഇത് നിർബ്ബാധം തുടർന്നാൽ കുട്ടികളില്ലാത്ത, വിദ്യാർത്ഥികളില്ലാത്ത, യുവാക്കളില്ലാത്ത, ഡോക്ടർമാരില്ലാത്ത, എഞ്ചിനീയർമാരില്ലാത്ത നാടായി കേരളം മാറും. കേരളം ഒരു ശവപ്പറമ്പായി മാറുന്നത് നിസ്സംഗതയോടെ ഒരിക്കലും നമുക്ക് നോക്കിനിൽക്കാൻ സാധിക്കില്ല. ഗുരുതരമായ ഈ വിഷയത്തിൽ സജീവമായി ഇടപെടണമെന്നാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോടും സർക്കാരിനോടും എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ വിപത്തിനെ കേരളത്തിന്റെ മണ്ണിൽനിന്നും നിർമ്മാർജ്ജനം ചെയ്യാൻ അങ്ങേയറ്റംവരെയും ശ്രമിക്കണം. ഇതിൽനിന്നും കേരളത്തെ രക്ഷിക്കുന്നതിനനുയോജ്യമായ നിയമനിർമ്മാണം നടത്തിയേ മതിയാകൂ എന്നാണ് എനിക്ക് പറയാനുള്ളത്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഉന്നയിച്ച വിഷയം ഗൗരവമുള്ളതാണ്. ഇതൊരു സാമൂഹ്യപ്രശ്നമായി ഉയർന്നുവരുന്ന തലത്തിലേയ്ക്കാണ് കാര്യങ്ങൾ നീങ്ങുന്നതെന്ന അദ്ദേഹത്തിന്റെ സൂചന ശരിയാണ്. എക്സൈസ് വകുപ്പ് കണ്ടെടുത്ത കേസ്സുകളുടെ എണ്ണവും പിടിച്ചെടുത്ത ലഹരിവസ്തുക്കളുടെ അളവും പരിശോധിച്ചാൽ മയക്കുമരുന്നിന്റെ ഉപയോഗം കേരളത്തിൽ വർദ്ധിച്ചുവരുന്നതായിട്ടാണ് മനസ്സിലാകുന്നത്. കഞ്ചാവുപോലുള്ള ലഹരിവസ്തുക്കൾ കൂടാതെ സിന്തറ്റിക് ഇനത്തിൽപ്പെട്ട എം.ഡി.എം.എ. പോലുള്ള ലഹരിവസ്തുക്കളും അടുത്തകാലത്ത് എക്സൈസ് വകുപ്പ് കണ്ടെത്തി കേസ് രജിസ്റ്റർ ചെയ്യുന്നുണ്ട്. സമൂഹത്തിന് ദോഷകരമായ എം.ഡി.എം.എ. ഉൾപ്പെടെയുള്ള മയക്കുമരുന്നുകളുടെ ഉപയോഗവും വിപണനവും തടയുന്നതിന് സർക്കാരിന്റെ വിവിധ വകുപ്പുകളായ എക്സൈസ്, പോലീസ്, കേന്ദ്ര ഏജൻസികളായ നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ, കസ്റ്റംസ് തുടങ്ങിയവമുഖേന ശക്തമായ പ്രവർത്തനമാണ് നടത്തിവരുന്നത്. എക്സൈസ് വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനംമൂലം വകുപ്പിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ അളവിൽ മയക്കുമരുന്ന് 2021-22-ൽ കണ്ടെടുത്തിട്ടുണ്ട്.

2021-22-ൽ എക്സൈസ് വകുപ്പ് 4602 N.D.P.S. (Narcotic Drugs and Psychotropic Substances) കേസ്സുകൾ കണ്ടുപിടിക്കുകയും അതിലൂടെ ഏഴ് കിലോഗ്രാം എം.ഡി.എം.എ., 6110 കിലോഗ്രാം കഞ്ചാവ്, 33.5 കിലോഗ്രാം ഹാഷിഷ് ഓയിൽ, 25 ഗ്രാം ഹെറോയിൻ, 108 ഗ്രാം ബ്രൗൺ ഷുഗർ, 172 ഗ്രാം ചരസ് എന്നിവ കണ്ടെത്തിയിട്ടുമുണ്ട്. എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് യൂണിറ്റുകളായ എക്സൈസ് റേഞ്ച് ഓഫീസ്, സർക്കിൾ ഓഫീസ്, ജില്ലാ തലത്തിലുള്ള എക്സൈസ് എൻഫോഴ്സ്മെന്റ് & ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡും അതിനുപുറമേ എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡും മൂന്ന് മേഖലാ സ്ക്വാഡും ഇത്തരം പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നുണ്ട്. മയക്കുമരുന്നുകടത്ത്, വിപണനം എന്നിവ സംബന്ധിച്ച രഹസ്യവിവരങ്ങൾ ലഭ്യമാക്കുന്നതിനായി സ്റ്റേറ്റ് എക്സൈസ് ഇന്റലിജൻസ് വിഭാഗവും പ്രവർത്തിച്ചുവരുന്നു. എക്സൈസ് ചെക്‌പോസ്റ്റുകളുടെ പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ കൊറിയർ, പാഴ്സൽ സർവ്വീസുകൾവഴി എം.ഡി.എം.എ.പോലുള്ള മയക്കുമരുന്നുകൾ കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇത്തരം സ്ഥാപനങ്ങളുടെ സഹകരണത്തോടെ പരിശോധന ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് നടക്കുന്ന അനധികൃത ലഹരിവസ്തുക്കളുടെ കടത്ത്, വിപണനം, ഉപയോഗം എന്നിവ തടയുന്നതിന് പൊതുജനപങ്കാളിത്തത്തോടെ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ ജനപ്രതിനിധികളുടെ അദ്ധ്യക്ഷതയിൽ വാർഡുതല കമ്മിറ്റി രൂപീകരിച്ച് ഇത്തരം കുറ്റകൃത്യങ്ങൾ താഴെത്തട്ടിൽത്തന്നെ കണ്ടെത്തി ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ലഹരിവസ്തുക്കളുടെ ഉപയോഗവും വ്യാപനവും തടയുന്നതിന് വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ സ്കൂൾ-കോളേജ് തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചും മറ്റ് വകുപ്പുകളുമായി ചേർന്ന് വിപുലമായ ബോധവത്കരണ നടപടികളും സംഘടിപ്പിച്ചുവരുന്നുണ്ട്. ലഹരിക്ക് അടിമപ്പെട്ടവർക്ക് ആവശ്യമായ കൗൺസിലിംഗും ചികിത്സയും നടത്തുന്നതിനായി 14 ജില്ലകളിലും വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇത്തരത്തിൽ ഗൗരവപൂർവ്വമായാണ് ഗവൺമെന്റ് ഈ പ്രശ്നം കൈകാര്യം ചെയ്തിട്ടുള്ളത്. ജനകീയ ബോധവൽക്കരണത്തിലൂടെ മാത്രമേ നമുക്ക് ഈ വിപത്തിനെ ശരിയായ രീതിയിൽ പ്രതിരോധിക്കാൻ സാധിക്കുകയുള്ളൂവെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി അവസാനം പറഞ്ഞ കാര്യത്തിനോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. ഇക്കാര്യത്തിലൊരു ബോധവൽക്കരണം അത്യാവശ്യമാണ്. നിലവിലുള്ള സംവിധാനം ഉപയോഗപ്പെടുത്തണം. മയക്കുമരുന്നുകൾ തിരിച്ചറിയുന്നതിനുള്ള ഡിറ്റക്ടിംഗ് കിറ്റുകൾ പോലീസ് സ്റ്റേഷനുകളിലും എക്സൈസ് റേഞ്ച് ഓഫീസുകളിലും ഇപ്പോഴില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് വളരെപ്പെട്ടെന്ന് സ്ഥാപിക്കേണ്ടതാണ്. മയക്കുമരുന്ന് കേസ്സുകളുടെ ഉറവിടം കണ്ടെത്തുന്നതിന് ഗ്രാസ്സ്റൂട്ട് ലെവലിൽ അന്വേഷണം നടക്കാത്തതുകൊണ്ട് മാഫിയകളുടെ കണ്ണിമുറിക്കുന്നതിന് സാധിക്കുന്നില്ല. ഇക്കാര്യത്തിലും സർക്കാർ ശ്രദ്ധിക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യങ്ങളെല്ലാം ഗൗരവപൂർവ്വംതന്നെയാണ് ഗവൺമെന്റ് കാണുന്നത്. മയക്കുമരുന്നിന്റെ ഉറവിടം കണ്ടെത്തുന്നതിനുള്ള പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. കുറ്റവാളികളെ അറസ്റ്റ് ചെയ്യാൻ സാധിക്കുന്നുണ്ട്. കേസ് ഫലപ്രദമായി കൈകാര്യം ചെയ്ത് മുന്നോട്ടുപോകുമെന്നുതന്നെയാണ് സഭയ്ക്ക് ഉറപ്പ് നൽകാനുള്ളത്.

10.26 A.M.}

## IV സബ്മിഷൻ

### (1) വീട്ടും സ്ഥലവും വിട്ടുനൽകിയവർക്ക് പുതിയ നിർമ്മാണത്തിന് അനുമതി നൽകൽ

ഡോ. സുജിത് വിജയൻപിള്ള: സർ, ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് നിരവധി വീടുകളും വാണിജ്യ സ്ഥാപനങ്ങളുമാണ് പൊളിച്ചുമാറ്റപ്പെടുന്നത്. അതിനുപകരം പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി തദ്ദേശഭരണ സ്ഥാപനങ്ങളോട് ചോദിക്കുമ്പോൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ (എൻ.എച്ച്.എ.ഐ.) ആക്സസ് പെർമിറ്റ് വേണമെന്ന ആവശ്യം മുന്നോട്ടുവയ്ക്കുന്നുണ്ട്. എന്നാൽ എൻ.എച്ച്.എ.ഐ-യുടെ ഓഫീസുമായി ബന്ധപ്പെടുമ്പോൾ ഡി.പി.ആർ. ഫൈനലൈസ് ചെയ്തിട്ടില്ലെന്നും അതിനാൽ ആക്സസ് പെർമിറ്റ് നൽകാൻ നിർവ്വാഹമില്ലെന്നുമാണ് അറിയിക്കുന്നത്. ആക്സസ് പെർമിറ്റ് ഫീസായ 2,80,000 രൂപയും സർവ്വീസ് ചാർജ്ജായ 2,20,000 രൂപയും ചേർത്ത് 5,00,000 രൂപ നൽകുകയാണെങ്കിൽ ചില സ്വകാര്യ ഏജൻസികൾ ആക്സസ് പെർമിറ്റ് തരപ്പെടുത്തിക്കൊടുക്കുന്നതായി കണ്ടുവരുന്നുണ്ട്. ഇതിനെക്കുറിച്ച് എൻ.എച്ച്.എ.ഐ-യുമായി തദ്ദേശഭരണ സ്ഥാപനങ്ങൾ ആശയവിനിമയം നടത്തേണ്ടതുണ്ട്. അതോടൊപ്പം

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എൻ.എച്ച്.എ.ഐ. നിഷ്കർഷിച്ചിട്ടുള്ള നിർദ്ദിഷ്ട അളവ് പാലിച്ചുകൊണ്ട് കെട്ടിടം നിർമ്മിക്കുവാനുള്ള അനുമതി ലഭിക്കുവാനുള്ള നിർദ്ദേശവുംകൂടി ഉണ്ടാകണമെന്ന് അപേക്ഷിക്കുകയാണ്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഡോ. സുജിത് വിജയൻപിള്ള ഉന്നയിച്ച വിഷയം ഗൗരവപൂർവ്വം കൈകാര്യം ചെയ്യേണ്ടതാണ്. കെട്ടിടനിർമ്മാണ ചട്ടപ്രകാരം ദേശീയപാതയിൽനിന്നും മൂന്ന് മീറ്റർ അകലത്തിൽ നിർമ്മാണങ്ങൾ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നിർമ്മാണങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ നിബന്ധനകളും പാലിക്കേണ്ടതുണ്ട്. ആയതിനാൽ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള എൻ.എച്ച്.എ.ഐ. നിഷ്കർഷിക്കുന്ന നിബന്ധനകൾ പാലിക്കേണ്ടതായിട്ടുണ്ട്. നിർമ്മാണത്തിലിരിക്കുന്ന ദേശീയപാതാ അതിർത്തിക്കുള്ളിലുള്ള കെട്ടിടനിർമ്മാണത്തിന് ആക്സസ് പെർമിറ്റ് അനുവദിക്കുന്നത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ്. പ്രസ്തുത അനുമതി ലഭ്യമാക്കി ആയത് സമർപ്പിക്കുന്ന മുറയ്ക്കാണ് തദ്ദേശഭരണസ്ഥാപന സെക്രട്ടറിമാർ കെട്ടിടനിർമ്മാണത്തിന് അനുമതി നൽകുന്നത്. നിലവിൽ സ്വകാര്യ കൺസൾട്ടൻസി ഏജൻസികൾ

ആവശ്യക്കാർക്ക് ആക്സസ് പെർമിറ്റ് ലഭ്യമാക്കുന്നതിനായി ഭാരിച്ച തുക കൺസൾട്ടൻസി ഫീസായി ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റോഡ് ഗതാഗതം-ഹൈവേ മന്ത്രാലയം പുറപ്പെടുവിച്ച 26.6.2020-ലെ കത്തുപ്രകാരം ദേശീയപാതയോരത്തുള്ള വസ്തുക്കളിലേയ്ക്ക് പ്രവേശനാനുമതിക്കുള്ള പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മാനദണ്ഡങ്ങളനുസരിച്ചും ദേശീയപാതാ ഭൂമിയും ഗതാഗതവും നിയന്ത്രണ നിയമം 2002 പ്രകാരവും സ്വകാര്യസ്വത്തുക്കൾക്കും മറ്റു സ്ഥാപനങ്ങൾക്കും ദേശീയപാതയിലേയ്ക്കുള്ള പ്രവേശനത്തിന് ബന്ധപ്പെട്ട ഹൈവേ അഡ്മിനിസ്ട്രേഷനിൽനിന്ന് അനുമതി നൽകേണ്ടതിന് മാനദണ്ഡങ്ങൾക്കനുസൃതമായി ആവശ്യമായ ഫീസ് അപേക്ഷകർ അടയ്ക്കേണ്ടതുണ്ട്. കേന്ദ്ര മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് ദേശീയപാതയുടെ ശേഷി വർദ്ധിപ്പിക്കുന്നതിന്, അതായത് നാലോ അതിലധികമോ വരികളുള്ള വീതികൂട്ടൽ നിർദ്ദേശം പരിഗണനയിലുണ്ടെങ്കിലോ നടപ്പിലാക്കുന്ന സാഹചര്യത്തിലോ പാതയുടെ മെച്ചപ്പെടുത്തൽ കണക്കിലെടുത്തോ ആക്സസ് പെർമിറ്റുകൾ അനുവദിക്കുന്നതിൽ ദേശീയപാതാ അതോറിറ്റി നിയന്ത്രണം കൊണ്ടുവന്നിട്ടുണ്ട്. നിലവിൽ എൻ.എച്ച്. 66 തലപ്പാടി (കാസർഗോഡ്) മുതൽ കേരളം-തമിഴ്നാട് അതിർത്തിവരെ ദേശീയപാതയുടെ വീതികൂട്ടലിന്

എൻ.എച്ച്.എ.ഐ-യുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. അതുകൂടി കണക്കിലെടുത്താണ് ആക്സസ് പെർമിറ്റുകൾ അനുവദിക്കുന്നതിനുള്ള നടപടി എൻ.എച്ച്.എ.ഐ. സ്വീകരിക്കുന്നത്. ഇക്കാര്യത്തിൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും എൻ.എച്ച്.എ.ഐ-യുടെ ഇളവുകൾ ലഭിക്കുന്നതിനും സർക്കാർ തലത്തിൽ ഇടപെടൽ നടത്തുന്നതാണ്. സ്വകാര്യ കൺസൾട്ടൻസി ഏജൻസികൾ ആക്സസ് പെർമിറ്റ് ലഭിക്കുന്നതിനായി വൻതുക ഈടാക്കുന്ന പ്രശ്നം ബന്ധപ്പെട്ട കേന്ദ്രമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(2) <u>ആലത്തൂരിലെ ലാൻഡ് ട്രിബ്യൂണൽ ഓഫീസ്</u>

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, ലാൻഡ് ട്രിബ്യൂണൽ ഓഫീസിൽനിന്നും പട്ടയം ലഭിക്കാത്തതാണ് എന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങൾ അനുഭവിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയം. ആലത്തൂർ താലൂക്കിൽ രണ്ട് ലാൻഡ് ട്രിബ്യൂണൽ ഓഫീസുകളാണ് മുമ്പുണ്ടായിരുന്നത്. ഒരു ഘട്ടം കഴിഞ്ഞപ്പോൾ അത് ഒന്നായി മാറി. പിന്നീടത് പാലക്കാട്ടേയ്ക്കും അതിനുശേഷം ഒറ്റപ്പാലം താലൂക്ക് ആസ്ഥാനത്തേയ്ക്കും മാറ്റി. ഇപ്പോൾ കുറച്ചുകാലമായി അത് പട്ടാമ്പിയിലേയ്ക്ക്

മാറ്റപ്പെട്ടിരിക്കുകയാണ്. 70 കിലോമീറ്ററിലധികം ദൂരത്താണ് പട്ടാമ്പി ലാൻഡ് ട്രിബ്യൂണൽ ഓഫീസ് സ്ഥിതി ചെയ്യുന്നത്. ആലത്തൂർ താലൂക്കിൽ ഉൾപ്പെട്ട പാവപ്പെട്ട കൂലിപ്പണിക്കാർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾ എന്നിവരുടെ അപേക്ഷകളാണ് ഇപ്പോൾ കൂടുതലായി പെൻഡിംഗിലുള്ളത്. പട്ടാമ്പി ലാൻഡ് ട്രിബ്യൂണൽ ഓഫീസിൽ തീർപ്പാക്കാനുള്ള 11,279 പട്ടയങ്ങളിൽ 7000 എണ്ണവും ആലത്തൂർ താലൂക്കിലുള്ളതാണ്. അതിൽത്തന്നെ ഏറ്റവും കൂടുതലുള്ളത് ആലത്തൂർ നിയോജകമണ്ഡലം സ്ഥിതി ചെയ്യുന്ന ഏഴ് പഞ്ചായത്തിൽ നിന്നുള്ളതാണ്. ശരാശരി ഒരു ദിവസം 150 മുതൽ 200 വരെ അപേക്ഷകൾ പുതിയതായി വന്നുകൊണ്ടിരിക്കുകയാണ്. ഈ പ്രതിസന്ധിക്ക് പരിഹാരം അടിയന്തരമായി കണ്ടെത്തേണ്ടതാണ്. ആലത്തൂർ ആസ്ഥാനമായി ലാൻഡ് ട്രിബ്യൂണൽ ഓഫീസ് അടിയന്തരമായി ആരംഭിക്കാൻ ഇപ്പോൾ സാധിക്കില്ലെങ്കിൽ വളരെപ്പെട്ടെന്നുതന്നെ പാലക്കാട് ട്രിബ്യൂണലുമായി ബന്ധപ്പെടുത്തി ആലത്തൂർ താലൂക്കിലെ വിഷയം കൈകാര്യം ചെയ്യണം. ഒരാഴ്ചയോ രണ്ടാഴ്ചയോ നീണ്ടുനിൽക്കുന്ന അദാലത്ത് സംഘടിപ്പിച്ചുകൊണ്ട് നിശ്ചിതദിവസത്തിനകം ആലത്തൂർ താലൂക്കിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പാക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കണം.

അതല്ലെങ്കിൽ ഓരോ മാസവും നിശ്ചിത ദിവസങ്ങളിൽ അദാലത്ത് സംഘടിപ്പിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ശ്രീ. കെ. ഡി. പ്രസേനൻ സൂചിപ്പിച്ച വിഷയം ഗൗരവത്തോടുകൂടിയാണ് റവന്യൂ വകുപ്പ് എടുത്തിട്ടുള്ളത്. ആലത്തൂർ താലൂക്ക് പരിധിയിലെ താമസക്കാർക്ക് ഒറ്റപ്പാലത്തുള്ള പട്ടാമ്പി ലാൻഡ് ട്രിബ്യൂണൽ ഓഫീസിലേയ്ക്ക് ഹിയറിംഗിന് എത്തിച്ചേരുന്നതിന് ഏറെദൂരം യാത്ര ചെയ്യേണ്ടതായുള്ള വിഷയം ഇതിനോടകംതന്നെ റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒറ്റപ്പാലം-ആലത്തൂർ-മണ്ണാർക്കാട്-പട്ടാമ്പി താലൂക്കുകളിലായി നേരത്തെയുണ്ടായിരുന്ന ഒറ്റപ്പാലം ലാൻഡ് ട്രിബ്യൂണൽ ഓഫീസിൽ പതിനയ്യായിരത്തോളം കേസ്സുകളാണുണ്ടായിരുന്നത്. ഈ കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഒറ്റപ്പാലം ലാൻഡ് ട്രിബ്യൂണലിനെ വിഭജിച്ച് പട്ടാമ്പി-ആലത്തൂർ എന്നീ താലൂക്കുകൾക്കുവേണ്ടി 18.1.2019-ലെ ജി.ഒ. നം.5/2019 ആർ.ഡി. പ്രകാരം ഒരു ലാൻഡ് ട്രിബ്യൂണൽ സ്ഥാപിച്ചത്. ഇപ്പോൾ പട്ടാമ്പി ലാൻഡ് ട്രിബ്യൂണലും ഒറ്റപ്പാലം ലാൻഡ് ട്രിബ്യൂണലും ഒറ്റപ്പാലം മിനി സിവിൽ

സ്റ്റേഷനിലാണ് പ്രവർത്തിക്കുന്നത്. സ്ഥലസൗകര്യത്തിന്റെ പരിമിതിമൂലമാണിത്. പാലക്കാട് ലാൻഡ് ട്രിബ്യൂണലിലെ കേസ്സുകളുടെ എണ്ണം പട്ടാമ്പി ലാൻഡ് ട്രിബ്യൂണലിനെ അപേക്ഷിച്ച് കുറവാണ്. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ പട്ടാമ്പി ലാൻഡ് ട്രിബ്യൂണലിൽ 11,752 കേസ്സുകളും പാലക്കാട് ലാൻഡ് ട്രിബ്യൂണലിൽ 3841 കേസ്സുകളുമാണുള്ളത്. ഈ സാഹചര്യത്തിൽ പട്ടാമ്പി ലാൻഡ് ട്രിബ്യൂണലിന്റെ അധികാരപരിധിയിൽനിന്ന് ആലത്തൂർ താലൂക്കിനെ വേർപെടുത്തി പാലക്കാട് ലാൻഡ് ട്രിബ്യൂണലിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. അതോടൊപ്പം ആലത്തൂരിൽ പുതിയ ലാൻഡ് ട്രിബ്യൂണൽ ഓഫീസ് ആരംഭിക്കുന്ന കാര്യവും സർക്കാർ പരിശോധിച്ചുവരികയാണ്. ലാൻഡ് ട്രിബ്യൂണലുകൾക്ക് യഥാർത്ഥത്തിൽ അധികാരപരിധിക്കകത്ത് ഏതുസ്ഥലത്തുവച്ചും ക്യാമ്പ് സിറ്റിംഗുകൾ നടത്താം. പാലക്കാട്ടേയ്ക്ക് ആലത്തൂർ താലൂക്കിനെ കൂട്ടിചേർക്കുന്നതിനിടയിലുള്ള ഇടവേളയിൽ ആവശ്യമായി വന്നാൽ ആലത്തൂർ കേന്ദ്രമാക്കി ലാൻഡ് ട്രിബ്യൂണലിന്റെ ക്യാമ്പ് സിറ്റിംഗ് നടത്താനുള്ള നിർദ്ദേശവും ആലോചിച്ചുവരികയാണ്. ആലത്തൂർ താലൂക്കിലെ ട്രിബ്യൂണൽ കേസ്സുകൾ തീർപ്പാക്കാൻ സ്പെഷ്യൽ ഡ്രൈവ് നടത്തി കുറെയേറെ പ്രശ്നങ്ങൾ

പരിഹരിക്കാനാവശ്യമായ നിർദ്ദേശം നൽകുമെന്നുകൂടി ബഹുമാനപ്പെട്ട എം.എൽ.എ-യെ അറിയിക്കുകയാണ്.

(3) മിഠായി സാറ്റലൈറ്റ് സെന്ററുകൾ

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നമ്മുടെ നാട്ടിൽ ടൈപ്പ്-1 പ്രമേഹരോഗബാധിതരായ കുട്ടികളുടെ ചികിത്സാർത്ഥം എല്ലാ ജില്ലകളിലും മിഠായി ക്ലിനിക്കുകൾ ആരംഭിക്കുമെന്ന് സർക്കാർ നേരത്തെ പ്രഖ്യാപിച്ചിരുന്നു. Auto immune disorder കാരണം ഇൻസുലിൻ ഉൽപ്പാദിപ്പിക്കുന്ന പാൻക്രിയാസിലെ islets of Langerhans ഭാഗത്തുള്ള ബീറ്റാകോശങ്ങൾ പ്രവർത്തനരഹിതമാകുകയും നശിച്ചുപോകുകയും ചെയ്യുമ്പോഴാണ് ടൈപ്പ്-1 ജുവനൈൽ പ്രമേഹത്തിന് കുട്ടികളിരകളാകുന്നത്. ഇത്തരം കുട്ടികളുടെ ചികിത്സാർത്ഥം സാമൂഹ്യ സുരക്ഷാ മിഷൻ ആരോഗ്യ വകുപ്പുമായി സഹകരിച്ച് ആരംഭിച്ച മിഠായി ക്ലിനിക്കുകൾ നിലവിൽ കേരളത്തിൽ അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിൽ മാത്രമാണുള്ളത്. ടൈപ്പ്-1 ഡയബറ്റീസ് ബാധിച്ച കുട്ടികളുടെ ചികിത്സാർത്ഥം എല്ലാ ജില്ലകളിലും മിഠായി ക്ലിനിക്കുകളുടെ സാറ്റലൈറ്റ് സെന്ററുകൾ ആരംഭിക്കുമെന്ന് 2019-ൽ സർക്കാർ പ്രഖ്യാപിച്ചിരുന്നെങ്കിലും ഈ അഞ്ച് മെഡിക്കൽ കോളേജുകളിൽ മാത്രമാണ് ഇപ്പോഴും ഇതുള്ളത്. കോവിഡ്

സാഹചര്യത്തിൽ ഈ കുട്ടികളെയുംകൊണ്ട് ദീർഘദൂരയാത്ര ചെയ്ത് മിഠായി ക്ലിനിക്കുകളിലെത്തി മരുന്നുവാങ്ങുന്നത് പ്രയാസകരമാണ്. കാസർഗോഡുള്ള രോഗിയായ കുട്ടിയെയുംകൊണ്ട് കിലോമീറ്ററുകൾ യാത്രചെയ്ത് കോഴിക്കോട് എത്തിയാണ് മരുന്നുവാങ്ങേണ്ടത്. ഷുഗർ ലെവലിൽ എപ്പോൾ വേണമെങ്കിലും ഏറ്റക്കുറച്ചിലുകൾ സംഭവിക്കുന്ന കുട്ടികളാണിവർ. ചികിത്സതേടി കിലോമീറ്ററുകൾ സഞ്ചരിച്ചുപോകുമ്പോൾ കൃത്യസമയത്ത് ഇൻസുലിൻ എടുക്കുന്നതിനോ ഭക്ഷണം കഴിക്കുന്നതിനോ സാധിക്കാറില്ല. ഇത് കുട്ടികൾക്ക് പലപ്പോഴും ആരോഗ്യപരമായ ബുദ്ധിമുട്ടുകളുണ്ടാക്കുന്നുണ്ട്. ഇത്തരത്തിലുള്ള കുട്ടികൾക്ക് രോഗപ്രതിരോധശേഷി കുറവായതിനാൽ കോവിഡ് സാഹചര്യത്തിൽ ഇവരെ പുറത്തുകൊണ്ടുപോകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അതിനാൽ ഏറ്റവുമധികം കരുതലും പരിചരണവും അർഹിക്കുന്ന ഈ കുട്ടികൾക്കുവേണ്ടി എല്ലാ ജില്ലാശുപത്രികളിലും സാധിക്കുമെങ്കിൽ താലൂക്കാശുപത്രികളിലും മിഠായി ക്ലിനിക്കുകളുടെ സാറ്റലൈറ്റ് സെന്ററുകൾ ആരംഭിക്കുന്നതിന് തയ്യാറാകണം. സർക്കാർ നേരത്തെ പ്രഖ്യാപിച്ച പദ്ധതിയാണിത്. എത്രയുംപെട്ടെന്ന് അത് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു):

സർ, സാമൂഹ്യനീതി വകുപ്പ് കേരള സാമൂഹ്യ സുരക്ഷാമിഷൻ വഴി ടൈപ്പ്-1 പ്രമേഹം ബാധിച്ച കുട്ടികൾക്കും കൗമാരപ്രായക്കാർക്കും പരിചരണം നൽകുന്നതിനാരംഭിച്ച സമഗ്ര സാമൂഹ്യാധിഷ്ഠിത പദ്ധതിയാണ് മിഠായി പദ്ധതി. ടൈപ്പ്-1 പ്രമേഹരോഗം ബാധിച്ചവർക്ക് ഇൻസുലിൻ പെൻ, കണ്ടിന്യൂസ് ഗ്ലൂക്കോസ് മോണിറ്റർ, ഇൻസുലിൻ പമ്പ് തുടങ്ങിയവ ഉപയോഗിച്ചുള്ള ആധുനിക ചികിത്സയും ഭക്ഷണകാര്യോപദേശങ്ങളും മറ്റ് പരിരക്ഷകളും നൽകുന്ന പദ്ധതിയാണിത്. കുട്ടികൾക്ക് കൗൺസിലിംഗും മാതാപിതാക്കൾക്ക് പരിശീലനവും മറ്റ് സാമൂഹ്യസുരക്ഷാ സംവിധാനങ്ങളുമുൾപ്പടെ 6 ഘട്ടങ്ങൾ ഉൾപ്പെട്ട ഒരു ബൃഹദ് പദ്ധതികൂടിയാണിത്. ഇതുവഴി ടൈപ്പ്-1 പ്രമേഹം ബാധിച്ച 18 വയസ്സുവരെയുള്ള കുട്ടികൾക്ക് സേവനം നൽകുന്നുണ്ട്. പ്രത്യേക സോഫ്റ്റ്‌വെയർ വഴിയാണ് പദ്ധതിയുടെ രജിസ്ട്രേഷനും തുടർനടപടികളും സ്വീകരിച്ചുവരുന്നത്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് 2021-22 സാമ്പത്തികവർഷം സംസ്ഥാന സർക്കാർ 3.8 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുവരെ 1085 കുട്ടികൾക്ക് മിഠായി പദ്ധതി കൈത്താങ്ങായിട്ടുണ്ട്. ഈ പദ്ധതിയിൽ കുട്ടികൾക്ക് നൽകുന്നത് വേദനയില്ലാത്തതും സുഗമമായി ഉപയോഗിക്കാൻ കഴിയുന്നതുമായ ആധുനിക

പെൻ ഇൻസുലിനാണ്. നിലവിൽ പദ്ധതിയുടെ സേവനം ലഭ്യമായിട്ടുള്ളത് തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ അഞ്ച് മെഡിക്കൽ കോളേജുകളിലാണ്. ഈ അഞ്ച് കേന്ദ്രങ്ങൾക്കുപുറമെ 9 കേന്ദ്രങ്ങളിൽക്കൂടി മിഠായി സാറ്റലൈറ്റ് സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഗവൺമെന്റ് മെഡിക്കൽകോളേജ്-എറണാകുളം, ഗവൺമെന്റ് മെഡിക്കൽ കോളേജ്-കണ്ണൂർ, വിക്ടോറിയ ആശുപത്രി-കൊല്ലം, ജില്ലാ ആശുപത്രി-കോഴഞ്ചേരി (പത്തനംതിട്ട), താലൂക്ക് ആശുപത്രി- അടിമാലി (ഇടുക്കി), വിമൻ ആൻഡ് ചിൽഡ്രൻസ് ആശുപത്രി പാലക്കാട്, ജില്ലാ ആശുപത്രി പെരിന്തൽമണ്ണ (മലപ്പുറം), ജനറൽ ആശുപത്രി-കൽപ്പറ്റ (വയനാട്), ജില്ലാ ആശുപത്രി-കാഞ്ഞങ്ങാട് (കാസർഗോഡ്) എന്നീ ആശുപത്രികളെയാണ് ഇതിലേയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. കോവിഡ് രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ടൈപ്പ്-1 പ്രമേഹബാധിതരായ കുട്ടികളുടെ ആരോഗ്യം, രക്ഷിതാക്കളുടെ ക്ലിനിക് സന്ദർശനത്തിലുള്ള ബുദ്ധിമുട്ടുകൾ എന്നിവ പരിഗണിച്ച് ആവശ്യമായ മരുന്നും ചികിത്സാ ഉപകരണങ്ങളും അവരുടെ വീടുകളിൽ എത്തിച്ചുകൊടുക്കുന്ന വാതിൽപ്പടി സേവനം ലഭ്യമാക്കിയിരുന്നു. കോവിഡ് കാലഘട്ടത്തിൽ മേൽസൂചിപ്പിച്ച ആശുപത്രികളിൽ ഭൂരിഭാഗവും

താൽക്കാലികമായി കോവിഡ് ചികിത്സാ കേന്ദ്രങ്ങളാക്കി മാറ്റിയിരുന്നു. പ്രസ്തുതകാരണത്താലാണ് മിഠായി സാറ്റലൈറ്റ് സെന്ററുകൾ ഇതുവരെ അവിടെ ആരംഭിക്കാൻ സാധിക്കാതിരുന്നത്. ക്ലിനിക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കാവശ്യമായ തുക സാറ്റലൈറ്റ് സെന്റർ ആശുപത്രി സൂപ്രണ്ടിന്റെ അക്കൗണ്ടിലേയ്ക്ക് അഡ്വാൻസായി നൽകിക്കഴിഞ്ഞിട്ടുണ്ട്. മിഠായി സാറ്റലൈറ്റ് സെന്റർ പീഡിയാട്രീഷ്യൻസിന് മിഠായി പദ്ധതിയെക്കുറിച്ചുള്ള ട്രെയിനിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. സാറ്റലൈറ്റ് സെന്ററുകൾ ആരംഭിക്കുന്നതിനാവശ്യമായ ഫാർമസി റെഫ്രിജറേറ്റർ ടെണ്ടർ മുഖേന വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സാറ്റലൈറ്റ് സെന്ററുകളിലാവശ്യമായ മരുന്നും മറ്റ് ചികിത്സാ ഉപകരണങ്ങളും കെ.എം.എസ്.സി.എൽ. (കേരള മെഡിക്കൽ സർവീസ്സസ് കോർപറേഷൻ ലിമിറ്റഡ്) മുഖേന വാങ്ങുന്നതിന് പർച്ചേസ് ഓർഡറും നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് കോവിഡ്-19 രോഗവ്യാപനം കുറഞ്ഞ സാഹചര്യത്തിൽ 2022 ഏപ്രിൽ രണ്ടാം വാരത്തോടുകൂടി മിഠായി സാറ്റലൈറ്റ് സെന്ററുകളുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതോടെ കേരളത്തിലെ എല്ലാ ജില്ലകളിലും മിഠായി ക്ലിനിക്കുകളുടെ സേവനം ലഭ്യമാക്കാനാകും.

## (4) ആലപ്പുഴയിലെ കുടിവെള്ളക്ഷാമം

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ആലപ്പുഴ ജില്ലയിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമമാണ്. മന്ത്രിതലത്തിലും നിയോജകമണ്ഡലാടിസ്ഥാനത്തിലും ഞാൻതന്നെ പങ്കെടുത്ത് നാലുതവണ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം ചേർന്നിരുന്നു. പടിഞ്ഞാറ് കടലിനും കിഴക്ക് കായലിനുമിടയിൽ സ്ഥിതിചെയ്യുന്ന ഒരു പ്രദേശമാണെങ്കിലും പലയിടത്തും കുടിവെള്ളം ലഭിക്കാത്ത ദുരവസ്ഥയാണ്. വെള്ളം കിട്ടാതെ ജനങ്ങൾ പ്രയാസപ്പെടുകയാണ്. മാത്രമല്ല ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട് നൂറുകണക്കിന് വീടുകളിൽ കണക്ഷനുകളെത്തിയിട്ടുണ്ടെങ്കിലും വെള്ളമില്ലാത്ത സ്ഥിതിയാണ്. പക്ഷേ, ബിൽ കൃത്യമായി വരുന്നുണ്ട്. ആലപ്പുഴ നഗരത്തിന്റെ കിഴക്കൻപ്രദേശമായ നെഹ്റു ട്രോഫി വാർഡ് സാധാരണക്കാരായ കർഷകത്തൊഴിലാളികളും പട്ടികജാതി ജനവിഭാഗങ്ങളുമടക്കം ദുർബ്ബല ജനവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശമാണ്. കുടിവെള്ളം ലഭിക്കാത്തതിന്റെ ഫലമായി കായലിലെയും തോട്ടിലെയും മലിനജലം ഉപയോഗിക്കേണ്ട ദുരവസ്ഥയാണ്. അതുപോലെത്തന്നെയാണ് ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക് തുടങ്ങിയ പ്രദേശങ്ങളിൽ ഒരുതുള്ളി ശുദ്ധജലം ലഭിക്കുന്നില്ലെന്നുള്ളതാണ്

ഇന്നത്തെ അവസ്ഥ. അടിയന്തരമായി ഈ വിഷയത്തിന് പരിഹാരമുണ്ടാക്കണം. വേനൽ രൂക്ഷമാകുന്നതിനുമുമ്പ് ഇതാണവസ്ഥയെങ്കിൽ വരുംദിനങ്ങളിൽ എന്തായിരിക്കുമെന്നുള്ള ഉത്കണ്ഠയാണ് ജനങ്ങൾക്കുള്ളത്. പഞ്ചായത്തുകൾ ചില സംവിധാനങ്ങൾ ഏർപ്പെടുത്തി വാഹനങ്ങളിൽ വെള്ളം എത്തിക്കുന്നുണ്ടെങ്കിലും ജനങ്ങളുടെ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് നോക്കുമ്പോൾ ശുദ്ധജലം ലഭിക്കാത്ത പ്രയാസമാണ് അവരനുഭവിക്കുന്നത്. പലരും വാട്ടർ അതോറിറ്റി ആഫീസിനുമുന്നിൽ കുത്തിയിരുന്ന് സമരംചെയ്യുന്ന അവസ്ഥയുണ്ടായിക്കൊണ്ടിരിക്കുകയാണ്. കുടിവെള്ളം ലഭിക്കാത്ത പ്രശ്നം ഗൗരവമായിട്ടെടുത്ത് തീരുമാനങ്ങളെടുക്കാറുണ്ടെങ്കിലും നിർഭാഗ്യവശാൽ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ആലപ്പുഴ വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥർ വേണ്ടത്ര താൽപ്പര്യം കാണിക്കുന്നില്ലെന്ന ആക്ഷേപമാണ് ജനങ്ങൾക്കിടയിലുള്ളത്. അതുകൊണ്ട് ഗുരുതരമായ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ, ജനങ്ങൾക്ക് ശുദ്ധജലമെത്തിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാൻ അടിയന്തരമായി ഇടപെടണമെന്ന് ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ആലപ്പുഴ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം സംബന്ധിച്ച വിഷയമാണ് ശ്രീ. പി. പി. ചിത്തരഞ്ജൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളത്. ഗവൺമെന്റെടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിലുണ്ടായിട്ടുള്ള കാലതാമസം ഉൾപ്പെടെ പരിശോധിക്കുന്നതാണ്. മാത്രമല്ല, ജൽജീവൻ മിഷനിലൂടെ നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ പൂർത്തീകരണ കാലയളവിനുവേണ്ടി ഒന്നുരണ്ട് വർഷംകൂടി കാത്തിരിക്കേണ്ടിവരും. കേരളത്തിൽ പൊതുവെയുണ്ടായിരുന്ന കണക്ഷനെക്കാൾ നാലിരട്ടി രണ്ടുവർഷംകൊണ്ട് നടപ്പിലാക്കുന്നതിനുള്ള പരിശ്രമത്തിൽ പലപ്പോഴും കുടിവെള്ളം ലഭിക്കുന്നതിനുള്ള ഷോർട്ടേജുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിനുള്ള യോഗങ്ങൾ മന്ത്രിതലത്തിലും എം.എൽ.എ. എന്ന നിലയിൽ ബഹുമാനപ്പെട്ട അംഗവും കളക്ടറേറ്റുകളിൽ വിളിച്ചുചേർത്തെങ്കിലും അതൊന്നും പൂർണ്ണമായ അർത്ഥത്തിൽ ഫലപ്രദമാക്കാൻ കഴിഞ്ഞില്ലെന്നുള്ളതാണ് അദ്ദേഹം ഉന്നയിച്ചതിൽനിന്നും മനസ്സിലാക്കാൻ സാധിച്ചത്. ഹ്രസ്വകാലമായി പരിഹരിക്കാൻ കഴിയുന്ന പ്രശ്നങ്ങൾക്ക്

പരിഹാരം കണ്ടെത്താനും എല്ലാവരുടെയും പരിശ്രമത്തോടുകൂടി ഇക്കാര്യം പരിഹരിക്കാനാവശ്യമായ നടപടിയുമായി മുന്നോട്ടുകൊണ്ടുപോകാനുമാണ് ആഗ്രഹിക്കുന്നത്. 16.3.2022-ന് നിയമസഭാ സമ്മേളനത്തിനുശേഷം വൈകിട്ട് 6 മണിക്ക് ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പങ്കെടുത്തുകൊണ്ട് നിയമസഭാ സാമാജികരുമായി ഒരു ആശയസംവാദം ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽവച്ച് ചേരാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ അംഗങ്ങളും അതിൽ പങ്കെടുത്ത് ഈ അവസരം സംശയദൂരീകരണത്തിന് പ്രയോജനപ്പെടുത്തണമെന്ന് സൂചിപ്പിക്കുകയാണ്. ആലപ്പുഴ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിൽ മണ്ണഞ്ചേരി, ആര്യാട്, മാരാരിക്കുളം തെക്ക്, മാരാരിക്കുളം വടക്ക് എന്നിവയിൽ മാരാരിക്കുളം വടക്ക് പഞ്ചായത്തിൽ 2012-ൽ കമ്മീഷൻ ചെയ്ത 107 എം.എൽ.ഡി. (millions of liter per day) ശേഷിയുള്ള ചേർത്തല കുടിവെള്ള പദ്ധതിയിൽനിന്നും പഞ്ചായത്തിനാവശ്യമായ 3 എം.എൽ.ഡി. ശുദ്ധജലം വിതരണം ചെയ്യുന്നു. ആലപ്പുഴ നിയോജകമണ്ഡലത്തിൽ നാളിതുവരെ നൽകിയ ഗാർഹിക കുടിവെള്ള കണക്ഷന്റെ വിശദാംശങ്ങൾ ലഭ്യമാണ്. മണ്ണഞ്ചേരി, ആര്യാട്, മാരാരിക്കുളം പഞ്ചായത്തുകളിൽ കുഴൽക്കിണർ സ്കീം, ആലപ്പുഴ കുടിവെള്ള

പദ്ധതി എന്നിവയിൽനിന്നും ജലവിതരണം നടത്തുന്നുണ്ട്. ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ ശേഷി 62 എം.എൽ.ഡി.യാണെങ്കിലും തകഴി, കേളമംഗലം ഭാഗത്ത് നിരന്തരം 1000mm എച്ച്.ഡി.പി.ഇ. (High-density polyethylene) പൈപ്പുപൊട്ടുന്നതിനാൽ 20 എം.എൽ.ഡി. മാത്രമാണ് നിലവിൽ ഉല്പാദിപ്പിക്കുന്നത്. തകഴി, കേളമംഗലം ഭാഗത്ത് നിരന്തരമുള്ള പൈപ്പുപൊട്ടലിന് ശാശ്വതപരിഹാരം കാണുന്നതിന് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽനിന്ന് 1000mm എച്ച്.ഡി.പി.ഇ. പൈപ്പ് മാറ്റി 900mm എം.എസ്. പൈപ്പ് സ്ഥാപിക്കുന്ന ജോലികൾ 2022 ഫെബ്രുവരി 10 മുതൽ ആരംഭിച്ച് പുരോഗമിച്ചുവരുന്നു. ടി പൈപ്പ് മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തി 22 മാർച്ച് 31-ന് പൂർത്തിയാകുന്നതോടെ ആലപ്പുഴ കുടിവെള്ള പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കാൻ സാധിക്കുന്നതാണ്. ഇതോടെ മണ്ണഞ്ചേരി, ആര്യാട്, മാരാരിക്കുളം തെക്ക് പഞ്ചായത്തുകളിൽ നിലവിലുള്ള സംവിധാനത്തിലൂടെ പരമാവധി കുടിവെള്ളം നൽകാൻ സാധിക്കുന്നതാണ്. തകഴി-കേളമംഗലം റോഡിൽ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്ന കാലയളവിൽ പമ്പിംഗ് തടസ്സപ്പെടുന്നത് പരിഹരിക്കുന്നതിന് പദ്ധതിപ്രദേശത്ത് പുതിയ 12 കുഴൽക്കിണറുകൾ സ്ഥാപിക്കുന്നതിന് 1,64,00,000 രൂപ ഭൂജല വകുപ്പിൽ കേരള വാട്ടർ

അതോറിറ്റി അടച്ചിട്ടുണ്ട്. കുഴൽക്കിണർ നിർമ്മാണത്തിന് ഭൂജല വകുപ്പ് ടെണ്ടർ ക്ഷണിച്ചെങ്കിലും സാങ്കേതികകാരണങ്ങളാൽ എഗ്രിമെന്റ് വച്ച് പണികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. അത് എത്രയുംപെട്ടെന്ന് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കാനാവശ്യമായ നിർദ്ദേശം നൽകുന്നതാണ്. ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക് പഞ്ചായത്തുകളിൽ ശുദ്ധജല വിതരണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി കിഫ്ബി പദ്ധതിയിൽ 212 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2017-ൽ കമ്മീഷൻ ചെയ്ത 62 ദശലക്ഷം ലിറ്റർ ശേഷിയുള്ള ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ ഭാഗമാണിത്. ഇതിന്റെ ഭാഗമായി മാരാരിക്കുളം പഞ്ചായത്തിലെ ഉന്നതതല സംഭരണിയുടെ പണി പുരോഗമിച്ചുവരുന്നു. മണ്ണഞ്ചേരി, ആര്യാട് പഞ്ചായത്തുകളിൽ ഉന്നതതല സംഭരണിക്കായി കണ്ടെത്തിയ സ്ഥലം ഏറ്റെടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ 29.11.2021-ലെ യോഗത്തിൽ നിർദ്ദേശിച്ചപ്രകാരം മണ്ണഞ്ചേരി, ആര്യാട് എന്നീ പഞ്ചായത്തുകളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി പഞ്ചായത്തുമുഖേന ഏറ്റെടുക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ഉന്നതതല ജലസംഭരണിക്ക് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ദർഘാസ് ക്ഷണിച്ച് പ്രവൃത്തി ക്രമീകരിക്കുന്നതിനുള്ള നടപടി

സ്വീകരിക്കുന്നതാണ്. കാലവിളംബംകൂടാതെ പഞ്ചായത്തുമുഖേന സ്ഥലം ലഭ്യമായാൽ 2023-ഓടുകൂടി ഈ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി 2024-ഓടെ എല്ലാ ഭവനങ്ങളിലും ശുദ്ധജലമെത്തിക്കുന്നതിനായി ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക്, മാരാരിക്കുളം വടക്ക് എന്നീ പഞ്ചായത്തുകൾക്കായി 18,311 ഫംഗ്ഷണൽ ഹൗസ്ഹോൾഡ് ടാപ്പ് കണക്ഷനുവേണ്ടി 2419.33 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും ഇതിൽ 14,804 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുള്ളതുമാണ്. കൂടാതെ 10,676 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനാവശ്യമായ അംഗീകാരം നൽകിയിട്ടുണ്ട്. അതുകൊണ്ട് ഈ വിഷയം എല്ലാ നിയോജകമണ്ഡലങ്ങളെയും ബാധിക്കുന്ന പൊതുപ്രശ്നമായാണ് കാണുന്നത്. സാദ്ധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുന്നതിന് ശ്രമിക്കുന്നുണ്ട്. എം.എൽ.എ-മാരും ഇക്കാര്യത്തിൽ ജാഗ്രത പുലർത്തണം. ഈ കാലയളവിൽ കഴിയുന്നത്ര സാഹചര്യങ്ങളെ പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കാം. ഗവൺമെന്റെടുത്ത തീരുമാനം നടപ്പിലാക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുണ്ടെങ്കിൽ അത് ഗൗരവപൂർവ്വം അന്വേഷിക്കും. ബഹുമാനപ്പെട്ട അംഗം സബ്മിഷനായി ഉന്നയിച്ച വിഷയം

ഗൗരവമായിത്തന്നെ കാണുന്നു. ബില്ലുകൾ നൽകിയതിൽ അപാകതയുണ്ടെങ്കിൽ അവ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(5) കയ്പമംഗലത്തെ കടലാക്രമണം

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കേരളത്തിലെ ഏറ്റവും വലിയ തീരദേശ നിയോജകമണ്ഡലങ്ങളിലൊന്നായ കയ്പമംഗലത്തെ 7 ഗ്രാമപ്രദേശങ്ങളും തീരപ്രദേശത്താണ്. എറിയാട്, എടവിലങ്ങ്, ശ്രീനാരായണപുരം, മതിലകം എന്നീ ഗ്രാമപഞ്ചായത്തുകൾ നിരന്തരമായി രൂക്ഷമായ കടലാക്രമണം നേരിടുന്നവയാണ്. അവിടത്തെ കടൽഭിത്തികൾ തകർന്നുപോയിട്ടുണ്ട്. കടൽഭിത്തിയില്ലാത്ത സ്ഥലങ്ങളിൽ സ്വാഭാവികമായും തിരമാലകളടിച്ച് വീടുകൾ തകർന്നുപോകുകയും കിലോമീറ്ററുകളോളം ദൂരത്തിൽ ഉപ്പും ചെളിയും കലർന്ന വെള്ളം കയറുകയും കൃഷിയും വീട്ടുപകരണങ്ങളും ശുദ്ധജലവും റോഡുകളുമുൾപ്പെടെ നശിച്ചുപോകുന്ന സ്ഥിതി സംജാതമാകുകയുമാണ്. ഒരായുസ്സുകൊണ്ട് സ്വരുക്കൂട്ടിയതെല്ലാം ഒരു നിമിഷംകൊണ്ട് തകർന്നുപോകുന്ന കാഴ്ച അത്യന്തം വേദനാജനകമാണ്. വലിയ പാറകളുടെ ക്ഷാമവും ക്വാറി സംബന്ധിച്ച വിഷയവും നമ്മൾ നേരിടുന്ന പ്രശ്നങ്ങളാണെന്ന തിരിച്ചറിവുണ്ട്. എന്നാൽ തീരദേശജനതയെ

ഇതിൽനിന്നും രക്ഷിക്കേണ്ട കടമ സർക്കാരിനുണ്ട്. ഫിഷറീസ് ഡിപ്പാർട്ടുമെന്റ് നടപ്പാക്കുന്ന 'പുനർഗേഹം പദ്ധതി' വളരെ സഹായകമാണ്. തീരപ്രദേശത്തെ ഈ ഗുരുതരാവസ്ഥ മനസ്സിലാക്കി സംസ്ഥാന സർക്കാർ ഹോട്ട്സ്പോട്ടിൽ കയ്പമംഗലത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹോട്ട്സ്പോട്ടിൽ ഉൾപ്പെടുത്തി ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ, ഈ പ്രവർത്തനത്തിന് വേണ്ടത്ര വേഗത പോരായെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഹൈഡ്രോഗ്രാഫിക് സർവ്വേ ഡാറ്റ ലഭ്യമാകാത്തത് ഇതിന് തടസ്സമായിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. മൺസൂൺകാലത്ത് ശക്തമായ കടലാക്രമണമുണ്ടാകുമ്പോൾ വലിയ രീതിയിലുള്ള പ്രതിഷേധം ഉയർന്നുവരുന്ന തീരപ്രദേശത്തെ രക്ഷിക്കാനാവശ്യമായ നടപടിയെന്ന നിലയിൽ ഹോട്ട്സ്പോട്ട് പ്രദേശത്ത് ടെട്രാപോഡുപയോഗിച്ച് കടൽഭിത്തി നിർമ്മിക്കുന്നതിന് അടിയന്തര നടപടിയുണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ഈ വിഷയം സഭയിൽ നിരന്തരമായി ആവശ്യപ്പെടുന്നതിന്റെ ഗൗരവം എല്ലാ അർത്ഥത്തിലും ഗവൺമെന്റ്

ഉൾക്കൊണ്ടിട്ടുണ്ട്. ഹോട്ട്സ്പോട്ടുകൾ നിശ്ചയിച്ച സമയത്ത് ഈ മേഖല ഹോട്ട്സ്പോട്ടിന്റെ ഭാഗമാക്കിയിരുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ ആവശ്യം പരിഗണിച്ചുകൊണ്ടും പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കിക്കൊണ്ടുമാണ് ഹോട്ട്സ്പോട്ടായി കയ്പമംഗലം മേഖലയെ ഉൾപ്പെടുത്താൻ തീരുമാനിച്ചത്. സമീപകാലത്ത് കടലാക്രമണത്തിന്റെ തോതിൽ വലിയ വർദ്ധനവാണുണ്ടാകുന്നത്. തൃശ്ശൂർ ജില്ലയിലെ തീരപ്രദേശമായ കയ്പമംഗലം മേഖലയിൽ 2018 മുതൽ 2021 വരെ റബിൾമൗണ്ട് വാളിന്റെ പ്രവൃത്തികൾക്കായി 59.10 ലക്ഷം രൂപയും താൽക്കാലിക സംരക്ഷണോപാധിയെന്ന നിലയിൽ ജിയോബാഗ് ഉപയോഗിച്ചുള്ള 18 പ്രവൃത്തികൾക്കായി 248.75 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. കാലാവസ്ഥാവ്യതിയാനത്തെത്തുടർന്ന് തുടർച്ചയായുണ്ടാകുന്ന കടൽക്ഷോഭത്തെയും വേലിയേറ്റത്തെയും പ്രതിരോധിക്കുന്നതിനായി ജിയോബാഗുകൾ ഉപയോഗപ്പെടുത്തി വിവിധയിടങ്ങളിലായി കടൽഭിത്തി നിർമ്മിച്ചുവെങ്കിലും വ്യാപകമായ കടൽക്ഷോഭത്തെ പ്രതിരോധിക്കാൻ ഒരു പരിധിവരെ മാത്രമേ സാധിച്ചിട്ടുള്ളൂ. പ്രസ്തുത പ്രദേശത്ത് മുൻകാലങ്ങളിൽ പഠനം നടത്തിയിട്ടുണ്ടെങ്കിലും കാലാവസ്ഥാവ്യതിയാനവും മറ്റ് പ്രകൃതിപ്രതിഭാസവും കാരണം തീരത്തിന്റെ ഘടനയ്ക്ക് സാരമായ മാറ്റം

സംഭവിച്ചിട്ടുള്ളതായി കണക്കാക്കപ്പെടുന്നു. ആയതുകൂടി പരിഗണിച്ച് അടിക്കടിയുണ്ടാകുന്ന ന്യൂനമർദ്ദവും ചുഴലിക്കാറ്റുംമൂലമുണ്ടാകുന്ന കടലാക്രമണത്തെക്കൂടി ചെറുക്കാൻ കഴിയുന്ന അനുയോജ്യമായ നിർമ്മിതികൾ അവലംബിക്കേണ്ടതുണ്ട്. ഇന്നത്തെ പരിസ്ഥിതിക്ക് അനുയോജ്യമായ കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനുവേണ്ടി കേന്ദ്ര ഭൗമമന്ത്രാലയത്തിന് കീഴിലുള്ള തീരപഠന ഗവേഷണ സ്ഥാപനമായ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച്, ചെന്നൈ എന്ന വിദഗ്ദ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ വിശദപഠനം നടത്താൻ സംസ്ഥാന ജലവിഭവ വകുപ്പും പ്രസ്തുത സ്ഥാപനവും തമ്മിൽ കരാറിലേർപ്പെട്ടിട്ടുണ്ട്. പഠനത്തിനായി തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ രൂക്ഷമായ കടലാക്രമണം നേരിടുന്ന കയ്പമംഗലം നിയോജകമണ്ഡലത്തിലെ കൊടുങ്ങല്ലൂർ പ്രദേശം ഹോട്ട്സ്പോട്ടുകളുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠനം പൂർത്തിയായാൽ മാത്രമേ നിലവിലെ സാഹചര്യത്തിൽ ഓരോ പ്രദേശത്തിനും അനുയോജ്യമായ കടലാക്രമണ പ്രതിരോധപ്രവൃത്തി ഏറ്റെടുക്കാനാവൂ എന്നത് തിരിച്ചറിയേണ്ടതായിട്ടുണ്ട്. അതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. കേരളത്തിന്റെ തീരദേശം ഏകദേശം 566 കിലോമീറ്റർ നീളത്തിൽ വ്യാപിച്ചുകിടക്കുന്നു. 9 തീരങ്ങളിലാണ് ഇതിന്റെ

രൂക്ഷത കാണാൻ കഴിയുന്നത്. ഹോട്ട്സ്പോട്ടുകൾക്കുവേണ്ടിയുള്ള പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ട്. ചെല്ലാനത്ത് 340 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആദ്യഘട്ട പ്രവൃത്തിക്ക് തുടക്കംകുറിക്കുകയും ചെയ്തിട്ടുണ്ട്. ഈ മന്ത്രിസഭയുടെ കാലഘട്ടത്തിൽതന്നെ 5,400 കോടി രൂപ ഈ പ്രവൃത്തിക്ക് വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ 1,500 കോടി രൂപ ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. National Centre for Coastal Research (NCCR) റിപ്പോർട്ട് വരുന്ന മുറയ്ക്ക് കയ്പമംഗലത്ത് കടലാക്രമണം തടയുന്നതിന് സ്ഥിരമായ നടപടി സ്വീകരിക്കാൻ കഴിയും. എങ്കിൽപ്പോലും വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് അടുത്ത കാലവർഷമോ അതിരൂക്ഷമായ കടലാക്രമണമോ ഉണ്ടാകുന്നതിനുമുമ്പ് ആ മേഖലയെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

(6) നെൽകൃഷി നാശത്തിന് നഷ്ടപരിഹാരം

ശ്രീ. മുരളി പെരുനെല്ലി: സർ, നമുക്ക് അന്നംതരുന്ന നെൽ കർഷകർക്ക് ഈ സീസണിലുണ്ടായ ഉൽപ്പാദനത്തിലെ ഭീമമായ നഷ്ടത്തിന് അടിയന്തര ധനസഹായം നൽകണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. തൃശ്ശൂർ ജില്ലയിലെ കോൾനിലങ്ങളിലും കോൾ ഇതരമേഖലകളിലും

മുമ്പൊരുകാലത്തും ഉണ്ടാകാത്തവിധം ഈ വർഷം വൻവിളനഷ്ടമാണ് സംഭവിച്ചിരിക്കുന്നത്. ബാക്ടീരിയൽ ലീഫ് ബ്ലൈറ്റ് രോഗമാണ് ഇതിന് കാരണമെന്നാണ് കൃഷി വകുപ്പ് പറയുന്നത്. ജനപ്രതിനിധികളുടെ ഇടപെടൽമൂലം കാർഷിക സർവ്വകലാശാലയിലെ വിദഗ്ദ്ധർ പാടശേഖരങ്ങൾ സന്ദർശിക്കുകയും പരിഹാരമായി പല നിർദ്ദേശങ്ങളും മുന്നോട്ടുവയ്ക്കുകയും ചെയ്തിട്ടുണ്ട്. അതെല്ലാം വിവിധ പാടശേഖരങ്ങളിൽ നടപ്പാക്കിയെങ്കിലും പരിഹാരമുണ്ടായില്ല എന്നതാണ് വസ്തുത. കഴിഞ്ഞ വർഷം ലഭിച്ച വിളവിന്റെ 50 ശതമാനത്തിലേറെ നഷ്ടം വിവിധ പാടശേഖരങ്ങളിൽ കർഷകർക്ക് സംഭവിച്ചിട്ടുണ്ട്. എന്റെ നിയോജകമണ്ഡലമുൾപ്പെടെ 232 ഏക്കർ വരുന്ന പാടശേഖരങ്ങളിൽ ജില്ലയിൽത്തന്നെ ഏറ്റവും ഉയർന്ന വിളവ് നൽകുന്നതാണ് മധൂക്കര വടക്കേ കോൾ പാടശേഖരം. കഴിഞ്ഞ വർഷം ഈ പാടശേഖരത്തിൽ 645 ടൺ നെല്ല് ലഭിച്ച സ്ഥാനത്ത് ഈ വർഷം ലഭിച്ചത് കേവലം 179 ടൺ മാത്രമാണ്. 75 ശതമാനത്തോളം വരുന്ന വിളനഷ്ടമാണ് കൃഷിക്കാർക്ക് ഈ പാടശേഖരത്തിലുണ്ടായത്. ഇത് പൊതുവായി മിക്ക പാടശേഖരങ്ങളിലും അനുഭവപ്പെടുന്ന വിഷയമാണ്. ഉത്പാദനച്ചെലവുപോലും കൃഷിക്കാർക്ക് ലഭിച്ചില്ല എന്നതാണ് യഥാർത്ഥ വസ്തുത. ശാസ്ത്രീയമായി ഇതിന് കാരണമെന്താണെന്ന് ഇതുവരെ

കൃഷിക്കാർക്ക് ബോദ്ധ്യം വന്നിട്ടില്ല. ഉത്പാദനത്തിൽ മുമ്പെങ്ങുമില്ലാത്തവിധം സംഭവിച്ച കുറവിന് അടിയന്തരമായി നഷ്ടപരിഹാരം നൽകാനാവശ്യമായ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, തൃശ്ശൂരിൽ, പ്രത്യേകിച്ച് മണലൂരിലെ കോൾ മേഖലയിലെ നെൽകൃഷിക്കുണ്ടായ കീടബാധയുടെ കാര്യമാണ് ശ്രീ. മുരളി പെരുനെല്ലി സബ്മിഷനിലൂടെ ഉന്നയിച്ചത്. തൃശ്ശൂർ ജില്ലയിൽ 21,250 ഹെക്ടറിൽ നെൽകൃഷി ചെയ്തുവരുന്നു. ഈ വർഷത്തെ മുണ്ടകൻ സീസണിൽ പാടശേഖരങ്ങളിൽ വ്യാപകമായി ബാക്ടീരിയമൂലമുള്ള ഇലകരിച്ചിൽ (ബാക്ടീരിയൽ ലീഫ് ബ്ലൈറ്റ്), കുമിൾ ബാധമൂലം നെന്മണികളിൽ നിറവ്യത്യാസം, പോളരോഗം, തവിട്ട് പുള്ളിക്കുത്ത് എന്നീ രോഗങ്ങൾ കാണുകയുണ്ടായി. രോഗബാധയുടെ ലക്ഷണങ്ങൾ പാടത്ത് കണ്ടപ്പോൾത്തന്നെ കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരും കൃഷി വകുപ്പിന്റെ ഉദ്യോഗസ്ഥരുമടങ്ങുന്ന മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീം രൂപീകരിക്കുകയും പ്രസ്തുത സംഘം നവംബർ, ഡിസംബർ മാസങ്ങളിൽ രോഗബാധയേറ്റ എല്ലാ പാടശേഖരങ്ങളും സന്ദർശിച്ച് അവലോകനം നടത്തുകയും ചെയ്തു. സ്ഥലപരിശോധനയുടെയും കർഷകരുമായിട്ടുള്ള ആശയവിനിമയത്തിന്റെയും വിളയുടെ

രോഗലക്ഷണങ്ങൾ അവലോകനം ചെയ്തതിന്റെയും അടിസ്ഥാനത്തിൽ ഉയർന്ന അന്തരീക്ഷ ആർദ്രതയും മണ്ണിലെ കൂടിയ അമ്ലത്വവും പൊട്ടാഷ് മൂലകത്തിന്റെ അഭാവവും കുമ്മായപ്രയോഗത്തിന്റെ അപര്യാപ്തതയുമാണ് രോഗങ്ങൾക്ക് കാരണമെന്ന നിഗമനത്തിലെത്തുകയുണ്ടായി. രോഗബാധയുണ്ടായിട്ടുള്ള പാടശേഖരങ്ങളിൽ രോഗതീവ്രതയനുസരിച്ച് 80 മുതൽ 100 ശതമാനംവരെ വിളവിൽ നഷ്ടമുണ്ടാകാമെന്ന് വിദഗ്ധരുടെ സംഘം വിലയിരുത്തുകയുണ്ടായി. തൃശ്ശൂർ ജില്ലയിലെ മണലൂർ നിയോജകമണ്ഡലത്തിൽ മുല്ലശ്ശേരി, വെങ്കിടങ്ങ്, കണ്ടാണശ്ശേരി, ചൂണ്ടൽ, അരിമ്പൂർ എന്നീ പഞ്ചായത്തുകളിലെ 17 പാടശേഖരങ്ങളിൽ 863.068 ഹെക്ടർ പ്രദേശത്ത് 1165 നെൽകർഷകർക്കാണ് രോഗബാധമൂലം വിളനാശം സംഭവിച്ചത്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് താഴെച്ചേർക്കുന്നു.

| ക്രമ നം. | ബ്ലോക്ക് | പഞ്ചായത്ത് | പാടശേഖരം | BLB ബാധിച്ച പ്രദേശം | വിളനഷ്ടമുണ്ടായ കർഷകരുടെ എണ്ണം |
|---|---|---|---|---|---|
| 1. | അന്തിക്കാട് | അരിമ്പൂർ (കോൾ) | മനക്കൊടി, വെളുത്തൂർ ഉൽപ്പാടം | 20 ഹെ. | 63 |
| 2. | ചൊവ്വന്നൂർ | കണ്ടാണശ്ശേരി (നോൺ കോൾ) | മറ്റം, പന്നിശ്ശേരി | 428 ഹെ. | 425 |

| | | | | | |
|---|---|---|---|---|---|
| | | ചൂണ്ടൽ (നോൺ കോൾ) | പാടശേഖര സമിതി, ആളൂർ ചിറക്കാവ് പാടശേഖര സമിതി, ആളൂർ ഗ്രൂപ്പ് ഫാമിംഗ് സൊസൈറ്റി, കണ്ടാണശ്ശേരി പാടശേഖര സമിതി<br><br>എരനല്ലൂർ, കരിമ്പനഞ്ചൽ | 8.068 ഹെ. | 30 |
| 3 | മുല്ലശ്ശേരി | മുല്ലശ്ശേരി (കോൾ)<br><br>വെങ്കിടങ്ങ് (കോൾ) | മാളുക്കര വടക്ക്, മാളുക്കര തെക്ക്, ഇലവത്തൂർ കിഴക്ക്, മണൽപ്പുഴ കണ്ണോത്ത്, പാറപ്പാടം കിഴക്കേത്തല, പാറപ്പാടം കോൾ<br><br>വടക്കേ കൊഞ്ചിറ, തെക്കേ കൊഞ്ചിറ, ഏല മുദ, പൊണ്ണ മുദ | 277 ഹെ.<br><br>130 ഹെ. | 515<br><br>132 |
| | ആകെ | | | 868.068 ഹെ. | 1165 |

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ നെൽകൃഷിക്കുണ്ടാകുന്ന

കീടരോഗബാധ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ അതിലംഗങ്ങളായ കർഷകർക്ക് അർഹമായ നഷ്ടപരിഹാരം അനുവദിച്ചുനൽകുന്നതാണ്. കൂടാതെ ശാസ്ത്രജ്ഞരടങ്ങിയ വിദഗ്ദ്ധസംഘം രോഗബാധയ്ക്കെതിരെയുള്ള നിയന്ത്രണമാർഗ്ഗങ്ങളും മുൻകരുതൽ നടപടികളും ശിപാർശ ചെയ്തിട്ടുണ്ട്. ഈ ശിപാർശയുടെ അടിസ്ഥാനത്തിൽ രോഗബാധ നിയന്ത്രിക്കുന്നതിനായി സ്യൂഡോമോണസ്, കോസൈഡ്, കെ-സൈക്ലിൻ എന്നിവ ചെടികളിൽ തളിക്കുകയും ബ്ലീച്ചിംഗ് പൗഡർ പ്രയോഗം നടത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ ചെയ്യുന്ന ചെലവിനത്തിൽ 8.23575 ലക്ഷം രൂപ തൃശ്ശൂർ ജില്ലയ്ക്ക് കണ്ടിജൻസി പ്രോഗ്രാം ടു മീറ്റ് പെസ്റ്റ് ആൻഡ് ഡിസീസ് എൻഡമിക് 2021-22 എന്ന പദ്ധതിയിൽ നിന്ന് പ്രത്യേകമായി അനുവദിക്കുകയുണ്ടായി. ആയതിൽ നിന്നും 2.769 ലക്ഷം രൂപ മണലൂർ നിയോജകമണ്ഡലത്തിലെ പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ടിയാണ് വിനിയോഗിച്ചിട്ടുള്ളത്. സാധ്യമായ എല്ലാ സഹായങ്ങളും അവിടെ ചെയ്യുന്നതാണ്.

(7) ഭൂമിക്ക് പരിവർത്തനാനുമതി

ശ്രീ. മോൻസ് ജോസഫ്: സർ, വിവിധ സർക്കാർ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് സർക്കാർ സഹായത്തോടെ വിലകൊടുത്തുവാങ്ങിയ ഭൂമി പരിവർത്തനപ്പെടുത്തുന്നതിന്

അനുവാദം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കൃഷി-റവന്യൂ വകുപ്പുതലങ്ങളിൽ പ്രാദേശിക നിരീക്ഷണ സമിതിയുടെ നേതൃത്വത്തിൽ നിവേദനം സമർപ്പിക്കുകയുണ്ടായി. ഇക്കാര്യത്തിൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പാസ്സാക്കിയപ്പോൾ ബില്ലിന്റെ എട്ടാം ഖണ്ഡികയിലെ 10-ാം വകുപ്പിന് നൽകിയ ഭേദഗതി പ്രകാരം മൂന്നാം വകുപ്പിൽ 'പൊതു ആവശ്യത്തിനായി അത്യന്താപേക്ഷിതമെങ്കിൽ പരിവർത്തനം നടത്താം' എന്ന ഇളവ് അനുവദിച്ചിട്ടുള്ളതാണ്. ഈ ഭൂമി വാങ്ങിയതുതന്നെ കടുത്തുരുത്തിയിൽ വിവിധ സ്ഥാപനങ്ങൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടിയാണ്. 20 വർഷം മുമ്പ് വാങ്ങിയ 8 ഏക്കർ സ്ഥലത്ത് പണിത കെട്ടിടത്തിൽ ഇപ്പോൾ പോളിടെക്നിക് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. എട്ടേക്കർ സ്ഥലം കേന്ദ്രീയ വിദ്യാലയത്തിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് തന്നെ ഉത്തരവിറക്കി വിട്ടുകൊടുത്തിട്ടുണ്ട്. വിട്ടുകൊടുത്ത സ്ഥലത്ത് കേന്ദ്രീയ വിദ്യാലയം നിർമ്മിക്കുന്നതിനുവേണ്ടി 30 കോടി രൂപ കേന്ദ്രഗവൺമെന്റ് അനുവദിച്ചിരിക്കുകയാണെങ്കിലും അനുമതി നൽകാൻ സാധിക്കുന്നില്ല. കേന്ദ്രീയ വിദ്യാലയം, ഫയർ സ്റ്റേഷൻ, പൊതുകളിസ്ഥലം, അങ്കണവാടി ഇവയെല്ലാം നിർമ്മിക്കുന്നതിനാണ് കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് മറ്റ്

കാര്യങ്ങൾ മാറ്റിവച്ച് പണം കൊടുത്ത് ഭൂമി വാങ്ങിയിട്ടുള്ളത്. ഈ ഭൂമി രൂപാന്തരപ്പെടുത്തുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് 3 കോടി രൂപ 8 വർഷം മുമ്പ് അനുവദിച്ചതാണ്. ഇത് കൃഷി വകുപ്പിന്റെ സ്റ്റേറ്റ് ലെവൽ സമിതി പരിശോധിക്കുകയുണ്ടായി. 2013-ലെ നിയമമനുസരിച്ച് സോഷ്യൽ ഇംപാക്ട് സ്റ്റഡി നടത്തണമെന്ന് പറഞ്ഞിരുന്നുവെങ്കിലും അതിന്റെ ഒരാവശ്യവുമില്ലായിരുന്നു. ശ്രീ. കെ. പി. മോഹനൻ കൃഷി വകുപ്പുമന്ത്രിയായിരുന്ന സമയത്തും അതിനുശേഷം വിവിധ മന്ത്രിമാരും നിയമത്തിന്റെ പരിധിക്കകത്തുനിന്നുകൊണ്ട് ഇളവനുവദിക്കുന്ന നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. ഈ സ്ഥലത്ത് നെൽകൃഷി ചെയ്യാനോ കൃഷിയിറക്കാനോ സാധിക്കുകയില്ല. ഗവൺമെന്റിന്റെ പൊതുആവശ്യത്തിനുവേണ്ടി വാങ്ങിയ സ്ഥലമാണ്. സർക്കാർ ആവശ്യത്തിനുവേണ്ടി വാങ്ങിയ സ്ഥലമാണെങ്കിലും രൂപാന്തരീകരണത്തിനുള്ള അനുവാദം നിയമത്തിൽത്തന്നെ ഉണ്ടെന്നുള്ളതുകൊണ്ട് ഇളവനുദിച്ച് ഈ പ്രശ്നം പരിഹരിക്കേണ്ടതായിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് അനുവദിച്ച 30 കോടി രൂപ നഷ്ടപ്പെടുമെന്നതാണ് സങ്കടകരമായ കാര്യം. ഒന്നാം ക്ലാസ്സിൽ അഡ്മിഷൻ നടത്താൻപോലും അവർ ഇപ്പോൾ അനുവദിക്കുന്നില്ല. നാം ഈ വിഷയങ്ങളെ നിസ്സാരമായി

കാണുകയാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് 6 വർഷമായി കൃഷി വകുപ്പിന്റെ മുമ്പിൽ അപേക്ഷയുമായി ഞാനും കടുത്തുരുത്തിയിലെ പ്രാദേശിക ജനപ്രതിനിധികളും നിൽക്കുകയാണ്. കേരളമൊട്ടാകെ ഈ പ്രശ്നം നിലനിൽക്കുന്നുണ്ട്. പൊതുആവശ്യത്തിനുള്ള കൃഷിയിടങ്ങളിൽ ഇളവനുവദിച്ചുകൊണ്ട്, തണ്ണീർത്തട സംരക്ഷണ നിയമത്തിൽ പറയുന്നതുപോലെ സർക്കാർ ആവശ്യങ്ങൾക്കുവേണ്ടിയുള്ള ഭൂമിയാണെങ്കിൽ ഇളവനുവദിച്ചുകൊണ്ട് രൂപാന്തരീകരണം നടത്താൻ അനുവാദം നൽകുന്ന കാര്യത്തിൽ തീരുമാനമെടുക്കണം. കേന്ദ്രീയ വിദ്യാലയം നഷ്ടപ്പെടാത്ത വിധത്തിലും കടുത്തുരുത്തിയിലെ വിവിധ സർക്കാർ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കാൻ കഴിയുന്നവിധത്തിലും അനുകൂലമായ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. ഈ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി ബന്ധപ്പെട്ട ഉന്നതോദ്യോഗസ്ഥരുടെ യോഗം ബഹുമാന്യരായ കൃഷി വകുപ്പുമന്ത്രിയുടെയും റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ വിളിച്ചുചേർക്കുന്നതിന് നേതൃത്വം നൽകണമെന്നും ഇതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് തീർപ്പുണ്ടാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, സംസ്ഥാനത്തെ

നെൽവയലുകളെയും തണ്ണീർത്തടങ്ങളെയും അവയുടെ പാരിസ്ഥിതിക പ്രാധാന്യം കണക്കിലെടുത്ത് സംരക്ഷിക്കുന്നതിനും അതോടൊപ്പം ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ടുള്ളതാണ് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം. സംസ്ഥാനത്തെ ഭൂമിശാസ്ത്രപരമായ സവിശേഷതകളും പ്രത്യേകതകളും പരിഗണിച്ചാൽ നെൽവയലുകൾക്കും തണ്ണീർത്തടങ്ങൾക്കും ആവാസവ്യവസ്ഥയിൽ അതീവ പ്രാധാന്യമുള്ളതിനാൽ നിയമത്തിലെ വ്യവസ്ഥകൾ ലക്ഷ്യമിടുംപ്രകാരം ആയത് പൂർണ്ണമായും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. വ്യക്തമായ വ്യവസ്ഥകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി നെൽവയലുകൾ പൊതു ആവശ്യത്തിനും 2008-ൽ ടി നെൽവയലിന്റെ ഉടമസ്ഥാവകാശമുള്ളവർക്ക് വീട് നിർമ്മിക്കുന്നതിന് പരിമിതാർത്ഥത്തിൽ പരിവർത്തനപ്പെടുത്തുന്നതിനും വ്യവസ്ഥകൾ നിലവിലുണ്ട്. കേരളത്തിലെ സവിശേഷമായ ഭൂപ്രകൃതിയിൽ പാടശേഖരങ്ങൾക്ക് സ്വാഭാവിക നീരൊഴുക്ക് നിലനിർത്തുന്നതിനും ഭൂഗർഭ ജലലഭ്യത ഉറപ്പുവരുത്തുന്നതിനും പാരിസ്ഥിതിക സന്തുലിതാവസ്ഥ സംരക്ഷിക്കുന്നതിനും സുപ്രധാനമായ പങ്കാണുള്ളത്. അടിസ്ഥാന സൗകര്യ വികസനത്തിന്റെ പേരിൽ പാടശേഖരങ്ങൾ നികത്തി സ്വാഭാവിക ഭൂപ്രകൃതി നശിപ്പിക്കുന്ന പ്രവൃത്തികളോ നിർമ്മാണപ്രവർത്തനങ്ങളോ ഏറ്റെടുത്ത്

നടപ്പാക്കുന്നത് അഭികാമ്യമല്ല. റവന്യൂ വകുപ്പ് മറ്റ് വകുപ്പുകൾക്കോ സർക്കാർ ഏജൻസികൾക്കോ ഭൂമി കൈമാറുമ്പോൾ ഭൂമിയുടെ തരം 2008-ലെ നിയമത്തിന്റെ പരിധിയിൽവരുന്നതാണെങ്കിൽ നിയമപ്രകാരമുള്ള അനുമതി ലഭ്യമാകുന്നപക്ഷം മാത്രമേ മാറ്റംവരുത്തുന്നതിനോ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനോ നടപടി സ്വീകരിക്കാവൂ. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം പരിവർത്തനപ്പെടുത്തുന്നതിനോ രൂപാന്തരപ്പെടുത്തുന്നതിനോ പ്രാദേശികതല സമിതി ശിപാർശ ചെയ്യുകയും സംസ്ഥാനതല സമിതി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പകരം മറ്റൊരു സ്ഥലം ലഭ്യമല്ലെന്നും അപ്രകാരമുള്ള പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ ചേർന്നുകിടക്കുന്ന നെൽവയലിലെ നെൽകൃഷിയെയോ ആ പ്രദേശത്തെ പാരിസ്ഥിതികാവസ്ഥയേയോ ദോഷകരമായി ബാധിക്കുകയില്ലെന്നും സർക്കാരിന് ബോദ്ധ്യപ്പെടുകയും ചെയ്താലല്ലാതെ നിയമത്തിലെ 10(1)-ാം ഉപവകുപ്പ് പ്രകാരമുള്ള യാതൊരു ഒഴിവാക്കലും സർക്കാർ അനുവദിക്കാർ പാടില്ല എന്നത് നിയമത്തിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. ഈ ആവശ്യത്തിലേയ്ക്ക് പരിവർത്തനപ്പെടുത്തുമ്പോൾ ആ പ്രദേശത്തെ പരിസ്ഥിതിയെ ദോഷകരമായി ബാധിക്കില്ലെന്ന്

ഉറപ്പുള്ളപക്ഷം മാത്രമേ സർക്കാരിന് പരിവർത്തനാനുമതി നൽകാൻ നിയമത്തിൽ വ്യവസ്ഥയുള്ളൂ. കടുത്തുരുത്തി വില്ലേജിൽ ആപ്പാൻചിറ പാടശേഖരത്തിൽ ഉൾപ്പെട്ട ഭൂമിയിൽ കേന്ദ്രീയ വിദ്യാലയം നിർമ്മിക്കുന്നതിന് പാട്ടത്തിന് നൽകിയിട്ടുള്ള 8 ഏക്കർ ഭൂമി, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 2(12) പ്രകാരം 'നെൽവയൽ' എന്ന നിർവ്വചനത്തിൽ ഉൾപ്പെട്ട ഭൂപ്രദേശമാണ്. പ്രസ്തുത പാടത്തിന് നടുവിലായി 1.2 ഏക്കർ സ്ഥലം ചിറയായി കാണപ്പെടുന്നതും റവന്യൂ രേഖകളിൽ സർവ്വേ നമ്പർ 32/3 B-യിൽ ഉൾപ്പെട്ട 0.0243 ഹെക്ടർ ഒഴികെ ബാക്കിയെല്ലാം നിലവുമാണ്. ആയതിനാൽ പ്രസ്തുത സ്ഥലം 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽപ്പെടുന്ന ഭൂമിയാണ്. 'പൊതു ആവശ്യം' എന്ന നിലയിൽ പരിവർത്തനപ്പെടുത്തുന്നതിന് 13.04.2018-ൽ കൂടിയ പ്രാദേശികതല നിരീക്ഷണ സമിതി കൺവീനർ സംസ്ഥാനതല സമിതിക്ക് സമർപ്പിച്ച അപേക്ഷ 2.4.2019-ൽ സർക്കാരിൽ ലഭിക്കുകയും സംസ്ഥാനതല സമിതി വിശദമായി ഇക്കാര്യം പരിശോധിക്കുകയും സമിതിയംഗം നേരിട്ട് സ്ഥലപരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെയും ഫോട്ടോഗ്രാഫിന്റെയും അടിസ്ഥാനത്തിൽ കേന്ദ്രീയ വിദ്യാലയത്തിനായി

നിലം പരിവർത്തനപ്പെടുത്തിയാൽ പാരിസ്ഥിതിക വ്യവസ്ഥയെ ദോഷകരമായി ബാധിക്കുമെന്ന് നിരീക്ഷിക്കുകകയും ആയതിനാൽ അപേക്ഷയിലെ ആവശ്യം പരിഗണിക്കേണ്ടതില്ലായെന്ന് ശിപാർശ ചെയ്യുകയുമുണ്ടായി. സംസ്ഥാനതല സമിതി സമർപ്പിച്ച റിപ്പോർട്ട് 2008-ലെ നിയമത്തിലെ വകുപ്പ് 10 പ്രകാരം പരിശോധിച്ചു. കേന്ദ്രീയ വിദ്യാലയത്തിനായി ഏറ്റെടുത്തിട്ടുള്ള നിലമായ വസ്തുവിൽ ഉൾക്കൊള്ളുന്ന ജലം ഒഴുക്കിക്കളയുന്നതിനായി നിലവിൽ ആപ്പാൻചിറ തോട് മാത്രമാണുള്ളതെന്നും 2018-ലെ പ്രളയത്തിനുശേഷം ലാൻഡ് യൂസ് പാറ്റേണിൽ മാറ്റം വന്നിട്ടുള്ളതായും വെള്ളക്കെട്ടിന്റെ സാദ്ധ്യത നിലനിൽക്കുന്നതിനാൽ പ്രസ്തുത പാടം നികത്തുന്നത് നെൽകൃഷിയേയും പരിസ്ഥിതിയേയും ബാധിക്കുമെന്നും നിലം നികത്തിയാൽ മൂവാറ്റുപുഴയാറിൽനിന്ന് എഴുമാംകായൽ വഴി വേമ്പനാട് കായലിലേയ്ക്കുള്ള നീരൊഴുക്കിന്റെ ഗതി തടസ്സപ്പെടുമെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ആപ്പാൻചിറ പാടശേഖരത്തിന്റെ കിഴക്കെ അതിരായുള്ള ആപ്പാൻചിറ തോടിനോട് ചേർന്നാണ് 148 ഏക്കർ വിസ്തൃതിയുള്ള വെള്ളാശ്ശേരി പാടശേഖരം. കേന്ദ്രീയ വിദ്യാലയത്തിനായുള്ള ഭൂമി പരിവർത്തനപ്പെടുത്തിയാൽ തെക്കുഭാഗത്ത് 203 ഏക്കർ വരുന്ന മാന്നാർ

തെക്കുപുറം പാടശേഖരം, 145 ഏക്കർ വരുന്ന മാന്നാർ മിച്ചഭൂമി പാടശേഖരം, 55 ഏക്കർ വരുന്ന മാന്നാർ പുത്തൻകരി, 55 ഏക്കർ വരുന്ന മാന്നാർ കുറിച്ചിക്കരി എന്നിവിടങ്ങളിലെ നെൽകൃഷിയെ സാരമായി ബാധിക്കും. തോടിന് കിഴക്കുവശത്തായി നിലവിൽ കൃഷിചെയ്യുന്ന 148 ഏക്കർ വിസ്തൃതിയുള്ള വെള്ളാശ്ശേരി പാടശേഖരം നികത്തിയാൽ ആപ്പാൻചിറ തോടുവഴിയുള്ള നീരൊഴുക്ക് തടസ്സപ്പെടുകയും സമീപത്തുള്ള 606 ഏക്കറിലെ നെൽകൃഷിയെയും 400-ഓളം വരുന്ന കർഷകരെയും കർഷകത്തൊഴിലാളികളുടെ ഉപജീവനത്തെയും ബാധിക്കുകയും പ്രസ്തുത പാടശേഖരത്തോടനുബന്ധിച്ച് താമസിക്കുന്ന കുടുംബത്തിന്റെ നിലനിൽപ്പിന് ഭീഷണിയാവുകയും ചെയ്യും. പ്രസ്തുത നിലം വകകൾ അപ്പർ കുട്ടനാട് മേഖലയിൽപ്പെട്ടതും സ്ഥിരമായി നെൽകൃഷിക്ക് അനുയോജ്യമായതും ജൈവവൈവിദ്ധ്യം സംരക്ഷിക്കപ്പെടുന്ന പാരിസ്ഥിതിക ആവാസ വ്യവസ്ഥയുമാണ്. പ്രസ്തുത പാടശേഖരത്തിന്റെ പരിവർത്തനം പാരിസ്ഥിതിക സന്തുലിതാവസ്ഥയെയും ജനജീവിതത്തെയും പ്രതികൂലമായി ബാധിക്കും. പ്രസ്തുത നിയമത്തിലെ സെക്ഷൻ 2(12) പ്രകാരം നിർവ്വചിക്കപ്പെടുന്ന 'നെൽവയൽ' വിഭാഗത്തിൽപ്പെട്ട ഈ ഭൂമി നെൽവയലായിത്തന്നെ നിലനിർത്തണമെന്ന് 27.7.2021-ൽ കൂടിയ പ്രാദേശിക

നിരീക്ഷണസമിതിയുടെ തീരുമാനം പരിഗണിച്ചും കേന്ദ്രീയ വിദ്യാലയത്തിനായി നികത്തപ്പെടേണ്ട 8 ഏക്കർ സ്ഥലം പരിവർത്തനപ്പെടുത്തിയാൽ പാരിസ്ഥിതിക വ്യവസ്ഥയെ ദോഷകരമായി ബാധിക്കുമെന്ന വസ്തുത പൂർണ്ണമായി ഉൾക്കൊണ്ടുമാണ് പ്രസ്തുത ആവശ്യത്തിലേയ്ക്ക് ഈ 8 ഏക്കർ നിലം നികത്തുന്നതിനുള്ള അനുമതി നിരസിച്ചത്. ആയതിനാൽ കേന്ദ്രീയ വിദ്യാലയ നിർമ്മാണത്തിന് മറ്റ് അനുയോജ്യമായ സ്ഥലം പുരയിടമായി ലഭ്യമാണെങ്കിൽ ആയത് നിർമ്മാണപ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചാൽ നിയുക്ത കേന്ദ്രീയ വിദ്യാലയം നഷ്ടമാവുന്ന സാഹചര്യം ഒഴിവാക്കാവുന്നതാണ്.

(8) കരുനാഗപ്പള്ളി ഫ്ലൈ ഓവർ

ശ്രീ. സി. ആർ. മഹേഷ്: സർ, ഏറെക്കാലത്തെ ജനങ്ങളുടെ ആവശ്യവും ആഗ്രഹവുമായിരുന്ന ദേശീയപാതാ വികസനം ത്വരിതഗതിയിൽ പൂർത്തിയാക്കണമെന്നതിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. ദേശീയപാതാ വികസനത്തെ അങ്ങേയറ്റം സ്വാഗതം ചെയ്യുകയാണ്. ദേശീയപാതാ വികസനം പൂർത്തീകരിക്കാതെ ഒരിഞ്ചുപോലും മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമാണ്. എന്റെ നിയോജകമണ്ഡലമായ കരുനാഗപ്പള്ളിയിൽ ദേശീയപാതാ

വികസനത്തിന്റെ ഭാഗമായി കരുനാഗപ്പള്ളിയുടെ ഹൃദയഭാഗമായ കരുനാഗപ്പള്ളി ടൗണിൽ കോട്ടപോലെ വൻമതിൽ പണിത് നഗരത്തെയില്ലാതാക്കുന്ന വാൾ എലിവേറ്റഡ് ഹൈവേ എന്ന പ്രവൃത്തി ഒഴിവാക്കി തൂണുകളിൽ നിൽക്കുന്ന ഓപ്പൺ ഫ്ലൈ ഓവർ നിർമ്മിക്കണമെന്ന് കേന്ദ്രഗതാഗത വകുപ്പിനോട് ശിപാർശ ചെയ്യണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. അടിവശം തുറന്നുകിടക്കുന്ന, സ്വാതന്ത്ര്യത്തോടുകൂടി ജനങ്ങൾക്കും വാഹനങ്ങൾക്കും പോകാൻ സാദ്ധ്യമാകുന്ന തരത്തിലുള്ളതാണ് ഓപ്പൺ ഫ്ലൈ ഓവർ. പതിനെട്ടോളം ചെറുതും വലുതുമായ റോഡുകൾ വന്നുചേരുന്ന ഭാഗമാണ് കരുനാഗപ്പള്ളി ടൗൺ. നൂറുകണക്കിന് വ്യാപാര സ്ഥാപനങ്ങളും നിരവധി സർക്കാർ ഓഫീസുകളും സ്കൂളുകളും സ്ഥിതിചെയ്യുന്ന നഗരഹൃദയത്തെ തകർക്കുന്നതാണ് വാൾ എലിവേറ്റഡ് ഹൈവേ എന്ന് ഓർമ്മിപ്പിക്കുന്നു. ദേശീയപാതാ വികസനത്തിന് തടസ്സമാകാതെയും അധിക സാമ്പത്തിക ബാദ്ധ്യതയില്ലാതെയും കാലതാമസം കൂടാതെയും ഓപ്പൺ ഫ്ലൈ ഓവർ നിർമ്മിക്കാവുന്നതാണ്. സ്ഥലമേറ്റെടുക്കുന്ന കടയുടമകൾക്ക് നഷ്ടപരിഹാരം നൽകുന്ന നടപടിയും വേഗത്തിൽ പൂർത്തീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. മാത്രമല്ല, വാടകക്കാരായ വ്യാപാരികളുടെയും

വ്യാപാരസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെയും പുനരധിവാസ പദ്ധതി വേഗത്തിൽ നടപ്പിലാക്കുകയും ഇവരുടെ ആശങ്കയും വിഷമവും പരിഹരിക്കപ്പെടുകയും ചെയ്യണമെന്നും ആവശ്യപ്പെടുകയാണ്. പൊതുവെ കടംകയറി തകർന്നിരിക്കുന്ന വ്യാപാര മേഖലയിലെ ലക്ഷക്കണക്കിന് വ്യവസായികളും ചെറുകിട കച്ചവടക്കാരും വ്യാപാരസ്ഥാപനങ്ങളിലെ പാവപ്പെട്ട തൊഴിലാളികളും പട്ടിണിയിലും ജീവിതം വഴിമുട്ടിയ അവസ്ഥയിലുമാണ്. ആശങ്കയകറ്റി ഇവരുടെ പുനരധിവാസം പൂർണ്ണമായും സർക്കാർ സമയബന്ധിതമായി ഏറ്റെടുക്കണം. ദേശീയപാതാ വികസനത്തിന്റെ ഭാഗമായി പൊളിച്ചുമാറ്റപ്പെടുന്ന, നിലവിൽ പഠനം നടന്നുകൊണ്ടിരിക്കുന്ന സ്കൂളുകൾക്ക് താല്ക്കാലിക പഠനസൗകര്യം ഉറപ്പുവരുത്തുകയും ഭാവിയിൽ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിച്ചുനൽകാനുമുള്ള ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കണം. പൊളിച്ചുമാറ്റപ്പെടുന്ന മറ്റ് സർക്കാർ ഓഫീസുകളും പുനർനിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടി സർക്കാരിൽനിന്നുണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കൊറ്റൻകുളങ്ങര മുതൽ കൊല്ലം ബൈപ്പാസ് വരെ എൻ.എച്ച്-66-നെ ആറുവരിപ്പാതയാക്കുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട

വിഷയമാണ് ശ്രീ. സി. ആർ. മഹേഷ് ഉന്നയിച്ചിട്ടുള്ളത്. നേരത്തെതന്നെ അദ്ദേഹം ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ദേശീയപാതാ അതോറിറ്റിയുമായി സംസാരിച്ചിരുന്നു. ദേശീയപാതാ അതോറിറ്റി ട്രാഫിക് സർവ്വേ നടത്തിയതുപ്രകാരം കരുനാഗപ്പള്ളി ജംഗ്ഷനിൽ 30 മീറ്റർ വീതം നീളമുള്ള രണ്ട് സ്പാനോടുകൂടിയ ഫ്ലൈ ഓവർ നിർമ്മിക്കുന്നുവെന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. ദേശീയപാത-66 വീതികൂട്ടുന്ന പ്രവൃത്തിയിൽ ചേർത്തല മുതൽ തിരുവനന്തപുരം വരെയുള്ള 5 പാക്കേജുകളിൽ ഫ്ലൈ ഓവറിന്റെ അനുബന്ധ റോഡായി ഇതേ മാതൃകയിലുള്ള റീട്ടെയിനിംഗ് വാളാണ് നിർദ്ദേശിക്കപ്പെട്ടത്. അക്കാര്യവും അവർ മറുപടിയിൽ വ്യക്തമാക്കിയിരുന്നു. പ്രവൃത്തി അവാർഡ് ചെയ്തുകഴിഞ്ഞതിനാലും കോൺട്രാക്ടർ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ഒരുക്കങ്ങൾ നടത്തിയതിനാലും ഈ ഘട്ടത്തിൽ ഫ്ലൈ ഓവർ ഡിസൈനിൽ വ്യത്യാസം വരുത്തുന്നത് അഭികാമ്യമല്ലെന്ന അഭിപ്രായമാണ് എൻ.എച്ച്.എ.ഐ. അറിയിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ മറ്റെന്തെങ്കിലും നടപടികൾ സ്വീകരിക്കാനാകുമോയെന്ന കാര്യം പരിശോധിക്കാം. അതോറിറ്റിയുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ഇക്കാര്യങ്ങൾ ചർച്ച ചെയ്യുകയും ചില നീക്കങ്ങൾ ഇതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുമുണ്ട്.

ദേശീയപാത-66 വീതി കൂട്ടുന്നതുമൂലം ഭൂമി നഷ്ടപ്പെടുന്ന വ്യാപാരികൾക്ക് 2013-ലെ RFCTLARR ആക്ട് (The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement) പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. പ്രസ്തുത നിയമത്തിന്റെ സെക്കൻഡ് ഷെഡ്യൂൾ, MoRTH (Ministry of Road Transport and Highways)( ലാൻഡ് അക്വിസിഷൻ മാനുവൽ 2018 എന്നിവ പ്രകാരം Rehabilitation & Resettlement അനുവദിക്കുന്നതാണെന്നും എൻ.എച്ച്.എ.ഐ. അറിയിച്ചിട്ടുണ്ട്. എൻ.എച്ച്.എ.ഐ-യും സംസ്ഥാന സർക്കാരും ഒരുമിച്ചുനിന്ന് പ്രസ്തുത പ്രവൃത്തി വേഗത്തിൽ ചെയ്തുകൊണ്ടിരിക്കുകയാണ്. എല്ലാ ദിവസവും പ്രവൃത്തികൾ വിലയിരുത്തുകയും യഥാസമയം പരിശോധന നടത്തിവരികയും ചെയ്യുന്നുണ്ട്. രണ്ടാഴ്ചയിലൊരിക്കൽ വകുപ്പുമന്ത്രി എന്ന നിലയിൽ ഓരോ സ്ട്രെച്ചിന്റെയും സെപ്പറേറ്റ് യോഗത്തിൽ ഞാനും പങ്കെടുക്കുന്നുണ്ട്; വിഷയങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്. പോസിറ്റീവായ അപ്രോച്ചാണ് എൻ.എച്ച്.എ.ഐ-യുടെ ഭാഗത്തുനിന്നുള്ളത്. ശ്രീ. സി. ആർ. മഹേഷ് ഉന്നയിച്ച വിഷയം ഒന്നുകൂടി പരിശോധിച്ച് മുന്നോട്ടുപോകാവുന്നതാണ്.

(9) <u>ചിറയ്ക്കൽപ്പാറ, ചെറുവള്ളി പാലങ്ങളുടെ നിർമ്മാണം</u>

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, 2021 ഒക്ടോബർ 16-നുണ്ടായ വെള്ളപ്പൊക്കത്തിൽ ചെറുവള്ളി പാലം പൂർണ്ണമായും ഒലിച്ചുപോയി. പുനലൂർ-മൂവാറ്റുപുഴ റോഡും മണിമല-പഴയിടം-എരുമേലി റോഡും തമ്മിൽ ബന്ധിക്കുന്ന ഈ പാലം പൂർണ്ണമായും നഷ്ടപ്പെട്ടു. ഏതാണ്ട് 8 കിലോമീറ്ററോളം ദൂരം ചുറ്റിസഞ്ചരിച്ചാണ് ജനങ്ങളിന്ന് മറുകരയിലെത്തുന്നത്. പ്രസ്തുത പാലം അടിയന്തരമായി പുനർ നിർമ്മിക്കണമെന്ന ആവശ്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. ഇതിനായി ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്. അതുകൂടാതെ അടിയന്തരമായി പ്രത്യേക അനുമതി നൽകി വെള്ളപ്പൊക്കക്കെടുതിയിൽ നഷ്ടപ്പെട്ട ചെറുവള്ളി പാലം പുനർനിർമ്മിക്കാനുള്ള നടപടികൂടി അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നതാണ് ഒന്നാമതായി സൂചിപ്പിക്കാനുള്ളത്. ആദ്യത്തേത് പ്രളയത്തിൽ തകർന്ന പാലത്തിന്റെ കാര്യമാണെങ്കിൽ രണ്ടാമത്തേത് ജനങ്ങളുടെ പരാതിപ്രളയത്തിൽ ഞാൻ ഒഴുകിപ്പോകുന്ന അവസ്ഥ സംബന്ധിച്ചാണ്. 8 വർഷക്കാലമായി ഞാൻ ഈ പാലത്തിനുവേണ്ടിയുള്ള ശ്രമത്തിലാണെങ്കിലും ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല. മണിമലയാറിന് കുറുകെയുള്ള ചിറയ്ക്കൽപ്പാറയിൽ ഒരു പാലം നിർമ്മിച്ചാൽ അത്

കോട്ടാങ്ങലിനെയും വെള്ളാവൂർ പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്നതായിരിക്കും. സ്കൂൾ, ആശുപത്രി എന്നിങ്ങനെ നിരവധി സ്ഥാപനങ്ങളുള്ള പ്രദേശമാണത്. ഡിപ്പാർട്ടുമെന്റിൽനിന്നും ഇൻവെസ്റ്റിഗേഷനുള്ള ശ്രമം തുടങ്ങിയിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഈ പാലം അടിയന്തരമായി നിർമ്മിക്കാനുള്ള അനുമതിയുണ്ടാകണം. കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട രണ്ട് ജനകീയ വിഷയങ്ങളും വികസന പ്രവർത്തനങ്ങളുമാണിത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്ന് അനുകൂലമായ നടപടിയുണ്ടാകണം. എത്രയുംവേഗം ചെറുവള്ളി പാലം പുനർനിർമ്മിക്കാനും മണിമലയാറിന് കുറുകെ ചിറയ്ക്കൽപ്പാറയിൽ പുതിയ പാലം നിർമ്മിക്കാനുമുള്ള അനുമതി നൽകണമെന്നാണ് ആവശ്യപ്പെടാനുള്ളത്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ ചിറയ്ക്കൽപ്പാറ പാലം, ചെറുവള്ളി പാലം എന്നിങ്ങനെ രണ്ട് പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ചാണ് ബഹുമാനപ്പെട്ട ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് സബ്മിഷൻ അവതരിപ്പിച്ചിട്ടുള്ളത്. അദ്ദേഹം ജനങ്ങളുടെ പ്രളയത്തിൽ ഒഴുകിപ്പോകാതിരിക്കാൻ, അദ്ദേഹത്തെ ഒരു താങ്ങായി സംരക്ഷിക്കാനുള്ള

പരമാവധി ശ്രമം പി.ഡബ്ല്യൂ.ഡി. നടത്താം. 2022-23-ലെ ബഡ്ജറ്റിൽ ക്രമനമ്പർ 276 പ്രകാരം 13 കോടി രൂപ ചെലവ് പ്രതീക്ഷിക്കുകയും 20% തുകയായ 260 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പക്ഷേ, അതിന് ചില പ്രൊസീഡ്യുവറുകളുണ്ട്. മണ്ണ് പരിശോധനയുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷമാണ് രൂപകൽപ്പന നടത്തുന്നത്. അതുകഴിഞ്ഞാൽ എസ്റ്റിമേറ്റെടുത്ത് ഭരണാനുമതിയിലേയ്ക്ക് പോകേണ്ടതുണ്ട്. ഇതെല്ലാം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള ശ്രമം പരമാവധി വേഗത്തിൽ നടത്താൻ ഡിസൈൻ വിഭാഗത്തിന് പ്രത്യേക നിർദ്ദേശം നൽകുന്നതാണെന്ന് സഭയെ അറിയിക്കുകയാണ്. 2021 ഒക്ടോബർ 16-നുണ്ടായ പ്രളയത്തിൽ ചെറുവള്ളിയിൽ ഇറിഗേഷൻ വകുപ്പ് നിർമ്മിച്ച Submersible bridge-ന്റെ ഡെക്കാണ് പൂർണ്ണമായും ഒഴുകിപ്പോയത്. ഈ സ്ഥലത്തിന്റെ അടിയന്തര പ്രാധാന്യം പരിഗണിച്ച് ടിപ്പിക്കൽ ഡിസൈനിനെ ആധാരമാക്കി 9 കോടി 61 ലക്ഷം രൂപയ്ക്ക് തയ്യാറാക്കിയ ഡി.പി.ആർ. ഭരണാനുമതിക്കായി വകുപ്പിൽ ലഭിച്ചിട്ടുണ്ട്. പ്രളയം ബാധിച്ച പാലങ്ങളുടെ പുനർനിർമ്മാണം നടപ്പിലാക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുമുണ്ട്. ആ

പദ്ധതിയിലുൾപ്പെടുത്തി ചെറുവള്ളിപ്പാലം നിർമ്മാണം സാദ്ധ്യമാകുമോ എന്നുള്ളത് പ്രത്യേകം പരിശോധിക്കാമെന്നുള്ളതും സഭയെ അറിയിക്കുകയാണ്.

## (10) പട്ടാമ്പി റോഡിന്റെ നിർമ്മാണം

ശ്രീ. നജീബ് കാന്തപുരം: സർ, പെരുമ്പിലാവ്-നിലമ്പൂർ സംസ്ഥാന പാതയിലെ പുലാമന്തോൾ മുതൽ മേലാറ്റൂർ വരെയുള്ള റോഡ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് രണ്ടാം തവണയാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട പല കാര്യങ്ങളും അവതരിപ്പിക്കാനുള്ള അവസരമാണ് എനിക്ക് ഇതുവഴി നഷ്ടമാകുന്നതെന്ന ദുഃഖംകൂടി ഞാൻ അറിയിക്കുകയാണ്. 2020 സെപ്റ്റംബർ 11-നാണ് 30 കിലോമീറ്റർ മാത്രം ദൈർഘ്യമുള്ള ഈ റോഡിന്റെ പ്രവൃത്തി ബഹുമാന്യനായ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തത്. കൃത്യമായി പറഞ്ഞാൽ 17 മാസവും 15 ദിവസവും കഴിഞ്ഞിരിക്കുകയാണ്. പക്ഷേ, ഇപ്പോഴും ഈ പ്രവൃത്തിയുടെ 30 ശതമാനംപോലും പൂർത്തിയായിട്ടില്ല എന്നത് സങ്കടകരമാണ്. വകുപ്പുമന്ത്രി വളരെ ഊർജ്ജസ്വലനും കഠിനാദ്ധ്വാനിയുമാണ്. അതിനൊക്കെപ്പുറമെ എന്റെ കോളേജ്മേറ്റുമാണ്. പക്ഷേ, തകരാർ സംഭവിക്കുന്നത് ബഹുമാനപ്പെട്ട

മന്ത്രിക്കല്ല, നമ്മുടെ സിസ്റ്റത്തിനാണ്. കെ.എസ്.ടി.പി. ഇപ്പോൾ പറയുന്നത് കാലതാമസത്തിന് കാരണം കോൺട്രാക്ടറുടെ പ്രശ്നമാണെന്നാണ്. എന്നാൽ കോൺട്രാക്ടർ പറയുന്നത് കെ.എസ്.ടി.പി. ബില്ലുകൾ പാസ്സാക്കിക്കൊടുക്കുന്നില്ല എന്നാണ്. ആരുടെ കുറ്റമാണെന്നത് സംബന്ധിച്ച് ബഹുമാന്യനായ മന്ത്രി അന്വേഷിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് ചുരുങ്ങിയത് 10 യോഗമെങ്കിലും എന്റെ ഓഫീസിൽത്തന്നെ വിളിച്ചുചേർത്തിട്ടുണ്ട്. കെ.എസ്.ടി.പി-യും വാട്ടർ അതോറിറ്റിയും തമ്മിലും കെ.എസ്.ടി.പി-യും കെ.എസ്.ഇ.ബി.എൽ-ഉം തമ്മിലും കെ.എസ്.ടി.പി-യും ബി.എസ്.എൻ.എൽ-ഉം തമ്മിലും കെ.എസ്.ടി.പി-യും വനം വകുപ്പും തമ്മിലും തർക്കം നിലനിൽക്കുകയാണ്. അവസാനം മരം മുറിക്കാൻ എം.എൽ.എ. തന്നെ ഇറങ്ങേണ്ടൊരു സ്ഥിതിയാണ് അവിടെയുണ്ടാകുന്നത്. ഒരു നിയോജകമണ്ഡലത്തിലെ പ്രവൃത്തി ഏകോപിപ്പിക്കുന്നതിനുവേണ്ടി വകുപ്പുമന്ത്രി നല്ലൊരു തീരുമാനമെടുത്തിട്ടുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലയിൽനിന്നും മാറ്റി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ചുമതല നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്. ഏറ്റവും വലിയ പ്രശ്നം ഇപ്പോഴത്തെ ലോകായുക്തയെപ്പോലെയാണ് ഈ തീരുമാനം എന്നുള്ളതാണ്. ഇതിന്

പല്ലും നഖവുമില്ല. കാരണം, ഒരു ഡിപ്പാർട്ടുമെന്റ് മാത്രം വിചാരിച്ചാൽ തീർക്കാൻ കഴിയുന്ന കാര്യമല്ലിത്. ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള ഏകോപനത്തിന് ചുമതലപ്പെടുത്തിയ നോഡൽ ഓഫീസർക്ക് കഴിഞ്ഞില്ലെങ്കിൽ ഇക്കാര്യത്തിലൊന്നും നടക്കില്ല. എന്റെ നാട്ടുകാർ വളരെ പാവങ്ങളാണ്. അവർ നല്ല മനുഷ്യരായതുകൊണ്ടാണ് 17 മാസം കഴിഞ്ഞിട്ടും പൊടിതിന്ന് ക്ഷമയോടെ നിൽക്കുന്നത്. വ്യാപാരികൾ ദിവസേന എന്നെ കാണാൻ വരികയാണ്. എത്രയോ കടകൾ ഇപ്പോഴും പെരിന്തൽമണ്ണയിൽ അടഞ്ഞുകിടക്കുകയാണ്. കടകൾ തുറന്നാൽ മൊത്തം പൊടിയാണ്. അതിലുംഭേദം കടകൾ തുറക്കാതിരിക്കുന്നത് നല്ലതാണെന്നാണ് വ്യാപാരികൾ ഇപ്പോൾ കരുതുന്നത്. നമ്മുടെ നാട്ടിലെ വ്യാപാരികൾക്ക് ആകെ ലഭിക്കുന്നത് ഓണം, വിഷു, പെരുന്നാൾ എന്നിങ്ങനെ ചില ഉത്സവകാലങ്ങളാണ്. ഈ പെരുന്നാളിനെങ്കിലും അവർക്ക് കച്ചവടം ചെയ്യാനുള്ളൊരു അവസരമുണ്ടാകുമെന്നായിരുന്നു പ്രതീക്ഷിച്ചത്. അതും നടക്കാത്ത സ്ഥിതിയാണുള്ളത്. നഗരത്തിലെ റോഡുനിർമ്മാണ പ്രവർത്തനവും ഇപ്പോൾ ഇഴഞ്ഞുനീങ്ങുകയാണ്. സാധാരണയായി വെടിയേറ്റ് മരിച്ചു, വാഹനാപകടത്തിൽ മരിച്ചു എന്നൊക്കെ കേൾക്കാറുണ്ട്. എന്നാൽ പൊടിതിന്നു മരിച്ചു എന്നൊരു വാർത്ത പെരിന്തൽമണ്ണയിൽനിന്നും

വരുന്നതിന് മുമ്പെങ്കിലും ഈ പ്രശ്നം പരിഹരിക്കാനുള്ള ശ്രമമുണ്ടാകണമെന്നാണ് എന്റെ അഭ്യർത്ഥന. പെരിന്തൽമണ്ണയിലെ വളരെ പ്രധാനപ്പെട്ട പ്രശ്നം ഗതാഗതക്കുരുക്കാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റിൽ രൂക്ഷമായ ഗതാഗതക്കുരുക്ക് നേരിടുന്ന നഗരങ്ങളെ മോചിപ്പിക്കാനുള്ള നിർദ്ദേശം മുന്നോട്ടുവച്ചിട്ടുണ്ട്. അതുപോലെ പുതിയ ബൈപ്പാസുകളെക്കുറിച്ചും നിർദ്ദേശിക്കുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തെ മാത്രമല്ല, പാലക്കാട് മുതൽ കോഴിക്കോടുവരെയും തമിഴ്നാടുമായിട്ടൊക്കെ ബന്ധിപ്പിക്കുന്ന നാഷണൽ ഹൈവേ കടന്നുപോകുന്ന ഈ പ്രദേശത്തെ പ്രശ്നം സ്ഥിരമായി തീർക്കുന്നതിന് ഓരോടംപാലം ബൈപ്പാസ് നിർമ്മിക്കേണ്ടതാവശ്യമാണെന്നത് ജനങ്ങളുടെ ചിരകാല അഭിലാഷമാണ്. ഓരോടംപാലം-മാനത്തുമംഗലം ബൈപ്പാസിന് ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ വച്ചിട്ടുണ്ട്. അതുകൂടി ഏറ്റെടുത്ത് ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കാൻ ബഹുമാന്യനായ വകുപ്പുമന്ത്രി ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ശ്രീ. നജീബ് കാന്തപുരം ഉന്നയിച്ച ദീർഘകാലമായിട്ടുള്ള ആവശ്യം നേരിട്ട് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. പെരുമ്പിലാവിൽനിന്ന് നിലമ്പൂർ

എത്തുമ്പോൾ തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ മൂന്ന് ജില്ലകളെ കവർ ചെയ്ത് പോകുന്ന റോഡാണിത്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുനിർമ്മാണം പുരോഗമിക്കുകയാണ്. പുലാമന്തോൾ-മേലാറ്റൂർ റോഡിന്റെ പ്രവൃത്തി വളരെ വേഗത്തിലായിരുന്നു മുന്നോട്ടുപോയിരുന്നത്. ഈ സംവിധാനം കൊണ്ടുതന്നെയാണ് ഗുണമുണ്ടായതെന്ന് അദ്ദേഹം ഇവിടെ പറയണമായിരുന്നുവെങ്കിലും അങ്ങനെ പറഞ്ഞില്ല. റിവ്യൂ യോഗത്തിലും ഇക്കാര്യം പരിശോധിച്ചിരുന്നു. കോൺസ്റ്റിറ്റ്യൂവൻസി മോണിറ്ററിംഗ് ടീം (CMT) പല്ലുംനഖവുമുള്ള സംവിധാനമാണ്. ഒരു കാര്യത്തിൽ തിരുത്തുവേണം, ലോകായുക്തയെപ്പോലെ പല്ലുംനഖവും CMT-ക്കുമുണ്ടെന്ന കാര്യം അദ്ദേഹത്തോട് പറയുകയാണ്. വേഗത്തിൽ പുരോഗമിച്ചിരുന്ന ഈ പ്രവൃത്തി കേരള വാട്ടർ അതോറിറ്റിയുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗിലുണ്ടായ കാലതാമസംകാരണമാണ് മന്ദഗതിയിലായിട്ടുള്ളതെന്നത് വസ്തുതയാണ്. യൂട്ടിലിറ്റി ഷിഫ്റ്റിംഗ് നടന്നുവരികയാണ്. ബഹുമാനപ്പെട്ട എം.എൽ.എ-യുടെ സാന്നിദ്ധ്യത്തിൽ മാർച്ച് 2-ാം തീയതി ചേർന്ന യോഗത്തിൽ ഞാനും പങ്കെടുത്തിരുന്നു. റോഡുനിർമ്മാണ പ്രവൃത്തികൾ ഊർജ്ജിതമാക്കാൻ കരാറുകാരൻ യോഗത്തിൽ ഉറപ്പുനൽകിയിട്ടുണ്ട്. പ്രവൃത്തി

നിശ്ചയിച്ചതുപോലെ നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ കെ.എസ്.ടി.പി. ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ മുന്നോട്ടുപോകുമ്പോൾ ടാറിട്ട റോഡുകൾ ജനങ്ങളുടെ ആവശ്യത്തിനായി, കുടിവെള്ളത്തിനായി കുത്തിപ്പൊളിക്കുന്ന പ്രശ്നങ്ങളുണ്ട്. ഇത് പരിഹരിക്കുന്നതിനായി പൊതുമരാമത്ത്-ജലവിഭവ വകുപ്പുമന്ത്രിമാർ യോഗം ചേർന്ന് ചില തീരുമാനങ്ങൾ കൈക്കൊണ്ട വിവരംകൂടി അറിയിക്കുകയാണ്. ഉദ്യോഗസ്ഥതല സമിതി രൂപീകരിച്ചിട്ടുള്ളതും രണ്ട് വകുപ്പുകളും പാലിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പുതുതായി ടാർ ചെയ്ത് പൂർത്തീകരിച്ച റോഡുകൾ ഒരു വർഷത്തിനുശേഷം മാത്രമേ വെട്ടിപ്പൊളിച്ച് പൈപ്പിടാൻ അനുവദിക്കുകയുള്ളൂവെന്നതാണ് അതിലെ പ്രധാന നിർദ്ദേശം. മുൻഗണനയുള്ള പദ്ധതികൾക്കുമാത്രമാണ് ഇളവ് നൽകുന്നത്. ഏത് വകുപ്പിനും അവർ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തികൾ ഇ-പോർട്ടലിൽ രജിസ്റ്റർ ചെയ്താൽ ക്ലാഷ് ഒഴിവാക്കാൻ കഴിയുന്ന റോ-പോർട്ടൽ സംവിധാനം സജീവമാക്കാനാണ് ലക്ഷ്യമിടുന്നത്. ഇതുപോലുള്ള ഒരുപാട് കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ട് നിശ്ചയിച്ച് തീരുമാനം കൈക്കൊണ്ട് മുന്നോട്ടുപോയിട്ടുണ്ട്. അടിയന്തര ജോലികൾക്കായി അനുമതി നൽകാൻ

റോ-പോർട്ടലിൽ പ്രത്യേക സംവിധാനവും ഒരുക്കാം. കേരളം ദീർഘകാലമായി പറഞ്ഞുകൊണ്ടിരുന്ന ഒരു പ്രശ്നത്തിന് പരിഹാരം കാണാനുള്ള ചുവടുവയ്പ്പ് പൊതുമരാമത്ത്-ജലവിഭവ വകുപ്പുകൾ സംയുക്തമായി എടുത്തിട്ടുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്. തുടർനടപടികൾ പി.ഡബ്ല്യു.ഡി. സെക്രട്ടറി കൺവീനറായുള്ള ഉദ്യോഗസ്ഥതല കമ്മിറ്റിക്ക് വിലയിരുത്തി മുന്നോട്ടുപോകാനാകും. പോസിറ്റീവായിത്തന്നെ ഈ വിഷയങ്ങൾ പരിഹരിച്ച് നമുക്ക് മുന്നോട്ടുപോകാവുന്നതാണ്.

11.24 A.M.}

**V റിപ്പോർട്ട് സമർപ്പണം**

(1) ഹർജികൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഹർജികൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീ. ഒ. ആർ. കേളു: സർ, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

**11.25 A.M.}**

## VI പ്രത്യേക അനുമതി

നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ അനുവാദം

മി. ഡെപ്യൂട്ടി സ്പീക്കർ: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 170 (1) അനുസരിച്ച് നിയമസഭയുടെ യോഗങ്ങളിൽ ഹാജരാകാതിരിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ട് ശ്രീ. യു. എ. ലത്തീഫ് ഒരു അവധി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷ ഇപ്രകാരമാണ്.

'എനിക്ക് ഹൃദയ സംബന്ധമായ ചികിത്സാർത്ഥം 8.2.2021-ൽ എറണാകുളം ആസ്റ്റർമിംസ് ആശുപത്രിയിൽ വച്ച് ഓപ്പൺ ഹാർട്ട് ശസ്ത്രക്രിയ നടത്തുകയും തുടർന്ന് വീട്ടിൽ വിശ്രമത്തിൽ കഴിയുകയും ചെയ്യുന്നതിനാൽ പതിനഞ്ചാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിൽ പങ്കെടുക്കാൻ സാധിക്കാത്തതിനാൽ സഭയിൽ ഹാജരാകാതിരിക്കാൻ അനുമതി നൽകി അവധി അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.'

പതിനഞ്ചാം കേരള നിയമസഭയുടെ നാലാം സമ്മേളന കാലയളവിൽ ശ്രീ. യു. എ. ലത്തീഫിന് സഭയുടെ എല്ലാ യോഗങ്ങളിലും ഹാജരാകാതിരിക്കുന്നതിന് അനുവാദം നൽകുന്നതിന് സഭയ്ക്ക് സമ്മതമാണോ?

(സഭാംഗങ്ങൾ ഒന്നടങ്കം സമ്മതമാണെന്നറിയിച്ചു)

സഭയുടെ അനുമതിയോടെ ഹാജരാകാതിരിക്കാൻ അനുവാദം നൽകിയിരിക്കുന്നു.

**11.26 A.M.}**

## VII ധനകാര്യം

2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതു ചർച്ച (തുടർച്ച)

ശ്രീ. വി. കെ. പ്രശാന്ത്: സർ, 2022-23 സാമ്പത്തിക വർഷത്തേയ്ക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുകയാണ്. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ പ്രതികൂല സാഹചര്യങ്ങൾക്കിടയിലാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. മുൻ വർഷങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപ്പാദനത്തിലും നികുതി വരുമാനത്തിലും വളർച്ച കൈവരിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. വളർച്ചയുടെ പടവുകൾതാണ്ടി എൽ.ഡി.എഫ്. ഗവൺമെന്റ് ഇനിയും മുന്നോട്ടുപോകുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. കോവിഡ് മഹാമാരി സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് നമ്മുടെ സാമ്പത്തികരംഗം ഉണർന്നുവരുന്നൊരു ഘട്ടംകൂടിയാണിത്. കേരളം നേരിട്ട പ്രളയവും ഓഖിയും നിപ്പയും

കോവിഡുമടക്കമുള്ള ദുരന്തഘട്ടങ്ങളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ കരുത്തുറ്റ നേതൃത്വത്തിൻകീഴിലാണ് കേരളം ഈ വളർച്ച കൈവരിച്ചതെന്നത് നമുക്കെല്ലാവർക്കും അഭിമാനിക്കാൻ കഴിയുന്ന കാര്യമാണ്. കേരളത്തിന്റെ മാതൃകാപരമായ പോരാട്ടങ്ങൾ ലോക രാജ്യങ്ങളിലും ഇന്ത്യയിലുമെമ്പാടും ശ്രദ്ധിക്കുന്ന നിലയിലേയ്ക്ക് എത്തിക്കാനും നമുക്ക് സാധിച്ചിട്ടുണ്ട്. ജനങ്ങളെ വിശ്വാസത്തിലെടുത്ത് ക്ഷേമപദ്ധതികളും വികസനപദ്ധതികളും നമ്മുടെ നാട്ടിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ പുതുതലമുറയ്ക്ക് മികച്ച അടിസ്ഥാനസൗകര്യങ്ങൾ ഇന്നേ ഒരുക്കുകയെന്നുള്ള ലക്ഷ്യത്തോടുകൂടിയാണ് എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുന്നത്. ഇരുപത്തിയഞ്ച് വർഷക്കാലം മുന്നിൽകണ്ട് ദീർഘവീക്ഷണത്തോടെയുള്ള വികസനപരിപാടി പ്രഖ്യാപിച്ചുകൊണ്ടാണ് ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നതെന്നത് സ്വാഗതാർഹമാണ്. അടിസ്ഥാന സൗകര്യവികസനത്തിൽ കേരളം ഇതിനു മുൻപില്ലാത്ത വിധത്തിൽ മുന്നോട്ടുപോകുന്ന കാഴ്ചയാണ് കാണുന്നത്. അതിന് സഹായകരമായത് കിഫ്ബിയും കെ-റെയിൽ ഉൾപ്പെടെയുള്ള വികസന പദ്ധതികളാണെന്നുമുള്ള കാര്യം നമുക്കെല്ലാവർക്കും അറിയാം. ഒ.എൻ.വി.യുടെ ഒരു കവിത വായിക്കുകയാണ്,

"റെയിൽപോൽ ദൂരത്തു നേർത്തു കാണും

പാടവരമ്പത്തൂടൊരു വണ്ടി കടന്നുപോയി

പച്ചക്കിളി പട്ടുഉലവലിൽ ഉമയിൽ

തത്തിക്കളിച്ച് തൈതെന്നലിൽ ഞാറുകൾ"

ഒ.എൻ.വി. കണ്ടൊരു സ്വപ്നമാണത്. കെ-റെയിൽ എന്നു കേൾക്കുമ്പോൾ പ്രതിപക്ഷത്തിന് വല്ലാതെ ഹാലിളകുകയാണ്. എന്തിനാണ് ഹാലിളകുന്നത്? പ്രാർത്ഥിക്കാൻ എല്ലാവർക്കും ഓരോരോ കാരണങ്ങളുണ്ട് എന്ന ഒരു പരസ്യവാചകം നമ്മൾ കേട്ടിട്ടുണ്ട്, അതുപോലെയാണ് എതിർക്കാൻവേണ്ടി യു.ഡി.എഫും പ്രതിപക്ഷവും ഓരോരോ കാരണങ്ങൾ കണ്ടെത്തുന്നത്. കെ-റെയിൽ വന്നുകഴിഞ്ഞാൽ കേരളം രണ്ടായി വിഭജിക്കുമെന്നാണ് പറയുന്നത്. നേരത്തെതന്നെ റെയിൽവേ ലൈൻ ഇവിടെയുണ്ടല്ലോ? കേരളം വിഭജിച്ചുവെന്ന് ആരെങ്കിലും പറയുകയുണ്ടായോ? തിരുവനന്തപുരത്തിന്റെ പടിഞ്ഞാറുഭാഗത്ത് കോടിക്കണക്കിന് രൂപ മുതൽമുടക്കിയാണ് ബൈപാസ്സ് നിർമ്മിച്ചിരിക്കുന്നത്. അവിടെയെല്ലാം എംബാങ്ക്മെന്റുകളുമുണ്ട്. ബൈപാസ്സ് നിർമ്മിച്ചതിലൂടെ തിരുവനന്തപുരത്തെ വിഭജിച്ച് അവിടെയൊരു കോട്ട തീർത്തിരിക്കുകയാണെന്ന് ആരെങ്കിലും പറഞ്ഞിട്ടുണ്ടോ? ചില കാരണങ്ങൾ കണ്ടെത്തി പദ്ധതിയെ

ഇല്ലാതാക്കാനുള്ള ശ്രമമാണ് യു.ഡി.എഫ്. നടത്തുന്നതെന്നത് നമ്മൾ കാണണം. ഒരു കാര്യത്തിൽ ഞങ്ങൾക്ക് ചാരിതാർത്ഥ്യമുണ്ട്. സംസ്ഥാനത്തെ പൊതുസമൂഹത്തിന്റെയും പ്രതിപക്ഷത്തിന്റെയുമടക്കം ചർച്ച വികസന കാര്യങ്ങളിലേയ്ക്ക് കൊണ്ടുവരാൻ കഴിഞ്ഞുവെന്നത് എൽ.ഡി.എഫ്-ന്റെ വിജയമാണെന്ന് പ്രഖ്യാപിക്കാൻ ആഗ്രഹിക്കുകയാണ്. ഇതുവരെയില്ലാത്ത വികസനചർച്ചകളിലേയ്ക്ക് കേരളത്തെ എത്തിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചുവെന്നുള്ളത് അങ്ങേയറ്റം അഭിമാനകരമായൊരു കാര്യമായി ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുകയാണ്. എൽ.ഡി.എഫ്-ന്റെ പ്രകടനപ്പത്രികയിലെ ഓരോ വാഗ്ദാനവും നടപ്പിലാക്കുകയെന്നുള്ളതാണ് ഭരണനിർവ്വഹണത്തിന്റെ ഭാഗമായി വിജയിച്ച മുന്നണിയെന്ന നിലയിൽ ഞങ്ങൾ ചെയ്യേണ്ടത്. എൽ.ഡി.എഫ്-ന്റെ പ്രകടനപ്പത്രികയിലെ വാഗ്ദാനങ്ങൾ പൂർണ്ണമായി നടപ്പാക്കിയതുകൊണ്ടാണ് ഈ തെരഞ്ഞെടുപ്പിൽ ജനങ്ങൾ എൽ.ഡി.എഫ്-നെ തെരഞ്ഞെടുത്തതെന്നുള്ള കാര്യം നമുക്കെല്ലാവർക്കുമറിയാം. സംസ്ഥാന ഗവൺമെന്റ് നിരവധി മേഖലകളിൽ ഇന്ത്യയ്ക്കാകെ മാതൃകയാണ്. പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ ഒന്നാം സ്ഥാനത്തെത്തിയ കേരളം നേടിയ സ്കോർ 1.618 ആണ്. ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച സ്കോർ നിലവാരത്തിലാണ് നമ്മൾ

എത്തിനിൽക്കുന്നത്. ഏറ്റവും മികച്ച കോവിഡ് വാക്സിനേഷൻ ഡ്രൈവ് നടത്തിയ സംസ്ഥാനം കേരളമാണ്. കേന്ദ്ര ഗവൺമെന്റ് വാക്സിൻ കുറച്ചുകൂടി നേരത്തെ ലഭ്യമാക്കിയിരുന്നുവെങ്കിൽ ഇതിലുംമികച്ച വേഗത്തിൽ വാക്സിനേഷൻ ഡ്രൈവ് പൂർത്തീകരിക്കാൻ കഴിയുമായിരുന്നു. വിദ്യാഭ്യാസ നിലവാരസൂചികയിൽ കേരളം ഒന്നാംസ്ഥാനത്ത് നിൽക്കുകയാണ്. ഏറ്റവും കൂടുതൽ സൗജന്യചികിത്സ നൽകിയത് കേരളമാണ്. ഇത്തരം നിരവധി സുസ്ഥിരവികസന സൂചികകളിൽ 'നീതി ആയോഗ്'-ന്റെ കണക്കുകളിൽ മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളമെന്നുള്ളത് അഭിമാനകരമാണ്. യു.പി. മുഖ്യമന്ത്രി ശ്രീ. യോഗി ആദിത്യനാഥ് കേരളത്തെ കളിയാക്കി ചില പ്രസ്താവനകൾ നടത്തുകയുണ്ടായി. അതിനെ വിമർശിക്കാൻ പ്രതിപക്ഷം മുന്നോട്ടുവരാത്തത് അങ്ങേയറ്റം കൗതുകകരമായിട്ടാണ് ഞങ്ങൾ കാണുന്നത്. യു.പി.യിൽ നടന്ന ഇലക്ഷന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്? കോൺഗ്രസ്സ് ഭരിച്ചുകൊണ്ടിരുന്ന സംസ്ഥാനങ്ങളെല്ലാം ഇന്ന് ബി.ജെ.പി.യാണ് ഭരിക്കുന്നത്. ബി.ജെ.പി.യെ ജയിപ്പിക്കുന്നവരായി നമ്മുടെ നാട്ടിലെ കോൺഗ്രസ്സ് മാറിപ്പോയെന്നുള്ളത് അങ്ങേയറ്റം ദു:ഖകരമായ കാര്യമാണ്. ഇപ്പോൾ യു.പി-യിൽ ആയിരത്തിൽ താഴെ വോട്ടുകൾക്ക് ബി.ജെ.പി. ജയിച്ച നിയോജകമണ്ഡലങ്ങൾ ഇരുപതോളം

വരും. അൻപതോളം സീറ്റുകളിൽ പതിനായിരത്തിൽ താഴെവോട്ടിനാണ് ബി.ജെ.പി. ജയിച്ചിരിക്കുന്നത്. ഞാനത് സൂചിപ്പിക്കാൻ കാരണം, അവിടെ പ്രതിപക്ഷൈക്യം കൊണ്ടുവരാനും പ്രതിപക്ഷനിരയെ ഒരുമിപ്പിച്ചു നിർത്താനും കോൺഗ്രസ്സിന് കഴിഞ്ഞിരുന്നുവെങ്കിൽ ഇന്ന് യു.പി. ഭരിക്കുന്നത് ബി.ജെ.പി. ആകുമായിരുന്നില്ല. അവിടെയെല്ലാം ബി.ജെ.പി.യെ സഹായിക്കുന്ന നിലപാട് കോൺഗ്രസ്സ് സ്വീകരിക്കുന്നുവെന്നുള്ളത് കാണണം. പരാജയങ്ങളിൽനിന്ന് കോൺഗ്രസ്സ് പാഠം പഠിക്കേണ്ടതല്ലേ? ഓരോ ഇലക്ഷനിൽ തോൽക്കുമ്പോഴും ഞാൻ രാജിവയ്ക്കാൻ പോകുന്നുവെന്ന് ശ്രീ. രാഹുൽ ഗാന്ധിയും ശ്രീമതി സോണിയാ ഗാന്ധിയും പ്രഖ്യാപിക്കും. 'അയ്യോ അച്ഛാ പോകല്ലേ'യെന്ന് പറയുന്നതുപോലെ അയ്യോ രാജിവയ്ക്കല്ലേ മാഡമെന്നു പറഞ്ഞുകൊണ്ട് ബാക്കിയെല്ലാപേരും പിൻതാങ്ങുകയാണ്. അവർ കൂടിയിരുന്ന് ഇവരെത്തന്നെ പരാജയത്തെക്കുറിച്ച് പഠിക്കാൻ ചുമതലപ്പെടുത്തുകയാണ്.

{അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഡി. കെ. മുരളി}

ഉത്തർപ്രദേശ് ഇലക്ഷൻ സമയത്ത് ചില ദിനപ്പത്രങ്ങളിൽ ശ്രീമതി പ്രിയങ്ക ഗാന്ധി ജീപ്പിന്റെ മുകളിൽ കയറിയിരുന്ന് ബി.ജെ.പി-ക്കാർക്ക് കൈകൊട്ടുക്കുന്നത് കണ്ടു. അപ്പോൾ ബി.ജെ.പി-ക്കാർ എല്ലാവരും അവർക്ക്

വോട്ടുചെയ്യും എന്നാണ് നമ്മൾ കരുതിയത്. ചില ദിനപ്പത്രങ്ങളിൽ ഇത് വലിയ വാർത്തയായി വന്നു. അതിലൂടെ തെറ്റിദ്ധാരണ ജനിപ്പിക്കുകയാണ്. അവിടെ ശ്രീമതി പ്രിയങ്ക ഗാന്ധി തരംഗം, ശ്രീ. രാഹുൽ ഗാന്ധി തരംഗം എന്നാണ് ദിനപ്പത്രങ്ങൾ എഴുതിയത്. എന്താണ് സംഭവിക്കുന്നത്? അവിടെ ബി.ജെ.പി-യെ വിജയിപ്പിക്കാനുള്ള കുത്തക ഞങ്ങളാണ് എടുത്തിരിക്കുന്നതെന്ന നിലപാടിലല്ലേ കോൺഗ്രസ് പെരുമാറുന്നത്. പരാജയങ്ങളിൽനിന്ന് പാഠംപഠിക്കാത്ത പാർട്ടിയാണ് കോൺഗ്രസ്. പാഠപുസ്തകം വലിച്ചുകീറിയ പാരമ്പര്യമുള്ള പാർട്ടിയാണ് കോൺഗ്രസ് എന്നുള്ളത് നമുക്കെല്ലാവർക്കുമറിയാം. അവർ ഒരു പാഠവും പഠിക്കാൻ പോകുന്നില്ല എന്നുള്ളതാണ് രാജ്യത്തെ അഞ്ച് സംസ്ഥാനങ്ങളിലും നടന്നിട്ടുള്ള തെരഞ്ഞെടുപ്പുകളിൽനിന്ന് നമുക്ക് കാണാൻ സാധിക്കുന്നത്. കഴിഞ്ഞ ബഡ്ജറ്റിൽ തിരുവനന്തപുരം ജില്ലയ്ക്ക് പദ്ധതികൾ കുറഞ്ഞുപോയി എന്ന വിമർശനം ആദ്യഘട്ടത്തിൽ വന്നിരുന്നു. എന്നാൽ ഈ ബഡ്ജറ്റിൽ തിരുവനന്തപുരത്തിന് ആവശ്യമായ തുക ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വകയിരുത്തിയതിനെ അഭിനന്ദിക്കാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. തിരുവനന്തപുരത്ത് മെഡിക്കൽ ടെക് ഇന്നൊവേഷൻ പാർക്ക് സ്ഥാപിക്കുന്നതിന് 100 കോടി രൂപ

വകയിരുത്തിയിരിക്കുകയാണ്. യൂണിവേഴ്സിറ്റിയുടെ സെനറ്റ് മെമ്പർ എന്ന നിലയിൽ കേരള യൂണിവേഴ്സിറ്റിക്ക് ആഗ്രഹിച്ചതിനെക്കാൾ വലിയ തുകയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അനുവദിച്ചതെന്നത് എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്. ഇന്ത്യയിലെ ആദ്യത്തെ ഐ.ടി. പാർക്കായ ടെക്നോപാർക്ക് സ്ഥാപിച്ചത് കഴക്കൂട്ടത്താണ്. വൻവികസനത്തിന് അടിത്തറ പാകിക്കൊണ്ടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിരിക്കുന്നത്. ടെക്നോപാർക്ക് മുതൽ കൊല്ലം വരെ ഐ.ടി. കോറിഡോർ പ്രഖ്യാപിച്ചിട്ടുണ്ട്. അക്കാര്യത്തിലും അദ്ദേഹത്തെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഗ്ലോബൽ സയൻസ് ഫെസ്റ്റിവൽ നടത്താൻ നാല് കോടി രൂപയാണ് പ്രഖ്യാപിച്ചത്. തിരുവനന്തപുരം പല കാര്യങ്ങളിലും മാതൃകയായി നിൽക്കുന്ന നഗരമാണ്. ഗ്ലോബൽ സയൻസ് ഫെസ്റ്റ് നടത്തുന്നതിനുവേണ്ടി നാല് കോടി രൂപ നീക്കിവച്ചത് തിരുവനന്തപുരത്തിന്റെ മുഖം ലോകരാജ്യങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് സഹായകമാകും. അതിനും പ്രത്യേക നന്ദി രേഖപ്പെടുത്തുകയാണ്. വാമനപുരം നദിശുചീകരണ പദ്ധതി, മലിനജലത്തിൽനിന്ന് ഊർജ്ജം ഉത്പാദിപ്പിക്കുന്ന പദ്ധതി, ടെക്നോ സിറ്റിക്കും വിഴിഞ്ഞം തുറമുഖത്തിനും തുക നീക്കിവച്ചത്, തിരുവനന്തപുരം

ഔട്ടർ റിംഗ് റോഡിന് 1,000 കോടി രൂപ വകയിരുത്തിയത്, ആർ.സി.സി-യെ സംസ്ഥാനാടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിനുള്ള പദ്ധതി എന്നിവയെല്ലാം അഭിനന്ദനീയമാണ്. ഒരു കാര്യംകൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തെക്കുറിച്ചുള്ള ചർച്ചകൾ നടന്നുവരുന്ന ഒരു കാലഘട്ടം കൂടിയാണിത്. ഊളമ്പാറ മാനസികാരോഗ്യ കേന്ദ്രത്തിന് ആവശ്യമായിട്ടുള്ള തുക വകയിരുത്തിയിട്ടില്ലെന്ന പോരായ്മകൂടി ചൂണ്ടിക്കാണിക്കുകയാണ്. അദ്ദേഹം അത് പരിഗണിക്കുമെന്നാണ് ഞാൻ കരുതുന്നത്. എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനമെന്നത് ഫ്ലാഗ്ഷിപ്പ് പ്രോഗ്രാം കൂടിയാണ്. വട്ടിയൂർക്കാവ് പ്രദേശത്തെ ജനങ്ങൾ കഴിഞ്ഞ നാൽപ്പത് വർഷമായി ആഗ്രഹിക്കുന്നതാണ് വട്ടിയൂർക്കാവ് ജംഗ്ഷൻ വികസന പദ്ധതി. അതിനാവശ്യമായ 340 കോടി രൂപ കിഫ്ബിയിൽനിന്ന് നൽകിയിട്ടുണ്ട്. അതിനായി കുടിയൊഴിപ്പിക്കപ്പെടുന്ന ഏകദേശം 550-ഓളം വരുന്ന സ്ഥാപനങ്ങളെ പുന:സ്ഥാപിക്കുന്ന പദ്ധതി നിർവ്വഹിക്കുന്നത് ടിഡിയയാണ്. എന്നാൽ കെട്ടിടം നിർമ്മിക്കാനുള്ള തുക

ടിഡയ്ക്ക് വകയിരുത്തിയിട്ടില്ല. അതിനാവശ്യമായ ഇടപെടൽ നടത്തണമെന്നുകൂടി ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റിൽ യുവജന സംഘങ്ങളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് 25 സംഘങ്ങളാണ് പ്രഖ്യാപിച്ചതെങ്കിലും 33 സംഘങ്ങൾ രൂപീകരിച്ചു. ഇത്തവണത്തെ ബഡ്ജറ്റിൽ അഞ്ച് സംഘങ്ങൾ പുതുതായി രൂപീകരിക്കുമെന്ന പ്രഖ്യാപനത്തെ ഞാൻ അഭിനന്ദിക്കുന്നു. ഇങ്ങനെ രൂപീകരിച്ച യുവജനസംഘങ്ങൾക്ക് വായ്പ നൽകാനോ ചിട്ടി നടത്താനോ മറ്റ് സാമ്പത്തിക പ്രവർത്തനങ്ങൾ നടത്താനോ അനുവാദമില്ല. അവയെ സഹായിക്കാനാവശ്യമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നുകൂടി ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. കേരളത്തിന്റെ കടബാദ്ധ്യതയെ സംബന്ധിച്ച് വലിയ ചർച്ചകൾ ഉയർന്നുവന്ന ഒരു ഘട്ടംകൂടിയാണിത്. നമ്മുടെ ഗ്രോസ് സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്ട് 36.98 ശതമാനമാണ്. രാജ്യത്ത് എല്ലാ സംസ്ഥാനങ്ങൾക്കും കടമുണ്ട്. ബീഹാറിന് - 38.66%, ഹിമാചൽ പ്രദേശിന് - 39.66%, ഝാർഖണ്ഡിന് - 33%, രാജസ്ഥാന് - 39.53%, കർണ്ണാടക, തെലുങ്കാന ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്കും 28 ശതമാനത്തിന് മുകളിലാണ് ഗ്രോസ് സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്ട്. കടമെടുക്കാതെ നമുക്ക് മുന്നോട്ടുപോകാൻ

സാധിക്കുകയില്ല. കടമെടുക്കുന്നത് കൃത്യമായി വിനിയോഗിക്കുകയും അത് ഫലപ്രാപ്തിയിലെത്തിക്കുകയും ചെയ്യുകയെന്നത് പ്രധാനമാണ്. അതിനുള്ള നടപടിയെടുക്കണമെന്നുകൂടി സൂചിപ്പിക്കുകയാണ്. വരുമാനം വർദ്ധിപ്പിക്കാനുള്ള ചില നീക്കങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നടത്തിയിട്ടുണ്ട്. 630 കോടി രൂപയുടെ അധികവിഭവ സമാഹരണമാണ് ലക്ഷ്യംവച്ചിട്ടുള്ളത്. അതോടൊപ്പം പിഴത്തുക ഉയർത്തുന്ന കാര്യം പരിഗണിക്കണമെന്നുകൂടി ഞാൻ സൂചിപ്പിക്കുകയാണ്. കാരണം, ലോകരാജ്യങ്ങളിൽ പിഴത്തുക വളരെ വലുതാണ്. നിയമം അനുസരിക്കാത്തവനാണ് പിഴ അടയ്ക്കേണ്ടത്. ലോട്ടറിയുടെ ഘടന പുതുക്കണമെന്ന നിർദ്ദേശവും ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. നികുതി ചോർച്ച തടയാനാവശ്യമായ നടപടി സ്വീകരിക്കണം. കഴിഞ്ഞ ബഡ്ജറ്റ് ചർച്ചയുടെ ഭാഗമായി ജി.എസ്.ടി. വകുപ്പ് വാളയാറിൽ ആദ്യ കമാൻഡ് സെന്റർ ഉദ്ഘാടനം ചെയ്തുവെന്നത് അങ്ങേയറ്റം അഭിനന്ദനീയമാണ്. അനാവശ്യമായ എസ്റ്റിമേറ്റുകൾക്ക് നിയന്ത്രണം കൊണ്ടുവരുന്ന കാര്യംകൂടി പരിഗണിക്കണം. പല കെട്ടിടങ്ങളിലും ആവശ്യത്തിലധികം കമ്പിയും മറ്റ് നിർമ്മാണ സാമഗ്രികളും ചേർക്കുന്ന രീതി ഡി.പി.ആർ-ൽ കടന്നുവരുന്നുണ്ട്. അത് ഒഴിവാക്കാനാവശ്യമായ ഇടപെടൽ നടത്തണം. അമിതഭാരം

ജനങ്ങളുടെ തലയിൽ കെട്ടിവയ്ക്കാതെ നികുതിഭാരം പരമാവധി കുറച്ചുകൊണ്ടുവരാൻ തയ്യാറായി എന്നുള്ളത് അഭിനന്ദനീയമാണ്. സ്ത്രീ സുരക്ഷയ്ക്കായിട്ടുള്ള പദ്ധതികൾ, നികുതി വകുപ്പുകളുടെ ഏകോപനം എന്നിവ മികച്ച നിലയിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ജി.എസ്.ടി. നികുതി ചോർച്ച തടയാനും നികുതി വെട്ടിപ്പ് തടയാനും പൊതുജന സഹായം തേടാനുമുള്ള പദ്ധതികൂടി ആവിഷ്കരിക്കണം. ഇക്കാര്യത്തിൽ ജനങ്ങൾക്ക് ഒരു സമ്മാനപദ്ധതികൂടി പ്രഖ്യാപിച്ചാൽ നന്നായിരിക്കുമെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ജനങ്ങളെ ബുദ്ധിമുട്ടിക്കാതെ മികച്ചൊരു ബഡ്ജറ്റ് അവതരിപ്പിച്ച ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, സാമ്പത്തികമാന്ദ്യം മറികടക്കുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങളില്ലാത്തതും യാഥാർത്ഥ്യ ബോധമില്ലാത്തതുമായ ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. കഴിഞ്ഞകാലങ്ങളിൽ അവതരിപ്പിച്ചതുപോലെയുള്ള പൊള്ളയായ വാഗ്ദാനങ്ങൾ മാത്രമാണ് ഈ ബഡ്ജറ്റിലുമുള്ളത്. സാമ്പത്തികവർഷം അവസാനിക്കാൻ ഏതാനും ദിവസങ്ങൾ മാത്രം ശേഷിക്കെ മുൻ ബഡ്ജറ്റിൽ

വിവിധ പദ്ധതികൾക്കായി വകയിരുത്തിയതിൽ 13,652.82 കോടി രൂപ അതായത് പദ്ധതിയുടെ 40 ശതമാനവും വിനിയോഗിക്കാതെ ബാക്കി നിൽക്കുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുകയുടെ വിനിയോഗത്തിലും പരിതാപകരമായ അവസ്ഥയാണ്. അനുവദിച്ച തുകയുടെ പകുതിപോലും ചെലവഴിച്ചിട്ടില്ല. ഭൂരഹിത-ഭവനരഹിത കേരളം, എല്ലാവർക്കും തൊഴിൽ ഇതായിരുന്നു 2016-ലെ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രഖ്യാപിത വികസിത വികസന നയം. ഭവനരഹിതർക്കെല്ലാം 2021-ഓടെ ഭവനമെന്ന് 2016-ൽത്തന്നെ പ്രഖ്യാപിക്കുകയും അതിനായി ലൈഫ് മിഷൻ എന്ന ഏജൻസിയെ നിയോഗിക്കുകയും ചെയ്തു. 6 വർഷം പിന്നിട്ടിട്ടും പദ്ധതി യാഥാർത്ഥ്യമായില്ല. 9.25 ലക്ഷം പേർ അപേക്ഷ നൽകി വീടിനായി കാത്തുനിൽക്കുകയാണ്. ഭൂരഹിത-ഭവനരഹിത കേരളം ഒരു സ്വപ്നമായി അവശേഷിക്കുന്നു. ലൈഫ് മിഷൻ ഒരു കമ്മീഷൻ ഏജൻസിയായി മാറുകയാണുണ്ടായത്. 3,37,000 ലക്ഷം കോടി രൂപയാണ് കേരളത്തിന്റെ പൊതുകടം. കണക്കില്ലാത്തവിധം വിദേശ വായ്പയെടുത്ത് പാപ്പരായ നിരവധി രാജ്യങ്ങളുണ്ടെങ്കിലും സംസ്ഥാന സർക്കാർ കടമെടുത്ത് മുടിയുന്നത് കേരളത്തിലായിരിക്കും. ആളോഹരി വരുമാനത്തെക്കാൾ കേരളം ഇനി

മുന്നിട്ടുനിൽക്കുക ആളോഹരി വായ്പാ ബാദ്ധ്യതയിലായിരിക്കും. കഴിഞ്ഞ ആറ് വർഷംകൊണ്ട് കേരളീയന്റെ കടബാദ്ധ്യത ഉയർന്നത് 200 ശതമാനമാണ്. സി.പി.ഐ.(എം.) പാർട്ടി സമ്മേളനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നവകേരള നിർമ്മാണ വികസനനയം അവതരിപ്പിച്ചു. സ്വകാര്യ മേഖലയിലും വിദേശ നിക്ഷേപത്തിനായി കമ്മ്യൂണിസ്റ്റ് ഭരണകൂടം വാതിൽ തുറന്നിട്ടിരിക്കുകയാണ്. കേരളത്തിലെ എൽ.ഡി.എഫ്. 'സർവ്വ രാജ്യ തൊഴിലാളികളെ' എന്ന മുദ്രാവാക്യം പരിഷ്കരിച്ച് 'സർവ്വ രാജ്യ സ്വകാര്യ നിക്ഷേപകരേ' എന്ന് വിളിക്കേണ്ട അവസ്ഥയിലെത്തി നിൽക്കുകയാണ്. സ്വകാര്യമൂലധന നിക്ഷേപത്തേയും വിദേശമൂലധന നിക്ഷേപത്തേയും എതിർത്ത് കേരള വികസനത്തെ പിന്നോട്ടടിച്ച എൽ.ഡി.എഫ്. കേരള സമൂഹത്തോട് പരസ്യമായി മാപ്പുപറയണം. 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ചാലക്കുടി റവന്യൂ ടവർ ഇതുവരെയും യാഥാർത്ഥ്യമായിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമസഭയിൽ എനിക്ക് 26.7.2021-ൽ രേഖാമൂലം നൽകിയ മറുപടിയിൽ ഉചിതമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടെന്നും അത് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമായി അറിയിച്ചിട്ടുള്ളതാണ്. 22.9.2021-ലെ മറുപടിയിൽ പ്രസ്തുത സ്ഥലം ഭവനനിർമ്മാണ ബോർഡിന് റവന്യൂ ടവർ

നിർമ്മാണത്തിനായി കൈമാറിയിട്ടുള്ളതാണെന്നാണ് പറഞ്ഞത്. എന്നാൽ. തുടർനടപടികൾ ഇഴഞ്ഞുനീങ്ങുകയാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ഇടപെടലാണ് ഈ മെല്ലെപ്പോക്കിന് കാരണമെന്നാണ് ഭവനനിർമ്മാണ ബോർഡ് ചീഫ് എഞ്ചിനീയർ അറിയിച്ചത്. ചാലക്കുടി നഗരമദ്ധ്യത്തിലുള്ള ടൗൺ ഹാൾ വാണിജ്യ സമുച്ചയത്തിലെ മൂന്നാം നിലയിൽ പരിമിതമായ സ്ഥലത്ത് അസൗകര്യങ്ങളുടെ നടുവിലാണ് താലൂക്ക് ഓഫീസിന്റെ പ്രവർത്തനം. എന്നിട്ടും പദ്ധതിക്ക് തുരങ്കംവയ്ക്കാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിതന്നെ ശ്രമിക്കുന്നത് ഖേദകരമാണ്. താലൂക്ക് പ്രഖ്യാപനത്തിൽ ഉമ്മൻ ചാണ്ടി സർക്കാർ രാഷ്ട്രീയം നോക്കിയിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി ഓർക്കുന്നത് നന്നായിരിക്കും. തൃശ്ശൂർ ജില്ലയുടെ സ്വപ്നപദ്ധതിയായ പുത്തൂർ സുവോളജിക്കൽ പാർക്ക് നിർമ്മാണം പൂർത്തീകരിക്കാതെ ആർഭാടപൂർവ്വം ഉദ്ഘാടനം നിർവ്വഹിച്ചുവെങ്കിലും മൃഗങ്ങൾ ഇപ്പോഴും തൃശ്ശൂർ മൃഗശാലയിൽ കടുത്ത യാതനയിലാണ്. ഇക്കാര്യത്തിലെങ്കിലും രാഷ്ട്രീയംനോക്കാതെ അടിയന്തര നടപടി സ്വീകരിക്കണം. എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന പ്രഖ്യാപനം രോമാഞ്ചമുണ്ടാക്കുന്നതാണ്. ചാലക്കുടി താലൂക്കിൽ മാത്രം വനഭൂമി പട്ടയമടക്കം

ആയിരക്കണക്കിനാളുകളാണ് ഇതിനായി കാത്തിരിക്കുന്നത്. പ്രഖ്യാപനത്തിലുള്ള ആത്മാർത്ഥത പ്രവൃത്തിയിലില്ല എന്നതാണ് അനുഭവം. ഇതിനുമാറ്റം വരണം.

ശ്രീ. ജി. എസ്. ജയലാൽ: സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട മന്ത്രിയുടെ പേരിൽ ആരോപണം ഉന്നയിക്കുമ്പോൾ അത് എഴുതിക്കൊടുത്ത് ഉന്നയിക്കണമെന്നാണ് ചട്ടം. എന്നാൽ ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത് അത്തരത്തിലാണോ? 'പദ്ധതി തടസ്സപ്പെടുത്തി' എന്നാണ് ആരോപണം. അത് രേഖയിലുണ്ടാകാൻ പാടില്ല.

മി. ചെയർമാൻ: പരിശോധിച്ച് തീരുമാനമെടുക്കാം+. പരിശോധിച്ച് വ്യക്തമായ ആരോപണമുണ്ടെങ്കിൽ ഒഴിവാക്കുന്നതാണ്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, മലയാളത്തിന്റെ പ്രിയപ്പെട്ട നടൻ കലാഭവൻ മണി ചാലക്കുടിക്കാരൻ മാത്രമല്ല, കേരളത്തിന്റെ സ്വകാര്യ അഹങ്കാരംകൂടിയാണ്. നാടൻപാട്ടിന്റെ യശസ്സ് വാനോളമുയർത്തിയ തെന്നിന്ത്യയുടെ പ്രിയപ്പെട്ട കലാകാരനായ കലാഭവൻ മണിയുടെ സ്മരണയ്ക്കായുള്ള മുനിസിപ്പൽ പാർക്കിന്റെ ഉദ്ഘാടനം കഴിഞ്ഞുവെങ്കിലും ചുറ്റുമതിൽ ഒഴികെയുള്ള നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം. 4720/ഇ.ബി./2022/നി.സെ. തീയതി 15-03-2022) സഭാരേഖകളിൽ നിലനിർത്തി.

നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള തുക അനുവദിക്കണമെന്ന് ഓരോ ചാലക്കുടിക്കാരനുംവേണ്ടി ഞാൻ അപേക്ഷിക്കുകയാണ്. 2019-ൽ കോവിഡ് പ്രതിസന്ധിയെത്തുടർന്ന് സ്കൂളുകൾ അടച്ചപ്പോൾ സർക്കാർ നടത്തിയ ഏറ്റവും വലിയ പ്രഖ്യാപനമായിരുന്നു വിദ്യാർത്ഥികൾക്ക് സൗജന്യമായും കുറഞ്ഞ ചെലവിലും ലാപ്ടോപ്പ് നൽകുമെന്നത്. രണ്ടുവർഷത്തിനുശേഷം കുട്ടികൾ വീണ്ടും സ്കൂളുകളിൽ പോയിത്തുടങ്ങിയിട്ടും പദ്ധതി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ബഡ്ജറ്റ് പ്രഖ്യാപനങ്ങളുടെ അവസ്ഥ ഇങ്ങനെയാണ്. മഹാപ്രളയത്തിനുശേഷം പുനരധിവാസത്തിന് പിന്തുണതേടി ഷാർജയിലെത്തിയ മുഖ്യമന്ത്രി പ്രവാസികളോട് പറഞ്ഞത് കഴിയുന്നവരെല്ലാം നമ്മുടെ നാട്ടിൽത്തന്നെ നിക്ഷേപം നടത്തണമെന്നും അതിനുള്ള എല്ലാ സൗകര്യവും നാട്ടിൽ ഒരുക്കുന്നുണ്ടെന്നും പരമാവധി നിക്ഷേപങ്ങൾ വന്ന് തൊഴിലവസരങ്ങൾ കൂടിയാൽ മാത്രമേ നമ്മുടെ നാടിന് വികസനമുണ്ടാകൂ എന്നുമാണ്. ഈ വാക്കുകൾ കേട്ട് ഇവിടെ നിക്ഷേപം നടത്തിയവരുടെ അവസ്ഥയ്ക്ക് ഇന്നും വലിയ മാറ്റമൊന്നുമില്ല. പ്രവാസികളെ നിക്ഷേപത്തിന് ക്ഷണിക്കുന്നു, നിക്ഷേപകരെ പാർട്ടിക്കാർ പീഡിപ്പിച്ച് സ്ഥാപനം പൂട്ടിക്കുന്നു! കോവിഡ് പ്രതിസന്ധിമൂലം 14 ലക്ഷം പ്രവാസികളാണ് കേരളത്തിലേയ്ക്ക് മടങ്ങിവന്നത്. ഇതിൽ നല്ലൊരു

ശതമാനവും മടങ്ങിപ്പോകാൻ കഴിയാതെ നാട്ടിൽത്തുടരുകയാണ്. ഇവരെ സഹായിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. ആസ്തി വികസന ഫണ്ടിൽനിന്നും 4 കോടി രൂപ വീതം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുമെന്ന കഴിഞ്ഞ സാമ്പത്തിക വർഷത്തെ സുപ്രധാന പ്രഖ്യാപനംപോലും നടപ്പിലായില്ല. 560 കോടി രൂപയാണ് ഇത്തരത്തിൽ സമാഹരിച്ചത്. ഇതിൽ 36.2 കോടി രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. കോവിഡിന്റെ പേരിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിലെയും കാരുണ്യ ഫാർമസി പർച്ചേസ് വിഭാഗത്തിലെയും ഉദ്യോഗസ്ഥർ കീശവീർപ്പിച്ച കഥകളാണ് ഇപ്പോൾ പുറത്തുവരുന്നത്. കോവിഡിനെപ്പോലും അഴിമതിക്കുള്ള അവസരമാക്കി മാറ്റി. 1,600 കോടിയോളം രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയതിൽ വൻ ക്രമക്കേടാണ് നടന്നിട്ടുള്ളത്. 12.15 കോടി രൂപയുടെ ഗ്ലൗസ് വാങ്ങിയതിലടക്കം അഴിമതിയുടെ കഥകൾ ഓരോന്നായി പുറത്തുവരികയാണ്. പി.പി.ഇ. കിറ്റ്, ബ്ലീച്ചിംഗ് പൗഡർ, മാസ്ക്, സിറിഞ്ച്, റെഫ്രിജറേറ്റർ, ഓക്സിജൻ പ്ലാന്റുകൾ, എ.സി. വെന്റിലേറ്റർ, കിടക്കകൾ തുടങ്ങി സർവ്വത്ര അഴിമതിയായിരുന്നു. 2016-നുശേഷം ഈ സ്ഥാപനത്തിൽ ഒരു ഓഡിറ്റും നടന്നിട്ടില്ല. "ഉറങ്ങിയിട്ടില്ല, ഉറങ്ങിയിട്ടില്ല,

ഉറങ്ങിയിട്ടില്ല-" എങ്ങനെ ഉറങ്ങാൻ കഴിയും? ഉറക്കമൊഴിഞ്ഞിരുന്ന് കക്കുകയായിരുന്നു. 'സർക്കാർ ഉദ്യോഗസ്ഥരിൽ വൈറ്റ് കോളർ ബെഗ്ഗേഴ്സുണ്ടെന്ന് മന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ' - അത് വാസ്തവമാണ്, മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായിരിക്കേ കോഴയായി ഐ ഫോൺ സ്വീകരിച്ച അശ്വത്ഥാമാവും ജയിച്ച വിവരം മറച്ചുവച്ച് 1.25 ലക്ഷം രൂപ വിദ്യാർത്ഥികളിൽനിന്നും കോഴ വാങ്ങിയ മഹാത്മാഗാന്ധി സർവ്വകലാശാലയിലെ അസിസ്റ്റന്റായ സി. ജെ. എൽസിയും പ്രോവിഡന്റ് ഫണ്ടിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ സമീപിച്ച അദ്ധ്യാപികയോട് ലോഡ്ജ് മുറിയിലേയ്ക്ക് 44 ഇഞ്ച് അളവിലുള്ള ഷർട്ടുമായി വരണമെന്ന് ആവശ്യപ്പെട്ട കാസർഗോഡ് ഡി.ഡി.ഇ. ഓഫീസിലെ ബിനോയ് ചന്ദ്രനും ഉൾപ്പെടെയുള്ളവരെയായിരിക്കണം താങ്കളുദ്ദേശിച്ചത്. ഇവരുടെ പ്രത്യയശാസ്ത്ര പശ്ചാത്തലംകൂടി പരിശോധനാവിധേയമാക്കേണ്ടതാണ്. തലസ്ഥാനത്ത് പട്ടാപ്പകൽ കൊലപാതകങ്ങൾ അരങ്ങേറുന്നു. എം.എൽ.എ-യുടെ വാഹനംപോലും അടിച്ചുതകർക്കുന്നു. പോലീസ് വാഹനത്തിന് ഇന്ധനം നിറയ്ക്കാൻ കാശില്ല. സംസ്ഥാനത്ത് ഗുണ്ടകൾ യഥേഷ്ടം വിഹരിക്കുകയാണ്. കണ്ണൂരിൽ വിവാഹത്തിനും ബോംബ് എന്ന സ്ഥിതിയാണ്. എന്നാൽ ലോകസമാധാനത്തിന് രണ്ട് കോടി രൂപ

അനുവദിച്ചത് പ്രശംസനീയമാണ്. പ്രതിപക്ഷത്തിനുമാത്രമല്ല, ഭരണപക്ഷത്തിനുപോലും രക്ഷയില്ലാത്ത അവസ്ഥയാണ്. റവന്യൂ വകുപ്പിലെ മാനദണ്ഡവിരുദ്ധ സ്ഥലംമാറ്റത്തിനെതിരെ 11 ദിവസമാണ് കോഴിക്കോട് കളക്ടറേറ്റ് സ്തംഭിപ്പിച്ചുകൊണ്ട് എൻ.ജി.ഒ. യൂണിയൻ സമരം നടത്തിയത്. ജില്ലാ കളക്ടർക്കുപോലും ഓഫീസിൽ കയറാൻ കഴിയാത്ത അവസ്ഥയായിരുന്നു. സ്ഥലംമാറ്റത്തിൽ അഴിമതിയുണ്ടെന്നാണ് എൻ.ജി.ഒ. യൂണിയന്റെ പ്രധാന ആരോപണം. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്കും പരിക്കേൽക്കുന്നവർക്കും നഷ്ടപരിഹാരം നൽകുന്നതിന് അനുവദിച്ചിട്ടുള്ള 7 കോടി രൂപ അപര്യാപ്തമാണ്. ഇത് വർദ്ധിപ്പിക്കണം. ചാലക്കുടി ഡിവിഷനിൽമാത്രം ഒരു കോടി രൂപ നഷ്ടപരിഹാരം നൽകേണ്ടതായിട്ടുണ്ട്. അതിരപ്പിള്ളിയിൽ അഞ്ച് വയസ്സുകാരിയായ അഗ്നിമേയയ്ക്ക് കാട്ടാനയുടെ ചവിട്ടേറ്റ് ദാരുണാന്ത്യമുണ്ടായത് കഴിഞ്ഞ മാസമാണ്. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഏഴോളം പേരാണ് ഈ പ്രദേശത്ത് കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ടത്. കർഷകർക്ക് കൃഷി ചെയ്യാൻ കഴിയാത്ത അവസ്ഥയാണ്. കേരളത്തിലുടനീളം വനാതിർത്തിയോടുചേർന്ന പ്രദേശങ്ങളിലെ അവസ്ഥ ഇതുതന്നെയാണ്. റംബൂട്ടാൻ, മാംഗോസ്റ്റിൻ

തുടങ്ങിയ പഴങ്ങളുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്ന പദ്ധതിക്കായി 18.92 കോടി രൂപ വകയിരുത്തിയ നടപടി സ്വാഗതം ചെയ്യുന്നു. ഇത് ചാലക്കുടി നിയോജകമണ്ഡലത്തിലെ കർഷകരുടെ ദീർഘകാലത്തെ ആവശ്യമായിരുന്നു. സംസ്ഥാനത്ത് കാർഷികവിള ഇൻഷ്വറൻസ് നഷ്ടപരിഹാര വിതരണം മുടങ്ങിയിരിക്കുകയാണ്. ഈയിനത്തിൽ കർഷകർക്ക് നൽകുവാനുള്ളത് 24 കോടി രൂപയാണ്. എന്നാൽ വകയിരുത്തിയത് 7.5 കോടി രൂപ മാത്രമാണ്. കൃഷിനാശം സംഭവിച്ച് കടക്കെണിയിലായ കർഷകരെ ആത്മഹത്യയിലേയ്ക്ക് തള്ളിവിടാതെ ഈ തുക വർദ്ധിപ്പിക്കണമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. പി. എസ്. സുപാൽ: സർ, കേരളം മുഴുവൻ ഏറ്റെടുത്ത ബഡ്ജറ്റാണിത്. ബഡ്ജറ്റിന്റെ ചർച്ചയിലേയ്ക്ക് കടക്കുന്നതിനുമുമ്പ് എനിക്കൊരു കാര്യം സൂചിപ്പിക്കാനുണ്ട്. ഇന്നലെ കെ-റെയിലിനെക്കുറിച്ചുള്ള ചർച്ചയിൽ കമ്മ്യൂണിസ്റ്റ് നേതാക്കളുടെ മക്കളുടെ കത്ത് എന്നുപറഞ്ഞുകൊണ്ട് ഡോ. എം. കെ. മുനീർ ചില പരാമർശങ്ങൾ നടത്തിയിരുന്നു. അത് ഏത് കത്താണ്; എന്ത് കത്താണ്? അങ്ങനെയൊരു കത്തിനെക്കുറിച്ച് ഞങ്ങളാരും അറിഞ്ഞിട്ടില്ല. അഥവാ കത്തുണ്ടെങ്കിൽത്തന്നെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ

തീരുമാനങ്ങളെടുക്കുന്നത് കുടുംബയോഗത്തിലല്ലെന്ന് സൂചിപ്പിക്കുകയാണ്. അതിനുവേണ്ടി പാർട്ടി ഘടകങ്ങളുണ്ട്. കേരളത്തിലെ സി.പി.ഐ-യുടെ സംസ്ഥാനഘടകം എടുത്ത നിലപാട് കെ-റെയിൽ നടപ്പിലാക്കണമെന്നാണ്. കേരളത്തിന്റെ ഭാവി വികസനത്തിനും ഭാവിതലമുറയ്ക്കുംവേണ്ടി കെ-റെയിൽ പദ്ധതി നടപ്പിലാക്കണമെന്ന നിലപാട് സ്വീകരിച്ചുകൊണ്ട് ഇടതുപക്ഷ പ്രസ്ഥാനം മുന്നോട്ടുപോകുകയാണ്. യു.ഡി.എഫ്-ന്റെ വികസന വിരുദ്ധതയാണ് ഞാൻ ചൂണ്ടിക്കാണിക്കാൻ ശ്രമിച്ചത്. വികസന വിരുദ്ധതയുടെ പേരിൽ ജനങ്ങളോട് നിങ്ങൾക്ക് മാപ്പുപറയേണ്ടിവരും. കെ-റെയിൽ സംബന്ധിച്ച് യു.ഡി.എഫ്. കല്ലിന്റെയും മണ്ണിന്റെയും ഓരോ ബോഗിയുടെയും കാര്യമാണ് പറഞ്ഞത്. അതുകൊണ്ട് കാര്യമില്ല. കേരള വികസനത്തിന് അനിവാര്യമായ പദ്ധതി എന്നനിലയിൽ കെ-റെയിൽ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കണം, അതിലൂടെ കേരളത്തിൽ വികസനമുണ്ടാകണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത് മാതൃകാ ബഡ്ജറ്റാണ്. കേന്ദ്ര സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റിന്റെ മുഖമെന്താണ്? കോർപ്പറേറ്റുകളെ സഹായിക്കുന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. വരേണ്യവർഗ്ഗത്തിനുവേണ്ടിയുള്ള പദ്ധതികളാണ് അവതരിപ്പിച്ചിരിക്കുന്നത്. കൂടുതൽ സെസ്സും സർച്ചാർജ്ജും

ഏർപ്പെടുത്തി ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന നിലപാട് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. രാജ്യത്ത് ബി.ജെ.പി-ക്കെതിരായ ഒരു രാഷ്ട്രീയബദൽ സ്വീകരിക്കുന്ന പ്രസ്ഥാനം കോൺഗ്രസല്ലെന്നും അത് ഇടതുപക്ഷമാണെന്നതും പകൽപോലെ വ്യക്തമല്ലേ? രാഷ്ട്രീയബദൽ മാത്രമല്ല, വികസനബദലും രാജ്യത്തിന് മാതൃകയായി മുന്നോട്ടുവയ്ക്കുന്ന പ്രസ്ഥാനമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റെന്നത് അഭിമാനത്തോടുകൂടി പറയുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ഒരു തീരുമാനമെടുക്കുമ്പോൾ സാധാരണക്കാരന്റെ മുഖമാണ് മുന്നിൽക്കാണുന്നത്. 1957-ൽ കേരളപ്പിറവിക്കുശേഷം ആദ്യമായി നടന്ന തെരഞ്ഞെടുപ്പിൽ കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയാണ് അധികാരത്തിൽ വന്നത്. കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽവന്ന് ആദ്യമെടുത്ത തീരുമാനം എന്തായിരുന്നു? അന്നുവരെ കുടിയാന്മാരെ അവരുടെ കുടിലിൽനിന്ന് ഏതുസമയത്തും ഏത് പാതിരാത്രിക്കും ജന്മിക്ക് ഇറക്കിവിടാനുള്ള അധികാരമുണ്ടായിരുന്നു. അതിനെതിരെ സമരംചെയ്തവരാണ് കമ്മ്യൂണിസ്റ്റുകാർ. കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നപ്പോൾ ആദ്യമെടുത്ത തീരുമാനം കുടികിടപ്പുകാരെ ഇറക്കിവിടാൻ പാടില്ല എന്നുള്ളതാണ്. ജന്മിയുടെ ആ അവകാശം നിരോധിച്ചുകൊണ്ടുള്ള

തീരുമാനമാണ് ആദ്യത്തെ യോഗത്തിൽത്തന്നെ കമ്മ്യൂണിസ്റ്റ് പാർട്ടി സ്വീകരിച്ചത്.

{അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ}

സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കഴിഞ്ഞ തവണ അധികാരത്തിൽ വന്നപ്പോൾ യു.ഡി.എഫ്-ന്റെ ഭരണകാലത്ത് വരുത്തിയ പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കാനുള്ള തീരുമാനമാണ് ആദ്യമെടുത്തത്. ഇപ്പോൾ തെരഞ്ഞെടുപ്പ് കഴിഞ്ഞ് പുതിയ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽവന്നു. തെരഞ്ഞെടുപ്പ് പ്രകടനപ്പത്രികയിൽ പ്രാധാന്യത്തോടെ പറഞ്ഞ കാര്യം അതിദാരിദ്ര്യം ഇല്ലാതാക്കുന്നതിനാവശ്യമായ നടപടികളുമായി കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുമെന്നുള്ളതാണ്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദ്യത്തെ സമ്പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ അതിദാരിദ്ര്യ ലഘൂകരണ പദ്ധതിക്കായി 100 കോടി രൂപ നീക്കിവച്ചുകൊണ്ട് അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ശക്തമായി നടപ്പാക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. സാധാരണക്കാരന്റെ പ്രശ്നങ്ങളാണ് ഈ

ഗവൺമെന്റിന്റെ മുന്നിലുള്ളത്. പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ചുകൊടുക്കുവാൻ ലൈഫ് മിഷൻ എന്ന കർമ്മ പദ്ധതിയൊരുക്കിയതും കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരാണ്. 279,131 വീടുകളാണ് ഇതുവരെ പൂർത്തിയാക്കിയത്. 1,871.82 കോടി രൂപയാണ് ഈ വർഷം നീക്കിവച്ചിട്ടുള്ളത്. ഒരു ലക്ഷം വീടുകൾ ഈ വർഷം പൂർത്തീകരിക്കുമെന്നുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അഞ്ചുവർഷ കാലാവധി പൂർത്തീകരിക്കുമ്പോൾ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അഞ്ചുലക്ഷം വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുമെന്നുള്ള പ്രഖ്യാപനമാണ് നടത്തിയിട്ടുള്ളത്. വെറുതെ പ്രഖ്യാപനം നടത്തുന്ന സർക്കാരല്ലിത്. പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുന്ന സർക്കാരാണിതെന്ന് ജനങ്ങൾക്കറിയാം. സ്ത്രീകൾ, കുട്ടികൾ, ട്രാൻസ്ജെൻഡേഴ്സ് എന്നിവരുടെ ക്ഷേമത്തിനായി 4,685 കോടി രൂപയും കാരുണ്യ ചികിത്സാ പദ്ധതിക്കായി 500 കോടി രൂപയും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി 2,671 കോടി രൂപയുമാണ് ഈ ഗവൺമെന്റ് നീക്കിവച്ചിട്ടുള്ളത്. പൊതുവിതരണ സംവിധാനത്തിന്റെ കരുത്തിനെ സംബന്ധിച്ച് അഭിമാനത്തോടുകൂടി നമ്മൾ

പറയാറുണ്ട്. ഇന്ത്യയ്ക്ക് മാതൃകയായി ഏറ്റവും നല്ല പൊതുവിതരണ സംവിധാനം നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. കോവിഡ് കാലത്ത് കേരളത്തിലെ ജനങ്ങളെ പട്ടിണിക്കിടാതിരിക്കുന്നതിനുവേണ്ടി ഭക്ഷ്യക്കിറ്റുകളടക്കം വിതരണം നടത്തിയത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരാണ്. പ്രളയകാലം, കോവിഡ് മഹാമാരി, യുദ്ധം തുടങ്ങിയ സാഹചര്യങ്ങളുണ്ടായിക്കൊണ്ടിരിക്കുകയാണ്. നാളെയും ഇത്തരം കാര്യങ്ങൾ ആവർത്തിക്കും. അത്തരം സാഹചര്യങ്ങളിൽ കേരളത്തിലെ ജനങ്ങളെ പട്ടിണിക്കിടാൻ പാടില്ല എന്ന നിലപാട് സ്വീകരിച്ചുകൊണ്ട് 2,000 കോടി രൂപയാണ് പൊതുവിതരണ സംവിധാനത്തെ ശക്തിപ്പെടുത്താനും വിലക്കയറ്റം തടയുന്നതിനുംവേണ്ടി ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നത്. ഇത് കാർഷിക മേഖലയ്ക്ക് ഉണർവ്വേകുന്നൊരു ബഡ്ജറ്റാണ്. ധനകാര്യ വകുപ്പുമന്ത്രി കർഷക പ്രസ്ഥാനത്തിന്റെ നേതാവും അതോടൊപ്പം ഒരു കർഷകനുമാണ്. അദ്ദേഹം കാർഷികമേഖലയെ പരിപോഷിപ്പിക്കുന്നതിനാവശ്യമായ ഒട്ടേറെ നിർദ്ദേശങ്ങളാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുകയും റബ്ബർ സബ്സിഡിക്ക് 500 കോടി രൂപ നീക്കിവയ്ക്കുകയും ചെയ്തു. നെൽവയലുടമകൾക്കുള്ള റോയൽറ്റി 2,000

രൂപയിൽ നിന്ന് 3,000-മായി വർദ്ധിപ്പിച്ചു. 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന ജനകീയ പദ്ധതി കൃഷി വകുപ്പ് ഏറ്റെടുത്ത് മുന്നോട്ടുപോകുകയാണ്. കാർഷികമേഖല ശക്തിപ്പെടണമെങ്കിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാകണം. അതിന് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള ബൃഹദ് പദ്ധതിയാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. കാർഷിക മേഖലയ്ക്കുവേണ്ടി 881.96 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. സംസ്ഥാനത്തെ ആരോഗ്യ മേഖല ലോകത്തിനാകമാനം മാതൃകയായിട്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. വികസിത രാജ്യങ്ങൾപോലും പകച്ചുനിന്ന അവസരത്തിൽ, കോവിഡ് മരണങ്ങൾമൂലം ജനങ്ങളാകെ പ്രയാസപ്പെട്ടപ്പോൾ ലോകത്തിനും രാജ്യത്തിനും മാതൃകയായി മികച്ച നിലയിൽ ആരോഗ്യ സംവിധാനങ്ങളൊരുക്കി കേരളത്തിലെ ജനങ്ങളെ ചേർത്തുപിടിച്ചതും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരാണ്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് 4300 പുതിയ തസ്തികകൾ സൃഷ്ടിച്ചുവെന്നത് നമുക്കെല്ലാവർക്കുമറിയാവുന്നതാണ്. ആരോഗ്യ മേഖലയെയും പൊതുജനാരോഗ്യത്തെയും സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധതയോടെ നീങ്ങുകയാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. ആരോഗ്യമേഖലയ്ക്കുവേണ്ടി 2,629

കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. കശുവണ്ടി മേഖലയുമായി ബന്ധപ്പെട്ട ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്താനുണ്ട്. കേരളത്തിൽ കശുവണ്ടി വ്യവസായം പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായമാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വരുന്ന കാലഘട്ടത്തിലെല്ലാം കശുവണ്ടി മേഖലയെ പരിപോഷിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാറുണ്ട്. ഈ ഗവൺമെന്റ് കശുവണ്ടി മേഖലയ്ക്കുവേണ്ടി ഫണ്ട് നീക്കിവച്ചിട്ടുണ്ട്. അടഞ്ഞുകിടക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനുള്ള സംവിധാനമുണ്ടാകണം. കാപ്പെക്സ്, കശുവണ്ടി വികസന കോർപ്പറേഷൻ തുടങ്ങിയവയുടെ ഫാക്ടറികളിൽ ആയിരക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ഈ മേഖലയെ സഹായിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. ആയിരക്കണക്കിന് സ്ത്രീത്തൊഴിലാളികളടക്കം പണിയെടുക്കുന്ന കശുവണ്ടി മേഖലയുമായി ബന്ധപ്പെട്ട് പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം. കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും കൂടുതൽ പ്രവർത്തനമൂലധനം അനുവദിച്ചുകൊണ്ട് ആ മേഖലയെ പരിപോഷിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ്

പറയാനുള്ളത്. തിരുവനന്തപുരം-അങ്കമാലി എം.സി. റോഡിന്റെയും കൊല്ലം-ചെങ്കോട്ട റോഡിന്റെയും വികസനത്തിനായി കിഫ്ബി വഴി 1,500 കോടി രൂപ അനുവദിച്ചതിനെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റിൽ ജൈവവൈവിദ്ധ്യ സർക്യൂട്ട് പ്രഖ്യാപിക്കുകയുണ്ടായി. അതിൽ കൊല്ലം ജില്ലയുടെ കിഴക്കൻ മേഖല ഉൾപ്പെട്ടിരുന്നു. ഈ ബഡ്ജറ്റിൽ അച്ചൻകോവിൽ-കുളത്തൂപ്പുഴ-ആര്യൻകാവ്-കൊട്ടാരക്കര-പുനലൂർ-ശബരിമലയുമായി ബന്ധപ്പെടുത്തുന്ന തീർത്ഥാടന ടൂറിസം സർക്യൂട്ട് പ്രഖ്യാപിച്ച നടപടിയെ സന്തോഷത്തോടെ സ്വാഗതം ചെയ്യുകയാണ്. ദേശീയപാതയിൽ തുടങ്ങി ദേശീയപാതയിൽ അവസാനിക്കുന്ന തമിഴ്നാടുമായി ഏറെ ബന്ധപ്പെടുന്ന പുനലൂരിൽ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി പുനലൂർ ബൈപാസ്സിന്റെ പ്രാഥമിക പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആറ് ബൈപാസ്സുകൾ പ്രഖ്യാപിക്കുകയുണ്ടായി. ഏറ്റവും പ്രാധാന്യമുള്ള ഒരു ബൈപാസ്സ് എന്ന നിലയിൽ അത് യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടികളുമായി മുന്നോട്ടുപോകണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. യുക്രൈനിൽനിന്നുള്ള വിദ്യാർത്ഥികളെ നാട്ടിൽ കൊണ്ടുവരുന്നതിന് ഗവൺമെന്റ് സ്വീകരിച്ച നടപടി സ്വാഗതാർഹമാണ്.

നമ്മുടെ കുട്ടികൾ വലിയ പ്രയാസങ്ങൾ നേരിട്ടു. പക്ഷേ, മലയാളി സംഘടനകളെല്ലാം അവരെ സഹായിക്കാൻ മുന്നിട്ടിറങ്ങി. സർക്കാരിന്റെ പരിമിതിക്കുള്ളിൽനിന്നുകൊണ്ട് കേരളത്തിലെ വിദ്യാർത്ഥികളെ നാട്ടിലെത്തിക്കുന്നതിനും സഹായിക്കുന്നതിനും കേരള സർക്കാരും നോർക്ക ഡിപ്പാർട്ടുമെന്റും മാതൃകാപരമായ നിലപാടാണ് സ്വീകരിച്ചത്. അവസാനവർഷ വിദ്യാർത്ഥികളുടെ പഠനോപകരണങ്ങളെല്ലാം അവിടെയാണ്. മാത്രമല്ല, വിദ്യാഭ്യാസ വായ്പ എടുത്ത കുട്ടികളുണ്ട്. അവർക്ക് ഇവിടെ പഠിക്കാനുള്ള സംവിധാനത്തെ സംബന്ധിച്ച് തീരുമാനിക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. കുട്ടികളുടെ തുടർപഠനം ഉറപ്പാക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി തുടർനടപടി സ്വീകരിക്കണം. അതിനുവേണ്ടി പണം അനുവദിച്ചത് സ്വാഗതാർഹമാണ്.

ഈ ഗവൺമെന്റിന്റെ ജനകീയ ബഡ്ജറ്റിനെ അഭിനന്ദിക്കുന്നു.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, അടിസ്ഥാന പ്രശ്നങ്ങളെ അവഗണിക്കുന്ന ഭാവനാശൂന്യമായ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. തൊഴിലും വരുമാനവും നഷ്ടപ്പെട്ടവരെ സഹായിക്കാനോ തളരുന്ന സാമ്പത്തികസ്ഥിതിയെ മെച്ചപ്പെടുത്താനോ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനോ പൊതുമേഖലാ സ്ഥാപനങ്ങളുടെ

കാര്യക്ഷമത വർദ്ധിപ്പിക്കാനോ യാതൊരു ശ്രമവും നടത്താത്ത ഭാവനാശൂന്യമായ ബഡ്ജറ്റാണിതെന്ന് പറയേണ്ടി വരുന്നതിൽ എനിക്ക് ഖേദമുണ്ട്. സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ക്രിയാത്മകമായ ഇടപെടലുകൾ നടത്താതെ പരമ്പരാഗതമാർഗ്ഗമായ വസ്തു, വാഹനം എന്നിവയെ ആശ്രയിക്കുകയും മൂലധനച്ചെലവുകൾക്കായി കിഫ്ബിയെ സ്ഥിരം ശരണം വിളിക്കുകയുമാണ് ബഡ്ജറ്റിലൂടെ ചെയ്തിരിക്കുന്നത്. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലിന്റെ ആദ്യത്തെ സമ്പൂർണ്ണ ബഡ്ജറ്റും സംസ്ഥാനത്തെ അറുപത്തിയഞ്ചാമത്തെ ബഡ്ജറ്റുമാണ് ഇപ്പോൾ അവതരിപ്പിച്ചത്. കേരളം നേരിടുന്ന പ്രധാന വെല്ലുവിളി എന്തൊക്കെയാണെന്നും അത് പരിഹരിക്കുന്നതിന് ബഡ്ജറ്റ് എത്രത്തോളം സഹായകരമാണെന്നും പരിശോധിക്കുമ്പോഴാണ് ഇത് വെറും അധരവ്യായാമമാണെന്ന് പറയേണ്ടിവരുന്നത്. 'കോവിഡ് കാലത്ത് സമ്പദ്ഘടനയ്ക്കും പൗരന്മാർക്കുമുണ്ടായ ക്ഷീണവും നഷ്ടവും പരിഹരിക്കാൻ ഭരണകൂടത്തിന്റെ ശക്തമായ ഇടപെടലുണ്ടായേ മതിയാകൂ, ജനങ്ങളുടെ കയ്യിലേയ്ക്ക് പണമെത്തിച്ച് സമ്പദ്ഘടനയിലെ ഡിമാന്റ് വർദ്ധിപ്പിക്കണം, അസമത്വം ലഘൂകരിക്കണം' - ഇത് അദ്ദേഹത്തിന്റെ പ്രസംഗത്തിലുള്ള വാചകങ്ങളാണ്.

ഇത് അദ്ദേഹം കേന്ദ്രഗവൺമെന്റിനെ ഉദ്ദേശിച്ചാണ് പറഞ്ഞത്. എന്നാൽ, കേരളത്തിന്റെ ധനസ്ഥിതിയെ സംബന്ധിച്ചും ഈ സാഹചര്യത്തെ സംസ്ഥാനം എങ്ങനെയാണ് മറികടക്കുന്നതെന്നതിനെ സംബന്ധിച്ചും അദ്ദേഹം വിസ്മരിച്ചിരിക്കുകയാണ്. അതിനെക്കുറിച്ച് പറയുന്നതേയില്ല. എന്നാൽ സംസ്ഥാനത്ത് കഴിഞ്ഞ രണ്ടുവർഷക്കാലം കോവിഡ് മഹാമാരിയുടെ ഫലമായി ആയിരക്കണക്കിനാളുകളുടെ തൊഴിലും വരുമാനവും നഷ്ടമായിട്ടുണ്ട്. ചെറുതും വലുതുമായ സംസ്ഥാനത്തെ ഏകദേശം പതിനാല് ലക്ഷത്തോളം വരുന്ന വ്യാപാരസ്ഥാപനങ്ങളിൽ രണ്ടുലക്ഷത്തിലധികം കടകൾ ഇതിനകം അടച്ചുപൂട്ടിപ്പോയിട്ടുണ്ട്. ഇവർക്ക് ഉത്തേജനം നൽകാനുള്ള ഒരു നിർദ്ദേശവും ബഡ്ജറ്റിലില്ല. സാധാരണ ജനങ്ങളുടെ കയ്യിലേയ്ക്ക് പണമെത്തിയാൽ അത് വിപണിയിലെത്തി സാമ്പത്തിക പ്രവർത്തനങ്ങളെ ചലിപ്പിക്കും. അതിനുള്ള ഉചിതമായ വഴി ക്ഷേമപെൻഷനുകൾ വർദ്ധിപ്പിക്കുകയെന്നതാണ്. അതുമുണ്ടായിട്ടില്ല. കോവിഡ്കാല പ്രതിസന്ധിയെ മറികടക്കുന്നതിന് യാതൊരുവിധ നടപടിയുമുണ്ടായിട്ടില്ല. കടുത്ത സാമ്പത്തികപ്രതിസന്ധി മറികടക്കാനുള്ള ചെലവുചുരുക്കൽ പരിപാടിയൊന്നും ബഡ്ജറ്റിലില്ല. ആവശ്യമില്ലാത്ത തസ്തികകൾ കുറച്ചും അനാവശ്യമായ ചെലവുകൾക്ക് നിയന്ത്രണങ്ങൾ

വരുത്തിയും സാമ്പത്തിക ചോർച്ച തടയാനുള്ള ഒരു നടപടിയും ഈ ബഡ്ജറ്റിൽ കാണുന്നില്ലെന്നതുകൊണ്ടാണ് ഞാൻ എതിർക്കുന്നത്. എനിക്ക് മറ്റൊരു കാര്യം പറയാനുള്ളത്, ബഹുമാനപ്പെട്ട മന്ത്രിയുടെ ഭൂപടത്തിൽ മലപ്പുറം ജില്ല ഇല്ലെന്നാണ് എനിക്ക് തോന്നുന്നത്. ഒട്ടേറെ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഏറ്റവുമധികം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മലപ്പുറം ജില്ലയ്ക്ക് അർഹമായ പരിഗണന നൽകിയതായി ബഡ്ജറ്റിൽ എവിടെയും കാണുന്നില്ല; പദ്ധതികൾക്ക് പണം നീക്കിവച്ചിട്ടില്ല. പല ജില്ലകളിലും പദ്ധതികൾക്ക് പ്രത്യേകമായി പണം നീക്കിവച്ചിട്ടുണ്ട്. കുട്ടനാടിന് പ്രത്യേക പാക്കേജുണ്ട്. അതുപോലെ ഓരോ ജില്ലയ്ക്കും പ്രത്യേക പദ്ധതികളുണ്ട്. ഇടുക്കി, വയനാട്, കാസർഗോഡ് പാക്കേജുകൾക്ക് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. പല ഇടനാഴികൾക്കും പാർക്കുകൾക്കും പണം വകയിരുത്തിയിട്ടുണ്ട്. പക്ഷേ, മലപ്പുറം ജില്ലയ്ക്ക് ഇടനാഴി പോയിട്ട് ഇടവഴിക്ക് പോലുമുള്ള പണമില്ലെന്നതാണ് ഇപ്പോഴത്തെ സ്ഥിതി. എങ്ങനെയാണ് ഇങ്ങനെയൊരു നിലപാടിലേയ്ക്ക് വന്നതെന്ന് എനിക്കറിയില്ല. മലപ്പുറം ജില്ലയ്ക്കാകെ തുക അനുവദിച്ചിട്ടുള്ളത് മങ്കട നിയോജകമണ്ഡലത്തിലെ മൂർക്കനാടുള്ള മിൽമ പ്രോജക്ടിന് മാത്രമാണ്; അത് നടന്നുകൊണ്ടിരിക്കുന്ന ഒരു പദ്ധതിയുമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി എല്ലാ

എം.എൽ.എ-മാരോടും 20 വർക്ക് ബഡ്ജറ്റിൽ ചേർക്കാൻവേണ്ടി ആവശ്യപ്പെട്ടു. ഇങ്ങനെ എം.എൽ.എ-മാരെ കുഴപ്പത്തിലാക്കേണ്ട വല്ല കാര്യവുമുണ്ടോ? 20 വർക്ക് ജനപ്രതിനിധികളോട് ചോദിച്ചിട്ടാണ് എഴുതിത്തരുന്നത്. അവർക്ക് അതിൽ വലിയ പ്രതീക്ഷയാണ്. എൽ.ഡി.എഫ്. വരും എല്ലാം ശരിയാകുമെന്ന് പറഞ്ഞതുപോലെ ഇപ്പോൾ എല്ലാം ശരിയാകുമെന്ന് ഞാൻ അവരോട് പറയുകയാണ്. അതിനുള്ള പണമെവിടെ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, 20 വർക്ക് എഴുതിക്കൊടുക്കാൻ പറഞ്ഞതിൽ 19 വർക്കുകൾക്ക് ലഭിച്ചിട്ടുള്ളത് 1,900 രൂപയാണ്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. സ്പീക്കർ: അങ്ങേയ്ക്ക് ഏഴ് മിനിട്ടേയുള്ളൂ. എല്ലാവർക്കും വഴങ്ങിക്കൊടുത്താൽ സമയം പോകും.

ശ്രീ. കെ. പി. എ. മജീദ്: സർ, ഞാൻ പറയുന്നത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കണം. എം.എൽ.എ-മാരെ കുഴപ്പത്തിലാക്കരുത്. ഞങ്ങളോട് വർക്ക് എഴുതിത്തരണമെന്ന് പറഞ്ഞാൽ ജനപ്രതിനിധികളോടും പഞ്ചായത്തിനോടും ചോദിക്കേണ്ടി വരും. അങ്ങനെയൊരു ലിസ്റ്റുണ്ടാക്കിയതിനുശേഷം ആകെ ഒരു വർക്ക് തന്നാൽ

എന്തായിരിക്കും സ്ഥിതി? അങ്ങും ഒരു നിയമസഭാ സാമാജികനാണല്ലോ. ജനങ്ങളോട് മറുപടി പറയേണ്ടയാളല്ലേ? ഇത്രയും ക്രൂരമായ നിലപാട് സ്വീകരിക്കേണ്ടിയിരുന്നില്ലെന്നതാണ് എന്റെ പക്ഷം. അതുപോലെയാണ് എം.എൽ.എ. ആസ്തി വികസന ഫണ്ടിന്റെ കാര്യവും. കോവിഡ് സാഹചര്യത്തിൽ സ്വാഭാവികമായും നാല് കോടി രൂപ നീക്കിവയ്ക്കാൻ പറഞ്ഞപ്പോൾ നമ്മളെല്ലാവരും സഹകരിച്ചു. ഇപ്പോൾ അതിനുവേണ്ടി ഫണ്ട് ചെലവാക്കുന്നില്ല. ഇപ്പോഴുള്ള വർക്കുതന്നെ തീരുമാനമാകാതെ മുടങ്ങിക്കിടക്കുന്ന പ്രത്യേക സാഹചര്യമാണ്. അതുകൊണ്ട് ഈക്കാര്യത്തിൽ വ്യക്തമായ നിലപാടെടുക്കണം. എന്റെ നിയോജകമണ്ഡലത്തിലെ ഒന്നുരണ്ട് കാര്യങ്ങൾകൂടി പറയാം. ഇത്തവണ അങ്ങ് മന്ത്രിയായി അധികാരമേറ്റയുടനെ ഞാൻ മസ്കറ്റ് ഹോട്ടലിൽവന്ന് പരപ്പനങ്ങാടിയിൽ കോടതി സമുച്ചയം നിർമ്മിക്കുന്നത് സംബന്ധിച്ച നിവേദനം തന്നിരുന്നു. ഇത് കേരളത്തിൽ ഏറ്റവുമധികം ഭൂമിയുള്ള കോടതിയാണ്. കോടതി കെട്ടിടമുണ്ടാക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ടെങ്കിലും ഫണ്ട് അനുവദിക്കുന്നില്ല. പ്രശസ്ത എഴുത്തുകാരനായ ഒ. ചന്തുമേനോൻ 'ഇന്ദുലേഖ' എന്ന നോവലെഴുതിയത് ഈ കോടതിയിലിരുന്നാണ്. അന്നദ്ദേഹം അവിടെ മുൻസിഫായിരുന്നു. അദ്ദേഹത്തിനോടുള്ള ബഹുമാനം

കൊണ്ടെങ്കിലും പണം നീക്കിവയ്ക്കുമെന്ന് ഞാൻ കരുതിയതാണ്. പക്ഷേ, ഒന്നും ചെയ്യുന്നില്ല. എന്താണ് ഇങ്ങനെയൊക്കെ ചെയ്യുന്നത്? അദ്ദേഹം വായനാശീലമുള്ള മന്ത്രിയാണ്, ഇന്ദുലേഖ ഒന്നുകൂടി വായിച്ചശേഷം അതിനോടുള്ള താൽപ്പര്യംകൊണ്ട് ഫണ്ട് അനുവദിക്കണമെന്നാണ് എന്റെ ആവശ്യം. മലപ്പുറം ജില്ലയിലെ ഏറ്റവും രൂക്ഷമായ കുടിവെള്ളപ്രശ്നം നേരിടുന്ന നിയോജകമണ്ഡലമാണ് തിരൂരങ്ങാടി. പരപ്പനങ്ങാടി ന്യൂ കട്ട് റെഗുലേറ്റർ പുതുക്കിപ്പണിത് ന്യൂ കട്ട് പുഴ ആഴംകൂട്ടി വാട്ടർ സ്റ്റോറേജ് പദ്ധതി യാഥാർത്ഥ്യമാക്കണമെന്ന ആവശ്യം ഞാൻ ഉന്നയിക്കുകയാണ്. അതിനാവശ്യമായ ഫണ്ട് മാറ്റിവയ്ക്കുകയോ പദ്ധതിക്ക് അംഗീകാരം കൊടുക്കുകയോ ചെയ്യുന്നില്ല. പ്ലാനറ്റോറിയത്തിന്റെ പണി ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. പരപ്പനങ്ങാടിയിലെ സയൻസ് പാർക്കിന്റെ പണി പൂർത്തീകരിച്ച് അതിന് മെഷീനും മറ്റ് അടിസ്ഥാന സൗകര്യങ്ങളുമുണ്ടാകേണ്ടതുണ്ട്. അതിനുള്ള ഫണ്ട് ഇപ്പോൾ തടഞ്ഞുവച്ചിരിക്കുകയാണ്. അപ്ലൈഡ് സയൻസ് കോളേജിൽനിന്ന് മൂന്നുവർഷം മുമ്പ് പഠനം പൂർത്തിയാക്കി ആദ്യ ബാച്ച് പുറത്തിറങ്ങിയതാണ്. ഇതിനാവശ്യമായ 130 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിനുള്ള ഭൂമിയുടെ രേഖയും ബന്ധപ്പെട്ടവർക്ക് നൽകിയതാണ്. ഒരു

കോടി രൂപ നേരത്തെ റിലീസ് ചെയ്തതുമാണ്. എന്നാൽ ഇപ്പോൾ ആ പദ്ധതിയും മുടങ്ങിക്കിടക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി മലപ്പുറം ജില്ലയെ പരിഗണിക്കുമ്പോൾ തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ ഞാൻ ചൂണ്ടിക്കാണിച്ച കാര്യങ്ങൾക്ക് പ്രത്യേക പരിഗണന നൽകി സഹായിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ജോബ് മൈക്കിൾ: സർ, 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ അംഗീകരിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുകയാണ്. പ്രതികൂലമായ സാമ്പത്തികാവസ്ഥയിലും നാടിന്റെ വികസനം മുരടിക്കരുതെന്ന നിശ്ചയദാർഢ്യത്തോടുകൂടി മികച്ച ബഡ്ജറ്റ് അവതരിപ്പിച്ച കേരളത്തിന്റെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലിനെ അഭിനന്ദിക്കുകയാണ്. ബഡ്ജറ്റ് പുസ്തകം കയ്യിലെടുത്തപ്പോൾ കെ. എം. മാണിയുടെ മുഖമാണ് ഓർമ്മവന്നത്. കേരളത്തിൽ 13 ബഡ്ജറ്റുകൾ അവതരിപ്പിച്ച് പാവങ്ങൾക്കും കൃഷിക്കാർക്കുംവേണ്ടി ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചതെല്ലാം ഈ ബഡ്ജറ്റ് പുസ്തകത്തിലുമുണ്ടെന്ന് അഭിമാനത്തോടുകൂടി പറയുകയാണ്. കെ. എം. മാണി ആഗ്രഹിച്ചതുപോലെ കാരുണ്യ പദ്ധതിക്ക് 500 കോടി രൂപ മാറ്റിവച്ചുകൊണ്ട് കേരളത്തിലെ പാവപ്പെട്ടവർക്കുവേണ്ടി പ്രിയപ്പെട്ട കെ.

എൻ. ബാലഗോപാൽ എടുത്ത തീരുമാനത്തെ അഭിനന്ദിക്കുന്നു. കേരളത്തിലെ റബ്ബർ കർഷകർക്കുവേണ്ടി 500 കോടി രൂപ മാറ്റിവച്ചുകൊണ്ട് റബ്ബർ കർഷകരെ ഉദ്ധരിക്കാൻവേണ്ടി അങ്ങെടുത്ത തീരുമാനം ശ്ലാഘനീയമാണ്. നെല്ലിന്റെ താങ്ങുവില 28.20 രൂപ എന്നതിനുപകരം 30 രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനമെടുക്കണം. അതോടൊപ്പം നെല്ലിന്റെ ഹാൻഡ്‌ലിംഗ് ചാർജ് ക്വിന്റലിന് 12 രൂപയാണ്; അത് അപര്യാപ്തമാണ്. ഒരു ക്വിന്റൽ നെല്ല് ഹാൻഡിൽ ചെയ്യണമെങ്കിൽ ഇപ്പോൾ കൃഷിക്കാർക്ക് 200 രൂപയിൽ കൂടുതൽ ചെലവുവരുന്നുണ്ട്. അതുകൊണ്ട് നെല്ലിന്റെ ഹാൻഡ്‌ലിംഗ് ചാർജ് വർദ്ധിപ്പിച്ചുകൊണ്ട് പാവപ്പെട്ട നെൽക്കർഷകരെ സംരക്ഷിക്കണമെന്ന് ഈയവസരത്തിൽ ആവശ്യപ്പെടുകയാണ്. ഭൂനികുതി പരിഷ്കരിക്കുമ്പോൾ പാവപ്പെട്ട നെൽക്കർഷകരുടെ നികുതിഭാരം വർദ്ധിപ്പിക്കരുതെന്ന് ആവശ്യപ്പെടുകയാണ്. പാടശേഖരങ്ങൾക്ക് അധികമായി ഭൂനികുതി ഏർപ്പെടുത്താതെ നെൽകർഷകരെ സംരക്ഷിക്കുന്നതിന് അങ്ങയുടെ മറുപടി പ്രസംഗത്തിൽ ഒരു തീരുമാനമുണ്ടാകണം. കേരളത്തിലെ രാഷ്ട്രീയ സാഹചര്യങ്ങളെല്ലാം നമുക്കറിയാം. പ്രതിപക്ഷാംഗങ്ങളെല്ലാം കേരളത്തിലെ ദിനപ്പത്രങ്ങൾ വായിച്ചുകാണുമെന്ന് ഞാൻ വിചാരിക്കുകയാണ്. ബഡ്ജറ്റ്

അവതരണത്തിനുശേഷം കേരളത്തിലെ പ്രധാന ദിനപ്പത്രങ്ങളിലെ എഡിറ്റോറിയലുകളും ബഡ്ജറ്റിനെക്കുറിച്ചുള്ള അവരുടെ അവലോകനത്തിന്റെ കോപ്പിയുമെല്ലാം എന്റെ കൈവശമുണ്ട്. 'ഉണർവോടെ കാർഷികം' എന്നാണ് ഒരു ദിനപത്രം എഴുതിയിരിക്കുന്നത്. 'ബുദ്ധിമുട്ടുകൾ ഏറെയുണ്ടെങ്കിലും ബുദ്ധിമുട്ടിക്കില്ല -ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി' എന്നാണ് മറ്റൊരു ദിനപപത്രം എഴിതിയിരിക്കുന്നത്. കേരളത്തിലെ ദിനപത്രങ്ങളെല്ലാമെടുത്ത് പരിശോധിച്ചാൽ ഈ ബഡ്ജറ്റിന്റെ ഓരോ പ്രത്യേകതകളും നമുക്ക് മനസ്സിലാക്കാൻ സാധിക്കും. കാർഷിക മേഖലയോട് ഏറ്റവുമധികം കരുതൽകാണിച്ച സർക്കാരാണിത്. കോവിഡ്-19 കാലഘട്ടത്തിൽ ഒട്ടേറെ സാമ്പത്തിക ബുദ്ധിമുട്ടുണ്ടായിട്ടും കേരളത്തെ താങ്ങിനിർത്തിയ ഒരു സർക്കാരിന്റെ തുടർച്ചയാണ് ഇന്നത്തെ സർക്കാർ. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കിഫ്ബി എന്നുപറയുമ്പോൾത്തന്നെ എല്ലാവർക്കും അലർജിയായിരുന്നു. കിഫ്ബി ഇവിടെ ആവശ്യമുണ്ടോയെന്നാണ് അന്ന് ചോദിച്ചത്. കിഫ്ബി ഫണ്ടുവഴി ഇന്ന് കേരളത്തിലെ നിയോജകമണ്ഡലങ്ങളിൽ നിരവധി പ്രവർത്തനങ്ങളാണ് നടക്കുന്നത്. പ്രതിപക്ഷാംഗങ്ങൾപോലും അവരവരുടെ നിയോജകമണ്ഡലത്തിൽ കിഫ്ബി പ്രവൃത്തികൾ കൊണ്ടുവരാൻ

മത്സരിക്കുകയാണ്. ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി നടത്തിയ പ്രഖ്യാപനങ്ങൾ പ്രശംസനീയമാണ്. കൃഷി സാർവ്വത്രികമാക്കാൻ, പച്ചക്കറി കൃഷിയെ കേരളത്തിലെ എല്ലാ വീടുകളിലുമെത്തിക്കാൻ അദ്ദേഹം നടത്തുന്ന പരിശ്രമങ്ങളെ ഈയവസരത്തിൽ അഭിനന്ദിക്കുകയാണ്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ വീടുകളിലും കുടിവെള്ളമെത്തിക്കാൻ നിരവധി പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നു. കോടിക്കണക്കിന് രൂപയാണ് അതിനുവേണ്ടി മാറ്റിവച്ചിരിക്കുന്നത്. 25 വർഷത്തെ വികസനം ലക്ഷ്യമിട്ടാണ് ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. സാധാരണ ജനങ്ങൾക്ക് അധികഭാരം അടിച്ചേൽപ്പിക്കുന്നില്ല എന്നത് എടുത്തുപറയേണ്ടതാണ്. മാനവവിഭവശേഷിയുടെ ശാക്തീകരണം ലക്ഷ്യമിട്ട് അവതരിപ്പിച്ച ബഡ്ജറ്റിനെ കേരള കോൺഗ്രസ്സ്(എം) പാർട്ടി ചെയർമാൻ ശ്രീ. ജോസ് കെ. മാണി വിശേഷിപ്പിച്ചത് അഗ്രി എഡിറ്റഡ് ബഡ്ജറ്റെന്നാണ്. കാർഷികം, വിദ്യാഭ്യാസം, ശാസ്ത്ര-സാങ്കേതികം തുടങ്ങിയ രംഗങ്ങളിൽ നല്കിയിട്ടുള്ള പരിഗണന കാണുമ്പോൾ ഈ വിശേഷണം തികച്ചും അനുയോജ്യമാണെന്ന് കാണാം. കാർഷികമേഖലയുടെ വികസനത്തിനും നിലവിലെ പദ്ധതികളുടെ വികേന്ദ്രീകരണത്തിനുമായി 881.96 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. മുൻ വർഷത്തേക്കാൾ

48 കോടി രൂപ അധികമാണ്. രണ്ടാം കുട്ടനാട് പാക്കേജിന് 140 കോടി രൂപയും ഇടുക്കി, വയനാട്, കാസർഗോഡ് പാക്കേജിന് 75 കോടി രൂപയും വകയിരുത്തിയത് ശ്രദ്ധേയമാണ്. നെല്ലിന്റെ താങ്ങുവില 30 രൂപയാക്കി വർദ്ധിപ്പിക്കാനുള്ള തീരുമാനം ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രസംഗത്തിലുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. കാർഷികോല്പാദനം പരമാവധി വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് ഫാം പ്ലാൻ പദ്ധതി നടപ്പിലാക്കുന്നതിന് 29 കോടി രൂപയും കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് 100 കോടി രൂപയും വകയിരുത്തിയിരിക്കുന്നത് അഭിനന്ദനാർഹമാണ്. കൃഷിയാവശ്യങ്ങൾക്ക് 6 പേരടങ്ങുന്ന കാർഷിക ഗ്രൂപ്പുകൾക്ക് 75,000 രൂപ വീതം ലോൺ നൽകുന്ന ദേശസാൽകൃത ബാങ്കുകൾ മുഖാന്തരം നടപ്പിലാക്കുന്ന ഒരു പദ്ധതിയുണ്ടായിരുന്നു. 2016 വരെ കൃഷിക്കാർ കൃത്യമായി ലോൺ തിരിച്ചടച്ചിരുന്നുവെങ്കിലും 2017 മുതലുണ്ടായ പ്രകൃതിദുരന്തംമൂലം തിരിച്ചടവിൽ കുടിശ്ശികയുണ്ടായി. എസ്.ബി.ഐ. വായ്പയുടെ 31% വാങ്ങി അത് ക്ലോസ് ചെയ്യാൻ തീരുമാനിച്ചു. പക്ഷേ, മറ്റ് ബാങ്കുകൾ ഒന്നുംതന്നെ ഇത്തരത്തിൽ ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നില്ല. അടിയന്തരമായി സർക്കാർ ഇടപെട്ട് മറ്റ് ബാങ്കുകൾക്കുകൂടി കൃഷിക്കാരുടെ കയ്യിൽനിന്ന് കുറച്ചുതുക വാങ്ങി ലോൺ ക്ലോസ് ചെയ്യാനുള്ള

തീരുമാനമുണ്ടാകണം. മീനച്ചിൽ നദീജല പദ്ധതി അടിയന്തരമായി പൂർത്തീകരിക്കാനുള്ള നിർദ്ദേശമുണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്. കല്ല്, മണൽ, സിമന്റ് തുടങ്ങിയ നിർമ്മാണസാമഗ്രികളുടെ വില വർദ്ധിക്കുന്ന സാഹചര്യത്തിൽ എസ്റ്റിമേറ്റുകളിൽ കാലോചിതമായ വ്യത്യാസം വരുത്തുന്നതിന് നടപടി സ്വീകരിക്കണം. അതോടൊപ്പം ചങ്ങനാശ്ശേരിക്കുവേണ്ടി ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. ചങ്ങനാശ്ശേരി പടിഞ്ഞാറൻ ബൈപ്പാസ് യാഥാർത്ഥ്യമാക്കാൻ ബൈപ്പാസുകളുടെ ലിസ്റ്റിൽ ചങ്ങനാശ്ശേരി ബൈപ്പാസും പടിഞ്ഞാറൻ ബൈപ്പാസും ഉൾപ്പെടുത്തി അനുകൂലമായ നിലപാടെടുക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു. കാരുണ്യ പദ്ധതിവഴി കേരളത്തിലെ പാവപ്പെട്ട രോഗികൾക്കുവേണ്ടി 500 കോടി രൂപ അനുവദിച്ചത് എടുത്തുപറയേണ്ടതാണ്. കേരളത്തിലെ ജനങ്ങൾക്ക് പ്രയോജനകരമായ ബഡ്ജറ്റ് അവതരിപ്പിച്ച ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. ജെ. ജോസഫ്: സർ, ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. കർഷകർക്ക് അനുകൂലമായ ബഡ്ജറ്റാണിതെന്ന് പല അംഗങ്ങളും സൂചിപ്പിക്കുകയുണ്ടായി. സാമ്പത്തിക പ്രതിസന്ധിമൂലം കർഷകർ ബുദ്ധിമുട്ടുന്ന പശ്ചാത്തലത്തിലും അടിസ്ഥാന ഭൂനികുതി

ഇരട്ടിയാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. 10-15% വരെ വർദ്ധിപ്പിക്കുന്നത് നമുക്ക് മനസ്സിലാക്കാം. സാധാരണക്കാരായ കർഷകരുടെ ഭൂനികുതി ഇരട്ടിയാക്കിയതിന് യാതൊരു നീതീകരണവുമില്ല. പല ഉല്പന്നങ്ങളുടേയും വില വളരെ കുറവാണ്. ഏലം ഉൾപ്പെടെയുള്ള നാണ്യവിളകളുടെ അവസ്ഥ പരിതാപകരമാണ്. മിനിമം സപ്പോർട്ട് പ്രൈസുപോലും പ്രഖ്യാപിക്കാതിരുന്നത് ശരിയായില്ല. ഇനിയെങ്കിലും അതിനെക്കുറിച്ച് ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. റബ്ബറിന്റെ താങ്ങുവില 160 രൂപയെന്നത് അപര്യാപ്തമാണ്. എൽ.ഡി.എഫ്-ന്റെ പ്രകടനപത്രികയിൽ താങ്ങുവില 250 രൂപയാക്കുമെന്നാണ് പറഞ്ഞിരുന്നത്. അത് 200 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. ഇടുക്കി പാക്കേജിന് 12,000 കോടി രൂപയാണെന്നാണ് പറഞ്ഞിരുന്നതെങ്കിലും അത് 75 കോടി രൂപയായി കുറച്ചിരിക്കുന്നു. ഇടുക്കി പാക്കേജ് ഫലപ്രദമായി നടപ്പിലാക്കുന്നതിന് തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. വന്യമൃഗങ്ങളുടെ ആക്രമണം ഒഴിവാക്കണമെങ്കിൽ പ്രധാനമായും അവ വനത്തിനുള്ളിൽത്തന്നെ കഴിയുന്നതിനാവശ്യമായ വെള്ളവും ആഹാരമുണ്ടാകണം. തടയണകൾ നിർമ്മിച്ചാൽ വേനൽക്കാലത്ത് മൃഗങ്ങൾ

നാട്ടിലേയ്ക്ക് ഇറങ്ങിവരികയില്ല. ഈറ്റയും വെള്ളവുമുണ്ടെങ്കിൽ ആന അവിടെത്തന്നെനിൽക്കും. കുരങ്ങിനെ വനത്തിനുള്ളിൽത്തന്നെ നിർത്താൻ പ്ലാവ് പോലുള്ള ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നത് ഉചിതമാണ്. അത്തരത്തിലൊരു പദ്ധതി വനം വകുപ്പ് ഏറ്റെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇടുക്കിയിലെ മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം 1964-ലെയും 1993-ലെയും കേരള ഭൂപതിവ് ചട്ടങ്ങളിലെ വ്യവസ്ഥകളാണ്. ഹൈക്കോടതി ഇടപെട്ട ഒരു വിഷയമാണിത്. കൃഷി ചെയ്യാനും വീട് വയ്ക്കാനും മാത്രമേ ഈ പട്ടയം ഉപയോഗിക്കാവൂവെന്ന വ്യവസ്ഥ മാറ്റണം. വ്യവസ്ഥ മാറ്റണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ഏകദേശം തീരുമാനമായതാണ്. മാർച്ച് 14-ാം തീയതി റവന്യൂ വകുപ്പുമന്ത്രിയുടെ മറുപടിയിൽ ഭൂപതിവ് ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് ചീഫ് സെക്രട്ടറിയെയും നിയമവകുപ്പ് സെക്രട്ടറിയെയും അഡ്വക്കേറ്റ് ജനറലിനെയും ചുമതലപ്പെടുത്തിയതായി പറഞ്ഞിട്ടുണ്ട്. കർഷകരുടെ അടിസ്ഥാന വിഷയങ്ങൾ നിലനിൽക്കുമ്പോൾ കേരളാ ബാങ്ക് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളും മറ്റ് ബാങ്കുകളും വൻതോതിൽ ജപ്തി നോട്ടീസ് അയച്ചുകൊണ്ടിരിക്കുകയാണ്. സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഒരു വർഷത്തേയ്ക്കെങ്കിലും മൊറട്ടോറിയം

ഏർപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ പിഴപ്പലിശ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം. കർഷകർക്ക് ബുദ്ധിമുട്ടുണ്ടാകുന്ന ഇത്തരം വിഷയങ്ങളിൽ ധനകാര്യ വകുപ്പ് അടിയന്തരമായി ഇടപെട്ട് പരിഹാരനടപടി സ്വീകരിക്കണം. സംസ്ഥാനത്തെ സാധാരണ ജനങ്ങളെ ബാധിക്കുന്ന ഒട്ടേറെ വിഷയങ്ങൾ സംബന്ധിച്ച് പല അംഗങ്ങളും സൂചിപ്പിച്ചു. യുക്രൈനിൽനിന്ന് നാട്ടിൽ തിരിച്ചെത്തിയ വിദ്യാർത്ഥികളുടെ തുടർപഠനം ഉറപ്പാക്കണം. തുടർപഠനം നടത്തുന്നതിന് അവരെ സഹായിക്കുന്നതിനുള്ള പദ്ധതി പ്രഖ്യാപിക്കണം. ഓൺലൈൻ പഠനത്തിന് ഫീസ് അടയ്ക്കണമെന്ന് കമ്മ്യൂണിക്കേഷൻ വന്നിട്ടുണ്ട്. അതുകൊണ്ട് അവരെ സഹായിക്കുന്നതിനുള്ള അടിയന്തര നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. കർഷകരുടെ അടിസ്ഥാന ഭൂനികുതി ഇരട്ടിയാക്കിയ നടപടിയിൽനിന്നും പിന്മാറണം. റബ്ബറിന്റെ സംഭരണവില 200 രൂപയാക്കി പ്രഖ്യാപിക്കണം. എല്ലാ ഉല്പന്നങ്ങൾക്കും മിനിമം താങ്ങുവില പ്രഖ്യാപിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെ

സർവ്വാത്മനാ പിന്തുണയ്ക്കുന്നു. We cannot change the past, but we can change the future എന്നാണ് പറയുന്നത്. നമുക്ക് ഭൂതകാലത്തെ മാറ്റിമറിക്കാനാവില്ല, എന്നാൽ ഭാവിയെ മാറ്റിയെടുക്കാനാവും എന്ന പ്രസിദ്ധമായ പ്രയോഗമുണ്ട്. അടുത്ത കാൽനൂറ്റാണ്ടിൽ കേരളത്തിലെ ജീവിതനിലവാരം വികസിത രാജ്യങ്ങൾക്കൊപ്പമെത്തിക്കണമെന്ന വീക്ഷണം യാഥാർത്ഥ്യമാക്കാനുള്ള സുപ്രധാന കാൽവയ്പുകളാണ് ഈ ബഡ്ജറ്റിലുള്ളതെന്ന് ആമുഖമായി പറയുകയാണ്. നമ്മുടെ മുന്നിലുണ്ടായിരുന്ന വെല്ലുവിളികളെ അനുകൂലമാക്കിയെടുക്കാൻ ഭാവനയോടൊപ്പം അത്യദ്ധ്വാനവും ആവശ്യമാണെന്ന് ഈ ബഡ്ജറ്റ് നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. ഭൂതകാലത്തിൽ അഭിരമിച്ചുകൊണ്ടിരിക്കുന്നവർക്ക് ഈ ബഡ്ജറ്റിന്റെ അന്ത:സത്ത മനസ്സിലാകില്ല. സംസ്ഥാനത്തിന്റെ കാൽനൂറ്റാണ്ടിനുശേഷമുള്ള സാമൂഹ്യജീവിതം എങ്ങനെയാവണമെന്ന കാഴ്ചപ്പാട് ഈ ബഡ്ജറ്റിലുടനീളം നമുക്ക് കാണാൻ സാധിക്കും. യു.ഡി.എഫ്. ഈ ബഡ്ജറ്റിനെ അവരുടെ പരമ്പരാഗത സാമ്പത്തികായുധങ്ങൾ മനസ്സിൽവച്ചുകൊണ്ട് കീറിമുറിക്കാനാണ് നോക്കുന്നത്. യു.ഡി.എഫ്-ന്റെ പരമ്പരാഗത ബഡ്ജറ്റ് സങ്കൽപ്പമെന്താണ്? ഓരോ വർഷത്തെയും വരവുചെലവ് കണക്കുകൾ അവതരിപ്പിക്കുന്ന കണക്കപ്പിള്ളയുടെ

രീതിയോടൊപ്പമാണ് യു.ഡി.എഫ്. ഇപ്പോഴും നിൽക്കുന്നത്. എന്നാൽ, ഇടതുപക്ഷത്തിന്റെ ദീർഘവീക്ഷണ കാഴ്ചപ്പാടുള്ള ധനകാര്യ വകുപ്പുമന്ത്രിമാർ ഉയർന്ന നിലവാരമുള്ള സാമ്പത്തികവിദഗ്ദ്ധരായി നിന്നുകൊണ്ടാണ് ഈ വിഷയങ്ങൾ കൈകാര്യം ചെയ്തിട്ടുള്ളത്. അതുകൊണ്ടുതന്നെയാണ് കേരള ബഡ്ജറ്റ് ശ്രദ്ധേയമാകുന്നത്. 2016-ൽ നോട്ട് നിരോധനം, 2017-ൽ നിപ, 2018-ൽ മഹാപ്രളയം, 2020 മുതൽ കോവിഡ്, 2021-ലെ അതിവൃഷ്ടി തുടങ്ങിയവയെല്ലാം കേരളസമൂഹത്തിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾക്കിടയിലും നിരവധി നേട്ടങ്ങൾ നമുക്ക് കൈവരിക്കാനായിട്ടുണ്ട്. അതെല്ലാം അക്കമിട്ട് പറയണമെങ്കിൽ ഇന്ന് മുഴുവൻ പ്രസംഗിച്ചാലും തീരില്ല. ഇതൊന്നും തിരിച്ചറിയാൻ പ്രതിപക്ഷത്തിന് സാധിച്ചിട്ടില്ല. പക്ഷേ, നീതി ആയോഗിന് തിരിച്ചറിയാൻ സാധിച്ചതിനാലാണ് നീതി ആയോഗിന്റെ ആദ്യത്തെ ബഹുമുഖ ദാരിദ്ര്യ സൂചികാ റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനമായി കേരളം മാറാനുള്ള കാരണം. വിവിധ സംസ്ഥാനങ്ങളിലെ വികസനസൂചികകൾ പരിശോധിച്ച് പ്രസിദ്ധീകരിക്കുന്ന പബ്ലിക് അഫയേഴ്സ് സെന്ററിന്റെ റിപ്പോർട്ടുപ്രകാരം രാജ്യത്ത് ഏറ്റവും മികച്ച ഭരണനിർവ്വഹണം കേരളത്തിലാണ്. ഇതിന് ഒട്ടേറെ ഉദാഹരണങ്ങളുണ്ട്. മികച്ച

പൊതുവിദ്യാഭ്യാസമാണ് സംസ്ഥാനത്തുള്ളത്. ചരിത്രത്തിലാദ്യമായാണ് പൊതുവിദ്യാലയങ്ങളിലേയ്ക്കുള്ള വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടായത്. ഏകദേശം എട്ടര ലക്ഷത്തിലധികം വിദ്യാർത്ഥികളാണ് പണം കൊടുത്ത് പഠിച്ചിരുന്ന അൺ എയ്ഡഡ് സ്കൂളുകളിൽനിന്ന് പൊതുവിദ്യാലയങ്ങളിലേയ്ക്ക് വന്നത്. ഇത് നിശ്ശബ്ദമായ വിദ്യാഭ്യാസ വിപ്ലവമാണ്. ഇത് ഇടതുപക്ഷത്തിന്റെ പരിപാടിയാണ്, നയമാണ്. യുക്രൈൻ-റഷ്യ യുദ്ധത്തെ സംബന്ധിച്ച് നമ്മൾ കഴിഞ്ഞ ദിവസങ്ങളിലെല്ലാം ചർച്ച ചെയ്തതാണ്. നമ്മുടെ നാട്ടിലെ പതിനായിരക്കണക്കിന് കുട്ടികൾ യുക്രൈനിൽ പഠിക്കുന്നുണ്ടെന്ന് നമ്മളെല്ലാം കൂടുതലറിഞ്ഞത് യുക്രൈൻ-റഷ്യ യുദ്ധസമയത്താണ്. സോവിയറ്റ് യൂണിയൻ ആയിരുന്ന കാലത്ത് യുക്രൈൻ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ആരോഗ്യ-വിദ്യാഭ്യാസ മേഖല ശക്തിപ്പെടുകയും ആധുനികവൽക്കരിക്കുകയും ചെയ്യപ്പെട്ടിരുന്നു. യുക്രൈൻ പോലുള്ള രാജ്യങ്ങൾ കമ്മ്യൂണിസ്റ്റ് ഭരണകാലത്ത് നേടിയ വികസനത്തെയാണ് ഇപ്പോഴും മാർക്കറ്റ് ചെയ്യുന്നതെന്ന് നമുക്ക് കാണാൻ സാധിക്കും. ആ മാർക്കറ്റിംഗിന്റെ ഭാഗമായാണ് കൊച്ചു കേരളത്തിൽനിന്നടക്കം ഇപ്പോഴും ആയിരക്കണക്കിന് കുട്ടികൾ അവിടെപ്പോയി വിദ്യാഭ്യാസം ചെയ്തുകൊണ്ടിരിക്കുന്നത്. യുക്രൈൻ യുദ്ധം

ഇപ്പോൾ അന്യരാജ്യത്ത് നടക്കുന്ന യുദ്ധമായി നമുക്ക് കാണാൻ കഴിയുന്നില്ല. പല എം.എൽ.എ-മാരും യുക്രൈനിൽ പഠിക്കുന്ന കുഞ്ഞുങ്ങളുടെ വീടുകളിലേയ്ക്ക് പോകുന്നതും അവരെ ആശ്വസിപ്പിക്കുന്നതും നാം കണ്ടു. നാട്ടിൽ നടന്ന ഒരു സംഭവമായിത്തന്നെ നമ്മളതിനെ കാണുകയാണ്. കുറേയധികം കുട്ടികൾ യുക്രൈനിൽ പഠിക്കുന്നതുകൊണ്ടാണ് നമ്മുടെ നാട്ടിലെ പ്രശ്നംപോലെ തോന്നാൻ കാരണം. മികച്ച പൊതുവിദ്യാഭ്യാസം ഇടതുപക്ഷത്തിന്റെ എല്ലാക്കാലത്തെയും നയവും പരിപാടിയുമാണെന്നതിന്റെ സാധൂകരണംകൂടിയാണ് യുക്രൈനിൽ അത്രയധികം കുഞ്ഞുങ്ങൾ പഠിക്കുന്നുവെന്നത് സൂചിപ്പിക്കുന്നത്. അവിടത്തെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് നമ്മൾ ചർച്ച ചെയ്തു. നമ്മുടെ വിദ്യാലയങ്ങൾ ഇന്ന് കെട്ടിലും മട്ടിലും മാറി. എതിർക്കാൻവേണ്ടി പറഞ്ഞാലും ഇക്കാര്യം പ്രതിപക്ഷാംഗങ്ങൾക്കുമറിയാം. എല്ലാ അർത്ഥത്തിലും പഴയ സ്കൂൾ കെട്ടിടങ്ങളാണോ ഇപ്പോഴുള്ളത്? ഓരോ എം.എൽ.എ-യും അവർക്ക് ലഭിക്കുന്ന ഫണ്ടുപയോഗപ്പെടുത്തി എത്ര ഭംഗിയായിട്ടാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. നടക്കാവ് ഗേൾസ് സ്കൂൾ മോഡലൊക്കെ ഉദാഹരണങ്ങളാണ്. അതുപോലെതന്നെയാണ് ആരോഗ്യ മേഖലയിലെ നേട്ടങ്ങളും. എൽ.ഡി.എഫ്. ഗവൺമെന്റ് ആർദ്രം മിഷന് രൂപംനൽകി.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ അവസ്ഥയെന്തായിരുന്നുവെന്ന് നമുക്കറിയാം. അവ എങ്ങനെയാണ് ഫാമിലി ഹെൽത്ത് സെന്ററുകളായി മാറിയതെന്നും ആവശ്യത്തിന് ഡോക്ടർമാരുടെ സേവനവും മരുന്നുകളുടെ ലഭ്യതയും ഉറപ്പുവരുത്താൻ കഴിഞ്ഞുവെന്നതും എല്ലാവർക്കും ബോദ്ധ്യമുള്ളതാണ്. ഗുരുതര രോഗങ്ങൾക്ക് മെഡിക്കൽ കോളേജിലേയ്ക്ക് പോകാമെന്ന സ്ഥിതിയുണ്ടായി. അങ്ങനെയൊരു പൊതുജനാരോഗ്യനയം രൂപപ്പെടുത്തിയെടുക്കാനും ഈ പ്രതിസന്ധികൾക്കിടയിലും നമുക്ക് കഴിഞ്ഞിട്ടുണ്ട്. അടിസ്ഥാനസൗകര്യങ്ങളുടെ കാര്യത്തിലും മികച്ച പുരോഗതിയാണ് കൈവരിച്ചിട്ടുള്ളത്. പുതിയ കാലം-പുതിയ നിർമ്മാണം എന്നത് അക്ഷരാർത്ഥത്തിൽ സാധിച്ചു എന്നുള്ളതാണ്. റോഡുകൾക്കും കെട്ടിടങ്ങൾക്കും പുതിയമുഖം കൈവന്നു. അടിസ്ഥാനസൗകര്യ വികസനത്തിൽ സ്ഥായിയായ പരിവർത്തനമുണ്ടാക്കിയെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പ്രാദേശിക സർക്കാരുകളുടെ ശാക്തീകരണം ഇടതുപക്ഷത്തിന്റെ വ്യക്തമായ നയമാണ്. പ്രാദേശിക സർക്കാരുകളുടെ ശാക്തീകരണത്തിലൂടെ നിരവധി പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. കൃഷി, വ്യവസായം, വിവരസാങ്കേതികവിദ്യ, വിനോദസഞ്ചാരം തുടങ്ങി സമസ്തമേഖലകളിലും ഊന്നൽ നൽകാൻ നമുക്ക്

കഴിഞ്ഞിരിക്കുന്നു. സാമൂഹ്യസുരക്ഷയുടെയും സ്ത്രീശാക്തീകരണത്തിന്റെയും മെച്ചപ്പെടുത്തൽപോലുള്ള കാര്യങ്ങളിൽ പതിറ്റാണ്ടുകൾക്കിടയിലെ സമഗ്രമായ മാറ്റം കൊണ്ടുവരാനും കഴിഞ്ഞിരിക്കുന്നു. ഈ ബഡ്ജറ്റിലൂടെ അതിന്റെയെല്ലാം തുടർച്ച കാണാൻ കഴിയുന്നുണ്ട്. കേവലമായ ഒരു സമ്പദ്ഘടന എങ്ങനെ വളർച്ച കൈവരിക്കണമെന്നല്ല ഈ ബഡ്ജറ്റിലൂടെ പറഞ്ഞത്; സമ്പദ്ഘടന സമഗ്രമായ വളർച്ച കൈവരിക്കണമെന്ന കാഴ്ചപ്പാടാണ് ബഡ്ജറ്റ് മുന്നോട്ടുവയ്ക്കുന്നത്. ഏറെ ശ്രദ്ധേയമായ നിർദ്ദേശങ്ങൾ ഉന്നതവിദ്യാഭ്യാസ രംഗത്തുമുണ്ട്. ഉന്നതവിദ്യാഭ്യാസ രംഗത്തെ ഗുണമേന്മയുള്ളതാക്കാനും ശാസ്ത്ര-സാങ്കേതിക രംഗത്തെ ഗവേഷണം വിപുലപ്പെടുത്തി വിജ്ഞാനമേഖലയെ ഉൽപ്പാദനരംഗവുമായി ബന്ധപ്പെടുത്താനുമുള്ള ശ്രദ്ധേയമായ നിർദ്ദേശവും ഈ ബഡ്ജറ്റിലുണ്ട്. വികസനത്തോടൊപ്പം ക്ഷേമം എന്നതാണ് എന്നും ഇടതുപക്ഷത്തിന്റെ നയം. ഭക്ഷ്യസുരക്ഷയ്ക്കായി 2,000 കോടി രൂപ വകയിരുത്തിയിരിക്കുന്നത് ചെറിയ കാര്യമല്ല. കാർഷിക മേഖലയ്ക്കും മുന്തിയ പ്രാധാന്യം നൽകിയിരിക്കുന്നതായി കാണാം. കേരളം എന്നും ആദരിക്കുന്ന മികച്ച എഴുത്തുകാരനാണ് തകഴി ശിവശങ്കരപ്പിള്ള. അദ്ദേഹം ജനിച്ചുവളർന്ന വീട്ടിൽനിന്ന് ഒരു വളവിനപ്പുറം താമസിക്കാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്.

ഇതൊരു മഹാഭാഗ്യമായി കാണുന്നയാളാണ് ഞാൻ. സമുദ്രനിരപ്പിലും താഴെ സ്ഥിതിചെയ്യുന്ന, മണ്ണിൽ അദ്ധ്വാനിക്കുന്ന, മണ്ണിന്റെ ഗന്ധമുള്ള കർഷകരുടെ നിരവധി കഥകൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്. സ്വന്തം നിലയ്ക്ക് അദ്ദേഹം നല്ലൊരു കർഷകനുമായിരുന്നു. തകഴിയുടെ കൃഷിക്കാരനോ തകഴി വിതച്ച പാടങ്ങളോ ഇന്നില്ല. കാരണം, കാലാവസ്ഥയും ഘടനയും മാറി, കാർഷികരംഗംതന്നെ മാറിയിരിക്കുന്നു. നമ്മൾ കൊയ്ത വയലുകൾ നമ്മുടേതായ കാലഘട്ടം സൃഷ്ടിക്കാനും ഇടതുപക്ഷത്തിന് കഴിഞ്ഞിരിക്കുന്നു. ഈ മാറ്റമാണ് ബഡ്ജറ്റിലും പ്രതിഫലിക്കുന്നത്. പരമ്പരാഗത കാർഷിക വിഭവങ്ങളുടെ വിപണിയിൽനിന്ന് വികസിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലേയ്ക്ക് നൂതന സാങ്കേതികവിദ്യ ഉപയോഗിക്കുന്നത് ഉൾപ്പെടെ കർഷകന്റെ വരുമാനം വർദ്ധിപ്പിക്കാനുള്ള ബദൽമാർഗ്ഗവും ഈ ബഡ്ജറ്റ് വിഭാവന ചെയ്യുന്നതായി കാണാം. ഇത് മാറിയ കാലത്തിന്റെ ബഡ്ജറ്റാണ്. ഈ ബഡ്ജറ്റിൽ ഒരുപാട് പുതിയ ടേമുകളുണ്ട്. പതിനഞ്ച് വർഷം മുമ്പത്തെ ബഡ്ജറ്റ് പരിശോധിക്കുമ്പോൾ ഇത്തരത്തിലുള്ള ടേമുകളൊന്നും കാണാൻ കഴിയില്ല. ഈ ബഡ്ജറ്റിലെ പല ടേമുകളും ഇക്കാലത്തെ അഡ്രസ് ചെയ്യുന്നതാണെന്ന് കാണാൻ കഴിയും. വികസനവും ക്ഷേമവും മാത്രമല്ല ഇടതുപക്ഷത്തിന്റെ ലക്ഷ്യം. സാംസ്കാരികപ്രവർത്തനത്തിന്റെയും രാഷ്ട്രീയ

പ്രവർത്തനത്തിന്റെയും ഭാഗമായിട്ടാണ് ഈ ബഡ്ജറ്റിനെ കാണുന്നത്. ലോകസമാധാനത്തിനുവേണ്ടി സംസാരിക്കാൻ കേരളത്തിന് സാധിക്കില്ലെന്നെല്ലാം ഇവിടെ ആക്ഷേപിക്കുന്നത് കേട്ടു. നിങ്ങളെയോർക്കുമ്പോൾ എനിക്ക് സഹതാപം മാത്രമേയുള്ളൂ. ഈ ബഡ്ജറ്റിന്റെ 3-ാമത്തെ പേജിൽ ലോകസമാധാന പ്രവർത്തനങ്ങൾക്കായി 2 കോടി രൂപ നീക്കിവയ്ക്കുന്ന പ്രഖ്യാപനമുണ്ട്. അത്യന്തം ആഹ്ലാദത്തോടെയാണ് ഈ പ്രഖ്യാപനത്തെ നോക്കിക്കാണുന്നത്. റോഡും കെട്ടിടവും പാലവും മറ്റ് നിർമ്മിതികളും മാത്രമല്ല, നവോത്ഥാന നിർമ്മിതികളുടെ ഓർമ്മപ്പെടുത്തലുംകൂടി ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ കാണാൻ സാധിക്കും. കഴിഞ്ഞ അഞ്ചുവർഷമുണ്ടായിരുന്ന പല എം.എൽ.എ-മാരും ഇപ്പോഴിവിടെയുണ്ട്. കേവല വികസനപ്രവർത്തനങ്ങളിലൂടെ മാത്രമാണോ ഒന്നാം പിണറായി വിജയൻ സർക്കാർ മുന്നോട്ടുപോയത്? അല്ലെന്ന് എടുത്തുപറയാൻ കഴിയും. ഡോ. എം. കെ. മുനീറൊക്കെ ഓർക്കുന്നുണ്ടെന്ന് ഞാൻ വിശ്വസിക്കുകയാണ്. എല്ലാ ജില്ലകളിലും എല്ലാ നിയോജകമണ്ഡലങ്ങളിലും ഈ ഗവൺമെന്റ് ഉച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ട് 'നമുക്ക് ജാതിയില്ല' വിളംബരത്തിന്റെ വാർഷിക പരിപാടികൾ ഭംഗിയായി നടത്തുകയുണ്ടായി. ഈ ഗവൺമെന്റ്

ക്ഷേത്രങ്ങളിലേയ്ക്ക് ദളിത് വിഭാഗത്തിൽനിന്ന് പൂജാരിമാരെ നിയമിച്ചു. സ്വാമി വിവേകാനന്ദന്റെ കേരളസന്ദർശനത്തിന്റെ വാർഷികം ഓർമ്മപ്പെടുത്തി ഈ ഗവൺമെന്റ് എല്ലാ ജില്ലകളിലും പരിപാടികൾ സംഘടിപ്പിച്ചു. മഹാത്മാ ഗാന്ധിയെ കോൺഗ്രസ് മറന്നെങ്കിലും ഇടതുപക്ഷ ഗവൺമെന്റ് ഗാന്ധി രക്ഷസാക്ഷിത്വത്തിന് ദിവസങ്ങളോളം പരിപാടികൾ നടത്തി ജനങ്ങളെ ഓർമ്മപ്പെടുത്തി. ശ്രീനാരായണഗുരുവിന്റെ പേരിൽ ഒരു സർവ്വകലാശാലതന്നെ ഈ ഗവൺമെന്റ് സ്ഥാപിച്ചു. ഇതൊന്നും പ്രതിപക്ഷം കാണുന്നതേയില്ല. പ്രതിപക്ഷത്തെ നമുക്ക് ഒരിക്കലും ഉണർത്താൻ പറ്റില്ല; കാരണം, അവർ ഉറക്കംനടിച്ചിരിക്കുകയാണ്. ഉറങ്ങുന്നവരായിരുന്നെങ്കിൽ തട്ടിവിളിക്കാമായിരുന്നു. കേരള ഗവൺമെന്റ് എങ്ങനെയാണ് ഇന്ത്യയിൽ വ്യത്യസ്തമാകുന്നതെന്ന് ഉറക്കംനടിച്ചുകൊണ്ടിരിക്കുന്ന പ്രതിപക്ഷം കാണണം. ഇന്നലെ സിൽവർ ലൈൻ പദ്ധതിക്കെതിരെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉയർത്തിയ പ്രധാന വിമർശനം ഞാനിവിടെ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ഇതൊരു വൻകിട പദ്ധതിയാണെന്നും വൻകിട പദ്ധതിക്ക് ഊന്നൽനൽകുന്നത് ഇടതുപക്ഷ സമീപനത്തിന് വിരുദ്ധമാണെന്നുമാണ് അദ്ദേഹം പറയുന്നത്. പക്ഷേ, സമൂഹത്തിന്റെ അടിത്തട്ടിലുള്ള പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് സ്ഥായിയായ വികസനം

സൃഷ്ടിക്കുക എന്നുള്ളതാണ് ഇടതുപക്ഷത്തിന്റെ ഊന്നലെന്നതാണ് കഴിഞ്ഞകാലത്തെ അനുഭവങ്ങൾ. വീട് കൊടുത്തതും വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിൽ നടത്തിയ പരിഷ്കാരങ്ങളും സ്ത്രീശാക്തീകരണത്തിനായി നടത്തിയ പുതിയ പ്രവർത്തനങ്ങളുമൊന്നും വിശദീകരിച്ച് സമയം പാഴാക്കുന്നില്ല. യേശു ക്രിസ്തു സൂചിതകഥകൾ പറഞ്ഞിട്ടുണ്ട്, അവ മനോഹരമാണ്, കവിതപോലെയാണ്. അതിൽ ഒരു കഥ ഇങ്ങനെയാണ്, 'കലപ്പയിൽ കൈവച്ചുകൊണ്ട് പിന്തിരിഞ്ഞുനോക്കുന്ന ഒരുവനും ദൈവരാജ്യത്തിന് യോഗ്യതയില്ല' എന്നാണ്. ഭൂതകാലത്തേയ്ക്ക് നോക്കി നിൽക്കുന്നവർക്ക് വർത്തമാനകാലം അനുയോജ്യമാകില്ല. കോൺഗ്രസ്സിന്റെ ഭൂതകാലപ്രതാപം നോക്കിനിൽക്കുന്നത് വെറുതെയാണെന്ന് സൂചിതകഥകളിലൂടെ കടന്നുപോകുമ്പോൾ നമുക്ക് തോന്നും. അഞ്ച് സംസ്ഥാനങ്ങളിൽ നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ് അടപടലം തോറ്റു. നിങ്ങൾ അധികാരത്തിൽ വന്നില്ല എന്ന സത്യം ഞങ്ങൾ പറഞ്ഞപ്പോൾ അവിടെയുള്ള ചിലർ പറയുന്നത് കേട്ടു, കമ്മ്യൂണിസ്റ്റുകാർ എവിടെയാണ് അധികാരത്തിലുള്ളതെന്ന്. കമ്മ്യൂണിസ്റ്റുകാരുടെ ലക്ഷ്യം ആത്യന്തികമായി അധികാര രാഷ്ട്രീയത്തിലേയ്ക്ക് വരിക എന്നുള്ളതല്ല. അടുത്തിടെ അന്തരിച്ച ലോകപ്രശസ്ത മാർക്സിസ്റ്റ് ചിന്തകനായ ഐജാസ് അഹമ്മദിന്റെ ഒരു വാചകം

അതിന് മറുപടിയായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. 'ആപത്കരമായ പ്രത്യയശാസ്ത്രമാണ് ആർ.എസ്.എസ്-ന്റേത്. എന്നാൽ ആ പ്രത്യയശാസ്ത്രത്തിന് പിന്നിൽ ജനങ്ങളെ അണിനിരത്താൻ കൗശലപൂർണ്ണമായി പ്രവർത്തിക്കുന്ന സംഘടനാ സംവിധാനമൊരുക്കാൻ ആർ.എസ്.എസ്-ന് കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് ശരിയാണ്' എന്ന് അദ്ദേഹം പറയുന്നുണ്ട്. 'അതേസമയം ശരിയും ശാസ്ത്രീയവുമായ വീക്ഷണമുള്ളവർക്ക് അതിനുവേണ്ടി കഴിയുന്നില്ല', അതാണ് നമ്മൾ ശ്രദ്ധിക്കേണ്ടത്. വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ ഇടതുപക്ഷം എവിടെയെന്ന് ചോദിക്കുന്നവർക്കായി ഈ വാചകം ഞാൻ സമർപ്പിക്കുന്നു. ഇടതുപക്ഷത്തിന്റെ ആത്യന്തികലക്ഷ്യം അധികാര രാഷ്ട്രീയമല്ല, ജനകീയ ജനാധിപത്യ വിപ്ലവം സ്ഥാപിച്ച് ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം ഇല്ലാതാക്കുക എന്ന സമീപനമാണ് ഇടതുപക്ഷത്തിന്റെ മനസ്സിലുള്ളത്. ആ പോരാട്ടം തുടരും എന്ന സന്ദേശത്തോടുകൂടിയാണ് ശ്രീ. കെ. എൻ. ബാലഗോപാൽ ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. കഴിഞ്ഞ ദിവസം പ്രധാനപ്പെട്ട ഒരു സ്റ്റേറ്റ്മെന്റ് കാണാനിടയായി. ഒരുപക്ഷേ, കോൺഗ്രസ്സിനകത്ത് ഒരു ശുദ്ധീകരണം നടക്കുമെന്ന പ്രതീക്ഷയോടുകൂടിത്തന്നെ ആ പ്രസ്താവന കാണുകയാണ്.

എല്ലാ സാഹിത്യപ്രേമികളുടെയും ഉള്ളിലുള്ള ഒരു പേരാണ് ശ്രീ. ടി. പത്മനാഭൻ. കെ. പി. അപ്പൻ അദ്ദേഹത്തിന്റെ കഥകളെപ്പറ്റി പറഞ്ഞത് "പ്രണയത്തിന്റെ അധരസിന്ദൂരം കൊണ്ടെഴുതിയ കഥ" എന്നാണ്. ഡി.സി.സി. ലൈബ്രറിയുടെ ഉദ്ഘാടനവേളയിൽ കോൺഗ്രസ്സിനെ വിമർശിച്ച് ശ്രീ. ടി. പത്മനാഭൻ പറഞ്ഞത് നിങ്ങളൊക്കെ വായിച്ചുകാണുമെന്ന് ഞാൻ കരുതുകയാണ്. തോൽവികളിലും പഠിക്കാതെ അധികാരവും പദവികളും വിടാത്ത കോൺഗ്രസ്സ് നേതൃത്വത്തിനെതിരെ പരസ്യവിമർശനമാണ് എറണാകുളം ജില്ലാ കോൺഗ്രസ്സ് കമ്മിറ്റി ആഫീസിൽ ആരംഭിച്ച പോൾ പി. മാണി സ്മാരക ഗ്രന്ഥശാല ഉദ്ഘാടനം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞത്. 43-ാം വയസ്സിൽ ഖദർ ധരിച്ചുതുടങ്ങിയതാണ് താനെന്നും 93-ാം വയസ്സിലും തുടരുന്നുവെന്നും മരിച്ചാൽ ത്രിവർണ്ണപതാക പുതപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു. 'ഡൽഹിയിൽ നേതാക്കളാരെങ്കിലും രാജിവച്ചോ എന്നാണ് കേരളത്തിലെ കോൺഗ്രസ്സിലെ നേതാക്കൾ ഉറ്റുനോക്കുന്നത്. എക്കാലത്തും അട്ടയെപ്പോലെ അള്ളിപ്പിടിച്ചിരിക്കുന്നത് ദാരുണമായ കാര്യമാണ്. മനുഷ്യന് ആർത്തിയുണ്ടാകും, പക്ഷേ, ദുരാർത്തിയും ദുരാശയും മനസ്സിലാകുന്നില്ല' എന്ന് കോൺഗ്രസ്സ് നേതൃത്വത്തെപ്പറ്റിയാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്.

'മരിച്ചുകഴിഞ്ഞാൽ പിന്നെ നമുക്ക് എന്തുണ്ടാകും. നിങ്ങളിൽ ഒരുവനായാണ് ഞാനിത് പറയുന്നത് എന്നാണദ്ദേഹം പറഞ്ഞത്. ഒരാഴ്ച മുൻപ് ശ്രീ. റോബർട്ട് വാദ്ര പറഞ്ഞത് ഞാനും രാഷ്ട്രീയത്തിലിറങ്ങുമെന്നാണ്. കോൺഗ്രസ്സിനെ നന്നാക്കാൻ പാഠംപഠിച്ചുകൊണ്ട് പാഠപുസ്തകം തുറന്നുകൊണ്ടിരിക്കുന്ന ശ്രീ. രാഹുൽ ഗാന്ധി നിരാശനായെന്നാണ് കേൾക്കുന്നത്. ഇനിയെങ്കിലും കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി നടത്തുന്ന വികസന ക്ഷേമപ്രവർത്തനം നിങ്ങൾ അംഗീകരിച്ചില്ലെങ്കിലും ഭാവിയിലേയ്ക്ക് 25 വർഷക്കാലം മുന്നിൽകണ്ടുകൊണ്ട് അവതരിപ്പിച്ച ബഡ്ജറ്റാണിതെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. ഈ സഭ പ്രസാദപൂർണ്ണമായ മുഖത്തോടെയും തികഞ്ഞ ആത്മവിശ്വാസത്തോടെയുമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസംഗം ശ്രവിച്ചതും തുടർന്ന് ബഹുമാനപ്പെട്ട അംഗങ്ങളുടെ പ്രസംഗങ്ങൾ ശ്രവിച്ചുകൊണ്ടിരിക്കുന്നതും. ആത്മസംതൃപ്തിയോടെയുള്ള ഈ അന്തരീക്ഷത്തിൽ പുനലൂർ ബാലന്റെ 'ഇരുട്ടിൽ പൊതിഞ്ഞ തിരിനാളം' എന്ന കവിതയിലെ ഒരു വരി ഓർത്തുപോകുന്നു, 'എല്ലാം നശിച്ചുപോയിട്ടില്ല

പോകില്ല,.....' എന്ന് കവി പറഞ്ഞതുപോലെ ഈ ബഡ്ജറ്റും പുതിയ ഭാവിയുടെ ജൈവപ്രഭാവമാണ്. 2016 മുതൽ 2021 വരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ സർക്കാരിൽ അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, പൊതുമരാമത്ത് വകുപ്പുമന്ത്രി, ആരോഗ്യ വകുപ്പുമന്ത്രി തുടങ്ങിയവർ നടത്തിയ ക്രിയാത്മകമായ ജനക്ഷേമപ്രവർത്തനങ്ങളാണ് പ്രളയവും കോവിഡും സൃഷ്ടിച്ച ദുരന്തത്തെയും ദുരിതത്തെയും തരണംചെയ്യാനും സമത്വസുന്ദര ലോകത്തെ സൃഷ്ടിക്കാനുമുള്ള കരുത്ത് നൽകിയത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണനേട്ടമാണ് തുടർഭരണത്തിന് വഴിയൊരുക്കിയതെന്നത് പകൽവെളിച്ചംപോലെ സത്യമാണ്. പ്രളയവും കോവിഡും സൃഷ്ടിച്ച പ്രതിബന്ധങ്ങളെയും പ്രതിസന്ധികളെയും തരണം ചെയ്ത് മുന്നോട്ടുപോകാനുള്ള കരുത്തും ആർജ്ജവവുമുള്ള സർക്കാരാണ് ഇന്ന് കേരളം ഭരിച്ചുകൊണ്ടിരിക്കുന്നതെന്നത് എല്ലാവർക്കും അറിയാവുന്നതാണ്. ഒരു വർഷത്തിനുള്ളിൽ എണ്ണിയാലൊടുങ്ങാത്ത നിരവധി പദ്ധതികളും ജനക്ഷേമ പ്രവർത്തനങ്ങളും ഇച്ഛാശക്തിയോടെ നടപ്പിലാക്കുന്ന പിണറായി വിജയൻ സർക്കാരിന്റെ ആസൂത്രണം കണ്ടറിഞ്ഞും കേട്ടറിഞ്ഞുമുള്ള സംതൃപ്തിയും സന്തോഷവും എല്ലാ ജനങ്ങൾക്കുമുണ്ട്. ഈ ബഡ്ജറ്റ് ഇതിനുള്ള മികച്ച

ഉദാഹരണവും രൂപരേഖയുമാണ്. നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി സർക്കാർ മുന്നോട്ടുപോകുമ്പോൾ മുടന്തൻ ന്യായങ്ങൾ നിരത്തി ബൃഹത്തായതും മഹത്തായതും ദീർഘവീക്ഷണവുമുള്ള പലതിനെയും തടസ്സപ്പെടുത്തുന്നു. ഇതിന് ആരാണുത്തരവാദികളെന്ന് നാം തിരിച്ചറിയണം. ചടുലവും ചലനാത്മകവുമായി ഇവ പൂർത്തീകരിക്കാനാവശ്യമായ ശക്തമായ ഇടപെടൽ വകുപ്പുമന്ത്രിമാരിൽനിന്നും വകുപ്പ് മേലദ്ധ്യക്ഷന്മാരുടെ ഭാഗത്തുനിന്നുമുണ്ടാകണം. എന്നാൽ വകുപ്പുകളുടെ ഏകോപനമില്ലായ്മയും ജില്ലാതല വകുപ്പുമേധാവികളുടെ തന്നിഷ്ടവും ദോഷകരമായി ബാധിക്കുന്നുണ്ട്. അതിൽ ബഹുമാന്യരായ മന്ത്രിമാരും സർക്കാരും ഇടപെടണം. രാജ്യത്തെ ഓരോ പൗരനും ദാരിദ്ര്യത്തിൽ മുന്നേറിക്കൊണ്ടിരിക്കുന്ന ഇന്ത്യയുടെ ദയനീയാവസ്ഥയിൽ മുഖംതാഴ്ത്തുകയാണ്. വികലമായ നയങ്ങളും കോർപ്പറേറ്റുകളോടുള്ള കേന്ദ്ര സർക്കാരിന്റെ പ്രണയവുമാണ് ഇതിന് കാരണം. ഇന്ത്യ ദാരിദ്ര്യത്തിൽ മുന്നേറുമ്പോൾ ഇതിനുള്ള പരിഹാരമാർഗ്ഗം സോഷ്യലിസ്റ്റ് കാഴ്ചപ്പാടാണ്. സോഷ്യലിസ്റ്റ് ആശയങ്ങളുടെ പ്രസക്തി വർദ്ധിക്കുകയാണ്. പോസ്റ്റ് കോവിഡ് കാലഘട്ടം ലോകം കൂടുതൽ കരുതലോടെ കാണേണ്ടിയിരിക്കുന്നു. കോവിഡിനുശേഷമുള്ള ആരോഗ്യപരമായ ദുരിതങ്ങളെയും ബുദ്ധിമുട്ടുകളെയും തരണംചെയ്യുന്നതിന്

ആരോഗ്യരംഗത്ത് പുതിയ സംവിധാനം സാർവ്വത്രികമായി നടപ്പിലാക്കണം. വിലക്കയറ്റം നിയന്ത്രിക്കാനും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താനും 2,000 കോടി രൂപ വകവരുത്തിയ ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റിനെ മുക്തകണ്ഠം പ്രശംസിക്കുന്നു. ഭക്ഷ്യസുരക്ഷപോലെ പ്രധാനപ്പെട്ടതാണ് ആരോഗ്യസുരക്ഷ നൽകുന്ന ഭക്ഷണവും. എന്നാൽ, ലാഭക്കണ്ണോട്ടുകൂടി അമിത കീടനാശിനികളുടെയും രാസവളങ്ങളുടെയും പ്രയോഗം സംസ്ഥാനത്തെ കൃഷിഭൂമിയെ വിഷഭൂമിയാക്കി മാറ്റുകയാണ്. ബഡ്ജറ്റിൽ സൂചിപ്പിച്ചതുപോലെ മഞ്ഞൾപ്പൊടിക്ക് പകരം മഞ്ഞപ്പൊടി പോലെ ജൈവപച്ചക്കറി എന്ന ലേബലിൽ ജനം വഞ്ചിതരാകുന്നുണ്ട്. കീടനാശിനിയും രാസവളങ്ങളും ചേർന്ന തദ്ദേശീയ കാർഷിക വിഭവങ്ങളാണ് ഇന്ന് ജൈവ കാർഷിക വിഭവങ്ങൾ എന്ന നിലയിൽ വിൽപ്പന നടത്തി പൊതുജനത്തെ ചൂഷണം ചെയ്യുന്നത്. ഇത് പരിശോധിക്കാനും പരിഹരിക്കാനുമാവശ്യമായ ലാബ് അടക്കമുള്ള സംവിധാനം സുലഭമായി ഏർപ്പെടുത്താനുള്ള നടപടിയുണ്ടാകണം. ഞാൻ മൂല്യവർദ്ധിത കാർഷിക മിഷനെ സ്വാഗതം ചെയ്യുന്നു. നമ്മെ വിട്ടുപിരിഞ്ഞുപോയ കാർഷിക ശാസ്ത്രജ്ഞൻ ഡോ. ആർ. ഹേലി പറഞ്ഞ ഒരു വാക്ക് ഓർക്കുകയാണ്. കാർഷിക അദ്ധ്വാനം + ചെലവ് + ഉൽപ്പാദനം + വരവ് = നഷ്ടം. നഷ്ടമാണ്

കൃഷിഭൂമിയിൽനിന്നും കർഷകൻ ഒഴിഞ്ഞുപോകാനും കാർഷികമേഖല തകരാനുമിടയായത്. കർഷകന് ലാഭകരമാക്കി കാർഷികമേഖലയെ മാറ്റാൻ കഴിയണം. നൂതന കാർഷിക യന്ത്രങ്ങളും കാർഷിക സമ്പ്രദായങ്ങളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും കാർഷികോൽപ്പന്നങ്ങൾക്ക് മതിയായ വിലയും ആവശ്യമായ വിപണിയും കാർഷികമേഖലയിൽ നടപ്പിലാക്കാൻ സാധിക്കണം. ഇന്ന് കൃഷിയിടങ്ങളിൽ പോയി ജോലി ചെയ്യാൻ സാധിക്കാത്ത ന്യൂ ജനറേഷനാണുള്ളത്. പക്ഷേ, അതിനുപകരം യന്ത്രവൽക്കരണം നടപ്പിലാക്കണം. KAMCO (Kerala Agro Machinery Corporation Ltd.) ഇതിനുദാഹരണമാണ്. ലോകത്തുതന്നെ പ്രശസ്തിയാർജ്ജിച്ചതാണ് KAMCO ഫാക്ടറി. നൂതനമായ കാർഷിക യന്ത്രങ്ങളുടെ ഉൽപ്പാദനത്തിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ വലിയവെളിച്ചം വ്യവസായ കേന്ദ്രത്തിൽ ആരംഭിച്ച KAMCO യൂണിറ്റിൽ യംഗ് ജനറേഷൻ പവർ ടില്ലറടക്കം ഉൽപ്പാദിപ്പിക്കാനുള്ള നടപടി സ്വീകരിച്ചു. പക്ഷേ, ഇപ്പോഴും അതേ സ്ഥിതിയിൽത്തന്നെയാണുള്ളത്. കൂടുതൽ ഉൽപ്പാദനം നടക്കുന്നില്ല. കാർഷികമേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തി മുന്നോട്ടുപോകാൻ സാധിക്കണം. നൂതന കാർഷിക യന്ത്രങ്ങളിലും

കാർഷിക സമ്പ്രദായങ്ങളിലും പരിശീലനം നൽകുന്നതിനുവേണ്ടി തുടങ്ങിവച്ച ബയോ റിസോഴ്സ് സെന്റർ ഇന്നും പൂർണ്ണലക്ഷ്യത്തിലെത്തിയിട്ടില്ല. ചെറുപ്പക്കാർക്ക് കൃഷി എങ്ങനെ ചെയ്യണമെന്നതിനെക്കുറിച്ചുള്ള ബാലപാഠം പറഞ്ഞുകൊടുക്കാൻ വേണ്ടിയുള്ളതായിരുന്നു അത്. Bio Resource Cum Agro Service Centre എന്ന പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ നടപടി സ്വീകരിക്കണം. ഗുണമേന്മയുള്ള നടീൽവസ്തുക്കളും വിത്തുകളും വളങ്ങളും യഥാസമയം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. തൊഴിൽ മേഖലയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഈ ബഡ്ജറ്റിൽ സവിസ്തരം രേഖപ്പെടുത്തിയതിൽ ഞാൻ സന്തോഷിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിൽ നവോദയ കുന്നിനോട് ചേർന്ന് കിൻഫ്ര 506 ഏക്കർ സ്ഥലമേറ്റെടുക്കുന്നു. ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീമതി കെ. കെ. ശൈലജ ടീച്ചർ തുടങ്ങിവച്ച നടപടി ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ല. കിൻഫ്ര ഏറ്റെടുക്കുന്ന ഭൂമിയിൽ യുവതലമുറയ്ക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്ന പ്രായോഗിക ശാസ്ത്ര ഗവേഷണ കേന്ദ്രങ്ങളും ഫുഡ് പാർക്കുമുൾപ്പെടെ സ്ഥാപിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. ഫുഡ് പാർക്ക് കിൻഫ്ര കേന്ദ്രത്തിൽ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടും

കൃഷി വകുപ്പുമന്ത്രിയോടും അഭ്യർത്ഥിക്കുകയാണ്. പഴവർഗ്ഗങ്ങളിൽനിന്നും വീര്യംകുറഞ്ഞ മദ്യം ഉൽപ്പാദിപ്പിക്കുവാനുള്ള നടപടിയെ ഈ ബഡ്ജറ്റ് പ്രോൽസാഹിപ്പിക്കുന്നുണ്ട്. നമ്മുടെ നാട്ടിൽ, പ്രത്യേകിച്ച് കണ്ണൂർ ജില്ലയിൽ കശുമാങ്ങയിൽനിന്ന് ഉൽപ്പാദിപ്പിക്കുന്ന മദ്യം നിയമവിരുദ്ധമാണെങ്കിലും അത് ആഗോള പ്രശസ്തമാണ്. കോടിക്കണക്കിന് ടൺ കശുമാങ്ങയാണ് ഓരോ വർഷവും കണ്ണൂരിൽ നശിച്ചുപോകുന്നത്. അതുശേഖരിച്ച് നിയമാനുസരണം വീര്യം കുറഞ്ഞ മദ്യം ഉൽപ്പാദിപ്പിച്ചാൽ നല്ല വിലയ്ക്ക് വിൽക്കാൻ സാധിക്കും. അതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. കാർഷികമേഖലയിൽ തൊഴിൽസേന രൂപീകരിക്കുമെന്ന നിർദ്ദേശത്തെ സ്വാഗതം ചെയ്യുന്നു. കുടപ്പനക്കുന്നിൽ മാതൃകാപരമായ പ്രവർത്തനമാണ് എട്ടുവർഷങ്ങൾക്കുമുമ്പ് നടത്തിയത്. സംസ്ഥാനത്ത് കാർഷിക കർമ്മസേന ആരംഭിക്കാനും തൊഴിൽരഹിതർക്ക് വരുമാനലഭ്യതയ്ക്കുള്ള അവസരവും ഒരുക്കിയിരുന്നു. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കുടുംബശ്രീ യൂണിറ്റുകൾക്ക് തൊഴിൽസേന രൂപീകരിച്ച് അമ്പത് ശതമാനം സബ്സിഡിയോടെ യന്ത്രസാമഗ്രികൾ വാങ്ങാൻ അവസരമൊരുക്കേണ്ടതുണ്ട്. മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിന് ഊന്നൽ നൽകിയിരിക്കുകയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ബഡ്ജറ്റ്

പ്രസംഗത്തിൽ പറഞ്ഞു. മുതിർന്ന പൗരന്മാർക്ക് മസ്റ്ററിംഗിനായി ട്രഷറികൾ സന്ദർശിക്കേണ്ടി വരുന്നതുമൂലമുണ്ടാകുന്ന പ്രയാസം ഒഴിവാക്കുന്നതിന് വാതിൽപ്പടി സേവനം ട്രഷറി വകുപ്പിൽ നടപ്പിലാക്കുന്നതിന്റെ ആദ്യപടിയായി എൺപത് വയസ്സ് കഴിഞ്ഞ പെൻഷൻകാരുടെ ലൈഫ് മസ്റ്ററിംഗ് വീട്ടുപടിക്കൽ എത്തിക്കാനുള്ള ബഡ്ജറ്റ് നിർദ്ദേശത്തിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. മുതിർന്ന പൗരന്മാരുടെ സംരക്ഷണംപോലെ പുതുതലമുറയുടെ കരുതലും നമുക്ക് അനിവാര്യമാണ്. മയക്കുമരുന്നിനെതിരെ 'ഉണർവ് പദ്ധതി' എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നുവെന്ന പ്രഖ്യാപനത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററെയും അഭിനന്ദിക്കുകയാണ്. സംസ്ഥാനത്ത് ഭിന്നശേഷിക്കാരെയും അവരുടെ കുടുംബാംഗങ്ങളെയും പരിരക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. 'ആശ്വാസകിരണം' പോലെയുള്ള ഉപകാരപ്രദമായ പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് ഇടപെടലുണ്ടാകണം. ഇതിന് പല സംഘടനകളും എം.എൽ.എ-മാർക്കും മന്ത്രിമാർക്കും നൽകിയ നിവേദനം പരിഗണിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. കടുത്ത പ്രതിസന്ധികൾക്കിടയിലും അടിയന്തരവും അനിവാര്യവുമായ ആവശ്യങ്ങൾക്കുനേരെ അലംഭാവമില്ലാതെ മുന്നേറാൻ

കഴിഞ്ഞുവെന്നുള്ളതാണ് പിണറായി സർക്കാരിന്റെ നേട്ടവും മുഖമുദ്രയും. അതിന്റെ നേർക്കാഴ്ചയാണ് ഈ ബഡ്ജറ്റ്. പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ ഉൾപ്പെടുത്താത്തതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിതന്നെ സൂചിപ്പിച്ചിട്ടുണ്ട്. പ്രവൃത്തികൾ കാര്യക്ഷമമായും സമയബന്ധിതമായും പൂർത്തീകരിക്കാൻ സാധിച്ചാൽ കേരളത്തിലെ എല്ലാ റോഡുകളും ഗുണനിലവാരമുള്ളവയായും ജനോപകാരപ്രദമായും മാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിനുള്ള സംവിധാനംകൂടി ഒരുക്കണമെന്നാണ് പറയാനുള്ളത്. 2022-23 സാമ്പത്തികവർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II വാല്യം-2-ൽ പ്രതിപാദിച്ച പ്രവൃത്തികൾ ഭരണാനുമതി നൽകി നടപ്പാക്കിയാൽ കേരളത്തിലെ മരാമത്ത് രംഗത്ത് സമഗ്രമായ മാറ്റമുണ്ടാക്കാനും റോഡുകൾ ഗതാഗതയോഗ്യമാക്കാനും സാധിക്കും. ഇതിനായി മുപ്പത് കോടിയോളം രൂപ ചെലവ് വരുമെങ്കിലും ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നത് നൂറ് രൂപയുടെ ടോക്കൺ പ്രൊവിഷൻ മാത്രമാണ്. അതിന്റെ പ്രവൃത്തി സാധൂകരിച്ചുകൊണ്ട് ബഹുമാന്യരായ ധനകാര്യ വകുപ്പുമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും ഇടപെട്ടാൽ ഗ്രാമീണമേഖലയിലെ പൊതുമരാമത്ത് റോഡുകൾ ഗുണനിലവാരമുള്ളതായി

മാറും. ജനോപകാരപ്രദമായ ബഡ്ജറ്റ് എന്ന നിലയിൽ എല്ലാവരും ഇതിനെ പിന്തുണയ്ക്കുന്നുണ്ടെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. എം. മുകേഷ്: സർ, 2022-23 സാമ്പത്തികവർഷത്തേയ്ക്കുള്ള ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. കോവിഡ് വ്യാപനം സൃഷ്ടിച്ച പ്രത്യാഘാതങ്ങളെ മറികടക്കാനുള്ള സാമ്പത്തിക മുന്നൊരുക്കങ്ങളാണ് ഈ ബഡ്ജറ്റിലുള്ളത്. വൻതോതിൽ തൊഴിൽനഷ്ടവും വരുമാനനഷ്ടവുമുണ്ടായ സാഹചര്യത്തെ ധീരതയോടെ നേരിടാനുള്ള മാർഗ്ഗരേഖയാണ് ബഡ്ജറ്റ്. ലക്ഷ്യത്തിലേയ്ക്ക് എത്തിച്ചേരുന്നതിന് നടന്നുകയറേണ്ട മുഴുവൻ പടികളും കാണണമെന്നില്ല, ആദ്യപടിയിൽ കാൽവയ്ക്കുകയാണ് വേണ്ടത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് നിർദ്ദേശങ്ങളിലൂടെ കടന്നുപോയപ്പോൾ എനിക്ക് അങ്ങനെയാണ് തോന്നിയത്. കാൽനൂറ്റാണ്ടിനുശേഷമുള്ള സ്വീകാര്യമായ ബദൽ കേരള മാതൃകയാണിത്. ഭാവികേരളത്തെ വിഭാവനം ചെയ്യുന്നതാണ് സംസ്ഥാന ബഡ്ജറ്റ്. വരുംകാല കേരളം എങ്ങനെ ആയിരിക്കണമെന്നുള്ളതിന്റെ രൂപരേഖയായി സംസ്ഥാന ബഡ്ജറ്റിനെ കാണാം. അതേസമയം സമകാലീനപ്രശ്നങ്ങളെ നേരിടാനുള്ള ധീര നടപടികളും ബഡ്ജറ്റിലുണ്ട്. വിലക്കയറ്റം പിടിച്ചുനിർത്താൻ രണ്ടായിരം

കോടി രൂപ വകയിരുത്തിയതും നെല്ലിന് താങ്ങുവില പ്രഖ്യാപിച്ചതും റബ്ബർ സബ്സിഡിക്ക് അഞ്ഞൂറ് കോടി രൂപ നീക്കിവച്ചതും കാരുണ്യ പദ്ധതിക്ക് അഞ്ഞൂറ് കോടി രൂപ വകയിരുത്തിയതും ഇത്തരം നടപടികളിൽപ്പെടുന്നു. കൊല്ലത്തെക്കുറിച്ചുള്ള ഏതു പരാമർശവും അവിടത്തെ ജനപ്രതിനിധിയെന്ന നിലയിൽ, കൊല്ലംകാരനെന്ന നിലയിൽ ജാഗ്രതയോടെ ഞാൻ ശ്രദ്ധിക്കാറുണ്ട്. സമീപകാല ബഡ്ജറ്റുകളിൽ ഏറ്റവും മുന്തിയ പരിഗണനയാണ് ഈ ബഡ്ജറ്റിൽ കൊല്ലം ജില്ലയ്ക്ക് ലഭിച്ചത്. ജില്ലയുടെ സമഗ്രവികസനത്തിന് സഹായകരമായ നിരവധി പദ്ധതികൾ പ്രഖ്യാപിച്ചിട്ടും കൊല്ലം-ചെങ്കോട്ട റോഡിന്റെയും തിരുവനന്തപുരം-അങ്കമാലി എം.സി. റോഡിന്റെയും വികസനത്തിനായി കിഫ്ബി വഴി ആയിരത്തി അഞ്ഞൂറുകോടി രൂപ അനുവദിച്ച ബഡ്ജറ്റ് പ്രഖ്യാപനം ശ്രദ്ധേയമാണ്. കൊല്ലം-ചെങ്കോട്ട റോഡിനെക്കുറിച്ച് ആദ്യം പറയാം. ചെങ്കോട്ട റെയിൽവേ ലൈനിന് ഒരു നൂറ്റാണ്ടിലേറെ പഴക്കമുണ്ട്. 1904-ലാണ് മീറ്റർഗേജ് പാതയ്ക്ക് തുടക്കമായത്. അതിലും പഴക്കമാണ് കൊല്ലം-ചെങ്കോട്ട റോഡിനുള്ളത്. രണ്ട് സംസ്ഥാനങ്ങൾ തമ്മിൽ ബന്ധിപ്പിക്കപ്പെടുന്ന പുരാതന പാതയാണത്. ഏറെ തിരക്കുള്ള ഈ പാത ഇന്നും വികസനമില്ലാത്തതുകാരണം ശ്വാസംമുട്ടുകയാണ്. ഈ അന്തർസംസ്ഥാന പാതയ്ക്ക് ശാപമോക്ഷം

ലഭിക്കാൻ പോകുകയാണ്. വീതികുറഞ്ഞ ഈ പുരാതന റോഡിൽ പലയിടങ്ങളിലും അപകടസാദ്ധ്യത കൂടുതലാണ്. ചെറുതും വലുതുമായ അപകടങ്ങൾ പലകാലത്തുമുണ്ടായിട്ടുണ്ട്. ആദ്യം എനിക്ക് സംഭവിച്ച ഒരു അനുഭവകഥ തന്നെ പറഞ്ഞുതുടങ്ങാം. വർഷങ്ങൾക്കുമുമ്പ് എന്റെ ആദ്യത്തെ സിനിമയായ 'ബലൂൺ' കൊട്ടാരക്കര പുത്തൂർ ഭാഗത്താണ് ഷൂട്ട് ചെയ്തത്. ഞാനും ശ്രീ. മമ്മൂട്ടിയുമായിരുന്നു പ്രധാന നായകന്മാർ. ബൈക്ക് ഭ്രാന്തനായ മമ്മൂട്ടി ഷൂട്ടിംഗിന്റെ ഇടവേളകളിൽ എന്നെയും പുറകിലിരുത്തി കൊല്ലം-ചെങ്കോട്ട റോഡിൽക്കൂടി പോകും. ആരും ഞങ്ങളെ തിരിച്ചറിയുന്ന കാലമല്ല. റോഡെന്ന് പറയാൻ പറ്റില്ല. കുട്ടതലും മെറ്റലും ചെങ്കല്ലുമൊക്കെയാണ്. ഒരു വളവുതിരിഞ്ഞതും ബൈക്ക് മറിഞ്ഞുവീണു, ചാടിയിറങ്ങിയ ഞാൻ കാണുന്നത്, മമ്മൂട്ടി നെറ്റിയിൽ വലിയ മുറിവുമായി രക്തംചീറ്റി നിൽക്കുന്നതാണ്. സാധാരണ നമ്മൾ കണ്ടിട്ടുള്ള മമ്മൂട്ടി 'സെൻസിറ്റിവിറ്റി, സെൻസിബിലിറ്റി' എന്നൊക്കെ പറഞ്ഞ് ആക്രോശിക്കുന്ന പൗരുഷത്തോടെയുള്ളയാൾ ഒരു കൊച്ചുകുട്ടിയെപ്പോലെ പൊട്ടിക്കരയുകയാണ്. ഇനി എന്നെ ആരെങ്കിലും സിനിമയിലെടുക്കുമോ, മുഖത്തെ ഈ പാട് വച്ചിട്ട് സിനിമാ ഭാവിയുണ്ടോ എന്നുള്ള കരച്ചിൽ ഇന്നും എന്റെ മനസ്സിൽ മുഴങ്ങിനിൽക്കുന്നു. ആ മുഴക്കവും ശോചനീയാവസ്ഥയും ഈ

ബഡ്ജറ്റിലൂടെ ഇല്ലാതാകുകയാണ്. ആ റോഡിന് ശാപമോക്ഷം ലഭിക്കുകയാണ്. അഷ്ടമുടികായലിന്റെയും വേമ്പനാട്ടുകായലിന്റെയും ശാസ്താംകോട്ടകായലിന്റെയും ശുചീകരണത്തിനായി പ്രഖ്യാപിച്ച ഇരുപത്തിയൊന്ന് കോടി രൂപ ടൂറിസം മേഖലയോടുമാത്രമല്ല പാരിസ്ഥിതിക വിഷയങ്ങളോടുമുള്ള സർക്കാരിന്റെ പ്രതിബദ്ധതയ്ക്കുദാഹരണമാണ്. കേവലം ഒരു ശുചീകരണ പദ്ധതിയല്ലിത്. അഷ്ടമുടികായലിനെയും കൊല്ലം ജില്ലയിലെ മറ്റ് ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളെയും ബന്ധിപ്പിച്ച് നടപ്പാക്കുന്നതിനായി കഴിഞ്ഞ വർഷം പ്രഖ്യാപിച്ചിരുന്ന ബയോ ഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ടിനുകൂടി സഹായകരമാകുന്ന നിർദ്ദേശമാണ്. ഈ പദ്ധതിക്ക് കഴിഞ്ഞ ബഡ്ജറ്റിൽ ഇരുപത്തിയഞ്ച് കോടി രൂപ പ്രഖ്യാപിച്ചിരുന്നു. ബയോ ഡൈവേഴ്സിറ്റി പദ്ധതിയുടെ ശാക്തീകരണത്തിന് അഷ്ടമുടിക്കായലിന്റെ ശുചീകരണ പദ്ധതി അനുബന്ധഘടകമായി മാറും. ടൂറിസം മേഖലയിൽ കാരവാൻ ടൂറിസംപോലുള്ള നവീന ആശയങ്ങളുണ്ടാക്കിയ ചലനം ഏറെ ശ്രദ്ധിക്കപ്പെട്ടു. കോവളം, കൊല്ലം, കോഴിക്കോട്, മംഗലാപുരം വഴി ഗോവയിലെത്തുന്ന ക്രൂയിസ് ടൂറിസം പദ്ധതി രാജ്യാന്തരതലത്തിൽ ശ്രദ്ധിക്കപ്പെടുന്നു. ദേശീയപാത 66-ന് സമാന്തരമായി നാല് ഐ.ടി. ഇടനാഴികൾ നിർമ്മിക്കാനുള്ള തീരുമാനം ഐ.ടി. മേഖലയ്ക്ക്

പുതുജീവൻ നൽകും. ടെക്നോപാർക്ക് മൂന്നാം ഘട്ടത്തിൽനിന്നും കൊല്ലത്തേയ്ക്കുള്ള ഐ.ടി. ഇടനാഴി കൊല്ലം നഗരത്തിന്റെ മുഖച്ഛായമാറ്റുമെന്ന കാര്യത്തിൽ സംശയമില്ല. കൊല്ലം-കണ്ണൂർ ഐ.ടി. പാർക്കുകൾ വികസിപ്പിക്കുന്നതിന് സ്ഥലമേറ്റെടുക്കുന്നതിനായി കിഫ്ബി ലാൻഡ് പൂളിൽനിന്ന് ആയിരം കോടി രൂപ വകയിരുത്താനുള്ള തീരുമാനം ഈ മേഖലയ്ക്ക് കരുത്തുനൽകും. കൊല്ലം തുറമുഖവികസനത്തിനായി പത്ത് കോടി രൂപ അനുവദിച്ച നടപടിയും ശ്ലാഘനീയമാണ്. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ ഭരണകാലത്ത് അനുവദിക്കപ്പെട്ട ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് ഏഴുകോടി രൂപ അനുവദിച്ചതിനുപുറമെ സർവ്വകലാശാലയ്ക്ക് ആസ്ഥാനമന്ദിരം നിർമ്മിക്കാനുള്ള പ്രഖ്യാപനവും വന്നുകഴിഞ്ഞു. ഗുരുവിന്റെ നാമധേയത്തിൽ കൊല്ലത്ത് നിർമ്മാണം പുരോഗമിക്കുന്ന നവോത്ഥാന സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരണഘട്ടത്തിലാണ്. നൂറുദിനകർമ്മ പരിപാടിയുടെ ഭാഗമായി അതിന്റെ ഉദ്ഘാടനം നിർവ്വഹിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൊല്ലത്തിന്റെ അഭിമാനവും സംസ്ഥാനത്തിന്റെ പ്രിയ കവിയുമായ ഒ.എൻ.വി. കുറുപ്പിന് കൊല്ലം നഗരത്തിൽ ഒരു സ്മാരകമുണ്ടാകേണ്ടതുണ്ട്. നിർദ്ദിഷ്ട സാംസ്കാരിക സമുച്ചയത്തിന്റെ പ്രവേശനവഴിയിൽ ആശ്രാമം

മൈതാനത്തിന് മുൻവശം ഒ.എൻ.വി. കുറുപ്പിന്റെ പൂർണ്ണകായ പ്രതിമ അദ്ദേഹത്തിന്റെ സ്മാരകമായി സ്ഥാപിക്കണം. ഇതിനായുള്ള തുകകൂടി ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. കലാസാംസ്കാരിക മേഖലയ്ക്ക് മുന്തിയ പരിഗണന ബഡ്ജറ്റിൽ ലഭിച്ചിട്ടുണ്ട്. ഈ മേഖലയോടുള്ള എൽ.ഡി.എഫ്. സർക്കാരിന്റെ പ്രതിബദ്ധതയുടെ അടയാളമായി 175 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മലയാള സിനിമാ ചരിത്ര മ്യൂസിയവും ശ്രദ്ധേയമായ പ്രഖ്യാപനമാണ്. കോവിഡാനന്തരം കലാസാംസ്കാരിക മേഖല ഉണർവിന്റെ പാതയിലാണ്. കലാകാരന്മാർ പൊതുവിലും നാടകം, ഗാനമേള, മിമിക്രി, നാടൻ കലകൾ, അനുഷ്ഠാന കലകൾ തുടങ്ങിയ അവതരണകലകളിലെ കലാകാരന്മാരും കലാസമിതികളും ബുദ്ധിമുട്ടുകളിലൂടെയാണ് കടന്നുപോകുന്നത്. നാടകമുൾപ്പെടെയുള്ള അവതരണകലകൾക്കും കലാസമിതികൾക്കും മൂലധന സഹായമായി സർക്കാർ സഹായം നൽകുന്നതിനുള്ള ഒരു പദ്ധതി അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. പുതിയ നാടകമോ ഗാനമേളയോ തുടങ്ങാൻ ആരുടെയും കയ്യിൽ പണമില്ല. സംസ്ഥാന ബഡ്ജറ്റ്ദിനം ജനങ്ങൾക്ക് സുദിനമായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു പൊതുയോഗത്തിൽ

പറഞ്ഞതുപോലെ പ്രതിപക്ഷത്തിന്റെ കഴിഞ്ഞ കുറച്ചുദിവസങ്ങൾ ദുർദിനങ്ങളായിരുന്നു. വർഗ്ഗീയശക്തികൾക്കെതിരെ പോരാടാൻ കോൺഗ്രസ് നിലനിൽക്കേണ്ടത് രാജ്യത്തിന്റെ ആവശ്യമാണ്. എന്നാൽ ആ ഉത്തരവാദിത്വം അവർ നിർവ്വഹിക്കുന്നില്ല. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന്റെ പ്രമുഖനായ നേതാവ് ശ്രീ. രാഹുൽ ഗാന്ധി കേരളത്തിൽവന്ന് മത്സരിച്ചു. അദ്ദേഹം വടക്കേ ഇന്ത്യയിലും മത്സരിച്ചെങ്കിലും അവിടെ തോറ്റു, ഇവിടെ ജയിച്ചു. അപകടകരമായ ഒരു സൂചനയാണ് ഇത് നൽകുന്നത്. പലരും പഞ്ചാബിൽനിന്നും ഉത്തർപ്രദേശിൽനിന്നും കേരളം സുരക്ഷിതസ്ഥാനമാണെന്ന് കരുതി ഹൈക്കമാൻഡിന്റെ അനുവാദത്തോടുകൂടി വരാനുള്ള പരിപാടിയുണ്ടെന്നാണ് അറിയാൻ കഴിയുന്നത്. നിങ്ങൾ അതിന് അനുവദിക്കരുതെന്നാണ് എന്റെ സുഹൃത്തുക്കളായ കേരളത്തിലെ കോൺഗ്രസ്സുകാരോട് പറയാനുള്ളത്. ഇപ്രാവശ്യം കോൺഗ്രസ്സിന് തീരെ സുരക്ഷിതമല്ലാത്ത ഒരു സ്ഥലമാണ് കേരളം. അവരെ ബോധവൽക്കരിച്ച് ആ സത്യം മനസ്സിലാക്കിക്കൊടുക്കണം. 1972-ൽ പ്രസിദ്ധ കാർട്ടൂണിസ്റ്റായ ആർ. കെ. ലക്ഷ്മൺ ഒരു കാർട്ടൂൺ വരച്ചു. ഒരു വലിയ മൈക്രോസ്കോപ്പിന് മുന്നിൽ നിൽക്കുന്നു, താഴെ എഴുതിയിരിക്കുന്നത്, 'കോൺഗ്രസ് ഇങ്ങനെ അടി

തുടങ്ങിയാൽ കുറച്ചുകാലം കഴിയുമ്പോൾ ഒരു യഥാർത്ഥ കോൺഗ്രസ്സുകാരനെ കാണാൻ ഈ ഡിവൈസിലൂടെ നോക്കേണ്ടി വരും' എന്നാണ്. അത് അർത്ഥവത്തായിരിക്കുകയാണ്. ഇവിടത്തെ കോൺഗ്രസ്സുകാർ കേരളത്തിലെ പ്രൊഫഷണൽ നാടകപ്രവർത്തകരെ കണ്ടുപഠിക്കണമെന്നാണ് അനുഭവത്തിന്റെ വെളിച്ചത്തിൽ എന്റെ സുഹൃത്തുക്കളോട് പറയാനുള്ളത്. അവരുടെ അഭിനയം നിങ്ങളുടെ അത്രയും വരില്ല. അവരുടെയിടയിൽ അഭിപ്രായവ്യത്യാസങ്ങൾ, വഴക്കുകൾ, അടിപിടി, ശണ്ഠ, പോർവിളികൾ എല്ലാമുണ്ട്. അടുത്ത ബെല്ലോടുകൂടി നാടകം ആരംഭിക്കുന്നുവെന്ന അനൗൺസ്മെന്റ് വന്നാൽ അവർ ഒറ്റക്കെട്ടാണ്. നാടകം ഗംഭീരമാക്കാനുള്ള സ്നേഹവും സന്തോഷവും സാഹോദര്യവുമെല്ലാം നമ്മൾ നേരിട്ട് കാണും. പെർഫോമൻസ് ടൈമിൽ എല്ലാംമറന്ന് നിങ്ങളൊന്നിക്കണം. ഈ രംഗത്തോടുകൂടി നാടകം പൂർണ്ണമാകുമെന്ന് മറ്റൊരു അനൗൺസ്മെന്റ് വരുമ്പോൾ അടി വീണ്ടും തുടങ്ങും; അത് വേറെ കാര്യം. പക്ഷേ, പെർഫോമൻസ് ടൈമിൽ എല്ലാവരും ഗംഭീരമായിട്ടഭിനയിക്കും. ഞാൻ ഇതൊക്കെ പറയുന്നത് നിങ്ങൾ കേരളത്തിലെ ശക്തമായ പ്രതിപക്ഷമായി സ്ഥിരമായി നിൽക്കണമെന്ന ആഗ്രഹംകൊണ്ടുമാത്രമാണ്. സംസ്ഥാന ബഡ്ജറ്റിനെക്കുറിച്ച് പലവിധ പരാമർശങ്ങളും കേൾക്കുകയുണ്ടായി. വെറും

വാചകമടി എന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വിമർശിച്ചു. അദ്ദേഹത്തെ എനിക്ക് വലിയ ഇഷ്ടമാണ്. അദ്ദേഹം സുന്ദരനും സുമുഖനുമാണ്. പലസന്ദർഭങ്ങളിലും ഞാൻ അദ്ദേഹത്തെ ഇവിടെയിരുന്ന് നോക്കിയിട്ടുണ്ട്. അദ്ദേഹം രാഷ്ട്രീയത്തിൽ വന്നില്ലായിരുന്നെങ്കിൽ നല്ലൊരു സിനിമാനടനാകുമായിരുന്നു. ഒരു ചെറിയ കഥ ഞാൻ പറയാം. 'വലിയ നിലയിൽ ജീവിച്ചിരുന്ന ഒരാൾ സാമ്പത്തികമായി പൊളിഞ്ഞുപോയി. അദ്ദേഹം തിരിച്ച് വരാൻ വളരെ പ്രയാസപ്പെടുന്നു. എന്റെയെല്ലാം നഷ്ടപ്പെട്ടു, എനിക്ക് തിരിച്ചുവരണമെന്ന് അദ്ദേഹത്തിന്റെ പഴയ ഗുരുവിനെ കണ്ട് പറഞ്ഞു. അപ്പോൾ ഗുരു പറഞ്ഞു, നിങ്ങളൊരു കാര്യം ചെയ്യണം, അടുത്തുള്ള വലിയ കുന്നിന്റെ മുകളിൽ പോയി രണ്ട് ദിവസം ഇരിക്കണം, അപ്പോൾ ബോധോദയമുണ്ടായി ഒരു വഴി തെളിഞ്ഞുവരും. അയാൾ രണ്ട് ദിവസം അവിടെ ഇരുന്നു. എപ്പോഴൊക്കെയോ സൂര്യൻ പ്രകാശിക്കുമ്പോൾ അരുവി മിന്നുകയും കുറച്ച് കല്ലുകൾ തിളങ്ങുകയും ചെയ്യുന്നതല്ലാതെ മറ്റൊന്നും അയാൾ കണ്ടില്ല. അദ്ദേഹം തിരിച്ചുവന്നശേഷം, എന്നെ പറ്റിച്ചതല്ലേയെന്ന് ഗുരുവിനോട് ചോദിച്ചു. എന്തൊക്കെ കണ്ടുവെന്ന് ഗുരു അയാളോട് ചോദിച്ചു. അയാൾ പറഞ്ഞു, അവിടെ സൂര്യൻ പ്രകാശിക്കുമ്പോൾ എന്തോ ഒരു തിളക്കം മാത്രമെ ഞാൻ കണ്ടുള്ളൂ. ഗുരു പറഞ്ഞു, നിങ്ങൾ കണ്ട ആ തിളങ്ങുന്ന

കല്ലുകൾ രത്നങ്ങളായിരുന്നു. പക്ഷേ, നിങ്ങളത് വേണ്ടവിധം കണ്ടില്ല. ലാഭത്തെക്കുറിച്ചുള്ള ചിന്തയിൽ നിങ്ങൾ കാണേണ്ടത് കാണാതെപോയി.' രാഷ്ട്രീയലാഭത്തെക്കുറിച്ചുള്ള ചിന്തയിൽ പ്രതിപക്ഷം കാണേണ്ടത് കണ്ടില്ല. ബഡ്ജറ്റിൽ രത്നങ്ങൾപോലെ ഭാവിസൂചകങ്ങൾ തിളങ്ങുന്നു. പ്രതിപക്ഷം വിമർശിക്കുന്നതിനുമുമ്പ് കാണേണ്ടത് കാണാൻ ശ്രമിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. ഞങ്ങൾ ഇത്രയൊക്കെ വൃത്തികേടുകൾ കാണിച്ചിട്ടും നിങ്ങളെന്തുകൊണ്ടാണ് ശക്തമായി പ്രതികരിക്കാത്തതെന്നുള്ള ദു:ഖമാണ് ശ്രീ. എം. മുകേഷിന്റെ വാക്കുകളിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നത്. ക്രമസമാധാനം പൂർണ്ണമായി തകർന്ന ഒരു സംസ്ഥാനത്ത് ലോക സമാധാനത്തിനുവേണ്ടി 2 കോടി രൂപ നീക്കിവച്ചിരിക്കുന്നു. മന്ത്രി സ്വയം ട്രോളിയതാണോയെന്ന് എനിക്ക് സംശയമുണ്ട്. യുക്രൈനും റഷ്യയുംകൂടി ചേർന്ന് കേരളത്തിലെ ക്രമസമാധാനത്തിനുവേണ്ടി അവരുടെ ബഡ്ജറ്റിൽ തുക വകയിരുത്തുമോയെന്നുള്ള ഭയമാണെനിക്കുള്ളത്. ക്രമസമാധാനം ഉറപ്പുവരുത്തേണ്ട പോലീസിന് പെട്രോളടിക്കാൻപോലും കാശില്ലാത്ത ഒരു നാട്ടിൽ 2 കോടി രൂപ ലോകസമാധാനത്തിനുവേണ്ടിയെന്ന് പറയുന്ന

ഇടതുപക്ഷത്തെ രണ്ട് കയ്യുംനീട്ടി നമസ്കരിക്കാതെ വേറെയൊരു മാർഗ്ഗവുമില്ല. എല്ലാ വർഷവും സാമൂഹ്യക്ഷേമ പെൻഷൻ 10 ശതമാനം വർദ്ധിപ്പിക്കുമെന്ന് കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. എന്നാൽ അതിനെക്കുറിച്ച് ഈ ബഡ്ജറ്റിൽ ഒരക്ഷരം മിണ്ടിയിട്ടില്ല. ഇതൊരു തെരഞ്ഞെടുപ്പല്ലാത്തതുകൊണ്ട് ഞങ്ങൾക്കൊരു അത്ഭുതവുമില്ല. തെരഞ്ഞെടുപ്പ് കാലത്തുമാത്രം സാമൂഹ്യക്ഷേമത്തെക്കുറിച്ച് ചിന്തിക്കുന്ന ഒരു മുന്നണിയാണ് നിങ്ങളുടേത്. ഇവിടെ മാത്രമല്ല കേന്ദ്രത്തിലിരിക്കുന്ന സർക്കാരും തെരഞ്ഞെടുപ്പുകാലത്താണ് ഇതിനെക്കുറിച്ച് ചിന്തിക്കുന്നത്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിനുമുമ്പാണ് കർഷകർക്ക് 2,000 രൂപ ബാങ്കിലിട്ടുകൊടുക്കാൻ തീരുമാനിച്ചത്. നിയമസഭാ തെരഞ്ഞെടുപ്പും പഞ്ചായത്ത് തെരഞ്ഞെടുപ്പും വന്നപ്പോൾ ഈ സർക്കാർ ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യുകയും ക്ഷേമ പെൻഷൻ വർദ്ധിപ്പിക്കുകയും ചെയ്തു. എല്ലാ കാര്യങ്ങളിലുമെന്നപോലെ 'മോദിസത്തിന്റെ' കേരള എഡിഷനാണ് ശ്രീ. പിണറായി വിജയനെന്ന് ഇക്കാര്യത്തിലും തെളിയിച്ചിരിക്കുകയാണ്. അതുകൊണ്ട് സാമൂഹ്യക്ഷേമ പെൻഷൻ വർദ്ധിപ്പിക്കുമെന്നുള്ള പ്രഖ്യാപനം ബഡ്ജറ്റിനുള്ള മറുപടി പ്രസംഗത്തിലുണ്ടാകണമെന്നാണ് പറയാനുള്ളത്. ബഹുമാനപ്പെട്ട ധനകാര്യ

വകുപ്പുമന്ത്രി കൈത്തറിവസ്ത്രം ധരിച്ചുകൊണ്ടാണ് ബഡ്ജറ്റ് പ്രസംഗം നടത്തിയത്. കൈത്തറി മേഖലയ്ക്കായി വകയിരിത്തിരിക്കുന്ന തുക അപര്യാപ്തമായതിനാൽ വർദ്ധിപ്പിക്കണം. സ്കൂൾ യൂണിഫോം കൈത്തറിയിലേയ്ക്ക് മാറ്റിയത് നല്ല കാര്യമാണ്. തൊഴിലാളികൾക്ക് മൂന്ന് മാസത്തിലധികം ജോലിയില്ലാത്ത സ്ഥിതിയാണ്. കാരണം, മൂന്ന് മാസം നെയ്താൽ ആവശ്യത്തിനുള്ള തുണിയുണ്ടാകും. ഏഴാം ക്ലാസ്സുവരെ മാത്രം ഏർപ്പെടുത്തിയിരിക്കുന്ന കൈത്തറി യൂണിഫോം ഹയർ സെക്കൻഡറി തലംവരെയാക്കണമെന്ന് ആവശ്യപ്പെടുകയാണ്. മത്സ്യത്തൊഴിലാളികൾക്കുള്ള പ്രത്യേക ഭവനനിർമ്മാണ പദ്ധതിയും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള പ്രത്യേക ഭവനനിർമ്മാണ പദ്ധതിയും പ്രത്യേകമായി തുടരണം. ലൈഫ് പദ്ധതിയിൽനിന്ന് അത് വേർപെടുത്തണം. മത്സ്യത്തൊഴിലാളികൾക്ക് അടിയന്തരമായി പട്ടയം നൽകാൻ നടപടിയുണ്ടാകണം. ലൈഫ് പദ്ധതിയുടെ മാനദണ്ഡപ്രകാരം പലപ്പോഴും ഈ വിഭാഗങ്ങൾക്ക് അർഹതപ്പെട്ട ആനുകൂല്യം ലഭിക്കാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് അവർക്കുള്ള പ്രത്യേക ഭവനനിർമ്മാണ പദ്ധതി അടിയന്തരമായി പുനരാരംഭിക്കാൻ നടപടി സ്വീകരിക്കണം. സാമ്പത്തിക പ്രതിസന്ധി ഗുരുതരമാണെന്ന് പറയുമെങ്കിലും

പരിഹാരമാർഗ്ഗങ്ങളൊന്നും സർക്കാരിന്റെ പക്കലില്ല. കഴിഞ്ഞ ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നപ്പോൾ യു.ഡി.എഫ്. സർക്കാരിന്റെ മിസ്മാനേജ്മെന്റാണ് സാമ്പത്തിക പ്രതിസന്ധിക്ക് കാരണമെന്ന് പറഞ്ഞ് ഒരു ധവളപത്രം പുറത്തിറക്കി. ഓരോ വർഷവും റവന്യൂ വരുമാനം 20 ശതമാനം വീതം വർദ്ധിപ്പിച്ച് അഞ്ച് വർഷംകൊണ്ട് ഇരട്ടിയാക്കുമെന്നാണ് അന്ന് സർക്കാർ പറഞ്ഞത്. വരുമാനം ഇരട്ടിയാക്കുമെന്ന് പറഞ്ഞവർ കടമാണ് ഇരട്ടിയാക്കിയത്. 2016 മാർച്ച് 31-ന് 1,57,000 കോടി രൂപയായിരുന്ന കടം ഇപ്പോൾ 3 ലക്ഷം കോടി രൂപയായി. കിഫ്ബിയുടെകൂടി ചേർക്കുമ്പോൾ മൂന്നര ലക്ഷം കവിഞ്ഞുപോകുന്ന സ്ഥിതിയാണ്. ഒന്നാം എൽ.ഡി.എഫ്. സർക്കാരിന്റെ കെടുകാര്യസ്ഥത പുതിയ ധനകാര്യ വകുപ്പുമന്ത്രിക്കുകീഴിൽ മാറുമെന്ന പ്രതീക്ഷയും ഈ ബഡ്ജറ്റോടുകൂടി അസ്ഥാനത്തായിരിക്കുകയാണ്. ആ സർക്കാരിൽനിന്നും ഒരു വ്യത്യാസവും ഈ സർക്കാരിനില്ല. ധനകാര്യ രംഗത്താണെങ്കിലും മറ്റേത് രംഗത്താണെങ്കിലും ഒരു മാറ്റവും കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുള്ള വിശേഷണങ്ങളിൽ മാത്രമാണ് മാറ്റമുണ്ടായിട്ടുള്ളത്. ആദ്യം മുഖ്യമന്ത്രിയായപ്പോൾ ഇരട്ടച്ചങ്കൻ എന്നാണ് അദ്ദേഹത്തെ വിശേഷിപ്പിച്ചത്. ഇപ്പോൾ ഉരുക്കുമനുഷ്യൻ, കാരണഭൂതൻ

എന്നൊക്കെ വിശേഷിപ്പിക്കുന്നു. അദ്ദേഹം ദൈവപുത്രനാണെന്ന് കഴിഞ്ഞ ദിവസം കുട്ടനാട് എം.എൽ.എ. പറഞ്ഞു. അദ്ദേഹത്തിന് ദൈവത്തെയും ദൈവപുത്രനെയും അറിയില്ലെന്നാണ് മനസ്സിലായിട്ടുള്ളത്. ബഹു. മുഖ്യമന്ത്രിക്ക് ആകെ അറിയാവുന്നത് ദൈവദോഷം മാത്രമാണെന്നാണ് എനിക്ക് ബോദ്ധ്യമായിട്ടുള്ളത്. പുതുക്കിയ ബഡ്ജറ്റിൽ 1,30,981 കോടി രൂപ റവന്യൂ വരവിനത്തിലും 1,47,891 കോടി രൂപ റവന്യൂ ചെലവിനത്തിലും വകയിരുത്തിയിരിക്കുന്നു. പക്ഷേ, ചെലവ് 2,000 കോടി രൂപയായി വർദ്ധിച്ചു. എന്നാൽ വരുമാനം 13,000 കോടി രൂപ കുറഞ്ഞു. ഇതിന്റെ ഫലമായി ബഡ്ജറ്റ് റവന്യൂ ഡെഫിസിറ്റ് എസ്റ്റിമേറ്റ് ചെയ്തത് 16,910 കോടിയിൽനിന്ന് 23,176 കോടി രൂപയായി വർദ്ധിച്ചു. മാർച്ച് അവസാനത്തോടെ വർഷാന്ത്യ കണക്കെടുപ്പ് നടത്തുമ്പോൾ ഇത് വർദ്ധിക്കുമെന്നാണ് കാണാൻ കഴിയുന്നത്. 2021 അവസാനത്തോടുകൂടി ലൈഫ് പദ്ധതിയുടെ ഭാഗമായി കേരളത്തിൽ മഷിയിട്ട് നോക്കിയാൽപ്പോലും ഒരു ഭവനരഹിതനെ കണ്ടെത്താൻ കഴിയില്ലായെന്ന പ്രഖ്യാപനത്തോടുകൂടിയാണ് ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ ആദ്യത്തെ ബഡ്ജറ്റ് അവതരിപ്പിച്ചത്. എന്നാൽ ഇപ്പോഴത്തെ കണക്കെന്താണ്? രണ്ടേകാൽ ലക്ഷം വീടുകളാണ് പുതിയതായി

നൽകിയത്. ആദ്യത്തെ അഞ്ചര ലക്ഷം അപേക്ഷകൾ സ്ക്രൂട്ടിനൈസ് ചെയ്തതിൽ രണ്ടേകാൽ ലക്ഷം വീടുകൾ മാത്രമേ നൽകിയിട്ടുള്ളൂ. വീണ്ടും പുതിയ അപേക്ഷകൾ ക്ഷണിക്കുകയും പുതിയതായി ലഭിച്ച 9 ലക്ഷം അപേക്ഷകളുടെ പരിശോധനപോലും ഇന്നുവരെ പൂർത്തിയാക്കിയിട്ടില്ല. 'ഭവന പദ്ധതിയെന്ന് പറഞ്ഞാൽ മറ്റുള്ളവരുടെ പദ്ധതിപോലെയല്ല, ഞങ്ങളുടെ പദ്ധതിയെന്ന് പറഞ്ഞാൽ വീടിൽ അവസാനിക്കുന്നതല്ല, വീടിൽ തുടങ്ങുന്നതാണ്. ഞങ്ങൾ അവർക്ക് livelihood ഉണ്ടാക്കിക്കൊടുക്കും, വിദ്യാഭ്യാസം കൊടുക്കും, ആരോഗ്യം സംരക്ഷിക്കും' എന്നെല്ലാം പറഞ്ഞിട്ട് നേരെചൊവ്വെ വീടുപോലും നൽകാതെ രണ്ടേകാൽ ലക്ഷത്തിൽ നിൽക്കുന്ന ഈ ഭവനനിർമ്മാണ പദ്ധതി എന്ന് പൂർത്തിയാക്കും? പണിഞ്ഞിട്ടുംപണിഞ്ഞിട്ടും പണിതീരാത്ത വീടായ ലൈഫ് പദ്ധതിക്ക് പണിതീരാത്ത വീടെന്ന് പേരിടുന്നതായിരിക്കും നല്ലത്. 2,000 കോടി രൂപയുടെ കോവിഡ് പാക്കേജ് പ്രഖ്യാപിച്ചു. ആ തുക എവിടെ ചെലവാക്കി? സാധാരണ ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾക്കുവേണ്ടി ചെലവാക്കുന്നതല്ലാതെ ഒരു പാക്കേജെന്ന നിലയ്ക്ക് എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളത്? ആരോഗ്യരംഗത്ത് നാലായിരം തസ്തികകൾ സൃഷ്ടിക്കുമെന്ന് പറഞ്ഞു. എത്ര തസ്തികകൾ എവിടെയെല്ലാം സൃഷ്ടിച്ചുവെന്ന്

വ്യക്തമായ കണക്ക് പറയാൻ കഴിയുമോ; 2021-22-ലെ ബഡ്ജറ്റ് ഖണ്ഡിക 9-ൽ കിഫ്ബി വഴി 15,000 കോടി രൂപയുടെ പദ്ധതി പൂർത്തീകരിക്കുമെന്ന് പറഞ്ഞതിൽ എത്ര പദ്ധതികൾ ആ സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ചു? വിദ്യാസമ്പന്നരായ 3 ലക്ഷം പേർക്കും അല്ലാത്തവരായ 5 ലക്ഷം പേർക്കുംകൂടി ആകെ 8 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് പറഞ്ഞു. അതിൽ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിച്ചു? ആ ബഡ്ജറ്റിലെ ഖണ്ഡിക 27-ൽ അഞ്ച് വർഷംകൊണ്ട് 20 ലക്ഷം തൊഴിൽരഹിതരായ യുവാക്കൾക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോംവഴി തൊഴിൽ നൽകുമെന്ന് പറഞ്ഞു. ഖണ്ഡിക 29-ൽ 2021-22-ൽ രണ്ട് ലക്ഷംപേർക്ക് ജോലി നൽകുമെന്ന് പറഞ്ഞു. ഇതിനോടകം 4 ലക്ഷം പേർക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി രജിസ്ട്രേഷൻ പൂർത്തീകരിക്കേണ്ട സമയമായി. എത്രപേർക്ക് നൽകിയെന്ന് വ്യക്തമാക്കാമോ? 50 ലക്ഷം അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് ട്രെയിനിംഗ് നൽകുമെന്ന് പറഞ്ഞു. ട്രെയിനിംഗ് നൽകുന്ന സ്കിൽ മിഷൻ എവിടെയാണ്? സമയക്കുറവുകൊണ്ട് ഞാൻ പറയുന്നില്ല. എത്രമാത്രം പറഞ്ഞാലും നടക്കാത്ത പദ്ധതികളാണ് കെ-ഫോൺ ഉൾപ്പെടെയുള്ളവ. പതിനെട്ട് മാസംകൊണ്ട് പൂർത്തീകരിക്കുമെന്ന് പറഞ്ഞ കെ-ഫോൺ പദ്ധതി 36 മാസം കഴിഞ്ഞിട്ടും എവിടെയുമെത്താത്ത സ്ഥിതിയിലാണ്.

നടക്കാത്ത പ്രഖ്യാപനങ്ങൾ കൂട്ടിക്കെട്ടി നടത്തുന്ന, ഭരണഘടനാപരമായ ബാദ്ധ്യത നിറവേറ്റാൻ മാത്രമുള്ള ഒരു പ്രസംഗമായി ഈ ബഡ്ജറ്റ് പ്രസംഗം അവസാനിച്ചിരിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, രണ്ടാം പിണറായി വിജയൻ സർക്കാരിനുവേണ്ടി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. പ്രായോഗിക നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയ ജനകീയ ബഡ്ജറ്റാണ് എൽ.ഡി.എഫ്. ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. എന്റെ നിയോജകമണ്ഡലത്തിൽ പുതുക്കാട് ആസ്ഥാനമായി മിനി സിവിൽസ്റ്റേഷനുവേണ്ടി 10 കോടി രൂപ അനുവദിച്ച ധനകാര്യ വകുപ്പുമന്ത്രിയെ ഈ ഘട്ടത്തിൽ പ്രത്യേകമായി അഭിനന്ദിക്കുകയും എന്റെ നന്ദി അറിയിക്കുകയും ചെയ്യുകയാണ്. പുതുക്കാടിന് ചുറ്റുവട്ടത്തുള്ള വിവിധ സർക്കാർ ഓഫീസുകളെ ഒരു കുടക്കീഴിൽ കൊണ്ടുവരികയെന്ന ഉദ്ദേശ്യത്തോടെയാണ് ഈ പദ്ധതി മുന്നോട്ടുകൊണ്ടുപോകുന്നത്. അതിന്റെ രണ്ടാംഘട്ട യോഗവും കഴിഞ്ഞിരിക്കുകയാണ്. ജനങ്ങളുടെ ഏറെനാളത്തെ പ്രതീക്ഷയാണ് പൂവണിയാൻ പോകുന്നത്. ഈ പദ്ധതിക്കുവേണ്ടി 10 കോടി രൂപ അനുവദിച്ച ധനകാര്യ വകുപ്പുമന്ത്രിക്ക് ഒരിക്കൽക്കൂടി നന്ദി

അറിയിക്കുന്നു. ബഡ്ജറ്റ് പ്രസംഗത്തിൽ പുതുക്കാട് നിയോജകമണ്ഡലത്തിലെ മഞ്ഞൾ കൃഷിയെ സംബന്ധിച്ച് വിശദീകരിക്കുകയുണ്ടായി. ആമ്പല്ലൂർ സർവ്വീസ് സഹകരണ ബാങ്കും വട്ടണാത്ര സർവ്വീസ് സഹകരണ ബാങ്കും സംയുക്തമായി ഒരു കൺസോർഷ്യം രൂപീകരിച്ച് അവിടത്തെ കൃഷിക്കാരെ അണിനിരത്തി മഞ്ഞൾകൃഷിയിൽ ശ്രദ്ധകേന്ദ്രീകരിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നിരവധി നേട്ടങ്ങൾ സഹകരണ സ്ഥാപനങ്ങൾക്കും അവിടത്തെ കൺസോർഷ്യത്തിനുമുണ്ടായിട്ടുണ്ട്. അതൊരു മാതൃകാ സംരംഭമായി മാറിയതിൽ അഭിനന്ദിക്കുന്നുവെന്ന സന്തോഷകരമായ പ്രസ്താവനയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. മഞ്ഞൾ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണി കണ്ടെത്തേണ്ടതുണ്ട്. വിപണിയുണ്ടെങ്കിലും സർക്കാരിന്റെ ഭാഗമായ സംവിധാനങ്ങളിൽക്കൂടി ആ ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള നടപടിയും ഇടപെടലുമുണ്ടാകേണ്ടതുണ്ട്. സിവിൽ സപ്ലൈസ്പോലുള്ള നിരവധി സംവിധാനങ്ങളിൽക്കൂടി 'മഞ്ഞപ്പൊടിയല്ലാത്ത' മഞ്ഞൾപ്പൊടി ഉല്പന്നങ്ങൾ വിറ്റഴിക്കാൻ പ്രായോഗികമായ ഇടപെടലുകളുണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. പുതുക്കാട് സെന്ററിൽ മൂന്നേക്കർ

സ്ഥലത്ത് കെ.എസ്.ആർ.ടി.സി.യുടെ മൊബിലിറ്റി ഹബ് ആരംഭിക്കുമെന്ന് കഴിഞ്ഞ ബഡ്ജറ്റിലും നയപ്രഖ്യാപനത്തിലും പ്രഖ്യാപിക്കുകയുണ്ടായി. അതിന്റെ തുടർനടപടികളുമായി മുന്നോട്ടുപോകുന്നുവെന്നാണ് അറിയാൻ സാധിച്ചത്. ആ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള ഫണ്ട് കിഫ്ബിയിൽനിന്നും അനുവദിക്കാനാവശ്യമായ ഇടപെടലും നടപടിയും കൈക്കൊള്ളണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് പ്രത്യേകമായി അഭ്യർത്ഥിക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് 2022-23 സാമ്പത്തിക വർഷത്തിൽ ത്രിതലപഞ്ചായത്ത് സംവിധാനം നടപ്പിലാക്കുന്ന പദ്ധതികളിൽ വർക്ക് നിയർ ഹോം പദ്ധതിയുണ്ടാകണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കൊടകര ബ്ലോക്ക് പഞ്ചായത്തിൽ ഒരു പെൺതൊഴിലിടം (She workspace) എന്നനിലയിൽ 1000 സ്ത്രീകൾക്ക് തൊഴിൽ നൽകാവുന്ന ഒരു സംരംഭം മുന്നോട്ടുകൊണ്ടുപോകുകയാണ്. അതിനുവേണ്ടി ജില്ലാപഞ്ചായത്ത് 1 കോടി രൂപ നീക്കിവയ്ക്കുകയും സാമ്പത്തിക സഹായങ്ങൾക്കുവേണ്ടി ഗ്രാമപഞ്ചായത്തുകളെ സംയോജിപ്പിക്കുകയും റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയായ ശ്രീ. കെ. രാജൻ ഡി.പി.ആർ. പ്രകാശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നും

സ്ത്രീകൾക്കൊപ്പം നിൽക്കുന്ന എൽ.ഡി.എഫ്. സർക്കാർ തീർച്ചയായും പ്രധാനപ്പെട്ട ഈ പദ്ധതിയെ സഹായിക്കാൻ മുന്നോട്ടുവരുമെന്നാണ് ഞാൻ കരുതുന്നത്. ബഡ്ജറ്റ് നിർദ്ദേശങ്ങളുടെ ഭാഗമായുള്ള മറുപടിപ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ മാതൃകാസംരംഭത്തെ സഹായിക്കുന്നതിനുള്ള സാമ്പത്തിക സഹായവും അതിനാവശ്യമായ പിന്തുണയും പ്രഖ്യാപിക്കുമെന്നാണ് ഞാൻ കരുതുന്നത്. നിരവധി പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന കേരളീയ സമൂഹത്തെ മുന്നോട്ടുനയിക്കാൻ പര്യാപ്തമായ ബഡ്ജറ്റാണ് ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ചിട്ടുള്ളത്. നമ്മുടെ നാടിന്റെ വ്യാവസായിക വികസനത്തിനാവശ്യമായ പശ്ചാത്തലസൗകര്യങ്ങളും അസംസ്കൃത വസ്തുക്കളുമുണ്ടാകണം. ആ നിലയിലുള്ള അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തി മുന്നോട്ടുപോകുകയാണ് സംസ്ഥാനം. എല്ലാത്തിനെയും എതിർക്കുന്ന പ്രതിപക്ഷത്തിന്റെ എതിർപ്പുകളെ അവഗണിച്ച് കേരളത്തിൽ ശക്തമായ ഭരണനടപടികളും തീരുമാനങ്ങളുമായും മുന്നോട്ടുപോകാതിരുന്നെങ്കിൽ സംസ്ഥാനത്തിന്റെ സ്ഥിതി എന്താകുമായിരുന്നു?

{അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മഞ്ഞളാംകുഴി അലി}

യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് പവർകട്ടും ലോഡ് ഷെഡിംഗുമുള്ളൊരു കേരളമല്ലേ നമ്മൾ കണ്ടത്? നേരത്തെ പല അംഗങ്ങളും സൂചിപ്പിച്ചതുപോലെ ഇടമലയാർ-കൊച്ചി പവർ ഹൈവേ ലൈൻ വലിക്കുന്നതുമായി ബന്ധപ്പെട്ട് നാലാളുകൾവന്ന് രണ്ട് മുദ്രാവാക്യം വിളിച്ചപ്പോൾ ഉപേക്ഷിച്ചുപോയതാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ്. അന്ന് ഉപേക്ഷിച്ചുപോയത് എൽ.ഡി.എഫ്. ഗവൺമെന്റ് ഏറ്റെടുത്തില്ലായിരുന്നെങ്കിൽ ഇന്ന് പ്രകാശപൂരിതമായ കേരളമാകുമായിരുന്നോ? നാഷണൽ ഹൈവേയുടെ വികസനവുമായി ബന്ധപ്പെട്ട് വയൽക്കിളികൾ കൂടുകൂട്ടിയപ്പോൾ അവരെയെല്ലാം വിളിച്ചുവരുത്തി പ്രശ്നങ്ങളും പ്രയാസങ്ങളും പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും പദ്ധതി പൂർത്തീകരിക്കുകയുമാണ് ചെയ്തത്. കേരളത്തിന്റെ വികസനവും ക്ഷേമവും മുൻനിർത്തി സമസ്തരംഗത്തും ഇന്ത്യയിലെ ഒന്നാമത്തെ സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്ന നടപടിയുമായാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. പുത്തൻ സാമ്പത്തികനയത്തിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന എല്ലാ നടപടികളെയും കോൺഗ്രസ്സ് പിന്തുണയ്ക്കുകയാണ്. വികസന പ്രവർത്തനങ്ങളുടെ ഭാഗമായി കാലത്തിനനുസരിച്ചുള്ള നവീന സംരംഭങ്ങൾ

കൊണ്ടുവരുമ്പോൾ അതിനെ എതിർക്കുന്ന സമീപനമാണ് കോൺഗ്രസ് സ്വീകരിക്കുന്നത്. കർഷകർക്കെതിരായി കർഷകനിയമങ്ങൾ വരുമ്പോഴും തൊഴിലാളിവിരുദ്ധ നിയമങ്ങൾ കൊണ്ടുവരുമ്പോഴും പ്രതിപക്ഷത്തിന്റെ പ്രധാനകക്ഷിയെന്ന നിലയിൽ പ്രതികരിക്കേണ്ട കോൺഗ്രസ്സ് എവിടെയാണ്? പൗരത്വനിയമവുമായി ബന്ധപ്പെട്ട് ഈ രാജ്യത്തെ മതന്യൂനപക്ഷങ്ങളെയാകെ ആക്രമിക്കാനായി മുന്നോട്ടുവന്നപ്പോൾ പ്രധാന പ്രതിപക്ഷമായ കോൺഗ്രസ്സ് എവിടെയായിരുന്നു. ജനങ്ങളിൽനിന്നും നിങ്ങൾ ഒറ്റപ്പെടുകയാണ്. അവിടെ നിങ്ങൾ ഒറ്റപ്പെടുന്നു, ഇവിടെയും നിങ്ങൾ ഒറ്റപ്പെട്ടുകൊണ്ടിരിക്കുകയല്ലേ? ഇതാണ് വസ്തുത. നിങ്ങൾ ഒരിക്കലും നേരായവഴിക്ക് കാര്യങ്ങൾ ചിന്തിച്ചുപോകുന്നില്ലെന്ന് അനുദിനം തെളിയിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പിലാക്കുന്ന വികസനപ്രവർത്തനങ്ങളും ബഡ്ജറ്റിൽ അവതരിപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങളും പറഞ്ഞുതീർക്കണമെങ്കിൽ ഒരുപാട് ദിവസം വേണ്ടിവരും. ഇതെല്ലാം ജനങ്ങൾക്ക് ബോദ്ധ്യമുള്ളതാണ്. പുതിയ കാലഘട്ടത്തിന്റെ സംവിധാനങ്ങളനുസരിച്ച് എല്ലാവർക്കും മനസ്സിലാക്കാൻ കഴിയും. കിഫ്ബിയെ എതിർത്തില്ലേ? നമ്മളെല്ലാവരും ബി.എം.&ബി.സി. റോഡിലൂടെ സഞ്ചരിച്ചതിനുശേഷം വേറെ റോഡിലിറങ്ങുമ്പോൾ

എന്തായിരിക്കും സ്ഥിതി? അതിന്റെ ഗുണഫലം നമ്മൾ അനുഭവിക്കുകയല്ലേ? ഗുണനിലവാരമുള്ള റോഡുകളെക്കുറിച്ച് വിവിധ രാജ്യങ്ങളിൽ സഞ്ചരിക്കുന്നവർ ഇവിടെവന്ന് പറയുകയാണ്. പുതിയ കാലത്തിനനുസരിച്ച് ജനങ്ങൾക്ക് സഞ്ചരിക്കാനും നാടിന്റെ വികസനത്തിനുംവേണ്ടിയുള്ള പദ്ധതികൾ കേരള ഗവൺമെന്റ് നടപ്പിലാക്കുന്നതെന്നതുകൊണ്ട് എല്ലാവരും ഈ ബഡ്ജറ്റിന് പിന്തുണ നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. 2022-23 സാമ്പത്തിക വർഷത്തേയ്ക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റ് ആധുനിക കേരളത്തിന്റെ വളർച്ചയ്ക്ക് ദീർഘവീക്ഷണത്തോടെയുള്ള മുന്നേറ്റത്തിന് സഹായകരമായ തറക്കല്ലിടലാണ്. ലോകത്തിനാകെ മാതൃകയായ സംസ്ഥാനമാണ് കേരളം. സംസ്ഥാനത്തെ മദ്ധ്യയൂറോപ്യൻ രാജ്യങ്ങൾക്ക് തുല്യമായ മികച്ച സംസ്ഥാനമായി പിടിച്ചുയർത്താൻ കോംപ്രിഹെൻസീവായ നിലപാടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റിലൂടെ മുന്നോട്ടുവയ്ക്കുന്നത്. സെൻട്രൽ ഗവൺമെന്റിന്റെ ബഡ്ജറ്റ് ഒരു മാസം മുമ്പാണ് ശ്രീമതി നിർമ്മല സീതാരാമൻ അവതരിപ്പിക്കുകയും നമ്മുടെ രാജ്യം അത് കാണുകയും ചെയ്തത്. ഇടതുപക്ഷ ജനാധിപത്യമുന്നണി

കടം വർദ്ധിപ്പിക്കുകയാണെന്നാണ് എനിക്ക് മുൻപേ സംസാരിച്ച ശ്രീ. എം. വിൻസെന്റ് സൂചിപ്പിച്ചത്. പ്രതിപക്ഷം തുടർച്ചയായി ആക്ഷേപിച്ചുകൊണ്ടിരിക്കുന്നത് കേരളത്തെ കടക്കെണിയിലേയ്ക്ക് കൊണ്ടുപോകുന്നുവെന്നാണ്. 2011-ലെ കടക്കെണി 78,673 കോടി രൂപയായിരുന്നു. 2015-16 ആയപ്പോൾ അത് 1,57,670 കോടി രൂപയായി. ഇരട്ടിയിലേറെ കടമാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് വരുത്തിവച്ചത്. അവിടെനിന്നും 2026 ആകുമ്പോഴേയ്ക്കും കടം 2,60,000 കോടി രൂപയാകുമെങ്കിലും ഇരട്ടിയാകില്ലെന്നത് വസ്തുതയാണ്. ഇരട്ടിയിലേറെ കടം വർദ്ധിപ്പിച്ചത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണോ; അതോ യു.ഡി.എഫ്. ഗവൺമെന്റാണോ? യു.ഡി.എഫ്. എന്താണ് മറച്ചുവയ്ക്കുന്നത്? ഇന്നത്തെക്കാലത്ത് കേരളംപോലൊരു സംസ്ഥാനത്തിന് വിഭവങ്ങളിലുണ്ടാകുന്ന പരിമിതിയുടെ ഭാഗമായി കടം വാങ്ങാതെ മുന്നോട്ടുപോകാൻ സാധിക്കുമോ? ഇന്ത്യയിൽ ഏത് സംസ്ഥാനത്തിനാണ്, ലോകത്ത് ഏത് രാജ്യത്തിനാണ് അങ്ങനെ മുന്നോട്ടുപോകാൻ കഴിയുന്നത്? ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിന്റെ ഭാഗമായി ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള രണ്ടാം എൽ.ഡി.എഫ്. ഗവൺമെന്റ്

നടപ്പിലാക്കിയ പദ്ധതികൾ കണ്ടില്ലെന്ന് നടിക്കുകയാണ്. പ്രതിപക്ഷം തുടർച്ചയായി ഉണ്ടയില്ലാതെ വെടിവയ്ക്കുന്ന രീതി ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇടതുപക്ഷത്തിന്റെ ബഹുമാന്യരായ എം.എൽ.എ-മാർ പറഞ്ഞതുപോലെ എത്ര കഠിനമായ പ്രതിസന്ധികളെയാണ് നാം അഭിമുഖീകരിച്ചത്. കടുത്ത സാമ്പത്തികപ്രയാസങ്ങളുണ്ടായപ്പോൾ അതിനെയെല്ലാം മറികടക്കാൻ ശ്രീ. ഉമ്മൻ ചാണ്ടിയുടെയും ശ്രീ. എ. കെ. ആന്റണിയുടെയും ഗവൺമെന്റുകൾ പറഞ്ഞതുപോലെ മുണ്ടുമുറുക്കിയുടുത്ത് ജീവിക്കണമെന്നല്ല ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് പറഞ്ഞത്. ജനങ്ങൾക്ക് നൽകിയ ക്ഷേമാനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് തയ്യാറായോ? ക്ഷേമപെൻഷൻ വർദ്ധിപ്പിച്ചില്ലെന്ന് പറയുകയാണ്. അത് 1,600 രൂപയാക്കി വർദ്ധിപ്പിച്ചത് ആരാണ്? 600 രൂപ പെൻഷൻ കുടിശ്ശികയാക്കിയതിനുശേഷം ഭരണത്തിൽനിന്നും പോയവരാണ് ഞങ്ങൾക്കെതിരെ സംസാരിക്കുന്നത്. ദീർഘവീക്ഷണത്തോടെയുള്ള ജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന ബഡ്ജറ്റാണിത്. കേന്ദ്ര ഗവൺമെന്റിന്റെ കടം 100 ലക്ഷം കോടി രൂപയാണ്. 8.22 ലക്ഷം കോടി രൂപയാണ് പലിശയായി കേന്ദ്ര

ഗവൺമെന്റ് അടയ്ക്കുന്നത്. ഇന്ത്യയിലെ കോർപ്പറേറ്റുകൾക്കേർപ്പെടുത്തിയിരുന്ന 30 ശതമാനം നികുതി 22 ശതമാനമായി വെട്ടിച്ചുരുക്കി. അതിലൂടെ 1.45 ലക്ഷം കോടി രൂപ അവർക്ക് ലാഭമുണ്ടാക്കി. കോർപ്പറേറ്റുകളുടെ സംരക്ഷണകവചമായി കേന്ദ്ര ബഡ്ജറ്റ് മാറിയപ്പോൾ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ആധുനിക കേരളത്തിന്റെ വളർച്ചയ്ക്ക് സഹായകമായ, ശ്രദ്ധേയമായ, ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികളാവിഷ്ക്കരിച്ചു. ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഗ്രാഫീൻ പാർക്ക് മോഡേണും ഇന്നൊവേറ്റീവുമായ ഒരാശയമാണ്. അത് വജ്രത്തെക്കാൾ കാഠിന്യമുള്ളതും ചാലകശേഷി ഏറ്റവും കൂടുതലുള്ളതുമായ പദാർത്ഥമാണ്. നിർമ്മാണോത്പാദന മേഖലയിൽ വൻകുതിച്ചുചാട്ടത്തിനും കേരളത്തിന്റെ സാമ്പത്തികമേഖലയിൽ വലിയ ഉണർവേകുന്നതുമായ ഈ പദ്ധതി ഇന്ത്യയിലാദ്യമായി തൃശ്ശൂരിൽ ടാറ്റാ സ്റ്റീലുമായി ചേർന്ന് 86.4 കോടി രൂപ വകയിരുത്തി ആരംഭിക്കുകയാണ്. വൈഫൈ ഹോട്ട്സ്പോട്ടുകൾ, നോളജ് ഇക്കണോമി, 1,000 കോടി രൂപയുടെ നാല് സയൻസ് പാർക്കുകൾ എന്നിവയെല്ലാം മുന്നോട്ടുവയ്ക്കുന്ന ആശയമെന്താണ്? ഛത്തീസ്ഗഢ് മുഖ്യമന്ത്രി ബഡ്ജറ്റ് അവതരിപ്പിക്കാൻ പോയത് ചാണകംകൊണ്ട് നിർമ്മിച്ച പെട്ടിയുമായാണ്. അക്കാര്യം

യു.ഡി.എഫ്. നന്നായി ആലോചിക്കേണ്ടതാണ്. ശ്രീ. എ. എൻ. ഷംസീർ നിയമസഭയിൽ പ്രസംഗിച്ചതുപോലെ ആകെ രണ്ട് സംസ്ഥാനത്താണ് കോൺഗ്രസ് ജയിച്ചത്. കോൺഗ്രസ് പോകണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ഇന്ത്യയുടെ മതനിരപേക്ഷ ജനാധിപത്യം സംരക്ഷിക്കാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ് ജനാധിപത്യപാർട്ടികളുണ്ടാക്കണം. നിങ്ങളെ പിന്തുണച്ച് ചോര വാർന്നുപോയവരാണ് ഞങ്ങൾ. ഇന്ത്യയുടെ മതനിരപേക്ഷ ജനാധിപത്യം സംരക്ഷിക്കാൻ, ചക്രത്തിൽ കൈവിരലിട്ടുകൊടുത്ത പാർട്ടിയുടെ പേരാണ് സി.പി.ഐ.(എം)-ഉം ഇടതുപക്ഷ ജനാധിപത്യ മുന്നണിയും. ചോര വാർന്നുപോയത് ഞങ്ങൾക്കാണ്. യു.ഡി.എഫ്. സ്വീകരിക്കുന്ന സമീപനമെന്താണ്? വ്യക്തിപരമായി ആക്രമിക്കുകയാണ് നിങ്ങൾ ചെയ്യുന്നത്. ശ്രീ. പിണറായി വിജയൻ 'മോണോലോഗ്' എന്നത് എത്ര സമർത്ഥമായിട്ടുള്ള പ്രയോഗമാണ്. ആ വാക്കിന്റെ അർത്ഥം ഉത്തരവാദിത്വത്തോടെയാണോ നിങ്ങൾ പ്രയോഗിക്കുന്നത്? 'മുണ്ടുടുത്ത ഫാസിസ്റ്റ്' എന്ന് ശ്രീ. പിണറായി വിജയനെക്കുറിച്ച് പറയുന്നു. കേരളത്തിന്റെ വികസനരംഗത്ത് ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ് ഉൾപ്പെടെയുള്ള രാഷ്ട്രീയപാർട്ടികൾ ആലോചിക്കേണ്ടത് ജനകീയാസൂത്രണകാലത്ത് നിങ്ങൾ സ്വീകരിച്ച

സമീപനമെന്തായിരുന്നുവെന്നതാണ്. വികസനവിരുദ്ധ സമീപനം നിങ്ങൾക്ക് ഗുണകരമാണോ? ഇന്ത്യയിൽ ബി.ജെ.പി-യാണ് അത്തരം നിലപാട് സ്വീകരിക്കുന്നത്. രാഷ്ട്രീയ കേരളചരിത്രത്തിൽ നാം ഇന്നുവരെ കണ്ടിട്ടില്ലാത്ത ഏറ്റവും വൃത്തികെട്ട നിലപാടായ 'ആന്റി കേരള' സ്വീകരിച്ചത് ബി.ജെ.പി-യാണ്. അവർക്ക് ആ നിലപാട് സ്വീകരിക്കാം. വാമനജയന്തി ആഘോഷിച്ചവരാണ് ബി.ജെ.പി. കേരളത്തിനൊരു പദ്ധതിയും നൽകേണ്ടെന്ന് അവരുടെ സംഘം കേന്ദ്രത്തിൽപോയി പറയുകയാണ്. ഇത്തരം വിചിത്ര സ്വഭാവത്തോടെയാണ് അവർ പ്രവർത്തിക്കുന്നത്. ആ കൂട്ടത്തിലേയ്ക്ക് യു.ഡി.എഫ്. എന്ന കേരളത്തിലെ പ്രബലമായ രാഷ്ട്രീയമുന്നണി പോകാമോ? ഡോ. ശശി തരൂർ ഒഴികെയുള്ള പതിനെട്ട് എം.പി-മാരുടെ നിലപാടെന്താണെന്ന് പറയുകയുണ്ടായി. സ്വയമൊരു പൊളിറ്റിക്കൽ സൂയിസൈഡിനുള്ള ശ്രമമാണ് കേരളത്തിൽ യു.ഡി.എഫ്. ചെയ്തുകൊണ്ടിരിക്കുന്നത്. നിങ്ങളെന്തിനാണ് ഇത്തരം വികലമായ നിലപാട് സ്വീകരിക്കുന്നത്? ഒരു പദ്ധതിയെ എതിർക്കുകയും അത് ശരിയല്ലെന്ന നിലപാട് സ്വീകരിക്കുകയും ചെയ്യാം. എന്നാൽ ഒരു പദ്ധതി നടപ്പിലാക്കാൻ അനുവദിക്കാതിരിക്കുന്നത് ശരിയല്ല. കേരളത്തിന്റെ വികസനത്തിന് സഹായകരമായി മുന്നോട്ടുപോകുന്ന ഭാവികേരളത്തിന്റെ

വളർച്ചയ്ക്ക് തറക്കല്ലിടുമ്പോൾ, അത് പറിക്കാൻ പുറപ്പെട്ടാൽ കേരളത്തിലെ ജനങ്ങൾ നിങ്ങളുടെ 'തറക്കല്ല്' പറിക്കുമെന്നതിൽ യാതൊരു തർക്കവുമില്ല. കേരളത്തിലെ ജനങ്ങൾ ബുദ്ധിയുള്ളവരാണ്. ശ്രീ. പിണറായി വിജയനെതിരെ പോലീസിൽ ബുദ്ധിപരമായ ഒരു പുതിയ തന്ത്രം നിങ്ങൾ ആവിഷ്ക്കരിക്കുകയാണ്. ശ്രീ. നരേന്ദ്ര മോദിക്കുപകരം ശ്രീ. പിണറായി വിജയൻ എന്നാണ് പറയുന്നത്. അതിന് പോലീസിനെയടക്കം നിയോഗിക്കുന്നു. ശിവഗിരിമഠത്തിൽ കയറി സന്യാസിമാരെ ഭീകരമായി മർദ്ദിച്ചത് ആരുടെ ഭരണകാലത്താണ്? ഈ നാട്ടിലെ വർഗ്ഗീയസംഘർഷങ്ങളും കലാപങ്ങളും ലോക്കപ് മരണങ്ങളുമുണ്ടായത് ആരുടെ ഭരണകാലത്താണ്? സമയംകിട്ടുമ്പോൾ ശ്രീ. പിണറായി വിജയന്റെ കാലിലൊന്ന് നോക്കണം. അദ്ദേഹം അടിയന്തരാവസ്ഥക്കാലത്ത് എം.എൽ.എ. ആയിരുന്നു. അന്ന് അദ്ദേഹത്തെ ഭീകരമായി മർദ്ദിച്ചു. ഫുട്ബോൾ കളിക്കാൻ പോയപ്പോൾ പരസ്പരം കാലടിച്ചുണ്ടായ അടയാളമല്ല. ഇന്നും ആ കാലിൽ ചോര കല്ലിച്ച കറുത്ത പാടുകളുണ്ട്. അദ്ദേഹം ഭരണകൂടത്തിന്റെ, പോലീസ് ഭീകരതയുടെ ഇരയായി ജീവിക്കുന്നയാളാണ്. ആ മനുഷ്യനെ നോക്കി മോണോലോഗ് എന്നാണ് പറയുന്നത്. ഞങ്ങൾ ആരുമായാണ് സംവദിച്ചത്? ഏത് പോലീസിനെയാണ് കയറൂരിവിട്ടത്?

പോലീസെന്താണെന്ന് ഞങ്ങൾക്കറിയാം. പോലീസിനെ ജനകീയമാക്കി ജനങ്ങളുടെകൂടെ ചേർത്തുനിർത്തി നവീകരിക്കുകയും ആധുനികവൽക്കരിക്കുകയും ചെയ്യുകയെന്ന ജനാധിപത്യപരമായ കാഴ്ചപ്പാടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് മുന്നോട്ടുവച്ചത്. അല്ലെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ? അദ്ദേഹത്തെ വ്യക്തിപരമായി തേജോവധം ചെയ്ത് ഈ ഗവൺമെന്റിനെ മോശമായി ചിത്രീകരിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. നിങ്ങൾ അദ്ദേഹത്തെ രാഷ്ട്രീയമായും അല്ലാതെയും ഇല്ലാതാക്കാൻ ശ്രമിച്ചതാണ്. ആ ശ്രമത്തെയെല്ലാം അതിജീവിച്ചാണ് അദ്ദേഹം രാഷ്ട്രീയകേരളത്തിന്റെ ചരിത്രത്തിൽ ഒരു കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ തുടർഭരണമെന്ന അഭിമാനകരമായ നേട്ടം കൈവരിച്ചത്. യു.ഡി.എഫ്. പരാജയപ്പെടുത്താനുള്ള എല്ലാ ശ്രമവും നടത്തിയില്ലേ? നിങ്ങൾ ഇപ്പോഴും വ്യക്തിപരമായിട്ടാണ് പെരുമാറുന്നത്. ശ്രീ. നരേന്ദ്ര മോദി ക്ഷേത്രത്തിൽ പോകുമ്പോൾ പിറകെ പോകുന്നത് ആരാണ്? ശ്രീ. രാഹുൽ ഗാന്ധിയും ശ്രീമതി പ്രിയങ്കാ ഗാന്ധിയുമാണ്. ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിന്റെ ദേശീയ നേതാക്കൾക്കുണ്ടായ അനുഭവമെന്താണ്? കുറ്റപ്പെടുത്തുകയോ നിങ്ങൾ യു.ഡി.എഫ്-ന്റെ ഭാഗമല്ലാതായി മാറണമെന്നോ ഞാൻ പറയുന്നില്ല. പക്ഷേ, നിങ്ങളുടെ അനുഭവമെന്താണ്; യു.പി-യിൽ

പോയപ്പോൾ അവർ സ്വീകരിച്ച സമീപനമെന്താണ്? ഇവിടെ കോൺഗ്രസ് പ്രതിസന്ധിയിലാകുമ്പോൾ സഭയിൽപ്പോലും അവർക്കുവേണ്ടി ജീവൻകൊടുക്കാൻ നിങ്ങൾ തയ്യാറാകുകയാണ്. പക്ഷേ, നിങ്ങളെ അവർ അപമാനിച്ചില്ലേ; ഇന്ത്യയുടെ മതനിരപേക്ഷ നിലപാട് സംരക്ഷിക്കാൻ ഇന്നത്തെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് കഴിയുമെന്ന് നിങ്ങളാരെങ്കിലും വിശ്വസിക്കുന്നുണ്ടോ? ഇറങ്ങിനിന്ന് നാല് വർത്തമാനം പറയാനും ശ്രീ. നരേന്ദ്ര മോദിക്കെതിരായി നിലപാട് സ്വീകരിക്കാനും നിങ്ങൾ കാണിക്കുന്നത് തോന്ന്യാസമെന്ന് പറയാനും ഇന്ത്യയെപ്പോലെ മതനിരപേക്ഷ ജനാധിപത്യരാഷ്ട്രത്തിന് യോജിച്ചതല്ലെന്ന് പറയാനും ആർജ്ജവമുള്ള ആരാണുള്ളത്? ഇന്ന് രാവിലെ ജി-23-ൽ കപിൽ സിബലിന്റെ സ്റ്റേറ്റ്മെന്റുണ്ട്. അതിലെന്താണ് പറഞ്ഞത്? ടി. പത്മനാഭനെപ്പോലെയുമുള്ള പഴയകാല കോൺഗ്രസുകാർ പറഞ്ഞതെന്താണ്? ആർ.എസ്.എസ്-ന്റെ പൊളിറ്റിക്കൽ അജണ്ടയാണ് ഹിജാബെന്ന് ഞങ്ങൾക്കറിയാം. ആർ.എസ്.എസ്-ന് കേരളത്തിലും ഇന്ത്യയിലും അജണ്ടയുണ്ട്. ഇന്ത്യയിലെ അജണ്ട ഇന്ത്യയെ ഹിന്ദുത്വവൽക്കരിക്കുകയെന്നുള്ളതാണ്. യഥാർത്ഥ ഹിന്ദുവിന്റെ പാരമ്പര്യം ഞങ്ങൾക്കാണെന്ന് പറഞ്ഞ് അവരുടെ പിറകെ നടക്കുന്നത് എന്ത്

കാര്യത്തിനാണ്? യു.ഡി.എഫ്. അത് അവസാനിപ്പിക്കണം. ഇടതുപക്ഷ വിരുദ്ധമായൊരു സ്പീഡെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇന്നലെ പറഞ്ഞു. ഇടതുപക്ഷം അതിവേഗതയ്ക്ക് എതിരാണ്. അതുകൊണ്ടാണ് അർദ്ധ അതിവേഗപാത കൊണ്ടുവരുന്നത്. ഞങ്ങൾ കാലാനുസൃതമായ വേഗതയുടെ കൂടെയാണ് നിൽക്കുന്നത്. ഇടതുപക്ഷമെന്നത് നാടിന്റെ ആധുനിക വികസനത്തിന് സഹായകരമായ, പ്രോഗ്രസ്സീവായ കാഴ്ചപ്പാടാണ്. അതിന് സഹായകരമായ നിലപാടാണ് ഞങ്ങൾ സ്വീകരിച്ചിട്ടുള്ളത്. ആ നിലപാടാണ് ഈ ബഡ്ജറ്റ് മുന്നോട്ടുവയ്ക്കുന്നത്. ഇന്നത്തെ കേരളത്തിന്റെ വളർച്ചയ്ക്ക് അനിവാര്യമാണ് ഈ ബഡ്ജറ്റെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, കർമ്മംകൊണ്ട് തിരുവനന്തപുരത്തുകാരനും ജന്മംകൊണ്ട് വള്ളിക്കുന്നുകാരനുമായ അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞ സോമേട്ടൻ എന്ന് എല്ലാവരും ബഹുമാനത്തോടെ വിളിക്കുന്ന ഇ. സോമനാഥിനെ ഞാനിവിടെ സ്മരിക്കുന്നു. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ഇ. സോമനാഥിന്റെ 'നടുത്തളം', 'നിയമസഭാ അവലോകനങ്ങൾ' എന്നിവ സൂക്ഷ്മനിരീക്ഷണംകൊണ്ടും മൂർച്ചയേറിയ ആക്ഷേപ ഹാസ്യശരങ്ങൾകൊണ്ടും വേറിട്ടുനിന്നു. വിമർശനാത്മകമാണെങ്കിൽപ്പോലും

അതിൽ പേര് പരാമർശിക്കപ്പെടാൻ ആഗ്രഹിക്കാത്ത നിയമസഭാംഗങ്ങൾ കുറവായിരുന്നു. അദ്ദേഹത്തിന്റെ പേരിൽ ഒരു മാധ്യമ പുരസ്കാരം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. അടുത്ത 25 വർഷംകൊണ്ട് കേരളത്തിലെ ജനങ്ങളുടെ ജീവിതനിലവാരം ഗണ്യമായി ഉയർത്തുകയെന്നതാണ് സംസ്ഥാന ബഡ്ജറ്റ് ലക്ഷ്യമിടുന്നത്. ഇതിനായി വിജ്ഞാനത്തെയും ഉൽപ്പാദനത്തെയും ചേർത്തുനിർത്തി അനാവരണം ചെയ്ത ഇത്തരം കാഴ്ചപ്പാടുകൾ സംസ്ഥാനത്തിന്റെ ആകെ വളർച്ചയെ സംബന്ധിച്ചിടത്തോളം സ്വാഗതാർഹമാണ്. പക്ഷേ, നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ എങ്ങനെ നടപ്പാക്കുമെന്നതിലാണ് ആശങ്ക. 1.6 ലക്ഷം കോടി രൂപയാണ് ഈ വർഷം നികുതിവരുമാനം പ്രതീക്ഷിച്ചിരുന്നത്. പുതുക്കിയ എസ്റ്റിമേറ്റ് വന്നപ്പോൾ അത് 1.64 ലക്ഷം കോടി രൂപയായി. അടുത്ത സാമ്പത്തികവർഷം പ്രതീക്ഷിക്കുന്ന വരുമാനം 1.73 ലക്ഷം കോടി രൂപയാണ്. അതായത് 9,000 കോടി രൂപ അധികമായി അടുത്ത വർഷം സർക്കാർ പ്രതീക്ഷിക്കുന്നു. തനതുനികുതി വരുമാനം വർദ്ധിപ്പിച്ച് അധികവരുമാനം സമാഹരിക്കുമെന്നാണ് ബഡ്ജറ്റ് കണക്കുകൾ ചൂണ്ടിക്കാണിക്കുന്നത്.

കഴിഞ്ഞ മാസം കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ തയ്യാറാക്കിയ സംസ്ഥാന സർക്കാരിന്റെ സാമ്പത്തികസ്ഥിതി വിവരിക്കുന്ന റിപ്പോർട്ടിലൂടെ കണ്ണോടിച്ചാൽ ആശങ്കപ്പെടുത്തുന്ന കണക്കാണ് കാണാൻ സാധിക്കുന്നത്. കഴിഞ്ഞ സാമ്പത്തികവർഷം റവന്യൂ വരവിൽ ഇതുവരെ സർക്കാർ എത്രമാത്രം മുന്നേറിയെന്ന റിപ്പോർട്ട് നോക്കിയാൽ വസ്തുത മനസ്സിലാകും. ആകെ ലക്ഷ്യവും കടന്ന് മുന്നേറിയത് കടമെടുപ്പ് മാത്രമാണ്. 33,112 കോടി രൂപയാണ് നടപ്പുവർഷം കടമെടുക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നത്. എന്നാൽ അത് ലക്ഷ്യവും കടന്ന് 44,313 കോടി രൂപയിലെത്തി. എം.എൽ.എ-മാർ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ നൽകുന്ന എല്ലാ പദ്ധതികൾക്കും ഫണ്ട് വകയിരുത്തുവാൻ പ്രായോഗികമായി സാധിക്കില്ല. എന്നാൽ, മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടം പരിശോധിച്ചാൽ രണ്ടിലധികം പദ്ധതികളിലെങ്കിലും ഏറ്റവും കുറഞ്ഞത് ഒരു നിയോജകമണ്ഡലത്തിൽ 20 ശതമാനം ബഡ്ജറ്റ് പ്രൊവിഷൻ ലഭിക്കുമായിരുന്നു. മുൻ സർക്കാരിന്റെ ഭരണകാലംമുതൽ അത് ഒന്നായി കുറഞ്ഞു. അപ്പോഴും ആശ്വാസമായിരുന്നത് അടിയന്തരമായി നിർവ്വഹിക്കേണ്ട പ്രവൃത്തികൾക്ക് എം.എൽ.എ. ആസ്തി വികസനഫണ്ട് ഉപയോഗിക്കാമെന്നതായിരുന്നു. നിലവിൽ അതും നഷ്ടപ്പെട്ടു. നാമമാത്രമായി

അനുവദിക്കുന്ന തുകയുപയോഗിച്ച് യാതൊന്നും നിർവ്വഹിക്കാൻ കഴിയാത്ത അവസ്ഥയാണ്. ഈ ബഡ്ജറ്റിൽ ആസ്തി വികസനഫണ്ട് പൂർവ്വസ്ഥിതിയിലാക്കുന്ന പ്രഖ്യാപനങ്ങളുണ്ടായില്ലെന്നത് ഖേദകരമാണ്. മാത്രമല്ല, കോവിഡ് പ്രതിരോധത്തിനായി ആസ്തി വികസനഫണ്ടിൽനിന്നും സ്വരൂപിച്ച 564 കോടിരൂപയിൽനിന്നും നാളിതുവരെയായി ചെലവഴിച്ചത് 36.2 കോടി രൂപ മാത്രമാണെന്ന് നിയമസഭാ രേഖകൾ പരിശോധിച്ചാൽ വ്യക്തമാകും. അതിൽ മലപ്പുറം ജില്ലയിൽ ഒരു രൂപപോലും ചെലവഴിച്ചതായി അറിവില്ല. പ്രഖ്യാപനങ്ങൾ ഒരുവഴിക്കും പദ്ധതികളുടെ നടത്തിപ്പ് വേറൊരു വഴിക്കുംപോകുന്നതാണ് കഴിഞ്ഞ കുറേവർഷങ്ങളായി നമ്മൾ കണ്ടുവരുന്നത്. ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ നടപ്പിലാക്കിയതുമായ പദ്ധതികളുടെ കണക്കുകൾ സഭയിൽ അവതരിപ്പിച്ചുവെങ്കിൽ ബഡ്ജറ്റിന്റെ വിശ്വാസ്യത കൂടുമായിരുന്നു. കഴിഞ്ഞ ബഡ്ജറ്റിൽ എന്റെ നിയോജകമണ്ഡലത്തിൽ 20 ശതമാനം പ്രൊവിഷൻ അനുവദിച്ചുകിട്ടിയ പുല്ലിപ്പുഴ സാൾട്ട്-എക്സ്ക്ലൂഷൻ ചെക്ക് ഡാം നിർമ്മാണത്തിന്റെ പ്രവൃത്തി ഇപ്പോഴും കടലാസ്സിൽ ഒതുങ്ങിനിൽക്കുകയാണെന്ന ദുഃഖകരമായ വസ്തുത ഞാനിവിടെ അറിയിക്കുകയാണ്. കോവിഡ് കാലഘട്ടത്തിൽ തകർന്നുപോയ

വ്യാപാരികളുടെ ചെറുതും വലുതുമായ രണ്ട് ലക്ഷത്തിലധികം സ്ഥാപനങ്ങൾ അടച്ചുപൂട്ടിപ്പോയതായി കണക്കുകൾ സൂചിപ്പിക്കുന്നു. ഇവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പാക്കേജ് ബഡ്ജറ്റിലില്ലാതെ പോയത് ഖേദകരമാണ്. കോവിഡ് പ്രതിസന്ധികാരണം മടങ്ങിയെത്തിയ 15 ലക്ഷത്തോളം പ്രവാസികളിൽ ബഹുഭൂരിപക്ഷംപേർക്കും തിരികെപ്പോകാൻ സാധിച്ചിട്ടില്ല. അതിൽ ഭൂരിഭാഗവും മലപ്പുറം ജില്ലക്കാരാണ്. കേരളത്തിന്റെ സമഗ്രവികസനത്തിന് നിർണ്ണായക പങ്കുവഹിച്ച പ്രവാസികളോട് ബഡ്ജറ്റ് നീതി പുലർത്തിയിട്ടില്ല. തീരദേശമേഖല വറുതിയിലും പട്ടിണിയിലുമാണ്. ഓഖി, പ്രളയം, കാലാവസ്ഥാവ്യതിയാനം, കടൽക്ഷോഭം, പ്രകൃതിദുരന്തങ്ങൾ എന്നിവമൂലം കേരളത്തിലെ മത്സ്യോത്പാദനം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കേരളത്തിലെ സൈന്യമെന്ന് നാം വിശേഷിപ്പിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് വരൾച്ചാപാക്കേജ് വേണമെന്ന മത്സ്യത്തൊഴിലാളി സംഘടനകളുടെ ആവശ്യവും ബഡ്ജറ്റിൽ പരിഗണിച്ചിട്ടില്ല. മത്സ്യത്തൊഴിലാളികളുടെ ജീവിതോപാധിയായ ഉപകരണങ്ങൾക്കുള്ള മണ്ണെണ്ണ, ഡീസൽ എന്നിവയുടെ സബ്സിഡി ബഡ്ജറ്റിൽ പരിഗണിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 25 രൂപയ്ക്ക് മണ്ണെണ്ണ നൽകുമെന്ന മുൻ ധനകാര്യ വകുപ്പുമന്ത്രി

ഡോ. ടി. എം. തോമസ് ഐസക്കിന്റെ വാഗ്ദാനം നടപ്പിലാക്കുന്നതിനായി കഴിഞ്ഞ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 60 കോടി രൂപ ചെലവഴിച്ചിട്ടില്ല. ഭവനനിർമ്മാണ പദ്ധതികളില്ല; പുനർഗേഹം പദ്ധതിയിൽ വീട് നഷ്ടപ്പെടുന്നവരുടെ ധനസഹായം വർദ്ധിപ്പിക്കണമെന്ന ആവശ്യം പരിഗണിക്കാതെയാണ് പദ്ധതി നടപ്പിലാക്കുമെന്ന് പറയുന്നത്. മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി നിർത്തൽ ചെയ്യുന്നതോടൊപ്പം കടാശ്വാസമായി അനുവദിച്ച് കുടിശ്ശികയായുള്ള 200 കോടി രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ഇരട്ട പെൻഷനില്ല; കടലാക്രമണ പ്രതിരോധ പദ്ധതികളില്ല; മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനപ്പെടുന്ന കടലിലെയും കായലുകളിലെയും മത്സ്യോത്പാദന വർദ്ധനവിന് പദ്ധതികളില്ല; പകരം സമ്പന്നവർഗ്ഗത്തിന് ഗുണംചെയ്യുന്ന മത്സ്യകൃഷിയെ പ്രോത്സാഹിപ്പിക്കുന്ന ഒരു ബഡ്ജറ്റാണിത്. എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട ഒന്നുരണ്ട് കാര്യങ്ങളിലേയ്ക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. കോഴിക്കോട് വിമാനത്താവളം, കോഴിക്കോട് സർവ്വകലാശാല, ഐ.ഒ.സി. ബോട്ടിലിംഗ് പ്ലാന്റ്, കാക്കഞ്ചേരി കിൻഫ്ര തുടങ്ങിയ അതീവസുരക്ഷ ആവശ്യമുള്ള നിരവധി സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്ന പ്രദേശമാണ്

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ തേഞ്ഞിപ്പലം പഞ്ചായത്ത്. അടിയന്തരമായി അവിടെ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കണമെന്ന് നിരന്തരമായി ഞാൻ ആവശ്യപ്പെടുകയാണ്. യൂണിവേഴ്സിറ്റി അതിനാവശ്യമായ സ്ഥലം നൽകിയിട്ടും ബഡ്ജറ്റിൽ ഫണ്ട് അനുവദിക്കാത്ത കാര്യം ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. മലപ്പുറം ജില്ലയിൽ സർക്കാർ മേഖലയിൽ ആർട്സ് ആൻഡ് സയൻസ് കോളേജില്ലാത്ത ഏക നിയോജകമണ്ഡലം വള്ളിക്കുന്നാണ്. നിരവധി വിദ്യാർത്ഥികൾ ഉന്നതപഠനത്തിനുവേണ്ടി ബുദ്ധിമുട്ടുന്നതിനാൽ ഈ ആവശ്യം പരിഗണിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ 7 കിലോമീറ്ററോളം വരുന്ന തീരദേശമേഖലയിൽ കടൽസുരക്ഷാഭിത്തിയില്ലാത്തതുകാരണം കടൽക്ഷോഭമുണ്ടായാൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ദുരിതാശ്വാസ ക്യാമ്പുകളെ ആശ്രയിക്കാതെ മറ്റു മാർഗ്ഗങ്ങളില്ല. കടലുണ്ടി നഗരം മുതൽ അരിയല്ലൂർ പരപ്പാൽ വരെയുള്ള ഭാഗങ്ങളിൽ കടൽസുരക്ഷാഭിത്തി നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രമാണുള്ളത്. ഫണ്ട് അനുവദിച്ചിട്ടും നിർമ്മാണം തുടങ്ങാത്ത ചേളാരി ഹയർ സെക്കൻഡറി സ്കൂളിലെ കുട്ടികൾ സമരത്തിലാണ്. പ്ലാൻ

ഫണ്ടിൽ 3.54 കോടി രൂപയും കിഫ്ബിയിൽ 3 കോടി രൂപയും അനുവദിച്ച് നിർമ്മാണമാരംഭിച്ചെങ്കിലും അകാരണമായി നിർമ്മാണം സ്തംഭനാവസ്ഥയിലായതിനാൽ അത് പരിഹരിക്കണമെന്ന് നിരന്തരം ആവശ്യപ്പെടുകയാണ്; അതിനാൽ അതിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കണം. കോഴിക്കോട് വിമാനത്താവളവുമായി ബന്ധപ്പെട്ട് യാതൊരുവിധത്തിലുള്ള പരാമർശവും ബഡ്ജറ്റിലില്ലെന്നുള്ളത് ഖേദകരമാണ്. നിരന്തരമായി യാത്രാദുരിതം അനുഭവിക്കുന്നതിനാൽ ആനങ്ങാടി മേൽപ്പാലം അനുവദിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം. അടയ്ക്കാ കച്ചവടക്കാർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കമുള്ള എല്ലാവരെയും കണ്ട് നിവേദനം നൽകിയിട്ടുണ്ട്. ടാക്സ് ഇനത്തിൽ ഓരോ സ്ഥാപനത്തോടും കോടിക്കണക്കിന് രൂപയാണ് അധികബാധ്യതയായി അടയ്ക്കാൻ പറയുന്നത്. രണ്ട് ശതമാനം ടാക്സ് കൃത്യമായടച്ച ഈ കച്ചവടക്കാരോട് പിരിക്കാത്ത മൂന്ന് ശതമാനം ടാക്സ് കൂടിയടയ്ക്കാൻ ആവശ്യപ്പെട്ടിരിക്കുന്നതിനാൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവരുടെ വിഷമങ്ങളും പ്രയാസങ്ങളും കേൾക്കുകയും ചർച്ച ചെയ്യുകയും എത്രയുംവേഗം മൂന്ന് ശതമാനം ടാക്സ് പിൻവലിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പറഞ്ഞുകൊണ്ട്

എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. ആവർത്തിച്ചുണ്ടായ അതിതീവ്രമഴ, പ്രളയം, ഓഖി തുടങ്ങിയ പ്രകൃതിദുരന്തങ്ങളിൽനിന്നും കേന്ദ്രസർക്കാരിന്റെ ജനദ്രോഹനയങ്ങളിൽനിന്നും ജനങ്ങളെ കരകയറ്റിയ പിണറായി വിജയൻ സർക്കാർ ലോക ജനതയ്ക്കുമുന്നിൽ ഉദാത്ത മാതൃകയാണ്. സംസ്ഥാനത്തിന്റെ വികസനം അടുത്ത 25 വർഷത്തേയ്ക്ക് മുൻകൂട്ടിക്കണ്ടുകൊണ്ടാണ് ഈ വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റ് നവകേരളത്തിന്റെ വികസനരേഖയായി മാറിയ ചരിത്രമാണ് ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ നമുക്ക് കാണാൻ കഴിഞ്ഞത്. നമ്മുടെ ജനകീയ ബഡ്ജറ്റിനെ താരതമ്യം ചെയ്യേണ്ടത് കേന്ദ്രസർക്കാർ ഒരു മാസംമുമ്പ് അവതരിപ്പിച്ച ജനവിരുദ്ധ ബഡ്ജറ്റുമായിട്ടാണ്. കേന്ദ്ര ബഡ്ജറ്റ് ഇക്കുറിയും കേരളത്തിന് നിരാശ മാത്രമാണ് സമ്മാനിച്ചത്. ദീർഘനാളത്തെ നമ്മുടെ ആവശ്യമായിരുന്ന AIIMS അടക്കമുള്ള ഒരു പദ്ധതിക്കും യാതൊരു പരിഗണനയും

നൽകാതെയാണ് കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. സാധാരണക്കാരായ തൊഴിലാളികളുടെ തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തുന്നതിനോ വരുമാനം ഉയർത്തുന്നതിനോ ഉതകുന്നതരത്തിലുള്ള പദ്ധതികളില്ലെന്ന് മാത്രമല്ല നിലവിലുള്ള ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെപ്പോലും ഇല്ലാതാക്കുന്ന തരത്തിലാണ് കേന്ദ്ര സർക്കാർ മുന്നോട്ടുപോകുന്നത്. കർഷകരുടെ വരുമാനവും ഗ്രാമീണമേഖലയിൽ തൊഴിലവസരവും വർദ്ധിപ്പിക്കുന്നതിനുള്ള യാതൊരു പ്രഖ്യാപനങ്ങളും കേന്ദ്ര ബഡ്ജറ്റിൽ ഉണ്ടായിരുന്നില്ലെന്നത് ഈ അവസരത്തിൽ ഓർക്കുകയാണ്. വിള ഇൻഷ്വറൻസിൽ മാത്രം കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് 489 കോടി രൂപയുടെ കുറവാണ് കേന്ദ്ര ബഡ്ജറ്റിലുണ്ടായിരിക്കുന്നത്. രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം വിറ്റുതുലയ്ക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. എൽ.ഐ.സി., എയർ ഇന്ത്യ, എയർപോർട്ട്, ബി.പി.സി.എൽ. (ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്) തുടങ്ങി നിരവധി പൊതുമേഖലാ സ്ഥാപനങ്ങളാണ് കേന്ദ്ര സർക്കാർ വിറ്റുതുലച്ചുകൊണ്ടിരിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ ഏകദേശം 82,000 കോടി രൂപ വിപണിമൂല്യമുള്ള ബി.പി.സി.എൽ-ന്റെ 45,000 കോടി രൂപയുടെ

ഓഹരിയാണ് വില്പനയ്ക്ക് വച്ചിട്ടുള്ളത്. നമ്മുടെ അഭിമാനമായിരുന്ന എയർ ഇന്ത്യയെ ടാറ്റ ഗ്രൂപ്പിന് ഏകദേശം 18,000 കോടി രൂപയ്ക്കാണ് വിറ്റുതുലച്ചത്. വളം സബ്സിഡിക്കായി മാറ്റിവയ്ക്കാറുണ്ടായിരുന്ന തുകയിൽ 34,900 കോടി രൂപയുടെ കുറവാണ് കേന്ദ്ര സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റിൽ വരുത്തിയിട്ടുള്ളത്. കേന്ദ്രസർക്കാരിന്റെ വികലമായ നയങ്ങൾകാരണം കേരളത്തിന്റെ വരുമാനത്തിൽ 32,000 കോടി രൂപയുടെ കുറവുണ്ടാകുമെന്നാണ് കണക്കാക്കുന്നത്. ജി.എസ്.ടി. നഷ്ടപരിഹാരമായി കേന്ദ്ര സർക്കാർ വർഷന്തോറും നൽകിവരുന്ന 13,000 കോടി രൂപ ജൂലൈ മാസത്തോടുകൂടി നിലയ്ക്കും. ധനകാര്യ കമ്മീഷന്റെ നിർദ്ദേശപ്രകാരം ലഭിക്കുന്ന റവന്യൂ കമ്മി നികത്താനുള്ള ധനസഹായം 19,000 കോടി രൂപയിൽ നിന്ന് 4,000 കോടി രൂപയായി കുറയുന്നതോടുകൂടി ഏകദേശം 15,000 കോടി രൂപയുടെ നഷ്ടമാണ് കേരളത്തിലുണ്ടാകാൻ പോകുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റിനെ വിലയിരുത്തേണ്ടത് ഈ വസ്തുതകളുടെകൂടി അടിസ്ഥാനത്തിലായിരിക്കണം. രാജ്യത്ത് ആദ്യമായാണ് അതിദാരിദ്ര്യം ഇല്ലാതാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. 64,006 കുടുംബങ്ങളെ നിത്യദാരിദ്ര്യത്തിൽനിന്നും കൈപിടിച്ചുയർത്തുന്നതിന്റെ ആദ്യഘട്ടമായി 100

കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇത് സർക്കാരിന് ജനങ്ങളോടുള്ള പ്രതിബദ്ധതയാണ് കാണിക്കുന്നത്. റീ-ബിൽഡ് കേരളയിലൂടെ 7,824 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുള്ളതിൽ 1,185 കോടി രൂപ ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. ഈ ആവശ്യങ്ങൾക്കായി ഏകദേശം 1,600 കോടി രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ അടിസ്ഥാന വർഗ്ഗങ്ങളിലൊന്നായ പട്ടികജാതി വിഭാഗങ്ങൾക്ക് അടുത്ത അഞ്ച് വർഷത്തിനുള്ളിൽ വീട് നൽകുമെന്നുള്ള ധീരമായ പ്രഖ്യാപനമാണ് ഈ സർക്കാർ മുന്നോട്ടുവയ്ക്കുന്നത്; മാത്രവുമല്ല പട്ടികജാതി സംരംഭകർക്കായി ഗ്രീൻ സ്റ്റാർട്ടപ്പ് പദ്ധതി, പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിൽ ഓൺലൈൻ വിദ്യാഭ്യാസ സൗകര്യം ഉറപ്പാക്കുന്നതിനുള്ള പദ്ധതി, നൈപുണ്യ പദ്ധതി വഴി തൊഴിൽ പരിശീലനം നൽകി കൂടുതൽ പേർക്ക് തൊഴിൽ ഉറപ്പാക്കൽ, പട്ടികവർഗ്ഗ വിഭാഗക്കാർക്കായി ആരോഗ്യമേഖലയിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ, പട്ടികജാതി വിഭാഗക്കാർക്കായി സ്റ്റാർട്ടപ്പ് പദ്ധതി, പട്ടികവർഗ്ഗ വിഭാഗത്തിലെ യുവഗവേഷകർക്ക് പ്രത്യേക ധനസഹായം, എട്ടാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള പട്ടികജാതിയിൽപ്പെടുന്ന കുട്ടികളുടെ പഠനനിലവാരമുയർത്തുന്നതിന് രണ്ടായിരത്തി അഞ്ഞൂറോളം പഠനമുറികൾ

നൽകുന്നതടക്കം നിരവധി ക്ഷേമപദ്ധതികളാണ് എസ്.സി./എസ്.ടി. വകുപ്പും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ചേർന്ന് നടപ്പിലാക്കിവരുന്നത്. അതിന് പ്രത്യേകമായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. കേരളത്തിലെ പ്രധാന പ്രശ്നങ്ങളിലൊന്നായ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിന് ജൽജീവൻ മിഷനിലുൾപ്പെടുത്തി 13,090 കോടി രൂപ ചെലവിൽ 11,51,305 കണക്ഷനുകൾക്ക് ഭരണാനുമതി നൽകിയത് സർക്കാരിന്റെ ഈ വിഷയത്തിലുള്ള ആത്മാർത്ഥതയെയാണ് കാണിക്കുന്നത്. നമ്മുടെ നാട്ടിലെ ഭവനരഹിതരായവരുടെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന് ലൈഫ് പദ്ധതിയിൽ ലഭിച്ച 920,260 അപേക്ഷകരിൽനിന്ന് അഞ്ചരലക്ഷം അപേക്ഷകർക്ക് രണ്ടാംഘട്ട പദ്ധതിയിലുൾപ്പെടുത്തി അർഹത നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിന് മികച്ച പ്രവർത്തനമാണ് സർക്കാർ നടത്തിവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 171,733 റേഷൻ കാർഡുകൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. പത്തുമാസത്തിനിടെ ലഭിച്ച 2,329,632 അപേക്ഷകളിൽ 2,287,234 എണ്ണം തീർപ്പാക്കാൻ കഴിഞ്ഞതിനെ ഈ അവസരത്തിൽ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്.

രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് 13,183 കോടി രൂപ ചെലവുവരുന്ന 1557 പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടിയെടുത്തതിന് സർക്കാരിനെ ഈ അവസരത്തിൽ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. വൈദ്യുതി, ജലവിഭവം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾവഴി പതിമൂന്നര ലക്ഷം തൊഴിൽദിനങ്ങളും മറ്റ് വകുപ്പുകൾവഴിയുള്ള പ്രത്യക്ഷ-പരോക്ഷ തൊഴിലവസരങ്ങളുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. വിവരസാങ്കേതിക സംവിധാനം സാധാരണക്കാരായ ജനങ്ങളിലേയ്ക്കെത്തിക്കുന്നതിന് ഓരോ നിയോജകമണ്ഡലത്തിലും നൂറ് കുടുംബങ്ങൾക്കുവീതം 30000 കെ-ഫോൺ കണക്ഷനുകളാണ് നൽകാൻപോകുന്നത്. കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 'ഞങ്ങളും കൃഷിയിലേയ്ക്ക് ' എന്നതടക്കം നിരവധി പദ്ധതികളാണ് കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നത്. ഇതിനാവശ്യമായ തുക മാറ്റിവച്ച ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ഈ അവസരത്തിൽ പ്രത്യേകം അഭിനന്ദിക്കുകയാണ്. അഞ്ച് വർഷംകൊണ്ട് 20 ലക്ഷം പേർക്ക് തൊഴിലുറപ്പാക്കുംവിധത്തിൽ Kerala Development and Innovation Strategic Council (K-DISC)-ന്റെ നേതൃത്വത്തിൽ തയ്യാറാക്കിവരുന്ന പദ്ധതികൾക്ക് ഗവൺമെന്റ് അംഗീകാരം നൽകിക്കഴിഞ്ഞു.

അഭ്യസ്തവിദ്യരായ വിദ്യാർത്ഥികൾക്ക് തൊഴിൽ നൽകുന്നതോടൊപ്പം മനുഷ്യവിഭവശേഷി പരമാവധി ഉപയോഗപ്പെടുത്തുന്ന തരത്തിലുള്ള ഈ പദ്ധതി രണ്ട് ഘട്ടങ്ങളായിട്ടാണ് നടപ്പിലാക്കുന്നത്. ഏകദേശം 10,600 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി പൂർത്തിയാകുമ്പോൾ കേരളത്തിൽ അതൊരു പുതിയ ചരിത്രമാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പുതുയാത്രാസംസ്കാരത്തിന് തുടക്കമിടുന്ന സിൽവർ ലൈൻ പദ്ധതിയിലൂടെ കേരളത്തിലെ വിവിധ നഗരങ്ങൾ തമ്മിലുള്ള യാത്രാസമയം ഗണ്യമായി കുറയ്ക്കുന്നതിനും സുരക്ഷിതവും സുസ്ഥിരവുമായ ഈ പദ്ധതി കേരളത്തിന്റെ സമഗ്രവികസനത്തിന് വഴിതെളിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കേരളത്തിലെ വ്യവസായ വികസനത്തിനുതകുന്ന തരത്തിൽ വിവിധ പദ്ധതികളാണ് വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്നത്. ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകൾ, സയൻസ് പാർക്കുകൾ എന്നിവ ഇതിന് മികച്ച ഉദാഹരണങ്ങളാണ്. കോവിഡ് പ്രതിസന്ധിമൂലം വരുമാനംകുറഞ്ഞ സാഹചര്യത്തിലും പരമ്പരാഗതമേഖലയ്ക്ക് മുന്തിയ പരിഗണന നൽകുന്നതായാണ് നമുക്ക് ബഡ്ജറ്റിലൂടെ കാണാൻ കഴിഞ്ഞത്. കശുവണ്ടി, കയർ, ഖാദി വ്യവസായങ്ങൾക്കാവശ്യമായ പരിഗണന നൽകിയതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ പ്രത്യേകം

അഭിനന്ദിക്കുകയാണ്. പൊതുവിദ്യാഭ്യാസ-ഉന്നതവിദ്യാഭ്യാസ രംഗങ്ങളിൽ മികവുറ്റ പ്രവർത്തനമാണ് സർക്കാർ നടപ്പിലാക്കിവരുന്നത്. പഠനത്തോടൊപ്പം ജോലിയെന്ന ആശയം നടപ്പിലാക്കിയ സർക്കാരിനെ ഈ അവസരത്തിൽ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. വരുംവർഷങ്ങളിൽ കായികരംഗത്തിന് കൂടുതൽ തുക മാറ്റിവയ്ക്കണമെന്ന അഭ്യർത്ഥനകൂടി ഈ അവസരത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മുമ്പാകെ വയ്ക്കുന്നതോടൊപ്പം ഒരു കാര്യംകൂടി പറയാൻ ഈ അവസരം വിനിയോഗിക്കുകയാണ്. അടുത്ത വർഷം എം.എൽ.എ. ഫണ്ടിൽ കൂടുതൽ തുക നൽകണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുകയാണ്. കേരളത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഇടതുപക്ഷ സർക്കാരിന് ഇപ്രാവശ്യമുണ്ടായ തുടർഭരണം തുടർച്ചയായ ഭരണത്തിലേയ്ക്ക് നീങ്ങുന്നുവെന്ന തരത്തിലാണ് വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നതെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച നവകേരള നിർമ്മിതിക്ക് അടിത്തറ പാകുന്ന ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി മുന്നോട്ടുവയ്ക്കുന്ന ജനകീയ ബദലിന്റെ സാമ്പത്തിക മാനിഫെസ്റ്റോ ആയി ഈ

ബഡ്ജറ്റിനെ കണക്കാക്കാം. അങ്കണവാടികളും സർവ്വകലാശാലകളും പരിസ്ഥിതിയും വ്യവസായവും ആരോഗ്യവും കൃഷിയും കെ-റെയിലും ഉൾപ്പെടെ കേരളത്തിന്റെ സമസ്തമേഖലകളെയും ഇവിടത്തെ മനുഷ്യരുടെ ഹൃദയത്തുടിപ്പുകളെയും ചേർത്തുപിടിക്കുവാൻ ഈ ബഡ്ജറ്റിന് സാധിച്ചിട്ടുണ്ട്. കവി വാക്യം പോലെ,

"ഒറ്റ നൂലിഴയിലീ നമ്മെയൊക്കെ

കോർത്തതീ മണ്ണിനുവേണ്ടിയല്ലാതെ പിന്നെന്ത് "

ഈ മണ്ണിനെ ഒറ്റ നൂലിഴയിൽ കോർക്കാൻ ഈ ബഡ്ജറ്റിന് സാധിച്ചിട്ടുണ്ടെന്നുള്ളതാണ് സത്യം. സമാനതകളില്ലാത്തൊരു പ്രതിസന്ധി ഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. അതിതീവ്രമഴയും പ്രളയവും കോവിഡും നിപയും ഓഖിയും തുടങ്ങി നിരവധി പ്രതിസന്ധികൾ തീർത്ത സാമ്പത്തിക ക്ലേശങ്ങളിൽ വൻകിട മുതലാളിത്ത രാഷ്ട്രങ്ങൾപോലും കുപ്പുകുത്തുന്ന കാഴ്ച നാം കണ്ടു. റഷ്യ-ഉക്രൈൻ യുദ്ധസാഹചര്യം നമ്മുടെ സാമ്പത്തികപരിതസ്ഥിതി മോശമാക്കുന്ന സ്ഥിതിയുണ്ടായി. ചുരുക്കത്തിൽ സമ്പന്നരാഷ്ട്രങ്ങളെയുൾപ്പെടെ ഈ പ്രതിസന്ധി ചുഴറ്റിയെറിയുമ്പോഴും രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയുണ്ടാകുമ്പോഴും ഈ കൊച്ചുസംസ്ഥാനം അതിജീവനത്തിന്റെ പാതയിലൂടെ

കാൽനൂറ്റാണ്ടിനപ്പുറത്തേയ്ക്കുള്ള വികസന കാഴ്ചപ്പാടുകൾ രൂപീകരിക്കുകയാണ് ചെയ്യുന്നത്. ഇതുതന്നെയാണ് കേരളം ഉയർത്തിപ്പിടിക്കുന്ന ബദൽ. കേന്ദ്ര സർക്കാർ രാഷ്ട്രത്തിന്റെ ആസ്തികളെല്ലാം വിറ്റുതുലച്ചു. അതിസമ്പന്നരുടെ നികുതി ഒഴിവാക്കി. സാധാരണ ജനങ്ങളുടെമേൽ അധിക നികുതിഭാരം അടിച്ചേല്പിക്കുന്ന ജനവിരുദ്ധ സമ്പന്നാനുകൂല കോർപ്പറേറ്റ് പ്രീണനം മുഖമുദ്രയാക്കിയ കേന്ദ്രസർക്കാരിന് ബദലായി ജനപക്ഷത്തുനിന്ന് കേരളം തീർക്കുന്ന മാതൃകകൂടിയാണ് ഈ ബഡ്ജറ്റ്. മനുഷ്യരിൽ വിഭജനത്തിന്റെ മഹാമതിലുകൾ തീർക്കാതെ അവരുടെ അടിസ്ഥാനപ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അവർക്കൊപ്പം നിലകൊള്ളാൻ ഇടതുപക്ഷ ബോധ്യത്തിലൂന്നിയ രാഷ്ട്രീയം ഈ ബഡ്ജറ്റിലൂടെ മുന്നോട്ടുവയ്ക്കുന്നു. കേരളത്തെ ഒരു വൈജ്ഞാനിക സമൂഹമാക്കി മാറ്റാനുള്ളതാണ് ഈ ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ. പൊതുവിദ്യാലയങ്ങളെ ചേർത്തുപിടിക്കുന്ന സമീപനമാണ് ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ ഭരണകാലത്തുണ്ടായിട്ടുള്ളത്. ഈ ബഡ്ജറ്റിലും പൊതുവിദ്യാലയങ്ങളെ ചേർത്തുപിടിക്കുന്ന സമീപനമുണ്ട്. പൊതുവിദ്യാലയങ്ങളെ ഉൾക്കൊള്ളാൻ കഴിയാതെ അതിനെ തകർക്കുന്ന സമീപനം സ്വീകരിച്ചത് ആരായിരുന്നുവെന്ന് നമുക്ക് കാണാൻ സാധിക്കും. സർവ്വകലാശാലകളടക്കം ഉന്നതവിദ്യാഭ്യാസമേഖലയെ മികവിന്റെ

കേന്ദ്രങ്ങളാക്കി മാറ്റാനുള്ള മഹത്തായ പരിശ്രമത്തെയും ഈ അവസരത്തിൽ അഭിനന്ദിക്കാതെ പോകാൻ കഴിയില്ല. കേരളം ഒരു വിജ്ഞാനസമൂഹമായി മാറുകയും അതുവഴി അനന്തമായ ജ്ഞാനോല്പാദനവും തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുകയും നമ്മുടെ മാനവശേഷി ഉയരുകയും കേരളം ഒരിക്കൽക്കൂടി രാജ്യത്തിനും ലോകത്തിനും മാതൃകയാകുകയും ചെയ്യും. ഇതിനെല്ലാം കരുത്ത് പകരുന്നതുകൂടിയാണ് ഈ ബഡ്ജറ്റ്. പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമി, പാർപ്പിടം, മറ്റ് വികസന പദ്ധതികൾ എന്നിവയ്ക്കായി നല്ലൊരു തുകയാണ് നീക്കിവച്ചിട്ടുള്ളത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കൾക്ക് വിവാഹധനസഹായത്തിനും തുക നീക്കിവച്ചിട്ടുണ്ട്. വിദ്യാഭ്യാസ ധനസഹായത്തിനും മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും മെസ് അലവൻസ് വർദ്ധിപ്പിക്കുന്നതിനും യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും മാനവശേഷി വികസനത്തിനും ഊന്നൽ നൽകുന്ന ബഡ്ജറ്റുകൂടിയാണിത്. അതിനെയെല്ലാം പ്രത്യേകമായി അഭിനന്ദിക്കാതിരിക്കാൻ കഴിയില്ല. യു.ഡി.എഫ്. സർക്കാർ തകർത്തെറിഞ്ഞ കുടുംബശ്രീയെ സംസ്ഥാനത്തെ മുഖ്യദാരിദ്ര്യ ലഘൂകരണ സംവിധാനമാക്കാനും പ്രധാന തൊഴിൽ സൃഷ്ടിക്കുന്ന ഏജൻസിയായി

മാറ്റാനുമുള്ള രൂപരേഖയും ഈ പദ്ധതിയിലുണ്ട്. അഞ്ച് വർഷംകൊണ്ട് എട്ട് ലക്ഷം തൊഴിലവസരങ്ങൾ കുടുംബശ്രീവഴി സൃഷ്ടിക്കുന്നതിലൂടെ കേരളത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് സുപ്രധാന ചാലകശക്തിയായി കുടുംബശ്രീ മാറുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. 2030-ഓടുകൂടി ജലാശയങ്ങളിൽ അടിഞ്ഞുകൂടുന്ന പ്ലാസ്റ്റിക് മാലിന്യത്തിന്റെ നിരക്ക് ഇരട്ടിയാകുമെന്നും 2040-ഓടുകൂടി സമുദ്രമേഖലയിൽ പ്ലാസ്റ്റിക് മലിനീകരണത്തിന്റെ അളവ് ഏകദേശം മൂന്നിരട്ടിയാകുമെന്നുമാണ് ഐക്യരാഷ്ട്ര സംഘടനയുടെ പഠനങ്ങൾ വ്യക്തമാക്കുന്നത്. പ്രതിവർഷം 23 മുതൽ 37 ദശലക്ഷം മെട്രിക് ടൺ പ്ലാസ്റ്റിക് നമ്മുടെ സമുദ്രത്തിലെത്തുമെന്ന് കണക്കാക്കുന്നു. ഞങ്ങളുടെ പ്രദേശത്തെ അച്ചൻകോവിലാറിലും പമ്പയാറിലും കെ.ഐ.പി. കനാലിലും പമ്പയാറിന്റെ കനാലിലുമെല്ലാം പ്ലാസ്റ്റിക് മാലിന്യങ്ങൾ കുന്നുകൂടുന്നത് കാണാൻ കഴിയും. ഈ സാഹചര്യത്തിൽ കായലുകളിലും പുഴകളിലും സമുദ്രങ്ങളിലുമെല്ലാം അടിഞ്ഞുകൂടിയ പ്ലാസ്റ്റിക് നിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ടിയുള്ളതാണ് ശുചിത്വസാഗരം പദ്ധതി. മലിനജല ശുചീകരണം, കുടിവെള്ള മാലിന്യ നിർമ്മാർജ്ജനം ഇതെല്ലാം ഭാവി മുന്നിൽകണ്ടുകൊണ്ടുള്ള സർക്കാരിന്റെ വിവിധ പദ്ധതികളാണ്. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്

പദ്ധതിയെ എങ്ങനെയെങ്കിലും തകർക്കുകയെന്നത് കേന്ദ്രഗവൺമെന്റിന്റെ നയമാണ്. 2020-21-ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി 1,11,170 കോടി രൂപയാണ് ചെലവഴിച്ചത്. ഇപ്പോഴത് 73,000 കോടി രൂപയാക്കിയിരിക്കുകയാണ്. തൊഴിലുറപ്പ് തൊഴിലാളികളെ ഹൃദയത്തോട് ചേർത്തുപിടിച്ചുകൊണ്ട് അവർക്കുവേണ്ടി നിരവധി ക്ഷേമപദ്ധതികൾ ആവിഷ്കരിക്കുന്ന സർക്കാരായി മാറുകയാണ്. പക്ഷേ, കേന്ദ്ര ഗവൺമെന്റ് ആ പദ്ധതിയെ തകർക്കാനാണ് ശ്രമിക്കുന്നത്. ഈ ഭരണകാലഘട്ടത്തിൽ സാധാരണക്കാർക്ക് 106,000 വീടുകൾ നിർമ്മിച്ചുനൽകാനാവശ്യമായ പ്രവർത്തനങ്ങളുമായി ഈ സർക്കാർ മുന്നോട്ടുപോകുകയാണ്. 2,950 ഫ്ലാറ്റുകൾ നിർമ്മിക്കാനുള്ള പദ്ധതിയുമുണ്ട്. സാധാരണക്കാർക്ക് വീട്, ഭൂമി എന്നിവ ഉണ്ടാകരുതെന്നും ഫ്ലാറ്റുകൾ നൽകരുതെന്നും പ്രഖ്യാപിച്ചവർ ആരാണ്; അതിനെതിരായി നിന്നവർ ആരാണ്? അവരെയെല്ലാം ജനങ്ങൾ ഒരു മൂലയ്ക്കിരുത്തിയിരിക്കുന്നതായി നമുക്ക് കാണാൻ സാധിക്കും. ഇങ്ങനെയുള്ള നിലപാടുമായി പ്രതിപക്ഷം മുന്നോട്ടുപോയാൽ വരുംകാലങ്ങളിൽ പ്രതിപക്ഷത്തുതന്നെ തുടരേണ്ടിവരുമെന്ന് ഓർമ്മപ്പെടുത്താൻകൂടി ഈയവസരം ഉപയോഗപ്പെടുത്തുകയാണ്. ശാസ്ത്ര മ്യൂസിയങ്ങൾ, പാർക്കുകൾ, സയൻസ്

സിറ്റികൾ എന്നിവ സ്ഥാപിക്കുന്നതിലൂടെ കാലത്തോട് നീതിപുലർത്തുകയാണ് ചെയ്യുന്നത്. സത്യാനന്തര കാലത്ത് ഭരണകൂടം ശാസ്ത്രവിരുദ്ധതയിൽ, കപടശാസ്ത്ര നിർമ്മിതികൊണ്ടും അന്ധവിശ്വാസവും അബദ്ധജഢിലവുമായ ഇടപെടലുകളിലൂടെ മനുഷ്യരുടെ ബോദ്ധ്യങ്ങളിൽ ഇരുട്ടുപടർത്തുമ്പോൾ ശാസ്ത്രത്തെ ഉയർത്തിപ്പിടിക്കുകയും ശാസ്ത്രാവബോധം വർദ്ധിപ്പിക്കുകയും ചെയ്യേണ്ടത് ജനാധിപത്യ സർക്കാരിന്റെ നിർബന്ധിത കടമയാണ്. അങ്ങേയറ്റം നിശ്ചയദാർഢ്യത്തോടെ കേരളം അത് നിറവേറ്റുകയാണ്. ഛത്തീസ്ഗഢിലെ കോൺഗ്രസിന്റെ മുഖ്യമന്ത്രി എങ്ങനെയാണ് ബഡ്ജറ്റ് അവതരിപ്പിക്കാൻ വന്നതെന്ന് അറിയാമല്ലോ; ചാണകംകൊണ്ട് നിർമ്മിച്ച ഒരു പെട്ടിയിലാണ് ബഡ്ജറ്റ് കൊണ്ടുവന്നത്. ചാണകംകൊണ്ട് നിർമ്മിച്ച പെട്ടിയുമായി വരുന്നവർ മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയം എന്താണ്? ഇങ്ങനെവരുന്ന ഒരു കോൺഗ്രസ് മുഖ്യമന്ത്രിയോട്, കോൺഗ്രസ്സിനോട് ഇത് നല്ലൊരു വളമാണെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. നമ്മുടെ നാട്ടിൽ കാർഷികവിളകൾക്കൊക്കെ ഇതിട്ടുകഴിഞ്ഞാൽ തഴച്ചുവളരും. കോൺഗ്രസ് ബി.ജെ.പി.യുടെ ഏറ്റവും നല്ലൊരു വളമായി മാറിയിരിക്കുകയാണെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ബി.ജെ.പി.ക്ക് തഴച്ചുവളരുന്നതിനുള്ള വളമായി

കോൺഗ്രസ് മാറിയിരിക്കുന്നു. വേഷപ്രച്ഛന്നരായി മാറാൻ മാത്രമാണ് ഇപ്പോൾ കോൺഗ്രസ്സിന് കഴിയുന്നത്. 2019-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ പ്രതിപക്ഷ ഐക്യനിരയെ തകർക്കാൻ ശ്രമിച്ചത് കോൺഗ്രസ്സാണ്. 2019-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ യു.പി-യിലെ ബി.ജെ.പി. ജയിച്ച നിയോജകമണ്ഡലങ്ങളിൽ അവർ നേടിയ ഭൂരിപക്ഷത്തെക്കാൾ കൂടുതൽ വോട്ട് കോൺഗ്രസ് പിടിച്ചുമാറ്റുന്നതായി കാണാൻ കഴിയും. ഉദാഹരണത്തിന് സുൽത്താൻപൂർ നിയോജകമണ്ഡലത്തിൽ ശ്രീമതി മേനകാ ഗാന്ധി 14,724 വോട്ടിനാണ് ബി.ജെ.പി.യിലെ ചന്ദ്രപതി സിംഗിനെ പരാജയപ്പെടുത്തിയത്. അവിടെ കോൺഗ്രസ് 41,681 വോട്ട് പിടിച്ചുമാറ്റിയതാണ് പ്രതിപക്ഷ സഖ്യത്തിന് തിരിച്ചടിയായത്. ഇതുപോലെ ബസ്തി, സാന്റ് കബീർനഗർ തുടങ്ങി നിരവധി നിയോജകമണ്ഡലങ്ങളിൽ കോൺഗ്രസ് പ്രതിപക്ഷ ഐക്യനിരയെ തകർത്ത് ബി.ജെ.പി.ക്ക് വളരാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുന്നു. 2022-ലെ നിയമസഭാ തെരഞ്ഞെടുപ്പിലും 500-നും 1000-നും താഴെ വോട്ടുകൾ നേടി പല നിയോജകമണ്ഡലങ്ങളിലും ബി.ജെ.പി. ജയിക്കുകയുണ്ടായി. പതിനായിരത്തിനുതാഴെ വോട്ടുകൾനേടി അൻപതോളം സീറ്റുകളിൽ ബി.ജെ.പി. ജയിച്ചു. ഇവിടെയെല്ലാം എല്ലാ

സീറ്റുകളിലും മത്സരിച്ച് ബി.ജെ.പി-ക്കെതിരായ മുന്നേറ്റം തകർക്കുവാനായി കോൺഗ്രസ് പ്രയത്നിക്കുന്ന, പ്രവർത്തിക്കുന്ന സാഹചര്യമാണ് ഈ തെരഞ്ഞെടുപ്പുകളിലൂടെ നമുക്ക് കാണാൻ കഴിയുന്നത്. ഈ നാട്ടിൽ ബി.ജെ.പി-യെ വളർത്തുന്ന ഘടകമായി, വളമായി കോൺഗ്രസ് മാറിക്കൊണ്ടിരിക്കുകയാണ്. ഭാവിയെ മുന്നിൽക്കണ്ടുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽനൽകുന്ന ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിട്ടുള്ളത്. ഭാവികേരളത്തെ അടയാളപ്പെടുത്താൻ കഴിയുന്ന, കേരളത്തിന്റെ മുഖച്ഛായതന്നെ മാറ്റാൻ പോകുന്ന പദ്ധതിയാണ് കെ-റെയിൽ. കേരള വികസനത്തിന് നാഴികക്കല്ലായ ഈ ബൃഹദ്പദ്ധതിയെ കേവലം രാഷ്ട്രീയലക്ഷ്യത്തോടെ, വികസന വിരോധത്തോടെ ബി.ജെ.പി.യും യു.ഡി.എഫും എങ്ങനെയൊക്കെ എതിർത്താലും വികസനലക്ഷ്യങ്ങൾ പൂർത്തീകരിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. കേരള വികസനത്തിലെ കല്ലുമുടക്കികൾക്കുള്ള താക്കീതുകൂടിയാണ് ഈ ബഡ്ജറ്റെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഭാവികേരളത്തിന്റെ മാനിഫെസ്റ്റോയാണ് ഈ ബഡ്ജറ്റ്. മുൻ നിയമസഭാ സാമാജികൻ കടമ്മനിട്ട രാമകൃഷ്ണൻ റോബർട്ട് ഫ്രോസ്റ്റിന്റെ കവിതയുടെ പരിഭാഷയിലെ 'അതീവ ദൂരമുണ്ടവിശ്രമം നടക്കുവാൻ' എന്ന വരിയിൽ നമ്മുടെ

സംസ്ഥാനത്തിന് വികസന പാതയിൽ അവിശ്രമം അതീവദൂരം ഇടതോരം ചേർന്ന് നടക്കേണ്ടതുണ്ടെന്നാണ് പറയുന്നതെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പ്രാദേശിക അസന്തുലിതാവസ്ഥയും ഫണ്ട് വിതരണത്തിലെ രാഷ്ട്രീയ വിവേചനവും നയപാപ്പരത്വങ്ങളുടെ ഘോഷയാത്രയും അടങ്ങിയതാണ് ഈ ബഡ്ജറ്റ്. അതുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റ് അവതരിപ്പിച്ച ദിവസം വാട്സ്ആപ്പിൽ ഒരു കഥ പ്രചരിച്ചിരുന്നു. അത് ഇങ്ങനെയാണ് - 'മരിക്കുന്നതിനുമുമ്പ് വക്കീലിനെ വിളിച്ചിട്ട് വല്യപ്പൻ ഒരു വിൽപ്പത്രം എഴുതാൻ പറഞ്ഞു. മൂത്ത മകന് അഞ്ചേക്കർ തെങ്ങിൻപറമ്പും മൂന്ന് ലക്ഷം രൂപയും, രണ്ടാമത്തെയാൾക്ക് കവലയിൽ മൂന്ന് കടമുറിയും പതിനഞ്ച് പറ കണ്ടവും, ഇളയയാൾക്ക് വീടിനോട് ചേർന്ന് മൂന്നേക്കർ പുരയിടവുമാണ്. കാലശേഷം വീട് മൂന്നുപേർക്കുമായി ഉപയോഗിക്കാം'. ഇത്രയും പറഞ്ഞിട്ട് വല്യപ്പൻ ഒന്നും മിണ്ടാതിരുന്നു. "എന്താ വല്യപ്പാ ആലോചിക്കുന്നത്, വല്ലതും വിട്ടുപോയോ" എന്ന് വക്കീൽ ചോദിച്ചു. അപ്പോൾ അല്ല വക്കീലേ, ഇപ്പറഞ്ഞ സ്വത്തും മുതലുമെല്ലാം ഞാൻ ഈ പ്രായംകൊണ്ട് ഇനി എങ്ങനെയാണ്

ഉണ്ടാകുന്നതെന്നാണ് വല്യപ്പൻ വക്കീലിനോട് ചോദിച്ചത്. മാത്രമല്ല അടുത്തുള്ള മത്തായിയുടെ കയ്യിൽനിന്ന് കടം വാങ്ങിയാണ് ഇപ്പോൾ റേഷൻ വാങ്ങാൻ പോകുന്നത്. ഇനിയും കടം വാങ്ങാൻ ചെന്നാൽ എന്റെ കാൽ തല്ലിയൊടിക്കുമെന്ന് മത്തായി പറഞ്ഞിട്ടുണ്ട്. ഇതേ അവസ്ഥയിലാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. 2022-ലെ ഗവർണറുടെ നയപ്രഖ്യാപനം ഫെബ്രുവരി മാസം 18-ാം തീയതിയും മാർച്ച് 11-ാം തീയതി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരണവും നടത്തുകയുണ്ടായി. രണ്ടുപേരും നവകേരള സൃഷ്ടിയെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. ആറ് വർഷമായി നവകേരളം എന്ന് പറഞ്ഞുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇപ്പോഴും കേരളത്തിന്റെ അവസ്ഥ പഴയതുതന്നെയാണ്. നവകേരളത്തിനായി 2021-22 സാമ്പത്തികവർഷക്കാലത്ത് 1,830 കോടി രൂപ നീക്കിവച്ചുവെന്നാണ് പറഞ്ഞത്. എന്നാൽ ഇതുവരെയായി 308 കോടി രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. സംസ്ഥാന ഗവൺമെന്റ് കേന്ദ്രാനുമതിയോടുകൂടി പ്രളയ സെസ്സായി പിരിച്ചെടുത്ത 2,500 കോടി രൂപ ചെലവഴിച്ചതിന്റെ കണക്ക് എം.എൽ.എ-മാർ ആവശ്യപ്പെട്ടിട്ട് ഇതുവരെയും നൽകിയിട്ടില്ല. ഇതുകൂടാതെ 1,780 കോടി രൂപയാണ് ലോകബാങ്ക്

നൽകിയത്. ഇതെല്ലാം വകമാറ്റി ചെലവഴിച്ചതുകൊണ്ട് ലോകബാങ്ക് രണ്ടാമത് തുക നൽകിയതുമില്ല. കേരളത്തിന്റെ സാമ്പത്തിക അവലോകന റിപ്പോർട്ട് കാണുമ്പോൾ നിരാശ തോന്നുകയാണ്. റിപ്പോർട്ടിന്റെ വാല്യം I-ലും 23.02.2022-ലെ എന്റെ ചോദ്യത്തിന് ഉത്തരമായി ബഹുമാനപ്പെട്ട മന്ത്രി നൽകിയ കണക്കുപ്രകാരവും സംസ്ഥാനത്തിന്റെ മൊത്തം കടബാദ്ധ്യത 296,900 കോടി രൂപയാണെന്നാണ് പറഞ്ഞിരിക്കുന്നത്. ഈ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ അത് 371,692 കോടി രൂപയായി വർദ്ധിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഇവിടെ സംസാരിച്ച ഒന്നുരണ്ട് ഇടതുപക്ഷ എം.എൽ.എ-മാർ കേരളം എല്ലാത്തിലും ഒന്നാമതാണെന്നാണ് പറഞ്ഞത്. കടബാദ്ധ്യതയുടെ കാര്യത്തിൽ കേരളം ഇന്ന് ഇന്ത്യയിലെ തന്നെ ഒന്നാമത്തെ സംസ്ഥാനമായി മാറിയിരിക്കുകയാണ്. കടബാദ്ധ്യതയുടെ വാർഷിക വളർച്ചാനിരക്ക് 2019-20-ൽ 10.47 ശതമാനമായിരുന്നു. 2020-21-ൽ അത് 14.6 ശതമാനമായി ഉയർന്നിരിക്കുന്നു. ഈ രീതിയിലാണ് കേരളത്തിന്റെ സാമ്പത്തികനിലയുടെ പോക്ക്. ശ്രീ. കെ. പി.എ. മജീദിന്റെ പ്രസംഗത്തിൽ പ്രാദേശികമായ അസന്തുലിതാവസ്ഥയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഈ ബഡ്ജറ്റിൽ മലപ്പുറം ജില്ലയെ പാടെ അവഗണിച്ചിരിക്കുകയാണ്. ഞാനിത്

വെറുതെ പറയുന്നതല്ല. സാമ്പത്തിക അവലോകന റിപ്പോർട്ടിനെ അടിസ്ഥാനമാക്കി പ്രതിശീർഷവരുമാനത്തിൽ ഏറ്റവും പിന്നിലുള്ള ജില്ല മലപ്പുറമാണെന്ന് ഒരു ദിനപ്പത്രത്തിൽ വാർത്ത വന്നിരിക്കുകയാണ്. സാധാരണനിലയിൽ പിന്നോക്കം നിൽക്കുന്ന ജില്ലകൾക്ക് പ്രത്യേക പാക്കേജും ഉത്തേജനവും നൽകാറുണ്ട്. എന്നാൽ ഈ ബഡ്ജറ്റിൽ മലപ്പുറം ജില്ലയ്ക്ക് യാതൊന്നും നീക്കിവച്ചിട്ടില്ലെന്ന് മാത്രമല്ല അവഗണിക്കുകയും ചെയ്തിരിക്കുകയാണ്. അങ്ങനെ ഒരുപാട് ഉദാഹരണങ്ങളുണ്ട്. വികസിതസൂചികയിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന ജില്ലകൾക്ക് സ്പെഷ്യൽ സപ്പോർട്ട് പ്രഖ്യാപിക്കാറുണ്ട്. കാസർഗോഡ്, വയനാട് ജില്ലകൾക്ക് അത് നൽകിയിട്ടുമുണ്ട്. കേരളത്തിൽ നാല് സയൻസ് പാർക്കുകൾ സ്ഥാപിക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇവ തിരുവനന്തപുരം, കൊച്ചി, കണ്ണൂർ വിമാനത്താവളങ്ങളെ കേന്ദ്രീകരിച്ചും ഒരെണ്ണം ഡിജിറ്റൽ സർവ്വകലാശാലയെ കേന്ദ്രീകരിച്ചുമാണ്. കേരളത്തിൽ പൊതുമേഖലയിൽ നിലനിൽക്കുന്ന ഏക എയർപോർട്ട് കാലിക്കറ്റ് എയർപോർട്ടാണ്. ആ എയർപോർട്ടിനെ അവഗണിച്ചിരിക്കുകയാണ്. മലപ്പുറം, കൊണ്ടോട്ടി എന്നീ നിയോജകമണ്ഡലങ്ങളിലുള്ളവർ നികുതി കൊടുക്കുന്നവരല്ലേ? കാലിക്കറ്റ് എയർപോർട്ടിലേയ്ക്കുള്ള റോഡിനുവേണ്ടി ഞാൻ ശിപാർശ ചെയ്തിരുന്നു.

എയർപോർട്ടിലേയ്ക്കുള്ള റോഡിലൂടെ മലപ്പുറത്തുകാരും കൊണ്ടോട്ടി നിയോജകമണ്ഡലക്കാരും മാത്രമല്ലല്ലോ യാത്ര ചെയ്യുന്നത്. 12 കോടി രൂപയുടെ എസ്റ്റിമേറ്റ് കൊടുത്തിട്ടും അതിന് അംഗീകാരമായിട്ടില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിന്റെ 89-ാ മത്തെ ഖണ്ഡികയിൽ നദീശുചീകരണത്തെക്കുറിച്ച് പറയുന്നുണ്ട്. കോഴിക്കോട്, മലപ്പുറം ജില്ലയിലെ ഏറ്റവും നല്ല കുടിവെള്ള സ്രോതസ്സായ ചാലിയാറിനെ ശുദ്ധീകരിക്കുന്നതിനുള്ള പദ്ധതികളില്ല. അതുപോലെ നദീതീരങ്ങളെ സംരക്ഷിക്കുമെന്നും പറയുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ ചീക്കോട്, വാഴക്കാട്, വാഴയൂർ പഞ്ചായത്തുകളിൽ 2018-ലെയും 2019-ലെയും പ്രളയംകാരണം നദീതീരങ്ങൾ മുഴുവൻ നദിയെടുത്ത് പോയിട്ടുണ്ട്. മാത്രമല്ല, കൃഷിയിടങ്ങളും വീടുകളും നഷ്ടപ്പെട്ടിട്ടുണ്ട്. സംരക്ഷണഭിത്തികെട്ടുന്ന കൂട്ടത്തിൽ ചാലിയാറിന്റെ കാര്യം മാത്രം സൂചിപ്പിച്ചിട്ടില്ല. അതുപോലെ ന്യൂനപക്ഷ ക്ഷേമത്തിനുവേണ്ടി യു.ഡി.എഫ്. ഗവൺമെന്റ് അധികാരം വിട്ടൊഴിയുമ്പോൾ 132 കോടി രൂപ നീക്കിവച്ചിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ കൂടുതൽ ഫണ്ട് വകയിരുത്തുമെന്നാണ് ഞങ്ങൾ പ്രതീക്ഷിച്ചത്. എന്നാൽ അക്കാര്യത്തിലും നിരാശയായിരുന്നു

ഫലം. പ്രവാസികളുടെ കാര്യം പറയാതിരിക്കുകയാണ് ഭേദം. സ്ഥാനത്തും അസ്ഥാനത്തും നിരന്തരമായി ഉപയോഗിക്കപ്പെടുന്നവരാണ് പ്രവാസികൾ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി യു.എ.ഇ-യിലും മറ്റും പോയി പ്രസംഗിച്ചത് നമുക്കെല്ലാവർക്കുമറിയാം. പ്രവാസികൾക്കുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത് 239 കോടി രൂപ മാത്രമാണ്. അവരെ പുനരധിവസിപ്പിക്കുന്നതിനോ തൊഴിലുണ്ടാക്കിക്കൊടുക്കുന്നതിനോ വ്യവസായ സംരംഭം ആരംഭിക്കുന്നതിനോ ഉള്ള യാതൊരു പദ്ധതിയും ബഡ്ജറ്റിലില്ല. മറ്റൊരു വലിയ വിവേചനംകൂടി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. മോയിൻകുട്ടി വൈദ്യർ അക്കാദമിക്കുവേണ്ടി ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. 2013 മുതൽ യു.ഡി.എഫ്-ന്റെ ഭരണകാലത്ത് അഞ്ചുവർഷവും തുടർച്ചയായി അൻപത് ലക്ഷം രൂപ വീതം നീക്കിവച്ചിരുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽവന്ന വർഷം മുതൽ അത് 65 ലക്ഷം രൂപയായി. അടുത്ത വർഷവും 65 ലക്ഷം രൂപ നീക്കിവച്ചു. എന്നാൽ കഴിഞ്ഞ രണ്ട് വർഷമായി മറ്റെല്ലാ അക്കാദമികൾക്കും അഞ്ച് കോടി രൂപമുതൽ നാൽപത് കോടി രൂപവരെ നൽകിയപ്പോൾ മോയിൻകുട്ടി വൈദ്യർ അക്കാദമിക്ക് നൽകുന്നത് കേവലം ഇരുപത്തിയഞ്ച് ലക്ഷം

രൂപയാണ്. ഇത് വലിയൊരു അപാകതയാണ്. പൊതുവായി ഒരു കാര്യംകൂടി പറയാൻ ആഗ്രഹിക്കുകയാണ്. ഘട്ടംഘട്ടമായി എം.എൽ.എ. ഫണ്ടിൽ വർദ്ധനവ് വരുത്തിയിരുന്നു;. എന്നാൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എം.എൽ.എ ഫണ്ടും ആസ്തിവികസന ഫണ്ടും വർദ്ധിപ്പിച്ചില്ല. കാലാനുസൃതമായി അത് വർദ്ധിപ്പിച്ചുതരുന്നില്ലെന്ന് മാത്രമല്ല, കഴിഞ്ഞവർഷം ഉണ്ടായിരുന്നത് പിടിച്ചെടുക്കുകയും ചെയ്തു.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു, പ്ലീസ് കൺക്ലൂഡ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കൃഷിക്കും ചെറിയ കച്ചവടം ചെയ്യുന്നതിനുമായി ലോൺ എടുത്തവരെല്ലാം ബാങ്കുകളിൽനിന്നുള്ള ജപ്തിഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. പലിശയും പിഴപ്പലിശയും സബ്സിഡിയായി കൊടുത്ത് അവരെ ഈ കടത്തിൽനിന്നും രക്ഷപ്പെടുത്തണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. ആശ്വാസ കിരണം പദ്ധതി തകിടംമറിഞ്ഞിരിക്കുകയാണ്. മാനസികാരോഗ്യ വെല്ലുവിളി നേരിടുന്നവർക്കും കിടപ്പുരോഗികൾക്കും അവരുടെ കൂടെ നിൽക്കുന്നവർക്കും വേണ്ടിയുള്ള ആശ്വാസ കിരണം പദ്ധതിക്ക് രണ്ട് വർഷമായി ഒരു രൂപപോലും നൽകുന്നില്ല.

മി. ചെയർമാൻ: അടുത്തയാളിനെ പ്രസംഗിക്കാൻ വിളിക്കേണ്ടിവരും. രണ്ട് മിനിട്ട് കൂടുതൽ കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. സംസ്ഥാനത്തെ Area Intensive Programme (AIP) സ്കൂളുകളിൽനിന്നും റിട്ടയർ ചെയ്ത അദ്ധ്യാപകർക്ക് പെൻഷൻപോലും ലഭിക്കാത്ത രീതിയിലുള്ള നിയമത്തിലെ വ്യവസ്ഥ തിരുത്തണം. ഇങ്ങനെയുള്ള നിരവധി പ്രശ്നങ്ങൾ പരിഹരിക്കാതെ, സാമ്പത്തിക ബാദ്ധ്യതയെകുറിച്ചുമാത്രം പറയുന്ന ബഡ്ജറ്റാണിതെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. വാഴൂർ സോമൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായും അനുകൂലിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. നവകേരളം സൃഷ്ടിക്കുകയെന്ന മഹത്തായ ലക്ഷ്യത്തോടെ 25 വർഷം മുന്നിൽക്കണ്ടാണ് പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. പാവപ്പെട്ടവർക്കും ഇടത്തരക്കാർക്കും കർഷകർക്കും കർഷകത്തൊഴിലാളികൾക്കും വിദ്യാർത്ഥികൾക്കും കേരള ബഡ്ജറ്റിൽ താങ്ങുംതണലുമായ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. കഴിഞ്ഞ ഫെബ്രുവരി 1-ന് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാരാമൻ അവതരിപ്പിച്ച ബഡ്ജറ്റ്

സംഘ്പരിവാറിന്റെയും ബി.ജെ.പി-യുടെയുമായിരുന്നു. കോർപ്പറേറ്റുകൾക്ക് വാരിക്കോരി ആനുകൂല്യം നൽകുന്നതിൽ നല്ല ജാഗ്രതയാണ് അവർ പുലർത്തിയത്. കോർപ്പറേറ്റ് നികുതി 30 ശതമാനത്തിൽനിന്ന് 22 ശതമാനമായി കുറച്ച് 1.45 ലക്ഷം കോടി രൂപ അവർക്ക് നേട്ടമുണ്ടാക്കിക്കൊടുത്തു. ഒരു ശതമാനത്തിന് താഴെവരുന്ന കോർപ്പറേറ്റുകളുടെ വരുമാനത്തിൽ 46 ശതമാനമാണ് വർദ്ധനവുണ്ടായത്. ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിച്ച് കോർപ്പറേറ്റുകളുടെ കൈകളിലേയ്ക്ക് എത്തിക്കുന്ന നയമാണ് കേന്ദ്രസർക്കാർ നടപ്പിലാക്കിവരുന്നത്. കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്നതിന്റെ ഭാഗമായി ഓഹരികൾ വിൽക്കുന്ന ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡിനെ ഏറ്റെടുക്കുന്ന സംസ്ഥാന സർക്കാർ നീക്കത്തിന് കേന്ദ്ര സർക്കാരിന്റെ വിലക്ക് ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ്. 118 രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന 1,400 കോടി രൂപ നിക്ഷേപമൂല്യമുള്ള ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് കോർപ്പറേറ്റുകളുടെ കൈകളിലേയ്ക്ക് എത്തിക്കാനുള്ള നടപടിയാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. നഷ്ടത്തിന്റെ പേരുപറഞ്ഞ് സ്വകാര്യ മേഖലയ്ക്ക് കൈമാറാനിരുന്ന ന്യൂസ് പ്രിന്റ് ഫാക്ടറിയുടെ 145.6 കോടി രൂപയുടെ

ബാദ്ധ്യതയാണ് സംസ്ഥാന സർക്കാർ കൊടുത്തുതീർത്തത്. എൽ.ഡി.എഫ്. സർക്കാരിന്റെ ഇച്ഛാശക്തിയിൽ ന്യൂസ് പ്രിന്റ് ഫാക്ടറി കേരളത്തിന് തിരിച്ചുകിട്ടി. രാജ്യത്ത് തൊഴിലില്ലായ്മാനിരക്ക് വൻതോതിൽ അധികരിക്കുമ്പോൾ കേന്ദ്ര സർക്കാർ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കുള്ള വിഹിതം ഇത്തവണയും വെട്ടിച്ചുരുക്കിയിരിക്കുകയാണ്. എന്നാൽ സംസ്ഥാന ബഡ്ജറ്റിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ പന്ത്രണ്ട് കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുമെന്നും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ വർഷം അൻപത് ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കുമെന്നും പ്രഖ്യാപിച്ചിരിക്കുന്നത് പ്രശംസനീയമാണ്. കഴിഞ്ഞവർഷം ഒക്ടോബർ മാസം കൊക്കയാർ, കൂട്ടിക്കൽ പ്രദേശങ്ങളിലുണ്ടായ ഉരുൾപൊട്ടലിലും പ്രകൃതിക്ഷോഭത്തിലും വൻനാശനഷ്ടങ്ങളാണുണ്ടായത്. പ്രളയത്തിൽ തകർന്ന പാലങ്ങൾ പുനർനിർമ്മിക്കുവാൻ സംസ്ഥാന ബഡ്ജറ്റിൽ 92.88 കോടി രൂപ വകയിരുത്തിയത് സർക്കാരിന്റെ ഇച്ഛാശക്തിയെയും ജനങ്ങളോടുള്ള കടപ്പാടിനെയുമാണ് സൂചിപ്പിക്കുന്നത്. പീരുമേട് നിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന പ്രളയത്തിൽ തകർന്ന മൂഴിക്കൽ-കൊക്കയാർ പാലം, ഏന്തയാർ പാലം, പൊരുകണ്ണി പാലം, പാലൂർക്കാവ് പാലം എന്നിവ

പുനർനിർമ്മിക്കാനാവശ്യമായ തുക അനുവദിക്കണമെന്ന് ഈ സന്ദർഭത്തിൽ അപേക്ഷിക്കുകയാണ്. ശ്രീ. നരേന്ദ്ര മോദിയും ശ്രീ. യോഗി ആദിത്യനാഥും ചേർന്ന് വർഗ്ഗീയത പറഞ്ഞ് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് ഭരണത്തിലെത്തി നാടിനെ കുട്ടിച്ചോറാക്കുന്ന പ്രവൃത്തികളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കോവിഡിനെ നമ്മൾ നിശ്ചയദാർഢ്യത്തോടെ നേരിട്ടു. വാക്സിനേഷനിൽ മികച്ച നേട്ടം കൈവരിച്ചു. നൂറുദിന കർമ്മപരിപാടി തൊഴിൽരംഗത്ത് കുതിച്ചുചാട്ടമുണ്ടാക്കി. കിടപ്പാടം പൗരൻമാരുടെ അവകാശമായി പ്രഖ്യാപിച്ച സർക്കാരാണ് നമ്മുടേത്. എന്നാൽ പട്ടിണിപ്പാവങ്ങൾക്കുള്ള ഭക്ഷ്യധാന്യ വിതരണം വെട്ടിക്കുറയ്ക്കുന്ന നരേന്ദ്ര മോദി സർക്കാരിന്റെ നയങ്ങളുടെ നേർസാക്ഷ്യമായിരുന്നു കേന്ദ്ര ബഡ്ജറ്റ്. ഭക്ഷ്യ സബ്സിഡിക്കുള്ള തുക 28 ശതമാനത്തോളം വെട്ടിക്കുറച്ചു. എന്നാൽ സംസ്ഥാന ബഡ്ജറ്റ് പൊതുവിതരണ മേഖലയ്ക്ക് 2,063.64 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. എല്ലാ നിയോജകമണ്ഡലങ്ങളിലും സഞ്ചരിക്കുന്ന റേഷൻ കടകൾ സ്ഥാപിക്കുന്നതിനുള്ള നടപടി പാവപ്പെട്ട ജനങ്ങൾക്ക് ആശ്വാസംനൽകുന്ന പദ്ധതിയാണ്. കേന്ദ്ര ബഡ്ജറ്റിൽ രാസവള സബ്സിഡിയിൽ 34,900 കോടി രൂപയുടെ കുറവാണ് വരുത്തിയിട്ടുള്ളത്. യൂറിയയ്ക്കുള്ള സബ്സിഡിയിൽ 12,000 കോടി രൂപയുടെ കുറവുണ്ടായി.

എന്നാൽ, സംസ്ഥാന ബഡ്ജറ്റിൽ തോട്ടംമേഖലയ്ക്ക് ഉണർവ്വേകുന്ന പ്രഖ്യാപനങ്ങളുണ്ടായത് എടുത്തുപറയേണ്ടതാണ്. റബ്ബർ ബോർഡിന് കേന്ദ്ര ബഡ്ജറ്റിൽ 268.76 കോടി രൂപയാണ് മാറ്റിവച്ചത്. സംസ്ഥാന ബഡ്ജറ്റിൽ കഴിഞ്ഞ വർഷം 54 കോടി രൂപ അനുവദിച്ചിരുന്ന സ്ഥാനത്ത് ഇത്തവണ 500 കോടി രൂപ മാറ്റിവച്ച് ചരിത്രം സൃഷ്ടിക്കുകയാണ് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ചെയ്തിട്ടുള്ളത്. മൂല്യവർദ്ധിത കൃഷിയും ഉൽപ്പന്നങ്ങളും പ്രോത്സാഹിപ്പിക്കാൻ ഏഴ് ജില്ലകളിലായി അഗ്രിടെക് ഫെസിലിറ്റി കേന്ദ്രങ്ങളാരംഭിക്കാൻ 75 കോടി രൂപ അനുവദിച്ചത് എടുത്തുപറയേണ്ടതാണ്. വിള ഇൻഷ്വറൻസിന് 30 കോടി രൂപയും മലയോരമേഖലകളിൽ ഉൽപ്പാദിപ്പിക്കുന്ന പഴവർഗ്ഗങ്ങളും പച്ചക്കറികളും കേടുകൂടാതെ ഉപഭോക്താക്കളിൽ എത്തിക്കുന്നതിനുള്ള കോൾഡ് ചെയിൻ ശക്തിപ്പെടുത്തുവാൻ പത്തുകോടി രൂപയും വകയിരുത്തിയത് കർഷകർക്ക് ആശ്വാസം നൽകുന്ന പ്രഖ്യാപനങ്ങളാണ്. തോട്ടം നയം നടപ്പിലാക്കി ഒരു വർഷം പിന്നിടുമ്പോഴും തോട്ടങ്ങളിൽ പുതിയ ഇടവിളകൃഷി അനുവദിക്കാനുള്ള നടപടി മന്ദഗതിയിലാണ്. തോട്ടമുടമകളുടെ യോഗം എത്രയുംവേഗം വിളിച്ചുചേർത്ത് ചർച്ചനടത്തി പ്രാരംഭനടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. തോട്ടംമേഖലയെ മാത്രം ആശ്രയിക്കുന്ന

പീരുമേട് നിയോജകമണ്ഡലത്തിൽ 22 വർഷമായി നാലായിരം ഹെക്ടർ തേയിലത്തോട്ടങ്ങൾ തോട്ടമുടമകൾ ഉപേക്ഷിച്ചത് കാടുകയറിക്കിടക്കുകയാണ്. പ്രകൃതിവിഭവങ്ങളെ കൃത്യമായി പ്രയോജനപ്പെടുത്താതെ നശിച്ചുപോകുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. ഉടമകൾ ഉപേക്ഷിച്ചുപോയ ചീന്തലാർ, ലോൺട്രി, കോട്ടമല, ബോണാമി തുടങ്ങിയ തോട്ടങ്ങൾ സർക്കാർതന്നെ ഏറ്റെടുക്കുകയും കൃഷി വകുപ്പിനെ ഏൽപ്പിച്ച് ഫാം ടൂറിസത്തിനും മറ്റ് കൃഷികൾക്കും പ്രയോജനപ്പെടുത്തുന്ന രീതിയിൽ പ്രകൃതി വിഭവങ്ങളെ കൃത്യമായി ഉപയോഗപ്പെടുത്തി പുതിയ പദ്ധതികൾ ആവിഷ്കരിച്ചാൽ തൊഴിലില്ലായ്മയ്ക്ക് പരിഹാരമാകുകയും സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് സഹായകരമാകുകയും ചെയ്യും. ആയിരക്കണക്കിന് ഹെക്ടർ ഭൂമി യാതൊരു പ്രയോജനവുമില്ലാതെ കാടുകയറിക്കിടക്കുന്നത് തൊഴിലാളി പ്രവർത്തകനെന്ന നിലയ്ക്ക് സങ്കടകരമായ കാഴ്ചയാണ്. ആയതിനാൽ തോട്ടം നയം കൃത്യമായി നടപ്പിലാക്കുകയും അതിലൂടെ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതായിട്ടുമുണ്ട്. സംസ്ഥാനത്തിന്റെ മൊത്തം കാർഷിക വിസ്തൃതിയുടെ 27.5 ശതമാനവും തോട്ടം മേഖലയിലാണെന്നുള്ള യാഥാർത്ഥ്യം തിരിച്ചറിയേണ്ടതായിട്ടുണ്ട്. 2,500 രൂപ വരെ ഒരു കിലോഗ്രാം

ഏലത്തിന് വിലയുണ്ടായിരുന്നത് ഇപ്പോൾ 750 രൂപയായി കുറഞ്ഞിരിക്കുകയാണ്. ഏലത്തിന് താങ്ങുവില നൽകാൻ കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തേണ്ടതായിട്ടുണ്ട്. നവകേരളം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ 25 വർഷം മുന്നിൽക്കണ്ടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചത്. തോട്ടംമേഖലയുടെ നിലവിലെ അവസ്ഥ മാറ്റിയെടുക്കാൻ ബഹുമാന്യരായ മുഖ്യമന്ത്രിയുടെയും റവന്യൂ-തൊഴിൽ-വ്യവസായ വകുപ്പ് മന്ത്രിമാരുടെയും സംയുക്ത യോഗം വിളിച്ചുകൂട്ടി അടിയന്തര തീരുമാനം കൈക്കൊള്ളാനുള്ള സമയം അതിക്രമിച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ ഗൗരവമായ ഇടപെടൽ ഉണ്ടാകണമെന്നുകൂടി ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. തോട്ടം മേഖലയായ ഹൈറേഞ്ച് പ്രദേശങ്ങളിലെ മിക്കവാറും തൊഴിലാളികൾ കടക്കെണിയിലാണ്. അവർക്കെല്ലാംതന്നെ റവന്യൂ റിക്കവറി നോട്ടീസുകൾ വന്നുകൊണ്ടിരിക്കുകയാണ്. അവരുടെ കടക്കെണിക്ക് തെല്ലാശ്വാസം പകരാനും സാവകാശം അനുവദിക്കാനുമുള്ള നടപടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഞാൻ ബഡ്ജറ്റിനെ എതിർക്കുകയാണ്. പ്രധാനപ്പെട്ട ഒരു കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ ആശ്വാസ കിരണം പദ്ധതി വഴിയുള്ള സഹായം നിലച്ചിട്ട് രണ്ട് വർഷത്തോളമായി എന്ന വാർത്തയാണ് പാലക്കാടുനിന്നും വരുന്നത്. അറുന്നൂറ് രൂപയാണ് ഈ പദ്ധതിപ്രകാരം നൽകുന്നത്. പുതിയ അപേക്ഷകൾ സ്വീകരിച്ചിട്ടും ഒരുപാട് നാളായി. സ്വന്തം കുഞ്ഞുങ്ങളെ പരിചരിക്കുന്നതിനുവേണ്ടി മറ്റൊരു ജോലിക്കും പോകാൻ കഴിയാതെ വീട്ടിൽ നിൽക്കേണ്ടിവരുന്ന പാവങ്ങൾക്കുള്ള സഹായം നിലച്ചിട്ട് വർഷങ്ങളായി എന്നുള്ള വാർത്ത ഒരിക്കലും നമുക്ക് അഭികാമ്യമല്ല. എത്രയുംപെട്ടെന്ന് ആശ്വാസ കിരണം പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ച് വിതരണം ചെയ്യാനും പുതിയ അപേക്ഷകൾ സ്വീകരിക്കാനുമുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. സംസ്ഥാന ബഡ്ജറ്റിൽ ഓട്ടിസം, സെറിബ്രൽ പാൾസി എന്നിവ ബാധിച്ചവർക്കോ മൾട്ടിപ്പിൾ ഡിസെബിലിറ്റി തുടങ്ങിയ അവസ്ഥകൾ നേരിടുന്നവർക്കോ ഫണ്ട് വകയിരുത്താത്തതിൽ രക്ഷിതാക്കൾക്ക് വലിയ സങ്കടവും പ്രയാസവുമുണ്ടെന്ന് അറിയിക്കുന്നു. അതുസംബന്ധിച്ച

വാർത്തകളാണ് കഴിഞ്ഞദിവസം പുറത്തുവന്നത്. അതുപോലെ പാലക്കാട് മെഡിക്കൽ കോളേജിന് കിഫ്ബി വഴിയുള്ള ധനസഹായം ഇനിയും പ്രഖ്യാപിച്ചിട്ടില്ല. കിഫ്ബിയിൽ ചെലവഴിക്കുന്ന പണം സാമൂഹ്യനീതിയുടെ അളവുകോൽകൊണ്ട് അളക്കുമ്പോൾ അർഹമായ പല വിഭാഗങ്ങൾക്കും ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതായാണ് കാണാൻ കഴിയുന്നത്. എസ്.സി./എസ്.ടി. ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ പ്രവർത്തനമാരംഭിച്ച മെഡിക്കൽ കോളേജിന് ബഡ്ജറ്ററി സപ്പോർട്ടോ കിഫ്ബി വഴിയുള്ള ധനസഹായമോ ഇതുവരെ പ്രഖ്യാപിക്കപ്പെടാത്ത സാഹചര്യം ശരിയല്ലെന്ന പരാതി ഉയർന്നുവരുന്നുണ്ട്. പൊതുജനങ്ങളുടെകൂടി ചികിത്സയ്ക്ക് ആ സ്ഥാപനം ഉപയോഗപ്പെടുത്തുന്ന സ്ഥിതിക്ക് ഇക്കാര്യത്തിൽ പുന:പരിശോധന നടത്തേണ്ടതുണ്ട്. മരണപ്പെട്ടുപോയവരുടെ വായ്പയുടെ പേരിൽപ്പോലും വീടുകളിലേയ്ക്ക് ജപ്തി നോട്ടീസ് വന്നുകൊണ്ടിരിക്കുകയാണ്. അവരുടെ കുടുംബത്തിന് കടാശ്വാസം പ്രഖ്യാപിക്കാനോ വായ്പകൾ എഴുതിത്തള്ളാനോ കഴിയുമോയെന്നത് സംബന്ധിച്ച് പരിശോധന നടത്തണം. പ്രളയം, കോവിഡ് തുടങ്ങിയവ സൃഷ്ടിച്ച ദുരിതവും ദുരന്തവുംമൂലം കടുത്ത പ്രതിസന്ധി നേരിടുകയാണ്. ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി പാലക്കാട് വന്നപ്പോൾ നെല്ലിന് താങ്ങുവിലയായി പ്രഖ്യാപിച്ചത്

28 രൂപ 72 പൈസയാണ്. ആ തുക ഇതുവരെയും കർഷകർക്ക് നൽകിയിട്ടില്ല. ബഡ്ജറ്റ് പ്രഖ്യാപനം വന്നപ്പോൾ 28 രൂപ 72 പൈസ എന്നത് ഇരുപത്തിയൊൻപതോ മുപ്പതോയെങ്കിലും ആകണമെന്ന് ആഗ്രഹിച്ച നെൽകർഷകർക്ക് 28 രൂപ 20 പൈസയെന്ന പ്രഖ്യാപനം സമ്മാനിച്ചത് നിരാശയാണെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കാൻ നടപടിയുണ്ടാകണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. പോലീസ് സേനയിലെ എല്ലാ വിഭാഗത്തിൽപ്പെട്ടവരും പറയുന്ന പരാതി സംബന്ധിച്ചാണ് ഞാൻ സൂചിപ്പിക്കുന്നത്. പോലീസുകാരുടെ ശമ്പളത്തിൽനിന്നും പിടിക്കുന്ന നോൺ സ്റ്റാറ്റ്യൂട്ടറി റിക്കവറി നിലവിൽ എസ്.ബി.ഐ-യെയാണ് ഏൽപ്പിച്ചിട്ടുള്ളത്. എന്നാൽ അത് മാറ്റി പകരം എച്ച്.ഡി.എഫ്.സി-പോലുള്ള പ്രൈവറ്റ് ബാങ്കുകൾക്ക് നിർബന്ധബുദ്ധിയോടെ ഏൽപ്പിക്കണമെന്നും സേനാംഗങ്ങളുടെ എല്ലാവിധ ഡാറ്റകളും അവർക്ക് കൈമാറുന്നത് നിർബന്ധമാക്കിയതിനെ സംബന്ധിച്ചും അവർക്കിടയിൽത്തന്നെ വ്യാപക പരാതികളുയരുന്നുണ്ട്. അത് പഴയതുപോലെത്തന്നെയാക്കണമെന്ന ആവശ്യമാണ് പോലീസ് സേനാംഗങ്ങൾ മുന്നോട്ടുവയ്ക്കുന്നത്. അക്കാര്യത്തിലും അങ്ങയുടെ ശ്രദ്ധയുണ്ടാകണമെന്നഭ്യർത്ഥിക്കുന്നു. ഇന്ന്

രാവിലെ ഏതെങ്കിലും രാഷ്ട്രീയമായൊരു കാര്യം പറയാനോ ആക്ഷേപിക്കാനോ ആഗ്രഹിച്ചല്ല ഞങ്ങൾ അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയത്. കേരളത്തിലെ ജനങ്ങളുടെ മുന്നിൽ ഒരു കാര്യത്തിന് വ്യക്തത വരുത്താൻവേണ്ടിയാണ് പ്രതിപക്ഷത്തിന്റെ അവകാശം ഉപയോഗപ്പെടുത്താൻ ആഗ്രഹിച്ചത്. 2020 നവംബർ 11-ലെ ദേശാഭിമാനി ദിനപ്പത്രത്തിൽ വന്നൊരു വാർത്തയാണ്, അതിന്റെ എഡിറ്റോറിയലാണ് എന്റെ കയ്യിലുള്ളത്. "വെഞ്ഞാറമൂട്ടിൽ തിരുവോണത്തലേന്ന് കൊല്ലപ്പെട്ട ഹഖിനും മിഥിലാജിനും ഭാര്യയും കൊച്ചുകുട്ടികളുമില്ലേ; അച്ഛനും അമ്മയുമില്ലേ; അനാഥരാക്കപ്പെട്ട അവരുടെ കണ്ണുനീർ കണ്ണുനീരല്ലേ' എന്നാണ് ദേശാഭിമാനി ദിനപ്പത്രം ചോദിച്ചത്. ആ ചോദ്യംതന്നെയാണ് ഇന്ന് കേരളത്തിലെ പ്രതിപക്ഷത്തിനും ഉന്നയിക്കാനുള്ളത്. അത് ഉന്നയിക്കാനുള്ള ഒരവസരമാണ് ഞങ്ങൾ ആവശ്യപ്പെട്ടത്. അഞ്ച് വയസ്സുകാരനായ ഇർസാനും ആറര വയസ്സുകാരനായ ഇർഫാനും മിഥിലാജിന്റെ മക്കൾ. അതുപോലെ ഒന്നേകാൽ വയസ്സായ ഐറമോൾ; അവരുടെ പിതാവിനെ 'എന്തിന് കൊന്നു കോൺഗ്രസ്സേ' , എന്നുചോദിച്ച് നിങ്ങൾ നടത്തിയ പ്രചരണങ്ങൾക്കിടയിൽ ആ കൊച്ചുകുഞ്ഞുങ്ങളുടെ സങ്കടം പറഞ്ഞിരുന്നവരോട് ഞങ്ങൾക്ക് ചോദിക്കാനുള്ളത് അവരുടെ പിതാക്കളുടെ

മരണത്തിന് കാരണക്കാരായ, ഗൂഢാലോചനയുടെ പുറകിൽ ആരെല്ലാമുണ്ടെന്നുള്ള സത്യാവസ്ഥ ബോദ്ധ്യപ്പെടുത്താനുള്ള ഉത്തരവാദിത്വം ഇവിടത്തെ അന്വേഷണ സംവിധാനങ്ങൾക്കും പോലീസിനുമൊക്കെയില്ലേ എന്നാണ്. പുതിയ വെളിപ്പെടുത്തൽ നടത്തിയിരിക്കുന്നത് കോൺഗ്രസ്സ് നേതാക്കളല്ല, യു.ഡി.എഫ്-ന്റെ ഘടകകക്ഷിയിൽപ്പെട്ടവരല്ല. രണ്ട് തവണ സി.പി.ഐ.(എം)-ന്റെ ലോക്കൽ കമ്മിറ്റി സെക്രട്ടറിയായിരുന്ന, സി.പി.ഐ.(എം)-ന്റെ ഏരിയ കമ്മിറ്റി മെമ്പറായിരുന്ന, ഡി.വൈ.എഫ്.ഐ-യുടെ ജില്ലാ കമ്മിറ്റി മെമ്പറായിരുന്ന ഡി. സുനിൽ എന്ന സി.പി.ഐ-യുടെ ഇപ്പോഴത്തെ നേതാവാണ് ഈ പറയുന്ന വിവാദങ്ങളെ സംബന്ധിച്ച് ഫേസ്ബുക്കിൽ കുറിച്ചത്. അദ്ദേഹത്തിന്റെ ഫേസ്ബുക്ക് കുറിപ്പിലെ പ്രധാനപ്പെട്ട വാചകങ്ങളെന്താണ്? 2020-ലെ തിരുവോണനാളിൽ എൽ.ഡി.എഫ്-ന്റെ നേതാവും ജനപ്രതിനിധിയുമായ ആളെ കേട്ടാലറയ്ക്കുന്ന ഭാഷയിൽ ഗോകുലം മെഡിക്കൽ കോളേജിൽവച്ച് തെറിവിളിച്ചത് നിങ്ങൾ തന്നെയല്ലേ? അല്ലാതെ ഞങ്ങളാണോ; ആ തിരുവോണനാളിൽനിന്ന് കൃത്യം പന്ത്രണ്ട് ദിവസം പുറകിലോട്ട് പോയാലറിയാം എന്തുകൊണ്ടാണ് തെറിവിളി കേൾക്കേണ്ടി വന്നതെന്ന്. ഒരു ചെറുപ്പക്കാരനെ അസമയത്ത് ഒരിടത്തുവച്ച് ചിലയാൾക്കാർ കാണുകയും

ചോദ്യം ചെയ്യുകയും ചെയ്യുന്നു. ചോദ്യം ചെയ്തവരെ ആക്രമിക്കാൻ ഈ ചെറുപ്പക്കാരൻ ക്വട്ടേഷൻ കൊടുത്തതിന്റെ പേരിലുണ്ടായ മരണങ്ങളല്ലേയെന്ന് സി.പി.ഐ.(എം)-ന്റെ പഴയ ലോക്കൽ കമ്മിറ്റി സെക്രട്ടറിയും ഇപ്പോഴത്തെ സി.പി.ഐ-കാരനുമായ വ്യക്തി വെളിപ്പെടുത്തുമ്പോൾ അത് അന്വേഷിക്കണമെന്ന് പറയേണ്ട ബാദ്ധ്യത ഞങ്ങൾക്കില്ലേ? 'എന്തിന് കൊന്നു കോൺഗ്രസ്സേ' എന്ന് ചോദിച്ച് കോൺഗ്രസ്സിന്റെ 168 ഓഫീസുകളാണ് അക്കാലത്ത് അടിച്ചുതകർക്കപ്പെട്ടത്. നിരവധിപേർ അക്രമത്തിന് വിധേയമായി. പി.എസ്.സി. ഓഫീസിനുമുന്നിൽ ചെറുപ്പക്കാർക്കുവേണ്ടി സമരം നടത്തിയ ഞങ്ങളുടെ സമരപ്പന്തലിനുനേരെപോലും വലിയ ആക്രമണങ്ങളുണ്ടായി. കോൺഗ്രസ്സല്ല കൊന്നത്; കോൺഗ്രസ്സല്ല ഗൂഢാലോചന നടത്തിയത്, കോൺഗ്രസ്സല്ല ഗുണ്ടകളെ അയച്ചത്; എന്തിന്റെ പേരിലാണെന്ന് സി.പി.ഐ.(എം.)-ന്റെ നേതാക്കൾതന്നെ വെളിപ്പെടുത്തുകയാണ്. അന്നത്തെ തിരുവോണത്തലേന്ന് നടത്തിയ കൊലപാതകത്തിന്റെ പേരിൽ മലയാളികളുടെ തിരുവോണ സദ്യയിൽ പായസത്തിനുപകരം രക്തം വിളമ്പിയത് കോൺഗ്രസ്സല്ല എന്നുള്ളത് വ്യക്തമാക്കപ്പെട്ടിരിക്കുകയാണ്. ആരാണ് രക്തം വിളമ്പിയതെന്ന് ഇവർക്കറിയണ്ടേ? CrPC 173(8) പ്രകാരം

പുനരന്വേഷണം നടത്താൻ എന്തിനാണ് മടിക്കുന്നത്? ഫോറൻസിക് റിപ്പോർട്ടുകൾ മാധ്യമങ്ങളിലൂടെ പുറത്തുവന്നു. ആദ്യത്തെ വാചകംതന്നെ, ഇത് രാഷ്ട്രീയ കൊലപാതകമാണെന്ന് സൂചന നൽകുന്നില്ല എന്നതാണ്. കണ്ടെത്തലുകളിലെ രണ്ടാമത്തെ പ്രധാന വാചകം കൊല്ലപ്പെട്ടവർ കൊലപ്പെടുത്താൻ എത്തിയവരാണെന്നുള്ളതാണ്. പോലീസിന്റെ സൈബർ ഫോറൻസിക് വിഭാഗം ഇവരുടെ ചാറ്റുകൾ പരിശോധിച്ചു. ഇവരുടെ വോയിസ് കോളുകൾ പരിശോധിച്ചു. അതിൽനിന്നെല്ലാം രണ്ട് സംഘങ്ങൾ തമ്മിലുള്ള പകയ്ക്ക് കാരണമായി ചൂണ്ടിക്കാണിക്കപ്പെട്ട പല കാര്യങ്ങളുണ്ട്. അതിലൊന്ന്, തേമ്പാമൂട് ജനതാ സ്കൂളിലെ പത്താം ക്ലാസ്സ് വിദ്യാർത്ഥിയായ 15 വയസ്സുകാരന്റെ കാല് അഞ്ച് എസ്.എഫ്.ഐ-കാർ ചേർന്ന് തല്ലിയൊടിച്ചത് എന്തിനുവേണ്ടിയാണെന്നുള്ള അന്വേഷണം നടക്കണം. വേങ്കമല ക്ഷേത്രസമീപത്തുവച്ച് ഈ കേസ്സിലെ ഒന്നാം പ്രതിയും ഒരു ജനപ്രതിനിധിയുടെ മകനുമായുണ്ടായ സംഘട്ടനത്തെത്തുടർന്നുണ്ടായ പ്രശ്നങ്ങൾ എന്തിനുവേണ്ടിയാണെന്ന് പറയണം. രണ്ട് സംഘങ്ങളും ഒരേസമയം ഒരേസ്ഥലത്ത് എത്തിച്ചേരാൻ കാരണക്കാരനായ ഒരാൾപോലുമുണ്ട് എന്നുപറയുമ്പോൾ, പോലീസ് ചോദ്യം ചെയ്യുന്ന ആ ഒരാളിനെ അന്ന് രാത്രി രണ്ടേമുക്കാലിന് പോലീസ് സ്റ്റേഷനിൽ ചെന്ന്

ഡി.വൈ.എഫ്.ഐ-യുടെ അന്നത്തെ സംസ്ഥാന സെക്രട്ടറി കണ്ട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ ഇത് രാഷ്ട്രീയ കൊലപാതകമെന്ന പേരിൽ കോൺഗ്രസ്സിന്റെമേൽ കെട്ടിവയ്ക്കാൻ ശ്രമിക്കുകയാണുണ്ടായത്. ഇപ്പോൾ പുതിയ വെളിപ്പെടുത്തൽ പുറത്തുവന്നിരിക്കുന്ന സാഹചര്യത്തിൽ അന്വേഷണം നടത്തി യഥാർത്ഥ പ്രതികളാരാണെന്ന് കണ്ടെത്താനും ഗൂഢാലോചനയിൽ പങ്കാളികളായവർ ആരാണെന്നുള്ളതുമാണ് ഞങ്ങൾ ചോദിക്കാൻ ആഗ്രഹിക്കുന്നത്......(ബഹളം)....നിങ്ങൾ ബഹളമുണ്ടാക്കേണ്ട, സത്യം പുറത്തുകൊണ്ടുവരണമെന്ന് മാത്രമേ ഞങ്ങൾ പറയുന്നുള്ളൂ. അല്ലാതെ അവാസ്തവമായി ഒന്നും പറയുന്നില്ല. ഇത് ഞങ്ങളുടെ വെളിപ്പെടുത്തലല്ല, ഞങ്ങളുടെ നേതാക്കളുടെ പ്രസ്താവനകളുമല്ല. ഞങ്ങൾ ചോദിക്കുന്നത് ഒരൊറ്റ കാര്യം മാത്രമാണ്. അവരുടെ പുതിയ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തണമെന്ന് പറയാൻ പ്രതിപക്ഷത്തിന് അവകാശമില്ലേ? ഞാൻ ആരുടെയും പേര് പറഞ്ഞിട്ടില്ല. നിങ്ങൾ ഇപ്പോൾ ബഹളം വയ്ക്കുന്നുണ്ടല്ലോ; കോൺഗ്രസ്സാണെന്നുപറഞ്ഞ് നൂറ്റിയറുപത്തിയെട്ട് ഓഫീസുകൾ അടിച്ചുപൊളിക്കുമ്പോൾ അന്ന് ഇതിനുപിന്നിലെ യാഥാർത്ഥ്യമെന്താണെന്നറിയാൻ നിങ്ങൾക്ക് ഇവിടെ ഭരണവും അധികാരവുമുള്ളപ്പോൾ ശ്രമിക്കാമായിരുന്നില്ലേ; മുമ്പും

അനുഭവമുണ്ടായിട്ടുണ്ട്. സിയാദെന്ന ഒരു ചെറുപ്പക്കാരൻ ആലപ്പുഴയിൽ കൊല്ലപ്പെട്ടപ്പോൾ കോൺഗ്രസ്സാണ് കൊന്നതെന്ന് പറഞ്ഞു. നിങ്ങളുടെ അന്നത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രിയാണ് അത് മാറ്റിപ്പറഞ്ഞത്. അതുപോലെത്തന്നെ ചിതറയിൽ ബഷീർ എന്നയാൾ കൊല്ലപ്പെട്ടപ്പോഴും കൊന്നത് കോൺഗ്രസ്സാണെന്ന് പറഞ്ഞു. പിന്നീട് അന്വേഷണത്തിലാണ് അത് മരച്ചീനിയുമായോ മറ്റോ ബന്ധപ്പെട്ട ഒരു വാദത്തിലാണ് കൊല്ലപ്പെട്ടതെന്ന് മനസ്സിലാകുന്നത്. കോൺഗ്രസ്സിന്റെ പേരിൽ ഈ കൊലപാതകം ആരോപിക്കപ്പെട്ട് നവമാധ്യമങ്ങളിലൂടെ കേരളത്തിലെ മുഴുവൻ കോൺഗ്രസ് ഓഫീസുകൾക്കുമെതിരെ ഇത്രയുംവലിയ അതിക്രമങ്ങൾ നടത്തിയവരോട് അവരുടെ കൂടെത്തന്നെ പ്രവർത്തിച്ചിരുന്ന വ്യക്തി നടത്തിയ വെളിപ്പെടുത്തലിൽ സത്യസന്ധമായ ഒരന്വേഷണം നടത്തണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നത് എങ്ങനെയാണ് ഒരു മഹാപാതകമായി മാറുന്നത്? ഡി.വൈ.എഫ്.ഐ-ക്കാരൻ കൊല്ലപ്പെട്ടതിന്റെ യാഥാർത്ഥ്യം പുറത്തുവരണമെന്ന് ഭരണകക്ഷിക്കും ഡി.വൈ.എഫ്.ഐ-യ്ക്കുമില്ലെങ്കിലും പ്രതിപക്ഷത്തിനും യൂത്ത് കോൺഗ്രസ്സിനും അതുണ്ടെന്ന് പറയാൻ ഞങ്ങളാഗ്രഹിക്കുന്നു. ..... (ബഹളം)......കൃത്യമായ അന്വേഷണം നടക്കട്ടെ. ഞങ്ങൾ ഇപ്പോഴുള്ള ഒരു

പ്രതിയെയും രക്ഷപ്പെടുത്താൻ പറയുന്നില്ല. ഒന്നാംപ്രതി ഒന്നാംപ്രതിയായി തുടരട്ടെ. കുറ്റംചെയ്തവർ പ്രതികളായി തുടരട്ടെ. ഗൂഢാലോചനയിൽ ആർക്കാണ് പങ്കെന്ന അന്വേഷണം ഞാൻ ആവശ്യപ്പെടുമ്പോൾ നിങ്ങളെന്തിനാണ് ബഹളംവയ്ക്കുന്നത്? .....(ബഹളം)...... ഒരാളെയും ജയിലിൽനിന്ന് തുറന്നുവിടാൻ പറയുന്നില്ല. ഒരാൾക്കുവേണ്ടിയും കേസ് നടത്തുന്നില്ല. ഒരാൾക്കുവേണ്ടിയും പണപ്പിരിവും നടത്തുന്നില്ല. അതിന്റെ ഗൂഢാലോചന പുറത്തുവരുന്നത് നിങ്ങൾക്കും നല്ലതല്ലേ; മരണപ്പെട്ടത് നിങ്ങളുടെ സഹപ്രവർത്തകനല്ലേ; നിങ്ങൾക്കൊപ്പം കൊടിപിടിച്ചവരല്ലേ; നിങ്ങൾക്കുവേണ്ടി പ്രവർത്തിച്ചവരല്ലേ; അവർ മരണപ്പെട്ടുമ്പോൾ അതിന്റെ പിന്നിലെ യാഥാർത്ഥ്യം പുറത്തുവരുന്നത് ആർക്കാണ് ഇത്ര പ്രയാസം സൃഷ്ടിക്കുന്നത്; ഞാൻ ഏതെങ്കിലും പ്രതികൾ പ്രതികളല്ല എന്നുപറഞ്ഞോ; ഞാൻ ഒന്നാം പ്രതിയെ പ്രതിയല്ല എന്നുപറഞ്ഞോ; രണ്ടാം പ്രതിയെ പ്രതിയല്ലെന്ന് പറഞ്ഞോ; അയാളെ പുറത്തുവിടണമെന്ന് ഞാൻ പറഞ്ഞോ? ...(ബഹളം)......

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.........(ബഹളം).....

ശ്രീ. ഷാഫി പറമ്പിൽ: സർ, അവരെ കൊലപ്പെടുത്തിയ കേസിൽ ഗൂഢാലോചന നടത്തിയവരെ പുറത്തുകൊണ്ടുവരണമെന്നാണ്....

(ബഹളം).....ഇതുപോലെയുള്ള ബഹളം അന്ന് കണ്ടു.

Mr. Chairman: Let him finish, please sit down.....please....

ശ്രീ. ഷാഫി പറമ്പിൽ: സർ, അന്ന് വ്യവസായ വകുപ്പുമന്ത്രി വന്ന് പറഞ്ഞത് ശ്രീ. അടൂർ പ്രകാശിന് ഈ കൊലപാതകത്തിൽ പങ്കുണ്ടെന്നാണ്. ശ്രീ. അടൂർ പ്രകാശിനെതിരെ അന്ന് പ്രചരണം നടന്നു. അദ്ദേഹം പറഞ്ഞത് സി.ബി.ഐ. അന്വേഷണം നടക്കട്ടെയെന്നാണ്. അദ്ദേഹം പാർലമെന്റിൽ പറഞ്ഞതും സി.ബി.ഐ. അന്വേഷണം നടക്കട്ടെയെന്നാണ്. അദ്ദേഹം വെഞ്ഞാറമൂട്ടിൽ ഉപവാസമിരുന്നു.

Mr. Chairman: Time is over....please conclude.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഒരാളെയും വെറുതെ വിടാൻ ഞാൻ പറയുന്നില്ല. ഒരു പ്രതിയെയും രക്ഷപ്പെടുത്താൻ പറയുന്നില്ല. അവർക്കുവേണ്ടി കേസ് നടത്തുന്നില്ല. അവർക്കുവേണ്ടി സർക്കാരിന്റെ പണം ചെലവഴിക്കുന്നില്ല. ഒറ്റക്കാര്യമേ ഞങ്ങൾ പറയുന്നുള്ളൂ. അവർ കൊല്ലപ്പെട്ടതിന്റെ പിന്നിൽ സി.പി.ഐ.(എം)-ന്റെ പഴയ ലോക്കൽ കമ്മിറ്റി സെക്രട്ടറി സി.പി.ഐ-യുടെ ഇപ്പോഴത്തെ നേതാവ് നടത്തുന്ന വെളിപ്പെടുത്തലിനെ സംബന്ധിച്ച് അന്വേഷണം നടത്തണമെന്നാണ് ഞങ്ങൾ പറയുന്നത്. എങ്ങനെയാണത് അപരാധമാകുന്നത്?......

(ബഹളം).....കാരണം, ഞങ്ങൾക്കിത് പറയാനുള്ള ബാദ്ധ്യതയുണ്ട്. ഗൂഢാലോചന നടത്തിയ പ്രതികൾ ശിക്ഷിക്കപ്പെടണമെന്നുള്ള നിലപാടെടുക്കാൻ ഞങ്ങൾ ബാദ്ധ്യസ്ഥരാണ്. അത് ഞങ്ങളെടുക്കും. അതിന് നിയമസഭയ്ക്കകത്തും പുറത്തും നിയമപരമായും ജനാധിപത്യപരമായും ഞങ്ങൾ പ്രതിഷേധവുമായി മുന്നോട്ടുപോകുമെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ ഒരു ക്രമപ്രശ്നം ഉന്നയിച്ചിരുന്നു. ഇന്ന് രാവിലെ ശ്രീ. ഷാഫി പറമ്പിൽ കൊണ്ടുവന്ന അടിയന്തരപ്രമേയം അനുവദിക്കാത്തതിന്റെ കാരണമെല്ലാം ബഹുമാനപ്പെട്ട ചെയർ റൂൾ ചെയ്തതാണ്. തികച്ചും അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ശ്രീ. ഷാഫി പറമ്പിൽ ഉന്നയിച്ചിരിക്കുകയാണ്.

മി. ചെയർമാൻ: അദ്ദേഹം ഒരാളുടെ പേരും പറഞ്ഞിട്ടില്ല.

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ പോയിന്റിലേയ്ക്ക് വരികയാണ്. അടിസ്ഥാനരഹിതമായ ആരോപണങ്ങൾ പുതിയ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിലാണെന്നാണ് ഇപ്പോൾ പറയുന്നത്. ഒരു പുതിയ വെളിപ്പെടുത്തലും വന്നിട്ടില്ല.

മി. ചെയർമാൻ: ഇതിൽ പോയിന്റൊന്നുമില്ല. എക്സ്പ്ലനേഷനാണ്.

അത് പിന്നീട് പറയാം.

ശ്രീ. ഡി. കെ. മുരളി: സർ, കൊലപാതകം നടത്തിയ പ്രതികളെ മുഴുവൻ നിയമത്തിന്റെമുമ്പിൽ കൊണ്ടുവന്നതാണ്. അവർ ഇന്ന് ജയിലിലാണ്. മുഴുവൻ പ്രതികളും ജയിലിലാണ്....(മൈക്ക് ഓഫ്)....

മി. ചെയർമാൻ: ഇതിൽ പോയിന്റ് ഇല്ല...please sit down.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ബഹുമാനപ്പെട്ട സ്പീക്കർ നൽകിയ റൂളിംഗിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയം എടുക്കാൻ കഴിയില്ല എന്ന് പറഞ്ഞൊരു വിഷയം വേറൊരു തരത്തിൽ സഭയിൽ അവതരിപ്പിക്കുന്നത് ശരിയാണോ? അത് സഭാരേഖയിലുണ്ടാകാൻ പാടില്ല. അത് പരിശോധിച്ച് ചെയ്താൽ മതി. സാധാരണഗതിയിൽ അങ്ങനെ പറയാൻ പാടില്ലാത്തതാണ്.

മി. ചെയർമാൻ: അത് പരിശോധിക്കാം.+

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അത് പരിശോധിച്ചിട്ടല്ലാതെ ചെയ്യുന്നത് ശരിയല്ല. പ്രസംഗിക്കുന്നത് തടയാൻ പറ്റില്ല. പക്ഷേ ചെയ്യുന്നത് പ്രൊസീഡ്യുവർ അനുസരിച്ച് വേണം.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം. 4732/ഇ.ബി./2022/നി.സെ. തീയതി 15-03-2022) സഭാരേഖകളിൽ നിലനിർത്തി.

ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞ കാര്യത്തിന് പ്രസക്തിയില്ല. റൂൾ 50 പ്രകാരം ഇവിടെ അവതരിപ്പിക്കാൻ പാടില്ല എന്നുമാത്രമാണ് ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗുള്ളത്. ഈ വിഷയം സഭയിൽ അവതരിപ്പിക്കാൻ പാടില്ലെന്ന് ചെയർ ഒരിക്കലും റൂളിംഗ് നൽകിയിട്ടില്ല. ബഡ്ജറ്റ് ചർച്ചയിൽ രാഷ്ട്രീയം പറയാറുണ്ട്, ബഡ്ജറ്റുമായി ബന്ധമില്ലാത്ത കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. നിരവധി പൊതുവിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. നോർത്ത് ഇന്ത്യയിലെ തെരഞ്ഞെടുപ്പുവരെ ഇവിടെ ചർച്ചയ്ക്ക് വിധേയമായിട്ടുണ്ട്. ഞങ്ങൾ അവതരിപ്പിച്ച വിഷയം ഓർഡറിലാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ വാദത്തിന് ഒരു പ്രസക്തിയുമില്ല.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, പരിശോധിക്കണമെന്നല്ലാതെ മറ്റൊന്നും ഞാൻ പറഞ്ഞിട്ടില്ല. പരിശോധിച്ചതിനുശേഷമാണ് അത് രേഖയിലുണ്ടാകുമോ ഇല്ലയോ എന്ന് പറയേണ്ടത്. പരിശോധിക്കണമെന്നേ പറയുന്നുള്ളൂ.

<u>മി. ചെയർമാൻ</u>: അത് പരിശോധിക്കാം. +

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, പരിശോധിച്ചതിനുശേഷം മാത്രമേ സഭാരേഖയിൽ വരാൻ പാടുള്ളൂ. ബഹുമാനപ്പെട്ട ചെയറിന് അത്

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം. 4732/ഇ.ബി./2022/നി.സെ. തീയതി 15-03-2022) സഭാരേഖകളിൽ നിലനിർത്തി.

യുക്തമാണെന്ന് തോന്നുന്നുവെങ്കിൽ വരട്ടെ. എന്റെയൊരു ധാരണ അങ്ങനെയാണ്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മിനിസ്റ്റർ, നമുക്കത് പരിശോധിക്കാം.+

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു. മഹാമാരിയും പ്രളയവും സൃഷ്ടിച്ച ദുരന്തങ്ങൾ സാമ്പത്തിക മേഖലയിലുണ്ടാക്കിയ പ്രത്യാഘാതങ്ങൾ ദൂരവ്യാപകമാണ്. ലോംഗ് ഇക്കണോമിക് കോവിഡ് എന്നാണ് ലോകം ഈ സ്ഥിതിവിശേഷത്തെ വിശേഷിപ്പിച്ചത്. വിവിധ സംസ്ഥാനങ്ങളിൽ നിയമസഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞ പശ്ചാത്തലത്തിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവുണ്ടാകുമെന്നത് ഉറപ്പാണ്. അതോടെ കടത്തുകൂലി വലിയ തോതിൽ രാജ്യവ്യാപകമായി വർദ്ധിക്കും. ഇത് നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവിന് തീർച്ചയായും വഴിയൊരുക്കും. നികുതി ഏകീകരണംവഴി സ്വരൂപിക്കപ്പെടുന്ന ജി.എസ്.ടി-യിൽനിന്ന് സംസ്ഥാനങ്ങൾക്ക് കിട്ടേണ്ട വിഹിതം അന്യായമായി കേന്ദ്രസർക്കാർ വൈകിപ്പിക്കുകയാണ്. സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സ്വയംപര്യാപ്തതയെ ഇത് കുറച്ചൊന്നുമല്ല പ്രതികൂലമായി ബാധിക്കുന്നത്.

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം. 4732/ഇ.ബി./2022/നി.സെ. തീയതി 15-03-2022) സഭാരേഖകളിൽ നിലനിർത്തി.

സ്റ്റേറ്റ് ഗവൺമെന്റുകളെ വരുതിക്ക് നിർത്താൻ ജി.എസ്.ടി-യെ കേന്ദ്രം നിമിത്തമാക്കുന്നുണ്ടോയെന്ന സംശയം ബലപ്പെടുകയാണ്. അന്താരാഷ്ട്രരംഗത്ത് റഷ്യ-യുക്രൈൻ യുദ്ധം സൃഷ്ടിക്കുന്ന സാമ്പത്തിക-സാമൂഹ്യ പ്രത്യാഘാതങ്ങളും കേരളത്തിനുമേൽ കരിനിഴൽ വീഴ്ത്തുന്നുണ്ട്. ഇത്തരമൊരു സാഹചര്യത്തിലാണ് 2022-23 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് രണ്ടാം പിണറായി വിജയൻ സർക്കാരിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ സഭയിൽ അവതരിപ്പിച്ചത്. ഉന്നതവിദ്യാഭ്യാസ രംഗത്ത് ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ അവസാന വർഷം ആരംഭിച്ച വിപ്ലവം ഊർജ്ജസ്വലതയോടെ തുടരുമെന്ന പ്രഖ്യാപനം അത്യന്തം സ്വാഗതാർഹമാണ്. 2020-21-ൽ ഒരുപാട് വർഷങ്ങൾക്കുശേഷമാണ് സർവ്വകലാശാലകളിലും ഗവൺമെന്റ് എയ്ഡഡ് കോളേജുകളിലും 200 പുതിയ ന്യൂജെൻ കോഴ്സുകൾ ആരംഭിച്ചത്. അന്തർദ്ദേശീയ വിദ്യാർത്ഥികളെ നമ്മുടെ സർവ്വകലാശാലകളിലേയ്ക്ക് ആകർഷിക്കാൻ ആവശ്യമായ സൗകര്യങ്ങളൊരുക്കുന്നതിന് 5 സർവ്വകലാശാലകൾക്ക് 100 കോടി രൂപ അനുവദിച്ചത് എന്തുകൊണ്ടും അഭിനന്ദനീയമാണ്. ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന തോതിൽ കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും ഒരു ഉന്നതവിദ്യാഭ്യാസ

സ്ഥാപനത്തെ തെരഞ്ഞെടുത്ത് നൈപുണ്യ കോഴ്സുകളാരംഭിക്കാൻ 140 കോടി രൂപ അനുവദിക്കുമെന്ന പ്രഖ്യാപനം പ്രസക്തമാണ്. സാങ്കേതികരംഗത്തെ തൊഴിൽദാനത്തിൽ മലബാർ ഇപ്പോഴും പിന്നോക്കമാണ്. അത് പരിഹരിക്കാൻ കണ്ണൂരിൽ പുതിയ ഐ.ടി. പാർക്ക് ആരംഭിക്കാനുള്ള തീരുമാനം ആവേശമുളവാക്കുന്നതാണ്. ഇതിനായി സ്ഥലമേറ്റെടുക്കാൻ 500 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. അന്താരാഷ്ട്ര വിമാനത്താവളങ്ങളോടനുബന്ധിച്ച് 1,000 കോടി രൂപ മുതൽമുടക്കിൽ സയൻസ് പാർക്കുകൾ സ്ഥാപിക്കാനുള്ള ബഡ്ജറ്റ് പ്രഖ്യാപനം വൈജ്ഞാനിക വിസ്ഫോടനം ആഗ്രഹിക്കുന്നവർക്ക് സന്തോഷം പകരുന്നതാണ്. ഗ്ലോബൽ സയൻസ് ഫെസ്റ്റ് സംഘടിപ്പിക്കാനായി കേരള ശാസ്ത്ര സാങ്കേതിക വകുപ്പിനെ ചുമതലപ്പെടുത്തിയത് ശാസ്ത്ര ഗവേഷണ മേഖലയ്ക്ക് വലിയ ഉത്തേജനം നൽകുമെന്ന കാര്യത്തിൽ സംശയമില്ല. മൂല്യവർദ്ധിത കാർഷികോൽപ്പന്നങ്ങളുടെ വിപണി ഉറപ്പുവരുത്തി കാർഷികമേഖലയെ ജീവസുറ്റതാക്കാൻ ലക്ഷ്യംവച്ച് രൂപീകരിക്കുന്ന Value Added Agriculture Mission (VAAM) കർഷകരെ പുതിയ ദിശയിലേയ്ക്ക് നയിക്കാനുതകും. ഈ മിഷനിലൂടെ ഗ്രാമീണ കർഷകർക്ക് വിപണി ഉറപ്പാക്കിയത് ഗ്രാമീണ കാർഷികമേഖല പുഷ്ക്കലമാക്കും. വ്യാവസായിക

വകുപ്പിനുകീഴിൽ പത്ത് മിനി ഫുഡ് പാർക്കുകൾ ആരംഭിക്കാനുള്ള ഒരുക്കം നടത്തുമ്പോൾ, മലപ്പുറം ജില്ലയിലെ തവനൂരിലെ കുറ്റിപ്പുറം കെൽട്രോൺ യൂണിറ്റിൽ ഉപയോഗപ്പെടുത്താതെ കിടക്കുന്ന ഏക്കർകണക്കിന് ഭൂമിയുണ്ടെന്ന കാര്യം ബഹുമാന്യരായ ധനകാര്യ വകുപ്പുമന്ത്രിയുടെയും വ്യവസായ വകുപ്പുമന്ത്രിയുടെയും മനസ്സിലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. നെല്ലിന്റെ താങ്ങുവില 28.20 രൂപയായി ഉയർത്തിയത് നെൽകൃഷിക്കാർക്ക് ആത്മവിശ്വാസം പകരാൻ പര്യാപ്തമാകും. രാത്രികാലത്തും അടിയന്തര വെറ്ററിനറി സേവനങ്ങൾ കർഷകരുടെ വീട്ടുപടിക്കലെത്തിക്കാൻ ലക്ഷ്യമിടുന്ന പദ്ധതി ക്ഷീരമേഖലയിൽ സൃഷ്ടിച്ചേയ്ക്കാവുന്ന ഗുണഫലം ചെറുതല്ല. മലപ്പുറം ജില്ലയിലെ മൂർക്കനാട് ആരംഭിച്ച പാൽപ്പൊടി ഉൽപ്പാദന കേന്ദ്രം ഉടൻ പ്രവർത്തനക്ഷമമാക്കാനുള്ള നടപടി പാലുൽപ്പാദകർക്ക് സമാശ്വാസം നൽകുമെന്നുറപ്പാണ്. മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള പുനർഗേഹം പദ്ധതി കുറച്ചുകൂടി കാര്യക്ഷമമാക്കേണ്ടതുണ്ട്. പുനർഗേഹം പദ്ധതിപ്രകാരം പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങാൻ റവന്യൂ അധികൃതരുടെ ഭാഗത്തുനിന്നും വേണ്ടത്ര സഹകരണം ലഭിക്കുന്നില്ലെന്ന പരാതി ഉയർന്നുവന്നിട്ടുണ്ട്. സ്ഥലവില നിശ്ചയിക്കാൻ മാസങ്ങളെടുക്കുന്നത്

തത്വത്തിൽ പുനർഗേഹം പദ്ധതി അട്ടിമറിക്കപ്പെടുന്നതിന് ഇടവരുത്തുന്നു. ബഹുമാനപ്പെട്ട ഊർജ്ജസ്വലനായ റവന്യൂ വകുപ്പുമന്ത്രിയുടെ സത്വരശ്രദ്ധ ഇക്കാര്യത്തിലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. സ്ത്രീശാക്തീകരണത്തിന്റെ ലോകത്തിലെ ഉദാത്തമാതൃകയായ കുടുംബശ്രീക്ക് 260 കോടി രൂപ നീക്കിവച്ചത് പ്രതീക്ഷ നൽകുന്നതാണ്. ഇതിനുപുറമേ 500 കോടി രൂപയുടെ വായ്പാ പലിശയിളവ് നൽകുന്നതിനായി 18 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കെട്ടിടനിർമ്മാണത്തിനായി പ്രീ-ഫാബ് ടെക്നോളജി ഉപയോഗിക്കുമെന്ന പ്രഖ്യാപനം ശുഭസൂചനയാണ്. എന്നാൽ പ്രീ-ഫാബിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥർക്കിടയിൽ ഇപ്പോഴും അവ്യക്തത നിലനിൽക്കുന്നുണ്ട്. സമയലാഭമാണ് പ്രീ-ഫാബിന്റെ ഏറ്റവും വലിയ ആകർഷണീയത. മൾട്ടി സ്റ്റോറീഡ് ബിൽഡിംഗുകൾക്കുൾപ്പെടെ ഈ നിർമ്മാണരീതി അവലംബിക്കാവുന്നതാണ്. കോഴിക്കോട് ജില്ലയിലെ പ്രശസ്ത സ്വകാര്യ ആശുപത്രിയായ മൈത്ര ഹോസ്പിറ്റൽ പ്രീ-ഫാബ് നിർമ്മാണരീതിയുടെ കുറ്റമറ്റരൂപമാണ്. സിൽവർ ലൈൻ പദ്ധതിക്കുവേണ്ടിയുള്ള സ്ഥലമേറ്റെടുപ്പിന് 2,000 കോടി രൂപ കിഫ്ബിയിൽനിന്നും നീക്കിവയ്ക്കുമെന്നുള്ള തീരുമാനം പ്രസ്തുത പ്രോജക്ട്

യാഥാർത്ഥ്യമാകുമെന്നതിന്റെ പരസ്യപ്രഖ്യാപനംകൂടിയാണ്. കഴിഞ്ഞദിവസം ഇതുസംബന്ധിച്ച് ചർച്ച നടന്ന സന്ദർഭത്തിൽ ആ പദ്ധതി യു.ഡി.എഫ്. ഭരണകാലത്ത് വേണ്ടെന്ന് വച്ചതാണെന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവ് സൂചിപ്പിച്ചു. അതുമായി ബന്ധപ്പെട്ട് ഞാൻ രേഖകൾ പരതിനോക്കിയപ്പോൾ 'അത് അവസാനിപ്പിച്ചു' എന്ന തീരുമാനമെടുത്തതായി എവിടെയും കാണാൻ സാധിച്ചില്ല. മാത്രമല്ല, ആ തിരച്ചിലിനിടയിൽ 17.2.2016-ന് സർക്കാർ നൽകിയ മറുപടി പ്രത്യേകം പ്രസ്താവ്യമാണ്. ആ തീയതി പ്രത്യേകം ഓർക്കണം. കാരണം, അതിനുശേഷം പതിനാല് ദിവസം കഴിഞ്ഞ് മാർച്ച് 4-ാം തീയതി തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു. 17.2.2016-ന് ശ്രീ. മോൻസ് ജോസഫ് ഉന്നയിച്ച ചോദ്യവും വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി നൽകിയ മറുപടിയും ഞാനിവിടെ വായിക്കാം. "സംസ്ഥാന അതിവേഗ റെയിൽ പാതയുടെ നിർമ്മാണ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ" എന്ന ചോദ്യത്തിന് നൽകിയ മറുപടി ഇപ്രകാരമാണ്. "അതിവേഗ റെയിൽ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഡി.എം.ആർ.സി. തയ്യാറാക്കിവരുന്നു. വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ വിശദവിവരങ്ങൾ നല്കാൻ

കഴിയുകയുള്ളൂ", നിർത്തിവച്ചു എന്നോ ആ പദ്ധതിയുമായി മുന്നോട്ടുപോകാൻ ഉദ്ദേശിക്കുന്നില്ലെന്നോ എവിടെയും പറയുന്നില്ല. (....ബഹളം....) 9.2.2016-ൽ ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ "കാസർഗോഡ്-തിരുവനന്തപുരം അതിവേഗ റെയിൽ പാതയുടെ സാദ്ധ്യതാപഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ" എന്ന ചോദ്യം ഉന്നയിച്ചിരുന്നു. അതിന് "കാസർഗോഡ്-തിരുവനന്തപുരം അതിവേഗ റെയിൽ പദ്ധതിയുടെ സാദ്ധ്യതാപഠന റിപ്പോർട്ട് അതിവേഗ റെയിൽ കോർപ്പറേഷന് ഡി.എം.ആർ.സി. ലഭ്യമാക്കിയിട്ടുണ്ട്. ഇതിൻപ്രകാരം തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ 526 കിലോമീറ്റർ ദൈർഘ്യമുള്ളൊരു അതിവേഗ റെയിൽപാതയാണ് വിഭാവന ചെയ്യുന്നത്. 90 കിലോമീറ്റർ ഉപരിതലങ്ങളിലും 297 കിലോമീറ്റർ തൂണിനുമുകളിലും 126 കിലോമീറ്റർ ഭൂമിക്കടിയിൽക്കൂടിയുമാണ് വിഭാവന ചെയ്തിരിക്കുന്നത്. ഇതിന്റെ ആവശ്യത്തിലേയ്ക്കുള്ള ട്രാക്കിന് 20 മീറ്റർ വീതിയിൽ സ്ഥലമാവശ്യമാണ്. വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയാൽ മാത്രമേ പാതയുടെ റൂട്ട് നിശ്ചയിക്കാൻ സാധിക്കുകയുള്ളൂ. ഡി.എം.ആർ.സി.-യാണ് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരുന്നത്. സർവ്വേ ജോലികൾ തടസ്സപ്പെട്ടതുകാരണം പ്രതീക്ഷിച്ച സമയത്ത് പദ്ധതി രൂപരേഖ

തയ്യാറാക്കാൻ സാധിച്ചിട്ടില്ല. സമയബന്ധിതമായി സർവ്വേ ജോലികൾ പൂർത്തീകരിച്ച് പദ്ധതിരേഖ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു" എന്നായിരുന്നു മറുപടി. ഈ പദ്ധതി ഒരിക്കലും യു.ഡി.എഫ്. സർക്കാർ വേണ്ടെന്ന് വച്ചിട്ടില്ല. 9.2.2016-ൽ ഈ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ തന്നെയാണ് തീരുമാനിച്ചത്. അതിനുശേഷം 17.2.2016-ൽ ശ്രീ. കെ. എൻ. എ. ഖാദറിന്റെ "തിരുവനന്തപുരം-കണ്ണൂർ അതിവേഗ റെയിൽ ഇടനാഴിയുടെ സാദ്ധ്യതാപഠനം പൂർത്തിയായത് സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും തരത്തിലുള്ള റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ" എന്ന ചോദ്യത്തിന് " തിരുവനന്തപുരം-കണ്ണൂർ അതിവേഗ റെയിൽ പദ്ധതിയുടെ സാദ്ധ്യതാ പഠന റിപ്പോർട്ട് കേരള ഹൈ സ്പീഡ് റെയിൽ കോർപ്പറേഷന് ഡി.എം.ആർ.സി. ലഭ്യമാക്കിയിട്ടുണ്ട്" എന്നായിരുന്നു മറുപടി. അതിനുശേഷം ഈ പദ്ധതി വേണ്ടായെന്ന് ഏതുദിവസമാണ് നിശ്ചയിച്ചത്; ആ ഉത്തരവിന്റെ പകർപ്പ്; അങ്ങനെയൊരു മന്ത്രിസഭാ മിനിട്ട്സുണ്ടെങ്കിൽ അതിന്റെ പകർപ്പ് എന്നിവ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഹാജരാക്കിയാൽ നന്നായിരുന്നു. ഞാനൊരു അക്കാദമിക് ഇന്ററസ്റ്റിൽ ചോദിച്ചതാണ്. കേരളത്തിലെ പ്രഥമ ഓപ്പൺ സർവ്വകലാശാലയായ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക്

അനുവദിച്ച തുകയിൽ നല്ലൊരു വർദ്ധനവ് വരുത്തേണ്ടതായിട്ടുണ്ട്. മികച്ച സൗകര്യങ്ങളൊരുക്കിയാൽ മാത്രമേ അടുത്ത അദ്ധ്യയന വർഷം ഓപ്പൺ സർവ്വകലാശാല പ്രവർത്തനക്ഷമമാക്കാൻ സാധിക്കുകയുള്ളൂ. യു.ജി.സി-യുടെ അംഗീകാരകടമ്പ കടക്കണമെങ്കിൽ മികച്ച ഭൗതികസൗകര്യങ്ങളും ഫാക്കൽറ്റിയുടെ സാന്നിദ്ധ്യവും ഉറപ്പുവരുത്തണം. അനൗപചാരിക വിദ്യാഭ്യാസം കൊതിക്കുന്ന ആയിരക്കണക്കിനാളുകളുടെ ഒരേയൊരു ആശാകേന്ദ്രമാണ് ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി. അതിനെ എത്രയുംവേഗം പുഷ്ടിപ്പെടുത്തിക്കൊണ്ടുവരണം. നമ്മുടെ നാട്ടിൽ കാൻസർ രോഗം വർദ്ധിച്ചുവരികയാണ്. ആർ.സി.സി. ഉൾപ്പെടെയുള്ള കാൻസർ സെന്ററുകൾ വിപുലപ്പെടുത്താനും അവിടങ്ങളിൽ മികച്ച സൗകര്യങ്ങളൊരുക്കാനും പണം നീക്കിവച്ചത് പ്രശംസനീയമാണ്. സംസ്ഥാനത്ത് ഏറ്റവുമധികം ജനസംഖ്യയുള്ള ജില്ലയാണ് മലപ്പുറം. മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഒരു കാൻസർ ചികിത്സാ വിഭാഗം ആരംഭിക്കണം. റേഡിയേഷനും കീമോയ്ക്കുമുള്ള സംവിധാനം എത്രയുംവേഗം മഞ്ചേരി മെഡിക്കൽ കോളേജിൽ ഒരുക്കണം. കൂടുതൽ ജനസംഖ്യയുള്ള, ഏറ്റവുമധികം കാൻസർ രോഗികൾ അധിവസിക്കുന്ന ജില്ലയാണ് മലപ്പുറം. അവിടെ ഇത്തരത്തിലുള്ളൊരു സംവിധാനമൊരുക്കണമെന്ന്

അഭ്യർത്ഥിക്കുന്നു. ന്യൂനപക്ഷക്ഷേമ വകുപ്പിനെ ശാക്തീകരിക്കാൻ അങ്ങയുടെ പ്രത്യേക ശ്രദ്ധയുണ്ടാകണം. ന്യൂനപക്ഷ വിഭാഗങ്ങളെ അപരവത്കരിക്കാൻ സംഘ്പരിവാർ ശക്തികൾ രാജ്യവ്യാപകമായി ശ്രമിക്കുമ്പോൾ അവർക്ക് ആത്മവിശ്വാസം നൽകാൻ കേരളത്തിലെ ഇടതുപക്ഷ സർക്കാരാണ് എന്നും മുന്നിൽനിന്നിട്ടുള്ളത്. നന്ദിപൂർവ്വം ഞാനതിവിടെ സ്മരിക്കുന്നു. ന്യൂനപക്ഷക്ഷേമ വകുപ്പിനെ കരുത്തുറ്റതാക്കുന്നതിന് ആവശ്യാനുസൃതമായ പണം അനുവദിക്കുന്നതിന് അങ്ങ് മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ഡി. കെ. മുരളി: സർ, അങ്ങ് സിൽവർ ലൈൻ പദ്ധതിയുൾപ്പെടെ യു.ഡി.എഫ്-ന്റെ ഭാഗത്തുനിന്നും നടക്കുന്ന വ്യാജപ്രചരണത്തെ സംബന്ധിച്ച് സൂചിപ്പിച്ചു. അതുപോലെ ഇവിടെ പരാമർശിച്ച വെഞ്ഞാറമൂട് ഇരട്ടക്കൊലപാതക കേസ്സുമായി ബന്ധപ്പെട്ട് ഒരു പുതിയ വെളിപ്പെടുത്തലും പുറത്തുവന്നിട്ടില്ല. കൊലപാതകം നടന്നതിന്റെ പിറ്റേദിവസം മുതൽ ആ കൊലപാതകത്തിൽനിന്നും പ്രതികളെ രക്ഷപ്പെടുത്തുന്നതിന് അന്നത്തെ അവിടത്തെ ജനപ്രതിനിധിയും കോൺഗ്രസ് നേതാവുമായ ശ്രീ. അടൂർ പ്രകാശ് ഉൾപ്പെടെയുള്ളവരുടെ നേതൃത്വത്തിൽ നടന്ന വ്യാജപ്രചരണങ്ങളുടെ ഒരു തനിയാവർത്തനം മാത്രമാണ് ഇവിടെ ഉന്നയിച്ചതെന്നും കുറ്റവാളികളായ മുഴുവൻ പ്രതികളെയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്നിട്ടുണ്ടെന്ന വിവരവും

അതിനുശേഷം നടന്ന തദ്ദേശഭരണ-നിയമസഭാ തെരഞ്ഞെടുപ്പുകളിൽ വമ്പിച്ച ഭൂരിപക്ഷത്തോടുകൂടിയാണ് എൽ.ഡി.എഫ്-ന്റെ പ്രതിനിധികൾ ജയിച്ചതെന്നതും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, ആടിനെ പട്ടിയാക്കാനും പട്ടിയെ പേപ്പട്ടിയാക്കാനും അപ്പുറത്തിരിക്കുന്നവർ കേമന്മാരാണെന്ന് നമുക്കെല്ലാവർക്കും അറിയാമല്ലോ. കാര്യങ്ങൾ യഥാവിധി മനസ്സിലാക്കാൻ കഴിവുള്ളവരാണ് ജനങ്ങൾ. രണ്ട് സഹോദരന്മാരെ അതിക്രൂരമായി കോൺഗ്രസ്സുകാർ കൊലപ്പെടുത്തിയ പഞ്ചായത്തിൽ ഇടതുപക്ഷത്തെ അതിശക്തമായി പിന്തുണച്ചത് ജനങ്ങളാണ്. അതുപോലെയാണ് അവിടത്തെ എം.എൽ.എ-യ്ക്ക് കൂടുതൽ ഭൂരിപക്ഷം നൽകിയതും. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ രാഷ്ട്രീയമായ മുന്നേറ്റം കണ്ട് വിറളിപിടിച്ചവരാണ് ഇത്തരത്തിലുള്ള ജല്പനങ്ങളുമായി നടക്കുന്നതെന്നത് ആർക്കാണ് അറിയാത്തത്? കോൺഗ്രസ് ഇനിയെങ്കിലും വസ്തുതകളെ വസ്തുതകളായിത്തന്നെ കാണുകയും അതിനനുസരിച്ച് നയപരിപാടികൾ രൂപീകരിച്ച് മുന്നോട്ടുപോകുകയും ചെയ്യണം. ശ്രീ. രാഹുൽ ഗാന്ധി ഒരുപാട് കാവിപ്പുതപ്പുകൾ ധരിച്ചാൽ നരേന്ദ്ര മോദിയാകില്ല. ശ്രീമതി പ്രിയങ്കാ ഗാന്ധി തന്റെ നെറ്റിയിൽ എത്രവലിയ ഭസ്മക്കുറി വീതിയിലും നീളത്തിലും

ചാർത്തിയാലും അവർക്ക് യോഗി ആദിത്യനാഥാകാനും കഴിയില്ല. അത് മനസ്സിലാക്കാനുള്ള പ്രാഥമികമായ ജ്ഞാനമാണ് കോൺഗ്രസ്സുകാർക്കുണ്ടാകേണ്ടത്. വേഷംകെട്ടി ആളുകളെ വിഡ്ഢികളാക്കാമെന്ന് കോൺഗ്രസ് കരുതരുത്. എത്ര പ്രച്ഛന്നവേഷം കെട്ടിയാലും ശ്രീ. രാഹുൽ ഗാന്ധിക്കും ശ്രീമതി പ്രിയങ്ക ഗാന്ധിക്കും നരേന്ദ്ര മോദിയാകാനും യോഗി ആദിത്യനാഥനാകാനും കഴിയില്ല. അത് കോൺഗ്രസ്സാണ് തിരിച്ചറിയേണ്ടത്. അത് തിരിച്ചറിയുന്നതിനുപകരം ഈ വേഷംകെട്ടിലൂടെ ജനങ്ങളെ വിഡ്ഢികളാക്കാം എന്നാണ് കോൺഗ്രസ്സ് വ്യാമോഹിക്കുന്നത്. എന്തായാലും ശ്രീ. ഷാഫി പറമ്പിൽ ഉൾപ്പെടെ അപ്പുറത്തിരിക്കുന്ന അംഗങ്ങൾ സൂക്ഷിക്കണം. അടുത്തപ്രാവശ്യം കേരളത്തിലെ മൂന്ന് കോൺഗ്രസ്സിന്റെ സീറ്റുകൾ നെഹ്റു കുടുംബത്തിന് നീക്കിവയ്ക്കേണ്ടി വരും. ശ്രീ. രാഹുൽ ഗാന്ധി കൽപ്പറ്റയിൽ, ശ്രീമതി പ്രിയങ്കാ ഗാന്ധി മൂവാറ്റുപുഴയിൽ, ശ്രീമതി സോണിയാ ഗാന്ധി എറണാകുളത്തോ കോട്ടയത്തോ ആയിരിക്കും മത്സരിക്കുക. ഏതായാലും കേരളം വിട്ട് മറ്റൊരു സംസ്ഥാനത്തും അവർക്ക് മത്സരിക്കാനുള്ള ധൈര്യംപോലുമുണ്ടാകില്ല. ഇങ്ങനെ മത്സരിച്ചാൽപോലും അവരുടെ സ്ഥിതി എന്താകുമെന്നുള്ളത് തെരഞ്ഞെടുപ്പിൽ വോട്ടെണ്ണിക്കഴിഞ്ഞാൽ മാത്രമേ

പറയാൻ സാധിക്കുകയുള്ളൂവെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

മി. ചെയർമാൻ: ഓർഡർ..... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 മാർച്ച് മാസം 16-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 2.42-ന് പിരിഞ്ഞു.)

* * * * *